ചരിത്രപഠനങ്ങൾ

Dr.C.K Kareem

ഡോ. സി. കെ. കരീമിന്റെ

ചരിത്രപഠനങ്ങൾ

1

ചരിത്രത്തിലെ ശാസ്ത്രീയവീക്ഷണം

ചരിത്രത്തെ സാമൂഹ്യ ശാസ്ത്ര വിഭാഗത്തിൽപ്പെടുത്തിയാണല്ലോ നാം വ്യവഹരിച്ചു പോരാറ്. മാനവികശാസ്ത്രമെന്ന്, ഒപാതുവേ ചരിത്രം ഉൾപ്പെടുന്ന ഹ്യൂമാനിറ്റീസ് വിഭാഗത്തെ വിളിച്ചുവരുന്നു. എന്നാൽ ചരിത്രം തുടങ്ങിയ വിഷയങ്ങൾക്ക് നൽകിയിട്ടുള്ള ഈ ശാസ്ത്രസംജ്ഞ എത്രമാത്രം പ്രയോഗത്തിൽ വരാറുണ്ടെന്നോ ആരും അത്രകാര്യമായി ശ്രദ്ധിക്കാറില്ല. ചരിത്രം ശാസ്ത്രമാണോ എന്നു തന്നെ ശങ്കിക്കുന്നവരാണധികവും.

ഒരു വിഷയം ശാസ്ത്രവിഭാഗത്തിൽപ്പെട്ടതു തന്നെയാണോയെന്ന് നോക്കുന്നതിനുള്ള പല മാനദണ്ഡങ്ങളുമുണ്ട്. നാം ശ്വസിക്കുന്ന വായു വിലടങ്ങിയിട്ടുള്ള ജീവവായുവും പുറത്തേയ്ക്കു വിടുന്നതിൽ അടങ്ങിയിട്ടുള്ള ഇംഗാലാമ്ലവും ഏതേതെന്ന് വ്യവഛേദിച്ചു കാണിക്കുവാൻ പരീക്ഷണങ്ങളിലൂടെ ശാസ്ത്രത്തിന്നു സാധിക്കുന്നു. അപഗ്രഥനാത്മകമാണ് എല്ലാ ശാസ്ത്രവിഷയവും. വിശകലന വിധേയമാക്കുന്ന വിഷയങ്ങൾ പരീക്ഷണങ്ങളിലൂടെയും നിരീക്ഷണങ്ങളിലൂടെയും അതിന്റെ സത്യാവസ്ഥാ-ഭാവവും രൂപവുമൊക്കെ--സുവ്യക്തമാക്കുവാൻ ശാസ്ത്രത്തിന്നു സാധിക്കുന്നു. പദാർത്ഥ സംബന്ധമായ എന്തിനേയും ശാസ്ത്രത്തിന്നു പരീക്ഷണങ്ങൾകൊണ്ട്, അവയിൽ അടങ്ങിയിട്ടുള്ള വിവിധ ഘടകങ്ങളേതെന്നും, വിവിധ

ഡോ. സി. കെ. കരീമിന്റെ
ചരിത്രപഠനങ്ങൾ (മലയാളം)
1984–നവംബർ
അനുപമ–ഗീതാ പ്രസ്സുകളിൽ അച്ചടിച്ചത്
പ്രസാധകർ
ചരിത്രം പബ്ലിക്കേഷൻസ്, തിരുവനന്തപുരം – 695010
പകർപ്പവകാശം – മിസ്സിസ്. ഫാത്തിമാകരീം
വില–150 ക.



ഗ്രന്ഥകാരൻ, പത്രാധിപർ, സാമുദായിക പരിഷ്കർത്താവ്, രാഷ്ട്രീയനേതാവ്, സാമൂഹ്യപ്രവർത്തകൻ, പൊതുകാര്യ പ്രസക്തൻ, വ്യവസായപ്രമുഖൻ, പ്രഗൽഭനായ പ്രാസംഗികൻ എന്നീ നിലകളിൽ സജീവമായിരുന്ന അബ്ദുൾമജീദ് മരിയ്ക്കാർ സാഹിബ് 1984 ഒക്ടോബർ 30-ാം തീയതി ആകസ്മികമായി മൃതിയടഞ്ഞു. തിരുവിതാംകൂർ ശ്രീമൂലം അസംബ്ലിഅംഗം, പെരുമ്പാവൂർ മുൻസിപ്പൽ ചെയർമാൻ, കേരള വക്ഫ്ബോർഡിന്റെ ചെയർമാൻ, മരിയ്ക്കാർ മോട്ടോഴ്സ്, മരിയ്ക്കാർ എൻജിനീയേഴ്സ് എന്നീ വ്യവസായസ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർ, തിരുവിതാംകൂർ സ്റ്റെയിറ്റ് മുസ്ലിംലീഗ് പ്രസിഡന്റ്, കേരള ജമാഅത്ത് ഫെഡറേഷൻ പ്രസിഡന്റ് എന്നിത്യാദി പദവികളും അദ്ദേഹം അലങ്കരിച്ചിരുന്നു. എന്റെ മകൻ സലീമിന്റെ ഭാര്യ, റഷീദയുടെ പിതാവാണദ്ദേഹം. പരേതന്റെ ഓർമ്മയ്ക്കായി ഞാനീഗ്രന്ഥം സവിനയം സമർപ്പിച്ചുകൊള്ളുന്നു.

ഭാഗം-ഒന്ന്

1. ചരിത്രത്തിലെ ശാസ്ത്രീയ വീക്ഷണം 9
2. ചരിത്രവും സാമൂഹ്യമാറ്റവും 17
3. ചരിത്രം സംഘട്ടനത്തിന്റെ കഥ 25
4. ചരിത്രദർശനം – ഇല്ലാതാകിക സമീപനം 30
5. മതസ്വാധീനം ചരിത്രഗവേഷണത്തിൽ 45
6. ഗവേഷണചര്യ 56
7. വിചിത്രമായ ചില ചരിത്രരേഖകൾ 63
8. ഒരു ഗ്രന്ഥവും കുറേ ചരിത്രകാരൻമാരും 71
9. മദ്ധ്യകാലഘട്ടം ഇരുളടഞ്ഞതായിരുന്നില്ല 80
10. സംസ്കാരം നിശ്ചലമാകുന്നതെങ്ങനെ 89
11. ഇൻഡ്യാചരിത്രവിചാരം 104
12. ഇൻഡ്യാചരിത്രത്തിന്റെ ആംഗ്ലേയ ഭാഷ്യം 115
13. നീക്കുപോക്കില്ലാത്ത ചരിത്രവീക്ഷണം 128
14. ഇൻഡ്യൻ സംസ്കാരത്തിനു പറ്റിയ തിരിച്ചടികൾ 143
15. ആര്യ–ബൌദ്ധ സംഘട്ടനം 157
16. ആർഷ–ബൌദ്ധ സംസ്ക്കാരങ്ങൾ 176
17. ഇൻഡ്യാ ചരിത്രത്തിന് ഒരു മുഖവുര 187
18. മഹാനായ അശോകനും അക്ബറും 205
19. ഹിന്ദു മുസ്ലീം നാഗരികതകൾ 221
20. സിന്ധുനദീതടസംസ്കാരത്തിന്റെ പ്രാധാന്യം 233
21. സുൽത്താനായ മുഹമ്മദ് ഗസ്നി 247
22. ഇൻഡ്യാ ചരിത്രത്തിലെ മാതൃകാനായകൻമാർ 268
23. തമസ്കരിക്കപ്പെട്ട ചരിത്ര നായകൻമാർ 279
24. അൽ–ബെറൂണിയുടെ ഇൻഡ്യ 290
25. ജിസിയ മത നികുതിയായിരുന്നില്ല. 305
26. മത പരിവർത്തനത്തിന്റെ കഥ 322
27. അമ്പല ധ്വംസനത്തിന്റെ പിന്നിൽ 339
28. തുഗ്ലക്കിന്റെ ചരിത്രകാരൻമാർ 354
29. ചരിത്രകാരൻമാരുടെ തുഗ്ലക്ക് 375
30. കുറവും ശിക്ഷയും 390
31. ഭരണപരിഷ്കാരങ്ങൾ പരാജയമായിരുന്നില്ല. 401
32. സ്ഥലസ്ഥാന മാറ്റം–ചരിത്രവൈകൃതം 418
33. തുഗ്ലക്കും വൈദേശിക സമ്പർക്കവും 442
34. തുഗ്ലക്കിന്റെ ആത്മകഥ 458
35. മഹാനായ ധിക്കാരി. 475
36. രണ്ടു മതഭ്രാന്തൻമാർ 482
37. ഇൻഡ്യാ ചരിത്രത്തിലെ ഒരു നിർണ്ണായക ഘട്ടം 506
38. ദിന്നിപ്പിക്കൽ നയത്തിന്റെ പരിസമാപ്തി. 514
39. സ്വാതന്ത്ര്യ സമര ചരിത്രം എവിടെന്നെങ്ങനെ തുടങ്ങണം 530
40. ഇൻഡ്യയുടെ വിദേശനയം ചരിത്രദൃഷ്ടിയിൽ 536
41. സങ്കല്പത്തിലെ മതേതരത്വം 550

പ്രസ്താവന

സാമൂഹ്യശാസ്ത്രമായ ചരിത്രം മനുഷ്യവളർച്ചയുടെ പ്രധാന ഉപാധിയാണെന്ന കാഴ്ചപ്പാടിലൂടെ സമീപിക്കുമ്പോൾ മാത്രമേ നാം എങ്ങനെ ഇന്നത്തെ നിലവരെയെത്തിയെന്നു കാണിക്കുവാൻ സാദ്ധ്യമാകൂ. നാം കടന്നുവന്ന മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തിയ സാധന സാമഗ്രികൾ, ഉല്പാദിപ്പിച്ച വിഭവങ്ങൾ, ക്രയവിക്രയത്തെ നിയന്ത്രിച്ചിരുന്ന സാമൂഹ്യശക്തികൾ, നാം നടത്തിയ വർഗ്ഗതാല്പര്യ സംഘടനങ്ങൾ, നാളെയുടെ നാമ്പെടുക്കുവാൻ ഇന്നിന്റെ ഈറ്റില്ലത്തിൽ വിന്യസിഷ്ടപ്പെട്ടുകൊണ്ടിരുന്ന അന്തർധാരകൾ ഇവയൊക്കെ നമ്മുടെ നേട്ടങ്ങളേയും കോട്ടങ്ങളേയും രചനാത്മകമായി ചിത്രീകരിക്കുന്നവയാണ്. ചരിത്രത്തെ മനുഷ്യകഥാകഥനമായി ആവിഷ്കരിക്കുവാൻ സാധിക്കണമെങ്കിൽ ഓരോഘട്ടങ്ങളിലായി സമൂഹത്തിൽ വന്ന മാറ്റങ്ങൾക്ക നിദാനമായി നിന്ന പ്രേരകശക്തികളേയും ഉൽപ്പാദനോപകരണങ്ങളെ നിയന്ത്രിച്ചിരുന്ന താല്പര്യങ്ങളെയും വ്യക്തമായിവേർതിരിച്ചറിയുവാൻ സാധിക്കണം. അതിനുള്ള മാർഗ്ഗം ശരിയായ സമീപനത്തിലൂടെ ചരിത്രസംവേദനം നടത്തുക എന്നതുമാത്രമാണ്. ഈ പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുള്ളത് പ്രധാനമായും ഇത്തരം വിഷയങ്ങളാകുന്നു. അതോടൊപ്പം ഇൻഡ്യാ ചരിത്രപഠനത്തിന് അവശ്യം അനുവർത്തിക്കേണ്ട വിലക്ഷണവിശേഷത്തെപ്പറ്റിയും എന്തുകൊണ്ട് അത്തരം കാഴ്ചപ്പാട് അനിവാര്യമായിത്തീർന്നിരിക്കുന്നു എന്നതിനെക്കുറിച്ചും വിവരിക്കാനുള്ള ശ്രമവും നടത്തിയിട്ടുണ്ട്. നമ്മുടെ വിദ്യാർത്ഥികളും അദ്ധ്യാപകന്മാരും ചരിത്രപ്രശ്നങ്ങളെ എങ്ങനെ അഭിമുഖീകരിക്കണം എന്നതിന് സഹായകമാകുന്ന വിധമാണ് വിഷയങ്ങൾ തിരഞ്ഞെടുത്തിട്ടുള്ളതും അവയെ വിശകലനം ചെയ്തിട്ടുള്ളതും. പരമ്പരാഗതമായി വിശ്വസിച്ചുപോരുന്ന പല ചരിത്രവസ്തുതകളെയുംപ്പറ്റി പുനർ വിചാരം നടത്തുവാനും ഇവിടെ ശ്രമിച്ചിരിക്കുന്നു.

നമ്മെ എക്കാലവും തമ്മിലടിപ്പിച്ച് വൈരാഗ്യത്തിന്റെ വിഘടിത ഘടകങ്ങളാക്കി നിർത്തിയിരുന്ന താല്പര്യങ്ങൾ ഏതൊക്കെ എന്ന് വേർതിരിച്ചറിയുകയും അത്തരം ശക്തികൾ സമൂഹത്തിന്റെ സമാധാനജീവിതത്തെ അലങ്കോലപ്പെടുത്തുന്നത് തടയുവാനുള്ള കരുക്കൾ ബോധപൂർവം സ്വരുക്കൂട്ടുകയും ചെയ്യേണ്ടത് മനുഷ്യനന്മയെ വിലമതിക്കുന്ന ഏവരുടേയും കർത്തവ്യമാണ്. വികലവും, അസംബന്ധജടിലവുമായ ഇൻഡ്യാചരിത്രത്തിന്റെ ആംഗ്ലേയഭാഷ്യം ഇൻഡ്യക്കും, ഇൻഡ്യാക്കാർക്കും അപമാനകരമത്രെ. അതുകൊണ്ടുതന്നെ സ്പഷ്ടമായ ധാരണയും, വ്യക്തമായ കാഴ്പ്പാടും ഇൻഡ്യാചരിത്രപഠനത്തിനാവശ്യമായിത്തീരുന്നു. ചരി

ത്രത്തിലെ ദേശീയവീക്ഷണം കുറെയെങ്കിലും പ്രസക്തമാകുന്നത് ഇത്തരുണത്തിലാണ്. ഭിന്നിപ്പിക്കുക എന്ന ആംഗ്ലേയ നയം നൈപുണ്യത്തോടുകൂടി നടപ്പിലാക്കിയപ്പോൾ അതുവരെ സൗഹാർദ്ദത്തിൽക്കഴിഞ്ഞിരുന്ന ഭാരതീയർ സാമുദായിക സംഘർഷത്തിന്റെ വിരുദ്ധ ചേരികളിലായി സ്ഥലം പിടിച്ച് തമ്മിലടിച്ചു. ഈ നയത്തിന്റെ ദുഷ്ടമായ പരിസമാപ്തിയായിരുന്നു ഇൻഡ്യയുടെ വിഭജനം. മനുഷ്യന്റെ ദുർബലവികാരത്തെ വിദ്വേഷത്തിന്റെ വിഷലിപ്തമായ വിനാശത്തിലേക്ക് എങ്ങനെ അനായാസേന വിജൃംഭിപ്പിക്കുവാൻ സാധിക്കുമെന്നതിന്റെ നിതാന്തനിദർശനമാണിത്. പക്ഷപാതപരമായ ചരിത്ര സംവേദനമാണ് ഈ നയ സാഫല്യത്തിനായി ബ്രിട്ടീഷുകാർ ബോധപൂർവം ഉപയോഗപ്പെടുത്തിയതും. അതുകൊണ്ടുതന്നെയാണ് നമ്മുടെ ചരിത്രപ്രതിപാദനം ഏറ്റവും സ്പർദ്ധയും സംഘർഷവും സൃഷ്ടിക്കുന്നതായി തീർന്നിട്ടുള്ളതും. നമ്മിൽ മന:പൂർവം അടിച്ചേല്പിച്ച ചരിത്ര വൈകൃതങ്ങളെ ക്രിയാത്മകമായും ശാസ്ത്രീയമായ വീക്ഷണത്തോടു കൂടിയും തിരുത്തേണ്ടത് ദേശീയമായ അനിവാര്യതയാണ്. നാം ജീവിക്കുന്ന ഈ മണ്ണ് എല്ലാമതങ്ങളേയും സംസ്ക്കാരങ്ങളേയും വേരൂന്നി വളരുവാൻ സഹായിച്ചിട്ടുണ്ട്. മതസൗഹാർദ്ദത്തിന്റെ പാവനമായ പാരമ്പര്യമുള്ള ഭാരതീയർ സാമുദായിക സ്പർദ്ധയും പ്രാദേശിക മനോഭാവവും വെച്ചുപുലർത്താൻ പാടില്ലാത്തതാണല്ലോ. ദേശീയമായ ഈ കാഴ്ചപ്പാട് നമ്മുടെ നിലനില്പിന്റെതന്നെ ആധാരശിലയാണ്.

പുരോഗമനത്തിനും മാറ്റങ്ങൾക്കും വേണ്ടി ദാഹിക്കുന്ന സമൂഹത്തെ പുറകോട്ട് പിടിച്ചുവലിക്കുവാൻ നടത്തുന്ന ശ്രമങ്ങൾ എത്ര ബലവത്താണെങ്കിലും ശരി മനുഷ്യനന്മയെ ലാക്കാക്കിക്കൊണ്ട് അത്തരം ഫാസിസ്റ്റു പ്രവണതകളെ എതിർക്കേണ്ടത് ചരിത്രബോധമുള്ളവരുടെ കർത്തവ്യമാണ്. ചരിത്രവിചാര രംഗത്ത് പ്രവൃത്തിക്കുന്ന അദ്ധ്യാപകന്മാരുടേയും വിദ്യാർത്ഥികളുടേയും, ചരിത്രപഠനം ഗൗരവത്തോടുകൂടി വീക്ഷിക്കുന്ന ജിജ്ഞാസുക്കളുടേയും പരിഗണനക്കായി ഇത്തരം ചില പ്രശ്നങ്ങൾ കൂടി ഇവിടെ അവതരിപ്പിക്കുന്നുണ്ട്.

ചരിത്രപ്രശ്നങ്ങൾ കൈകാര്യം ചെയ്യുമ്പോൾ തെളിവുകൾക്ക് പ്രാമുഖ്യം നല്കുക എന്ന ശാസ്ത്രീയരീതിയാണ് ഇതിൽ അവലംബിച്ചിട്ടുള്ളത്. തെളിവുകളുടേയും ഗവേഷണങ്ങളുടേയും ഫലമായി നൂതനങ്ങളായ പല വസ്തുതകളും ദൈനംദിനം പുറത്തുവന്നുകൊണ്ടിരിക്കുന്നുണ്ട്. ഇന്നലെ വരെ പരമസത്യങ്ങളായി കരുതി വന്നിരുന്ന പല ചരിത്രവസ്തുതകളും ഇന്ന് പൊളിച്ചെഴുതപ്പെട്ടിട്ടുണ്ട്. കാലാകാലമായി ലഭിക്കുന്ന പുത്തനറിവിന്റെ

അടിസ്ഥാനത്തിൽ നമ്മുടെ അഭിപ്രായങ്ങളും നിഗമനങ്ങളും പുനഃപരിശോധനക്ക് വിധേയമാക്കേണ്ടതുണ്ട്. അതിന് നമ്മുടെ പണ്ഡിതന്മാരും, വിദ്യാർത്ഥികളും ഒരുക്കമാണെങ്കിലേ അറിവിന്റെ മേഖല വികസിക്കുകയുള്ളു. അറിയാനും കൂടുതൽ ആർജ്ജിക്കുവാനുമുള്ള ആഗ്രഹം നമുക്കുണ്ടാകണം. പ്രബലമായി വിശ്വസിച്ചുപോരുന്ന സംഗതിയാണെങ്കിലും അതിന് എതിരാണ് യഥാർത്ഥത്തിൽ നടന്നിട്ടുള്ളതെന്ന് പ്രമാണങ്ങളും തെളിവുകളും ആധികാരികമായി വ്യക്തമാക്കുമ്പോഴെങ്കിലും അഭിപ്രായഗതി മാറാനുള്ള ധീരത നാം പ്രദർശിപ്പിക്കണം. മുഖം നോക്കാതെ സത്യത്തിനു വേണ്ടി വാദിക്കുന്നതിനുള്ള ആത്മധൈര്യം നമുക്കുണ്ടായേ പറ്റൂ. ആരു പറഞ്ഞു എന്നതിന് പ്രാധാന്യം നല്കാതെ, പറഞ്ഞ കാര്യം സത്യമാണോ അതിന് ഉപോത്ബലകമായ ആധികാരിക തെളിവുകളുണ്ടോ എന്നതാണ് പ്രധാനമായും സത്യാന്വേഷണത്തിൽ ദീക്ഷിക്കേണ്ടത്.

ഈ പുസ്തകത്തെ രണ്ടുഭാഗമായി തിരിച്ചിരിക്കുന്നു. ആദ്യ ഭാഗത്ത് ചരിത്രം എന്ത്, എന്തിന്, എങ്ങനെ എന്ന അംശങ്ങളെ പുരസ്കരിച്ച് പ്രതിപാദിക്കുകയും തുടർന്നുള്ള അദ്ധ്യായങ്ങളിൽ ഇന്ത്യാചരിത്രത്തിൽ പ്രകടമായിക്കാണുന്ന വൈകല്യങ്ങളെ തുറന്നുകാട്ടി അവയുടെ സത്യസ്ഥിതി എന്തെന്ന് പരിശോധിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഇംഗ്ലീഷ് ചരിത്രകാരൻമാർ അവരുടെ നിലനില്പിനുവേണ്ടി സംവിധാനം ചെയ്ത ചരിത്രം നിഷ്കൃഷ്ടമായ പരിശോധനക്കോ, ബോധപൂർവ്വമായ പുനർ നിർമ്മാണത്തിനോ വിധേയമാക്കാതെ അതേപടി പിൻതുടരുന്നതുകൊണ്ടുള്ള അപായകരമായ വിപത്ത് രാഷ്ട്രത്തേയും, സമൂഹത്തേയും കാർന്നു തിന്നുകൊണ്ടിരിക്കുകയാണ്. അതിൽ നിന്നും മുക്തമാകണമെങ്കിലും, ഇന്നുകാണുന്ന ചരിദ്രവാസനകളും സ്പർദ്ധകളും മാറണമെങ്കിലും അടുത്ത തലമുറക്കെങ്കിലും സൗഹൃദത്തിന്റെ പാഠമായിരിക്കണം നാം ചരിത്രത്തിലൂടെ നല്കേണ്ടത്. അത് നിർവഹിക്കുമ്പോൾ നമുക്ക് അഭിമുഖീകരിക്കേണ്ടതായി വരുന്ന സുപ്രധാനങ്ങളായ പല പ്രശ്നങ്ങളുമുണ്ട്. അവയിലേക്ക് ജിജ്ഞാസുക്കളുടെ ശ്രദ്ധയെ ആകർഷിക്കുവാൻ ഉതകുന്നവിധത്തിലുള്ളതാണ് ഇവിടെ നടത്തിയിട്ടുള്ള ഉദ്യമം.

രണ്ടാം ഭാഗത്തിൽ കേരള ചരിത്ര സംബന്ധമായ വിഷയങ്ങളാണ് അപഗ്രഥനത്തിനും വിശകലനത്തിനും തിരഞ്ഞെടുത്തിട്ടുള്ളത്. കേരള ചരിത്ര പ്രശ്നങ്ങളിൽ പ്രമുഖമെന്നു തോന്നുന്ന വയും ഏറെവും വിവാദപരങ്ങളുമായ കാര്യങ്ങളാണ് കൂടുതലായും ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. കൊള്ളേണ്ടതു കൊള്ളാനും തള്ളേണ്ടതു തള്ളുവാനുമുള്ള സ്വാതന്ത്ര്യം ആർക്കും ഉള്ളതാണല്ലൊ.

വ്യക്തമായഭിപ്രായഗതിക്ക് പ്രാധാന്യം കൂടിയാണെങ്കിലും സഹാ
യിച്ചുതുടങ്ങിയോടുകൂടി ഇതു വായിക്കുകയും ഇവിടെ ചേർത്തിട്ടുള്ള
പ്രമാണങ്ങൾ ഉപരി ചിന്തക്ക് വിധേയമാക്കുകയും ചെയ്യണമെന്ന്
അഭ്യർത്ഥിക്കുന്നു. കാരണം ഒന്നും വായിക്കാതിരിക്കുക, അറിഞ്ഞ
തൊക്കെയും മതി എന്നു കരുതി എല്ലാറ്റിനോടും വിമുഖത കാണി
ക്കുക, അതുമല്ലെങ്കിൽ എല്ലാം അബദ്ധമാണെന്ന് ഒറ്റ വാചക
ത്തിൽ പറഞ്ഞ് പുതുതായ യാതൊന്നും അംഗീകരിക്കാതിരി
ക്കുക, ഇവയൊക്കെ നമ്മെ മുരടിപ്പിക്കുകയേയുള്ളു എന്ന് മുന്ന
റിയിപ്പു നല്കാൻ ഞാൻ ആഗ്രഹിക്കുന്നു. ജാതി മത ചിന്തകൾ
അതീതമായി ക്രിയാത്മകമായ ചരിത്ര നവീപനമാണ് ഇൻഡ്യാ
ചരിത്രമാകട്ടെ, കേരള ചരിത്രമാകട്ടെ എഴുതുന്നയാൾ ദീക്ഷി
ക്കേണ്ടത്. അതിനു നാം തയ്യാറാകുകയാണെങ്കിൽ മാത്രമെ ദേശീയ
ബോധ്യതയും, വൈകാരിക ഐക്യവും, സമുദായ സൗഹൃദവും
ഊട്ടിയുറപ്പിക്കുവാൻ സാദ്ധ്യമാവു. നാം ചരിത്രത്തിലെ ഗുണ
പാഠങ്ങളിൽക്കൂടി ഐക്യത്തിന്റെ സന്ദേശം പരത്തണം. അനാദി
കാലം മുതൽ സൗഹൃദത്തിലും, വിശ്വാസത്തിലും കഴിഞ്ഞിരുന്ന
ഒരു ജനതയുടെ സുദീർഘമായ മമതാബന്ധത്തിന്റെ കഥയായി ന
മുക്കതിനെ മാറ്റിയുവാൻ സാധിക്കണം. ഒരേ ജനതയും ഒരേ വികാരവും
എന്നവിശ്വാസം അങ്കുരിപ്പിക്കുവാൻ ഇത്തരം സംരംഭങ്ങൾ ആവശ്യമാ
ണ്. അത്തരം ഒരു എളിയ ശ്രമമാണ് ഇവിടെ നടത്തിയിട്ടുള്ളത്.

1200 പേജിൽ അവസാനിപ്പിക്കണമെന്ന് കരുതി സംവിധാനം
ചെയ്ത ഇതിൽ 1350 പുറങ്ങളോളമുണ്ട്. അതുകൊണ്ടുതന്നെ പ്രസി
ദ്ധീകരണവും അല്പം താമസിച്ചു. ഈ ഉദ്യമത്തിൽ എന്നെ സഹാ
യിച്ചിട്ടുള്ള നിരവധി സുഹൃത്തുക്കളുണ്ട്. സ്നേഹനിർഭരമായ കൃ
തജ്ഞത ഓരോരുത്തരായി പ്രകാശിപ്പിക്കുവാൻ അസാദ്ധ്യമായ
തിനാൽ പൊതുവായി ഞാനിവിടെ എന്റെ ഹൃദയംഗമമായ നന്ദി
പ്രിയവരോടുമായി പ്രകടിപ്പിച്ചു കൊള്ളട്ടെ. ഈ പുസ്തകത്തി
ന്റെ അച്ചടി നിർവ്വഹിച്ചത്. രണ്ടു സ്ഥലത്തായിട്ടാണ്. ആദ്യഭാഗം
അനുപമ പ്രസ്സിലും. രണ്ടാമത്തേത് ഗീതാ പ്രിന്റേഴ്സിലും
ഈ ഉദ്യമത്തിൽ സഹകരിച്ച പ്രസ്സുകാരോടും ജീവനക്കാരോ
ടും ഞാൻ കൃതജ്ഞനാണ്.

പിൻ-695010
1-11-1984

ഡോ. സി. കെ. കരീം
തിരുവനന്തപുരം

പദാർത്ഥങ്ങൾ ഒന്നിച്ചു കൂടിയാലുണ്ടാകാവുന്ന പരിണാമങ്ങളെന്തെന്നും സയുക്തികമായി പ്രതിഫലിപ്പിക്കുവാൻസാധിക്കുന്നു. തൻമൂലം നിരീക്ഷണവിധേയമാക്കുന്ന വസ്തുക്കളെ വസ്തുതയായി അംഗീകരിക്കാൻ ആർക്കും വൈമനസ്യം ഉണ്ടാകുന്നുമില്ല. കാരണം അപഗ്രഥനംകൊണ്ടും, വിശകലനം കൊണ്ടും, പരീക്ഷണങ്ങൾ കൊണ്ടും തെളിയിക്കപ്പെട്ട പരമാർത്ഥങ്ങളാണല്ലൊ അവ. എന്നാൽ ചരിത്രം ഇതുവിധം പരീക്ഷണവിധേയമാകുന്ന ശാസ്ത്രമായി കണക്കാക്കുന്നവർ എത്രപേരുണ്ട്? സത്യം പറഞ്ഞാൽ ഗൗരവമായിത്തന്നെ വിഷയത്തെ കൈകാര്യം ചെയ്യുന്നവർകൂടി ചരിത്രം ശാസ്ത്രമെന്നതിനേക്കാൾ ഭാവനാത്മകമോ, ഊഹാപോഹങ്ങളിൽ അധിഷ്ഠിതമോ ആയ കഥകളായി മാത്രമേ ധരിയ്ക്കാറുള്ളു.

യഥാർത്ഥത്തിൽ ചരിത്രം മറ്റ് ശാസ്ത്ര വിഷയങ്ങളെപ്പോലെതന്നെ അപഗ്രഥന വിധേയമാകേണ്ട വിഷയമാണ്. ചരിത്രവസ്തുതകളെ വിശകലനം ചെയ്ത്, തനിക്ക് കിട്ടിയ ആധാരങ്ങളുടെയും തെളിവുകളുടെയും വെളിച്ചത്തിൽ അപഗ്രഥനോൻമുഖമായ നിരീക്ഷണം നടത്തിയ ശേഷം മാത്രമാണ് ചരിത്രകാരൻ തന്റെ വസ്തുതയെ പുറത്തുവിടുന്നത്. ഒരു തെളിവ് അഥവാ ഒരു രേഖ കൈവശം കിട്ടിയാൽ അത് അപ്പാടെ പരമമായ സത്യമാണെന്ന് ചരിത്രകാരൻ ഒരിക്കലും ധരിക്കാറില്ല. അങ്ങനെധരിക്കുന്നതു അശാസ്ത്രീയവുമാണ്. കിട്ടിയ പുതിയ തെളിവുകളും മറ്റ് ആധികാരിക പ്രമാണങ്ങളുമായി തട്ടിച്ചു നോക്കി സത്യാസത്യങ്ങളെ വ്യവഛേദിച്ച് നിർണ്ണായകമായ അന്തിമ തീരുമാനം കൈക്കൊള്ളുകയാണ് ചരിത്രകാരൻ ചെയ്യുന്നത്. പരീക്ഷണശാലകളിൽ പ്രവർത്തിക്കുന്ന ശാസ്ത്രകാരനെപ്പോലെത്തന്നെ തനിക്കുലഭിച്ച അസംസ്കൃത പദാർത്ഥങ്ങൾ ശുദ്ധീകരിച്ചെടുക്കുന്ന പ്രക്രിയയാണ് ചരിത്രകാരനും നടത്തുന്നത്. തെളിവുകളിൽ നിന്നും വിശകലനം ചെയ്യുന്ന സംഭവങ്ങളിൽ നിന്നും അപഗ്രഥനം നടത്തുക, പ്രമാണങ്ങളിൽ നിന്ന് സൂക്ഷ്മമായ നിരീക്ഷണം നിർവ്വഹി

കുക. ഇവയുടെയെല്ലാം അടിസ്ഥാനത്തിൽ പരീക്ഷണങ്ങ ളും നടത്തുക തുടങ്ങിയവ ചരിത്രകാരൻ ചെയ്യുന്നുണ്ട്. അപ്പോഴും ചരിത്രം ശാസ്ത്രമാണെന്നുള്ള കാര്യത്തിൽ യാ തൊരു സംശയവുമില്ല. ഇതിനു പുറമെ ശാസ്ത്രത്തിന് എതുവിധമാണോ പുതിയ പുതിയ കണ്ടുപിടുത്തങ്ങൾ കൊണ്ട് പുഷ്കലഭാവം ഉണ്ടാകുന്നത്, അതുപോലെതന്നെ ചരിത്രവും ദൈനംദിനം വികാസം പ്രാപിച്ചുകൊണ്ടിരി ക്കുന്ന–വളർന്നുകൊണ്ടിരിക്കുന്ന–ഒരു ശാസ്ത്ര വിഭാഗ മാണ്.

ചരിത്രത്തെ ശാസ്ത്രീയമായി സ്വരൂപിക്കുവാൻ കഠിന പ്രയത്നത്തിലൂടെ സാധിച്ചെന്നു വന്നേക്കാം. അവിരാമ മായ പ്രയത്നത്തിന്റെയും നിരന്തരമായ വിജ്ഞാന സമ്പാ ദനത്തിന്റെയും ഫലമായി ആർക്കും ഏതുവിഷയവും കൈ കാര്യം ചെയ്യാൻ സാധിക്കുന്നതാണല്ലോ. അതുപോലെ തന്നെ നല്ലൊരു പ്രയത്നക്കാരനായാലും, ശാസ്ത്രീയ മായ മാനദണ്ഡങ്ങൾ ഉപയോഗപ്പെടുത്തി ചരിത്രരചന നടത്തുവാൻ ഒരുക്കമാണെങ്കിലും ചരിത്രം ശാസ്ത്രീയ മായി എഴുതുവാൻ സാധിച്ചുവെന്നുവരും. ശാസ്ത്രീയ മെന്ന് ഇവിടെ വിവക്ഷിക്കുമ്പോൾ വെറും അപഗ്രഥനവും നിരീക്ഷണവും മാത്രമല്ല മനസ്സിൽ കാണുന്നത്. വ്യക്തി ഗതവും പ്രാദേശികവും സാമുദായികവും വർഗ്ഗീയവുമായ സ്പർദ്ധ ലവലേശംപോലും അടങ്ങിയിട്ടില്ലാത്ത ക്രിയാ ത്മകമായ രചനാവൈഭവം ഏറ്റുകൂടി അർത്ഥമാക്കുന്നു ണ്ട്. അങ്ങനെ ഒരാൾ തീർത്തും നിഷ്പക്ഷമായി, ക്രിയാ ത്മകമായി ചരിത്രരചന നടത്തുന്നുവെന്നു തന്നെ ഇരിക്ക ട്ടെ; ശാസ്ത്രത്തിന്റെ മാനദണ്ഡങ്ങൾ മുഴുക്കെ ശരിക്കും പിൻപറ്റിക്കൊണ്ട് തനിക്ക് ലഭിച്ചിട്ടുള്ള സർവ്വവിധ പ്രമാ ണങ്ങളും സ്വരൂപിച്ച് നിർദ്ദാക്ഷിണ്യമായ സത്യസന്ധത യോടുകൂടി ചരിത്രാവിഷ്കരണം രചനാത്മകമാക്കിയെ ന്നുതന്നെ ഇരിക്കട്ടെ; എങ്കിൽ, ഒരു കാര്യം നിശ്ചയമാണ്, അയാളുടെ സൃഷ്ടി ശാസ്ത്രീയമായ ശില്പസൌഷ്ഠവ

ത്തിന്റെ ഉദാഹരണം തന്നെയായിരിക്കും. അത് ചരിത്ര ശാസ്ത്രത്തിൽ ഉൾപ്പെടുമെന്നതിൽ സംശയവുമില്ല.

എന്നാൽ ചരിത്രം ശാസ്ത്രീയമായിരചിക്കുന്നതും ചരിത്രത്തിലെ ശാസ്ത്രീയവീക്ഷണവും തമ്മിൽ അജഗജാന്തരമുണ്ട്. ചരിത്രം ശാസ്ത്രീയമായി എഴുതുവാൻ, ഒരുപക്ഷേ, ബുദ്ധിയും പാണ്ഡിത്യവും മുതലിറക്കി അവിരാമം പ്രവർത്തിക്കാൻ തയ്യാറുണ്ടെങ്കിൽ സാധിക്കുമെന്നതിൽ പക്ഷാന്തരമില്ല. പക്ഷേ ചരിത്രത്തിലെ ശാസ്ത്രീയ വീക്ഷണം ഇതിലൊക്കെ പരമമായ പ്രാധാന്യമർഹിക്കുന്ന സംഗതിയാണ്. സമൂഹത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളേയും ചലനങ്ങളേയും മനസ്സിലാക്കുന്ന വ്യക്തിയ്ക്കുമാത്രമേ സാമൂഹികവീക്ഷണം സാദ്ധ്യമാകയുള്ളു. കാലഘട്ടത്തിന്റെ ചലനാത്മക സ്വഭാവത്തിൽ ഏറ്റക്കുറച്ചിലുകളോടുകൂടിയിട്ടാണെങ്കിലും ഓരോ കാലത്തും വ്യത്യാസങ്ങൾ അനിവാര്യമാണ്. ആ മാറ്റങ്ങൾക്കുവേണ്ടി പരിശ്രമിക്കുകയെന്നത് നിശ്ചയമായും എല്ലാ സാഹിത്യവിഭാഗങ്ങളുടെയും ശാസ്ത്രങ്ങളുടെയും കർത്തവ്യവുമാണ്. മനുഷ്യസംസ്കാരത്തെ കൂടുതൽ ഉത്തേജിപ്പിക്കുകയും വിജ്ഞാനത്തെ വികസിപ്പിക്കുകയുമാണല്ലൊ ഇവയുടെയെല്ലാം ധർമ്മം. ആ ധർമ്മത്തിനൊത്ത് തന്റെ സൃഷ്ടി ഉയരണമെങ്കിൽ നിശ്ചയമായും കലാകാരനാകട്ടെ, ശാസ്ത്രകാരനാകട്ടെ, ചരിത്രകാരനാകട്ടെ, കാലദേശ സവിശേഷതകളെക്കുറിച്ച് വിവരമുള്ളവനും സാമൂഹികബോധമുള്ളവനുമാണെങ്കിലേ സാദ്ധ്യമാകൂ. അങ്ങിനെ മാറ്റങ്ങളെ മനസ്സിലാക്കുവാനും സാമൂഹികചേതനയെ ഉത്തേജിപ്പിക്കുവാനും ഉതകുന്ന കൃതികൾ മാത്രമേ നിശ്ചയമായും വീക്ഷണങ്ങൾ ഉൾക്കൊള്ളുന്നതായി ഗണിക്കാറുള്ളു.

ചരിത്രവും ഈ പൊതുതത്വത്തിന് ഒരിക്കലും അപവാദമല്ല. രാജ്യങ്ങളുടേയും രാജാക്കൻമാരുടെയും യുദ്ധങ്ങളുടേയുമെല്ലാം ചരിത്രം എഴുതുമ്പോൾ ഇവയെ ഫലവത്താക്കുവാൻവേണ്ടി അനവരതം പ്രയത്നിച്ച കോടാനുകോടി

മനുഷ്യരുടെ സാമൂഹികവും സാമ്പത്തികവുമായ സ്ഥിതി ഗതികളെക്കൂടി ക്രിയാത്മകമായി മൂല്യനിർണ്ണയം നടത്തി യാൽ മാത്രമേ ഏതു് സംഭവത്തിന്റെയും സാമൂഹിക പശ്ചാത്തലം ഉരുത്തിരിയുകയുള്ളു. യുദ്ധങ്ങളുടെയും വീരജേതാക്കളുടെ സാഹസികതകളുടെയും കാലഘട്ടങ്ങളിൽ ത്തന്നെ മനുഷ്യസംസ്കാരത്തിന്റെ വറ്റാത്ത ഉറവ അനു സ്യൂതം പ്രവഹിച്ചുകൊണ്ടിരുന്നിട്ടുണ്ടു്. അതിന്റെ കേന്ദ്ര സ്ഥാനമേതെന്നു് കണ്ടുപിടിക്കുവാൻ ശ്രമിക്കാതെയുള്ള സംഭവവിവരണം നിശ്ചയമായും മുഷിപ്പനും അശാസ്ത്രീ യവുമായിരിയ്ക്കും. മനുഷ്യപുരോഗതിയിൽ വന്നിട്ടുള്ള ചലനാത്മക സ്വഭാവത്തേയും അതിനു് കാരണമാക്കിയ മനുഷ്യ പ്രയത്നത്തേയും വിലയിരുത്താതെ നിർവ്വാഹ മില്ല. സാമൂഹിക ചേതന ഒരിക്കലും നിശ്ചലമായി നിന്നി ട്ടില്ലെന്നതാണു് പരമാർത്ഥം. എന്നാൽ അതിന്റെ അവിരാമ മായ പ്രവാഹം പലപ്പോഴും തടസ്സപ്പെടുത്തപ്പെട്ടിട്ടുണ്ടാ യിരിയ്ക്കാം. ഈ വ്യത്യാസങ്ങളും ചരിത്രകാരൻമാർ സാധന പാഠമായി കണ്ടാൽമാത്രമേ പിന്നീടുള്ള സാമൂഹിക ചലന ങ്ങളെക്കുറിച്ചു് ബോധവാൻമാരാകാൻ അവർക്കു് സാധിക്കു കയുള്ളു: സമൂഹത്തോടുള്ള ചരിത്രകാരൻമാരുടെ മാനസിക മായ ഒത്തിരിപ്പു് മറ്റുള്ളവർ നിരീക്ഷിക്കുകയുള്ളു.

ഏതുവിധം നാം ശാസ്ത്രവിഷയങ്ങളെ സംബന്ധി ച്ചു് പ്രതിപാദിച്ചുവോ അതേവിധംതന്നെ ഒരു വീക്ഷണം ശരിയാണോ അല്ലയോയെന്നും പരീക്ഷിക്കേണ്ടതുണ്ടു്. ഇന്നു് സോഷ്യലിസത്തെപ്പറ്റിയും മറ്റും പലരും വാതോരാതെ പ്രസംഗിക്കാറുണ്ടെങ്കിലും. യഥാർത്ഥത്തിൽ അധികമാളു കളും പഴയ ഫ്യൂഡൽ മനഃസ്ഥിതിക്കാരും, വിശ്വാസിക ളും അതിന്റെ സ്ഥാപനങ്ങളെ നിലനിർത്തുവാൻ ഭഗീരഥ പ്രയത്നം ചെയ്യുന്നവരുമാണെന്നു് കാണാൻ സാധിക്കും. ഏതു പ്രസ്ഥാനവും വിജയിക്കണമെങ്കിൽ പറയുന്നവാക്കു കളുടെ അർത്ഥവ്യാപ്തി മനസ്സിലാക്കാനുള്ള കഴിവു് അത്പറയുന്നവർക്കുണ്ടായിരിക്കണം. സോഷ്യലിസംഎന്നു പറയുമ്പോഴും ആദ്യമായി നമ്മുടെ ഓർമ്മയിൽ വരുന്നതു്

സാമ്പത്തിക സാമൂഹിക സമ്പ്രദായങ്ങളാണല്ലോ. എന്നാൽ അധികം ആളുകളും ഒരു നല്ല വാക്ക് ഉച്ചരിക്കുന്നുവെന്നതിൽ കവിഞ്ഞ് അതിൽ നിർലീനമായിരിക്കുന്ന അർത്ഥപ്രത്യയും അർത്ഥവ്യാപ്തിയെയും കുറിച്ച് ബോധവാൻമാരല്ലെന്നതാണ് പരമാർത്ഥം. ദൈനംദിനജീവിതത്തിൽ നാം കണ്ടുകൊണ്ടിരിക്കുന്നതും അതാണ്, സോഷ്യലിസം എന്നു പറയുകയും ഫ്യൂഡൽ വിശ്വാസങ്ങളും പ്രവൃത്തികളും പുലർത്തുകയും ചെയ്യുന്നതിന്റെ കാരണംതന്നെ നമുക്ക് സോഷ്യലിസത്തിന്റെ വീക്ഷണം ഇല്ലാത്തതാണ്. വീക്ഷണമുണ്ടാകണമെങ്കിൽ ബാഹ്യപ്രകടനങ്ങളല്ല, അന്തരിക മാറ്റമാണാവശ്യം. അതായത് മാനസികാവസ്ഥയും ചിന്താഗതിയും സമ്പൂർണ്ണമായും മാറാതെ നിർവ്വാഹമില്ല. അങ്ങനെ മാറ്റമുണ്ടാകുന്നതിനുവേണ്ടി വീക്ഷണവിശേഷംസ്വായത്തമായവർ മാത്രമേ നിലവിലുള്ള സങ്കൽപങ്ങളേയും വിശ്വാസങ്ങളേയും അപഗ്രഥനം ചെയ്ത് ശരിയായനിഗമനത്തിലെത്തിച്ചേരുവാൻ പ്രാപ്തരാകയുള്ളു. ഇത് പലരിലും ഇല്ലെന്നതാണ്, ഇന്നും ചരിത്രവസ്തുതകളെക്കുറിച്ച് നടന്നുകൊണ്ടിരിക്കുന്ന കോലാഹലങ്ങൾക്ക് അധികവും കാരണം. അപ്പോൾ ശാസ്ത്രീയമായി ചരിത്രരചന നടത്തുകയെന്നതും ചരിത്രത്തിലെ ശാസ്ത്രീയ വീക്ഷണമെന്നതും രണ്ടു വിഭിന്ന മേഖലകളിൽ നിൽക്കുന്നതാണെന്ന് വ്യക്തമാകുമല്ലോ. ശാസ്ത്രീയ വീക്ഷണത്തോടുകൂടിയാണ് ചരിത്രസംവിധാനം നടത്തുന്നതെങ്കിൽ, അത് കഴിഞ്ഞകാലങ്ങളിലെ വസ്തുതകളും, സാമൂഹ്യ ചലനങ്ങളും, ഉപകരണോല്പാദന-പ്രക്രിയകളിൽ വന്നിട്ടുള്ള മാറ്റങ്ങളും, തുടങ്ങിയവ ഏതേത് വിധം ഉരുത്തിരിഞ്ഞുവെന്നുള്ള ബോധം നമ്മിൽ വ്യക്തമായുണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. വീക്ഷണവിശേഷമനുസരിച്ചുതന്നെയാണ് ചരിത്രത്തിന്റെ മൂല്യാവിഷ്കരണവും നടക്കുന്നത്. വിഭാഗീയമോ, വർഗ്ഗീയമോ ആയ കാര്യങ്ങൾക്കുവേണ്ടി ഏകപക്ഷീയമായി കുറെക്കൂടി രേഖകൾ ശേഖരിച്ചതുകൊണ്ടുമാത്രം ഒരു ചരിത്രവസ്തുത കണ്ടുപിടിച്ചെന്ന് വ്യവഹരിക്കുവാൻ ഒരിക്കലും നാമദ്ധ്യമല്ല. അവയെ ശരി

യായി മനനം ചെയ്യുകയും ശാസ്ത്രീയ വീക്ഷണത്തോടു കൂടി സമീപനം നടത്തുകയും ചെയ്താൽ മാത്രമേ ഉൽക്കർഷാത്മകമാവുകയുള്ളു.

കുറച്ചു മുമ്പ് നമ്മുടെ പത്രങ്ങളിൽ കുറെയൊക്കെ പ്രാധാന്യത്തോടെയാണ് രാജാകേശവദാസിനെപ്പറ്റി ഞാൻ എഴുതിയ ഒരു ലേഖനത്തെക്കുറിച്ചു വിവാദങ്ങളും കോലാഹലങ്ങളും നടക്കുകയുണ്ടായത്. അതിലെ ശാസ്ത്രീയ വീക്ഷണത്തേയും സമീപനത്തേയും ആരും കാര്യമായി കണക്കാക്കിയതായി തോന്നിയില്ല. സോഷ്യലിസത്തിന്റെ പ്രണേതാക്കളായി നടക്കുന്ന പലരും പ്രതിഷേധയോഗങ്ങളിൽ ഘോരഘോരമായി പ്രസംഗിച്ചു. വാതോരാതെ സോഷ്യലിസം പറയുന്നപലരും ഹൃദ്യമായ ദുർദ്ദൈവങ്ങളെ ഉയർത്തിപ്പിടിച്ചുകൊണ്ട് ആക്ഷേപാർഹങ്ങളായ നിരവധി ലേഖനങ്ങളെഴുതി. സർക്കാർ ചെലവിൽ നടത്തുന്ന ചരിത്രരചനാ ഡിപ്പാർട്ടുമെന്റിൽ നിന്നും എന്നെ നീക്കം ചെയ്യണമെന്നുതന്നെ നിവേദനങ്ങളും നടത്തി. ഇത് സംഭവിച്ചത് 18-ാം നൂറ്റാണ്ടിന്റെ അവസാന പകുതിയിൽ തിരുവിതാംകൂറിൽ ദിവാനായിരുന്ന രാജാകേശവദാസിനെപ്പറ്റി അറിഞ്ഞിട്ടില്ലാത്ത ചില വസ്തുതകളും പ്രാമാണികമായ ചിലരേഖകളുടെ വെളിച്ചത്തിൽ ഞാൻ പുറത്തുകൊണ്ടുവന്നതു മൂലമാണ് നാം വിശ്വസിക്കുന്ന സങ്കൽപങ്ങൾക്കോ അന്ധവിശ്വാസങ്ങൾക്കുപോലുമോ നിസ്സാരമായ പോറൽപോലും നമുക്ക് സഹിക്കുവാൻ ഒക്കുകയില്ലെന്ന അസഹിഷ്ണുതയുടെ ബഹിർസ്ഫുരണങ്ങളാണ് ഇതൊക്കെ. രാജവാഴ്ച അവസാനിച്ചു. രാജാക്കൻമാർക്ക് മംഗളപത്രം എഴുതുന്ന കവികളും ഇല്ലാതായി. അവരുടെ ശിങ്കിടികളായി നടന്നിരുന്ന ദിവാൻമാരും ദളവമാരും കാലത്തിന്റെ ഗതിയിൽ മണ്ണടിയുകയും ചെയ്തു. എന്തിന്? ജൻമിത്വവും അതിനെ ചുറ്റിപ്പറ്റിനിലനിന്നിരുന്ന വിശ്വാസങ്ങളും തന്നെയും തകർന്നു തരിപ്പണമായിക്കൊണ്ടിരിക്കുകയാണ്. പുതിയ ഒരു സമൂഹത്തിന്റെ പിറവിയും അതിന്റെ നിദാനങ്ങളായ ആശ

യങ്ങളും പ്രചാരത്തിൽ വന്നുതുടങ്ങുകയുംചെയ്തിട്ടുണ്ട്. സോഷ്യലിസം എന്ന വാക്ക് ഓരോ നിമിഷവും നാം പറയുകയും കേൾക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. എന്നിട്ടും തകർന്നടിഞ്ഞ രാജവാഴ്ചയുടെയും ഫ്യൂഡൽ ദുഷ്പ്രഭുത്വത്തിലധിഷ്ഠിതമായ സാമൂഹ്യസ്ഥാപനങ്ങളുടെയും അടിമകളായിട്ടാണ് പ്രഗത്ഭരെന്നു പറയപ്പെടുന്നവരിൽപ്പോലുമുള്ള അധികമാളുകളെയും നാം ഇന്നും കണ്ടുകൊണ്ടിരിക്കുന്നത്. ഇത് വ്യക്തമാക്കുന്നത് അശാസ്ത്രീയവും അയുക്തികവുമായ ചിന്താഗതിയേയാണ്. വീക്ഷണവികലതയേയാണ്. ചുരുക്കത്തിൽ നമ്മുടെ വീക്ഷണത്തിലും സാമൂഹികബോധത്തിലുമാണ് ശാസ്ത്രീയമായ അച്ചടക്കം ആവശ്യമായിട്ടുള്ളത്.

മറേറതൊരു ശാസ്ത്രവിഭാഗത്തേക്കാളും മാനസികവും ചിന്താപരവുമായ ഈ മാറ്റത്തിന് കളമൊരുക്കുവാൻ എളുപ്പം സാധിക്കുകചരിത്രപ്രതിപാദനത്തിനാണ്. ശാസ്ത്രീയ വീക്ഷണത്തോടുകൂടിയുള്ള ചരിത്ര ശാസ്ത്രം മനുഷ്യരിൽ വൈദ്യുതതരംഗവേഗതയിൽ പ്രവർത്തിക്കുമെന്നുള്ളത് പരമാർത്ഥം മാത്രമാണല്ലോ. അവന്റെ സങ്കല്പങ്ങളിലും വിക്ഷണങ്ങളിലും നിസ്സീമമായസ്വാധീനംശരിയായ ചരിത്രം കൊണ്ട് എളുപ്പം നിർവഹിക്കാം. അപ്പോഴാം ചരിത്രം ഒരു ശാസ്ത്രമെന്നതിനേക്കാളുപരി മനുഷ്യരുടെ ബാഹ്യവും ആന്തരികവുമായ വികാസ പ്രക്രിയയിൽ കൂടുതൽ സ്വാധീനം ചെലുത്തുന്ന ഒരു പ്രധാന വിഷയമാണെന്ന് കാണാൻ സാധിക്കും. എന്നാൽ ഇത് ഇന്നും ആദർശത്തിൽ മാത്രം തങ്ങി നില്ക്കുന്ന വൊ മിഥ്യമാത്രമായി തീർന്നിരിക്കുകയാണ്. ആ മിഥ്യതകർത്ത് യാഥാർത്ഥ്യ ബോധം മനുഷ്യരിൽ അങ്കുരിപ്പിക്കുവാൻ സഹായിക്കേണ്ടത് ചരിത്രം. ഗൌരവത്തോടുകൂടി പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന ചെറുതെങ്കിലും വിവേകികളുടേതായ സമൂഹത്തിന്റെ ഒഴിച്ചു കൂടാനൊക്കാത്ത ചുമതലയത്രെ.

2

ചരിത്രവും സാമൂഹ്യമാറ്റവും

ചരിത്രം സാമൂഹ്യശാസ്ത്രവും ചരിത്രകാരൻ സാമൂഹ്യശാസ്ത്രജ്ഞനും ആകുന്നു എന്നാണല്ലോ മുൻഅദ്ധ്യായത്തിൽ പ്രസ്താവിച്ചത്. പ്രകൃതിക്കടിമപ്പെട്ടു കാടുകളിലും മേടുകളിലും ഓടി നടന്നിരുന്ന പ്രാകൃത മനുഷ്യൻ പ്രകൃതിക്ഷോഭത്തിൽ നിന്നും വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്നും ഗുഹകളിലും മരപ്പൊത്തുകളിലും അഭയം തേടി. പ്രകൃതിയുടെ അത്ഭുതകരങ്ങളായ പ്രതിഭാസങ്ങളെ നോക്കി അന്ധാളിച്ചു നിന്ന പ്രാകൃത മനുഷ്യൻ അവനഭയം തോന്നുന്നതിനെയെല്ലാം ആരാധിക്കുവാനും അവർക്കു സ്വയം കീഴടങ്ങുവാനും തയ്യാറായിരുന്നു. അവൻ ഭക്ഷിച്ചിരുന്ന പച്ച മാംസത്തിലും കായ്കനികളിലും പങ്കു പറ്റുവാൻ വന്നുകൂടിയ കാട്ടുമൃഗങ്ങളിൽ പലതും അവന്റെ കളിത്തോഴരാക്കുവാൻ പിന്നീടവനു കഴിഞ്ഞു. അവനിഷ്ടപ്പെടുകയും സേവനങ്ങൾ ലഭിക്കുകയും ചെയ്തിരുന്ന കാട്ടുമൃഗങ്ങളുടെ രൂപഭാവങ്ങൾ അവൻ കഴിഞ്ഞു കൂടിയ ഗുഹാഭിത്തികളിൽ ആലേഖ്യം ചെയ്യപ്പെട്ടപ്പോൾ കലാൻമകവും സർഗാൻമകവുമായ സൃഷ്ടിക്ക് അത് ഉറവിടമായി ഭവിച്ചു. തന്നെ ആക്രമിക്കുവാൻ എത്തുന്ന ഭീകരജന്തുക്കളെ കയ്യിൽ കിട്ടിയ കല്ലിൻ കഷണം കൊണ്ടു് എതിർത്തു തോല്പിക്കുവാൻ സാധിക്കുമെന്നു വന്നപ്പോൾ അത് ശിലായുഗ സംസ്കാരത്തിനു് അടിത്തറയിട്ടു. പരുക്കൻ കല്ലുകൾക്കുപകരം പ്രയോഗ ക്ഷമത കൂടുതലുള്ള രീതിയിൽ അവ

യെ രൂപപ്പെടുത്തി എടുക്കുവാനും അവൻ പഠിച്ചു. കാടു കയറി വെട്ടി കുടിലുകയറി വെക്കുവാനും ഭക്ഷണപദാർത്ഥങ്ങൾ വേവിച്ചെടുക്കുവാനും പഠിച്ച പ്രാകൃത മനുഷ്യൻ കോടാലിയും തീയും കൊണ്ടു പ്രകൃതിയെ അന്നത്തെ സമൂഹികാവശ്യങ്ങൾക്കനുസൃതമാംവണ്ണംകീഴടക്കി. സാമൂഹ്യ സാംസ്കാരിക വളർച്ചയുടെ ഓരോ ഘട്ടങ്ങളാണു് ഇങ്ങനെ തരണം ചെയ്യപ്പെട്ടുകൊണ്ടിരുന്നതു്.

ലഭ്യമായ കായ്കനികൾ ഭക്ഷിച്ചു പല സ്ഥലങ്ങളിലായി അലഞ്ഞു തിരിഞ്ഞിരുന്ന മനുഷ്യൻ താൻ വലിച്ചെറിയുന്ന വിത്തു് മുളക്കുന്നതും പിന്നീടു് കായ്കനികളായി വളരുന്നതും ദർശിച്ചപ്പോൾ നൂതനമായൊരാശയം അങ്കുരിച്ചതാണു് കാർഷിക വൃത്തിക്കു് ഹേതുവായ് ഭവിച്ചതു്. അതോടെ ആഹാര സംഭരണ വ്യവസ്ഥയിൽനിന്നും അവ ഉൽപ്പാദിപ്പിക്കുന്ന നിലയിലേക്കു് മനുഷ്യൻ വളർന്നു. അതോടെ വ്യക്തികളും സമൂഹങ്ങളും തമ്മിലുള്ള ബന്ധത്തെ നിയന്ത്രിക്കുവാൻ പറ്റുന്ന ചട്ടങ്ങളും സമ്പ്രദായങ്ങളും ആവശ്യമായിത്തീരുകയും ചെയ്തു. ഇതോടൊപ്പം തന്നെ ഏറ്റവുമടുപ്പിലുകളോടു കൂടിയാണെങ്കിലും ഭാഷയും കലയും രൂപപ്പെട്ടുകൊണ്ടുമിരുന്നു. ആദിയിൽ മനുഷ്യൻ തുടങ്ങി വച്ച വിവിധ മണ്ഡലങ്ങളുടെ പരിണാമ പ്രക്രിയയാണു് ലക്ഷോപലക്ഷം വർഷങ്ങൾ പിന്നിട്ടിട്ടും നടന്നുകൊണ്ടിരിക്കുന്നതു്. സാമൂഹ്യ ജീവിയായ മനുഷ്യൻ കയറിയ കൽപ്പടവുകൾ, അവന്റെ ജീവിതത്തിനു് സംഭവിച്ച പരിണാമ വിശേഷങ്ങൾ, അവക്കു പ്രേരകമായി നിന്ന ഭൌതീക പരിതസ്ഥിതികൾ, ഇവയുടെ ക്രോഡീകരണമാണു് ചരിത്രം. സമൂഹത്തിന്റെ ചലനങ്ങൾക്കു നിദാനങ്ങളായ സംഭവപരമ്പരകൾ, ആചാരക്രമങ്ങൾ, കുലാസ്വരൂപങ്ങൾ, കായിക വിനോദങ്ങൾ, വിവാഹബന്ധങ്ങൾ, വസ്ത്രാഭരണ രീതികൾ, കുടുംബ സംവിധാനങ്ങൾ, ആദർശങ്ങളും അഭിലാഷങ്ങളും, അന്ധവിശ്വാസങ്ങളും അനാചാരങ്ങളും, എന്നു വേണ്ട സാമൂഹിക മാറ്റത്തിനു് കരുക്കളായി നിന്നിട്ടുള്ള

എന്നതും മനുഷ്യകഥയുടെ ഇതിവൃത്തമാണ്. പ്രാകൃത കമ്മ്യൂ
ണിസത്തിൽ നിന്നും ആധുനിക സോഷ്യലിസത്തിലേക്കു
വരെയുള്ള മനുഷ്യന്റെ പ്രയാണം ഏതെല്ലാം ഭൌതീക
പരിതസ്ഥിതികളുടേയും സാമൂഹിക ശക്തികളുടേയും
ഫലമായിട്ടായിരുന്നു എന്ന വിശകലനവും വ്യാഖ്യാനവു
മാണ് ചരിത്രകാരൻ നടത്തുന്നത്. മറ്റൊരുവിധത്തിൽ പറ
ഞ്ഞാൽ അടിമ ഉടമവ്യവസ്തയിൽ നിന്നും സാമൂഹിക സമ
ത്വത്തിന്റെ ശുദ്ധവായു ശ്വസിക്കുവാൻ മനുഷ്യൻ അന
വരതം നടത്തിയ സംഘട്ടനങ്ങളുടെ സുദീർഘമായ കഥയാ
ണ് ചരിത്രം. ചരിത്രത്തെ മനുഷ്യകഥ എന്നു് വിവരിക്കു
മ്പോൾ സാമൂഹിക മനുഷ്യന്റെ അനുക്രമമായ പുരോഗതി
യുടെ ചരിത്രമാണ് വിവക്ഷ. ചരിത്രകാരൻ ജനജീവിത
ത്തെ വസ്തുതകളുടേയും തെളിവുകളുടേയും അടിസ്ഥാ
നത്തിൽ യഥാതഥമായി അവതരിപ്പിക്കുക മാത്രമല്ല, അവ
യെ വ്യാഖ്യാനിക്കുകയും സർഗാൽമകമായി അപഗ്രഥിക്കു
കയും ചെയ്യേണ്ടതുണ്ട്. ഈ അപഗ്രഥനം നാളത്തെ വളർച്ച
കും വികാസങ്ങൾക്കും ഉത്തേജനമായി ഭവിക്കുന്നതും അവ
യെ ത്വരിതപ്പെടുന്നതും ആയിരിക്കണം. അപ്പോൾ ചരിത്ര
വസ്തുതകളെ വിവരിക്കുക മാത്രമല്ല അവക്ക് ഹേതുഭൂത
മായ സാമൂഹ്യ ശക്തികളെയും ബന്ധങ്ങളേയും അപ
ഗ്രഥിക്കുക കൂടി ചരിത്രകാരന്റെ കർത്തവ്യമാകുന്നു.

ചരിത്രത്തിന്റെ ഈ സാമൂഹിക വീക്ഷണം പരക്കെ
അംഗീകരിക്കപ്പെട്ടിട്ടില്ലെന്നു മാത്രമല്ല ഇന്നും പല സിദ്ധാ
ന്തങ്ങളും ഇതിനു പകരമായി ഉയർത്തിപ്പിടിക്കുകയും ചെ
യ്യുന്നവരുണ്ട്. പരിതോവസ്ഥയുടെ സൃഷ്ടിയാണ് മനു
ഷ്യനെന്നും അവന്റെ ചുറ്റുപാടുകൾക്ക് അടിസ്ഥാനമാ
യിക്കൊണ്ടാണ് അവന്റെ സാമൂഹ്യബന്ധങ്ങളും ആശയ
ങ്ങളും അഭിലാഷങ്ങളും ഒക്കെ ഉരുത്തിരിയുന്നതെന്നുമുള്ള
പ്രബലമായ അഭിപ്രായമുണ്ട്. ഭൂമിശാസ്ത്രപരമായ സ്വാ
ധീനം സമൂഹത്തെ മാത്രമല്ല രാഷ്ട്രങ്ങളേയും ഒട്ടും വിഗ
ണിക്കാൻ വയ്യാത്ത വിധത്തിൽ സ്വാധീനിക്കുന്നു എന്നും

പല ദേശങ്ങളിലും പല സമൂഹങ്ങളിലും ഉണ്ടായിട്ടുള്ള മാറ്റങ്ങൾക്കും സംഭവങ്ങൾക്കും നിദാനം ഈ ഘടകങ്ങളാണെന്നും ഫ്രഞ്ച്, ജർമ്മൻ ചരിത്രകാരൻമാരും ദാർശനികരും വാദിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. അതു പോലെതന്നെ സാമൂഹ്യ ജീവിതത്തെ നിയന്ത്രിക്കുന്ന ഭൌതീക പരിതസ്ഥിതികളിൽ ജനപ്പെരുപ്പം, ജനസാന്ദ്രത തുടങ്ങിയവയും ഏറെ നിർണ്ണായക ഘടകങ്ങളാണെന്നും വാദിക്കുന്നവരുമുണ്ട്. സാമൂഹിക പുരോഗതി ഭൂമി ശാസ്ത്ര പരിത സ്ഥിതികളെ മാത്രമാശ്രയിച്ചാണ് നിൽക്കുന്നതെങ്കിൽ മാറ്റങ്ങൾ കൊണ്ട് ത്വരിത ഗമനം ചെയ്യുന്ന സാമൂഹിക ഘടനയും പ്രകൃതിയിൽ വളരെക്കാലം കൊണ്ട് മാത്രം സംഭവിക്കുന്ന നിസ്സാര വ്യത്യാസങ്ങളും തമ്മിൽ പൊരുത്തപ്പെട്ടുപോകുക സാദ്ധ്യമല്ല. അതുപോലെതന്നെ ജനസംഖ്യയും ജനസാന്ദ്രതയുമാണ് സാമൂഹ്യ പുരോഗതിയുടെ മാനദണ്ഡമെങ്കിൽ നിശ്ചയമായും ഏറെ ജനസംഖ്യയുള്ള ചൈന, ഇന്ത്യപോലുള്ള രാജ്യങ്ങൾ എത്രയോ അധികം പുരോഗതി പ്രാപിക്കുമായിരുന്നു. സെൻറ് സൈമൺ, സെൻറ് അഗസ്റ്റിൻ തുടങ്ങിയ ദാർശനീകൻമാരുടെ വിവക്ഷയാകട്ടെ സാമൂഹിക ബന്ധങ്ങളുടെ ആത്യന്തികമായ അടിത്തറ ആശയങ്ങൾ മാത്രമല്ല, അവയിൽ തന്നെ സൻമാർഗ സദാചാര മൂല്യങ്ങൾക്ക് പ്രാമുഖ്യം നൽകുന്ന മതശാസനകൾപോലുള്ള ശാസ്ത്രീയാശയങ്ങളാണ് എന്നപോലെ. ഇതോടൊപ്പംതന്നെ പരിഗണിക്കേണ്ട മറെറാരഭിപ്രായമാണ് സാമൂഹിക പുരോഗതിക്കു് എക്കാലവും യുദ്ധപ്രഭാവൻമാരായ അതികായൻമാരാണ് നിദാനമായിവെച്ചിട്ടുള്ളത് എന്ന വാദഗതിയും.

ഈ ആദർശാത്മക സിദ്ധാന്തങ്ങളെ മാർക്സിസ്റ്റ് ഭൌതീകവാദത്തിൻറെ അടിസ്ഥാനത്തിൽ പ്രതിരോധിച്ചു തുടങ്ങിയുള്ള സാമൂഹിക ചിന്തകൻമാർ തീർത്തും നിരാകരിച്ചിട്ടുള്ളതാണ്. അവരുടെ അഭിപ്രായത്തിൽ സാമൂഹിക പുരോഗതിയുടെ കാരണമായിവരുന്നത് ഏതാനും

ഉന്നത വ്യക്തികളുടെ ആശയാഭിലാഷങ്ങളല്ല, മറിച്ച് സമൂഹത്തിൽ നിലവിലുള്ള ഭൌതിക പരിതസ്ഥിതികളിലുണ്ടാകുന്ന വളർച്ചയും, ഉൽപാദനക്രമത്തിലുണ്ടാകുന്ന മാറ്റങ്ങളും, സമൂഹത്തിന്റെ നിലനിൽപിനാവശ്യമായ ഭൌതിക മൂല്യങ്ങളുമാണ്. ഉൽപാദനപ്രക്രിയയിൽ വിഭിന്ന വർഗ്ഗ താൽപര്യങ്ങൾ തമ്മിൽ ഏറ്റുമുട്ടുമ്പോൾ വർഗ്ഗബന്ധങ്ങളിലുണ്ടാകുന്ന വ്യത്യാസങ്ങൾ, ഉൽപാദനത്തിലും അതിന്റെ വിതരണത്തിലും വ്യത്യസ്ത താൽപര്യങ്ങൾക്ക് ലഭിക്കേണ്ട സ്ഥാനമാനങ്ങൾക്കു വേണ്ടിയുള്ള സംഘട്ടനങ്ങൾ, ഇവയെല്ലാമാണ് സാമൂഹ്യപുരോഗതിയുടെ അടിസ്ഥാനം നിശ്ചയിക്കുന്നത്. മനുഷ്യന്റെ ആശയങ്ങൾ സാമൂഹ്യ സാമ്പത്തിക നിലവാരത്തെ രൂപപ്പെടുത്തുകയല്ല മറിച്ച് സാമൂഹിക സാമ്പത്തിക പരിതസ്ഥിതികൾ ആശയങ്ങൾക്കു രൂപം നൽകുന്നു എന്നതാണ് സത്യം. മഹാൻമാരായ വ്യക്തികളുടെ ആശയങ്ങൾ നിലവിലുള്ള സമൂഹത്തിന്റെ സാമ്പത്തിക വികസനത്തിനു വിഘാതമാവുമ്പോൾ ആ ആശയങ്ങളുടെ മാന്യത നഷ്ടപ്പെടുന്നു. മറിച്ച് സമൂഹത്തിലെ സാമ്പത്തിക വികസനത്തിന് ആവശ്യമായ കരുക്കൾ നൽകുന്നതും സമൂഹത്തിലെ പ്രബലവർഗ്ഗത്തിന്റെ ആശയാഭിലാഷങ്ങൾ സാധിക്കുന്നതിന് കരുത്തേകുന്നതുമായ ആശയങ്ങളെ പ്രതിനിധാനം ചെയ്യുന്നവരെ മാത്രമേ പ്രമുഖരായി അറിയപ്പെടുന്നുള്ളു. മനുഷ്യൻ അവന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ പലതരം ആയുധങ്ങളും ഉപകരണങ്ങളും ശാസ്ത്ര സാങ്കേതിക വിദ്യകളും ഉപയോഗപ്പെടുത്തുന്നുണ്ട്. മാരകങ്ങളായ ആയുധങ്ങൾ, സൈനിക ഘടനയിൽ തുടങ്ങി സമൂലമായ മാറ്റം വരുത്തിയിട്ടുണ്ട്. കലപ്പക്കുപകരം ട്രാക്ടർ ഉപയോഗിച്ചു തുടങ്ങിയപ്പോൾ കാർഷിക രംഗത്തിന്റെ മുഖച്ഛായക്കു തന്നെ മാറ്റം വന്നു. ഉൽപാദനത്തിന് സഹായകമായ ഉപകരണങ്ങൾ പക്ഷെ ഈ വികാസത്തിന്റെ ഒരംശത്തിനു മാത്രമേ ഹേതുവാകുന്നുള്ളു. ശരിയായ വികസനോപാധി എന്നു പറയുന്നത് ഉൽപാദന

പ്രക്രിയയുടെ വികസനമാണ്. ഒരു സമൂഹം, അതിൽ ഉൽപാദനത്തിലേർപ്പെട്ടിരിക്കുന്ന ജനങ്ങൾ, ആ സമൂഹത്തിലുള്ള ഉൽപാദനത്തിലെ ഭൌതികോപാധികളിലുണ്ടാകുന്ന വികാസമനുസരിച്ച് ഉൽപാദന ബന്ധങ്ങളിലുണ്ടാകുന്ന മാറ്റങ്ങൾ, ഇതെല്ലാം ചേർന്നതാണ് ഉൽപാദനശക്തി. ഈ ശക്തിയുടെ നിയന്ത്രണത്തിലാണ് സാമൂഹ്യബന്ധങ്ങളും സമൂഹമാകെത്തന്നെയും. ഈ സമൂഹത്തെയാണ് ചരിത്രത്തിലെ പ്രത്യേക കാലഘട്ടത്തിലെ പ്രത്യേക സമൂഹമായി നാം വ്യവഹരിക്കുന്നത്. ആ സമൂഹത്തിന് അതിനേറ്റതായ പ്രത്യേകതകളും സ്വഭാവ സവിശേഷതകളും കാണും. ഉദാഹരണത്തിന് പ്രാകൃതസമൂഹം, ഫ്യൂഡൽ സമൂഹം, ബൂർഷ്വാസമൂഹം എന്നിങ്ങനെയുള്ളവ ഉൽപാദന ബന്ധങ്ങളുടെ മൊത്തം രൂപമാണ്. ഇവയാകട്ടെ മനുഷ്യ വികസന ചരിത്രത്തിലെ പ്രത്യേക ഘട്ടങ്ങളെയും കുറിക്കുന്നു. ചില സന്ദർഭങ്ങളിൽ സമൂഹത്തിലെ ഉൽപാദന ശക്തികളും നിലവിലുള്ള ഉൽപാദന ബന്ധങ്ങളുമായി ഏറ്റുമുട്ടുന്നു. തൽഫലമായി പുരോഗതിയോ തിരിച്ചടിയോ ഉണ്ടാകാം. രണ്ടായാലും സാമൂഹിക വിപ്ലവത്തിന്റെ നാന്ദികുറിക്കലാണ് ഇവിടെ സംഭവിക്കുക. അതോടൊപ്പം ഓരോ വ്യവസ്ഥിതിയിലും നിലീനമായിരുന്ന ആശയങ്ങൾക്കും വികാരങ്ങൾക്കും ജീവിത വീക്ഷണങ്ങൾക്കും ചിന്താക്രമങ്ങൾക്കും മാറ്റം സംഭവിക്കുന്നു. പുതിയ ഭൌതിക പരിതസ്ഥിതിയേയും അതിലെ ഉൽപാദന ബന്ധങ്ങളേയും ആശ്രയിച്ച് പുതിയ ചിന്താപദ്ധതികളും രൂപംകൊള്ളുന്നു.

മനുഷ്യന്റെ ചരിത്രപരമായ പുരോഗതിക്ക് നിദാനമാകുന്നത് സാമ്പത്തിക ബന്ധങ്ങളിൽ മാറ്റമുണ്ടാക്കാൻ പ്രേരകമായി ഉൽപാദക ശക്തികളിലുണ്ടാകുന്ന വളർച്ചയാണ്. തൻമൂലം ചരിത്രഗവേഷണം ആരംഭിക്കേണ്ടതു തന്നെ ഉൽപാദന ശക്തികളുടെ രൂപവും ഭാവവും മനസ്സിലാക്കിയും ഏതു സമൂഹത്തിനേറ്റതാണോ അവയു

ക്കു സാമ്പത്തിക ബന്ധങ്ങളെ അടിസ്ഥാനപ്പെടുത്തി യുള്ളതായിരിക്കണം. ജീജ്ഞാസുവായ ഗവേഷകൻ അവിടം കൊണ്ടും അവസാനിപ്പിക്കരുത്. കഴിഞ്ഞകാലവിഭൂതിക ളെ ചികയുന്ന ഗവേഷകൻ അന്നത്തെ സാമൂഹിക രാഷ്ട്രീയ രൂപങ്ങളിൽ മറഞ്ഞു കിടക്കുന്നതും മനുഷ്യന്റെ അഭിരുചിയാഭിലാഷങ്ങളും, വിചാര വികാരങ്ങളും, ആദർശങ്ങളും ഇവയാൽ ആവൃതമായതുമായ സാമ്പത്തിക വ്യവസ്ഥിതിയെ അനാവരണം ചെയ്യേണ്ടതുമാണ്. അപ്പോഴാ അചേതനമായ ഈ വസ്തുവിൽനിന്നും ജീവൻ തുടിച്ചു നിൽക്കുന്ന മറെറാരു വസ്തു രൂപം കൊള്ളുന്നതായി കാണാം.

കലയുടെയും സാഹിത്യത്തിന്റെയും മറ്റു സർഗാത്മക സൃഷ്ടികളുടെയും വികാസപരിണാമങ്ങളുടെ ചരിത്രവും സമൂഹത്തിലെ വിവിധ താൽപര്യങ്ങളുടെ സംഘട്ടന ചരിത്രവും തമ്മിൽ അഭേദ്യമാം വിധം ബന്ധപ്പെട്ടുകിടക്കുന്നു. മനുഷ്യസമൂഹത്തിന്റെ ഈ വികാസ ചരിത്രം പല സ്ഥലത്തും അൽപാൽപ വ്യത്യാസത്തോടു കൂടിയാണെങ്കിലും ആവർത്തിച്ചിട്ടുണ്ട്. കാലദേശ വ്യത്യാസമനുസരിച്ച് രൂപ ഭേദങ്ങൾക്ക് വ്യതിരിക്തത തോന്നാമെങ്കിലും മനുഷ്യചരിത്രത്തിന് ബ്രഹത്തായ ഒരു സാർവത്രികത ഉണ്ടെന്നുള്ളത് നിസ്സംശയമാണ്. ഏതു പ്രദേശത്താണെങ്കിലും മനുഷ്യസമൂഹത്തിന്റെ അടിസ്ഥാന പരമായ വികസന പ്രക്രിയ ഒന്നു തന്നെയാണ്. എന്നാൽ പാരമ്പര്യ സ്വഭാവമനുസരിച്ച് പല ദേശങ്ങളിലും ചരിത്രത്തെ രൂപപ്പെടുത്തുന്ന സാമൂഹ്യ ശക്തികളുടെ പ്രവർത്തനം വ്യത്യസ്തമായിരിക്കുമെന്നു മാത്രം. ജാതിസമ്പ്രദായവും വൈദിക മേധാവിത്വവും ഉണ്ടായിരുന്നില്ലെങ്കിൽ ഒരു പക്ഷെ മഹാവീരനോ, ഗൌതമ ബുദ്ധനോ ഭാരതീയരിൽ ജനിക്കേണ്ടി വരുമായിരുന്നില്ല. അതുപോലെ തന്നെ സിന്ധുഗംഗാസമതലങ്ങളും ഇതുപോലെ ഫലപൂർണമായിരുന്നില്ലെങ്കിൽ ഇത്ര കടുത്ത ജാതിവ്യവസ്ഥ

തയും ഇവിടെ ഉണ്ടാകുമായിരുന്നില്ല. ഈ സാമൂഹ്യ വീക്ഷണത്തോടു കൂടി നോക്കുമ്പോഴാണ് കേരള ചരിത്രത്തിൽ മഹാബലിയും മഹാബലിയുടെ ചരിത്രവും അർത്ഥപുഷ്ടിയുള്ള ഒരു സാമൂഹിക വ്യവസ്ഥിതിയെ സൂചിപ്പിക്കുന്നു എന്നു കാണാം. അതുപോലെ തന്നെ ജൻമി സമ്പ്രദായവും വൈദിക മേധാവിത്വവും ഇവിടത്തെ കാർഷികോൽപാദന ബന്ധങ്ങളുമായി ശരിക്കും പൊരുത്തപ്പെട്ടും നിൽക്കുന്നു. പഴശ്ശിരാജാവിനേറെയും വേലുത്തമ്പിയുടേയും പാലിയത്തച്ചനേറെയും ഫ്യൂഡൽ സമരങ്ങളും പ്രതിനിധാനം ചെയ്യുന്ന സാമൂഹ്യ ബന്ധങ്ങളെ മനസ്സിലാക്കുവാനും പ്രയാസം വരില്ല. എന്നാൽ ഇൻഡ്യാ ചരിത്രം പൊതുവേയും കേരള ചരിത്രം പ്രത്യേകമായും ശാസ്ത്രീയവും ചരിത്രപരവുമായ ഈ സാമൂഹ്യ വീക്ഷണം ഉൾക്കൊള്ളുന്നില്ലെന്നതാണ് പരമാർത്ഥം. നമ്മുടെ ചരിത്രകാരൻമാർ ചരിത്രപാഠം നടത്തുന്നത് സാമൂഹികമായ ഉൾക്കാഴ്ചയോടു കൂടി അല്ലാത്തതാണ് ഈ അപവാദത്തിന് കാരണം. ചരിത്രം മനുഷ്യവികാസത്തിന്റെ ഇതിഹാസമായിത്തീരണമെങ്കിൽ ചരിത്രകാരന്റെ സാമൂഹ്യ വീക്ഷണത്തിൽ സാരവത്തായ മാറ്റമുണ്ടായേ പറ്റൂ.

3

ചരിത്രം
സംഘട്ടനത്തിന്റെ കഥ

ചരിത്രം ഒരു ശാസ്ത്രമായി ഗണിക്കപ്പെടാൻ തുടങ്ങിയിട്ട് കാലം അധികം ആയിട്ടില്ല. ഏതൊരു ശാസ്ത്രശാഖയ്ക്കും ഉള്ള സാങ്കേതിക സംവിധാനങ്ങളും സൂക്ഷ്മമായ പരീക്ഷണങ്ങളും ചരിത്രശാസ്ത്രത്തിനും ആവശ്യമാണ്. അനിവാര്യമായ ഈ അച്ചടക്കബോധം അധികം ഏഴുത്തുകാരിലും ഇല്ലാതെപോകുന്നതാണ് ചരിത്ര വീക്ഷണത്തിൽ അവർക്കൊക്കെ പറ്റുന്ന വീഴ്ച. ഒന്നാണ് ചരിത്രമെന്നും എങ്ങനെ അത് ശാസ്ത്രീയമായ ഉപാധി ആക്കി വളർത്തിക്കൊണ്ടുവരാമെന്നും അധികം പേരും ചിന്തിക്കാറില്ല. കഴിഞ്ഞകാലത്തെ പടയോട്ടങ്ങളെപ്പറ്റിയും അതിൽ വിജയികളായ ജേതാക്കളെപ്പറ്റിയും ഉള്ള കഥകൾ മാത്രമാണോ ചരിത്രം? ഓരോ ദിവസവും കയറിമറിഞ്ഞ ഗതിവിഗതികളുടെ സംക്ഷിപ്തമോ വികലമോ ആയ വിവരണം മാത്രമാണോ അത്? ഇന്നലെയുടെ ഈറ്റില്ലത്തിൽ നൊമ്പരപ്പെട്ടുനിന്ന പ്രക്രിയകളുടെ സഫലമായ ജാത്യസ്വഭാവത്തിന്റെ ജാതകം കുറിക്കലാണോ അത്? പ്രാക്തനമായ സാംസ്കാരിക ആഡംബരങ്ങൾ ഉയർത്തിപ്പിടിക്കുവാനും ദേശത്തേയും ജനതയേയും കഴിഞ്ഞകാല പാരമ്പര്യത്തിന്റെ മഹിമാവിനെക്കുറിച്ചു ബോധവാന്മാരാക്കിപ്പിക്കുവാനും മാത്രമുള്ളതാണോ അത്? ഇന്നലെ നടന്ന സംഭവങ്ങളും, ഇന്നു നടന്നുകൊണ്ടിരിക്കുന്ന കാര്യ

ങ്ങളും, നാളെ നടന്നേക്കുമെന്നു വിശ്വസിക്കപ്പെടുന്ന സംഗതികളും തമ്മിൽ ഉള്ള ബന്ധം എന്ത്? അനാദികാലം മുതൽ ഓരോ രാജ്യത്തു ജനിക്കുകയും ആ ദേശത്തിന്റെ സൌഭാഗ്യങ്ങൾക്ക് വിധാതാക്കൾ ആകുകയും ചെയ്ത മൺമറഞ്ഞുപോയ ജനലക്ഷങ്ങൾ വിതറിവിതച്ച സാംസ്ക്കാരിക സമ്പത്തിന്റെ ആകത്തുകയാണൊ ചരിത്രം? മനുഷ്യന്റെ പുരോഗതിക്കു നിദാനമായ സാമൂഹ്യ ക്രമങ്ങളും, സൻമാർഗ്ഗനിയമങ്ങളും, ആ സമൂഹങ്ങളിൽ നിലനിന്ന ഉൽപാദന ക്രമങ്ങളും, രീതികളും, ആ ഉൽപാദനവിഭവങ്ങളുടെ അവകാശസംരക്ഷണങ്ങളും, ആ അവകാശങ്ങൾക്കുവേണ്ടിയുള്ള അവിരാമമായ സംഘട്ടനങ്ങളും, തുടങ്ങി എത്രയോ കാര്യങ്ങൾ സാമൂഹ്യക്രമങ്ങളുമായി ബന്ധപ്പെട്ടതായുണ്ട്. എന്നാൽ അനുക്രമമായ അവകാശ സമരങ്ങളുടെ സുദീർഘമായ സമരകഥ മാത്രമാണോ ചരിത്രം? ഓരോ വിഭാഗം ചരിത്രകാരൻമാരും ഇതിൽ ഏതെങ്കിലും ഒരു അംശത്തെമാത്രം ചരിത്രസംവിധാനത്തിന് ഉപയോഗപ്പെടുത്തുമ്പോഴാണ് ഇത് ശാസ്ത്രമല്ലാതെ വിഭാഗീയം മാത്രമായിത്തീരുന്നത്.

ചരിത്രശാസ്ത്രത്തെ നിർവചിക്കുവാനും വേണ്ടവിധത്തിൽ വിവരിക്കുവാനും പലരും ശ്രമിച്ചിട്ടുണ്ട്. വിശ്വസാഹിത്യത്തിൽ അനശ്വരരായിത്തീർന്നിട്ടുള്ള പല ചരിത്രശാസ്ത്രകാരൻമാരും അവരുടെ ചരിത്ര വീക്ഷണം വിശകലനം ചെയ്യാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. അവയോട് യോജിക്കാൻ സാധിക്കുന്നവർ ആ ചിന്താധാരകളിൽ ഒഴികിച്ചേർന്നിട്ടുമുണ്ട്. അങ്ങനെ വിശ്വോത്തരരായ ചരിത്രശാസ്ത്രകാരൻമാർക്ക് ഒട്ടേറെ ചരിത്രപണ്ഡിതൻമാരുടെ പിൻബലം ലഭിക്കുവാനും, അവരുടെ ചരിത്രവിചാരരീതിക്ക് ന്യായീകരണം നൽകുവാനും സാധിച്ചിട്ടുണ്ട്. ഇതിന്റെയൊക്കെ ഫലമായി വിവിധങ്ങളായ ചിന്താപ്രസ്ഥാനങ്ങൾ ചരിത്രമണ്ഡലത്തിൽ ഉടലെടുത്തു.

എന്നാൽ ഇൻഡ്യാചരിത്രം ഈ പൊതുനിയമത്തിന് ഒരപവാദമാണ്, നിഷ്കൃഷ്ടമായ യാതൊരു അച്ചടക്കവും

ഇക്കാര്യത്തിൽ നമുക്കില്ല. അതിനുകാരണം നാമൊരിക്കലും ചരിത്രത്തെ ഒരു ശാസ്ത്രമായി അതിന്റെ സാങ്കേതങ്ങളോടും വിചാരബോധത്തോടുംകൂടി വളർത്തി എടുത്തില്ലാത്തതാണ്. പൗരാണികകാലത്തും അതിനെ പിന്നിട്ട ഘട്ടങ്ങളിലും നമ്മുടേതായിട്ടുള്ള ചരിത്രസംവിധാനം നമ്മുടെ രക്ഷത്തുനിന്നും ഒരിക്കലും ഉണ്ടായിട്ടില്ല. വൈദേശിക ആക്രമണത്തിനുശേഷം ഒരു വലിയ രാജ്യത്തേയും ജനതയേയും കീഴടക്കിയ ആക്രമണകാരികളും അവരുടെ നിലനിൽപിനും പ്രവർത്തികളുടെ ന്യായീകരണത്തിനുംവേണ്ടി എഴുതിയുണ്ടാക്കിയ ഇൻഡ്യാചരിത്രം അവരുടെ വീക്ഷണഗതിയുടെ പ്രതിഫലനം മാത്രമാണ്. അതൊരിക്കലും ഈ ദേശത്തിന്റെ അന്തർധാരയാകാൻ സാധ്യമല്ല. ജനലക്ഷങ്ങളെ നശിക്കുകയും അവരുടെ മാനുഷികശക്തി ഈ രാജ്യത്തിന്റെ ഭൗതികസാംസ്കാരിക വിഭവങ്ങൾ വാർത്തെടുക്കാൻ ഉപയോഗപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നൂറ്റാണ്ടുകളായി ഈ പ്രക്രിയ അനുസ്യൂതം തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇവിടെ കനകം വിളയുന്ന വയലുകളുണ്ട്. വിദേശികളായ ജനങ്ങൾക്കുപോലും നാം ഉൽപാദിച്ച വിഭവങ്ങൾ കടലുകളേയും മലകളേയും താണ്ടി നമ്മുടെ പൂർവികർ എത്തിച്ചുകൊടുത്തിരുന്നു. എന്നാൽ ഈ വിഭവങ്ങളുടെ ഉൽപാദനക്രമം ഏതു രീതിയിലായിരുന്നു? ഇവയുടെ ഉടമാവകാശം ആർക്കായിരുന്നു? ഉടമയും അടിമയും തമ്മിലുള്ള ബന്ധം ഏതുവിധത്തിലായിരുന്നു? സമൂഹത്തെ നിയന്ത്രിച്ചിരുന്ന മൂല്യങ്ങൾ ഏവ? ഇന്നത്തെ സാമൂഹ്യസമ്പ്രദായത്തിലേക്ക് എത്തിച്ചേരുവാൻ എത്രയെത്ര കഷ്ടപ്പാടുകളുടെ കൽപടവുകൾ അവർക്ക് കയറേണ്ടതായി വന്നു? ഇന്നു നാം ആചരിച്ചുപോന്ന സാമൂഹ്യനീതികളും സദാചാര സൻമാർഗനിഷ്ഠകൾക്കും വേണ്ടി ഇന്നത്തെ ജനസമൂഹം എത്രമാത്രം വേദനകൾ അനുഭവിച്ചിട്ടുണ്ട്? സംഘട്ടനങ്ങൾ നടത്തിയിട്ടുണ്ട്? ഈ സംഘട്ടനങ്ങൾ വർഗസമരങ്ങൾ മാത്രമായിരുന്നോ? ഇത്തരം ഒട്ടന

വധി പ്രശ്നങ്ങൾ വ്യക്തമായ കാഴ്ചപ്പാടിലൂടെ നിഷ്പക്ഷമായി വിശകലനം ചെയ്യുന്നതാണ് ചരിത്രം.

ഇന്ത്യൻ സ്ഥിതിവിശേഷം ചരിത്രവിചാരം ചെയ്യുന്നവർക്ക് കൂടുതൽ പ്രയാസം ഉണ്ടാകുന്നു. ഇവിടെ വ്യക്തമായ വീക്ഷണഗതിയോ ചരിത്രബോധമോ നിശ്ശേഷം ഇല്ല എന്നതാണ് അതിനു കാരണം. ജനസമൂഹത്തെ കൂട്ടായിക്കാണുന്നതിനുപകരം ജാതിയേയും സമുദായത്തേയും ഒറ്റയൊറ്റയായി വേർതിരിക്കുന്നതിലാണ് നമ്മുടെ വൈദഗ്ദ്ധ്യം. സമൂഹത്തിന്റെ കൂട്ടായ നേട്ടങ്ങളെ വിലയിരുത്തുന്നതിനുപകരം ജാതിയുടെ മേൻമയെപ്രകീർത്തിക്കാനും സമുദായത്തിന്റെ മാഹാത്മ്യത്തെ ഉയർത്തുവാനും മാത്രമാണ് എല്ലാ രംഗത്തുനിന്നുമുള്ള ശ്രമങ്ങളും. മനുഷ്യൻ എന്ന പ്രതിഭാസത്തിനു വില ഇടിയുവാനുള്ള പ്രധാന കാരണവും ഇതുതന്നെയാണ്. കൂട്ടായ വിലപേശലുകളും, സംഘടിതങ്ങളായ സമരസന്നാഹങ്ങളും, ഇവയൊക്കെ ഇന്നലെയും നടന്നിട്ടുണ്ട്; ഇന്നും നടക്കുന്നവയാണ്: നാളയെ അതിൽനിന്നും ഒഴിവാക്കാൻ സാദ്ധ്യവുമല്ല. ഇന്നിന്റെയും നാളെയുടെയും വർഗ്ഗസംഘട്ടനങ്ങളും ഇന്നത്തേതിൽനിന്നും വ്യത്യസ്തമാകാൻ സാദ്ധ്യവുമല്ല. എന്നാൽ ഇന്നലെ നടന്ന സംഘട്ടനങ്ങളും ഏതു വർഗ്ഗത്തിന്റെ, ഏതു ആശയത്തിന്റെ, ഏതു സംസ്കാരത്തിന്റെ, ഏതു വർഗ്ഗത്തിനെതിരെ, ഏത് ആശയത്തിനെതിരെ ഏതു സംസ്കാരത്തിനെതിരെ ആയിരുന്നു?

പ്രാകൃത കമ്മ്യൂണിസത്തിൽനിന്നും ഉടമ—അടിമസമ്പ്രദായത്തിലേക്കും അതിൽനിന്നും ഫ്യൂഡൽ വ്യവസ്ഥിതിയിലേക്കും, ഇതിൽനിന്നും മുതലാളിത്ത സമ്പ്രദായത്തിലേക്കും മാറിയ സമൂഹം അനുഭവിച്ച ത്യാഗങ്ങളും സഹിച്ച വേദനകളും നടത്തിയ സമരങ്ങളും അതാതു കാലഘട്ടത്തിന്റെ സാമൂഹ്യ പ്രതിഫലനങ്ങളായിരുന്നു. ഓരോ സമൂഹത്തിലും ഏതെങ്കിലും ഒരു വർഗ്ഗം, സമൂഹത്തിന്റെ

ഉൽപാദനവിഭവങ്ങളെ കയ്യടക്കിവെച്ച് മറ്റുള്ള ഭൂരിപക്ഷത്തെ അടക്കി ഒതുക്കി കഴിഞ്ഞിട്ടുണ്ട്. അവശത അനുഭവിച്ച വർഗ്ഗങ്ങളും സംഘടിതമായി എതിർത്തിട്ടുമുണ്ട്. ആ എതിർപ്പ് ഒരുപക്ഷേ സമ്പദ്‌വ്യവസ്ഥിതിക്കെതിരായിട്ടാകാം, സാമൂഹ്യാസമത്വങ്ങൾക്ക് എതിരെയാകാം, നിലവിൽ വന്ന സൻമാർഗ്ഗനീതിക്കും സദാചാരനിഷ്ഠയ്ക്കും, വിരുദ്ധമായിട്ടാകാം, നൂതനമായ ആദർശപ്രചാരണത്തിനു വേണ്ടിയോ, മാർഗനിക പ്രസ്ഥാനങ്ങൾക്കു വേണ്ടിയോ ആകാം. ഒരു പക്ഷേ ഇവ എല്ലാം വിവിധ മണ്ഡലങ്ങളിൽ സംഘട്ടനത്തിന് ഹേതുവും ആയിരിക്കാം. പക്ഷേ ഏതൊരു സമൂഹത്തിലും നിരന്തരമായി സംഘട്ടനങ്ങൾ നടന്നിരുന്നു എന്നതാണ് സത്യം. വർഗ്ഗങ്ങൾ വ്യത്യസ്തങ്ങളായാലും, ആദർശങ്ങൾ വിഭിന്നങ്ങളായാലും, താൽപര്യസംഘടനകൾ അനിവാര്യമാണ് ഏതു സമൂഹത്തിലും, അടിമകൾ ഉടമകൾക്കെതിരായി സമരംചെയ്തു; ജയിച്ചു. ഇന്നും കൂടിയാൻ ജൻമിക്കെതിരായി സമരം ചെയ്യുന്നു. ജയിച്ചുകൊണ്ടിരിക്കുന്നു. തൊഴിലാളികൾ മുതലാളിക്കെതിരായും. സമൂഹത്തിലെ ഈ അസന്തുലിതാവസ്ഥനീങ്ങിനാളെ ഒരു പക്ഷേ സാമൂഹ്യസമത്വം വിളയാടി എന്നുവരാം. സാമ്പത്തികസമീകരണം ഉണ്ടായി എന്നും വരാം. പക്ഷേ അന്നും താൽപര്യങ്ങളും ആശയങ്ങളും അഭിലാഷങ്ങളും തമ്മിൽ സംഘട്ടനങ്ങൾ നടക്കാതെ നിർവ്വാഹമില്ല, അവിരാമമായ സംഘട്ടനത്തിന്റെ കഥയാണ് മനുഷ്യചരിത്രം.

4

ചരിത്ര ദർശനം ഇസ്‌ലാമിക സമീപനം

ആധുനിക ചരിത്രവീക്ഷയിൽ ഹൈന്ദവചരിത്രദർശനമെന്നും, ക്രൈസ്തവ ചരിത്രദർശനമെന്നും, ഇസ്‌ലാമിക ചരിത്രദർശനമെന്നും, ചരിത്രത്തിന്റെ തത്വശാസ്ത്രത്തെ അതിർവരമ്പിടുന്നത് അശാസ്ത്രീയമാണ്. ശരിയായ ചരിത്രം എക്കാലവും വസ്തുനിഷ്ഠമാണല്ലോ. എന്നാൽ ചരിത്രകാരൻമാർ മനുഷ്യരായതുകൊണ്ട് അവരുടേതായ വ്യത്യസ്താനുഭവങ്ങളും, താല്പര്യങ്ങളും, സ്വഭാവരീതിയും ചരിത്രപ്രതിപാദനത്തിൽ അറിഞ്ഞോ അറിയാതെയോ കലരുകമൂലം ഒരേ ചരിത്ര വസ്തുത തന്നെ പലരും പല വിധത്തിൽ അവതരിപ്പിച്ചെന്നു വരാറുണ്ട്. എന്നാൽ സത്യം എന്നും സത്യമായി തന്നെ അവശേഷിക്കുന്നുവെന്നതിനാൽ അതിന് മാറ്റം സംഭവിക്കുന്നില്ല. അവയെ ഏതുവിധം സമീപിക്കുന്നുവെന്നതിന്റെ അടിസ്ഥാനത്തിലാണ് പലരും പല വിധത്തിൽ വ്യവഹരിക്കുന്നത്. ചരിത്രകാരൻ, അവൻ ജനിച്ച നാടിന്റെയും, ശ്വസിച്ച വായുവിന്റെയും, ആഹരിച്ച ഭക്ഷ്യങ്ങളുടെയും, സ്വാംശീകരിച്ച ആദർശ വിശ്വാസങ്ങളുടെയും, ജീവിച്ച സംസ്കാരത്തിന്റെയും സ്വാധീനതയ്ക്ക് അടിമപ്പെടുക നൈസർഗ്ഗികമാണ്. അതിനാൽ ചരിത്രം വസ്തുനിഷ്ഠമാണെങ്കിലും ചരിത്രകാരൻ മിക്കപ്പോഴും ആത്മനിഷ്ഠാനുവർത്തിയായിരിക്കും. ഓരോരുത്തരുടേയും ചരിത്രസംവേദനം ആപേക്ഷികവുമായിരിക്കും. അങ്ങി

നെ ചരിത്രവീക്ഷണത്തിലും വിമർശനത്തിലും ദർശനങ്ങളിൽ തന്നെയും വിവിധങ്ങളായ സാംസ്ക്കാരികശക്തി ധാരകളുടെ സ്വാധീനം പ്രസ്പഷ്ടമായി കാണുവാനൊക്കും. അത്തരം സ്വാധീനശക്തികളെ പുരസ്ക്കരിക്കുമ്പോഴാണ് ചരിത്രദർശനത്തിൽ ഹൈന്ദവമെന്നും, ക്രൈസ്തവമെന്നും, ഇസ്ലാമികമെന്നും, ഭൗതികമെന്നും മറ്റും മറ്റുമുള്ള വൈജാത്യങ്ങൾ പ്രസക്തങ്ങളാകുന്നത്.

ആദർശനിഷ്ഠാത്മകമായ ജീവിത സാഫല്യങ്ങളുടെ പ്രതിരൂപങ്ങൾക്ക് പ്രാധാന്യം നൽകി വിശാലമായ ഒരു ക്യാൻവാസിലൂടെ ചരിത്രഗതിയെ വീക്ഷിക്കുന്ന ഹൈന്ദവ ദർശനം, ആദർശാത്മകമാണ്. അവിടെ കണക്കുകൾക്കും കാര്യകാരണങ്ങൾക്കും പ്രാധാന്യമില്ല. ഒരു കാലഘട്ടത്തിന്റെ ഉദാത്തദർശനങ്ങൾ ഉദ്ഘോഷണം ചെയ്യുവാനുപയോഗിക്കുന്ന പ്രതിരൂപങ്ങളോ, മാതൃകകളോ വലിയ ഒരു സമൂഹത്തിന്റെ ആദർശ വിശ്വാസങ്ങളായവതരിപ്പിക്കുന്ന ഹൈന്ദവവീക്ഷണം സത്യം, നീതി തുടങ്ങിയ ധർമ്മപ്രഘോഷണത്തിന് മുൻതൂക്കം നൽകുന്നു. രാമനും, സീതയും, ഭരതനും, ലക്ഷ്മണനും, സുഗ്രീവനും, ബാലിയും, ഭീഷ്മനും, രാവണനുമെല്ലാം ഏത് കാലഘട്ടത്തിന്റെ പ്രതീകാത്മക രൂപങ്ങളാണെങ്കിലും ശരി, ഇന്ത്യൻസമൂഹം അത്രയുമോ അതുമല്ലെങ്കിൽ അതിനോടേറെക്കുറെ സവിധത്തിലായോ സത്യധർമ്മാദികം അനുഷ്ഠിച്ചുയരുവാൻ ശ്രമിച്ചിരുന്നു വെന്നു വേണം കരുതുവാൻ. മഹാഭാരതമോ രാമായണമോ ചരിത്രഗ്രന്ഥങ്ങളല്ല. എന്നാൽ ഏതൊരു ചരിത്രഗ്രന്ഥത്തേക്കാളും ഒരു ജനതയുടെ മനസ്സായ ചരിത്രം ഇവയിലുണ്ട്. ഇവിടെ വർഷങ്ങൾക്കോ ദശാബ്ദങ്ങൾക്കോ, സ്ഥലകാലങ്ങൾക്കോ അല്പം പ്രാധാന്യം, ആദർശനിഷ്ഠമായ സത്യധർമ്മാദികം‌ക്കാണ്. ഇത്തരം ആദർശങ്ങളെ പ്രഘോഷണം ചെയ്യാൻ ക്രിയാത്മകമായ ചരിത്രവീക്ഷണത്തിൽ അസാധ്യമായിരിക്കും. ഈ ചരിത്രമല്ലാത്ത ചരിത്രത്തിന്റെ മഹിമയിലാണ് ഹൈന്ദവ ചരിത്രദർശനത്തിന്റെ ആത്മസത്ത.

ഇസ്ലാമിക ചരിത്രദർശനത്തിന്റെ രൂപവും ഭാവവും ഇസ്ലാമികവിശ്വാസങ്ങളിലും സിദ്ധാന്തങ്ങളിലും അധിഷ്ഠിതമത്രെ. ഏക ദൈവവിശ്വാസം, മുസ്ലിമിനെ സംബന്ധിച്ചിടത്തോളം അയവില്ലാത്ത സന്ധി ചെയ്യാൻ സാധിക്കാത്ത ഉറച്ചവിശ്വാസമാണല്ലോ. തൻമൂലം ഇസ്ലാമികദർശനങ്ങളെല്ലാം തന്നെ അടിയുറച്ച ഈ വിശ്വാസത്തിൻമേൽ കരുപ്പിടിച്ചിരിക്കുന്നു. കരുണാനിധിയും ദയാലുവുമായ പ്രപഞ്ചകർത്താവിനെ പ്രാപിക്കുവാനുള്ള അവിരാമമായ യജ്ഞമാണ് മുസ്ലീമനെ സംബന്ധിച്ചിടത്തോളം ജീവിതം തന്നെ, അവന്റെ തത്വശാസ്ത്രവും ജീവിതവീക്ഷണവും തൻമൂലം നാസ്തികമാകുവാനൊക്കുകയില്ല. ''വൈരുദ്ധ്യാത്മക ഭൌതികവാദം'' ഇസ്ലാമിക ചരിത്രദർശനത്തിന്റെ മറേറത്തലയ്ക്കൽ നിലയ്ക്കുന്നതാണ്. ഇസ്ലാം യുക്തി വാദത്തിനും സ്വതന്ത്രചിന്തക്കും പരിധിനിശ്ചയിക്കുന്നത് ഇക്കാര്യത്തിൽ മാത്രം. യുറോപ്യൻ പണ്ഡിതനായ ഹോർട്ടൻ ഇസ്ലാമിലെ ഈ പ്രവണതയെ ചൂണ്ടി ഇപ്രകാരം എഴുതുന്നുണ്ട്: ''ഏ. ഡി 800 മുതൽ 1100 വരെയുള്ള കാലത്തിനിടക്ക് നൂറിൽപരം വ്യത്യസ്ഥങ്ങളായ താത്വികദർശനങ്ങൾ മുസ്ലീംകാംക്കിടയിൽ ഉൽഭവിച്ചു എന്നത് തന്നെ മുസ്ലിം ചിന്തയുടെ വികാസത്തേയും സ്വീകരണക്ഷമതയേയും, ആദ്യകാലമുസ്ലീം ലോകത്തിലെ ചിന്തകൻമാരുടെ അക്ഷീണമായ പ്രയത്നത്തിന്റെയും നിദർശനങ്ങളാണ്''. അദ്ദേഹം തുടർന്നെഴുതുന്നത്, ''അപാരമെന്നു വിശേഷിപ്പിക്കാവുന്ന സാർവ്വലൗകികസ്വഭാവമാണ് ഇസ്ലാമികചൈതന്യം. നാസ്തികദർശനമൊഴികെ ലോകത്തുള്ള സർവ്വവിജ്ഞാനങ്ങളും സ്വാംശീകരിച്ച ഇസ്ലാം അവക്കൊക്കെ, വികാസത്തിന്റെ തനതായ നിർദ്ദേശങ്ങൾ കൂടി നലകി പുഷ്ക്കലമാക്കുകയാണ് ചെയ്തത്''', അപ്പോൾ പരമമായ സത്യത്തെ പുൽകുവാനുള്ള നിലക്കാത്ത പ്രയാണമാണ് മുസ്ളീമിനെ സംബന്ധിച്ചിടത്തോളം ജീവിതംതന്നെ. അവന്റെ സത്യാന്വേഷണ തൃഷ്ണപ്രാപഞ്ചികരഹസ്യങ്ങളെ അനാവരണം ചെയ്യുവാനും പരമകാരുണികനായ സ്രഷ്ടാവിനെ അറി

യുവാനുമുള്ള നിരന്തരവും അവിരാമവുമായ ത്വരയാണ്. അതായത് ഇസ്ലാമിക ചരിത്രദർശനത്തിന്റെ സ്ഥായിയായ അടിത്തറ ഒരേവവിശ്വാസവും, പ്രാപഞ്ചികരഹസ്യാന്വേഷണവും, അദ്ധ്യാത്മിക നിർവൃതിയുമാണെന്ന് ചുരുക്കം.

ചരിത്രത്തിന്റെ വെളിച്ചത്തിൽ ഒരു ലോകമതം വിഭാവനം ചെയ്യുകയാണ് ഇസ്ലാം. ഈ മതത്തെ വികസിതമായ ഒരു സംസ്കാരമായി വളർത്തുകയും ആ പ്രക്രിയയിൽ ലോകസംസ്ക്കാരങ്ങളിൽ ഗുണകരവും പ്രയോജനകരവുമായവയെ സ്വീകരിക്കുകയും സ്വന്തമായ വിശ്വാസദർശനമൂശയിലുരുക്കി അവയ്ക്ക് നൂതനമായ പ്രഭാപൂരം നൽകുകയും ചെയ്യുന്നു. ഇസ്ലാമിക സംസ്കാരം മനുഷ്യചിന്തയുടേയും സ്വഭാവരൂപീകരണത്തിന്റെയും ബൃഹത്തായ സംഹിതയാകുന്നു. പക്ഷേ ഏതേതൊക്കെ വ്യാപാരമണ്ഡലങ്ങളിലാണോ മനുഷ്യൻ വിഹരിക്കുന്നതു്, അതു് ഏതായാലും ശരി അവന്റെ ചിന്തയിലും പ്രവർത്തിയിലുമെല്ലാം അവനും ദൈവവും പ്രപഞ്ചവും തമ്മിൽ അഭേദ്യമായി നിൽക്കുകയും ചെയ്യുന്നു. അങ്ങിനെ ഈശ്വര സാക്ഷാത്കാരത്തിനുള്ള പ്രവർത്തികളെ സുഗമമാക്കുകയാണ് സർവ്വജനീനവും സാർവ്വലൗകീകവുമായ ജീവിതവീക്ഷണവും ചരിത്രദർശനവും വഴി സാധിക്കുന്നത്.

ദൈവസന്ദേശം എല്ലാ ഭൂമിശാസ്ത്രപരിധികളേയും അതിലംഘിക്കുന്നതാണല്ലോ. അതു് മനുഷ്യരാശിക്കാകമാനമുള്ള അനുഗ്രഹമാണ്. വിശാലവും വിശ്വവ്യാപകവുമായ ഈ ചിന്തയാണ് ഇസ്ലാമിക ചരിത്രദർശനത്തെ സാർവ്വലൗകീകമാക്കുന്നത്. അവിടെ കാലത്തിനോ, ദേശത്തിനോ, വർണ്ണത്തിനോ സ്ഥാനമില്ല; മനുഷ്യസമൂഹത്തെ വർണ്ണങ്ങളായും, ദേശങ്ങളായും, വർഗ്ഗങ്ങളായും തരംതിരിച്ചിരിക്കുന്നത്, വേർതിരിച്ചറിയുവാൻ മാത്രമാണെന്നാണ് പ്പുറാൻ പ്രഖ്യാപിക്കുന്നത്. മനുഷ്യനും മനുഷ്യനും തമ്മി

ലുള്ള മറ നീക്കുന്നതും, മനുഷ്യവംശത്തിന്റെ ഏകത്വത്തെ പ്രാവർത്തികമാക്കുന്നതുമാണല്ലോ ഇസ്‌ലാമിലെ പ്രാർത്ഥനതന്നെ. സഹാനുഭൂതി, സഹിഷ്ണുത, സാഹോദര്യം, സമത്വം എന്നീ ആദർശങ്ങളിൽ അടിയുറച്ചു വിശ്വസിക്കുവാൻ നിർബന്ധനാകുന്ന മുസ്‌ലീം ചരിത്രകാരന് പ്രാദേശികമോ, ദേശീയമോ, വർഗീയമോ ആയ വികല വീക്ഷണം സാദ്ധ്യമാകുകയില്ല. ലോകത്തെ ഒന്നായിക്കാണുവാനും മനുഷ്യസമൂഹമത്രയും ഒരേ സൃഷ്ടിമാത്രമാണന്ന് വിശ്വസിക്കുവാനും മുസ്‌ലീംകൾ നിർബന്ധിതരാണ്. ''നാം ഒറ്റശ്വാസത്തിലാണ് നിങ്ങളെയത്രയും സൃഷ്ടിച്ച''തെന്നാണ് ഖുറാൻ പ്രഖ്യാപിക്കുന്നത്. ഈ വിശ്വമാനവ ദർശനത്തെ കാരുണ്യവും സമസൃഷ്ടിസ്നേഹവുംകൊണ്ട് പരിപൂതമാക്കുകയും വേണം. ദൈവകല്പനയെ ഖുറാൻ വ്യക്തമാക്കുന്നതിങ്ങനെയാണ്. ''നീ കിഴക്കോട്ടോ, പടിഞ്ഞാറോട്ടോ തിരിഞ്ഞ് പ്രണമിച്ചതുകൊണ്ടു മാത്രം കാര്യമായില്ല. ദൈവത്തിലും മലക്കുകളിലും അന്ത്യവിധിദിനത്തിലും പ്രവാചകൻമാരിലും വിശ്വസിക്കുന്നവനും ദരിദ്രർക്കും ആവശ്യക്കാർക്കും അനാഥർക്കും മറ്റും തന്റെ പക്കലുള്ള ധനം ദൈവനാമത്തിൽ നൽകുന്നവനുമാണ് യഥാർത്ഥ ഭക്തൻ''[1]. തന്റെ അയൽവാസി ഭക്ഷണം കഴിച്ചുവോ എന്നന്വേഷിക്കാതെ ആഹരിക്കുന്നവൻ വിശ്വാസിയല്ലെന്ന് പ്രവാചകനും പ്രസ്താവിക്കുന്നു. അങ്ങനെ സഹാനുഭൂതിയും കാരുണ്യവും മുസ്‌ലീംകളുടെ ജീവിതവ്രതമാണ്. ഇതിന്റെ സർവ്വവ്യാപകമായ ആത്മവൽക്കരണമാണ് ചരിത്രദർശനത്തിൽ ഇസ്‌ലാമികമായ മാനവികതയും മാനുഷികമായ സമീപനവും.

മറ്റാരും പ്രധാനകാര്യം സഹിഷ്ണതയാണ്. മറ്റുള്ള [illegible] അഭിപ്രായത്തെയും, വികാരത്തെയും മാനിക്കുവാൻ [illegible], ഈ മാനവികാവസ്ഥകൊണ്ടത്രെ. ഐസ് [illegible] വികാസപരിണാമങ്ങൾ നിഷ്

1. ഖുറാൻ– 2 – 172

കൃഷ്ടമായി നിരീക്ഷിച്ചിട്ടുള്ളവർക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നതാണ് സഹിഷ്ണുത എന്ന ഈ ഉദാത്തഭാവം. അറബികളുടെ ചരിത്രമെഴുതിയ കോൺണ്ടി ഏതു വിധമാണ് മുസ്ലീം ആക്രമണത്തെ യൂറോപ്പിലേയും സ്പെയിനിലേയും ജനങ്ങൾ സ്വീകരിച്ചത് എന്ന് വിശദമാക്കുന്നുണ്ട്. ''തങ്ങളുടെ സർവ്വ ആചാര മര്യാദകളും വിശ്വാസങ്ങളും സ്വതന്ത്രമായി നിലനിർത്താൻ സഹായിച്ച ആക്രമണകാരികളെ അതിനുമുമ്പ് തങ്ങളനുഭവിച്ചിരുന്ന യാതനാപൂർണ്ണമായ ജീവിതക്ലേശങ്ങൾക്കു വിരാമമിടുക വഴി പുതിയ ഒരു ചൈതന്യം. പ്രസരിപ്പിക്കുകയും ചെയ്തു''[2] എന്നാണ്. സിന്ധ്യാക്രമണം കഴിഞ്ഞശേഷം ബ്രാഹ്മണമതത്തേയും അനുചലങ്ങളേയും അതേ വിധം തുടർന്നുപോരാൻ അനുവദിച്ചതും ഈ സഹിഷ്ണതാമനോഭാവം കൊണ്ടുമാത്രമാണല്ലൊ. ആക്രമിച്ച് കീഴടക്കിയ ജനങ്ങളെ സമത്വസാഹോദര്യത്തിന്റെ ഉത്തുംഗ ശൃംഖലകളാൽ സുഘടിതമാക്കിയ ചേതോവികാരം ഐസ്ലാമികദർശനത്തിന്റെത് മാത്രമായിരുന്നു. ''ഈ ഭൂതലംമുഴുക്കെ ഒരു പള്ളിയാകുന്നു.'' എന്ന് ഇത് അതിഭംഗിയായി വിവരിച്ച പ്രവാചകൻ ഈ വികാരത്തെ രോമാഞ്ചം കൊള്ളിക്കുകയാണ്. മനുഷ്യസമൂഹത്തിന്റെ ആത്മ സാക്ഷാത്കാരമാണ് രാഷ്ട്രത്തിന്റെ ലക്ഷ്യമെന്നും ഇസ്ലാമികരാഷ്ട്രം ഒരു ദേശരാഷ്ട്രമോ, സാമ്രാജ്യത്വമോ അല്ലെന്നും പ്രത്യുത പല അതിരുകളും കൊണ്ടു തിരിക്കപ്പെട്ടവയും പല വർഗ്ഗക്കാരും ജാതിക്കാരുമുൾക്കൊള്ളുകയും ചെയ്യുന്ന ഐക്യരാഷ്ട്ര സമൂഹമാണെന്നും ഉള്ള വിശാലവീക്ഷണം ഇസ്ലാം പ്രപഞ്ചനം ചെയ്തു.

ഏതൊരു രാഷ്ട്രത്തിന്റെയും സമൂഹത്തിന്റെയും സനാതന സദാചാരങ്ങൾക്ക് നിദാനം അതിനെ നിയന്ത്രിക്കുന്ന നിയമ സംഹിതകളാണല്ലോ. നിയമദൃഷ്ട്യാ ഏതൊരുത്തനും സമനാണെന്നും നിയമത്തിനതീതനായി

2. കോൺണ്ടി—ഹിസ്റ്ററി ഓഫ് ആബ്സ്.

ഒരാളുമില്ലെന്നും ഇസ്ലാം ഉദ്ഘോഷിച്ചു, ഇസ്ലാമിക നിയമ സംഹിത ഖുറാനും, നബിവചനങ്ങളും, മുൻ നടപ്പ്മാതൃകയും; വിവേചനാശക്തിയുമാണ്. ഏത് രാഷ്ട്രത്തിനും ഏതു സാഹചര്യങ്ങൾക്കും പറ്റും വിധം പ്രയോഗക്ഷമമായ ഈ നിയമസംഹിത മാനുഷിക സമത്വത്തെയും സാർവ്വലൌകിക സ്വഭാവത്തേയും പ്രപഞ്ചനം ചെയ്യുന്നവയത്രെ. അപ്പോഴും ഈ സ്വഭാവവൈശിഷ്ട്യങ്ങളും വിശ്വാസങ്ങളുമാണ് ചരിത്ര ദർശനത്തിലും ഇസ്ലാമിക സമീപനത്തിന്റെ അടിത്തറ.

ജ്ഞാനതൃഷ്ണ ഏതൊരു മുസ്ലീമിന്റെയും നിദാനനിശ്വാസമായിരിക്കണം. ''വിശ്വാസികളിൽ അറിവുള്ളവർ മാത്രമാണ് ദൈവഭയമുള്ള വരായിരിക്കുക'' എന്ന് ഖുറാൻ വ്യക്തമാക്കുന്നുണ്ട്. അറിവുള്ളവരെ സ്നേഹിക്കുന്നവനാണ് ഇസ്ലാമിലെ സർവ്വശക്തൻ എന്ന് അൽഗസാലിയും ഉറക്കെ പറയുന്നു[3]. ''ദൈവത്തിങ്കലേക്ക് കൂടുതൽ അടുപ്പിക്കുന്ന അറിവ് അൽപമായെങ്കിലും നേടാനൊക്കാത്ത ദിനംപാഴായിപ്പോയ ദിവസമാണ്'' നബി പറഞ്ഞിട്ടുള്ളതായി അൽഗസാലി തുടർന്ന് പ്രഖ്യാപിക്കുന്നുണ്ട്[4]. ''ശഹീദിന്റെ രക്തത്തെക്കാൾ മഹത്വം പണ്ഡിതന്റെ ഒരുതുള്ളി മഷിയ്ക്കാണെന്നും'', ''ചൈനയിൽ പോയെങ്കിലും വിദ്യ അഭ്യസിക്കണമെന്നും'' പ്രവാചകൻ ഉപദേശിച്ചിരുന്നു. പേർഷ്യൻ നിഗൂഢവാദിയായ ഹുജ്ജ്വിരി (1022–77) പറയുന്നതാകട്ടെ മനുഷ്യ വിജ്ഞാനത്തിന്റെ ആത്യന്തികലക്ഷ്യം ദൈവത്തെ അറിയുകയും അവന്റെ കല്പനകളെ മനസ്സിലാക്കുകയുമാണെന്നാണ്[5]. അതായത് പരമമായ സത്യസാക്ഷാത്ക്കാരത്തിനു വേണ്ടിയുള്ള ധന്യമായ സപര്യയാണ് വിജ്ഞാന സമ്പാദനം.

3. ഫത്ഹ്ഹാത്തുൽ ഉലൂം–പുറം 3
4. അരിസ്സലാ അൽലദ്നിയ–പുറം 5
5. കഷ്ഫൽ മഹ്ജൂബ്–പരിഭാഷ
ആർ. എ. നിക്കൽസൺ–പുറം–13.

വിജ്ഞാന സമ്പാദനത്തിന്റെ ഉപാദാനങ്ങളും മൂന്നായി ണാണ് ഇസ്‌ലാമിൽ വ്യവഹരിച്ചിട്ടുള്ളത്. ആന്തരികാനുഭൂതികളും അനുഭവങ്ങളും പ്രദാനം ചെയ്യുന്ന പ്രചോദനങ്ങളും; രണ്ടാമത്തേത് പ്രകൃതിയും പ്രാപഞ്ചിക നിഗൂഢതകളും നൽകുന്ന വിജ്ഞാന സമ്പത്ത്; മൂന്നാമത്തേത് ചരിത്രം. ഈ ജ്ഞാനോപാദാനത്രയമാണ് ഐസ്‌ലാമിക ദർശനങ്ങളുടെയും വിവിധങ്ങളായ ശാസ്ത്ര വിജ്ഞാനത്തിന്റേയും മറവു തരത്തിലുള്ള അറിവുകളുടെയും ഉറവിടം.

ജ്ഞാനത്തിന്റെ ആദ്യ ഉറവയായ ആന്തരികോദ്ദീപ്ത പ്രചോദനങ്ങളുടെ വികാസപരിണാമങ്ങളാണ് ഇസ്‌ലാമിക തത്വശാസ്ത്രങ്ങൾക്കും ദർശനങ്ങൾക്കും വഴി തെളിയിച്ചത്. അവിരാമമായ അന്വേഷണവും, ധന്യമായ സപര്യയും, ചിന്താദീപ്തങ്ങളായ ധ്യാനവും ഈ ശാഖയുടെ വളർച്ചയ്ക്ക് നിദാനമായി. ലോകത്തെ ഒന്നായി കാണുവാനും മനുഷ്യസമൂഹത്തെ ഒറ്റ കുടുംബമായി ദർശിക്കുവാനും ഈ പ്രപഞ്ചത്തെ നിയന്ത്രിക്കുന്ന സർവശക്തനായ അല്ലാഹുവെ പരമസത്യമായി കാണുവാനും ഇത് സഹായിച്ചു. യുക്തിസഹവും ചിന്താദ്യോതകവുമായ പല ദാർശനിക വിഭാഗങ്ങൾക്കും അതു ജന്മം നൽകി. ഇവയിൽപെട്ട മഹാന്മാരായ ദാർശനികൻമാരുടെ കുട്ടത്തിൽ ഇബിന്യഹിയാ, ഇബിന്തുഫയിൽ,ഇബിന്റഷീദ്, അൽഗസാലി, ഇബിന് അറബി, ഇബിന്ഖൽദൂൺ എന്നീ ജ്ഞാനധനരെ അനുസ്മരിക്കുക മാത്രമേ ഇവിടെ കരണീയമായുള്ളു. യവനതാത്വിക പ്രതിഭകളെപ്പോലും വെല്ലുവിളിക്കുകയും ജയിക്കുകയും ചെയ്തിട്ടുള്ള ഈ ജ്ഞാനവൃദ്ധൻമാർ എക്കാലവും ദാർശനിക ലോകത്തിലെ അത്ഭുത പ്രതിഭാസങ്ങൾ തന്നെയായിരിക്കും. ഭൗതികവും വൃത്തം കോണാണെന്ന് വാദിക്കുന്ന യുക്തികവാദത്തിന്റെ വക്രതയും കൊടുമ്പിരികൊണ്ട് ആദ്ധ്യാത്മിക ചിന്താമണ്ഡലത്തിൽ നിന്നും ജനത വഴിതെറ്റിയ സന്ദർഭത്തിലാണ് ക്യാൻണ്ട് തന്റെ ആത്മീയാധിഷ്ഠിത ഭൗതിക സിദ്ധാന്തവുമായി വന്നത്,

അതേ പ്രക്രിയയാണ് ഇസ്ലാമിക ചിന്താമണ്ഡലത്തിലും അൽഗസ്സാലയും നിർവ്വഹിച്ചത്. സ്വതന്ത്രചിന്തയും യുക്തിവാദവും അവയ്ക്ക് നിശ്ചയിച്ച പരിധിക്കപ്പുറത്തേക്ക് കടന്ന് നാസ്തികതത്ത്വത്തിന്റെ പടിവാതുക്കൽ മുട്ടുകുത്തി തുടങ്ങിയ അവസരത്തിലാണ് അൽഗസ്സാലി തന്റെ ശക്തമായ ചിന്തയും പ്രൗഢമായ ശബ്ദവും കൊണ്ട് ഇസ്ലാമിലെ ഈ പ്രവണതയ്ക്കു വിരാമമിട്ടത്. എന്നാൽ ഇബിനു റഷീദാകട്ടെ സ്വതന്ത്ര്യചിന്തയ്ക്കും, യുക്തിക്കും ഉള്ള മഹത്തരമായ സ്ഥാനത്തെ സ്ഥാപിക്കുവാൻ യത്നിച്ച മഹാനുമാണ്. നിഗൂഢവാദികളും സൂഫികളും ആന്തരികപ്രചോദനം കൊണ്ടും ദൈവിക സാമീപ്യം കൈവരിച്ചവരത്രെ. പക്ഷെ ഇബിനഅറബി, റാബിയ, ഉമർ ഖയ്യാം തുടങ്ങിയ ദാർശനിക ചൈതന്യങ്ങൾ വിശ്വദർശനത്തിന്റെയും ഇസ്ലാമിന്റെ സാർവ്വലൗകീക സ്വഭാവത്തിന്റെയും നിദർശനങ്ങളായി തന്നെ നിൽക്കുന്നു.

രണ്ടാമതായി ജ്ഞാനത്തിന്റെ ഉത്ഭവസ്ഥാനമായി കണക്കാക്കുന്നത് പ്രകൃതിയേയും പ്രാപഞ്ചിക നിഗൂഢതകളേയുമാണ്. പ്രപഞ്ചത്തേയും ഇതിലുള്ള സർവ്വചരാചരങ്ങളേയും അതിസൂക്ഷ്മമായ നീരീക്ഷണത്തിനും പഠനത്തിനും വിധേയമാക്കുവാനുള്ള അടയാളങ്ങളായിട്ടാണ് ഖുറാൻ വ്യവഹരിക്കുന്നത്. കോംക്കുക: 'നിങ്ങൾ ആകാശത്തേയ്ക്ക് നോക്കുന്നില്ലേ? അവ ഏതു വിധമാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. സൗരയൂഥങ്ങളെ കാണുന്നില്ലേ. അവയെ എങ്ങിനെ ഇത്രയും ഉയരത്തിൽ നിർത്തിയിരിക്കുന്നു? മഹാമേരുക്കളെ കാണുന്നില്ലേ? എങ്ങിനെ അവയെ തറച്ചു നിർത്തിയിരിക്കുന്നു? പരന്നു വിശാലമായി കിടക്കുന്ന ഈ ഭൂതലത്തെ നീ കാണുന്നില്ലേ! അതെങ്ങിനെ ഇവ്വിധമായി'?[6] ഇവയെല്ലാം മനുഷ്യനുള്ള അടയാളങ്ങളാണെന്നും അവയുടെ രഹസ്യവും പ്രയോജനവും നിഗൂഢതകളും അറിയുകയും പറയുകയും

6. ഖുറാൻ–88.17

മനുഷ്യരാശിക്കാകമാനം ഉപയോഗ പ്രദമാക്കുകയും ചെയ്യണമെന്ന് ആവർത്തിച്ചാവർത്തിച്ച് ഖുറാൻ പ്രഖ്യാപിക്കുന്നുണ്ട്. നിങ്ങൾ സഞ്ചരിക്കുമ്പോൾ കാണുകയും കേൾക്കുകയും ചെയ്യുന്ന കാര്യങ്ങൾ മനസ്സിലാകുന്നില്ലേ. അവ കേൾക്കാത്ത കാതും കാണാത്ത കണ്ണും അന്ധമാണ്. അവിടെ ഹൃദയവും അന്ധകാര നിബിഡമാകുന്നു[7]. ഇങ്ങിനെ പ്രാപഞ്ചിക ചലനങ്ങളേയും ഘടകങ്ങളേയും സൂക്ഷ്മനിരീക്ഷണത്തിനും പഠനത്തിനും വിധേയമാക്കാൻ നിഷ്കർഷിച്ചതിന്റെ ഫലമായിട്ടാണ് ജ്യോതിർ ശാസ്ത്രത്തിലും, ഗണിതത്തിലും, ഊർജ്ജ ശാസ്ത്രത്തിലും, ജൈവശാസ്ത്രത്തിലും, ചികിൽസാശാസ്ത്രത്തിലും മഹത്തരമായ നേട്ടങ്ങൾ ആദ്യകാല മുസ്ളീം ങ്ങൾക്ക് നേടുവാനൊത്തത്.

ജ്ഞാനത്തിന്റെ ഉപാദാനങ്ങളിൽ മൂന്നാമതായി ഇസ്ളാം കരുതുന്നത് ചരിത്രമാണ്. ചരിത്രത്തിന് 'ദൈവത്തിന്റെ ദിവസങ്ങൾ' എന്നാണ് അർത്ഥം നൽകിയിരിക്കുന്നത്. ആദ്യമേ വിവരിച്ചതുപോലെ പരമകാരുണികനായ ദൈവത്തിന്റെ ദിവസങ്ങളെ വിവരിക്കുവാനൊരുങ്ങുന്ന ചരിത്രകാരൻ അകൽമഷമായ മനസ്സോടുകൂടിയവനും ഇസ്ളാമിക ദർശനങ്ങളുടെ മൂർത്തീഭാവവുമായിരിക്കണം. അവന്റെ ചരിത്രദർശനം പ്രാദേശികമോ, വർഗ്ഗീയമോ അല്ലാത്ത വിശ്വദർശനമാകണം, തൻമൂലം മുസ്ളീം ചരിത്രകാരൻ തുടങ്ങുന്നത് തന്നെ പ്രപഞ്ചസൃഷ്ടിയോടുകൂടിയാണ്. ആദാമിന്റെ സൃഷ്ടി തുടങ്ങി ഇബ്രാഹിം നബിയുടേയും അതിനുശേഷമുണ്ടായ പ്രവാചകൻമാരുടേയും അവരുടെ സൻമാർഗ്ഗോപദേശങ്ങളുടേയും വിവരണമായിട്ട് അത് ചരിത്രകാരന്റെ കാലഘട്ടംവരെ നീണ്ടുപോകുന്നു. പ്രവാചകന് മുമ്പുണ്ടായിട്ടുള്ള എല്ലാ ദാർശനികരേയും മതാചാര്യൻമാരേയും, പ്രവാചകൻമാരേയും അവർ ആധാരമായിരുന്ന പരിശുദ്ധഗ്രന്ഥങ്ങളേയും ബഹുമാനി

7. ഖുറാൻ–22.45

ക്കുകയും അവയിൽ വിശ്വസിക്കുകയും ചെയ്യുകയെന്നത് ഇസ്ലാമിക വിശ്വാസഭാഗമാണ്.

ഒരു ലക്ഷത്തി പതിനാറായിരം ചിന്തകൻമാരും പ്രവാചകൻമാരും പല കാലങ്ങളിലായും പല സ്ഥലങ്ങളിലായുമുണ്ടായിട്ടുണ്ടെന്ന് വിശ്വസിക്കുന്ന മുസ്ലീമിന്നും അത് ആലേഖനം ചെയ്യുന്ന ചരിത്രകാരനും ഒരിക്കലും ഒരു ദേശത്തേയോ വർഗ്ഗത്തേയോ തള്ളിപ്പറയുവാനൊക്കുകയില്ല. സാർവ്വലൌകിക ദർശനമാണ് ചരിത്രത്തിലെ തത്വവിചാരമേഖലയിൽ ഇസ്ലാമിന്നുള്ളത്.

ചരിത്രം, ഇസ്ലാമിക വിജ്ഞാന സമ്പാദനത്തിന്റെ പ്രധാനോപാധിയായിരുന്നതുകൊണ്ട് മറ്റൊരു സമൂഹത്തേക്കാളും ചരിത്രസമ്പത്തിനെ സമ്പുഷ്ടമാക്കിയത് മുസ്ലീങ്ങളായിരുന്നു. അറിയാനും അറിയിക്കുവാനുമുള്ള ജിജ്ഞാസ, പഠിക്കുവാനും പഠിപ്പിക്കുവാനുമുള്ള തൃഷ്ണ വളരെ ഉൽകടമായിട്ടു കാണാം. തന്റെ "ഗ്ലെബ്രറി ഓഫ് ദി ഈസ്റ്റ്" എന്ന ഗ്രന്ഥത്തിൽ ഹാദ്ജിബൽഫ 12000 ൽ പരം ചരിത്രകാരൻമാർ കൊരിഡോവയിലും ഗ്രാനഡയിലും സ്പെയിനിന്റെ മറ്റു പലഭാഗങ്ങളിലുമായി ജീവിച്ചിരുന്നതായി എണ്ണിയെണ്ണിതന്നെ പറയുന്നുണ്ട്. ഏ. ഡി. 777 ൽ മരണമടഞ്ഞ അബൂബക്കർ ഇബിന് ഉമറാണ് ഇവരിൽ ആദ്യത്തെ പ്രധാന ചരിത്രകാരൻ. ഇബിന് ഹയ്യാനും, ഇബിനു് ഹാക്കിമും, ഇബിന്ഖൽദൂണും ചരിത്രത്തിൽ ചരിത്രം സൃഷ്ടിച്ച വിസ്മയങ്ങളുമെത്രെ. അൽഹാക്കിഅവി ഇബിന് ഹസം അറബിലോകം കണ്ടതിൽവെച്ച് ഏറ്റവും കൂടുതൽ എഴുതിയിട്ടുള്ള ചരിത്രപണ്ഡിതനാണ്. അദ്ദേഹം 400 വലിയ വാല്യങ്ങൾ എഴുതിയിരുന്നതായി ഇബിന് കലിക്കാനും അൽകിഫ്ത്തിയും രേഖപ്പെടുത്തിയിരിക്കുന്നു. കൊരിഡോവയിൽ മാത്രം നാലുലക്ഷത്തിൽപരം അപൂർവ്വ ഗ്രന്ഥങ്ങളുണ്ടായിരുന്നുവെന്നും ചരിത്രകാരൻ കൂടിയായ അൽഹാക്കി ചക്രവർത്തി സംസ്കാരസിരാ

കേന്ദ്രങ്ങളിലത്രയും തന്റെ ഏജൻണ്ടുമാരെ നിയമിച്ചിരുന്നു, ഗ്രന്ഥശേഖരണങ്ങൾക്കായിട്ടെന്നും നാം വായിക്കുന്നു. അൽബെരൂണിയും, ഉദുബിയും, അൽഹാക്കിയും സിയാവുദ്ദീൻബരാണിയുമെല്ലാം അൽപമായിട്ടെങ്കിലും ഇന്നത്തെ വിദ്യാർത്ഥികളറിയുന്ന ചരിത്രപണ്ഡിതൻമാരാണ്, ഷാനാമയെന്ന ഐതിഹാസിക കാവ്യത്തിന്റെ കർത്താവായ ഫിർദൌസി അജ്ഞാതനായ മറെറാരനശ്വരനത്രെ, അതുപോലെതന്നെ ദൈവത്തിന്റെ സൃഷ്ടികളെ കാണുവാനും ദൈവത്തിന്റെ രാജ്യങ്ങളെ ദർശിക്കുവാനുംവേണ്ടി പുറപ്പെട്ട വിജ്ഞാനദാഹികളായ സഞ്ചാരികൾ മനുഷ്യവിജ്ഞാന ഭണ്ഡാകാരത്തിലേക്ക് ഒത്തിരി മുതൽകൂട്ടു നടത്തിയ പ്രതിഭാധനൻമാരാണ്. സഞ്ചാരികുടുംബത്തിൽ അൽബക്കരിയേയും, അൽഇദ്രീസിയേയും സംബന്ധിക്കാതെ വയ്യ. അതുപോലെ ഇബ്നിന് ജുബൈയാർ, അബൂമുഹമ്മദ് മുഹമ്മത് അൽമസിനി, അൽബൈരൂണി തുടങ്ങിവരും പുറവും വിലയുറവ സംഭാവനകളും നൽകിയവരാണ്. കേരള ചരിത്രസംവിധാനത്തിന് ഉതകുന്ന ഉപാദാനങ്ങളും നൽകിയിട്ടുള്ള നിരവധി മുസ്ലീംസഞ്ചാരികളുടെ കൂട്ടത്തിൽ നമുക്കറിയാം. സുലൈമാനും, മാഹവനും, അബ്ദുൽറസാക്കും, ഇബ്നിബത്തൂത്തയുമെല്ലാം ഈ വലിയ പട്ടികയിൽപ്പെട്ട ചിലർ മാത്രം. ഇവരുടെയെല്ലാം ലക്ഷ്യം പുറത്തുള്ള പ്രപഞ്ചികരഹസ്യങ്ങളെ കണ്ടെത്തുകയും പ്രകൃതിയെ കീഴടക്കി ഈവക സകല സൗഭാഗ്യങ്ങളും ധാരാളമായി നൽകിയനുഗ്രഹിച്ച ദൈവത്തെ സ്തുതിക്കുകയും സത്യദർശനത്തിന്നു മാർഗ്ഗം സൃഷ്ടിക്കുകയുമായിരുന്നു. ചുരുക്കത്തിൽ സഞ്ചാരികളായാലും, ചരിത്രകാരൻമാരായാലും ശരി, ഇസ്ലാമിക തത്വദർശനങ്ങളിലടിയുറച്ച് വിശ്വപ്രകടർശനം നടത്തുവാൻ നിർബ്ബന്ധിതരായിരുന്നു.

ഇന്നിന്റെ അനുഭവങ്ങളെ കഴിഞ്ഞകാല വിഭൂതികളെ മനസ്സിലാക്കുവാൻ ചുറാൻ ശാസിക്കുന്നുണ്ട്. എന്നു ''രാഷ്ട്രത്തിനും അതിന്റെ ക്ലിപ്തമായ കാലപരി

ധിയുണ്ട്.'' [8] എന്ന ഖുറാൻ പ്രവചനം ഒരു പൊതു തത്വ പ്രഖ്യാപനമാണെങ്കിലും ചരിത്രം എങ്ങിനെ സംവിധാനം ചെയ്യണം? ചരിത്രദർശനമെന്ത്? ധാരകളേവ? എന്നൊക്കെയുള്ള കാര്യങ്ങൾകൂടി പ്രഖ്യാപിക്കുവാൻ മറന്നിട്ടില്ല. ലോകം ഇതുവരെ കണ്ടതിൽവെച്ച് അഗ്രഗണ്യനായ ചരിത്രശാസ്ത്രകാരൻ ഇബിനു് ഖൽദൂനാണെന്നു് എല്ലാ മഹാൻമാരും ഏകോപിതമായഭിപ്രായപ്പെട്ടിട്ടുണ്ടല്ലോ. അദ്ദേഹത്തിന്റെ ''മുഖ്ദിമ''–ചരിത്രത്തിന്നു മുഖവുര–റോസന്താൽ ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തിയിട്ടുണ്ടു്. ചരിത്രത്തിനു് ഒരു ശാസ്ത്രീയവീക്ഷണം നൽകുവാനും മനുഷ്യന്റെ തുടർച്ചയായ ജീവിതകഥയാണു് ചരിത്രമെന്നു് ഉത്ഘോഷിക്കുവാനും ആദ്യമായി ശ്രമിച്ച ഈ ബുദ്ധിരാക്ഷസൻപോലും ഖുറാന്റെ ദർശനങ്ങൾക്കു് വിധേയമായിട്ടാണു് തന്റെ ബ്രഹത്ഗ്രന്ഥങ്ങൾ വിരചിച്ചതും ചരിത്ര ദർശനം നടത്തിയതും. കാലത്തെക്കുറിച്ചുള്ള നിഷ്കൃഷ്ടമായ ദീക്ഷയും, ജീവിതം കാലത്തിനു് നിദാനമായി നീങ്ങിക്കൊണ്ടിരിക്കുന്ന തുടർച്ചയാണെന്ന സങ്കൽപവും ഇബിനുഖൽദൂൺ പ്രസ്പഷ്ടമാക്കുന്നുണ്ടു്. ജീവിതത്തേയും കാലത്തേയും കുറിച്ചു് സുവ്യക്തമായ സങ്കൽപങ്ങളാണു് ഇബ്നു ഖൽദൂനിന്റെ ചരിത്രദർശനത്തെ വിശ്വപ്രശസ്തമാക്കിയതും ഫ്ളോറൻസിനെപ്പോലുള്ള മഹാരഥൻമാർ കൂടി വാനോളം പുകഴ്ത്തുംവിധം മഹത്തരമാക്കിയതും. ''പ്ളേറോ, അരിസ്റ്റോട്ടിൽ, സെൻറ് അഗസ്റ്റിൻ എന്നിവരാരും അദ്ദേഹത്തിന്റെ ഗുരുക്കളായിരുന്നില്ല. മറ്റുള്ള ഒരു പേരും അദ്ദേഹത്തിന്റെതിനോടൊപ്പം സ്മരിക്കുവാൻപോലും അർഹവുമല്ല'' എന്നാണു് ഫ്ളോറൻസ് പ്രകീർത്തിക്കുന്നത്, കാലഗതിയിൽ നിലക്കാതെ പ്രവഹിച്ചുകൊണ്ടിരിക്കുന്ന ഒന്നാണു് ചരിത്രമെന്നും അത് തീർത്തും ഉത്തുംഗവും ചലനാത്മകവുമായ പ്രസ്ഥാനമാണെന്നുമുള്ള ഇബിനു് ഖൽദൂനിന്റെ ദർശനം അതിമഹത്തരവും എന്നും പ്രചോ

8. ഖുറാൻ 7:32

ദനദായകവുമായിരിക്കും. ക്യാൻറിനേയോ, ആഗസ്‌റ്റിനേയോ, സ്‌പെൻഗ്‌ളറേയോ, മാർക്‌സിനേയോ പിൻതുടരാതെ ഇബിനഖൽദൂണിൻെറ ആദ്‌ധ്യാമിക ദർശനത്തെ പിൻപറ്റുവാൻ ഈ നൂറ്റാണ്ടിലെ ഏറ്റവും ശ്രദ്‌ധേയനായ ടോയൻബിയെ നിർബന്‌ധിതനാക്കിയത്‌ ഇബിനഖൽദൂണിൻെറ ചരിത്രദർശനത്തിൻെറ മാഹാത്‌മ്യമാണ്‌.

ഏത്‌ ചരിത്രവും ഏത്‌ റിപ്പോർട്ടും അതേപടി സ്വീകരിക്കരുതെന്ന്‌ ഖുറാൻ താക്കീത്‌ ചെയ്യുന്നുണ്ട്‌. ചരിത്ര വിമർശനത്തിനും സംവിധാനത്തിനും കൃത്യനിഷ്‌ഠ, സത്യസന്‌ധത എന്നിവ പരിപാലിക്കേണ്ടതിനെ ഇപ്രകാരപറയുകയാണിവിടെ. ചരിത്രം ശാസ്‌ത്രീയമായി വ്യാഖ്യാനമെങ്കിൽ അവശ്യം അനുഷ്‌ഠിക്കേണ്ടതായ സത്യദീക്ഷ, കൃത്യത, സൂഷ്‌മ നിരീക്‌ഷണം എന്നിവ ഈ വ്യാഖ്യാപനത്തിൽ നിഗൂഹനം ചെയ്‌തിരിക്കുന്നു. ''അല്ല യാതെ വിശ്വാസികളെ ഏതെങ്കിലും ചീത്തമനുഷ്യൻ ഏതെങ്കിലും വാർത്തയുമായി വരുന്നു എങ്കിൽ ഉടൻ തന്നെ അതിൻെറ നിജസ്‌ഥിതി മനസ്‌സിലാക്കുവാൻ ശ്രമിക്കുക.'' [9] ഈ ഖുറാൻവാക്യം പിൽക്കാല ചരിത്രകാരൻമാരുടെ ആധികാരിക പ്രമാണങ്ങളോടുകൂടിയും സത്യസന്ധമായും ചരിത്രരചന നടത്തുവാൻ പ്രേരിപ്പിച്ചു. ഒരു വസ്‌തുതയെ കുറിച്ചുള്ള വിവരണം എത്രമാത്രം മറ്റുള്ള ഉപാദാനങ്ങളുമായി ഒത്തുപോകുന്നു എന്നു നോക്കിവേണം അംഗീകരിക്കുവാൻ എന്ന ആധുനിക വീക്ഷണം ഇസ്‌ളാമിക ചരിത്ര ദർശനത്തിൻെറ ആരംഭശിലയാണ്‌. ഇതിൽക്കൂടി ചരിത്രബോധനും സംവേദനവും ശീലിച്ച മസൂദിയും, അൽബൈരൂണിയും, ഇസ്‌ഹാക്കും, താബരിയും സർവോപരി ഇബിനഖൽദൂണും ചരിത്ര ദാർശനികമണ്‌ഡലത്തിലെ അതികായരായ പ്രതിഭാധനരാണ്‌.

ഇസ്‌ളാമിക സ്‌ഥാപനങ്ങളും ഗവർമ്മേണ്ടുകളും മറ്റുള്ള വ്യാപാര മണ്‌ഡലങ്ങളും പ്രവർത്തനക്ഷമമായി

9. ഖുറാൻ 49: 6

പരിലസിച്ചത്. എപ്പോഴൊക്കെ ഇസ്ലാമിക ദർശനത്തിന്റെ വെളിച്ചത്തിൽ പ്രവർത്തിച്ചിരുന്നുവോ അപ്പോഴും മാത്രമാണ്. ഇസ്ലാമിക ചരിത്രദർശനത്തിന്റെ കാതലായ അംശവും ആദ്യമേ പറഞ്ഞതു പോലെ ഇസ്ലാമിക സിദ്ധാന്തങ്ങളും തന്നെയാണ്. അത് പ്രാപഞ്ചിക നിഗൂഢതകളെ പരുതി, സൗരയൂഥങ്ങളെ സൂക്ഷ്മ നിരീക്ഷണത്തിന് വിധേയമാക്കി. അത് അതുവരെ അജ്ഞാതമായിരുന്ന രാജ്യങ്ങളെയും ജനങ്ങളെയും കണ്ടെത്തി, അത് അതുവരെ നിശ്ചയമില്ലാതിരുന്ന മാനവികതക്ക് ആരംഭം കുറിച്ചു. അത് കീഴടക്കപ്പെട്ട ജനതക്ക് തുല്യത നൽകുകയും സാഹോദര്യത്തിൽ വർത്തിക്കുകയും ചെയ്തു. അത് സാർവ്വ ലൗകികവും സാർവ്വജനീനവുമായ ദർശനത്തിനു ചരിത്രപരമായ താത്വികാടിത്തറ ഇടുകയും ചെയ്തു് അങ്ങിനെ ഇസ്ലാമിക വിശ്വാസത്തിന്റെ അവിഭാജ്യഘടകമായ വിശ്വൈകദർശനവും സത്യദീക്ഷയുമാണ് ചരിത്ര സംവേദനത്തിൽ മുസ്ലീംകൾക്ക് എക്കാലവും നിദാനമായി നിന്നിട്ടുള്ളത്.

5

ചരിത്രഗവേഷണത്തിൽ മതത്തിന്റെ സ്വാധീനം

സത്യം എത്ര തന്നെ വളച്ചൊടിച്ചാലും വികലമോ വികൃതമോ ആക്കപ്പെട്ടാലും, സത്യമായിത്തന്നെ അവശേഷിക്കുന്നു. ചരിത്രവസ്തുതകളുടെ സ്ഥിതിയും ഇതു തന്നെ. ചരിത്രസത്യങ്ങൾ എക്കാലവും മാറ്റം കൂടാതെ നിലനിൽക്കുന്ന യാഥാർത്ഥ്യങ്ങളാണ്. എന്നാൽ അവയെ വ്യവഹരിക്കുന്ന രീതിക്കും വ്യാഖ്യാനിക്കുന്ന സമ്പ്രദായത്തിനും വ്യക്തികളുടെ നിരീക്ഷണ വ്യത്യാസത്തിന്റെ അടിസ്ഥാനത്തിൽ വിഭിന്നങ്ങളായ രൂപഭാവങ്ങൾ കൈവരാറുണ്ടെന്നു മാത്രം. യഥാർഥമായ ചരിത്രസത്യത്തെ കണ്ടെത്തുവാനുള്ള നിലയ്ക്കാത്ത പ്രയാണമാണ് ജിജ്ഞാസുവായ ഗവേഷകന്റേത്. ഏതു തരം ഗവേഷണവും സത്യാന്വേഷണമായിത്തീരുന്നത് ഇതുകൊണ്ടു തന്നെയാണ്. അന്യൂനമായ സത്യസാക്ഷാൽക്കാരത്തിനു വേണ്ടിയുള്ള നിരന്തരമായ യജ്ഞത്തിന്റെ ദുർഘടപൂർണ്ണമായ പന്ഥാവാണ് ഗവേഷണം. അതു ഒരു മാർഗ്ഗമാണ്—അന്വേഷണത്തിന്റെയും ഒടുങ്ങാത്ത ജിജ്ഞാസയുടേയും മാർഗ്ഗം. അതിലൂടെ ചരിക്കുന്ന ഉപാസകന് കല്ലും മുള്ളും മാറി, കാടും പടലും വെട്ടി, കുണ്ടും കുഴിയും താണ്ടി, കുന്നും മലയും കയറി തന്റെ ലക്ഷ്യത്തിലെത്താൻ ഏറെ ക്ലേശങ്ങൾ സഹിക്കേണ്ടതായുണ്ട്. ദുഷ്കരമായ ഈ മാർഗ്ഗത്തിൽ കൂടിപ്രയാണം ചെയ്യുന്ന

ഗവേഷകന് ദുർഘടമായ തന്റെ പന്ഥാവ് സാവകാശം മുന്നോട്ടു പോകുവാൻ പറ്റുംവിധമെങ്കിലും ശരിയാക്കേണ്ടതായി വരും.

ചരിത്രഗവേഷകൻ തന്റെ വഴി വെട്ടിത്തെളിയിച്ച് മുന്നോട്ടു പോകുവാൻ ഉപയോഗിക്കുന്ന ഉപകരണങ്ങളും ഉപാധികളും എന്തൊക്കെയാണ്? അവിടെയാണ് കൂമ്പാരം കൂടിക്കിടക്കുന്നതും പേടിപ്പെടുത്തുന്നതുമായ ചരിത്രത്തിന്റെ അസംസ്കൃതപദാർത്ഥങ്ങളുമായി അയാൾ കണ്ടു മുട്ടുന്നത്. കല്ലിലും മണ്ണിലും ഒളിഞ്ഞുകിടക്കുന്ന വിലപ്പെട്ട തങ്കക്കട്ടികൾ പോലെ തന്റെ മുമ്പിൽ ഭയപ്പാടുണ്ടാക്കുംവിധം കുമിഞ്ഞുകൂടിക്കിടക്കുന്ന ചരിത്രധാതുക്കളിൽ നിന്നും കതിരും പതിരും തരം തിരിച്ചു യഥാർത്ഥങ്ങളായവയെ തേടിപ്പിടിക്കുക ശ്രമകരമായ ജോലിയാണ്. അതിന് സഹായകമാകണമെങ്കിൽ ശാസ്ത്രീയമായ വിശകലന നിരീക്ഷണപാടവങ്ങൾ കൂടിയേ തീരൂ. മൂലരേഖകളേയും സമകാലിക പ്രമാണങ്ങളേയും ഒക്കെ പരിശോധിക്കുമ്പോഴും ശാസ്ത്രീയവീക്ഷണത്തിന്റെ അഭാവം ഗവേഷകനെ വഴി തെറ്റിച്ചുവെന്നു വരും. അപ്പോഴും താനുപയോഗിക്കുന്നതും തന്റെ കൈവശം വന്നു ചേരുന്നതുമായ ചരിത്രവിഭവങ്ങൾ ഏതു വിധേന ഉപയോഗപ്പെടുത്തണമെന്നു പരിചയ സമ്പന്നനായ ഗവേഷകൻ മനസ്സിരുത്തിയേ പറ്റൂ. ചരിത്രാന്വേഷിയായ ഗവേഷകനു് എല്ലാത്തരം രേഖകളും, അടിസ്ഥാന പ്രമാണങ്ങളും പരിശോധിക്കേണ്ടതായി വരും. ഒന്നും നിരീക്ഷണവിധേയമാക്കാതെ തിരസ്കരിക്കുവാൻ അയാൾ മുതിരരുത്. ഏതു തരം തെളിവാണെങ്കിലും, അത് എത്ര തന്നെ വികൃതമോ വികലമോ ആണെങ്കിലും ശരി, പരിശോധിച്ച ശേഷം തള്ളേണ്ടതു തള്ളുകയും, കൊള്ളേണ്ടതു കൊള്ളുകയും ചെയ്യുന്നതിലാണ് ഗവേഷകന്റെ വിജയം.

ചരിത്രപഠനത്തിനൊരുമ്പെടുമ്പോൾ ഒട്ടും അപ്രധാനമല്ലാത്ത ചരിത്രധാരകളായി കരുതാവുന്ന വിഭാഗമാണ്

ദേശസാഹിത്യം. ചരിത്രഗവേഷണത്തിൽ മതത്തിന്റെ സ്വാധീനം എത്രയെന്നത് മറ്റൊരു കാര്യം. പക്ഷേ മതങ്ങളു ടെയോ സംഭാവനകളും ചരിത്ര രചനക്ക് ഉപയോഗപ്പെടു ത്താവുന്ന ഉപാധികളാണെന്ന കാര്യം വിസ്മരിക്കരുത്. നമ്മുടെ പ്രാക്തന സംസ്ക്കാരത്തിന്റെ പ്രാമാണിക കാ ര്യങ്ങളും മുഴുക്കെ മതങ്ങളുടെ സ്വാധീനതയിൽ മാത്രം കേന്ദ്രീകരിക്കുകയായിരുന്നു. മതങ്ങളുടെ പ്രചാരണത്തി നുവേണ്ടി രചിക്കപ്പെട്ട ഗ്രന്ഥങ്ങളത്രയും അക്കാലങ്ങ ളിലെ മനുഷ്യസമൂഹത്തിന്റെ വിചാരവികാരങ്ങളും ഉൾ ക്കൊള്ളുന്നവയാണ്. അക്കാരണം കൊണ്ടു തന്നെയാവണം മതഗ്രന്ഥങ്ങളും സാഹിത്യങ്ങളും അതാതു കാലത്തെ ചരിത്രരചനക്ക് അനിവാര്യമായും പ്രയോജനപ്പെടുത്തേണ്ട സ്രോതസ്സായ അനർഘങ്ങളായ പ്രമാണങ്ങളായവശേഷിക്കുന്നതും.

രാമായണ മഹാഭാരതങ്ങളും, ഋഗ്വേദാദി വേദ ഗ്രന്ഥ ങ്ങളും ഭാരതത്തിന്റെ പുരാണിക സംസ്കാരനിദർശന ങ്ങളായി ഗണിക്കപ്പെടുന്ന കാര്യം ഏതു ചരിത്ര വിദ്യാർ ത്ഥിക്കും അറിവുള്ളതാണല്ലോ. വേദകാലമെന്നും പുരാ ണകാലമെന്നും ഒക്കെ ഇന്ത്യാചരിത്രത്തിന്റെ ആദ്യ ദശകങ്ങ ളെ വേർതിരിച്ചിരിക്കുന്നതു അക്കാലത്തെ കാര്യങ്ങളെക്കു റിച്ച് അറിയാനുള്ള ഏക അവലംബം മേൽപറഞ്ഞ വേദേതി ഹാസങ്ങൾ ആണെന്നുള്ളതുകൊണ്ടാണല്ലോ. സൈന്ധവ സംസ്ക്കാരത്തിന്റെ നശീകരണത്തെപ്പറ്റിയും മറ്റും ഋഗ്വേ ദത്തിൽ നടത്തിയിട്ടുള്ള പരാമർശം സ്പഷ്ടമാക്കിയും, ധർമ്മാനന്ദ കോസാമ്പിയും എല്ലാം സവിസ്തരം പ്രതി പാദിച്ചിട്ടുള്ളതാണ്. ഇതേമാതിരി തന്നെയാണ് യവന സംസ്കാരത്തിന്റെ ആദിമഘട്ടങ്ങളെപ്പറ്റി ഇലിയഡും, ഒഡിസിയും നൽകുന്ന വിവരങ്ങളും. ബൈബിളും ഖുറാ നും തീർത്തും മതഗ്രന്ഥങ്ങളായി മാത്രമാണ് ഗണിക്ക പ്പെട്ടിട്ടുപോരുന്നതെങ്കിലും അവയിൽ നിഗൂഹനം ചെയ്യപ്പെ ട്ടിട്ടുള്ള ചരിത്ര വസ്തുതകളും സുലഭമത്രെ. ഇന്നും ഈ ഗ്രന്ഥങ്ങളുടെ വെളിച്ചത്തിൽ ഗവേഷണം നടത്തുക

യും പുരാവസ്തു ഉത്ഖനനങ്ങൾ നിർവഹിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന അകൃഷ്ടീണരായ ഗവേഷകരെക്കുറിച്ചും നാം അറിഞ്ഞുകൊണ്ടിരിക്കുന്നുണ്ട്. ഒരു കാലത്തു മനുഷ്യന്റെ എല്ലാമായിരുന്ന മതങ്ങളും അവയുടെ പ്രാമാണികഗ്രന്ഥങ്ങളും അതാതു കാലഘട്ടങ്ങളിലെ സമൂഹത്തിന്റെയും മാനവിക സംസ്കാരത്തിന്റെയും ഉരകല്ലാവണം. അങ്ങനെ മതഗ്രന്ഥങ്ങളും സാഹിത്യങ്ങളും മാനവിക വിജ്ഞാനത്തിന്റെ മുതൽക്കൂട്ടാണെന്നു മാത്രമല്ല ചരിത്രരചനക്ക് ഏറ്റവും പ്രയോജനകരമായ അടിസ്ഥാന രേഖകളും കൂടിയാണ്.

എന്നാൽ ചരിത്ര ഗവേഷണത്തിൽ മതങ്ങളുടെ സ്വാധീനത എപ്പോഴും ദുർഘടം സൃഷ്ടിക്കുന്നതായിട്ടാണ് ഇതുവരെയുള്ള അനുഭവപാഠം തെളിയിക്കുന്നത്. മത പ്രചാരണാർത്ഥം പല നാടുകളിൽ സഞ്ചരിച്ചിരുന്ന മിഷണറിമാരും മത പ്രചാരകരും പല നാടുകളേയും ജനങ്ങളേയും പറ്റി പലപ്പോഴായി ധാരാളം എഴുതിയിട്ടുണ്ട്. ഇവയിൽ പലതും വിലപ്പെട്ട ചരിത്രരേഖാ പ്രമാണങ്ങളായി കരുതിപ്പോരുന്നവയുമാണ്. എന്നാൽ അവയെ നിഷ്കൃഷ്ടമായ നിരൂപണത്തിനു വിധേയമാക്കാതെ അതേപടി ആധികാരിക പ്രമാണങ്ങളായി കണ്ണും പൂട്ടി സ്വീകരിച്ചാൽ ചരിത്ര ഗവേഷണരംഗത്തുണ്ടാകാവുന്ന പാകപ്പിഴകൾ ഒട്ടൊന്നുമായിരിക്കുകയില്ല. തങ്ങളുടെ ദൈത്യം പരാജയപ്പെട്ടിട്ടുള്ള സന്ദർഭങ്ങളിൽ മതം മാറാൻ മടിച്ചിട്ടുള്ള ഭരണാധിപൻമാരേയും ജനങ്ങളെയും വെറും അപരിഷ്കൃതരും കാടരുമായിട്ടായിരിക്കും ഇത്തരം ഗ്രന്ഥങ്ങളിൽ വ്യവഹരിച്ചിരിക്കുക. ആ നാടുകളിലെ ജീവിതക്രമങ്ങളും ജനതയുടെ പെരുമാറ്റ ചട്ടങ്ങളും ആഹാര നീഹാരാദികളും പോലും ഇവരുടെ അപഹാസങ്ങൾക്കും ആഭിചാരവാക്കുകൾക്കും വിധേയമായിട്ടുള്ളതായി കാണാം. സ്വന്തം മതങ്ങളുടെയും ആചാരസംഹിതകളുടെയും മേൻമകളെ പ്രകീർത്തിക്കുന്ന ഇത്തരം സാഹിത്യങ്ങളെ മറ്റു മത

ങ്ങളെയും മതവിശ്വാസികളെയും അപലപിക്കുന്നതായും മറ്റു മതസ്തരുടെ ജീവിതക്രമങ്ങളെയും ആചാര്യന്മാരെയും താഴ്ത്തിക്കെട്ടാൻ ശ്രമിക്കുന്നതായും കാണാം. ഇതരം ചരിത്രരേഖകളെ സൂക്ഷ്മമായ നിരീക്ഷണത്തിനു വിധേയമാക്കിയ ശേഷം വേണം ചരിത്രകാരൻ ഉപയോഗപ്പെടുത്താൻ.

ഇത്തരം സാഹിത്യങ്ങളെ മിഷണറിമാരിൽ നിന്നോ, മതപ്രചാരകൻമാരിൽനിന്നോ, മാത്രമല്ല ഉത്ഭവിച്ചിട്ടുള്ളതെന്ന കാര്യവും വിസ്മരിച്ചുകൂടാ. സ്വയം വിശ്വസിച്ചു പോരുന്ന മതങ്ങളെ കുറ്റമറ്റതാണെന്ന് കരുതിയിട്ടാണെന്നിട്ടുള്ള എല്ലാ സാഹിത്യകാരൻമാരും ചരിത്രകാരൻമാരും ഇതേ ദുഷ്കൃത്യംതന്നെ ചെയ്തുപോന്നിട്ടുണ്ട്. ഔറംഗസേബ്-മുസ്ലീം ഭരണാധിപൻമാരുടെ രാജസദസ്സിൽ അംഗങ്ങളായിരുന്ന ചരിത്രകാരൻമാരാരും തന്നെ ഇതു പറഞ്ഞതിനു ഒരു അപവാദമായി അവശേഷിക്കുന്നില്ല. ഇന്ത്യയിലും പൗരാണിക കാലഘട്ടം മുതൽ ഈ സമ്പ്രദായവിശേഷം നിലവിലിരുന്നതായി നാം കണ്ടുപോരുന്നുണ്ട്. ഇത്തരം ചരിത്രഗ്രന്ഥങ്ങളെ ഗവേഷണത്തിനുപയോഗപ്പെടുത്തുമ്പോൾ എഴുതിയ ഗ്രന്ഥകാരന്റെ മതപക്ഷപാതവും വർഗ്ഗീയവുമായ ഇഷ്ടാനിഷ്ടങ്ങളെ എത്രമാത്രം ഇവയിൽ അന്തർലീനമായിട്ടുണ്ടെന്നു കാര്യം വിശദമായി പഠനം ചെയ്യേണ്ട ചുമതല ഗവേഷകനേറെതാണ്. അതല്ലെങ്കിൽ മൂല ഗ്രന്ഥകാരൻമാരുടെ മത വൈരാഗ്യമോ അസഹിഷ്ണുതയോ ഗവേഷണത്തിന്റെ സുഗമമായ പ്രയാണത്തിൽ ദുർഘടം സൃഷ്ടിക്കുമെന്നതു പരമാർത്ഥമാത്രം. കൽഹണനും കൽഹനനും ഹൈന്ദവ രാജകീയ ധർമ്മനീതികളെ പുരസ്കരിച്ച് ഗ്രന്ഥ രചനകൾ നടത്തിയിട്ടുള്ള വരാണ്. അതുപോലെ തന്നെ സിയാവുദ്ദീൻ ബർണിയും അബുൽഫസലും മദ്ധ്യകാല ഇന്ത്യയിലെ മുസ്ലീം ഭരണാധിപൻമാരുടെ ദൈവദത്തമായ രാജകീയ അവകാശങ്ങളും അവരുടെ പെരുമാറ്റച്ചട്ടങ്ങൾക്കും നിയമസാ

ധൃത്വം നൽകാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. ഇവരെല്ലാവരും രാജകീയ സ്തുതിപാഠകൻമാരായിരുന്നു എന്നതുകൊണ്ടുതന്നെ രാജകീയ ഇഷ്ടാനിഷ്ടങ്ങൾക്കനുസൃതം മതങ്ങളുടെ തത്വസംഹിതകളെ വളച്ചൊടിക്കുവാനും ആ ചക്രവർത്തിമാരെല്ലാം ചെയ്തിട്ടുള്ള ഏതു പ്രവൃത്തിയും മതപ്രചാരണത്തിന്റെ ഭാഗമായി ചിത്രീകരിച്ച് അതിന്റെ മറയിൽ ഏതു ദുഷ്കൃത്യങ്ങളും നീതീകരിക്കുവാനും ശ്രമിച്ചിട്ടുള്ളതായി കാണാം. പ്രകടമായ മറ്റൊരുദാഹരണമാണ് മുഹമ്മദ് ഗസ്നായെ സംബന്ധിച്ച് അദ്ദേഹത്തിന്റെ സമകാലികരായ അൽ ഉദുബിയും ബൈഹാക്കിയും അൽ ബയ്റൂണിയും ഒക്കെ എഴുതിയിട്ടുള്ള ഗ്രന്ഥങ്ങളും. മുഹമ്മദ് ഗസ്നാ ഇന്ത്യയിൽ നടത്തിയ ആക്രമണങ്ങളെയും പ്രസിദ്ധങ്ങളായ ഇന്ത്യൻ ദേവാലയങ്ങളിൽനിന്നും നടത്തിയ അപഹരണങ്ങളെയും ഒക്കെ തന്നെ മതത്തിന്റെ മറ പിടിച്ചുകൊണ്ട് ന്യായീകരിക്കുവാനാണ് ഈ ചരിത്രകാരൻമാർ ശ്രമിച്ചിട്ടുള്ളത്. മുസ്ലീം ഭരണാധിപൻമാരുടെ മതഭ്രാന്തിനു തെളിവായി ഇത്തരം ഗ്രന്ഥകാരൻമാരുടെ പരാമർശങ്ങളാവണം ആംഗ്ലേയ ചരിത്രകാരൻമാർ ഉപയോഗപ്പെടുത്തിയത്. രാജകീയ സ്തുതിപാഠകരായ എഴുത്തുകാരുടെ ശൈലിയും മനോഗതിയും മനസ്സിലാക്കാൻ സാധിക്കാഞ്ഞിട്ടല്ല ഇത്തരം നിഗമനങ്ങൾ നടത്തുവാൻ ഇംഗ്ലീഷ് ചരിത്രകാരൻമാർക്കു പ്രേരണയുണ്ടായത്. സ്വന്തം നിലനിൽപിനുവേണ്ടി ഭിന്നിപ്പിച്ചു ഭരിക്കുകയെന്ന കുപ്രസിദ്ധമായ നയം ഇവിടെ അഭംഗുരം നടത്തുവാനുള്ള ആഗ്രഹത്തോടുകൂടി മാത്രമാണ് ഈ വക ചരിത്ര ഗ്രന്ഥങ്ങൾ ഉപയോഗപ്പെടുത്തിയിട്ടുള്ളതെന്നു കാണാം. അപ്പോൾ മതപ്രചാരണാർത്ഥം എഴുതപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങളേക്കാൾ കൂടുതൽ ദ്രോഹം ചില മതങ്ങളുടെ അനുയായികളായ ഭരണാധിപൻമാരുടെ ദുഷ്ചെയ്തികളെ ന്യായീകരിക്കുവാനും അവരുടെ പ്രവൃർത്തികളെ മതത്തിന്റെ മൂടുപടമിട്ട് പ്രകീർത്തനം ചെയ്യുവാനും നടന്ന ബോധപൂർവ്വമായ ശ്രമങ്ങളാണ് ചെയ്തതെന്നു മനസ്സിലാക്കാം.

ഭരണാധിപൻമാരുടെ ചെയ്തികളെ മതത്തിനനുകൂല മായും പ്രതികൂലമായുമുള്ള പ്രവൃത്തികളായി ചിത്രീ കരിച്ചിട്ടുള്ളതുകൊണ്ടാണ് ഇന്ത്യാ ചരിത്രത്തിലാകമാനം വർഗ്ഗീയതയുടെ വിഷലിപ്തമായ വായു തങ്ങിനിൽ ക്കുന്നത്. ഭരണാധിപൻമാർ ഏതു മതാനുയായികളാണെ ങ്കിലും ശരി അവരത്രയും ഭരണാധിപൻമാരെന്നു കണ ക്കാക്കി അവരുടെ പ്രവൃത്തികളെ രാഷ്ട്രീയമായ പ്രത്യേക സന്ദർഭത്തിൽ ചെയ്തവയാണെന്നു പരിഗണിച്ചാൽ പ്രശ്നങ്ങളെ പരിഹരിക്കാവുന്നതേയുള്ളു. അതിനു പകരം മുസ്ലീംഭരണാധിപൻമാരുടെ കാലത്ത് ഏതെങ്കിലും ക്ഷേ ത്രം തകർക്കപ്പെട്ടിട്ടുണ്ടെങ്കിലോ അക്കാലത്ത് ഏതെങ്കിലും സാമുദായിക കലാപങ്ങളെ നടന്നിട്ടുണ്ടെങ്കിലോ മതപര മായി ചിത്രീകരിക്കുവാനുള്ള പ്രവണതയാണ് നമ്മു ടെ ഗവേഷകൻമാരിൽ കൂടുതലായി ഇന്നു കണ്ടു വരു ന്നത്. അതുപോലെതന്നെ ഭരണാധിപൻമാരുടെ ചെയ് തികളെല്ലാംതന്നെ മതത്തിന്റെയും വർഗ്ഗീയതയുടെയും പ്രേരണമൂലമുള്ളവയായി ചിത്രീകരിക്കപ്പെടുമ്പോഴാണ് വിഭിന്നങ്ങളായ മതങ്ങളും വിവിധങ്ങളായ വർഗ്ഗങ്ങളു മുള്ള സമൂഹത്തിൽ വർഗ്ഗീയതയുടെ വിഷവായുവമി ക്കുന്നതും അത് സംഹാരസ്വരൂപം കൈക്കൊള്ളുന്നതും.

മറേറതൊരു രാജ്യത്തെ ചരിത്രത്തേക്കാളും ഇന്ത്യാച രിത്രരചനയിൽ ഈ കൃത്രിമത്വം ഏറെകടന്നുകൂടിയിട്ടു ണ്ട്. ഹൈന്ദവ–മുസ്ലീം സമുദായങ്ങളെ തമ്മിലകററു വാനും അവരിൽ പകയും വിദ്വേഷവും പരത്തുവാനും വേണ്ടി മനഃപൂർവ്വം പടച്ചുവിട്ട നൈപുണിയാണ് ഇന്നും നിലനിൽക്കുന്നത്. ഇന്ത്യാചരിത്രം ക്രോഡീകരിച്ചതും ഒരു പാഠ്യവിഷയമായി ഇന്ത്യയിൽ നടപ്പാക്കിയതും ഇം ഗ്ലീഷുകാരാണെന്നത് എല്ലാവർക്കും അറിവുള്ള താണ ല്ലോ. എന്നാൽ ഇന്ത്യാചരിത്രരചനയിൽ അവർ നടത്തിയ വിദഗ്ധ്യപൂർണ്ണമായ കൃത്രിമത്വം ആദികാലങ്ങളിൽ മാത്രം ഗൗനിക്കപ്പെട്ടിട്ടില്ല. സ്വന്തം ഭരണകൂടം നിലനിർ

ത്താനും ഹൈന്ദവ–മുസ്‌ലീം സമുദായങ്ങളെ തമ്മിലടിപ്പിച്ചു കലങ്ങിയ വെള്ളത്തിൽ സുഗമമായി മൽസ്യം പിടിക്കുവാനുള്ള ശ്രമമായിരുന്നു ഇംഗ്ലീഷ് ഭരണാധിപൻമാർ ഇന്ത്യയിൽ നടത്തിയിരുന്നതെന്ന് ഇന്ന് എല്ലാവരും സമ്മതിക്കുന്ന പരമാർത്ഥമാണ്. എങ്കിൽകൂടിയും അവർ മനഃപൂർവ്വം നടത്തിയ വികലങ്ങളായ ചരിത്രസൃഷ്ടികൾ ഇന്നും തിരുത്തപ്പെടാതെ കിടക്കുന്നു, ഇന്ത്യാ ചരിത്രം തന്നെ ഹൈന്ദവ കാലഘട്ടമെന്നും മുസ്‌ലീം കാലഘട്ടമെന്നും മതപരമായ അതിർ വരമ്പുകൾ നൽകിയാണ് തരംതിരിച്ചിരിക്കുന്നത്. മുസ്‌ലീം ഭരണാധികാരികളിൽ നിന്നും അധികാരം പിടിച്ചെടുത്ത ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയ്ക്ക് ആദ്യകാലങ്ങളിൽ മുസ്‌ലീം പ്രഭുക്കൻമാരുടെയോ സാമാന്യജനങ്ങളുടെയോ പിന്തുണ ലഭിച്ചിരുന്നില്ലെന്നുമാത്രമല്ല അവർ അത്രയും ശത്രുതയിലാണ് കഴിഞ്ഞിരുന്നത്. തൻമൂലം കമ്പനിയുടെ ഭരണ നടത്തിപ്പിനു ഹൈന്ദവ സഹോദരങ്ങളെ പ്രീണിപ്പിക്കേണ്ടത് അനിവാര്യമായിത്തീർന്നു. അതിൻെറ ഫലമായി മദ്ധ്യകാല ഇന്ത്യാ ചരിത്രത്തിലെ എല്ലാ മുസ്‌ലിം ഭരണാധിപൻമാരെയും കരിതേച്ചു കാണിക്കുവാനും അവരുടെ എല്ലാ പ്രവൃത്തികളെയും മതത്തിൻെറ ആവരണം നൽകി അവതരിപ്പിക്കുവാനും ഇവർ പ്രേരിതരായി. അങ്ങനെ മതവും വർഗ്ഗവർണ്ണാദികളും ഇന്ത്യാചരിത്ര ഗവേഷണത്തിൽ കൂടുതൽ പ്രബലത്തായ സ്ഥാനങ്ങളും കരസ്ഥമാക്കിയെന്ന ശോചനീയമായ അവസ്ഥ ഇന്ന് ഏവർക്കും അറിയാവുന്നതാണ്. അശോകനേയും അക്ബറേയും, ഔറംഗസീബിനേയും ശിവാജിയേയും, മുഹമ്മദ് തുഗ്ലക്കിനേയും ടിപ്പുസുൽത്താനേയും, എല്ലാം ഈ ഹ്രസ്വവികലമായ വർഗ്ഗീയ ചിന്താഗതികളിൽ കുടുക്കി പ്രഗൽഭരായ ഭരണാധിപൻമാർ എന്നതിനുപകരം മതഭ്രാന്തൻമാരോ മതപ്രചാരകൻമാരോ ആക്കാനാണ് ശ്രമങ്ങളും മുഴുക്കേ നടന്നത്. ഇതിൻെറ ഫലമായി ഇന്ത്യാചരിത്രപഠനത്തിനൊരുമ്പെടുന്ന ഏതൊരാളും

സങ്കുചിതമായ വർഗീയ വീക്ഷണത്തിലും ചിന്താഗതിയിലും ചെന്നെത്തുന്നു. നമ്മുടെ ഗവേഷകരാവട്ടെ ആഗ്രഹകൃത്രിമം മനസ്സിലാക്കിയിട്ടു കൂടി അവർ വച്ചുകൂടുക്കിൽ നിന്നും പുറത്തു ചാടുവാനുള്ള ശ്രമങ്ങൾ നിരാധപൂർവ്വം നടത്തുന്നില്ലെന്നുള്ളതാണ് ഏറ്റവും വലിയ ശോചനീയാവസ്ഥ. ഔദ്യോഗസീബും ടിപ്പുസുൽത്താനും എത്ര അമ്പലങ്ങൾ കൂടുതൽ പൊളിച്ചുവെന്നും എത്രപേരെ കൂടുതൽ മതപരിവർത്തനം ചെയ്യിച്ചുവെന്നും തെളിയിക്കുവാനുള്ള സാഹസശ്രമത്തിലാണ് നമ്മുടെ ഗവേഷകർ. മുസ്ലീം കാലഘട്ടം എന്നു വിശേഷിപ്പിക്കുന്ന ഇന്ത്യയുടെ മാദ്ധ്യമയുഗത്തിൽ ഇവിടെ ഭരണം നടത്തിയിരുന്ന മുസ്ലീം ചക്രവർത്തിമാർ മതഭ്രാന്തൻമാരായിരുന്നു എന്നതിനു തെളിവ് ശേഖരിക്കുകയാണ് ഇന്നു കൂടുതൽ ആളുകളും ചെയ്തുകൊണ്ടിരിക്കുന്നത്. അന്നത്തെ പ്രത്യേക രാഷ്ട്രിയ സാഹചര്യങ്ങളും സാമൂഹിക സ്ഥിതിയും മനസ്സിലാക്കാതെ ഒറ്റയായി എടുത്തെങ്കിലും ഒരു സംഭവത്തെ പൊക്കിക്കൊണിച്ച് ആ കാലത്തെ ആകമാനം കരിതേക്കുവാനുള്ള ശ്രമം ഒരിക്കലും ആശാസ്യമല്ല. ഗവേഷകൻമാർ സ്വന്തം സമുദായത്തിന്റെയും മതത്തിന്റെയും പ്രചാരകരായി തീരുമ്പോഴുള്ള കുഴപ്പമാണിത്. നിർഭാഗ്യമെന്നു പറയട്ടെ മാറിയ പരിതഃസ്ഥിതിയിൽ പോലും ഇന്ത്യയുടെ സാമുദായീകവും വർഗീയവുമായ ചിന്താഗതിക്കു യാതൊരു കുറവും സംഭവിച്ചിട്ടില്ല. അത് വർദ്ധമാനമായി കൊണ്ടിരിക്കുകയാണോ എന്നു കൂടി സംശയിക്കേണ്ടിയിരിക്കുന്നു. കേരള ചരിത്രത്തിന്റെ സ്ഥിതിയും മറ്റൊന്നല്ല. പറയുന്ന കാര്യത്തിനേക്കാൾ പറയുന്ന ആളിന്റെപേരും ജാതിയും കണക്കിലെടുത്തു കൊണ്ടാണ് എത്ര ശ്രമകരമായ പണിപെടുത്തിയതിനു ശേഷമാണെങ്കിൽ കൂടിയും പുറത്തിറക്കുന്ന ഗവേഷണഫലത്തെ വിലയിരുത്തിക്കൊണ്ടിരിക്കുന്നത്. അങ്ങനെ മതത്തിന്റെ സ്വാധീനം വളരെയേറെ ഇന്ന് നമ്മുടെ ചരിത്രഗവേഷണ രംഗത്തുണ്ട്. വേണമെങ്കിൽ

മതത്തിന്റെയും വർഗ്ഗീയതയുടെയും ഈ അതിപ്രസരമാണ് ഗവേഷണ ഉപാസനയെ നിശ്ചലരാക്കുന്നത് എന്നു കൂടി പറയേണ്ടിയിരിക്കുന്നു. കേരളത്തിലെ പെരുമാക്കൻമാരിൽ ഒരാൾ മതപരിവർത്തനം ചെയ്തു എന്നും അറേബ്യയിലേക്ക് പോയ ആ അമ്മാവനെയും കാത്ത് ഇവിടത്തെ പല രാജകുടുംബാംഗങ്ങളും അദ്ദേഹത്തിന്റെ പേരിൽ ഭരണം നടത്തിയിരുന്നു എന്നും ഒക്കെയുള്ള സംഭവങ്ങൾ ഇന്ന് ഏറ്റവും വിമർശന വിധേയമായിട്ടുള്ള കാര്യങ്ങളാണ് കേരളചരിത്രത്തിൽ. എ. ഡി. 852–ൽ കേരളം സന്ദർശിച്ച സുലൈമാൻ എന്ന സഞ്ചാരി ഇവിടെ അറബി സംസാരിക്കുന്നവരെ കണ്ടുമുട്ടിയില്ല എന്നു രേഖപ്പെടുത്തിയിട്ടുണ്ടെന്നും തൻമൂലം 852നു ശേഷമേ ഇസ്ലാം കേരളത്തിൽ പ്രചരിച്ചിട്ടുള്ളുവെന്നും വാദിക്കുന്നവരാണല്ലോ നമ്മൾ. ഈ സുലൈമാന്റെ പേരിൽ ഇറങ്ങിയിട്ടുള്ള സിൻസലാഹ്തവാരീഖ് എന്ന ഗ്രന്ഥം തന്നെ സുലൈമാന്റെതല്ലെന്നു ഇന്നു ഗവേഷണം മൂലം തെളിഞ്ഞിരിക്കുന്നു. സുലൈമാനു മുമ്പും അതിനുശേഷവും എഴുതിയിട്ടുള്ള അറബി സഞ്ചാരികളുടെ രേഖകൾ ക്രോഡീകരിച്ച ഒരു സമാഹാര ഗ്രന്ഥം മാത്രമാണിത്. അപ്പോൾ ഇത്തരം തെളിവിന്റെ അടിസ്ഥാനത്തിൻ മാത്രം നാം കാര്യങ്ങളെ കാണാൻ ശ്രമിക്കുമ്പോൾ വലിയ അബദ്ധങ്ങൾ പിണഞ്ഞെന്നുവരും. എന്നാൽ ഇതിന്റെയെല്ലാം പിന്നിലുള്ള ചേതോവികാരം മത–വർഗ–വർണ്ണങ്ങളുടേതാണ്. ഒരു ചെറിയ ഉദാഹരണം മാത്രം പറഞ്ഞു എന്നേയുള്ളു. ഇത്തരത്തിൽ നൂറു നൂറു ചരിത്രപ്രശ്നങ്ങൾ മതത്തിന്റെയും വർഗ്ഗീയതയുടെയും പിടിയിൽ അമർന്നു വെളിച്ചം കാണാതെ മൂടപ്പെട്ടുകിടക്കുന്നുണ്ട്.

മതവും ജാതിയും സമുദായവുമെല്ലാം ഈ രാജ്യത്തുണ്ട്. അവ അംഗീകരിച്ചുകൊണ്ടു തന്നെ ഇത്തരം വിവിധ വിഭാഗങ്ങളുള്ള ഒരു രാജ്യത്ത് സ്വരച്ചേർച്ചയോടും ഒരുമയോടും കൂടി എങ്ങിനെ ജീവിക്കാൻ സാധിക്കുമെന്ന് ചിന്തിക്കേ

നത് അത്യാവശ്യമാണ്. ഓരോ ജാതിയുടേയും മതത്തിന്റെയും മേൻമയെ പൊക്കിക്കാണിക്കാൻ വേണ്ടി ആ ജാതിയിലും മതത്തിലും പെട്ട ഗവേഷകൻമാർ കൂടി മിനക്കെട്ടിറങ്ങുന്നത് ഈ രാജ്യത്തെ ദേശീയ ഉദ്ഗ്രഥനത്തിനും സാമൂദായിക മൈത്രിക്കും വിഘാതമായിരിക്കും. വൈജ്ഞാനികമണ്ഡലത്തിൽ പ്രമുഖസ്ഥാനമുള്ള ഗവേഷണചര്യയിൽ ഇത്തരം സങ്കുചിതമായ വീക്ഷണങ്ങൾ ഒരിക്കലും കടന്നുവരാൻ പാടില്ലാത്തതാണ്. സത്യാന്വേഷിയായ ജിജ്ഞാസു ഒരിക്കലും അവന്റെ മനസ്സും ചിന്തയും പരിമിതമാക്കി നിറുത്തുവാൻ പാടുള്ളതല്ല. ചിന്താമണ്ഡലത്തിൽ കാണുന്ന ഇത്തരം ചീത്ത പ്രവണതകളെ ദേശീയതലത്തിൽ തന്നെ എതിർത്തു തോല്പിക്കണം. അതിന്റെ നേതൃത്വം ഗവേഷണമണ്ഡാരത്തിൽ കള്ളപ്പണം കടന്നുകൂടാൻ അനുവദിച്ചുകൂടാ. ദേശീയവും മനുഷ്യസ്നേഹപരവുമായ ചിന്തയും പ്രവൃത്തിയും മാത്രമേ സാമുദായിക ഐക്യത്തേയും ദേശീയദാർഢ്യത്തേയും ഊട്ടിപ്പോററുവാൻ ഉപകരിക്കൂ. ചരിത്രഗവേഷണത്തിലും അതുപോലുള്ള വൈജ്ഞാനിക പ്രവർത്തനങ്ങളിലും മതത്തേയും വർഗ്ഗീയതയേയും കൂട്ടിക്കുഴക്കുന്നത് ചെയ്യുന്ന പ്രവൃത്തിയോടും ജീവിക്കുന്ന സമൂഹത്തിനോടും കാണിക്കുന്ന ഏററവും വലിയ പാതകമായിരിക്കും. നമ്മുടെ പുത്തൻതലമുറ ഗവേഷണരംഗത്ത്, ഗവേഷണത്തിന്റെ പരമമായ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുമെന്നു നാം ആശിക്കുകയും എന്നു വില കൊടുത്തും അതു നിലനിറുത്തണമെന്നു ആഗ്രഹിക്കുകയും ചെയ്യുന്നു. അത്തരം സംരംഭങ്ങൾ എക്കാലത്തും പ്രകീർത്തിക്കപ്പെടും, സംശയമില്ല.

6

ഗവേഷണചര്യ

ചരിത്രസത്യങ്ങൾ എക്കാലവും മാറ്റം കൂടാതെ നില നിൽക്കുന്നു. എന്നാൽ അവയെ വ്യവഹരിക്കുന്ന രീതിക്കും വ്യാഖ്യാനിക്കുന്ന സമ്പ്രദായത്തിനും വ്യക്തികളുടെ നിരീക്ഷണ വ്യത്യാസത്തിന്റെ അടിസ്ഥാനത്തിൽ വിഭിന്നമായ രൂപഭാവങ്ങൾ കൈവരിക്കാറുണ്ടെന്നുമാത്രം. ചരിത്രവസ്തുതകളെ സത്യസന്ധമായി കണ്ടെത്തുന്നതിനുള്ള മാർഗ്ഗങ്ങളിൽ ഓരോരുത്തും ഒരുപക്ഷെ വിവിധങ്ങളായ വഴികൾ സ്വീകരിച്ചുവെന്നുവരാം. വ്യക്തികളുടെ വീക്ഷണവൈഭവത്തിനു് നിദാനമായും, വിശകലനത്തിന് അടിത്തറയായും എപ്പോഴും നിൽക്കുക പതിവ് ആപേക്ഷിക സ്വഭാവത്തോടു കൂടിയ സമീപന രീതിയാണ്. ഈ ആപേക്ഷിക സ്ഥിതിവിശേഷമാണ് ഏകമായ ചരിത്രസത്യം പല തരത്തിലും പല വിധത്തിലുമായി അവതരിപ്പിക്കപ്പെടുന്നതിന്റെ അടിസ്ഥാനം. അതായത് ചരിത്രസത്യം എന്നത് അലംഘനീയമായ ഒരു യാഥാർത്ഥ്യമാണ്. പക്ഷേ അതിനെ ഏതു വിധേന സമീപിക്കുന്നു, വ്യാഖ്യാനിക്കുന്നു, വ്യവഹരിക്കുന്നു, എന്നതിന്റെ അടിസ്ഥാനത്തിലാണ് ഒരേ സത്യംതന്നെ പലതായി പരിണമിക്കുവാൻ കാരണം. അതുകൊണ്ടുതന്നെയാണ് എല്ലാ നാടുകളിലും എല്ലാ കാലങ്ങളിലും ചരിത്രസാഹിത്യം പുതുതായി ഉത്ഭവിക്കാൻ ഹേതു. വീക്ഷണവ്യത്യാസം എപ്പോഴും ആപേക്ഷികമാണെന്ന് ചുരുക്കം. അപ്പോഴും പരമമായ ചരിത്രസത്യത്തെ കണ്ടെത്തുവാനുള്ള അവിരാമമായ യത്നമാണ് ജിജ്ഞാ

സ്വയം ഒരു ഗവേഷകനേറെത്. അവന്റെ സത്യാന്വേഷണ തൃഷ്ണ അഭംഗുരം മുന്നോട്ടുതന്നെ നീങ്ങിക്കൊണ്ടിരി ക്കും. പ്രതിബന്ധങ്ങളെയും അന്ധവിശ്വാസങ്ങളെയും പ്രതിരോധിച്ചുകൊണ്ട് മുന്നോട്ട്, മുന്നോട്ട് എന്നു അവകാശകരമായ ആത്മ പ്രചോദനത്തോടുകൂടി അവൻ സത്യാന്വേഷണം നടത്തുന്നു. സുദീർഘമായ അവന്റെ സഞ്ചാരത്തിൽ അപരിചിതമായവയും പേടിപ്പെടുത്തുന്നവയുമായ നിരവധി ഭീഷണികളെ നിലനിൽപ്പിനെ തന്നെ ചോദ്യം ചെയ്തേക്കാവുന്ന ഭീകരതകളെ—അവനഭിമുഖീകരിക്കേണ്ടതായി വരുന്നു. കണ്ടകാകീർണ്ണമായ മാർഗ്ഗം അവന്റെ മുന്നോട്ടുള്ള പ്രയാണത്തെ തടസ്സപ്പെടുത്തുവാനൊരുമ്പെടുന്നു. കല്ലിലും മുള്ളിലും കൊണ്ടു ചോരവാർന്ന തൃക്കാലുകളുമായി അവൻ നിസ്സങ്കോചം പുരോഗമിക്കുകയാണ്. ഈ സാഹസിക പ്രവർത്തിയിൽ അർത്ഥശൂന്യതമാത്രം കാണുന്ന സമകാലികലോകം പുച്ഛമഭിനയിക്കുകയും കാപാലീകിടങ്ങളം കൂക്കിവിളിക്കുകയും ചെയ്യുന്നു. എവിടെയും നിരുത്സാഹപ്പെടുത്തൽമാത്രം. എവിടെയും വെറുപ്പിന്റെ കിറിക്കോട്ടി കൊണ്ട് വികൃത ഭാവമുഖങ്ങളം മാത്രം. ഇവയെല്ലാം അവഗണിച്ചുംകൊണ്ട് കീഴടക്കിയിട്ടില്ലാത്ത ആ കൊടുമുടി മാനുഷിക പ്രജ്ഞയുടെ ആധിപത്യത്തിൽകൊണ്ടുവരുവാൻ അവൻ സാഹസപ്പെടുകയാണ്. കണ്ടെത്തിയിട്ടില്ലാത്തതിനെ കണ്ടെടുക്കുവാൻ, അറിഞ്ഞിട്ടില്ലാത്തതിനെ അറിയുവാൻ, കയറിയിട്ടില്ലാത്തത് കയറുവാൻ അവൻ ശ്രമിക്കുകയാണ്. ലോകമെന്തെന്ത് പറയുന്നുവെന്നതിനെക്കുറിച്ചവന് ചിന്തയില്ല. പരിസരം തന്നെ അവൻ വിസ്മരിച്ചിരിക്കുന്നു. കൂക്കിവിളികളും പരിഹാസങ്ങളും അവൻ കേൾക്കുന്നില്ല. ഒരേ ലക്ഷ്യത്തോടും ഒരേ തപസ്യയോടുംകൂടി അവൻ അവനെ തന്നെ മറന്ന് കയ്യെത്താത്ത ദൂരത്തിൽ കിടക്കുന്ന സത്യത്തിന്റെ ആ അമൂല്യമായ കനി പറിച്ചെടുക്കുവാനുള്ള പ്രയത്നത്തിൽ മാത്രമാണ് ശ്രദ്ധിക്കുന്നത്. അവനതു വരെ അറിഞ്ഞതും, പഠിച്ചതും, പരിശീലിച്ചതും, ജന്മ

നായുള്ള പ്രതിജ്ഞയും, പ്രയത്നവും ഒക്കെ ഏകീകരിച്ച് ഏക ധ്യാനത്തോടുകൂടിമാത്രം നിരതനായിരിക്കുന്നു. ഈ മഹായജ്ഞത്തിൽ ഭാഗഭാക്കുകളാകുവാൻ അവന് സുഹൃത്തുക്കളില്ല. അവനെ സഹായിക്കുവാൻ സന്നദ്ധതയുള്ളവർക്കുതന്നെ അതിന് സാധിക്കുന്നുമില്ല. അവൻ ഏകനായിതന്നെ അനശ്വരമായ സത്യസായൂജ്യത്തിനുവേണ്ടി പണിപ്പെടുന്നു. ഏകചിന്ത, ഏകതപസ, ഏകലക്ഷ്യം, ഈ സ്ഥിതിവിശേഷം മനുഷ്യസിദ്ധിയുടെയും സാധനയുടെയും സമൂർത്താവസ്ഥയിൽ സത്യാന്വേഷകനെ കൊണ്ടെത്തിക്കുന്നു. അവന്റെ ജീവിതാഭിലാഷം സായൂജ്യംകൊള്ളുന്നു. സ്വർഗ്ഗീയതയുടെ നിർവൃതിദായകമായ അനുഭൂതിവിശേഷത്തിൽ മുങ്ങി അവൻ പരമമായ സത്യവുമായി താദാത്മ്യം പ്രാപിക്കുന്നു. അവൻ സത്യത്തെ കണ്ടെത്തുകയും അവൻ അതുമായി ഒന്നായിത്തീരുകയും ചെയ്യുന്നു. നിർവൃതിദായകമായ ജന്മസാഫല്യം.

എല്ലാവർക്കും ഈ അവസ്ഥയിലേക്കെത്തുവാനോ, ഇതിനുവേണ്ടി ജീവിതം ബലികഴിക്കുവാനോ സാധിച്ചില്ലെന്നുവരും. മനുഷ്യസഹജമാണ്. പക്ഷേ എക്കാലത്തും മനുഷ്യസംസ്കാരത്തിന്റെ പൊലിമ തകരാതെ പുഷ്കലമാക്കുവാൻ സാധിച്ചിട്ടുള്ളവർ പലയിടങ്ങളിൽ ഒന്നുമറേതുമായി ഇങ്ങിനെ ജീവാർപ്പണം നടത്തിയിട്ടുള്ളവരാണ്. ''എനിക്ക് ഇന്നിന്റെ പ്രശംസകളോ ശ്രദ്ധയോ വേണമെന്നില്ല; ഞാൻ നാളെയുടെ നാദമാണ്''. എന്ന് തന്റെ സമകാലികരോട് സുധീരം പ്രഖ്യാപിച്ച മഹാനായ ദാർശനിക കവി സത്യാന്വേഷണത്തിന്റെ എല്ലാ പ്രയാസങ്ങളും അനുഭവിച്ചറിഞ്ഞവനാണെന്ന് സംശയമില്ല. നാളെയുടെ നൻമയ്ക്ക് വേണ്ടി ഇന്നിന്റെ ഇച്ഛാഭംഗം കയ്പേറിയ താണെങ്കിലും അനുഭവിക്കുവാൻ സ്വയം തയ്യാറുള്ളവനു മാത്രമേ സത്യാന്വേഷണം സാദ്ധ്യമാകൂ, അവന്റെ ഗവേഷണം ഫലത്തിലെത്തിക്കുവാനൊക്കുകയുള്ളു, അതിനു സന്നദ്ധതയുള്ളവർ അധികം ഉണ്ടാകുവാൻ

നതാവില്ല. പക്ഷെ ആരെങ്കിലുമൊക്കെ ഉണ്ടാകണ്ടെ? സന്ന ദ്ധതയും മാനസിക പ്രചോദനവും ഉള്ളവർക്ക് മാർഗ്ഗ നിർദ്ദേശം കൊടുക്കുവാനുപാധികളുണ്ടാകണ്ടെ? മനുഷ്യ സംസ്കാരവും വളർച്ചയും നിലനിന്നു കാണണമെന്നാ ഗ്രഹിക്കുന്ന നല്ല മനുഷ്യരുടെ പരിഗണനയ്ക്കുവേ ണ്ടി സമർപ്പിക്കുകയാണ്. കീഴടക്കിയിട്ടില്ലാത്ത കൊടുമു ടിയിൽ കയറുവാൻ ചുരുക്കം ടെൻസിങ്ങുമാർക്കേ കഴി ഞ്ഞിട്ടുള്ളു പക്ഷേ ആയിരക്കണക്കിന് മലകയറാൻ പരി ശീലനം ലഭിച്ചവർ ഇവിടെ ഉണ്ടായതിനു ശേഷമാണ് അവരിൽ ഒരു ടെൻസിങ്ങിനു ലോകത്തിന്റെ പാരമ്യ ത്തിൽ തന്റെ പാദമുദ്രണം നടത്തുവാനൊത്തത്. അതു പോലെ അറിവിനുവേണ്ടി ദാഹിക്കുന്ന ജിജ്ഞാസുക്ക ളായ അറിവിന്റെ ശരിയായ മാർഗ്ഗം ചൂണ്ടിക്കൊടുക്കു വാനുള്ള ഉപാധിയുണ്ടാകണം. ധാരാളം അത്തരം പരിശീല കൻമാരിൽ നിന്നും ഒരു സോക്രട്ടീസ്സോ സഫോയെ, ബെർട്രാഡ്രസ്സലോ ഉണ്ടാകാതിരിക്കുകയില്ല. ഗവേഷണ സമർപ്പണം ചെയ്തു കൊടുക്കേണ്ടതിന്റെ ആവശ്യം അറിടെയാണ് എല്ലാ ഗവേഷകൻമാരും സത്യം കണ്ടെ ത്തിയെന്നു വന്നില്ലെങ്കിലും, ആ തൃഷ്ണയെയും ജിജ്ഞാ സയെയും അതുള്ളവരിൽ വളർത്തി കൊണ്ടു വരാനുള്ള സഹചര്യം ഉണ്ടാക്കികൊടുക്കേണ്ടതു പരിഷ്കൃതമായ ഏതൊരു ഗവൺമെൻറിന്റെയും, സർവ്വകലാശാലയുടെയും കടമയിൽപ്പെടുന്നതാണ്.

നിർഭാഗ്യമെന്നു പറയട്ടെ. ഇൻഡ്യയിലെ ഏതു സംസ്ഥാനത്തിനേക്കാളും കേരളം വളരെ പുറകിലാണീക്കാ ര്യത്തിൽ. അക്ഷരാഭ്യാസത്തിൽ നാം ഒന്നാംസ്ഥാനത്തു നിൽക്കുന്നുവെന്നത് പരമാർത്ഥമാണെങ്കിലും വിദ്യാഭ്യാ സത്തിന്റെ ഒരു പരിധികഴിഞ്ഞ് അപ്പുറം കഠിനപ്രയ ത്നത്തിനുള്ള ഉപാസന തുലോംതുച്ഛമാണിവിടെ. എന്തെങ്കിലും ജോലി ലഭിക്കുന്നതുവരെയുള്ള--അതിനു സഹായകമാകുന്ന വിദ്യ അഭ്യസനം മാത്രമായി ശോഷി

ച്ചിരിക്കുകയാണ്‌ അറിവിന്റെ പന്ഥാവ്‌. ജീവിതായോധനത്തിനുവേണ്ടിയുള്ള ചില ഉപകരണങ്ങൾ കരസ്ഥമാക്കുക മാത്രമാണ്‌ നമ്മുടെ കലാലയജീവിതം, അതുകൊണ്ടുതന്നെയാണ്‌ കേരള സർവ്വകലാശാലയ്ക്ക്‌ ഉന്നത ശീർഷകരെന്ന്‌ എടുത്തുപറയുവാൻ സാധിക്കുന്ന തലക്കനമുള്ള പണ്ഡിതാഗ്രേസരൻമാരെ ഇതുവരെയും സൃഷ്ടിക്കുവാൻ സാധിക്കാതെ പോയിട്ടുള്ളത്‌. നമ്മുടെ ഉന്നത വിദ്യാഭ്യാസവും വിജ്ഞാനതൃഷ്ണയോ, ഗവേഷണ ഔൽസുക്യമോ, പ്രചോദനം ചെയ്യുന്നവയല്ല. ഈ അടുത്തയവസരത്തിൽ യൂണിവേഴ്സിറ്റി ഗ്രാന്റ്സ്‌ കമ്മിഷൻ ചെയർമാൻ ഇതിനെ ചൂണ്ടി സംസാരിച്ചത്‌ അനുസ്മരണീയമാണ്‌. ഇന്ത്യയിലെ മറ്റെല്ലാ യൂണിവേഴ്സിറ്റികളിലും ഗവേഷണത്തിനുള്ള സൌകര്യങ്ങൾ വർദ്ധമാനമാക്കിക്കൊണ്ടിരിക്കുന്നു. അതിനു ഒരുമെടുക്കുന്ന ജിജ്ഞാസുക്കൾക്ക്‌ നിർല്ലോഭം പ്രോൽസാഹനങ്ങൾ നൽകുന്നു. സാമ്പത്തിക ക്ലേശങ്ങളില്ലാതിരിക്കുവാൻ വേണ്ട കൂടുതൽ ആനുകൂല്യങ്ങൾ ലഭിക്കുന്നു. അതിന്റെ ഫലമായി അറിവിന്റെ വിവിധ മണ്ഡലത്തിൽ പ്രവർത്തന നിരതരായ കർമ്മയോഗികൾ ഇവിടെ അണിനിരക്കുന്നു. ഏതെങ്കിലും ഒരു ശാസ്ത്രത്തിലൊ വിഷയത്തിലോ, അവസാനവാക്കു പറയാവുന്ന ആധികാരിക വക്താക്കൾ ഓരോ സർവകലാശാലയിലും പേരിനെങ്കിലും ഇവിടങ്ങളിൽ ഉണ്ട്‌. പൊതുവെയുള്ള വിദ്യാഭ്യാസ നിലവാരമോ, അക്ഷരജ്ഞാനമോ വളരെക്കുറവാണ്‌ ഇവിടങ്ങളിലെങ്കിലും അറിയാനും പഠിക്കാനും, കൂടുതലറിയാനുമായി ജീവിതാർപ്പണം ചെയ്തിട്ടുള്ള മഹാൻമാരായ പണ്ഡിതൻമാർ ഒട്ടനവധിയുണ്ടിവിടെ. ഇതിന്റെ നേരെ വിപരീതസ്ഥിതിയാണ്‌ നമ്മുടെ നാട്ടിൽ, വിദ്യാഭ്യാസമുള്ളവർ ധാരാളം. ഏറെക്കുറെ മുഴുവൻ തന്നെ അക്ഷരാഭ്യാസമുള്ളവരായിത്തീരാൻ അധികം സമയം വേണ്ടിവരില്ല, അതെ സമയം ഏതെങ്കിലും വിഷയത്തിൽ ഗൌരവമായ പഠനം നടത്തുന്നവരൊ തപശ്ചര്യയോടുകൂടി സത്യാന്വേഷണ തല്പരത കാട്ടു

നമ്മെ വട്ടപൂജ്യമായി പരിണമിച്ചുകൊണ്ടിരിക്കുകയു ണ്ടാണ്. ജീവിതത്തിലെ എല്ലാ മണ്ഡലങ്ങളിലും ഒരു തരം പുഴുക്കുത്ത് ബാധിക്കുവാനുള്ള കാരണം നിസ്സം ശയവും നിരാശ്രയത്വവും അവകാശപ്പെടുവാനൊക്കുന്ന നേതാക്കന്മാരുടെ അഭാവമാണെന്ന് നിസ്സംശയം പറയാം.

ഈ അവസ്ഥാവിശേഷം സൃഷ്ടിക്കുവാൻ പോകുന്ന വിനാശകരമായിരിക്കും.. കുരുടൻ കുരുടനെ നയിക്കുന്നു ണ്ടാകുന്ന സ്ഥിതിയാണുണ്ടാകുവാൻ പോകുന്നത്. ഇതിനു പരിഹാരം കാണേണ്ടതു ഗവൺമെന്റും യൂണിവേഴ്സി റ്റിയും സാംസ്കാരിക സംഘടനകളുമാണ്, ഗവേഷണ ത്തിനു നമ്മുടെ യൂണിവേഴ്സിറ്റി സ്ക്കോളർഷിപ്പുകൾ നൽകുന്നുണ്ട്. ഈ ഗവേഷണത്തിനു വരേണ്ടവർ എം. എ യോ, എം. എസ്സ് സി യോ ഒന്നാംക്ലാസ്സിലോ, രണ്ടാംക്ലാസ്സിലോ പാസ്സായവരായിരിക്കണം. പോ സ്റ്റ്ഗ്രാഡുവേറ്റിനു ഉദ്യോഗത്തിനു പോയാൽ കിട്ടു ന്നതിനെക്കാളും ആകർഷകമായ തുക യൂണിവേഴ്സിറ്റി നൽകുവാൻ തയ്യാറായാൽ മാത്രമെ മിടുക്കൻമാരും സമർ ത്ഥരുമായ നമ്മുടെ ബുദ്ധിജീവികളെ അവരുടെ ഗവേഷ ണം പൂർത്തിയാക്കുവാൻവേണ്ടി ലഭിക്കുകയുള്ളു. നമ്മു ടെ സർവ്വകലാശാല കാട്ടുന്ന ഈ പിശുക്കാണ് പ്രധാന മായും സിജ്ഞാസയെ കുഴിച്ചുമൂടുന്നത്. നമ്മുടെ ഉന്നത വിദ്യാഭ്യാസത്തിലുള്ള ഈ കുറവുപരിഹരിക്കുവാൻ സർ വ്വകലാശാലക്കുള്ള ഉത്തരവാദിത്വത്തിൽ നിന്നും ഒഴിയു ന്നതു ശരിയല്ല.

അതുപോലെ തന്നെ കേരളത്തിൽ സർക്കാർതലത്തി ലും ഗവേഷകർക്ക് യാതൊരു പ്രോത്സാഹനവും ലഭി ക്കുന്നില്ല. വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിനു ഓരോ വർ ഷവും കഴിവും സന്നദ്ധതയുമുള്ള ഒന്നോ രണ്ടോ പേരെ അയയ്ക്കുവാനും കൂടുതൽ അഭ്യസനത്തിനും ഗവേഷണത്തിനും അയയ്ക്കുവാനുള്ള ഒരു പദ്ധതിയുണ്ടാകുവാനും ഇന്ത്യയിലെ ഇതര സ്റ്റൈറ്റുകൾ

റുകളിൽ ചെയ്യുന്നതെങ്കിലും നമുക്കനുകൂലമായ കാര്യത്തിൽ ചെയ്യാവുന്നതെയുള്ളു. ഗവേഷകരുടെ മുമ്പിൽ കൂടുതൽ പ്രയാസങ്ങൾ സൃഷ്ടിക്കുകയെന്നതിൽ കവിഞ്ഞ് അനുകൂലമായ യാതൊരു പ്രോത്സാഹനവും ഇക്കാര്യത്തിൽ സർക്കാരിൽ നിന്നുണ്ടാകുന്നില്ല. മറ്റു സ്ഥലങ്ങളിൽ പലയിടങ്ങളിലും പുരാരേഖാവകുപ്പ് ഗവേഷണ സൗകര്യങ്ങൾ ചെയ്യുന്നുണ്ട്. അവർ പുരാതന രേഖകൾ പ്രസിദ്ധീകരിക്കുന്നു. അവ പരിശോധിക്കുവാൻ വരുന്നവർക്ക് സകലവിധ സഹായസഹകരണവും ചെയ്യുന്നു. എന്നാൽ ഏറ്റവും താരുമാറായികിടക്കുന്ന ഒരുവകുപ്പാണ് കേരളത്തിൽ പുരാരേഖകളുടേത്. ഇതിനെ ഏകോപിപ്പിച്ച് സമർത്ഥമായ രീതിയിൽ സംഘടിപ്പിക്കേണ്ടത് നമ്മുടെ സംസ്കാരത്തോടും ജനതയോടും ചരിത്രത്തോടും ചെയ്യാവുന്ന നീതിമാത്രമായിരിക്കും. ഉൽസുകനായ ചരിത്രാന്വേഷകന് അനായസേന പരിശോധനാ വിധേയമാക്കത്തക്ക രൂപത്തിൽ നമ്മുടെ പുരാരേഖകൾ പുനഃസംവിധാനം ചെയ്യേണ്ടതായുണ്ട്. അതിന് ഭാവനയും സാധനയും മുതൽമുടക്കുവാൻ തയ്യാറുമുണ്ടാകണം. കേരള ഗവൺമെൻറിന് ഇക്കാര്യത്തിലുള്ള അലംഭാവം പ്രധാനമായും ജനപക്ഷത്തുനിന്നുള്ള സമ്മർദ്ദത്തിൻെറ കുറവുകൊണ്ടാകാനെ വഴിയുള്ളു. പക്ഷെ അതിനാവശ്യപ്പെടണമെങ്കിൽ അതുപയോഗിക്കുവാൻ കഴിവുള്ളവരുണ്ടാകേണ്ടത് പ്രാഥമികമായ ആവശ്യമാണ്. ഇതും ഇതേ സ്ഥിതിയിലെത്തുവാൻ കാരണം ഗവേഷകരുടെ കുറവുതന്നെയാണ്. എന്നു കരുതി ചെയ്യേണ്ടത് ചെയ്തില്ലെങ്കിൽ അതിൻെറ ഭവിഷ്യത്ത് ഭയാനകമായിരിക്കും. അതോർത്താൽ നന്ന്.

7

വിചിത്രമായ ചില ചരിത്രരേഖകൾ

മലയാളക്കരയിൽ തീരെ വളർന്നിട്ടില്ലാത്ത ഒരു ശാസ്ത്രശാഖയാണ് ചരിത്രം. ചരിത്രം ശാസ്ത്രമാണോ എന്നു [illegible] ആശങ്കിക്കുന്നവരും അഭിപ്രായപ്പെടുന്നവർ കൂടി [illegible]. സമൂഹത്തിന്റെ ക്രമാനുഗതമായ വളർച്ചയുടെ [illegible]യാണ് ഏതു നാട്ടിലേയും ചരിത്രം. എന്നാൽ സമൂഹത്തിന്റെ വിഘടനാ സ്വഭാവം നമ്മുടെ രാഷ്ട്രത്തെ [illegible] അതിന്റെ സാക്ഷാത്തായ സാംസ്ക്കാരിക സമ്പ [illegible]വതന്നെ കാർന്നുതിന്നുകളഞ്ഞ കഥ നമുക്കൊക്കെ അറി [illegible]താണ്. തൻമൂലം സാമൂഹ്യഘടനയിൽ അതിപ്രധാ [illegible]യി അധികാരം കയ്യാളുവാൻ സാധിച്ച ന്യൂനപക്ഷം [illegible]യായ ഭൂരിപക്ഷത്തിന്റെ കഥ മനപൂർവ്വമായി മറച്ചു [illegible]യാണ് ചെയ്തത്. അതിന്റെ ഫലമായി വസ്തു [illegible]മായ ചരിത്രരചനയ്ക്ക് ആവശ്യമായ അടിസ്ഥാന [illegible]തന്നെ നമുക്ക് ഇല്ലാതെയായി.

അറബിസഞ്ചാരികൾക്കുശേഷം കേരളവുമായി നേരിട്ട് [illegible] പുലർത്തുകയും ഇവിടെ രാഷ്ട്രീയമാൽസര്യ [illegible] നിരന്തരം നടത്തുകയും ചെയ്ത പോർച്ചുഗിസുകാ [illegible] വരവോടുകൂടിയാണ് കുറെ ആധികാരിക ചരിത്ര [illegible] ഉണ്ടാവുന്നതുതന്നെ. എന്നാൽ വിദേശികളും അവ [illegible] രാഷ്ട്രീയമാൽസര്യത്തിനും, അനുവർത്തിച്ചുപോന്ന [illegible] യങ്ങൾക്കും നിദാനമായി എഴുതിവെച്ച രേഖകളും

പലപ്പോഴും പക്ഷാഭേദപരമാണ്. വിദേശികളായ്മകളായിരുന്ന പറങ്കികളും, ലന്തക്കാരും, ഫ്രഞ്ചുകാരും, ഇംഗ്ലീഷുകാരും എല്ലാംതന്നെ ഇവിടെ വാണിജ്യവ്യവസായ കിടമൽസരങ്ങളും നടത്തിയതിന്റെ ഫലമായി ശത്രുതയിലും സംഘട്ടനത്തിലും കഴിയുകയുമായിരുന്നു—ഇവരെല്ലാം തന്നെയും അവരവരുടേതായിട്ടുള്ള ഒട്ടനവധി ഗ്രന്ഥങ്ങളും ഓർമ്മക്കുറിപ്പുകളും ഡയറികളും രേഖകളും സൃഷ്ടിച്ചിട്ടുള്ളവരാണ്. ഒന്നിനൊന്ന് വിരുദ്ധമായി തോന്നാവുന്ന പ്രസ്താവങ്ങളുംതന്നെ ഒരേ സംഭവത്തെപ്പറ്റി പലരും എഴുതിവെച്ചിട്ടുണ്ട്. സ്വന്തം പ്രവർത്തികളുടെ ന്യായീകരണത്തിനുവേണ്ടിയും, അന്യായമായി ചെയ്തുപോയ ക്രൂരതകളെ മറച്ചുവെയ്ക്കുവാനും തങ്ങളുടെ എതിരാളികളെ താഴ്ത്തിക്കെട്ടുവാൻവേണ്ടിയും ചരിത്രരചന ബോധപൂർവ്വം നടത്തിയിട്ടുള്ളവരും ഇക്കൂട്ടത്തിൽ ധാരാളമുണ്ട്. ഉദാഹരണത്തിന് ഇംഗ്ലീഷ് ചരിത്രകാരൻമാർ അവരുടെ ഏറ്റവും കൊടിയ ശത്രുവായിരുന്ന മൈസൂർ സുൽത്താൻമാരെപ്പറ്റി പറഞ്ഞാലൊടുങ്ങാത്തത്ര കള്ളരേഖകൾ കെട്ടിച്ചമച്ചിട്ടുണ്ട്. ഫ്രെഞ്ചുകാരാലിയുടേയും ടിപ്പുവിന്റേയും നാമധേയത്തിൽ പലവിളംബരങ്ങളും പിന്നീടുള്ള ചരിത്രകാരൻമാർ എഴുതിവെച്ചു. ടിപ്പുവിന്റെ ഒരോർമ്മക്കുറിപ്പും ഒരാത്മകഥയും ഇവർ പ്രസിദ്ധപ്പെടുത്തി. പിന്നീടുള്ള ചരിത്രകാരൻമാർ ഈ വക രേഖകളുടെ ആധികാരികസ്വഭാവം വിശകലനം ചെയ്ത് മനസ്സിലാക്കാഞ്ഞതിന്റെ ഫലമായി മനഃപൂർവ്വമായി എഴുതിവിട്ട ചരിത്രവങ്കത്തങ്ങളും പലരും ആവർത്തിക്കുവാൻ ഇടവന്നു. ആധുനിക ചരിത്രഗവേഷകന് ഏറ്റവും പ്രയാസം സൃഷ്ടിക്കുന്നവയാണ് ഈ സ്ഥിതിവിശേഷം. തൻമൂലം ചരിത്രരേഖകളെ ആധാരമാക്കുമ്പോഴും വളരെ മനസ്സാന്നിദ്ധ്യവും വിവേചനാവൈഭവവും അനിവാര്യമാണ്. അതില്ലാതെ പോയാൽ രേഖകളും എത്രതന്നെ സമകാലികങ്ങളാണെങ്കിലും അബദ്ധം പിണയുക സ്വാഭാവികമാണ്.

ഏതു് സംവേത്തെ അധികരിച്ചായാലും വിവിധങ്ങളായ അഭിപ്രായങ്ങളും രേഖകളും തൽപരകക്ഷികൾ ഹാജരാക്കുന്നു. ഇന്നും പതിവുള്ളതാണല്ലോ. അവയുടെ ആധികാരികത്വം വസ്തു നിഷ്ഠമായി വിലയിരുത്തുവാൻ ആധുനിക രാഷ്ട്രങ്ങളിലൊക്കെ നീതിനിഷ്ഠരായ ന്യായാധിപൻമാരാൽ അലംകൃതമായ നിയമക്കോടതികൾ നിലനിൽക്കുകയും ചെയ്യുന്നു. എന്നാൽപോലും ചില സന്ദർഭങ്ങളിൽ കുറ്റവാളികൾ ശിക്ഷിക്കപ്പെടാതെ രക്ഷപ്പെടുന്ന സന്ദർഭങ്ങൾ ദുർല്ലഭമല്ല. അപ്പോൾ കഴിഞ്ഞകാല ചരിത്ര നിർമ്മാണത്തിനൊരുങ്ങുന്ന ഒരാധുനിക വിദ്യാർത്ഥിയുടെ പ്രയാസങ്ങൾ ഊഹ്യമാണല്ലോ. പലപ്പോഴും ഉത്തരവാദിത്വമുള്ള രേഖകളുടെ അഭാവവും സംശയാതീതമല്ലാതിരിക്കാനുള്ള അവസ്ഥയും നിർമ്മാണാത്മകമായ ചരിത്രരചന ദുഷ്ക്കരമാക്കുന്നതാണ്. അതോടൊപ്പം സത്യസന്ധമായ കാര്യങ്ങളെ ഒളിച്ചുവെക്കുവാനും വാസ്തവവിരുദ്ധമായ സംഗതികളെ പ്രചരിപ്പിക്കുവാനും മനഃപൂർവ്വശ്രമവും കൂടി നടത്തിയിട്ടുണ്ടെങ്കിലുള്ള സ്ഥിതി എത്രമാത്രം ഉപദ്രവകരവും ബുദ്ധിമുട്ടേറിയതുമായിരിക്കുമെന്ന് ഊന്നിപറയേണ്ടതില്ലല്ലോ.

മനഃപൂർവ്വമായി നിരവധി വങ്കത്തങ്ങളും കള്ളക്കഥകളും കൊണ്ട് നിറച്ചതാണ് ഇന്നത്തെ നിലവിലുള്ള ഇൻഡ്യാചരിത്രം. ഇംഗ്ലീഷുകാർക്ക് ഈ രാജ്യം അടക്കിയൊതുക്കി ഭരിക്കണമെങ്കിൽ ഇവിടത്തെ ഹിന്ദുമുസ്ലീം സമുദായങ്ങളെ ഭിന്നിപ്പിച്ചുതന്നെ നിറുത്തേണ്ടതാവശ്യമായിരുന്നു. ചരിത്രം ഒരു പഠന വിഷയമായി ഇൻഡ്യയിൽ സ്ഥാപിച്ച സ്കൂളുകളിലും കോളേജുകളിലും നടപ്പിലാക്കുന്നത് ഇംഗ്ലീഷ് ഭരണകൂടമായിരുന്നു. ഇതുതലമുറകളിടയിൽ അന്യോന്യം പകയും വിദ്വേഷവും പരത്തുവാൻ ഇത്രയും പറ്റിയ ഒരുപകരണം മറ്റൊന്നില്ലെന്ന് അവർ ശരിക്കും മനസ്സിലാക്കിയതിന്റെ പേരിൽ മദ്ധ്യകാല ഘട്ടത്തിലെ മുസ്ലീം ഭരണത്തെ മതധ്വംസനത്തിന്റേയും മർദ്ദനത്തിന്റേയും കിരാത ഭരണമായി ചിത്രീകരിക്കുക

യാണ് ചെയ്തത്. ഹൈന്ദവസഹോദരങ്ങൾ ഇക്കഥകൾ വിശ്വസിച്ചുപോരികയും ചെയ്തു. അങ്ങിനെ ഇരുസമുദായങ്ങൾക്കിടക്കും സ്പർദ്ധയും ലഹളയുണ്ടാക്കത്തക്കവണ്ണം വളരെ നിപുണതയോടുകൂടി വർഗ്ഗവിദ്വേഷത്തിന്റെ വിത്ത് വിതക്കുകയും ചെയ്തു. അതിന്റെ തിക്തഫലം ഇന്നും നാമനുഭവിച്ചു കൊണ്ടിരിക്കുന്നുവെങ്കിലും എവിടെയാണ് അനൈക്യത്തിന്റെ വേര് ആണ്ടിറങ്ങിയിട്ടുള്ളതെന്ന് നാം ആരാഞ്ഞിട്ടില്ല. അതാണ് ഇന്നും ഈ രാജ്യത്ത് സാമുദായിക കലഹങ്ങളും വർഗ്ഗവർണ്ണവ്യത്യാസങ്ങളും നിലനിൽക്കുന്നത്.

ഇവിടെ വ്യവഹരിക്കാനുദ്ദേശിക്കുന്ന പ്രമേയം വ്യത്യസ്തമാണ്. ഏതുവിധത്തിലാണ് ഈ ചരിത്രാഭാസങ്ങളെ വിശ്വസിപ്പിക്കത്തക്കവണ്ണം വിദഗ്ദ്ധമായി ഇവർ പടച്ചൊപ്പിച്ചത്? അതിന്റെ ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടുക മാത്രമേ ഇപ്പോൾ ഉദ്ദേശിക്കുന്നുള്ളു. ചരിത്രരേഖകളെ വളച്ചൊടിച്ചും തെറ്റായ നിർവ്വചനങ്ങൾ നൽകിയും പല ബുദ്ധിമുട്ടുകളും സൃഷ്ടിച്ചിട്ടുള്ളതിന്നു പുറമെ നിരവധി കള്ളരേഖകൾകൂടി ഉണ്ടാക്കിയിട്ടുണ്ടെന്നതാണ് പരമാർത്ഥം.

വസ്തുതകളുടെ നിജസ്ഥിതി ശരിക്കും മനസ്സിലാക്കാൻ സാദ്ധ്യമാകാത്തതുകൊണ്ട് അന്നുള്ള ആളുകൾ അവരുടെ മേലുദ്യോഗസ്ഥൻമാർക്കും സുഹൃത്തുക്കൾക്കും മറ്റുമായി എഴുതിയിട്ടുള്ള കത്തുകളും അഭിപ്രായങ്ങളും ഒക്കെയാണ് അവ. സമകാലീനർ എഴുതിയെന്നതുകൊണ്ടു മാത്രം അവ അപ്പടി സ്വീകരിക്കുന്നത് അബദ്ധമായി പോകും. ഒരു രേഖ കയ്യിൽകിട്ടുമ്പോഴേക്കും അതിലെ ഉദ്ധരണികളുമായി സംഭവത്തിന്റെ ആധികാരികതയെക്കുറിച്ച് ആണയിട്ടതുകൊണ്ട് ചരിത്രവസ്തുത പുറത്തുകൊണ്ടുവന്നു എന്നു ഭാവിക്കുന്നത് ഒരിക്കലും ശരിയായിരിക്കുകയില്ല. ഉദാഹരണത്തിനായി ചില സമകാലിക രേഖകൾ ഉദ്ധരിക്കാം.

പൂനാ റെസിഡൻസിയിലെ ഇംഗ്ലീഷ് സ്ഥാനാപതിയായിരുന്ന മേജർ ഡണ്ലപിയു. മാലഥ മദ്രാസ്സിലെ ഗവർണ്ണർ സ്തുതനായ തോമസിനു 1790 മാർച്ച് മാസം 24-ാനു എഴുതിയ കത്തുകളിൽനിന്നാണിത്. ടിപ്പുസുൽത്താന്റെ സൈന്യവിഭാഗവും തിരുവിതാംകൂർ സൈന്യവും തമ്മിൽ 1789 ഡിസംബർ 29-ൽ വെടിക്കോട്ടക്കടുത്ത് പാർവെച്ച് ഒരു സംഘട്ടനമുണ്ടായി. ഒരതിർത്തിക്കുഴപ്പം എന്നതിൽ കവിഞ്ഞൊന്നും അതിനുണ്ടായിരുന്നില്ല അത്. എന്നാൽ നമ്മുടെ ചരിത്രകാരൻമാർ അതിനെയും അത് ഒരു ഭയങ്കരയുദ്ധവും ടിപ്പു ഉംപ്പടെ പലരിലും സാരമായ പരിക്കുകൾകൂടി പറഞ്ഞിയ ഒരു സംഭവവുമാക്കിയാണ്. യഥാർത്ഥത്തിൽ ടിപ്പു ഇതു അറിയുകപോലും ചെയ്തിരുന്നില്ലെന്നതാണ് പരമാർത്ഥം. എന്നാൽ ടിപ്പുവിന്റെ കാലൊടിഞ്ഞെന്നും ടിപ്പു തൻമൂലം മുടന്തനായെന്നുമാണ് ഇംഗ്ലീഷ് ചരിത്രപക്ഷം. അതിന്റെ സ്ഥാനം ന്യായതയിലേക്ക് കടക്കുകയല്ലല്ലൊ ഇവിടെ ഉദ്ദേശം. അക്കാലത്തുകൂടി ടിപ്പുവിനു പരിക്കുപറ്റിയെന്ന പ്രചാരണമുണ്ടായിരുന്നു. അതിനെ സംബന്ധിക്കുന്നതാണ് മുകളിൽ പറഞ്ഞ എഴുത്ത്. അതിങ്ങനെ തർജ്ജമ ചെയ്യാം.

"എനിയ്ക്കിപ്പോൾ ഈ വിവരം രാജ്യത്തിന്റെ തെക്കെ അതിർത്തിയിൽനിന്നും ലഭിച്ചതാണ്. ഈ പ്രദേശത്തു നിന്നും ശത്രുക്കളുടെ അവശേഷിച്ച കുതിരപ്പടയാളികൾ ശ്രീരംഗപട്ടണത്തെ ലക്ഷ്യമാക്കി നിങ്ങിക്കൊണ്ടിരിക്കുകയാണ്. നഗരങ്ങളിലേയും ഗ്രാമങ്ങളിലേയും റോഡുകൾ തടസ്സമില്ലാതെ കടന്നുപോകുന്നതിനുവേണ്ടി കേടുപാടുകൾ തീർക്കുവാൻ ടിപ്പു കൽപന കൊടുത്തിട്ടുണ്ട്.

ടിപ്പുവിനു മുറിവുപറ്റിയെന്ന സംഗതി ഈ പ്രദേശങ്ങളിലൊന്നും സംസാരവിഷയമായിട്ടില്ല. പക്ഷെ മീർ ഖമറുദ്ദീൻഖാൻ തിരുവിതാംകൂർ അതിർത്തിയിൽ നടന്ന പോരാട്ടത്തിൽവെച്ച് ദിവംഗതനായിഎന്നാണറിയുന്നത്."[1]

1. Poona Residency Correspondance Vol. III-No. 81, P. 89.

ഇത്തരം ഒരു രേഖ കയ്യിൽ കിട്ടിയാൽ അതു ശരിയാണോ തെറ്റാണോ എന്നുപോലും സംശയിക്കാതെ അപ്പടിവിശ്വസിച്ചുപോയെന്നുവരും, ഇതിലെ ഏറ്റവും ക്രൂരമായ അസത്യം മീർ ഖമറുദ്ദീൻഖാൻ മരണമടഞ്ഞു എന്ന വാർത്തയാണ്. അദ്ദേഹം ടിപ്പുവിന്റെ മരണത്തിനുശേഷവും ജീവിച്ചിരുന്ന അദ്ദേഹത്തിന്റെ വിശ്വസ്ഥരിൽ ഒരാളായിരുന്നു. ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങളും പ്രൊഫസ്സർ മുഹബ്ബുൽ ഹസ്സൻഖാന്റെ ''ടിപ്പുസുൽത്താൻ'' എന്ന ഗ്രന്ഥത്തിൽ 161-ാം പേജിൽ നിന്നും ലഭിക്കും.

മാലറത്തന്നെ 1790 ഏപ്രിൽ 11 ന് എഴുതിയ കത്തിൽ ബോംബെ ഗവർണ്ണർ ആബർ ക്രോംബിയെ ഈ വിവരം തന്നെ അറിയിക്കുന്നത് മറ്റൊരു തരത്തിലാണ് എഴുത്തു താഴെ കൊടുക്കുന്നു.

''തിരുവിതാംകൂർ അതിർത്തിയ്ക്കു സമീപമുള്ള ടിപ്പുവിന്റെ പാളയത്തിൽനിന്നും ഇവിടെ ഇപ്പോളെത്തിയ വിശ്വസ്ഥനായ ഒരാൾ നൽകിയ വിവരണമാണറിയിക്കുന്നത്. അയ്യാൾ ഫെബ്രുവരി മദ്ധ്യത്തിൽ മാത്രമാണ് അവിടെനിന്നും പോന്നത്. അയ്യാൾ ടിപ്പുവെ ആ മാസമാദ്യം നേരിൽ കണ്ടിരുന്നുവെന്നും ടിപ്പു അരോഗദൃഢഗാത്രനായി കാണപ്പെട്ടുവെന്നും ടിപ്പുവിനു മുറിവു പറ്റിയിരുന്നില്ലെന്നും, എന്നോട് ദൃഢമായി പറയുന്നു. എന്നാൽ ടിപ്പുവിന്റെ ബന്ധുവായ ഖമറുദ്ദീൻഖാന് മാറിൽ രണ്ടു നല്ല മുറിവുകളും ഏറ്റിട്ടുണ്ടായിരുന്നുവെന്നും അവ ഭേദപ്പെട്ടുകൊണ്ടിരിക്കുന്നുവെന്നും ഇതുമൂലം അദ്ദേഹത്തിന്നപായമൊന്നും വരാനിടയില്ലെന്നും ഇയ്യാൾ തുടർന്നറിയിക്കുന്നു.....''[2]

ഇങ്ങിനെ പോകുന്നു ഈ എഴുത്ത് ആദ്യത്തെ കത്ത് മാത്രം കാണുന്ന ഒരാളുടെ സ്ഥിതിയും ഇവ രണ്ടുംകൂ

2. I bid Voll III, No. 88, P. 100.

ിക്കാണാൻ സാധിക്കുന്നയാളുടെ കാര്യവും നിഗമനങ്ങ ളിൽ രണ്ടായിരിക്കും. കാരണം ഇവ രണ്ടും ഒറ്റയാളുടെ ഒരേ സംഭവത്തെക്കുറിച്ചുള്ള എഴുത്തുകളാണ്.

വേറെ ഒന്നുരണ്ടു എഴുത്തുകൂടി ഉദാഹരണത്തിനാ യി എടുക്കാം. ടിപ്പു മരിച്ചത് 1799-ൽ 4-ാം മൈസൂർ യുദ്ധത്തിൽ ശ്രീരംഗപട്ടം കോട്ടയ്ക്കകത്തുവെച്ച് ഇംഗ്ലീ ഷു പടയാളികളുടെ വെട്ടും വെടിയും ഏറ്റിട്ടാണെന്നു പ്രസിദ്ധമാണല്ലോ. എന്നാൽ അദ്ദേഹത്തിന്റെ മരണം കൊതിച്ചിരുന്ന വിരോധികൾക്ക് ഇതിനെത്രയോമുമ്പുത ന്നെ ടിപ്പു മരിച്ചുകഴിഞ്ഞിരുന്നു. കേൾക്കുക. ഹൈദ രാബാദിലെ റസിഡണ്ടായിരുന്ന ജോൺ കെന്നഡി, ഗവർണ്ണർ ജനറൽ കോൺവാലീസ് പ്രഭുവിന് 1790 ഫെബ്രുവരി 26-ാംന- എഴുതുന്ന കത്താണിത്. ''ടിപ്പുവിന്റെ ക്യാമ്പിൽ നിന്നും ലഭിച്ച ഒരു രഹസ്യരേഖയിൽ നിന്നറിയുന്ന വിവര മാണ് എഴുതുന്നത്-രഹസ്യസേവകൻമാരിൽനിന്നും ഇവി ടെ നവാബ് അറിഞ്ഞ വിശേഷമാണിത്. ടിപ്പുനായിക് രാഴ്ചക്കാലത്തെ സുഖക്കേടിന്നുശേഷം ജമാദുൽ അവ്വൽ 10-ന് അതായത് 1790-മാമാണ്ട് ജനുവരി 5-ാംന- മരണ പ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ സൈന്യത്തിൽ പടർ ന്നുപിടിച്ചിട്ടുള്ള ഒരു പകർച്ചവ്യാധിമൂലമാണ് ഇത് സംഭ വിച്ചത്''[1].

1790 മാർച്ച് 16-ാംന- വീണ്ടും ജോൺ കെന്നഡി ഗവർ ണ്ണർ ജനറൽ അറിയുവാനായി ഇപ്രകാരം എഴുതി. ''റബീ ഉൽഅവ്വൽ 22-ന് (ജനുവരി 9-ന്) ടിപ്പുനായിക് കാല ഗതിയടഞ്ഞു എന്ന വാർത്ത ശ്രീരംഗപട്ടത്തുനിന്നും ഇപ്പോഴ റിഞ്ഞു. അദ്ദേഹത്തിന് മുറിവുപറ്റി മൂന്നു ദിവസ ത്തിനുശേഷമാണ് ഇത് സംഭവിക്കുന്നത്. അദ്ദേഹത്തി ന്റെ കുടുംബം ദുഃഖാർത്തരായി കഴിയുകയാണ്. സൈന്യ ങ്ങൾ കലാപംവെച്ച് പിരിഞ്ഞുപോകാതിരിക്കുന്നതിന്നു

1. National Archives of India original Receipts, No. 93, S. No. 30.

വേണ്ടി അദ്ദേഹത്തിന്റെ സൈനികമേധാവികളും ഇപ്പോഴും ടിപ്പു ജീവിച്ചിരിക്കുന്നുവെന്ന് പ്രചരണം നടത്തുന്നുണ്ട്. മറിച്ചുപറയുന്നവരെ തുറുങ്കിലടക്കുകയാണ് ചെയ്യുന്നത്. കണ്ണൂർ നവാബ് ധാരാളം സമ്മാനങ്ങളും കൊടുത്തു. ടിപ്പുവിന്റെ പാളയത്തിലെ വിവരങ്ങൾ ശേഖരിക്കുവാൻ ആളുകളെ പറഞ്ഞയച്ചിട്ടുണ്ട്. അവർ വേഗം മടങ്ങിവരും. അതിനുശേഷം ലഭിക്കുന്ന വിവരം അപ്പോഴപ്പോൾ അറിയിക്കുന്നതാണ്. കോഴിക്കോട്ടെ ജമീന്ദാരുടെ (സാമൂതിരി) ആളുകളും കുന്നിൻകൂട്ടങ്ങൾക്കിടയിൽ സുരക്ഷിതങ്ങളായ കോട്ടകളും കെട്ടി ഉറപ്പിച്ചുനിന്നിരുന്നു. അവരെ ജനുവരി 4-ന- (1790) ടിപ്പു ഒരു വലിയ സൈന്യത്തോടുകൂടി ആക്രമിച്ചു. എന്നാൽ ഈ യുദ്ധത്തിൽ ടിപ്പുവിന് മൂന്ന് വെടിയുണ്ടകളും ഏറ്റു പരിക്കുപറ്റുകയും ഒരമ്പു ഏൽക്കുകയും ചെയ്തു.''[4]

കോഴിക്കോടുവെച്ച് ഇത്തരം ഒരു സംഭവംപോലും ഉണ്ടായിട്ടില്ല. ടിപ്പുവിന് അവിടെവെച്ചു മുറിവു പറ്റുകയൊ തൻമൂലം അദ്ദേഹം മരിക്കുകയോ ചെയ്തിട്ടില്ലെന്നും നമുക്കറിയാം. പിന്നെയും ഒമ്പതുകൊല്ലങ്ങൾക്കു ശേഷമാണു ടിപ്പു തന്റെ സന്ധിയില്ലാത്ത ഇംഗ്ലീഷു വിരോധസമരരീതിന്റെ അന്ത്യം കുറിച്ചത്. മരിക്കുന്നതിനെത്രയോമുമ്പ് മുതൽ ഇംഗ്ലീഷു പടനായകൻമാർ അദ്ദേഹത്തെ അവരുടെ സംഭാഷണങ്ങളിൽ കൂടിയും എഴുത്തുകളിൽകൂടിയും കൊന്നുകൊണ്ടിരുന്നു. ധീരനായ ആ പടനായകൻ ഇംഗ്ലീഷുകാർക്ക് ഒരു പേടിസ്വപ്നമായിരുന്നു, എന്നതാണതിനു കാരണം. അദ്ദേഹത്തെ വകവരുത്തുവാൻ അവർ ആത്മാർത്ഥമായി ആശിച്ചിരുന്നതിന്റെ മാനസിക പ്രക്രിയയാണ് ഈ കഞ്ഞുകളിൽ മുഴുക്കെ ദർശിക്കുക. ഇത്തരം ചരിത്രരേഖകളെ ആധികാരികമാണെന്നു ധരിച്ചുപോയാൽ പറഞ്ഞാവുന്ന അബദ്ധം അനുകൃതസിദ്ധമാണല്ലൊ.

4. Ibid-No. 66 S. No. 141.

8

ഒരു പുസ്തകവും കുറെ ചരിത്രകാരൻമാരും

ഇന്ത്യാ ചരിത്രത്തിൽ, ഏതൊരു കാലഘട്ടത്തേക്കാളും കൂടുതൽ ചരിത്രരേഖകളുള്ള കാലമാണ്, ഐദരലിയുടേയും ടിപ്പുസുൽത്താന്റേയും. ഇതിനു കാരണം, ഇംഗ്ലീഷ്, ഫ്രഞ്ച് ചരിത്രകാരൻമാരും, സഞ്ചാരക്കുറിപ്പുകളും എഴുത്തുകുത്തുകളും നടത്തിയിട്ടുണ്ട് എന്നുള്ളതാണ്. ആംഗ്ലോ, ഫ്രഞ്ച് മാത്സര്യങ്ങൾ ഒരു ഭാഗത്ത്, വൈദേശികശക്തികളും ഇന്ത്യൻശക്തികളും അരാരാണ് കൂടുതൽ മിടുക്കൻമാർ എന്നു സ്ഥാപിക്കുവാനും രാഷ്ട്രീയ ആധിപത്യം പുലർത്തുവാനുള്ള സംഘട്ടനങ്ങൾ മറുവശത്ത്, ഇങ്ങിനെ പല നിലയിലും ഏറ്റവും പ്രമാണപ്പെട്ട ഒരു കാലഘട്ടമായിരുന്നു മൈസൂർ നവാബുമാരുടെ ഭരണകാലം. ഫ്രഞ്ചുകാർ അന്തർദേശീയമായിത്തന്നെ ഇംഗ്ലീഷ് വിരോധം പുലർത്തിയിരുന്നു. ഫ്രഞ്ച് വിപ്ലവത്തിനു ശേഷം അവർ നിർണ്ണായക ശക്തിയായി വളർന്നെങ്കിലും രക്തരൂഷിതമായ വിപ്ലവവും അതിനു ശേഷമുണ്ടായ സാമ്രാജ്യ വികസനവും അത്യന്തികമായി പരാജയത്തിലാണ് കലാശിച്ചത്. അന്തർദ്ദേശീയമായി നേരിട്ട ഈ തിരിച്ചടി ഫ്രഞ്ചുകാർക്കു ഇന്ത്യയിലും സംഭവിച്ചു. യൂറോപ്യൻ ശക്തികളിൽ എന്തു കൊണ്ടും സുശക്തമായത് ഇംഗ്ലീഷുകാരാണെന്നും തീർച്ചയായി. എന്നാൽ ഈ വിദേശാധിപത്യത്തോട് എതിരിടുവാൻ ആർ

ജ്ജവവും ചുണയുമുള്ള ഒരു പുതിയ ശക്തി പ്രവാഹമാണ് 18–ാം നൂറ്റാണ്ടിന്റെ പകുതിയോടുകൂടി മൈസൂരിൽ ഉദയം ചെയ്തത്. ഇത് മനസ്സിലാക്കിയ ഇംഗ്ലീഷുകാർ, ഏതു നിലക്കും ഈ ശക്തിയെ നിർമാർജ്ജനം ചെയ്യുവാനുള്ള ഉപായങ്ങളും കൂട്ടുകെട്ടുകളും സന്നാഹങ്ങളും നടത്തി. യഥാർത്ഥത്തിൽ നാല് ആംഗ്ലോ–മൈസൂർ യുദ്ധങ്ങളും ഇന്ത്യയുടെ ഭാഗധേയം ആരിൽ അർപ്പിതമാകണം എന്നുള്ള നിർണ്ണായകമായ ചോദ്യത്തിന് അനിവാര്യമായ ഉത്തരം കാണലായിരുന്നു. അതായത് ഇന്ത്യയും ഇന്ത്യൻജനതയും ആംഗ്ലേയ അധീശത്വത്തിൻ കീഴിൽ കഴിയണമോ, അതോ ഇന്ത്യൻ ദേശീയത്വത്തിന്റെ പ്രതീകങ്ങളായ ഹൈദരാലിഖാന്റെയും ടിപ്പുവിന്റെയും കീഴിൽ സ്വതന്ത്രമായ ഒരു ദേശരാഷ്ട്രമായി വളരണമോ എന്നതാണ് ഈ നാലു യുദ്ധങ്ങളിലേയും ആന്തരികമായ ഘടകം. 1699 ൽ സന്ധിയില്ലാത്ത തന്റെ അവസാന സമരത്തിൽ, ടിപ്പു പടക്കളത്തിൽ മരിച്ചു വീണതോടുകൂടി ഇന്ത്യയുടെ ദേശസ്നേഹത്തിന്റെ–സ്വതന്ത്രമായ ദേശരാഷ്ട്രമെന്ന ആശയത്തിന്റെ–നിരന്തരമായ സാമ്രാജ്യ വിരുദ്ധ സമരത്തിന്റെ, അവസാനത്തെ യവനിക വീഴുകയായിരുന്നു. അങ്ങനെ, ബ്രിട്ടീഷ് ആധിപത്യം ചോദ്യം ചെയ്യപ്പെടാതെ അഭംഗുരം ഈ രാജ്യത്ത് സുസ്ഥാപിതമായി.

ഇത്രയും രാഷ്ട്രീയമായി പ്രധാന്യമുള്ള ഒരു കാലഘട്ടം ഇന്ത്യാ ചരിത്രത്തിൽ വളരെ വിരളമാണ്. അതു കൊണ്ടുതന്നെയാണ് മറേറതൊരു കാലയളവിലും ഉണ്ടായിട്ടില്ലാത്തതിനേക്കാളും അധികം ചരിത്രരേഖകളും ഈ കാലഘട്ടത്തെ ആധാരമാക്കി വിരചിതമായിട്ടുള്ളു. എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ, വളരെ ചുരുക്കം ചരിത്രകാരൻമാർ മാത്രമെ വസ്തുനിഷ്ഠമായി ഈ ആധികാരിക ചരിത്രരേഖകളും, തങ്ങളുടെ ചരിത്രനിർമ്മാണത്തിനു ആസ്പദമാക്കിയിട്ടുള്ളു. അധികമാളുകളും ഇംഗ്ലീഷു

ാരുടെ ഗൂഢാലോചനകളേയും നികൃഷ്ടമായ ചെയ്തി കളേയും മൂടിവയ്ക്കുവാനും രാഷ്ട്രീയമായ ചതിയും കണ്ണിയും ന്യായീകരിക്കുവാനും വേണ്ടി എഴുതിത്തള്ളിയ നാന്നാം തരം ചരിത്ര പുസ്തകങ്ങളെ മാത്രമാണ് ആശ്ര യിച്ചിട്ടുള്ളത്. ഒരു പക്ഷേ ഇന്ത്യയുടെ സ്വാതന്ത്ര്യസമര ചരിത്രത്തിലെ ഒരു കാലഘട്ടത്തിന്റെ ചൈതന്യാത്മക മായ ആത്മസത്ത ഉൾക്കൊള്ളുന്ന മൈസൂർ കാലം, ക്രിയാ ത്മകമായി പുനഃ സംവിധാനം ചെയ്താൽ പുളകം കൊ ള്ളിക്കുന്ന ഇന്നലെയുടെ ആവേശത്തിൽ നിമഗ്നരാവാൻ ഇന്ത്യക്കും ഇന്ത്യക്കാർക്കും സാധിക്കുമായിരുന്നേനെ. എന്നി ട്ടും ഇന്ത്യാ ചരിത്ര രചനയിൽ മൈസൂർ കാലഘട്ടത്തിനു പ്രാധാന്യം കൊടുത്തില്ലെന്നു മാത്രമല്ല, ഉള്ളപരാമർശങ്ങൾ തന്നെ അയുക്തികങ്ങളും മനഃപൂർവമായി മൈസൂർ സുൽത്താന്മാരെ കരിതേയ്ക്കുവാൻവേണ്ടി സൃഷ്ടിച്ച വി കല സന്തതികളുമാണ്. അവയെമാത്രം ആധാരമാക്കി നാം ചരിത്രരചന നടത്തിയാൽ നാം നമ്മോടും നമ്മുടെ സം സ്കാരത്തോടും പൊറുക്കാനവാത്ത അപരാധമായിരിക്കും ചെയ്യുന്നത്.

ഉദാഹരണമായി, ഒരു പുസ്തകത്തേയും അതിനെ ചു റ്റിപ്പറ്റി നമ്മുടെ ചരിത്രകാരന്മാർ എത്തിച്ചേർന്നിട്ടു ള്ള നിഗമനങ്ങളേയും പരാമർശിക്കുന്നത് സൂചന നൽ കിയ കാര്യങ്ങൾ വ്യക്തമാക്കുവാൻ വേണ്ടിയാണ്. ''ഹൈദരലിഖാന്റെയും അദ്ദേഹത്തിന്റെ മകൻ ടിപ്പു സുൽത്താന്റെയും ചരിത്രം'' എന്ന ഒരു പുസ്തകം ഇംഗ്ള ണ്ടിൽ നിന്നും A D 1800–ൽ പ്രസിദ്ധീകരിക്കുകയു ണ്ടായി. ഗ്രന്ഥകർത്താവിന്റെ പേർ കൊടുത്തിരിക്കുന്ന ത് വില്യം. എം. ഡി. എൽ. ടി. എന്നാണ്. ഹൈദരലിഖാന്റെ ആക്രമണത്തെ സംബന്ധിച്ചും മലബാറിലെ കുലീന മുസ്ലീം രാജവംശമായ കണ്ണൂർ രാജവംശത്തെ പ്പറ്റിയും, മലബാറിലെ മാപ്പിളമാരും നായന്മാരും അവിടെ നിലനിന്നിരുന്ന അനാദി കാലത്തെ വൈരാഗ്യ

ത്തിന്റേയും സംഘട്ടനത്തിന്റേയും കഥകളെപ്പറ്റിയും, നമ്മുടെ സാമൂഹിക ആചാരങ്ങളെയും മര്യാദകളെയും കുറിച്ചും ധാരാളം കാര്യങ്ങൾ ഈ പുസ്തകത്തിലുണ്ട്. താൻ ഒരു ഫ്രഞ്ചുകാരനാണെന്നും പുസ്തകത്തിൽ ഗ്രന്ഥകർത്താവ് പരാമർശിക്കുന്നു. ആ നിലക്ക് ഹൈദർ പക്ഷപാതിയാണ് താനെന്ന ബോധം ഉൽബോധിപ്പിക്കുവാനും അദ്ദേഹം പ്രയാസപ്പെടുന്നുണ്ട്. ഈ പുസ്തകമാണ്, നമ്മുടെ ചരിത്രകാരന്മാരെല്ലാവരുംതന്നെ, ഹൈദരാലിഖാന്റെ മലബാർ ആക്രമണത്തിനുശേഷം നടന്ന നായർ ലഹളയെ അടിച്ചമർത്തിയ രീതിയെ പ്രതിപാദിക്കുവാൻ ഉപയോഗപ്പെടുത്തിയിട്ടുള്ളത്. ഹൈദരാലിയെ ക്രൂരനും മതഭ്രാന്തനുമാക്കി ചിത്രീകരിക്കുവാൻ ഈ ഭാഗങ്ങൾ തന്നെയാണ് പതിവായി ഉദ്ധരിക്കാറ്. ഈ പുസ്തകത്തിന്റെ കോപ്പികൾ ഇപ്പോൾ ഇന്ത്യയിൽ ഒട്ടാകെ തന്നെ വളരെ ദുർല്ലഭമായിട്ടുള്ളു. ആ നിലക്ക് അധികം ചരിത്രമെഴുത്തുകാർക്കും ഈ പുസ്തകം അനായാസേന ലഭിക്കുക പ്രയാസവുമാണ്. യഥാർത്ഥത്തിൽ ഈ പുസ്തകം വായിച്ചിട്ടുള്ളത് 1885ൽ ''മലബാർ മാനുവൽ'' എഴുതിയ 'ലോഗൻ' മാത്രമാണ് എന്നതിന് തെളിവുണ്ട്. പിന്നീടുള്ള എഴുത്തുകാരത്രയും ലോഗൻ കൊടുത്ത സൂചീർഘങ്ങളായ ഉദ്ധരണികളിൽ നിന്നും അവർക്കത്യാവശ്യമുള്ള ഭാഗങ്ങൾ അടർത്തിയെടുക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. കേരളത്തിലെ (നായന്മാരുടെ) സ്വാതന്ത്ര്യ സമരചരിത്രമെഴുതിയ കെ. എം. പണിക്കർ പോലും ഈ പുസ്തകം കണ്ടിട്ടില്ല. അദ്ദേഹം ഈ ഗ്രന്ഥകർത്താവിനെ പരിചയപ്പെടുത്തുന്നത് ഒരു സ്ഥലത്ത് 'മുസ്ലീം ചരിത്രകാരൻ'എന്നും മറ്റൊരുസ്ഥലത്ത് 'ഹൈദരലി പക്ഷക്കാരനായ മുസ്ലീം ചരിത്രകാരനെന്നുമാണ്. പുസ്തകം വായിച്ചിരുന്നുവെങ്കിൽ ഈ അബദ്ധം പിണയുമായിരുന്നില്ല. ഈ ഗ്രന്ഥത്തിന്റെ ആമുഖത്തിൽ പ്രസിദ്ധീകരണശാലയുടെ വക നാല് പേജ് വരുന്ന ഒരു കുറിപ്പുണ്ട്. അതിൽ പറയുന്നത് ഈ

ഗ്രന്ഥകാരൻ അദ്ദേഹത്തിന്റെ നാമധേയം പ്രകാശിപ്പി ക്കുവാൻ ഇഷ്ടപ്പെടുന്നില്ല എന്നതുതന്നെ അദ്ദേഹം പറയു ന്ന സംഗതികൾക്ക് കൂടുതൽ വിശ്വസനീയത ഉണ്ടാക്കുന്നു ണ്ടെന്നതിന് തെളിവാണ്. ഒരു കാര്യം തീർച്ച. അദ്ദേഹം ദേശാഭിമാനിയായിരുന്നുവെന്ന് ഉറപ്പിച്ചു പറയുവാൻ സാ ധിക്കും.'' പ്രസാധകൻ തന്നെ ഈ പ്രസ്താവന നടത്തുമ്പോൾ, ഗ്രന്ഥകാരനെ മുസ്ലീം ചരിത്രകാരനെ ന്നും അതും ഹൈദർ പക്ഷപാതിയായ മുസ്ലീം ചരിത്രകാ രനെന്നും വിശേഷിപ്പിക്കുവാൻ കെ. എം. പണിക്കർക്കു കഴിഞ്ഞില്ല. പ്രചോദനധാര ലോഗൻറേതായിരുന്നു. ഈ ഗ്രന്ഥ ത്തിൽ നിന്നും അനവധി പേജുകളും ഉദ്ധരിച്ചിട്ടുള്ള ലോ ഗൻ, ഗ്രന്ഥകാരനെ പരിചയപ്പെടുത്തുന്നത് ഇപ്രകാരമാ ണ്. ''ടിപ്പുവിന്റെ ജീവിച്ചിരിക്കുന്ന ഏകപുത്രനായ പ്രി ൻസ് ഗുലാം മുഹമ്മദിന്റെ സന്തത സഹചാരിയും മുഗൾ സൈന്യത്തിൽ സേവനമനുഷ്ഠിച്ചിരുന്ന ഒരു ദേഹവുമാ ണ്'' ഗ്രന്ഥത്തിന്റെ കർത്താവ്. ഗുലാം മുഹമ്മദ് രാജകുമാര നെ വായിച്ചു കേൾപ്പിച്ച് തിരുത്തേണ്ടത് തിരുത്തിയും ചേർക്കേണ്ടത് ചേർത്തും അദ്ദേഹത്തിന്റെ സമ്മതത്തോ ടുകൂടി പ്രസിദ്ധീകരിക്കുന്ന ഒരു പുസ്തകമാണ് ഇത്,'' എന്നാണ്. ലോഗൻ ഗ്രന്ഥകർത്താവിന്റെ ജാതിയോ, മത മോ, ദേശമോ, മനഃപൂർവ്വമായിട്ടാണ് സൂചിപ്പിക്കാതിരുന്നത്. അതും മാത്രം കണ്ട കെ.എം. പണിക്കർ, ഗുലാം മുഹമ്മദിന്റെ സുഹൃത്തെന്നും മുഗൾ സൈന്യത്തിലെ സേവകനെന്നും വിശ്വസിച്ചപാടെ, ഒട്ടും സംശയിക്കാതെ തന്നെ ഗ്രന്ഥകർ ത്താവ് മുസ്ലീം ആണെന്ന് ധരിച്ചപോഴിത്തമാണ് അദ്ദേ ഹത്തിന് പിണഞ്ഞത്. അടിസ്ഥാനരേഖകൾ പരിശോ ധിക്കാതെ മറ്റാരുടെയെങ്കിലും പുസ്തകത്തിൽ നിന്നുള്ള ഉദ്ധര ണികൾമാത്രം ആശ്രയിക്കുന്നതുകൊണ്ട് പിണയുന്ന അ ബദ്ധങ്ങൾക്ക് സുസ്പഷ്ടമായ ഉദാഹരണമായി ഇതിനെ ചൂ ണ്ടിക്കാട്ടാം. ഈ ഗ്രന്ഥകാരൻ, ഹൈദരാലി, 1766ൽ മല ബാർ ആക്രമണത്തിനുശേഷമുണ്ടായ നായർ ലഹളയെ എ ങ്ങിനെ വകവരുത്തി എന്നു വിവരിക്കുന്ന കൂട്ടത്തിൽ,

ഹൈദരലി പ്രഖ്യാപിച്ചതായി രണ്ടു വിളംബരങ്ങൾ ചേർത്തിട്ടുണ്ട്. അവ ഇപ്രകാരമാണ്. 'കേരളത്തിലെ നായന്മാരൊഴിച്ചുള്ള കീഴ് ജാതിക്കാരെ കാണുമ്പോൾ ഇവർ എപ്രകാരം നായന്മാരുടെ ദർശനമാത്രയിൽ സാഷ്ടാംഗപ്രണാമം ചെയ്തിരുന്നുവോ അതുപോലെ നായന്മാർ, കീഴ് ജാതിക്കാരെ കാണുമ്പോൾ ചെയ്യണമെന്നും, നായർ എന്ന ജാതിയെ, പറയന്മാരേക്കാൾ താഴ്ന്ന ജാതിയായി കണക്കാക്കണമെന്നും, ആയുധം ധരിക്കുകയെന്ന നായന്മാർക്കുണ്ടായിരുന്ന അവകാശം എടുത്തുകളഞ്ഞു മറ്റുള്ള ജാതിക്കാർക്കും ആ അവകാശം നൽകുകയും, ആയുധധാരികളായ നായന്മാരെ കൊല്ലുവാൻ മറ്റുള്ളവർക്ക് അവകാശം നൽകുകയും ചെയ്യുന്ന ഒന്നായിരുന്നുവത്രെ ആദ്യത്തെ വിളംബരം. ഗ്രന്ഥകാരൻ തുടർന്നെഴുതുന്നത്, ഈ തരംതാഴ്ത്തലിനേക്കാൾ ഭേദം മരിക്കലാണെന്ന് നായന്മാർ വിചാരിച്ചതിനാൽ ഹൈദരലിഖാൻ മറ്റൊരു വിളംബരം പുറപ്പെടുവിച്ചു എന്നാണ്. അതുപ്രകാരം ഇസ്ലാംമത പരിവർത്തനം ചെയ്യുന്ന നായന്മാർക്ക് എല്ലാ പൂർവ്വാവകാശങ്ങളും ലഭിക്കുന്നു എന്നുള്ളതായിരുന്നുവത്രെ. പ്രഥമദൃഷ്ട്യാ ഈ വിളംബരങ്ങൾ തന്റെ അധികാരത്തോടുചെയ്ത നായന്മാരോട് പക വീട്ടുവാൻവേണ്ടി, കീഴ്ജാതിക്കാരെ അണിനിരത്തുവാനുള്ള ഒരു രാഷ്ട്രീയ നൈപുണിയായി ചില ചരിത്രകാരന്മാർ വിവരിച്ചിട്ടുള്ളതുപോലെ, ഊഹിക്കാവുന്നതാണ്. കെ. എം. പണിക്കരെ പോലുള്ള ഹൈന്ദവ ചരിത്രകാരന്മാർ ഈ വിളംബരങ്ങൾ മൈസൂർ ഭരണത്തിന്റെ മതധ്വംസനത്തിന്നു ഉദാഹരണമായി പ്രയോഗിക്കുന്നവരുമാണ്. ഈ രണ്ടു വിഭാഗം ചരിത്രമെഴുത്തുകാർക്കും പറയിയ അബദ്ധം അക്കാലത്ത് ആധികാരികങ്ങളായ മൂലരേഖകൾ പരിശോധിക്കുവാൻ മിനക്കെട്ടില്ല എന്നതത്രെ. നിഷ്കർഷമായ പരിശോധനയിൽ കാണുവാൻ സാധിക്കുന്ന പരമാർത്ഥം ഈ രണ്ടു വിളംബരങ്ങളും 'ഹൈദരലിഖാന്റേയും അദ്ദേഹത്തിന്റെ പുത്രൻ

ഈ ബ്രിട്ടീഷുകാരുടെ ചരിത്രമെഴുതിയ ഗ്രന്ഥകർത്താക്കളുടെ ഭാവനാവിലാസത്തിൽ നിന്നും ഉൽഭൂതമായവ മാത്രമാണെന്നാണ്.

1766ൽ നടന്നെന്നു പറയുന്ന ഈ ഈ സംഭവത്തെപ്പറ്റി, 1800ൽ ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നതു വരെ ഉണ്ടായിട്ടുള്ള ധാരാളം രേഖകളിൽ ഒന്നിലും തന്നെ, യാതൊരു പരാമർശവും ഇല്ലെന്നതാണ് വാസ്തവം. തല ശ്ശേരി ഫാക്ടറി ഡയറിയിലോ, റിക്കാർഡുകളിലൊ മറ്റൊന്നിലും ഈ വിളംബരത്തെപ്പറ്റി സൂചനപോലുമില്ല. ബ്രിട്ടീഷ് കാര്യങ്ങൾകൂടി ബോബെയിലേക്കും മദ്രാസിലേക്കും എഴുതി അയച്ചിരുന്ന തലശ്ശേരിയിലെ ബ്രിട്ടീഷുദ്യോഗസ്ഥന്മാർ, ഇത്രയും പ്രധാനങ്ങളായ വിവരങ്ങൾ കേട്ടില്ല, അറിഞ്ഞില്ല എന്നുവരിക അസാദ്ധ്യമാണ്. അതുപോലെതന്നെ മറ്റൊരു സമകാലികനായ അന്നത്തെ ഡച്ച് ഗവർണ്ണറായിരുന്ന ആൻട്രസിയൻ മൊസ്സൻസ്. 1781ൽ അദ്ദേഹം മലബാർ തീരത്തെ ഭരണത്തെപ്പറ്റിയുള്ള മെമ്മോറാണ്ടം എഴുതി. തന്റെ പിൻഗാമിക്ക് മാർഗ്ഗദർശനം നൽകുവാൻ ഉതകുന്ന ഈ മെമ്മോറാണ്ടം, വളരെ വിലപ്പെട്ടതാണ്. ഇതിനു പുറമെ ഹൈദരലിഖാന്റെ ജീവ ചരിത്രകാരൻ കൂടിയാണ് അദ്ദേഹം. എന്നാൽ അദ്ദേഹത്തിന്റെ മെമ്മോറാണ്ടത്തിലോ, ഹൈദരലിഖാന്റെ ജീവ ചരിത്രത്തിൽ പോലുമോ, മൊയൻസ് ഇത്തരത്തിലുള്ള വിളംബരങ്ങളെപ്പറ്റി അത്യന്താപേക്ഷിതമായിപോലും പരാമർശിച്ചിട്ടില്ല. മലബാർ ബ്രിട്ടീഷ് കമ്പനിയുടെ കീഴിൽ വരുന്നത് 1792 ലാണ്. അതിനുമുമ്പ് തന്നെനിയമിതരമായ മലബാർജോയിന്റ് കമ്മീഷണർമാർ, കേരളത്തിലെ സകല സ്ഥിതിവിശേഷങ്ങളും ഗ്രഹിച്ചുള്ളതായ സുദീർഘമായ ഒരു റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. മദ്ധ്യകാലഘട്ടത്തിലെ, കേരളത്തിന്റെ രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക, സംവിധാനങ്ങളെയും, ഈ മണ്ഡലങ്ങളിലുള്ള കുറവുകളെയും കുറ്റങ്ങ

ളെയും അവയെ കാര്യക്ഷമമായി പരിഹരിക്കാനുള്ള മാർഗങ്ങളേയും, ചൂണ്ടിക്കാണിക്കുന്നതാണ് ഈ പഠനറിപ്പോർട്ട്. അക്കാലത്തെ ഏറ്റവും വലിയ ആധികാരികരേഖയാണ് ഇത്. എന്നാൽ മലബാർ കമ്മിഷണർമാർ കേരളത്തിൽ എല്ലായിടത്തും തെളിവെടുപ്പുകൾ നടത്തിയിട്ടും ഇത്തരം വിളംബരങ്ങളെപ്പറ്റി ആരും അവരോടു പറഞ്ഞില്ല. അവർ രേഖപ്പെടുത്തിയതുമില്ല എന്നുവരിക അസാംഗത്യമാണ്. മലബാറിനെക്കുറിച്ചുള്ള മറ്റൊരു പഠന പര്യടന പ്രാതിപാദ്യമാണ് 1800 ൽ ഇവിടെ സന്ദർശിച്ച് എഴുതിയുണ്ടാക്കിയ ഡോ. ഫ്രാൻസിസ് ബുക്കാനിന്റെ പുസ്തകം എല്ലാ മലബാർ കാര്യങ്ങളും വിശദമായി വിവരിക്കുന്ന 'ബുക്കാനൻ' ഈ വിളംബരങ്ങളെപ്പറ്റി കേട്ടിട്ടില്ലെന്നത് അർത്ഥവത്താണ്. ചുരുക്കത്തിൽ മറ്റനേകം കൃത്രിമ ചരിത്രപുസ്തകങ്ങളും, ആത്മകഥകളും, വിളംബരങ്ങളും, മൈസൂർ നവാബുമാരെപ്പറ്റി സൃഷ്ടിച്ചിട്ടുള്ള കൂട്ടത്തിൽപെട്ട വികലവും വിചിത്രവുമായ ഒരു ഗ്രന്ഥമാണ് പ്രസ്തുത ''ഹൈദരാലിഖാന്റേയും ടിപ്പുസുൽത്താന്റേയും ചരിത്രം. ഒറ്റവാദഗതികൊണ്ടുതന്നെ ഇവ മനഃപൂർവ്വമായിതന്നെ ഉണ്ടാക്കിയവയാണെന്ന് തെളിയിക്കാൻ ഒക്കും. ആദ്യത്തെ വിളംബരം, നായന്മാരുടെ പദവിയും അധികാരങ്ങളും എടുത്തുകളയുന്നതാണല്ലോ. അത് നായന്മാർക്ക് മാത്രം ബാധകമായതുമാണ്. രണ്ടാമത്തേതിൽ അവർ മതപരിവർത്തനം ചെയ്ത മുസ്ലീംകളായാൽ, ആ അവകാശങ്ങൾ വീണ്ടും നൽകുമെന്നുമാണല്ലോ ഉള്ളത്. മതപരിവർത്തനം ചെയ്യുന്ന നായന്മാർ നായന്മാരല്ലാതായിതീരുന്നു എന്നോർക്കുമ്പോൾ അവർക്ക് നായന്മാരല്ലാത്തവർക്ക് കൊടുത്തിരുന്ന അവകാശങ്ങൾ താനെ വന്നുചേരുമെന്നുള്ളത് അനുകൂലസിദ്ധാന്തമാണല്ലോ. അപ്പോൾ രണ്ടാമത്തെ വിളംബരം ആവശ്യമില്ലാത്തതാണെന്നും വന്നു കൂടുന്നു. ചുരുക്കത്തിൽ ഇങ്ങനെ രണ്ടുവിളംബരങ്ങൾ തന്നെ പുറപ്പെടുവിച്ചിരുന്നില്ല. എന്നുള്ളതാണ് ചരിത്രവസ്തുത. അതാരും കാര്യമായി ഗൗനിക്കാതിരുന്നതും മുൻ

പ്രസ്താവിച്ചപോലെ അടിസ്ഥാന പ്രമാണങ്ങളും നിരീക്ഷി
ക്കാതിരുന്നതുമാണ്, തമ്മുടെ ചരിത്രകാരന്മാർക്കൊക്കെ
പറ്റിയ ഭീമമായ അബദ്ധം. ഇത്തരം നൂറായിരം ചരിത്ര
പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള ഏക പോംവഴി
അതാതു കാലഘട്ടങ്ങളിലുള്ള മൂലധാരകം തേടിപ്പിടിച്ചു
അനവരതം പ്രയത്നിക്കുക എന്നു മാത്രമാണ്.

മദ്ധ്യകാലഘട്ടം ഇരുളടഞ്ഞതായിരുന്നില്ല

ലോകചരിത്രം എഴുതുന്നവരൊക്കെ തന്നെ പഠനസൗകര്യാർത്ഥം മൂന്നു ഘട്ടങ്ങളായി വിഭജിക്കാറുണ്ട്— പ്രാചീനം, മദ്ധ്യമം, നവീനം ഇങ്ങനെ, ലോക ചരിത്രത്തിൽ മാതമല്ല, ഇത്തരം വിഭജനം ദർശിക്കുക, ഏതു രാജ്യത്തിന്റെ ചരിത്ര സംവിധാനത്തിലും ഇതു പെയ്യുക പതിവാണ്. ഒരു രാജ്യത്തിന്റെ രാഷ്ട്രീയമോ, സാമ്പത്തികമോ, അതുമല്ലെങ്കിൽ ആ രാജ്യനിവാസികളുടെ ഏതെങ്കിലും വിഹാരമണ്ഡലത്തിൽ സാരമായ മാറ്റങ്ങൾ വരുത്തിയ സംഭവങ്ങളോ ആണ് മിക്കവാറും ഒരു കാലഘട്ടത്തിന്റെ അവസാനമായും മറെറാന്നിന്റെ ആരംഭമായും അതിർ വരമ്പിടുന്ന അതിർത്തിക്കല്ലുകൾ.

ഇന്ത്യാ ചരിത്രത്തിലും, കേരള ചരിത്രത്തിൽ തന്നെയും ഈ വേർതിരിക്കലുകൾ കാണാം. ഇവിടെ പ്രസ്താവിക്കുവാൻ പോകുന്നത് ലോകചരിത്ര വിഭജനത്തിന്റെ പ്രധാന സംഭവങ്ങളും വിധങ്ങളായ ഈ ഓരോ കാലഘട്ടത്തെയും ചരിത്രകാരൻമാർ വിലയിരുത്തിയതിലുള്ള പാകപ്പിഴയേയുമാണ്.

പ്രാചീന കാലഘട്ടത്തിന്റെ അവസാനം കുറിക്കുന്ന അദ്ധ്യായം പടിഞ്ഞാറൻ റോമാ സാമ്രാജ്യത്തിന്റെ അധ:പതനമായിട്ടാണ് അംഗീകരിച്ചു പോരുന്നത്. അതാകട്ടെ എ. ഡി. 476— ലാണ്, ജർമ്മനിയിൽ നിന്നും കടന്നാക്രമിച്ചു കയറിയ ഗോത്രം എന്ന അപരിഷ്കൃതർ പശ്ചിമ റോമാനാഗരികതയെ തർക്കത്ത കഥയാണത്. മനുഷ്യമനസ്സിനും, മനുഷ്യർക്കും എത്താവുന്ന ഔന്നത്യത്തിൽ

യവനറോമാ സംസ്കാരങ്ങളെ എത്തിചേർന്നിരുന്നു. ദാർശനികവും വൈജ്ഞാനികവുമായ സാംസ്കാരിക മേഖലകളിൽ അവർ ആഴോളം പൊലിമ പുലർത്തിയിരുന്നു. പടിഞ്ഞാറൻ റോമാസാമ്രാജ്യത്ത അപരിഷ്കൃതരായ ഗോത്രവർഗക്കാർ തകർത്തില്ലായിരുന്നു വെങ്കിൽ മാനവസംസ്കാരവും നാഗരികതയും അഭംഗുരം പ്രവഹിച്ച് ഉത്തുംഗശൃംഗത്തിലെത്തുമായിരുന്നു വെന്നാണ് എല്ലാ ചരിത്രകാരന്മാരുടെയും അഭിപ്രായം. അങ്ങിനെ മനുഷ്യ സംസ്കാരത്തിനു പറ്റിയ ഭീമമായ തിരിച്ചടിയെ സൂചിപ്പിക്കുവാനും യവനറോമാ നാഗരികതയുടെ യുഗപ്രഭാവം സുസ്ഥിരമാക്കുവാനും വേണ്ടിയാണ്, മാരകമായ ബാഹ്യാക്രമണത്തെയും പശ്ചിമറോമാ സാമ്രാജ്യത്തിന്റെ തകർച്ചയേയും പ്രാചീന കാലത്തിന്റെ അന്ത്യമായി ഗണിച്ചു വരാൻ കാരണം.

അതുപോലെ 1341–ൽ പൂർവ്വ റോമാ സാമ്രാജ്യത്തിന്റെ അധഃപതനത്തെ സൂചിപ്പിക്കുകയാണ് മദ്ധ്യകാലഘട്ടത്തിന്റെ അവസാനം. കോൺസ്റ്റാണ്ടിനോപ്പിൾ ടർക്കികൾ കീഴടക്കിയ സംഭവത്തെ പുരസ്കരിച്ച് അവിടംമുതലാണ് ആധുനികദശആരംഭിക്കുന്നതെന്നും പ്രസ്താവിച്ചുകാണുന്നു. ഇതിനെതിരെന്നും ആർക്കും പരാതിയില്ല. പക്ഷെ താർക്കികമായി തോന്നുന്ന സംഗതി ഇതാണ്. എ. ഡി. 476 മുതൽ 1341 വരെയായി കണക്കാക്കിപ്പോരുന്ന മദ്ധ്യയുഗത്തെ എല്ലാ ചരിത്രകാരൻമാരും വിശേഷിപ്പിച്ചു പോരുന്നത് ''ഇരുളടഞ്ഞ കാലം'' (Dark Age) എന്നാണ്. നീക്കുപോക്കില്ലാത്തവണ്ണം ഈ സംജ്ഞതന്നെയാണ് എല്ലാ ചരിത്രകാരൻമാരും കൊടുത്തു കാണുന്നത്. ഇതു പിന്നീടുള്ള എല്ലാ എഴുത്തുകാരും ആവർത്തിക്കുകയും ചെയ്യുന്നു. ആധുനികരിൽ ഒരാൾ പോലും ഇതിനെ മറെറാരുതരത്തിൽ വിശേഷിപ്പിച്ചതായി കാണുന്നില്ല. അനാഭികാലമായി ആവർത്തിച്ചുപോരുന്ന ഈ വിശേഷണത്തിന്റെ അനൗചിത്യത്തിലേക്കു വിരൽ ചൂണ്ടുകയാണ് ഞാനിവിടെ ചെയ്യുന്നത്.

എന്തുകൊണ്ടാണ് ഈ കാലഘട്ടത്തെ ലോകചരിത്രകാരൻമാൻമാർ ഇരുണ്ട കാലഘട്ടം എന്നു വിളിക്കുന്നത്? അതു പൂർണ്ണമായോ, ഭാഗികമായിപ്പോലുമോ യോജിക്കുന്ന പേരാണോ? ഇത്രയുമാണ് ചർച്ചാവിഷയമാക്കാനുദ്ദേശിക്കുന്നത്.

ആദ്യത്തെ ചോദ്യത്തിന്റെ ഉത്തരം മിക്കവാറും എല്ലാ ചരിത്ര വിദ്യാർഥികൾക്കുമറിയാം. കോൺസ്റ്റന്റൈൻ എന്ന റോമാചക്രവർത്തി. ക്രിസ്തുമതം സ്വീകരിച്ചതോടുകൂടി ക്രൈസ്തവമതം ദേശീയമതമായി മാറി. യൂറോപ്യൻ രാജ്യങ്ങളിലാകമാനം ക്രിസ്തീയാദർശങ്ങൾ പ്രചരിക്കുകയും അവയെല്ലാം തന്നെ പ്രസ്തുത മതത്തിന്റെ സ്വാധീനതയിൽ വരികയും ചെയ്തു. നിരവധി നല്ലവരായ മതപ്രബോധകൻമാരുടെ ചോരയും രക്തസാക്ഷിത്വവും കൊണ്ട് സംരക്ഷിച്ചതിന്റെ ഫലമായിട്ടാണ് ക്രൈസ്തവമതം ലോകോത്തരമായി വളർന്നത്. ഏറെവും കൂടുതൽ സംഘടിതമായീ ഇതിനു സ്വീകരണം ലഭിച്ചത് യൂറോപ്പിലായിരുന്നു. അങ്ങനെ യൂറോപ്പ് ആകമാനവും ലോകത്തിലെ അറിയപ്പെടുന്ന പല സ്ഥലങ്ങളിൽ കൂടെ ശ്ശയായും യേശുക്രിസ്തുവിന്റെ സ്നേഹസന്ദേശത്തിനു പിൻതുണലഭിച്ചതോടുകൂടിയും ഭരണാധികാരികളും പ്രഭുക്കൻമാരും അണിയണിയായി ഇതിൽ മുൻപന്തിയിൻ നിരന്നതോടു കൂടിയും, ആത്മീയ സാക്ഷാൽകരണത്തിന്റെ മതം എന്നതിൽ നിന്നും ഭൗതീകനിർവൃതിയുടെ ഉപാധിയായി മതം അധഃപതിക്കുവാൻ തുടങ്ങി. രാജാക്കൻമാരും ജനങ്ങളും പള്ളിയുടേയും പൗരോഹിത്യത്തിന്റേയും പിടിയിലമർന്നിരിക്കണമെന്നും ഭരണാധികാരികൾ ഉൾപ്പെടെ എല്ലാ കൃസ്ത്യാനികളും പള്ളിയുടെ മേൽക്കോയ്മക്കു കീഴിൽ വരണമെന്നും ശഠിക്കപ്പെട്ടു. ഏതു രാജ്യത്തായാലും ഏതു രാജാവായാലും റോമിനും പോപ്പിനും അധീനപ്പെട്ടിരിക്കണമെന്നും നിർബന്ധമായി. രാജാധികാരവും പൗരോഹിത്യവും തമ്മിൽ ഏതേതാണ് കൂടുതൽ ശക്തമായിട്ടുണ്ടെന്നത് തീരുമാനിക്കുവാൻ ഓരോ

നൊറേയായ അധികാരസംഘട്ടനങ്ങളും ഉണ്ടായിട്ടുണ്ട്. അപ്പോഴൊക്കെ ഹെൻട്രി രണ്ടാമനെപ്പോലെ രാജകീയാധികാരം പോപ്പിന്റെ മേൽക്കോയ്മക്ക് അടിയറവച്ച് പഞ്ചപുശ്ചമടക്കി നിൽക്കേണ്ടതായും വന്നിട്ടുണ്ട്. അങ്ങനെ മദ്ധ്യകാലഘട്ടത്തിൽ യൂറോപ്യൻ രാജാക്കൻമാരെക്കാൾ ക്രൈസ്തവ ദേവാലയങ്ങൾക്കും അതിന്റെ മേധാവികൾക്കുമാണ് ആധിപത്യമുണ്ടായിരുന്നത്.

പള്ളിയുമായി ബന്ധപ്പെട്ട ഒറേയാളെയും രാജകീയ നോടതികളിൽ വിസ്തരിക്കുവാനോ ദേശീയ നിയമത്തിന്റെ പരിധിയിൽ കൊണ്ടു വരുവാനോ രാജക്കൻമാർക്കധികാരമുണ്ടായിരുന്നില്ല. അവരെ അതിനനുവദിച്ചിരുന്നുമില്ല. പുരുക്കത്തിൽ എല്ലാ ക്രൈസ്തവ രാജ്യങ്ങളിലും രണ്ടുതരം നിയമങ്ങളാണ് നിലനിന്നു പോന്നിരുന്നത്. സാധാരണക്കാരായ പ്രജകളെ നിയന്ത്രിക്കുന്ന രാജകീയ നിയമങ്ങളും പുരോഹിത വർഗത്തേയും അവരുമായി ബന്ധപ്പെട്ടവരെയും ഭരിക്കുന്ന പൗരോഹിത്യ നിയമങ്ങളും. ഇവ വേറെ തന്നെ നടപ്പാക്കുവാൻ രണ്ടുതരം ശിക്ഷാ നടപടികളും നില നിന്നിരുന്നു. ഒരേ കുറ്റത്തിനു തന്നെ ഒരേ രാജ്യത്തു രണ്ടു തരം ശിക്ഷകൾ!

ഇതിനും പുറമേ ഓരോ രാജ്യത്തിലേയും കൃഷിയിടങ്ങളിൽ പകുതിയെങ്കിലും പള്ളികളുടെ സ്വത്തായിരുന്നു; ഈ സ്ഥലങ്ങളിൽനിന്നും നികുതി പിരിക്കുവാനോ അവിടെ നിയമം നടത്തുവാനോ രാജാക്കൻമാർക്കധികാരമുണ്ടായിരുന്നില്ല.

ഇങ്ങിനെ രാജകീയാധികാരത്തേയും ദേശീയ നിയമത്തേയും ധിക്കരിച്ചുകൊണ്ട് അധികാര ദുർമ്മോഹം കയറിയ പൗരോഹിത്യം ഇതിലൊന്നും തൃപ്തിപ്പെടാതെ മനുഷ്യന്റെ സർഗാത്മക സിദ്ധിയേയും വാസനയേയും കൂടി കടിഞ്ഞാണിടുവാനുള്ള ശ്രമം നടത്തി. മദ്ധ്യകാലഘട്ടം ഇരുളടഞ്ഞതാണെന്ന് ചരിത്രകാരൻമാർക്ക് വ്യവഹരിക്കുവാ

നവസരം നൽകിയത് ക്രൈസ്തവ പൗരോഹിത്യത്തിന്റെ ഈ പ്രവണത കൊണ്ടാണ്. സ്വതന്ത്ര ചിന്തയും സ്വതന്ത്രവ്യാഖ്യാനങ്ങളും നിരോധിക്കപ്പെട്ടു. യുക്തി സഹങ്ങളായ നിഗമനങ്ങളോ, ശാസ്ത്രീയമായ വീക്ഷണങ്ങളോ മരവിപ്പിച്ചു കളഞ്ഞു. മനുഷ്യസംസ്കാരത്തെ ഔന്നത്യത്തിലേക്കു ഉയർത്തിയ യവനറോമാ സംസ്കാരങ്ങളുടെ ഉദാത്തമായ വൈജ്ഞാനിക സംഭാവനകളും തിരസ്കൃതങ്ങളായി. സോക്രട്ടീസും, പ്ലേറോവും, സൊഫോക്ളീസും, സീനോവുമെല്ലാം ഐറോപ്യൻ ജനതയ്ക്ക് നിശ്ചയമില്ലാതായിവന്നു. റോമൻ താത്വിക ദർശനങ്ങളും സാഹിത്യങ്ങളും അവിശ്വാസികളുടെ സാഹിത്യങ്ങളും ഗണിച്ച് യൂറോപ്യൻ സംസ്ക്കാരത്തിന്റെ അടിത്തറ പാകിയ ഈ നാഗരികതകളെ പഠിക്കുവാനനുവദിക്കാതെയും, ആ വിജ്ഞാനസമ്പത്ത് അന്വേഷിച്ചറിയുന്നതിനെ നിരുൽസാഹപ്പെടുത്തിയുമാണ് ക്രൈസ്ത പൗരോഹിത്യം അനുയായികളെ പളളിക്കു ചുറ്റും മുറുമുറുപ്പില്ലാതെ അണിനിരത്തിയത്.

നിരന്തരമായി നൂറ്റാണ്ടുകളം തന്നെ ഇങ്ങനെ മനുഷ്യന്റെ ചിന്തയേയും ജ്ഞാന തൃഷ്ണയേയും വരിഞ്ഞുകെട്ടിയതിന്റെ കെടുതി ഭീകരമായിരുന്നു. പ്രാക്തന പൈതൃകം അറിയാത്ത അടിത്തട്ടില്ലാത്ത സമൂഹങ്ങളായിരുന്നു യൂറോപ്പാകമാനം. അനസ്യൂതം ഒഴുകികൊണ്ടിരുന്ന മനുഷ്യ സംസ്കാരം നിശ്ചലമായ സന്ദർഭമായിരുന്നു യൂറോപ്പിലെ ക്രൈസ്തവ രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം മദ്ധ്യമ കാലഘട്ടം. ഈ പ്രത്യേകതകളം കണക്കിലെടുത്തുകൊണ്ടാണ് 'ഇരുണ്ട കാലഘട്ടം' എന്ന് ഈ യുഗത്തെ വിശേഷിപ്പിക്കുന്നത്.

എന്നാൽ ഇതെത്രമാത്രം സത്യമാണെന്ന് നോക്കേണ്ടതായുണ്ട്. 'ഇരുണ്ട കാലഘട്ടം' യഥാർത്ഥത്തിൽ യൂറോപ്പിലെ ക്രിസ്ത്യൻ രാജ്യങ്ങളം മാത്രമായിരുന്നില്ലേ?

ആരുടെ സന്ദർഭത്തിൽ ഈ കാലത്തുതന്നെ മനുഷ്യ സംസ്കാര പ്രവാഹത്തെ വറ്റാതെ അഭംഗുരം പ്രവഹിക്കുവാൻ സഹായിച്ച ഒരു ശക്തിയുണ്ടായിരുന്നില്ലേ?? ക്രൈസ്തവ യൂറോപ്പ് അന്ധകാരത്തിലാണ്ടുകിടന്നിരുന്ന പ്പോൾ വിജ്ഞാനത്തിന്റെ കൈത്തിരിയുമായി മനുഷ്യ സംസ്കാരത്തെ പൊലിയാതെ സൂക്ഷിച്ച അജ്ഞാതന്മാരായ മഹാന്മാക്കളുണ്ടായിരുന്നില്ലേ? ക്രൈസ്തവ രാജ്യങ്ങളിൽ രാഷ്ട്രീയമായ അരാജകത്വം നിലനിന്നിരുന്നപ്പോൾ ശക്തവും സംഘടിതവുമായ മഹാസാമ്രാജ്യങ്ങൾ ലോകത്ത് പലയിടത്തും പരിലസിച്ചിരുന്നില്ലേ? ലോകത്തിനുതന്നെ യൂറോപ്പ് മാത്രമാണെന്നും ധരിച്ചുവശായിട്ടുള്ള ചരിത്രകാരന്മാർക്കാണ് മദ്ധ്യകാലഘട്ടം 'ഇരുളടഞ്ഞ കാലമായി തോന്നുക, ഈ പ്രസ്താവം ചെയ്യുവാനാധാരമാക്കിയ ചില സംഗതികളെ കൂടി സൂചിപ്പിച്ചുകൊള്ളട്ടെ. മദ്ധ്യ കാലഘട്ടത്തിൽ ക്രൈസ്തവ യൂറോപ്പ് പൗരോഹിത്യത്തിന്റെ സങ്കുചിത വലയത്തിലമർന്ന് വീർപ്പുമുട്ടികൊണ്ടിരുന്നപ്പോഴും വിശ്വോത്തരമായ ഒരു സാംസ്കാരിക പ്രഭാപ്രസരം മനുഷ്യ വിജ്ഞാനത്തേയും നാഗരികതയേയും അണയാതെ സൂക്ഷിക്കുക മാത്രമല്ല പുഷ്ടിപ്പെടുത്തുകകൂടി ചെയ്തിരുന്നു. അത് ഐസ്ലാമിക സംസ്കാരവും അഗമ്യ പ്രഭാവൻമാരായ നിരവധി മഹാശയൻമാരുമായിരുന്നു. ക്രൈസ്തവ യൂറോപ്പിന് വെളിച്ചം നൽകിയിരുന്നതും മറ്റാരുമല്ല. കൊറിഡോവയും കെയറോവും, ബാഗ്ദാദും, സമർക്കണ്ടും ഡൽഹിയും ബുക്കാറയുമെല്ലാം ഇക്കാലയളവിൽ തന്നെയാണ് ലോകോത്തരമായ സാംസ്കാരിക കേന്ദ്രങ്ങളാകുന്നത്. സ്പെയിൻ, അറബി, പേർഷ്യൻ, ഇൻഡ്യൻ സാമ്രാജ്യങ്ങൾ ലോകത്തിലെ വ്യാവസായിക കമ്പോളങ്ങളേയും കീഴടക്കിയ സമ്പദ്ശേഖരവും ലോകത്തിനു തന്നെ നിസ്തുലവുമായ സംഭാവനകളും നൽകിയ കാലഘട്ടവുമായിരുന്നു ഇത്. യഥാർത്ഥമായൊരു ജ്ഞാനിക സമ്പത്ത് ക്രൈസ്തവ യൂറോപ്പ് അഗണ്യ കോടിയിൽ തള്ളിയെങ്കിലും മനുഷ്യ നാഗ

രികതയെ പൊട്ടാതെയും തകരാതെയും താലോലിച്ചുകൊണ്ടു വന്നു പിൻതലമുറയുമായി ബന്ധിച്ചതു മുസ്ളീംകളായിരുന്നു. സോക്രട്ടീസും, പ്ളേറോവും, ഡെമസ്തനിസ്സും ഹെറോഡൊട്ടസ്സുമെല്ലാം അറബികളിൽ കൂടിയാണ് പിന്നീട് ലോക ശ്രദ്ധയിൽപെട്ടത്. പഴയവയെന്തും കാത്തു സൂക്ഷിച്ച് പുതിയതിനു വേണ്ടി വെമ്പൽ കൊണ്ടിരുന്ന അന്വേഷികളുടെ ഒരു സമൂഹമായിരുന്നു ലോകത്തെമ്പാടുമുണ്ടായിരുന്ന മുസ്ളീംകളം. അതിന്റെ ഫലമായിനാഗരിക കേന്ദ്രങ്ങളിലൊക്കെ പുതിയ പുതിയ യൂണിവേഴ്സിറ്റികളും സാംസ്ക്കാരിക കേന്ദ്രങ്ങളും ഉയർന്നു വന്നു.

റാഡ്ജികാൽഫ അദ്ദേഹത്തിന്റെ library of the reeast" എന്ന പുസ്തകത്തിൽ ഇക്കാലത്ത് ജീവിച്ചിരുന്ന 1200 ചരിത്രകാരന്മാരുടെ മാത്രം പേരുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഏതുകാലത്തെ പ്രതിഭാശാലികളിലും അഗ്രഗണ്യനായ ഇബിനുഖൽദൂൻ മദ്ധ്യകാലഘട്ടത്തിന്റെ സന്തതിയാണെന്നത് വിസ്മരിക്കരുത്. കൊരിഡോവയിലെ പണ്ഡിതസദസ്സിനെയും അവരുടെ സംഭാവനകളേയും എണ്ണിയെണ്ണിപറഞ്ഞാൽ തീരാത്തത്ര ധാരാളമാണ്. ഭൂമിശാസ്ത്രജ്ഞനായ അൽവാർഡിയും പണ്ഡിതനായ അൽഹാക്കിമും അനശ്വരരാണ്. അൽഹാക്കിമിന്റെ അരമനയിൽ പല സ്ഥലത്തുനിന്നും ശേഖരിച്ചിരുന്ന 4 ലക്ഷം പുസ്തകങ്ങളുണ്ടായിരുന്നു. ''മദ്ധ്യകാലയൂറോപ്പിന്റെ ബൈജ്ഞാനികമണ്ഡലത്തിൽ ഏറ്റവും മഹത്തരമായ അദ്ധ്യായം എഴുതിച്ചേർത്തത് മുസ്ളിംസ്പെയിനായിരുന്നു.''എന്ന് കോൺണ്ടി തന്റെ 'അറബികളുടെ ചരിത്രം' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിക്കുന്നത് ഒട്ടും അതിശയോക്തിയല്ല. അൽഫറാദ്, ഇബിനു അബ്ദൽമാലിക്. അബ്ദൽകാസിംസെയ്ത്, അൽബക്കരി, അൽഇദരീസി, ഇബിനു ജൂബൈർ, അൽമജ്രീതി; ഇബിനു തുഫായിൽ തുടങ്ങിയ മഹാരഥൻമാർ ശാസ്ത്രരംഗങ്ങളിലും ഭൂമിശാ

ന്ത്ര ചരിത്രജ്ഞൻ ഡലങ്ങളിലും അനശ്വരകീർത്തിയാർ ജ്ഞിച്ച മഹാൻമാരാണ്. ഇക്കാലത്തുതന്നെയാണ് എണ്ണി ധരൻ ഒടുങ്ങാത്തത്ര സൂഫികളും ദാർശനികരും ഇൻഡ്യ യിലും മറ്റു മുസ്ളീം രാജ്യങ്ങളിലും പരിലസിച്ചിരു ന്നത്. ഉമർഖയ്യാം, ഇബിനു അറബി, റാബിയ അമീർകു ന്ദരാ, സിയാവുദ്ദീൻബർണി തുടങ്ങിയവർ അവരിൽ ചിലർ മാത്രമാണ്.

രാഷ്ട്രീയമായി പരിശോധിച്ചാലും ലോകരാഷ്ട്ര ങ്ങളിൽ ഏറ്റവും സമ്പന്നവും ഏറ്റവും സുദൃഢവുമായി രുന്ന സാമ്രാജ്യം ഇൻഡ്യയിലെ മുസ്ളീം ചക്രവർത്തി ന്മാരുടേതായിരുന്നു. ഈജിപ്തിലും അറേബ്യായിലും പേർഷ്യയിലും താരതമ്യേന ഭരണസംവിധാനത്തോടുകൂ ടിയ സുശക്ത രാഷ്ട്രങ്ങൾ നിലവിലുണ്ടാകുകയും ചെയ്തിരുന്നു.

അങ്ങിനെ നോക്കുമ്പോൾ മനുഷ്യ സംസ്ക്കാരം വി കാസം കൊള്ളാതെ നിശ്ചലമായിരുന്നിട്ടില്ലെന്നു കാ ണാം. ഓരോ കാലഘട്ടത്തിലും അതിന്റെ പ്രണേതാ ക്കൾ വിലയായിരുന്നുവെന്നു മാത്രം. യവന റോമാ സംസ്ക്കാര യുഗത്തെ പിന്നിട്ട ക്രൈസ്തവ യുഗത്തിനു അവ തുടർന്നായ സങ്കുചിത വീക്ഷണംമൂലം ആ നാഗരികത യെ വിശ്വോത്തരമാക്കാൻ മദ്ധ്യ കാലഘട്ടത്തിൽ സാധി ച്ചില്ലെന്നത് സത്യം തന്നെ. ഇതുകൊണ്ട് മറ്റുള്ളവർ നടത്തിയ മഹത്തരമായ സംഭാവനകളെ വിസ്മരിക്കുന്നത് ക്രിയാത്മകമായ ചരിത്ര വീക്ഷണമാകുകയില്ല. മദ്ധ്യകാല ലോക ചരിത്രത്തെ ഇരുണ്ടകാലമെന്നു വിളിക്കു ന്നതു ക്രൈസ്തവ വിദ്വേഷീയ ചിന്തകൊണ്ട് മാത്രമാണ്. അതാവർത്തിക്കുന്ന നിരപരാധികളായ ചരിത്ര വിദ്യാർ ത്ഥികളും ആ കാലഘട്ടത്തിന്റെ പ്രത്യേക സ്വഭാവ വി ശേഷവും മനസ്സിലാക്കാതെ അബദ്ധത്തിൽ ചെയ്തു പോകുന്ന പിശകാണ്. യഥാർത്ഥത്തിൽ മദ്ധ്യമകാല

ഘട്ടം മനുഷ്യ സംസ്ക്കാരത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ മായാത്ത വ്യക്തിമുദ്രകൾ ആലേഖ്യം ചെയ്ത സംഭവപരമ്പരകളുടെ സുവർണ്ണ ദശയത്രെ. അതിനെ ഹ്രസ്വവീക്ഷണമാക്കുന്നത് വർഗ്ഗീയകണ്ണുകൊണ്ട് നോക്കുന്നത് മൂലവുമാണ്. ഇരുണ്ടകാലഘട്ടം സത്യത്തിൽ ഒരു ചെറിയ ശതമാനത്തിന്റെ ഇരുളടഞ്ഞ കാലമായിരുന്നുവെങ്കിലും അത് മനുഷ്യരാശിക്കാകമാനം അനുഗ്രഹത്തിന്റെയും വികാസത്തിന്റേയും കാലഘട്ടമായിരുന്നുവെന്നതിൽ സംശയമില്ല.

10

സംസ്കാരം നിശ്ചലമാകുന്നതെങ്ങിനെ ?

ഏതൻസിലെ വിവേകികളുടെ ലോകം ശോകമൂകമായിരുന്നു. ദാർശനികരും പണ്ഡിതന്മാരും എല്ലാംതന്നെ വേദനാകരമായ ഒരു വിധി പറച്ചിൽ കേട്ടു നടുങ്ങി. അവരിൽ ഒരാൾമാത്രം ഭാവഭേദമൊന്നുമില്ലാതെ സ്വസ്ഥചിത്തനായി കാണപ്പെട്ടു—വിഷംകൊടുത്തു കൊല്ലാൻ വിധിക്കപ്പെട്ട സോക്രട്ടീസ് മാത്രം. ഉല്ക്കണ്ഠാകുലരായി തന്നെത്തന്നെ നോക്കിയിരുന്ന് കണ്ണുനീർ വാർക്കുന്ന ആയവന ബുദ്ധിജീവികളോട് സോക്രട്ടീസ് സുസ്മേരവദനനായി സാവകാശം പറഞ്ഞു: ''ഞാൻ അവരേക്കാൾ (ന്യായാധിപന്മാർ) യോഗ്യനാണ്. കാരണം, എനിക്കറിയാത്തത് അറിയില്ലെന്നു ഞാൻ തുറന്നുപറയുന്നു. അവരാകട്ടെ അറിയാത്തതുകൂടി അറിയുന്നവരാണെന്ന് ഭാവിക്കുന്നു.'' ലോകത്തിലെല്ലായിടത്തും എല്ലാക്കാലത്തും ഈ ദുർവ്വാസനക്കാരായിട്ടുണ്ട്, ഇവരെ ഹിപ്പോക്രാറ്റുകളെന്നാണ് വിശേഷിപ്പിക്കാറ്. അവരുടെ പ്രത്യേകത സ്വന്തം കുറവുകളെ മനഃപൂർവ്വം മറച്ചുവെയ്ക്കുകയെന്ന സ്വഭാവവുമാണ്. സ്വന്തം ദുർബ്ബലതകളറിഞ്ഞു കൊണ്ടുതന്നെ ആ വാസനകളെ മൂടിവെയ്ക്കുവാൻ അവർ ശ്രമിക്കുന്നു. അറിവിന്റെ കാര്യത്തിലും ഈ കൂട്ടർ പൊങ്ങച്ചം ഭാവിക്കും. സാമൂഹിക ബന്ധങ്ങളിൽ കൂടിയും അവർ മറ്റുള്ളവരുടെ വികാരവിചാരങ്ങളെ മാനിക്കുകയില്ല. ഈ പ്രവണത

യെ മഹാത്മാക്കളായ പലരും കുറ്റപ്പെടുത്തിയിട്ടുണ്ട്. വില്യംഹാസിലിറ്റ് ഇങ്ങനെഎഴുതി: ''വാസ്തവത്തിൽ അഹംഭാവിയായ മനുഷ്യൻ തന്നെക്കാം ഉയർന്നവരേയ്യം തന്റെ താഴെയുള്ളവരേയും അറിയുന്നില്ല. ആദ്യത്തെ കൂട്ടരുണ്ടെന്നേയാം വകവെച്ചുതരില്ല: രണ്ടാമത്തെ കൂട്ടരെപ്പറ്റി പരിഗണിക്കാനയാം മിനക്കെടുകയുമില്ല.''

അഹംഭാവികളായ ഇക്കൂട്ടരുടെ സവിശേഷത വിവേകരാഹിത്യവും അജ്ഞതയുമായിരിക്കും. വിവരക്കേടാണ് മനുഷ്യന്റെ മിക്ക പ്രവൃത്തികളേയും ദുഷ്ടമാർഗ്ഗത്തിലേയ്ക്കു നയിക്കുന്നത്. ജെയിംസ് അല്പൻ ഇതിനെ വിലയിരുത്തുന്നതിങ്ങനെയാണ്: ''അജ്ഞതയുടെ ഫലമല്ലാത്ത യാതൊരു തിന്മയും ലോകത്തിലില്ല.നാം തിന്മയിൽ നിന്നുള്ള പാഠം പഠിക്കുവാൻ മനസ്സു വെയ്ക്കുകയും തയ്യാറാകുകയും ചെയ്താൽ അത് നമ്മെ കൂടുതൽ ഉന്നതമായ ജ്ഞാനതലത്തിലേയ്ക്കു നയിക്കുകയും പിന്നീട് തിന്മ അപ്രത്യക്ഷമാകുകയും ചെയ്യും.'' ഡയോജനീസ് എന്ന തത്വജ്ഞാനി പറയുന്നതാകട്ടെ,'' ഒരേ ഒരു നന്മ അറിവും ഒരേ ഒരു തിന്മ അജ്ഞതയുമാണ്.'' എന്നാൽ വിവരം കെട്ടവർ ഹിപ്പോക്രാറ്റുകൂടിയാകുമ്പോൾ എന്തുമാത്രം ഹീനസ്ഥിതിയാണ് ഉളവാകുകയെന്ന് ചിന്തിക്കുകയാണ് ഭേദം. രാഷ്ട്രീയത്തിന്റെ ബാലപാഠമറിയാത്തവർകൂടി രാജ്യകാര്യനിപുണരായി ചമയുന്നു. അജ്ഞരായ ഒരു കൂട്ടം വോട്ടറന്മാരുടെ പ്രീതിക്കും പണിയെടുക്കുന്ന പാർട്ടിയുടെ ആശീർവാദത്തിനും വിധേയനാകുവാനാത്താൽ ഭരണാധിപൻ കൂടിയാകുന്നു. അധികാരം കൈയ്യാളുന്നവർ, അവിവേകികളോ, വിദ്യാവിഹീനരോ ഒന്നുമല്ലെന്നാണ് പിന്നെയുള്ള സങ്കല്പം. അത്തരക്കാരിൽ നിന്നും പുറപ്പെടുന്ന അഭിപ്രായം എന്തും അംഗപ്പെട്ടതാണ്: വാർത്താപ്രാധാന്യമുള്ളവയാണ്. ശാസ്ത്രസമ്മേളനങ്ങളം ഉത്ഘാടനം ചെയ്യുക തുടങ്ങി എല്ലാ വിജ്ഞാനശാഖകളുടേയും ആധികാരിക

വിധേയത്വക്കാരും കൂടിയായിത്തീരുകയാണ് അത്തരക്കാർ. അവരുടെ പ്രഭാഷണങ്ങളും ഉപദേശങ്ങളുമാണ് ഏതൊരു ശാസ്ത്രശാഖയുടേയും ഉയർച്ചയ്ക്കുനിദാനമായി നില്ക്കുക; അധികാരികളെ കണ്ണും പൂട്ടി വിശ്വസിക്കുന്നതും അനുസരിക്കുന്നതും ഒരുപക്ഷേ, രാജ്യകാര്യങ്ങൾ സുഗമമായി തീരുവാൻ സഹായകമാണ്. പക്ഷേ, ഏതെങ്കിലും കാരണവശാൽ അധികാരത്തിന്റെ ഉന്നതസ്ഥാനത്തു നിന്നിച്ചേർന്ന ഒരു മനുഷ്യനെ വിജ്ഞാനപടുവായും കുറ്റമറ്റവനാക്കുന്ന വാസന അവസാനിപ്പിക്കേണ്ടതാണ്. അല്ലെങ്കിൽ വിവരം കെട്ടവർ ഹിപ്പോക്രാറ്റുകളും കൂടിയായി മനുഷ്യസംസ്കാരത്തിന്റെ പുരോഗതിയിൽ നിശ്ചലത സൃഷ്ടിക്കും. കുറേകാലം താൻ പറയുന്നതെന്തും സുപരിശേഷമാണെന്ന ബോദ്ധ്യം വന്നുപോയാൽ പിന്നെ ആ ധാരണ അഹംഭാവത്തിലേയ്ക്കും സമൂലബോധത്തിലേയ്ക്കും വളരും. ഈ വളർച്ചയുടെ തികഞ്ഞഫലമാണ് ഇന്നു എല്ലാ വിഭാഗമാളുകളോടും പുച്ഛത്തിനിടവരുത്തുന്നത്. വിവേകികളുടെ ലോകം അവരെനോക്കി പരിഹസിക്കുന്നതിന്റെ കിറികോട്ടൽ നടത്തുന്നു എങ്കിൽ അത് സ്വാഭാവികമാണ്.

ഏതൊരു പ്രസ്ഥാനത്തിന്റെ പ്രണേതാക്കൾക്കും അറിവിന്റെ മനക്കരുത്ത് അവശ്യം ഉണ്ടായിരിക്കണം. അതിപ്രാത്തതാണ് രാഷ്ട്രീയജനാധിപത്യത്തിന്റെ പ്രതീതിയുണ്ടാക്കുന്നത്. രാഷ്ട്രീയരംഗത്തു മാത്രമല്ല, നമ്മുടെ എല്ലാ വിഹാരമണ്ഡലങ്ങളിലും ഈ സ്വഭാവവിശേഷം കടന്നാക്രമണം നടത്തിയിട്ടുണ്ട്. രാഷ്ട്രീയാധികാരമാകുന്ന പ്ലാമരത്തിൽ ഇത്തിക്കണ്ണികളായി തീർന്നവർ ഭരണനിപുണന്മാരും വിജ്ഞാനപടുക്കളുമായി ചമയാറുള്ളതുപോലെയാണ്, സാമൂഹിക സാംസ്കാരിക മണ്ഡലങ്ങളിലും കയറിപ്പറ്റിയവർ ആ രംഗങ്ങളിലെ ആധികാരികവക്താക്കളായി തീരുന്നതും. അറിവിനെ മാനിക്കുന്ന സ്വഭാവം നമുക്കില്ലാതായിക്കൊണ്ടിരിക്കുകയാണ്.

പൊങ്ങച്ചത്തിന്റെ കിലുക്കാംപെട്ടിയുമായി അവർ എന്തിനേയും ചോദ്യം ചെയ്യുന്നു.

ഒരുകാര്യം തീർച്ച. നാം ഹിപ്പോക്രാറ്റുകളുടെ ലോകത്താണ് ജീവിക്കുന്നത്. എല്ലാ തലത്തിലും ഈ അജ്ഞീർണ്ണം പൂർവ്വോപരി ശക്തിയായി ബാധിച്ചുകൊണ്ടിരിക്കുകയാണ്. വിവരം കെട്ടവർ വിവരമുള്ളവരെ പുച്ഛിക്കുന്നു, അഹംഭാവികളായ ഈ ഹിപ്പോക്രാറ്റുകളും ബഹുമാനിക്കപ്പെടുകയും, അറിവിനെ മനസ്സിലാക്കുവാനുള്ള അറിവുപോലും നമ്മുടെ മദ്ധ്യത്തിൽനിന്നും മറയുകയാണതിവേഗം. 'അന്ധൻ അന്ധനെ നയിക്കുന്നു' എന്നു പറയുന്ന സ്ഥിതിവിശേഷമാണ് സംജാതമായിരിക്കുന്നത്. ഇത് വ്യാപകമായാലുള്ള അവസ്ഥ എത്ര ഭയങ്കരമായിരിക്കുമെന്നാലോചിക്കുകയാണുത്തമം. ഇതിന്റെ മറ്റൊരു വകഭേദമാണ് 'സമൂലബോധഭാവം' (egocentrism).

വ്യത്യാസം അല്പമുണ്ട്, തന്റെ അറിവ് പരിപൂർണ്ണമാണെന്നും തന്റെ കഴിവ് അപാരമാണെന്നും സമൂലഭാവവാദികളും അവകാശപ്പെടുന്നു. വ്യക്തിയുടേയും രാഷ്ട്രത്തിന്റേയും സമൂഹത്തിന്റേയും സംസ്കാരത്തിന്റേയും കഥയും വിഭിന്നമല്ല. ഈ സമൂർത്തബോധം വ്യക്തിയിലായാലും, രാഷ്ട്രത്തിന്റെ ദേശസ്വഭാവത്തിലായാലും അപകടകരമാണ്. ചരിത്രപാഠങ്ങൾ അനവധി നിരത്തുവാനൊക്കും ഈ വാസനയുടെ ഭവിഷ്യത്തുകളെ എണ്ണി എണ്ണി പറയുവാൻ. ഹിപ്പോക്രാറ്റുകൾ അറിയാത്തതുകൂടി അറിയുമെന്നു ഭാവിക്കുമ്പോൾ, ഇഗോ സെൻട്രിസ്റ്റുകളാകട്ടെ തങ്ങളുടെ അറിവും കഴിവും അപരിമേയമാണെന്നും, പുറമേനിന്നും മറ്റൊന്നുമാരായേണ്ടതില്ലെന്നും ഭാവിക്കുന്നു. ഇതിന്റെ ഫലമായി വളർച്ച മുറ്റുകയാണ് ചെയ്യുന്നത്.

ഇൻഡ്യയിൽ ആർഷസംസ്കാരത്തിന്റെ പ്രഭാവകാലം മഹത്തരമായ നേട്ടങ്ങളുണ്ടാക്കി. ചിന്തയുടേയും ശാസ്ത്രത്തിന്റേയും തത്ജ്ഞാനത്തിന്റെയും അദ്ധ്യാത്മ വാദ

ത്തിനേറെയും മണ്ഡലങ്ങളിൽ അനർഘങ്ങളായ സംഭാവന കളും നമ്മുടെ പ്രാക്തനയുഗങ്ങളും നൽകിയിട്ടുണ്ട്. പക്ഷേ, ആ നേട്ടങ്ങളും അഭംഗുരം തുടർന്നില്ല. അതിനു മുമ്പുതന്നെ അവ സമൂർത്തഭാവം നടിച്ച് പുറമേനിന്നുള്ള വിജ്ഞാന ങ്ങളുടെനേരേ കതകടച്ചുപൂട്ടിയിരുന്നു. വൈചാരികതലം നിശ്ചലമാകുവാൻ തുടങ്ങിയതിനെറ ആരംഭമായിരുന്നു അത്. ഉപനിഷത്തുക്കളുടേയും ആരണ്യകങ്ങളുടേയും കാലഘട്ടം വ്യക്തികളിൽകൂടിയും ഈ സമൂലബോധം അങ്കുരിപ്പിച്ചിരുന്നു. വസിഷ്ഠനും വിശ്വാമിത്രനുമെല്ലാം ഈ ആർഷശാസ്ത്രത്തിനെറ ജീവനുള്ള ഉദാഹരണങ്ങളാണ്. തപസ്സും സന്യാസവുമൊക്കെ ഒരു നിലയ്ക്ക് മനുഷ്യ നെറ മനസ്സിൽ സ്വരുക്കൂട്ടിയ അറിവിനെ ധ്യാനനിരത രാക്കി സമൂർത്താവസ്ഥയിലേയ്ക്കുയരുവാനുള്ള വ്യർത്ഥ പ്രയത്നങ്ങളുടെ പിറവികളായിരുന്നു. പിന്നീടൊന്നുമറിയു വാനില്ലെന്ന് ഓരോ തപസ്വിയും വിശ്വസിച്ചു. തനെറ കഴിവ് അപ്രതിരോധ്യമാണെന്ന് അയാൾ കരുതി പ്പോന്നു. രാമായണ മഹാഭാരതാദികളിലെ ഐതിഹാസിക വ്യക്തികളൊക്കെത്തന്നെ സമൂലവാദികളായിരുന്നുവെന്ന കാണാം. ഇത് ഒരു സംസ്കാരത്തിനെറ പ്രത്യയശാസ്ത്രമായി ത്തീരുമ്പോഴുള്ള അവസ്ഥ ദയനീയമായിരിക്കും.

ആര്യസംസ്കാരത്തിനെറ വിശ്രോത്തരമായ നേട്ടങ്ങളും അപചേതനമായിത്തീർന്നത് പ്രധാനമായും ഈ സമൂർത്ത ബോധം കൊണ്ടാണ്. പതിനൊന്നാം നൂറ്റാണ്ടിനെറ ആദ്യ വർഷങ്ങളിൽ, മുഹമ്മത് ഗാസ്നിയുടെ ആക്രമണകാല ത്ത്, അദ്ദേഹത്തോടൊപ്പം ഇൻഡ്യയിൽ വന്ന താത്വിക നും ചരിത്രകാരനുമായ അൽബൈരൂണി ഈ ഇൻഡ്യൻ പ്രവണതയെ ഇങ്ങനെയാണ് വ്യവഹരിക്കുന്നത്: ''ഇന്ത്യാ ക്കാർ അവരെപ്പോലെ വലിയവർ വേറെയില്ലെന്നും, അവരു ടെ ദാർശനികന്മാരെപ്പോലെ ഉയർന്നവരാരുമില്ലെന്നും, അവരുടെ ശാസ്ത്രങ്ങളെപ്പോലെ വളർന്നിട്ടുള്ളവ മറെറാ ന്നുമില്ലെന്നും ധരിച്ചുവശായിട്ടുള്ളവരാണ്. മറെറുള്ളവരു

മായി സംസാരിക്കുവാനോ സംസർഗ്ഗം ചെയ്യുവാനോ അവർ അറയ്ക്കുന്നു. വിദേശീയരുമായി കണ്ടുപോയാൽ അവർ അശുദ്ധരായി തീരുമെന്നാണ് വിശ്വസിച്ചിരുന്നത്. തന്മൂലം പുറമേ നിന്നു വന്നിരുന്നവരെ ംലേച്ഛന്മാർ എന്നാണ് വിളിച്ചിരുന്നത്.'' [1] അങ്ങനെ സർവ്വത്ര അറിവും തങ്ങളിൽ അടങ്ങിയിട്ടുണ്ടെന്നു അവർ അഹംഭാവിക്കുക മാത്രമല്ല പുതിയതായൊന്നുമന്വേഷിക്കുവാൻ ഉൽസുകരുമല്ലായിരുന്നു. അറിവിന്റെ കോവിൽ അങ്ങനെ ശക്തമായടച്ചുപൂട്ടപ്പെട്ടു. അതിന്റെ ഫലമായി ലോകോത്തരമായ ഒരു സംസ്കാരത്തിന്റെ പൈതൃകം വഹിക്കുന്ന നമ്മുടെ പൌരാണിക ശാസ്ത്രങ്ങളും ദർശനങ്ങളുമെല്ലാം നിന്നേടത്തുതന്നെ നിന്നു; വളർച്ച മുറ്റിയ ഒരു വാഴ പോലെ കുലയ്ക്കുവാനോ, ഫലത്തിലെത്തുവാനോ സാധിക്കാതെ നമ്മുടെ വൈജ്ഞാനികമണ്ഡലവും കലാരംഗങ്ങളുമെല്ലാം ഈ തിരിച്ചടിയുടെ കെടുതികളും അനുഭവിച്ചിട്ടുണ്ട്. പൊലിമ പുലർത്തിയിരുന്ന നമ്മുടെ ഈ രംഗങ്ങളൊക്കെത്തന്നെ നിർജ്ജീവമായി.

ഇവിടെയുണ്ടായിരുന്നശില്പവൈദഗ്ദ്ധ്യത്തെ നോക്കി അൽബേരൂണിയും ഉദുബിയുമെല്ലാം വിസ്മയിക്കുന്നുണ്ട്. ''ശില്പവൈദഗ്ധ്യത്തിൽ അവർ കലയുടെ ഔന്നത്യത്തിലെത്തിയിരുന്നു, തൻമൂലം അവ കാണുന്ന നമ്മുടെ ആളുകൾ (മുസ്ലീംങ്ങൾ) അത്ഭുതസ്തബ്ധരാകുകയും, അവയുടെ സംവിധാനത്തെ വിവരിക്കുവാൻ അശക്തരാകുകയും ചെയ്യുന്നു. പിന്നെയുണ്ടോ അവ നിർമ്മിക്കുന്ന കാര്യം ചിന്തിക്കുവാനൊക്കുക.'' [2] മഥുരാ ക്ഷേത്രത്തെക്കുറിച്ച് മുഹമ്മതു ഗസ്നി, തന്റെ സ്നേഹിതന്നിപ്രകാരമാണ് എഴുതി അയച്ചതെന്ന് സമകാലീന ചരിത്രകാരനായ അൽ ഉദുബി, 'തരീക്കീയാമിനി' എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ''ഇതുപോലെയൊരു

1. Ab-Biruni-India Translated by SACHU P. 361
2. Tarikh-i-Yamini-Elliot and Dowson Vol, II, P. 44

കെട്ടിടം ആരെങ്കിലും നിർമ്മിക്കണമെന്നാഗ്രഹിക്കുന്നുവെങ്കിൽ പത്തുകോടി സ്വർണ്ണദീനാർ ചിലവഴിക്കാതെയും, ഏറെവും വിദഗ്ദ്ധരായ ശില്പികളെ 200 കൊല്ലമെങ്കിലും നിർമ്മാണത്തിനു വിനിയോഗിക്കാതെയും സാദ്ധ്യമാകുകയില്ല,'' [3] അൽ ഉദുബിയുടെ അഭിപ്രായമാകട്ടെ, ''ഇത് മനുഷ്യനിർമ്മിതമല്ലെന്നും, ജിന്നുകളായിരിക്കണം ഇത് ഉണ്ടാക്കിയതെന്നുമാണ്.'' [4]

വിദേശിയരൊക്കെ വിസ്മയിച്ചിരുന്ന നമ്മുടെ ശില്പകലയും കൊത്തുപണിയും വളർച്ചയിലെത്തുകയുണ്ടായില്ല. നമ്മുടെ ശാസ്ത്രശാഖകളും ഈ അറബിപണ്ഡിതന്മാരുടെ പ്രശംസയ്ക്ക് വിധേയമായിട്ടുണ്ട്. അൽ ബൈരൂണിയും കൂട്ടരും ഈ നാട്ടിലെത്തുന്നതിന് എത്രയോ നൂറ്റാണ്ടുകൾക്കു മുമ്പ് തന്നെ ഉണ്ടായിരുന്ന ഈ ജ്ഞാന ശാഖകൾ, അക്കാലഘട്ടത്തിലെപ്പോഴെയ്ക്കും തഴച്ചു വളർന്ന് ഫലഭൂയിഷ്ഠമാകേണ്ടതായിരുന്നു. പക്ഷേ അവ വളർച്ച നിലച്ച് മുരടിയ്ക്കുകയാണുണ്ടായത്. അതിന്റെ കാരണങ്ങൾ ആരായുമ്പോൾ ആർഷസംസ്കാരത്തിന്റെ സമൂലബോധഭാവമായിരുന്നു ഈ വിനാശത്തിനിടയാക്കിയതെന്നു കാണാം.

ഇതിന്റെ പരിണിതഫലമാകട്ടെ, അമ്പലസംവിധാനങ്ങൾ നോക്കി അന്തം വിട്ടുനിന്ന മുഹമ്മത് ഗസ്നിയുടെ പിൻഗാമികൾ ഒന്നര നൂറ്റാണ്ടിന് മുമ്പുതന്നെ എല്ലാം തങ്ങളിലുണ്ടെന്ന് ഭാവിച്ചിരുന്ന ഇൻഡ്യൻ ജനതയുടെ മേലാളൻമാരായിത്തീർന്നുവെന്നതാണ്. അവർകൊണ്ടുവന്ന പുതിയ ആയുധങ്ങൾ കണ്ട് നാം അത്ഭുതപ്പെട്ടു. അവരുടെ വസ്ത്രധാരണരീതിയും ജീവിതോപകരണങ്ങളും നമുക്ക് പുത്തരിയായിരുന്നു. അവരുടെ സാമൂഹികസംവിധാനവും നമ്മിൽ അങ്കലാപ്പുളവാക്കി. അവരുടെ കല

3. Ibid.
4. Ibid.

യും സാഹിത്യവും ദർശനങ്ങളും ശാസ്ത്രങ്ങളും നവീനധാരകളും ഉൾക്കൊള്ളുന്നവയായിരുന്നു. പുതിയ ഈ വേലിയേറ്റത്തിന്റെ മുമ്പിൽ നാമാരുമല്ലാതായിത്തീർന്നു. അവരുടെ അധീശത്വമംഗീകരിച്ച് പഞ്ചപുച്ഛമടക്കി സവിനയം നാം കഴിഞ്ഞുകൂടി.

ഇത് നമ്മെ മാത്രമല്ല, പല സംസ്കാരങ്ങളെയും പല രാജ്യങ്ങളെയും ബാധിച്ചിട്ടുണ്ട്. ലോകചരിത്രത്തിൽ ചൈനയ്ക്കുള്ള സ്ഥാനം അന്യാദൃശ്യമാണ്. അനുസ്യൂതം പ്രവഹിച്ചിരുന്ന ഒരു സംസ്കാരത്തിന്റെ പിൻതുടർച്ചക്കാരാണ് അവർ. പല രാജ്യങ്ങളും അപരിഷ്കൃതമായ കാടൻ ജീവിതത്തിൽ കഴിഞ്ഞിരുന്നപ്പോൾ, നാഗരികതയുടെ താരാപഥംവരെയുയർന്ന ഒരു സ്ഥാനം സംസ്കാരങ്ങളുടെ ചരിത്രത്തിൽ അവർക്കുണ്ടായിരുന്നു. ലവോ സിയും കൺഫ്യൂഷിയസ്സും മെൻസ്യസ്സുമെല്ലാം ചൈനീസ് ചിന്താ ലോകത്തിലെ അനശ്വരന്മാരാണ്. പക്ഷേ ഈ ഉന്നതി അവരെ ലഹരി പിടിപ്പിച്ചു; ഇല്ലാത്ത തലക്കനവും അഹംഭാവവും അവരിൽ വിതച്ചു. ഇംഗ്ലീഷ് ചക്രവർത്തി തന്റെ ഒരു പ്രതിപുരുഷനെ വ്യാവസായികസാദ്ധ്യതകളാരായുവാൻ വേണ്ടി ഒരിക്കൽ ചൈനയിലേക്കയച്ച രസകരമായ കഥ അവരുടെ ധിക്കാരസ്വഭാവത്തെ പ്രകടമാക്കുന്നതാണ്. ചൈനയിലെ ഒടുവിലത്തെ മഹാചക്രവർത്തിയായ ചീൻഹാങ്ങ് വളരെ സൗഭാഗ്യത്തോടുകൂടി വാണരുളുന്ന കാലം. ഇംഗ്ലണ്ടിൽ നിന്നും ലോർഡ് മെക്കാർട്ടനേ എന്ന അംബാസിഡർ തന്റെ രാജാവിന്റെ ഒരഭ്യർത്ഥനയും കൊണ്ടെത്തിയിരിക്കുകയാണ്. കച്ചവട സൗകര്യങ്ങളും തേടുകയായിരുന്നു സന്ദർശനോദ്ദേശ്യം. ഒട്ടും ഗൗരവംവിടാതെ ചക്രവർത്തി ചീൻഹാങ്ങ് പ്രതിവചിച്ചു: 'നമ്മുടെ രാജ്യത്ത് നമുക്കാവശ്യമുള്ള സർവ്വതും ഉണ്ട്. മറുനാടുകളെ യാതൊന്നിനുവേണ്ടിയും ആശ്രയിക്കേണ്ട ഗതികേട് ഞങ്ങൾക്കില്ല. അതുകൊണ്ട് ഇവിടെ നിങ്ങളുടെ ദേശത്തുനിന്നും യാതൊരു സാധനവും ആവശ്യമില്ല. പിന്നെ അപരിഷ്കൃതരായ നിങ്ങൾക്ക് കച്ചവടം

നടത്തണമെങ്കിൽ ചുരുങ്ങിയതോതിൽ അതു ചെയ്യുവാൻ നാം അനുവദിക്കുന്നു. പക്ഷേ ഒരു കാര്യം. നമ്മുടെ നാട്ടിലെ നിയമങ്ങളും മര്യാദകളും മാനിക്കണം.'' [5]

തന്റെ രാജ്യം എല്ലാം ഉഴുകൊള്ളുവെന്നഹങ്കരിക്കുകയും, പുറമേനിന്നു വന്നവരെ അപരിഷ്കൃതരായി തരംതാഴ്ത്തി കാണുകയും ചെയ്ത ഈ ചക്രവർത്തിയും അദ്ദേഹത്തിന്റെ സമ്പന്നമായ രാഷ്ട്രവും അര നൂറ്റാണ്ടു കഴിയുന്നതിനു മുമ്പുതന്നെ പാശ്ചാത്യരായ 'കാടന്മാരുടെ' അധീശത്വം സവിനയം അംഗീകരിക്കുവാൻ നിർബദ്ധരായിത്തീർന്നു. സമൂലബോധത്തിന്റെ ഫലമായി വന്നുചേർന്ന പാപത്തിൽ നിന്നും മോചനം ലഭിക്കുവാൻ പിന്നെയും ദീർഘമായ ഒരു നൂറ്റാണ്ടുകാലം ചൈനീസ് ജനതയ്ക്ക് കാത്തിരിക്കേണ്ടതായും വന്നുകൂടി.

ഇതേ കാര്യങ്ങൾ തന്നെയാണ് മതങ്ങളുടെ ചരിത്രങ്ങൾക്കും പറയാനുള്ളത്. ക്രൈസ്തവ മതം യൂറോപ്പിലാകമാനം വലിയ ശക്തിയായി തീർന്നതോടുകൂടി ആത്മീയ നിയന്ത്രണത്തോടൊപ്പം ഭൗതിക നേതൃത്വവും പൗരോഹിത്യം ഇച്ഛിച്ചു. പോപ്പിനേറെയും പള്ളിയുടേയും കീഴിലമർന്നിരുന്നു. രാജാക്കന്മാരും യൂറോപ്പ്യൻ ജനതയും സ്വതന്ത്ര ചിന്തയേയും കാര്യങ്ങൾ അറിയാനുള്ള ആസക്തിയേയും തടസ്സപ്പെടുത്തി. സംസ്കാരങ്ങളുടെ അടിത്തറയായ യവന റോമാ നാഗരീകതകൾ തിരസ്കൃതമായി. മനുഷ്യ മനസ്സും മനീഷയും തിരസ്കൃതമായി. ക്രൈസ്തവ പൗരോഹിത്യം ചിന്തയേയും ജ്ഞാനതൃഷ്ണയേയും കടിഞ്ഞാണിട്ട. യുക്തിവാദത്തിനോ സ്വതന്ത്ര ചിന്തയ്ക്കോ ഇടമുണ്ടായിരുന്നില്ല. പൗരാണിക ശാസ്ത്രങ്ങളും തത്വജ്ഞാനങ്ങളും അറിയുവാൻ ശ്രമിക്കുന്നതുകൂടി വിലക്കപ്പെട്ടു. സോക്രട്ടീസും, സാഫോയും, അരിസ്റ്റോട്ടിലും പ്ലേറോവും, ഹെറോഡോട്ടസ്സും, തൂസിഡൈഡസ്സു

5 Quoted by K. M. Panikkar in his, article 'An Indian view of Europe' in the Indian Asian culture, Oct, 1962, P. 109.

മെല്ലാം വിസ്മരിക്കപ്പെട്ടു. എല്ലാം മതശാസനകളുടെ വേലിക്കെട്ടിലൊതുക്കി നിർത്തിയ ക്രൈസ്തവ പൗരോഹിത്യം മനുഷ്യമനീഷയെ വരിഞ്ഞുകെട്ടി നിർത്തിയിരിക്കുകയായിരുന്നു.

മതശാസനങ്ങളെന്ന് അവരുദ്ഘോഷിച്ചിരുന്നതാകട്ടെ, പള്ളിയും പട്ടക്കാരും അപ്പോഴപ്പോഴായി പടച്ചിറക്കിയിരുന്ന ശാസനങ്ങളുമായിരുന്നു, ബൈബിൾ വായിക്കുവാനോ സ്നേഹനിധിയായ യേശുവിന്റെ സൂക്തങ്ങളറിയുവാനോ മാർഗ്ഗമുണ്ടായിരുന്നില്ല. എല്ലാംതന്നെ ക്രൈസ്തവ പൗരോഹിത്യം കയ്യടക്കി. അചേതനമായ ബുദ്ധി അമൂർത്താവസ്ഥയിൽ തന്നെ കഴിഞ്ഞു. വേലിയേറ്റങ്ങളില്ലാത്ത ജലാശയംപോലെ മനുഷ്യ സംസ്കാരം നിശ്ചേതനമായി. മലീമസമായ ആ അന്തരീക്ഷത്തിൽ നിന്നും വല്ലതൊന്നും പ്രതീക്ഷിക്കുക സാദ്ധ്യമായിരുന്നില്ല. അങ്ങനെ സംസ്കാരികമായ പൈതൃകവും ക്രിയാത്മകമായ മേധാശക്തിയും ധൈഷ്ണികമായ ഭാവനാസമ്പത്തും വൈചാരികമായ രചനാത്മകതയും എല്ലാം തന്നെ മതത്തിന്റെ പേരിൽ ക്രൈസ്തവ പൗരോഹിത്യം മരവിപ്പിച്ചു. ഗലീലിയോവും ഇറാസ്മസ്സും ബേക്കനുമെല്ലാം പള്ളിയുടെ ക്രൂര മർദ്ദനങ്ങൾക്ക് വിധേയരായി.

സമൂർത്ത ഭാവം അതിന്റെ പാരമ്യത്തിലെത്തിയ മദ്ധ്യകാലയൂറോപ്പിനെ 'ഇരുണ്ട കാലഘട്ടം' എന്നാണ് അറിയപ്പെടുന്നത്. ഈ സമൂല ബോധ സിദ്ധാന്തം കൊണ്ട് ചേതന നിശ്ചലമാകുകയും പുരോഗതി നിലയ്ക്കുകയുമുണ്ടായി, പ്രകാശം പരന്നില്ല. ബുദ്ധി മരവിച്ചു പോയിരുന്നു. ചേതന ചത്തുകിടക്കുകയും, അപ്പോഴും ക്രൈസ്തവ പൗരോഹിത്യം അഹന്തയോടുകൂടി ഒരു ഭൂഖണ്ഡത്തേയും അതിലെ ജനതയേയും പഴയതിൽ നിന്നും വീര്യം കൊള്ളാനനുവദിക്കാതെയും, പുതിയതിനെ തേടിപ്പിടിക്കുവാൻ സമ്മതിക്കാതെയും വീർപ്പുമുട്ടിക്കുകയായിരുന്നു, എല്ലാം അവർ പറയുന്നതിൽ നിഷിപ്തമാ

ണ"യെന്ന സമൂർത്തഭാവത്തിൽ. ''ജീവിതത്തെപ്പററി പഠി ക്കേണ്ടത് പിറകോട്ട് നോക്കിയാണെങ്കിൽ, ജീവിക്കേണ്ടത് മുമ്പോട്ട് നോക്കിയാണ്.'' ഈ പൊതു നിയമത്തിനൊ രപവാതമായിരുന്നു മദ്ധ്യ യുഗത്തിലെ ക്രൈസ്തവ യൂറോപ്പ്. അതുണ്ടാകുവാൻ കാരണമായി തീർന്നതാകട്ടെ ഹിപ്പോക്രാററുകളായ ഈ പൗരോഹിത്യത്തിന്റെ സമൂർത്ത നിലവും.

ഇതിന്റെ ഫലമായി നവീനദശയുടെ ആരംഭം പൊട്ടിത്തെ റികളോട് കൂടിയായിരുന്നു. മദ്ധ്യകാലത്തിലെ സകല സ്ഥാപ നങ്ങളും സകല വിശ്വാസപ്രമാണങ്ങളും തകർക്കപ്പെട്ടു. എല്ലാ രംഗങ്ങളിലും അധികാരം കൈയ്യാളിയിരുന്ന പൗരോഹിത്യം നിഷ്കാസിതമായി. ക്രൈസ്തവപൗരോഹിത്യത്തിന്റെ നിയന്ത്രണ ത്തിൽനിന്നും മുക്തമാകുവാൻ നൂറ്റാണ്ടുകളോളം പോരാടേണ്ടി വന്നു. സഹിച്ചുകൊണ്ടിരുന്ന ക്രൈസ്തവജനത ഒരു പുതു പുലരിയെ പ്രതീക്ഷിച്ചിരുന്നു. 'നവോത്ഥാന പ്രസ്ഥാനം' യൂറോ പ്യൻനാടുകളിൽ സമൂലമായ പരിവർത്തനമുണ്ടാക്കി. തട സ്ഥതുനിർത്തിയിരുന്ന മനുഷ്യബുദ്ധി സ്വതന്ത്രമായി പ്രവർത്തിക്കുവാൻ തുടങ്ങി. അതിന്റെ ഫലമായി പുത്തൻ കണ്ടുപിടുത്തങ്ങളും, നവീനദർശനങ്ങളും രൂപം കൊണ്ടു. ലോകം ഒരു പുതിയ ദശയുടെ ആരംഭം കുറിക്കുകയായി രുന്നു. ക്രൈസ്തവജനതയുടെ ആത്മീയനേതൃത്വം തന്നെയും പോപ്പിനു പല നാടുകളിലും നഷ്ടപ്പെട്ടു. പുതിയ പ്രസ്ഥാനങ്ങളുമുണ്ടായി.

മറ്റു നാടുകൾക്കും സംസ്കാരങ്ങൾക്കും സമൂല നാശമുണ്ടാക്കിയതിനു വിപരീതമായി തീരാനഷ്ടങ്ങളാണുണ്ടാക്കിയത്. പക്ഷെ ക്രൈസ്തവ പൗരോഹിത്യത്തിന്റെ നില ഉപയോഗപ്രദ മായിത്തീർന്നു എന്ന വലിയ വ്യത്യാസം രേഖപ്പെടുത്തേണ്ട താണ്. ഇറാസ്മസ്സും, ഹസ്സും, വൈക്ലിഫും, ലൂഥറും, സ്വിൻഗ്ലിയും മറ്റുമെല്ലാം പൗരോഹിത്യ ത്തിന്റെ ഈ ദുർവ്വാസനയ്ക്കെതിരായി ജനകീയ പ്രക്ഷോ ഭണത്തിനു നേതൃത്വം കൊടുത്തില്ലായിരുന്നുവെങ്കിൽ

ക്രൈസ്തവയൂറോപ്പ് ഇന്നും അന്ധകാരത്തിൽ തന്നെ കഴിയുമായിരുന്നു. നിരവധി തലമുറകളെത്തന്നെ പൗരോഹിത്യത്തിന്റെ സ്വാർത്ഥമോഹത്തിന് കുരുതികൊടുക്കേണ്ടായിവരുമായിരുന്നു. പക്ഷേ നവോത്ഥാനചരിത്രം നവീനമായ ഉൽക്കാഴ്ചയും ദർശനങ്ങളും നൽകി അവരെ രക്ഷിച്ചു. തൻമൂലം ആധുനിക ലോകത്തിന്റെ വിധിദാതാക്കളാകുവാനും അവർക്കൊത്തു.

ഇതിനു നേരേ വിപരീതസ്ഥിതിയാണ് മുസ്ലീം സമുദായത്തെ സംബന്ധിച്ചുണ്ടായത്. മദ്ധ്യകാലയൂറോപ്പ് ഇരുളിൽ കഴിഞ്ഞിരുന്നപ്പോഴും എല്ലാ രംഗങ്ങളിലും വ്യക്തിമുദ്രപതിപ്പിച്ച് ബഹുമാനിക്കപ്പെട്ടിരുന്ന ഒരുന്നത സമുദായമായിരുന്നു മുസ്ലീംകൾ. ക്രൈസ്തവയൂറോപ്പ് പ്രാക്തന പൈതൃകത്വം അവഗണിച്ച അവസരത്തിൽ, അവയെ തേടിപ്പിടിച്ച് അറിവിന്റെ ഭണ്ഡാരം വീർപ്പിച്ചിരുന്നു അറബികൾ, അവർ വൈജ്ഞാനികവും വൈചാരികവുമായ എല്ലാതലത്തിലും കനപ്പെട്ട സംഭാവന നല്കി. വ്യവസായ കാർഷിക രംഗങ്ങളിൽ പല പുതിയ പരീക്ഷണങ്ങളുടേയും വിജയം അവർ കണ്ടു. വേലിയേറ്റത്തിന്റെ വേഗതയോടുകൂടി ആർത്തിരമ്പിക്കയറിയ ഇസ്ലാമികാഭിനിവേശം ലോകോത്തരമായിരുന്നു. കൊരിഡോവായും, കെയ്റോവും. ബാഗ്ദാദും, ഡൽഹിയും എല്ലാം ലോകത്തിന്റെ സിരാകേന്ദ്രങ്ങളായി മാറി. ഭരണകാര്യങ്ങളിലാകട്ടെ, സാമൂഹിക സാമ്പത്തിക സംവിധാനത്തിലാകട്ടെ, കലയുടേയോ ശാസ്ത്രങ്ങളുടേയോ മണ്ഡലങ്ങളിലാകട്ടെ ഇസ്ലാമിക നഗരങ്ങളായിരുന്നു മുൻപന്തിയിൽ. പ്രകാശത്തിന്റെ ദീപസ്തംഭം നാട്ടിയിരുന്ന മുസ്ലീകൾക്ക് അങ്ങനെ ഒരു സമ്പന്നമായ സമൂഹവും സമൃദ്ധമായ ഒരു വലിയ സാമ്രാജ്യവും ഉണ്ടായി.

പക്ഷേ കുരിശുയുദ്ധങ്ങളഴിച്ചുവിട്ട ക്രൈസ്തവവിരോധം മുസ്ലീം ജനതയെ കൊണ്ടെത്തിച്ചത് സമൂലബോധത്തിലായിരുന്നു. അതുവരെ അറിവിനെത്തേടി

എവിടേയ്ക്കും പോയിരുന്ന സത്യാന്വേഷികളുടെ ഒരു സമൂഹം നിശ്ചലമാകുവാൻ തുടങ്ങി. ''ശഹീദിന്റെ (രക്തസാക്ഷി) രക്തത്തെക്കാൾ പണ്ഡിതന്റെ ഒരു തുള്ളി മഷിക്ക്,, വില കല്പിച്ചിരുന്ന മുസ്ലീംകൾ എല്ലാം തങ്ങളിലുണ്ടെന്നഹംഭാവിച്ചു. ലോകം കണ്ടതിൽ വെച്ച് ഏറ്റവും വലിയ ഒരു സാമ്രാജ്യവും ഏറ്റവും സമ്പൽ സമൃദ്ധിയും ഒരു വശത്ത്; ക്രൈസ്തവ വിരോധം മറുവശത്ത്. ഇത് രണ്ടും കൂടിയായപ്പോൾ തിരിച്ചടി പരിപൂർണ്ണമായി. യൂറോപ്യൻ രാജ്യങ്ങൾ നവോത്ഥാനത്തിന്റെ പുത്തൻ പ്രചോദനത്താൽ പ്രേരിതരായി നൂതനമായ പല കണ്ടുപിടിത്തങ്ങളും നടത്തിയിരുന്നു. ക്രൈസ്തവ വിരോധം കൊണ്ട് കണ്ണു മഞ്ഞളിച്ചുപോയ മുസ്ലീങ്ങൾ ഈ വ്യത്യാസങ്ങളൊന്നും ശ്രദ്ധിച്ചില്ല, നവീനദശയുടെ ത്രസിക്കുന്ന ചേതോവികാരങ്ങളേയും നവീന ശാസ്ത്ര പടുതയേയും അവജ്ഞാപൂർവം വിഗണിക്കുകയാണ് പിന്നീട് അവർ ചെയ്തത്. ഉറങ്ങിക്കിടന്നിരുന്നസിംഹം ഇടിമുഴക്കം കേട്ട് സടകുടഞ്ഞ് ഗാംഭീര്യത്തോടുകൂടി ഉയർത്തെഴുന്നേറ്റതു പോലെ ക്രൈസ്തവ യൂറോപ്പ് ഞെട്ടിത്തെഴുന്നേറ്റ് നവീനദശയുടെ പ്രണേതാക്കളായിമാറി. അറിവിന്റെ കവാടം കൊട്ടിയടച്ച്— എല്ലാം ഉറപ്പാക്കിക്കൊള്ളുന്നുവെന്ന ഭാവേന ചൈനീസ് ചക്രവർത്തിയെപ്പോലെ കഴിഞ്ഞിരുന്ന—മുസ്ലീങ്ങൾ ഉറങ്ങുകയായിരുന്നു. അങ്ങനെ പുതുതായി എന്തെങ്കിലുമറിയാനോ പുതിയത് കാലഘട്ടത്തിന്റെ ഹൃദയത്തുടിപ്പുകൾക്കൊത്ത് ഉയരുവാനോ, സാധിക്കാതെ ഭയങ്കരമായ പിന്നോട്ടടിയാണ് മുസ്ലീം രാഷ്ട്രങ്ങൾക്ക് ആകമാനമുണ്ടായത്.

ഇതിൽനിന്നും പുറകോട്ടു പുറകോട്ടു പോയതല്ലാതെ മുൻപോട്ടുള്ള ഗതി ഒരിക്കലുമുണ്ടായില്ല. രണ്ടു മൂന്നു നൂറ്റാണ്ടുകാലത്തെ ഈ അധഃപതനം പെട്ടെന്ന് ഉയർത്തെഴുന്നേല്പ്പിക്കുവാനൊക്കാത്ത മാതിരി കനത്തതുമായിരുന്നു. അതേ സമയത്ത് പ്രതികാരവാഞ്ഛയോടുകൂടി പുരോഗതിയിൽ നിന്നും പുരോഗതിയിലേയ്ക്ക് പ്രയാണം

ചെയ്യുകയായിരുന്നു യൂറോപ്യൻ രാജ്യങ്ങൾ. മദ്ധ്യകാലങ്ങളിൽ യൂറോപ്യൻ സംസ്ക്കാരം എങ്ങനെ നിശ്ചലമായി നിന്നോ ആ സ്ഥിതിയിലാണ് ഇന്നും മുസ്ലീം രാഷ്ട്രങ്ങൾ.

ഇൻഡ്യയിലെ മുസ്സീം രാഷ്ട്രവും ഈ വിനയിൽ നിന്നും രക്ഷിക്കപ്പെട്ടില്ല. ലോകത്തിലെ ഏറ്റവും സമ്പന്നമായ മുസ്ലീം രാഷ്ട്രം ഇൻഡ്യയിലായിരുന്നു. അത്രയും ശക്തിയായിത്തന്നെ സമൂർത്തഭാവം ഇവിടെ പടർന്നു പന്തലിക്കുകയും ചെയ്തിരുന്നു. ആറു നൂറ്റാണ്ടുകളോളം രാഷ്ട്രീയാധികാരം കൈയ്യാളിയിരുന്ന ഇൻഡ്യൻ മുസൽമാൻ, കോഴിക്കോട്ടു നിന്ന് എട്ട് മൈൽ വടക്കോട്ടു മാറി കപ്പാടെ എന്ന സ്ഥലത്ത് നങ്കൂരമിട്ടിറങ്ങിയ വാസ്കോഡിഗാമ എന്ന പറങ്കിയുടേയും കൂട്ടരുടേയും ആഗമനം പാശ്ചാത്യാധിനിവേശത്തിന്റെ പ്രഘോഷണമാണെന്നും അറിഞ്ഞിരുന്നില്ല. ഇതിനെത്തുടർന്നു കച്ചവടവും കയ്യൂക്കും കൊണ്ട് പാശ്ചാത്യർ രാജ്യം കരണ്ടുതിന്നിരുന്ന കഥയും അവരറിഞ്ഞില്ല. വ്യാവസായികരംഗം കരയിൽ നിന്നും കടലിലേയ്ക്ക് മാറിയെന്നും, നാവികസേനയുടെ ശക്തിലോകം കീഴടക്കത്തക്കതായി തീർന്നിരുന്നുവെന്നും ഇവരാരുമോർത്തില്ല. കച്ചവട കേന്ദ്രങ്ങളുടെ മാറ്റം, പുതിയ പുതിയ രാജ്യങ്ങളുടെയും ശാസ്ത്രോപകരണങ്ങളുടേയും കണ്ടുപിടിത്തം ഇതൊക്കെ അറിഞ്ഞിട്ടും, അവ ജ്ഞാനോപത്തിൽ അവഗണിച്ച മുസ്ലീം രാജ്യങ്ങൾ സമൂലബോധത്തിന്റെ വിപത്തിന്നിരയാകുകയാണുണ്ടായത്. മാറ്റങ്ങൾ പലതുമുണ്ടായി. സൂര്യോദയമായി. പകലോൻ പ്രകാശത്തിന്റെ കിരണങ്ങൾ ചൊരിഞ്ഞു. അപ്പോഴും കരിമ്പടത്തിൽ മൂടിക്കിടന്നവർ കണ്ണു തുറന്നില്ല. സമൂർത്ത വാദോണ് ഈ പിന്നോട്ടടി ഉണ്ടാക്കിയത്. ഈ അഹംബോധം വരുത്തിയ വിനയിൽ നിന്നും വിമുക്തമാകാൻ മുസ്ലീം ലോകത്തിനിതുവരെ സാധിച്ചതുമില്ല.

വ്യക്തികളുടേയും രാഷ്ട്രങ്ങളുടേയും സംസ്കാര ങ്ങളുടെയും ഈ ചരിത്രപാഠങ്ങൾ നമ്മുടെ മുമ്പിൽ മലർ ക്കെപ്പെട്ട പുസ്തകമാണ്. പക്ഷേ ഇന്നും നാമവ വായി ച്ചു പഠിച്ച് നമ്മുടെ പിഴകൾ മാറ്റുവാൻ ശ്രമിക്കുന്നു ണ്ടോ എന്നു സംശയിക്കണം, അവ ഗുണപാഠങ്ങളാക്കുവാ നൊത്താൽ മാത്രമേ രാഷ്ട്രവും, സംസ്കാരവും എന്തിനു വ്യക്തിജീവിതംപോലും സമ്പന്നമാക്കുവാനൊക്കൂ. നമ്മു ടെ സാഹിത്യ സാം സ്കാരിക രാഷ്ട്രീയ സാമൂഹികതലങ്ങ ളിൽ ഇന്നു കാണുന്ന അലംഭാവം ഒരുതരം സിനിസിസ്സ ത്തിലേക്കു നീങ്ങി യഥാർത്ഥമായ വിജ്ഞാനതൃഷ്ണ യുടെ നേർക്കുപോലും നമ്മെ അവജ്ഞയാണു പ്രദർശിപ്പിക്ക ുന്നത്. അതുണ്ടായിത്തുടങ്ങിയതിന്റെ ലക്ഷണങ്ങളാണ് ഇന്നു സമൂഹത്തിന്റെ എല്ലാ വ്യാപാരമണ്ഡലങ്ങളിലും ദൃശ്യമായിക്കൊണ്ടിരിക്കുന്ന അനാസ്ഥയും അറിവില്ലാ ത്തയും. ഈ കുറവുകളെ മറച്ചുപിടിക്കുവാനുള്ള പാഴാ യ ഉപാധി നല്ലതിനെയൊക്കെ പുച്ഛിക്കുകയും എല്ലാം നമുക്കറിയാമെന്ന അഹന്തയിൽ ചുരുണ്ടു കൂടിഒഴിയു കയുമാണ്. അതാണിന്നു നമ്മെ പിടികൂടിയിരിക്കുന്ന പ്രധാനകുഴപ്പം, ഇത് ഏത്രയും വേഗം നാം മന സ്സിലാക്കി അറിവിനു വിലകൊടുക്കുവാനുള്ള ഒരു മനസ്സമൂഹത്തെയെങ്കിലും താലോലിച്ച് വളർത്തി യെടുത്തു വരേണ്ടതു അനിവാര്യമാണ്. അല്ലെങ്കിൽ വ്രണം പഴുക്കുന്നതോടെ മാറാവ്യാധിയായി മാറും. അതില്ലാതിരിക്കു വാനുള്ള മാർഗ്ഗങ്ങളാണ് ആരായേണ്ടതുണ്ട്. കൂട്ടായി ഉറക്കെ ചിന്തിക്കേണ്ടതാണ്. നിശ്ചലമായ ഒരു സമൂഹവും സം സ്കാരവും പുരോഗതിയുടെ കലപ്പടവുകളും അധികം കയറുക പതിവില്ല. ഗത്യന്തരമായ ഒരു സമൂഹ സൃഷ്ടി നടത്തുവാൻ സാധിച്ചെങ്കിൽ മാത്രമേ മാനവസം സ്കാരത്തിന്റെ മുന്നോട്ടുള്ള ഗതിയിൽ ഒപ്പം ഓടിയെത്തു വാൻ ഭാരതീയനും സാദ്ധ്യമാകുകയുള്ളു. അതിനുള്ള മാർഗ്ഗം സത്യസന്ധമായി നമ്മുടെ സ്ഥിതി വിശേഷം വിശകലനം ചെയ്തു മനസ്സിലാക്കുകയും കുറവുക ളെ പരിഹരിക്കുവാൻ പ്രയത്നിക്കുകയുമാണ്. അത്തര പ്രവർത്തികൾക്ക് പ്രോത്സാഹനവും പ്രചോദനവും ലഭി ക്കുകയും വേണം.

11

ഇൻഡ്യാചരിത്രവിചാരം

വിശ്വ സംസ്കാരങ്ങളുടേയും ലോകജനതയുടേയും നാഗരീക ചരിത്രം പരിശോധിച്ചാൽ തെളിഞ്ഞുകാണുന്ന പരമാർത്ഥമുണ്ട്. ഏതെങ്കിലും ഒരവസരത്തിൽ അവരെ ആക്രമിച്ചു കീഴടക്കുവാനൊത്തവർ ആ രാജ്യത്തിലെ ജനതയുടെയും സംസ്ക്കാരത്തിന്റെയും വ്യത്യസ്തമായ ഒരു ചിത്രം വരച്ചു കാട്ടുന്നു എന്നതാണത്. റോമാസാമ്രാജ്യത്തിന്റെ മഹത്തരമായ ചരിത്രം, കുറിച്ച ലീവിയും ടാസിറസും അറിഞ്ഞുകൊണ്ടുതന്നെ റോമാസാമ്രാജ്യത്തോട് ലയിപ്പിക്കപ്പെട്ട യൂറോപ്പിലേയും ആഫ്രിക്കയിലേയും വിവിധ രാജ്യങ്ങളുടേയും ജനതയുടേയും ചരിത്രം റോമാക്കാരന്റെ താല്പര്യത്തിനും അവരുടെ പ്രവൃത്തികളുടെ ന്യായീകരണത്തിനും ഒത്തവിധമാണെഴുതിയത്. ഹാനിബാൾ അങ്ങിനെ ഏറ്റവും നികൃഷ്ടനായ ഒരു പോക്കിരിയുടെ ഭീകര രൂപം പൂണ്ട് ചരിത്രത്തിന്റെ താളുകളിൽ തങ്ങിക്കഴിയുകയാണ്. വിശ്വസംസ്കാരങ്ങളുടെ താരാപഥത്തിൽ നമ്മുടെ പ്രാക്തന സംസ്കാരത്തെ എത്തിക്കുവാൻ സാധിച്ച സിന്ധുതട നാഗരീകത ഒരധീരശക്തിയുടെ ആക്രമണഫലമായി തകർക്കപ്പെട്ടപ്പോഴും നേരിട്ട അനന്തഫലം ഇതു തന്നെയായിരുന്നു. നാഗരികമായ ഒരു സംസ്കാരത്തിന് പൈതൃകം നൽകിയ അവരെ 'ദാസ്യുക്ക'ളായും 'അനാസി'നുകളായും തള്ളി മാറ്റി വികൃതമായ രൂപഭാവങ്ങളുടെ വിളനിലമായി ചിത്രീകരിക്കപ്പെട്ടുവെന്ന് നമുക്കറിയാം. ബാലിയും, സുഗ്രീവനും,

രാവണനും, ശൂർപ്പണഖയും ഇന്നും നമ്മുടെ ചരിത്ര വിദ്യാർത്ഥികൾക്ക് രാക്ഷസന്മാരും മാനുഷിക വൈകൃതങ്ങളുമാണ്. അതുപോലെ ഇംഗ്ലീഷ് ആധിപത്യത്തോടുകൂടി അവർ ചരിത്രരചന ആരംഭിച്ചപ്പോൾ, ലോകത്തിലെമ്പാടും എക്കാലവും നിലവിലിരുന്നു. ഈ പ്രവണത സ്ഥലം പിടിക്കുക സ്വാഭാവികമാണല്ലോ. അവരെ എതിർത്തവർ എത്രമാത്രം സംഘടിതമായും സുശക്തമായുമായിരുന്നോ, ആ എതിർപ്പിന്റെ ആക്കത്തിനൊത്തവിധം തന്നെ എതിരാളികളെ ബാലികളും, സുഗ്രീവന്മാരും രാവണന്മാരുമാക്കുവാനവർ മടിച്ചില്ല. അങ്ങിനെ പ്രാചീനകാലത്തെ ഇൻഡ്യൻ രാജാക്കന്മാരും ജനതതിയും, കാപ്പിരികളായും കുരങ്ങന്മാരായും, നരഭോജികളായും വ്യവഹരിക്കപ്പെട്ടു. അവരുടെ രൂപം തന്നെ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത് സാധാരണ മനുഷ്യരെപ്പോലെയല്ലെന്നും നമുക്കറിയാം. രാവണന്റെയും കാർത്തിക വീര്യാർജ്ജുനന്റെയും കൈകാലുകളെയും തലകളെയും ഒക്കെ കുറിച്ചുള്ള സ്ഥിതിവിവരപ്പട്ടിക നമ്മുടെ പക്കൽ ഉള്ളപ്പോൾ കൂടുതൽ വിശദീകരിക്കുന്നത് അത്യുക്തിയായിപ്പോകും. ഹനുമാന്റെ വാലും, ബാലി സുഗ്രീവന്മാരുടെ വാനരസേനയും ഇന്നും ചരിത്രവസ്തുതകളായിത്തന്നെ പരിലസിക്കുന്നു!

എന്നാൽ മദ്ധ്യകാല ഇൻഡ്യയിലെ ജനങ്ങളെയും ഭരണാധിപന്മാരെയും വാനര–രാക്ഷസന്മാരായി വരച്ചുകാട്ടിയാൽ വെറും പാഴ്ക്കഥകളായി മാത്രമേ മനുഷ്യർ കണക്കാക്കുകയുള്ളൂ എന്നതുകൊണ്ടുതന്നെ ഇംഗ്ലീഷ് ചരിത്രകാരൻ അവർക്കൊക്കെ മനുഷ്യരൂപം നൽകിയിട്ടുണ്ട് എന്നതു കൃതാർത്ഥതാജനകമാണ്. എന്നാൽ രൂപം നൽകിയെന്നല്ലാതെ ഭാവത്തിൽ കൂടിയാണ് അവർ ഈ കാലഘട്ടത്തിലെ രാജാക്കന്മാരേയും മറ്റും അലങ്കോലപ്പെടുത്തിയത്. വേഷവിധാനങ്ങളിൽ മനുഷ്യരായിരുന്നുവെങ്കിലും പ്രവൃത്തിയിലും സ്വഭാവത്തിലും രാക്ഷസന്മാരെ

ക്കാൾ ക്രൂരതയും വാനരന്മാരെക്കാൾ കാടത്തവും സങ്കലപ്പിക്കുന്ന ഹീനകൃത്യമാണ് മദ്ധ്യകാല ചരിത്രസംവിധാനം കൊണ്ട് ഇംഗ്ലീഷ് ചരിത്രകാരൻ നിർവഹിച്ചത്. അങ്ങിനെ നികൃഷ്ടമായ ഒരു കാപ്പിരി ഭരണത്തിൽ നിന്നും ജനതയേയും രാജ്യത്തേയും വീണ്ടെടുത്ത് സംസ്ക്കാരത്തിന്റെ ദീപ്തശിഖ നാട്ടിയത് ബ്രിട്ടീഷ്കാരുടെ ആധിപത്യത്തോടെയാണെന്ന് സമർത്ഥിക്കപ്പെട്ടു. അവർക്ക് എതിരിടേണ്ടതായിവന്നത് അന്നിവിടെ നിലവിലുണ്ടായിരുന്ന മുസ്ലീംസുൽത്താന്മാരുടെ ശക്തിയുമായിട്ടായിരുന്നു. തൻമൂലം അവരെ വകവരുത്തണമെങ്കിൽ സാമുദായികസ്പർദ്ധയുണ്ടാക്കുകയും, നഷ്ടപ്പെട്ടുപ്പോയ പ്രാചീന ഹൈന്ദവ കാലഘട്ടത്തിലെ അവിസ്മരണീയമായ മാഹാത്മ്യം അയവിറക്കി ഹൈന്ദവഭൂരിപക്ഷത്തെ കോരിത്തരിപ്പിക്കുകയും ചെയ്യുക എന്ന പ്രവൃത്തി അഭംഗുരം നടന്നു. ഇൻഡ്യൻ സമൂഹമാകട്ടെ, ഈ മുസ്ലീം വിരോധവും ഹൈന്ദവപ്രീണനവും എന്തുകൊണ്ടാണിത്ര കാര്യമായി നടത്തുന്നുതെന്ന് ചികയുവാനൊരുമ്പിട്ടതുമില്ല. ഇതിൽ നിഗൂഹനം ചെയ്തിരുന്ന രാഷ്ട്രീയ ഉപജാപം മനസ്സിലാക്കാതെ തന്നെ ഒരുവിഭാഗം 'ഇത് തരക്കേടില്ലല്ലോ' എന്ന സ്വാഗതവുമായി മാനസിക സംതൃപ്തി പൂകുകയും ചെയ്തു. ഇതിന്റെയെല്ലാം ഫലമായി നമ്മുടെ മദ്ധ്യകാല ചരിത്രവും രാവണന്മാരുടെ കള്ളക്കഥകളായിതന്നെ അവശേഷിക്കുന്നു.

തുടക്കത്തിലെ സൂചിപ്പിച്ചു എല്ലാരാജ്യത്തും ഏതെങ്കിലും കാലഘട്ടങ്ങളിലായി ഇത്തരം ചരിത്ര വങ്കത്തങ്ങൾ സ്ഥലം പിടിപ്പിക്കപ്പെട്ടിട്ടുണ്ടെന്നും എന്നാൽ അവിടങ്ങളിലൊക്കെ കാലപ്പഴക്കത്തിൽ ദേശത്തിന്റെയും സംസ്ക്കാരത്തിന്റെയും അനസ്യൂതമായ ചരിത്ര പ്രവാഹത്തെ അലങ്കോലപ്പെടുത്തിയ അധീശ ശക്തികളെ ഇത്തെറിയുവാൻ കഴിഞ്ഞിട്ടുള്ളപ്പോഴൊക്കെ, അവരുടെ നാടിന്റെയും സമൂഹത്തിന്റെയും സംസ്കാരവും ചരിത്രവും രചനാത്മകമായി മാറി എഴുത

പ്പെട്ടിട്ടുണ്ട്. എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ നമ്മുടെ പൗരാണിക–മദ്ധ്യമ കാലഘട്ടങ്ങളിലെ ചരിത്രസംവിധാനം ഇനിയും നീതിയും പ്രതീക്ഷിച്ചു കാത്തിരിക്കേണ്ട ഗതികേടാണുള്ളത്. ഇനി എന്നാണാവോ നാം നമ്മുടെ രാവണന്മാരെയും തുഗ്ലക്കുമാരെയും ടിപ്പുമാരെയും, അവർ യഥാർത്ഥത്തിൽ ആരായിരുന്നു? എന്തായിരുന്നു? അവരിൽ കൂടി പ്രതിഫലിക്കുന്ന ഇൻഡ്യൻ ജനതയുടെ സാംസ്ക്കാരിക നിലവാരമെന്താണ്? ഓരോ കാലഘട്ടത്തിന്റെ പ്രതിനിധികളെ കരി തേക്കുമ്പോഴും ആ കാലഘട്ടത്തിലെ ജനസമൂഹത്തെത്തന്നെ വിസ്മരിക്കലല്ലേ? തുടങ്ങിയ കാര്യങ്ങളും–ചരിത്രപ്രശ്നങ്ങളും ആരായാനും, സത്യാന്വേഷണം നടത്തുവാനും മുതിരുക?

ഇത്ര വിദഗ്ദ്ധമായി നമ്മുടെ ദേശത്തിന്റെ കഴിഞ്ഞ കാലചരിത്രം ഏതു വിധേനയാണു ഇത്രമാത്രം അലങ്കോലപ്പെടുത്തുവാൻ അവർക്ക് കഴിഞ്ഞതെന്ന് ഗൗരവപൂർവ്വം ചിന്തിക്കുമ്പോഴാണ് ഈ രാജ്യത്തിലെ ചരിത്രസംവിധാനത്തിൽ നടത്തിയിട്ടുള്ള അകൃഷ്ണവ്യമായ പാകപ്പിഴകളും മനസ്സിലാകുക. ഇൻഡ്യാ ചരിത്രത്തിന്റെ ക്രോഡീകരണവും ചരിത്രം ഒരു വിഷയമെന്ന നിലയിൽ കുറെപേരെങ്കിലും ശ്രദ്ധാപൂർവ്വം പഠിക്കുകയും ചെയ്തു തുടങ്ങിയത് ബ്രിട്ടീഷ് ആധിപത്യത്തിന് വളരെ ശേഷമാണ്. അതുവരെ അരമനയിലെ പാദുഷാമാർക്ക് രുചിക്കുന്ന രീതിയിൽ അവരെ പ്രകീർത്തിച്ചു കൊണ്ടുള്ള ചരിത്രസാഹിത്യമാണുണ്ടായിരുന്നത്. അവ ജനങ്ങളുടെ വൈജ്ഞാനിക വർദ്ധനവിന്നുദ്ദേശിച്ചോ, സാംസ്കാരിക മാഹാത്മ്യത്തെ വികസനം കൊള്ളിക്കാൻ കരുതിയൊ രചിക്കപ്പെട്ടവയായിരുന്നില്ലെന്നു സാരം. തൻമൂലം 19–നൂറ്റാണ്ടിന്റെ അവസാന പകുതിയോടുകൂടി സ്ക്കൂളുകളും കോളേജുകളും സ്ഥാപിതമായപ്പോഴും അവയുടെ പാഠ്യപദ്ധതിയിൽ ചരിത്രവിഷയം സ്ഥലംപിടിച്ചപ്പോഴുമാണ് ഇൻഡ്യൻ ജനത അവരുടെ കഴിഞ്ഞകാലത്തിലെ രാഷ്ട്രീയ

സാമൂഹിക ഗതിവിഗതികളെക്കുറിച്ച് ബോധവാന്മാരാകുന്നത്. ആദ്യമായി കൈവന്ന അവസരം അവർ വിനിയോഗിച്ചു. പക്ഷേ അവർക്ക് വിളമ്പിക്കൊടുത്ത വിഭവങ്ങളും ഒരിക്കലും ദഹിയ്ക്കാത്ത സാമുദായികസംപർദ്ധയുടെ കട്ടിയേറിയ കൈപ്പുനീരായിരുന്നുവെന്നു മാത്രം. അത് ദഹനേന്ദ്രിയത്തേയും ദേഹത്തേയും അലങ്കോലപ്പെടുത്തുക മാത്രമല്ലാ സമൂഹത്തിന്റെ തന്നെ പകർച്ചവ്യാധിയായി പരക്കുകയും ചെയ്തു. അങ്ങിനെയാണ് മറേതൊരു നാട്ടിലും അത്ര എളുപ്പം വിലപ്പോകാത്ത ചരിത്രവൈകൃതങ്ങളും വളരെ എളുപ്പത്തിൽ ഇവിടെ വിറ്റഴിയുവാൻ കാരണം. ഇംഗ്ലീഷ്കാരെഴുതിയ ഇൻഡ്യാചരിത്രം മാത്രമെ ഇവിടെ ചരിത്രമായിട്ടുണ്ടായിരുന്നുള്ളുവെന്ന കാര്യവും ചരിത്രം ആദ്യമായിട്ട് ജനങ്ങളെക്കൊണ്ട് വായിപ്പിച്ച തവരാണെന്ന സംഗതിയും ഒന്നിച്ചു ആലോചിക്കുമ്പോഴാണ് ഞാൻ പറഞ്ഞു വെച്ച കാര്യം ബോധ്യമാകുമെന്നുതീർച്ചയാണ്. അവർ എഴുതിയത് ശരിയോ തെറ്റോ എന്ന് തട്ടിച്ചു നോക്കുവാനുള്ള ആധികാരിക രേഖകളോ, അവയെക്കുറിച്ചുള്ള ശാസ്ത്രീയവിജ്ഞാനമോ നമുക്കുണ്ടായിരുന്നില്ലാത്തതായിരുന്നു ഇത്രയും ചരിത്ര വക്രത്തങ്ങൾ വസ്തുതകളായിത്തീരാൻ കാരണം. ഇന്ന് പല ഉപാധികളും നാം വശമാക്കിയിട്ടുണ്ട്. സ്വതന്ത്രമായി ചിന്തിക്കുകയും സ്വന്തമായി അഭിപ്രായം രൂപീകരിക്കുകയും ചെയ്യുവാനുള്ള സ്വാതന്ത്ര്യം ഇന്ന് എല്ലാവർക്കുമുണ്ട്. ജിജ്ഞാസുവായ സത്യാന്വേഷകന് എത്രദൂരമെങ്കിലും ചുഴഞ്ഞിറങ്ങുവാനുള്ള ഗവേഷണ സൗകര്യങ്ങളും ഇന്നു ലഭ്യവുവാണ്.

ഈ മായിയ പരിതസ്ഥിതിയിൽ സത്യസന്ധമായ ഇൻഡ്യാചരിത്ര പുനർനിർമ്മാണം അത്ര ദുരൂഹമായ കാര്യമല്ല. തയ്യാറും ശേഷിയുമുണ്ടെങ്കിൽ ഗവേഷണ പ്രിയന്മാർക്കു അനർഘമായ ചരിത്രവസ്തുക്കളും പുറത്തു കൊണ്ടുവരുവാൻ സാദ്ധ്യമാകും. ഏറെവും ദുർഘടവും ഏറെവും

സത്യവിരുദ്ധവുമായിട്ടുള്ളിടത്തു നിന്നും യാഥാർത്ഥ്യത്തിന്റെ മുത്തുചിപ്പികളെ തപ്പിയെടുക്കുവാൻ അധികം പ്രയാസമുണ്ടാകുകയില്ല. ഈ രാജ്യത്തിലെ വിവിധസമുദായക്കാരും, ഭാഷക്കാരും, മതക്കാരും മറ്റും മറ്റും, ശാശ്വതമായ ഏകതാനതയോടും ദേശീയബോധത്തോടും കൂടി സംഘടിതമാക്കപ്പെടണമെങ്കിൽ അന്യോന്യം ധാരണയും ഒരുമയും ഉദീരണം ചെയ്യുന്ന മാനുഷികമൂല്യങ്ങളുടെ കഥകളും നാമവരെ പഠിപ്പിക്കണം. ഇന്ന് സ്പർദ്ധയാണ് ചരിത്രപഠനം കൊണ്ടുണ്ടാകുന്നത്. അതുമാറ്റി സ്നേഹവും സ്വരുമയും വിതക്കുവാൻ സാധിച്ചാൽ മാത്രമേ ദേശീയവും വൈകാരികവുമായ ഉദ്ഗ്രഥനത്തിന്റെ കൊയ്ത്തുകാലം സമാഗതമാകൂ. അതിന്നാവശ്യം വേണ്ടത് ദേശസ്നേഹവും സൗഹൃദവും സൃഷ്ടിക്കുന്ന ചരിത്രത്തിന്റെ സംവിധാനമാണ്. അത് വേഗം വേണം താനും.

ഇന്ത്യാ ചരിത്രത്തിന്റെ സമഗ്രമായ പഠനമെന്ന് വിശേഷിപ്പിക്കാവുന്ന ചരിത്രഗ്രന്ഥങ്ങൾ തീരെയില്ലെന്നു പറഞ്ഞല്ലോ. ഇംഗ്ലീഷ് ചരിത്രകാരൻമാരാൽ സംവിധാനം ചെയ്യപ്പെട്ട ഇന്ത്യയുടെ രാഷ്ട്രീയ ചരിത്രം പല കാരണങ്ങളാലും അതീവ വികലവും വൈകൃതവുമാണ്. കീഴടക്കപ്പെട്ട ഒരു ജനതയുടെ മേൽ ആധിപത്യം തുടർന്നു പോകുന്നവർക്കു അത് അഭംഗുരം നിലനിർത്തിപ്പോരുവാൻ വേണ്ട ഉപകരണോപാധികളുടെ ഘടകമായി മാത്രം പ്രയോജകീഭവിക്കുന്നതിനുതകുന്ന ചരിത്രരചനയാണ് അവർ നടത്തിയത്. ഇന്ത്യാ ചരിത്രത്തിന്റെ പേരിൽ പ്രചരിപ്പിച്ച ചരിത്രം ഇംഗ്ലീഷുകാരുടെ ഭരണവും മേൽക്കോയ്മയും നിലനിർത്തുന്നതിനുവേണ്ടി, ഇന്ത്യൻ ജനതയെ കൂറുള്ള പ്രജകളാക്കി മാറ്റുന്നതിനായി മാത്രം എഴുതപ്പെട്ടവയായിരുന്നു. മനഃപൂർവ്വമായ ഈ ലക്ഷ്യബോധം ഇന്ത്യാചരിത്രമെഴുതിയ ഇംഗ്ലീഷുകാരന് നമ്മുടെ മഹത്തായ സംസ്ക്കാരത്തോടും മഹാത്മാക്കളായ ഭരണാധിപൻമാരോടും എന്നും കണ്ണുനീരിലും യാതനയിലും മാത്രം മുഴുകിക്കഴിഞ്ഞി

രുന്ന സാധാരാണക്കാരോടും നീതിപുലർത്തുവാൻ സാധിക്കാത്തവിധം ഏകപക്ഷീയമായിരുന്നു. അതിൻെറഫലമായിട്ടാണ് ഇന്ത്യാചരിത്രത്തിൻെറ പ്രതിപാദന ശൈലിയിൽ സംക്രമിച്ചിട്ടുള്ള പിശകുകളും അധികവും.

ഏതു രാജ്യത്തിൻെറ പൊതു ചരിത്ര വിവരണം നടത്തുമ്പോഴും സൗകര്യാർത്ഥം അതിനെ കാലഘട്ടങ്ങളായി തിരിക്കുക പതിവാണ്. ലോകചരിത്രം പഠിക്കുന്ന വിദ്യാർത്ഥികളും എ. ഡി. 476 ൽ പടിഞ്ഞാറൻ റോമാ സാമ്രാജ്യത്തെ തകർത്ത 'ഗോത്ത' ആക്രമണം പൌരാണിക ലോക ചരിത്രത്തിൻെറ അന്ത്യഘട്ടം കുറിക്കുന്ന സംഭവമായി കണക്കാക്കുന്നു. മദ്ധ്യകാലഘട്ടത്തിൻെറ അവസാനമാകട്ടെ 1451ൽ കിഴക്കൽ റോമാ സാമ്രാജ്യത്തിൻെറ തലസ്ഥാനമായ കോൺസ്റ്റാൻറിനോപ്പിളിൻെറ പതനത്തോടുകൂടി സംഭവിച്ചതായി കണക്കാക്കുകയും ചെയ്യുന്നു. ആധുനിക കാലഘട്ടത്തിൻെറ തുടക്കം കുറിക്കുന്നതും ഇവിടംമുതലാണത്രെ. ഇതേപോലെ ഇന്ത്യയുടെ പ്രാചീന കാലഘട്ടം മുസ്ളീം ആക്രമണത്തോടെ അവസാനിക്കുന്നതായും മദ്ധ്യമദശ ആംഗ്ളേയാധിപത്യത്തോടുകൂടി അസ്തമിക്കുന്നതായും നാം വ്യവഹരിച്ചു പോരാറുണ്ട്. ഈ വിഭജനം നടത്തിയത് ഇന്ത്യാചരിത്രം ആദ്യമായി ക്രോഡീകരിക്കാൻ ഒരുമ്പെട്ട എൽഫിൻസ്റോൺ തുടങ്ങിയ ഇംഗ്ളീഷുചരിത്രകാരൻമാരാണ്. അവരാകട്ടെ ഈ വിഭജനം വെറും വർഗ്ഗീയാടിസ്ഥാനത്തിൽ മാത്രമാണ് നിർവഹിച്ചതും. അതായത് നമ്മുടെ പൌരാണിക കാലഘട്ടത്തെ ഹൈന്ദവാധിപത്യ കാലമെന്നും, മദ്ധ്യമദശയെ മുസ്ളീം കാലഘട്ടമെന്നും ശേഷമുള്ളതിനെ നവീന കാലഘട്ടമെന്നും ആണ് വിഭജിച്ചത്. ഇങ്ങനെ സാമുദായികമായ വിഭജനത്തിന് അവർ ഒരുമ്പെടുവാൻ ഒരുങ്ങിയതാകട്ടെ ഏറെ ദുരുദ്ദേശ്യപരവുമായിരുന്നു. ഇന്ത്യയിലെ രണ്ടു പ്രധാന സമുദായങ്ങളായ ഹിന്ദുക്കൾക്കും മുസ്ളീംകൾക്കും അവരുടേതെന്നുതോന്നുന്ന ആ കാലഘട്ടത്തോടുമാത്രം പ്രീതിയും

ഉൽസാഹവും ഉണ്ടാക്കുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. അതോടൊപ്പം തങ്ങളുടേതല്ലാത്ത കാലഘട്ടത്തെ വെറുപ്പോടും താൽപര്യരാഹിത്യത്തോടും കൂടിമാത്രം വീക്ഷിക്കുവാൻ ഓരോ വിഭാഗത്തെയും പ്രേരിപ്പിക്കുക എന്ന ലക്ഷ്യവും അവർക്കുണ്ടായിരുന്നു. അങ്ങനെ ഇവിടത്തെ രണ്ടു പ്രബല സമുദായങ്ങളെ മാനസികമായും സാംസ്കാരികമായും ഭിന്നിപ്പിച്ചു നിർത്തി അതിൽ നിന്നും മുതലെടുത്ത് സ്വയം ശക്തരാകുക എന്നതായിരുന്നു അവരുടെ യഥാർത്ഥ ലക്ഷ്യം. നമ്മുടെ ദേശീയ അനൈക്യത്തിന് ഈ ഉപജാപം എത്രമാത്രം കരുത്ത്കൂട്ടിയിട്ടുണ്ടെന്നുള്ളത് വ്യക്തമാണല്ലോ.

തൻമൂലം നമ്മുടെ പ്രാക്തന സാംസ്കാരിക പ്രഭാവത്തെ അതർഹിക്കുന്ന മഹത്വത്തോടുകൂടി സ്വീകരിക്കുവാനും അതിൽ ആവേശം കൊള്ളുവാനും, സാധിക്കുന്നമുസ്ളീംകാലം തുലോം വിരളമായി. നമ്മുടെ സാംസ്കാരിക പൈതൃകമായ വാസ്തുശില്പങ്ങളും വിശ്വപ്രതികളെപ്പോലും അമ്പരപ്പിക്കുന്ന കൂറൻ ഗോപുരങ്ങളോടുകൂടിയ ക്ഷേത്ര സംവിധാനങ്ങളുമെല്ലാം ഒരു മുസ്ളീമിനെ സംബന്ധിച്ചിടത്തോളം അത്ര ആവേശം പകരുവാൻ പറ്റിയ സാധനാപാഠങ്ങളല്ല. ഇതേ മനസ്ഥിതിതന്നെയാണ് മദ്ധ്യകാലഘട്ടത്തിലെ മുസ്ളീം ചക്രവർത്തിമാരാൽ സംഭാവന നൽകപ്പെട്ട അത്ഭുത സൃഷ്ടികളെ സംബന്ധിച്ചുള്ള ഹൈന്ദവ വികാരവും, ജുമാമസ്ജിദ് തുടങ്ങിയ നിരവധി പള്ളികളും, താജ്മഹൽ തുടങ്ങിയ ധാരാളം കണ്ണഞ്ചിപ്പിക്കുന്ന ശവകുടീരങ്ങളും, ദിവാൻഇ ഖാസ്, ദിവാനിആം തുടങ്ങിയ ധാരാളം അരമനകളും ഇന്ത്യയുടെ ദേശീയഗാത്രത്തെ മോടിപിടിപ്പിച്ച് വിനോദസഞ്ചാരകേന്ദ്രങ്ങൾക്കിടയിൽ ഒട്ടും പിന്നിലല്ലാത്ത സ്ഥാനമാനങ്ങളും നേടിക്കൊടുത്ത നമ്മുടെമദ്ധ്യകാലഘട്ടത്തിലെ ഉത്തുംഗകലാ സൗധങ്ങളും, ഇന്ത്യയുടെ ദേശീയ സമ്പത്തായി വീക്ഷിക്കുകയും ആവേശം കൊള്ളുകയും ചെയ്യുന്ന എത്ര ഹൈന്ദവ സഹോദരങ്ങളുണ്ടെന്നുള്ളത്

എന്നകാര്യം സത്യസന്ധമായി പരിശോധിക്കുകയാണെങ്കിൽ അവരുടെ എണ്ണം തുലോം തുശ്ചമായിരിക്കുമെന്നതാണ് വാസ്തവം. നമ്മുടെ ദേശീയ പാരമ്പര്യത്തിലും പൈതൃകത്തിലും ഇഴുകിച്ചേരാൻ സാധിക്കുന്ന ദേശീയബോധമുള്ള ഹിന്ദുവും മുസൽമാനും അങ്ങിനെ ഇല്ലാതായിരിക്കുകയാണ്. അതിനപകരം ഹൈന്ദവ കാലഘട്ടത്തിലെ നേട്ടങ്ങളെ പർവ്വതീകരിക്കുവാനും മുസ്ളീം ഭരണകാലത്തെ കോട്ടങ്ങളെ അതിഭാവുകത്വത്തോടു കൂടി ചിത്രീകരിച്ച്, ആ കാലയളവിനെ ഇടിച്ചു താഴ്ത്തി കാട്ടുവാനും ഒരു പറ്റം പണ്ഡിതൻമാരാണെന്നവകാശപ്പെടുന്ന വർതന്നെ ശ്രമിച്ചുകൊണ്ടിരിക്കുന്നു. നേരെമറിച്ച് മദ്ധ്യകാലഘട്ടത്തിലെ ഭരണാധിപൻമാർക്കും അവരുടെ ചെയ്തികൾക്കും അർഹിക്കാത്ത ആഭിചാര വാക്കുകളാണ് ഇക്കൂട്ടരിൽ നിന്നും ലഭിക്കുന്നതെന്ന് മനസ്സിലാക്കി വേപഥുക്കൊള്ളുന്ന മുസ്ളീം ചരിത്രകാരൻമാരാകട്ടെ മദ്ധ്യകാലഘട്ടത്തിലെ മുസ്ളീം ഭരണാധിപൻമാർക്കെതിരായി പ്രചരിപ്പിച്ചിട്ടുള്ള അപവാദങ്ങളെ ദൂരീകരിക്കുവാൻ കിണഞ്ഞു ശ്രമിക്കുകയും ചെയ്യുന്നു.

ഇന്ത്യ സ്വതന്ത്രമായതിനുശേഷം ഈ പ്രവണത കൂടുതൽ വർദ്ധമാനമാകുകയാണുണ്ടായിട്ടുള്ളത്. ഇതിന്റെ ഭവിഷ്യത്താകട്ടെ പണ്ഡിത വേദിയിൽപോലും വർഗ്ഗീയവും സാമുദായികവുമായ ആശയ സംഘർഷങ്ങൾ സ്ഥലം പിടിച്ചിരിക്കുന്നുവെന്നതാണ്. ഈ രാജ്യം ഒന്നാണെന്നും ഇവിടെ വസിക്കുന്ന ഹിന്ദുവും മുസൽമാനും ക്രിസ്ത്യാനിയും മറ്റുള്ള അവാന്തര വിഭാഗങ്ങളെല്ലാംതന്നെയും ഇന്ത്യ എന്ന വിശാലമായ രാജ്യത്തിലെ പൗരൻമാരാണെന്നുമുള്ള ബോധം ഉണ്ടാകുകയും പ്രാക്തന പൈതൃകം തുടങ്ങി ഇന്ത്യയുടെ മഹത്തായ സാംസ്ക്കാരിക സംഭാവനകളത്രയും ഒരു വിഭാഗത്തിന്റെയോ, സമുദായത്തിന്റെയോ അല്ലെന്നും പ്രത്യുത ഈ രാജ്യത്തിലെ എല്ലാ ജനവിഭാഗ

ത്തിന്റെയും കൂട്ടായസ്വത്താണെന്നും അതിന്റെ നേട്ടവും കോട്ടവുമെല്ലാം തന്നെ ഒന്നിച്ചനുഭവിക്കേണ്ടതുതന്നെയാണെന്നുമുള്ള ദേശീയമായ വീക്ഷണവും ബോധവും അങ്കുരിപ്പിക്കുന്നതും അരക്കിട്ടുറപ്പിക്കുന്നതുമായിരിക്കണം നമ്മുടെ ദേശീയചരിത്രം. ദേശീയമായ ഈ ചിന്താഗതി രൂഢമൂലമായാൽ ഹൈന്ദവകാലഘട്ടവും മുസ്ലീം കാലഘട്ടവും എല്ലാം ഇന്ത്യൻ കാലഘട്ടമായി മാറാതിരിക്കുകയില്ല. നമ്മുടെ മരണകാലങ്ങളെ ഹിന്ദു–മുസ്ലീം ഘട്ടങ്ങളായി വിഭജിച്ച ഇംഗ്ലീഷ്കാരൻ അവരറിവിടെ ഉദ്ഘാടനം ചെയ്ത വൈദേശിക ഭരണത്തെ എന്തുകൊണ്ട് ക്രൈസ്തവ ഘട്ടമെന്ന് വിശേഷിപ്പിച്ചില്ലാ എന്ന വസ്തുത കൂടി കണക്കിലെടുക്കേണ്ടതായുണ്ട്. ബുദ്ധിമാൻമാരായ അവർക്ക് സുനിശ്ചിതമായും അതിന്റെ ദൂര വ്യാപകമായ ദുഷ്ഫലങ്ങളും അറിയാമായിരുന്നതുകൊണ്ട് തന്നെയാണ് ക്ലൈവിന്റെയും വെല്ലസ്ലിയുടേയും ഭരണത്തെ ആധുനിക കാലഘട്ടമായി എണ്ണിപ്പോന്നത്. ഇതു മാത്രം മനസ്സിരുത്തി പഠിക്കുകയാണെങ്കിൽ ഹൈന്ദവ കാലഘട്ടത്തെ അമിതമായി പാടി പുകഴ്ത്തുവാനോ, മുസ്ലീംഭരണത്തെ കൂടുതലായി അപകീർത്തിപ്പെടുവാനോ ആരും മുതിരുകയില്ലെന്നുമാത്രമല്ലാ ക്രിയാത്മകമായ ചരിത്രരചന സുസാദ്ധ്യമാകുകയും ചെയ്യും.

അപ്പോഴും ഇവിടെ ഊന്നുന്ന പ്രധാന പ്രമേയം നമ്മുടെ മറ്റെല്ലാ രംഗങ്ങളിലുമെന്നപോലെ ചരിത്ര രചനാരംഗത്തും സാരവത്തായ മാറ്റം ഉണ്ടാകണമെന്നതാണ്. ആ മാറ്റം മാനസികവും ചിന്താപരവുമായിരിക്കണം. വിപ്ലവാത്മകമായ ആ മാറ്റത്തിലൂടെ മാത്രമേ രചനാത്മക സിദ്ധിയോടുകൂടി ക്രിയാത്മകവും സത്യസന്ധവുമായ ഇന്ത്യയുടെ ദേശീയ ചരിത്രം സംവിധാനം ചെയ്യുവാനും നാം എല്ലാം ഇന്ത്യയുടെ സാംസ്ക്കാരിക പൈതൃകത്തിൽ രോമാഞ്ചംകൊള്ളുന്ന–ദേശീയബോധമുള്ള പൗരൻമാരായിത്തീരുവാനും സാധിക്കുമാറ് സംസ്ക്കാരസമ്പന്നരായി മാറുക

യുള്ളു. ഈ ദേശീയ വീക്ഷണത്തിന്റെ അഭാവമാണ് താജ്മഹൽ ഹൈന്ദവ ചക്രവർത്തിപണി കഴിപ്പിച്ചിട്ടുള്ള താണെന്നും പാലക്കാട് കോട്ട ഹൈദരുടേതല്ലാ പാലക്കാട് അച്ഛൻമാരുടെ നിർമ്മിതിയാണെന്നുമെല്ലാം സ്ഥാപിക്കുവാനുള്ള പരിശ്രമങ്ങളും നടത്തുവാൻ കാരണം. താജ്മഹൽ തുടങ്ങിയുള്ള അൽഭുത പ്രതിഭാസങ്ങൾക്കു സൃഷ്ടി നൽകിയ മാനുഷിക പ്രതിഭ ഏത് സമുദായക്കാരന്റേതാണെങ്കിലും ശരി, അത് ഇന്ത്യയുടെ ദേശീയ നേട്ടമായി കാണാനൊക്കണം. പാലക്കാട്ട് കോട്ടയും അതുപോലെയുള്ള പൈതൃകങ്ങളും നമ്മുടെ കൂട്ടായ സ്വത്തായി കാണുകയും വേണം. അങ്ങിനെ വരുമ്പോഴും നാം മന:പൂർവ്വമായി കരിതേച്ചു കാണിച്ചിട്ടുള്ള നമ്മുടെ ഭരണാധിപൻമാരിൽ പലരും വിശ്വജേതാക്കളുടെ പന്തിയിൽ ഒപ്പമിരുത്താൻ പറ്റിയ മഹാൻമാരായി മാറുകയും ചെയ്യും. ഇന്ത്യാചരിത്രത്തെ ചൊല്ലിയുള്ള അപകപവും വികൃതവുമായ വാദകോലാഹലങ്ങളും അവസാനിക്കുകയും നൂതനവും ദേശീയാവേശം പകരുന്നതുമായ ശരിയായ ചരിത്രം ഉണ്ടാകുകയും ചെയ്യും. അതായിരിക്കണം ചരിത്രവിചാരം ചെയ്യുന്ന എല്ലാവരുടേയും ലക്ഷ്യം.

12

ഇൻഡ്യാ ചരിത്രത്തിന്റെ ആംഗ്ലേയഭാഷ്യം

ചരിത്ര സഞ്ചാര സാഹിത്യത്തിൽ ലോകമുസ്ലീംകളുടെ സംഭാവന അനന്യാദൃശ്യമാണല്ലോ. ഇബ്നുഖൽദൂൻ, അൽ ഥരീദാ, അൽഇദ്രീസി, അൽബൈറൂണി തുടങ്ങിയപണ്ഡിതൻമാരുടെ അഭേദ്യമായ ശൃംഖലയിൽ അത്രതന്നെ ഗണനീയരല്ലെങ്കിലും നൂറുകണക്കിന് ഭൂമിശാസ്ത്രജ്ഞൻമാരും ചരിത്ര പണ്ഡിതൻമാരും ലോകസഞ്ചാരികളും വൈജ്ഞാനിക മണ്ഡലത്തെ സന്തുഷ്ടമാക്കിയവരായുണ്ട്. ഇൻഡ്യയിൽ തന്നെ മുസ്ലീം അധിനിവേശത്തിനോടൊപ്പം നിരവധി പണ്ഡിതൻമാരും ചരിത്രകാരൻമാരും എത്തിയിരുന്നു. ഉദുബിയും, ബൈഹാക്കിയും, അൽബൈറുണിയും പതിനൊന്നാം നൂറാണ്ടിലെ ഇന്ത്യാ ചരിത്ര സംവിധാനത്തെ സുഗമമാക്കുവാൻ ആശ്രയിക്കപ്പെടുന്ന ആധികാരിക വക്താക്കളാണ്. മുസ്ലീം ഭരണം ഇന്ത്യയിൽ സുസ്ഥാപിതമായ പന്ത്രണ്ടാം നൂറാണ്ടു മുതൽ മുസ്ലീം ആധിപത്യം ഇംഗ്ലീഷ് കമ്പനിക്കു വഴിമാറിക്കൊടുക്കുവാൻ നിർബന്ധിതമായ പതിനെട്ടാം നൂറാണ്ടിന്റെ അവസാനം വരെ ഡൽഹി, ആഗ്ര, ഗോൽക്കൊണ്ട, ബീജാപ്പൂർ, സെരിംഗപട്ടം, മൈസൂർ, മദ്രാസ് എന്നീ സ്ഥലങ്ങളും ആസ്ഥാനമാക്കിക്കഴിഞ്ഞിരുന്ന അനേകം പണ്ഡിത ശ്രേഷ്ടൻമാരും ചരിത്രകാരൻമാരുമുണ്ടായിരുന്നു. അവരുടെ പേരെടുത്തു പറയുക എളുപ്പമല്ലാത്തവിധം സുദീർഘമാകയാൽ അതി

നു മുതിരുന്നില്ല. എന്നാൽ മദ്ധ്യകാല ഇന്ത്യയുടെ രാഷ്ട്രീയ സാമൂഹിക വികസന പ്രക്രിയകളെക്കുറിച്ച് പ്രാമാണികമായ ചരിത്ര രചന നടത്തിയിട്ടുള്ളവരാണ് അമീർ ഖുസ്രോവും, സിയാവുദ്ദീൻബറാണിയും, ഫരിഷ്ടായും, ഇസാമിയും, അബുൽഫസലും, അബ്ദുൽഖാദർ ബദൗണിയും, കാഫീഖാനും, കിർമാനിയുമെല്ലാം. അങ്ങനെ ഇന്ത്യയിൽ ആദ്യമായി ഭരണകർത്താക്കളുടെ ദൈനംദിന പ്രവർത്തനങ്ങളും സൂക്ഷിക്കുന്ന സമ്പ്രദായവും ഭരണകർത്താക്കൾക്ക് മാതൃകാപരമായിത്തീരുന്നതിനു വേണ്ടി മുൻകാലങ്ങളിലെ നേട്ടങ്ങളും ഉൾക്കൊള്ളുന്ന സമഗ്രമായ ചരിത്ര നിർമ്മാണവും പ്രാബല്യത്തിൽ വന്നു.

മുഹമ്മദ് തുഗ്ളക്കിന്റെ കാലത്ത് ഡൽഹിയായിരുന്നു താത്വികവും മതപരവും വൈജ്ഞാനികവുമായ വിവാദങ്ങൾക്കെല്ലാം അവസാന വാക്കു നൽകിയിരുന്ന ലോകത്തിന്റെ സാംസ്കാരിക സിരാകേന്ദ്രം. മഹത്തായ ഈ പാരമ്പര്യം പിന്നീടുള്ള എല്ലാ ചക്രവർത്തിമാരും രാജവംശങ്ങളും നിലനിർത്തിപ്പോരികയും ചെയ്തു. അക്ബറുടെ കാലത്ത് അബ്ദുൽഖാദർ ബദൗണി എന്ന പണ്ഡിതന്റെ നേതൃത്വത്തിൽ ഒരു സാംസ്കാരിക വകുപ്പുതന്നെ പ്രത്യേകമായി നിലനിർത്തിപ്പോന്നു. ടിപ്പുവിന്റെ പതനത്തിനുശേഷം ശ്രീരംഗപട്ടണത്തിൽ നിന്നും ഇംഗ്ളീഷുകാർ കൈവശപ്പെടുത്തിയ അമൂല്യമായ ഗ്രന്ഥശേഖരം ലണ്ടനിലുള്ള ഇന്ത്യാ ഓഫീസ് ലൈബ്രറിയിൽ ഇന്നും കാത്തു സൂക്ഷിക്കപ്പെടുന്നുണ്ട്. ചരിത്ര രംഗത്ത് മുസ്ളീം ഭരണത്തിൻ കീഴിൽ ഉണ്ടായിട്ടുള്ള നേട്ടം വിലയുറ്റതാണ്.

എന്നാൽ മുസ്ലിം ചരിത്രകാരൻമാർ പൊതുവെ അനുവർത്തിച്ചു പോന്ന നിർമ്മാണശൈലി നമ്മുടെ പൗരാങ്ങിക ചരിത്രത്തെ അനാവരണം ചെയ്യുവാൻ സഹായിക്കും വിധം ആകാതെ പോയി എന്നത് നിർഭാഗ്യകരമാണ്. അവരുടെ ചരിത്രവീക്ഷണം വിശാലവും വിപുലവുമായിരുന്നു. എങ്കിൽ കൂടിയും ഇന്ത്യൻ പശ്ചാത്തലത്തിൽ നിന്നുകൊണ്ടായിരുന്നില്ല എന്ന കുറവാണ് പ്രാചീന ഇന്ത്യ

യെക്കുറിച്ച് കാര്യമായി എഴുതാതിരിക്കാൻ കാരണമായി. പ്രപഞ്ചസൃഷ്ടിമുതൽ തുടങ്ങി പ്രവാചകൻമാരിലൂടെയും സാംസ്കാരിക കേന്ദ്രങ്ങളിലൂടെയും കടന്ന് മുസ്ലീം ആധിപത്യത്തിന്റെ സമഗ്രമായ വിശദീകരണത്തിലൂടെയാണ് അവർ മദ്ധ്യകാല ഇന്ത്യയുടെ ചരിത്രത്തിലേക്ക് കടന്നത്. തൻമൂലം മദ്ധ്യകാല ഇന്ത്യയെക്കുറിച്ച് ധാരാളം പ്രാമാണിക ഗ്രന്ഥങ്ങൾ നമുക്കു ലഭിച്ചു എങ്കിലും പന്ത്രണ്ടാം നൂറ്റാണ്ടുവരെയുള്ള ഇന്ത്യാചരിത്രത്തെ സംബന്ധിച്ച് ഈ പണ്ഡിതൻമാരൊക്കെയും നിശബ്ദത പാലിക്കുകയാണു ചെയ്തത്. സമ്പന്നമായ ഒരു ചരിത്രസാഹിത്യം നമുക്കു പൂർവികമായി ലഭിച്ച എങ്കിലും സമഗ്രമായ ഒരു ഇന്ത്യാചരിത്രം സംവിധാനം ചെയ്യുവാനുള്ള ഭാഗ്യം ഇംഗ്ളീഷുകാർക്കാണ് ലഭിച്ചത്.

1840-ൽ ബോംബെ ഗവർണ്ണറായിരുന്ന എൽഫിൻസ്റ്റോൺ ആണ് ആദ്യമായി അതുവരെയുള്ള ഇൻഡ്യാചരിത്രം ക്രോഡീകരിക്കുന്നത്. അതിനെത്തുടർന്ന് ഇംഗ്ലീഷ് പണ്ഡിതൻമാരുടെ സുദീർഘമായ ഒരു പട്ടികതന്നെയുണ്ടു്, ഈ രംഗത്തു പ്രവർത്തിച്ചവരായി. എന്നാൽ ഇവരുടെ എല്ലാവരുടെയും ഉന്നം പുരുത്തായി വന്നുചേർന്ന ഈ വലിയ ഉപഭൂഖണ്ഡത്തെ ബ്രിട്ടീഷ് ആധിപത്യത്തിൻ കീഴിൽ എന്നും നിലനിർത്തത്തക്കവണ്ണം കരുപ്പിടിപ്പിക്കുക എന്നതായിരുന്നു. അത് വിദഗ്ദ്ധമായി നേടാനൊക്കണമെങ്കിൽ ഇന്ത്യയിലെ ഏതെങ്കിലുമൊരു വിഭാഗത്തിന്റെ കരുത്തുറ്റ പിന്തുണ ആംഗ്ലേയ പക്ഷത്ത് ലഭിക്കുന്നതു കൊണ്ട മാത്രമെ സാദ്ധ്യമായിരുന്നുള്ള. ഈ രാജ്യത്തെ പ്രബലമായ രണ്ടു സമുദായങ്ങളും അവയുടെ ഇടയിൽത്തന്നെയുള്ള താൽപര്യ സംഘട്ടനങ്ങളും ശക്തമാണെന്നു മനസ്സിലാക്കിയ ഇംഗ്ളീഷ് ഭരണതന്ത്രജ്ഞൻമാർ ഇന്ത്യൻസമുദായങ്ങളേയും താൽപര്യങ്ങളേയും തമ്മിലിടിപ്പിച്ച് ഒരിക്കലും ഒന്നിക്കാത്ത ഒരു ജനവിഭാഗമാക്കി മാറ്റുക എന്ന നയം ബുദ്ധിപൂർവം സ്വീകരിക്കയാണുണ്ടായത്.

ഈ ആംഗ്ലേയനയത്തെ എൻഫിൻ സ്റ്റോറൺ തന്നെ പരസ്യമായി പ്രഖ്യാപിച്ചിട്ടുണ്ട്. 'ഭിന്നിപ്പിച്ചു ഭരിക്കുക' എന്നതാണ് ഇംഗ്ലീഷു നയമെന്ന്, അതായത് ഇൻഡ്യയിലെ പ്രമുഖ സമുദായങ്ങളായ ഹിന്ദുക്കളേയും മുസ്ലീംകളേയും ഭിന്നിപ്പിക്കുക എന്നതിനു പുറമെ വിഭിന്നങ്ങളായ താല്പര്യ സംഘട്ടനങ്ങളിൽ പങ്കു ചേർന്നു എന്നും സാമൂഹ്യ സംഘർഷം നിലനിർത്തുക എന്നതായിരുന്നു അത്. 1840ൽ എൽഫിൻസ്റ്റോൺ ഇത് തുറന്ന് പ്രഖ്യാപിക്കുന്നതിനു മുമ്പ്തന്നെ 1806ൽ തെക്കെ മലബാറിലെ കളക്ടറായിരുന്ന ജോൺ വൈ എന്ന ധ്വര തന്റെ മേലധികാരികൾക്ക് അയച്ച റിപ്പോർട്ടിൽ ഇതേ കാര്യം തന്നെ രഹസ്യമായി പ്രഖ്യാപിച്ചിട്ടുള്ളതായി കാണാം. അദ്ദേഹം എഴുതി: 'ഇവിടത്തെ മാപ്പിളമാരും നായൻമാരും തമ്മിൽ പൂർവ്വികമായി നിലനിൽക്കുന്ന ശത്രുത അതേപടി നിലനിർത്തുക എന്നതാണ് നമ്മുടെ ഭരണം ഇവിടെ നടപ്പാക്കുവാൻ പറ്റിയ നയം' എന്ന്. അങ്ങനെ എവിടെയെല്ലാം താൽപര്യ സംഘട്ടനങ്ങളും സാമുദായിക സംഘർഷങ്ങളും നിലനിന്നിരുന്നുവോ അവയെല്ലാം കൂടുതൽ സ്ഫോടനാവസ്ഥയിൽ എത്തിക്കുവാനുള്ള മാർഗ്ഗങ്ങൾ ആരായുക എന്നതായിരുന്നു ബ്രിട്ടീഷ് ലക്ഷ്യം.

ഭരണരംഗത്തായാലും സാംസ്കാരിക മണ്ഡലത്തിലായാലും ശരി ഈ നയം നിരങ്കുശം തുടർന്നു പോന്നതിന്റെ ഫലമായി ഇന്ത്യയിലെ പ്രമുഖ സമുദായങ്ങളെ ഭിന്നിക്കുവാനും വെറുപ്പോടും അമർഷത്തോടും കൂടി പരസ്പരം വീക്ഷിക്കുവാനും ഇടവന്നു. കാലാകാലമായി നിലനിന്നിരുന്ന ഐക്യവും സമാധാനവും എന്നെന്നേക്കുമായി ഇവിടെനിന്ന് അങ്ങനെ വിട പറയുകയും ചെയ്തു.

കമ്പനിയുടെ ആധിപത്യം മുസ്ലീങ്ങളെയാണ് കൂടുതൽ ബാധിച്ചത്. മുസ്ലീം നവാബുമാരിൽ നിന്നും ചക്രവർത്തിമാരിൽ നിന്നുമായിരുന്നവരല്ലോ അവർ രാഷ്ട്രീയാ

ധികാരം പിടിച്ചുപറ്റിയത്. 1799 ൽ നാലാം മൈസൂർ യുദ്ധത്തിന്റെ അന്ത്യം കുറിച്ചുകൊണ്ട് കമ്പനിപടയുടെ വെട്ടും കുത്തുമേറ്റ് ടിപ്പു സുൽത്താൻ അന്ത്യശ്വാസം വലിച്ചതോടുകൂടിയാണല്ലോ വെല്ലസ്ലി പ്രഭുവിന് ആത്മവിശ്വാസത്തോടുകൂടി കമ്പനി ഭരണം സുസ്ഥാപിതമാക്കുവാൻ സാധിച്ചത്. അങ്ങിനെ മുസ്ലീംകളിൽ നിന്നും കമ്പനിയധികാരികളിലേക്ക് ഇൻഡ്യൻ ഭരണ സംവിധാനം വഴുതിവീണപ്പോഴും പുതിയ ഈ അധീശ തത്വത്തെ അംഗീകരിക്കുവാൻ ഇൻഡ്യയിലെ മുസ്ലീംകൾ ആകമാനം തയ്യാറായില്ലെന്നത് സ്വാഭാവികമാണല്ലോ. അടിമ തത്വംഅവർക്ക് സ്വീകാര്യമായിരുന്നില്ല. എന്നെങ്കിലും ഒരുദിവസം ബ്രിട്ടീഷ് ഭരണത്തെ തൂത്തെറിയുവാൻ കഴിഞ്ഞാൽ മുസ്ലീം ഭരണത്തിന് പുന: പ്രതിഷ്ഠനേടാനൊക്കുമെന്നുള്ള വിചാരത്തോടുകൂടി മുസ്ലീം ലോകം ബ്രിട്ടീഷ്ഭരണവുമായി നിസ്സഹകരിക്കുക മാത്രമല്ല അവരോട് സന്ധിയില്ലാത്ത സമരമനോഭാവം നിലനിർത്തുകയുമാണ് ചെയ്തത്.

കമ്പനിഭരണം ആരംഭിച്ച 1792-ൽ തന്നെ മലബാറിൽ ഐതിഹാസികമായ ഇംഗ്ലീഷു വിരുദ്ധസമരം തുടങ്ങി. ഇളമ്പുളശ്ശേരി ഉണ്ണിമൂസ്സാ മൂപ്പന്റെയും ,ചെമ്പൻ പോക്കരുടെയും, മഞ്ചേരി അത്തൻകുരിക്കളുടെയും സമരനായകരുടെ സൂക്ഷ്മമായ സൈനിക സംഘട്ടനംവരെ എത്തുകയും മലബാറിൽ രംഗപ്രവേശം ചെയ്ത കമ്പനിയധികാരികൾക്ക് സമാധാനത്തോടുകൂടി ഭരണനിർവ്വഹണം നടത്തുവാൻ അസാദ്ധ്യമായിത്തീരുകയും ചെയ്തു. ഇന്ത്യയിലെ ഇംഗ്ലീഷ് വിരുദ്ധ പ്രക്ഷോഭണങ്ങളിൽ പ്രഥമവും പ്രധാനവുമായതത്രേ ഇത്. വടക്കുപടിഞ്ഞാറൻ അതിർത്തിയിൽ ഉരുണ്ടുകൂടിയ വഹാബി പ്രക്ഷോഭണങ്ങളുടെ കാർമേഘങ്ങൾ കണ്ട് പരിഭ്രാന്തരായ ഇംഗ്ലീഷുകാർക്ക് നിരവധി മനസ്സാക്ഷിസാഹൂതികളിൽകൂടി മാത്രമാണ് അവിടെ പിടിച്ചുനിൽക്കുവാൻ സാധിച്ചത്. അങ്ങനെ കമ്പനിയുടെ ഭരണാരംഭം

മുതൽ തന്നെ ഇന്ത്യയുടെ വടക്കുപടിഞ്ഞാറൻ അതിർത്തി മുതൽ തെക്കു മാപ്പിളനാടുവരെ ഈ ഇംഗ്ലീഷുവിരോധ പ്രക്ഷോഭണങ്ങളും നടന്നുകൊണ്ടിരുന്നു. യാതൊരു കാരണവശാലും ഇംഗ്ലീഷു കമ്പനിയുടെ ഭരണത്തിൽ പങ്കാളിയാവുകയോ പട്ടാളത്തിൽ സേവനം അനുഷ്ഠിക്കുകയോ, അവർ സ്ഥാപിച്ച വിദ്യാലയങ്ങളിൽ കുട്ടികളെ ചേർക്കുകയോ ചെയ്യരുതെന്നു സമുദായത്തിലെ ഉലമാക്കളും ഉമറാക്കളും ആഹ്വാനം ചെയ്തുകൊണ്ടേയിരുന്നു.

ഇംഗ്ലീഷുഭരണം അജയ്യശക്തിയായി തീർന്നിട്ടുകൂടിയും സമുദായം അംഗീകരിച്ച ഈ നിലപാടിനു മാറ്റം വന്നില്ല. അതിന്റെ ഫലമായി ഇംഗ്ലീഷുപക്ഷത്തുനിന്നും എല്ലാത്തരം മർദ്ദനങ്ങളും അടിച്ചമർത്തലുകളും മുസ്ലീംകൾക്കു നേരിടേണ്ടതായി വന്നു. ഇംഗ്ലീഷു വിരോധസമരത്തിന്റെ പുളകോൽഗമക്കാരികളായ എത്രയോ കഥകൾ ഈ കൊച്ചു കേരളത്തിനുതന്നെ പറയുവാനുണ്ട്. നീണ്ടുനിന്ന ദേശീയസമരങ്ങളിൽ ആത്മാഹൂതി ചെയ്യപ്പെട്ടിട്ടുള്ള ആയിരക്കണക്കിനു രക്തസാക്ഷികളും നമ്മുടെ പൂർവ്വികരുടെ കൂട്ടത്തിലുണ്ട്. സ്വാർത്ഥമോഹം കൂടാതെ ആദർശനിഷ്ഠയോടുകൂടി അധികാരികളുടെ മുമ്പിൽ തലകുനിക്കാത്ത പുളകംകൊള്ളിക്കുന്ന ഒരു വലിയ പാരമ്പര്യം അങ്ങനെ നമുക്ക് അഭിമാനപൂർവ്വം അവകാശപ്പെടാവുന്നുള്ളതു വിസ്മരിക്കുക വയ്യ.

ഇവിടെ പറഞ്ഞുവരുന്നതു ഇംഗ്ലീഷുകമ്പനികൾക്ക് മുസ്ലീംകളെ ഒരിക്കലും തങ്ങളുടെ പക്ഷത്തു കൊണ്ടുവരുവാൻ സാധിയ്ക്കുകയില്ലെന്നു ബോദ്ധ്യമാകുവാൻ ഇടയാക്കിയ സാഹചര്യങ്ങളെക്കുറിച്ചാണ്. അതിന്റെഫലമായി തങ്ങളുടെ ഭരണം നിലനിർത്തുവാൻ ഇന്ത്യൻപക്ഷത്തുനിന്നും ഹൈന്ദവപിന്തുണ മാത്രമായിരുന്നു കരണീയമായിരുന്നതു. ഭൂരിപക്ഷ സമുദായമായ ഹിന്ദുക്കളെ സർവ്വവിധേനയും പ്രീണിപ്പിക്കുവാനും അവരെ അഞ്ജൂറു വർ

പത്തിലേറെക്കാലം അടക്കിഭരിച്ചിരുന്ന മുസ്ലീംങ്ങൾക്കു എതിരായ വർഗ്ഗീയ മനോഭാവം വളർത്തുവാനും എല്ലാ രംഗങ്ങളിലും ഇംഗ്ലീഷുകാർ ശ്രമിച്ചു. ഇൻഡ്യാചരിത്ര രചനയിലൂടെയാണ് ഈ കൃത്രിമം ഫലവത്താക്കിയത്. വിദ്യാലയങ്ങളിലും ചരിത്രം പഠനവിഷയമായതോടുകൂടി അവിടെ വർഗ്ഗീയമായ ചേരിതിരിവുകളും സാമുദായിക സംഘർഷവും രൂക്ഷമായി.

വേണമെങ്കിൽ ഒരു ഇരുതലനയം എന്നു വിശേഷിപ്പിക്കാവുന്ന രീതിയിൽ ഇംഗ്ലീഷ് ചരിത്രകാരൻമാരുടെ മനസ്സും മനീഷയും ഏറെ മുതൽ മുടക്കി രൂപപ്പെടുത്തിയ ചരിത്ര സംവിധാനത്തെ ഇങ്ങനെ വ്യവഹരിക്കാം. പ്രാചീന ഇന്ത്യാചരിത്രം ശോഭനമായ സന്തുഷ്ടിയുടെയും സമാധാനത്തിന്റെയും കാലയളവായി വിശേഷിപ്പിക്കപ്പെട്ടു. അക്കാലത്ത് ഭാരതത്തിൽ ഭരണം നടത്തിയിരുന്ന രാജാക്കന്മാരും ചക്രവർത്തിമാരും എല്ലാം തന്നെ മാതൃകാപുരുഷൻമാരായി ചിത്രീകരിക്കപ്പെട്ടു. നമ്മുടെ സംസ്കാരത്തേയും പ്രാചീനകാലഘട്ടത്തെ തന്നെയും ഉൽകൃഷ്ടമായ ശാന്തിയുടെയും സമാധാനത്തിന്റെയും കാലഘട്ടമായി കണക്കാക്കി. അങ്ങനെ ഇൻഡ്യൻ ജനതക്ക് മുസ്ലീം ഭരണാരംഭത്തിനു മുമ്പ് സമ്പൽ സമൃദ്ധവും സമതാസുന്ദരവുമായ ഒരു ഭൂതകാലമാണ് ഉണ്ടായിരുന്നതെന്ന് ബോധ്യപ്പെടുത്തുകയും ഇല്ലാത്തതും കൂടി കൂട്ടിയിണക്കി നമ്മെ പറഞ്ഞു വിശ്വസിപ്പിച്ചു. മുഖസ്തുതി കേൾക്കുന്നത് വിമ്മിഷ്ടമുണ്ടാക്കാര്യമല്ലാത്തതുകൊണ്ട് തേനും പാലും ഒഴുകിയിരുന്ന പുണ്യഭൂമി എന്നു പ്രാചീന ഇൻഡ്യയെപ്പറ്റി പറഞ്ഞുപോന്നു. ഉൽകൃഷ്ടമായ ഒരു ഭൂതത്തിന്റെ പാരമ്പര്യം അവകാശപ്പെടാൻ സാധിക്കുന്നത് അഭിമാനകരമാണെങ്കിൽ കൂടിയും അതിവിടെ ഇത്രയും നിറപ്പകിട്ടോടുകൂടി വർണ്ണിച്ചത് മറ്റാരും വൈകൃത വൈരുദ്ധ്യത്തെ വരച്ചു കാട്ടുവാനായിരുന്നു എന്ന കുബുദ്ധി നാം മനസ്സിലാക്കിയില്ല. അതാണ് ഇരുതലനയം എന്ന് ഞാൻ പ്രസ്താവിച്ചത്.

ഇത്രയും സുന്ദരമായ ഒരു നാടിനേയും സമാധാന പൂർവ്വം ജീവിച്ചിരുന്ന ഒരു ജനതയേയും ആണ് മുസ്ലീം ഭരണത്തോടുകൂടി താറുമാറാക്കിയതെന്നതാണ് മദ്ധ്യകാല ചരിത്ര പ്രതിപാദനത്തിൽ അവർ മനഃപൂർവ്വം വരച്ചുകാട്ടിയ വൈരുദ്ധ്യം. മുസ്ലീം ചക്രവർത്തിമാർക്കും പ്രഭുക്കൻമാർക്കും, ഇവിടെ ഉണ്ടായിരുന്ന അമ്പലങ്ങളും മുഴുവൻ നശിപ്പിക്കുകയും ജനങ്ങളെയൊക്കെ മതപരിവർത്തനം നടത്തുകയും അതിന്നു സമ്മതിക്കാത്തവരെ കൊന്നൊടുക്കുകയും ചെയ്യുക എന്നതു മാത്രമായിരുന്നു ഭരണപ്രവർത്തനങ്ങളും! അങ്ങിനെ സമാധാനമായി കഴിഞ്ഞിരുന്ന ഒരു ജനതയെ സംഭീതരാക്കുകയും ഐശ്വര്യ സമ്പൂർണ്ണമായിരുന്നൊരു നാടിനെ ദരിദ്രമാക്കി നശിപ്പിക്കുകയും ചെയ്യുക എന്നതായിരുന്നു, 12ാം നൂറ്റാണ്ടുമുതൽ 18ാം നൂറ്റാണ്ടു വരെയുള്ള സുദീർഘമായ കാലഘട്ടത്തിൽ ഇവിടെ നടന്നിരുന്നതെന്നാണ് ഇംഗ്ലീഷ് ചരിത്രകാരൻമാർ മദ്ധ്യകാലഘട്ടത്തെക്കുറിച്ച് പ്രചരിപ്പിച്ചത്. അതിനു പോൽബലകമായി അവർ അവലംബിച്ച സങ്കേതങ്ങളും വളരെ വിചിത്രമെങ്കിലും നൈപുണ്യത്തോടുകൂടി ആയിരുന്നു. ചരിത്രം പഠിക്കുവാൻ തുടങ്ങുന്ന ഇതരസമുദായങ്ങളിലെ വിദ്യാർത്ഥികൾക്കു ഭയാശങ്കകളും അമർഷവും തോന്നത്തക്കവിധം വളരെ ക്രൂരമായ മതധ്വംസനത്തിന്റെയും അസഹിഷ്ണതയുടേയും കഥകളാണ് വാർത്തെടുത്തിരുന്നത്. അങ്ങനെ ധനദുർമോഹി മാത്രമായിരുന്ന മുഹമ്മദ് ഗസ്നാ ഈ രാജ്യത്തെ പ്രസിദ്ധമായ അമ്പലങ്ങളും കൊള്ളയടിച്ച് അപരിമേയമായ സ്വർണ്ണവും വെള്ളിയും ഈ രാജ്യത്തു നിന്ന് കടത്തിക്കൊണ്ടുപോയത് മതഭ്രാന്തു കൊണ്ടു മാത്രമായിരുന്നുവെന്ന് ഇംഗ്ലീഷ് ചരിത്രകാരൻമാർ പറഞ്ഞു.

മറേറാരു രാജധാനിയിൽ ഉള്ളതിനെക്കാളും ആയിരമോ, പതിനായിരമോ ഇരട്ടി സമ്പത്തു സംഭരിച്ചുവെച്ചിരുന്ന പ്രസിദ്ധമായ അമ്പലങ്ങളും കൊള്ളയടിക്കപ്പെ

ട്ടത് ധനദുർമോഹം കൊണ്ട് മാത്രമായിരുന്നുവെന്ന് ഇംഗ്ലീഷുകാർക്ക് അറിയാഞ്ഞിട്ടല്ല. അനാദികാലംമുതൽ കൂട്ടിയിരുന്ന സമ്പൽ കൂമ്പാരങ്ങൾ ഉണ്ടായിരുന്നവയായിരുന്നു അന്നത്തെ ചില അമ്പലങ്ങൾ എന്ന് അവർക്ക് അറിയാമായിരുന്നു. ധനവാഞ്ഛയോടുകൂടി വരുന്ന കൊള്ളക്കാരന് ധനസംഭരണികൾ എവിടെയായിരുന്നാലും അവയായിരിക്കും ലക്ഷ്യമെന്ന് അറിഞ്ഞുകൂടാഞ്ഞിട്ടുമല്ല. പക്ഷേ ഇവയൊക്കെ അതിന്റെ ശരിയായ അർത്ഥത്തിൽ വിശ്വകലനംചെയ്താൽ മുഹമ്മദ്ഗസ്നായുടെ അമ്പലധ്വംസനങ്ങൾ എന്തും ചെയ്യാൻ മടിയില്ലാത്ത ഒരാക്രമണകാരിയുടെ വീരപരാക്രമങ്ങൾ മാത്രമായി ഒതുക്കിതീർക്കുവാൻ പറ്റുമായിരുന്നു. പക്ഷേ ഇംഗ്ലീഷുചരിത്രകാരന്റെ കയ്യിൽ ഇത് ഏറ്റവും വലിയ മാരകായുധമായി മാറി. ഇതിനുശേഷം കുറെ കഴിഞ്ഞിട്ടാണെങ്കിലും ഇവിടെ സ്ഥാപിതമായ മുസ്ലീംഭരണത്തിന്റെ മതനയത്തിന്റെ ആമുഖമായി സുൽത്താൻ ഗസ്നായുടെ വീരപരാക്രമങ്ങൾ വിശേഷിപ്പിക്കപ്പെട്ടു. പിന്നെയുള്ള എല്ലാ ചക്രവർത്തിമാരുടെ നേരിലും ഇതേ ആരോപണങ്ങൾ നിരത്തിയപ്പോൾ ഹൈന്ദവസമുദായത്തിന് അത് അവിശ്വസിക്കേണ്ട കാര്യമുണ്ടായില്ല.

തുടർന്ന് അവർ എഴുതിക്കൂട്ടിയ മതപരിവർത്തനത്തിന്റെയും മതഭ്രാന്തിന്റെയും കള്ളക്കഥകളുടെ സത്യാസത്യവിവേചനം നടത്തുവാനുള്ള ത്വരയും നാം പ്രദർശിപ്പിച്ചില്ല. വെറും പട്ടാളനികുതി മാത്രമായിരുന്ന 'ജിസ്സിയ' എന്ന നികുതി മുസ്ലീം ഭരണാധികാരികൾ ഹൈന്ദവസഹോദരങ്ങളുടെ മേൽമാത്രം ചുമത്തിയിരുന്ന ഒരു മത നികുതിയായി പ്രചാരണം നടത്തിയപ്പോഴും അതു ചുമത്തിയെന്ന ചരിത്രകരിക്കപ്പെട്ടവരോട് അരിശം മൂത്തതല്ലാതെ ഇത് മത നികുതിതന്നെയായിരുന്നുവോ അല്ലായിരുന്നുവോ എന്ന് ചികഞ്ഞുനോക്കുവാൻ ആരും ശ്രമിച്ചതുമില്ല. അപ്പോൾ സ്വന്തം പ്രജകളിൽ ഒരു വിഭാഗത്തിന്റെ മേൽമാത്രം മതത്തിന്റെ

അടിസ്ഥാനത്തിൽ നികുതി ചുമത്തിയിരുന്ന ചക്രവർത്തിമാരൊക്കെ നിശ്ചയമായും മറ്റുതരത്തിലുള്ള മതധ്വംസനങ്ങളും നടത്തിയിരിക്കുമെന്ന് ആരോപിക്കപ്പെട്ടു. ഇത്തരം കൃത്രിമങ്ങളാൽ വിദഗ്ദ്ധമായി നമ്മുടെ ബുദ്ധിമണ്ഡലത്തിൽ പ്രചരിച്ചതോടുകൂടി വിദ്യാസമ്പന്നരായി പുറത്തുവരുന്ന ഹിന്ദുക്കളും മുസ്ലീംകളും കൂടുതൽ സംശയദൃഷ്ട്യാ വീക്ഷിക്കുക മാത്രമല്ല മനസ്സുനിറയെ അമർഷവും പ്രതികാരവും കൊണ്ട് ചൂടുപിടിക്കുകയുമായിരുന്നു. ഇതൊന്നുമറിയാതെ കഴിഞ്ഞുകൂടിയിരുന്ന ഹിന്ദുവും മുസ്ലീമും അവന്റെ യാതനകളും വേദനകളും പേറി പാടങ്ങളിലും, പറമ്പുകളിലുമായി കാലയാപനം ചെയ്തുപോന്നു. എന്നാൽ ഇരുസമുദായങ്ങളിലേയും വിദ്യാസമ്പന്നരും ബുദ്ധിജീവികളും പാവപ്പെട്ട കർഷകത്തൊഴിലാളികളെ ചേരിതിരിപ്പിച്ച് സാമുദായിക സംഘർഷത്തിന്റെ വിരുദ്ധയണികളാക്കി മാറ്റുകയാണ് ചെയ്തത്.

മറ്റൊരു ഹീനകൃത്യം, മുസ്ലീം ചക്രവർത്തിമാരേയും സമുദായത്തെയും സ്വഭാവഹത്യ നടത്തി വൈകൃതസൃഷ്ടികളായി അവതരിപ്പിക്കുക എന്നതായിരുന്നു. ലോകത്തിലെ മറ്റേതു ചക്രവർത്തിയോടൊപ്പവും മേൻമ നേടാൻ ഒരേ മായിരുന്ന ഏറ്റവും മഹാന്മാക്കളായ മുസ്ലീം ചക്രവർത്തിമാരെ ഏതെങ്കിലും തരത്തിലുള്ള സ്വഭാവദൂഷ്യമോ മാനസിക വൈകല്യമോ ആരോപിച്ച് തേജോവധം ചെയ്യുന്ന പ്രവൃത്തി മദ്ധ്യകാലഘട്ടത്തിൽ അവർ ഉടനീളം നടത്തി, 600 സംവൽസരക്കാലം കേന്ദ്രത്തിലും സംസ്ഥാനങ്ങളിലുമായി കിരീടം അണിഞ്ഞിട്ടുള്ള ചക്രവർത്തിമാരിൽ യുഗപ്രഭാവൻമാരായിരുന്ന മുഹമ്മദ് തുഗ്ളക്കും, ടിപ്പു സുൽത്താനും ഇംഗ്ളീഷ് ചരിത്ര സംവിധാനത്തിൽ ഏറ്റവും നികൃഷ്ടരായ മതഭ്രാന്തൻമാരോ അധമൻമാരോ ആയിത്തീർന്നു. മറ്റുള്ള ഓരോ പുകൾപെറ്റ ചക്രവർത്തിമാരും ഇവരുടെ താറടിക്കലിൽ മങ്ങിപ്പോവുകയും ചെയ്തു.

കൃത്രിമമായി ബോധപൂർവ്വം എഴുതിപ്പിടിപ്പിച്ച ചരിത്രമാണ് മദ്ധ്യകാലഘട്ടത്തിനേറത്. ഇത് ഈ രാജ്യത്തിന്റെ 600 സംവത്സരക്കാലത്തെ മഹനീയമായ നേട്ടങ്ങളുടെ നേരെയുള്ള വെല്ലുവിളിയാണെന്നും ആ കാലഘട്ടത്തിലെ ഇന്ത്യൻ ജനതയുടെ സാമൂഹികവും സാംസ്കാരികവുമായ ചൈതന്യധാരയെ അണകെട്ടിനിറുത്തി നമ്മുടെ സംസ്കാരത്തെ നിശ്ചേതനമാക്കിയ കുതന്ത്രമായിരുന്നുവെന്നും മനസ്സിലാക്കേണ്ടതായുണ്ട്. ഹൈന്ദവ മുസ്ലീം ചക്രവർത്തിമാരെപ്പറ്റി പഠിക്കുന്ന വിദ്യാർത്ഥി കാര്യമായി പഠിക്കുന്നത് അവരുടെ മതനയത്തെപ്പറ്റിയാണ്. ഇന്നും പരീക്ഷകരുടെ കയ്യിലെ ഇരുപ്പു ചോദ്യങ്ങളിൽ പ്രധാനമായവയും. എന്നാൽ അബുൽഫസൽ പൂക്കോയതങ്ങളെയും അനുയായിക്കളെയും കൂട്ടത്തോടെ മലബാറിൽ നിന്നും നാടുകടത്തുകയും മാപ്പിളമാർ പരിപാവനമായി കരുതിയിരുന്ന അനവധി ''ശഹീദു'കളുടെ ശവകുടിരങ്ങൾ പൊളിച്ചുമാറ്റുകയും ചെയ്ത കൊണോലി സായ്പ്പിന്നും കൂട്ടർക്കും ഒരുമതനയം ഉണ്ടായിരുന്നില്ലേ? വെല്ലസ്ളിയുടെയോ ഡൽഹൗസിയുടെയോ മതനയം എന്തായിരുന്നുവെന്ന് ആരും പഠിക്കാറില്ല. ചൂരുക്കത്തിൽ ഇംഗ്ളീഷ് ഭരണാധിപൻമാരെല്ലാം മതത്തിന്നതീതരായിരുന്നുവെന്നും അവർ ഇവിടെ വന്നതുതന്നെ മുസ്ലീം ഭരണാധികാരികളിൽ നിന്നും ഹൈന്ദവസമുദായത്തെ രക്ഷിക്കാൻവേണ്ടി ദൈവത്താൽ അയയ്ക്കപ്പെട്ട ദൂതൻമാരെന്നവണ്ണമാണ് ആധുനിക ഇംഗ്ളീഷു ഭരണത്തെപ്പറ്റിയുള്ള പ്രതിപാദ്യം.

ഈ കൃത്രിമങ്ങളും ബോധപൂർവ്വം സൃഷ്ടിച്ചതാണെന്നും മനസ്സിലാക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. വന്നാൽ നിർഭാഗ്യമെന്നു പായട്ടെ സ്വാതന്ത്ര്യത്തിനുശേഷം ഒരു പുത്തൻ ദേശീയാവേശം നമ്മുടെ നാട്ടിൽ സംജാതമായി. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഈ ദേശീയാവേശത്തെ വിശേഷിപ്പിച്ചത് ഭൂരിപക്ഷ സമുദായത്തിന്റെ വർഗ്ഗീയവാദമെന്നാണ്, ഇംഗ്ളീഷുകാർ നമ്മെപ്പറ്റി പറ

ഞ്ഞ എല്ലാ മുഖസ്തുതിയും അതേപടി നാം സ്വീകരിക്കുകയും അവരെഴുതിയ കള്ളക്കഥകളും കൂടുതൽ നിറപ്പകിട്ടോടുകൂടി മദ്ധ്യകാലഘട്ടത്തെപ്പറ്റി നാം പ്രചരിപ്പിക്കുകയും ചെയ്തുവെന്നതാണ് ഇവിടെ ഇന്നും സാമുദായിക സംഘർഷങ്ങളും വിഭാഗീയ ചിന്താഗതികളും നിലനിൽക്കുവാൻ ഹേതു. ഇവിടെ പല മതക്കാരും ജാതിക്കാരും പ്രദേശക്കാരും ഉൾക്കൊള്ളുന്ന വലിയ ഒരു സമൂഹമാണ് ഉള്ളതെന്നും ആ സമൂഹം വൈകാരിക ഐക്യത്തോടും സൗഹൃദത്തോടും കഴിയേണ്ടവരാണെന്നും എല്ലാ വിഭാഗത്തിലും പെട്ട ബുദ്ധിജീവികളും മനഃപൂർവ്വം വിശ്വസിക്കാതെ നിർവ്വാഹമില്ല. നാം ദേശീയ ഉദ്ഗ്രഥനത്തെപ്പറ്റിയും വൈകാരിക ഐക്യത്തെപ്പറ്റിയും ഘോരഘോരം അട്ടഹസിക്കുമ്പോഴും നമ്മുടെ വൈജ്ഞാനിക രംഗത്തു നടക്കുന്ന ഈ വിഭാഗീയ പ്രവണതകളേയും ഛിദ്രവാസനകളേയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നുവെന്നതാണ് പരമാർത്ഥം. നമ്മുടെ വിദ്യാഭ്യാസരംഗത്ത്, ഊറിയുറച്ചു കിടക്കുന്ന സാമുദായിക ഛിദ്രവാസനകളുടെ വിഷവിത്തുകളും മുളപൊട്ടാൻ അവസരം നൽകാതെ എന്നെന്നേക്കുമായി കുഴിച്ചുമൂടി ശുദ്ധീകരണം ചെയ്യേണ്ട ചുമതല ഈ രംഗങ്ങളിൽ പ്രവർത്തിക്കുന്ന വിവേകികളുടേതാണ്.

അതുകൊണ്ട് നമ്മുടെ ചരിത്രകാരന്മാർക്കും സാംസ്കാരിക പ്രവർത്തകർക്കും അവശ്യമായിട്ടുള്ള കാര്യം ചരിത്രത്തിലെ ദേശീയ വീക്ഷണമാണ്. 'കരുണ വീട്ടിൽനിന്നും തുടങ്ങണം' എന്നു പറയാറുള്ളതുപോലെ വിവിധ മതസ്ഥരും വിവിധ സാംസ്കാരങ്ങളുമുള്ള ഈ രാജ്യത്തെ ദേശീയമായും വൈകാരികമായും ഏകോപിപ്പിക്കുവാൻ സാധിക്കണമെങ്കിൽ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് പ്രവർത്തിക്കുന്ന വിവേകികളുടെ ഒരു സമൂഹം നമുക്കുണ്ടായേ പറ്റൂ. ആദ്യം കുടുംബവും വീടും നന്നാക്കുകയെന്നു പറയാറുള്ളതുപോലെ ഈ നാടും സമൂഹവും ഒന്നായി കാണുവാനുള്ള ദേശീയമായ ചിന്താഗതിയും മാനസിക സന്നദ്ധതയും

നമ്മുടെ ഇളം തലമുറക്കെങ്കിലും ഉണ്ടാകുവാൻ ഉതകുന്ന നീതിയിലുള്ളതായിരിക്കണം നമ്മുടെ ചരിത്രസംവിധാനം. ദോയിൻബിയ്ക്കോ, ഡുറണ്ടിനോ ഒന്നും നേരിടേണ്ടിവന്നിട്ടില്ലാത്ത പ്രശ്നമാണ് ഇന്ത്യൻ ചരിത്രകാരന്റേത്. അവർക്ക് അന്തർദേശീയമായ ചരിത്രവീക്ഷണങ്ങളെപറ്റി സിദ്ധാന്തങ്ങൾ അവതരിപ്പിക്കാൻ പ്രയാസം ഉണ്ടായിരുന്നില്ല. കാരണം അവരുടെ നാട്ടിൽ വിഭിന്ന മതസ്ഥരോ വിവിധ സാംസ്കാരമോ പലതരം ഭാഷകളോ ഒന്നുമില്ലാതിരുന്നതുകൊണ്ട് ഏകവും ദൃഢവുമായ ഒരു രാഷ്ട്രത്തിന്റെ ബുദ്ധിജീവികളെ നിലക്ക് ലോകരാഷ്ട്രങ്ങളുടെ തലയിലെഴുത്ത് പ്രവചിക്കുവാനുള്ള സിദ്ധാന്തങ്ങൾ വിരചിക്കുവാൻ അവർക്ക് സാധിക്കുമായിരുന്നു. ഇന്ത്യൻ ചരിത്രകാരന് പ്രഥമവും പ്രധാനവുമായി വേണ്ടത്, ഇന്ത്യയെന്ന വിശാലമായ ഉപഭൂഖണ്ഡത്തെ മനസ്സിൽ കാണുവാനും ഇന്ത്യൻസമൂഹമെന്ന സങ്കരസമൂഹത്തിന്റെ വൈരുദ്ധ്യങ്ങളെ മനസ്സിലാക്കുവാനും സാധിക്കുകയെന്നതാണ്. ദേശീയമായ വിഘടന സ്വാഭാവമുള്ള ഒന്നംതന്നെ സംഭരിക്കുവാനുള്ള ദേശീയാവേശം സിദ്ധാന്തപരമായിത്തന്നെ എല്ലാ ചരിത്രകാരൻമാരും അംഗീകരിക്കേണ്ടതുണ്ട്. ഇന്ത്യയുടെ നവീന ചരിത്ര സംവിധാനത്തിന്റെ ഈ സിദ്ധാന്തത്തെ ചരിത്രത്തിലെ ദേശീയ വീക്ഷണം എന്ന് ഞാൻ വിളിക്കട്ടെ.

13

നീക്കുപോക്കില്ലാത്ത ചരിത്രസമീപനം

ഭാരതീയസാംസ്കാരിക ചരിത്രത്തെ വിശകലനം ചെയ്യാൻ ശ്രമിച്ച പല പണ്ഡിതന്മാരുമുണ്ട്. അവർ വിലപ്പെട്ട പല സംഭാവനകളും തദ്വിഷയകമായി ചരിത്രവിദ്യാർത്ഥിക്ക് കാഴ്ചവെച്ചിട്ടുണ്ട്. അകമഴറ കൃതജ്ഞതയോടുകൂടി അവയെ സ്മരിക്കുമ്പോഴത്തന്നെ അവ ഇന്ത്യൻ സാംസ്കാരിക ചരിത്രത്തിന്റെ അവസാന വാക്കുകളെല്ലെന്നുകൂടി ഓർക്കണം. നിരവധി ഗവേഷകരും പണ്ഡിതരും അശ്രാന്തം പരിശ്രമിച്ചതിന്റെ ഫലമായി പുരിയ കാര്യങ്ങൾ പ്രകാശം കണ്ടുകൊണ്ടിരിക്കുന്നു. ഇന്നലെ ശരിയാണെന്നു വിചാരിച്ചിരുന്ന പലതും ഇന്ന് അബദ്ധമാണെന്നു തെളിയിക്കപ്പെടുകയാണ്. ആമുഖമായി ഇതു പറയുവാൻ കാരണം നിലവിലുള്ള സ്ഥിരപ്രതിഷ്ഠങ്ങളായ ചില സിദ്ധാന്തങ്ങളുടെ സത്യസ്ഥിതി വെളിപ്പെടുത്തേണ്ടതു കൊണ്ടാണ്. കബീറും, താരാചന്ദും മറെറല്ലാ ഇന്ത്യാക്കാരായ എഴുത്തുകാരും ആകർഷകമായി മുഴക്കുന്ന ഒരു മുദ്രാവാക്യമാണ് 'ജീവിക്കുകയും ജീവിക്കാനനുവദിക്കുകയും ചെയ്യുക' എന്ന ഇൻഡ്യൻ സംസ്കാരത്തിന്റെ ആത്മ മസത്തയുംകൊള്ളുന്ന പ്രഖ്യാപനം. ഇവർ ചൂണ്ടിക്കാട്ടുന്നു. മറെറാരു സവിശേഷത ഭാരതം എക്കാലവും 'സഹിഷ്ണുത' പുലർത്തിപ്പോന്നിരുന്നുവെന്നതാണ്. സമാധാനത്തിന്റേയും സഹവർത്തിത്വത്തിന്റേതുമായ 'പഞ്ചശില

ങ്ങും' ഉൾക്കൊണ്ടുകൊണ്ട്, പുണ്യമായ ഈ നാട് ഐശ്വര്യസമ്പൂർണ്ണമായിരുന്നു. വിവിധങ്ങളായ ജാതികളും വളരെയേറെ വർണ്ണഭേദങ്ങളും നിരവധി ഭാഷകളും ഒട്ടേറെ മതങ്ങളും പല പല ജീവിത സമ്പ്രദായങ്ങളുമുള്ള ഒരു സങ്കര സംസ്കാരം ഈ നാട്ടിലുണ്ട്. പലതായി തോന്നുന്നുവെങ്കിലും ഈ 'നാനാത്വത്തിൽ ഏകത്വം' ദർശിക്കുവാൻ പ്രയാസമില്ലെന്ന് ഇവരൊക്കെ നമ്മെ പഠിപ്പിക്കുന്നു.

നാം എല്ലാ മതക്കാരോടും എല്ലാ വർഗ്ഗക്കാരോടും എല്ലാ ഭാഷകളോടും സമഭാവനയോടുകൂടിയാണ് പെരുമാറിയിരുന്നത്. ഇന്ത്യയുടെ സഹിഷ്ണുത ഈ നാട്ടിൽ എല്ലാ മതക്കാർക്കും സ്ഥാനം നൽകി. ''നമ്മെ ജീവിക്കാനനുവദിക്കുക. അതുപോലെ മറ്റുള്ളവരെ അലോരസപ്പെടുത്താതെ, നാമും കഴിയുക'', എന്തൊരുന്നതമായ ആദർശമാണ്. ചരിത്രത്തിൽ അവടവിടെയായി കാണുന്ന അപവാദങ്ങൾ മാത്രം നിരത്തിക്കാട്ടി സാധാരണീകരിക്കപ്പെട്ട നിഗമനത്തിലെത്തിച്ചേരുന്ന ബുദ്ധിവൈഭവം അഭിനന്ദിക്കത്തക്കതുതന്നെ. പക്ഷേ നിഷ്കൃഷ്ടമായ ചരിത്രപഠനം, വൃത്തം കോണാണെന്നു വാദിക്കുന്ന യുക്തിവാദത്തിന്റെ വക്രഗതികൊണ്ടു ഉത്തരം മുട്ടിക്കലല്ല. യഥാർത്ഥമായ പ്രതിപാദ്യവും സാഭ്യസനീയമായ ആവിഷ്കരണവും സമഞ്ജസമാക്കിയാൽ മാത്രമേ ചരിത്രപഠനം ഇന്നത്തെ . പ്രശ്നപരിഹാരത്തിന് ഉപയോഗപ്രദമാകൂ.

മേലുദ്ധരിച്ച മുദ്രാവാക്യങ്ങളെ വിലയിരുത്തി പഠിക്കുവാൻ ശ്രമിക്കുമ്പോൾ മറിച്ചുള്ള പ്രതികരണങ്ങളാണ് സാധനപാഠമായി ലഭിക്കുക. നാം ജീവിക്കുകയും മറ്റുള്ളവരെ ജീവിക്കാനനുവദിക്കുകയും ചെയ്തു എന്നു പറയുമ്പോൾ ഈ പണ്ഡിതന്മാരൊക്കെയും അർത്ഥമാക്കുന്നത് പൗരാണികകാലം മുതൽ ഈ നാട്ടിൽ കച്ചവടത്തിനും, കുടിയേറ്റത്തിനും, ആക്രമണത്തിനുമായി കടന്നു

വന്ന എല്ലാ ആളുകളേയും നാം ജീവിക്കാനനുവദിച്ചു എന്നാണ്. അവർ കൊണ്ടുവന്ന കച്ചവടവിഭവങ്ങളും വിറ്റഴിക്കാനുള്ള സൗകര്യങ്ങളും നൽകുകയും അവർക്കാവശ്യമുള്ളത് നാം കൊടുക്കുകയും ചെയ്തു. ഈ നാട്ടിൽ അഭയം തേടിയെത്തുകയോ ജീവിതസന്ധാരണത്തിനായി അലഞ്ഞുകയറി വരികയോ, ആക്രമണോദ്ദേശ്യത്തോടുകൂടി പടയോട്ടം നടത്തുകയോ ചെയ്തവരോടൊക്കെത്തന്നെ നാം സഹിഷ്ണുതയുടെ മഹാമനസ്കത കാട്ടിയിട്ടുണ്ടത്രേ. ക്രിസ്തുമതവും ഇസ്ലാംമതവും അവയുടെ ജന്മഭൂമികളിൽ പരന്ന് പടരുന്നതിനു മുമ്പുതന്നെ ഈ നാട്ടിൽ സ്ഥാപിതമായിത്തീർന്നിട്ടുണ്ട്. ''ജൂതന്മാരും ക്രിസ്ത്യാനികളും എ. ഡി. ഒന്നാം നൂറ്റാണ്ടിൽ കുടിയേറിപ്പാർത്ത എന്ന ഐതിഹ്യം ഇപ്പോഴും സാമാന്യമായി സ്വീകരിക്കപ്പെട്ടിട്ടുണ്ട്.''[1]

ചക്രവർത്തി അഗസ്റ്റസ് സീസറുടെ കാലത്ത് മലബാറിലെ തീരപ്രദേശങ്ങളിൽ വന്ന വ്യവസായികളുടെ ആവശ്യത്തിനുവേണ്ടി അമ്പലങ്ങളും പണിയാൻ നാം അനുവദിച്ചിരുന്നു. ''മലബാർതീരത്ത് അഗസ്റ്റസ് സിസർ പണികഴിപ്പിച്ച ഒരു അമ്പലത്തെ പെൻഡിഗേറിയൻ ടേബിൾസിൽ പരാമർശിക്കുന്നുണ്ട്,,[2] ക്രിസ്ത്വാബ്ദം തുടങ്ങുന്ന വർഷങ്ങളിൽ പ്രാണരക്ഷാർത്ഥം ഓടിയ ജൂതന്മാർ കണ്ട രക്ഷാകേന്ദ്രവും നമ്മുടെ നാടുതന്നെയായിരുന്നു. ''എ. ഡി. 68–ൽ ജെറൂസലം പട്ടണവും അവിടത്തെ പ്രസിദ്ധ ജൂതക്ഷേത്രവും നശിപ്പിക്കപ്പെട്ടതിനെത്തുടർന്ന് പ്രാണരക്ഷാർത്ഥം ഓടിയ അവർ കൊടുങ്ങല്ലൂരുമെത്തി.''[3] എ. ഡി. 71–ൽ ജെറൂസലം പട്ടണം റോമാക്രമണത്തിനിരയാതതോടുകൂടി ധാരാളം അഭയാർത്ഥികളായ ജൂതന്മാർ മലബാർ തീരങ്ങളിൽ രക്ഷപ്രാപിച്ചി

1. K. P. Padmanabha Menon-History of Kerala. Vol. I P.39
2. Robert sewell-Historical Inscriptions of Southern India-160
3. Achutha Menon – Cochin State Manual P-18

ുണ്ട്" എന്നു പറയപ്പെടുന്നു. [4] പേർഷ്യയിൽ നിന്ന് ബി. സി. 549–ൽ പുറത്താക്കപ്പെട്ട ജൂതന്മാർ കേരളത്തിൽ വന്നു താമസമുറപ്പിച്ചിരുന്നുവെന്ന് ഡോക്ടർ ഫോസ്റ്റർ തന്റെ Noticias Dos Judeas de Cochin എന്ന പോർച്ചുഗീസ് ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. [5] ഏ. ഡി. 1369–ൽ മജോക്കയിൽ നിന്ന് ഏകദേശം 8000–ത്തോളം യൂദന്മാർ അവിടെ കുടിയേറി പാർപ്പുറപ്പിച്ചിട്ടുണ്ടെന്ന് അദ്ദേഹം തുടർന്നു പറയുന്നു. [6]

മാലിക് ഇബ്നുദിനാറും കൂട്ടരും വളക്കൂറുള്ള ഈ മണ്ണാണ് ഇസ്ലാമിന്റെ ബീജാവാപം ചെയ്യാനുപയോഗിച്ചത്. (ഷെയിക്ക് സൈനുദ്ദീൻ, ബർബ്യൂസ തുടങ്ങിയുള്ളവർ എഴുതുന്ന ചേരമാൻപെരുമാളിന്റെ മതം മാറ്റത്തെ ഓർക്കുക.)

അതുപോലെതന്നെ ആര്യന്മാർക്കുശേഷം ഡാരിയസ്സും അലക്സാണ്ടറും തുടങ്ങി നാദിർഷാവരെയുള്ള ആക്രമണകാരികളുടെ ഒരു നീണ്ട പട്ടിക ഈ നാടിനെത്തന്നെ ശരവ്യമാക്കിയിട്ടുണ്ട്. ഔന്നത്യത്തിലെത്തിയിരുന്ന നമ്മുടെ വിജ്ഞാനശാഖകളും പല ശാസ്ത്രങ്ങളുടേയും അടിത്തറ പാകിയതായിരുന്നു. അവ തേടി എത്തിയിട്ടുള്ള എത്രയോരാക്രമികൾക്കും അസുലഭമായ ആ ഭാണ്ഡാഗാരം നാം തുറന്നു കൊടുത്തിട്ടുണ്ട്. എത്രയെത്ര നാടുകളിൽനിന്നാണ് സാഹസികരും കഷ്ടമാശീലരുമായ യാത്രാകുതുകികളും, സഞ്ചാരയോഗ്യമല്ലാതിരുന്നിട്ടു കൂടി ഈ നാട്ടിലേയ്ക്കു കടന്നു വന്നിട്ടുള്ളത്? അങ്ങനെ ആരാരൊക്കെ എന്തൊവശ്യത്തിനുമായിക്കൊള്ളട്ടെ ഇവിടെ കാൽകുത്തിയിട്ടുണ്ടോ അവരെയൊക്കെ നാം ജീവിക്കാനനുവദിച്ചിട്ടുണ്ട്. അവരോടൊക്കെ സഹിഷ്ണുത പ്രകടിപ്പിച്ചിട്ടുമുണ്ട്.

4. Robert Sewell - op. Cit.
5. Dr. Foster.
6. Ibid.

സത്യമെന്തായിരുന്നു? നാം ജീവിക്കാനനുവദിച്ചു എന്നു പറയുമ്പോഴും ആരെ അനുവദിച്ചു എന്ന ചോദ്യം ഒരു പക്ഷേ ആരും ഉന്നയിച്ചിട്ടില്ലാത്തതായിരിക്കാം. ഈ നാടിനെ ആക്രമിച്ചു കൊള്ളയടിക്കുവാൻ എത്തിയിട്ടുള്ള ആളുകളെ നാം ജീവിക്കാനനുവദിച്ചിട്ടുണ്ട്. നിരന്തരം നടന്നുകൊണ്ടിരുന്ന ഈ കയ്യേറ്റങ്ങളെ എതിർക്കാതിരുന്നത് സഹിഷ്ണുതകൊണ്ടാണെന്നു പറഞ്ഞൊഴിയുക പിലാത്തോസ്സിന്റെ കൈകഴുകലിനു സമമാണ്. നാം അവരെ ജീവിക്കുവാനനുവദിച്ചിരുന്നില്ലെങ്കിൽ കൂടിയും, ശക്തമായ ആയുധങ്ങളുമായി, സംഘടിതസന്നാഹങ്ങളോടെ. ഈ രാജ്യത്തെ കീഴടക്കുവാൻ വന്ന അവർ ജീവിക്കുവാൻ വേണ്ടിത്തന്നെയാണ് രണ്ടും കല്പിച്ച് പടപ്പൊരുതിയിട്ടുള്ളത്. നമ്മെ ഭരിക്കുകയും നമ്മുടെ മേൽ അധീശത്വം അവകാശപ്പെടുകയും ചെയ്തിട്ടുള്ളവരോട് നാം സഹിഷ്ണുത കാണിച്ചു എന്നു പറയുന്നത് അത്ര പന്തിയുള്ള പ്രയോഗമല്ല. അതുപോലെതന്നെ നാം അവരെ ജീവിക്കുവാനനുവദിച്ചു എന്നു പറയുന്നതും പൊള്ളയായ പൊങ്ങച്ചം മാത്രമാണ്. നമ്മെ അവർ സൈരമായി വിട്ടിരുന്നുവോ എന്നുകൂടി ചിന്തിക്കുക. നമ്മുടെ ആചാരാനുഷ്ഠാനങ്ങളേയും ജീവിത സമ്പ്രദായങ്ങളേയും മാറ്റിമറിച്ചു, നമ്മിൽ അധികാരം അടിച്ചേല്പിച്ച്, നമ്മെ അടിമകളാക്കി മാറ്റിയ കാര്യം നാം സൗകര്യപൂർവ്വം വിസ്മരിക്കുകയാണ്. നമ്മുടെ പൂർവ്വികൻമാർ ജീവിച്ചു എന്നു പറയുമ്പോഴും അതിനോടനുബന്ധമായി കൂട്ടിച്ചേർക്കേണ്ട കാര്യം അവർ അസ്വതന്ത്രരായി വീർപ്പുമുട്ടി ജീവിച്ചു എന്നുമാത്രമാണ്.

എന്നാൽ തോളിൽ കയറാനൊത്തിടത്ത്—മുതുകിൽകയറിയിരിക്കാൻ സൗകര്യം ലഭിച്ചിടത്ത്—നാം വളരെ ഔദ്ധത്യത്തോടു കൂടി കാര്യങ്ങൾ നടത്തിയിട്ടുണ്ട്. ആക്രമണകാരികളോട് സഹിഷ്ണത കാട്ടിയ നാം, മര്യാദയുടെ ആചാരക്രമത്തിൽ പാരമ്പര്യം പറയാറുള്ളനാം, നമ്മോടു തന്നെ നീതി ചെയ്തിരുന്നുവോ എന്നു കൂടി ചിന്തിക്കണം. ഈ

ഭൂമിയിൽ കോടാനകോടി മനുഷ്യരുടെ മനുഷ്യാവകാശങ്ങളെ നിഷേധിച്ച്, അവരെ മൃഗതുല്യരാക്കി, അ ങ്ങനെ ഒരധഃസ്ഥിത സമൂഹത്തെ സൃഷ്ടിച്ച നാം, ആരെ പ്രീതിപ്പെടുത്താനാണ് ഇത്രയും ക്രൂരമായി പെരുമാറിയിട്ടുള്ള ഒരു സാമൂഹ്യനീതി, ലോകജനതയ്ക്കിടയിൽ ഒരിടത്തും കാണുകയില്ല. റോമാസാമ്രാജ്യത്തിൽ, മറ്റെവിടേയുമെന്ന തിനേക്കാൾ അടിമസമ്പ്രദായം നിലനിന്നിരുന്നു. പക്ഷേ ക്രി സ്തുമതത്തിന്റെ ആവിർഭാവത്തിനു മുമ്പുതന്നെ അ ടിമകളുടെ ഉടമകളോടൊപ്പം ജന്മാവകാശം നേടി അന്തസ്സി നേയും അഭിമാനത്തിനേയും വീരചരിത്രം സൃഷ്ടിച്ചു.[7] ഗ്ലാഡിയേറ്റർ സമ്പ്രദായമഴിച്ചുവിട്ട സ്വതസിദ്ധമായ ദൃഷ്യങ്ങ ളിലൊന്ന്, നാട്ടിലുടനീളം ഒരുതരം അടിമകളെ വാർത്തെ ടുത്തു എന്നതായിരുന്നു. പക്ഷേ അതും കാലത്തിന്റെ തേരോട്ടത്തിൽ അമർന്നുപോയി. നമ്മുടെ ദുഷ്ടമായ ആര്യകുടുംബമാത്രം പ്രതികാരവാഞ്ഛയോടു കൂടി ഈ നാടിന്റെ സന്താനങ്ങളെ അധോഗതിയിലേക്കടിച്ചമർത്തി. നടപ്പിലും നഗരങ്ങളിലും ഇടം കിട്ടാതിരുന്നജനലക്ഷങ്ങൾ കാടിലും കാട്ടിലും അഭയംതേടി അപരിഷ്കൃതയുഗ ത്തിലേതിനെക്കാൾ കഴിയേണ്ടതായി വന്നു. ''പഞ്ചമൻമാർക്കും തീയ്യാടി ജാതിക്കാർക്കും പെരുവഴിയിലോ പട്ടണങ്ങളിലോ അഭയമനുവദിക്കുവാൻ പാടുണ്ടായിരുന്നില്ല.''[8] ഇന്നും ആ മനഃസ്ഥി തിയിലും അത്രയധികം മാറ്റങ്ങൾ സംഭവിച്ചിട്ടില്ലാത്തപ്പോൾ നാം ആരോട് സഹിഷ്ണത കാട്ടി? ആരെയാണ് ജീവി ക്കാൻ അനുവദിച്ചത് എന്ന് ഉറക്കെ ചിന്തിക്കേണ്ടിയിരിക്കുന്നു.

ചരിത്ര സത്യങ്ങളെ കണ്ടിട്ടും കണ്ടില്ലെന്നു നടിച്ച് തിരുത്തിയെഴുതുവാനുള്ള അപാകത വളരെ ദോഷ

---

7 Struggle of orders

8 P. Thomas, Hindu Religion- customs and Manners P.132

കരമാണ്. കാണേണ്ടത് കാണേണ്ടമാതിരി കണ്ടാൽമാത്രമേ അവയുടെ വൈകല്യങ്ങളെ മനസ്സിലാക്കി, തെറ്റു തിരുത്തുവാൻ സാധിക്കുകയുള്ളു.

പന്ത്രണ്ടാം നൂറ്റാണ്ടിൽ ഈ നാട് 17 പ്രാവശ്യം കടന്നു കൊള്ളയടിച്ച മുഹമ്മദുഗസ്നായുടെപ്രവൃത്തികളിൽ നാം അറിശം കൊണ്ടിട്ടു കാര്യമില്ല. ചരിത്രത്തിന്റെ താളുകളിൽക്കൂടി വിലപിച്ചിട്ടും അത്ഥമില്ല. ഇവിടെ അക്രമി ആരുമാകട്ടെ, അവനെ എതിർക്കുവാൻ സാധാരണക്കാർക്ക് അവകാശമുണ്ടായിരുന്നില്ല. തന്റെ വീട് കൊള്ളചെയ്യുന്നവനെ വാളെടുത്തു പെരുത്തു നില്ക്കാൻ ക്ഷത്രിയനൊഴികെ മറ്റാർക്കും അനുവാദമുണ്ടായിരുന്നില്ല. അങ്ങിനെ അസഹിഷ്ണുത ഒന്നുകൊണ്ടുമാത്രമാണ് നമ്മുടെ യുദ്ധങ്ങളെല്ലാം ജനകീയമല്ലാതായിത്തീർന്നതും ആക്രമണകാരികളെ പൂവിട്ടാദരിക്കുവാൻ ജനങ്ങൾ തയ്യാറായതും.

ഏതുനാട്ടിലും യുദ്ധംമാത്രം തൊഴിലായി സ്വീകരിച്ച് സന്നദ്ധരായി നില്ക്കുന്ന സമൂഹങ്ങൾ വിരളമാണ്. ഇവിടെ യോദ്ധാക്കളുടെ തന്നെ ജാതി ഉണ്ടായിരുന്നു. അവരത്രയും വീരശൂരരണധീരന്മാരുമായിരുന്നു. ഈ രാജ്യത്തിന്റെ കാവൽഭടന്മാരായ നമ്മുടെ സേനാനികൾ എന്തുകൊണ്ട് ആക്രമണകാരികളുടെ മുമ്പിൽ ചൂളിപ്പോയെന്നും എന്തുകൊണ്ട് ഈ നാട് സ്ഥിരം പടക്കളമായി മാറിയെന്നും നാം ആലോചിക്കാറില്ല. ചരിത്രപണ്ഡിതന്മാർ പലരും സമാധാനിക്കുന്നത് നമ്മുടെ വടക്കു പടിഞ്ഞാറൻ അതിർത്തികളിൽ കൈബർ, ബോളൻ, ഗോമൽ തുടങ്ങിയ കുറെ ചുരങ്ങൾ ഉണ്ടായതുമൂലമാണെന്നാണ്. അതുപോലെ പാശ്ചാത്യ അധിനിവേശം നടക്കുന്നത് നമുക്ക് കടലിടുക്കുകളും ഹാർബറുകളും ഉണ്ടായതുകൊണ്ടുമാണത്രേ! അതുമാത്രമല്ല, ഈ നാട് സമൃദ്ധിയുടെ വിളനിലമായിരുന്നുവെന്നും സമ്പത്തിൽ ആകൃഷ്ടരായാണ് ആക്രമണകാരികൾ ഇവിടേയ്ക്കു കടന്നതെന്നും നമ്മെ പഠി

പ്പിയ്ക്കുന്നു. (മിക്കവാറും എല്ലാചരിത്രകാരന്മാരും ഇക്കാര്യത്തിൽ ഏകാഭിപ്രായക്കാരാണ്.) ആത്മാഭിമാനത്തിനോ ദേശീയാവേശത്തിനോ കോട്ടം തട്ടിക്കാതെപറഞ്ഞൊപ്പിക്കാവുന്ന ഉപജാപം മാത്രമാണിത്.

ഇന്ത്യയുടെ വടക്കനതിർത്തി സംരക്ഷിക്കുവാൻ ഗംഭീര പ്രഭാവനായ ഹിമവാൻ തലയുയർത്തി നില്ക്കുകയും, മറ്റതിർത്തികളെ സുരക്ഷിതമാക്കാൻ അലയാഴികയും പരന്നു കിടക്കുകയും ചെയ്യുന്നു. പ്രകൃതിദത്തമായ ഇത്തരം അനുഗ്രഹങ്ങളും ഇല്ലാത്ത നാടുകളാണധികവും. ചരിത്രത്തിന്റെ താളുകളും കുറേയധികം പിന്നോട്ട് മറിച്ചു നോക്കിയാൽ നമ്മെപോലെ ആ രാജ്യങ്ങളൊന്നും ഇത്രയധികം ആക്രമണവിധേയമായിട്ടില്ലെന്നു കാണുവാനൊക്കും. താൽക്കാലികമായ പരാജയങ്ങളും പറ്റിയാൽത്തന്നെയും അവ സ്വാതന്ത്ര്യം സംരക്ഷിച്ച് അതിർത്തി സുരക്ഷിതമാക്കിയിരുന്നു. എന്നാൽ ആ സത്യാവസ്ഥ സൗകര്യപൂർവ്വം മറച്ചുവെച്ച് നാം പ്രസ്താവിക്കുന്നത് വടക്കുപടിഞ്ഞാറൻ അതിർത്തിയിൽ ഹിമാലയത്തിനു ചുരങ്ങളുണ്ടായിപ്പോയതുകൊണ്ടാണ്. അലക്സാണ്ഡർ ബൊക്കാറിയിലെത്തിയിട്ടുണ്ട്" എന്നു കേട്ടപാടെ തക്ഷശിലയിലെ രജാധികാരി ഏതുവിധേനയും സഹായസഹകരണങ്ങളും വാഗ്ദാനം ചെയ്തുകൊണ്ട് അദ്ദേഹത്തെ ഈ നാട്ടിലേക്ക് സവിനയം ആനയിച്ച ചരിത്രം നമുക്കറിയാം. ''ഇന്ത്യയുടെ കവാടം ഒരു വിദേശാക്രമിക്ക് തുറന്നുകൊടുത്തത് ഇൻഡ്യൻ കൈകളാ തന്നെയായിരുന്നു.''[1]

അതിനുകാരണം നമ്മുടെ ജനങ്ങളോ ഭരണാധികാരികളോ ദേശീയമായ ഒരു വിപത്തിന്റെ ആപൽസൂചനയെ ഐക്യത്തോടെ എതിരിടാൻ തയ്യാറായില്ലെന്നതുമാത്രമാണ്.

1. J. Rapson-Cambridge History of India-Vol I. 174

അനൈക്യത്തിന്റെ മാത്രമായ രാഷ്ട്രീയസംവിധാനങ്ങളും കലഹങ്ങളിലും കോലാഹലങ്ങളിലും മാത്രം അന്ത്യംകണ്ടിരുന്ന നമ്മുടെ ദുരഭിമാനവും, സംഘടിത ശ്രമങ്ങളെ പരാജയപ്പെടുത്തുന്ന ജാതീയമായ നിമ്നോന്നതകളും ഒത്തുചേർന്നപ്പോഴാ ഏതൊരു വിദേശിക്കും ഈ നാടു് നിഷ്പ്രയാസം പടിച്ചടക്കാമെന്നുവന്നു. ചെറിയ ഒരു സംസ്ഥാനത്തിന്റെ സിംഹാസനം സംരക്ഷിക്കുവാൻ കഴിയാതിരുന്ന ബേബർക്ക്, ഒരു മഹാസാമ്രാജ്യത്തിന്റെ ശിലാസ്ഥാപനം നടത്തുവാൻ ഇവിടെ അത്ര പ്രയാസം വേണ്ടിവന്നില്ല. ഇന്നലെ ചെയ്തവ അബദ്ധങ്ങളംതന്നെയായിരുന്നുവെന്നു് വിവേകവൃദ്ധം ധരിക്കാത്തതിന്റെ വൈകല്യം കുറച്ചൊന്നുമല്ല. നമ്മുടെ ദുർബ്ബലതകളും കുറവുകളും എന്തെല്ലാമാണെന്നു് മനസ്സിലാക്കാൻ ശ്രമിക്കുന്നതിനു പകരം അവ മൂടിവെച്ചു് ന്യായീകരണത്തിന്റേതായ പ്രത്യയശാസ്ത്രങ്ങളും കണ്ടുപിടിക്കുന്ന ബുദ്ധി വിലമതിക്കേണ്ടതാണെങ്കിലും വിചിത്രമാണു്.

മംഗോളാക്രമണത്തെ തടഞ്ഞുനിർത്തുവാൻ ക്രിസ്തുജനിക്കുന്നതിനു വളരെ നൂറ്റാണ്ടുകൾക്കുമുമ്പുതന്നെ നമ്മുടെ അയൽരാജ്യമായ ചൈനയിൽ ഒരു വലിയ പരീക്ഷണം നടത്തി. ഇന്നും ലോകത്തിലെ അത്ഭുതങ്ങളിലൊന്നായി എണ്ണിപ്പോരുന്ന ''ചൈനയിലെ വൻമതിൽ'' ഇതിനു് സാക്ഷ്യം വഹിക്കുന്നു. 1800 മൈൽ നീളവും 22 അടി വീതിയും 18 അടി ഉയരവുമുള്ള ഈ മതിൽ മനുഷ്യപ്രയത്നത്തിന്റേറയും സ്വാതന്ത്ര്യവാഞ്ഛയുടേയും പ്രതീകമായി ഇന്നും തലയുയർത്തി നില്ക്കുന്നുണ്ടു്. സ്വന്തം യശസ്സു് നിലനിർത്തുവാൻ ലക്ഷക്കണക്കിനു് മനുഷ്യരെക്കൊണ്ടു് നിർബ്ബന്ധമായി ജോലിചെയ്യിച്ച ഏറ്റവും വലിയ പിരമിഡു് കെട്ടിയ ഫറോഹ്കുഫുവും, തന്റെ പ്രേയസിയുടെ മധുരസ്മരണ ശരത്കാല നിലാവിന്റെ നിർമ്മലതയിൽ വെണ്ണക്കല്ലു കൊണ്ടു സ്വപ്നത്തിലെന്നോണം സുന്ദരമായാവിഷ്ക്കരിച്ചു് 'താജി'ന്റെ സം

വിധാനം നടത്തിയ ഷാജഹാനും ചരിത്രപുരുഷന്മാരാണ്. പക്ഷേ സ്വാർത്ഥപരമായ പ്രേരണാശക്തിയുടെവിസ്മയാവഹങ്ങളായ അമൂല്യ സംഭാവനകളാണവ. ചൈനയിലെവൻകോട്ട വ്യക്തിപ്രഭാവത്തിന്റെ പാരമ്യം കുറിക്കുന്നതല്ല. ഒരു ജനതയുടെ ആത്മവീര്യത്തിന്റെ, ദേശാഭിമാനത്തിന്റെ, സ്വാതന്ത്ര്യമോഹത്തിന്റെ അടയാളമാണ്. ചരിത്രത്തിൽ ഇത്രമാത്രം ദേശാഭിമാനത്തിന്റെ ആവേശം തുന്നിച്ചേർത്ത ഒരേട് അപൂർവ്വമായിരിക്കും ഈ ഒറ്റ കാര്യം മാത്രം കണക്കിലെടുത്താൽ മതി ഇന്ന് ചൈന നടത്തുന്ന ഭീഷണികളുടേയും ആക്രമണങ്ങളുടേയും പിന്നിൽ പതിയിരിക്കുന്ന രഹസ്യം മനസ്സിലാക്കാൻ.

നേരെമറിച്ച് ബോളന്റേയും കൈബറിന്റേയും പുസ്തകങ്ങളിൽ ഒരിരുപതുമൈൽ മതിൽകെട്ടി ആക്രമണകാരികളെ തടഞ്ഞുനിർത്താൻ ഒക്കാത്ത അനൈക്യത്തിന്റെ നാണക്കേടിപ്പിക്കുന്ന പാരമ്പര്യമാണ് നമുക്കുപറയുവാനുള്ളത്. ഇവിടെ ഇല്ലാതിരുന്നതും എന്നാൽ അവശ്യം വേണ്ടിയിരുന്നതുമായ സംഘടിത ദേശീയബോധവും പരസ്പര സ്നേഹവുമായിരുന്നു. ഒരിയ്ക്കലും ഒന്നിയ്ക്കുവാനോ ഒരിക്കലും ദേശീയമായ ആവേശം അങ്കുരിപ്പിക്കുവാനോ നമ്മുടെ നിലവിലുണ്ടായിരുന്ന വ്യവസ്ഥ അനുവദിച്ചിരുന്നില്ല. ഈപാഠങ്ങളം നമ്മുടെ ഇന്നത്തെ ചുറ്റുപാടുകൾക്ക് പ്രയോഗക്ഷമമാക്കാൻ വിനിയോഗിച്ചാൽ പല അബദ്ധങ്ങളും ആവർത്തിക്കപ്പെടുകയില്ലായിരുന്നു.

ഇന്നും വിദേശശക്തികളായ മേലധികാരികളെ ആദരിക്കുന്ന ധാരാളം ആളുകളുരാഷ്ട്രീയ പാർട്ടികളുതന്നെ ഉണ്ടെന്നതാണ് ആകസ്മിക സംഭവമല്ല. ഇവിടെ അതിനെ പ്രോത്സാഹിപ്പിക്കുവാനായി അനുകൂലിക്കുന്നവർ ഉണ്ടായത് ഒരു യാദൃശ്ചിക സംഭവമല്ല. അവർക്ക് അവരുടെതായ ന്യായവാദങ്ങളുണ്ടാകുവരും. ഇതു നമ്മുടെ പാരമ്പര്യത്തിന്റെ ഒരു പുനർവിചിന്തനമാത്രമാണ്. അലക്സാണ്ഡറേയും ബാബറേയും, വാസ്കോഡിഗാമയേയും, ക്ലൈവിനേയും, വെല്ല

സ്ഥിയേയുമെല്ലാം സഹായിച്ച കൈകൊ വിദേശിയരുടേതായിരുന്നില്ല. ഓരോ ആക്രമണകാരിയേയും ഇൻഡ്യൻ ജനത താങ്ങും തണലും നൽകി ആധിപത്യത്തിലേക്കാനയച്ചിട്ടുണ്ട്. ബംഗാളിന്റെ ദേശീയ പ്രതീകമായ സുരാജ്ദൌളായ ക്ലൈവ് കീഴമർത്തി ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ അടിക്കല്ല് പാകിയെന്നുപറഞ്ഞാലും, ഇൻഡ്യൻ സ്വാതന്ത്ര്യചരയുടെ ജീവിക്കുന്ന ചിഹ്നം ആയ ടിപ്പുസുൽത്താനെ വെല്ലസ്ലി കൊന്ന് ബ്രിട്ടീഷ് ആധിപത്യം സുഗമമാക്കിയെന്നു പറഞ്ഞാലും ഇവയുടെ അർത്ഥം ക്ലൈവിനേറെയും വെല്ലസ്ലിയുടേയും കീഴിൽ കുറെ ഇൻഡ്യാക്കാർ ഇൻഡ്യൻ രാജാക്കന്മാരായ സുരാജ് ദൌലയോടും ടിപ്പുസുൽത്താനോടും പടപൊരുതി അവരെ പരാജയപ്പെടുത്തി എന്ന് മാത്രമാണ്. ഈ ചരിത്രസത്യം ശരിക്കും മനസ്സിലാക്കിയാൽ എന്തു കൊണ്ട് നമ്മുടെ നാട്ടിൽ ഇന്നും വിദേശരാജ്യങ്ങളുമായി കൂറുപുലർത്തുന്നവരും വിദേശാക്രമണങ്ങളെ എതിർക്കാത്തവരും ഉണ്ട് എന്ന കാര്യം ബോധ്യമാകും. ദേശീയബോധം നമ്മിൽ ഇല്ലാത്തതിന്റെ ദുഃസൂചനകളാണിവ. ഈ ബോധമുണ്ടാകണമെങ്കിൽ കഴിഞ്ഞകാലത്ത് നമുക്ക് സംഭവിച്ചുപോയ പാകപ്പിഴകളെ കുബുദ്ധികൊണ്ട് വളച്ചൊടിക്കാതെ വസ്തുനിഷ്ഠമായി പ്രകാശിപ്പിക്കുകയും പ്രതിവിധികൊം ആരായുകയും വേണം. അതാവർത്തിക്കുന്നതിന്റെ ഭവിഷ്യത്തുകൊം ധരിക്കണമെങ്കിൽ ചരിത്രപാഠങ്ങൊം വികലപ്പെടുത്താതെ പകർന്നുകൊടുത്തേ സാദ്ധ്യമാകൂ. അല്ലാതെ ഈ നാട് സമ്പൽസമൃദ്ധമായിരുന്നതുകൊണ്ടാണ് ആക്രമണകാരികൊം തുടരെത്തുടരെ കൊള്ളയടിച്ചതെന്ന് വ്യാഥാപരഞ്ഞിട്ട് പ്രയോജനമില്ല. ഇന്നും നാം ആക്രമണവിധേയമായത് സമ്പൽ സമൃദ്ധികൊണ്ടാകാൻ തരമില്ലല്ലോ. അങ്ങനെയാണെങ്കിൽ അമേരിക്ക, റഷ്യ തുടങ്ങിയ എത്രയോ രാജ്യങ്ങൊം ആക്രമിക്കപ്പെടേണ്ടതായിരുന്നു.

ഈ നാട്ടിലേക്ക് എത്രയോ സഞ്ചാരികൊം വന്നിട്ടുണ്ട്. അവരുടെ വിലപ്പെട്ട സഞ്ചാരക്കുറിപ്പുകൊം ഇൻഡ്യയുടെ

ചരിത്രപഠനത്തിന്റെ നാഴികക്കല്ലുകളാണ്. ഗ്രീക്കധിനിവേശത്തോടുകൂടി ഇവിടെവന്ന മ്യേർക്കസ്സ്, ഒനീസിക്രിറ്റസ്, അരിസ്റ്റോബുലസ്സ്, കളിറാർക്കസ്സ് തുടങ്ങിയ യവനന്മാരും മഗസിതനിസ്സ്, ഹുയാങ്ങ് ത്സാങ്ങ്, ഫാഹിയാൻ തുടങ്ങിവരും പൗരാണിക ചരിത്രത്തിന്റെ കൽത്തൂണുകൾ കെട്ടി ഉയർത്തിയവരാണ്. അതിനുശേഷം തുടർച്ചയായി ഈ നാട്ടിലേക്കുവന്നവരുടെ പേരുകൾ എഴുതുക വലിയ ഒരു പട്ടിക ഉണ്ടാക്കുന്നതിനു സമമായിരിക്കും. ഒമ്പതും പതിനഞ്ചും നൂറ്റാണ്ടുകൾക്കിടയിൽ എത്രയോ സഞ്ചാരികളാണിവിടെ വന്നിട്ടുള്ളത്. എന്തുമാത്രം വിലമതിക്കുവാനൊക്കാത്ത രേഖകളാണിവർ സമ്മാനിച്ചിട്ടുള്ളത്. അവരിൽ പ്രധാനികളായ സുലൈമാൻ (851 ഏ. ഡി.) അൽബൈറൂണി (1051), ബനേർനിയർ (1165), അൽകസ്വിനി (1270), അബൂദുൽഫേദ (1273), മോണ്ടി കോർവിനോ (1291), നിക്കോളൊ പൊളൊ (1293), റഷീദുദ്ദീൻ (1300), ബ്ലോർ ബാസ്സ് (1320), ഇബ്നു ബത്തൂത്ത (1342–47), തിമൂർ (1405), അബ്ദുൽ റസ്സാക്ക് (1442), നിക്കോളൊകോണ്ടി (1442), തുടങ്ങിയവർ ഇൻഡ്യാ ചരിത്ര പഠനത്തിനു സഹായിക്കുന്നവരത്രെ. പോർത്തുഗീസുകാരുടെ ആഗമനത്തോടും പാശ്ചാത്യസമ്പർക്കത്തോടുംകൂടി പ്രവഹിച്ച യാത്രാവിവരണങ്ങളെഴുതിയിട്ടുള്ളവരുടെ സംഖ്യ നിരവധിയുണ്ട്. ടെവർനീറും ബർണിറും നിക്കോളസ്സ് മനൂച്ചിയുമെല്ലാം ആ വലിയ സാഗരത്തിലെ കണികകൾ മാത്രമാണ്. അങ്ങിനെ ഈ നാട്ടിന്റെ കാര്യങ്ങളും അറിയുവാനും വിജ്ഞാനസമ്പന്നരാകുവാനുമായി ഇങ്ങോട്ടെത്തിയിരുന്നവരുടെ എണ്ണം നിർണ്ണയാതീതമാണ്. അവരുടെ സംഭാവനകളാകട്ടെ വിലമതിക്കാനാവാത്തമാണിന്നും. പക്ഷേ ഇവർക്കെല്ലാവർക്കുംതന്നെ ഒന്നിനെപ്പറ്റി പറയുവാനുള്ള കാര്യത്തിൽ പൊതുസ്വഭാവമുണ്ട്. പുറമേ നിന്നു വന്നവരെയെല്ലാം മ്ലേച്ഛന്മാരെന്നാണ് വിളിച്ചിരുന്നത്. യവനർ തുട

ങ്ങി മുസ്‌ലിംകളും, ക്രിസ്ത്യാനികളും വരെയുള്ളവരെ. സാച്യൂപരിഭാഷപ്പെടുത്തിയിട്ടുള്ള അൽബൈരൂണിയുടെ ഇൻഡ്യയിൽ, ഹൈന്ദവ പൗരോഹിത്യവും, പാണ്ഡിത്യവും എത്രമാത്രം ഒറ്റപ്പെട്ടിരുന്നുവെന്നും, മറ്റുള്ളവരുമായി സംസാരിച്ചുപോയാൽ, അവരെ കണ്ടുപോയാൽ, എന്തുമാത്രം പിഴപറ്റിയതായി കരുതിയിരുന്നുവെന്നും സുദീർഘമായി വിവരിക്കുന്നുണ്ട്. നാം അന്യരിൽനിന്നും അറിയാൻ ശ്രമിച്ചില്ലെന്നതു പോകട്ടെ, നമ്മുടെ കഴിവു് അറിയിക്കാനും മടിച്ചിരുന്നു. ഗസ്നായുടെ ആക്രമണത്തോടുകൂടി കൊള്ളയടിച്ച ധനത്തിന്റെ കൂട്ടത്തിൽ വളരെ സൂക്ഷ്മതയോടും. കരുതലോടുംകൂടി ഇവിടെനിന്ന് ഗസ്നിയിലേയ്ക്കു കൊണ്ടുപോയ നിധികളിൽ ഒട്ടനവധി പുസ്തകങ്ങളും വളരെ ബ്രാഹ്മണരും ഉൾപ്പെട്ടിരുന്നു. ഈ ബ്രാഹ്മണപണ്ഡിതൻമാരെ മതം മാറ്റാനല്ല കൊണ്ടുപോയത്. ലോകത്തിലെ എല്ലാ വിജ്ഞാനശാഖകളുടേയും ആധികാരികജ്ഞാനികളെ തന്റെ അരമനയിൽ സുഖമായി താമസിപ്പിച്ച് അവരെ പുലർത്തുക മുഹമ്മദ് ഗസ്നായ്ക്ക് വളരെ ഇഷ്ടപ്പെട്ട കാര്യമായിരുന്നു. 974 മഹാപണ്ഡിതൻമാരുടെ സൗരയൂഥത്തിലായിരുന്നുവത്രേ സുൽത്താൻ ആസനസ്ഥനായി സമയം കഴിച്ചിരുന്നത്. ഇൻഡ്യയിൽനിന്നും കൊണ്ടുപോയ ഇവരേയും പ്രത്യേകം അന്തഃപുരങ്ങളിൽ താമസിപ്പിച്ച്, ഗസ്നിയിലെ സാഹിത്യകാരൻമാർക്കും ശാസ്ത്രജ്ഞൻമാർക്കും ഇൻഡ്യൻ വിജ്ഞാനം വിളമ്പി കൊടുക്കുവാനുള്ള ജോലിയാണ് ഏല്പിച്ചിരുന്നതു്. ഇന്നും അഫ്ഗാനിസ്ഥാനിൽ ഒരു ചെറിയ ഹിന്ദുസമുദായം സുരക്ഷിതമായി ജീവിക്കുന്നുണ്ട്. അന്നു കൊണ്ടുപോയവരുടെ സന്തതിപരമ്പരകളാണിവർ എന്നതിൽ സംശയം വേണ്ട. ഇതെടുത്തെഴുതിയതു് നമ്മുടെ നാടിനെ ആക്രമിച്ച വരിൽ ഉണ്ടായിരുന്ന വിജ്ഞാനതൃഷ്ണയും സൂചിപ്പിക്കുവാനാണ്.

എന്നാൽ ഇത്രയധികം ജനങ്ങൾ ഈ നാട്ടിൽ വന്നിട്ട് അവരോടു് ആ നാടുകളിലെ സ്ഥിതിയെക്കുറിച്ചന്വേഷിച്ച ഒറ്റ ഇൻഡ്യൻ പണ്ഡിതനേയും നാം കണ്ടുമുട്ടുന്നില്ല.

വിശ്വാസക്കുറിപ്പോ കേട്ടുകേൾവിയുടെ അടിസ്ഥാനത്തി ലുള്ള വിവരണങ്ങളോ എഴുതിവെച്ചവർ ഇൻഡ്യൻ പക്ഷ ത്തുനിന്നും ഉണ്ടായില്ല. നാം മറ്റു നാടുകളിൽ യാത്ര ചെയ്തില്ലെന്നതുപോകട്ടെ മറുനാട്ടിൽനിന്നു വന്നവരെ ക്രിസ്ത്രീചരൻമാരായി അകറ്റിനിർത്തുകയാണ് ചെയ്തത്. നമ്മുടെ ദരിദ്രരായ സാധാരണക്കാർ സൗകര്യം കിട്ടിയ പ്പോഴൊക്കെ ഈ ദിക്സഞ്ചാരികളെ കൊള്ളയടിച്ചു പാപ്പ രാക്കിയിട്ടുമുണ്ട്. ഇവിടെയെത്തിയ എല്ലാ സഞ്ചാരികളും ഈ കാര്യം എഴിതിയിരിക്കുന്നു. വാസ്തവം ഇതായിരിക്കേ വേറെ നമ്മുടെ സൗഹൃദംകൊണ്ടും, നമ്മുടെ സഹിഷ്ണുത കൊണ്ടും മാത്രമാണ് ഇവിടെ, അറിവിന്റെ കൈക്കു മ്പിളും നീട്ടി, ഭിക്ഷാംദേഹികളായി, സാഹസികധീരൻ മാരായ ഈ സഞ്ചാരികൾ വന്നത് എന്നു പറഞ്ഞാൽ സത്യ ത്തിനും നീതിക്കും നിരക്കാത്ത പ്രസ്താവം മാത്രമാ യിത്തീരും. നാം അന്യനാടുകളിൽനിന്നും അന്യരിൽനിന്നും വന്നുമറിയുവാൻ ശ്രമിക്കാതിരുന്നതാണ് കാലത്തിന്റെ മാ റ്റങ്ങളേയും ത്രസിക്കുന്ന ചലനങ്ങളേയും തക്കസമയത്ത റിയാതിരിക്കാൻ കാരണം. നമ്മുടെ ചേതന നിശ്ചലമാ യതും അതിനാലാണ്. ഈവക കാര്യങ്ങൾ സന്ദർഭത്തിനൊ ത്തുചിച്ച് മൂടിവെയ്ക്കാനുള്ള സങ്കുചിതമനോഭാവമാണ് പല പണ്ഡിതൻമാരേയും സത്യത്തിനു നിരക്കാത്ത നിഗ മനങ്ങളിൽ കൊണ്ടെത്തിക്കുന്നത്. തന്റെ ന്യായവാ ദത്തെ ഉറപ്പിക്കുവാൻ കണ്ടുപിടിക്കുന്ന പ്രത്യയശാസ്ത്ര ങ്ങളും അഭിപ്രായ പ്രകടനങ്ങളും സാധാരണക്കാരായ വി ദ്യാർത്ഥികളെ വഴിപിഴപ്പിക്കുമെന്ന കാര്യം നാം ഓർക്കാ റില്ല. ഒരു നുണ നാവിൽക്കൂടി നൂറു പ്രാവശ്യം ഉരുവി ക്കുമ്പോഴേക്കും അത് സത്യത്തേക്കാൾ സത്യമായി വിലസുക സ്വാഭാവികമാണ്. നമ്മുടെ ചരിത്രപണ്ഡിതന്മാരുടെ യുക്തിക്കുമെല്ലിച്ചാത്ത അഭിപ്രായപ്രകടനങ്ങളും സത്യാന്വേഷിക ളായ ജിജ്ഞാസുക്കളുടെ വാസനകളെ നിരുത്സാഹപ്പെ ടുത്തുകയും മാർഗ്ഗങ്ങളെ ദുർഘടമാക്കുകയും കൂടി ചെയ്യും. മറ്റൊരുതരം സന്ദർഭത്തേക്കാളും ദേശീയ ബോ

ധവും വൈകാരികോദ്ഗ്രഥനവും അനിവാര്യമായി എല്ലാ ജനവിഭാഗങ്ങളും കരുതുമ്പോൾ, ആ വികാരത്തെ വിലവെച്ച് അതിനാവശ്യമായ വിഭവങ്ങൾ സമഞ്ജസമാക്കി മഹത്തരമായ ഈ നേട്ടത്തെ സാക്ഷാത്കരിക്കാൻ സഹായിക്കേണ്ടതാണ് ഏതൊരു പണ്ഡിതനേയും കടമയത്രേ; ചരിത്രപഠനം ഇതിലൊക്കെ പരമപ്രാധാന്യമർഹിക്കുന്ന വിഷയമാണ്. പുളകംകൊള്ളിക്കുന്ന ഒരിന്നലേയും സംപുഷ്ടമായ ഒരിന്നും ഭാസുരമായൊരു നാളേയും അനുഭവിക്കാനൊക്കാത്ത ഒരു സമൂഹവും പുരോഗതിയുടെ കലപ്പ വുകൾ അധികവും കയറാറില്ല. ഐതിഹ്യങ്ങളും കടംകഥകളുംകൊണ്ട് കോർത്തിണക്കിയ ഒരു ഭൂതത്തിൽ ആവേശം കൊള്ളാൻ അധികംപേർ കണ്ടെന്നുവരില്ല. കുറേ മുദ്രാവാക്യങ്ങളുടെ ആകർഷണത്തിൽമാത്രം രോമാഞ്ചം കൊള്ളുന്നവരും ദുർല്ലഭമായിരിക്കും. ദൂഢതയോടുകൂടി സത്യസന്ധമായി സമന്വയിച്ചാവിഷ്ക്കരിക്കുന്ന ഇൻഡ്യാചരിത്രത്തിനുമാത്രമേ ഈ വീഴ്ചകളും കുറവുകളും ആവർത്തിക്കപ്പെടാതെ നോക്കുവാനും ദേശീയ ഐക്യം സുസ്ഥിരമാക്കുവാനും സാധിക്കൂ. അതിനുള്ള ഏതൊരു ശ്രമത്തേയും പ്രോത്സാഹിപ്പിക്കുകയും വേണം.

14

ഇൻഡ്യൻ സംസ്ക്കാരത്തിനു പറ്റിയ തിരിച്ചടികൾ

ഇൻഡ്യൻ സാംസ്കാരിക ചരിത്രത്തിന്റെ വിശദാംശങ്ങളെക്കുറിച്ച് ചിന്തിക്കുന്ന ഏതൊരാളും യുക്തിസഹമായി എത്തിച്ചേരുന്ന നിഗമനം ഏതാണ്ടിപ്രകാരമായിരിക്കും: ഇന്ത്യൻ സംസ്കാരപ്രവാഹം പലപ്പോഴും തിരിച്ചടികൾക്കു വിധേയമായിട്ടുണ്ട്. ഒരിക്കലും അതിന് അനുസ്യൂതം ഒഴുകുവാൻ ഒത്തിട്ടില്ല. ഇത് പഠിക്കുവാനും എഴുതുവാനും പണിപ്പെട്ടിട്ടുള്ളവരെല്ലാംതന്നെ അറിഞ്ഞോ അറിയാതേയോ വിട്ടുപോയിട്ടുള്ള സവിശേഷമായ ചില പ്രത്യേകതകൾ ചൂണ്ടിക്കാണിക്കുകയാണ് എന്റെ ഉദ്ദേശ്യം.

നമ്മുടെ നാടിനെ വിശ്വോത്തരമായ സംസ്കാരങ്ങളുടെ താരാപഥത്തിലേയ്ക്ക് ഉയർത്തിയത്, മഹത്തരമായ സിന്ധുസംസ്കാരമാണ്. ഗോർഡൻചൈൽഡ് നിരൂപിക്കുന്നതുപോലെ, നൈലിനേറെയും, യൂഫ്രട്ടീസിനേറെയും, സംഭാവനയ്ക്കു സമം സിന്ധുനദീതടവും, മാനവസംസ്കാരത്തിന്റെ കലപ്പടവുകൾ പലതും കടന്ന്, ഉദാത്തമായ നാഗരികതയുടെ പ്രകാശം പരത്തിയിട്ടുണ്ട് [1]. ഇന്ത്യയ്ക്കും ഇന്ത്യൻജനതയ്ക്കും മറ്റു നാടുകളിലെ മനുഷ്യരോടൊപ്പം സംസ്കാരത്തിന്റെ മണ്ഡപത്തിൽ തല നിവർത്തി നില്ക്കാൻ ഒത്തത് അതൊന്നുകൊണ്ടുമാത്ര

1. Gorden Childe–What Happened in History - PP 111-112.

മായിരുന്നു. മനുഷ്യന്റെ വിജ്ഞാനപരവും വികാരപരവുമായ വിവിധ മണ്ഡലങ്ങളിൽ അനർഘമായ സംഭാവനകൾ നൽകിയ സിന്ധുജനത, ഏതൊരു ഭാരതീയനും ദേശീയാവേശവും അഭിമാനവും നൽകുന്നു. അങ്ങനെ ഇന്ത്യൻസാംസ്കാരിക പൈതൃകത്വത്തിന് പ്രാചീനത്വവും പ്രചാരവും നൽകി അത് മറേറതൊരു ജനതയോടുമൊപ്പം ഇന്ത്യാക്കാരനേയും ഉയർത്തിവിട്ടു.

നാഗരികമായ ആ സംസ്കാരത്തെ നശിപ്പിച്ചതു ഈ നാടാക്രമിച്ചു കയറിയ ആര്യന്മാരായിരുന്നു എന്നുള്ളത് മിക്കവാറും തീർച്ചപ്പെട്ട ചരിത്രസത്യമാണ്. വീലറും, സ്റ്റുവർട്ട് പിഗട്ടും, ജോൺമാർഷലും, നെഹ്റുവുമെല്ലാം ഒരേ സ്വരത്തിൽ ഈ സംഗതി വ്യക്തമാക്കിയിട്ടുണ്ടു്. ഋഗ്വേദം കൂലങ്കഷമായി പഠിച്ചതിനുശേഷം പിഗട്ടും, ധർമ്മാനന്ദകോസാംബിയുമെല്ലാം, ഏകകണ്ഠമായി എത്തിച്ചേരുന്ന നിഗമനം, ആര്യന്മാരാണ് ആ സംസ്കാരത്തെ നശിപ്പിച്ചത് എന്നുള്ളതാണ്. ദേവനായി കണക്കാക്കുന്ന ഇന്ദ്രനാണ് 60,099 ഭടന്മാരോടുകൂടി ഈ നാടാക്രമിച്ച് സിന്ധുസംസ്കാരത്തെ തകർത്തത് എന്നു ഋഗ്വേദത്തെ ഉപോൽബലകമാക്കി സ്ഥാപിച്ചിട്ടുണ്ട് [2]. കോസാംബിയാകട്ടെ ഇന്ദ്രൻ, മനുഷ്യൻതന്നെയാണെന്നു സംശയാതീതമായി വിവരിക്കുന്നു [3]. അങ്ങനെ നാഗരികമായ ആ സംസ്കാരത്തെ തകർത്തത് ആരാണെന്നുള്ള കാര്യത്തിൽ ആർക്കും ഒരു സംശയവും അവശേഷിക്കുന്നില്ല.

എന്നാൽ ഇന്ത്യാചരിത്രത്തിൽ കാണുന്ന അത്ഭുതകരമായ പരിഹാസങ്ങളിലൊന്നു നാം സിന്ധു സംസ്കാരത്തെ വാഴ്ത്തുന്നതോടൊപ്പം ആ സംസ്കാരത്തെ തകർത്ത ശക്തിയെ അത് ഏതുമാകട്ടെ–പഴിക്കുന്നില്ല എന്നുള്ളതാണ്. നല്ല കാര്യങ്ങളെ പ്രശംസിക്കുക, അതുകൊണ്ടുണ്ടാകുന്ന മഹത്തര

2 Stuart Piggot–Pre-Historic India-P. 261

3. ധർമ്മാനന്ദകോസാംബി-ഭഗവാൻ ബുദ്ധൻ പുറം-57

മായ ഫലത്തെ വാഴ്ത്തുക, അതിനെ പിൻപറ്റി ദേശീയാവേശത്തിന്റെ വീറു കാട്ടുക, ഇതെല്ലാം നൈസർഗികമത്രേ. പക്ഷേ ഈ നല്ല കാര്യങ്ങളെ തകർത്ത് പുരോഗതിയെ തടഞ്ഞ് നശീകരണം സൃഷ്ടിച്ചവരേയും ഒപ്പം വാഴ്ത്തുക ചരിത്രത്തിൽ കേട്ടുകേൾവിപോലും ഇല്ല. ഞാൻ പണിതുയർത്തി, പാർപ്പാക്കിയ എന്റെ വീട് എന്നെ സംബന്ധിച്ചിടത്തോളം അഭിമാനകരമായ നേട്ടമാണ്. അതിൽ ഞാൻ പുളകം കൊള്ളുന്നു. പക്ഷേ അതിനെ ചുട്ടു ചാമ്പാലാക്കി എനിക്കിടമില്ലാതാക്കിയ ഒരു നശീകരണശക്തിയേയും ഞാൻ പ്രകീർത്തിക്കുക! എന്തൊരു വൈജാത്യമാണ്! അതാണ് ഈ കാര്യത്തിൽ ദർശനീയമാകുന്നത്. ഇംഗ്ലണ്ടിനെ ആക്രമിച്ച ആംഗ്ലോസാക്സൺകാരെ (Anglo Saxon) അപരിഷ്കൃതർ (Barbarians) എന്നും അവരുടെ ആക്രമണത്തെ 'അപരിഷ്കൃതരുടെ ആക്രമണം' എന്നുമാണ് ബ്രിട്ടീഷ് ചരിത്രകാരൻമാർ വിശേഷിപ്പിക്കുന്നത്. 476 A.D-യിൽ പശ്ചിമറോമാ സാമ്രാജ്യത്തെ തകർത്ത ഗോഥ ആക്രമണവും ഇതേ സംജ്ഞകൊണ്ടാണ് അറിയപ്പെടുന്നത്. മദ്ധ്യപൗരസ്ത്യദേശത്തെ സാംസ്കാരികസമ്പത്തു തകർത്ത്, നഗരങ്ങളേയും, വിജ്ഞാനശാലകളേയും ചുട്ടകരിച്ച ചെങ്കിഷ്ഖാനെ ചരിത്രം ജേതാവായി കണക്കാക്കാറില്ല. പക്ഷേ ഇൻഡ്യൻ സംസ്കാരത്തിന്റെ മാറിടത്തിൽ ഇന്നും ഉണങ്ങിയിട്ടില്ലാത്ത ഭീകരമായ ആഘാതമേല്പിച്ച ആര്യനാക്രമണം ഇവിടെ ആരുടേയും പഴി "കേ" വിധേയമായിട്ടില്ല.

ഈ ചരിത്രാഭാസത്തിലേയ്ക്ക് ചുഴിഞ്ഞിറങ്ങുമ്പോഴം പണ്ഡിതൻമാർക്കു പറ്റിയ വെറും ഒരമളിയല്ല ഇതെന്ന് മനസ്സിലാകും. ബോധപൂർവ്വം ഇതു മെനഞ്ഞെടുത്ത് അവധാനതയോടുകൂടി ഇവിടെ പ്രചരിപ്പിക്കുന്നതാണ് എന്നതിൽ ലേശവും സംശയം വേണ്ട. അതിന് അതിന്റേതായ കാരണങ്ങളുമുണ്ട്. ആര്യസംസ്കാരവും സിന്ധുസംസ്കാരവും എല്ലാനിലയ്ക്കും വിഭിന്നാദർശങ്ങളും

വൈരുദ്ധ്യങ്ങളും ഉൽക്കൊള്ളുന്നതാണ്. ഒന്ന് തുടങ്ങുന്നേടത്ത് മറേറത് അവസാനിക്കുന്നു. ഒന്ന് എതിർക്കുന്നേടത്ത് മറേറതനുകൂലിക്കുന്നു. ഒന്നുകൂടി വ്യക്തമാക്കാം. സിനധുസംസ്കാരം നാഗരീകമായിരുന്നപ്പോൾ, ആര്യ സംസ്ക്കാരം ഗ്രാമ്യമായിരുന്നു. പരിഷ്ക്കാരങ്ങളുടെ പരമോന്നതിയിലെത്തിയ ഇൻഡ്യൻ സംസ്കാരത്തെ ഒരായിരംവർഷം പിന്നോക്കം പിടിച്ചുമാററിയ ഒരു സംഭവമായിരുന്നു അത്. ആ നാഗരീകതയുടെ സുവർണ്ണകാലഘട്ടത്തിലെത്തുവാൻ വീണ്ടും നമുക്ക് നൂറാണ്ടുകളെത്ര പിന്നിടേണ്ടതായി വന്നിട്ടുണ്ടെന്നോ? അതുപോലെതന്നെ നമുക്കേറെ വലിയ ആഘാതമാണ്. മതത്തിൻേറയും ചിന്തയുടേയും മണ്ഡലങ്ങളിൽ ഇതുമൂലമുണ്ടായവ്യതിയാനവും. നെഹറുവിൻെറ ഭാഷയിൽ 'മതാതീതമായ ഒരു രാഷ്ട്രസംവിധാനം' (Secular State) സ്ഥാപിച്ചിരുന്ന സിന്ധുതടവാസികൾ, ഇൻഡ്യൻ ഭരണഘടനയിൽ ഇന്ന് കാണുന്ന മതേതരത്വം അന്നേപിൻപററിയിരുന്നു [4]. ആര്യസംസ്കാരമാകട്ടെ മതത്തിൽ തുടങ്ങുകയും മതത്തിൽ വളരുകയും മതസംഹിതകൾമാത്രം മനുഷ്യൻെറ എല്ലാ പ്രവൃത്തികളേയും നിയന്ത്രിക്കുന്ന സംവിധാനം സൃഷ്ടിക്കുകയും ചെയ്തു. ഇതിൽനിന്നും വിമുക്തമാകാൻ ഇൻഡ്യയ്ക്കോ, ഇൻഡ്യൻ ജനതയ്ക്കോ സാദ്ധ്യമായിട്ടില്ല. സിനധുസംസ്കാരം തകർത്തതിനുപകരം അതിനെ പിൻതുടരുവാൻ പററിയിരുന്നുവെങ്കിൽ ഇൻഡ്യൻ സംസ്കാരപ്രവാഹത്തിന് ഈ തിരിച്ചടി പററുമായിരുന്നില്ല. ലോകസംസ്കാരങ്ങളുടെ മുൻപന്തിയിൽ ഔജ്ജ്വല്യമാനമായ ദീപ്ത ശിഖകളുമായി നിലക്കാമായിരുന്നു. എന്നിട്ടും ഈ പ്രതിഭാസത്തെ ചൂണ്ടി ന്യായവാദം നടത്തുവാൻ ഒരു പണ്ഡിതനും മിനക്കെട്ടില്ല എന്നത് അവഗണിക്കാവുന്ന നിസ്സാര കാര്യമല്ല. അറിവോടുകൂടി ചെയ്ത ഒരു സംഘടിത ശ്രമമായിട്ടു മാത്രമേ ഇതിനെ കണക്കാക്കുവാനൊക്കുകയുള്ളൂ.

4 Jawaharlal Nehru-Discovery of India. PP. 59-60.

ഇതേ സംഭവങ്ങളാണ് നിരവധി ആവർത്തിക്കപ്പെട്ടു. ഇൻഡ്യൻ സംസ്ക്കാരത്തിനു പുറകോട്ടടി അങ്ങനെ പലതും പറ്റി. തെളിനീരോടെ തടവില്ലാതെ ഒഴുകിയിരുന്ന ആ പ്രവാഹത്തിനു നിശ്ചലമായി കെട്ടിനിലക്കേണ്ടി വന്നിട്ടുണ്ട്. ആര്യസംസ്ക്കാരം ഊറ്റംകൊണ്ടത് അതിന്റെ സാമൂഹിക സംവിധാനത്തിലായിരുന്നു. മനുഷ്യനെ മനുഷ്യൻ തീണ്ടൽപ്പാടകലെ നിർത്തി, മൃഗീയമായ—മനുഷ്യത്വരഹിതമായ — നീചപ്രവൃത്തികളും ചെയ്തിരുന്ന കാലഘട്ടത്തിൽ—സാമൂഹികവും വൈജ്ഞാനികവുമായ എല്ലാ തലപ്പത്തിലും, അസമത്വവും അനീതിയും മാത്രം സ്ഥലം പിടിച്ചിരുന്ന ഒരു സന്ദർഭത്തിൽ—'പ്രാചീന ഇൻഡ്യൻ സംസ്കാരം' എന്ന പുസ്തകത്തിൽ മി: ആർ. സി. ദത്ത് പറയുന്നതുപോലെ ''ഈ ക്രൂരതകളും കൊടുമ്പിരിക്കൊണ്ടപ്പോഴാണ് ഇതിനുള്ള പോംവഴികളും ദൃശ്യമായ സമയമടുത്തു. അതിനു പറ്റിയ നേതൃത്വവും വന്നുചേർന്നു. അനേകായിരം ജനങ്ങളാണ് ഗൗതമബുദ്ധനോടുകൂടി രചർന്നു.''[1] കോസലയിലെ ആ മനുഷ്യസ്നേഹി സാമൂഹ്യസമത്വത്തിന്റെയും സ്നേഹത്തിന്റേയുമായ ഒരു മുദ്രാവാക്യവുമായി, ചരിത്രം കണ്ടിട്ടുള്ള വിപ്ലവങ്ങളിൽ വെച്ച് ഏറ്റവും വലിയ വിപ്ലവം നയിച്ച് ഇൻഡ്യൻ ജനതയെ ജാതീയവും സാമൂഹികവും ആയ അസമത്വങ്ങളിൽ നിന്നു രക്ഷിച്ചു. അങ്ങനെ സമൃദ്ധമായ — സമത്വസുന്ദരമായ—ഒരു നാടും നാട്ടാരുമുണ്ടായി ഇവിടെ. ഗൗതമൻ തുടങ്ങിവെച്ച ആ വിപ്ലവം ഏഷ്യൻ വൻകരയെ ആകമാനവും, യൂറോപ്പിനെത്തന്നെയും അതിന്റെ സ്വാധീനവലയത്തിലെത്തിച്ചു. അങ്ങനെ ലോകസംസ്ക്കാരത്തിനും മതത്തിനും ഇൻഡ്യൻസംഭാവനയായി ഉൽഘോഷിക്കാനുള്ള ബൗദ്ധമതവും 'ഏഷ്യയുടെ വെളിച്ച'മെന്ന് വിശേഷിപ്പിക്കാനുള്ള ബുദ്ധനും ഈ നാടിന്റെ അഭിമാനഭാജനങ്ങളാണ്. ബുദ്ധസന്ദേശങ്ങളും വിതച്ചജീവിതമൂല്യങ്ങളും

1. R. C. Dutt, History of Civilisation of Ancient India, P. 420

അനശ്വരതയിലൂടെ വളർന്ന് ജനകീയമായ ഒരു മഹാപ്രസ്ഥാനമായി മാറി. വിപ്ലവാത്മകമായ ഈ മാറ്റം, ഭൗതികവും അത്മീയവുമായ എല്ലാ തുറകൾക്കും എല്ലാ ജീവിതമൂല്യങ്ങൾക്കും അതുവരെയില്ലാതിരുന്ന ഒരർത്ഥവ്യാപ്തി നല്കി പുഷ്ക്കലമാക്കി. ബുദ്ധൻ പ്രപഞ്ചനംചെയ്ത സമത്വസുന്ദരമായ സമൂഹം ഏഷ്യയെ ആകമാനം കോരിത്തരിപ്പിച്ചു. ഒരു പ്രസ്ഥാനത്തിന്റെ വിജയസാദ്ധ്യതയ്ക്ക് അനിവാര്യമായ ഭാഷയും സാഹിത്യവും പുരാണങ്ങളും ഇതിഹാസങ്ങളും, ദർശനങ്ങളും, ശാസ്ത്രങ്ങളും, സംഘടനയും, സംഘടിതശ്രമവും എല്ലാം ഒത്തുകൂടി ഏറ്റവും വലിയ ഒരു വിപ്ലവത്തിന്റെ വെന്നിക്കൊടി പറിപ്പിച്ചു. കഥ അവിടം കൊണ്ടുമവസാനിക്കുന്നില്ല. മനുഷ്യസംസ്ക്കാരത്തിന്റെ മുതൽക്കൂട്ടിലേയ്ക്ക് അനർഘമായ സംഭാവന നൽകിയ ഇൻഡ്യയുടെ ബുദ്ധമതം പിറന്ന തൊട്ടിലിൽതന്നെ—വളർന്ന നാട്ടിൽ തന്നെ—അതിന്റെ ശവമഞ്ചം പണിയുകയുമായിരുന്നു.

ലോകത്തിലെ പല പ്രസ്ഥാനത്തിനും അപാകതമൂലം വികലത സംഭവിച്ചിട്ടുണ്ട്. നിഷ്പ്രയോജനമായപഠനത്തിൽ ജന്മനാ—ഉള്ള ദൗർബല്യങ്ങൾകൊണ്ട് സ്വന്തം ശവക്കുഴി നിർമ്മിച്ചതും അവതന്നെയായിരുന്നുവെന്നു കാണാം. എന്നാൽ ബൗദ്ധകഥ വേദനാജനകമായ ഒരു പരമാർത്ഥത്തിലേക്ക് വിരൽ ചൂണ്ടുന്നു. ബുദ്ധമതം ഈ നാട്ടിൽ നശിക്കാൻ കാരണം വിദഗ്ധമായ ഗൂഢാലോചനയുടേയും സംഘടിതമായ ഒളിപ്പോരിന്റേയും ഫലമായിട്ടായിരുന്നു.

''വൈദികന്മാരുടെ ഇടയിൽ നിന്നു തന്നെ സമർത്ഥന്മാരായ പല പണ്ഡിതന്മാരും സൗഹാർദ്ദം ഭാവിച്ചുകൊണ്ട് ബുദ്ധമതത്തിന്റെ അണികളിലേക്ക് ബോധപൂർവ്വം നുഴഞ്ഞു കയറി, അതിന്റെ പരിശുദ്ധമായ ആചാരാനുഷ്ഠാനങ്ങളെ മാറ്റിമറിച്ച് അലങ്കോലപ്പെടുത്തി.'' [6]

6. തിരുവങ്ങാട് കൃഷ്ണക്കുറുപ്പ്- കേരളചരിത്രം പരശുരാമനിലൂടെ, പുറം- 14.

രിക്കലും പുറത്തുനിന്ന് എതിർത്തു തകർക്കുവാൻ സാ ദ്ധ്യമല്ലെന്നുകണ്ട വൈദിക മതക്കാർ തന്ത്രപരമായി ബു ദ്ധമതം അംഗീകരിച്ച് അതിന്റെ ജീവസ്സായ മൂല്യ ങ്ങളെ ആഹുതി ചെയ്യുകയാണ് ചെയ്തത്. ദീർഘമായ ഈ സംഘട്ടനത്തിന്റെ കഥ വിസ്തരിച്ച് മറ്റൊരിടത്ത് ഉപന്യസിക്കുന്നതുകൊണ്ട് പ്രത്യേകം വിശദീകരിക്കുന്നി ല്ല. പക്ഷേ വൈദികസംസ്കാരവും ബൗദ്ധ സംസ് കാരവും, ഈ നാട്ടിലെ വിഭിന്നങ്ങളായ സാംസ്കാരിക ശക്തികളായിരുന്നുവെന്നു മാത്രം ഇവിടെ തറപ്പിച്ചു പറ ഞ്ഞുകൊള്ളട്ടെ.

ഇൻഡ്യൻ സാംസ്കാരിക ചരിത്രത്തിൽ ഇവിടം മു തൽ ആരംഭിക്കുന്ന പോരാട്ടം ദീർഘമായിരുന്നു. അതി ന്റെ ഫലങ്ങളും പ്രമാണപ്പെട്ടവയും. അത് ഉദീരണം ചെ യ്ത ബുദ്ധിപരമായ വിപ്ലവം, ചിന്തിക്കുന്ന എല്ലാ നല്ലമനുഷ്യാത്മാക്കളുടേയും ഭാവനയെ ആഴത്തിലും വ്യാപ്തി യിലും സമ്പന്നമാക്കുന്നുമുണ്ട്. വൈരുദ്ധ്യങ്ങളും മാത്രം ലക്ഷ്യമാക്കൊണ്ട ഈ വിഭിന്ന സംസ്കാരങ്ങളും പരിലസിക്കു ന്നതു ജീവിതത്തിന്റെ വ്യത്യസ്തങ്ങളായ എല്ലാ മണ്ഡ ലങ്ങളേയും സ്പർശിച്ചുകൊണ്ടാണ്. ഈ സമാന്തര സാംസ്കാരിക പ്രവാഹങ്ങളും സൃഷ്ടിച്ച ഗതിവിഗതി കളും—— സംഘട്ടനങ്ങളും തന്നെയും—— ഭാരതീയ ചിന്തയേ യും സമൂഹത്തേയും എത്രമാത്രം ബാധിച്ചിട്ടുണ്ട് എന്ന കാര്യവും വിശദാംശങ്ങളിലേക്ക് കടക്കുവാൻ നിർവാഹമി ല്ലാത്ത തരത്തിൽ വലുതാണ്. അതും മറ്റൊരുപന്യാസ ത്തിൽ അല്പമായിട്ടെങ്കിലും ചർച്ചാവിഷയമാക്കിയിട്ടു ണ്ട്. പക്ഷേ ഈ സംഘട്ടനത്തിന്റെ പാരമ്യം ഇന്ത്യാ ചരിത്രത്തിൽ എങ്ങനെ എഴുതപ്പെട്ടിരിക്കുന്നുവെന്നകാര്യം നിർണ്ണയപ്പെടുത്തുക മാത്രമേ ഇവിടെ ചെയ്യുന്നുള്ള.

എ. ഡി. നാലാം നൂറ്റാണ്ടോടുകൂടി ഇന്ത്യാചരിത്രം സുവർണ്ണകാലഘട്ടത്തിലേക്കു പ്രവേശിക്കുന്നുവെന്ന് ചരി ത്രകാരന്മാർ എല്ലാം തന്നെ ഏകകണ്ഠമായി രേഖപ്പെടു

ത്തുന്നു. ഗുപ്ത സാമ്രാജ്യം സ്ഥാപിതമായതോടു കൂടി അനിശ്ചിതത്വത്തിനേറതായ കാലഘട്ടം നീങ്ങിയെന്നും ഇരുട്ടിൽ തപ്പിത്തടയുന്ന വിദ്യാർത്ഥിക്ക് വിജ്ഞാനത്തിന്റെ പ്രകാശം പകർന്നുകൊടുക്കുന്ന അദ്ധ്യായം ആരംഭിക്കുന്നുവെന്നും അഭിമാനാവേശത്തോടു കൂടി എല്ലാവരും രേഖപ്പെടുത്തിയിട്ടുമുണ്ട്. നല്ല നല്ല നേട്ടങ്ങളെ കണ്ടില്ലെന്നു ഭാവിക്കുന്നത് അന്യായമാകുന്നതുപോലെ ചീത്തയായ സംഭവങ്ങളെ വിഗണിക്കുന്നതും യാഥാർത്ഥ്യങ്ങളുടെ നേരെ കൊഞ്ഞനം കാട്ടുന്നതിന് സമമാണ്. അതാണ് ഗുപ്തയുഗം ഇന്ത്യയുടെ സുവർണ്ണകാലഘട്ടമാണെന്നു പറയുമ്പോഴും ഉയർന്നു വരുന്ന ചോദ്യം. ഈ കാലത്താണ് ബുദ്ധമതവും അതിന്റെ സാമൂഹ്യ വ്യവസ്ഥയും തകർക്കപ്പെട്ടത്. മാഗധിയും, പാലിയും ഈ നാടിന്റെ ഭാഷകളല്ലാതായിത്തീരുന്നതും ഈ കാലയളവിലാണ്. ഇപ്പോഴത്തെന്നയാണ് വൈദികബ്രാഹ്മണതപം ബുദ്ധൻ ജനിക്കുന്നതിനുമുമ്പുള്ള അസമത്വങ്ങളുടേയും അസന്മാർഗ്ഗങ്ങളുടേയും ജീവിതവ്യവസ്ഥയിലേയ്ക്ക് ഈ ഉപഭൂഖണ്ഡത്തെ വീണ്ടും വലിച്ചുകൊണ്ടുപോകുന്നത്. യാതൊന്നിനെയാണോ ലോകം ഇന്നും ആദരിച്ച് ഭാരതത്തിന്റെ കനപ്പെട്ട സംഭാവനയായി കരുതുന്നത്—അതിനെ—ബുദ്ധമതത്തെ— ഉൻമൂലനം ചെയ്തത്, ജാതീയമായ എല്ലാ ക്രൂരതകളും കൂടുതൽ ശക്തിയായി പ്രചരിപ്പിച്ചത് ഈ സന്ദർഭത്തിലായിരുന്നു. പക്ഷേ ബൗദ്ധസന്ദേശങ്ങളിൽ അഭിമാനംകൊള്ളുന്ന നാം അതിനെ നശിപ്പിച്ച ശക്തിയേയും ഒപ്പം വാഴ്ത്തുന്നു. ഈ വിരോധാഭാസം മനഃപൂർവ്വം ഉണ്ടാക്കിയതാണ്. ആർഷസംസ്ക്കാരത്തിന്റെ പ്രതിവിപ്ലവം സാക്ഷാത്ക്കരിക്കപ്പെട്ടതിന്റെ കൃതജ്ഞതാസൂചനമാത്രമാണിത്. ഇതേ സ്ഥിതിവിശേഷം തെന്നിന്ത്യയിൽ വിജയപൂർവ്വം നടത്തിയ പല്ലവഭരണം ചരിത്രകാരന്മാരാൽ പ്രകീർത്തിക്കപ്പെടുന്നു.

ഇതിന്റെയൊക്കെ ഫലമായി ഇന്ത്യൻസംസ്കാരത്തിനു ഏറ്റവും തിരിച്ചടി വളരെ വലുതായിരുന്നു. തന്റെ നാടോ

വീടോ ആക്രമിക്കുവാൻ വരുന്നവനെതിരേ വാളെടുക്കുവാൻ ജാതിയുടെ പേരിൽ അവകാശമില്ലാതിരുന്ന ജനത അപകർഷതാബോധത്തോടുകൂടി ആക്രമണകാരികളുടെ മുമ്പിൽ പഞ്ചപുഛമടക്കി, സകലതും അടിയറ വച്ച് അടിമകളായിത്തീർന്നതിന്റെ സുദീർഘമായ കഥകളാണ് ഇന്ത്യാചരിത്രത്തിലുടനീളമുള്ളത്. ഈ വിനവിതച്ച വ്യവസ്ഥിതിയേയോ അതുത്പാദനം ചെയ്തവരേയോ പഴിക്കുവാൻ നാമാരും ഒരുങ്ങുന്നില്ല. അത്രയും ക്ഷന്തവ്യമാണ്. എന്നാൽ അവരെ ചരിത്രത്തിലെ സുവർണ്ണകാലഘട്ടത്തിന്റെ ജേതാക്കളായെണ്ണി വിദ്യാർത്ഥികളെ കബളിപ്പിക്കുന്ന സമ്പ്രദായം അവസാനിപ്പിക്കേണ്ടതാണ്. ഇന്നും ആ യാതനകളെ അതിജീവിക്കുവാൻ ഭാരതത്തിനു കഴിഞ്ഞിട്ടില്ല. ഇന്ത്യൻ ഭരണഘടന നിഷിദ്ധമാക്കി കുറ്റകരമായി കാണുന്ന ജാതി സമ്പ്രദായം നമ്മുടെ ഓരോരുത്തരുടേയും രക്തത്തിലും മജ്ജയിലും മനസ്സിലും, മനീഷയിലും ജീവനോടുകൂടിത്തന്നെ നിലകൊള്ളുന്നുണ്ട്. അത് മാറി ശുദ്ധവായു ശ്വസിക്കണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ ഇന്ത്യാചരിത്രത്തിൽ നിരന്തരം കണ്ടുകൊണ്ടിരിക്കുന്ന ഈ അസാംഗത്യങ്ങളെ നീക്കി സത്യസന്ധമായി പ്രതിപാദിക്കേണ്ടതായിട്ടിരിക്കുന്നു. അതിനു ഉദ്യമങ്ങൾ നടത്തുമ്പോൾ ഒരു പക്ഷേ തകർന്ന ഈ സംസ്കാരത്തിന്റെ ശവപ്പറമ്പിൽനിന്നുകൊണ്ട് പേക്കോലം തുള്ളാൻ ആളുകളുണ്ടായെന്നുവരാം. പക്ഷേ സത്യമെന്നെങ്കിലും സത്യമാകാതെ നിവ്വാഹമില്ലല്ലോ.

നൂറ്റാണ്ടുകൾ പിന്നെയും കടന്നുപോയി. ഈ രാജ്യം നിരവധി ആക്രമണങ്ങൾക്കു വിധേയമായി. പുത്തനാദർശങ്ങളും നവീന സമ്പ്രദായങ്ങളുമായി മറ്റൊരു സാമൂഹിക വ്യവസ്ഥിതി ഇന്ത്യൻചിന്തകരേയും സമൂഹത്തേയും ആകർഷിച്ചു. അത്, സാഹോദര്യസമത്വസിദ്ധാന്തങ്ങളുടെ സമാധാനസന്ദേശവുമായിവന്ന ഇസ്ലാമായിരുന്നു. ജാതി സമ്പ്രദായത്തിൽ വീർപ്പുമുട്ടി. മനുഷ്യസമൂഹത്തിൽനിന്നും

ഒറ്റപ്പെട്ടനിന്ന് ജന്മാവകാശങ്ങളൊക്കെത്തന്നെ നിഷേധിക്കപ്പെട്ട ആ കോരൻ, കരീമായി മാറിയപ്പോഴും അവന് എല്ലാ അവകാശങ്ങളും ക്രൂരമായ ജാതിയുടെ വൈതാളികന്മാർ അനുവദിച്ചു. കൂട്ടംകൂട്ടമായി അധഃസ്ഥിതരായ ജനവിഭാഗം മുഴക്കെ ഇസ്ലാമിലേയ്ക്കുകർഷിക്കപ്പെട്ട. മാനുഷികാവകാശങ്ങൾക്കുവേണ്ടിയാണ് സാധാരണക്കാരൻ മതംമാറിയതെങ്കിൽ, ബുദ്ധിജീവികളും വൈദികബൗദ്ധസാംസ്കാരിക സംഘട്ടനങ്ങളുടെ ഫലമായിട്ടാണ് ഇസ്ലാമിലേക്കാകർഷിക്കപ്പെട്ടത്. ഇസ്ലാമികതത്വശാസ്ത്രവും ആദർശങ്ങളും ഈ നാട്ടിൽ ചിന്തിക്കുന്ന ഏവർക്കും ഒരു വീണ്ടുവിചാരമുണ്ടാക്കുവാൻ സഹായിച്ചു. ഹൈന്ദവ ഇസ്ലാമികതത്വശാസ്ത്രങ്ങളുടെ സങ്കലനം പല രംഗങ്ങളിലും കണ്ടുതുടങ്ങി. ഇതിന്റെ ഫലമായി മതപരമായ വിടവുകളേയും, സാംസ്കാരികമായ അകൽച്ചകളേയും ഒന്നിപ്പിക്കുവാനുള്ള നിരന്തരമായ ഒരു ശ്രമം ഈ നാട്ടിലുടനീളം നടന്നു. കേന്ദ്രപ്രസ്ഥാനമെന്ന പേരിട്ടു മാറ്റി നിർത്തിയിട്ടുള്ള ഈ നവോത്ഥാനപ്രസ്ഥാനം ഇന്ത്യൻ സഹിഷ്ണുതയുടെ മഹത്തരമായ ഉദാഹരണമാണ്. നാനാക്കും കബീറും ചൈതന്യനും ദാദുവും തുടങ്ങി നിരവധി ഭാരതീയനികൻമാർ മനുഷ്യമഹത്വത്തെക്കുറിച്ച് പാടിക്കൊണ്ട് വിവിധങ്ങളായ ജാതികളേയും മതങ്ങളേയും സംസ്കാരങ്ങളേയും ഏകോപിപ്പിക്കുവാൻ മഹനീയമായ ഒരു ശ്രമം നടത്തി. പേരെന്തുമാകട്ടെ എല്ലാ ജനങ്ങളും ആരാധിക്കുന്ന ശക്തി ഒന്നുതന്നെയാണ്. ഈ പ്രപഞ്ചത്തെ ആകമാനം സൃഷ്ടിക്കുകയും രക്ഷിക്കുകയും ചെയ്യുന്ന ശക്തി ഒന്നുതന്നെയാണെന്ന് അവരൊക്കെ ഉൽഘോഷിച്ചു. ജാതിമത വ്യത്യാസത്തിന്റെ പേരിൽ കശപിശകൾ നടന്നിരുന്നു. ഇരു സമുദായങ്ങൾക്കും യോജിക്കത്തക്ക സാദ്ധ്യതകളും വിരളമായിരുന്നു. എന്നാൽ നാനാക്കും കബീറും മറ്റു നല്ല മനുഷ്യരും തുടങ്ങിവെച്ച സാമുദായികരഞ്ജനത്തിന്റെ സന്ദേശം ഭാരതം ചെവിക്കൊണ്ടു. സാമൂഹികവും ബുദ്ധിപരവുമായ തലങ്ങ

ളിൽ സ്നേഹത്തിനേറയും സൗഹാർദ്ദത്തിനേറയുമായ ഈപ്രഖ്യാപനങ്ങളും പടർന്ന പന്തലിക്കുവാൻ തുടങ്ങി. ജനതയുടെ നാഡിമിടിപ്പ് ശരിക്കും മനസ്സിലാക്കി, കാലത്തിനൊത്തു പ്രവർത്തിച്ചിരുന്ന ലോകചരിത്രത്തിലെ അപൂർവ്വം ചില മഹാത്മാക്കളിൽ ഒരാളായിരുന്ന അക്ബർ ചക്രവർത്തി ഐക്യത്തിനേറ ഈ തീനാളത്തെ കത്തിജ്വലിപ്പിച്ചു. 'ദീനി ഇലാഹി' സ്മിത്ത് പറയുംപോലെ 'അക്ബറുടെ ബുദ്ധയായിരുന്നില്ല, വെറും മണ്ടത്തരമായിരുന്നു,' [7] എന്നു പറഞ്ഞൊഴിയുവാൻ പ്രയാസമില്ല. പക്ഷെ, അന്നത്തെ രാഷ്ട്രീയ സ്ഥിതികളും സാംസ്കാരികചലനങ്ങളും, സാമൂഹികവിപ്ലവങ്ങളും മനസ്സിലാക്കുവാൻ ശ്രമിക്കുന്നവർക്ക് ഇത്തരം ഒരു പരാമർശംകൊണ്ട് അതിനു വ്യവഹരിക്കുക സാദ്ധ്യമല്ല. കാരണം ജാതിയേയും മതത്തേയും വർഗ്ഗവർണ്ണ വ്യത്യാസങ്ങളേയും സംഘടിതമായി സംഹാരം നടത്തുവാനുള്ള മഹത്തരമായ ചേതോവികാരമാണ് അതിനു പ്രേരണ നൽകിയത്. പക്ഷേ നല്ല ഏതൊരു പ്രസ്ഥാനത്തിനും അരുനിലയ്ക്കാനും, രക്തസാക്ഷികളാകാനും വളരെ ചുരുക്കം ആളുകളേ സന്നദ്ധരാകു. ചരിത്രകാരൻ അബ്ദുൽ കാദർബദൌനി, സമകാലീനനായിരുന്നിട്ടും, അക്ബറുടെ ഉദ്ദേശശുദ്ധിയെ രൂക്ഷമായി വിമർശിക്കുന്നുണ്ട് [8]. അപ്പോഴും വിലപ്പെട്ട ധീരമായ ഒരു വിപ്ലവത്തിനേറ മുന്നോടി കുറിച്ച ദീനി ഇലാഹി അതിനേറ ഫലം കണ്ടതിനുശേഷം വിലയിരുത്തി പരിശോധിക്കുന്നത് സരളപ്രയത്നമാണ്. ഇന്ത്യൻ സമുദായത്തെയും സംസ്കാരത്തേയും ഏകോപിപ്പിച്ച് ഒരിന്ത്യൻ രാഷ്ട്രത്തിനേറ കീഴിൽ കൊണ്ടുവരുവാനുള്ള അക്ബറുടെ പ്രയത്നം അദ്ദേഹത്തിനേറ മരണത്തോടു കൂടിത്തന്നെ മണ്ണടിയുകയും ചെയ്തു. ഫൈസിയും, അബുൽ ഫസലും നവരത്നങ്ങളും, ഇതിനെല്ലാമുപരി സൂഫിതാത്വികനായ മുബാ

7 V. A. Smith. Akbar. The great Mughal
8 Abdul Kader Badaoni- Mundakabat tawarikh, Vol III P. 161

റക്കും. ദീനി-ഇലാഹിയുടെ ദാർശനികവും വൈജ്ഞാനികവുമായചിന്താമണ്ഡലങ്ങളും ബൃഹത്താക്കിയവരായിരുന്നു. എന്നിട്ടും ഈ മണ്ണിൽ അത് വളർന്ന് ഫലവത്തായില്ല. ഏതൊക്കെ സന്ദർഭങ്ങളിൽ വിപ്ലവാത്മകമായ മാറ്റങ്ങളുടെ കാഹളം വിളി ഈ നാട്ടിൽ ഉണ്ടായിരുന്നുവോ, ആ സന്ദർഭങ്ങളിലൊക്കെത്തന്നെ അതിനെതിരായിട്ടുള്ള പ്രതിയോഗികളും സംഘടിതമായെതിർത്ത് അതിനെ പരാജയപ്പെടുത്തിയിട്ടുണ്ട്. 'ദീനിഇലാഹി'യുടെ പരാജയം, ഇങ്ങനിവരാതവണ്ണമുള്ള ഒരു സുവർണ്ണ ദശയുടെ അന്ത്യം കുറിക്കലായിരുന്നു, ഇൻഡ്യൻ ജനതയെ സംബന്ധിച്ചിടത്തോളം. ഇൻഡ്യയും ഇന്ത്യക്കാരും, നിർഭാഗ്യമെന്നു പറയട്ടെ, വെറുപ്പിനേറെയും അകൽച്ചയുടേയും മാളങ്ങളിലേക്ക് വലിഞ്ഞുകൊണ്ട് സാംസ്കാരിക രംഗങ്ങളെ മലീമസമാക്കി മാറ്റിയ സ്ഥിതി വിശേഷത്തിനുലക്കാണ് നാം ചെന്നെത്തുന്നത്. ഇന്ന് മാറിയ പരിതസ്ഥിതിയിൽ കഴിഞ്ഞകാലസംഭവങ്ങളെ വ്യാഖ്യാനിക്കുവാൻ ശ്രമിക്കുന്നത് ശ്രദ്ധിച്ചുവേണം. അതുകൊണ്ടാണ് റുമയൂൺ കബീർ, താരാചന്ദ് തുടങ്ങിയവർക്ക് ഇൻഡ്യയുടെ ഈ സാംസ്കാരിക വൈവിധ്യത്തെ 'നാനാത്വത്തിൽ ഏകത്വ' മായി മാത്രം കാണേണ്ടിവന്നത്. ചരിത്ര സത്യങ്ങളും ഗുണപാഠമായി തീർന്നെങ്കിൽ മാത്രമെ അതിന്റെ ഉദ്ദേശ്യഫലമുണ്ടാകുകയുള്ളൂ. ഇവിടെയും ദുർഘടമായ കൃത്രിമം വലിയ ഒരു പുറകോട്ടടിയാണ് ഉണ്ടാക്കിയത്.

ഇതേ സംഭവപരമ്പരതന്നെയാണ് ബ്രിട്ടീഷ് ആധിപത്യത്തിനു ശേഷവും ഇവിടെ ഉൽഭൂതമാകുന്നത്. നവോത്ഥാനത്തിന്റെ ആവേശം സൃഷ്ടിച്ച നവീന കണ്ടുപിടിത്തങ്ങളുമായി ലോകമാസകലം ആധിപത്യം സ്ഥാപിച്ച യൂറോപ്യൻമാർ ഇന്ത്യയിലും പുത്തനായ ശാസ്ത്ര വിജ്ഞാനം പകരുവാൻ ശ്രമിച്ചു. അന്തർദേശീയമായ അനുകൂല സാഹചര്യങ്ങളാണ് ഇൻഡ്യൻ സാമ്രാജ്യത്തിനുവേണ്ടിയുള്ള മൽസരങ്ങളിൽ ഇംഗ്ലീഷ്കാർക്ക് വിജയം നേടി

ക്കൊടുത്തത്. പുതിയ വെളിച്ചവും പുതിയ അറിവും പുത്തൻ സംസ്കാരവും ഇവിടെ പ്രചരിപ്പിക്കേണ്ടതു് അവരുടെ ചുമതലയായി മാറി. അങ്ങനെ റോഡുകളും റയിൽവേകളും കമ്പിയും കമ്പിയില്ലാക്കമ്പിയും കോളേജുകളും യൂണിവേഴ്സിറ്റികളും നാടിനെ രാഷ്ട്രീയമായും സാംസ്കാരികമായും ബന്ധിപ്പിക്കുവാൻ ഉതകിയ ഉപാധികളാണെന്നതിൽ ഇന്നാർക്കും സംശയമില്ല. പക്ഷെ, ഡൽഹൗസി പ്രഭു ആദ്യമായി ഈവക സംവിധാനങ്ങളും നടത്തിയപ്പോഴും നേരിടേണ്ടതായി വന്ന ശക്തമായ മുന്നേറ്റം വലിയ ഒരു യുദ്ധത്തിനു തന്നെ ഇടയാക്കി. നമ്മിൽ പലരും ആവേശം കൊണ്ടു് പറയാറുള്ള 'ഇന്ത്യയുടെ ഒന്നാമത്തെ സ്വാതന്ത്ര്യ സമരം' യഥാർത്ഥത്തിൽ പഴയതും പുതിയതും തമ്മിലുള്ള—യാഥാസ്ഥിതികത്വവും ഉല്പതിഷ്ണുത്വവും തമ്മിലുള്ള—സന്ധിയില്ലാത്ത ഒരേറ്റുമുട്ടലായിരുന്നു. ബ്രിട്ടീഷ്കാർ പറയുംപോലെ അതൊരു 'ശിപായിലഹള'യുമായിരുന്നില്ല. ഇന്ത്യയുടെ ബോധപൂർവ്വമായ ഒന്നാമത്തെ സ്വാതന്ത്ര്യ സമരമെന്നും പറയുന്നതും യുക്തിസഹമല്ല. പക്ഷെ ഇതു രണ്ടുമല്ലാത്ത ആ സംഭവം യഥാർത്ഥത്തിൽ ഇന്ത്യയെ നവീകരിക്കുന്നതിനെതിരായുള്ള സംഘടിതമായ ഒരു ശ്രമമായിരുന്നു. രാഷ്ട്രീയമായ ഉന്നം തീർത്തും വിഫലമായെങ്കിലും ഒരു കാര്യം ഇതുകൊണ്ടു് സാദ്ധ്യമായി. പ്രസിദ്ധനായ ഇംഗ്ലീഷ് ചരിത്രകാരൻ ഇ. ജെ. റാപ്സൻ പറയുന്നതുപോലെ "ഇതിനുശേഷം ഇന്ത്യയിൽ പരിഷ്കാരങ്ങളും ഏർപ്പെടുത്തുന്നതിനെപ്പറ്റി ചിന്തിക്കുമ്പോഴും വളരെ സാവകാശത്തിലും വിണ്ടുവിചാരത്തോടും കൂടി മാത്രമേ ഇംഗ്ലീഷുകാർ പ്രവർത്തിച്ചിരുന്നുള്ളു." എന്നാൽ ഈ വിപ്ലവത്തിന്റെ പുരോഗതിയെ സാരമായി ബാധിച്ച സംഗതി അതൊന്നുമല്ല അതെന്ന പരമാർത്ഥം വിസ്മരിക്കാവുന്നതല്ല.

ഈ സ്തംഭനത്തിൽ നിന്നും ഇൻഡ്യൻ ജനതയെ പരിഷ്കാരത്തിന്റെ നവോത്ഥാനത്തിലേക്കു ഉത്തേജിപ്പിച്ചു

...ൻ ഇൻഡ്യൻ ഭാഗത്തുനിന്നുള്ള നേതൃത്വങ്ങളെ ...തർസ്വാഹരിപ്പിച്ചു കൊണ്ടാണ് ഇംഗ്ലീഷുകാർ പിന്നീടു ...ു പരീക്ഷണങ്ങളും നടത്തിയത്. രാജാറാം മോഹൻറോയ്യും സർ സയ്യിദ് അഹമ്മദ്ഖാനും ഹിന്ദു–മുസ്ലീം സമുദായങ്ങൾക്കിടയിൽ തീവ്രമായ യത്നം നടത്തി ഒരു പുനരുത്ഥാനത്തിന്റെ നാന്ദികുറിച്ചു. ബ്രഹ്മസമാജവും അലീഗർപ്രസ്ഥാനവും ഇൻഡ്യൻസമൂഹത്തിൽ വരുത്തിയ മാറ്റങ്ങളും വിലപ്പെട്ടതായിരുന്നു. പക്ഷേ അതിന്റെ പൂർത്തീകരണത്തിന് അവർക്കാർക്കും സാധിക്കാതിരുന്നത് സ്വതസിദ്ധമായ ഇൻഡ്യൻവാസനയുടെ സ്വഭാവവിശേഷങ്ങളും കൊണ്ടാണ്. ബ്രഹ്മസമാജത്തിനോടൊപ്പംതന്നെ ആര്യസമാജവും ഈ നാട്ടിൽ സംഘടിപ്പിക്കപ്പെട്ടു. പാശ്ചാത്യസംസ്കാരത്തിന്റെ അധിനിവേശം നിശ്ചലമാക്കുകയായിരുന്നു ആര്യസമാജ്യത്തിന്റെ ഉന്നം. പ്രതിയോഗികളുടെ കൂട്ടായുള്ള എതിർപ്പിന്റെ മുമ്പിൽ പുരോഗതിയുടെ വേലിയേറ്റം നിർജ്ജീവമായി. ഇൻഡ്യയുടെ നവീകരണം, ഇൻഡ്യൻ ജനതയുടെ പുരോഗതി പല പന്ത്രിരാണ്ടുകാലം പുറകോട്ടടിച്ച സംഭവമായിരുന്നു അത്.

അങ്ങിനെ നോക്കുമ്പോഴും നിരവധി സംഭവപരമ്പരകളും അതിന്റെ ഏറ്റക്കുറച്ചിലുകളോടുകൂടി എടുത്തുകാട്ടുവാനൊക്കും. ഞാനിവിടെ ഉദ്ദേശിക്കുന്നത് ഈ ചരിത്രസത്യങ്ങളും ഇൻഡ്യയുടെ സാംസ്കാരിക ഉദ്ഗ്രഥനത്തെ എത്രമാത്രം അലങ്കോലപ്പെടുത്തി എന്നു എടുത്തുപറയുവാനാണ്. വെറുതേ 'നാനാത്വത്തിൽ ഏകത്വം' എന്ന ആകർഷകമായ മുദ്രാവാക്യം മുഴക്കിക്കൊണ്ട്, ഹുമയൂൺ കബീറിനെപ്പോലെ ഇൻഡ്യൻ സാംസ്കാരികചരിത്രത്തിനു ആമുഖമെഴുതുന്നതു വസ്തുനിഷ്ഠമായിരിക്കുകയില്ല.

15

ആര്യബൌദ്ധ സംഘട്ടനം

ഇൻഡ്യൻ മതത്തിന്റെയും സംസ്കാരത്തിന്റെയും ആണിക്കല്ലായി അവകാശപ്പെടുന്ന സവിശേഷത, അവയിൽനിന്നെല്ലാംതന്നെ ഉൽക്കൊണ്ടിട്ടുണ്ട് എന്നതാണ്. 'അവിശ്വാസി മുതൽ അന്ധ വിശ്വാസിവരെ, അദ്വൈതി മുതൽ ദ്വൈതിവരെ, സർവ്വജ്ഞ ശിരസ്സ് ഹോമിച്ച് സ്വർഗ്ഗം പ്രാപിക്കുവാനാഗ്രഹിക്കുന്ന കാപാലികൻ മുതൽ അയാളുടെ അഭീഷ്ടസിദ്ധിക്കായി സ്വന്തം ശിരസ്സ് സൗമനസ്യപൂർവ്വം ദാനം ചെയ്യുന്ന ശ്രീശങ്കരൻവരെ ആർക്കും അതിൽ അഭയം നേടാം. ദർശനങ്ങളുടെ വിപരീത ധ്രുവങ്ങളെല്ലാം ഏകകാലത്ത് അതിൽ പ്രതിബിംബിക്കുന്നു. ശാസ്ത്രങ്ങളുടെ അത്ഭുതകരമായ നേട്ടങ്ങളെ അയവിറക്കുമ്പോഴും, ദാർശനികങ്ങളായ വിജ്ഞാന ശാഖകളെ എണ്ണിയെണ്ണി പറയുമ്പോഴും ഇൻഡ്യൻ യാഥാസ്ഥിതികത്വത്തിന് ഒറ്റ ആശ്വാസമേയുള്ളു. ഈ പറയുന്നവയൊക്കെ പുത്തരിയല്ലെന്നും, വൈദീക സാഹിത്യത്തിന്റെ പഴയ ഏടുകളെ പരതിനോക്കിയാൽ അനായാസം അവ കാണാൻസാദ്ധ്യമാകുമെന്നും. യുറേനിയം എന്ന വിപൽകരമായ ലോഹധാതുവിനാൽ ഉന്നയിക്കപ്പെടുന്ന വെല്ലുവിളിക്ക് തക്കതായ മറുപടി ഉപനിഷത്തുകളിലുണ്ടെന്നുള്ള രഹസ്യം സാർവ്വദേശീയ ജിയോളജിക്കൽ കോൺഗ്രസ്സിന്റെ 22–ാം സമ്മേളനം ഉത്ഘാടനം ചെയ്തു

---

*കനിക്കര പത്മനാഭപിള്ള-കേരളകൗമുദി-ദിനപ്പത്രം-13-12-1964

കൊണ്ട് ചെയ്ത പ്രസംഗത്തിൽ ആദ്ധ്യാനന്മജ്ഞാനിയായ രാഷ്ട്രപതി ഡോക്ടർ രാധാകൃഷ്ണൻ പ്രഖ്യാപനം ചെയ്തു 'ഇന്ന് മനുഷ്യന്റെ മുമ്പിൽ രണ്ടേരണ്ടു മാർഗങ്ങളേ മാത്രമേയുള്ളു. അതിലൊന്ന്, ആറാം ആയുധങ്ങളും സ്വരൂക്കൂട്ടി സ്വയം നശിച്ചൊടുങ്ങുക എന്നതാണ്. മറേറത് ആറാം എനർജി സമാധാനാവശ്യത്തിന്നുപയോഗിച്ച് മനുഷ്യജീവിതത്തെ കൂടുതൽ സന്തുഷ്ടമാക്കുകയെന്നതും. ഭൂഗർഭത്തിലെ നിക്ഷേപങ്ങളെക്കുറിച്ചുള്ള പഠനത്തിന്റെ അടിസ്ഥാനത്തിൽ ചരിത്രാതീത യുഗത്തെക്കുറിച്ചുള്ള ചിന്തകളേക്ക് അല്പനേരം ഒരു വിരാമമിടാനും, ഭൂമിയുടെ പരിണാമ വികാസങ്ങളെക്കുറിച്ച് ബി. സി. 8—ാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട ഒരുപനിഷത്തിൽ ഇക്കാര്യത്തെപ്പറ്റി പ്രതിപാദിച്ചിട്ടുള്ളതുമനനം ചെയ്യുവാനും, ലോകത്തിന്റെ നാനാഭാഗത്തു നിന്നും വന്ന ഭൂഗർഭ ശാസ്ത്രജ്ഞന്മാരോടു ഡോ. രാധാകൃഷ്ണൻഉപദേശിച്ചു. ഏകകോശ ജീവവസ്തുക്കളിൽനിന്നും പരിണമിച്ച് മനുഷ്യൻവരെയുള്ള ജീവ സങ്കീർണ്ണതകളുണ്ടായി എന്ന്, അവർ ഭൂഗർഭ ശിലകളിലും ഭൂഗർഭത്തിൽ കണ്ട നഷ്ടശിഷ്ടങ്ങളിലും വെച്ച് പഠിച്ചു കണ്ടുപിടിച്ച സത്യം ഉപനിഷത്തുകളിൽ പറഞ്ഞിട്ടുണ്ട്.'[2] എന്ന് അദ്ദേഹം ശാസ്ത്രജ്ഞരെ അറിയിച്ചു. ഭൂഖണ്ഡാന്തരവാണങ്ങളെപ്പറ്റിയെന്നല്ല, മാരകങ്ങളായ ഏതൊരായുധത്തെപ്പറ്റിയും നമുക്ക് പറയാൻ കഴിയുന്ന കാര്യം അവയൊക്കെ പ്രാചീനകാലംമുതൽ ഇൻഡ്യയിൽ പ്രാവർത്തികമായിരുന്നു എന്നതാണ്. ആഗ്നേയാസ്ത്രങ്ങളും, പുഷ്പകവിമാനങ്ങളും നമുക്കുണ്ടായിരുന്നെന്നും, കൊളംബസ്സോ അമേരിഗോവിസ്പൂച്ചിയോ പുതിയ ആ ലോകം കാണുന്നതിനുമുമ്പ് നാം അവിടെ കൊടി കുത്തി ആധിപത്യം നടത്തുകയായിരുന്നുവെന്നും ഒട്ടും മടിയില്ലാതെ ഉദ്ധരണികളോടുകൂടി പറയുവാനൊക്കും.

2 P. T. I, The Hindu Daily 15-12-1964

ചിന്തയുടെ അന്തരീക്ഷത്തിലും നമുക്ക് നിലനി ല്പിനുള്ള ന്യായവാദങ്ങളുണ്ട്. ഈ ചേതോവികാരം തന്നെയാണ് വൈദിക ബൌദ്ധ സംഘട്ടനങ്ങളുടെ ദീർ ഘചരിത്രം എഴുതുന്ന ഏതൊരാൾക്കും ദുഷ്കരമായി നേരിടേണ്ടതായിവരുന്ന ദുർഘടാവസ്ഥ. കാരണം, ഇൻ ഡ്യൻ താത്വികനന്മാരും പണ്ഡിതന്മാരും ഏകകണ്ഠ മായി പ്രസ്താവിക്കും, ബുദ്ധമതം ഹൈനയാന മത ത്തിന്റെ ഒരു ഭാഗം മാത്രമാണെന്നും, രണ്ടിനേയും വേർ തിരിക്കുവാനുള്ള ഉദ്യമം ഉപരിപ്ലവകരമാണെന്നും, അവരുടെയൊക്കെ വാദഗതികളിൽ ബുദ്ധൻ വിഷ്ണു വിന്റെ അവതാരങ്ങളിൽ ഒന്നാണ്. അപ്പോഴും തുടർച്ച യായ അവതാരങ്ങളും കൊണ്ട് പരിപൂർത്തീകരിക്കപ്പെട്ട ഹൈന യാനവും സംസ്കാരവും സംഭവ പരമ്പരകളുടെ ഗതി വിഗതികളും പലതും കടന്നകലിലും ഏകമായിത്തന്നെ നി ലകൊള്ളുന്നു. ഈ വിചാരഗതിയും തദനുസൃതമായ നിഗമനങ്ങളും ഉൽസുകനായ ഒരു വിദ്യാർത്ഥിയെ കൊ ണ്ടെത്തിക്കുന്നത് ശുഷ്കവും വിരസവുമായ ഒരു പഠ നത്തിലാണ്. തൻമൂലം വളരെ മനഃപ്രയാസവും ഭഗീര ഥപ്രയത്നവും മുതൽമുടക്കായി കരുതിയിട്ടുവേണം ഈ അദ്ധ്യായത്തിലേക്കു കടന്നു ചെല്ലുവാൻ.

എന്തെന്തു ന്യായവാദങ്ങൾ ഉന്നയിച്ചാലും നിലവിലു ണ്ടായിരുന്ന ചട്ടങ്ങളെ മാറ്റുവാൻ നിരവധി യുഗങ്ങളു ടെ പ്രയത്നങ്ങളിലൂടെ പ്രതിഫലിപ്പിച്ച ആശയത്തി ന്റെ സാക്ഷാൽകാരമായിരുന്നു ബൌദ്ധ വിപ്ലവം. വൈ ദികമതവും ബുദ്ധമതവും (അതുമതമായിരുന്നില്ല) രണ്ടും രണ്ടായിരുന്നു. ഒന്ന് മറേതിനെ പരിച്ഛേദം ചെയ്യുവാൻ വേണ്ടി ഉണ്ടായതാണ്. ചരിത്രകാരന്മാരിൽ അധികം പേരും പ്രസ്താവിക്കുംപോലെ, പെട്ടെന്നൊരു ദിവസം കോസലത്തിൽ നിന്നും ഒരിടപ്രഭുവിന്റെ മകൻ ഓടിപ്പോയി ബോധിവൃക്ഷ ചുവട്ടിലിരുന്ന് ധ്യാനി ച്ചതിന്റെ ഫലമായി വെളിച്ചം പരന്നതല്ല. സാരനാഥി

ലെ ജനങ്ങൾക്ക് അതിശയകരമായ ആശയവുമായി 36 തികഞ്ഞിട്ടില്ലാത്ത ഒരു ഭിക്ഷു ഒരു സുപ്രഭാതത്തിൽ പ്രഘോഷണം ചെയ്തതുമല്ലാ അത്. ഇന്ത്യൻ സമൂഹത്തിന്റേയും ബുദ്ധിയുടേയും ഈറനില്പത്തിൽ പേറ്റു നോവെടുത്തുകൊണ്ടുനിന്ന അഭിലാഷങ്ങളുടെ— ആഗ്രഹങ്ങളുടെ— അവസാനത്തെ പൊട്ടിത്തെറിയായിരുന്നു അത്. നൂറ്റാണ്ടുകൾതന്നെ, പീഡിപ്പിക്കുന്ന ആ വേദനയുംപേറി, ഈ നാട്ടിലുടനീളം കാഷായ വസ്ത്രധാരികൾ അങ്ങിങ്ങായി, ഈ സമത്വ സുന്ദരമായ സമൂഹത്തെ സ്വപ്നം കണ്ടുകൊണ്ട് സാക്ഷാൽകരിക്കപ്പെടാനൊക്കാത്ത ദിവ്യമായ ഈ വിപ്ലവത്തിന്റെ തീപ്പൊരി പറപ്പിച്ചുകൊണ്ട്— അസ്തമിച്ചുപോയിട്ടുണ്ട്. വെളിച്ചത്തിന്റെ ആ നാളം ജാജ്വല്യമാനമാക്കിയത് ഗൗതമനായിരുന്നു എന്നൊരു വ്യത്യാസമേയുള്ളു.

പുരാണേതിഹാസങ്ങളുടെ കാലത്തുതന്നെ ജാതി രൂക്ഷമായിത്തീർന്നിരുന്നു. ബ്രാഹ്മണർ എല്ലാ തുറകലും അധിപതികളായിരുന്നു, കാണപ്പെട്ട ദൈവങ്ങളായിരുന്നു. ബ്രാഹ്മണനെ എതിർക്കുകയെന്നത് ദൈവത്തെ എതിർക്കുന്നതിന് സമമായി കണക്കാക്കിയിരുന്നു. ഒരു ദ്ധരണി കുറിക്കാം: ''ലോകം മുഴുക്കെ ഈശ്വരന്റെ ആധിപത്യത്തിൽ കഴിയുന്നു. ദൈവമാകട്ടെ, മാന്ത്രിക ശക്തിക്കു വിധേയവും. ഈ മാന്ത്രിക ശക്തി ബ്രാഹ്മണനു സ്വായത്തവുമാണ്. അതുകൊണ്ട് ബ്രാഹ്മണൻ നമ്മുടെ 'ദൈവം തന്നെ'.[3] ഈ മനുസ്മൃതിഅനുധരായ ജനങ്ങൾ അപ്പാടെ വിശ്വസിച്ചനുസരിച്ചു. അതുപോലെതന്നെ വസിഷ്ഠനെന്ന ബ്രാഹ്മണശ്രേഷ്ഠനേറേയും വിശ്വാമിത്രനെന്ന രാജർഷിയുടേയും ദീർഘമായ സമരകഥ ഉൾക്കൊള്ളുന്ന ആശയം മനസ്സിരുത്തി ഗ്രഹിച്ചാൽ ജാതിസമ്പ്രദായം എത്രമാത്രം രൂക്ഷമായിരുന്നു ഇവിടെ എന്നു കാണുവാൻ പ്രയാസമില്ല.

3. Manu, quoted by P. Thomas-Hindu Customs andManners. P. 12

ഇതുനോടനുബന്ധമായിത്തന്നെ ആചാരങ്ങളുടെ ദുർഘടമായ അനുഷ്ഠാനങ്ങളും അവരുടെ ശക്തിയെ കൂടുതൽ വർദ്ധിപ്പിച്ചു. യാഗങ്ങൾക്കും പൂജകൾക്കും മന്ത്രങ്ങൾക്കും ഹോമങ്ങൾക്കും എന്തും സാദ്ധ്യമാകുമെന്ന് വരുത്തിത്തീർത്ത വൈദികമതം, ആത്മീയമായും, സാമൂഹികമായും അസംതൃപ്തരി ഉടനീളം വിതയ്ക്കുകയായിരുന്നു. ഓരോ യാഗത്തിനും ആവശ്യമായിവന്ന ബലി, നിരുപദ്രവികളായ ആയിരമായിരം മൃഗങ്ങളുടെ ആഹൂതിക്കവസരംകൊടുത്തു. ധർമ്മാനന്ദകോസാംബി 'ഭഗവാൻ ബുദ്ധൻ' എന്ന പുസ്തകത്തിൽ നിരവധി ഉദാഹരണങ്ങൾ നിരത്തുന്നുണ്ട്. ''ബുദ്ധഭഗവാൻ ശ്രാവസ്തിയിൽ പാർത്തിരുന്നകാലത്ത് 'പ്യസനനദി' എന്ന കോസല രാജാവ് ഒരു മഹായജ്ഞം ആരംഭിച്ചു. അതിൽ അഞ്ഞൂറു കാളക്കുട്ടികളും അഞ്ഞൂറ് പശുക്കുട്ടികളും അഞ്ഞൂറ് കോലാടുകളും ബലിക്കായി യൂപത്തിൽ ബന്ധിക്കപ്പെട്ടിരുന്നു.''[4] ഇതുപോലെ നിത്യേനയെന്നോണം നടത്തിയിരുന്ന മൃഗബലി മനുഷ്യസ്നേഹികളുടെ മനം നോവിച്ചു.

കൂട്ടത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ: ഇക്കാലമത്രയും ബ്രാഹ്മണർ സസ്യഭുക്കുകളല്ലായിയിന്നു. യാഗത്തിലർപ്പിക്കുന്ന ഈ മൃഗങ്ങളുടെ മാംസം ഇവർ പങ്കിട്ടു ഭക്ഷിക്കുകയാണ് ചെയ്തിരുന്നത്; എത്രവേണമെങ്കിലും ഇതുസംബന്ധമായ തെളിവുകൾ നൽകുവാൻ പ്രയാസമില്ല. പക്ഷേ ഇവിടെ അതല്ലല്ലോവിഷയം. ഈ മൃഗബലിയും അതുഴിച്ചുവിട്ട വേദനാജനകമായ ഹൃദയ വ്യഥയും ചിന്തിക്കുന്ന എല്ലാ നല്ല ആളുകളേയും വ്യാകുലപ്പെടുത്തി, നാഗമയ്യയുടെ 'ട്രാവൻകൂർ സ്റ്റേറ്റ് മാനുവലിൽ തിരുവിതാംകൂർ രാജാക്കന്മാർ നടത്തിയിരുന്ന മുറജപങ്ങൾക്ക് ചിലവായ കണക്കുകൾ ഉദ്ധരിക്കുന്നുണ്ട്. ''കൊല്ലവർഷം 1081-ലെ മുറജപത്തിന് 40 ലക്ഷം രൂപാ

4. ധർമ്മാനന്ദ കോസാംബി-ഭഗവാൻ ബുദ്ധൻ-പുറം 338

ചിലവ് കണക്കാക്കിയിരിക്കുന്നു. ഇവയ്ക്കെല്ലാംപുറമെ തിരുവനന്തപുരം ശ്രീപത്മനാഭ സ്വാമിക്ഷേത്രത്തിൽ മാത്രം 1500–ൽ കുറയാത്ത ബ്രാഹ്മണർക്ക് ദൈനംദിനം രണ്ടുനേരം പതിവായി ഭക്ഷണം കൊടുപ്പ് നിർവഹിക്കുന്നതിലേയ്ക്ക് ഒരു രണ്ടാംക്ലാസ്സ് തഹസീൽദാരുടെ കീഴിൽ 103 അംഗങ്ങടം ഉംകൊണ്ട ഒറു സ്ഥിരം സ്റ്റാഫിനേയും നിലനിർത്തിവന്നു.'' ഈ ചെറിയ രാജ്യത്ത് ഈവകയ്ക്കു ചിലവഴിച്ചിരുന്നതിന്റെ മാനദണ്ഡംവെച്ച് ഇൻഡ്യയിലുടനീളം എത്രമാത്രം ധനം ബ്രാഹ്മണപൗരോഹിത്യം ദുർവ്യയം ചെയ്തിച്ചിരുന്നു എന്നു കണക്കാക്കാം. അപ്പോഴം വൈദികമതം കൊടികുത്തി വാണിരുന്ന ബുദ്ധനു മുമ്പുള്ള കാലഘട്ടത്തിൽ വന്നിരുന്ന പാഴ്ച്ചിലവും രക്താഹൂതിയും ആനുകൂത സിദ്ധമാണല്ലോ.

ചിന്തിക്കുന്നവന്റെ മനസ്സിനെ ഇതിനേക്കാം വേദനിപ്പിച്ചിരുന്ന പരിഹാസ്യമായ സംഭവമാണ് സാമൂഹിക അസമത്വംമൂലം സൃഷ്ടിക്കപ്പെട്ടത്. വൈശ്യർ തുടങ്ങി കീഴ്പ്പോട്ടുള്ളവരെല്ലാംതന്നെ ബ്രാഹ്മണന്റെയും ക്ഷത്രിയന്റേയും ഇഷ്ടാനുസരണം രക്ഷയും ശിക്ഷയും നൽകാവുന്ന മനുഷ്യമൃഗങ്ങടം മാത്രമായിരുന്നു. എല്ലായാതനകളും വൈശ്യശൂദ്രാദികളുടെ മേലാണ് നിപതിച്ചത്. ഈ മർദ്ദന സംവിധാനങ്ങടംക്ക് ന്യായീകരണങ്ങടം നൽകുന്ന നിയമസംഹിതകം സൃഷ്ടിച്ച ഈ നാട്, ബുദ്ധിരാക്ഷസന്മാരുടെ കുത്തകതാല്പര്യത്തിന്റെ പ്രതീകമായി നില്ക്കും. യാഗങ്ങടം കാണാനോ വേദങ്ങടം കേൾക്കാനോ ശൂദ്രൻ അർഹനായിരുന്നില്ല. യാദൃച്ഛികമായി വേദോച്ചാരണം കേൾക്കേണ്ടിവരുന്ന ശൂദ്രൻ തന്റെ ശ്രവണേന്ദ്രിയങ്ങളിൽ ഈയ്യം ഉരുക്കി ഒഴിച്ചു പാപമോചനം നേടുവാൻ സന്നദ്ധത കാണിച്ചിരുന്നു. അവന്റെ വിശ്വാസം അവനെ രക്ഷിച്ചിരുന്നുവോ എന്തോ? ''ശൂദ്രൻ വേദോച്ചാരണം ചെയ്താൽ അവന്റെ നാവു മുറിച്ചുകളയണം.'' ഒരു ബ്രാഹ്മണൻ ശൂദ്രനെ കൊന്നാൽ കൊടു

ത്തിരുന്ന ശിക്ഷ ഇന്ന് ഒരു പക്ഷേ വിചിത്രമായി തോന്നിയേക്കാം. തന്റെ ദൈവദത്തമായ കൈകൊ തൊട്ടുകൂടാത്ത ശൂദ്രനെ കൊല്ലുവാൻവേണ്ടി ഉപയോഗപ്പെടുത്തി അശുദ്ധമാക്കിയതിന് ശിക്ഷയായി ഒരു പുണ്യാഹത്തിന്റെ ആവശ്യം മാത്രമേയുണ്ടായിരുന്നുള്ള. നേരേമറിച്ച് ശൂദ്രൻ ഒരു ബ്രഹ്മണനെ കൊന്നാൽ കുറേശ്ശെയായി, മരിയാമരി മരിപ്പിച്ചുകൊല്ലണമെന്നാണ് ശാസന. ''അവൻ ബ്രാഹ്മണനെ ശകാരിച്ചാൽ നാവ് പിഴുതുകളയണം, ദേഹോപദ്രവമേല്പിച്ചാൽ കൊല്ലുകയുംവേണം.'' ഇങ്ങനെ നീതിയോ നിയമമോ, മര്യാദയോ, ആചാരങ്ങളോ, ഒന്നുംതന്നെ വൈശ്യർ തുടങ്ങി കീഴ്പോട്ടുള്ള ഇന്ത്യയിലെ ബഹുഭൂരിപക്ഷത്തിനും ബാധകമായിരുന്നില്ല.

ബ്രാഹ്മണന്റെ മദ്ധ്യസ്ഥതയോടുകൂടിയല്ലാതെ പ്രാത്ഥനകളം നടത്തുവാനോ, ദൈവത്തിന്റെ സമക്ഷത്തിങ്കൽ സങ്കടങ്ങളം ഉണർത്തുവാനോ ആർക്കും അവകാശം ഉണ്ടായിരുന്നില്ല. ചുരുക്കത്തിൽ ആത്മീയനിർവൃതിക്ക് ബ്രാഹ്മണസേവയിൽ കവിഞ്ഞ് മറെറാരുപാധിയുമുണ്ടായിരുന്നില്ല. നിവ്വാണത്തിന്റേയും പരലോകത്തിന്റേയും താക്കോൽക്കെട്ട് ബ്രാഹ്മണപൗരോഹിത്യം കൈയടക്കിവച്ചു.

ഈ വ്യവസ്ഥിതിക്ക് അറുതി വരുത്തുവാൻ അനവധിയാളുകൾ ബീജാവാപം ചെയ്തിരുന്ന വിപ്ളവത്തിന്റെ വിത്ത് വളർന്നു പുഷ്പിച്ചതാണ് ബുദ്ധന്റെ കാലം. ഭാരതത്തിന്റെ ഹൃദയത്തുടിപ്പ് ഉൾക്കൊണ്ടുകൊണ്ട് കാലത്തിന്റെ നാഡിമിടിപ്പ് മനസ്സിലാക്കിക്കൊണ്ട്- കോടാനുകോടി മനുഷ്യരുടെ തീവ്രവികാരങ്ങളുടെ ആവേശം ഉൾക്കൊണ്ടുകൊണ്ട്, ഇവയ്ക്കൊരു വിപ്ളവാത്മകമായ മാറംവരുത്തിയ ബുദ്ധൻ ചരിത്രത്തിലെ ഒരു വലിയ സംഭവമാണ്. ബുദ്ധവിപ്ളവമാകട്ടെ അറിയപ്പെട്ടതിൽ ഏറവും പ്രാചീനമായ പ്രസ്ഥാനവും. വൈദികമതത്തേയും പൗരോഹിത്യത്തേയും പാടേ നിഷേധിച്ചു

കൊണ്ട് നവീനമായ ആശയം പ്രചരിപ്പിച്ച ബുദ്ധൻ ഒരു സാമൂഹ്യവ്യവസ്ഥിതി കെട്ടിപ്പടുക്കുകയായിരുന്നു. മതമെന്നതിനേക്കാൾ മനുഷ്യനെന്ന പ്രതിഭാസത്തിനു പ്രാധാന്യംകൊടുത്ത ബുദ്ധൻ ലോകം കണ്ടതിൽവച്ച് ഏറ്റവും പരിപൂർണ്ണനായ മനുഷ്യനായിരുന്നു; മനുഷ്യത്വത്തേയും മനുഷ്യമഹിമാവിനേയും മാനിച്ച മഹാനായിരുന്നു. അല്ലാതെ ദൈവമായിരുന്നില്ല; അവതാരവുമായിരുന്നില്ല.

പക്ഷേ ബൗദ്ധസിദ്ധാന്തങ്ങളെ വികലപ്പെടുത്തണമെന്ന് മനഃപൂർവ്വം ഉദ്ദേശിച്ചിരുന്ന ബുദ്ധിരാക്ഷസന്മാർ കെട്ടിച്ചമച്ച കടങ്കഥകളാണിതൊക്കെ. സാരനാഥിൽ മനിക്കു കിട്ടിയ ശ്രോതാക്കളോട് ഗൗതമൻ ആദ്യം പ്രഖ്യാപിച്ച തിതാണ്. ''വെറുപ്പ് വെറുപ്പുകൊക്കവസാനിപ്പിക്കുവാൻ ഒക്കുകില്ല. വിരോധം സ്നേഹം കൊണ്ടുമാത്രമേ മാറ്റാനൊക്കൂ.' അതുവരെ കേട്ടിട്ടില്ലാത്തവിശ്വസ്നേഹത്തിന്റെ ആ സന്ദേശം വിസ്മയത്തോടുകൂടി തലയാട്ടി ശ്രവിച്ചുനിന്നവരോട് ആ മുനിവര്യൻ പ്രതിവചിച്ചു: 'നാടായനാടൊക്കെ ചെന്ന്. 'പറയൂ! എല്ലാ മനുഷ്യരും സമന്മാരാണെന്ന്.' ഈ സമത ത്തിന്റെയും സ്നേഹത്തിന്റെയും സന്ദേശം മനുഷ്യനെ മനുഷ്യനായി കാണുവാനും മനുഷ്യവികാരങ്ങളെ മാനിക്കുവാനുമുള്ള ആവേശം അങ്കുരിപ്പിച്ച ബുദ്ധൻ വലിയ ഒരു മാറ്റത്തിന്റെ കാഹളം വിളിക്കുകയായിരുന്നു. അത് ഫലവത്തായപ്പോൾ മാന്ത്രിക ഇന്ദ്രജാലം കാട്ടി മാസ്മരികതപം നടിച്ചിരുന്ന വൈദികപൗരോഹിത്യം തകർന്നടിഞ്ഞു. പുതിയ ഒരു സംസ്കാരത്തിന്റെ നീരുറവ് അഭംഗുരം പ്രവഹിക്കുവാൻ തുടങ്ങി. ഈ ഒഴുക്കിനെ ചിറകെട്ടി നിർത്തുവാൻ വൈദികസംസ്കാരത്തിന്ന് അസാദ്ധ്യമായിരുന്നു. അങ്ങിനെ ഭിന്നങ്ങളായ രണ്ടു സംസ്കാരങ്ങളുടെ തുടക്കം കുറിച്ച ഈ സംഭവം സാംസ്കാരിക ചരിത്രത്തിൽ അവിരാമം, അഭംഗുരം നിലനിന്നുവന്നു. തുടർന്നു നടന്ന കഥകളും ഈ വ്യത്യസ്ത സംസ്കാരങ്ങളുടെ ആധിപത്യത്തിനു വേണ്ടിയുള്ള ഘോരമായ പോരാട്ടങ്ങളുടേതായിരുന്നു.

'വൈഷ്ണവ മതക്കാരും, ശൈവമതക്കാരും വളരെ വൈദഗ്ധ്യത്തോടുകൂടി സ്നേഹഭാവേന ബുദ്ധമതത്തിൽകടന്ന് അതിനെ ആലിംഗനം ചെയ്യുകയും, അതിന്റെ ജീവശ്വാസകോശത്തിയെ ആകർഷിച്ചു വലിച്ചെടുക്കുകയുമാണ് ഇൻഡ്യയിൽ ഒട്ടധികം സ്ഥലങ്ങളിൽ നടത്തിയിട്ടുള്ളത് എന്ന കാര്യത്തിൽ ഞാൻ സർവ്വാത്മനാ വിശ്വസിക്കുന്നു.'[5] അബോധപൂർവ്വം ഈ വൈദികതന്ത്രം പ്രവർത്തിച്ചതിന്റെ ഫലമായി ബുദ്ധമതത്തിന് അതിന്റെ എല്ലാ തത്വങ്ങളേയും ആഹുതി ചെയ്യേണ്ടതായിവന്നു. ബുദ്ധമതം ഒരു ജനകീയ പ്രസ്ഥാനമായി വളർന്ന് വികസിക്കുന്നതുകണ്ട ബ്രാഹ്മണമേധാവിത്വം, അവയുടെ അണികളിൽ കടന്നുകൂടി, കൃത്രിമ സ്നേഹം ഭാവിച്ച്, ഇതിന്റെ നേതൃത്വമന്യനാരും, പ്രമാണികളുമായിത്തീർന്നു. കനിഷ്ക്കന്റേയും ഹർഷന്റേയും കാലങ്ങളിൽ ഈ പ്രസ്ഥാനം തീർത്തും ഇൻഡ്യൻ ബ്രാഹ്മണ പൌരോഹിത്യം കൈയ്യടക്കി, ബൗദ്ധതത്വങ്ങൾക്കും ആചാര ക്രമങ്ങൾക്കും പുതിയ വ്യാഖ്യാനങ്ങളും നൽകി. ഒരൊത്തുതീർപ്പ് എന്ന നിലയ്ക്ക് ബുദ്ധസന്ദേശത്തിന്റെ കാതലായ അഹിംസയെ അംഗീകരിക്കുകയും, കേഷ്യമാംസാദികളും ഉപേക്ഷിക്കുകയും, ബുദ്ധനെത്തന്നെ വിഷ്ണുവിന്റെ അവതാരമായി ഗണിക്കുകയും ചെയ്തതോടുകൂടി, വൈദിക പ്രതിവിപ്ലവം വിജയക്കൊടിനാട്ടി. ക്രിസ്റ്റഫർ കാഡ്വെൽ 'Studies in a Dying Culture' എന്ന പുസ്തകത്തിൽ ബർണ്ണാഡ് ഷായെക്കുറിച്ച് ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്: 'ഷാ ഒരു സസ്യഭുക്കാണ്. അങ്ങിനെയാകുന്നതിൽയാതൊരു നഷ്ടവുമില്ലാത്തതുകൊണ്ട്.'[6] ഇതേ സ്ഥിതി തന്നെയാണ് ബ്രാഹ്മണ പൗരോഹിത്യവും അംഗീകരിച്ചത്. നഷ്ടപ്പെടാൻ ഒന്നുമില്ലായിരുന്നു, സസ്യഭുക്കുകളാകുന്നതുകൊണ്ടവർക്ക്. നേടാൻ അതേസമയം ഒത്തിരിയും. ഏ

5 Munier williams – Buddhism – P. 70

6 Studies is a dying Culture - P. 12

ന്തെല്ലാം പ്രമാണങ്ങളായ ഘടകങ്ങളാണോ ബൌദ്ധവിപ്ലവത്തിന് സഹായകമായി നിന്നത് അവയെല്ലാംതന്നെ ബുദ്ധമതത്തെ തകർക്കുവാനും പ്രതിയോഗകം പ്രയോഗിച്ചു.

ബുദ്ധവിഹാരങ്ങളെയെല്ലാം അമ്പലങ്ങളാക്കിമാറ്റി. 'കേരളമുൾപ്പെടെ ഭാരതമെങ്ങുമുള്ള അനേകായിരം ബുദ്ധവിഹാരങ്ങൾ നശിപ്പിക്കപ്പെടുകയും, അവയിൽ ഭൂരിപക്ഷവും ഇന്നു കാണുന്ന വിധത്തിലുള്ള ബ്രാഹ്മണനിയന്ത്രിതങ്ങളായ ആരാധനാക്രമത്തോടുകൂടിയ ക്ഷത്രങ്ങളായി മാറ്റപ്പെടുകയും ചെയ്തിട്ടുണ്ടെന്നുള്ളകാര്യം ചരിത്രകാരന്മാർക്കിടയിൽ പൊതുവേ സമ്മതിക്കപ്പെട്ടിട്ടുള്ളതാണ്.'[7] 'വേദങ്ങൾ യാതൊരു ക്ഷേത്രത്തെപ്പറ്റിയും പറഞ്ഞു കാണുന്നില്ല. ആരാധന വെറും വീട്ടുകാര്യമായി മാത്രമേ ആര്യന്മാർ കരുതിയിരുന്നുള്ളു.'[8] 'ക്ഷേത്രാരാധനക്രമം ബൌദ്ധവിപ്ലവങ്ങൾക്കു മുൻപ് ഹിന്ദുമതത്തിന്റെ ഒരു ഭാഗമായിരുന്നില്ല.'[9] ബുദ്ധമതത്തിന്റെ സംഘശക്തിയും പ്രചാരവും മനസ്സിലാക്കിയ വൈദികർ അതേ രീതിയിലുള്ള ഉത്സവങ്ങളും, അമ്പലങ്ങളും, സംഘങ്ങളും, മഠങ്ങളും സ്ഥാപിച്ച് ജനങ്ങളെ ഇതിലേക്കാകർഷിച്ചു. പോരെകിൽ അമ്പലങ്ങളിൽ ബൌദ്ധപ്രതിമകളും ആരാധിക്കപ്പെട്ടു. ജനകീയ വികാരത്തെ മാനിക്കുന്നു എന്ന ഭാവേന നടത്തിയ അത്യന്തവഞ്ചനാപരമായ ഒരു കൊടും ക്രൂരതയായിരുന്നു ഇത്. ദൈവമല്ല, മനുഷ്യൻ തന്നെയാണ് അവന്റെ വിധിദാതാവ്.'' ''പ്രവർത്തിയുടെ ഫലമാണ് എല്ലാംതന്നെ; ഒരു പരാശക്തിയും അതിന്റെ പിന്നിലില്ല.' ഇങ്ങനെ ധീരമായി യുക്തിവാദം

---

7. കേരള ചരിത്രം പരശുരാമനിലൂടെ. പുറം-37
8. prof. Wilson- Rigved. Trans– Introduction
9. Sahitya Panchananan P. K. Narayana pillai Travancore Temple Entry Report

നടത്തിയ ആ വിപ്ലവകാരി, അമ്പലങ്ങളുടെ മതിൽക്കെട്ടി നകത്ത് ഒതുങ്ങി വീർപ്പുമുട്ടിപ്പോയി. ''ബുദ്ധമതസ്ഥാ നങ്ങളെല്ലാം നശിപ്പിക്കപ്പെട്ടശേഷം ആ സ്ഥാനങ്ങളിൽ അനേകം ക്ഷേത്രങ്ങളും പണിയിപ്പിക്കപ്പെട്ടു.''[10] ''ബു ദ്ധമത ഉത്സവങ്ങളേയും തീർത്ഥയാത്രകളേയും ബൌ ദ്ധന്മാരുടെ പരസ്യാരാധനക്രമത്തേയും പിൻതുടർന്നുവന്ന ഇന്ത്യയിലെ കോടിക്കണക്കിനുള്ള ജനതയെ വഴിമാറ്റി, തങ്ങളുടെ പക്ഷത്തിൽകൊണ്ടു വരുന്നതിലേയ്ക്ക്, അതു വരെയുള്ള തന്നെയുള്ള ഉത്സവങ്ങളേയും തീർത്ഥയാത്രകളേയും പ രസ്യാരാധനക്രമത്തേയും രൂപാന്തരപ്പെടുത്തി തുടർന്നുവരേണ്ടത് ബ്രാഹ്മണരുടേയും ഭരണാധികാരികളുടേയും ഒരാവശ്യമായിത്തീ ർന്നു.''[11] ചരിത്രകാരൻമാരിൽ പ്രമുഖനായ ആർനോൾഡ് ടോ യൻബിയുടെ പ്രസിദ്ധമായ ഒരു സിദ്ധാന്തമുണ്ട്. വെല്ലു വിളിയും പ്രത്യുൽഘാരവും' (Challenge and Repons theory) എന്നതാണത്. ഒരു സംസ്കാരത്തിന്റെ സ്വാധീ നതയേയോ, പരിഷ്കാരത്തിന്റെ അധിനിവേശത്തേയോ, ബോധപൂർവ്വം ചെറുത്തുനിന്ന് സ്വന്തം വ്യക്തിത്വത്തെ നിലനിർത്തുവാനായാസപ്പെട്ടശേഷം ആ പരിഷ്കാരത്തി ന്റെയോ സംസ്കാരത്തിന്റെയോ സാങ്കേതികവിജ്ഞാനം സ്വസ്ഥമാക്കി, അതേ വിദ്യകൊണ്ടുതന്നെ അപ്രയെ എതിർ ത്തുതോല്പിക്കുകയെന്ന നൈസർഗ്ഗികമായ ഒരാവേശം മനുഷ്യസംസ്കാരങ്ങളുടെ ആരംഭം മുതൽ ഇന്നുവരെ നിലനിൽക്കുന്നുവെന്ന് അദ്ദേഹം പല പല ഉദാഹരണ ങ്ങളും നിരത്തി സമർത്ഥിച്ചിട്ടുണ്ട്. ടോയൻബിയുടെ ചരി ത്ര നിഗമനങ്ങളുടെ അടിസ്ഥാനതത്വവും ഇതുതന്നെയാണ്. ഭാരതീയ ചരിത്രസംഭവങ്ങൾക്ക് തന്മയത്വത്തോടുകൂടി ഈ സിദ്ധാന്തം പ്രയോഗിക്കുവാനദ്ദേഹത്തിനു സാധി ച്ചിട്ടുണ്ട്.

---

10. R. C. Dutt of cit P 221.
11. Ibid P-154.

പക്ഷേ ടോയൻബിയുടെ മതത്തിന് ഒരപവാദമാണ് ബൗദ്ധവൈദിക സംഘട്ടനത്തിന്റെ കഥ. ഇവിടെ ബുദ്ധമതത്തെ എതിർത്തുനിന്നത് സ്വന്തം വ്യക്തിപ്രഭാവത്തെ നിലനിർത്തിയല്ല. എതിരിട്ട് തോല്പിക്കുവാൻ സാദ്ധ്യമെന്നുകണ്ട് നയതന്ത്ര വൈദഗ്ധ്യത്തോടുകൂടി ബുദ്ധസംഘത്തിന്റെ അണികളിൽ കടന്നുകൂടി അതിനെ നശിപ്പിക്കുകയാണിവിടെ ചെയ്തത്. ഏതൊരു പൊതുനിയമത്തിനും അപവാദമുള്ളതുപോലെ ചരിത്രകാരന്മാരിൽ പ്രമാണിയായ ടോയൻബിയുടെ സിദ്ധാന്തവും ഇവിടെ ചോദ്യം ചെയ്യപ്പെട്ടുകിടക്കുകയാണ്.

അതേ അവസ്ഥയാണ് ബൌദ്ധ സാഹിത്യത്തിനും അതിന്റെ ഭാഷയായ പാലിക്കും നേരിട്ടത്. ജാതകങ്ങളും ആട്ടക്കഥകളും തുടങ്ങി, ഹൈന്ദവ പുരാണേതിഹാസങ്ങളേയും ദർശനങ്ങളേയും എല്ലാംതന്നെ എതിർത്തു തോല്പിക്കുവാനൊക്കുന്ന സമ്പന്നമായ ഒരു സാഹിത്യവും തത്വശാസ്ത്രവും ബുദ്ധമതത്തിന്റെ തനതായുണ്ടായിരുന്നു. അവ എല്ലാംതന്നെ അവശേഷിക്കാത്തവിധം തിരോഭവിച്ചിട്ടുണ്ട്. ഈ വിപുലമായ സമ്പത്ത് എവിടെപ്പോയി എന്നു തിരക്കുമ്പോൾ, വൈദികബുദ്ധിജീവികളുടെ ചെയ്ത ഗൂഢാലോചനയുടേയും നശീകരണത്തിന്റേയും വ്യാപ്തി മനസ്സിലാകും.

അതുപോലെതന്നെ ബൌദ്ധസങ്കൽപങ്ങൾക്കെതിരേ ബ്രാഹ്മണപൌരോഹിത്യം നടത്തിയ ക്രൂരമായ കടന്നാക്രമണമാണ് അതുവരെ ശരിയായി കണക്കാക്കിയിരുന്ന ആശയങ്ങളെ നിരർത്ഥകമാക്കുന്ന വ്യഖ്യാനങ്ങളും ഫലവത്തായി പ്രചരിപ്പിച്ചതും. ഒറ്റ ഉദാഹരണംമതി ഇതുവ്യക്തമാക്കുവാൻ. 'അഹിംസ' എന്ന പ്രയോഗം, ഹൈന്ദവർ 'ധർമ്മം' കൊണ്ടുദ്ദേശിക്കുന്നതുപോലെയും, മുസ്ലീംകൾ 'ഇബാദത്ത്', എന്നതുകൊണ്ടു അർത്ഥമാക്കുന്നതുപോലെയും, ക്രൈസ്തവർ 'കരുണ' എന്നതുകൊണ്ട്

വിവക്ഷിക്കുന്നപോലെയും, സർവ്വരംഗങ്ങളേയും സ്പർശിക്കുന്നപോലെയും,ാ സർവ്വലൌകികമായ ഒരു പ്രയോഗമാണ്. പക്ഷേ 'അഹിംസ'യെ, ഹിംസിക്കായ്ക, കൊല്ലായ്ക എന്ന പദാർത്ഥത്തിലേയ്ക്ക് ചുരുക്കി വ്യാപകമായ അതിന്റെ അത്ഥത്തെ ഹ്രസ്വവികലമാക്കി. എന്നാൽ 'കൊല്ലായ്ക' എന്നബൗദ്ധ സംജ്ഞകൊണ്ട് ഉദ്ദേശിക്കുന്നതാകട്ടെയാഗാദികൎംക്ക വേണ്ടിയും മുക്തിയെ കരുതിയും നിരപരാധികളായ മൃഗങ്ങളെ കൊല്ലുന്നതിനെതിരായിട്ടുമായിരുന്നു. ഭക്ഷണത്തിനുവേണ്ടി പക്ഷിമൃഗാദികളെ കൊല്ലുന്നതിനെ ആരും എതിർത്തിരുന്നില്ല. ഇൻഡ്യൻ ജനതയുടെ പ്രധാന ഭക്ഷണമായിരുന്നു മത്സ്യമാംസാദികം. ജൈനനോ ബുദ്ധനോ മാംസഭക്ഷണത്തിനെതിരായി സംസാരിച്ചില്ലെന്നു മാത്രമല്ല, ജൈനൻമാരുംെ ബൌദ്ധന്മാരും മാംസം ഭക്ഷിച്ചിരുന്നുവെന്നതിന് നിരവധി തെളിവുകളുണ്ടുതാനും. ഭിക്ഷകിട്ടുന്നതൊന്നും നിരസിക്കരുതെന്ന ശാസനം ശിരസാവഹിച്ചിരുന്ന അവർക്ക് പ്രധാനമായും കിട്ടിയിരുന്ന ഭക്ഷണം മത്സ്യമാംസാദികളോടുകൂടിവയായിരുന്നു. കിട്ടാവുന്ന എല്ലാ അടിസ്ഥാന പ്രമാണങ്ങളും സൂക്ഷ്മമായി പഠിച്ചതിനുശേഷം ധർമ്മാനന്ദകോസാംബി തത്സംബന്ധമായി കൊടുത്തിട്ടുള്ള ഉദ്ധരണികളിൽ ചിലത് ചേർത്തുകൊള്ളട്ടെ.

''പരിനിർവ്വാണദിവസം ബുദ്ധഭഗവാൻ ചുരുൻ എന്ന ലോഹക്കാരന്റെ ഗൃഹത്തിൽനിന്നും സൂകരമാംസം ഭുജിച്ചു. ഇക്കാലത്തെ ബുദ്ധഭിക്ഷുക്കളും ഏറെക്കുറെ മാംസം ഭക്ഷിക്കുന്നുണ്ട്.'' [12] ''ബുദ്ധഭഗവാൻ സൂകരമാംസം ഭക്ഷിച്ചുവെന്ന് അങ്ഗുത്താരനികായത്തിലെ പഞ്ചകനിപാദത്തെ അടിസ്ഥാനമാക്കി പറയാവുന്നതാണ്.''[13] ഉഗ്രഹപതി പറയുന്നു; ''ഭഗവൻ! ഉത്തമമായ സൂകരത്തെ ഉൽകൃഷ്ടമാകും വണ്ണം പാകപ്പെടുത്തിയി

12. ഭഗവാൻ ബുദ്ധൻ-പുറം. 387
13. 57-388

രിക്കുന്ന ഈ മാംസത്തെ എന്നിൽ കൃപചെയ്തു് ഭഗവാൻ സ്വീകരിക്കണം. ഭഗവാൻ കൃപചെയ്തു് ആ മാംസം സ്വീകരിച്ചു.''[14]

ജൈനസമ്പ്രദായത്തിൽ ചേർന്ന ശ്രവണന്മാരും മാംസഭക്ഷണം ആഹരിച്ചിരുന്നുവെന്നുള്ളതു് ആചാരാംഗസൂത്രത്തിൽ നിന്നും ചുവടേചേർത്തിരിക്കുന്ന ഭാഗംകൊണ്ടു കാണാവുന്നതാണു്. ''ഇങ്ങിനെ ധാരാളം എല്ലുള്ള മാംസമോ മുള്ളുള്ള മത്സ്യമോ കിട്ടിയാൽ അതു് സ്വീകരിക്കരുതു്. ഒരു ഭിക്ഷുവോ ഭിക്ഷുണിയോ ഗൃഹസ്ഥാശ്രമിയുടെ ഗൃഹത്തിൽ ഭിക്ഷക്കായി പോകുകയാണെങ്കിൽ ഗൃഹസ്ഥൻ 'ആയുഷ്മൻ! ശ്രവണ, ധാരാളം എല്ലുള്ള മാംസം ഭക്ഷിക്കുവാൻ നിങ്ങൾക്കാഗ്രഹമുണ്ടോ?' എന്നു ചോദിക്കുകയാണെങ്കിൽ ആദ്യമേ തന്നെ ഇങ്ങിനെ പറയണം: ആയുഷ്മൻ (സ്ത്രീയാണെങ്കിൽ സഹോദരി), ഇങ്ങിനെ അധികം അസ്ഥിയുള്ള മാംസം സ്വീകരിക്കുന്നതു് എനിക്കു് യുക്തമല്ല. എല്ലു് തരരുതു്.''[15] 'ബുദ്ധഭഗവാനെ ആരെങ്കിലും കഷ്ണിച്ചു് മാംസ ഭക്ഷണം കൊടുത്താൽ ജൈനന്മാർ ശ്രവണനായ ഗൗതമനുവേണ്ടി ജന്തുക്കളെ കൊന്നു പാകപ്പെടുത്തിയ മാംസം അദ്ദേഹം ഭക്ഷിച്ചു എന്നു പറഞ്ഞുപോന്നു.'' [16] ''ജൈനസന്യാസിമാർ സ്വയം ആരുടേയും കഷ്ണം സ്വീകരിച്ചിരുന്നില്ല: വഴിയിൽവെച്ചുകിട്ടുന്ന ഭിക്ഷ സ്വീകരിച്ചിരുന്നു. അപ്പോഴും മാംസം കിട്ടിയാൽ അതും ഭക്ഷിച്ചിരുന്നു.'' [17] അക്കാലത്തു് മത്സ്യ മാംസ്യങ്ങൾ കൂടാതെ ഭക്ഷണം കിട്ടാൻ പ്രയാസമുണ്ടായിരുന്നു. ബ്രാഹ്മണർ യാഗങ്ങളിൽ അനേകം മൃഗങ്ങളെ ബലികൊടുത്തു് അതിന്റെ മാംസം ചുറ്റുമുള്ളവർക്കു് പകുത്തു് കൊടുത്തിരുന്നു. ഗ്രാമങ്ങളിലുള്ള ആളു

14, 5-38 9
15- s1- പുറങ്ങൾ 390-91
16- s1- 397
17- 57- 397

കയും ജന്തുക്കളെ ബലിനൽകി അതിന്റെ മാംസം ഭക്ഷിച്ചിരുന്നു. കൂടാതെ കശാപ്പുകാർ ചതുഷ്പഥങ്ങളിൽ ഗോമാംസം വിക്രയം ചെയ്തുപോന്നു, ഈ പരിതസ്ഥിതിയിൽ പാകം ചെയ്യപ്പെട്ട ആഹാരാംശം ഭിക്ഷ വാങ്ങി ഉപജീവിച്ചുപോന്ന ശ്രവണന്മാർക്ക് മാംസമില്ലാത്ത ഭിക്ഷ ലഭിക്കുന്നതെങ്ങിനെ?''[18]

ഇതിന്ന് അനുകൂലമായ എത്രയെത്ര തെളിവുകളും വേണമെങ്കിലും ഇനിയും കിട്ടും. ഉദ്ധരിച്ചാൽ ദൈർഘ്യം മൂലം സ്ഥലപരിധിയെ തോൽപ്പിക്കുന്നതുമാതിരി ഒന്നിരി പ്രമാണങ്ങളും കോസാംബിതന്നെ ഹാജരാക്കുന്നുണ്ട്. ഉത്തരരാമചരിതം നാടകത്തിൽ ഭവഭൂതി ആവിഷ്കരിക്കുന്ന ഒരു രംഗം ഇവിടെ പ്രസക്തമാണ്. ആശ്രമത്തിൽ ചെല്ലുന്ന വസിഷ്ഠനെ സൽകരിക്കുവാൻ കൊഴുത്ത ഒരു കാളക്കുട്ടിയെ കൊല്ലുന്നതായിട്ടാണ് രംഗം. ആപസ്തംബധർമ്മ സൂത്രത്തിൽ നിന്നും ധാരാളം ഉദ്ധരണികളും 'കേരള ചരിത്രം പരശുരാമനിലൂടെ,' എന്ന പുസ്തകത്തിൽ ശ്രീ: തിരുവങ്ങാട്ട് കൃഷ്ണക്കുറുപ്പ് ചേർത്തിട്ടുണ്ട്. അതുപോലെതന്നെ ബ്രാഹ്മണർ മാംസം ഉപേക്ഷിക്കുന്നത് വളരെക്കഴിഞ്ഞതിനു ശേഷമാണെന്നും, തന്ത്രപരമായ ഒരടവ് എന്ന രീതിയിൽ മാത്രമായിരുന്നു അതെന്നും, ബൗദ്ധനു മുമ്പും അതിനുശേഷം വളരെക്കാലവും ബൗദ്ധർ മാംസഭുക്കുകളായിരുന്നുവെന്നും സംശയാതീതമായി സമർത്ഥിച്ചിട്ടുണ്ട്. ഇവിടെ അവകൂട്ടിചേർക്കുന്നത് അതിഭാവുകത്വത്തിന്റെ ദോഷമുണ്ടാകുവാനേ ഉപയോഗപ്പെടൂ.

പക്ഷെ 'അഹിംസ' എന്ന പദം വെറും 'കെല്പായ്ക' എന്നർത്ഥത്തിലേക്ക് മാത്രം ചുരുക്കിയ ബുദ്ധി

18. ഭി- പുറങ്ങൾ 400- 401

വൈഭവത്തിന്റെ അസാംഗത്യം വെളിപ്പെടുത്തുവാനാണിത്രയും ഉദ്ധരിച്ചത്. ഞാനിതെഴുതുമ്പോഴും ഒരു ധർമ്മം അനുഷ്ഠിക്കുന്നു. വായിക്കുന്ന നിങ്ങളും ഒരു ധർമ്മം ചെയ്യുകയാണ്. അതായത് ഞാൻ അഹിംസ അനുഷ്ഠിക്കുന്നുവെന്നു സാരം. എന്നെ എന്റെ പ്രവൃത്തി ചെയ്യാനനുവദിക്കാതിരിക്കുന്നത് അധർമ്മമാണ്. ഹിംസയുമാണ്. ക്ലാസ്സിൽ ഒരു വിദ്യാർത്ഥിശ്രദ്ധിക്കേണ്ടതും അച്ചടക്കം പാലിക്കേണ്ടതും അഹിംസയാകുമ്പോഴുത്തരവാദിത്വത്തോടും ചുമതലാബോധത്തോടുംകൂടി പഠിപ്പിക്കുന്ന അദ്ധ്യാപകനും അഹിംസ ആചരിക്കുകയാണ്. ക്ലാസ്സിൽ ധർമ്മം പാലിക്കാത്ത വിദ്യാർത്ഥി ഹിംസയാണ് ചെയ്യുന്നത്. ചുരുക്കത്തിൽ ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളേയും ഉൾക്കൊള്ളുന്ന അർത്ഥവ്യാപ്തിയുള്ള ഒരു സംജ്ഞയാണ് നിർജ്ജീവമാക്കി പരിമിതമായ ഈ അർത്ഥത്തിന്റെ സങ്കുചിതവലയത്തിലമർത്തിയത്.

മറ്റൊരു ഉപായം ഉപയോഗിച്ചത് ഇതിനേക്കാളും ഉപദ്രവകരമായിരുന്നു. ഇതിനിടയിൽ ഇവിടങ്ങളിൽ പ്രചാരത്തിൽവന്ന ക്രൈസ്തവമതക്കാരേയും ഇസ്ലാംമതക്കാരേയും ബൌദ്ധൻമാർ എന്ന് നാമകരണം നല്കി. അവരുടെ ആരാധനാലയങ്ങളാകട്ടെ ബൌദ്ധവിഹാരങ്ങളെ വിളിച്ചിരുന്ന 'പള്ളി' എന്ന പേരുകൊണ്ട് വിശേഷിപ്പിച്ചു. 'മാലിക് ഇബിന്ദീനാർ പരിവർത്തനം ചെയ്തെടുത്ത മുസൽമാന്മാരേയും, നമ്പൂരിമാർ ബൌദ്ധന്മാരെന്നുതന്നെ വിളിച്ചുവന്നു. കാലാന്തരത്തിൽ നമ്പൂതിരിമാർ എഴുതിയ കേരളോല്പത്തിയിലും മറ്റും ബൌദ്ധനെന്ന നാമം മുഹമ്മദീയൻ എന്നതിന്റെ ഒരു പര്യായപദമായി തന്നെ വന്നുചേർന്നു.' [19] 'ബൌദ്ധദേവാലയങ്ങൾക്ക് വിട്ടുകൊടുത്ത സ്ഥാവരവസ്തുക്കളെ തിരിച്ചറിയാൻ അവയെ പള്ളിച്ചന്തമെന്നും പള്ളിപ്പുറമെന്നും പഴയ

19. കേരളചരിത്രം – പരശുരാമനിലൂടെ പുറം 249

ശാസനങ്ങളിൽ നാമകരണം ചെയ്തുകാണുന്നു. എഴുത്തുപള്ളി, പള്ളിക്കുടം എന്നു പേരുകളും കേരളത്തിലെ അദ്ധ്യയന ശാലകൾക്കുണ്ട്. ഇത്രയധികം പേരുകളിൽ പള്ളിശബ്ദം നിബദ്ധമായി കാണുന്നത് യാദൃശ്ചികമായിരിക്കാൻ തരമില്ല. ഇവയിൽ ഒരുകാലത്ത് ശബ്ദാർത്ഥവിഹാരങ്ങളും നിലകൊണ്ടിരുന്നുവെന്നു വിചാരിക്കാവുന്നതാണ്.' [20] 'അവൈദികമായ സ്ഥാപനങ്ങൾക്കാണല്ലോ പള്ളിയെന്നു പേർ പറയുന്നത്.' [21] 'ബുദ്ധമതദേവാലയമെന്ന മാത്രം അർത്ഥമുള്ള 'പള്ളി'യെന്ന നാമം കേരളത്തിലുള്ള ക്രൂസ്ത്യാനികളുടേയും മുഹമ്മദീയരുടേയും ദേവാലയങ്ങൾക്കു കൂടെ വന്നുചേരുവാനുണ്ടായകാരണവും ഇതുതന്നെയാണ്.' [22] ഒന്നു രണ്ടു നൂറ്റാണ്ടുകൾക്കിടയിൽ എഴുതപ്പെട്ട പല കേരളോല്പത്തികളിലും 'ബൌദ്ധൻ' എന്ന പദം ബുദ്ധമതക്കാരനെന്നും മുഹമ്മദീയനെന്നുമുള്ള രണ്ടർത്ഥങ്ങളിലും ഉപയോഗപ്പെടുത്തിക്കാണുന്നു.' [23] തൃപ്പൂണിത്തുറ സംസ്കൃത കാളേജിൽ ഉള്ള താളിയോലഗ്രന്ഥ ശേഖരത്തിൽ 'ബുദ്ധചരിതം' എന്നപേരോടുകൂടി അനവധി ഗ്രന്ഥങ്ങൾ ഞാൻ പരിശോധിച്ചിട്ടുണ്ട്. അവയെല്ലാം തന്നെ ക്രിസ്തുമതചരിതങ്ങളാണ്. ചുരുക്കത്തിൽ ബുദ്ധൻ എന്ന പദത്തിന്റെ അർത്ഥം ഹൈന്ദവ സംസ്കാരത്തേയോ മതത്തേയോ പിൻപറ്റാത്തവൻ എന്നാക്കി മാറ്റി. ഇങ്ങനെ മഹത്തരമായ ഒരു സംസ്കാരത്തെ തേജോവധം ചെയ്തു.

അതുപോലെ തന്നെ അടിസ്ഥാനപ്രമാണം 'സംഘം' എന്നത് മാത്രമായിരുന്ന ബൌദ്ധ ശാസ്ത്രം ആ മനോഹരമായ സ്ഥായീഭാവത്തെ വിഗണിക്കുവാൻ നിർബന്ധിതയാകുകയാണ് പിന്നീടുണ്ടായത്: ബുദ്ധിപരമായി ഏല്പിക്കാവുന്ന കഷ്ടതകളത്രയും വൈദഗ്ദ്യത്തോടു

20. എസ്. ശങ്കു അയ്യർ - കേരളവും ബുദ്ധമതവും പുറം 70.
21. ടി. പുറം - 53
22. കേരളചരിത്രം പരശുരാമനിലൂടെ - പുറം 251
23. ടി പുറം - 23.

കൂടി ചെയ്ത ബ്രാഹ്മണവൈദികർ, അവശേഷിച്ച സാധാരണ ബുദ്ധവിശ്വാസികളെ കൂട്ടത്തോടെ അറുകൊല നടത്തിയ അനവധി സംഭവങ്ങളും ഉദ്ധരിക്കുവാനൊക്കും. 'മൌലികമായി തന്നെ, പരസ്പരം വിരുദ്ധമായ ആദർശങ്ങളിലും വിരുദ്ധമായ ലക്ഷ്യങ്ങളിലും ഉന്നം വെച്ചു കൊണ്ട് വിരുദ്ധ മാർഗ്ഗങ്ങളിൽകൂടി പുരോഗമിച്ചു വന്നിരുന്ന ഈ രണ്ടു മത സ്ഥർക്കും, പരസ്പരം യോജിച്ച് ഒരിടത്ത് പുലർന്നുപോകുക എന്ന കാര്യം സ്വാഭാവികമായിത്തന്നെ അസാദ്ധ്യമായിത്തീർന്നു. ഈ കാരണത്താൽ തന്നെയാണ് പ്രാരംഭം മുതൽക്കുതന്നെ ബുദ്ധമതം പ്രചരിക്കുവാൻ തുടങ്ങുന്ന സ്ഥലങ്ങളിലെല്ലാം, വൈദിക ബ്രാഹ്മണർ അതിന്റെ ശത്രുക്കളായിത്തീർന്നതും, അതിനെ നശിപ്പിച്ചുവന്നതും.''[24]. ''പുഷ്യമിത്രത്തിന്റെ നേതൃത്വത്തിൽ ബുദ്ധഭിക്ഷുക്കളെ കൂട്ടത്തോടെ അറുകൊല ചെയ്ത് നശിപ്പിക്കുവാനിടയായതു കൊണ്ട് ബുദ്ധവിശ്വാസികളും ബ്രാഹ്മണ വിരോധികളായി.''[25] എ. ഡി. 640-ൽ 8000 ത്തിൽ കൂടുതൽ ബൗദ്ധരെ നിഷ്കരുണം വധിച്ച മധുരയിലെ സംബന്ധമൂർത്തി ചരിത്ര വിദ്യാർത്ഥികൾക്ക് സുപരിചിതനാണ്. കേരളസാഹിത്യ ചരിത്രത്തിൽ ഉള്ളൂർ വിശേഷിപ്പിക്കുന്ന 'ബുദ്ധമത മർദ്ദകനായ കുമാരിലഭട്ടൻ, ഉത്തരേന്ത്യയിൽ ഇതേ പ്രക്രിയ വിജയപൂർവ്വം നടത്തിയ രക്തരക്ഷസ്സാണ്.

അങ്ങിനെ മഹത്തായൊരു പ്രസ്ഥാനത്തെ ചോരയിൽ മുക്കിക്കൊന്നുകൊണ്ടാണ് വൈദിക മേധാവികൾ പുനരാധിപത്യം നടത്തുന്നത്. കൂടുതൽ ശക്തിയോടുകൂടി സ്വന്തം അണികളെ ഉറപ്പിച്ചു നിറുത്തി വീണ്ടും ജാതീയമായ നിയമങ്ങൾ തടസ്സമില്ലാതെ നടപ്പിലാക്കി. പക്ഷേ സ്നേഹത്തിന്റേതും സമത്വത്തിന്റേതുമായ ആ സന്ദേശ

24. ടി-പുരം-12
25 Sir John Marshal-Taxila Vol I, P-33

ങ്ങളെ ഭാരതത്തിന്റെ മാറിടത്തിൽനിന്നും പറിച്ചെറിയുവാൻ കഴിഞ്ഞില്ല. ബൗദ്ധസംസ്കാരം ജനപക്ഷങ്ങളുടെ സംസ്കാരമായി, അവരുടെ ജീവവായുവായി മാറി. സിംഹാസനങ്ങൾ തകരുകയും ചെങ്കോലുകളൊടിയുകയും സാമ്രാജ്യങ്ങൾ നശിക്കുകയും ചെയ്യുക ചരിത്രത്തിൽ അത്ഭുതങ്ങളല്ല. ലോകത്തിലെ ആദ്യത്തെ ചരിത്രകാരനായ ഹെറോഡോട്ടസ് പ്രഖ്യാപിക്കുന്നതുപോലെ, 'എല്ലാ മാനുഷിക പ്രഭാവങ്ങളും നശ്വരമാണ്'. പക്ഷേ മഹത്ത്വത്തിന്റെ വലുപ്പം മാത്രം അസ്തമിക്കുന്നില്ല.' ബൃഹത്തായ ബുദ്ധസംസ്കാരം മണ്ണടിഞ്ഞില്ല. മടവീണു മൂടിപ്പോയതുമില്ല. യുഗയുഗാന്തരങ്ങളിലൂടെ ഭാരതീയന്റെ എല്ലാ ജീവിതരംഗങ്ങളേയും ഉത്തേജിപ്പിച്ചുകൊണ്ട് അതിന്റെ സ്വാധീനവലയത്തിൽ ഈ ഉപഭൂഖണ്ഡത്തെ ആകമാനം കൊണ്ടുവന്ന് ഒരു വലിയ സാംസ്കാരികശക്തിയായി അതു വളർന്നു. അങ്ങനെ വൈദിക സംസ്കാരവും ബൗദ്ധ സംസ്കാരവും രണ്ടു വ്യത്യസ്താശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സമാന്തരമായി പ്രവഹിച്ചുകൊണ്ടിരിക്കുന്നു. ഇവ രണ്ടിനും അതാതിന്റേതായ സന്ദേശങ്ങളും ആദർശങ്ങളുമുണ്ട്. രണ്ടിനും അവയുടേതായ പ്രത്യേകതകളും സവിശേഷതകളുമുണ്ട്. ഉന്നവും ഉദ്ദേശവുമുണ്ട്. പക്ഷേ രണ്ടും വ്യത്യസ്തങ്ങളാണെന്നുമാത്രം. രണ്ടിനേയും ഉൾക്കൊള്ളുവാനും പിൻപറ്റുവാനും ഇവിടെ ആളുകളുണ്ട്. അവയുടെ ലക്ഷണവ്യത്യാസങ്ങളും സമീപനവൈരുദ്ധ്യങ്ങളും എന്തുമാത്രം ചിന്താക്കുഴപ്പങ്ങളാണ്, വ്യത്യസ്തങ്ങളായ ഈ സംസ്കാരങ്ങളെ വേർതിരിച്ച് മനസ്സിലാക്കാത്തവർക്കിടയിൽ, വരുത്തിയിട്ടുള്ളതെന്ന് അടുത്ത അദ്ധ്യായത്തിൽ പ്രതിപാദിക്കാം.

16

ആർഷ-ബൌദ്ധ സംസ്കാരങ്ങൾ

ബുദ്ധമതത്തേയും അതിന്റെ ആചാരാനുഷ്ഠാനങ്ങളേയും തകർക്കാനൊത്തെങ്കിലും, അതുംകൊണ്ട് സംസ്കാരത്തെ നശിപ്പിക്കുവാൻ വൈദികപൌരോഹിത്യത്തിന് സാധിച്ചില്ല. രാഷ്ട്രീയാധികാരവും നിയമരക്ഷയും വളരെക്കാലത്തേക്ക് വൈദികസംസ്കാരത്തെ ഇൻഡ്യയിലുടനീളം ആധിപത്യം സ്ഥാപിക്കുവാൻ സഹായിച്ചു. എന്നാൽ രാഷ്ട്രീയാധികാരങ്ങൾക്കോ നിർദ്ദിഷ്ടമായ നിയമങ്ങൾക്കോ ചേതോഹരങ്ങളായ ആദർശങ്ങളെ അമർത്തുവാനൊക്കാറില്ല. അവ മനുഷ്യഹൃദയങ്ങളുടെ അനശ്വരങ്ങളായ സാലകങ്ങളിൽ കുടിയിരിക്കുന്നു. അവ സന്ദർഭം ലഭിക്കുമ്പോൾ, ഭാവനയെ സമ്പന്നമാക്കുകയും, ചേതനയ്ക്ക് ചിറക് കുരുക്കുമ്പോൾ അതിനേറെതായ വിഹായസ്സിൽ സ്വതന്ത്രമായി വിഹരിക്കുകയും ചെയ്യുക സ്വാഭാവികമാണ്. ഇൻഡ്യാചരിത്രം തന്നെ ധാരാളം ഉദാഹരണങ്ങൾ നമുക്ക് നൽകും.

ആര്യന്മാർ സിന്ധുസംസ്കാരത്തെ നശിപ്പിച്ച് അവരുടേതായ ജീവിതസമ്പ്രദായങ്ങളും സാമൂഹിക വ്യവസ്ഥകളും വിജയപൂർവ്വം നടപ്പിലാക്കിയിരുന്ന സ്ഥിതിവിശേഷങ്ങൾ പ്രതിപാദനവിഷയമാക്കിയതാണ്. ഹാരപ്പയിലേയും മോഹൻജോദാരോവിലേയും അവശേഷിച്ച ചരിത്രലക്ഷ്യങ്ങൾ നിർദ്ദിഷ്ടമായി പഠിച്ചതിനു ശേഷം

വീലറും മോർട്ടിമറും തുടങ്ങി ധാരാളം പണ്ഡിതൻമാർ പ്രകടിപ്പിച്ച അഭിപ്രായങ്ങളും ശ്രദ്ധേയങ്ങളാണ്. സിന്ധുജനതയുടെ വിശ്വാസപ്രമാണങ്ങളിലും ആരാധനക്രമങ്ങളിലും പ്രധാനമായ ഒരിനമായിരുന്നു ശിവാരാധന. ശിവനെ പല രൂപത്തിലും പല സങ്കല്പങ്ങളിലും കൂടി ഇന്നും ആരാധിച്ചുപോരുന്നുണ്ട്. പക്ഷേ സിന്ധു സംസ്കാരത്തെ നിശ്ശേഷം നശിപ്പിച്ച ആര്യന്മാർ ഒരിക്കലും ശിവനേയോ ലിംഗത്തേയോ ആരാധിക്കുവാൻ തയ്യാറായില്ല എന്നത് ചരിത്രവിഖ്യാതമാണ്. 1028 സ്തോത്രങ്ങളുള്ള ഋഗ്വേദത്തിലെമൂന്നിലൊന്നു ഭാഗവും അവരുടെ നേതാവായ ഇന്ദ്രനെ സ്തുതിക്കുവാനാണ് വിനിയോഗിച്ചിട്ടുള്ളത്. അതിനുപുറമേയുള്ള ആരാധനാ പാത്രങ്ങളാകട്ടെ അഗ്നിയും വായുവും സൂര്യനും വരുണനും മറ്റെയാണ്. പശുപതിക്കോ ലിംഗത്തിനോ ഋഗ്വേദത്തിലും തുടർന്നുള്ള യജൂർ, സാമ, അധർവ്വവേദങ്ങളിലും സ്ഥാനം കൊടുത്തിട്ടില്ല. എന്നാൽ കാലം കുറേ കഴിയുമ്പോഴേക്കും വേദങ്ങളിലെ ദൈവങ്ങളൊക്കെത്തന്നെ അവഗണിക്കപ്പെടുകയും, ഗണപതി തുടങ്ങി അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളുടെ പ്രാബല്യം ആരാധനാമണ്ഡലത്തിൽ സ്ഥലം പിടിക്കുകയും ചെയ്യുന്നതു കാണാം. ഇതെങ്ങനെ സംഭവിച്ചു എന്നാലോചിച്ചാൽ, മനുഷ്യന്റെ വികാരങ്ങളിലും വിചാരങ്ങളിലും ഇഴുകിച്ചേർന്നു പോയിട്ടുള്ള വിശ്വാസങ്ങളെ നിയമങ്ങളോ അധികാരങ്ങളോ കൊണ്ട് ദൂരീകരിക്കുവാൻ സാദ്ധ്യമല്ല എന്നുള്ള സത്യമാണ് കാണുവാനൊക്കുക. ആര്യാധിപത്യത്തിനുശേഷം ഈ നാട്ടിലെ ഭൂരിപക്ഷം അടിച്ചമർത്തപ്പെട്ടുകിടന്നിരുന്ന നിവാസികളുമായി നയതന്ത്രപരമായ ഒരു സന്ധി നടത്തുവാൻ ആർഷ നേതൃത്വം തയ്യാറായതിന്റെ ലക്ഷണമാണ് ആരാധനാ ക്രമത്തിൽ ഈ വന്ന മാറ്റം. അല്ലെങ്കിൽ നശിപ്പിക്കപ്പെട്ട സിന്ധുസംസ്കാരത്തോടൊപ്പം തന്നെ അവരുടെ ആരാധനാക്രമങ്ങളും നശിക്കുമായിരുന്നേനേ; അതും അവരുടെ വിശ്വാസപ്രമാണങ്ങളെ അംഗീകരിക്കാത്ത ഒരാധിപത്യത്തിൻകീഴിൽ പ്രത്യേ

കമായും. പക്ഷേ അനവധി നൂറ്റാണ്ടുകൾക്കുശേഷം ഉണ്ടായ ശ്രദ്ധേയമായ ഈ പുനഃരുദ്ധിവാസം. സംസ്കാരങ്ങളുടെ സ്വാധീനതയെ അടിച്ചമർത്തുവാൻ സാദ്ധ്യമല്ലെന്നതിന്റെ പ്രഖ്യാപിതമായ തെളിവാണ്. ഇൻഡ്യയിലുടനീളം പല പേരിലും പലരൂപത്തിലും ശിവൻ ആരാധിക്കപ്പെടുന്നുണ്ട്. ബൌദ്ധ വിഹാരങ്ങൾ അമ്പലങ്ങളാക്കി മാറ്റിയ സന്ദർഭത്തിൽ അവയിൽ മിക്കവയും ശിവക്ഷേത്രങ്ങളാക്കുകയാണ് ചെയ്തിട്ടുള്ളത്. 'ഇൻഡ്യൻയിൽ നിന്നും ബുദ്ധമതം അന്തർദ്ധാനം ചെയ്തപ്പോൾ ഗൌതമബുദ്ധന്റെ പ്രതിമകൾ, ആസനസ്ഥിതനായ ശിവനേറെതെന്ന നിലയിൽ മാറ്റപ്പെട്ടിട്ടുണ്ട്', 'ഹൈന്ദവാരാധനയിലെ മുഖ്യഘടകമായി ശിവൻ പരിലസിക്കുന്നു.

ഈ പരമാർത്ഥം മനസ്സിരുത്തി ശ്രദ്ധിച്ചാൽ ബൌദ്ധ സംസ്കാരം അടിച്ചമർത്തപ്പെട്ടെങ്കിലും, അധികാരികളുടേയും നിയമങ്ങളുടേയും പിടിയിൽ മുറുകി ഞെരിഞ്ഞുപോയെങ്കിലും, അതിന്റെ സ്വാധീനത ഒരിക്കലും നശിക്കാതെ ഇൻഡ്യൻജനതയുടെ വിചാര വികാരങ്ങളിൽ സ്ഥലം പിടിച്ചിട്ടുണ്ട്[1] എന്ന് കാണാം. ആർഷസംസ്കാരവും ബൌദ്ധ സംസ്കാരവും, അങ്ങനെ വിഭിന്നങ്ങളായ രണ്ടു പാതകളിലൂടെ ഭാരതീയ ചിന്താഗതികളെ അവയുടെ മൂശയിൽ ഉരുക്കി കുരുപിടിപ്പിക്കുന്നുണ്ട്.

അറിഞ്ഞോ അറിയാതെയോ ഇതിലേതെങ്കിലും ഒന്നിന്റെ സാംസ്കാരികാവേശം ആവാഹിച്ചുംകൊണ്ടാണ് ഏതൊരിൻഡ്യാക്കാരനും അവന്റെ പ്രവൃത്തികളുടെ അടിസ്ഥാനം കുറിക്കുന്നത്. മൌലികമായിത്തന്നെ പരസ്പര വിരുദ്ധമായ ആദർശങ്ങളെ ഉൾക്കൊള്ളുന്ന ഈ സംസ്കാരങ്ങളെ ഒരിക്കലും ഒരുമിച്ചുപോകുവാൻ സാദ്ധ്യമല്ലാത്തമാതിരി വ്യത്യാസങ്ങളെ ഉൾക്കൊണ്ടുകൊണ്ട് സമാന്തരമായി നിലനിൽക്കുന്നു. ഈ സമാന്തര സംസ്കാരങ്ങളുടെ

1. Munier Williams-Buddhism P. 166

വൈവിദ്ധ്യദർശങ്ങം തരംതിരിച്ചു ഗ്രഹിക്കുവാൻ സാധിക്കാത്തതുകൊണ്ട് പല രംഗങ്ങളിലും പലപ്പോഴും സംഘർഷങ്ങം ഉണ്ടായിട്ടുണ്ട് മിക്കപ്പോഴും അവ സംഘട്ടനങ്ങംവരെ എത്തിയ സന്ദർഭങ്ങളുമുണ്ടായിട്ടുണ്ട്.

ആർഷപ്രാഭാവത്തെ വെല്ലുവിളിച്ചുകൊണ്ട് മഗധയിൽ സ്ഥാപിതമായ മൌര്യസാമ്രാജ്യശതന്നെയാണ് ബൌദ്ധസംസ്കാരത്തെ ഇൻഡ്യയിലും ഏഷ്യയിലും പ്രചരിപ്പിച്ചത്. എന്നും രാഷ്ട്രീയതലങ്ങളിൽ പലപ്പോഴും കാണാറുള്ള ആദർശസംഘട്ടനങ്ങം വ്യത്യസ്തങ്ങളായ വൈദികബൌദ്ധസംസ്കരങ്ങളുടെ തുടർച്ചയായ കൂട്ടിമുട്ടലുകളുടെ പ്രതിധ്വനികളാണ്. ഞാനിതുകൊണ്ടിവിടെ സൂചിപ്പിക്കുന്നത് രാഷ്ട്രീയ മണ്ഡലങ്ങളിൽ പ്രത്യയശാസ്ത്രപരമായ സംഘട്ടനങ്ങം പലതുംസംഭവിക്കുന്നത വെറും യാദൃഛികമായല്ലെന്നു പറയുവാനാണ്. അവ ഉത്ഘോഷണംചെയ്യുന്ന സംസ്കാരങ്ങളെ ഒറ്റയായിക്കാണാൻ സാധിച്ചാൽ ഇവ ഇത്തരത്തിലല്ലാതെ സംഭവിക്കുകയില്ല എന്ന് സുദൃഢമായി കണക്കാക്കുവാനൊക്കും. പക്ഷേ ഇത് മനസ്സിലാക്കുവാൻ സാധിക്കാത്ത ജനങ്ങം, രാഷ്ട്രീയതത്പരസംഹിതകളുടെ വിവിധങ്ങളായ സംജ്ഞകം നൽകി അവയെ എതിർക്കുകയോ ആദരിക്കുകയോ ചെയ്യുകയാണ്

ഇതേ സ്ഥിതിവിശേഷമാണ് കലകളുടേയും സാഹിത്യത്തിന്റെയും രംഗങ്ങളിലും നാം കണ്ടുകൊണ്ടിരിക്കുന്നത്. നവീനങ്ങളായ സങ്കേതിക നാമങ്ങം നൽകി നാം കലകളുടെ മൂല്യങ്ങളേയും, കലാകാരന്മാരേയും വിലയിരുത്തുവാൻ പ്രയത്നിക്കാറുണ്ട്. പക്ഷേ കലയുടേയും സാഹിത്യത്തിന്റെയും കലാകാരന്മാരുടേയും, കവികളുടേയും പ്രസിദ്ധിയുടെ നിലവാരമളക്കുവാൻ ഈ മാനദണ്ഡം പറ്റുകയില്ല. ജനകീയപ്രശസ്തിയുടെ അടിസ്ഥാനത്തിൽമാത്രം കലാകാരനാണോ കവിയാണോ എന്നു കണക്കാക്കുവാൻ പ്രയത്നിക്കുന്നത് വിവേകവുമല്ല. ഇവിടെയാണ് വൈദിക

ബൌദ്ധ സംസ്കാരങ്ങളുടെ സ്വാധീനം ദർശിക്കുവാനൊക്കുക. അത് തിരിച്ചറിയുവാൻ പറ്റാത്തതുകൊണ്ടുള്ള അബദ്ധങ്ങളും പിണയുന്നത് സാധാരണക്കാരായ അനുവാചകർക്ക് മാത്രമല്ല വിഷയങ്ങളും ആധികാരികമായി കൈകാര്യം ചെയ്യുന്നുവെന്ന് ഭാവിക്കുകയും പലരും പറയുകയും ചെയ്യുന്ന 'മഹാപണ്ഡിതന്മാർക്കുകൂടി ഈ അമളി പിണഞ്ഞിട്ടുണ്ട്.

മലയാളക്കരയിൽ എന്നും കേൾക്കാറുള്ള വാദകോലാഹലമാണ് ചിലർ കവികളാണോ അല്ലയോ എന്നത്; അതുപോലെ ചിലത് കലകളാണോ അല്ലയോ എന്നതും; കഥകളിയെപ്പറ്റി ഈ കോലാഹലം ഇന്നും നിലനില്ക്കുന്നു. കൂടിയാട്ടവും കഥകളിയും, ഓട്ടൻതുള്ളലും ചാക്യാർകൂത്തും കേരളീയ കലാരംഗങ്ങളിൽ മാത്സര്യബുദ്ധിയോടുകൂടി നാട്യപ്രകടനങ്ങൾ നടത്തിയിട്ടുണ്ട്. അതുപോലെതന്നെ ആശാനേയും വള്ളത്തോളിനേയും കവികളെന്നു വിളിക്കാൻ മടിക്കുന്നവരും ദുർലഭമല്ല. മലയാളത്തിലെ സാംസ്കാരിക മണ്ഡലങ്ങളിലും സാഹിത്യരംഗങ്ങളിലും നിത്യേനയെന്നോണം കേൾക്കാറുള്ള കവികളാണോ അല്ലയോ എന്ന ലേലംവിളി പലപ്പോഴും പരിഹാസ്യത്തിന്റെ പതനം വരെ എത്താറുണ്ട്. സഭ്യതയുടെ അതിർവരമ്പുകൾകൂടി കടന്ന് അവ വ്യക്തിവിദ്വേഷത്തിന്റെയും അമർഷത്തിന്റേയും കലുഷമായ അന്തരീക്ഷത്തിലാണ് ചെന്നെത്തുന്നത്. വള്ളത്തോളിനെപ്പറ്റി കുറേ കൊല്ലങ്ങൾക്കു മുമ്പ് പ്രസിദ്ധങ്ങളായ പല പ്രസിദ്ധീകരണങ്ങളും വാഗ്വാദങ്ങളും നടന്നത് സാഹിത്യവിദ്യാർത്ഥികളുടെ മനസ്സിൽ പച്ചപിടിച്ചുനില്ക്കുന്നുണ്ട്. അതുപോലെതന്നെ കുറച്ചു കാലമായി ജി. ശങ്കരക്കുറുപ്പ് സാഹിത്യരംഗത്ത് ഒരു വിവാദവിഷയമായിട്ടുണ്ട്. ഒട്ടനവധി ആരോപണപ്രത്യാരോപണങ്ങൾ ഉൾക്കൊള്ളുന്ന പ്രസിദ്ധീകരണങ്ങളും പ്രഖ്യാപനങ്ങളും ദൈനംദിനമെന്നോണം പുറത്തിറങ്ങാറുമുണ്ട്. ഒരു സാഹിത്യകുതുകിയെന്നനിലയിൽ ഞാനിവ

യെക്കുറിച്ച് ചിന്തിച്ചിട്ടുള്ളപ്പോഴൊക്കെ എനിക്കു തോന്നിയിട്ടുള്ളത് ഇവിടെ പ്രസ്താവിക്കുന്നത് അപ്രസക്തമായിരിക്കുകയില്ലെന്നും, പ്രതിപാദ്യവിഷയത്തിന്റെ കാതലായ അംശം കൂടുതൽ വ്യക്തമാക്കുവാൻ സഹായകരമായിരിക്കുമെന്നും കരുതുന്നു. ഇൻഡ്യയുടെ സാംസ്കാരികചരിത്രം പഠിക്കുന്ന വിദ്യാർത്ഥികൾ ശ്രദ്ധിച്ചാൽ കാണുന്ന ഒരു സവിശേതയുണ്ട്. വേദേതിഹാസപുരാണോപനിഷത്തുക്കളുടെ ദിവ്യമായ ഒരു സംസ്കാരപ്രവാഹവും അതിന്റെ ഗതിവിഗതികളും ഒരുവശത്ത്; വേദനിബദ്ധമായ ആചാരാനുഷ്ഠാനങ്ങളെ വെല്ലുവിളിച്ചുകൊണ്ട്, അവയുടെ ചീത്തപ്രവണതകളെ ഉൻമൂലനം ചെയ്യുവാൻ വിപ്ളവത്തിന്റെ കാഹളധ്വനിമുഴക്കി, വിശ്വസ്നേഹത്തെ ഊന്നിയൂന്നിപ്പറഞ്ഞ ബുദ്ധമുനി തുടങ്ങിവെച്ച സാമൂഹികസമത്വത്തിനേറെതായ ഒരു സംസ്കാരിക വിപ്ളവാവേശം മറുവശത്ത്. ഈ രണ്ടു സംസ്കാര പ്രവാഹങ്ങൾ സമാന്തരമായി അനുസ്യൂതം പ്രവഹിക്കുന്നതും മനുഷ്യരാശയിൽ ആവേശം അങ്കുരിപ്പിക്കുകയും പ്രചോദനം പ്രദാനം ചെയ്യുകയും ചെയ്യുന്നതും കാണുവാൻ സാധിക്കും. ജീവിതത്തിന്റെ എല്ലാ തുറകളിലും ഇതിൽ ഏതെങ്കിലും ഒന്നിന്റെ സ്വാധീനം ദർശിക്കാം. ഒന്ന് വേദേതിഹാസങ്ങളെ പിൻപറ്റുമ്പോൾ മറേറത് ബൌദ്ധതത്വശാസത്രത്തിൽ അധിഷ്ഠിതമായതാണ്. ഈ രണ്ട സാംസ്കാരിക പ്രവാഹങ്ങൾ സമാന്തരമായി പ്രവഹിച്ച് ഭാരതസംസ്കാരത്തെ കരുപിടിപ്പിക്കുവാൻ ഉലയൂത്തു നടത്തുന്നത് ഉടനീളം കാണാം. രണ്ടിനും അവയുടേതായ മാഹാത്മ്യം ഉണ്ട്. ഇതിലേതെങ്കിലും ഒരു സാംസ്കാരിക ശക്തിയുടെ സ്വാധീനതയില്ലാത്ത ഭാരതീയൻ ഭാരതീയനല്ല. പക്ഷേ, ഇത് വേണ്ടുംവണ്ണം മനസ്സിലാക്കിയവർ കുറവായതു കൊണ്ടാണ് രാഷ്ട്രീയസാമൂഹികതലങ്ങളിൽ, സംസ്കാരിക സാഹിത്യമണ്ഡലങ്ങളിൽ. എന്തിനു. എല്ലാ രംഗങ്ങളിലും ഈ തർക്കം കാണുന്നത്. ഇവിടെ കുമാരമഹാകവിയുടെ പദവിയെ അടിച്ചുതാഴ്ത്താൻ ചിലർ ശ്രമി

ക്കുമ്പോഴും വള്ളത്തോളിനേയും ശങ്കരക്കുറുപ്പിനേയും പദ്യകാരൻമാരെന്നതിൽ കവിഞ്ഞ് കലയുടെ കമനീയ മണ്ഡപത്തിൽ കയറാറുവാൻ പോലും ചിലർ മടിക്കുന്നു. എന്റെ അഭിപ്രായത്തിൽ ഈ രണ്ടുകൂട്ടർക്കും പാറിയ അമളി ഭാരതത്തിലെ സമന്താരമായ ഈ സാംസ്കാരിക പ്രവാഹങ്ങളെ വേർതിരിച്ചറിയുവാൻ അവർക്കു കഴിഞ്ഞില്ല എന്നാണ്. വള്ളത്തോളും ശങ്കരക്കുറുപ്പു ഉൾക്കൊണ്ട സാംസ്കാരികധാരവേദോപനിഷത്തുക്കളുടേതായിരുന്നു. ആർഷമായ ആ സംസ്കാരത്തെ ബോധപൂർവ്വം പകർത്തിക്കാട്ടുവാൻ ശ്രമിച്ച അവർ, അക്കാര്യത്തിൽ വിജയിച്ചെങ്കിൽ അതിന്റെ അർത്ഥം അവർ കവികളായതുകൊണ്ട് തന്നെയാണെന്നാണ്. കുമാരമഹാകവി ഉൾക്കൊണ്ട പ്രചോദനം. ബൌദ്ധ തത്വത്തിന്റെകാതലായ അനർഘവും ദിവ്യവുമായ വിശ്വസ്നേഹത്തിനായിരുന്നു; കരുണയുടേയും മൈത്രിയുടേയുമായിരുന്നു; സമസൃഷ്ടി സ്നേഹത്തിന്റേതായിരുന്നു. ഒന്നുകൂടി വ്യക്തമാക്കാം.

വള്ളത്തോളിന്റെ കൃതികളെ ഓരോന്നോരോന്നായി നമ്മുടെ സ്മൃതിയിൽ ഒന്നുണർത്തിവെയ്ക്കുക. എല്ലാം തന്നെ രാമായണ മഹാഭാരതാദികളിൽനിന്നുള്ള കഥകളോ അവയാൽ പ്രചോദിതമായ ആശയങ്ങളോ ആണ്. കുമാരകവിയുടേതാകട്ടെ ബുദ്ധകഥകളും. ഈ വ്യത്യാസം മനസ്സിലാക്കാതെ നമുക്ക് അവരുടെ കവിതയെ വിലയിരുത്തുവാൻ സാധ്യമല്ല. അവർ ബോധവാന്മാരായി പിൻപറഞ്ഞ സംസ്കാരത്തിന്റെ പ്രഘോഷണം ഭംഗിയായി നിർവ്വഹിച്ചുവോ എന്നുമാത്രമാണ് നോക്കേണ്ടത്. പക്ഷേ പുരാണേതിഹാസങ്ങളുടെ സംസ്കാരം ജനലക്ഷങ്ങളെ സ്വാധീനിക്കുവാൻ സാധിക്കാത്ത സ്വതവേയുള്ള അതിന്റെ കുറവു മൂലം ജനകീയമല്ലാതായിത്തീർന്നുവെന്ന് സാരം. ബൌദ്ധസംസ്കാര പ്രവാഹമാകട്ടെ അധഃസ്ഥിതരായ ഒരു വലിയ വിഭാഗത്തിന് മനുഷ്യാവകാശങ്ങളും നേടിക്കൊടുത്തതോടു കൂടി, ജനലക്ഷങ്ങ

ളുടെ സംസ്കാരമായി വളരുകയും ചെയ്തെന്നുധരിച്ചാൽ ഒരു കവിയുടേയോ കലയുടേയോ ജനസ്വാധീനം ഇവിടെ എങ്ങിനെയുണ്ടാകുന്നു, ഇല്ലാതാകുന്നു എന്നു മനസ്സിലാക്കുവാൻ പ്രയാസംവരില്ല.

ജീവിച്ചിരുന്നപ്പോഴും ഒരു കവിയായിപ്പോലും കുമാരനാശാനെ അംഗീകരിച്ചിരുന്നവർ ദുർല്ലഭമാണ്. ഇന്നു ആശാനെ പിൻപറ്റുവാനുള്ള ആളുകളുടെ ആയിരത്തിലൊരംശം അദ്ദേഹം ജീവിച്ചിരുന്നപ്പോഴും ഉണ്ടായിരുന്നില്ല. ഇതു മനസ്സിലാക്കിയ ആശാൻ തന്റെ അവകാശങ്ങൾക്കു വേണ്ടിയെങ്കിലും നടത്തിയ വിപ്ലവം ഊഷരംകൊണ്ടതു സ്നേഹത്തിന്റെയും സാമൂഹിക സമത്വത്തിന്റെയുമായ ബൌദ്ധ സംസ്കാരത്തിലായിരുന്നു. അദ്ദേഹം നടത്തിയ വിപ്ലവം ഒരു വലിയവർഗ്ഗത്തിന്റെതന്നെ അവകാശ പ്രഖ്യാപനമായിരുന്നു വെന്നതാണു പ്രധാനം. പരിവർത്തനത്തിനു വേണ്ടിയുള്ള സൈറൺ വിളിയോടുകൂടിയാണു ബുദ്ധികേന്ദ്രമായ ആപവ്വർഹൌസ്സിൽ നിന്നും അനശ്വരകൃതം പ്രവർത്തിച്ച ഗാനതരംഗങ്ങൾ മനുഷ്യരാശിയിൽ പ്രവർത്തിച്ചതു. വൈദ്യുത ശക്തിയുമായി ബലാബലത്തിനൊരുങ്ങുന്നവർക്കു ഷോക്കുതട്ടുന്നതുപോലെ സാഹിത്യത്തിലെ മേൽക്കോയ്മക്കാർ വിളറിനിന്നു അദ്ദേഹത്തെ നിശിതമായി വിമർശിച്ചു; അടിച്ചിരുത്താനും അമർന്നാനും ശ്രമിച്ചു പക്ഷേ നിശ്ചിതമായ ഒരു പശ്ചാത്തലത്തിലധിഷ്ഠിതമായി അനശ്വരമായ കലാമൂല്യങ്ങളുടെ കലവറയിൽ മനുഷ്യസ്നേഹത്തിന്റെ വിഭവങ്ങൾ സ്വരൂപിക്കുകയായിരുന്നു കരുത്തിലെ ആ ആനന്ദൻ. ചാത്തനെക്കൊണ്ടു സാവിത്രിയോടു പ്രണയാഭ്യർത്ഥന നടത്തിച്ചപ്പോഴും: മാതാംഗിയെ തറവാട്ടിൽ പിറന്ന കുലാംഗനകളുടെ കൂട്ടത്തിലിരുത്തിയപ്പോഴും, കുലനീതിക്കൊരപവാദമെന്നോണം വാസവദത്തയിൽ പ്രേമം അങ്കുരിപ്പിച്ചപ്പോഴും, വ്രണിത ഹൃദയയെങ്കിലും പതിവ്രതയായ സീതയെക്കൊണ്ടുയുക്തിവാദം നട

പൂവിന്റെ ചരിതം അനുസ്മരിച്ചപ്പോഴും ഒക്കെ, ആശാന് തന്റെ ജീവസ്സായ ആദർശം പ്രപഞ്ചനം ചെയ്യാൻ കഴിഞ്ഞുവെന്നുള്ളതാണ് വിജയം. അതാണ് അശാൻ ദേശീയ കവിയാകാതിരുന്നത്, പുരാണേതിഹാസങ്ങളിലേക്ക് പോകാതിരുന്നത്. അതിനൊരുദ്ദേശവും ഉന്നവുമുണ്ടായിരുന്നു. ആത്മവിശ്വാസത്തോടു കൂടി സമത്വത്തിന്റെ സന്ദേശവാഹകനായ ബുദ്ധമുനിയുടെ ചരിതം പകർത്തുവാൻ അദ്ദേഹം ആയാസപ്പെട്ടത് ബോധപൂർവ്വമായിരുന്നു. അവ ചട്ടങ്ങളെമാറ്റുമെന്നും, ആഢ്യമേധാവിത്വത്തിന്റെ ശവക്കല്ലറ പണിയുമെന്നും ആശാൻ ആശിച്ചു. അത് അതിന്റെ പണിപൂർത്തിയാക്കികൊണ്ടിരിക്കുന്നതാണ് ഇന്നുനാം കണ്ടുകൊണ്ടിരിക്കുന്നത്. അടിച്ചമർത്തപ്പെട്ടിരുന്ന ജനലക്ഷങ്ങൾ മനുഷ്യാവകാശങ്ങൾ നേടി മുന്നേറുമ്പോൾ, അവർക്കാവേശവും ഉഷാറും നൽകിയവരാരാണെന്നവർ അറിയുകയും, ആ സാംസ്കാരിക പ്രണേതാക്കളെ ജനങ്ങൾ കൂട്ടത്തിൽ മാനിക്കുകയും ചെയ്യുകസ്വതസ്സിദ്ധമാണ്. അതാണ് ഇന്ന് ഇന്നലത്തോക്കൾ കൂടുതൽ പുരുഷാരം കുമാരകവിയുടെ പക്ഷപാതികളായി മാറിക്കൊണ്ടിരിക്കുന്നത്. അല്പാതെ സ്വർഗത്തിൽനിന്നും പുതിയ കാവ്യ സമാഹാരമൊന്നും ആശാൻ പ്രകാശിപ്പിച്ചിട്ടില്ല. എന്നാൽ ഈ ആളുകൾ മുഴുക്കെ ആശാന്റെ കവിത അസ്വദിച്ച് മനംമറിഞ്ഞു ആരാധകരായതാണൊന്നു വിചരിക്കുന്നത് മൌഢ്യവുമായിരിക്കും. സത്യം പറഞ്ഞാൽ ഗഹനമായ ആ കവനങ്ങൾ മനസ്സിലാക്കുവാൻതന്നെ അശക്തരാണവരധികവും. പിന്നെ എങ്ങനെ ആശാൻ ഇത്രയ്ക്ക് പ്രിയംകരനായി കൂടുതൽ കൂടുതൽ കേരളത്തിന്റെ അരുമയായ മഹാകവിയായി ഉയർന്നുയർന്നു വരുന്നു എന്നു നോക്കിയാൽ അദ്ദേഹം പിൻപറ്റിയ സംസ്കാരത്തിന്റെ സവിശേഷതയാണിതെന്നു കാണാം.

ഈ കാരണങ്ങൾ കൊണ്ടുതന്നെയാണ് ഒരു മലയാള കവിക്ക് ജീവിതത്തിൽ ലഭിക്കാവുന്ന സർവ്വബഹുമതികളും

കിട്ടിയിരുന്ന വള്ളത്തോൾ ഇന്ന് കുറേശ്ശെയായി പ്രസിദ്ധിയുടെ നിലവാരത്തിൽ താഴ്ന്നുതാഴ്ന്ന് പോകുന്നതും. അദ്ദേഹം ജീവിച്ചിരുന്നപ്പോൾ എല്ലാ തുറകളിലുമുള്ളവർ അദ്ദേഹത്തെ ബഹുമാനിച്ചു. മഹാത്മജിയുടെ നേതൃത്വത്തിൽ ഇൻഡ്യയിൽ ദേശീയതയുടെ അലകും അലച്ചലുയർന്നപ്പോൾ ഗാന്ധിയുടെ ശിഷ്യത്വം സ്വീകരിച്ച് 'ദേശീയത്വത്തിന്റെ പൊന്നോടം' എന്ന കീർത്തിമുദ്ര വള്ളത്തോൾ കരസ്ഥമാക്കി. അക്കാലങ്ങളിൽ ഗാന്ധിജിയെക്കുറിച്ചും അഹിംസയെക്കുറിച്ചും അദ്ദേഹമെഴുതി. അതും കഴിഞ്ഞ് കാലം കുറേ ചെന്നപ്പോൾ 'സമാധാനപ്രസ്ഥാന'ത്തിന്റെ പ്രധാന പ്രചാരകനായി നാം അദ്ദേഹത്തെ കണ്ടു. മാറി മാറി അദ്ദേഹമണിഞ്ഞ കുപ്പായങ്ങളിലേതെങ്കിലുമൊന്നു പോലും അദ്ദേഹത്തിനു പറ്റാത്തതാണെന്ന് ആരും ഇവിടെ പറഞ്ഞില്ല. പിൻതിരിപ്പൻ തുടങ്ങി പുരോഗാമിവരെ. കാരണം ആർഷസംസ്കാരത്തിന്റെയും ആഢ്യമേധാവിത്വത്തിന്റെയും കേരളപ്രതിനിധിയും ജീവനുമായിരുന്നു വള്ളത്തോൾ. ഗംഗയാറൊഴുകുന്ന നാട്ടിനുമാത്രമേ മഹാത്മജിയെപ്പോലെ ഒരു മഹാനു ജന്മം കൊടുക്കുവാനൊക്കൂ എന്നദ്ദേഹം പാടിയപ്പോഴും, ഒരു മുസ്ലീമിന്റെ കുടിലിൽ ഒരു ബ്രാഹ്മണസ്ത്രീ കയറുവാനിടയാതത് 'പട്ടടക്കുഴിയിലാഹുതി നടത്തും പോലെയോ,' 'ഉപ്പുമാത്രമുള്ള വയലിൽ ഒരു തുള്ളി നല്ല വെള്ളം വീഴുന്നതുപോലെയോ,' ഒക്കെയാണെന്നാക്രോശിച്ചപ്പോഴും അദ്ദേഹത്തെ പഴിക്കാനാരുമുണ്ടായിരുന്നില്ല. സമാധാനപ്രസ്ഥാനം കമ്യൂണിസ്റ്റുകാരുടെ വേറൊരു പറ്റിക്കലാണെന്ന് ഭർത്സിച്ചിരുന്നവരാരും അതിന്റെ തുമ്പത്തുവരയെത്തി അഖില ലോകനേതൃത്വത്തെ കൈകാണിച്ചു വിളിച്ച വള്ളത്തോളിനെ ഒറ്റപ്പെടുത്തിയില്ല. ഗാന്ധിശിഷ്യനും ദേശീയ കവിയുമായ അദ്ദേഹം മാർക്സിസ്റ്റ് ചേരിയിലേയ്ക്ക് കടന്നുചെന്നപ്പോഴും തടുത്തു നിർത്താനാരും കണ്ടില്ല. പക്ഷേ കാലം മാറിത്തുടങ്ങിയതോടുകൂടി ജനലക്ഷങ്ങളുടെ സംസ്കാരത്തെ പ്രകീർ

ത്തിച്ചവർ ഉയരുകയും അല്പാത്തവർ തളരുകയും ചെയ്യുന്ന നീതിശാസ്ത്രമാണ് നാം ഇവിടെ കാണുന്നത്. ചുരുക്കത്തിൽ വള്ളത്തോളിനും ശങ്കരക്കുറുപ്പിനും പ്രശസ്തിയുടെ കാര്യത്തിൽ വിലയിടിവ് വന്നു കൊണ്ടിരിക്കുന്നതും ആശാന് വർദ്ധമാനമായി കാണുന്നതും അവർ ബോധപൂർവ്വം പിൻപററിയ ആർഷബൌദ്ധ സംസ്കാരങ്ങളുടെ ജനസ്വാധീനതയുടെ വ്യത്യാസം ഒന്നുകൊണ്ടുമാത്രമാണ്. എന്നാൽ ഈ ജനപ്രീതിയുടെ സംഗതിനോക്കിയല്ല കവികളാണോ അല്ലയോ എന്നു നോക്കേണ്ടത്. അതിന്റെ മാനദണ്ഡം കലാമൂല്യങ്ങളുടെ സ്ഥായീഭാവവും, സത്യസന്ധമായ പ്രതിപാദനവും, പുഷ്കലമായ രൂപാവിഷ്കരണവുമാണ്. ഇതിൽ വിജയിച്ചവർ കവികളാണ്, കലാകാരന്മാരാണ്. പക്ഷേ അവരുടെ പ്രസിദ്ധിയുടെ തോത് മിക്കപ്പോഴും ജനപക്ഷത്തുനിന്നുള്ള അഭിരുചിക്കും സാംസ്കാരികശക്തിക്കും വിധേയമായിട്ടായിരിക്കുമെന്നാണ് പറഞ്ഞുകൊണ്ടുവന്നത്.

സാന്ദർഭികമായി സാഹിത്യസംബന്ധമായ സംഗതികളിലേയ്ക്ക് അല്പം കടന്നു ചിന്തിച്ചത് ഇൻഡ്യയുടെ സ്വായത്തമായ ഈ രണ്ടു വിഭിന്നസാംസ്കാരിക സ്വാധീനതകളുടെ സാരാംശം എങ്ങനെ വിവിധ തുറകളിൽ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കുവാനാണ്. ഇതേ കാര്യങ്ങൾ ഭാരതീയന്റെ വ്യാപാരമണ്ഡലങ്ങളിലത്രയും ദൃശ്യമായി കാണുവാനൊക്കും. മാറിയപരിതഃസ്ഥിതിയിൽ ഈ സമാന്തരസാംസ്കാരിക ശക്തികളെ വ്യവച്ഛേദിച്ചറിയുന്നവർ രണ്ടിനേയും സുഘടിതമാക്കുവാനുള്ള ശ്രമങ്ങളാണ് ചെയ്യേണ്ടത്. സാംസ്കാരികവും വൈകാരികവുമായ ഉദ്ഗ്രഥനം ഈ സംഘട്ടനങ്ങൾ അവസാനിപ്പിക്കുവാൻ അനിവാര്യമാണ്. സാംസ്ക്കാരികപ്രവർത്തകരുടെ ഉന്നം അതായിരുന്നാൽ നന്നായിരിക്കും.

17

ഇൻഡ്യാ ചരിത്രത്തിന് ഒരു മുഖവുര

ഇൻഡ്യാചരിത്ര പഠനത്തിനൊരുങ്ങുന്ന ഏതൊരു ജിജ്ഞാസുവിനും നേരിടേണ്ടതായി വരുന്ന പ്രയാസം വളരെ വലുതാണ്. ലോകത്തിലെ മറെറാരു രാഷ്ട്രത്തിനെറയും ചരിത്രം ഇത്രമാത്രം വർണ്ണനാതീതമാംവണ്ണം വികലമല്ല. ഇവിടെ ചരിത്രപഠനംകൊണ്ട് സാധിക്കാവുന്ന മഹത്തായ നേട്ടങ്ങളെപ്പററി ആരും കാര്യമായി ചിന്തിച്ചിട്ടില്ല എന്നു തോന്നുന്നു. മനുഷ്യനെ മനുഷ്യനാക്കുകയും അവനിൽ തനെറ നാടിനോടും സഹജീവികളോടുമുള്ള ചുമതലാബോധം ഉളവാക്കുകയും ചെയ്യുക ചരിത്രപഠനത്തിന്നു ചെയ്യാവുന്ന സേവനങ്ങളിൽപ്പെട്ടതാണ്. സഹിഷ്ണുതയുടേയും സാംസ്കാരിക ദർശനങ്ങളുടേയും പ്രാഥമിക പാഠങ്ങളും പഠിക്കുന്നതും ചരിത്രത്തിൽ കൂടിത്തന്നെ. സ്വന്തം നാടിനെറ സാംസ്കാരിക പൈതൃകതലമോ രാഷ്ട്രീയ സാമൂഹിക സ്ഥിതിവിശേഷങ്ങളോ ധരിച്ചിട്ടില്ലാത്ത ആർക്കും സാമ്പത്തികമായ ആസൂത്രണവും ദേശീയമായ പ്രശ്നപരിഹാരമാർഗങ്ങളും സംഭാവന നൽകുവാൻ സാദ്ധ്യമല്ലെന്നു അസനിഗ്ദ്ധമായി പറയാനൊക്കും. പക്ഷേ നമ്മുടെ നാട്ടിൽ ചരിത്രത്തിനെറ ബാലപാഠം പോലും മനസ്സിലാക്കിയിട്ടില്ലാത്തവരാണ് ദേശീയ ബൃഹത് കാര്യങ്ങളും കൈകാര്യം ചെയ്യുക പതിവ്. അത്തരം പ്രവൃത്തികളുടെ പരിണിത ഫലങ്ങളും പലപ്പോഴും സംഭീതങ്ങളുമായിരിക്കും.

വൈകാരികോദ്ഗ്രഥനത്തെ യഥാർത്ഥമാക്കുവാൻ നിരന്തരം പ്രയത്നിച്ചുകൊണ്ടിരിക്കുന്ന ഇൻഡ്യൻ നേതൃത്വം ഏറ്റവും ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ് വസ്തുനിഷ്ഠമായ ചരിത്ര സംവിധാനം. നാം നമ്മുടെ തലമുറയ്ക്ക് പറഞ്ഞുകൊടുക്കുന്ന പാഠങ്ങൾ അവരുടെ മനസ്സിനെ അമർഷത്തിന്റെയും വിദ്വേഷത്തിന്റെയും തത്വശാസ്ത്രങ്ങളിലേയ്ക്ക് വലിച്ചിഴയ്ക്കുന്നവയാകരുത്. നിർഭാഗ്യമെന്നു പറയട്ടെ, ഇൻഡ്യാചരിത്രത്തിലെ പാഠങ്ങൾ മാനസികവും ശാരീരികവുമായ ഐക്യമുണ്ടാക്കുന്നതിന്നു പകരം വെറുപ്പും അരിശവും പരത്തുകയാണ് ചെയ്യുന്നത്. എല്ലാ നാടുകളിലും മാനസിക വികാസത്തിന്നും സാംസ്കാരികോന്നമനത്തിനും ദേശീയ ദാർഢ്യത്തിനും ജനകീയൈക്യത്തിനും വേണ്ടിയാണ് ചരിത്ര സംവിധാനം നടത്തിയിട്ടുള്ളത്. ഇൻഡ്യാചരിത്രം അവാച്യമാം വണ്ണം ലജ്ജാകരമായ ഒരപവാദമാണ് ഇക്കാര്യത്തിൽ. സാമുദായിക സൗഹാർദ്ദത്തിനു പകരം സംഘർഷങ്ങളും, വൈകാരികൈക്യത്തിന്നു പകരം ഒടുങ്ങാത്ത വിദ്വേഷവും, ദേശബോധത്തിന്നു പകരം കുടുസ്സായ പ്രാദേശികതയും, വർഗ്ഗവർണ്ണ സമന്വയത്തിനു പകരം, സങ്കുചിതങ്ങളായ വ്യത്യാസങ്ങളും, ബുദ്ധിപരമായ ഉല്ക്കർഷത്തിന്നു പകരം ചിന്താമണ്ഡലങ്ങളിൽ ആശയക്കുഴപ്പവും ആണ് നമുക്കു കിട്ടുന്ന പ്രതിഫലം. ഇത് പരത്തുന്ന വ്യാപകമായ വിനാശത്തിട്ടപ്പെടുത്തുവാനൊക്കാത്തമാതിരി ആഴത്തിലും വ്യാപ്തിയിലും അപ്രമേയമായിരിക്കുന്നു. ഇതു എങ്ങിനെ സംഭവിച്ചു എന്നും ദൂരവ്യാപകവും കനപ്പെട്ടതുമായ ഇതിന്റെ ഭവിഷ്യത്തുകളെ എങ്ങനെ ഉന്മൂലനം ചെയ്യാമെന്നും നാം കാര്യമായി ചിന്തിച്ചിട്ടില്ല. ചിന്തിക്കുന്നവർക്കിടയിൽത്തന്നെ രചനാത്മകമായ കർമ്മ പദ്ധതികളും വിരളമാണ്. നമ്മുടെ നാടിന്റെ രക്ഷക്കും വിഭിന്ന സമുദായങ്ങളുടെ സൗഹാർദ്ദ ജീവിതത്തിനും അനിവാര്യമായി വേണ്ടത് കൃത്രിമമായുണ്ടാക്കിയ വികലങ്ങളായ ചരിത്രാഭാസങ്ങളെ ക്രിയാത്മകമായി തിരുത്തി എഴുതുക എന്നത് മാത്രമാണ്.

ഇന്ന് മറേറതൊരു കാലത്തെക്കാളും സാമുദായിക സൗഹാർദ്ദവും, ദേശീയ ഐക്യവും നമ്മുടെ ഭാവികെട്ടിപ്പടുക്കുവാനത്യാവശ്യമാണെന്ന ധാരണ പരക്കെയുണ്ടായിട്ടുണ്ട്. ഈ നല്ല കാലാവസ്ഥയെ വിവേകപൂർവ്വം ഉപയോഗപ്പെടുത്തണം. പക്ഷേ അതിനൊരുമ്പെടുന്നവരുടെ ബുദ്ധിമുട്ടുകൾ ധാരാളമാണ്. വളരെക്കാലം സത്യമെന്ന് ഉത്ഘോഷിച്ചുപോന്ന അയഥാർത്ഥങ്ങളെ തപോനിഷ്ഠം മായ പ്രയത്നത്തിനു ശേഷമാണെങ്കിൽക്കൂടിയും ചോദ്യം ചെയ്യുവാനൊരുങ്ങുന്നവനെ പ്രോത്സാഹിപ്പിക്കുന്ന സമ്പ്രദായം നമുക്കിവിടെയില്ല. യാതൊരു പ്രചോദനവും നാം അവർക്ക് നല്കാറുമില്ല. രാഷ്ട്ര നിർമ്മാണത്തിനു ചിലവഴിക്കുന്നതു പോലെ തന്നെ പ്രാധാന്യം ചരിത്ര പുനർ നിർമ്മാണത്തിന്നും നൽകി ഭീകരമായ അവസ്ഥാവിശേഷത്തിൽ നിന്നും നാട്ടുകാരെ രക്ഷിക്കേണ്ട ചുമതലയുണ്ട്. അല്ലെങ്കിൽ കുമാര മഹാകവി പാടിയതു പോലെ.

''ചിന്തിക്കിൽ ജാതിമതാന്ധരടിച്ചുതമ്മി—
ലന്തപ്പെടും തനയരെന്തിനയേ സ്വരാജ്യം.''

ജലസേചന പദ്ധതികൾക്കും, ഉരുക്കു നിർമ്മാണ ശാലകൾക്കും ഖനവ്യവസായങ്ങൾക്കും മനുഷ്യന്റെ ജീവിതനിലവാരമുയർത്തുവാനൊക്കും., തീർച്ച തന്നെ. പക്ഷെ മതത്തിന്റേയും ജാതിയുടേയും പേരിൽ സഹോദരൻ സഹോദരന്റെ കഴുത്തറുക്കുന്ന നീചമായ അജ്ഞതയാണവശേഷിക്കുന്നതെങ്കിൽ ഈ നേട്ടങ്ങൾ നിഷ്പ്രയോജനങ്ങളാകുകയല്ലേ ഉള്ളൂ?

ചരിത്ര പുനർ നിർമ്മാണത്തിന്നൊരുങ്ങുമ്പോൾ പല സംഗതികളും കണക്കിലെടുക്കേണ്ടതുണ്ട്. എന്തുകൊണ്ട് നമ്മുടെ രാജ്യത്തിന്റെ ചരിത്രം മാത്രം ഇങ്ങനെ വിഷപങ്കിലമായിതീർന്നു? എങ്ങിനെ ഈ കെടുതിയിൽ നിന്നും മോചനം നേടാം? അതിന് ചെയ്യേണ്ട കാര്യങ്ങളെന്തൊക്കെ

ഇവയുടെ സാക്ഷാത്കാരത്തിന്നു പ്രതിബന്ധമായി നി ല്ക്കുന്ന ഘടകങ്ങളും ഏതെല്ലാം? ഇവയെല്ലാം യഥാർത്ഥമായി വ്യവച്ഛേദിച്ചറിഞ്ഞ് വിവേചനാപൂർവ്വം വി ഷയത്തെ കൈകാര്യം ചെയ്താൽ മാത്രമേ നമ്മുടെ ഭാവി സുനന്ദരമാക്കുവാനൊക്കു.

ഇൻഡ്യാചരിത്ര പഠനത്തിന് ഒരുങ്ങുന്ന വിദ്യാർത്ഥി ശ്രദ്ധാപൂർവ്വം കണക്കിലെടുക്കേണ്ട സുപ്രധാന കാര്യമാണ് നമ്മുടെ ചരിത്ര സംവിധാനത്തിൻറെ പ്രത്യേകത. വാസ്തവം പറഞ്ഞാൽ ബ്രിട്ടീഷ് ആധിപത്യത്തിന്നു ശേഷമാണ് നമുക്ക് ഏകീകൃതമായ ചരിത്രം എഴുതപ്പെട്ടു കിട്ടുന്നതു തന്നെ. ഇടക്കാലത്ത് ഒറ്റപ്പെട്ട പല ശ്രമങ്ങളും നടന്നിട്ടുണ്ടെങ്കിലും, അവിച്ഛിന്നമായ ഇൻഡ്യാ ചരിത്രത്തിൻറെ ക്രോഡീകരണം നടക്കുന്നത് ബ്രിട്ടീഷ് കാലഘട്ടത്തിലാണ്. കൃതജ്ഞതാപൂർവ്വം സ്മരിക്കേണ്ട ഉൽകൃഷ്ടമായ ഒരു സേവനമാണ് ബ്രിട്ടീഷ് പക്ഷത്തു നിന്നുമുണ്ടായത്. അതോർക്കുമ്പോൾ തന്നെ—അനിഷേധ്യമായ ഈ മഹൽ പ്രസ്ഥാനത്തിന്ന് ചിലവഴിച്ച ധനവും പ്രയത്നവും അർഹിക്കുന്ന വലുപ്പത്തിൽ വിലയിരുത്തി വീക്ഷിച്ചുകൊണ്ടുതന്നെ—അവരുടെ പ്രവൃത്തിയുടെ പിന്നിൽ പതിയിരുന്ന ചീത്ത പ്രവണതകളെ അപലപിക്കാതേയും നിർവ്വാഹമില്ല. ഇൻഡ്യൻ ജനതക്ക് ഒരിക്കലും മറക്കാനൊക്കാത്ത ബൃഹത്തായ ഈ സംഭാവന ചെയ്തപ്പോഴും ഒരിക്കലും ഉണക്കാനൊക്കാത്ത ആപൽകരമായ ഒരു മുറിവ് ഇൻഡ്യയുടെ കൃശമായ ശരീരത്തിൽ അവർ ഏല്പിക്കുകൂടി ചെയ്തു എന്ന പരമാർത്ഥം വേദനാകരമാണ്. അതിൽ നിന്നും അനുസ്യൂതം ചോര വാർന്നുകൊണ്ടിരിക്കുന്നു. ഈ മുറിവാകട്ടെ മനഃപൂർവ്വം ഉണ്ടാക്കിയതുമാണ്. ഇതിൻറെ പ്രതിഭാസങ്ങളും ഉൾക്കൊണ്ട ചേതോഹരമായ ചിന്താസരണിക്ക് മാത്രമേ ഇന്നിൻറെ പ്രതിവിധി വിജയപൂർവ്വം കണ്ടുപിടിക്കുവാനൊക്കു.

ബ്രിട്ടീഷ്കാർ അധികാരം പിടിച്ചുപററിയതു മുസ്ലീം രാജാക്കന്മാരിൽ നിന്നായിരുന്നു. രാഷ്ട്രീയ ചതുരംഗത്തിൽ തോൽവിപററിയതും അവർക്കുതന്നെ. യാദൃച്ഛികമായ ഈ തിരിച്ചടി ഓർക്കാപ്പുറത്തുള്ളതായിരുന്നു. മുസ്ലീം പ്രഭുത്വവും അധികാരം നശിച്ച നവാബുമാരും സമ്പന്നിയില്ലാത്ത ശത്രുതയാണ് ബ്രിട്ടീഷുകാരോട് പിന്നീട് കാണിച്ചത്. എന്നെങ്കിലും ഒരിക്കൽ അധികാരത്തിൽ അവരോധിക്കപ്പെടും എന്ന വിശ്വാസത്തോടുകൂടി കിട്ടിയ അവസരങ്ങളൊന്നും പാഴാക്കാതെ അക്ഷീണം അവർ ബ്രിട്ടീഷുകാരോടെതിരിട്ടു. പ്രഭുത്വത്തിന്റെ കൈയ്യിൽ കളിപ്പാവയായിരുന്ന മുസ്ലീം പൗരോഹിത്യം ബ്രിട്ടീഷ് വിരോധത്തിന്നു ഐസ്ലാമികമായ നിയമസാധുതയും പ്രഖ്യാപിച്ചു. അധികാരം പോയ മുസ്ലീം പ്രഭുത്വം കാര്യത്തപരമായ ഒരാവശ്യം നിർവ്വഹിക്കുകയായിരുന്നിരിക്കാം. ബ്രിട്ടീഷ് സേനയിലോ ഉദ്യോഗമണ്ഡലങ്ങളിലോ പ്രവേശിക്കുന്നത് ഒരു മുസ്ലീമിനെ സംബന്ധിച്ചിടത്തോളം ദൈവത്തിനും മതത്തിന്നും എതിരായുള്ള പ്രവർത്തിയായി വ്യാഖ്യാനിക്കപ്പെടുക മാത്രമല്ല സാർവ്വത്രികമായി അംഗീകരിക്കപ്പെടുക കൂടിചെയ്തു. പക്ഷേ ബഹദൂറിന്റെയും ടിപ്പുവിന്റെയും പതനത്തിനുശേഷമുള്ള നവീനമായ ഒരു കാലഘട്ടത്തിന്റെ തുടക്കംകുറിച്ചതിനുശേഷവും—ഇൻഡ്യൻ മുസൽമാന്മാർ മാറിയ പരിതഃസ്ഥിതികൾക്കനുസരിച്ച് പ്രവർത്തിക്കുവാൻ തയ്യാറായില്ല. ബ്രിട്ടീഷ് ശക്തി അപ്രധിരോധ്യമാണെന്നറിഞ്ഞിട്ടുകൂടി അവരുമായി രഞ്ജിക്കുവാൻ തയ്യാറായില്ല. രാഷ്ട്രീയാധികാരമോഹമാണ് തൽപര കക്ഷികളായ മുസ്ലീം പ്രഭുത്വത്തെ ഈ സംഘർഷാവസ്ഥയിലെത്തിച്ചതെങ്കിൽ, സാധാരണക്കാരെ വഴിപിഴപ്പിച്ചത് പൗരോഹിത്യത്തിന്റെ ദ്രോഹകരങ്ങളായ പ്രവൃത്തികളായിരുന്നു. ഒക്കെക്കൂടി ഒന്നിച്ചപ്പോൾ അവന്റെ നില നില്പിന്റെ കാര്യത്തിൽ ബ്രിട്ടീഷുകാരന് ശത്രുതമാത്രം കാട്ടിയിരുന്ന മുസ്ലീം സമുദായത്തെ അകറ്റി നിർത്തേണ്ടതായി വന്നു. രാഷ്ട്രീയാകാശത്തിൽ മുസ്ലീം പ്രഭുത്വത്തെ ഈസ്റ്റ് ഇൻ

ഡ്യാ കമ്പനി അവരുടെ പട്ടാളത്തിൽ നിന്നും ഒഴിച്ചു നിർത്തി. അത് അവരുടെ സുരക്ഷിതത്വത്തിന്നത്യാവശ്യവുമായിരുന്നു എന്ന് അവർ ദൃഢമായും വിശ്വസിച്ചിരുന്നതു കൊണ്ടുമായിരുന്നു.''[1]

അവരുടെ രാഷ്ട്രീയവും വ്യാവസായികവുമായ ഭാവി പരിരക്ഷിക്കുവാൻ ഇൻഡ്യൻ സമുദായങ്ങളിലേതെങ്കിലും ഒന്നിനെ പ്രീണിപ്പിച്ചാൽ മാത്രമേ സാദ്ധ്യമാകൂ എന്ന് രാഷ്ട്രീയമീമാംസാപടുക്കളായ ബ്രിട്ടീഷ് നയതന്ത്രജ്ഞന്മാർ ബോധപൂർവ്വം അറിഞ്ഞു പ്രവർത്തിച്ചു. അങ്ങനെ ബഹുഭൂരിപക്ഷമുള്ള ഹിന്ദു സമുദായത്തെ ഏതു നിലക്കും തങ്ങളുടെ പക്ഷത്തേക്ക് കൊണ്ടുവരുവാനുള്ള പരിശ്രമങ്ങളാണ് പിന്നീട് നടന്നത്, ഏതെല്ലാം പ്രസ്ഥാനങ്ങളും എന്തെല്ലാം കാര്യങ്ങളും ബ്രിട്ടീഷു പക്ഷത്തു നിന്നും ഇൻഡ്യൻ നവീകരണത്തിന്നു വേണ്ടി ചെയ്തിരുന്നുവോ, അവയിലെല്ലാം തന്നെ മനഃപൂർവ്വം സ്വന്തം താല്പര്യ സംരക്ഷണത്തിനായി ഹിന്ദു മുസ്ലീം സമുദായങ്ങളെ വേർതിരിച്ച് തമ്മിലടിപ്പിക്കുവാനുള്ള ശ്രമങ്ങളും കൂടി ഉടനീളം ഉൾപ്പെടുത്തിയിരുന്നു. ചരിത്രനിർമ്മാണവും ഈ പൊതു നയത്തിന്റെ പിടിയിൽ നിന്നും ഒഴിവാക്കപ്പെട്ടില്ല. അങ്ങനെയാണ് 'ഭിന്നിപ്പിച്ചു ഭരിക്കുക' (Divide and rule) എന്ന നയം ഉടലെടുത്തത്. അത് വൈദഗ്ദ്ധ്യത്തോടുകൂടി പ്രാവർത്തികമാക്കിയപ്പോഴും അതുവരെ സുന്ദരമായിരുന്ന ഇൻഡ്യൻ സമുദായം വികൃതമായി.

അറുനൂറിലധികം വർഷം സുഖമായി ഒരുമയോടുകൂടി ജീവിച്ചിരുന്ന ഒരു ജനത ഒരിക്കലും അടുക്കാത്ത രൂപത്തിൽ അകന്നുപോയ സ്ഥിതിയാണ് കഷ്ടിച്ച് 150 കൊല്ലത്തെ ബ്രിട്ടീഷ് ഭരണം മൂലമുണ്ടായത്. സമുദായ

1 Ramgopal-Indian Muslims Political History. P. 18

സംഘട്ടനത്തിന്റെ കഥ കുറിക്കാൻ ഭൂതക്കണ്ണാടിവെച്ച് സസൂക്ഷ്മം പരിശോധിച്ച് ആയാസപ്പെട്ട ബ്രിട്ടീഷ് ചരിത്രകാരന് നിരാശയാണ് മദ്ധ്യകാലത്തിലെ ഇൻഡ്യാ ചരിത്രം നൽകിയത്. മുസ്ലീം രാജാക്കന്മാർ മാറിമാറി ഇന്ത്യയെ ഭരിച്ച ആറു നൂറ്റാണ്ടിന്നിടയിൽ ഒരു സാമുദായിക ലഹളയെങ്കിലും നടന്നതായി എടുത്തു കാട്ടുവാൻ ഒരു ചരിത്രകാരനും ഇതുവരെ സാധിച്ചിട്ടില്ല. പക്ഷേ ബ്രിട്ടീഷ്നയം കലാവിരുതോടുകൂടി കൈകാര്യം ചെയ്യപ്പെട്ട പ്പോഴോ, ഈ നാട്ടിൽ ഹിന്ദു–മുസ്ലീം സമുദായങ്ങൾ കടുത്ത ശത്രുതയോടുകൂടി ആയിരക്കണക്കിന്ന് അന്യോന്യം കഴുത്തറുക്കുന്ന നീചവും നിന്ദ്യവും നികൃഷ്ടവുമായ ശോചാവസ്ഥയിലേക്കാണ് നിപതിച്ചത്. ഇതിന്റെ തുടർച്ചയായുള്ള വളർച്ച ഈ നാടിനെ കീറിമുറിച്ച് ഇന്നും ശത്രുതയിൽ മാത്രം കഴിയുന്ന രണ്ടു വ്യത്യസ്ത രാഷ്ട്രങ്ങളാക്കിയ വിവരം നമുക്കൊക്കെ അറിയാം. പാക്കിസ്ഥാന്റെ ജനനം യാദൃച്ഛികമായ ഒരു രാഷ്ട്രീയ സംഭവമല്ല. ബ്രിട്ടീഷ് നയത്തിന്റെ രാഷ്ട്രീയ കുബുദ്ധിയുടെയും സമുദായങ്ങളുടെ ഇടയിൽ നിരന്തരം പരത്തിയ വൈരാഗ്യത്തിന്റെയും വൈദ്യുത വേഗതയോടു കൂടിയ വിദ്വേഷത്തിന്റെയും പരിണിതഫലമായിരുന്നു അത്. സൗഹാർദ്ദത്തിൽ കഴിഞ്ഞിരുന്ന ഒരു ജനത ഒരിക്കലും അനുഭവിച്ചിട്ടില്ലാത്ത രീതിയിൽ അകലുവാനുള്ള കാരണങ്ങൾ അന്വേഷിക്കുമ്പോൾ, നാം കാണുന്ന ചരിത്രസത്യം ബ്രിട്ടീഷുകാരന്റെ ഭിന്നിപ്പിക്കൽനയമാണ്. അതിന്റെ പരിണിത ഫലങ്ങളേയും അത് വിരാചിച്ച രംഗങ്ങളേയും കുറിച്ച് മറ്റൊരധ്യായത്തിൽ പ്രതിപാദിക്കുന്നുണ്ട് മറ്റൊരധ്യായത്തിൽ. തന്മൂലം ഇവിടെ വിവരിക്കുന്നില്ല.

ഒരുകാര്യം തീർച്ച. ഹിന്ദു മുസ്ലീം സമുദായങ്ങളെ ഭിന്നിപ്പിച്ച് അകറ്റി നിർത്തി കലങ്ങിയ വെള്ളത്തിൽ സുഖമായി മീൻ പിടിക്കുക എന്നതായിരുന്നു ബ്രിട്ടീഷ് നയം. അതിവിടെ ഫലിക്കുകയും ചെയ്തു. ശക്തി

മത്തായ ഈ തന്ത്രം വിജയകരമായി പ്രയോഗിക്കുവാൻ ഉപയോഗിച്ച ഉപാധി ഇന്ത്യാചരിത്രത്തെ ആസകലം വളച്ചൊടിച്ച് അവസരത്തിനു യോജിച്ച വിധം പ്രചരിപ്പിക്കുക എന്നതായിരുന്നു.

ഇന്ന് ഹിന്ദുവും മുസൽമാനും യോജിക്കണമെന്നു പറയുമ്പോഴും വിയോജിപ്പിന്റെ വേര് എവിടെ കിടക്കുന്നുവെന്ന് തപ്പിപ്പിടിച്ച് അതിനെ ഉന്മൂലനാശം ചെയ്യേണ്ടതാവശ്യമാണ്. പ്രധാനമായും ആ വേര് ആണ്ടുകിടക്കുന്നത് ഇൻഡ്യാചരിത്രത്തിന്റെ ബ്രിട്ടീഷ് സംവിധാത്തിലാണ്. അധികാരം നഷ്ടപ്പെട്ട മുസ്ലീം പ്രഭുക്കന്മാരേയും നവാബുമാരേയും ഒറ്റക്കെട്ടുംസഹകരിപ്പിച്ചുകൊണ്ടുപോകുവാനാക്കുകയില്ലെന്ന മനസ്സിലാക്കിയ ബ്രിട്ടീഷുകാർ നിലനില്പിനുവേണ്ടി ഹൈന്ദവപ്രഭുത്വത്തെ വാഗ്ദാനങ്ങൾക്കൊണ്ടും വശീകരണോപധികൾകൊണ്ടും ആകർഷിച്ചു. മുസ്ലീം ഭരണത്തിൻകീഴിൽ കുറച്ചെങ്കിലും സംശയത്തോടുകൂടി വീക്ഷിക്കപ്പെട്ടിരുന്ന ഹൈന്ദവജനവിഭാഗം പുതിയ ഈ യജമാനന്മാരോട് അത്രയധികം വിപ്രതിപത്തി കാട്ടേണ്ട കാര്യമുണ്ടായിരുന്നില്ല. അവരെ സംബന്ധിച്ചിടത്തോളം യജമാനന്മാർ മാറിയെന്നല്ലാതെ രാഷ്ട്രീയ സാമൂഹിക സംവിധാനങ്ങളാകട്ടെ പഴയതുതന്നെയായിരുന്നു. സഹകരണഭാവം നീട്ടി മാടിവിളിക്കുന്ന ബ്രിട്ടീഷുകാരനെ ഒട്ടും മനസ്സാക്ഷിക്കുത്തുകൂടാതെ സേവിക്കുക ഹൈന്ദവ ഭൂരിപക്ഷത്തിന് ദുഷ്കരമായി തോന്നിയതുമില്ല. ദുർഗ്രഹമായ ഒരു രാഷ്ട്രീയ ജാലവിദ്യയുടെ കെണിയിൽ കുടുങ്ങുകയാണെന്ന് അന്നാരും കാര്യമായി ചിന്തിച്ചിരിക്കാനും വഴിയില്ല. ടിപ്പു പടക്കളത്തിൽ വീണുകിടക്കുമ്പോളും അദ്ദേഹത്തിന്റെ ദിവാനായിരുന്ന പൂർണ്ണയ്യ ബ്രിട്ടീഷ് അധിനിവേശത്തിനു ശേഷവും മൈസൂരിലെ ദിവാനായി തുടർന്നു. യജമാനൻമാർ മാറി എന്നതിൽ കവിഞ്ഞ് ദേശീയമായ ഒരുപകടമേഖലയിൽ വിഷ വായു വമിപ്പിക്കുകയാണ് തങ്ങളും ചെ

യുന്നതെന്ന് അവരാരും ഓർത്തില്ല. രാഷ്ട്രീയമായ ഉയർത്തെഴുന്നേല്പിനുള്ള ഒരു ചവുട്ടുപടിയായി അവർ പക്ഷേ ബ്രിട്ടീഷ് സഹായങ്ങളെ വീക്ഷിച്ചിരിക്കാം. ഏതായാലും നല്ല വാക്കുകൊണ്ടും അധികാരങ്ങൾകൊണ്ടും വാഴ്ത്തപ്പെട്ട ഹൈന്ദവ പ്രഭുത്വം ബ്രിട്ടീഷ്കാരോട് സംശയലേശമെന്യേ കൂറു കാണിച്ചിരുന്നു.

ഈ കൂട്ടുകെട്ട് അവിരാമം തുടരുന്നതിനും, നിർവ്വിഘ്നം ഭരണം നടത്തുന്നതിനും, ഹിന്ദുമുസ്ലീംകലഹം ഒന്നിക്കാതിരിക്കുക എന്ന മാർഗ്ഗമാണ് ബ്രിട്ടീഷ് കണ്ണിൽ കൗതുകകരമായി തോന്നിയത്. ഇൻഡ്യാചരിത്രം എഴുതാൻ തുടങ്ങിയപ്പോഴും ഈ അഭിനിവേശം അനായാസേന പ്രവർത്തിച്ചു. ഹൈന്ദവസമുദായത്തെ ഇഷ്ടപ്പെടുത്താനവർ എഴുതി, ഇൻഡ്യയ്ക്ക് പൗരാണികകാലഘട്ടത്തിൽ നിസ്തുലമായ ഒരു സംസ്കാരം ഉണ്ടായിരുന്നുവെന്നും നിരുപമമായിരുന്നു അതിന്റെ സാക്ഷാത്ക്കാരമെന്നും. നമ്മുടെ പ്രാചീന കാലഘട്ടത്തിൽ രാജാധിരാജന്മാരായ ധീരഭൂപതികൾ ഈ നാടിനെ സമ്പൽസമൃദ്ധിയുടെ വിളനിലമാക്കിയിരുന്നുവെന്നും, വിശ്വജേതാക്കളായ അവരുടെ കാലത്ത് ഇവിടെ പാലും തേനുമാണൊഴുകിയിരുന്നതെന്നും, വാനോളം പുകഴ്ത്തുന്നരീതിയിൽ നമ്മെ പ്രശംസിച്ചു. മുഖസ്തുതി കേൾക്കുക ആർക്കും അനിഷ്ടമുള്ള കാര്യമല്ലാത്തതുകൊണ്ട്, നാം അവയെ അതിന്റെ വാച്യാർത്ഥത്തിൽ അംഗീകരിച്ചു തലയാട്ടി. തുടർന്ന്, മദ്ധ്യകാലചരിത്രത്തിന് ഇതിന്ന് നേരേ വിപരീതമായ ചിത്രംകൊണ്ട് അവർ വൈവിധ്യം നൽകി. സുഖസംപൂർണ്ണമായിരുന്ന ഈ രാജ്യത്തേയും, സന്തോഷകരമായി കഴിഞ്ഞിരുന്ന ജനതയേയും, അവരുടെ ജീവിത സമ്പ്രദായങ്ങളേയും, മതാചാരങ്ങളേയും തകർക്കുവാനുള്ള ദൈവശാപമായിട്ടാണ് മുസ്ലീംഭരണത്തെ വരച്ചുകാട്ടിയത്. നമ്മെ കൊള്ളയടിക്കുകയും പരിപൂതമായ നമ്മുടെ ക്ഷേത്രങ്ങളെ നശിപ്പിക്കുകയും, പരിപാവനമായ നമ്മുടെ ആചാര സമ്പ്രദായങ്ങളെ

ധ്വംസിക്കുകയും, എന്നല്ലാ മത വിശ്വാസികളെ നിർബന്ധമായി മാർഗ്ഗം കൂട്ടുകയും ചെയ്ത ദുഷ്ടവും കിരാതവുമായ ഒരു ഭരണത്തിന്റെ രംഗ പ്രവേശമായിട്ടാണ് മദ്ധ്യ കാലഘട്ടത്തിന്റെ ചിത്രീകരണം. ഇങ്ങനെ വിശ്വാസം ഉലയ്ക്കപ്പെട്ട്, അധികാരം അടിയറവെയ്ക്കപ്പെട്ട്, ജീവിത സമ്പ്രദായങ്ങളും ഹോമിക്കപ്പെട്ട്, അരക്ഷിതമായി കഴിഞ്ഞിരുന്ന ഹൈന്ദവ സമുദായത്തെ, ഇസ്ലാമിന്റെ അടിമത്വത്തിൽ നിന്നും രക്ഷിക്കുവാൻ ദൈവദത്തമായി അയയ്ക്കപ്പെട്ട ദൂതൻമാരായിട്ടെന്നോണമാണ് ബ്രിട്ടീഷ് ആധിപത്യത്തെ വിശകലനം ചെയ്തത്. വിദേശികളായ ആക്രമണകാരികളും സ്വന്തം നില ഉറപ്പിക്കുവാനുണ്ടാക്കിയ ഈ ന്യായവാദം ദുരൂഹമായ ഒരു രാഷ്ട്രീയോപജാപം ആയിരുന്നുവെന്ന് നാം മനസ്സിലാക്കിയിരുന്നില്ല. ബ്രിട്ടീഷ് ഭരണത്തെ ഹൈന്ദവ സംരക്ഷണത്തിന്റെ പ്രതീകമാക്കിയപ്പോഴും, മുസ്ലീം ഭരണത്തെ സാമുദായികവൈരം പരത്തുവാൻ വേണ്ടി വളച്ചൊടിച്ചപ്പോഴും, അത്യുക്തിയോടു കൂടി പ്രാചീനങ്ങളായ നേട്ടങ്ങളെപ്പറ്റി വർണ്ണിച്ചപ്പോഴും അതിന്റെ പിന്നിലുള്ള കാപട്യം നാം മനസ്സിലാക്കിയില്ല.

ലോകത്തിലെ ഏതൊരു രാഷ്ട്രത്തിന്റെയും ചരിത്രം സൗകര്യാർത്ഥം പ്രാചീനം (Ancient) മദ്ധ്യമം (Medieval) നവീനം (Modern) എന്നിങ്ങനെ തരംതിരിക്കാറുണ്ട്. എന്നാൽ ഇന്ത്യ ചരിത്രത്തിന്റെ വിഭജനമാകട്ടെ, ഹൈന്ദവ മുസ്ലീം ബ്രിട്ടീഷ് ഘട്ടങ്ങളം (Hindu Period, Muslim Period and English Period) എന്നാണ്. ഈ ഒരൊറ്റക്കാര്യം മാത്രം കണക്കിലെടുത്താൽ മതി, എന്തായിരുന്നു അവരുടെ ഉദ്ദേശമെന്നു മനസ്സിലാക്കാൻ. കുറെയെങ്കിലും ആധികാരിക രേഖകളും അസുലഭമല്ലാത്ത മുസ്ലീം ഭരണകാല ചരിത്രത്തെ കരുതികൂട്ടി അലങ്കോലപ്പെടുത്തുവാൻ വേണ്ടി ബ്രിട്ടീഷ് ചരിത്രകാരന്മാർ ചില സാങ്കേതിക സംജ്ഞകൾക്ക് സൗകര്യപൂർ

വും അവരുടേതായ വ്യാഖ്യാനങ്ങളും നൽകിയതാണ് സുപ്രധാനമായ മറ്റൊരു സംഗതി. ഉദാഹരണമായി അമ്പലങ്ങളും പൊളിച്ചുവെന്നും, നിർബന്ധ മതപരിവർത്തനം നടത്തിയെന്നും, അപഹാസ്യമായ 'ജിസിയ' എന്ന ഒരു മത നികുതി ചുമത്തി ഹിന്ദുക്കളെ തരംതാഴ്ത്തിയിരുന്നുവെന്നും അവർ എഴുതിപ്പിടിപ്പിച്ചു.

വിമതസ്ഥരായ ആക്രമണകാരികളും അമ്പലം പൊളിച്ചത് മതവികാരത്തെ വ്രണപ്പെടുത്താനല്ലെങ്കിൽ സ്വന്തം മത ഭ്രാന്തിന്റെ അസഹിഷ്ണത കൊണ്ടായിരുന്നിരിക്കണം തീർച്ച. ശൈത്യ കാലാഗമനത്തോടുകൂടി എല്ലാ കൊല്ലവും തന്നോണം പടഹധ്വനിയുമായി ആർത്തിരമ്പിക്കയറിയ മുഹമ്മദ് ഗസ്നാ പതിനേഴു പ്രാവശ്യം ഈ നാട് കൊള്ളയടിച്ചു. പ്രസിദ്ധമായ സോമനാഥ ക്ഷേത്രംപോലും മുട്ടാളനായ ആ മ്ലേച്ഛന്റെ കവർച്ചയ്ക്കു വിധേയമായി. അതുപോലെ എത്രയെത്ര ക്ഷേത്രങ്ങളാണ് കൊള്ളയടിപ്പിക്കപ്പെട്ടിട്ടുള്ളത്. ഇതെല്ലാം സത്യംതന്നെ. എന്നാൽ ഈ ക്ഷേത്രങ്ങളെല്ലാം നശിപ്പിച്ചത് മതവിരോധം കൊണ്ടാണോ എന്നു നമ്മെ പഠിപ്പിക്കാറില്ല. ആക്രമണകാരികൾ മുസ്ലീംകളായിരിക്കുമ്പോൾ ക്ഷേത്രമേതെങ്കിലും കൊള്ളയടിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അത് മത വിരോധം കൊണ്ടായിരിക്കണമെന്നാണ് വിവക്ഷ. എന്നാൽ മറാത്ത ദേവൻ 1791 ൽ രഘുനാഥറാവു പഡ്വർദ്ധന്റെ നേതൃത്വത്തിൽ പ്രസിദ്ധമായ ശൃംഗേരിമഠം കൊള്ളയടിക്കുകയും അനവധിവൈദിക ബ്രാഹ്മണരെ കൊല്ലുകയും, ധനം അപഹരിക്കുകയും, മഠാധിപതിക്കുതന്നെ പ്രാണരക്ഷാർത്ഥം ഓടിപ്പോകേണ്ടതായി വരികയും ചെയ്ത കാര്യങ്ങളും എന്തിന്റെ വികാരാവേശംകൊണ്ടാണെന്ന് വ്യവഹരിക്കുവാനാകും. 'അമ്പലം പൊളിക്കൽ തൊഴിലാക്കിയിരുന്ന' ടിപ്പുവാണ്, ശൃംഗേരി സ്വാമികളുടെ അഭ്യർത്ഥന അനുസരിച്ച് സംരക്ഷണത്തിന്നു പട്ടാളത്തെ അയച്ചത് ആക്ര

മികളെ തുരത്തിയത്. [2] ഇത് ഒറ്റപ്പെട്ട സംഭവമല്ല. ഏത് രാജാവും നവാബും, മറ്റൊരു രാജ്യത്തെ ആക്രമിച്ചിട്ടുണ്ടെങ്കിൽ അമ്പലങ്ങളും കൊള്ളയടിച്ചിട്ടുണ്ട്. അതിനു പ്രത്യേക കാരണങ്ങളും ഉണ്ടായിരുന്നു.

കേരളത്തിലെ നാട്ടിൻപുറങ്ങളിൽ കാണുന്ന കാവുകളോ ചെറിയ ചെറിയ അമ്പലങ്ങളോ അല്ല ഇതുകൊണ്ടുദ്ദേശിയ്ക്കുന്നത്. വേണമെങ്കിൽ തിരുവനന്തപുരത്തെ ശ്രീപത്മനാഭസ്വാമിക്ഷേത്രം ഒരു ചെറിയ ഉദാഹരണമായി എടുക്കാമെന്നുമാത്രം. സോമനാഥക്ഷേത്രമോ, ഉത്തരമധുരാപുരിയിലെ ശ്രീകൃഷ്ണക്ഷേത്രമോ, അതുമല്ലെങ്കിൽ മധുരയിലേയും തൃശ്നാപ്പള്ളിയിൽ കാവേരിപ്പാലത്തിന്നപ്പുറത്തുള്ള സിരംഗപട്ടത്തേയും ക്ഷേത്രങ്ങളും കാണാൻ സാധിച്ചിട്ടുള്ളവർക്ക് വലിയ വിവരണത്തിന്റെ ആവശ്യം വരില്ല. മലയാളികളിൽ ആശയക്കുഴപ്പമുണ്ടാക്കാവുന്ന ഇക്കാര്യം സംശയദൂരീകരണത്തിന്നുവേണ്ടി അല്പമൊന്നു വിശദീകരിയ്ക്കുന്നുവെന്നുമാത്രം. ഈ അമ്പലങ്ങളൊക്കെത്തന്നെ വെറും ആരാധനാകേന്ദ്രങ്ങളും മാത്രമായിരുന്നില്ല. ഒട്ടനവധി ചതുരശ്രമൈൽ ഊക്കൻകോട്ടകളും ഗോപുരങ്ങളും കെട്ടി ബലിഷ്ഠമാക്കി നിറുത്തിയിരുന്ന രാജ്യത്തിന്റെ സിരാകേന്ദ്രങ്ങളായിരുന്നു അവ. ഈ വലിയ മതിൽക്കെട്ടിനകത്ത് റോഡുകളും ഗതാഗതങ്ങളും കച്ചവടകേന്ദ്രങ്ങളുമൊക്കെത്തന്നെ ഉണ്ടായിരുന്നു. സിരംഗപട്ടണത്തെ അതിശയകരമായ ഈ അമ്പലസംവിധാനം ഇന്നും ഒട്ടനവധി സന്ദർശകരെ ആകർഷിക്കുന്നുണ്ട്. നിങ്ങൾ ആദ്യം കാണുന്ന ഗോപുരവും കോട്ടയും കനത്ത കരിങ്കൽത്തൂണുകളുംകൊണ്ട് അജയ്യമായ മനുഷ്യപ്രയത്നത്തിന്നു മാത്രം സാധിയ്ക്കുന്ന വിധത്തിൽ സുശക്തമാക്കപ്പെട്ട

2. Bundle of letters in the temple of sringeri discovered by Shri. Narasimhachar in 1916, quoted by M. H. Khan, Tipu Sultan-P. 355.

താണ്. ആദ്യത്തെ ഗോപുരം കടന്നു ചെല്ലുന്നത് വീതി കൂടിയ റോഡിലേയ്ക്കാണ്. ഇതിന്റെ ഇരുവശത്തും വീടുകളും കച്ചവടകേന്ദ്രങ്ങളുമുണ്ട്. നാം പിന്നേയും നടക്കുന്നു. കുറേദൂരം കേറ്റയ്ക്കുകയറ്റം ചുറ്റുമ്പോൾ വീണ്ടും മറ്റൊരു ഗോപുരത്തിന്റെ അടുത്തെത്തും. അതു കടക്കുന്നതോടെ മറ്റൊരു ഗ്രാമക്കാരും കച്ചവട സന്നാഹങ്ങളുമാണ് സ്വീകരിക്കുക. ടാറിട്ട നല്ല റോഡുമുണ്ടതിനകത്ത്. ഇതെല്ലാം ചുറ്റിക്കടന്ന് വീണ്ടും മൂന്നാമത്തേയും, നാലാമത്തേയും തുടർന്ന് ഏഴുവരെ ഗോപുരവാതായനങ്ങളും കടന്നുചെല്ലുമ്പോഴാണ് ക്ഷേത്രസന്നിധിയിലെത്തുക. ചുരുക്കത്തിൽ ഏഴു പഞ്ചായത്തുകളെങ്കിലും ഇതിനകത്തുണ്ട്. ഒരു പടയോട്ടമുണ്ടാകുമ്പോൾ ആ രാജ്യത്തെ ജനങ്ങളാകമാനം രക്ഷാസങ്കേതം കണ്ടെത്തുന്നത് ഈ അമ്പലക്കോട്ടയ്ക്കകത്തായിരുന്നു. കൊള്ളയടിക്കുവാൻ വേണ്ടിമാത്രം കടന്നുവരുന്ന അക്രമി, ധനസംഭരണം നടത്തിയിട്ടുള്ള കേന്ദ്രങ്ങളെയാണ് ശരവുമാക്കുക. അക്കാലത്ത് അമ്പലങ്ങളെ രക്ഷാകേന്ദ്രങ്ങളും ഖജനാവുകളും ഹജ്ജ് ജുർകച്ചേരികളുമെല്ലാമായിരുന്നു. ബാബിലോണിയായിലും ഈജ്പ്തിലും ഈ സ്ഥിതിവിശേഷം വളരെക്കാലം നിലനിന്നുപോന്നിരുന്നു. അങ്ങനെ അമ്പലങ്ങളെ കൊള്ളക്കാരന്റെ കണ്ണിൽ കുന്നുകൂട്ടിയ സമ്പത്തിന്റെ കേന്ദ്രഭണ്ഡാരമായി മാറി. ഇതല്ലാതെ മറ്റൊന്നാണ് ഒരു കൊള്ളക്കാരന്റെ ആക്രമണത്തിന് വിധേയമാകുക. മുഹമ്മത് ഗസ്നായുടെ ആക്രമണത്തിനിരയായ നിരവധി ക്ഷേത്രങ്ങളെക്കുറിച്ചും അവയിൽനിന്നും സംഭരിച്ച ഭാരിച്ച കൊള്ളമുതലിനെപ്പറ്റിയും സമകാലീന ചരിത്രകാരൻമാരായ അൽബൈരൂണി, ഉത്ബി, ബൈഹാക്കി, ഹംദുള്ളാ മുസ്തൻഫി തുടങ്ങിയവരുടെ ഗ്രന്ഥത്തിൽ ധാരാളം ഉപയോഗപ്രദമായ പ്രതിപാദനങ്ങളുണ്ട്.[1] വീടു കൊള്ളയടിക്കുവാൻ വരുന്ന കവർച്ചക്കാരൻ വീട്ടുടമസ്ഥന്റെ ജാതി മതാദികളെ ശ്രദ്ധിക്കാത്തതുപോലെ,

1. അമ്പല ധ്വംസനത്തിന്റെ പിന്നിൽ എന്ന അദ്ധ്യായം നോക്കുക

കൊള്ളക്കാരൻ അമ്പലവും പള്ളിയും വേർതിരിച്ചിരുന്നില്ല.

''വ്യാപാരമേ ഹനനമാം വനവേമനുണ്ടോ
വ്യാപന്നമായ് കഴുകനെന്നു കപോതമെന്നും.''[4]

പക്ഷേ ബ്രിട്ടീഷുകാരന്റെ കൈയിൽ അമ്പലം പൊളിക്കൽ മതഭ്രാന്തിന്റെ ഉദാഹരണമാണ്. ഏറ്റവും വേഗം വിലപ്പോകുന്നതും, വികാരത്തിന് വേലിയേറ്റം സൃഷ്ടിക്കുവാനൊക്കുന്നതുമായ ഈ ദുഷ്പ്രചാരമാണ് അവരുടെ കൈയിലെത്തുപ്പുശീട്ട്. കേരളീയരായ നമുക്ക് അധികം പ്രയാസമില്ലാതെ എന്റെ വിശദീകരണം ശരിയാണോ എന്ന് പരീക്ഷിച്ച് തൃപ്തിയടയുവാൻ സാധിക്കും. കിഴക്കേക്കോട്ട, വടക്കേക്കോട്ട, പടിഞ്ഞാറേക്കോട്ട, തെക്കേക്കോട്ട, ഇങ്ങനെ നാലു പ്രവേശന ഗോപുര വാതിലുകളോടുകൂടിയ മതിൽക്കെട്ടിനകത്ത് ശ്രീ പത്മനാഭ സ്വാമി ക്ഷേത്രമുണ്ട്, ജനവാസമുണ്ട്, കച്ചവടമുണ്ട്, അപ്പോഴാ ബ്രിട്ടീഷ് വാദഗതി മനഃപൂർവ്വം നമ്മുടെ മതവികാരത്തെ കിക്കിളിപ്പെടുത്തി മുതലെടുക്കുവാൻ വേണ്ടി മാത്രമാണെന്ന് വ്യക്തമാണല്ലോ.

ഇതേ കാര്യം തന്നെയാണ് നിർബന്ധ മത പരിവർത്തനവാദത്തിന്റെ പിന്നിലുള്ളതും. മുസ്ലീം ഭരണത്തിന് എത്രയോ മുമ്പു തന്നെ, അറബിക്കടലിലെ അലമാലകൾ താണ്ടിയെത്തിയ അറബികൾ മലബാറിൽ ഇസ്ലാമിന്റെ അനുയായികളെ സൃഷ്ടിച്ചിരുന്നു. മാലിക് ഇബിനുദീനാറും മറ്റും പട്ടാളവുമായിട്ടല്ല ഇവിടെവന്ന് പള്ളിയും മറ്റും പണികഴിപ്പിച്ചത്. പോർച്ചുഗീസ് സഞ്ചാരിയും ഓഫീസറുമായിരുന്ന ബർബോസയുടെ ഭാഷ്യത്തിൽ ''വ്യവസായ പ്രമുഖരായ മലബാറിലെ മുസ്ലിംകൾ ഈ തീരപ്രദേശത്തെ ആ കമാനം ഇസ്ലാമിലേയ്ക്ക് കൊണ്ടുവരുമായിരുന്നു, പോർച്ചുഗീസുകാർ ഈ നാടിനെ ആക്രമിച്ചി

4. എൻ. കുമാരനാശാൻ- വീണപൂവ്.

രുന്നില്ലെങ്കിൽ. അവർക്ക് ഗുജറാത്തിലേയും ഡക്കാണിലേയും വ്യവസായപ്രമുഖന്മാരുടെ ആശീർവ്വാദവുമുണ്ടായിരുന്നു.''[5] രാഷ്ട്രീയാധികാരമോ ആയുധങ്ങളോ ഉപയോഗിച്ചല്ല പരിവർത്തനങ്ങൾ നടത്തിയിട്ടുള്ളത് എന്നു തെളിയിക്കുവാൻ മറെറാരുദ്ധരണികൂടി ഒരുപകഷേ സഹായകമായേക്കും ''നിരന്തരമായ മതപരിവർത്തനം ബ്രിട്ടീഷ് ഭരണത്തിൻകീഴിൽത്തന്നെ സംശയാതീതമാംവണ്ണം ഒരു കാര്യം വ്യക്തമാക്കി. രാഷ്ട്രീയാധികാരം ഉണ്ടാകട്ടെ, ഉണ്ടാകാതിരിക്കട്ടെ ഇസ്ലാം അവിരാമം ബംഗാളിൽ വികസിക്കുന്നുവെന്നതാണ് 1891—ലെ സെൻസസ് സൂചിപ്പിക്കുന്നത്, 1872നു ശേഷം വടക്കേ ബംഗാളിൽ പതിനായിരത്തിന് നൂറു വീതവും, കിഴക്കേബംഗാളിൽ 262 വീതവും പശ്ചിമ ബംഗാളിൽ 110 വീതവും ബംഗാൾ സംസ്ഥാനമൊട്ടാകെ നോക്കിയാൽ ശരാശരി 159 വീതവും വർദ്ധനയുണ്ടായി.''[6]

യഥാർത്ഥത്തിൽ ഒരു ഭരണാധികാരിയും തന്റെ രാജ്യത്തെ അപകടപ്പെടുത്തുന്ന ഇത്തരം പ്രവൃത്തികളൊന്നും ചെയ്യാറില്ല. ഹിന്ദുവാകട്ടെ, മുസ്ലീം ആകട്ടെ, കൃസ്ത്യാനിയാകട്ടെ ഭരണാധികാരികളും ഭരണാധികാരികളും തന്നെയാണ്. ഏതു രാജ്യത്തായാലും അവർക്കൊക്കെ പൊതുസ്വഭാവങ്ങളുമുണ്ട്. അവരൊക്കെ നൂറുശതമാനവും രാഷ്ട്രീയ നേതാക്കളായിരുന്നു. അല്ലാതെ മതപ്രചാരകന്മാരായിരുന്നില്ല. സ്വാർത്ഥത ജന്മസിദ്ധമായി കൈമുതലായ മനുഷ്യർ തന്റെ ഇരിപ്പടം ഇളകാതിരിക്കാൻ ശ്രമിക്കുക നൈസർഗ്ഗികമാണ്. ഇന്നത്തെ രാഷ്ട്രീയനേതാക്കന്മാരുടെതന്നെ അധികാരത്തിനു വേണ്ടിയുള്ള കോപ്രമാറ്റങ്ങൾ, അന്നത്തെ രാഷ്ട്രീയം കൈയ്യാളിയിരുന്ന രാജാക്കന്മാരുടേയും നവാബുമാരുടേയും ചെയ്

5. Duarte Barbosa - A description of the coast of East Africa and Malabar.
6. Census of India 1891 Vol III, PP 146–47

തികളെ തുലനം ചെയ്യാൻ ഉപകരിക്കും. ഇന്നും മതവി കാരങ്ങളേയും ജാതി മത വർഗ്ഗ വർണ്ണ വ്യത്യാസങ്ങളേ യും മുതലെടുക്കുന്ന രാഷ്ട്രീയ പാർട്ടികളും നേതാക്ക ന്മാരും നമ്മുടെ മുമ്പിൽത്തന്നെ ധാരാളമുള്ളപ്പോൾ, സ്വന്തമധികാരം അരക്കിട്ടുറപ്പിക്കുവാൻ, മതത്തെ മുത ലെടുത്തിട്ടുള്ള രാജാക്കന്മാരുമുണ്ടായിട്ടുണ്ട്. മതത്തെ അവ ജ്ഞയോടുകൂടി അവഗണിക്കുന്നതാണ് അവസരോചി തമെന്നു തോന്നിയ സന്ദർഭങ്ങളിൽ ഒട്ടും മനസ്സാക്ഷി ക്കുത്തുകൂടാതെ അതും ചെയ്തവർ മരണാധിപന്മാ രിൽ ദുർലഭമല്ല. രാജാക്കന്മാരുടെ പേരും ജാതിയും നോക്കി പ്രവൃത്തികളെ വിലയിരുത്തുവാൻ തുനിയു മ്പോഴാണ് ഈ കുഴപ്പങ്ങളൊക്കെ. അവരൊക്കെ അധികാ രമോഹികളായ ഓരോ കാലത്തെ രാഷ്ട്രീയക്കാരായിരു ന്നുവെന്നു കണക്കാക്കിയാൽ കുഴപ്പം തീർന്നു.

അധികാരം ദുരുപയോഗപ്പെടുത്തി മതപരിവർത്തനം നടത്തിയിരുന്നുവെങ്കിൽ അറുനൂറിൽപ്പരം വർഷം തുടർ ച്ചയായി മുസ്ലീം ആധിപത്യത്തിന്റെ തലസ്ഥാനമായ യു. പി. യിൽ പതിനൊന്നു ശതമാനം മാത്രം മുസ് ലീംകളം ആയിത്തീരുമായിരുന്നില്ല. ഒരു വലിയ കോ ളിളക്കത്തിന്നു സാക്ഷ്യം വഹിച്ച മൈസൂറിൽ ഇന്നും അഞ്ചു ശതമാനം മുസ്ലീംകളം മാത്രമേയുള്ളു. അതേ സന്ദർഭത്തിൽ മുസ്ലീം ഭരണം ഇല്ലാതിരുന്നിടങ്ങളിൽ കൂടുതലുമുണ്ട്. ഈ വിരോധാഭാസം ആരുടേയും സൃ ഷ്ടിയല്ല. നമ്മുടെ ക്രൂരമായ ജാതി സമ്പ്രദായത്തന്റെ അനിവാര്യഫലമാണ് ''തൊട്ടുകൂടാത്ത ഒരധികൃതൻ മത പരിവർത്തനം ചെയ്താൽ ഒരു മുസ്ലീം എന്ന നിലക്ക് അവന്നുവരുന്ന വ്യത്യാസം ഒരു ഹിന്ദു എന്നതിനോട് താരതമ്യപ്പെടുത്തുമ്പോൾ വളരെ എടുത്തുകാണിക്കത്തക്ക തായിരുന്നു. ഒരു ഹിന്ദുവെന്ന നിലക്ക് അവന്ന് പൊ തുകിണറ് ഉപയോഗിക്കാനർഹതയില്ലാതിരിക്കെ ഒരു മു സ്ലീമെന്ന സ്ഥിതിയിൽ അവകാശപൂർവ്വം അവനതു

പരിയോഗിക്കാനൊത്തിരുന്നു.''[7] സത്യസ്ഥിതി ഇതായിരിക്കുമ്പോഴും സ്വന്തം പാകപ്പിഴ കാണുവാൻ കഴിവില്ലാത്തതിന്റെ അപാകതകൊണ്ടാണ് നിർബന്ധ മതപരിവർത്തനത്തിന്റെ കെട്ടുകഥകളൊക്കെ അപ്പടി നാം വിശ്വസിച്ചുപോകുന്നത്.[8]

ഇതേമാതിരിയുള്ള മറെറാരു മിരട്ടുവിദ്യയാണ് മതനികുതിയെന്ന് കൊട്ടിഘോഷിക്കുന്ന 'ജിസിയ'യെപ്പററിയും പറയാനുള്ളത്. ഇത് മതനികുതി ആയിരുന്നുവോ അല്ലയോ എന്ന കാര്യം വിവാദപരമാണ്. തർക്കവിഷയമായ ഈ കാര്യത്തെക്കുറിച്ച് അത് മതനികുതിയായിരുന്നില്ലെന്നുമാത്രം തല്ക്കാലം പറഞ്ഞുപോവുകയാണ്. കാരണം 'ജിസിയ'യെ കൂലങ്കഷമായി ചർച്ച ചെയ്ത് വിശകലനവിധേയമാക്കിയിട്ടുള്ള അദ്ധ്യായം വേറെയുണ്ട്. ഇവിടെ ഇത് സൂചിപ്പിച്ചത് ബ്രിട്ടീഷുകാർ ജിസിയ മതനികുതിയാണെന്ന് സ്ഥാപിച്ച് സമുദായിക വിദ്വേഷം നിർലോഭം ആളിച്ചുവിട്ടുവെന്ന് കാണിക്കാനാണ്. മതനികുതി ചുമത്തിയ ഒരു രാജ്യവും ഒരിക്കലും മതസഹിഷ്ണുതയുടെ അവകാശവാദം പുറപ്പെടുവിക്കുവാൻ അർഹനല്ല. അപ്പോൾ ജിസിയ മതനികുതിയാണെങ്കിൽ അതു നടപ്പിലാക്കിയ രാജാക്കന്മാരൊക്കെത്തന്നെ മതഭ്രാന്തന്മാരായിരിക്കണം. അവരെക്കുറിച്ച് എന്തുവേണമെങ്കിലും എഴുതിപ്പിടിപ്പിക്കുകയും ചെയ്യാം. കാരണം ജിസിയ എന്ന ഇമ്പാച്ചിക്കാട്ടി അവരുടെ മുഖത്ത് എത്രകരിവേണമെങ്കിലും തേയ്ക്കാം.

ഈ വിദ്യ ശരിക്കും അവധാനപൂർവ്വം നടപ്പിലാക്കിയതാണ് നമ്മേതന്നെ ആവിശ്വസിച്ചു മനസ്സിൽത്തട്ടി ശപിക്കുവാൻ തുടങ്ങി. പകയുടെ പാപപങ്കിലമായ വിഷവിത്തുവോറാണ് അർദ്ധപ്രജ്ഞരായി വിശ്വസ്തരായ സുഹൃത്തുക്കളെപോലും തമ്മിലടിച്ചു. അനവധി മഹത്തു

7. Ram Gopal-Op. Cit. P. 95.
8. മതപരിവർത്തനത്തിന്റെ കഥ എന്ന അദ്ധ്യായം നോക്കുക.

ക്കൊക്കു ജന്മം കൊടുത്ത ഈ നാട് രക്തരൂഷിതമായി. സ്നേഹനിധികളായ ബുദ്ധനേയും മഹാത്മാഗാന്ധിയേയും പെറ്റ പവിത്രമായ ഈ രാജ്യം കൂട്ടക്കൊലകളുടെ കേളീരംഗമായി. അങ്ങനെ അവസാനം, കരചരണങ്ങളും മുറിക്കപ്പെട്ട് ചുടലയിൽ കിടക്കുന്ന വാസവദത്തയെപ്പോലെ ഈ നാടും ഛിന്നഭിന്നമായി, അംഗവൈകല്യം വന്ന്, ചോരവാർന്നുകൊണ്ട് ഇന്നും മോക്ഷത്തിനുവേണ്ടി ദാഹിച്ചുകൊണ്ടിരിക്കുകയാണ്. വാർന്നുകൊണ്ടിരിക്കുന്ന രക്തബിന്ദുക്കൾ രാഷ്ട്രശരീരത്തെ ആകമാനം തളർത്തിക്കളയും. വിളറി വിവശമായ ഈ നാട്ട് അന്ധകൂപത്തിൽ അടിയുന്നതിന് മുമ്പ് നാം ആ സമുദായിക സ്പർദ്ധയുടെ മുറിവ് ഉണക്കണം. അതിന്നുള്ള പ്രധാന മാർഗ്ഗം നൈപുണ്യത്തോടുകൂടി നമ്മിലടിച്ചേല്പിച്ച ഈ അടവുകളെ ഒഴിവാക്കി കനിവുള്ള മേല്ക്കാത്ത ചരിത്രരചനയാണ്.

18

മഹാനായ അശോകനും മഹാനായ അക്ബറും

ജനകീയ പ്രസ്ഥാനം സാർവ്വത്രികാംഗീകാരംനേടി സമുദായത്തിന്റെ മുഴുവൻ ജീവവായു ആയിത്തീരുന്ന ചില സന്ദർഭങ്ങളുണ്ട്. ഒരു കാലത്ത് നവംനവങ്ങളായ മതങ്ങളും പ്രിയങ്കരങ്ങളായ അവയുടെ ആശയാനുഷ്ഠാനങ്ങളും മനുഷ്യനെ അതീവ ആകർഷിച്ചിരുന്നു. മനുഷ്യന്റെ സംസ്കാരം എപ്പോഴൊക്കെ അന്ധവിശ്വാസാനാചാരങ്ങളിൽ വഴുതി വീണ് മലീമസമായ ദുർഗന്ധം വമിപ്പിച്ചിട്ടുണ്ടോ, അപ്പോഴൊക്കെ അവയെ ശുദ്ധീകരിക്കുവാൻ മഹാത്മാക്കളുമുണ്ടായിട്ടുണ്ട്. ചേറിൽനിന്ന് ചേതോഹരങ്ങളായ ചെന്താമരകൾ പൊന്തിവരുന്നത് കണ്ടിട്ടില്ലേ? അതുപോലെ ആത്മീയമായും ചിന്താപരമായും അചേതനത്വം സംഭവിക്കുന്ന സന്ദർഭങ്ങളിൽ ജീവനും ചലനവും നൽകുന്ന പ്രസ്ഥാനങ്ങൾ ഉടലെടുക്കുന്നു. കാലസാഹചര്യങ്ങളുടെ സന്തതികളത്രേ അവയ്ക്കൊക്കെ നേതൃത്വം കൊടുക്കുന്നവർ. മഹാത്മാക്കളെന്നും വലിയവരെന്നുമൊക്കെ ചരിത്രം പ്രശംസിക്കുന്ന പലരും കാലത്തിന്റെ പുത്തൻ പ്രസരങ്ങൾക്കൊത്ത് ഉയരുവാനൊത്തവരും, ക്രാന്തദർശിത്വത്തോടു കൂടി വീക്ഷണവൈഭവം പുലർത്തിയവരുമാണ്. എന്നാൽ അവസരവാദികളേയും ഒഴുക്കിനൊപ്പം നീന്തി കരപററിയവരേയും ഇക്കൂട്ടത്തിൽ കാണാം. ജനതയുടെ ഹൃദയത്തുടിപ്പുകൾക്കൊത്ത് ശ്വേഷിയോടുകൂടി പ്രവർത്തിച്ച

വരും വിരളമല്ല. വിശ്വാസപ്രമാണങ്ങളെ മുറുകെപ്പിടിച്ച് അറിഞ്ഞുകൊണ്ടുതന്നെ അവയ്ക്കുവേണ്ടി ജീവാഹുതി ചെയ്തവരും ദുർല്ലഭമല്ല. ജീവിതത്തിൽ ഏറ്റവും വലിയ പരാജയങ്ങളെ ധീരതയോടുകൂടി നേരിട്ട് വിസ്മൃതമായ സാമ്രാജ്യങ്ങളും സമ്പന്നമായ ജീവിതവും തുലച്ചവർ മഹാത്മാക്കളുടെ കൂട്ടത്തിലുണ്ട്. ചുരുക്കത്തിൽ ചരിത്രപുരുഷന്മാരിൽ പലരുടേയും വലിപ്പം നിർണ്ണയിക്കുന്നത് പല രീതിയിലാണെന്നുമാത്രം.

ഇൻഡ്യാചരിത്രത്തിലെ സംഭവബഹുലമായ രണ്ടു ദശാസന്ധികളെ അവസരോചിതമായി അഭിമുഖീകരിച്ച് വിജയശ്രീലാളിതരായവരാണല്ലോ മഹാനായ അശോകനും മഹാനായ അക്ബറും. ഇവരെക്കുറിച്ച് വിരചിതമായിട്ടുള്ള കഥകളും പ്രശംസാപത്രങ്ങളും ഏതൊരിൻഡ്യാക്കാരനേയും പുളകംകൊള്ളിക്കുന്നവയാണ്. പ്രാചീന മദ്ധ്യമ കാലഘട്ടങ്ങളിലെ തലയെടുപ്പുള്ള ഈ രണ്ടു മഹാത്മാക്കളെക്കുറിച്ചുള്ള ധാരണകളും അവരെപ്പറ്റി എഴുതിപ്പിടിപ്പിക്കപ്പെട്ടിട്ടുള്ള പക്ഷപാതപരമായ വസ്തുതകളും നിക്ഷ്പക്ഷമായ ഒരവലോകനത്തിനു വിഷയമാക്കുകയാണിവിടെ.

പേരെടുത്ത എല്ലാ ചരിത്രകാരന്മാരും പ്രശംസയുടെ ആവനാഴിയിൽ നിന്നും എടുക്കാവുന്ന എല്ലാ ഉപകരണങ്ങളും പ്രയോഗിച്ച് വാഴ്ത്തിയിട്ടുള്ള വീര പുരുഷനാണ് മഹാനായ അശോകൻ. അക്ബറെക്കുറിച്ചും ഏകദേശം ഐകരൂപ്യമുള്ള അതിഭാവുകത്വത്തോളമെത്തുന്ന പ്രശംസകളും അനവധിയാണ്. ഉൽകൃഷ്ടരായ ഈ കഥാപുരുഷന്മാരെക്കുറിച്ച് ധാരാളം അതിശയോക്തി കലർന്ന യക്ഷികഥകളും പ്രചാരത്തിലുണ്ട്. നമുക്ക് ഒരാളെക്കുറിച്ച് നല്ലതു പറയണമെന്നാഗ്രഹമുണ്ടെങ്കിൽ ആമുഖമായി ജനനത്തിനു മുമ്പു മുതലുള്ള ഗുണഗണങ്ങളെ പ്രകീർത്തിക്കുവാനൊരുമ്പെടുന്നു. ചൈനയും ഇൻഡ്യയും സുഹൃത്ബന്ധം പുലർത്തിയിരുന്ന പ

ഷേക്സ്പിയർശൈലിയുടെ കാലത്ത് ഇരുരാജ്യങ്ങളും തമ്മിലുള്ള സാംസ്കാരികവും വൈകാരികവുമായ ബന്ധം ആറായിരമോ അതിൽകൂടുതലോ കൊല്ലങ്ങൾക്ക് മുമ്പു മുതൽതന്നെ ഉണ്ടായിരുന്നതായി പ്രസ്താവിച്ചിരുന്നു. ചൈന ഇൻഡ്യയെ ആക്രമിച്ചപ്പോഴും നമ്മെ മാരകമായ ഒരു യുദ്ധത്തിലേയ്ക്ക് വലിച്ചിഴച്ചപ്പോഴും ഇൻഡ്യൻ പത്രങ്ങളും ചിന്തകന്മാരും ഗവേഷണ വൈഭവത്തോടുകൂടി പുറത്തിറക്കിയ കണ്ടുപിടിത്തം ഇൻഡ്യയും ചൈനയും തമ്മിൽ അയ്യായിരമോ ആറായിരമോ കൊല്ലത്തെ സാംസ്കാരികസംഘട്ടനവും അകൽച്ചയുമുണ്ടായിരുന്നുവെന്ന് ബോദ്ധ്യപ്പെടുത്താനായിരുന്നു. യുദ്ധതന്ത്രങ്ങൾക്കും രാഷ്ട്രീയനയകോവിദതയ്ക്കും ഇത്തരം പ്രചരണപരമായ പ്രസ്താവങ്ങൾ ചെയ്യേണ്ടതായി വരും. പക്ഷെ വഞ്ചിയ്ക്കപ്പെടുന്നവരെന്നും കണക്കാക്കുന്ന എല്ലാവരേയും ജനനം മുതൽ മരണംവരെ, സൽപ്രവർത്തികളുടെ കേദാരങ്ങളായി മാത്രം വ്യവഹരിക്കുവാൻ മിനക്കെടുന്നത് സത്യാന്വേഷണത്തേയും ഗവേഷണാസക്തിയേയും നിരുൽസാഹപ്പെടുത്തുന്ന പ്രവർത്തികളാണ്. അവർക്കുപറ്റിയ വീഴ്ചകളേയും കുറവുകളേയും ഒപ്പം എടുത്തുകാട്ടിയാൽ മഹൽ പ്രവർത്തികളുടെ ഉദാത്തമായ നേട്ടങ്ങൾക്ക് ഇടിവൊന്നും പറ്റുകയില്ല.

വിശ്വമഹാകവിയായ ഷേക്സ്പിയർ എന്ന ഒരു മനുഷ്യനേ ഉണ്ടായിരുന്നില്ലെന്നും, അക്കാലത്ത് ജീവിച്ചിരുന്ന ഏതോ ഒരാളുടെ തൂലികാനാമം മാത്രമായിരുന്നു അതെന്നും ചിലർ കണ്ടുപിടിച്ചിരിക്കുന്നു. അതുപോലെ തന്നെ ഏലിസബത്തുരാജ്ഞി പെൺവേഷം ധരിച്ച ഒരു പുരുഷനായിരുന്നുവെന്ന് സ്ഥാപിയ്ക്കുവാൻ ഉൽസുകനായ വിദ്യാർത്ഥിക്ക് അതിനുള്ള അവകാശം ഇംഗ്ലണ്ടിൽ നിഷേധിക്കപ്പെട്ടിട്ടില്ല. എന്നാൽ വാല്മീകിയേയൊ അശോകനേയോ ശിവാജിയേയൊക്കുറിച്ചുള്ള ഇന്നത്തെ വിശ്വാസങ്ങളെ ആരെങ്കിലും ആധികാരിക രേഖകളുടേയോയുക്തിസഹമായ തെളിവുകളുടേയോ വെളിച്ചത്തിൽപോലും

ചോദ്യംചെയ്യാൻ മുതിർന്നാൽ അവയത്രയും അപസ്വരങ്ങളായി ഇവിടെ പരിഹസിയ്ക്കപ്പെടുന്നു. അറിയാനും അന്വേഷിക്കുവാനും തിരയാനും കണ്ടെത്താനും തുനിയുന്ന ജിജ്ഞാസുവിന്റെ തൃഷ്ണ നമുക്ക് കുറഞ്ഞു കുറഞ്ഞു വരുന്നതിന്റെ കാരണവും ഇതുതന്നെയാണ്.

അശോകനെ പ്രസവിച്ചപ്പോഴും ആ അമ്മയ്ക്ക് യാതൊരു വക ശോകവും ക്ലേശവും ഉണ്ടാകാത്തതുകൊണ്ടാണ് കുട്ടിയ്ക്ക് 'അ'—ശോകൻ, എന്ന് നാമകരണം ചെയ്തതെന്നാണ് പ്രചാരത്തിലിരിയ്ക്കുന്ന ഒരു കഥ. മഹൽകൃത്യവും ചെയ്തുകൊണ്ടാണ് ആ കുട്ടി ഭൂമുഖത്ത് പിറന്നു വീഴുന്നതുതന്നെ, ഇത് അന്ധമായി വിശ്വസിപ്പിക്കുവാൻ സാധിച്ചാൽ പിന്നെ ആർക്കും ആ ബാലനിൽ നിന്നും അരോചകമായ ഒരു ചീത്ത പ്രവൃത്തിയും പ്രതീക്ഷിക്കുകയോ സങ്കല്പിയ്ക്കുക കൂടിയോ അസാദ്ധ്യമാണ്. തെളിവുകളേയും അതിലംഘിയ്ക്കുന്ന ഇത്തരം കഠിന വിശ്വാസങ്ങളെ സത്യാന്വേഷണത്തിന്റെ കതക് കൊട്ടിയടക്കുകയാണ്. വാസ്തവത്തിൽ ഏതൊരു മനുഷ്യസ്ത്രീയും അനുഭവിച്ച വേദനയും ക്ലേശവും ആ തള്ളയും അനുഭവിച്ചിരിയ്ക്കും.

അതും കടന്ന് ചരിത്ര വിവരണങ്ങളിലേയ്ക്കു വരുമ്പോൾ വേപഥുക്കൊള്ളിയ്ക്കുന്ന ഒരു സംഭവം അനുഭവപ്പെടും. അത് തന്റെ മൂത്ത സഹോദരന്മാർ നില്ക്കെത്തന്നെ അശോകൻ ചക്രവർത്തിയായി പ്രഖ്യാപിയ്ക്കപ്പെടുന്നതാണ്. പൊതുനിയമത്തിന് വിരുദ്ധമായ ഈ സ്ഥാനാരോഹണത്തിന്റെ പന്തികേടിലേയ്ക്ക് വിരൽ ചൂണ്ടുന്ന ഒരുത്തനെ ഏതൊരു പൊതുനിയമത്തിൽ നിന്നും ഒഴിവാക്കപ്പെടുന്ന ചിലരുണ്ട് എന്ന വാദഗതികൊണ്ട് വാകെട്ടുകയാണ് ചെയ്യുക. സ്ഥാനാരോഹണവും സിംഹാസനാരോഹണാഘോഷവും തമ്മിൽ ദീർഘമായ നാലു

സംവൽസരങ്ങളുടെ അന്തരം എന്തേ ഉണ്ടായി എന്നു ചോദിച്ചിട്ടും അർത്ഥമില്ല. അതിനും പറയാൻ ചില സമാധാനങ്ങളം കണ്ടേക്കും. ആരെങ്കിലും രാജാവായിക്കഴിഞ്ഞാൽ ആഘോഷാഡംബരങ്ങളോടുകൂടിയും പൂജായഃഗാദികളോടുകൂടിയും, കിരീടധാരണം വേഗം നടത്തുകയെന്നതാണ് പതിവ്. അശോകചക്രവർത്തിയുടെ കാര്യത്തിൽ ഈ നാലുകൊല്ലത്തെ താമസംവേണ്ടിവന്നത് ഒരു കാര്യം സൂചിപ്പിയ്ക്കുന്നുണ്ട്. സിംഹാസനാരോഹണത്തെ ചോദ്യം ചെയ്യുന്നവരുണ്ടായിരുന്നുവെന്നും, മാത്സര്യത്തിന്നും രക്തച്ചൊരിച്ചിലിന്നും ശേഷമായിരുന്നിരിക്കണം ആയുധശക്തിയുടെ കൊടുംകാറ്റ് അശോകനനുകൂലമായി വീശിയതെന്നും വേണം കണക്കാക്കുവാൻ. പോരെങ്കിൽ ബാല്യകാലത്ത് അശോകൻ വളരെ ക്രൂരനായിരുന്നുവെന്നും, അനേകം സഹോദരന്മാരെ കൊന്നൊടുക്കിയിട്ടാണ് അദ്ദേഹം സിംഹാസനം കരസ്ഥമാക്കിയതെന്നും 'മഹാവംശം' മുതലായ ബുദ്ധമത ഗ്രന്ഥങ്ങം പറയുന്നു. സിംഹള ഭാഷയിൽ, ഇതിന്ന് ഉപോൽബലകമായി സമകാലീന ചരിത്ര സമാഹാരങ്ങം ധാരാളം ഉണ്ടുതാനും.

എന്നാലും നമുക്ക് അദ്ദേഹത്തിൽ ഈ നീചതം സങ്കല്പിക്കുവാൻകൂടി സാദ്ധ്യമല്ല. അശോകൻ തന്റെ ശിലാശാസനങ്ങളിലൊന്നിൽ സഹോദരങ്ങളുടെ നാമങ്ങം ലിഖിതം ചെയ്തിട്ടുണ്ട് എന്നതുകൊണ്ടുമാത്രം ഇതിനെ നിഷേധിക്കുവാനൊരുമ്പെടുന്ന ചരിത്രകാരന്മാരാണധികവും. പ്രസിദ്ധമായ കുരുക്ഷേത്രയുദ്ധം തുടങ്ങി ഈ നാട്ടിലെ രാജവാഴ്ചയുടെ അന്ത്യം കുറിക്കുന്ന കാലംവരെ, ഓർമ്മിക്കുവാനൊക്കാത്തത്ര മത്സരങ്ങം, രാജവാഴ്ചയ്ക്കുവേണ്ടി സ്വന്തം സഹോദരന്മാർ തമ്മിൽ നടത്തിയിട്ടുണ്ട്. മദ്ധ്യകാലഘട്ടത്തിൽ വാളിന്റെ ശക്തിയാണ്, പിൻബലത്തിന്റെ പ്രാബല്യമാണ്, പടക്കളത്തിലെ വിജയമാണ്, ഒരു ചക്രവർത്തിയുടെ അനന്തരാവകാശി സന്താനങ്ങളിൽ ആരായിരിക്കണമെന്നു തീരുമാനിച്ചിരു

ന്നത്. പിൻതുടർച്ചാവകാശ യുദ്ധങ്ങൾക്കുശേഷം രാ
ജാവായി എന്നതുകൊണ്ടുമാത്രം അവരുടെ സത്പ്രവൃ
ത്തികളെ ചരിത്രം വിസ്മരിക്കുകയോ വിലയിടിച്ചു താ
ഴ്ത്തുകയോ ചെയ്തിട്ടില്ല. എന്നാലും അശോകനെപ്പ
റ്റി ഇത്തരം കാര്യങ്ങൾ പറയാനൊരുങ്ങുമ്പോൾ അവി
ശ്വസനീയമായ ഒരു തടസ്സം നേരിടുന്നു. തന്റെ സ
ഹോദരന്മാരുമായി പടവെട്ടി അധൃഷ്യമായ തന്റെ നേ
തൃത്വം അനിഷേധ്യമാം വണ്ണം സ്ഥാപിച്ച അശോകൻ
ധീരസേനാനിയായിരുന്നു. 'കൗടില്യ'ന്റെ 'അർത്ഥ ശാ
സ്ത്ര' വിധിക്കനുസൃതമായി രാജാവായ അശോകൻ സാ
മ്രാജ്യം വിപുലമാക്കുന്ന പ്രവൃത്തികളിൽ വ്യാപൃതനാ
യി. വലിയ ഒരു സേനയും സന്നാഹവുമായി ഇന്നത്തെ
ഒറീസ്സാ സംസ്ഥാനമായ കലിംഗയെ ആക്രമിക്കുവാ
നൊരുങ്ങി. കലിംഗരാജാവും പടയ്ക്കു തയ്യാറായി.
ഘോരഘോരമായ സംഘട്ടനം. നീണ്ട പല ദിനരാത്രങ്ങളി
ലെ രക്തച്ചൊരിച്ചിലിനും മനുഷ്യാഹുതിക്കും ശേഷം
മഗധാധിപതിയുടെ രക്തപങ്കിലമായ ഖഡ്ഗങ്ങൾ വി
ശ്രമത്തിന്റെ മണിയറയിൽ സുഖസുഷുപ്തികൊണ്ടു.
കലിംഗരാജ്യം മഗധസാമ്രാജ്യത്തോടു കൂട്ടിച്ചേർക്കപ്പെട്ടു.
കലിംഗയിൽ അവശേഷിച്ച രാജകീയ ബന്ധുക്കളത്രയും
വധിക്കപ്പെട്ടു. ഉദ്ദിഷ്ടകാര്യം മിക്കവാറും സഫലീകൃ
തമായി. നമ്മുടെ ചരിത്രകാരന്മാരൊക്കെ നമ്മെ വിശ്വ
സിപ്പിക്കുന്നത് കലിംഗയുദ്ധത്തിൽ മൃതിയടഞ്ഞ മൂ
ന്നു ലക്ഷത്തോളം വരുന്ന പടയാളികളുടെ ചുടുനിണ
വും ദുർഗന്ധം വമിച്ചു തുടങ്ങിയ പ്രേതങ്ങളുമാണ് അ
ശോകനിൽ മാനസികാസ്വാസ്ഥ്യം വളർത്തിയതെന്നും
യുദ്ധം മതിയാക്കി സമാധാനത്തിന്റെ സന്ദേശ വാഹക
നായി മാറാനദ്ദേഹത്തെ പ്രേരിപ്പിച്ചതെന്നുമാണ്. നീതി
ക്കും യുക്തിക്കും യോജിക്കാത്ത ഈ നിഗമനം ഇതുവ
രെയും ചോദ്യം ചെയ്യപ്പെട്ടിട്ടില്ലെന്നത് അത്ഭുതകരമാ
യിരിക്കുന്നു.

ബിന്ദുസാരൻ ജീവിച്ചിരിക്കുമ്പോഴത്തന്നെ തക്ഷശിലയിലേയും ഉജ്ജയിനിയിലേയും വൈസ്രായി ആയിരുന്ന അശോകൻ പല പടക്കളവും കണ്ടവനാണ്. അല്പാതെ ചരിത്രകാരന്മാർ പറയുന്നതുപോലെ ആദ്യത്തേതും അവസാനത്തേതുമായിരുന്നില്ല കലിംഗ യുദ്ധം. സംസ്ഥാന വൈസ്രായി എന്ന നിലയിൽ അനവധി കലഹങ്ങളും ലഹളകളും അദ്ദേഹം വിജയപൂർവ്വം കൈകാര്യം ചെയ്തിട്ടുണ്ട്. പിതാവായ ബിന്ദുസാരന്റെ യുദ്ധങ്ങളിൽ അവിതർക്കിതമാംവണ്ണം തന്റെ യുദ്ധനൈപുണ്യം പ്രദർശിപ്പിച്ചു സ്ഥാപിക്കുവാനൊത്തതുകൊണ്ടാണ് മൂത്ത സഹോദരന്മാർ ജീവിച്ചിരിക്കേ മഗധസാമ്രാജ്യം തനിക്കു ലഭിക്കുന്നതിനുവേണ്ടിയുള്ള മത്സരത്തിൽ പ്രഭുവർഗ്ഗം അശോകനെ പിൻതാങ്ങിയത്. പട്ടാളവും പ്രഭുക്കന്മാരും അശോകനിൽ ധീരോദാത്തനായ ഒരു വിശ്വജേതാവിനെ ദർശിച്ചിരുന്നതുകൊണ്ടാണ് അവരുടെ സഹായം നിർല്ലോഭം അശോകനുലഭിച്ചതും. മഹാനായ ഒരു ചക്രവർത്തിയെ നമ്മുക്കുകിട്ടിയതും. ഒരു യുദ്ധത്തിൽ എന്തൊക്കെ സംഭവിക്കുമെന്നും അതിന്റെ കെടുതികളും എത്രമാത്രമാണെന്നുമൊക്കെ അനുഭവപാഠംകൊണ്ട് അറിഞ്ഞിരുന്നവനായിരുന്നു അശോകൻ. ഓർക്കാപ്പുറത്ത്, പ്രതീക്ഷയ്ക്കു വിപരീതമായി ഏല്ക്കുന്ന കനത്ത പ്രഹരമാണ് മനശാസ്ത്രദൃഷ്ട്യാ മനസ്സിനെ ഉലയ്ക്കുന്നതും വിരക്തിയുണ്ടാക്കുന്നതും. കലിംഗയുദ്ധത്തിൽ അപ്രതീക്ഷിതമായൊന്നുമുണ്ടായില്ല. ഏതു യുദ്ധത്തിലും സംഭവിക്കുന്ന കാര്യങ്ങളതന്നെ അവിടെയും നടന്നു. പക്ഷെ അശോകനെ സംബന്ധിച്ചിടത്തോളം അത് ബുദ്ധമതാനുയായി ആകുവാൻ പ്രേരണ നൽകിയെന്നു പറയുമ്പോൾ ചില സംഗതികളംകൂടി കണക്കിലെടുക്കേണ്ടതുണ്ട്.

(1) കലിംഗയുദ്ധം അവസാനിച്ചപ്പോൾ മാത്രമല്ല ജനങ്ങൾ മരിച്ചുവീണത്. തുടക്കംമുതൽ ആയിരക്കണക്കി

നു കുന്നുകൂടിയ പ്രേതങ്ങളെ ചവിട്ടിമെതിച്ചാണ് നിത്യേന മുന്നേറേണ്ടതും നടത്തിയത്. മാനസികപരിവർത്തനം വേണമെങ്കിൽ ആദ്യദിവസംതന്നെ ആകാമായിരുന്നു. (2) കലിംഗരാജ്യം കീഴടങ്ങിയിട്ടും അതിലെ നാടുവാഴിയേയോ രാജകുടുംബത്തിൽപ്പെട്ടവരേയോ നിഗ്രഹിച്ചശേഷമാണ് ഈ വെളിച്ചപ്പാടുണ്ടാകുന്നത്. (3) കലിംഗത്തെ അശോക സാമ്രാജ്യത്തോടുകൂടിച്ചേർത്ത് രാജ്യവിസ്തൃതി നേടുകയെന്ന ലക്ഷ്യം സഫലമായതിനുശേഷവുമാണ് ഈ തോന്നലുണ്ടാകുന്നത്. (4) അയൽരാജ്യമായ കലിംഗത്തോട് ഇത്രയും ഘോരമായ യുദ്ധംവേണ്ടിവന്നപ്പോഴും ദുർഘടമാർഗ്ഗങ്ങളിലൂടെ വിദൂരരാജ്യങ്ങളെ കീഴടക്കുവാൻ മുതിരുന്നത് ആത്മഹത്യാപരമായ അപായങ്ങളിൽ ചാടിക്കില്ലേ എന്ന ചിന്ത ന്യായമായും അശോകനെ വശീകരിച്ചിരിക്കണം. അതല്ലായിരുന്നുവെങ്കിൽ കലിംഗ രാജ്യത്തെ നിഗ്രഹം അടിച്ചമർത്തപ്പെട്ട സ്ഥിരം സൃഷ്ടിക്കുകയില്ലായിരുന്നു. നിരപരാധികളായ ഒട്ടനവധി ആളുകളുടെ ഹത്യയ്ക്കിടവരുത്തുകയും ചെയ്യുകയില്ലായിരുന്നു. (5) അതല്ലെങ്കിൽ പരാജിതമായ കലിംഗരാജവംശത്തോട് ഒരു പ്രായശ്ചിത്തമെന്നനിലയിൽ ആ രാജ്യമെങ്കിലും തിരിച്ചേല്പിക്കുമായിരുന്നു. തന്നോടെതിരിട്ട ഏക ഇൻഡ്യൻ ചക്രവർത്തിയായ പോറസ്സിനെ ആദരപൂർവ്വം ബഹുമാനിച്ച് തന്റെ ഇൻഡ്യൻസാമ്രാജ്യത്തിന്റെ അധിപതിയായിവാഴിച്ച അലക്സാണ്ഡറുടെ കൃത്യത്തിനും കലിംഗരാജ്യത്തെ കീഴടക്കി സ്വന്തം സാമ്രാജ്യവിസ്തൃതി വർദ്ധിപ്പിച്ച അശോകന്റെ പ്രവൃത്തിയ്ക്കും തമ്മിൽ മഹത്വത്തിന്റെ കാര്യത്തിൽ വളരെ അന്തരമുണ്ട്.

•

പക്ഷേ പരമാർത്ഥമെന്തായിരുന്നു? ഇൻഡ്യയിലെല്ലായിടത്തും ഒരേ രീതിയിൽതന്നെ പ്രചരിച്ച ബുദ്ധമത സന്ദേശം ഭാരതീയ സംസ്കാരത്തിന്റെ സ്ഥായിഭാവമായിത്തന്നെ തീർന്നിരുന്നു. അതിന്റെ സമാധാനപരവും സ്നേഹപരവും ആയ സന്ദേശം എല്ലാ ഇഡ്യാക്കാരന്റെയും ഭാഗമായി

ലും നീരിലും കലർന്നിരുന്നു. രാജ്യം സമാധാനമാണാവശ്യപ്പെട്ടിരുന്നത്, യുദ്ധമല്ല. ജനങ്ങൾ സ്നേഹത്തിലാണ് വിശ്വസിച്ചിരുന്നത്,വൈരാഗ്യത്തിലല്ല. അഹിംസയായിരുന്നു ഇവിടെ ഉരുവിട്ടുകൊണ്ടിരുന്ന മഹാമന്ത്രം. ഹിംസയ്ക്കിടമുണ്ടായിരുന്നുമില്ല. ഇത്തരം പരിതസ്ഥിതിയിൽ ഏതു രാജാവിനും ജനഹിതത്തിനുവിപരീതമായി പ്രവർത്തിക്കുക ദുസ്സാദ്ധ്യമാണ്. 'പരിതോവസ്ഥയുടെ സൃഷ്ടിയാണ് മനുഷ്യൻ' എന്നു പറയുന്നതിന്റെ അർത്ഥവും ഇതുതന്നെ. നിസ്സീമമായ സ്നേഹസമാധാനാവേശങ്ങളുടെ അലതല്ലൽ ശ്രവിച്ച അശോകൻ കാലത്തിനൊത്തുയർന്ന് രാജ്യത്തിന്റെ ശീതോഷ്ണാവസ്ഥ മനസ്സിലാക്കി അവസരോചിതമായ ഒരു മുതലെടുപ്പു നടത്തിയതാണ് ഈ മതപരിവർത്തനം. അല്ലാതെ അപ്രതീക്ഷിതമായുണ്ടായ മരണ മാരണങ്ങളുടെ മാനസികപ്രക്രിയ ആയിരുന്നില്ല അത്.

സന്ദർഭങ്ങളെ വേണ്ടംവണ്ണം പ്രയോജനപ്പെടുത്തി അധികാരത്തിന്റെ പാരമ്യത്തിലെത്തിയ ധീഷണാലികരും വിരളമെങ്കിലും ചരിത്രത്തിൽ പരതിനോക്കിയാൽ പേരിനെങ്കിലും കാണാതിരിക്കുകയില്ല. ജനകീയാവേശത്തെ സ്വന്തം അധികാരത്തിന്റെ അതിർത്തി വിപുലപ്പെടുത്തുവാൻ ഉപയോഗിച്ചവർ അശോകനുശേഷവുമുണ്ടായിട്ടുണ്ട്. അവരിൽ പ്രധാനികളത്രേ അക്ബറും ഹെൻട്രി എട്ടാമനും. ഒരേ സമയം സീസറും പോപ്പുമാകാൻ ശ്രമിച്ച ഈ രാജദ്വയം പൊതുജനാവേശത്തെ എങ്ങിനെസ്വന്തം ഉല്കർഷത്തിന്നു വിനിയോഗിക്കാമെന്നതിന്റെ അസാമാന്യമായമാതൃകകളാണ്. മതവും രാഷ്ട്രവും—പൌരോഹിത്യവും രാജാധികാരവും—അതീയത്വവും ഭൌതികത്വം തമ്മിൽ ഏതാണ് പരമാധികാരിയെന്നു സ്ഥാപിക്കുവാൻ എല്ലാനാട്ടിലും നിരന്തരമായപോരാട്ടങ്ങൾ നടത്തിയിട്ടുണ്ട്. വൈദികബ്രാഹ്മണത്വവും ക്ഷാത്രിയ രാജത്വവും തമ്മിൽ സുദീർഘമായി നടന്ന സംഘട്ടനങ്ങളുടെ പര്യവസാനം ബുദ്ധമതത്തിനു പിറവികൊടുത്തു. അതിന്റെ സാക്ഷാത്തായ സ്നേ

ഹസമാധാനസിദ്ധാന്തങ്ങളും സാർവ്വലൗകികമായംഗീകരിച്ചു് ആദരിച്ചനുസരിച്ചുപോന്ന ഒരു ജനതയും ഈ നാട്ടിലുണ്ടായി. സാവ്വത്രികമായ ഈ ആദർശനിഷ്ഠയുടെ പ്രഗല്ഭമായ പ്രകാശനമാണു് അശോകനെ കീഴടക്കിയതു്. ജനങ്ങളുടെ രാടഷ്ട്രീയാധികാരം മാത്രമല്ല, ആത്മീയനേതൃത്വവുംകൂടി ഏറെറടുത്തു് പ്രിയങ്കരമായ ഒരു പദവിയെത്തലങ്കരിക്കുകയാണു് അശോകൻ ചെയ്തതു്. ജനങ്ങളിച്ഛരിച്ചതു് അവർക്കു ലഭിച്ചു. സംതൃപ്തരായ സാധുബൌദ്ധനുമാർ അശോകനെറ നേതൃത്വം ലൌകികവും ആത്മീയവുമായ കാര്യങ്ങളിലംഗീകരിച്ചു. ജനഹിതത്തിനു വിപരീതമായി – കാലാവസ്ഥയ്ക്കു വിരോധമായി--പടയോട്ടം നടത്തുന്നതിനേക്കാളും പ്രധാനം ജനഹൃദയങ്ങളിൽ പ്രീതിയും ബഹുമാനവും സമ്പാദിക്കുകയെന്നതാണു്. ഉത്തമനായ ഒരു രാഷ്ട്രമീമാംസകനെറ ബുദ്ധികൗശലമാണു് ഇവിടെ നാം അശോകനിൽ കാണുന്നതു്. മഹാനായ ഒരു നേതാവിനെറ അസൂയാർഹമായ പ്രശസ്തിയാണു് അദ്ദേഹത്തിനു ലഭിച്ചതും.

ഇതേ അദ്ധ്യായത്തിനെറ ഏകദേശാവർത്തനമാണു് അക്ബറുടെ കാലവും കുറിക്കുന്നതു്. പിതാവായ ഹുമയുൺ, ഷെർഷയാൽ പരാജിതനാക്കപ്പെട്ടു പേർഷ്യയിലേക്കു രക്ഷയുംതേടിപോകുന്ന വഴിക്കാണു് തനെറ പട്ടമഹർഷി ഒരു കുഞ്ഞിനു ജന്മം കൊടുത്തതു്. സാഹചര്യത്തിനെറ സമ്മർദ്ദംമൂലം ഹുമയൂണിനു് തനെറ ഈ കുഞ്ഞിനെ, സഹോദരനും കാബൂളിലെ ഭരണാധിപനുമായകമ്രാനെ ഏല്പിച്ചിട്ടു് പേർഷ്യയിലേക്കു പോകേണ്ടതായിവന്നു. ഹുമയൂൺ,ഷെർഷായുടെപിൻഗാമികളിൽ നിന്നും ഈ രാജ്യം വീണ്ടും പിടിക്കുമ്പോഴേക്കും ആ കുട്ടിക്കു് പന്ത്രണ്ടു വയസ്സേ പ്രായമുണ്ടായിരുന്നുള്ളു. ഹുമയൂൺ പേർഷ്യൻ ചക്രവർത്തിയുടെ സഹായത്തോടുകൂടി വലിയ ഒരു സേനയുമായി തനെറ നഷ്ടപ്പെട്ട സാമ്രാജ്യം വീണ്ടെടുക്കുവാൻ വേണ്ടി പുറപ്പെട്ടിരിക്കുകയാണു്. താൻ സഹായവും പ്രോൽസാഹനവും പ്രതീക്ഷിച്ചിരുന്ന തനെറ സഹോദരനാണു് ആദ്യം തന്നെ തടഞ്ഞുനിർത്തിയ

ത്. കാബൂൾവഴി പോരുവാനുള്ള അനുവാദം രാജാവായ സ്വന്തം സഹോദരൻതന്നെ ഹുമയൂണിനു നിഷേധിച്ചു. നിവൃത്തിയില്ലാഞ്ഞപ്പോൾ ഹുമയൂണിന്, കമ്രാനുമായി പടവെട്ടേണ്ടതായി വന്നു. യുദ്ധം കൊടുമ്പിരിക്കൊണ്ടിരിക്കുമ്പോൾ തന്റെ പരാജയം ഏറെക്കുറെ മനസ്സിലാക്കിയ കമ്രാൻ, ഹുമയൂൺ തന്നെ ഏല്പിച്ച് താൻ വളർത്തിപ്പോറ്റിയ ആ കുട്ടിയെ വെടിയുണ്ടകൾ ചീറിപ്പായുന്ന പടക്കളത്തിൽ പ്രതികാരത്തോടുകൂടി പ്രദർശിപ്പിച്ചുകൊണ്ടിരുന്നുവെന്നും കമ്രാന്റെ പ്രധാന പ്രതിരോധ സൂത്രങ്ങളിലൊന്നിതായിരുന്നുവെന്നും കനത്ത ഷെൽ പ്രയോഗം നടന്നിട്ടും ആ കുട്ടി കേടുപാടു കൂടാതെ രക്ഷപ്പെട്ടുവെന്നും ഉള്ള അത്ഭുതകരമായ കഥയാണ് ചരിത്രകാരന്മാർ പറയുന്നത്. ആ കുട്ടി അക്ബറായിരുന്നു. ഹുമയൂൺ കാബൂളിലെ യോദ്ധാക്കളെ പരാജിതരാക്കി തള്ളിനീക്കി തന്റെ ലക്ഷ്യമായ ഡൽഹിയിലേയ്ക്കു നീങ്ങി.

ഇവിടെ സംഗതമായിട്ടുള്ള ഒരു ചോദ്യം കമ്രാൻ തന്റെ സഹോദരനോട് പ്രതികാര ദുർമ്മോഹത്തോടുകൂടിയും കുട്ടിയെ കൊല്ലണമെന്ന ആഗ്രഹത്തോടു കൂടിയുമാണ് വെടിയുണ്ടകൾ ചീറിപ്പായുന്ന പടക്കളത്തിൽ യുദ്ധത്തിന്റെ നിർണ്ണായക ഘട്ടം വരെ ഈ ബാലനെ നിർത്തിയിരുന്നതെങ്കിൽ തോൽവി പിണഞ്ഞപ്പോൾ കുട്ടിയെ കൊന്ന് പ്രതികാരം നടത്താമായിരുന്നില്ലേ എന്നതാണ്. ഈ ബാലന് ദൈവീകമായ എന്തോ ദിവ്യത്വമുണ്ടായിരുന്നുവെന്ന് സമ്മതിക്കാതെ അയാൾ രക്ഷപ്പെട്ടുവെന്ന് വിശ്വസിക്കാൻ നിർവ്വാഹവുമില്ല, ഇതിൽനിന്നും മനസ്സിലാക്കാം ആ കുട്ടി ദൈവത്തമായി എന്തോ മഹത്കൃത്യം ചെയ്യാനായിട്ടു ഒരു മഹാനായിരുന്നുവെന്ന്. വലിയവരെന്നു കരുതപ്പെടുന്നവരെ ചുറ്റിപ്പറ്റിയുള്ള ഇത്തരം കഥകൾ പല രാജ്യങ്ങളിലും പ്രചാരത്തിലുണ്ട്. പക്ഷേ അവ കഥകളായി മാത്രമേ കണക്കാക്കപ്പെടുകയുള്ളു. നാമാകട്ടെ ഈ കഥകൾ അലംഘനീയങ്ങളായ ചരിത്രയാഥാർത്ഥ്യങ്ങളായി

കണക്കാക്കുന്നുവെന്ന വ്യത്യാസം തീർച്ചയായും വലുതാണ്. ജിജ്ഞാസയേയും വാസനയേയും കുരുതികൊടുക്കുന്നതിനു സമമാണ് നാം ഇവ അപ്പടി വിശ്വസിക്കുന്നത്.

പതിമൂന്നാം വയസ്സിൽ ചക്രവർത്തിയായ അക്ബർ പതിനെട്ടു തികഞ്ഞതോടുകൂടിത്തന്നെ നേരിട്ടു ഭരണകാര്യം ഏൽക്കേണ്ടതായി വന്നു. ഷെർഷായുമായുള്ള യുദ്ധത്തിൽ തോറ്റ് പേർഷ്യയിലേയ്ക്കു പലായനം ചെയ്ത ഹുമയൂൺ നഷ്ടപ്പെട്ട തന്റെ സാമ്രാജ്യത്തെ തിരിച്ചെടുത്തെങ്കിലും, അദ്ദേഹത്തിന്റെ ദിവസങ്ങൾ എണ്ണപ്പെട്ടിരുന്നു. ഷെർഷയുടെ പിൻഗാമികളെ തോല്പിച്ച് മുഗൾ വംശത്തിന്റെ ആധിപത്യം സ്ഥാപിച്ചു എന്നതിൽക്കവിഞ്ഞു പിടിച്ചടക്കപ്പെട്ട രാജ്യത്തെ ഏകോപിപ്പിക്കുവാനോ സുഗമമായി ഭരണനിർവ്വഹണം നടത്തുവാനോ സാധിക്കുന്നതിനുമുമ്പുതന്നെ അദ്ദേഹം മരിച്ചിരുന്നു. അക്ബറുടെ കയ്യിൽ കിട്ടിയ രാജ്യം ഇന്ത്യയുടെ മറ്റു രാജ്യങ്ങളുമായി സാമ്യപ്പെടുത്തുമ്പോൾ വളരെ ചെറുതായിരുന്നു. മാത്രമല്ല വടക്കേ ഇൻഡ്യയിൽ ആകമാനവും തെക്കേ ഇൻഡ്യയിൽ അനവധി ഭാഗവും സ്വതന്ത്രരായ മുസ്ലീം രാജാക്കന്മാരുടെ ഭരണത്തിൻ കീഴിലുമായിരുന്നു. മുസ്ലീംമതവികാരത്തെ മുതലെടുത്തു് രാജ്യംവികസിപ്പിക്കുവാൻ അക്ബർക്ക് അസാദ്ധ്യമായിത്തീർന്നിരുന്നു. പക്ഷേ പ്രഗല്ഭനായ ആ രാഷ്ട്രീയപടു മുഗൾവംശ ജർക്ക് അത്യന്തം വിസ്തൃതമായ ഒരു സാമ്രാജ്യം പടുയർത്തി. അതോടൊപ്പംതന്നെ ഹിന്ദുവിന്റേയും മുസൽമാന്റെയും ആത്മീയമണ്ഡലത്തിൽ നേതൃസ്ഥാനമലങ്കരിക്കുവാൻകൂടി അദ്ദേഹം ഒരു ശ്രമം നടത്തി. മുസ്ലീംകൾ 'കലീഫ' എന്നദ്ദേഹത്തെ വിളിച്ചിരുന്നപ്പോൾ ഹിന്ദുക്കൾ 'ജഗദ്ഗുരു' എന്നു വിശേഷിപ്പിച്ചു, തന്റെ ആസ്ഥാനം അജയ്യമായുറപ്പിച്ചശേഷം അദ്ദേഹം ജനതയുടെ ആത്മീയനേതൃത്വവുമേറ്റെടുത്തു. ചുരുക്കത്തിൻ മതത്തിന്റേയും രാഷ്ട്രത്തിന്റേയും തലവനായി പരിലസിച്ചു.

അശോകന്റെ കാലഘട്ടത്തിനു സമം ഈ നാട്ടിൽ പ്രചരിച്ച ബുദ്ധമതത്തിന്റെ പ്രചാരകരായ ബുദ്ധഭിക്ഷുക്കളുടെ മറപറ്റി നിന്നാണ് അക്ബർ 'ദീനിഇലാഹി' ഉത്ഘാടനം ചെയ്യുന്നത്. നാനാക്കും, കബീറും, ദാതുവും, ചൈതന്യനും, തുക്കൂർദാസും, തുളസീദാസും, മീരാഭായിയുമൊക്കെ അവിരാമം പ്രചരിപ്പിച്ച മതപരമായ ഐക്യത്തിന്റെ സന്ദേശം—മനുഷ്യത്വത്തിന്റെ മഹിമാവിനെ മാനിക്കുന്ന ഭക്തിപ്രസ്ഥാനം—ആസേതുഹിമാചലം ചെവിക്കൊള്ളാൻ ആവേശത്തോടുകൂടി ജനങ്ങൾ ആഞ്ഞടുത്തിരുന്ന സന്ദർഭമാണ് അത്. ഭക്തകവികളും ദാർശനികരും, ബുദ്ധിജീവികളുമൊക്കെത്തന്നെ മതപരമായ അകൽച്ച നീക്കി സാഹോദര്യവും, സൗഹാർദ്ദവും സൃഷ്ടിക്കുവാൻ അനവരതം ശ്രമിച്ചതിന്റെ ഫലമായി ഐക്യത്തിന്റെ ദിവ്യപ്രകാശം പരക്കാൻ തുടങ്ങിയിരുന്നു. ഈ പ്രവണതയെ ചൂഷണം ചെയ്യുന്നുവെന്ന ഭാവേന അതിൽക്കൂടി സ്വന്തം അധികാരപരിധി ആത്മീയത്തിലേയ്ക്കും ഉയർത്തുവാൻ ശ്രമിച്ച അവസരോചിതമായ വൈഭവമാണ് അക്ബറിലും നാം ദർശിക്കുക. കബീറും, നാനാക്കും വിതച്ച ഐക്യത്തിന്റെ വിത്ത് കതിരിട്ടപ്പോൾ ഭംഗിയായി ഒരു കൊയ്ത്തു നടത്തുകയായിരുന്നു 'ദീനി ഇലാഹി'യിൽ കൂടി അക്ബർ. എല്ലാ മതങ്ങളുടേയും സാരാംശങ്ങൾ ആവാഹിച്ച് ഒരു ദേശീയ മതത്തെ സ്ഥാപിച്ച അക്ബർ ഉലപതിഷ്ണുക്കളിൽ ഉലപതിഷ്ണുവാണ്. പക്ഷേ മതവും രാഷ്ട്രവും തന്റെ നേതൃത്വത്തിൻകീഴിൽത്തന്നെ കൊണ്ടുവന്ന് ജനതയുടെ ഖജനാവിന്റേയും ആത്മാവിന്റേയും സൂക്ഷിപ്പുകാരനായി മാറിയ അദ്ദേഹം വ്യക്തിപ്രഭാവത്തിനു എത്താവുന്നതിന്റെ ഉച്ചകോടിയിൽ എത്തി. മരിക്കുംവരെ മതവും രാഷ്ട്രവും അക്ബർ തന്നെയായിരുന്നു.

ഇവയ്ക്കു സമാനമായ മറെറാരു സംഭവം ഇംഗ്ലീഷ് ചരിത്രത്തിലുണ്ട്. കാലത്തിന്റെ ചലനങ്ങളെ ശരിക്കും മനസ്സിലാക്കി അവസരങ്ങളെ ഫലപ്രദമായുപയോഗ

പ്പെടുത്തിയ ഹെൻട്രി എട്ടാമന്റെതാണത്. കത്തോലിക്കാ പൗരോഹിത്യം എല്ലാ നിലയിലും അധഃപതിച്ചുകൊണ്ടിരുന്നപ്പോഴും യൂറോപ്പിൽ മതപരിഷ്ക്കരണത്തിനായി പ്രശസ്തങ്ങളായ പല പ്രസ്ഥാനങ്ങളും ഉടലെടുത്തു. വൈക്ലിഫും, ഹസ്സും. സ്വിൻഞ്ചലിയും, ലൂതറും. മോർട്ടിമറും മൂറും അതാത് നാടുകളിൽ ഈ ദേശീയാവേശത്തിന് നേതൃത്വം കൊടുത്തു. പോപ്പിന്റേയും പള്ളിയുടേയും നികൃഷ്ടങ്ങളായ ചെയ്തികളെ എടുത്തുകാട്ടി സ്നേഹനിധിയായ യേശുദേവന്റെ സിദ്ധാന്തങ്ങളുമായി തട്ടിച്ചുനോക്കിയ യൂറോപ്പിലെ ക്രൈസ്തവ സമുദായം രോഷാകുലരായി എതിരിടുവാൻ തന്നെ തീരുമാനിച്ചു. പൊട്ടിത്തെറിക്കാവുന്ന ഒരു അഗ്നേയ ഗോളമായി ഐറോപ്യൻ രാജ്യങ്ങളും എരിഞ്ഞുകൊണ്ടിരുന്ന സന്ദർഭത്തിൽ ഹെൻട്രി എട്ടാമൻ ഇംഗ്ലണ്ടിലെ ചക്രവർത്തിയായിരുന്നു. യാഥാസ്ഥിതിക കത്തോലിക്കനായിരുന്ന അദ്ദേഹം ലൂതറേയും കൂട്ടരേയും കഠിനമായി ശകാരിച്ചുകൊണ്ട് ഒരു പുസ്തകം പ്രസിദ്ധീകരിച്ചു. അതിൽ സന്തുഷ്ടിപൂണ്ട പോപ്പ് ഹെൻട്രിയെ 'വിശ്വാസത്തിന്റെ സംരക്ഷകൻ' (Defender of the Faith) എന്ന ബഹുമതി കൊണ്ടനുഗ്രഹിച്ചു.

ഇംഗ്ലണ്ടിലും ഈ വിപ്ലവാവേശം തിരയടിച്ചിരുന്നു. പക്ഷേ ശക്തനായ ഹെൻട്രിയുടെ കീഴിൽ ഒന്നും സാദ്ധ്യമല്ലെന്നറിയാമായിരുന്ന ഇംഗ്ലീഷുകാർ, ഹൃദയത്തിന്റെ ഹൃദയത്തിൽ ഒതുക്കിനിർത്തുകയായിരുന്നു ഈ വികാരാവേശം. എന്നാൽ ഇതിനിടയ്ക്കൊരു സംഭവമുണ്ടായി. ഹെൻട്രിയുടെ ഭാര്യയിൽ ആൺകുട്ടികളാരും ഉണ്ടായിരുന്നില്ല. തന്റെ സഹോദരന്റെ വിധവയെ പുനർവിവാഹം ചെയ്തതുകൊണ്ടുള്ള പാപമായിരിക്കുമിതെന്നു ഹെൻട്രി സംശയിച്ചു. അതോടൊപ്പംതന്നെ സുന്ദരിയായ ആനിബൊളിൻ എന്ന യുവതിയിൽ അദ്ദേഹം പ്രേമബദ്ധനുമായി. ആദ്യഭാര്യയെ ഉപേക്ഷിക്കാതെ ആനിയെ വിവാഹം കഴിക്കാനൊക്കുമായിരുന്നില്ല. വിവാഹമോചനമാകട്ടെ പോപ്പിന്റെ പ്രത്യേക

അനുമതിയുണ്ടെങ്കിൽ മാത്രമേ നടക്കുകയുള്ളൂ. ഹെൻട്രിയുടെ അപേക്ഷ പോപ്പിനെ ഒന്നും ചെയ്യാൻ കഴിയാത്ത അനിശ്ചാളിപ്പിന്റെ ആവരണംകൊണ്ട മൂടി. അതിന്റെ പേരിൽ ഉപേക്ഷിക്കപ്പെട്ടന്ന രാജ്ഞി കാതറൈൻ സ്പെയിനിലെ ചക്രവർത്തിയുടെ അമ്മാവിയായിരുന്ന എന്നതാണ്. അദ്ദേഹമാകട്ടെ, റോമിനേറയും പോപ്പിനേറയും സന്തതസഹചാരിയും. ലൂതർക്കും കൂട്ടർക്കുമെതിരായി യുദ്ധം ചെയ്യുവാൻ സദാ സന്നദ്ധനും. നിവൃത്തിയില്ലാത്ത ഘട്ടം എത്തിയപ്പോൾ ഹെൻട്രിയുടെ അപേക്ഷ തിരസ്ക്കരിക്കപ്പെട്ട.

പക്ഷേ അദ്ദേഹം നിരാശനായില്ല. ജനങ്ങളുടെ കോടതിയിലാണ് അദ്ദേഹം അപ്പീൽ കൊടുത്തത്. ഒരു ജനപ്രതിനിധിസഭ വിളിച്ചുകൂട്ടി ഹെൻട്രി പറഞ്ഞു: 'യൂറോപ്പിലാകമാനം സമാദരണീയനായ നമ്മുടെ രാജാധിരാജനായ ചക്രവർത്തിയുടെ അമ്മായിയുടെ മകളായ എന്റെ ഭാര്യയിൽ കേവലമൊന്നിലേ, പോപ്പിനേറയും പള്ളിയുടെയും നേരെ അമർഷമുണ്ടാക്കുന്ന ജനദ്രോഹപ്രവൃത്തികളുടെ കൊടുംക്രൂരതകളും അദ്ദേഹം എണ്ണിയെണ്ണി വർണ്ണിച്ചു. ജനങ്ങളുടെ മനോവികാരചലനം മനസ്സിലാക്കുവാൻ ഹെൻട്രിക്ക കഴിഞ്ഞു. രാജാധികാരത്തേയും മർദ്ദനത്തേയും ഭയന്നാണ് അണികെട്ടി നിന്നിരുന്നതും, മനസ്സിനെ മഥിച്ചുകൊണ്ടിരുന്നതുമായ വികാരത്തിന്റെ നീരുറവ പൊട്ടിപ്പുറപ്പെടുവാൻ തുടങ്ങി. ആ പ്രവാഹത്തോടും അഭിമാനത്തോടുംകൂടി ജനങ്ങൾ ഹെൻട്രിയെ വാഴ്ത്തി. 'റോമിൽനിന്നും പോപ്പിൽനിന്നും മോചനം' എന്ന മുദ്രാവാക്യവുമായി അവർ തെരുവീഥിയിലേക്കിറങ്ങി കേട്ടവർ കേട്ടവർ ആവേശത്തോടുകൂടി അനുകരിച്ചു. അനുകൂലമായ ഈ സാഹചര്യത്തിൽ ഒരു ഇംഗ്ലീഷ് ചർച്ച് തന്നെ സ്വതന്ത്രമായി സ്ഥാപിക്കപ്പെട്ടു. ഹെൻട്രി അതിന്റെ പോപ്പും. ചുരുക്കത്തിൽ രാജാവും മതാധിപനും എന്ന പദവി രണ്ടും ഹെൻട്രിയിൽ അവരോധിക്കപ്പെട്ടു. എന്തു കൃത്യവും ചെയ്യുവാൻ സന്നദ്ധരായ ജനങ്ങളും പാർലമെന്റും മുഖാന്തരം കാതറൈന്റെ വിവാഹമോചനവും ആനബോളിന്റെ മംഗല്യകർമ്മവും അംഗീകരിച്ചു. ചുരുക്കത്തിൽ ആംഗ്ലിക്കൻ

ചർച്ചിന്റെയും ഇംഗ്ലണ്ടിന്റേയും രാജാധികാരി ഹെൻട്രി ആയി.

മനുഷ്യാവേശത്തേയും മതവികാരത്തേയും അവസരോചിതമായി പ്രയോജനപ്പെടുത്തിയിട്ടുള്ള വീരജേതാക്കളാണ് അശോകനും, അക്ബറും, ഹെൻട്രിയും. സമയത്തിനൊത്ത് ഉയരുവാനും, കാലത്തിന്റെ ചിറകടി കേൾക്കുവാനും സാധിച്ചിട്ടുള്ളവർ നിരവധിയുണ്ടെങ്കിലും അതിനെ പ്രയോജനപ്പെടുത്തി സ്വന്തം പ്രഭാവത്തെ സുസ്ഥിരമാക്കി, മഹത്തരമായ പ്രസ്ഥാനങ്ങളുടെ നേതൃത്വം ഏറെറടുത്ത് വിരാജിച്ചവർ ദുർല്ലഭമാണ്. ആ ദുർല്ലഭം മഹാത്മാക്കളുടെ കൂട്ടത്തിൽ തലയെടുപ്പുള്ള വലിയവരാണ് ഈ മൂവരും. ചരിത്രം കണ്ടതിൽവെച്ച് പ്രമാണികളായ ഇവർ വിലപ്പെട്ട പാഠങ്ങളാണ് രാഷ്ട്രമീമാംസാവിദ്യാർത്ഥികൾക്ക് നല്കുന്നത്.

19

ഹിന്ദു മുസ്ളീം നാഗരികതകൾ

(ചരിത്ര സാംസ്ക്കാരിക പശ്ചാത്തലം)

അറേബിയ, പലസ്തീൻ, ഈജിപ്ത്, യവന റോമാ രാജ്യങ്ങളും എന്നീ പ്രാക്തന നാഗരിക കേന്ദ്രങ്ങളുമായി വാണിജ്യപരവും സാംസ്ക്കാരികവുമായ സമ്പർക്കം അതിപുരാതന കാലം മുതൽക്കേ നമ്മുടെ രാജ്യത്തിനുണ്ടായിരുന്നു. സുമേരിയൻ സംസ്ക്കാരത്തിന്റെ കണ്ടെടുക്കപ്പെട്ട ചരിത്രാവശിഷ്ടങ്ങളിൽ ഹൈന്ദവ നാഗരികതയുമായി അനവരതം നടന്നിരുന്ന സമ്പർക്കത്തിന്റെ തെളിഞ്ഞ തെളിവുകളും അനാവരണം ചെയ്യപ്പെട്ടിട്ടുണ്ട്. ഉർ, നിപ്പൂർ തുടങ്ങിയ സുമേരിയൻ നഗരാവശിഷ്ടങ്ങളിൽ പുരാവസ്തു ഗവേഷകന്മാർ നടത്തിയ ഉൽഖനനത്തിന്റെ ഫലമായി നദീതടസംസ്ക്കാരങ്ങളുടെ കാലം മുതൽക്ക് തന്നെ ഇന്ത്യയും പുറം രാജ്യങ്ങളുമായുണ്ടായിരുന്ന ബന്ധം തടസ്സമറ്റതായിരുന്നുവെന്ന് സ്ഥാപിക്കുവാൻ സാധിക്കുന്നു. മൂസാനബി (മോസസ്) യുടെ കാലം മുതൽ ഇന്ത്യയുമായുള്ള ബന്ധം അനുസ്യൂതം നിലനിന്നിരുന്നതായി ഹണ്ടർ തുടങ്ങിയ ചരിത്ര പണ്ഡിതന്മാർ അവകാശപ്പെടുന്നുണ്ട്. സോളമൻ ചക്രവർത്തി തന്റെ കപ്പലുകൾ ഓഫിർ (ബേപ്പൂർ) തുറമുഖത്തു നിന്നും കയറ്റി അയച്ചിരുന്ന തേക്കിൻ തടികളും ആനക്കൊമ്പും അദ്ദേഹത്തിന്റെ കൊട്ടാരത്തെ മോടിപിടിപ്പിക്കുവാൻ ഉപയോഗപ്പെടുത്തിയതായും രേഖകൾ ഉണ്ട്. റോബർട്ട് സീവെൽ

അവകാശപ്പെടുന്നതു് ഷാൽ ഡിയൻ രേഖകളിൽ ഇന്ത്യയിൽ നിന്നും കരമാർഗ്ഗമായും കടൽ മാർഗ്ഗമായും നടത്തിയിരുന്ന കച്ചവടത്തെക്കുറിച്ചു് പരാമർശങ്ങളും ഉണ്ടെന്നാണു്. പാൻറിഗേറിയൻ കണക്കുകളെ ഉദ്ധരിച്ചുകൊണ്ടു് തേഴ്സ്റൻ പറയുന്നതാകട്ടെ പ്രാചീന കൊടുങ്ങല്ലൂരിൽ റോമക്കാരുടെ ഒരധിവാസ കേന്ദ്രമുണ്ടായിരുന്നുവെന്നും അഗസ്റസ്സീസറുടെ കാലത്തു് (ഏ. ഡി. 14)മലബാർ തീരങ്ങളിൽ എവിടെയോ റോമക്കാരുടെ ആവശ്യാർത്ഥം ഒരമ്പലം പണികഴിപ്പിച്ചിരുന്നു എന്നുമാണു്. ഒരു കാര്യം അസന്നിഗ്ധമായി ചൂണ്ടിക്കാണിക്കുവാനൊക്കുന്നതു് അഗസ്റസ് സീസറുടെ കാലം തുടങ്ങി സീനോ ചക്രവർത്തിയുടെ കാലംവരെയുള്ള (ഏ. ഡി. 14 മുതൽ 491 വരെയുള്ള) റോമാനാണയങ്ങളും ഇന്ത്യയുടെ പല ഭാഗങ്ങളിൽ നിന്നുമായി നമുക്കു ലഭിച്ചിട്ടുണ്ടെന്ന വസ്തുതയാണു്. ഇന്ത്യയും പ്രാചീന നാഗരികതകളുമായി നിദാന്ത സമ്പർക്കമുണ്ടായിരുന്നതിന്റെ സ്പഷ്ടമായ ഉദാഹരണങ്ങളാണിവ. ഒന്നാം നൂറ്റാണ്ടിൽ സുത്രാബോയും പ്ലീനിയും, രണ്ടാം നൂറ്റാണ്ടിൽ പെരിപ്ലിസ്സിന്റെ കർത്താവും ടോളമിയും, ഇൻഡ്യയും യവന റോമാനാഗരികതകളുമായുണ്ടായിരുന്ന സാംസ്ക്കാരിക വാണിജ്യബന്ധങ്ങളെ പുരസ്ക്കരിച്ചു് ദീർഘമായി എഴുതുന്നുണ്ടു്.

റോമാ—പേർഷ്യൻ യുദ്ധങ്ങളിൽ ഇൻഡ്യൻ യോദ്ധാക്കളും ആനകളും പേർഷ്യക്കാരുടെ ഭാഗത്തു ചേർന്നു നിന്നു യുദ്ധം ചെയ്തിരുന്നതായി ഒയിനോഡ്രും, റോബർട്ട് സീവലും രേഖാപഠനങ്ങൾക്കുശേഷം വ്യക്തമാക്കിയിരിക്കുന്നു. ഇൻഡ്യയുടെ ബൌദ്ധ കാലഘട്ടം വിശേഷാത്തരമായ സാംസ്ക്കാരിക അധിനിവേശത്തിനു സൌകര്യം നല്കി. വൈദേശിക സമ്പർക്കം ഏറ്റവും പുഷ്ക്കലമായ കാലം ബുദ്ധമത പ്രചാരണത്തിന്റേതായിരുന്നു. എന്നാൽ ബുദ്ധമതത്തെ തകർത്തുകൊണ്ടു് നമ്മുടെ മത സാംസ്കാരിക മണ്ഡലങ്ങളിൽ ആധിപ

ത്യം നേടിയ ബ്രാഹ്മണ മതം വിദേശ ബന്ധങ്ങളിൽ കുത്തക അലംഭാവം കാണിച്ചതിന്റെ ഫലമായി വൈദേശിക രാജ്യങ്ങളുമായുള്ള ബന്ധം ഉത്തരേന്ത്യ തീർത്തും അടർത്തിക്കളഞ്ഞു.

എന്നാൽ നാഗരിക ലോകവുമായുള്ള സമ്പർക്കം പൊടുന്നനെ സൂക്ഷിച്ചിരുന്നത് കേരളവും മറ്റുള്ള തെക്കൻ ദിക്കുകളുമായിരുന്നു. പേർഷ്യാക്കാരുടെ ശക്തി നശിച്ചതോടെ സമുദ്രങ്ങളുടെ ആധിപത്യം അറബികളുടെ കൈവശം വന്നു ചേർന്നു. ഇൻഡ്യയും പാശ്ചാത്യ രാജ്യങ്ങളും തമ്മിലുള്ള കച്ചവട വിനിമയം മുഴുക്കെ അറബികളുടെ പത്തേമാരികളിൽ കൂടിയാണ് പിൽക്കാലങ്ങളിൽ നടത്തിയിരുന്നത്. അന്നത്തെ പ്രധാന തുറമുഖ പട്ടണങ്ങളായിരുന്ന കൊടുങ്ങല്ലൂരും, കൊല്ലവും, പന്തലായനിയും എല്ലാം അറബികളുടെ ആവാസ കേന്ദ്രമായി മാറിയിരുന്നു. ഇവിടെ നിന്നും നമ്മുടെ സുഗന്ധ ദ്രവ്യങ്ങളും, കുരുമുളകും യൂറോപ്യൻ രാജ്യങ്ങളിൽ കൊണ്ടു പോയി വിപണനം നടത്തിയിരുന്നത് അറബികളായിരുന്നു. കേരളത്തിന്റെ പശ്ചിമ തീരത്ത് അലതല്ലുന്ന വിശാലമായ സമുദ്രം അറബിക്കടൽ എന്ന നാമധേയത്തിലാണല്ലോ ഇന്നും അറിയുന്നത്. അറബി സാഹിത്യത്തിലെ പ്രാചീന കവികളിലൊരാളായ ഇംറാഉൽ ഖൈസ് അദ്ദേഹത്തിന്റെ കൃതിയിൽ കുരുമുളകിനെക്കുറിച്ചും അതിന്റെ ഗുണത്തേയും വീര്യത്തേയും കുറിച്ചും പരാമർശിച്ചിട്ടുണ്ട്. കേരളത്തിൽ നിന്നുമാത്രം ലഭിച്ചുകൊണ്ടിരുന്ന കുരുമുളകിനെ ഭാവഗീതങ്ങളാക്കൊണ്ട് വാഴ്ത്തുന്ന ഇവർ അറേബിയായും കേരളവുമായി എത്രയോ നൂറ്റാണ്ടുകൾക്ക് മുൻപ്തന്നെ വാണിജ്യ-- സാംസ്കാരിക ബന്ധങ്ങൾ നിലനിന്നിരുന്നുയെന്ന് ഉൽഘോഷിക്കുകയാണ്.

'ബിലാതുൽ ഫുൽ ഫുൽ' എന്നാണ് കേരളത്തെ അറബികൾ വിശേഷിപ്പിച്ചിരുന്നത്. കുരുമുളകിന്റെ നാട്

എന്നാണ് ഇതിന്റെ അർത്ഥം. കേരളം എന്ന പേര് എങ്ങനെയുണ്ടായി എന്നതിനെ സംബന്ധിച്ച് പല പണ്ഡിതൻമാരും പല അഭിപ്രായമാണ് പുറപ്പെടുവിച്ചിട്ടുള്ളത്. അവയിൽ ശ്രദ്ധേയമായ ഒരു മതം 'ഖൈറുള്ള' എന്ന വാക്കിൽ നിന്നാണ് കേരളം എന്നപേരുണ്ടായത് എന്നത്രെ. 'ഖൈറുള്ള' എന്ന വാക്കിന്റെ അർത്ഥം ദൈവാനുഗ്രഹമുള്ള നാട് എന്നാണ്. അറബിക്കടലിലെ കാറ്റും വായുവും ഇടതടവില്ലാതെ അനുഭവിച്ചുകൊണ്ടിരിക്കുന്ന കേരളത്തിനു് ഖൈറുള്ള എന്ന അറബി പദത്തിൽ നിന്നാണ് ഇന്നത്തെ പേര് കിട്ടിയതെങ്കിൽ അറബിഭാഷയോട് നമുക്കുള്ള കടപ്പാട് സീമാതീതമായിരിക്കും.

നബി തിരുമേനി ഇസ്ലാമിലേക്കു ക്ഷണിച്ചുകൊണ്ട് വിവിധ രാജ്യങ്ങളിലെ ഭരണാധിപൻമാർക്ക് ദൂതൻമാർ മുഖേന കത്തുകളയച്ച കൂട്ടത്തിൽ ഇൻഡ്യയിലെ പ്രമുഖ രാജാക്കൻമാർക്കും കേരളത്തിലെ ചേരമാൻ പെരുമാളിനും എഴുതിയിരുന്നു. ആ ദൗത്യസംഘത്തിന്റെ പ്രേരണയാൽ ആകൃഷ്ടനായി കേരളത്തിലെ ചക്രവർത്തി മക്കയിലേക്കു പോയി മതപരിവർത്തനം നടത്തിയതായുള്ള കഥ പരക്കെ പ്രാബല്യം നേടിയ ഒന്നാണല്ലോ. അതുപോലെ തന്നെ എ. ഡി. 664 ൽ, അതായത് ഹിജറ 21, റജബ്മാസം 11–ാം തീയതി മാലിക്ക് ഇബ്നു ദീനാറിന്റെ നേതൃത്വത്തിൽ 40 പേരടങ്ങിയ ഒരു സംഘം ദുസ്ളീംകൾ കേരളത്തിലെ കൊടുങ്ങല്ലൂർ കടപ്പുറത്ത് വന്നിറങ്ങിയതും ഇൻഡ്യയിലെ ആദ്യത്തെ മുസ്ലീംപള്ളി എന്ന് വിശേഷിപ്പിക്കാവുന്ന ചേരമാൻ മോസ്ക് തുടങ്ങി കേരളത്തിലെ പല ഭാഗങ്ങളിലായി മുസ്ളീം ആരാധനാലയങ്ങൾ പണികഴിപ്പിച്ചതും, ഇസ്ളാമിലേക്കു കേരളീയരായ അനവധി ആളുകളെ മതപരിവർത്തനം ചെയ്യിച്ചതുമൊക്കെ ഇന്നു പരക്കെ അറിയാവുന്ന കാര്യങ്ങളാണല്ലോ. എന്നാൽ ഖലീഫാ ഉമറിന്റെ കാലത്ത് ബോംബൈക്ക് സമീപം താനാ എന്ന സ്ഥലത്ത് ആദ്യമായി ഒരു മുസ്ളീം വ്യാപാരസംഘം

ഇറങ്ങിയത്, മുതലാണ് അറബിലോകം ഇൻഡ്യയുടെ വടക്കൻ ദേശങ്ങളുമായി വിശ്വേദിക്കപ്പെട്ട ബന്ധം പുനഃസ്ഥാപിക്കുന്നത്. അതിനുശേഷം ഒറ്റയൊറ്റയായി ചില വ്യാപാരസംരംഭങ്ങൾ നടന്നിരുന്നു എന്നല്ലാതെ മതപ്രചാരണമൊ ആക്രമണമൊ മുസ്‌ളീം പക്ഷത്തുനിന്ന് ഉണ്ടായിരുന്നില്ല.

എന്നാൽ ഏ. ഡി. 711–ൽ സിൻഡിലെ ദാഹീർ രാജാവ് അറബികളുടെ സിലോൺ - മലബാർ എന്നിവിടങ്ങളിലെ കച്ചവടത്തെ തടസ്സപ്പെടുത്തുകയും സിലോണിൽനിന്നും ഇറാക്കിലെ ഗവർണ്ണറായിരുന്ന ഹജ്ജാജിന് അയച്ച വിലപിടിച്ച സാധനങ്ങളുംകൊള്ളുന്ന കപ്പലുകൾ കൊള്ളയടിക്കുകയും ചെയ്തു. നഷ്ടപരിഹാരം നൽകാൻ മടിച്ച ദാഹീർ രാജാവിനെതിരായിട്ടാണ് അറബിസൈന്യം സിൻഡിലേക്കു കടക്കുന്നത്. അങ്ങിനെ ഇൻഡ്യയുടെ വടക്കു പടിഞ്ഞാറൻ പ്രദേശങ്ങൾ എഴുനൂറാറി പന്ത്രണ്ടിൽ അൽഖാസിമിന്റെ നേതൃത്വത്തിൽ വന്ന അറബി സൈന്യം കീഴടക്കുകയും ആ പ്രദേശങ്ങൾ മുസ്ലീം ആധിപത്യത്തിൽ വരികയും ചെയ്തു. സമകാലിക ചരിത്രകാരനായ ബിലാദൂരി എഴുതുന്നത് സിന്ധ്യാക്രമണത്തിനു ശേഷം അവിടത്തെ ജനങ്ങളുമായി ഏറ്റവും സൗഹൃദപൂർണ്ണമായ രീതിയാണ് ആക്രമണകാരികൾ അവലംബിച്ചിരുന്നത് എന്നാണ്. അങ്ങിനെ മാതൃകാപരമായ രീതിയിൽ ഭരണീയരെ വിശ്വസിച്ച് അവരുടെ സഹകരണത്തോടു കൂടിയും അവരുടെ വിശ്വാസാചാരങ്ങളോട് ആദരവ് പ്രകടിപ്പിച്ചുകൊണ്ടുമാണ്, ഇൻഡ്യയിലെ ആദ്യത്തെ മുസ്‌ളീം അധിനിവേശം ഭരണം നടത്തിയത്. മത സഹിഷ്ണുത, പരസ്പര വിശ്വാസം തുടങ്ങിയ ഉദാത്താദർശനങ്ങൾ പ്രാവർത്തികമാക്കികൊണ്ടാണ് ഈ ഭരണം ഉൽഘാടിതമാകുന്നതുതന്നെ.

അതിനു ശേഷം നടന്ന മുഹമ്മദ് ഗസനായുടെ അമ്പലധ്വംസനങ്ങളും ആക്രമണങ്ങളും, ഇസ്‌ലാമിനേയും മുസ്ലീംകളേയും

സംബന്ധിച്ച് അമുസ്ളീംകൾക്കിടക്ക് ഭീതി ജനിപ്പിക്കുവാനേ സഹായകമായുള്ളു. പൊന്നിനും പെരുമക്കും വേണ്ടി നടത്തിയ ആ പടയോട്ടങ്ങൾ ഇസ്ലാമിക പ്രചാരണത്തിന്റെ ഭാഗമായി പിൽക്കാലത്ത് ഇംഗ്ളീഷ് ചരിത്രകാരൻമാർ വ്യാഖ്യാനിച്ച് ഫലവത്തായി പ്രചരിപ്പിച്ചതാണ് ഇതിനു കാരണം. അക്കാലത്തെ ചരിത്രകാരന്മാരും പണ്ഡിതന്മാരുമായ അൽ-ഉദുബി, ബൈഹാക്കി, തുടങ്ങിയവരത്രയും, ഗസനായുടെ ആക്രമണ ഉദ്ദേശ്യങ്ങളെ വിശദീകരിക്കുകയും ഓരോ പ്രാവശ്യവും നമ്മുടെ അമ്പലങ്ങളിൽനിന്നും കൊള്ളയടിച്ച ധനത്തിന്റെ കണക്ക് ഉദ്ധരിക്കുകയും ചെയ്യുന്നുണ്ട്. മതപ്രചാരണമെന്നത് ഗസനായുടെ ലക്ഷ്യമായിരുന്നില്ല. ഒരാളെപ്പോലും മതപരിവർത്തനം അദ്ദേഹം ചെയ്യിച്ചതുമില്ല. മുഹമ്മദ് ഗോറി നടത്തിയ ആക്രമണമാണ് ഇൻഡ്യയിൽ ഒരു മുസ്ലീം രാഷ്ട്രത്തിന്റെ അടിത്തറ പാകിയത്. പന്ത്രണ്ടാം നൂറ്റാണ്ടിൽ സ്ഥാപിതമായ ഡൽഹി സുൽത്താനെറ് 1525-ൽ ബേബർ ചക്രവർത്തിയുടെ ആയോധനാ വൈദഗ്ധ്യത്തിന്റെ മുമ്പിൽ പരാജിതമാവുകയും പുതിയ ഒരു രാജവംശത്തിന് വഴി തെളിയിക്കുകയും ചെയ്തു. മുഗൾഭരണം അഭംഗുരം തുടരുകയും 1857-ലെ ലഹളക്കുശേഷം മുഗൾ പ്രതാപത്തിന്റെ അവശേഷിച്ച അവകാശിയായിരുന്ന ബഹദൂർഷായുടെ നാടുകടത്തലോടുകൂടി അന്ത്യംവരികയും ചെയ്തു.

അഞ്ചു നൂറ്റാണ്ടുകാലം ഇൻഡ്യയുടെ ഭാഗധേയം നിർണ്ണയിച്ച ഒരു വിഭാഗത്തിന് നമ്മുടെ സാംസ്കാരിക-മത സാമൂഹിക രംഗങ്ങളിൽ ചെലുത്തുവാൻ കഴിഞ്ഞിരിക്കാവുന്ന സ്വാധീനം വളരെ ബ്രഹത്തായിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ജാതി സമ്പ്രദായം അതി രൂക്ഷമായിരുന്ന ഇൻഡ്യയിൽ ഇസ്ലാമിന്റെ സമത്വ സഹോദര്യ സിദ്ധാന്തങ്ങൾ വേഗത്തിൽ വിറഴിഞ്ഞു. തെക്കേ ഇൻഡ്യയിൽ നടന്ന അതേ മതപരിവർത്തന പ്രക്രിയ തന്നെ

യാണ് ഉത്തരേന്ത്യയിലും നടന്നത്. മുഹമ്മദ്ഗസ്നാവി തച്ച ഭീതിയും പകയും ഉത്തരേന്ത്യൻ മനസ്സിൽനിന്നും നീങ്ങുവാൻ കുറെക്കാലം എടുത്തു എങ്കിലും ഇസ്ലാമിലേക്കുള്ള മതപരിവർത്തനം നടക്കുന്നത് സമാധാനപരമായിട്ടാണ്. 13--ാം നൂറ്റാണ്ടിൽ ബാഗ്ദാദും, ബസറയും, സമർക്കന്ദും, ബുക്കാറയുമെല്ലാം മംഗോളാ ആക്രമണത്തിനും ഭീകരമായ, നശീകരണത്തിനും ഇരയായി. ഇസ്ലാമിലെ ഈ സംസ്ക്കാരകേതാരങ്ങൾ നാശോന്മുഖമായപ്പോൾ അവിടെനിന്നും പണ്ഡിതന്മാരും സൂഫീവര്യന്മാരുമെല്ലാം അഭയസ്ഥാനം കണ്ടെത്തിയത് ഇന്ത്യയിലായിരുന്നു. അജ്മീറും മുൾട്ടാനും, ബദൌണും, ഡൽഹിയും, ലാഹോറും, ലക്നൌവും മുസ്ളീം പണ്ഡിതന്മാരുടെ ആവാസകേന്ദ്രമായി മാറി. ലൌകികാർഭാഡങ്ങൾക്കതീതരായി പരിശുദ്ധ ജീവിതം നയിച്ചിരുന്ന ഈ സൂഫികളും പണ്ഡിതന്മാരുമാണ്, ഇസ്ളാമിന്റെ ജീവവായു ഇൻഡ്യയിൽ വ്യാപിപ്പിച്ചത്. മംഗോൾസാറാൻറിനോപ്പിളും, ടർക്കിയും കീഴടങ്ങിയപ്പോഴും അവിടെനിന്നും പലായനംചെയ്ത യവനരോമാ പണ്ഡിതൻമാരായിരുന്നുവെല്ലൊ യൂറോപ്യൻ നവോത്ഥാനത്തിന്റെ നാന്നി കുറിച്ചത്, അതേ പ്രക്രിയതന്നെയാണ് ചെങ്കിസ് ഖാന്റെയും,ഹലാഗുഖാന്റെയും നേതൃത്വത്തിൽ നടന്ന മംഗോൾ നശീകരണങ്ങളും ഇൻഡ്യയിലും നടത്തിയത്. ജീവരക്ഷാർത്ഥം ഓടിപോന്ന ഈ സൂഫികളും പണ്ഡിതന്മാരുമാണ് ഇസ്ലാമികപ്രചാരണവും സാംസ്ക്കാരിക സന്നിവേശവും നടത്തിയത്. ബാഗ്ദാതും, സമർക്കന്തും, ബുക്കാറയും, ഇസ്ലാമിക സംസ്ക്കാരത്തിന് ഏതുവിധ സംഭാവനകളാണോ ചെയ്തിരുന്നത്, അതെ സ്ഥിതി തന്നെയാണ് മംഗോളാ ആക്രമണത്തിനു ശേഷം ഡൽഹിക്കുണ്ടായിരുന്നത്.

ഇസ്ലാമിലെ പ്രതിഭാധനരായ ബുദ്ധിരാക്ഷസന്മാരെല്ലാം തന്നെ സ്വസ്ഥമായും സൈര്യമായും വൈജ്ഞാനിക പ്രവർത്തനം നടത്തുന്നതിനു തിരഞ്ഞെടുത്ത സ്ഥലം ഇന്ത്യയായിരുന്നു.. അൽഗസാലിയുടേയും, റാ

സിയുടെയും അത്ഭുതപ്രതിഭയെ കിടപിടിക്കുന്ന ജ്ഞാനധനർ ഇഡ്യയിൽ അലാവുദ്ദീന്റെ കാലത്തുണ്ടായിരുന്നുവെന്ന് സമകാലിക ചരിത്രകാരനായിരുന്നി സുയാവുദ്ദീൻ ബരാണി രേഖപ്പെടുത്തുന്നുണ്ട്. അമീർകുസ്രോ പറയുന്നതാകട്ടെ ഡൽഹിയിലെ ഓരോ മണൽത്തരിയും സാഹിത്യാഭിരുചിയിൽ നിലീനമായിരുന്നു എന്നാണ്. ബുക്കാറയിലേയും സമർക്കന്തിലേയും മതപണ്ഡിതൻമാർക്ക് സംശയമുള്ള കാര്യങ്ങളുടെ അന്തിമ തീരുമാനങ്ങൾക്കും ഫതുവകൾക്കും വേണ്ടി ഡൽഹിയിലെ ആചാര്യൻമാരെയായിരുന്നു ആശ്രയിച്ചിരുന്നത് എന്ന് നിസാമി തന്റെ 'തബുക്കാത്തുന്നാസിരി' എന്ന ഗ്രന്ഥത്തിൽ പറയുന്നു. തങ്ങളുടെ ഗ്രന്ഥങ്ങൾക്കും നിഗമനങ്ങൾക്കും അംഗീകാരം നേടുവാൻ മുസ്ലീം കേന്ദ്രങ്ങളിലെ പണ്ഡിതൻമാർ ഡൽഹിയിലേക്കാണ് നോക്കിയിരുന്നതെന്നും ഈ ചരിത്രകാരൻ അഭിപ്രായപ്പെടുന്നു. സെയ്യിദ് നൂറുദ്ദീൻ മുബാറക്കു് ഗസന വി, ഷൈക്കു് കുത്ബുദ്ദീൻ ഭക്തീയാർ, ഖാസി കുത്ബുദ്ദീൻ ഖസാനി, കാജാ ഇമാദുദ്ദീൻ ബിൽഗ്രാമി, സെയ്ഫ് മുഹമ്മദ് സുഗ്രാബിൽഗ്രാമി, ഷൈക്ക് നജീബുദ്ദീൻ നെക്ക്ഷാബി, ഷൈക്ക്ബഹാവുദ്ദീൻ സക്കരിയ, ഷൈക്ക് കുത്തബ്ദ്ദീൻ ഭക്തിയാർ കാക്കി, മൗലാനാജമാലുദ്ദീൻ, മുഹമ്മദ്, ഷൈക്കു് മൊയ്നുദ്ദീൻ അജ്മീരി, ഖാസി അമീദുദ്ദീൻ നാഗൂരി തുടങ്ങിയ പ്രതിഭാധനർ ഇൽത്തുമിഷിന്റെ കാലത്ത് ഡൽഹിയിൽ മാത്രമുണ്ടായിരുന്ന വരാണ്. തുഗ്ളക് വംശത്തിന്റെ ഭരണത്തോടു കൂടി ഇസ്ലാമിക സനദേശം ഇൻഡ്യയിൽ ഉടനീളം വ്യാപകമായി പരന്നു. മുസ്ലീം പണ്ഡിതന്മാരും, ഹൈന്ദവപുരോഹിതന്മാരും മത സംബന്ധമായ സംവാദങ്ങളും ചർച്ചകളും നടത്തുക സാധാരണയായിത്തീർന്നു. ജലാലുദ്ദീൻ കിർമാണി എന്ന പണ്ഡിതനെ ബരാണി വിശേഷിപ്പിക്കുന്നത് അക്കാലത്തെ അൽഗസാലി എന്നാണ്. മൗലാനാ ഷിഹാബുദ്ദീൻ ദൗലത്താബാദി, ഷൈക്ക് അലിമ ഹയ്മി, സെയ്ദ് അലി ഹംദാനി, മൗലാ

നാ ഇബ്നു താജ് മുൽത്തായി, മൗലാനാ അലിം ഇബ്നു ആലാ, മൗലാനാ, സിയാവുദ്ദീൻ നക്ഷാബി തുടങ്ങിയ പണ്ഡിത വര്യന്മാർ മുഹമ്മദ് തുഗ്ളക്കിന്റെ കാലത്ത് ജീവിച്ചിരുന്നവരിൽ പ്രധാനികളാണ്. തുഗ്ളക്ക് മുഹമ്മദ് ഇന്ത്യൻ സംസ്ക്കാരവും ഇസ്ലാമിക സംസ്ക്കാരവും സമന്വയിപ്പിക്കുവാൻ ആത്മാർത്ഥമായ ശ്രമം നടത്തിയ മഹാനായിരുന്നു. അദ്ദേഹം വിതച്ച സാമുദായിക ഐക്യത്തിന്റേയും, സാംസ്കാരിക സംഘാതത്തിന്റേയും വിത്തുകൾ ഫലഭൂയിഷ്ഠമായത് അക്ബറുടെ കാലത്താണെന്ന് മാത്രം. ഇന്ത്യയിൽ ഒരു ദേശീയ മതവും ദേശീയ സംസ്ക്കാരവും ഉണ്ടാക്കുവാൻ ശ്രമിച്ച അക്ബർ കാലത്തിന്റെ നാഡിമിടിപ്പ് മനസ്സിലാക്കി പ്രവർത്തിക്കുകയായിരുന്നു.

വൈജ്ഞാനിക മത രംഗങ്ങളിൽ ഇസ്ലാമിക അധിനിവേശം മഹത്തായ സംഭാവനകളാണ് നടത്തിയത്. എ. ഡി. 771–ൽ മൻസൂറിന്റെ ഭരണകാലത്ത് തന്നെ ജ്യോതിശാസ്ത്രം, ഗണിത ശാസ്ത്രം തുടങ്ങിയ ഇൻഡ്യയുടെ ശാസ്ത്ര സമ്പത്ത് അറബിഭാഷയിലേക്ക് തർജ്ജിമ ചെയ്തിരുന്നു. ബ്രഹ്മ സിദ്ധാന്തം തുടങ്ങിയ ഗ്രന്ഥങ്ങൾ അറബിയിൽ തർജ്ജിമ ചെയ്യപ്പെട്ടതോടെ സംസ്കൃതം പഠിച്ച് ഖുർആൻ സംസ്കൃതത്തിലേക്ക് ഭാഷാന്തരം നടത്തിയതും ഇക്കാലത്തായിരുന്നു. മുഹമ്മദ് ഗസ്നായുടെ കാലത്ത് ഇൻഡ്യയിലെത്തി 18 വർഷം ഇവിടെ താമസിച്ച് നമ്മുടെ ഭാഷകളും ശാസ്ത്രങ്ങളും ഹൃദിസ്ഥമാക്കി, ഇന്ത്യയുടെ വൈജ്ഞാനിക സമ്പത്ത് ലോകത്തിനു കാഴ്ചവെച്ച അൽബൈരൂണി തുടങ്ങി ഇവിടെ വന്നും പോയും കൊണ്ടിരുന്ന നൂറു കണക്കിനു സഞ്ചാരികളും ശാസ്ത്രകാരന്മാരും, ചരിത്രകാരന്മാരും ഇന്ത്യയുടെ അഭൗമമായ ദാർശനിക വിജ്ഞാനത്തേയും ശാസ്ത്രങ്ങളേയും അവഗാഹമായി പഠിച്ചറിഞ്ഞവരായിരുന്നു.

ഇസ്ലാമിക സാംസ്കാരത്തിന്റെ മറ്റൊരു സംഭാവനയാണ് ഇന്ത്യയുടെ പ്രാദേശിക ഭാഷകൾക്കുണ്ടായ ഉൽപ്പത്തിയും വികാസവും. 712 ലെ സിന്ധ്യാക്രമണം നടന്നപ്പോഴും അതിനുശേഷം ഇൻഡ്യയുടെ ഇതരഭാഗങ്ങളിൽ മുസ്ലീം അധിനിവേശം ഉണ്ടായിരുന്നപ്പോഴും, അതാത് പ്രദേശത്തെ സംസാര ശൈലിക്ക് അറബി ലിപി നൽകി ജനസമ്പർക്കത്തിന്റെ ആക്കം കൂട്ടുകയാണ് ചെയ്തത്. സിന്ധി, പഞ്ചാബി, തമിഴ്, കർണ്ണാടകം, മലയാളം തുടങ്ങിയ പ്രാദേശികഭാഷകൾക്ക് അറബിലിപി നൽകി നൂതനമായ ഭാഷകൾക്ക് രൂപവും ഭാവവും കൊടുത്തു. അങ്ങനെയാണ് അറബിമലയാളം, അറബി തമിഴ് തുടങ്ങിയ ഭാഷകൾ നിലവിൽ വന്നത്. ഇതിനുപുറമെ ഉത്തരേന്ത്യയിലെ പ്രധാന സംസ്കാര ഭാഷയായിരുന്ന ഹൈന്ദവിക്ക് അറബി ലിപി നൽകി പുത്തനായ ഒരു ശൈലി ഉണ്ടാക്കിയതിൽ നിന്നും ഉരുത്തിരിഞ്ഞതാണ് പിന്നീട് പ്രബലമായി തീർന്ന ഉറുദുഭാഷ. യൂറോപ്പിൽ ലത്തീൻ ലിപിക്ക് ഉണ്ടായ അതേ സ്ഥാനം ഇൻഡ്യൻ ഭാഷകളിൽ അറബി ഭാഷക്ക് ലഭിച്ചു. മഹാഭാരതവും, രാമായണവും ഉപനിഷത്തുക്കളുമൊക്കെ അറബിയിലും പേർഷ്യനിലും വിവർത്തനം ചെയ്യപ്പെടുകമാത്രമല്ല അവയുടെ നിരവധി ഭാഷ്യങ്ങൾ പുറത്തിറക്കുകയും ഉണ്ടായി. അങ്ങിനെ മുസ്ലീം പണ്ഡിതന്മാർ ഇൻഡ്യയിൽ ഒരു സാംസ്കാരിക സംഘാതത്തിനുള്ള ശ്രമങ്ങൾ അനവരതം നടത്തിയതിന്റെ ഫലമായിട്ടാണ് മുഗൾ കാലഘട്ടമായപ്പോഴേക്കും ഭക്തിപ്രസ്ഥാനം ഇൻഡ്യയിൽ ഉടനീളം ബുദ്ധിജീവികളെ മുഴുക്കെ ആകർഷിച്ചത്. ചൈതന്യനും, നാനാക്കും, കബീറും, തുളസീദാസും, മീരാഭായിയുമെല്ലാം അത്തരം നൂറുകണക്കിനുണ്ടായിരുന്ന നവോത്ഥാന പ്രവർത്തകരിൽ ചിലർ മാത്രമാണ്. ഹിന്ദുമുസ്ലീം ഐക്യം മതപരമായും വൈകാരികമായും നിർവ്വഹിക്കുവാൻ യത്നിച്ച മഹാശയന്മാരായിരുന്നു ഇവർ.

ജാതിസമ്പ്രദായത്തിനെതിരായും, വിഗ്രഹാരാധനക്കെതിരായും, തൊട്ടുകൂടായ്മക്കെതിരായും സന്ധിയില്ലാത്ത

സമ്പന്നമാണ്. ഇവരൊക്കെ നടത്തിയത്. ഏകദൈവ വിശ്വാസത്തിലൂന്നിക്കൊണ്ട് അവർ അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളേയും എതിർത്തു. ഇസ്ലാമിക വിശ്വാസത്തിന്റെ ആണിക്കല്ലായ ഇത്തരം തത്വങ്ങൾ മറ്റുള്ളവർ പ്രചരിപ്പിക്കുവാൻ തുടങ്ങിയതോടെ മുസ്ലീം മതാചാര്യന്മാർ അവരുമായി കൂടുതൽ സമ്പർക്കത്തിലെത്തി. അങ്ങനെ സാംസ്ക്കാരികമായി. ഏകാതനതയുണ്ടായി. അതിനു പ്രദേശീയാംഗീകാരം നൽകുകയായിരുന്നു അക്ബർ തന്റെ 'ദീനി ഇലാഹിയിൽ' കൂടി.

സമൂഹത്തിലുണ്ടായ മാറ്റം ഇതിനേക്കാൾ രൂഢമൂലമായിരുന്നു. ജാതി സമ്പ്രദായത്തിൻ കീഴിൽ നരകിച്ചിരുന്ന കോടാനുകോടി അധസ്ഥിതർക്ക് വലിയ ഒരു അനുഗ്രഹമായിരുന്നു ഇസ്ലാം. മനുഷ്യാവകാശങ്ങൾ നേടുന്നതിനുവേണ്ടിയും സാമൂഹികാംഗീകാരത്തിനായും അടിച്ചമർത്തപ്പെട്ടിരുന്ന ലക്ഷോപലക്ഷം പേർ ഇസ്ലാമിലേക്കു മതപരിവർത്തനം ചെയ്തു. അവരുടെ ഭക്ഷണക്രമത്തിലും, വേഷവിധാനത്തിലും ഭാഷയിലും, ഇരുപ്പിലും നടപ്പിലുമെല്ലാംഈ മാറ്റം ദൃശ്യമായി. സാമൂഹ്യാചാരങ്ങൾ മര്യാദകൾ എല്ലാം മാറ്റത്തിനു വിധേയമായി.

എന്നാൽ ഈ പ്രവാഹത്തിനു ശക്തമായ മറ്റൊരു തിരിച്ചടി അനുഭവപ്പെട്ടു. മേൽ ജാതിക്കാർജാതി വ്യവസ്ഥ കൂടുതൽ കർക്കശമാക്കി. പർദ്ദധരിക്കുക,ശൈശവവിവാഹം നടത്തുക, സതിഅനുഷ്ഠിക്കുക തുടങ്ങി കഠിനങ്ങളായ വ്യവസ്ഥകൾ മേൽ ജാതിക്കാരുടെ ഇടയിൽ രൂഢമൂലമായി. അതുപോലെ തന്നെ കൂട്ടത്തോടെയുള്ള മത പരിവർത്തനത്തിന്റെ ഫലമായി മുസ്ലീംകളിൽ തന്നെ ചില ജാതിയും നിമ്നോന്മതകളും, അന്ധ വിശ്വാസങ്ങളും, അനാചാരങ്ങളും കടന്നുവന്നു. ഉൽസവങ്ങൾക്കു സമം പള്ളികളിൽ നേർച്ചകളും ചന്തേക്കുടങ്ങളും ആഘോഷിക്കപ്പെട്ടു. മഹാ

ന്മാരായ പല സൂഫി വര്യന്മാരും പണ്ഡിതന്മാരും ആരാധിക്കപ്പെടുകയും ചെയ്തു.

മത സാമൂഹിക രംഗങ്ങളിൽ ഉണ്ടായ സാംസ്ക്കാരിക സന്നിവേശം നമ്മുടെ കലകളിലും വാസ്തു ശില്പത്തിലും പ്രകടമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. അക്ബറുടെ കാലത്ത് മറ്റു രംഗങ്ങളിലെന്നപോലെ സംഗീതത്തിലും, ചിത്രകലയിലും കെട്ടിടനിർമ്മാണങ്ങളിൽ തന്നെയും ഒരു ഇന്ത്യൻ ശൈലി സംജാതമാക്കിയിരുന്നു. ഇൻഡോ-സാരസൻ വാസ്തു ശില്പശൈലിയും മുഗൾ ചിത്ര കലയും എല്ലാം ഹൈന്ദവ—മുസ്ലീം കലകളുടെ ഒത്തിരിപ്പാണ്. എന്നാൽ ഇന്ത്യൻ സംസ്ക്കാരത്തിന്നു ഒരിക്കലും ഇസ്ലാമിക സംസ്ക്കാരത്തേയോ മുസ്ലീം കളേയോ അതേപടി സ്വാംശീകരിക്കുവാൻ സാധിച്ചില്ലെന്നതാണ് ഇന്ത്യയുടെ ഇസ്ലാമിക ബന്ധത്തിന്റെ പ്രത്യേകത. യവനക്കാരും, റോമാക്കാരും, ഹൂണന്മാരും, പാർത്തിയന്മാരും തുടങ്ങി നിരവധി വംശജർ ഇൻഡ്യയിൽ കടന്ന് സ്ഥിരവാസമാക്കിയിട്ടുണ്ട്. അവരുടെ സംസ്ക്കാരത്തെ നമ്മുടെ സംസ്ക്കാരത്തിന്റെ ഭാഗമാക്കി മാറ്റുവാൻ നമുക്ക് സാധിച്ചു എങ്കിലും മുസ്ലീംകളെയും ഇസ്ലാമിക സംസ്ക്കാരത്തേയും നമുക്ക് അതേ വിധം കൈകാര്യം ചെയ്യാൻ സാധിച്ചില്ല എന്ന വ്യത്യാസം വളരെ വലുതാണ്. കൊണ്ടും കൊടുത്തും അന്യോന്യ ബഹുമാനത്തോടെ ഇവ രണ്ടും വ്യത്യസ്ഥ മേഖലകളിൽ ഇന്നും വിരാജിക്കുന്നു. അടിസ്ഥാന പ്രമാണങ്ങൾക്ക് കോട്ടം തട്ടാതെ ഈ രണ്ടു സംസ്ക്കാരങ്ങളെയും അനുരഞ്ജിപ്പിക്കുക എന്നതിലാണ് ദേശീയവും മതപരവുമായ സഹവർത്തിത്വത്തിന് ആക്കം കൂട്ടുക. വ്യത്യസ്ഥങ്ങളായ ഈ സംസ്ക്കാരങ്ങളെ ഏകോപിപ്പിക്കുവാനും നിലവിലുള്ള വിടവ് കഴിവതും ഇല്ലാതാക്കുവാനും അങ്ങനെ ഒരു സാംസ്കാരിക സംഘാതം ഉണ്ടാക്കുവാനും ശ്രമിക്കണം. അതായിരിക്കട്ടെ നമ്മുടെ ലക്ഷ്യം.

20

സിന്ധ്വാക്രമണത്തിന്റെ പ്രാധാന്യം

പൌരാണിക കാലം മുതൽ ഇൻഡ്യയും അറേബിയ, പേർഷ്യ, ഈജിപ്ത് തുടങ്ങിയ രാജ്യങ്ങളും തമ്മിൽ വ്യാപാരവ്യവസായികബന്ധം അഭംഗുരം നടന്നിരുന്നു. 'ബ്രിട്ടീഷ് ഇൻഡ്യയുടെ ചരിത്രം' എന്ന പുസ്തകത്തിൽ മി. ഹണ്ടർ എഴുതുന്നു: ''ചക്രവർത്തി സോളമൻ, 'ഓഫീർ' എന്ന സ്ഥലത്ത് നിന്നാണ് സ്വർണ്ണവും വെള്ളിയും ആനക്കൊമ്പും തുടങ്ങി, മയിലുകളും കുരങ്ങുകളും വരെ തുടങ്ങിയുള്ള സാധനങ്ങൾ വാങ്ങിയിരുന്നത്.''[1] ഓഫീർ എന്ന സ്ഥലമാകട്ടെ ബേപ്പൂർ എന്ന തുറമുഖവുമാണ്. ബി. സി 14–ാം നൂറ്റാണ്ടിൽ ഇൻഡ്യയിൽനിന്നും സ്വർണ്ണവും സിൽക്കും സുഗന്ധദ്രവ്യങ്ങളും മുത്തുകളും കരമാർഗ്ഗമായും കടൽമാർഗ്ഗമായും സുമേരിയൻ തലസ്ഥാനമായിരുന്ന ഊർ നഗരത്തിൽ എത്തിച്ചിരുന്നുവെന്ന് ഷാൽഡിയൻ ശിലാലിഖിതങ്ങളിൽ നിന്നും കാണുന്നുണ്ട്.[2] കൊടുങ്ങല്ലൂരിൽ ഒരു റോമനധിവാസകേന്ദ്രമുണ്ടായിരുന്നതായും, അഗസ്റ്റസ് സീസറുടെ കാലത്ത് (ക്രി. ഡി. 14) മലബാറിലെവിടേയോ യവന–റോമാ വ്യവസായികളുടെ ആവശ്യാർത്ഥം ഒരമ്പലം പണികഴിപ്പിച്ചിരുന്നതായും പാൻണ്ഡിഗേറിയൻ ടേബിൾസിൽനിന്നും മി.

---

1. Hunter - History of British India, Vol-I P.25
2. Robert sewell– of cit,

തെഴ്സ്റ്റൻ ഉദ്ധരിക്കുന്നുണ്ട്. [3] ഇതിനു പുറമെ ആഗസ്റ്റസ് സീസറുടെ കാലം മുതൽ സീനോ ചക്രവർത്തി വരെയുള്ള (ക്രി. ഡി. 14 മുതൽ 491 വരെ) റോമാ സാമ്രാജ്യാധിപതികളുടെയെല്ലാം നാണയങ്ങളും കേരളത്തിന്റെ പല സ്ഥലങ്ങളിൽ നിന്നും കണ്ടെടുത്തിട്ടുണ്ട്. അവ പുരാവസ്തു ഗവേഷണ വിഭാഗത്തിൽ സൂക്ഷിച്ചിരിക്കുന്നു. നിരന്തരം നടന്നു കൊണ്ടിരുന്ന വ്യാവസായിക സാംസ്കാരിക സമ്പർക്കത്തെയാണിത് സൂചിപ്പിക്കുന്നത്. ഹെറോഡോട്ടസും, പ്ലിനിയും, സ്ട്രാബോയുമെല്ലാം ഇൻഡ്യയെപ്പറ്റിയും ഇൻഡ്യൻ ജനതയെപ്പറ്റിയും ഇവിടെയുള്ള വ്യാവസായിക സാദ്ധ്യതകളെക്കുറിച്ചും ഭൂമിശാസ്ത്രപരമായ ഇൻഡ്യയുടെ കിടപ്പിനെ സംബന്ധിച്ചും ധാരാളം എഴുതിയിട്ടുണ്ട്.

പേർഷ്യയും ഇൻഡ്യയുമായുള്ള സമ്പർക്കവും വ്യവസായവും അതീവ താല്പര്യത്തോടെ കണക്കാക്കിയിരുന്നു. ഡാരിയസിന്റെ കാലത്തിനു മുമ്പുതന്നെ സിന്ധുനദീതടത്തിൽ പേർഷ്യാക്കാർ ആധിപത്യം പുലർത്തിപ്പോന്നു. ഗ്രീക്ക് പേർഷ്യൻ യുദ്ധങ്ങളിൽ ഇൻഡ്യൻ ഗജവീരൻമാരേയും സേനാനികളേയും പേർഷ്യാക്കാർ ഉപയോഗിച്ചിരുന്നതായി ജൂതഗ്രന്ഥാവലിയിൽ കാണുന്നു. ബി. സി. 163–ൽ സിറിയൻ സേനയിൽ വിദഗ്ദ്ധരായ ഇൻഡ്യൻ പാപ്പാന്മാരാൽ നീയന്ത്രിതമായ യുദ്ധ പരിശീലനം ലഭിച്ച മുപ്പത്തിരണ്ട് ആനകളുണ്ടായിരുന്നു. [4]

അറബികളും പൌരസ്ത്യരാജ്യങ്ങളുമായുള്ള കച്ചവടം നടന്നിരുന്നതും ഇൻഡ്യയിൽകൂടിയായിരുന്നു. റോമാ പേർഷ്യൻ സാമ്രാജ്യങ്ങളുടെ ശക്തി ക്ഷയിച്ചതുടങ്ങിയതോടുകൂടി അറബിക്കടലിന്റെ ആധിപത്യം മിക്കവാറും അറബികളുടെ കൈയ്യിലമർന്നു. റെയ്നോഡ് പറയുംപോലെ '14–ാം നൂറ്റാണ്ടുവരെ പേർഷ്യക്കാരുടെ സഹായത്തോടുകൂടി അറബികൾ ഇന്ത്യൻകടലുകളിൽ ആരാലും ചോദ്യം ചെയ്യപ്പെടാതെ

3. Conis of British museum- Catalogue No.2
4- Robert Sewell-op. Cit

അറബികളുടെ കച്ചവടകാര്യങ്ങളുടെ നിയന്ത്രകരായിത്തീർന്നു. പിന്നീട് പോർച്ചുഗീസുകാർ ഏതുവിധമായിരുന്നുവോ ഇവിടെ അധിനിവേശകരായത് അതുപോലെതന്നെ.'[5]

അവിരാമം നടന്നിരുന്ന ഈ സമ്പർക്കം ഏഴാം നൂറ്റാണ്ടിന്റെ തുടക്കത്തോടുകൂടി പൂർവ്വാധികം ശക്തിമത്തായി. അതിനു് നിദാനമായിരുന്ന പ്രേരകശക്തി അറബികളിൽ പ്രചരിച്ച ഇസ്ലാംമതമായിരുന്നു. വിഘടിതരായി നിന്നിരുന്ന ഗോത്രങ്ങളേയും വർഗ്ഗങ്ങളേയും ഒന്നിപ്പിച്ച് ഏകീകൃതമായ ഒരു രാഷ്ട്രസാമൂഹിക ഘടനയിൽ കൊണ്ടുവന്ന ഇസ്ലാം സുശക്തമായ ഈ ഐക്യംകൊണ്ട് എല്ലാ രംഗങ്ങളിലും വ്യക്തിമുദ്ര പതിപ്പിച്ചു. സിറിയയും പേർഷ്യയും മുസ്ലിം അറേബിയയുടെ അധീനത്തിൽ വരാൻ അധികം സമയമെടുത്തില്ല. പേർഷ്യാക്കാരുടെ സഹായവും ഇപ്പോഴും വ്യാവസായിക കാര്യങ്ങളിൽ അറബികൾക്ക് ലഭിച്ചു. അതോടെ അറബിക്കപ്പലുകൾ മാത്രമേ ഇൻഡ്യൻ കടൽത്തീരങ്ങളിൽ കാണുവാൻ സാധിച്ചുള്ളു. ഖലീഫ ഉമറിന്റെ കാലത്ത് എ. ഡി. 636 ലാണ് ആദ്യത്തെ മുസ്ലിം പടക്കപ്പലുകൾ 'താന'യെ ലക്ഷ്യമാക്കി വരുന്നത്. അവരുടെ ഉദ്ദേശ്യം ആക്രമണമായിരുന്നില്ല. വ്യാവസായിക സാദ്ധ്യതകൾആരായുകയും ബന്ധമുണ്ടാക്കുകയുമായിരുന്നു. പക്ഷേ ദുർഘടമായ ഈ നയതന്ത്ര പ്രവർത്തനങ്ങൾക്ക് ഖലീഫയുടെ തുടർന്നുള്ള അനുവാദം ലഭിച്ചില്ല. പക്ഷേ ഉമറിന്റെ പിൻഗാമികൾ വ്യാപാരത്തിനു് പ്രോത്സാഹനം കൊടുത്തു. ഇതേ സന്ദർഭത്തിൽ സിലോണിലും തെക്കേ ഇന്ത്യയിലും അറബികൾ താമസമാക്കിയിരുന്നു. തുഹ്ഫത്തുൽ മുജാഹിദീന്റെ മുഖവുരയിൽ റൌലൻസൺ പറയുന്നത് ''7–ാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടിത്തന്നെ അറബിമുസ്ലിംകൾ മലബാറിൽ താമസമാക്കിയിരുന്നു'' വെന്നാണ്. ഫ്രാൻസിസ് ഡേയും, സ്മൈറോക്കും ഈ അഭിപ്രായക്കാർ തന്നെയാ

5. Quoted by Dr-Tarachand-Influence of Islam on Indian culture-P P. 30-31

ണം. സംറൊക്കെഴുതുന്നത് ''7-ാം നൂറ്റാണ്ടിൽത്തന്നെ അറബിപേർഷ്യൻ കച്ചവടക്കാർ ഇന്ത്യയുടെ പടിഞ്ഞാറേ തീരങ്ങളിലുള്ള എല്ലാ തുറമുഖപട്ടണങ്ങളിലും സംഥിരതാമസമാക്കിയിരുന്നുവെന്നും, ഇന്ത്യൻ സംത്രീകളെ വിവാഹം കഴിച്ചിരുന്നുവെന്നും ആണ്,,6 കേരളോല്പത്തിയിലും, കേരളമാഹാത്മ്യത്തിലും പറയുന്ന ചേരമാൻ പെരുമാളുടെ മതപരിവർത്തനത്തെക്കുറിച്ചുള്ള ഐതിഹ്യം ഇതിനോടനുബന്ധമായി സ്മരണീയമത്രെ. ഷെയിക്ക് സൈനുദ്ദീൻ അദ്ദേഹത്തിന്റെ തുഹ്ഫത്തുൽ മുജാഹിദീൻ എന്ന ഗ്രന്ഥത്തിൽ ഇക്കാര്യം വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. നമുക്കിവിടെ സംഗതമായിട്ടുള്ളത് ചേരമാൻ പെരുമാളുമായി സമ്പർക്കത്തിലേർപ്പെട്ടു എന്നു പറയുന്ന അറബിവ്യവസായികളുടെ മാർഗ്ഗമാണ്. അവർ സിലോണിലേക്ക് കച്ചവടത്തിനു പോയിരുന്ന ഒരു വർത്തകസംഘമായിരുന്നുവെന്നും, തിരിച്ചുവരുമ്പോൾ തന്നെ കാണണമെന്ന് ചേരമാൻ പെരുമാൾ ആവശ്യപ്പെട്ടതനുസരിച്ചാണ് അവർ കൊടുങ്ങല്ലൂരെത്തിയതെന്നുമുള്ള ഭാഗമാണ്. തെക്കൻ ദിക്കുകളിൽ അറബിമുസ്ലീംകൾ വ്യാവസായിക നാവികരംഗങ്ങളിൽ മിക്കവാറും ആധിപത്യം സ്ഥാപിച്ചിരുന്നു. സിലോണും മാലദ്വീപും കൊല്ലവും കൊടുങ്ങല്ലൂരും മലബാറിൽ മിക്കവാറുമിടങ്ങളും അവരുടെ ആവാസകേന്ദ്രമായി മാറിയിരുന്നു. ഇത് ഇത്രയും വിവരിക്കുവാനായാസപ്പെട്ടതിന് കാരണം, അറബികളുടെ സിന്ധുക്രമണവും തെക്കേ ഇന്ത്യയിലെ അറബി മുസ്ലിംകളുടെ കേന്ദ്രങ്ങളും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടായിരുന്നുവെന്ന് പറയുവാനാണ്. അധികമാളുകളും സിന്ധുക്രമണകാര്യത്തിൽ പ്രധാനമായി സംപർശിക്കേണ്ട ഈ ഭാഗം അവഗണിക്കുകയോ അറിയാതെ വിടുകയോ ആണ് ചെയ്തിരിക്കുന്നത്.

ഖലീഫ വാലിദിന്റെ കാലത്ത് ഇറാക്കിലെ ഗവർണ്ണറായിരുന്ന ഹജ്ജാജിന് സിലോണിലെ രാജാവ് അനാഥ

6. Sturrock-South banara, Madras District Manuals – P.180.

തടയിത്തീർന്ന കുറേ മുസ്ലിം വിധവകളേയും യുവതി
കളേയും വിലപിടിപ്പുള്ള കുറേ സമ്മാനങ്ങളോടുകൂടി
കപ്പൽമാർഗ്ഗേന അയച്ചുകൊടുത്തു. ഈ യുവതികളും
വിധവകളുമാകട്ടെ മരണമടഞ്ഞ മുസ്ലിം കച്ചവടക്കാരുടെ
ഭാര്യമാരുമായിരുന്നു.[7] ഈ കപ്പൽ കച്ച് തുറമുഖത്ത് വെച്ച്
കൊൾക്കൊള്ളക്കാരുടെ ആക്രമണത്തിന്നു വിധേയമായി.
സിന്ധിലെ രാജാവായ ദാഹീറിനോട് പിടിച്ചെടുക്ക
പ്പെട്ട സ്ത്രീകളേയും ദ്രവ്യങ്ങളേയും മടക്കിക്കൊടുക്കു
വാൻ ഹജ്ജാജ് ആവശ്യപ്പെട്ടു. അത് നിരാകരിക്കുക
യാണ് ദാഹീർ ചെയ്തത്. ഈ പ്രകോപന നടപടിക്കെ
തിരായിട്ടാണ് ഹജ്ജാജ് സിന്ധിലേക്ക് അറബിസേ
നയെ അയയ്ക്കുന്നത്. ഇതാണ് വ്യവഹരിക്കപ്പെട്ടു
പോരുന്ന പ്രധാന കാരണം. എന്നാൽ വിൽക്സി
നെ ഉദ്ധരിച്ചുകൊണ്ട് ലബ്ബകളുടെ ഉത്ഭവത്തെപ്പറ്റി
യെയിസ് അദ്ദേഹത്തിന്റെ വിശ്രുതമായ ഗ്രന്ഥത്തിൽ
പ്രതിപാദിക്കുന്നത് ഹജ്ജാജ് ഇറാക്കിലെ ഗവർണ്ണറായി
രിക്കുമ്പോഴും ഹാഷിം കുടുംബത്തിൽപ്പെട്ടവരെ ഇറാക്കിൽ
നിന്നും പുറത്താക്കിയെന്നത്രേ. സംഭ്രാന്തരായ അവർ അ
വിടെ നിന്നും അഭയംതേടി ഇൻഡ്യയുടെ പശ്ചിമതീരത്തുള്ള
കൊങ്കൺപ്രദേശത്തും കന്യാകുമാരിക്കടുത്തുള്ള സ്ഥലങ്ങളിലു
മെയി സ്ഥിരതാമസമുറപ്പിച്ചു. ഇതിൽ കന്യാകുമാരി പ്രദേശത്തു
ള്ളവരെയാണ് ലബ്ബമാർ എന്നു പറയുന്നതു[8] അപ്പോൾ
ഹജ്ജാജിന്റെ ആജ്ഞയനുസരിച്ച് സിന്ധിലേക്ക് നീങ്ങി
യ പടയാളികളും ദാഹീറിനോട് പ്രതികാരം നടത്തുക മാത്ര
മായിരുന്നോ, അതോ അദ്ദേഹം അടിച്ചോടിച്ച പ്രതി
നായകനെ കണ്ട രക്ഷാകേന്ദ്രങ്ങളെ തകർക്കുകകൂടി
യായിരുന്നോ ലക്ഷ്യമാക്കിയത്? സിലോണിൽനിന്നും
പുറപ്പെട്ട കപ്പലിനെക്കുറിച്ചുള്ള വിവരം തെക്കേ ഇന്ത്യ
യിൽ സ്ഥിരതാമസമാക്കിയിരുന്ന ഹജ്ജാജിന്റെ ശത്രു
ക്കളായിരുന്നുകൂടേ കടൽ കൊള്ളക്കാർക്ക് നൽകിയത്?

7. Biladuri–Elliot and Dowson vol. I, P–118.
8. Rice - Mysore and Coorg, Vol I, P. 353

തന്റെ സാമ്രാജ്യത്തിന്റെ വ്യാവസായിക നിലനില്പിനു് ഇക്കൂട്ടരുടെ ശല്യം ഒഴിവാക്കേണ്ടതു് അനിവാര്യമാണെന്നു് ഹജ്ജാജു് ന്യായമായും ഊഹിച്ചിരിക്കുകയില്ലേ? ഗവേഷണോത്സുകരായ വിദ്യാർത്ഥികളും വിവേകികളായ ചരിത്രപണ്ഡിതൻമാരും സമാധാനം പറയേണ്ട ഒരു ചോദ്യം ഞാനുന്നയിക്കുകയാണു്. ഇതു രണ്ടും തമ്മിൽ അഭേദ്യമായ ബന്ധം ഉണ്ടെന്നുള്ള അഭിപ്രായമാണു് എനിക്കുള്ളതു്.

ഹജ്ജാജു് ആദ്യമയച്ച തന്റെ പട്ടാളം പരാജയമടഞ്ഞതിൽ കോപിഷ്ടനായി കൂടുതൽ സജ്ജീകരണങ്ങളോടുകൂടി, മുഹമ്മദു് അൽകാസിമിന്റെ കീഴിൽ ഒരു സേനയെ സിന്ധിലേക്കയച്ചു. കാസിം ചരിത്രത്തിലെ ഒരത്ഭുത പ്രതിഭാസമാണു്. കാസിമിന്റെ അമ്മാവനായിരുന്നു ഹജ്ജാജു്. വളരെ ചെറുപ്പം; അസൂയാർഹമായ സാഹസികധീരത: അത്ഭുതകരമായ ചടുലഭാവം; അനായാസേനയുള്ള ഉയർച്ച; പ്രശംസാർഹമായ വിജയം; വേഗതയിലുള്ള തകർച്ച ഇതെല്ലാംകൂടി ചരിത്രത്തിൽ അദ്ദേഹത്തിനുള്ള സ്ഥാനം അതുല്യ പ്രഭാവന്മാരുടെ പന്തിയിലാണു്. ഏ. ഡി. 711 മുതൽ 715 വരെയുള്ള ചുരുങ്ങിയ കാലത്തിനിടയ്ക്കാണു് പ്രശസ്തിയുടെ ഔന്നത്യവും തകർച്ചയുടെ ദുരനുഭവവും ഈ സാഹസിക സേനാനിക്കുണ്ടായതു്. മേഘജ്യോതിസ്സിന്റെ ക്ഷണികജീവിതം കാമ്യമായി കണക്കാക്കാറുള്ളതുപോലെ, മുഹമ്മതു കാസിമിന്റെ ഹ്രസ്വജീവിതം വിലപ്പെട്ടതായിരുന്നു. ഇൻഡ്യാ ചരിത്രത്തിൽ ഇസ്ലാമികാധിനിവേശത്തിന്റെ ആരംഭം കുറിക്കുന്ന ഈ കാലഘട്ടം മാത്രം വിശദമായി വിശകലനം ചെയ്യാനൊരുമ്പെട്ടാൽ ബ്രിട്ടീഷു് ചരിത്രകാരന്മാർ കെട്ടിച്ചമച്ച നിരവധി കള്ളക്കഥകളും വെളിച്ചത്തു കൊണ്ടുവരുവാൻ സാധിയ്ക്കുന്നതാണു്.

ഇൻഡ്യാചരിത്രമെഴുതിയിട്ടുള്ള എല്ലാവരും തന്നെ മറന്നുപോകുകയോ, മന:പൂർവ്വം വിട്ടുകളയുകയോ ചെയ്

തിട്ടുള്ള ചില പരമാർത്ഥങ്ങളിലേക്ക് വിരൽ ചൂണ്ടുകയാണിവിടെ ചെയ്യുന്നത്. ദാഹിറുമായിട്ടുള്ള യുദ്ധത്തിൽ കാസിം ജയിച്ചു. സിന്ധ് മുസ്ലിം ഭരണത്തിൻ കീഴിൽ വരികയും ചെയ്തു. ഇത് എ. ഡി. 712–ൽ ആണ്. 715–ൽ കാസിം തിരിച്ചു വിളിക്കപ്പെടുകയും മൃഗീയമായി വധിക്കപ്പെടുകയുംചെയ്തു. കാസിമിന്റെ മരണത്തിന്നിടയാക്കിയെന്ന് പറയുന്ന യക്ഷിക്കഥയിലെ പ്രേമാഭിനികളെപ്പറ്റി പ്രതിപാദിക്കുന്നതിനു മുമ്പ് പരിമിതമായ ഈ കാലയളവിൽ കാസിം പിടിച്ചടക്കിയ രാജ്യത്ത് എന്തെല്ലാമാണ് ചെയ്തതെന്നു നോക്കേണ്ടതുണ്ട്. കാരണം ആദ്യത്തെ ആക്രമണവും, അധീശത്വവുമായിരുന്നുവല്ലോ സിന്ധിൽ നടന്നത്. ഇംഗ്ലീഷിന്ത്യൻ ചരിത്രകാരന്മാർ പറയുന്നതുപോലെ മതധ്വംസനമോ അക്രമങ്ങളോ കൂട്ടപ്പിഴയോ മതപരിവർത്തനമോ എന്തെങ്കിലും ഇക്കാലത്ത് നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതുണ്ട്. ഈ മാനദണ്ഡം വെച്ചുകൊണ്ട് വേണമല്ലോ പിന്നീടുള്ള മുസ്ലിം ചക്രവർത്തിമാരുടെ, വിമർശനവിഷയമായിട്ടുള്ള, മത–ഭരണ നയങ്ങളെ പരിശോധിയ്ക്കേണ്ടത്. ഈ കാലയളവിൽ നിർബന്ധമതപരിവർത്തനം നടത്തിയതായിട്ടോ അമ്പലങ്ങൾ തകർത്തതായിട്ടോ ആധികാരികമായി സ്ഥാപിക്കുവാൻ ഒരു ചരിത്രകാരനും സാധിച്ചിട്ടില്ല. മുംട്ടാനിലെ സൂര്യപ്രതിഷ്ഠയുള്ള ഒരു ക്ഷേത്രം കൊള്ളയടിച്ചതായി ഡോക്ടർ ഈശ്വരിപ്രസാദ് രേഖപ്പെടുത്തിയിട്ടുണ്ട്. അതിലുണ്ടായിരുന്ന ധനം അപഹരിക്കുകയുണ്ടായി എന്നും അദ്ദേഹം തുടർന്ന് രേഖപ്പെടുത്തുന്നു.[9] അമ്പലം നശിപ്പിച്ചില്ല എന്നു ഇതിൽനിന്നുതന്നെ വ്യക്തമാണല്ലോ. മുതൽ കൊള്ളയടിച്ചുകാണുമെന്നത് പരമാർത്ഥവുമായിരിക്കും. അതേസമയത്ത് മറെറാരെഴുത്തുകാരൻ കുറിയ്ക്കുന്നത് സിന്ധ്യാക്രമണസന്ദർഭത്തിൽ നാശനഷ്ടങ്ങൾ പറ്റിയ അമ്പലത്തിന്റെ കേടുപാടു തീർത്തുകൊടുക്കുവാൻ ഖലീഫ

9. History of Muslim Rule P. 49

കാസിമിനോട് ആവശ്യപ്പെടുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തു''[10] എന്നാണ്.

അതുപോലെതന്നെ ആരാധനയുടെ കാര്യത്തിലും സിന്ധിലെ ജനങ്ങൾക്ക് സ്വാതന്ത്ര്യവും, സംരക്ഷയും നല്കുകയുണ്ടായി എന്നതിന് ധാരാളം തെളിവുകളുണ്ട്. ഒറിയാളേയും അവന്റെ വിശ്വാസത്തിന്നും, ആചാരങ്ങൾക്കുമെതിരായി പ്രവർത്തിക്കുവാൻ നിർബന്ധിച്ചിരുന്നില്ല. കാസിമിന് ഇത് സംബന്ധിച്ച് ലഭിച്ച നിർദ്ദേശം ഇപ്രകാരമായിരുന്നു. ''അവർ കീഴടക്കപ്പെടുകയും നികുതിദായകരായിത്തീരുകയും ചെയ്ത നിലക്ക് മറെന്തു കൂടിയാണ് അവരിൽനിന്നും പ്രതീക്ഷിക്കേണ്ടത്. അവർ നമ്മുടെ രക്ഷയിൻകീഴിൽ വന്നിരിക്കുകയാണല്ലൊ. ഒരിയ്ക്കലും അവരുടെ സ്വത്തിലോ, ജീവനിലോ കൈവയ്ക്കുവാൻ പാടുള്ളതല്ല. അവരുടെ ദൈവങ്ങളെ

ആരാധിക്കുവാനുള്ള സ്വാതന്ത്ര്യം അവർക്കു നല്കിയിരിക്കുന്നു. ആരേയും അവരുടെ മതത്തെ പിൻപറ്റുന്നതിനെ തടയുവാനോ നിരോധിക്കുവാനോ പാടുള്ളതല്ല''.[11] ഈശ്വരി പ്രസാദ് തന്നെ പറയുന്നു: ''ബ്രാഹ്മണന്മാരോട് അവരുടെ പദവിക്കും മാന്യതയ്ക്കുമനുസരിച്ച് ആദര പൂർവ്വം പെരുമാറിയിരുന്നു....മത സ്വാതന്ത്ര്യം അനുവദിക്കപ്പെട്ടു. ആരാധനയുടെ കാര്യത്തിൽ ബ്രാഹ്മണന്മാരുടെ അഭിലാഷങ്ങൾ മാനിക്കപ്പെടുകയും ചെയ്തു.''[12] അതേ പുസ്തകത്തിൽത്തന്നെ അദ്ദേഹം പറയുന്നതു കൂടി ശ്രദ്ധിക്കുക; ''കീഴടക്കപ്പെട്ട ജനതയ്ക്ക് ആരാധനാസ്വാതന്ത്ര്യം അനുവദിക്കുകയും അവരോട് സഹിഷ്ണതയോടുകൂടി പെരുമാറുകയും ചെയ്തിരുന്നു.''[13] ചു

10. S. M. Jaffar- Islamic Culture P. 109
11. Bhacha nama-Elliot and Dowson vol I, PP. 185-186
12. History of Muslim Rule-P.46.
13. Ibid-P-49.

രുക്കത്തിൽ അമ്പലം പൊളിക്കുകയോ മതസ്വാതന്ത്ര്യം നിഹനിക്കുകയോ ചെയ്തിരുന്നില്ലെന്ന് അനുകൂലസി ദ്ധമാണല്ലോ.

ഭരണകാര്യങ്ങളും മിക്കവാറും തദ്ദേശീയരെത്തന്നെ യാണ് ഏല്പിച്ചിരുന്നത്. ഇൻഡ്യൻ സമൂഹത്തിലെ ഒന്നാമന്മാരായ ബ്രാഹ്മണരായിരുന്നു സിന്ധി യുടെ ഭരണകാര്യങ്ങളും മിക്കവാറും നടത്തിയിരുന്നത്. ഒരവസരത്തിൽ ഉദ്യോഗസ്ഥന്മാർക്ക് കാസിം നല്കിയിരുന്ന ശാസന ഇപ്രകാരമായിരുന്നു: ''സുൽത്താനും ജനങ്ങളും തമ്മിലുള്ള നികുതിബന്ധത്തിൽ മര്യാദപാലിക്കുക. ഭൂവിതരണ കാര്യത്തിൽ സമത്വസിദ്ധാന്തം പുലർത്തുകയും നികുതിചുമത്തുമ്പോഴും അതൊടുക്കുവാനുള്ള സാമ്പത്തിക ശേഷി നോക്കുകയുമാണ് മാനദണ്ഡം. ഉദ്യോഗസ്ഥന്മാരായ നിങ്ങളും തമ്മിൽ ഒരുമയും ഏകാഭിപ്രായവും നിലനിന്നാലേ നിങ്ങളും തമ്മിൽ വിയോജിപ്പോ, കലഹമോ ഉണ്ടായാൽ രാജ്യമാകമാനം കഷ്ടത്തിലാകും.'' ഇത് നിസ്സാരമായി തള്ളേണ്ട കാര്യമല്ല. കീഴടക്കപ്പെട്ട ജനതയിൽ വിശ്വാസമർപ്പിക്കുകയും ഭരണകാര്യങ്ങളും പോലും അവരിൽ നിക്ഷിപ്തമാക്കുകയും ചെയ്ത കാസിം അനുകരണീയനും മഹത്വമുള്ളതുമായ ഒരു വഴക്കമാണ് ഇതുമൂലം പ്രകടിപ്പിച്ചത്.

കാസിമിനു സിന്ധ്യാക്രമണവേളയിൽത്തന്നെ അസംതൃപ്തരായ തദ്ദേശീയരിൽ ഒരു വിഭാഗത്തിന്റെ പിന്തുണ ലഭിച്ചിരുന്നു. അവരെല്ലാവരും കാസിമിന്റെ സേനയിൽ സേവനമനുഷ്ഠിക്കുകയും ചെയ്തു. മുസ്ലീം ആക്രമണകാലത്ത് ഹിന്ദുസേനാവിഭാഗം ഒരു നിർണ്ണായകഘടകമായി അവരുടെകൂടെ ഉണ്ടായിരിക്കുക എന്നതുതന്നെ മതനയരൂപീകരണത്തിൽ പ്രധാനമായ സ്വാധീനം ചെലുത്തുവാൻ ഉപകരിക്കുന്നതത്രെ. ഹൈന്ദവപടയാളികളോടുകൂടി പുറപ്പെടുന്ന ഒരു മുസ്ലീം രാജാവിന് ഹിന്ദുമതത്തെ അവഹേളിക്കുവാനോ, ആരാധനാലയ

ങ്ങളെ ധ്വംസിക്കുവാനോ, പട്ടാളത്തിന്റെ കൂറ് നഷ്ടപ്പെടുമെന്ന ഒറ്റക്കാരണംകൊണ്ടുതന്നെ സാദ്ധ്യമാകുകയില്ല. മതഭ്രാന്തിനേറെയും മതപ്രചാരണത്തിനേറെയും പടഹധ്വനിയുമായി ആർത്തിരമ്പി വരുന്ന ആരേയും സഹായിക്കുവാൻ മനസ്സാക്ഷിയും മതവിശ്വാസവുമുള്ളവർ ഒങ്ങുകയുമില്ലല്ലോ. അപ്പോഴും കാസിമിന്റെ സേനയിൽ നല്ല ഒരു വിഭാഗം ഹിന്ദുക്കളായിരുന്നുവെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഏതായാലും നമ്മുടെ ചരിത്രകാരന്മാർക്കൊക്കെ ഈ നല്ല വശങ്ങളെ പരാമർശിക്കുവാൻ വിമുഖതയാണ്. ഇന്ത്യയിൽ ആദ്യം നടന്ന മുസ്ലീംആക്രമണം വിമർശിക്കത്തക്ക യാതൊരു ഹീനപ്രവൃത്തിയും ചെയ്തിട്ടില്ലെന്നിരിക്കെ നാം അവയുടെ നേരെ കണ്ണടയ്ക്കുന്നത് എന്തോ മനഃപൂർവ്വ സ്വഭാവംകൊണ്ടാണെന്നു വരും. ലൈൻപൂളിനെ പിൻപറ്റിക്കൊണ്ട് എല്ലാ ഇംഗ്ലീഷ് ഇന്ത്യൻ എഴുത്തുകാരും പറയും, ''സിന്ധ്യാക്രമണം ഇൻഡ്യയേയും ഇസ്ലാമിനേയും സംബന്ധിച്ച് ഒരുപകഥാമാത്രമാണ്. ഫലത്തിലെത്താത്ത ഒരു വിജയം'' എന്ന്. യഥാർത്ഥത്തിൽ ഇന്ത്യാചരിത്ര സംഭവഗതികളെ സാരമായി ബാധിച്ച ഒരു സംഗതിയാണ് സിന്ധ്യാക്രമണം. ഇന്ത്യയേയും മുസ്ലീം രാഷ്ട്രങ്ങളേയും സംബന്ധിച്ച അവിസ്മരണീയമായ ഈ കാര്യം വളരെ ശ്രദ്ധിക്കപ്പെടേണ്ടതാണ്. കാരണവുമുണ്ട്. സിന്ധിൽ നടപ്പാക്കിയ ഭരണക്രമവും സിന്ധുജനതയിലർപ്പിച്ച വിശ്വാസവും ഹൈന്ദവസേനാവിഭാഗത്തിന്റെ സേവനവും ഭരണകാര്യങ്ങളും മുഴുക്കെ തദ്ദേശീയരിലർപ്പിച്ചതും നല്ല ഒരു തുടക്കമായിരുന്നുവെന്നുമിനി സംശയമില്ല. ഇതിനുപുറമേ വിശ്വാസത്തിന്റേയും ആരാധനയുടെയും കാര്യങ്ങളിലും ജീവിതസമ്പ്രദായത്തിന്റെയും ആചാരക്രമങ്ങളുടേയും സംഗതികളിലും, ആരേയും പിൻതിരിപ്പിക്കുകയോ, അവയിൽ ഇടപെടുകയോചെയ്തിരുന്നില്ലെന്നും നാം പ്രതിപാദിച്ചതാണ്. ഇത് പിന്നീടുള്ള മുസ്ലീം

കച്ചവടത്തിന്റെയും നയരൂപീകരണത്തിൽ സ്വാധീനം ചെലുത്തിയിരിക്കയില്ല എന്നു വ്യവഹരിക്കുന്നതു അസാംഗത്യമായിരിക്കും. ഈവഴക്കങ്ങൾ വകവച്ചുകൊടുത്താൽ ബ്രിട്ടീഷ് ചരിത്രകാരൻമാർക്ക് പരമ്പരാഗതമായി ചെയ്തുപോരുന്ന ദുഷ്യാരോപണങ്ങൾക്ക് പഴുതില്ലാതാകും. അതുതന്നെയാണ് സിനിമാക്രമണത്തിന്റെ പ്രാധാന്യം നിസ്സാരമാക്കിത്തള്ളുവാൻ അവരെ പ്രേരിപ്പിച്ചത്. യഥാർത്ഥത്തിൽ ഇൻഡ്യയെ സംബന്ധിച്ചിടത്തോളം പ്രാധാന്യം അർഹിക്കുന്ന സംഭവമാണ് സിന്ധാക്രമണം. സിന്ധു സംസ്ഥാനം ഖലീഫത്തിനോടു കൂട്ടിച്ചേർക്കപ്പെട്ടുവെന്നത് നമ്മേസംബന്ധിച്ചിടത്തോളം തള്ളിക്കളയാവുന്ന സംഗതിയാണോ? നിശ്ചയമായുമല്ല. പിന്നെ നാമിതിൽ അലസമനോഭാവം പ്രകടിപ്പിക്കുന്നത് ഔചിത്യപൂർവ്വമാകുമോ? അല്ലെങ്കിൽ ബോധപൂർവ്വമായിരിക്കണം.

മുസ്ലീംലോകവും ഇതു നിസ്സാരമായെടുത്തു എന്നു പറയുന്നതും ശരിയല്ല, ഇൻഡ്യനതിർത്തിയിൽ ഒരു സാമ്രാജ്യസ്ഥാനത്തു നിലയുറപ്പിക്കുവാൻ സാധിച്ച അവർക്ക് ഇൻഡ്യയുടെ വ്യാവസായിക സിരാകേന്ദ്രം കൈവശം വന്നതിനു തുല്യമായ നേട്ടമൊന്നുമല്ല. കരമാർഗ്ഗേണയുള്ള കച്ചവടവും കടലിന്റെ ആധിപത്യവും ഇക്കാലത്തിനുമുമ്പുതന്നെ അറബികൾ സ്വായത്തമാക്കിയിരുന്നുവെന്നു നാം കണ്ടു. വ്യാവസായികമണ്ഡലം പൂർണ്ണമായി വികാസം കൊള്ളുകയും വളർന്നുവന്ന മുസ്ലീം സാമ്രാജ്യശക്തിക്ക് അമിതമായ സാമ്പത്തികശേഷി നേടിക്കൊടുക്കുകയും ചെയ്തുവെന്ന ഒറ്റസംഗതി കണക്കിലെടുത്താൽ മതി ഇതിന്റെ പ്രാധാന്യം എത്ര വലുതായിരുന്നുവെന്നു" മുസ്ലീംലോകം കരുതിയിരുന്നതെന്നു കാണുവാൻ. അതുപോലെതന്നെ വിദേശശക്തിക്ക് സഹായവും സേവനവും നൽകുവാൻ ബദ്ധകങ്കണരായി മുന്നോട്ടുവന്ന സിന്ധിലെ അസംതൃപ്തരായ ജനവിഭാഗം ഒരു കാര്യം അനുഭവിച്ചറിഞ്ഞിരുന്നു വ്യക്തമാക്കുന്നുണ്ട് ഇൻഡ്യൻ

സാമൂഹിക സംവിധാനത്തിന്റെ ദുർബ്ബലത. ഇൻഡ്യയുടെ ഈ കുറവ് മുസ്ലീംലോകം വ്യക്തമായും കണ്ടറിഞ്ഞു. പിന്നീടുള്ള ആക്രമണങ്ങൾക്കും ആധിപത്യത്തിനും ഇൻഡ്യൻസഹായം തേടുവാൻ അവർക്ക് ഈ സംഭവം പ്രേരണാശക്തിയായി പ്രവർത്തിച്ചിരിക്കണം. ഇതും അവഗണിക്കുവാൻ പാടില്ലാത്തതാണ്. അതിനുംപുറമേ ഇൻഡ്യയുടെ കവാടങ്ങൾ ഏതവസരത്തിലും കടന്നാക്രമിക്കുവാൻ പാറിയ വിധത്തിൽ തുറക്കപ്പെട്ടുമിരുന്നു.

സാംസ്ക്കാരികമണ്ഡലത്തിലും വൈജ്ഞാനിക തലത്തിലും അറബികൾക്ക് അമൂല്യമായ വിഭവസമ്പത്താണ് ഇൻഡ്യയിൽ നിന്നും ലഭിച്ചത്. ''ഹൈന്ദവപ്രതിഭയുടെ പ്രാഗത്ഭ്യവും ഹൈന്ദവസംസ്കാരത്തിന്റെ വൈവിദ്ധ്യവും അഗാധതയും അറബികൾ അഭിനന്ദിച്ചു. ഹൈന്ദവ ബൗദ്ധപണ്ഡിതന്മാരുടെ അടുക്കൽ ദുർല്ലഭം അറബികളല്ല ഇത് പഠിക്കുവാൻ മിനക്കെട്ടെത്തിയത്. ഏ.ഡി. 771–ൽ മൻസൂറിന്റെ ഭരണകാലത്ത് ജ്യോതിശാസ്ത്രത്തിലും ഗണിതത്തിലും നിപുണൻമാരായ കുറെ ഹൈന്ദവപണ്ഡിതൻമാർ ബാഗ്ദാദിലെത്തുകയും 'ബ്രഹസ്പതി സിദ്ധാന്തം' അറബിയിലേയ്ക്കു പരിവർത്തനം ചെയ്യുകയും ചെയ്തു. അനവധി ഹൈന്ദവദാർശനികരും ഭിഷഗ്വരന്മാരും ഖലീഫ്മാരുടെ കീഴിൽ പ്രവൃത്തിയെടുത്തിരുന്നുവെന്നതിനും അവർക്ക് അസുലഭമായ പ്രോത്സാഹനവും സഹായവും ലഭിച്ചിരുന്നുവെന്നതിനും ധാരാളം തെളിവുകളുണ്ട്. അതുപോലെ തന്നെ ഇൻഡ്യൻഭാഷകൾ പഠിച്ച അറബിപണ്ഡിതന്മാർ സംസ്കൃതത്തിലേയ്ക്ക് ഖുറാൻ പരിഭാഷപ്പെടുത്തിയതുമിക്കാലത്താണ്. ഇൻഡ്യയുടെ ചിത്രകലയും ശില്പശാസ്ത്രവും സംഗീതവുമൊക്കെ അവരുടെ നിരീക്ഷണത്തിന് വിധേയമായി. ഇൻഡ്യൻ തത്വശാസ്ത്രവും മറ്റു വിജ്ഞാന വിഭവങ്ങളും അറബിലോകം മനസ്സിലാക്കുക മാത്രമല്ല അവ യൂറോപ്യൻ രാജ്യങ്ങളിൽ പ്രചരിപ്പിക്കുകയും ചെ

യ്യു. അവരെ സംബന്ധിച്ചിടത്തോളം ഒരിക്കലും മറന്നുകളയാൻ സാധിക്കാത്ത പ്രാധാന്യം ഇതിനുണ്ട്. ചുരുക്കത്തിൽ സിന്ധ്യാക്രമണം ഇൻഡ്യയ്ക്കും മുസ്ലീം ലോകത്തിനും അവിതർക്കിതമാംവണ്ണംപരിണിതഫലങ്ങളുളവാക്കിയ ഒരു സംഭവമാണ്.

എന്നാൽ നമ്മുടെ ചരിത്രകാരന്മാർ ഈ അംശം തീരെ ശ്രദ്ധിച്ചിട്ടില്ല. മനഃപൂർവ്വസ്വഭാവത്തോടുകൂടി ലെയിൻ പൂളിന്റെ ഉദ്ധരണിയുമായി അനായാസേന ഒഴിഞ്ഞുമാറുകയാണ് പതിവ്. ഇതിന്റെ ഫലമായി ഗൗരവമായി വീക്ഷിക്കേണ്ട ചരിത്രപാഠങ്ങൾ വികലമായിപ്പോകുന്നു. അതിന്ന് പരിഹാരമെന്നോണമായിരിക്കാം എല്ലാ എഴുത്തുകാരും ഒട്ടും ചരിത്രപ്രാധാന്യമില്ലാത്ത കെട്ടുകഥകൾക്ക് പ്രാവീണ്യം നൽകിക്കാണുന്നത്. കാസിമിന്റെ വധത്തെ ചുറ്റിപ്പറ്റിയുള്ള ഒരു കഥയാണ് ഇവരുടെയൊക്കെ പ്രതിപാദനത്തിലെമുഖ്യവിഷയം. അതിങ്ങനെയാണ്. ദാഹിറിന്റെ പരാജയത്തെ തുടർന്ന് അദ്ദേഹത്തിന്റെ പുത്രിമാരായ പർമ്മാൽദേവിയേയും സുരാജ്ദേവിയേയും കലിഫയ്ക്ക് സമ്മാനമായി കാസിം കൊടുത്തയച്ചുവത്രേ. അവരുടെ മൂടുപടം നീക്കിക്കണ്ട കലീഫ, ആകൃഷ്ടനായി, പ്രേമാഭ്യർത്ഥന നടത്തിയെന്നും, അപ്പോൾ, കാസിം മൂന്നു ദിവസം തങ്ങളെ ഹാരത്തിൽ പാർപ്പിച്ചതിനു ശേഷമാണ് ഇവിടേയ്ക്ക് പറഞ്ഞയച്ചതെന്ന് ഇവർ അറിയിച്ചുവെന്നും, കോപിഷ്ഠനായ കലീഫ ഉടനെതന്നെ കാസിമിനെ ക്രൂരമാംവിധം വധിക്കുവാൻ കൽപിക്കുകയും ചെയ്തുവെന്നുമാണ് കഥ. അങ്ങിനെയാണ് ധീരതയുടെ പരമോന്നതിയെ കണ്ടആ പടനായകൻ വധിക്കപ്പെട്ടതത്രേ! തങ്ങളുടെ പിതാവിനെ കൊലപ്പെടുത്തിയ കാസിം മരിച്ചുവെന്ന് ബോദ്ധ്യമായപ്പോൾ ഈ യുവതികൾ പറഞ്ഞതത്രയും കള്ളമായിരുന്നുവെന്ന് കലീഫയോട് ഏറ്റുപറഞ്ഞു. കാസിം അവരുടെ കന്യകാത്വത്തെ അപഹരിച്ചില്ലെന്നറിയിക്കുകയും ചെയ്തു. ദുഃഖിതനും

കോപാക്രാന്തനുമായ ഖലീഫ ഈ യുവതികളെ കൊല്ലാൻ കല്പിച്ചു. നമ്മുടെ ചരിത്രകാരന്മാർ ഈ കഥയുടെ ഔചിത്യാനൌചിത്യങ്ങളെക്കുറിച്ച് ചർച്ച ചെയ്തു പ്രതിപാദനത്തെ ഊതിവീർപ്പിക്കുകയാണ് പതിവ്. ഖലീഫാ വാലിദ് ഏ. ഡി. 715–ൽ മരണമടഞ്ഞതോടുകൂടി ഉണ്ടായ അധികാരവടംവലിയും അതിനെത്തുടർന്നു നടന്ന ആഹൂതിയുമാണ് കാസിമിന്റെ പതനത്തിനു യഥാർത്ഥത്തിൽ ഇടയാക്കിയത്. അല്ലാതെ നാം പഠിച്ചുപോരുന്ന അവിശ്വസനീയമായ കഥയല്ല കാരണം.

ഈ അധികാരമാറ്റവും നയങ്ങളിലുള്ള വ്യത്യാസവും കാരണമാവാം ഹജ്ജാജിന്റെ പ്രതികാരനടപടി തുടരാൻ സാധിക്കാതെ വന്നത്. തെക്കേ ഇൻഡ്യയിൽ കുടിയേറിപ്പാർത്ത തന്റെ ശത്രുക്കളായ ഹാഷിമികുഡുംബക്കാരെ വകവരുത്തുവാൻ ഒക്കാതിരുന്നത് ഇതുകൊണ്ടുതന്നെയാകാം. മുസ്ലിംലോകത്തുണ്ടായ ആഭ്യന്തരമായ മാറ്റങ്ങളും സ്പർദ്ധകളും നിലനിന്നിരുന്നില്ലെങ്കിൽ, ധീരനായ കാസിമിന്റെ യുവത്വം എന്തെല്ലാം വീരസാഹസങ്ങളും ഈ നാട്ടിൽ ചെയ്യുമായിരുന്നില്ല! സിന്ധ്യാക്രമണം ഒറ്റപ്പെട്ട ഒരു സംഭവമായിരുന്നില്ല. നമ്മുടെ ചരിത്രകാരന്മാർക്കു മാത്രം അടർത്തിയെടുക്കപ്പെട്ട ഒരു വ്യവഹാരവസ്തുവായി ഇതവശേഷിക്കുന്നുണ്ടാകാം. പക്ഷേ ചരിത്രമറിയാവുന്നവർക്ക് ഇങ്ങനെ വ്യവഹരിക്കുക സാധ്യമല്ല. ഇസ്ലാമിക രാഷ്ട്ര സംവിധാനത്തേയും അതിന്റെ വികസന സ്വഭാവത്തേയും പറ്റി നല്ല ഗ്രാഹ്യമുണ്ടെങ്കിൽ മാത്രമേ ഇവയെല്ലാം കോർത്തിണക്കി ഒറ്റച്ചരടിൽ സുഘടിതമാക്കുവാനൊക്കൂ. അതു പറ്റാത്തതാണ് പ്രമുഖമായ ഈ സംഭവം നിസ്സാരമായി നമ്മുടെ പ്രതിപാദനത്തിൽ അവതരിപ്പിക്കപ്പെടുന്നത്.

21

സുൽത്താനായ മുഹമ്മദ് ഗസ്നി

ലോകചരിത്രത്തിൽ മായ്ക്കാനോ മായ്ക്കാനോ കഴിയാത്ത അസാദ്ധ്യമായ ചെയ്തികളും കൊണ്ട് സമുന്നത സ്ഥാനം അലങ്കരിക്കുന്നവരാണ് ഓർമ്മിക്കപ്പെടുന്നത്. സ്വാർത്ഥ താല്പര്യത്തിന്നു മകുടം ചാർത്തുന്ന പ്രവൃത്തികൾക്ക് ന്യായീകരണം നൽകി, അവ കാലത്തിന്റെ അനിവാര്യതയാണെന്ന് ബോദ്ധ്യപ്പെടുത്തി, സാർവ്വലൌകികത്വം നൽകി വിജയിച്ചിട്ടുള്ളവരാണ് ഇക്കൂട്ടരിൽ ഏറ്റവും പ്രധാനം. അവരുടെ പ്രവൃത്തികളും എക്കാലവും തർക്കവിഷയവുമായിരിക്കും. പണ്ഡിതൻമാരുടെ വിചിന്തനാവിലാസമനുസരിച്ച് അവരുടെ പ്രവൃത്തികൾക്ക് വിലകൂടുകയോ ഇടിയുകയോ ചെയ്യുന്നു. ഏകോപിച്ച് ഒന്നാം അഭിപ്രായം അത്തരക്കാരെക്കുറിച്ച് ലഭിക്കുക പ്രയാസമാണ്. അതുതന്നെയത്രേ അവരുടെ സ്മരണ എന്നും നിലനിറുത്തുപിടിച്ചു നില്ക്കുന്നത്. അത്തരം വ്യക്തിത്വമുള്ള മഹാത്മാക്കളിൽ അനിതരസാധാരണനാണ് മുഹമ്മദ് ഗസ്നി. ഇന്ത്യാചരിത്രത്തിൽ ഈ നാമധേയം വളരെ ഞെട്ടലോടും വീർപ്പ് മുട്ടലോടും കൂടിയാണ് ഉച്ചരിക്കപ്പെടുക. മുഹമ്മദ് ഗസ്നി എന്നു കേൾക്കുമ്പോൾ ഏത് ഇന്ത്യാക്കാരനിലും ഊറി ഉതിരുന്ന വികാരം വെറുപ്പിന്റേതാണ്. ഒരു വ്യക്തിയോടുള്ള പക മാത്രമായി ഈ വിദ്വേഷം പരിമിതമാക്കപ്പെട്ടിരുന്നുവെങ്കിൽ ആർക്കും പരാതിയുമുണ്ടാകയില്ല. ''മനുഷ്യർ ചെയ്യുന്ന നല്ല കാ

ര്യങ്ങൾ അവരോടൊപ്പം കൂഴിച്ചുമൂടപ്പെടുന്നു. എന്നാൽ ചീത്തപ്രവൃത്തികളാകട്ടെ എക്കാലവും ഓർക്കപ്പെടും.'' ഗസ്നായെക്കുറിച്ച് ഈ മഹദ്വാക്യം പരിപൂർണ്ണമായും ചേരുന്നുണ്ട്. ചരിത്രകാരന്മാർ പറയുന്ന എന്തെല്ലാം ഗുണഗണങ്ങൾക്കിരിപ്പിടമായിരുന്നു ആ സുൽത്താനെന്ന കാര്യം ആരും അത്ര ഗൗനിക്കുകയില്ല. എത്രമാത്രം അനാവശ്യമാണെങ്കിലും ചെയ്തതെന്നാണ് ചർച്ചാവിഷയം. അങ്ങിനെ പണ്ഡിതന്മാരുടെ പേനകളിൽ മഷിയൂറുന്ന കാലത്തോളം മുഹമ്മദ് ഗസ്നാ ഭീകരമായ കൊലപാതകങ്ങളുടേയും നീചമായ നശീകരണങ്ങളുടേയും, ബീഭൽസരൂപമായാണ് ചിത്രീകരിക്കപ്പെടുക.

ഒരു പേടിസ്വപ്നത്തിന്റെ മാനസികാസ്വാസ്ഥ്യത്തോടും പൈശാചികതയുടെ പ്രാകൃതത്തോടും കൂടി വിവരണാതീതമായി ഉയർന്നു വരുന്ന ഈ രൂപം സന്തം പ്രവൃത്തികളുടെ തികഞ്ഞ ഫലം അനുഭവിക്കുന്നതുപോലെ പ്രകൃതി സഹജമാണ്. അതിൽ ആർക്കും ആക്ഷേപമില്ല. പക്ഷേ വ്യക്തികളുടെ ചെയ്തികളും സമൂഹത്തിന്റേയും സ്വതസിദ്ധമായ സ്വഭാവമായി ചിത്രീകരിക്കപ്പെടുമ്പോൾ അവ കാലുഷ്യങ്ങളുടെ കലകളും ചരിത്ര വിവരണത്തിൽ പതിപ്പിച്ച് സംസ്കാരത്തേയും ചരിത്രത്തേയും കറകൊണ്ടു മൂടുന്നു, അതാണ് മുഹമ്മദ് ഗസ്നായെ ഇന്ത്യാചരിത്ര പഠനത്തിലെ മുഖ്യ വിഷയമായി അവലോകന വിധേയമാക്കുവാൻ കാരണം. മുഹമ്മദ് ഗസ്നായെ ചുറ്റിപ്പറ്റി എത്രമാത്രം കുഴപ്പങ്ങളാണ് നമ്മുടെ ചരിത്ര സംവിധാനത്തിൽ കടത്തി വിട്ടിട്ടുള്ളത്. സാമുദായികഛിദ്രത്തിന്റെ അടിത്തറ പാകുവാൻ, കഥാപുരുഷന്റെ കാലഘട്ടമാണ് സൗകര്യപൂർവ്വം ഫലപ്രദമായുപയോഗപ്പെടുത്തിയിട്ടുള്ളത്. തൻമൂലം പെട്ടെന്ന് പറഞ്ഞുതീർക്കാൻ പറ്റാത്ത സങ്കീർണ്ണമായ ഒരു വലിയ പ്രശ്നമായിത്തന്നെ ഇന്ത്യാചരിത്രപഠനത്തിൽ ഗസ്നാ അവശേഷിക്കുന്നു.

എട്ടാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തോടു കൂടി ഖലീഫയുടെ പദവി കുറേശ്ശെയായി കുറയുവാൻ തുടങ്ങി. അറബികളുടെ സ്ഥാനം ടർക്കികൾ കയ്യടക്കി. ഇതോടുകൂടി ചെറിയ ചെറിയ മുസ്ലീം രാഷ്ട്രങ്ങൾ ഉയർന്നുവന്നു. കലീഫയുടെ ഐസ്ലാമിക സാമ്രാജ്യത്തിന്റെ തകർന്നുകൊണ്ടിരുന്ന സ്ഥലങ്ങളിൽ നിന്നു തന്നെയാണ് ഈ സ്വതന്ത്രരാജ്യങ്ങളുടെ ഉത്ഭവവും വളർച്ചയും. അതിനിടയിൽ ചെറിയ രാജസ്ഥാനമായിരുന്നു ഗസ്നി. ഏ. ഡി. 962-ലാണ് ആൽപ്റാജിൻ ഈ സംസ്ഥാനത്തിന്റെ അധിപതിയാകുന്നതും ഒരു രാജവംശം സ്ഥാപിക്കുന്നതും. 963-ൽ മരിക്കുന്നതുവരെ ആൽപ്റാജിൻ ആ രാജ്യം ഭരിച്ചു. അദ്ദേഹത്തിനുശേഷം അബൂഇഷാക്കാണ് ഗസ്നിയിലെ രാജാവാകുന്നത്. ഒരുകൊല്ലം കഴിയുന്നതിനു മുമ്പ് അദ്ദേഹവും മരിച്ചു. പിന്നീടുള്ള ആറുകൊല്ലത്തിനിടയ്ക്ക് ആൽപ്റാജിന്റെ പട്ടാളമേധാവികളിൽ മൂന്നുപേർ മാറി മാറി സിംഹാസനാരോഹണാവരോഹണങ്ങൾ നടത്തി. അങ്ങനെ 976-ആയപ്പോഴേക്കും ഗസ്നി രാജസ്ഥാനം ആൽപ്റാജിന്റെ അടിമകളിലൊരാളായ സബുക്ത്തജിന്റെ അധീനതയിൽ വന്നു. ഇവിടംമുതലാണ് ഗസ്നികുടുംബത്തിന്റെ പ്രശസ്തി പരക്കുന്നത്.

സബുക്ത്തജിന്റെ ഭരണം നമ്മെ സംബന്ധിച്ചിടത്തോളം പരിഗണനാർഹമാണ്. അറബികളുടെ സിന്ധാക്രമണത്തിനുശേഷം ഇന്ത്യൻ മണ്ണിലേക്ക് മുസ്ലീം പട്ടാളം ഇരച്ചുകയറുന്നത് ഇക്കാലത്താണ്. പഞ്ചാബിലേയും രാജസ്ഥാനിലെ ഇൻഡ്യയിലെ മറ്റു ചില സ്ഥലങ്ങളിലേയും രാജാവായിരുന്ന ജയ്പാലുമായി സബുക്ത്തജിൻ ഏറ്റുമുട്ടുന്നു. നിർണ്ണായകമായ ഈ യുദ്ധത്തിൽ ഇരുകൂട്ടരും പരാജയമടഞ്ഞില്ല. പക്ഷേ പ്രകൃതിയുടെ ക്രൂരമായ കോപം നമ്മുടെ സേനയ്ക്ക് വിവരിക്കാനൊക്കാത്ത പ്രയാസമുണ്ടാക്കി. കൊല്ലത്തിൽ പത്തുലക്ഷം രൂപയും ആനപതി ആനകളും നൽകാമെന്ന ഒരു കരാറിൽ ജയപാൽ

സന്ധിചെയ്തു. പക്ഷേ ലാഹോറിലേയ്ക്കു വന്ന് തന്റെ തോൽവിയുടെ കാരണം അകാലമായുണ്ടായ മഞ്ഞിന്റെ രൂക്ഷതയായിരുന്നുവെന്നും ആക്രമിയുടെ ആയുധബലം കൊണ്ടായിരുന്നില്ലെന്നും മനസ്സിലാക്കിയ ജയ്പാൽ ഉടമ്പടി വ്യവസ്ഥകം ലംഘിക്കുകയാണ് ചെയ്തത്. അതിന്റെ ഫലമായി സബുക്ത്തജിൻ തന്റെ മൂത്ത മകൻ മുഹമ്മതിനോടും വിദഗ്ദ്ധപരിശീലനം സിദ്ധിച്ചിരുന്ന 5000 കുതിരപ്പടയാളികളോടും കൂടി വീണ്ടും ഇൻഡ്യ നതിർത്തി ലംഘിച്ച് പടഹധ്വനിയുമായി പാഞ്ഞെത്തി.

യുദ്ധത്തിന്റെ പ്രാധാന്യം ജയ്പാൽ തീർത്തും മനസ്സിലാക്കിയിരുന്നു. തന്റെ സഹോദരരാജാക്കൻമാരുടെ സഹായമദ്ദേഹം അഭ്യർത്ഥിച്ചു. അദ്ദേഹം അവരെ ഓർമ്മപ്പെടുത്തി; 'ഇതൊരു പ്രളയമാണ്. അതിനെ സംഘടിതമായി അണകെട്ടി നിർത്തിയില്ലെങ്കിൽ ചെറുതും വലുതുമായ എല്ലാ രാജ്യങ്ങളും തകർന്നടിയും; ഒന്നിക്കുക'' എന്ന്. ഡൽഹി, കാന്യുജ്, കലന്തർ, അജ്മീർ തുടങ്ങിയ രാജ്യങ്ങളിലെ റായ്മാർ ജയ്പാലിന്റെ സഹായത്തിനെത്തി. ലാഹോറിലെ തരുണീമണികം അന്നാദ്യമായി പ്രതിരോധ മുന്നണിയിലേക്ക് കുതിച്ചു വന്നു, ഭാരതീയ സ്ത്രീകളുടെ ധീരമായ മുന്നേറ്റത്തിന്റെ മുന്നോടി കുറിച്ചു. എവിടേയും യുദ്ധത്തിന്റെ സംസ്കാരം തന്നെ. ആഭരണങ്ങം പോലും യുദ്ധ ഫണ്ടിലേക്ക് അവർ സംഭാവന നൽകി. ചുരുക്കത്തിൽ ദേശീയമായ ഒറാപത്തിനെ ഏകോപിച്ചെതിരിടുവാൻ ഇന്ത്യ തയ്യാറെടുത്തു. വിഘടിതമായിക്കിടന്നിരുന്ന ഉത്തരേന്ത്യൻ രാജ്യങ്ങം ആഭ്യന്തര കലാപങ്ങളും വിദ്വേഷങ്ങളും മറന്ന് ഒറ്റക്കെട്ടായി. അങ്ങനെ ദേശീയ പ്രതിരോധവാണ് സബുക്ത്തജിനെ എതിരിട്ടത്. ''ഒരു ലക്ഷത്തിനു മീതെ കുതിരപ്പടയാളികളോടും തിട്ടപ്പെടുത്താനൊക്കാത്ത കാലാംപ്പടയോടും കൂടി ജയ്പാലിന്റെ നേതൃത്വത്തിൽ ഇന്ത്യ സമര സന്നദ്ധമായി പടക്കളത്തിലെത്തി. ദേശീയാവേശം പകരുന്ന ഈ അദ്ധ്യായം ആ

നിർഭരമായ ഒരു പാഠവും കൂടി പകർന്നു തരുന്നുണ്ട്. ഡോക്ടർ ഈശ്വരി പ്രസാദ് തന്നെ പറയട്ടെ: ''ഈ യുദ്ധഫലം അസന്നിഗ്ദ്ധമാംവണ്ണം വെളിപ്പെടുത്തുന്ന സത്യം അനിയന്ത്രിതമായ ഏതു സന്നാഹവും എത്ര തന്നെ വലുതാണെങ്കിലും ഉപയോഗ ശൂന്യമാണെന്നാ ണ്.[1] പെഷവാറും ലമാഗണും ആക്രമിയുടെ അധീന തയിൽ വന്നു. അതിനെ അംഗീകരിക്കുവാൻ ജയ്പാൽ നിർബന്ധനുമായി. പഞ്ചാബിന്റെ ഒരു ഭാഗം വിദേശാ ധിപത്യത്തിൻ കീഴിൽ വന്നത് വേദനയോടുകൂടി നാം നോക്കി നിലക്കേണ്ടതായും വന്നു. ഇരുപതുകൊല്ലത്തെ സുദീർഘമായ ഭരണത്തിനു ശേഷം സബുക്തജീൻ മര ണമടഞ്ഞു. പിന്നീട് മക്കളായ മുഹമ്മദും ഇസ്മെയി ലും തമ്മിൽ സിംഹാസനാരോഹണത്തിനു വേണ്ടിയുള്ള തർക്കപരമായ സംഘട്ടനമായിരുന്നു. അതിൽ വിജയി ച്ച മുഹമ്മദാണ് ഇന്ത്യാചരിത്രത്തിലെ ഭയാനകനായ മുഹ മ്മദ് ഗസ്നായെന്ന നശീകരണ ജേതാവ്.

ഈ സുൽത്താന് അധികം പൊക്കമുണ്ടായിരുന്നില്ല. അവയവങ്ങൾ കുറുകിച്ചുരുങ്ങിയവയെങ്കിലും ദേഹത്തി നു ഇണങ്ങുന്നവയായിരുന്നു. മസൂരിക്കലകൊ വികൃത മായ മുഖം മുഹമ്മദിന് ബാഹ്യമായ സൗന്ദര്യ സൗഭാ ഗ്യം ഇല്ലാതാക്കി. തന്റെ ഈ വികൃതമുഖം കണ്ണാടിയിൽ നോക്കിക്കൊണ്ട് സുൽത്താനൊരു ദിവസം തന്റെ സചി വനോട് പറഞ്ഞു: ''ജനങ്ങൾ ആശ്വാസത്തിനുവേണ്ടി യും ദർശന സൗഖ്യത്തിനായും നോക്കുന്നത് ഈ മുഖത്തേ യ്ക്കല്ലേ. എങ്ങിനെ അവർക്ക് സമാധാനവും ഐശ്വര്യ വും വരിക്കുവാനാണ് കലവീണ് വികൃതമായ എന്റെ ഈ മുഖത്തു നിന്നും''. അതിൽ നിലീനമായിരുന്ന മാന സിക വ്യഥ മനസ്സിലാക്കിക്കൊണ്ടുതന്നെ ബുദ്ധിമാ നായ മന്ത്രി പറഞ്ഞു: ''രാജാക്കന്മാരുടെ മുഖത്തിന്റെ ബാഹ്യ പ്രകാശമല്ല മനുഷ്യരുടെ ആശ്വാസകേന്ദ്രം: നി

[1] Dr. Iswari Prasad- History of Muslim Rule- P. 56,

ശ്ചയമായും രാജകീയ പ്രൗഢി ഹൃദയത്തിന്റെ കണ്ണാടിയായ മുഖത്ത് കളിയാടും. അതാണ് ജനങ്ങൾക്ക് ലഭിക്കുന്ന ദിവ്യ പ്രകാശം''. മുഹമ്മദിന് സമാധാനമായി. നൂറുശതമാനവും രാജാവായിരുന്നു അദ്ദേഹം. രാജത്വത്തിന് എത്രമാത്രം ഉയർന്ന പദവി ഉണ്ടാക്കുവാനൊക്കുമോ, ജീവിത കാലം മുഴുക്കെ അതു ചെയ്ത രാജാക്കന്മാരിൽ രാജാവായിരുന്നു മുഹമ്മദ് ഗസ്നാ. ചരിത്രത്തിൽ വിവിധാഭിപ്രായങ്ങൾ കൊണ്ട് ഇത്രമാത്രം തർക്കവിഷയമായ ഒരു സുൽത്താൻ വേറെയില്ലതന്നെ.

മുപ്പതു വയസ്സിൽ സുൽത്താനായ മുഹമ്മദിന്റെ നേട്ടങ്ങൾകണ്ട് സമകാലീന ലോകം ആശ്ചര്യംകൊണ്ടു. വിസ്തൃതമായ ഒരു സാമ്രാജ്യവും അമിതമായ സമ്പത്തും മുഹമ്മദിനെ അദ്ഭുത ജേതാവായുയർത്തി. പ്രതീക്ഷിച്ചിരുന്ന ഒരഖിലലോക നേതാവിന്റെ ഉദയത്തിൽ മുസ്ലീം ലോകം പ്രകമ്പനം കൊണ്ടു. മുസ്ലീം രാജാക്കന്മാരിൽ അജയ്യ ശക്തിയായുർന്ന മുഹമ്മദിനെ ക്ഷയിച്ചുകൊണ്ടിരുന്ന കലീഫത്തിനുപകരമായി മുസ്ലിംലോകം കണക്കാക്കി. അങ്ങിനെ അവർക്കൊക്കെയും മുഹമ്മദ് മഹാത്മാക്കളിൽ മഹാത്മാവായിത്തീർന്നു. പേർഷ്യയിലേയും ടർക്കിസ്ഥാനത്തിലേയും രാജസ്ഥാനങ്ങൾ മുഹമ്മതിന്റെ നാമശ്രവണമാത്രയിൽ കിടിലംകൊണ്ടു. തലമുറയ്ക്ക് മുഹമ്മദ് ഒരിതിഹാസപുരുഷനും കഥാനായകനുമായി. ചരിത്രകാരന്മാരാകട്ടെ, അവരുടെ ഹൃദയത്തിനൊത്തവിധം മുഹമ്മദിനെ വർണ്ണിച്ചു. അവരിൽ പലർക്കും മുഹമ്മത് 'പരിശുദ്ധയോദ്ധാവും' നേർമാർഗ്ഗത്തിനുവേണ്ടി വിട്ടുവീഴ്ചയില്ലാതെ യുദ്ധം ചെയ്ത ധീരസേനാനിയുമാണ്. ഇസ്ലാമിന്റെ നിലനില്പിനുവേണ്ടി രക്തസാക്ഷിത്വം വരിച്ച കുരിശുയോദ്ധാവായിട്ടാണ് പല മുസ്ലിം ചരിത്രകാരന്മാരും മുഹമ്മദിനെ അവതരിപ്പിക്കുന്നത്. അതിന് കാരണമുണ്ട്. കലീഫത്തെന്ന അഖിലലോകസാമ്രാജ്യാശയം തകർന്നടിഞ്ഞ തരിശുഭൂമിയിൽനിന്നും മുളച്ചുയർന്ന സ്വതന്ത്രരാജ്യങ്ങളിൽ എന്തുകൊണ്ടും അപ്രതിരോധ്യമായി വികാസംകൊണ്ടത്

ഗസ്നി സാമ്രാജ്യമായിരുന്നു. അതിനെ നിർണ്ണായകശക്തി യായി വളർത്തിയ മുഹമ്മദ് രാലോലിക്കപ്പെടുക സ്വാ ഭാവികമാണ്. മുസ്ലീം ലോകം പുളകംപൂണ്ട് മുഹമ്മ ദിന്റെ നേതൃത്വം അംഗീകരിച്ചു. പൗരോഹിത്യവും പ്രഭു വർഗ്ഗവും എക്കാലവും രാജകീയശക്തി അഗമ്യമായി വള രുമ്പോഴും അതിന്റെ തണലിൽ മുഖസ്തുതിയും പാടി ആശ്വാസിക്കാറുണ്ട്. മുഹമ്മതിന്റെ സാമ്രജ്യമായിരുന്നു മറ്റേതിനെക്കാളും ബലിഷ്ഠമായിരുന്നത്. പുഷ്ടിപ്പെ ടു കൊണ്ടിരുന്നതുമതുതന്നെ. ഈ ശക്തിയെയല്ലാതെ മറ്റെന്തിനെയാണ് മുസ്ലീം ചരിത്രകാരൻമാർ പ്രകീർ ത്തിക്കുക. മുഹമ്മദ് അങ്ങിനെ വിശ്വൈകജേതാക്കന്മാ രുടെ കൂട്ടത്തിൽ സ്ഥാനം നേടി. ഷാനാമയിലെ ഐ തിഹാസിക നായകന്മാരോടൊപ്പം മുഹമ്മദും ഇതിഹാ സപുരുഷനായി. ഇതിനു പുറമേ മുഹമ്മദിന്റെ എല്ലാ പ്രവൃത്തികൾക്കും ഇസ്ലാമിക ന്യായീകരണം നല്കി അദ്ദേഹത്തെ സകലകുറ്റങ്ങളിൽ നിന്നുമൊഴിവാക്കി, നി രപരാധിയാക്കി മാറ്റേണ്ട കടപ്പാടുകൂടി അവർക്കൊക്കെ വന്നുകൂടി.

''മുസ്ലീംകൾക്ക് ഇപ്പോഴപ്പോലും അദ്ദേഹം, അ മുസ്ലീംകളുടെ നാട്ടിൽനിന്നും അവിശ്വാസം കടപിഴു തെറിയുവാൻ ശ്രമിച്ച ഇസ്ലാമിന്റെ സംരക്ഷകനും ഖാസിയുമാണ്. ഹിന്ദുക്കൾക്കാകട്ടെ അദ്ദേഹം മനു ഷ്യത്വ രഹിതനായ ക്രൂരനാണിപ്പോഴും. അവരുടെ മത വികാരത്തെ വ്രണപ്പെടുത്തുകയും വിശുദ്ധമായ ആരാ ധനാലയങ്ങൾ വിവേചനാ രഹിതമായി നശിപ്പിക്കുകയും ചെയ്ത ഹീനനായ ഹൂണ (Hun) നാണ്. പക്ഷേ നി ഷ്പക്ഷമതിയായ ഒരു ജിജ്ഞാസു, ആ കാലഘട്ടത്തെ കുറിച്ച് ശരിയായ അറിവുള്ളവനാണെങ്കിൽ, മറ്റൊന്നാ യിരിക്കും രേഖപ്പെടുത്തുക. അയാളുടെ കാഴ്ചപ്പാടിൽ മുഹമ്മദ് മഹാനായ നേതാവും, നയകോവിദനായ രണ കർത്താവും, അനുഗ്രഹീതനായ യോദ്ധാവും, നീതിമാ

നായ ന്യായാധിപനും, പണ്ഡിതന്മാരെ പുലർത്തിയിരുന്ന രക്ഷാധികാരിയും, അങ്ങനെ ലോകത്തിലെ വലിയവരെന്ന് പായാരുള്ള ഭരണാധിപന്മാരുടെ ഒപ്പം കണക്കാക്കാവുന്ന ദേഹവുമാണ്.''[2] ഡോക്ടർ ഈശ്വരി പ്രസാദ് കൂലങ്കഷമായി ഈ വിഷയത്തെ പഠിച്ചശേഷം വിലയിരുത്തുന്നത് ഇപ്രകാരമത്രെ.

ഇങ്ങനെ വിഭിന്നമായ അഭിപ്രായങ്ങൾക്കിടംകൊടുത്തത് മുഹമ്മദിന്റെ പ്രവൃത്തികളും അവയെ മനഃപൂർവ്വം ന്യായീകരിക്കുവാൻ വേണ്ടി മുസ്ലീം ചരിത്രകാരന്മാർ എഴുതിത്തള്ളിയ സംഗതികളുമാണ്. ധ്രുവങ്ങളോളമന്തരത്തിൽ നില്ക്കുന്ന വിഭിന്നാഭിപ്രായങ്ങൾക്ക് ഉപോൽബലകമായി ഓരോത്തർക്കും ഗൌരവയുക്തമായ കാരണങ്ങളും ഉന്നയിക്കുവാനുമുണ്ട്, മുഹമ്മദ് ഗസ്നായുടെ ഇൻഡ്യനാക്രമണങ്ങളും മിക്കവാറും ആരാധനാലയങ്ങളും തകർക്കുന്നതിലും അവയിലെ ധനം കൊള്ളയടിക്കുന്നതിലുമാണ് ഉന്നം വച്ചിരുന്നത്. ഈ പ്രവൃത്തികളും നീതിയ്ക്കോ മതനിയമങ്ങൾക്കോ നിരക്കുന്നതല്ല. പക്ഷേ അനിസ്ലാമികമായ പ്രവൃത്തികളും തങ്ങളുടെ വീരപുരുഷനിൽ ആരോപിക്കുവാൻ മുസ്ലീം പൌരോഹിത്യം തുനിഞ്ഞില്ലെന്നു മാത്രമല്ല, നികൃഷ്ടമായ ന്യായീകരണങ്ങളും കണ്ടെത്തുവാൻ കിണഞ്ഞു ശ്രമിക്കുകയുമാണുണ്ടായത്. അതിന്റെ ഫലമായി വിഗ്രഹാരാധനയ്ക്കെതിരെ സന്ധിയില്ലാത്ത സമരം ചെയ്യുവാൻ നിയുക്തനായ ഖാസിയായിട്ടാണ് മുഹമ്മദ് അമ്പലങ്ങളും തകർത്തതിനെ മുസ്ലീം ചരിത്രകാരന്മാർ വ്യവഹരിച്ചത്. ഇസ്ലാമിന്റെ വികാസത്തിന്നും നിലനില്പിന്നും അനിവാര്യമായ ഒരു പ്രവൃത്തി ചെയ്യുവാൻ ബദ്ധകങ്കണനായിരുന്ന മാതൃകാസുൽത്താനാണ് ഗസ്നായെന്നുവരെ ഉദ്ബുദ്ധരും, ബൈഹാക്കിയും മറ്റു ചരിത്രകാരന്മാരും എഴുതി വിട്ടു. ആ കാലഘട്ടത്തിന്റെ ഹൃദയത്തുടിപ്പുകളുമാത്രമാണിത് പ്രതിഫലിപ്പിക്കുന്ന

2. Ibid. P. 65

ത്ത്, അഖിലലോക മുസ്ലീം സാമ്രാജ്യത്തിന്റെ ജീവസ്
സ്ഥാപനമായിരുന്നു കലീഫത്ത്. അത് തകരുക
യും ചെറിയചെറിയ രാജവംശങ്ങൾക്കിടം കൊടുക്കുകയും
ചെയ്തകാലം. മുസ്ലീം ലോകാധിപത്യം കഷ്ടയോന്
മുഖമായി, വിഘടിതമായി. ഇതിൽ നിന്നും വളർന്നു വി
കാസം കൊണ്ട ഗസ്നി സാമ്രാജ്യം ലോകത്തിലാകമാനം
വ്യാപിയ്ക്കുന്ന ആശയും ആവേശവും നല്കി. വിഛിന്നമായി
തമ്മിലടിച്ചുവശമായിക്കൊണ്ടിരുന്ന മുസ്ലീം ശക്തി വീ
ണ്ടും രാഷ്ട്രീയാധിപത്യത്തിന്റെ പുരുപുലരിയിൽ വി
കാസം കൊണ്ടു. ഇതിൽ സന്തുഷ്ടിപൂണ്ടവർ നഷ്ടപ്പെട്ട
ത് വീണ്ടും കിട്ടിയാലത്തെ മനോവീര്യത്തോടുകൂടി അതി
ന്റെ ഉത്തരവാദികളെ പ്രകീർത്തിക്കുക സഹജമാണ്. അതു
തന്നെ ഗസ്നായുടെ കാര്യത്തിലും മുസ്ലീം ലോകം
സ്ഥീകരിച്ചു. അദ്ദേഹത്തിന്റെ ഏത് നിന്ദ്യ പ്രവൃത്തി
ക്കും ഇസ്ലാമികമായ വിധിന്യായം കണ്ടു പിടിച്ച് സുൽ
ത്താനെ ആരോപണങ്ങളിൽ നിന്നും ഒഴിവാക്കാൻ അവരൊ
രോ ബാദ്ധ്യസ്തരുമായിത്തീർന്നു. ചുരുക്കത്തിൽ മുഹ
മ്മദ് ഗസ്നായുടെ കാലം എന്തെന്ത് മോശപ്രവൃത്തിക്കും
മുസ്ലീമികാംഗീകാരം ലഭിക്കും വിധം കലീഫയുടെ ശക്
തിക്ഷയിച്ച സന്ദർഭമായിരുന്നു. ഈ സ്ഥിതിവിശേഷം
മുമ്പത്തേക്കാളും കൂടുതൽ മനസ്സിലാക്കിയിരുന്ന മുഹമ്മദ്
ഗസ്നാ സ്വാർത്ഥതാല്പര്യത്തിനെത്താവുന്ന പാരമ്യത്തിലും,
വച്ചിട്ടുശബളതയോടുകൂടിയും വിരാജിച്ചു. അങ്ങനെ സമകാലീ
നരും അവരെ പിൻതുടർന്ന വന്ന മുസ്ലീം ചരിത്രകാരന്മാ
രും വിശ്വാസത്തിന്റെ കാവൽഭടനായിട്ടാണ് ഗസ്നായെ
ചിത്രീകരിക്കുന്നതുതന്നെ. ഈ വിവരണങ്ങളും മുഹമ്മദ്
ഗസ്നായുടെ ഇൻഡ്യയിലെ അക്രമപ്രവൃത്തികളും കൂടി
ചേർത്തുവച്ചുനോക്കുവാൻ കഴിയുന്ന ഏതൊരു ഇൻഡ്യക്കാര
നും 'ഹീനനായ ഹൂണ'നായിമാത്രമേ മിതമായ ഭാഷയിൽ
ഈ ചക്രവർത്തിയെ വിശേഷിപ്പിക്കുവാനൊക്കൂ. മുഹമ്മ
ദിന്റെ ആക്രമണങ്ങളും ആരാധനാലയങ്ങളുടെ നശീകര
ണങ്ങളും ഇസ്ലാമിക പ്രചാരണത്തിന്റെ ഭാഗമാ
യി മുസ്ലീം ചരിത്രകാരന്മാർ തന്നെ ആവർത്തിച്ചുറ

പ്പിയ്ക്കുമ്പോഴും, ആംഗ്ലേയ ചരിത്രകാരൻ സ്വന്താവശ്യത്തിനുവേണ്ടിയാണെങ്കിലും, വിദഗ്ദ്ധമായി ഇവ ഉപയോഗപ്പെടുത്തിയാൽ കുറെ കാണേണ്ടതില്ല. 'രോഗി ഇച്ഛരിച്ചതും പാലു', വൈദ്യൻ കല്പിച്ചതും പാലു', എന്നു പറയാറുള്ളതുപോലെ വിഗ്രഹധ്വംസനവും അമ്പലനശീകരണവും മുസ്ലിം ചക്രവർത്തിമാരുടെ വിശ്വാസത്തിന്റെ ഭാഗമാണെന്നു സ്ഥാനത്തും അസ്ഥാനത്തും കൊണ്ടുപിടിച്ചു വാദിക്കുവാൻ മിനക്കെടുന്ന ബ്രിട്ടീഷ് ചരിത്രകാരന്റെ ആഗ്രഹം സംപൂർണ്ണസാഫല്യം കണ്ടെത്തിയതു മുഹമ്മദ് ഗസ്നായുടെ ഇൻഡ്യൻ പ്രവൃത്തികളിലും, അതിന്നു മുസ്ലീം ചരിത്രകാരന്മാർ നൽകിയ വിശദീകരണത്തിലുമാണു്. അങ്ങനെ പെട്ടെന്നു പറഞ്ഞു തള്ളാനൊക്കാത്ത ഒരു ചരിത്ര പ്രശ്നമാണു് മുഹമ്മദ് ഗസ്നാ എന്ന ചക്രവർത്തി.

1000—ത്തിന്നും 1026—ന്നു മിടയ്ക്ക് 17 പ്രാവശ്യം മുഹമ്മദ് ഗസ്നായുടെ ഭീകരമായ കൊള്ളയടിക്കും കൊലപാതകങ്ങൾക്കും തുടർച്ചയായി ഈ നാട് സാക്ഷ്യം നിക്കേണ്ടതായിവന്നു. അരുമയായികരുതിയിരുന്ന പലതും നഷ്ടപ്പെട്ടു: അപ്രതിരോധ്യമെന്നു വിചാരിച്ചിരുന്ന പലതും തകർക്കപ്പെട്ടു, സങ്കല്പങ്ങളും വിശ്വാസങ്ങളും ഉലഞ്ഞു. നിരവധി അമ്പലങ്ങളിൽ നൂറ്റാണ്ടുകളായി സംഭരിച്ചിരുന്ന അളവറ്റ മുതൽ ഈ നാട്ടിൽ നിന്നും നീക്കപ്പെട്ടു. ഭയാനകവും ക്രൂരവുമായ ചെയ്തികളും ഒരോ പ്രാവശ്യവും കൂടുതൽ കൂടുതൽ നടത്തി. ജനങ്ങളും പ്രയാസത്തിനുമേൽ പ്രയാസങ്ങളനുഭവിച്ചു.രാജ്യം ദാരിദ്രമാകുവാനും നാട്ടിൽ ക്ഷാമം നടമാടുവാനും തുടങ്ങി. ആക്രമിച്ചു് അധീനപ്പെടുത്തിയ രാജ്യങ്ങളെ ഏകീകരിയ്ക്കുവാനോ, ഒരു ഭരണക്രമം നടപ്പിലാക്കുവാനോ ഉള്ള സാവകാശം കാട്ടാതെ ഓരോ പ്രാവശ്യം ലഭിച്ച കൊള്ള മുതലും കൊണ്ടു് ആക്രമി സ്ഥലം വിടും. ''അവർ വന്നു് രാജ്യമാക്രമിച്ചു് അഗ്നിക്കിരയാക്കുകയും മുതൽ

കൊള്ളയടിക്കുകയും ചെയ്തു വന്നവഴിക്കു പോയി. എന്നൊരു പേർഷ്യൻ കവിതയുണ്ട്, മംഗോളർ ആക്രമണസ്വഭാവത്തെ അധികരിച്ച്. മുഹമ്മദ് ഗസ്നായുടെ ഇന്ത്യൻ ആക്രമണങ്ങളും അത്തരത്തിലുള്ളവയായിരുന്നു. എന്തെന്തു ന്യായീകരണങ്ങളും നൽകിയാലും മുഹമ്മദിനെ കൊള്ളക്കാരനല്ലാതെ കാണുവാൻ നിഷ്പക്ഷ നിരീക്ഷകർക്കാർക്കും സാദ്ധ്യമാകുകയില്ല. അദ്ദേഹത്തെ പ്രതിക്കൂട്ടിൽ കയറ്റി ശിക്ഷിക്കുകയും ചെയ്യേണ്ടതു തന്നെയാണ്. പക്ഷേ അതിനു പകരം സുൽത്താൻ മുഹമ്മദിന്റെ കുറ്റങ്ങൾക്കുള്ള ശിക്ഷ അനുഭവിക്കുന്നതു അദ്ദേഹത്തിനുശേഷം വന്ന നല്ലവരായ അനവധി സുൽത്താന്മാരാണ്. ഇതിനെ ചുറ്റിപ്പറ്റി പരന്ന സാമുദായിക വിദ്വേഷത്തിന്റെ വിഷവായു ശ്വസിച്ച് വീർപ്പുമുട്ടുന്നതു ലക്ഷോപലക്ഷം ഹിന്ദു മുസ്ലീം സഹോദരങ്ങളുമാണ്. കുറ്റവാളി ശിക്ഷയിൽ നിന്നും ഭാഗികമായിട്ടെങ്കിലും രക്ഷപ്പെടുക, നിരപരാധികൾ കഠിനമായ ക്രൂരദണ്ഡനത്തിനിരയാക്കപ്പെടുക വിധേയമാകുകയും ചെയ്യുക: ചരിത്രത്തിനും പ്രകൃതി നിയമത്തിനും, മര്യാദാചാരങ്ങൾക്കും എതിരാണിതു. ആ ധാർമ്മിക രോഷത്തോടുകൂടിത്തന്നെ, മുഹമ്മദ് ഗസ്നായുടെ സ്വകാര്യ ജീവിതവും പൊതു പ്രവർത്തനവും എത്രമാത്രം മുസ്ലീം ചരിത്രകാരന്മാർ പറയുന്ന ഖാസിയുടേതും മിഷണറിയുടേതുമായി സങ്കലിപ്പിക്കാനൊക്കുമെന്നുകൂടി വിശകലനം ചെയ്തു നോക്കാം.

1. പിതാവായ സബുക്ത്തജീൻ ഒരു മരണപത്രം എഴുതി വെച്ചിരുന്നു. തന്റെ മരണാനന്തരം രണ്ടാമത്തെ പുത്രനായ ഇസ്മയിൽ, തന്നെ പിൻതുടർന്ന് ചക്രവർത്തിയാകണമെന്നായിരുന്നു അദ്ദേഹം വിളംബരപ്പെടുത്തിയിരുന്നത്. പക്ഷേ സബുക്ത്തജീന്റെ മരണശേഷം നടന്നത് നേരെ മറിച്ചാണ്. ഇസ്മെയിലിനെ തടവുകാരനായി പിടിക്കുന്നതിനു മുമ്പ് മുഹമ്മദിന്റെ നേതൃത്വത്തിൽ രക്തപങ്കിലമായ ഒരു യുദ്ധം

നടന്നു. ഇസ്ലാമിക പ്രചാരണത്തിനു വേണ്ടിയല്ല, മുഹമ്മദിന് സുൽത്താനാകുവാൻ വേണ്ടി മാത്രം. അനവധി മുസ്ലീം യോദ്ധാക്കൾ രണ്ടു ചേരിയിലും മരിച്ചു വീണു. സ്വന്തം പിതാവിന്റെ ഇച്ഛയെ ധിക്കരിക്കുവാൻ ഒരു മതവും അനുശാസിക്കുകയില്ലല്ലോ?. അത് ചെയ്ത മുഹമ്മദ് അനിസ്ലാമിക പ്രവൃത്തിയുടെ ആരംഭം കുറിക്കുകയായിരുന്നു, സ്വന്താവശ്യത്തിനും അധികാരത്തിനും വേണ്ടി. ''നീ തന്നെ അവരുടെപോലും പരമാധികാരശക്തിയല്ല'' എന്ന് ഖുറാൻ ഓർമ്മിപ്പിക്കുന്നത്, മുസ്ലിമിനേയും അമുസ്ലിമിനേയും വധിക്കുന്നതിനെതിരും, മനുഷ്യാധികാരത്തെ പരിമിതമാക്കുവാനുദ്ദേശിച്ചുമാണ്. അപ്പോഴും സ്വയം അധികാരത്തിലേക്കുയരുവാൻ വേണ്ടി മുഹമ്മദ് ചിന്തിയ ചോരയും വരുത്തിയ വിനയും നിശ്ചയമായും ഇസ്ലാമിക ശാസനകൾക്കെതിരാണ്. അതോടൊപ്പം സ്വസഹോദരങ്ങളെ തടങ്കലിൽ പാർപ്പിക്കുകയും അദ്ദേഹത്തിന്റെ ഉറ്റവരെ ഉന്മൂലനം ചെയ്യുകയും ചെയ്ത മുഹമ്മദിനെ ദൃഢമായും ഉത്തമ വിശ്വാസികളുടെ പവിത്രമായ പന്തിയിൽപ്പെടുത്തുവാനൊക്കുകയില്ല.

2. പ്രൊഫസർ മുഹമ്മദ് ഹബീബ് സുൽത്താന്റെ മത വിശ്വാസത്തെ സ്പർശിച്ചു കൊണ്ടെഴുതുന്നതിപ്രകാരമാണ്: ''സമകാലീനരേഖകൾ വെളിപ്പെടുത്തുന്ന പരമാർത്ഥം സുൽത്താൻ അവസാന വിധിദിനത്തിലും, മുസ്ലിം പൌരോഹിത്യം എക്കാലവും പ്രിയങ്കരമായി കണക്കാക്കിപ്പോന്നിട്ടുള്ള ഹദീസിലും (നബിവചനങ്ങൾ) വിശ്വസിച്ചിരുന്നില്ലെന്നതാണ്. ഏകനും അദൃശ്യനുമായ ദൈവത്തിൽ ഉറച്ച വിശ്വാസം അദ്ദേഹമിച്ഛിച്ചിരുന്ന മനഃസമാധാനം സുൽത്താന് നൽകിയിരുന്നു. അതൊഴിച്ചാൽ അന്ധമായ വിശ്വാസാചാരങ്ങളെ യുക്തിസഹമായദ്ദേഹം എതിർക്കുകയാണ് ചെയ്തിരുന്നത്. അദ്ദേഹത്തിന്റെ ജീവിതദർശനംതീർത്തും ഭൌതികമായിരുന്നു.

അപ്രമാദിത്യം തന്റെ മേൽ ആധിപത്യം നടത്താതിരിക്കണമെന്ന ഉള്ളിൽ തട്ടിയ ആഗ്രഹവും അദ്ദേഹത്തിനുണ്ടായിരുന്നു.''[3] ഒരു മുസ്ലിമിന്റെ വിശ്വാസങ്ങളിൽ നിർബന്ധമാണ് അവസാന വിധിദിനത്തേയും നബിവചനത്തേയും ചോദ്യം ചെയ്യാതെ സ്വീകരിക്കുകയെന്നത്. അത് ചെയ്യാതിരുന്ന മുഹമ്മദ് ശരിയായ വിശ്വാസിയാണെന്ന് പറയുകതന്നെ പ്രയാസമായിരിക്കുമ്പോഴും അദ്ദേഹത്തെ മതത്തിന്റെ സംരക്ഷകനായി അവതരിപ്പിക്കുന്നതിനേക്കാൾ മറ്റൊന്തെങ്കിലും സംഗതികൊണ്ടായിരിക്കുമെന്ന് വ്യക്തമാണല്ലോ.

3. സുൽത്താന്റെ സ്വകാര്യജീവിതം ഇക്കാര്യത്തിൽ കൂടുതൽ പ്രകാശം പരത്തുന്നതാണ്. അദ്ദേഹം തന്റെ മുമ്പും പിൻപും ഉണ്ടായിരുന്ന രാജാക്കന്മാരുടെ ലൗകികപരാധോടങ്ങളും മദാലസമായ സുഖഭോജ്യങ്ങളും നിർലോഭം നുകർന്നിരുന്നു. ഇക്കാര്യത്തിൽ മറ്റു ഭരണാധിപന്മാരേക്കാൾ കൂടുതൽ നല്ലവനോ, ഏറെ മോശക്കാരനോ ആയിരുന്നില്ലാ മുഹമ്മദ് ഗസ്നാ. വീഞ്ഞ്, വീണ, വിലാസിനി ഇവ മൂന്നിലും അമിതമായ താല്പര്യം ഓരോ രാജാവും കാണിച്ചിരുന്നു. മുഹമ്മദും രാജകീയമായ ഈ സുഖഭോഗങ്ങളിൽ ഭാഗഭാക്കായിരുന്നു വെന്നതിൽ സംശയമില്ല. ഈ അധികാരികളെല്ലാവരും സാഹസിക യോദ്ധാക്കളും പട്ടാള ശക്തിയിൽ വിശ്വസിച്ചിരുന്നവരുമായിരുന്നെങ്കിലും, കവിതയും സംഗീതവും ആസ്വദിക്കുവാനുള്ള ആസക്തിയും പ്രദർശിപ്പിച്ചുപോന്നവരാണ്. മുഹമ്മദും ഇക്കാര്യങ്ങളിലൊന്നിലും പിന്നിലായിരുന്നില്ല. ഒരു ചക്രവർത്തിക്കു നിന്നു നിലയിൽ അനുഭവിച്ചുപോന്നിരുന്ന ഈ ലൗകികാഡംബരങ്ങളും വൈകാരികാനുഭൂതികളുമൊക്കെ മുമ്പേയും അനുഭവിച്ചെങ്കിൽ അദ്ദേഹത്തെ മാത്രം കുറ്റക്കാരനാക്കേണ്ടതില്ല. രാജകീയ പദവിയോടൊപ്പം ഇവയും സ്വാഭാവികമായ അംഗീകാരം ലഭിച്ചിരുന്നവ മാത്രമാണ്. ഭര

3. Prof. Muhammed Habeeb-Muhammed Ghazanin P. 84

ണാധിപനായ മുഹമ്മദിനെ പറ്റിയായിരുന്നു ആക്ഷേപവും തർക്കവുമെങ്കിൽ നമുക്കിത് സമ്മതിച്ചുകൊടുക്കുവാനേയുള്ളൂ. പക്ഷേ ഇവിടെ മുഹമ്മദ് ഗസ്നാ ഇസ്ലാമിന്റെ പ്രചാരകനായാണ് ചിത്രീകരിക്കപ്പെട്ടിട്ടുള്ളത്. മദ്യം നിഷിദ്ധ്യമെന്ന് പ്രഖ്യാപിക്കുകയും പ്രാവർത്തികമാക്കുകയും ഇസ്ലാം ചെയ്തു എന്ന കാര്യത്തിൽ ആർക്കും എതിർ വാദമുണ്ടാകുകയില്ലല്ലോ. അക്കാലത്തിന്റെ സ്വഭാവമനുസരിച്ച് സുൽത്താൻ മുഹമ്മദ് സുഖമായി മദ്യപിച്ചിരുന്നുവെന്നതുമാത്രം മതി അദ്ദേഹം സുൽത്താനെന്നതിൽ കവിഞ്ഞ് ഇസ്ലാം മത പ്രചാരകനല്ലെന്ന് കാണാൻ.

4. തന്റെ കീഴ്ജീവനക്കാരോട് പലപ്പോഴും നിസ്സാര കാര്യങ്ങൾക്ക് അദ്ദേഹം വഴക്കു കൂടുമായിരുന്നു. അടിമകളെ കൈമാറുന്നതിൽ കൂടി അവരുമായി കലഹിച്ചതിന് തെളിവുകളുണ്ട്. ഇതിനൊക്കെ മകുടം ചാർത്തുന്ന മറ്റാരു കാര്യവും കൂടി സമകാലീന രേഖകളിൽ നിന്നു തന്നെ തേടിപ്പിടിക്കുവാനൊക്കും. മുഹമ്മദിന്റെ പിൻഗാമി മസൂദിന്റെ കാലത്ത് ലാഹോറിലെ സൈന്യമേധാവിയായിരുന്ന അഹമ്മദ് നിയാൽട്ടജിൻ ഈ സുൽത്താന്റെ അവിഹിത ബന്ധത്തിൽ നിന്നും ജനിച്ച പാപത്തിന്റെ ജീവനുള്ള പിറവിയായിരുന്നു. സമകാലീന ചരിത്രകാരൻ ബയിഹാക്കി ഇതിനെ നിഗൂഹനം ചെയ്തത് പറയുന്നതിങ്ങനെയാണ്. ''ജനങ്ങളം ഇയാളുടെ ജനനത്തേയും ഇയാളുടെ മാതാവിനേയും കുറിച്ച് പല കഥകളും പറയുന്നുണ്ട്. ഒരു സംഗതി തീർച്ച. സുൽത്താനും ഇയാളുടെ അമ്മയും തമ്മിൽ ദൃഢമായ സൗഹൃദത്തിലായിരുന്നു. എന്നാൽ സത്യം ദൈവത്തിനു മാത്രമേ അറിയൂ.''[4] വ്യഭിചാരത്തെ എല്ലാ തലത്തിലും കുറ്റകരമായി കാണുന്ന ഇസ്ലാമിന്റെ പ്രചാരകനെന്നു പ

4. Baihaki-Elliot and Dowson, Vol II P. 122

റയുന്ന സുൽത്താനെപ്പററിത്തന്നെയാണ് ഈ ആരോപണ മുള്ളതു്.

5. ഇതിനെല്ലാം പുറമേ ഗസ്നാ നാല്പരു് യുദ്ധങ്ങളാണ് തന്റെ ആയുഷ്ക്കാലത്തു് നടത്തിയിട്ടുള്ളതു്. ഇതിലെല്ലാം തന്നെ പരാജയമെന്തെന്നദ്ദേഹമറിഞ്ഞിരുന്നില്ല. അവയിൽ 17 എണ്ണം ഇൻഡ്യൻ മണ്ണിലും ബാക്കി 12 എണ്ണം മുസ്ലീം സഹോദര രാജ്യങ്ങൾക്കെതിരായിട്ടുമായിരുന്നു. ഇൻഡ്യൻ യുദ്ധങ്ങളും കൊള്ളകളും ഇസ്ലാമിക വികസനത്തിനുവേണ്ടി ചെയ്തതാണെന്നു് വാദത്തിനു് വേണ്ടി അംഗീകരിച്ചാൽത്തന്നെ സ്വസമുദായത്തിലെ സഹോദര സുൽത്താന്മാരോടു് നടത്തിയ യുദ്ധങ്ങളെ എന്തിനെ വിലയിരുത്തും? സ്വന്ത സാമ്രാജ്യം വികസിപ്പിക്കുക എന്നതിൽക്കവിഞ്ഞ ഒരു ലക്ഷ്യവും ഗസ്നായ്ക്കിരയിരുന്നു. എന്തു തകർത്തിട്ടായാലും തരക്കേടില്ല തന്റെ സുഖ സൗകര്യങ്ങൾക്കു ധനം സംഭരിക്കുക മാത്രമായിരുന്നു മുഹമ്മദിന്റെ മതം. ധനദുർമ്മോഹത്തിനു് ഇതിൽ കവിഞ്ഞ ഒരുദാഹരണവും ഒരു പക്ഷേ ചരിത്രത്തിൽ കണ്ടില്ലെന്നു വരും. പക്ഷേ അവയ്ക്ക് ഇസ്ലാമിക നിയമങ്ങളെ വളച്ചൊടിച്ച് മൗനാനുവാദവും അംഗീകാരവും കൊടുക്കുവാൻ മുസ്ലീം പൗരോഹിത്യം നിർബന്ധിതരായ ഗതികേടു് മുഹമ്മദ്അജയ്യ ശക്തിയായുർന്നതോടുകൂടി അവർക്കൊക്കെ ഉണ്ടായി. തന്മൂലം മുഹമ്മതിനു കുററങ്ങളിൽനിന്നുമൊഴിവാക്കുവാനുള്ള ശ്രമത്തിൽ ഇസ്ലാമിനെത്തന്നെ ആഹൂതി ചെയ്യേണ്ടതായി വന്ന ദുരന്തമാണ് ഇവർക്കൊക്കെ പിണഞ്ഞതു്. അതിന്റെ ദുരിണതഫലമാകട്ടെ ദൂരവ്യാപകമായ ദുഷ്യങ്ങളായിരുന്നു.

6. ''നിങ്ങൾക്കാണ് നിങ്ങളുടേതായ മതമുള്ളതു്. എനിക്കാണ് എന്റേതായ മതമുള്ളതു്,, എന്നു് ഖുറാൻ പ്രഖ്യാപിച്ചതും, ''മതത്തിൽ ഭീർത്സനമേയില്ല,, എന്നു് മററാരിടത്തുന്നി പറഞ്ഞതും ഇതര മതങ്ങളേയും വിശ്വാസികളേയും സംബന്ധിച്ചുള്ള ഇസ്ലാമിക ശാസനക

യും സമീപനരീതിയുമാണ്. വ്യക്തിഗതമായ വിശ്വാസാചാരങ്ങളിൽ നിർബന്ധമോ ഭീഷണിയോ അനിസ്ലാമികമാണ്. ഹൃദയത്തിൽ ഉറപ്പിച്ചു വിശ്വസിക്കേണ്ട കാര്യങ്ങളും ബോധപൂർവ്വം നിർവഹിച്ചാൽ മാത്രമേ പരിപൂർണ്ണമാകൂ. ഭാഗികമായ വിശ്വാസവും ബാഹ്യ പ്രകടനങ്ങളിൽ മാത്രം അധിഷ്ഠിതമായ മതവും ഇസ്ലാമല്ല. ഖുറാനിൽ വീണ്ടുമിതാവർത്തിച്ച് പലയിടങ്ങളിൽ ഓർമ്മിപ്പിക്കുന്നുണ്ട്. ''ഓരോരുത്തരും അവനവനേറ്റതായി അംഗീകരിക്കപ്പെട്ടിട്ടുള്ള മതത്തിന്റെ ശാസനകളും മാത്രമേ അനുസരിക്കേണ്ടതുള്ളു.'' ഖുറാൻ വാക്യമാണിത്. ആരാധനാ സ്വാതന്ത്ര്യം എല്ലാ ആളുകൾക്കുമനുവദിച്ചിരുന്നു. അതിനെ അംഗീകരിക്കുകയും ദൈവപൂജ നടത്തുന്ന കേന്ദ്രങ്ങളെ ബഹുമാനിക്കുകയും ചെയ്യുന്നു. ഓരോരുത്തരുടെ വിശ്വാസത്തിനനുസരിച്ച് അവർ നടത്തുന്ന ആരാധനാർച്ചനകളിൽ ഇടപെടുക മുസ്ലിമിനെ സംബന്ധിച്ച് നിഷിദ്ധമാണ്. സന്ധിസംഭാഷണങ്ങൾക്കുവേണ്ടി പ്രവാചക സന്നിധിയിലെത്തിയ ക്രൈസ്തവ പുരോഹിതന്മാർക്ക് പ്രാർത്ഥനാസൗകര്യം ചെയ്തു കൊടുത്തത് സ്വന്തം പള്ളി പ്രവാചകൻ ഒഴിഞ്ഞുകൊടുത്തിട്ടായിരുന്നു. നബിതന്നെ അങ്ങിനെ ആരാധനയുടെ കാര്യത്തിൽ മാതൃക കാട്ടിയിട്ടുണ്ട്. അതിനു ശേഷം കലീഫമാരുടെ കാലങ്ങളിലും വിമതസ്ഥരുടെ ആരാധനാകേന്ദ്രങ്ങളും പരിരക്ഷിച്ചുപോന്നിരുന്നതിനു നിരവധി തെളിവുകളും ഉദ്ധരിക്കുവാനൊക്കും.

മുഹമ്മദ് ഗസ്നായുടെ അമ്പലനശീകരണം ഒരിസ്ലാമിലും ഒരു മതത്തിനും ചേർന്നതല്ല. ധനദുർമോഹം കൊണ്ടായിരുന്നു അവ നടത്തിയതെന്ന പരമാർത്ഥം എത്ര ഉച്ചത്തിൽതന്നെ പറഞ്ഞാലും നീചമായ ആ ചെയ്തികളും ഇസ്ലാമിക വിശ്വാസ പ്രമാണങ്ങൾക്ക് കടകവിരുദ്ധമായിരുന്നുവെന്നതിൽ ഒരു തർക്കവുമില്ല. മുഹമ്മദ് ഗസ്നായുടെ ആധുനിക ചരിത്രകാരൻ ഇതിനെ വിലയിരു

ഇന്ത്യാചരിത്രകാരനും ഒളിച്ചുവയ്ക്കുവാനോ ഇസ്ലാമിനെ സംബന്ധിച്ചിടത്തോളം ഒക്കാത്ത നികൃഷ്ട പ്രവൃത്തിയാണ് ഗസ്നിയിലെ പട്ടാളം അമ്പല നശീകരണങ്ങൾവഴി നടത്തിയത്. ഇസ്ലാമൊരിക്കലും ക്രൂരതയ്ക്കോ അക്രമിയുടെ ആന്തരിക ദുരുദ്ദേശ്യമായ കൊള്ളയടിക്കോ അനുവാദം നൽകുന്നില്ല.'[5] 'ചുരുക്കത്തിൽ മുഹമ്മദു ഗസ്നി ഇന്ത്യയിൽ വരുത്തിയ വിനാശം വളരെ വലുതായിരുന്നു. അമ്പലങ്ങൾ ഒന്നിനു പുറകേ ഒന്നായി തകർന്നടിഞ്ഞു. ബ്രാഹ്മണന്റെ പ്രതിഭ വൈദഗ്ധ്യമോ, ക്ഷത്രിയന്റെ ആയോധനാ സാമർത്ഥ്യമോ, അതുമല്ലെങ്കിൽ വൈശ്യരിക്കണക്കിനുള്ള ശുദ്ധരായ ഇൻഡ്യൻ ജനതയുടെ മൂകമായ പ്രാർത്ഥനകളോ ഒന്നും തന്നെ അവരുടെ നാശത്തിലും വെള്ളിയിലും നിർമ്മിതമായിരുന്ന വിഗ്രഹങ്ങളും ഗസ്നിയിലെ നാണയങ്ങളായി മാറുന്നതിനെ തടയുന്നതിനു നിർത്താനായില്ല.

7. മുഹമ്മദുഗസ്നി വിശ്വാസത്തിലും പ്രവൃത്തിയിലും ഇസ്ലാമിനു വിരുദ്ധമായാണ് ചെയ്തിട്ടുള്ള തെന്നും. സ്വന്തം യശസ്സിനും ധനദുർമ്മോഹത്തിനും വേണ്ടി മാത്രമാണദ്ദേഹം ചെയ്ത യുദ്ധങ്ങളും മുഴുക്കേയും. കുരിശുയുദ്ധങ്ങളായിരുന്നുവെങ്കിൽ തന്റെ പടയാളികളിൽ ഒരു വിഭാഗം ഹിന്ദുക്കളാകുമായിരുന്നില്ല. ലാഹോറിലെ തന്റെ ഗവർണ്ണർ ഹിന്ദു വാകുവാനൊക്കുകയുമില്ലായിരുന്നു. മുഹമ്മദിന്റെ യോദ്ധാക്കളും ഹിന്ദു വിരുദ്ധരും മുസ്ലീമിനോടും യുദ്ധം ചെയ്യുവാൻ തയ്യാറാകിയിരുന്ന പരിശീലനം ലഭിച്ച സേനാനികളായിരുന്നു. അല്ലാതെ കുരിശുയോദ്ധാക്കളോ മതപ്രചാരകരോ ആയിരുന്നില്ല. അദ്ദേഹത്തിന്റെ വീക്ഷണംതീർത്തും ലൗകി

5. Muhamed ghzanin-P-83

കമായിരുന്നു. പൊന്നും പണവും മുഹമ്മതിനെ ഭ്രാന്തനാക്കുമായിരുന്നു. മുഹമ്മതിന്റെ മതം ധനസംഭരണവും മതഭ്രാന്ത് ധനദുർമ്മോഹവുമാണ്. അനിയന്ത്രിതമായ ഈ പണക്കൊതിയാണ് അമ്പലങ്ങളും തകർക്കാൻ മുഹമ്മതിനെ പ്രേരിപ്പിച്ചത്. മുഹമ്മതിന് ഇൻഡ്യയിൽ നിന്നും ലഭിച്ച കൊള്ളമുതലിന്റെ 90 ശതമാനവും അമ്പലങ്ങളിൽ നിന്നായിരുന്നു. [6] കൊള്ളക്കാരനായ ഒരുത്തൻ കൊള്ളമുതൽ കൂടുതലുള്ള കേന്ദ്രങ്ങളെ തന്റെ ആക്രമണത്തിനു വിധേയമാക്കുന്നു. മുഹമ്മതും അതുതന്നെ ചെയ്തു. പക്ഷേ, അതിന്റെ വിഷ്യത്ത് ഭയാനകമായിരുന്നു. ഈ കൊള്ളക്കാരന്റെ പ്രവൃത്തികളെ ഇസ്ലാമിന്റെ വിശ്വാസഭാഗമായി ചിത്രീകരിക്കകൂടിയായപ്പോൾ ജനങ്ങൾ അയാളുടെ മതത്തെ ഭയത്തോടും വിദ്വേഷത്തോടും കൂടിയാണ് വീക്ഷിച്ചത്. മുഹമ്മതിന് ഒരാളെപ്പോലും മതപരിവർത്തനം ചെയ്യുവാനോ തന്റെ വിശ്വാസത്തിന്റെ അണിയിലേയ്ക്കാകർഷിക്കുവാനോ സാധിക്കാതെപോയതും അതുകൊണ്ടു തന്നെയാണ്. വിശ്വാസസംഹിതയോ മതമോ പ്രത്യയശാസ്ത്രമോ ഏതുമായിക്കൊള്ളട്ടെ, അതിന്റെ അവതരണരീതിക്ക് വിധേയമായിട്ടായിരിക്കും ജനങ്ങളുടെ പ്രതികരണം. അവ സ്വീകരിക്കപ്പെടുന്നതും അവരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്ന രീതിക്കനുസൃതമായിട്ടായിരിക്കും, തങ്ങളുടെ പ്രിയപ്പെട്ട അമ്പലങ്ങളും നശിപ്പിക്കുകയും മുതൽ കൊള്ളയടിക്കുകയും പ്രിയങ്കരമായി കരുതിയിരുന്നവയെ അവഗണിക്കുകയും ചെയ്ത ഒരുത്തന്റെ മതത്തെ പിൻപറ്റാനോ, അയാളുടെ ചെയ്തികളെ പിൻതുടരാനോ ആരും ഇച്ഛിക്കുകയില്ല. സത്യവും നീതിയും ദീക്ഷിക്കാത്ത വിവേകശൂന്യമായ കാട്ടാളത്തത്തിന്റെ കെടുതികളനുഭവിച്ച ജനങ്ങൾ അയാളേയും അയാളുടെ മതത്തേയും വെറുപ്പോടുകൂടിയാണ് വീക്ഷിച്ചത്. മുഹമ്മതു ഗസ്നായ്ക്ക് ചെയ്യുവാൻ കഴിഞ്ഞിടത്തോളം കനത്ത

6. അമ്പലധ്വംസനത്തിന്റെ പിന്നിൽ എന്ന അദ്ധ്യായം നോക്കുക.

ദ്രോഹം ഇസ്ലാമിനെതിരായി മറ്റൊരാൾക്കും ഒരു കാല ത്തും ചെയ്യുവാൻ സാധിച്ചിട്ടില്ല. ധനദുർമ്മോഹത്തിന്റെ ന്യായീകരണം പറഞ്ഞാലും ശരി അമ്പലങ്ങൾ തകർത്തത് വിശ്വാസികളായ ലക്ഷോപലക്ഷം സാധു ഹിന്ദുക്കളുടെ ഹൃദയം പിളർക്കുന്നതിനു സമമാണ്. ആ വേദനയുടെ തീക്ഷ്ണത ഒരു ന്യായീകരണംകൊണ്ടും നികത്തുവാനൊക്കുക യില്ല. പക്ഷേ, ഒരു കാര്യം ചെയ്യുവാൻ സാധിക്കും. ദുർ ബുദ്ധിയും ദുർമോഹിയുമായ ഒരു മുട്ടാളന്റെ പ്രവൃ ത്തിക്ക് അയാളെത്തന്നെ കുറ്റം ചുമത്തി കൊലമരത്തിൽ കയറ്റുവാൻ സാധിക്കും. അങ്ങിനെ കുഴികുഴിച്ചവനെ തന്നെ കുഴിയിൽ തള്ളിയിട്ട് ഈ ക്രിമിനൽ പ്രവൃത്തി കളുടെ പൂർണ്ണമായ ഉത്തരവാദിത്വം മുഹമ്മദുഗസ്നാ യുടെ മേൽ ചുമത്തി സംഗതി ഒതുക്കിത്തീർക്കുവാൻ, ഒരു പക്ഷേ, നമ്മുടെ ചരിത്രപണ്ഡിതന്മാർ വിചാരി ച്ചേക്കാൻ പറഞ്ഞെന്നു വരും. മുഹമ്മദുഗസ്നായുടെ ചെ യ്തികളും ഒരു മതത്തിന്റെയോ സമുദായത്തിന്റെയോ വിശ്വാസഭോഗമായെണ്ണാതെ അധികാരധനദുർമ്മോഹിയായ ഒരു താതോന്നിഭരണാധിപന്റെ ചീത്തപ്പണികളായെടു ത്താൽ കാര്യം നേരെയായി. സത്യമതായിരുന്നുതാനും.

മുഹമ്മദ് അമ്പലധ്വംസനം നടത്തിയതുതന്നെ മതവി ദ്വേഷം കൊണ്ടായിരുന്നില്ല. ധനദാഹം കൊണ്ടായിരുന്നു. തന്നെത്തന്നിൽതന്നെ പരിപൂർണ്ണ വിശ്വാസിയല്ലാതിരുന്ന ഈ സുൽത്താൻ അക്കാരണത്താൽത്തന്നെ മതഭ്രാന്തനുമല്ലായിരുന്നു. അന്യമതസ്വീകരണകാര്യം ഒഴിച്ചുനിറുത്തി മറ്റു കാര്യങ്ങൾ യാഥാർത്ഥ്യമായാൽ ഇത് ശരിക്കും പരമാർത്ഥമാണെന്ന് ബോ ധ്യമാകും. ആരേയും മതപരിവർത്തനം നടത്തിയില്ലെന്നു മാത്രമല്ല, തന്റെ സർവ്വീസിലും സേനയിലും ധാരാളം ഹിന്ദുരാജാക്കളുമുണ്ടായിരുന്നു. ചുറ്റുക്കത്തിൽ അധികാരവും കീർത്തിയും ധനശേഷിയും വർദ്ധിപ്പിക്കുവാൻ എന്തു സാഹസത്തിനും സന്നദ്ധനായിരുന്ന മുഹമ്മദു ചരിത്ര ത്തിലെ അപവാദമോ അത്ഭുതമോ അല്ല. ഇത്തരം അനവധി

പുകഴ്പെറ്റ ചക്രവർത്തിമാരുടെ കഥകളും ചരിത്രത്തിന്റെ താളുകളും പരതിയാൽ ധാരാളം കാണാം. പക്ഷേ, മുഹമ്മദുഗസ്നായുടെ പ്രവൃത്തികളുടെ തികഞ്ഞതഫലം കൂടുതൽ കൂടുതൽ രൂക്ഷതരമായിത്തീർന്നിരിക്കുന്നുവെന്നതാണ് മാറ്റാരുള്ളവരെ അപേക്ഷിച്ച് എടുത്തുപറയാവുന്ന പ്രധാന വ്യത്യാസം.

ഗസ്നായ്ക്ക് സാധിച്ചത് ഇസ്ലാമിനോട് കടുത്ത ശത്രുതയും വെറുപ്പും ഉല്പാദിപ്പിക്കുക മാത്രമാണ്. മുഹമ്മദ് ഇൻഡ്യൻപ്രദേശത്തുനിന്ന് ഒഴിഞ്ഞതും ഇസ്ലാമിന്റെ തരിപോലും അവിടെയെങ്ങുമവശേഷിക്കാതിരുന്നതും മറ്റൊന്നുകൊണ്ടുമായിരുന്നില്ല. ഈ വിരോധം ഇൻഡ്യൻ മനസ്സിൽനിന്നും നീങ്ങുവാൻ പിന്നേയും രണ്ടുതലമുറ കഴിയേണ്ടതായിവന്നു. പതിമൂന്നാം നൂറ്റാണ്ടിൽ മംഗോളും ആക്രമണവിധേയമായ മുസ്ലീംസാംസ്കാരികകേന്ദ്രങ്ങളിൽനിന്നും നല്ലവരായ മുസ്ലീംപണ്ഡിതൻമാരും സൂഫികളും പ്രാണരക്ഷാർത്ഥം വന്നുചേർന്നത് ഇൻഡ്യയിലായിരുന്നു. ഗസ്നായുടെകൂടെ വന്നവരുടെ തലക്കനമോ അഹംഭാവമോ ഇവർക്കുണ്ടായിരുന്നില്ല. അന്ന് ജയാരവം മുഴക്കിവന്ന ഒരാക്രമിയുടെയോദ്ധാക്കളാണെങ്കിൽ, ഇപ്പോൾ എല്ലാം ത്യജിച്ച് ജീവനുംകൊണ്ട് ഓടിയെത്തിയ അഭയാർത്ഥികളായിരുന്നു അവർ. ആക്രമിച്ച് കീഴടക്കുവാനോ അധികാരം നടത്തുവാനോ അശക്തരായിരുന്നു അവർ. ഭൂതദയയും മാനുഷികദയാവായ്പും അർഹിക്കുന്നഫക്കീറുകളും സന്യാസിമാരുമായിരുന്നു. അക്കൂട്ടരാണ് ഇൻഡ്യൻ മനസ്സിൽനിന്നും, ഗസ്നായുണ്ടാക്കിവെച്ച ഇസ്ലാമികവിദ്വേഷം സൽപ്രവൃത്തികളും മാതൃകാജീവിതങ്ങളുംകൊണ്ട് മായ്ച്ചുകളഞ്ഞത്. മുഹമ്മദുഗസ്നായുടെ പ്രവൃത്തികളുടെ ഫലം വിവരണാതീതമാംവണ്ണം ഇസ്ലാമിനു കളങ്കംചേർക്കുന്നവയും എന്നും വെറുപ്പിന്റെ പക പരത്തുന്നവയുമാണ്. അക്കാലഘട്ടത്തി

ന്റെ സ്വഭാവവിശേഷതകളും ഇത്രമാത്രം ഉൾക്കൊണ്ട മറ്റൊരു ചരിത്രപുരുഷനെ കാണുക പ്രയാസമാണ് മുഹമ്മദു ഗസ്നായെപ്പോലെ.

ക്രൂരനായ മുഹമ്മദ് പക്ഷേ, പ്രാകൃതനായിരുന്നില്ല. ദർബാരാലത്തിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടിരുന്ന സുൽത്താനായിരുന്നു അവൻ. കൊട്ടാരത്തിൽ ഒരുപറ്റം പണ്ഡിതന്മാരേയും കവികളേയും കലാകാരന്മാരേയും അദ്ദേഹം എപ്പോഴും പോറ്റി വളർത്തിപ്പോന്നിരുന്നു. അവരിൽ പലരും ഏഷ്യയിൽ തന്നെ പ്രസിദ്ധരായിരുന്നുവെന്നതിൽ സംശയമില്ല. ഗണിതശാസ്ത്രജ്ഞനും ദാർശനികനും ചരിത്രകാരനും സംസ്കൃതപണ്ഡിതനുമായ അൽബൈരൂണി മുഹമ്മദിന്റെ സമകാലീനനായിരുന്നു. ഇൻഡ്യൻശാസ്ത്രങ്ങളെയും ജനങ്ങളേയും സംബന്ധിച്ചുള്ള ഈ പണ്ഡിതന്റെ രേഖകളും വിലപ്പെട്ടവയുമാണ്. ചരിത്രകാരന്മാരും കവികളുമായ ഉദ്ബിയും, ബൈഹാക്കിയും. മൻസൂരിയും എല്ലാം പണ്ഡിതാഗ്രേസരന്മാരായിരുന്നു. ഇവരിലൊക്കെ, ഒരു പക്ഷേ, പ്രസിദ്ധനാണ് 'ഷാനാമ'യുടെ കർത്താവായ ഫിർദൗസി എന്ന മഹാൻ. മുഹമ്മദ് ഈ പണ്ഡിതസദസ്സിനെ ആദരിക്കുകയും പ്രീണിപ്പിക്കുകയും ചെയ്തിരുന്നു. ഇൻഡ്യയിലെ അമ്പലങ്ങളിലെ മുതൽ വാരിക്കൂട്ടുന്നതിനിടയിൽ കണ്ടുകിട്ടിയ പുസ്തകങ്ങളും ഇയ്യാൾ ഗസ്നിയിൽ സ്ഥാപിച്ചിരുന്ന യൂണിവേഴ്സിറ്റിയിലേയ്ക്ക് കടത്തുവാൻ മറന്നിരുന്നില്ല. അങ്ങിനെ അക്കാലത്തെ രാജകീയമേനിമകളുടെ പ്രതിനിധാനകതകം മുഴുക്കെ ഉൾക്കൊണ്ടിരുന്ന മുഹമ്മദ് ഗസ്നി നൂറുശതമാനവും രാഷ്ട്രീയക്കാരനായ ഒരു ഭരണാധികാരിയായിരുന്നു. സമർത്ഥനായ ഒരു സേനാനിയും. മദ്യവും മദിരാക്ഷിയും മനംനിറയെ നുകർന്നിരുന്ന മുഹമ്മദ് ഒരിക്കലും മതപ്രചാരകനായിരുന്നില്ല. കാലത്തിനൊത്ത് കോലം കെട്ടിജീവിത വിജയത്തിന്റെ പാരമ്യം പൂകിയ മഹാനാണ്.

22

ഇന്ത്യാ ചരിത്രത്തിലെ മാതൃകാ നായകന്മാർ

ഇന്ത്യാചരിത്രത്തിലെ മാതൃകാനായകൻമാർ എന്ന വിഷയത്തെ ആസ്പദമാക്കി ഹ്രസ്വമായ ഒരദ്ധ്യായം എഴുതുക ദുഷ്കരമാണ്. വിഷയത്തിന്റെ വ്യാപ്തിയും വൈവിധ്യവും, അത്രമാത്രം ആഴത്തിലും പരപ്പിലും കിടക്കുന്നുവെന്നതുതന്നെ കാരണം, മഹാപുരുഷൻമാർ, ആ മഹൽപദവിയിലേക്കുയർന്ന സാഹചര്യവും, അതിന്നനുകൂലമായ സ്ഥിതിവിശേഷങ്ങളും ആദ്യമായി ധാരണയിലുണ്ടായിരിക്കണം. കാലഘട്ടങ്ങളുടെ സ്വഭാവവിശേഷമനുസരിച്ച് പല മാറ്റങ്ങളും കാണും. കാലദേശങ്ങൾക്കനുസൃതമായി രാജ്യഭരണകാര്യങ്ങളിൽ ചില ചിട്ടകളും നിഷ്ഠകളും അനുസരിച്ചുപോരുവാൻ ഭരണകർത്താക്കൾ നിർബദ്ധിതരായിട്ടുണ്ട്. മാത്രമല്ല, രാജ്യശാസനങ്ങൾ എന്തിന്നുംമേലേ ആയിരുന്ന സനാതർഭങ്ങളിലും അവയേ നിയന്ത്രിക്കുകയും സ്വരൂപിക്കുകയും ചെയ്തുകൊണ്ടിരുന്ന നിയാമശക്തികൾ എല്ലാ രാജ്യത്തും നിലനിന്നിരുന്നു. അപ്പോൾ ചരിത്രപുരുഷൻമാരെ വിലയിരുത്തുന്നത് അതാതു കാലഘട്ടത്തിന്റെ സ്വഭാവവിശേഷം നല്ലവണ്ണം ധരിച്ചതിന്നുശേഷമായിരിക്കണമെന്നർത്ഥം.

ലോകജേതാവായ അലക്സാണ്ടറേയോ, രണ്ടാം അലക്സാണ്ടർ എന്ന് സ്വയം വിശേഷിപ്പിച്ച അലാവുദ്ദീൻ

ണിൻറുനിന്നേയോ. ഒരു പക്ഷേ ഇന്നുള്ളവർക്ക് അത്രയ ധികം ആരാധ്യൻമാരല്ലാതായി തോന്നാം; നാമവരെ അള ക്കുന്നത് ഇന്നത്തെ തോതനുസരിച്ചാണെങ്കിൽ. അതു തന്നെയല്ലതന്നെ മതപ്രചാരണങ്ങൾക്ക് ഖജനാവ് കാലിയാ ക്കിയ അശോകനോ, ഹർഷനോ, നല്ല ഭരണാധിപൻമാരാ ണെന്ന് വിശ്വസിക്കുവാൻ സെക്കുലരിസം ഒരപസ്മാരം പോലെ ബാധിച്ചിരിക്കുന്ന ഭാരതീയന് മടിതോന്നാനു ണ്ടിടയുണ്ട്; അവർ ജീവിച്ചിരുന്ന സാഹചര്യത്തിൻറെ സ മ്മർദ്ദം അനുഭവപ്പെട്ടിട്ടില്ലെങ്കിൽ.

ഇതിനൊക്കെ പുറമെ രാഷ്ട്രീയതത്വസംഹിതകളും തദനുകൂലമായ സ്വഭാവത്തെപ്പറ്റിയുള്ള പ്രത്യയശാസ്ത്രങ്ങളും പല ദശകങ്ങളിൽ പലതായിരുന്നു. ഈ ശാസനകളെ പിൻ പറ്റി കാലത്തിനൊത്ത് ജീവിച്ച് ഭരണം ഭംഗിയാക്കി ജ നതയുടെ പിൻതുണക്കും ബഹുമാനത്തിനും പ്രാപ്തീഭൂ തരായിട്ടുള്ളവരും, നിലവിലുള്ള വിശ്വാസപ്രമാണങ്ങ ളെയും, ആചാരമര്യാദകളേയും അതിലംഘിച്ച് വിപ്ലവ കരമായ മാറ്റങ്ങൾ സംവിധാനം ചെയ്തിട്ടുള്ള ക്രാന്തദർ ശികളേയും ഒരേ മാനദണ്ഡത്തിന്ന് വിധേയരാക്കേണ്ടവ രല്ല. ഭരണാധിപൻമാരുടെ ഒരു വലിയ പട്ടിക സസൂഷ്മ ം പരിശോധനാവിധേയമാക്കുകയും, വ്യത്യസ്ത കാലങ്ങളിലെ ജീവാംശമായ ധാർ മ്മിക പ്രമാണങ്ങളെ അടിസ്ഥാനമാക്കി അവയ്ക്കു വിലയിടുകയും ചെയ്യുക എന്നത് സരള പ്രയത്നമല്ല. അതുകൊണ്ടാണ് വിഷയം ചെറിയൊരു ഉപന്യാസത്തി നുപോതുങ്ങാത്തവിധം വിപുലമായതാണെന്ന് പറഞ്ഞത്.

ക്രിസ്തുവിന്നു വളരെ സംവൽസരങ്ങൾക്കു മുമ്പു തന്നെ ഭരണാധിപൻമാർ ഏതുതരക്കാരായിരിക്കണമെന്നും എന്തെല്ലാം ഗുണഗണങ്ങൾ ഇണങ്ങിച്ചേർന്നിട്ടുള്ളവരാ യിരിക്കണമെന്നും മറ്റുമുള്ള രാഷ്ട്രമീമാംസ ഭരണകർ ത്താക്കൾ പ്രാവർത്തികമാക്കുവാൻ ശ്രമങ്ങൾ നടത്തി

യിട്ടുള്ളതായി കാണാം. മഹാഭാരതരാമായണാദികളിൽ നിന്നും ലഭിക്കുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ രാജവാഴ്ചയെ സംബന്ധിച്ച ലിഖിതശാസനകം തന്നെ നിലവിലിരുന്നതായി കാണാം. ക്ഷാത്രിയധർമ്മത്തെ സംബന്ധിച്ച് കൂലങ്കഷമായി പരിചിന്തനം ചെയ്തിട്ടുള്ള ധാരാളം പണ്ഡിതന്മാരുടെ കൃതികളും ഇന്ന് നമുക്ക് ലഭ്യമാണ്. ജനാപവാദം പേടിച്ച് സ്വന്തം രാജ്ഞിയെ പൂർണ്ണഗർഭിണിയായിരുന്നിട്ടുകൂടി പരിത്യജിക്കുന്ന ശ്രീരാമൻ ആധുനിക രാഷ്ട്രമീമാംസാവിദ്യാർത്ഥിക്ക് അരോചകമായി തോന്നുമെങ്കിലും ജനപ്രീതിക്കനുസൃതമായി ഭരണം നടത്തുകയെന്ന ക്ഷാത്രിയധർമ്മം അദ്ദേഹം പാലിച്ചതിന്റെ ഉത്തമമാതൃകയാണ്. ഇതിഹാസ കാലഘട്ടത്തിൽ നിന്നും ചരിത്രഘട്ടത്തിലേക്ക് കടന്നു ചെല്ലുന്ന വിദ്യാർത്ഥി രാജതന്ത്രത്തിന്റെ ചുമതലകളേയും അവകാശങ്ങളേയും ഒക്കെക്കുറിച്ച് അസന്ദിഗ്ദ്ധമായി പ്രസ്താവിക്കുന്ന പൌരാണിക ഇന്ത്യയുടെ രാഷ്ട്രീയ സൂത്രധാരൻമാരിൽ അധ്യഷ്യപ്രഭാവനായ കൗടില്യന്റെ ''അർത്ഥശാസ്ത്രം'' എന്ന വിലപ്പെട്ട രാഷ്ട്രീയ ധന തത്വ സംഹിതയിൽ വ്യക്തമായ നിർദ്ദേശങ്ങളും കണ്ടെത്തുന്നു. കൌടില്യനെ ഇന്ത്യയുടെ മാക്യവെല്ലിയായും, അർത്ഥശാസ്ത്രത്തെ മാക്യവെല്ലിയുടെ 'പ്രിൻസ്' എന്ന ഗ്രന്ഥമായും കണക്കാക്കാം.

15-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മാക്യവെല്ലിയൂറോപ്യൻ ഭരണാധിപൻമാരെ ഉദ്ദേശിച്ചാണെഴുതിയതെങ്കിൽ അതിന്നു 1800 കൊല്ലങ്ങൾക്കുമുമ്പാണ് കൌടില്യൻ ഇന്ത്യൻ പശ്ചാത്തലത്തിൽ തന്റെ രാഷ്ട്രമീമാംസാഗ്രന്ഥം രചിക്കുന്നത്. പക്ഷെ രണ്ടുപേരും പല കാര്യങ്ങളിലും യോജിപ്പുള്ളവരാണ്. നിഷ്കൃഷ്ടമായ സദാചാരനിയമങ്ങൾ നിഷ്ഠ ഇരുകൂട്ടരും കാര്യമായി നിർദ്ദേശിക്കുന്നില്ല. ലക്ഷ്യം മാർഗ്ഗത്തെ ന്യായീകരിക്കുമെന്ന തത്വശാസ്ത്രമാണ് ഇരുകൂട്ടരും അനുശാസിക്കുന്നത്. മാക്യവെല്ലി

എഴുതി: ''എല്ലാകാര്യങ്ങളിലും നല്ലതുമാത്രം ചെയ്യണമെന്നാഗ്രഹിക്കുന്ന ഏതൊരാൾക്കും നല്ലവരല്ലാത്തവരുമായി സമ്പർക്കത്തിനിടവരുമ്പോൾ ദു:ഖിക്കേണ്ടതായിവരുന്നു. തൻമൂലം എങ്ങനെ സാത്വികനല്ലാതാവുന്നുവെന്ന് അറിയുകയും, ആ അറിവിനെ സംഗതികളുടെ യോജിപ്പനുസരിച്ച് പ്രയോഗിക്കുകയോ പ്രയോഗിക്കാതിരിക്കുകയോ ചെയ്യുകയും വേണം''.

''ഒരു രാജാവ് ഗൂഢാലോചനകളെക്കുറിച്ച് അലോരസപ്പെടേണ്ടതില്ല; ജനങ്ങൾ തന്നോട് കൂറുള്ളവരാണെങ്കിൽ. പക്ഷേ അവർ തന്നെ വെറുക്കുന്നവരും തന്നോട് വിരോധമുള്ളവരുമാണെങ്കിൽ അയാൾ എന്തിനേയും ഏതൊരുത്തനേയും ഭയപ്പെടണം''.

''യോഗ്യതയെ മാനിക്കുകയും അവസരോചിതമായ പ്രോത്സാഹനം നൽകുകയും, ഏതൊരു കലയിലും പ്രാവീണ്യം സമ്പാദിച്ചവരെ ബഹുമാനിക്കുകയും ചെയ്യേണ്ടത് രാജധർമ്മമാണ്''. ഭരണാധിപൻമാർ അനുഷ്ഠിക്കേണ്ടതായ ചുമതലകളും അവരിൽ നിക്ഷിപ്തമായിട്ടുള്ള അധികാരാവകാശങ്ങളും മാക്യവെല്ലി തന്റെ 'പ്രിൻസ്' എന്ന പ്രസിദ്ധമായ പുസ്തകത്തിൽ പ്രതിപാദിക്കുന്നുണ്ട്.

കൗടില്യനാകട്ടെ ഹൈന്ദവ ഭരണരീതിയിൽ ആചരിക്കേണ്ടതായ നിയമങ്ങളാണ് നല്കുകയാണ്. ഭരണകാര്യങ്ങളും നിർവ്വഹിക്കുന്ന രാജാവ് തുടങ്ങി കീഴ്പോട്ടുള്ള ജീവനക്കാർ വരെ അനുഷ്ഠിക്കേണ്ട ധർമ്മമര്യാദകളും ഉത്തരവാദിത്വങ്ങളും, അവർക്കുള്ള അവകാശാധികാരങ്ങളും വിസ്തരിക്കുന്നതിനു പുറമേ, രാജ്യനീതി യുദ്ധം, സമാധാനം, നികൃതി, കച്ചവടം, തുടങ്ങിയ സംഗതികളിൽ സ്വീകരിക്കേണ്ട വിധിയും ചുമതലയും മറ്റും വളരെ വ്യക്തമായി പ്രകാശിപ്പിക്കുന്നു. ''ക്ഷത്രിയ രാജാവിന്റെ ധർമ്മം രാജ്യവിസ്തൃതിക്കായി കഴിവതും യുദ്ധം ചെയ്യുകയാണ്. അദ്ദേഹം മന്ത്രിമാരെ നിയമിക്കുകയും

ഉപദേശങ്ങളും ആരായുകയും വേണം. എന്തെന്നാൽ ഒറ്റ ചക്രം മാത്രമുള്ള വണ്ടി ഉരുളുക അസാദ്ധ്യമാണല്ലോ''.

''നികുതിപിരിക്കുവാനുള്ള അവകാശം രാജാവിലധിഷ്ഠിതമാണ്. ഒരു നല്ല രാജാവ് ജനങ്ങൾക്കെന്തൊണോതാല്പര്യം അതുതന്നെ തന്റെയും താല്പര്യമായും കരുതണം'' ഇത്യാദി മാർഗ്ഗനിർദ്ദേശങ്ങളാണ് ചാണക്യസൂത്രത്തിലടങ്ങിയിട്ടുള്ളത്.

ചാണക്യന്റെ ഭരണസംഹിതയ്ക്കനുസൃതമായി ഭരണഭാരം നടത്തിയ അക്കാലത്തെ മഹാരഥന്മാരായ ചക്രവർത്തിമാർ എത്രയുണ്ടെന്നു നമുക്കറിയില്ല. ഒരു കാര്യം തീർച്ച. ചന്ദ്രഗുപ്തമൗര്യനും ബിന്ദുസാരനും ഒരു പക്ഷേ ഇതനുസരിച്ച് രാജ്യകാര്യം കാര്യക്ഷമമാക്കിയിരിക്കണം. കാരണം കൗടില്യൻ ചന്ദ്രഗുപ്തന്റെ പ്രധാന ഉപദേശിയും മന്ത്രിയുമായിരുന്നു. എന്നാൽ ബിന്ദുസാരന്റെ മകനും മൗര്യസാമ്രാജ്യത്തിലെ ഏറ്റവും മഹാനായ ചക്രവർത്തി എന്ന വിശേഷിപ്പിക്കപ്പെടുന്ന ആളുമായ അശോകൻ കൗടില്യസൂത്രത്തിന് തനുയോജ്യമായാണ് രാജ്യഭാരം തുടങ്ങിയതെങ്കിലും കാലത്തിന്റെ ചലനാത്മക സ്വഭാവമുൾക്കൊണ്ട അദ്ദേഹം ചാണക്യസൂത്രത്തിന് വിരുദ്ധമായിത്തന്നെ കാര്യങ്ങൾ നടത്താൻ ശ്രമിച്ചതായി കാണാം. ഒരു പക്ഷേ ചരിത്രം മാതൃകാപുരുഷൻമാരുടെ മഹൽപന്തിയിൽ അശോകനു നൽകുന്ന സ്ഥാനം വിപ്ലവാത്മകമായ ഈ ക്രാന്തദർശിത്വം കൊണ്ടുതന്നെയാകാനാണ് സാദ്ധ്യത.

''യുദ്ധം ചെയ്യുക കഷ്ടാത്രിയ പൗരുഷം സ്ഥാപിക്കുവാനുള്ള തെളിവായി'' കൗടില്യൻ വ്യവഹരിച്ചപ്പോഴും, അശോകൻ സമാധാനത്തിന്റെ പ്രചാരകനായി മാറിയതു അതിന്നുദാഹരണമാണ്. നിലവിലിരുന്ന നിയമനിഷ്ഠകളെ മറികടക്കുവാനുള്ള സാഹസികശ്രമമാണ് അശോകനെ മഹാന്മാരുടെ പന്തിയിലേക്കുയർത്തിയത്. കാലത്തിന്റെ മാറ്റത്തിനും രാജ്യത്തിന്റെ നാഡി

നിടിപ്പിന്നും ഒപ്പം ബോധപൂർവ്വമുയരാൻ കഴിഞ്ഞ അശോകൻ അതുവരെ നിലനിന്നിരുന്ന രാജധർമ്മങ്ങളെ പൊളിച്ചെഴുകുകയായിരുന്നു. മഹത്വത്തിന്റെ ആ വിപ്ലവസ്വഭാവമാണ് അശോകന്റെ വലിപ്പ നിർണ്ണയത്തിലെ പ്രധാന ഘടകം.

ഈ അത്ഭുത സിദ്ധിക്കു സമാനം മറ്റൊരു പ്രതിഭാസത്തെ നാം ഇന്ത്യാചരിത്രത്തിൽ ദർശിക്കുന്നത് കാലം കുറെ പിന്നിട്ടശേഷം മാത്രമാണ്. 16–ാം നൂറ്റാണ്ടിന്റെ അവസാനപ്പകുതിയിൽ– മഹനായ അക്ബർ ചക്രവർത്തിയിൽ. സിയാവുദ്ദീൻ ബരാണിയും അബുൽഫസലുമൊക്കെ രാജകീയാധികാരത്തിന്നു ദൈവീകാവരണം നൽകുവാൻ മുഖവുര എഴുതിയവരാണ്. 14–ാം നൂറ്റാണ്ടിലെ താഷ്ട്രമീംമാസാപടുവെന്നു വിശേഷിപ്പിക്കാവുന്ന സിയാവുദ്ദീൻ ബരാണി മദ്ധ്യകാലഘട്ടത്തിലെ കൗടില്യനാണെന്നു പറയാം. ''ഫത്തവായ്ജഹാൻതാരി'' എന്ന ഗ്രന്ഥം ''അർത്ഥശാസ്ത്ര'' ത്തേക്കാൾ താത്വിക ദർശനവും ഉൾക്കൊള്ളുന്നതാണ്. ബരാണി മുസ്ലീം ചക്രവർത്തിമാർ അനുസരിക്കേണ്ടതായ നിയമങ്ങളും, അവരുടെ അധികാരപരിധികളും, മറ്റും വിശദമായവതരിപ്പിക്കുമ്പോഴാണ് കൗടില്യൻ ഹൈന്ദവ രാഷ്ട്ര സംവിധാനത്തിലെ നിയമങ്ങളെ ഉൽഘോഷിക്കുന്നുവെന്നു മാത്രം. ബരാണിയുടെ മാർഗ്ഗനിർദ്ദേശത്തിനൊത്ത് രാജ്യകാര്യം പുലർത്തിപ്പോന്നവരെ ചരിത്രകാരൻ കൂടിയായ അദ്ദേഹം ഏറെ പുകഴ്ത്തുന്നുണ്ട്. അവർക്കാർക്കും മഹത്വത്തിന്റെ പന്തിയിലേക്കു കടന്നുചെല്ലുവാനും ചരിത്രത്തിലെ മാതൃകാ നായകരാകുവാനുമൊത്തില്ല. പക്ഷേ മദ്ധ്യകാല ഇന്ത്യാചരിത്രത്തിൽ തെളിഞ്ഞു തെളിഞ്ഞു വരുന്ന ഒരു വ്യത്യതിർഗോളമുണ്ട്. ഇന്ത്യയുടെ ഏക ദാർശനിക ചക്രവർത്തിയായ മുഹമ്മദ് തുഗ്ളക്ക്.

ബരാണിയുടെ തത്വശാസ്ത്രമോ, നിലവിലുണ്ടായിരുന്ന മറ്റെന്തെങ്കിലും ചിട്ടകളോ ഒന്നും അത്ര കാര്യമാ

ക്കാതെ മഹത്വത്തിന്റെ ''ധിക്കാരം'' കാണിച്ച ക്രാന്തദർശിയായ മുഹമ്മദ് തുഗ്ളക്ക് ചരിത്ര വിദ്യാർത്ഥികളുടെ ക്കുമുമ്പിൽ ഇന്ന് ഭ്രാന്തനാണെങ്കിലും ഏറ്റവും ഉന്നത ശീർഷനായ മഹാനായി നാളെ അദ്ദേഹം അംഗീകരിക്കപ്പെടുമെന്നകാര്യത്തിൽ സംശയമില്ല. കാലം കഴിയുന്തോറും കൂടുതൽ കൂടുതൽ പ്രശോഭിതമാകുന്ന മഹൽപ്രവൃത്തികളെ ചെയ്ത അദ്ദേഹം, സമകാലികരും പിന്നെ അനവധി തലമുറകളും, തെറ്റിദ്ധരിച്ച നിലയിൽ കഴിയുന്നു വെങ്കിൽ അതു അദ്ദേഹത്തിന്റെ കനപ്പെട്ട സാധനയെ ശരിക്കും വിലയിരുത്താൻ കഴിയാത്തതുകൊണ്ടു മാത്രമാണ്. തലസ്ഥാനം മാറ്റുകയോ ജനങ്ങളോട് തൻമൂലം ഡൽഹിയിൽനിന്ന് പോകാൻ പറയുകയോ അദ്ദേഹം ചെയ്തിട്ടില്ലെന്നുമാത്രമല്ല, ഭരണപരിഷ്കാരങ്ങളത്രയും പരാജയമായിരുന്നുവെന്ന് പറയുന്നത് അബദ്ധമാണെന്നും വളരെ വിജയകരമായി പര്യവസാനിച്ച പദ്ധതികളെക്കുറിച്ചാണീയാരോപണമുള്ളതെന്നും മറ്റും രേഖാമൂലം തെളിയിക്കപ്പെടുമ്പോഴാണ് മുഹമ്മദ് തുഗ്ളക്ക് മുഹമ്മദീയരായിരുന്നുവെന്നു നമുക്ക് മനസ്സിലാകുകയുള്ളു.* ഇവിടെ പ്രസക്തമായസംഗതി ഇതുമാത്രമാണ്. മാതൃകാപുരുഷൻമാർ പലപ്പോഴും അങ്ങനെയാണ്. നിയമത്തെ അനുസരിച്ചാദരിച്ചവരും, നിലവിലുള്ളവയെ ചോദ്യംചെയ്ത് പരിവർത്തനങ്ങൾ വരുത്തിയവരും. രണ്ടാമത്തെ കൂട്ടരിൽ അതുല്യ പ്രഭാവനാണ് മുഹമ്മദ് തുഗ്ളക്ക്.

അക്ഷരാഭ്യാസമില്ലാത്ത, എന്നാൽ പരിചയ സമ്പന്നനായ മറ്റൊരു മഹാവിപ്ളവകാരിയായിരുന്ന തുഗ്ളക്കിനെ കുറേ വൽസരങ്ങൾക്കുമുമ്പ് ഇൻഡ്യാഭരിച്ച അലാവുദ്ദീൻഖിൽജി. ഒരു സേച്ഛാധിപതിക്ക് എത്രമാത്രം ഔന്നത്യവും തന്നിഷ്ടവുമാവാമെന്നതിന്റെ മാതൃകയാണദ്ദേ

*മുഹമ്മദ് തുഗ്ളക്ക്—ഒരു പഠനം'' എന്ന അദ്ധ്യായത്തിൽ മേൽ പ്രസ്താവിച്ച കാര്യങ്ങൾ സ്ഥാപിക്കുവാൻ ശ്രമിച്ചിട്ടുണ്ട്.

ഹം. സോഷ്യലിസം അവസരത്തിലും അനവസരത്തിലും ഉരുവിടുന്ന ഈ കാലത്ത് പോലും അതിന്റെ പ്രായോഗികതയിൽ വരുന്ന വൈഷമ്യവും സങ്കീർണ്ണതയും നമുക്ക് പരിചിതമാണല്ലോ. എന്നാൽ ഏറ്റവും സോഷ്യലിസാധിപതിയായ ഒരു ഭരണാധിപനിൽനിന്ന് ലോകത്തിലെ ഏതെങ്കിലും ഒരു ദേശത്ത് സോഷ്യലിസത്തിന്റെ സാമ്പത്തികവശം പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടുണ്ടെങ്കിൽ അതലാവുദ്ദീന്റെ ഇന്ത്യയിൽ മാത്രമായിരുന്നു. രാജ്യത്തുണ്ടാകുന്ന വിഭവങ്ങളും മുഴുക്കെ സ്റ്റെയിറ്റുടമയിൽ കൊണ്ടുവരികയും അതിന്റെ കുത്തകാവകാശം ഭരണകൂടത്തിൽ നിക്ഷിപ്തമാക്കുകയും ചെയ്യുകയെന്ന പ്രവൃത്തി സോഷ്യലിസ്റ്റ് സിദ്ധാന്തം ആവിഷ്കരിക്കുന്നതിന്ന് 500 കൊല്ലം മുമ്പുതന്നെ ഇന്ത്യയിൽ നടപ്പിലാക്കിയ അലാവുദ്ദീൻ മഹാനല്ലെങ്കിൽ പിന്നെ ആരാണ് ആ പദവിക്കർഹൻ?

രാജ്യത്തുടനീളം ന്യായവില ഷാപ്പുകളും സ്ഥാപിക്കുകയും അവശ്യസാധനങ്ങളുത്രയും നിശ്ചിതവിലക്ക് കിട്ടിപ്പോന്ന അളവിൽ എല്ലാവർക്കും ലഭിക്കുന്ന മാർക്കറ്റ് നിയന്ത്രണമാവിഷ്കരിച്ച് വിതരണം ചെയ്യുകയുംചെയ്ത അലാവുദ്ദീനാണ് ലോകത്തിലെ ആദ്യത്തെ സോഷ്യലിസ്റ്റ് സേച്ഛാധിപതി. സമകാലികചരിത്രകാരൻ എഴുതുന്നത് അലാവുദ്ദീൻ മരിച്ച് അനവധി വർഷങ്ങൾക്കുശേഷവും അദ്ദേഹത്തിന്റെ ശവകല്ലറക്കരികിൽ ദുഃഖിതരായ സാധാരണക്കാർ അവരുടെ സങ്കടനിവാരണത്തിന്നായി പ്രാർത്ഥിക്കുകയും അർച്ചനകളർപ്പിക്കുകയും ചെയ്തിരുന്നുവെന്നാണ്. ''വിദ്യാവിഹീനനായ അലവുദ്ദീന്റെ പരിഷ്കാരങ്ങളും ഫലവത്തായപ്പോൾ അത് ഒരു അത്ഭുതമായിത്തീർന്നു'' എന്നാണ് വിരോധിയായ ബരാണിപോലും പറയുന്നത്. തന്റെ അനുഭവ പാഠം മാത്രം മുതൽ മുടക്കി അലാവുദ്ദിൻ നടത്തിയ അത്ഭുതം ജനകോടികൾക്ക് ആശ്വാസവും ജൻമിദുഷ്പ്രഭുത്വത്തിന്ന് വിനാശവും

വരുത്തി. ജനങ്ങളുടെ വിചാരവികാരങ്ങളിൽ ദൈവത്തോളം പ്രാധാന്യം കരസ്ഥമാക്കിയ അലാവുദ്ദീൻ ഇന്ത്യാചരിത്രത്തിലെ [illegible]വിസ്മരണീയനാണ്.

അലാവുദ്ദീൻ മതത്തിന്റെയോ മറ്റു ആചാരമര്യാദകളുടെയോ പക്ഷപാതിയായിരുന്നില്ല. മാത്രമല്ല അതൊന്നും തനിക്കറിയില്ലെന്നു തുറന്നു പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. 'രാജ്യത്തിന്നും ജനങ്ങൾക്കും ഗുണകരമായിട്ടുള്ളതെന്തോ, അത് മതശാസനകൾക്കോ മറ്റു നിയമങ്ങൾക്കോ എതിരാണോ, അനുകൂലമാണോ എന്ന് ഞാൻ നോക്കാറില്ല: അവ നടപ്പിലാക്കുവാൻ ഞാൻ കൽപിക്കുന്നു'. എന്നാണു ഖാസിമുഖഹസ്സിനോട് അദ്ദേഹം പറഞ്ഞതായി സമകാലിക ചരിത്രകാരൻ ബരാണി, തരീക്കിഫിറോഷായ് എന്ന ഗ്രന്ഥത്തിൽ ആവലാതിപ്പെടുന്നത്.

അങ്ങനെ കാലഘട്ടത്തിന്റെ സ്വഭാവത്തെ സധീരം ധിക്കരിച്ചു അലാവുദ്ദീനെങ്കിൽ, കാലത്തിനൊത്തുയർന്ന മഹാനാണ് അക്ബർ. മതപരവും സാംസ്ക്കാരികവുമായ വിടവുകളെ നികത്താനുള്ള ശ്രമങ്ങളെ ഇന്ത്യയിൽ ആരംഭിച്ചിട്ട് നൂറ്റാണ്ടുകളെ തന്നെ കഴിഞ്ഞിരുന്നു. മുസ്ലീം പക്ഷത്തുനിന്നും സൂഫിവര്യന്മാരും ഹൈന്ദവഭാഗത്തുനിന്നും ഭക്തിപ്രചാരകൻമാരും സാംസ്കാരികവും വൈകാരികവുമായ ഉദ്ഗ്രഥത്തിന്നാഹ്വാനം നൽകിക്കൊണ്ടിരുന്ന സന്ദർഭത്തിൽ അക്ബർ അതിന്നു നേതൃത്വം കൊടുത്തു അങ്ങിനെ രാഷ്ട്രത്തിന്റെ തലവനെന്നതിൽ കവിഞ്ഞ് തന്റെ പ്രജകളുടെ വിശ്വാസത്തിന്റെ സൂക്ഷിപ്പുകാരനും കൂടിയാകാൻ ചക്രവർത്തി അക്ബറിന്നു സാധിച്ചു.

അക്ബർ കൊളുത്തിയ ഐക്യത്തിന്റെ കൈത്തിരി അദ്ദേഹത്തോടൊപ്പംതന്നെ കെട്ടണഞ്ഞു. കൂടുതൽ രൂക്ഷമായി മതവിഭാഗങ്ങളും സാംസ്കാരിക സ്വാധീനതകളും വളർന്ന് വിഭാഗീയത സൃഷ്ടിച്ചു. അക്ബറുടെ മതനയം

മുസൽമാനേയും ഹിന്ദുവിനേയും മുഷിപ്പിച്ചു. ഇസ്ലാമിന്റെ സംരംക്ഷണ മുദ്രാവാക്യമാണ് ഔറംഗസീബിനു സ്ഥാനാരോഹണ യുദ്ധത്തിൽ വിജയം നേടിക്കൊടുത്തതെങ്കിൽ, ഹൈന്ദവസംരക്ഷണ മുദ്രാവാക്യമാണ് ശിവജിയെ ചരിത്രപുരുഷനാക്കിയത്. ഭക്തി പ്രസ്ഥാനത്തിനും മതസാംസ്കാരിക ഐക്യത്തിനും കിട്ടിയ തിരിച്ചടി അത്തരത്തിലായിരുന്നു! ഔറംഗസീബും ശിവജിയും സമകാലീകരായതും നിരന്തരം യുദ്ധത്തിലും വക്കാണത്തിലും കഴിഞ്ഞിരുന്നതും മറെറാന്നുകൊണ്ടുമായിരുന്നില്ല. ചരിത്രത്തിന്റെ താളുകളിലേയ്ക്ക് കടന്ന സാഹചര്യത്തിന്റെ പ്രസ്ഫുരണം മാത്രമാണത്.

ഔറംഗസീബിന്റെ വിസ്തൃതമായ സാമ്രാജ്യവും ശിവജിയുടെ ആവേശവും അധികം കഴിയുന്നതിനുമുമ്പ് തന്നെ അധഃപതിച്ചു. പുതിയ പല മാറ്റങ്ങളും നടന്നു. തെക്കുഴിക്കോട്ടു നിന്ന് 8 മൈൽ വടക്കോട്ടുമാറി കപ്പാട് എന്ന അപ്രസിദ്ധമായ സ്ഥലത്ത് ചില പറങ്കിക്കപ്പലുകളടുത്തു. വാസ്കോഡിഗാമയുടെ വരവിനുശേഷമുണ്ടായ പുതിയ സാഹചര്യത്തോടു ഇണങ്ങിച്ചേരാനൊക്കാതിരുന്ന ഭാരതീയൻ ഭരണകർത്താക്കൾ മാറ്റങ്ങൾ അറിഞ്ഞില്ല. വിദേശിയർ ഒന്നിനുപുറകേ ഒന്നായി ഇവിടെ എത്തി. പുതിയ സാമ്രാജ്യങ്ങൾ ഉയർന്നു. അവയിൽ വളർന്നതും പുഷ്ടി പ്രാപിച്ചതും ഇംഗ്ലീഷ് സാമ്രാജ്യമായിരുന്നു. മറ്റു യൂറോപ്യൻശക്തികളെ പരാജയപ്പെടുത്തി ഈ ഉപഭൂഖണ്ഡത്തിന്റെ മുഴുക്കെ അധീനത്വം പേറാൻ അവർ വെമ്പി. അതു മനസ്സിലാക്കിബോധപൂർവ്വം അതിനെ എതിർത്തത് അപകടത്തിന്റെ ആഴം അറിഞ്ഞുകൊണ്ടുതന്നെ അതിലേയ്ക്കു കച്ചകെട്ടിയിറങ്ങി, ഇന്ത്യയുടെ മോചനത്തിനു വേണ്ടി ദാഹിച്ച് പടപൊരുതി രക്തസാക്ഷിയായ മൈസൂറിലെ ടിപ്പു സ്വാതന്ത്ര്യസമരത്തിലെ ആദ്യത്തെ ധീരനായ പടയാളിയാണ്. അദ്ദേഹം മരിച്ചു. പടക്കളത്തിൽ വെച്ചു തന്നെ. വിദേശികളോട് അങ്കംവെട്ടി അവസാനം

വരെ ധീരതകാട്ടി അദ്ദേഹം മരിച്ചു. പരാജിതനായിട്ടു തന്നെ മരിച്ചു. പക്ഷേ ചരിത്രത്തിൽ പലപ്പോഴും മിഴിവോടുകൂടി നിൽക്കുന്ന മഹത്വത്തിന്റെ ഏടു പരാജയങ്ങളുടേതാണു്. കാരണം ടിപ്പുവിന്റെ പരാജയം ഇന്ത്യയുടെ പാരതന്ത്ര്യത്തിന്റെ പര്യായമായി മാറിയിരിക്കുന്നു. ടിപ്പുവിന്റെ മരണം ഇന്ത്യൻ ദേശീയ ഭരണത്തിന്റെ മരണമായിരുന്നു.

ധീരനായ ടിപ്പു ആദർശശുദ്ധിയിലും വിശ്വാസദാർഢ്യതയിലും നിസ്തുലനായി ശോഭിക്കുന്നു. ഇന്ത്യാചരിത്രത്തിലെ അതുല്യനാണു് ധീരനായ ആ രക്തസാക്ഷി. ഈ നാടിന്റെ സ്വാതന്ത്ര്യസംരക്ഷണത്തിനുവേണ്ടി അറിഞ്ഞുകൊണ്ടുതന്നെ മൃത്യുവെ വാരിപ്പുണർന്ന, ഏതു കാലത്തിന്നും രാജ്യത്തിന്നും അനുകരിക്കാവുന്ന മാതൃകാപുരുഷൻ. ചുരുക്കത്തിൽ ശ്രീരാമനും അശോകനും തുടങ്ങി മുഹമ്മദ് തുഗ്ളക്കും ടിപ്പുസുൽത്താനുംവരെ നീണ്ടുകിടക്കുന്ന മഹാരഥൻമാരുടെ പട്ടിക ഇന്ത്യാക്കാരനു് അഭിമാനകരമാണു്. മനസ്സിരുത്തി ഒറ്റയൊറ്റയായി പഠിച്ചാൽ ഇന്നത്തെ ഭരണവൈകല്യങ്ങൾക്കു് ഒട്ടേറെ കുറവുവരുത്താൻ കഴിവുള്ള വിലപ്പെട്ട ചരിത്രപുരുഷൻമാരാണവർ.

താറടിക്കപ്പെട്ട ചരിത്രനായകൻമാർ

ഇന്ത്യാചരിത്രം പഠിക്കാനൊരുമ്പെടുന്ന ജിജ്ഞാസുവായ വിദ്യാർത്ഥി ഒരു നിലക്ക് ഭാഗ്യവാനാണ്. മറേറതാരു രാജ്യത്തിലേയും ഉൽസുകരായ ഗവേഷകരെക്കാളും അവന് തൻെറ പ്രവർത്തിയിൽ സുകൃതം ലഭിക്കും. അതിനുള്ള കാരണം ഇന്ത്യാചരിത്രത്തിൻെറ നിലവിലുള്ള സംവിധാനമാണ്. വിശാലമായ ഒരു ചതുപ്പുനിലം, ഉഴുകുകയോ വിതക്കുകയോ ചെയ്യാതെ തരിശായി പരന്നു കിടക്കുന്നു. വളക്കൂറുള്ള ഈ മണ്ണിൽ കൃഷിയിറക്കുവാൻ മുതിരുന്നവന്കിട്ടുന്ന പ്രതിഫലം നിശ്ചയമായും സമൃദ്ധമായിരിക്കും. ആരുമാരും കടന്നുചെല്ലാത്ത, എന്നാൽ നിഷ്പ്രയാസം ഫലമുണ്ടാക്കാവുന്ന, ഇന്ത്യാചരിത്രത്തിൻെറ വിസ്തൃതമായ ഈ വിളനിലത്തിലേക്ക് എത്തിനോക്കാൻ ശ്രമിക്കുന്ന വിദ്യാർത്ഥി സന്തുഷ്ടനായിത്തീരുമെന്ന് ദൃഢമായുറപ്പിക്കാം,

ലോകത്തിലെ നിരവധി രാജ്യങ്ങളിലെ ചരിത്രം നാം വായിക്കാറുണ്ട്. വിശ്വജേതാക്കളായ മഹാത്മാക്കളുടെ ധീരോദാത്തമായ കഥകളും നമ്മെ പുളകം ചാർത്താറുണ്ട്. നദീതട സംസ്ക്കാരങ്ങളിൽ നിന്നും വളർന്നു നാഗരികതയുടെ തലപ്പത്തുവരെ എത്തിയ പ്രാകൃതന സംസ്കാരം, ദേശീയാവേശവും മാനസിക വികാസവും, ഏതു രാജ്യവാസികളിലും ഉദ്ദീപനം ചെയ്യുന്നതാണ്. സ്വതന്ത്രാണിക സംഭാവനകളും തുടങ്ങി ആധുനിക വികാസം

വരെയുള്ള മനുഷ്യ പ്രയത്നത്തിന്റെ സുദീർഘമായ നേട്ടങ്ങളുടെ ആണിക്കല്ലായി ഇവ ഗണിക്കപ്പെടുകയും ചെയ്യുന്നു. ഇങ്ങിനെ ആദമിന്റെ കാലം മുതൽ ആറ ത്തിന്റെ നവീനദശവരെ ഉൾക്കൊള്ളുന്ന ബൃഹത്തായ മാ നവചരിത്രം പല നാടുകളുടെ സംഭാവനകളായി ഭിന്ന മായി തോന്നാമെങ്കിലും ഏകീകൃതമായ ഒരു ചങ്ങല യിൽ സുഘടിതമാക്കാവുന്നതേയുള്ളു, വിഭിന്ന സാംസ് കാരിക പ്രവാഹങ്ങളും, വിഘടിതമായി കിടന്നിരുന്ന രാ ഷ്ട്രജന സമൂഹങ്ങളും. ഒരു പക്ഷെ വേദഗ്രന്ഥങ്ങം പ റയുന്ന ഒരേ പൈതൃകത്തിന്റെ സന്തതികളാണെന്ന്, മനു ഷ്യ സമൂഹത്തിന്റെ സാമൂഹിക ചരിത്രം പഠിപ്പിക്കും.

ഓരോ രാജ്യവും അതിനേറതായ സംഭാവനകം വഴി മനുഷ്യ സംസ്ക്കാരത്തെ രേച്ചുമിനുക്കുവാൻ, ഏറാക്കു റച്ചിലുകളോടുകൂടിയാണെങ്കിലും, അവിരാമം ശ്രമിച്ചി ട്ടുണ്ട്. ചിലത് ദാർശനികരായ മഹാത്മാക്കളുടെ തത്വ ശാസ്ത്രങ്ങളം കൊണ്ടാണെങ്കിൽ, മറ്റു ചി ലത് സാമൂഹിക സാമ്പത്തിക വിപ്ലവങ്ങളം കൊ നിരന്തോണിത് നിർവഹിച്ചിട്ടുള്ളത്. നാടേതായാലും, മതമായാലും, ഭൂമിശാസ്ത്രപരമായ അതിർത്തി രേഖ കളേയുമതിലംഘിച്ച് സാർവലൗകികമായ സാഹോദര്യ വും വിശ്വസ്നേഹവും കൊണ്ട് ജനസമുദായത്തെ ഒന്നിപ്പിക്കുവാൻ ശ്രമിച്ച മതപ്രവാചകൻമാരാണ് മറ്റു ചില നാടുകളിലെ മുതൽ കൂട്ടെങ്കിൽ, വേറെ ചില രാജ്യ ങ്ങം ഹൃദയ ദ്രവീകരണം നടത്തുന്ന കലാസാഹിത്യ സംഭാ വനകളാണ് നൽകിയിട്ടുള്ളത്. മറ്റു ചില ദേശങ്ങളാകട്ടെ രാഷ്ട്രീയമായി എല്ലാ രാജ്യങ്ങളേയും ഏകോപിപ്പിക്കു വാനുള്ള സൈനിക പ്രവർത്തനങ്ങം നടത്തിയ ധീര യോദ്ധാക്കൾക്ക് ജൻമം കൊടുത്തവയുമത്രെ. അങ്ങനെ വൈവിധ്യങ്ങം തോന്നാമെങ്കിലും, ഓരോ ഭൂവിഭാഗവും മനുഷ്യ സംസ്കാരങ്ങളിന്റെ കലവറയിൽ തനതായ സമ്പ ത്ത് സംഭാവന ചെയ്തിട്ടുള്ളവയാണ്. അവർക്ക് നേതൃ

ത്വം കൊടുത്ത് കാലത്തിന്റെ പ്രതിഭാസങ്ങളും ഉൾക്കൊണ്ടുകൊണ്ട് മനുഷ്യവികാരങ്ങളുടെ സിംഹാസനത്തിൽ സ്ഥിര പ്രതിഷ്ഠരായവരാണ് ചരിത്രനായകൻമാർ. അത്തരം മഹാത്മാക്കളെ മാനിക്കപ്പെടുന്നുവെന്ന് മാത്രമല്ല; അവരുടെ വിജയരഹസ്യം എവിടേയുമുള്ള ചരിത്ര വിദ്യാർത്ഥികളുടെ പഠനവിഷയവുമാണ്. ഇന്നലെയുടെ വിജയം ഉൾക്കൊള്ളുമ്പോൾ, ഈ മാതൃകാപുരുഷൻമാരാണ് നമ്മുടെ മുമ്പിൽ തെളിഞ്ഞുവരുന്ന വെള്ളിനക്ഷത്രങ്ങൾ. എല്ലാ രാജ്യത്തും എല്ലാകാലത്തും, ഈ മഹാത്മാക്കളെ ആദരണീയരായി തീർന്നിട്ടുണ്ട്. അതിനുകാരണം, അവർ, അതാതുകാലത്തിന്റെ വിചാരവികാരങ്ങളെ ഉൾക്കൊണ്ട പ്രതിഭാശാലികളായിരുന്നുവെന്നതാണ്. വ്യക്തികളുടെ ജയാപജയങ്ങളും; നേട്ടങ്ങളും കോട്ടങ്ങളും; പരിതോവസ്ഥകളുടെ പ്രതിഫലനങ്ങളായും, കാലഘട്ടത്തിന്റെ സ്വഭാവവിശേഷമായും, അവതരിപ്പിച്ചുകൊണ്ടാണ് ഏതൊരു രാജ്യത്തും ചരിത്രസംവിധാനങ്ങൾ നടത്തിയിട്ടുള്ളത്. ഏറെക്കുറെ ഈ വീക്ഷണത്തിൽ തകരാറ് പിണയുക പ്രയാസമാണെന്നു പറയാം. നെഹ്റു എന്ന മനുഷ്യനും, നെഹ്റു എന്ന വിപ്ലവകാരിയും. നെഹ്റു എന്ന ഭരണാധിപനും ഭാരതത്തിന്റെ വ്യത്യസ്തങ്ങളായ കാലഘട്ടങ്ങളെയാണ് പ്രതിനിധാനം ചെയ്യുന്നത്. നെഹ്റുവിൽകൂടി വരക്കുന്ന ഇന്ത്യയുടെ രൂപരേഖ, വ്യത്യസ്തമായ മറെറാരു വീക്ഷണപശ്ചാത്തലത്തോടു കൂടി എഴുതുന്ന ചരിത്രത്തിൽ നിന്നും വിഭിന്നമായിരിക്കുകയില്ല. വിശദാംശങ്ങളിൽ അല്പസ്വല്പ വ്യത്യാസങ്ങൾ കണ്ടേൽത്തന്നെ. ആത്യന്തികമായ സ്ഥായീഭാവങ്ങളിൽ, മാറ്റങ്ങൾ വരികയില്ല. സമകാലീനമായ ഈ ഉദാഹരണം, ചരിത്രത്തിലെ മഹാത്മാക്കളെന്നു പറയുന്നവരുടെ ചെയ്തികളുമായി തുലനം ചെയ്യാൻ സഹായകമാണല്ലൊ. അതുകൊണ്ടുതന്നെയാണ് എല്ലാ രാജ്യത്തും, പൂർവ്വികരായ മഹാത്മാക്കളുടെ നേട്ടങ്ങളെ വിലയിരുത്തി മാതൃകയാക്കുന്നതും, ആ കാലഘട്ടത്തിന്റെ പ്രതിനിധികളായി അവരെ പുരസ്കരിക്കുന്നതും. അ

പ്പോഴും മഹാത്മാക്കളായ ഈ നേതാക്കന്മാരെ പുകഴ്ത്തിപ്പറയുന്ന വീഴ്ച, സമൂഹത്തിന്റെയോ സംസ്കാരത്തിന്റെയോ തന്നെ, താഴ്ചയായിത്തീരുകയും; അവരുടെ ഉയർച്ച അതുപോലെതന്നെ നമ്മുടെ വളർച്ചയായി മാറുകയും ചെയ്യുക സ്വാഭാവികമാണ്. ഇതുകൊണ്ടുതന്നെ നമ്മുടെ പൂർവ്വീകരായ ഭരണാധിപന്മരെക്കുറിച്ചും പണ്ഡിതന്മാരേയും, സാമൂഹിക പരിഷ്കർത്താക്കളേയും കുറിച്ചും തെറ്റായ കാര്യങ്ങളും മനഃപൂർവ്വം എഴുതിപിടിപ്പിച്ചിട്ടുണ്ടെങ്കിൽ അവ തിരുത്തേണ്ടതു് ആവശ്യമാണു്. സമൂഹത്തിന്റെയും, കാലഘട്ടത്തിന്റെയും, പ്രതിനിധികളെന്ന നിലക്കു് അർഹമായ സ്ഥാനങ്ങളും നൽകാതിരിക്കുന്നതു് സമൂഹത്തെതന്നെ തരം താഴ്ത്തുന്നതിനു് സമമാണു്.

അതുകൊണ്ടാണു് ലോകചരിത്രത്തിൽ അറിയപ്പെടുന്ന ദേശങ്ങളിലൊക്കെത്തന്നെ, അവയുടെ ദേശീയ വീരപുരുഷന്മാരെ ഐതിഹാസിക ജേതാക്കളായിപ്പോലുമുയർത്തുവാൻ ഭരദേശീയർ മിനക്കെട്ടുകൊണ്ടിരിക്കുന്നതു്. ദൌർഭാഗ്യമെന്നു പറയട്ടെ ഇന്ത്യാചരിത്രത്തിൽ അത്തരം സംരംഭങ്ങളും ഭാഗികമായി മാത്രമെ നിവ്വഹിച്ചിട്ടുള്ളു. നാം നമ്മുടെ വീരപുരുഷന്മാരെ ഇല്ലാത്തകാര്യങ്ങളും പറഞ്ഞു് അഗമ്യ പ്രഭാവരായി ഉയർത്തണമെന്നു് ആരും വാദിക്കുകയില്ല. പക്ഷേ, ഇല്ലാത്ത കള്ളകഥകളും കെട്ടിച്ചമച്ചു് അവരെ തരം താഴ്ത്തി താറടിച്ചുകാണിക്കുന്ന സമ്പ്രദായം കുറെ ചരിത്രപുരുഷന്മാരോടു് ചെയ്യുന്ന കൊടുംപാതകം മാത്രമല്ല സുദീർഘമായ കാലഘട്ടത്തിലെ ജനങ്ങളോടും സംസ്കാരത്തോടുമുള്ള ഒടുങ്ങാത്ത പകകൂടിയുമാണു്. ഇന്ത്യാചരിത്രം ഉടനീളം ഈ അപാകതകൊണ്ടു് നിറഞ്ഞിരിക്കുന്നു. ഇന്ത്യാചരിത്രപഠനം ഗൌരവപൂർവ്വമെടുക്കുന്ന വിദ്യാർത്ഥി ഭാഗ്യവാനാണെന്നു് പറയുവാനുള്ള കാരണവും ഇതുതന്നെയാണു്. കള്ളക്കഥകളുടെ മാറാലകൊണ്ടുമൂടി വികൃതമായി കിടക്കുകയാണു് ചരിത്രത്തിലെ പ്രഗൽഭരായ പല നായകൻമാരും. ആ മാറാലകളും

മാറി യാഥാർത്ഥ്യത്തിന്റെ നഗ്ന രൂപം പുറത്തുകൊണ്ടുവരുവാൻ ബദ്ധശ്രദ്ധരായ ചരിത്രഗവേഷകന് അധികം പ്രയാസം കൂടാതെ കഴിയും. തന്റെ പ്രവർത്തിയിൽ സംതൃപ്തനാകുവാനൊക്കുകയും ചെയ്യും. ചുരുക്കത്തിൽ വിശാലമായ ഒരു ലോകം തുറന്നുകിടക്കുകയാണ്. അവിടെ അറിയപ്പെടുന്നവരും അല്ലാത്തവരുമായ പലതരത്തിലുള്ള മനുഷ്യരുമുണ്ട്. അറിയപ്പെടാത്തവർ നിരവധിയാണ്. അറിയപ്പെടുന്നവരിൽ തന്നെ തെറ്റിദ്ധരിക്കപ്പെട്ടവരുടെ ഭാഗമുഖങ്ങൾ ധാരാളം ദൃശ്യമാണ്. ഇവയെല്ലാം തിരഞ്ഞുപിടിച്ച് കൊള്ളേണ്ടത് കൊള്ളുകയും, തള്ളേണ്ടത് തള്ളുകയും ചെയ്തു, ശുദ്ധമാക്കി, ഏകീകരണം നടത്തി ക്രോഡീകരിച്ചെടുക്കുന്ന ഇന്ത്യാ ചരിത്രമേ സത്യസന്ധമായിരിക്കുകയുള്ളൂ. ചരിത്രവിദ്യാർത്ഥികൾക്ക് ശ്രമകരമായ ജോലിയാണെങ്കിലും സാദ്ധ്യതകൾ ധാരാളമാണ്. ഇന്ത്യാ ചരിത്രം ആസകലം അഴിച്ചുകൂട്ടി നമ്മുടെ അന്ധകാരമയമായ ചരിത്രത്തെ പുനഃസ്സംവിധാനം നടത്തേണ്ട ചുമതല നമുക്കുണ്ട്.

ഉദാഹരണമായി മദ്ധ്യകാല ഇന്ത്യാ ചരിത്രം തീർത്തും അസംബന്ധ ജടിലമായ കള്ളക്കഥകൊണ്ട് നിറക്കപ്പെട്ടിരിക്കുന്നു. ഇന്ത്യയുടെ രാഷ്ട്രീയ സാമൂഹിക ഭാഗധേയം നിർണ്ണായകമായി കൈകാര്യം ചെയ്ത നിരവധി ചക്രവർത്തിമാരെ സാമുദായിക ചായ നൽകി വികൃതരൂപങ്ങളാക്കിയാണ് ചിത്രീകരിച്ചിട്ടുള്ളത്. ചരിത്ര സംബന്ധിയായ വങ്കത്തങ്ങൾ വിദഗ്ധമായി സാധാരണീകരിക്കപ്പെട്ടിരിക്കുന്നു. നൈപുണ്യത്തോടുകൂടി പ്രചരിപ്പിക്കപ്പെട്ട ഈ അസംബന്ധങ്ങളെത്രയും അംഗീകൃത ചരിത്ര യാഥാർത്ഥ്യങ്ങളായി മാറിയിരിക്കുകയാണ്. തെറ്റും ശരിയും വ്യവച്ഛേദിച്ചറിയുവാൻ വൈഷമ്യമുണ്ടാക്കുന്ന വൈദഗ്ധ്യമേറിയ കൈവിരുതാണ് ഇക്കാര്യത്തിൽ പ്രദർശിപ്പിക്കപ്പെട്ടിട്ടുള്ളത്. ഇതെങ്ങിനെ സംഭവിച്ചുവന്നോ, അതെത്രമാത്രം ആപൽക്കരമാണെന്നോ,

ഗൗരവമായി ആരും പരിഗണിക്കാറില്ല. സമഷ്ടിയുടെ സ്ഥൂലാവിഷ്കാരമാണ് വ്യക്തിയെന്ന് പ്രസ്താവിച്ചുവല്ലൊ. സമൂഹത്തിന്റെ സമൂർത്തഭാവങ്ങളും പ്രതിനിധാനം ചെയ്യുന്ന അധ്യക്ഷപ്രഭാവന്മാരെ വിലയിടിച്ചുകാട്ടുകയെന്നത്. സമൂഹത്തോടും സംസ്കാരത്തോടും ചെയ്യുന്ന അനീതിയാണെന്നും സൂചിപ്പിച്ചതാണ്. ഈ പൊതു തത്വത്തിന്ന് ദുഷ്ടമായ ഒരപവാദമാണ് മദ്ധ്യകാല ചരിത്രത്തിലെ വീരപുരുഷൻമാർ.

ഈ ചരിത്രാഭാസങ്ങളും, ആകസ്മികമായി കടന്നു കൂടിയതല്ല. ഉദ്ദേശപൂർവ്വം നമ്മിൽ അടിച്ചേൽപ്പിക്കപ്പെട്ടതാണ്. വിദേശാധിപത്യത്തിന്റെ തികഞ്ഞ അനുഭവകഥകളിലെ ഏറ്റവും കൈപ്പേറിയ അംശമാണിത്. അടിമത്തത്തിന്റെ നുകം നമ്മുടെ ചുമലിൽ നിന്നും നീക്കപ്പെട്ടെങ്കിലും, അത് ദീർഘകാലംപേറിയതിന്റെ കട്ടിപിടിച്ച തഴമ്പ് ഇന്നും അവശേഷിക്കുന്നു. അതുകൊണ്ടുള്ള യാതനകളും, പ്രയാസങ്ങളും, നാം അനുഭവിക്കുകയും ചെയ്യുന്നു. വെറുക്കപ്പെട്ട ഇംഗ്ലീഷ് മേൽക്കോയ്മയുടെ പ്രസിദ്ധമായ രാഷ്ട്രീയ കുബുദ്ധി, ഈ നാട്ടിൽ ഒരുമയോടുകൂടി ജീവിച്ചിരുന്ന ഹിന്ദു–മുസ്ലീം സമുദായങ്ങളെ തമ്മിലടിപ്പിക്കുവാൻ പ്രയോഗിച്ച പല വിദ്യകളിലൊന്നായിരുന്നു ചരിത്ര സംവിധാനത്തിലൂടെ നടത്തിയ ഈ തന്ത്രം. ഇന്ത്യയിലെ ഈ സമുദായങ്ങളും ഏകോപിക്കുകയെന്നത് ബ്രിട്ടീഷ് കാരന് ഓർക്കുവാനും കൂടി കഴിയാത്ത പേടിസ്വപ്നമായിരുന്നു. ആളും അർത്ഥവും സാധനസാമഗ്രികളും അവർക്ക് ഇന്ത്യയിൽ നിന്നുതന്നെ ലഭിക്കണം. ഏതു സന്ദർഭത്തിലും അസംതൃപ്തരായ ജനങ്ങളും, പ്രഭുക്കൻമാരും നാട്ടരചൻമാരും കലാപത്തിന്റെ കൊടിയുയർത്തുവാൻ ഒരുമ്പെടുമെന്ന് അവർക്കറിയാമായിരുന്നു. ജനഹിതത്തിനോ നാട്ടുരീതിക്കോ അരോചകമായ വിദേശാധിപത്യം ധീരമായി ചെറുക്കപ്പെടുമെന്നും, അവർ ബോധവാൻമാരായിരുന്നു. വിസ്തൃതമാ

സ ഈ രാജ്യത്തെ രാഷ്ട്രീയമായി ഏകോപിപ്പിക്കുവാൻ വമ്പിയ ഒരു സേനയും സന്നാഹവും ഇംഗ്ലീഷുകാർക്കാവശ്യമായിവന്നു. ഭരണനിർവ്വഹണത്തിനും, നികുതി പിരിവിനും, സമാധാനപാലനത്തിനും, അതിലേറെ ആളുകൾ വേണം. ഇതിനൊക്കെ ഇന്ത്യയിൽ നിന്നു തന്നെ സേവന സന്നദ്ധരായ ജനങ്ങളെ പരിശീലിപ്പിച്ചെടുക്കുക മാത്രമല്ല, കൂറും വിശ്വസ്തതയുമുള്ളവരാക്കി തീർക്കുകയെന്നതും ദുഷ്കരമായ പ്രവർത്തിയാണ്. മുസ്ലീം പ്രഭുക്കൻമാരും അധികാരം പോയ നവാബുമാരും അതുവരെ തങ്ങൾ സൈരമായനുഭവിച്ച അധികാരം നഷ്ടപ്പെടുന്നതിൽ ദുഃഖിതരായി. ബ്രിട്ടീഷ്കാരോട് തോറ്റ് രാഷ്ട്രീയാധികാരം കൈവിട്ടുപോയ ഇവരത്രയും ഇംഗ്ലീഷ്കാരോട് ഉള്ളിൽ തട്ടിയ വിരോധം പുലർത്തിപ്പോന്നു. ബ്രിട്ടീഷ് ശക്തി അപ്രധിരോധ്യമായിത്തീർന്നിട്ടുപോലും ഈ വിരോധം മുസ്ലീം മനസ്സിൽ നിന്നു മാറിയില്ല. അതു വളർന്നുകൊണ്ടേയിരുന്നു. തൽഫലമായി ബ്രിട്ടീഷ് സേവനത്തിനൊരുമ്പെടുന്ന മുസ്ലീം, സമുദായ ദ്രോഹിയായി ചിത്രീകരിക്കപ്പെട്ടു. ബ്രിട്ടീഷ് സ്ഥാപനങ്ങളിൻ പരിശീലനം തേടിയവരായിരുന്നവനേയും, അവരുടെ വിദ്യാലയങ്ങളിൽ അഭ്യസനത്തിനൊരുമ്പെട്ടവനേയും ഇസ്ലാമിനും സമുദായത്തിനും എതിരായി പ്രവർത്തിക്കുന്നവനായി മുദ്രയടിച്ച് അറപ്പെടുത്തി. ബ്രിട്ടീഷ് സർവീസിലോ, സേനയിലോ, ഇവരെക്കൊക്കെ പരിശീലനം നൽകുന്ന കേന്ദ്രങ്ങളിലോ, മുസ്ലീംകൾ നിസ്സഹകരണമാണ് പ്രദർശിപ്പിച്ചത്. ഇതു ചെയ്തതാകട്ടെ ബോധപൂർവ്വവുമായിരുന്നു. ഇംഗ്ലീഷുകാരെ എന്നെങ്കിലും ഈ നാട്ടിൽ നിന്നും തുരത്തുവാൻ സാധിച്ചാൽ നഷ്ടപ്പെട്ട മുസ്ലീം ആധിപത്യം വീണ്ടെടുക്കാൻ കഴിയുമെന്നായിരുന്നു കണക്കു കൂട്ടൽ. അതേറെക്കുറെ ശരിയുമായിരുന്നു. മുസ്ലീംകളുടെ ഈ മനോഭാവം നല്ലവണ്ണം മനസ്സിലാക്കിയ ഇംഗ്ലീഷ് രാജ്യതന്ത്രജ്ഞൻ കയ്യിൽ വന്ന സാമ്രാജ്യത്തെ സുരക്ഷിതമാക്കുവാനുള്ള സ്വാർത്ഥമോഹത്തിൽ വ്യാപൃതനാകുക

സ്വാഭാവികമാണ്. അവരുടെ നിലനില്പിന്റെ പ്രശ്നമായിരുന്നു, കോപിച്ച് മാറിനിൽക്കുന്ന മുസ്ലീംകളുടെ അതേ നിലപാട് ഹൈന്ദവ സമുദായവും അനുകരിക്കാതെ നോക്കുകയെന്നത്. അത് സാധിക്കണമെങ്കിൽ, ഇന്ന് നാം പ്രിയംകരമായി കരുതുന്ന സാമുദായിക സൌഹാർദ്ദത്തിന്റെ കനകസൗധം തല്ലിത്തകർത്തിട്ട് വേണമായിരുന്നു, ഇന്ത്യക്കാരന്റെ സഹായമില്ലാതെ തങ്ങളുടെ സാമ്രാജ്യം നിലനിറുത്തുവാനൊക്കുകയില്ലെന്ന പരമാർത്ഥം മനസ്സിലാക്കിയ അവർ, സാമുദായികസംഘർഷങ്ങൾ സൃഷ്ടിച്ച് ഏതെങ്കിലും സമുദായത്തിന്റെ പിൻതുണ നേടാനുള്ള വിദ്യകൾ പ്രയോഗിക്കുവാൻ തുടങ്ങി, അങ്ങിനെയാണ് ബോംബേ ഗവർണ്ണരും പ്രസിദ്ധചരിത്രകാരനുമായ എൽഫിൻസ്റ്റൺ, ഇന്ത്യയിലെ ബ്രിട്ടീഷ് നയത്തെ ഇപ്രകാരം വ്യവഹരിച്ചത്. ''സാമ്രാജ്യത്തെ വിഭജിച്ചു ഭരിക്കയെന്നത് പഴയ റോമൻ ആദർശമായിരുന്നു. ഇപ്പോഴത് നാം സ്വായത്തമാക്കിയിരിക്കുന്നു'' ഈ നയരൂപീകരണമാണ് ഇംഗ്ലീഷ്കാർ ഈ നാട്ടിൽ ചെയ്തുവെച്ച ഏറ്റവും വലിയ വിനാ. അവരുടെ നിലനില്പിന്റെ ന്യായീകരണം എത്രതന്നെ ഉന്നയിച്ചാലും അത് ഈ നാട്ടിൽ വരുത്തിവെച്ച കെടുതികളും വണ്ണനാതീതമാണ്. അവ വ്യവഹരിച്ച് പ്രതിപാദ്യം ദീർഘിപ്പിക്കുവാനുദ്ദേശിക്കുന്നില്ല. ഇവിടെ പ്രസക്തമായ ഭാഗം ഇതുമാത്രമാണ്. ഇരുസമുദായങ്ങളേയും ഭിന്നിപ്പിക്കുവാനുള്ള മാർഗ്ഗങ്ങൾ എല്ലാ തുറകളിലും നിർല്ലോഭം നടത്തിയപ്പോഴും ചരിത്ര സംവിധാനവും പരമാവധി ഉപയോഗപ്പെടുത്തി. നമ്മുടെ സംസ്കാരത്തേയും സമൂഹത്തേയും, അവർക്ക് നേതൃത്വം കൊടുത്ത പ്രഗത്ഭമതികളായ പ്രജാപതികളേയും വികൃതമാക്കി. അതിന്നു കാരണം ഇംഗ്ലീഷ് ആധിപത്യ കാലം, മധ്യകാലഘട്ടത്തേക്കാൾ മേൻമയേറിയതാണെന്ന് വരച്ചുകാട്ടുകയായിരുന്നു. പുറമേ, മുസ്ലീംഭരണകാലം, ഈ നാട്ടിലെ ബഹുഭൂരിപക്ഷം വരുന്ന ഹൈന്ദവ സഹോദരങ്ങൾക്ക് മർദ്ദനവും, അനീതിയും മാത്രം പ്രദാനം ചെയ്ത ഒരു സന്ദർഭമായിരുന്നു വെന്ന് പ്രചരിപ്പിച്ച്

ഹിന്ദുസഹോദരങ്ങളെ ബ്രിട്ടീഷ് സേവനത്തിന്ന് സന്നദ്ധരാക്കുവാനുള്ള മാനസികാവസ്ഥ സൃഷ്ടിക്കുക കൂടിയുമായിരുന്നു ഉദ്ദേശ്യം. അങ്ങിനെ ഹൈന്ദവ ഭൂരിപക്ഷത്തിന്ന് ബ്രിട്ടീഷ്സേവ ചെയ്യുന്നതിന്ന് മനസ്സാക്ഷിക്കുത്ത് നീക്കുവാനുള്ള ഒരു പ്രായശ്ചിത്തം കൂടിയുമായിരുന്നു, മദ്ധ്യകാലഘട്ടത്തെ മുഴുക്കെ ചരിത്രാഭാസങ്ങളാണ്ട് വികലമാക്കുവാനുള്ള ഹേതു. ഈ നയം അനായാസേന ഇവിടെ വിലപ്പോവുകയും ചെയ്തു എന്നതാണ് ദൗർഭാഗ്യകരമായ വസ്തുത.

ജനങ്ങളെ അക്രമത്തിന്റെയും മതഭ്രാന്തിന്റെയും കഥകളെ പഠിച്ചു പഠിച്ചു അന്യോന്യം ആപച്ചരുകയോടുകൂടി വീക്ഷിക്കുക മാത്രമല്ല, ഘോരമായ കൊലപാതകങ്ങളും കൂടി മുതിർന്നു. ഒരുമയിൽ കഴിഞ്ഞിരുന്ന ഇന്ത്യൻ സമൂഹം തമ്മിലടിക്കുവാനും സമാധാനത്തിന്റെ ഈ നാടു കൂട്ടക്കൊലകളുടേയും, കുരുതികളുടേയും കുരുക്ഷേത്രമായി മാറുന്നതിനും ഇടയായി. ബ്രിട്ടീഷ്കാർ സ്വാതന്ത്രപ്രേമികളായ ഇന്ത്യാക്കാരുടെ ദേശീയാവേശത്തിന്റെ വേലിയേറ്റത്തിൽ ഭാണ്ഡവും മുറുക്കി ഒഴിഞ്ഞുപോയെങ്കിലും, അവർ ചെയ്തുവെച്ച പ്രവൃത്തികളുടെ ദ്രോഹം ഇന്നും മാറാതെ കൂടുതൽ രൂക്ഷതരമായി തീർന്നിരിക്കുകയാണ്. ഇത് ദേശീയോദ്ഗ്രഥനത്തേയും, സാമുദായൈക്യത്തേയും അലങ്കോലപ്പെടുത്തുന്ന ഏറ്റവും പ്രമാദമായ കാര്യമാണെന്ന് നാം ഉറക്കെ ചിന്തിക്കേണ്ടിയിരിക്കുന്നു. അതിന്നൊരുമ്പെടുമ്പോൾ വികലമായ വർഗ്ഗീയാപസ്വരങ്ങൾ ഉണ്ടായാൽത്തന്നെ, ദേശീയ ഭദ്രതയും, സാമുദായിക ഐക്യവുമെന്നമഹത്തരമായ ഉദാത്തഭാവങ്ങൾക്ക് ഇടംകൊടുത്തുകൊണ്ട് നമ്മുടെ നാടിന്റെ ചരിത്രം—നമ്മുടെ ജനതയുടെ സാംസ്കാരിക ഗതിവിഗതികൾ—നമ്മുടെ രാഷ്ട്രീയ—സമ്പദ് വ്യവസ്ഥയുടെ ഏറ്റക്കുറച്ചിലുകൾ—ഇവയത്രയും സമഗ്രമായും സസൂക്ഷ്മമായും, രചനാത്മകമായി പുനസ്സംവിധാനം ചെയ്യേണ്ട

താണ്. അത് സത്യസന്ധമായി നിർവ്വഹിക്കുമ്പോഴാ താ
രടിക്കപ്പെട്ടുകിടക്കുന്ന നിരവധി ചരിത്രനായകൻമാർ വീ
രപുരുഷൻമാരായി തെളിഞ്ഞു വരുന്നതായി കാണാം.

ആരൊക്കെയാണ് ഇതിന്റെ പരിധിയിൽ വരികയെ
ന്ന് എണ്ണി എണ്ണിപ്പറയുക പ്രയാസമാണ്. എങ്ങിനെ
യാണ് അവരെയെല്ലാം ചരിത്രത്തിലെ വൈകൃതങ്ങളാക്കി
മാറ്റിയതെന്ന കാര്യവും, വിവരിക്കേണ്ടതുണ്ട്. അതിന്നു
പാധികളാക്കിയ വിദ്യകളും—ഫലപ്രദമായി പ്രയോഗിച്ച
ടെക്നിക്കുകളും, പരിശോധനാവിധേയമാക്കേണ്ടതാണ്.
മതപരിവർത്തനം, ക്ഷേത്രധ്വംസനം. മതനികൃതിയെന്നു
പറയുന്ന ജിസിയ, ഭാഷാതർക്കങ്ങളും തുടങ്ങി നിരവധി
സംഗതികളും വിവേചനാപൂർവ്വം വിശാല ഹൃദയത്തോടു
കൂടി പുനരാവിഷ്കരണം നടത്തുകയും പുനർവ്യാഖ്യാനം
ചെയ്തു സത്യം വെളിപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട് *
ഇവിടെ ഒറ്റ ഉദാഹരണം മാത്രം ചൂണ്ടിക്കാണിച്ചുകൊണ്ട്
ബ്രിട്ടീഷ് ചരിത്രപ്രതിപാദനത്തിന്റെ മാനദണ്ഡം
പ്രകടമാക്കാം. ബാൽബനും, അലാവുദ്ദീൻ കിൽജിയും
കൊടും ക്രൂരതകളും ചെയ്ത രക്തരക്ഷസ്സുക്കളായി ബ്രി
ട്ടീഷ് ചരിത്രകാരന്റെ പഴിക്കും, വായിക്കുന്നവന്റെ
വിദ്വേഷത്തിന്നും വിധേയരാകുന്നു. അവരുടെ രക്തച്ചൊ
രിച്ചിലിന്റെ ഫലമായി നാട്ടിൽ അസംതൃപ്തി പടർന്നെ
ന്നും, അവരുടെ കൺപോളകളും അടഞ്ഞതോടെ സാമ്രാജ്യം
തകർന്നടിഞ്ഞെന്നും, ഇംഗ്ലീഷ് ചരിത്രകാരൻമാർ നമ്മെ
പഠിപ്പിക്കുന്നു. എന്നാൽ ഡൽഹി സുൽത്താൻ മാരുടെ
സുവർണ്ണ കാലഘട്ടമെന്ന് എല്ലാനിലക്കും വിശേഷിപ്പിക്കാ
വുന്ന ഫിറോസിന്റെ കാലത്തെ കുറ്റപ്പെടുത്താനൊന്നും
ലഭിക്കാതിരുന്ന ഈ ചരിത്രകാരൻമാർ കാണുന്ന തെറ്റ്
വളരെ വിചിത്രമായിതോന്നിയേക്കാം. ഈ ചക്രവർത്തി

* ഇതിന്നുള്ള ഒരു ചെറിയ ശ്രമം 'ഇന്ത്യാ ചരിത്രത്തിന് ഒരു മുഖ
വുര' എന്ന പുസ്തകത്തിൽ ഈ ലേഖകൻ നടത്തിയിട്ടുണ്ട്.

മനുഷ്യസ്നേഹിയായിരുന്നു. മനുഷ്യസ്വഭാവത്തിന്നു നല്ല താണു സമഷ്ടിസ്നേഹമെങ്കിലും, മദ്ധ്യകാലത്തിലെ ഒരു ചക്രവർത്തിക്കും പറ്റാത്ത ഹൃദയഹാരിതയാണു ഫിറോസിന്നുണ്ടായിരുന്നതത്രെ. അതു കാരണമാണു ഈ ദേഹത്തിന്നു ശേഷം തുഗ്ളക്കു വംശം നശിച്ചതെന്നു ഇവർ നമ്മോടു പറയുന്നു.

മദ്ധ്യകാലഘട്ടത്തിൽ മനുഷ്യത്വരഹിതരായ ക്രൂരഭരണാധികാരികൾക്കേ നിലനിൽപുണ്ടായിരുന്നുള്ളുവെന്നു വ്യാവഹരിക്കുന്നവർ, ബാൽബനേയും അലാവുദ്ദീനേയും, അക്കാരണം കൊണ്ടുതന്നെ മനുഷ്യരുടെ പന്തിയിൽ കയറാൻ കൊള്ളാത്തവരായി തരംതാഴ്ത്തുന്നു. ഫിറോസിന്റെ കാര്യത്തിൽ നേരേമറിച്ചും! രാഷ്ട്രവും മതവും വിഭിന്നമേഖലകളിൽ നിറുത്തി ഏതു ഭരണാധിപനും അസൂയയുണ്ടാക്കുന്ന പുകഴ്പെറ്റ പരിഷ്കാരങ്ങൾ നടപ്പാക്കിയ ദാർശനിക ചക്രവർത്തിയായ മുഹമ്മദ് തുഗ്ളക്കു വിദേശാധിപത്യത്തോട് സന്ധിയില്ലാത്ത സമരം നടത്തി, തന്റെ സേനാനികളോടൊപ്പം പടക്കളത്തിൽ വീണു വീരമൃത്യുവരിച്ചു ടിപ്പുവും ഇന്നും ചരിത്രത്തിന്റെ താളുകളിൽ വിസ്മയം ജനിപ്പിക്കുന്ന ഭ്രാന്തൻനയങ്ങളുടെ പരിഹാസ്യമായ കഥകളുമായിവിളറി നിൽക്കുകയാണ്. ഇവരെയെല്ലാം ഈ കടങ്കഥകളുടെ മായാവലയത്തിൽ നിന്നും പുറത്തുകൊണ്ടുവരേണ്ടതു ഒരു പ്രത്യേക സമുദായത്തിന്റെ ആവശ്യമൊന്നുമല്ല. കുറേ വ്യക്തികളെ അപദാനങ്ങൾക്കൊണ്ടു പ്രകീർത്തിച്ചു പ്രതിഷ്ഠിക്കാനുള്ള ചേതോവികാരവുമല്ല. ഈ നാടിന്റെ സ്വാതന്ത്ര്യസമരത്തിന്റെയും സാമൂഹിക–സാംസ്കാരിക സംഘാതത്തിന്റെയും വസ്തുനിഷ്ടമായ കഥാകഥനം സാദ്ധ്യമാകണമെങ്കിൽ കാലഘട്ടങ്ങളുടെ സമൂർത്തഭാവങ്ങൾക്കു നിറച്ചാർത്തണിയിച്ചു സമ്പുഷ്ടമാക്കിയ നമ്മുടെ കഥാപുരുഷൻമാരെ ഇനിയും ഇതേ സ്ഥിതിയിൽതന്നെവിടുക ദേശീയദാർഢ്യതക്കു വിഘാതമാണ്. ക്രിയാത്മകമായ ചരിത്രരചനക്കു ദുർഘടം സൃഷ്ടിക്കുകയുമാവുമിത്. വൈകൃതങ്ങൾ എത്രയും വേഗം പരിഹരിക്കുവാനുള്ളമാർഗ്ഗങ്ങൾ ആരാഞ്ഞു തദ്വിഷയമായി നമ്മുടെ ശ്രദ്ധകേന്ദ്രീകരിക്കപ്പെടുമോ അത്രയും നന്ന്.

24

അൽബൈറൂനിയും "ഇന്ത്യയും"

അൽബൈറൂനി എന്ന നാമധേയത്താൽ പ്രസിദ്ധനായ 'അബുറയ്ഹാൻ മുഹമ്മദ് ഇബിനു അഹമ്മത് അൽബൈറൂനി, ചരിത്രവിദ്യാർഥികൾ എക്കാലവും ഉരുവിട്ടു പോരുന്ന ഒരു പേരാണ്. ഇന്ത്യാചരിത്രപഠനത്തിന് സഹായകമായി അദ്ദേഹത്തിന്റെ ഗ്രന്ഥം വളരെ ഉപയോഗപ്പെടുത്തി പോരുന്നുമുണ്ട്. 11–ാം നൂറ്റാണ്ടിലെ ഇന്ത്യയുടെ രാഷ്ട്രീയസംവിധാനവും സാമൂഹികാവസ്ഥയും സാമ്പത്തികസ്ഥിതിയും കുറച്ചെങ്കിലും പരാമർശിച്ചിട്ടുള്ള ഒരു ചരിത്രഗ്രന്ഥമാണ് അൽബൈറൂനിയുടെ ഇന്ത്യ. എന്നാൽ ഈ പുസ്തകം ഒരു ചരിത്രഗ്രന്ഥമെന്നതിനേക്കാളും ഇന്ത്യയുടെ ആത്മാവിനെ കണ്ടെത്താനുള്ള ഒരു വിദേശീയ പണ്ഡിതന്റെ ശ്രമകരമെങ്കിലും ക്രിയാത്മകമായ പരിശ്രമമാണെന്നു പറയുന്നതായിരിക്കും ഉചിതം. ഇന്ത്യൻ മതങ്ങളും ദർശനങ്ങളും മീമാംസകളും ശാസ്ത്രങ്ങളും ആചാരങ്ങളും കൂലങ്കഷമായി ചർച്ചാവിഷയമാക്കുന്ന അൽബൈറൂനി, സഹിഷ്ണതയും സഹജാവ ബോധവും ഒപ്പം പ്രദർശിപ്പിക്കുന്നുണ്ട്. ഇന്ത്യൻ സാംസ്കാരിക സമ്പത്തിനോടും ദാർശനിക മുതൽ ക്കൂട്ടിനോടും ഇത്രയധികം പ്രീതി കാണിച്ചിട്ടുള്ള ഒറ്റ വിദേശീയപണ്ഡിതനും അൽബൈറൂനിക്ക് മുൻപുണ്ടായിരുന്നിട്ടില്ലെന്നുള്ളതാണ് പരമാർത്ഥം. സുദീർഘങ്ങളായ 21 സംവൽസരക്കാലം നമ്മുടെ ഭാഷയും സാഹിത്യവും

ദർശനങ്ങളും മീമാംസകളും പഠിക്കുവാൻ പ്രയത്നിച്ച ആ ജിജ്ഞാസുവായ പണ്ഡിതൻ ഭാരതീയഹൃദയങ്ങളിൽ സ്ഥാനം പിടിച്ചിട്ടുണ്ടെങ്കിൽ അത് സ്വാഭാവികം മാത്രമാണ്. സോവിയറ്റ് റഷ്യയിൽ പെട്ട ഉസ്ബെക്കിസ്ഥാനിന്റെ തലസ്ഥാനമായ 'ഖിവ' പട്ടണത്തിലാണ് അൽബൈറൂനി ജനിച്ചത്, അത് ക്രിസ്തുവർഷം 973 ലായിരുന്നു— ഏകദേശം വർഷങ്ങൾക്കു മുമ്പ്. അന്ന് ഖിവ പട്ടണത്തെ 'കവാരിസം' എന്നാണ് അറിയപ്പെട്ടിരുന്നത്. പൗരാണിക കാലത്ത് ഈ പട്ടണത്തെ 'കൊറാസ്മിയ' എന്നാണ് വിളിച്ചിരുന്നതത്രേ. കുട്ടിക്കാലം മുതൽക്കേ പഠിക്കുവാനും അറിയുവാനുമുള്ള അഭിവാഞ്ഛ അൽബൈറൂനിയിൽ വേരൂന്നിയിരുന്നുവെന്ന് അദ്ദേഹത്തിന്റെ ജീവചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. 20 വയസ്സ് തികയുന്നതിനുമുമ്പ് തന്നെ മാനവികശാസ്ത്രങ്ങളിലും മതങ്ങളുടെ താരതമ്യപഠനത്തിലും ഗണിതത്തിലും ഭൂമിശാസ്ത്രത്തിലും ചരിത്രത്തിലും അഗാധമായ പാണ്ഡിത്യം അദ്ദേഹം കരസ്ഥമാക്കി. ലോകസഞ്ചാരം നടത്താനും നിത്യനൂതനങ്ങളായ അറിവുകൾ തേടിയലയാനും ഉള്ള ഒടുങ്ങാത്ത വാസന അദ്ദേഹത്തെ വീർപ്പുമുട്ടിച്ചിരുന്നു. അക്കാലത്തെ പ്രതിഭകളിൽ വെച്ച് ഉഗ്രമൂർത്തിയെന്ന് വിശേഷിപ്പിക്കാവുന്ന അറബിലോകത്തിലെ ബുദ്ധിരാക്ഷസനായ അവിസിന്നയുമായി അദ്ദേഹം സമ്പർക്കം പുലർത്തിയിരുന്നു.

അബൈറൂനിയെ വിദേശപര്യടനത്തിനു പ്രേരിപ്പിച്ച സാഹചര്യങ്ങളെക്കുറിച്ച് അഭിപ്രായഭേദങ്ങളുണ്ട്. പ്രസിദ്ധജേതാവായ മുഹമ്മദ് ഗസ്നാ ഖിവാപട്ടണം ആക്രമിച്ചു കീഴടക്കിയപ്പോൾ തടവുകാരുടെ കൂട്ടത്തിൽ അൽബൈറൂനിയും ഉൾപ്പെട്ടിരുന്നുവെന്നും അങ്ങനെയാണ് അദ്ദേഹം സ്വദേശം വിട്ടിറങ്ങിയതെന്നും അൽബൈറൂനിയുടെ 'ഇന്ത്യ' ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത എഡ്വേഡ് സാച്ചു അഭിപ്രായപ്പെടുന്നുണ്ട്. എന്നാൽ ഈ അഭിപ്രാ

യത്തെ ഖണ്ഡിച്ചുകൊണ്ട് ഖിവാപട്ടണത്തിൽ ഉണ്ടായ ആഭ്യന്തരകലാപത്തിന്റെ കെട്ടതികളിൽനിന്നും സ്വമേധയാ രക്ഷ തേടി സ്ഥലംവിട്ടതാണ് അൽബൈറൂനിയെന്ന് മറെറാരുവിഭാഗം ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. ഇതിൽ യുക്തിസഹമായി തോന്നുന്നത് രണ്ടാമത്തെ വിഭാഗക്കാരുടെ അഭിപ്രായമാണ്.

എങ്കിലും അൽബൈറൂനിയും അക്കാലത്തെ യുഗപ്രഭാവനായ മുഹമ്മദ്ഗസ്നായും തമ്മിലുള്ള സമ്പർക്കത്തിന്റെ കഥയിൽ എന്തെങ്കിലും സത്യമുണ്ടോ എന്ന് പരിശോധിക്കേണ്ടതാവശ്യമാണ്. മുഹമ്മദ്ഗസ്നായുടെ അരമന വിശ്വവിഖ്യാതമായിരുന്നു. സമ്പത്തിന്റെ ആധിക്യം കൊണ്ടോ വർണശബളമായ മഹാസൗധങ്ങളുടെ സൗന്ദര്യംകൊണ്ടോ മാത്രമായിരുന്നില്ല അത്. പണത്തിനും പേരിനും വേണ്ടി എന്ത് മുട്ടാളത്തരവും കാട്ടാൻ മടിയില്ലാതിരുന്ന ഗസ്നാ ഇന്ത്യാചരിത്രത്തിലെ ഒരു പേടിസ്വപ്നമാണ്. അദ്ദേഹത്തിന്റെ അരമനയിൽ തൊള്ളായിരത്തിൽ ചിലപ്പാനം കവികളും കലാകാരന്മാരും തത്വജ്ഞാനികളും നിവസിച്ചിരുന്നു. ഗസ്നായുടെ തലസ്ഥാനത്തുനിന്നും അദ്ദേഹത്തിന്റെ കവികളെ പാടിയ ഗാഥങ്ങളും ഗീതകങ്ങളുമാണ് അക്കാലത്തെ യൂറോപ്യൻ രാജ്യങ്ങളെ പുളകം കൊള്ളിച്ചിരുന്നത്. അറബിക്കഥകളും കവിതകളും ഇസ്ലാമികദർശനങ്ങളും പ്രത്യയശാസ്ത്രങ്ങളുമൊക്കെ ഗസ്നായിലെ മഹാപണ്ഡിതൻമാരാണ് ലോകത്തിന് സംഭാവന ചെയ്തിരുന്നത്. നിർഭാഗ്യമെന്നു പറയട്ടെ, മുഹമ്മദ്ഗസ്നായുടെ ഈ സാഹിത്യസപര്യ വളരെ ദുർലഭമായിമാത്രമേ അറിയപ്പെടുന്നുള്ളു. അദ്ദേഹത്തിന്റെ കവികളുടെ കൂട്ടത്തിൽ 'ഷാനാമ'യിലൂടെ അനശ്വരനായ ഫിർദൗസിയും കവിപുംഗവനായ അൻസൂരിയും വിശ്വപ്രസിദ്ധരാണ്. കവികളെക്കൂടാതെ ചരിത്രകാരൻമാരും ഭൂമിശാസ്ത്രജ്ഞൻമാരുമായ അൽഉദുബിയും, ബൈഹാക്കിയും, അബുനാസർമിഷ്ക്കാനിയും, മുല്ലാമുഹമ്മദ്ഗസ്നയും, മഹമൂദ്വരാക്കും, അ

ദ്ദേഹത്തിന്റെ പണ്ഡിതസദസ്സിൽ ഉൾപ്പെട്ടിരുന്നു. എന്നാൽ ഗദ്യസാഹിത്യത്തിൽ അഗ്രഗണ്യനെന്ന് എല്ലാ സമകാലികരും സമ്മതിച്ചിട്ടുള്ള അൽബൈറൂനിയെ മുഹമ്മദ് ഗസ്നായുടെ കവികോകിലങ്ങളുടെയോ പണ്ഡിതമഹത്തുക്കളുടെയോ വിഭാഗത്തിൽ നാം കേൾക്കുന്നില്ലെന്നതാണ് പരമാർഥം. ഖിവാ പട്ടണം ആക്രമിച്ച് കീഴടക്കിയപ്പോൾ തടവുകാരുടെ കൂട്ടത്തിൽ അൽബൈറൂനിയും ഉണ്ടായിരുന്നുവെങ്കിൽ ഇത്രയും പണ്ഡിതസമൂഹത്തെ തീറ്റിപ്പോറ്റിയിരുന്ന ഗസ്നാ ഒരിക്കലും അൽബൈറൂനിയെ സ്വതന്ത്രമായി ദേശാടനത്തിന് വിടുകയില്ലായിരുന്നു. ഇന്ത്യൻആക്രമണവേളയിൽ തടവുകാരാക്കപ്പെട്ട ബ്രാഹ്മണപണ്ഡിതൻമാരെ ഗസ്നിയിൽ അരമന പണിയിച്ച് താമസിപ്പിച്ച് അറബി പണ്ഡിതൻമാർക്ക് സംസ്കൃതവും വേദങ്ങളും പഠിപ്പിച്ചു കൊടുക്കുവാൻ വിനിയോഗിച്ച മുഹമ്മദ്ഗസ്നാ താനുമായി എന്തെങ്കിലും ബന്ധമുണ്ടായിരുന്നെങ്കിൽ അന്നേ പ്രസിദ്ധനായിരുന്ന അൽബൈറൂനിയെ തന്റെ കൊട്ടാരസദസ്സിനലങ്കാരമാക്കുമായിരുന്നു. പക്ഷേ യാതൊരു പരാമർശങ്ങളിൽനിന്നും അൽബൈറൂനി മുഹമ്മദ്ഗസ്നായുടെ പണ്ഡിതസമൂഹത്തിലോ സർവീസിലോപെട്ടതായി വിവരിക്കാത്തപ്പോൾ ഖിവ പട്ടണത്തിൽ നടന്ന ആഭ്യന്തരവിപ്ലവത്തിന്റെ ഫലമായി പുറത്തു ചാടിയതായിരിക്കാനാണ് സാധ്യത എന്നു ഊഹിക്കുന്നതാണ് യുക്തിസഹം.

ഏതായാലും 1017-ൽ മുഹമ്മദ് ഗസ്നാ ഖിവാ കീഴടക്കുന്നതോടുകൂടിയോ അതിന്റെ തലേവർഷം അവിടെ നടന്ന ആഭ്യന്തരകലാപത്തോടുകൂടിയോ അൽബൈറൂനി താൻ ജനിച്ച നാടും വീടും വിട്ടു അഫ്ഗാനിസ്ഥാനിലേക്ക് പലായനം ചെയ്തിരുന്നു. അഫ്ഗാനിസ്ഥാനിൽ വെച്ചാണ് അദ്ദേഹം ഇന്ത്യൻ ഗണിതശാസ്ത്രവും ജ്യോതിശ്ശാസ്ത്രവും വശമാക്കുന്നത്. പ്രസിദ്ധനായ ജ്യോതിശാസ്ത്രജ്ഞൻ എന്ന നിലയിലാണ്

അക്കാലത്ത് അദ്ദേഹത്തെ സമകാലികലോകം വിശേഷിപ്പിച്ചിരുന്നത്. യവനഗണിതരീതിയും ഇന്ത്യൻസമ്പ്രദായവും അറബിശാസ്ത്രവും എല്ലാം താരതമ്യ പഠനത്തിന് വിധേയമാക്കി നൂതനവും സുഗ്രാഹ്യവുമായ ഒരു ഗണിതശാസ്ത്രവിഭാഗത്തിന്റെ പുനഃസൃഷ്ടി നടത്താനക്കാലത്ത് അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. നൂറ്റാണ്ടുകൾക്കുശേഷം അൽബൈറൂനിയെക്കുറിച്ചെഴുതിയിട്ടുള്ളവർ അദ്ദേഹം മുഹമ്മദ് ഗസ്നായുടെ അരമനജ്യോൽസ്യൻ കൂടിയായിരുന്നുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പക്ഷേ, അത് വെറും ഊഹത്തിൽ കവിഞ്ഞൊന്നുമായിരുന്നില്ലെന്ന് അൽബൈറൂനി, ഗസ്നായെക്കുറിച്ചെഴുതുന്ന ഭാഗം ശ്രദ്ധിച്ചാൽ മനസ്സിലാകും. തന്റെ പ്രസിദ്ധങ്ങളായ രണ്ടു പുസ്തകങ്ങളും—ഗസ്നായുടെ കാലത്ത് വിരചിതങ്ങളാണവ-മുഹമ്മദ് ഗസ്നായ്ക്കല്ല അദ്ദേഹം സമർപ്പിച്ചിട്ടുള്ളത്. 900—ൽ പരം വരുന്ന തന്റെ പണ്ഡിതസദസ്സ് എഴുതുന്നതത്രയും തനിക്ക് സമർപ്പിക്കണമെന്ന് ശാഠ്യമുണ്ടായിരുന്ന ആളാണ് മുഹമ്മദ് ഗസ്നാ. അൽബൈറൂനി ഗസ്നായുടെ സർവ്വസൈന്യാധിപനായിരുന്നുവെങ്കിൽ ഈ ധിക്കാരം ഗസ്നാ ഒരിക്കലും പൊറുപ്പിക്കുമായിരുന്നില്ല. മുഹമ്മദ് ഗസ്നായെ പരാമർശിച്ചെഴുതുമ്പോഴൊക്കെ അമീർ മുഹമ്മദ് എന്നതിൽ കവിഞ്ഞ് ഉപചാരവാക്കുകളൊന്നും അദ്ദേഹം ഉപയോഗിക്കുന്നില്ലെന്നതും അർഥവത്താണ്. അക്കാലത്ത് രാജാക്കൻമാരെയും ചക്രവർത്തിമാരെയും വിശേഷിപ്പിച്ചിരുന്ന പദസമൂഹങ്ങളുടെ പാരാവാരം കാണാൻ സാധിച്ചിട്ടുള്ളവർക്ക് അൽബൈറൂനിയുടെ ഈ വിശേഷണം ഒരു വിശേഷണമേ അല്ല എന്ന് ബോധ്യമാകും. മുഹമ്മദ് ഗസ്നായുടെ ഇന്ത്യൻ ആക്രമണത്തെ അൽബൈറൂനി വിലയിരുത്തുന്നത് എങ്ങനെയാണെന്ന് കൂടി കേൾക്കുക. ''ആ രാജ്യത്തിന്റെ ഐശ്വര്യം ആകമാനമദ്ദേഹം തകർത്തു. അത് ഭൂതകരങ്ങളായി തോന്നിയേക്കാവുന്ന വി

പ്രവർത്തിപ്പെടുകയും ചെയ്തു.'' * മുഹമ്മദ് ഗസ്നായുടെ പിൻഗാമി മസൂദിന്റെ കീഴിൽ അൽബൈറൂനി സേവനം അനുഷ്ഠിച്ചിരുന്നതിനു തെളിവുകളുണ്ട്. 'കാനം മസൂദിസെ', എന്ന ഗ്രന്ഥം മസൂദിനാണ് സമർപ്പിച്ചിരിക്കുന്നത്. അപ്പോഴും രാജകീയ പാദസേവയായിപ്പോകുമെന്ന ഭയം കൊണ്ടാണ് ഗസ്നായുടെ പേരിൽ സമർപ്പിക്കാതിരുന്നതെന്നു വിചാരിക്കാനും തരമില്ല. ഒരു കാര്യം വ്യക്തം—ഒന്നുകിൽ മുഹമ്മദ് ഗസ്നാ പണ്ഡിതനായ അൽബൈറൂനിയെ അറിഞ്ഞിരുന്നില്ല. അതല്ലെങ്കിൽ അൽബൈറൂനിക്ക് അർഹമായ രാജകീയ പ്രോൽസാഹനങ്ങളും ലഭിച്ചിരുന്നില്ല. ഒരിടത്ത് അദ്ദേഹം ഇപ്രകാരം പ്രസ്താവിക്കുന്നു. ''കലയും സാഹിത്യവും അഭിവൃദ്ധിപ്പെടുക ലോഭമില്ലാത്ത രാജകീയ പ്രോൽസാഹനത്തിന്റെ കാലത്ത് മാത്രമാണ്. കലാകാരൻ യാതന നിറഞ്ഞ ജീവിതവുമായി കഴിയുന്ന കാലത്തോളം, ജീവിക്കുവാൻ വേണ്ടി ക്ലേശങ്ങളും സഹിച്ചുകൊണ്ടിരിക്കുവോളം, പ്രയോജനകരമായ സാധന ചൈതന്യവത്താകുക പ്രയാസമാണ്.'' 2 രാജകീയ പ്രീണനങ്ങളുടെ ലാളനയിൽ കഴിഞ്ഞിരുന്ന ഒരു വ്യക്തിയുടെ മനോഗതി ഇതായിരിക്കാനിടയില്ലല്ലോ. 1017 മുതൽ 1030 വരെയുള്ള 13 വർഷത്തെ മുഹമ്മദ് ഗസ്നായുടെ ഭരണകാലത്ത് അൽബൈറൂനിക്ക് യാതൊരുവിധ സാമ്പത്തിക ഉത്കർഷവും ഉണ്ടായിട്ടുള്ളതായി അദ്ദേഹത്തിന്റെ പരാമർശങ്ങളിൽനിന്നും മനസ്സിലാകുന്നില്ല. ഇക്കാലത്ത് ഇന്ത്യയിലും അഫ്ഗാനിസ്ഥാനിലുമായി കഴിച്ചു കൂട്ടിയിരുന്ന അദ്ദേഹത്തിനു തന്റെ ഗവേഷണ സപര്യക്ക് പ്രതിഫലമോ, പ്രോൽസാഹനമോ ലഭിക്കുമെന്ന ആശകൂടി ഉണ്ടായിരുന്നില്ലെന്നതാണു സത്യം. എന്നാൽ ഗസ്നായുടെ പിൻഗാമി മസൂദിന്റെ ഭരണകാലത്ത് അൽബൈറൂനി ഒരിക്കലും തന്റെ പരിവേദനങ്ങളും ആവർത്തിക്കുന്നില്ലെന്നു മാത്രമല്ല സംതൃപ്തന്റെ മനോഗതി പ്രദർശിപ്പിക്കുന്നുമുണ്ട്.

---

* അൽബൈറൂനിയുടെ 'ഇന്ത്യ—വാള്യം ഒന്ന്', ഇംഗ്ലീഷ് പരിഭാഷ, പേജ് 22

2 ടി—പുറം. 188

ക്രിയകളും കാട്ടി ഹിന്ദുക്കളെ തറപറ്റിക്കുകയും, പൊടി പടലം പോലെ അവർ പല ദിക്കുകളിലേക്കായി ഓടി ര

ഇന്ത്യയേയും ഇന്ത്യക്കാരേയും അടുത്തറിയാൻ ആമത്സ്യർ ഥമായ ശ്രമം നടത്തിയ മറെറാരു വിദേശ പണ്ഡിതനും ഉണ്ടായിട്ടില്ലെന്നു നേരത്തെ പ്രസ്താവിച്ചുവല്ലോ. മുഹമ്മദ് ഗസ്നാക്കും അദ്ദേഹത്തിന്റെ പട്ടാളമേധാവികൾക്കും ഇന്ത്യയും ഇന്ത്യാക്കാരും കൊള്ളയടിക്കുവാൻ മാത്രം പററിയ സ്ഥലവും സ്ഥലവാസികളുമായിരുന്നപ്പോൾ, അൽബൈറൂനി കണ്ട ഇന്ത്യാ വൈജ്ഞാനിക മണ്ഡലത്തിലെ ജാജ്വല്യമാനമായ പ്രകാശകിരണങ്ങൾ വിതറുന്ന രജതനക്ഷത്രമായിരുന്നു. ഗസ്നായെയും കൂട്ടരെയും സംബന്ധിച്ചിടത്തോളം കൊള്ളയടിക്കാൻ പററിയ സങ്കേതങ്ങൾ മാത്രമായിരുന്നു തനേശ്വരും മഥുരയും ക്യാനൂജും, സോമനാഥുമെല്ലാം. അൽബൈറൂനിക്കാകട്ടെ അവ കലയുടെ പാരമ്യത്തെ അവിതർക്കിതമാംവണ്ണം വിളിച്ചോതുന്ന വിശുദ്ധങ്ങളായ കലാസംകേതങ്ങളും. ഇന്ത്യാക്കാർ കൊള്ളയടിക്കപ്പെടേണ്ട അവിശ്വാസികൾ മാത്രമാണെന്ന് ഗസ്നാ ധരിക്കുകയും തദനുസൃതം പ്രവർത്തിക്കുകയും ചെയ്തപ്പോൾ അൽബൈറൂനി കണ്ട ഇന്ത്യ പ്രഗത്ഭരായ ദാർശനികരും നിപുണരായ ഗണിതശാസ്ത്രജ്ഞൻമാരും വിദഗ്ധരായ ശുദ്ധജ്ഞാനികളും ആയ മഹാത്മാക്കളുടെ സങ്കേതമായിരുന്നു.

ഇന്ത്യൻ ദർശനങ്ങളോട് അൽബൈറൂനി പ്രത്യേകം മമത പ്രദർശിപ്പിക്കുന്നതായി കാണാം. മനസ്സിലാക്കേണ്ടവിധം അത് മനസ്സിലാക്കുവാൻ ശ്രമിച്ച പണ്ഡിതനും അദ്ദേഹം മാത്രമാണ്. ദിവസവും ഏകമായ പരാശക്തിയിൽ അധിഷ്ഠിതമാണ് ഇന്ത്യയുടെ മതമെന്നും വിഗ്രഹാരാധന തുടങ്ങിയവ അജ്ഞരും സാധുക്കളുമായ മൂകലക്ഷങ്ങളുടെ മനസ്സമാധാനത്തിന്റെ പ്രതീകങ്ങൾ മാത്രമാണെന്നും അൽബൈറൂനി ധരിച്ചിരുന്നു. ഭഗവത്ഗീത നിഗൂഹനം ചെയ്യുന്ന ഏക ദൈവവിശ്വാസം അൽബൈറൂനി ഉദ്ധരിക്കുന്നുണ്ട്. ഹൈന്ദവ പണ്ഡിതൻമാർ ദൈവാനുഗ്രഹത്താൽ ആശീർവദിക്കപ്പെ

ളവരാണെന്ന് 11-ാം നൂറ്റാണ്ടിലെ ഒരു മുസ്‌ലീം പണ്ഡിതൻ മുസ്‌ലീംലോകത്തോട് ഉൽബോധിപ്പിക്കുന്നുവെങ്കിൽ അത് തന്റെ ഹൃദയത്തിൽ എത്രമാത്രം സ്വാധീനം ഉണ്ടാക്കിയതിനാലായിരിക്കണമെന്ന് ഊഹിക്കുന്നതാണുത്തമം. പിന്നീടുള്ള യാഥാസ്ഥിതിക മുസ്‌ലീം പണ്ഡിതന്മാർ അൽബൈറൂനി ഹൈന്ദവാദർശങ്ങൾക്കും, പണ്ഡിതവര്യന്മാർക്കും കൽപിച്ചുകൊടുത്ത മഹത്തായ സ്ഥാനം കുറെ അതിരു കടന്നതായി വ്യാഖ്യാനിക്കുകയും ചെയ്തിട്ടുണ്ടെന്നുള്ളത് കണക്കിലെടുക്കുമ്പോൾ അതു കൂടുതൽ വ്യക്തമാകും. എന്നാൽ അൽബൈറൂനി തികച്ചും ഒരു മുസ്‌ലീം തന്നെയായിരുന്നു. തന്റെ അഭിപ്രായം ധീരതയോടെ തുറന്നു പറയാൻ അദ്ദേഹം മടിച്ചിട്ടില്ല. ബ്രാഹ്മണ മതത്തെക്കാളും ഇസ്‌ലാംമതം പല സംഗതികളിലും മേൻമയുള്ളതാണെന്നാണ് അദ്ദേഹത്തിന്റെ പക്ഷം. ജാതിസമ്പ്രദായം മൂലം വിഘടിതമായ ഇന്ത്യൻ സമൂഹവും, സമത്വ സാഹോദര്യത്തിലധിഷ്ഠിതമായ ഇസ്‌ലാമും വളരെ വൈരുദ്ധ്യങ്ങൾ കുറിച്ചിരുന്നു. ഇസ്‌ലാമിലെ വിവാഹ സമ്പ്രദായവും ഇൻഡ്യൻ രീതിയും അൽബൈറൂനിയുടെ താരതമ്യപഠനത്തിന് വിധേയമാകുന്നുണ്ട്. മുസ്‌ലീങ്ങളുടെ ശുദ്ധിയും മര്യാദകളും ഇന്ത്യയിൽ നിലനിന്നിരുന്ന സമ്പ്രദായങ്ങളെക്കാൾ മേൻമയേറിയതായിരുന്നുവെന്ന് അദ്ദേഹത്തിനുറപ്പുണ്ട്. ഇതൊക്കെയാണെങ്കിലും മുസ്ലീം ലോകം മുഴുക്കെ സംസ്കൃതചിത്തരാണെന്നോ, ഇന്ത്യയിലെ ജനലക്ഷങ്ങളുടെ മേൽ ആധിപത്യം പുലർത്താൻ വേണ്ട പ്രാമാണികത്വം അവർക്കുണ്ടെന്നോ അദ്ദേഹത്തിന് അഭിപ്രായമില്ല. ഇറാനിലെ സംസ്ക്കാരകേദാരങ്ങൾ നശിപ്പിച്ച അറബികളുടെ മനോഭാവവും അവരുടെ ആചാരസമ്പ്രദായങ്ങളിലുണ്ടായിരുന്ന വൈകല്യങ്ങളും അൽബൈറൂനി വിമർശിക്കുന്നുണ്ട്. ഇന്ത്യൻജനതയുടെ ഇടയിലുണ്ടായിരുന്ന അനാശാസ്യങ്ങളായ പ്രവൃത്തികളെപ്പറ്റി പറയുമ്പോൾ അതേയോ അതിൽ കൂടുതലോ അറബിരാജ്യങ്ങളിലും ഇവനിലനിന്നിരുന്നുവെന്ന് ഒപ്പം ചൂണ്ടിക്കാട്ടുവാൻ അദ്ദേഹം മറന്നു കാട്ടുന്നില്ല.

മതം, തത്വശാസ്ത്രം തുടങ്ങിയവയിൽ വ്യക്തവും സ്വതന്ത്രവുമായ അഭിപ്രായമുണ്ടായിരുന്ന അൽബൈറൂനി നിശ്ചയമായും ഒരു പൊങ്ങച്ചക്കാരനായിരുന്നില്ല. സത്യവിരുദ്ധമായവയെ എന്തിനെയും ശക്തിയുക്തം അദ്ദേഹം എതിർത്തിരുന്നുവെന്നതിനു് അനവധി ഉദാഹരണങ്ങളും അദ്ദേഹത്തിന്റെ 'ഇന്ത്യ'യിൽ ഉടനീളമുണ്ടു്. ആത്മാർത്ഥത എന്തിലും ഏതിലും ഒരു ശാഠ്യമെന്ന നിലയിൽ ദീക്ഷിച്ചു പോന്ന അൽബൈറൂനി മറ്റുള്ളവരിൽ നിന്നും അതു തന്നെ പ്രതീക്ഷിച്ചു. നിരർഥകങ്ങളായ പദക്കസർത്തുകളും കാണുമ്പോഴും അവയുടെ നേരെ തന്റെ ധാർമികരോഷം അദ്ദേഹം പ്രകടിപ്പിക്കുന്നു. പലയിടത്തും അദ്ദേഹം ഇത്തരം വായാടിത്തങ്ങളെ വാചാലമായി തന്നെ ആക്ഷേപിക്കുന്നുണ്ടു്. ഒരു വാക്കുമാത്രം ആവശ്യമുള്ളിടത്തു് പല വാക്കു കൊണ്ടു് കസർത്തു നടത്തുന്നതു മൂലം പഠിക്കാനൊരുങ്ങുന്നവനു് വേദനയും പ്രയാസവും സൃഷ്ടിക്കുക മാത്രമല്ല, സമയം വൃഥാവിലാക്കുകയുമാണു് ചെയ്യുന്നതു്. വിഷയത്തെ വ്യക്തമാക്കുന്നതിനു പകരം ഒരു തരം മായാ വ്യൂഹം സൃഷ്ടിക്കുകയും മനുഷ്യരെ അന്ധകാരത്തിലാക്കുകയും ചെയ്യുന്ന വെറും തോന്ന്യാസം മാത്രമാണിതു്.[3] മാലദ്വീപിനെറയും ലക്ഷദ്വീപുകളുടെയും ഉൽഭവത്തെ പററിയും മററും അൽബൈറൂനി വിശദമായെഴുതുന്നുണ്ടു്.[4]

തികഞ്ഞ പാകതയോടും സിസ്വാത്മനായ സത്യാന്വേഷകന്റെ നിസ്സംഗതയോടും കൂടിയാണു് ഇന്ത്യയേയും ഇന്ത്യക്കാരേയും ഇന്ത്യൻ വിജ്ഞാനശാഖകളെയും ദർശനങ്ങളേയുമൊക്കെപ്പററി അദ്ദേഹമെഴുതുന്നതു്. നിലവിലുണ്ടായിരുന്ന വൈജ്ഞാനിക പ്രതിഭാസങ്ങളെപ്പോലും വെല്ലുന്ന ഇന്ത്യൻ ധിഷണാവൈഭവവും, മററുള്ള ദർശനങ്ങളുടെ മേൽ മേധാവിത്വം സ്ഥാപിക്കാൻ സാധിക്കുമായി

3 വാളയം ഒന്നു്, പുറങ്ങൾ 19, 229, 299
4 ടി-വാളയം രണ്ടു് പുറങ്ങൾ 197, 270

നുന്ന ഇന്ത്യൻ താത്വിക ദർശനങ്ങളുമൊക്കെ, അദ്ദേഹമവതരിപ്പിക്കുന്നത് നിഷ്പക്ഷമതിയായ ഒരു ജിജ്ഞാസുവിന്റെ മനസ്സാന്നിധ്യത്തോടു കൂടിയാണ്. യാഥാസ്ഥിതിക മുസ്ലീം ലോകം എങ്ങനെ ഇവ വീക്ഷിക്കുമെന്ന് അദ്ദേഹം ബോധാവാനായിട്ടില്ല. ഹൈന്ദവമതങ്ങളും, ശാസ്ത്രങ്ങളും സാഹിത്യങ്ങളും അവരുടെ സംസ്കാരത്തിന്റെ പശ്ചാത്തലത്തിലധിഷ്ഠിതമായി പഠിക്കുവാനും, വിശകലനം ചെയ്യാനും അറിയാനും ശ്രമിക്കുന്ന ജിജ്ഞാസുവായ മുസ്ലീങ്ങൾക്കു വേണ്ടി യാണ് താനിതെഴുതുന്നതെന്ന് അദ്ദേഹം വെളിപ്പെടുത്തുന്നു.[5] മനസ്സിലാകാത്തത് മനസ്സിലായി എന്നും പറയുവാനും, തന്റെ അറിവിന്റെ ഉറവിടം ഏതതെന്ന് എടുത്തെടുത്തു ഉദ്ധരിക്കാനും മടികാട്ടാത്ത ഈ പണ്ഡിതൻ ഇന്നത്തെ എഴുത്തുകാർ കൂടുതൽ മാതൃകാപരമായംഗീകരിക്കേണ്ട മഹാനാണ്.

അദ്ദേഹത്തിന്റെ പ്രതിപാദനരീതിയും സവിശേഷതയർഹിക്കുന്നു. ഹൈന്ദവദർശനങ്ങളെയോ, ആചാരസവിശേഷതകളെയോ പറ്റി പരാമർശിക്കുമ്പോഴെ ഹിന്ദുക്കളുടെ ആധികാരികപ്രമാണങ്ങളെ ഉദ്ധരിച്ച് സ്വയം മാറി നിൽക്കുന്ന പതിവാണ് അദ്ദേഹം അനുസരിച്ചു കാണുന്നത്. അദ്ദേഹത്തിന്റെ അധ്യായങ്ങളുടെ സംവിധാനം ഏതാണ്ടിപ്രകാരമാണ്. ഓരോ അധ്യായവും മൂന്നു ഭാഗമായി തരം തിരിക്കാം. ആദ്യത്തേതിൽ പ്രതിപാദ്യ വിഷയത്തെക്കുറിച്ച് താൻ മനസ്സിലാക്കിയതിന്റെ ഒരേകദേശചിത്രം അദ്ദേഹം വരച്ചുകാട്ടുന്നു. രണ്ടാമത്തേതിൽ ഹിന്ദുക്കളുടെ ആധികാരിക ഗ്രന്ഥങ്ങളെ ഇതേപ്പറ്റി പറയുന്നത് ഉദ്ധരിക്കുകയും പണ്ഡിതൻമാരുടെ അഭിമതം പ്രകാശിപ്പിക്കുകയും തന്റെ അനുഭവത്തിൽ മനസ്സിലാക്കിയത് വിവരിക്കുകയും

[5] വാല്യം രണ്ട്, പുറം 248

ചെല്ലുന്ന രീതിയാണ് ദീക്ഷിച്ചിരിക്കുന്നത്. മൂന്നാമത്തെ ഭാഗത്തിലാണ് വിശകലനം ചെയ്യുന്നത്. ഏതു സങ്കീർണ്ണ പ്രശ്നമാകട്ടെ അത് സ്പഷ്ടമായും തന്റെ വായനക്കാർക്ക് മനസ്സിലാക്കിക്കൊടുക്കുവാനുള്ള ശ്രമം നടത്തുന്നു. ഗ്രീക്ക് സമ്പ്രദായങ്ങളുമായോ, തന്റെ നാട്ടിലുള്ള രീതികളുമായോ താരതമ്യപ്പെടുത്തി വിഷയം കൂടുതൽ വ്യക്തമാക്കുവാനുള്ള ശ്രമവും ഇവിടെ നടത്തുന്നു. മെഗസ്തനീസ് ഇത്തരം സമ്പ്രദായമാണ് അനുവർത്തിച്ചിരുന്നത്.

ചരിത്രകാരൻ, ദാർശനികൻ, സാഹിത്യപടു എന്നീ നിലകളിൽ മാത്രമല്ല അൽബൈറൂനിയുടെ പ്രശസ്തി. അദ്ദേഹം ഗണിതജ്യോതിർശാസ്ത്രങ്ങളിൽ അഗ്രഗണ്യനായിരുന്നു. ഭൂമിശാസ്ത്രം, രസതന്ത്രം, ഊർജതന്ത്രം തുടങ്ങിയ ശാസ്ത്രശാഖകളിലും തനതായ സംഭാവനകൾ നൽകുവാൻ അൽബൈറൂനിക്ക് സാധിച്ചിട്ടുണ്ട്. ഇന്ത്യയുടെ ദാർശനികവും സാഹിത്യപരവുമായ പ്രാക്തന സമ്പത്ത് ഇത്രയധികം കൈവശമാക്കിയ മറ്റൊരു വിദേശീയനും അൽബൈറൂനിക്ക് മുൻപ് ഉണ്ടായിട്ടില്ലെന്നതാണ് വാസ്തവം.

അൽബൈറൂനിക്ക് തന്റെ 'ഇന്ത്യ'യുടെ രചന നടത്തുവാൻ സഹായകമായിട്ടുള്ള ഗ്രന്ഥങ്ങളുടെ പട്ടിക വളരെ ദീർഘമാണ്. നമ്മുടെ പുരാതനങ്ങളായ സകല വേദങ്ങളും അവയുടെ വ്യാഖ്യാനങ്ങളും പുരാണങ്ങളും ഇതിഹാസങ്ങളും ആരണ്യകങ്ങളും സൂത്രങ്ങളും ഒക്കെ അദ്ദേഹം തന്റെ ഗ്രന്ഥരചനയ്ക്ക് ഉപയോഗപ്പെടുത്തിയിരുന്നു. ഭാസനും വരാഹമിഹിരനും വ്യാസനും വാല്മീകിയുമെല്ലാം അദ്ദേഹത്തിനു സുപരിചിതരാണ്. ഓരോ വിഭാഗം വിജ്ഞാനശാഖയിലും അറിയപ്പെട്ടിരുന്ന ഗ്രന്ഥങ്ങളുടെ പഠനത്തിനു ശേഷമാണ് അദ്ദേഹമവയെ പറ്റി എഴുതിയിട്ടുള്ളതെന്ന് അവയിൽ നിന്നുമുള്ള സുദീർഘങ്ങളായ ഉദ്ധരണികൾ സാക്ഷ്യം വഹിക്കുന്നു. ഇന്ത്യൻ പണ്ഡിതൻ

മാരുടെ നിരവധി ഗ്രന്ഥങ്ങൾ അറബിയിലേയ്ക്ക് പരിഭാഷപ്പെടുത്തുക വഴി ചരകൻ, വരാഹമിഹിരൻ, പതഞ്ജലി, ആര്യഭട്ടൻ, തുടങ്ങിയ ഇന്ത്യൻ ശാസ്ത്രശാഖകളുടെ പ്രണേതാക്കളെ അത്രയും അറബിലോകത്തിനു പരിചയപ്പെടുത്തിക്കൊടുക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. ചുരുക്കത്തിൽ ഇന്ത്യൻ പണ്ഡിതൻമാർക്ക് അന്ന് അറിയുമായിരുന്ന സകല ഗ്രന്ഥങ്ങളും പ്രയത്നശാലിയും ധീഷണശാലിയുമായിരുന്ന അൽബൈറൂനി മനസ്സിലാക്കി പ്രയോജനപ്പെടുത്തിയിരുന്നു. ഇതു മാത്രമല്ല. നാം അൽബൈറൂനിയിൽ കാണുന്ന പാണ്ഡിത്യം. തന്റെ പ്രതിപാദ്യത്തെ സുഗ്രാഹ്യമാക്കുവാൻ വേണ്ടി തനിക്കറിവുള്ള യവനഗ്രന്ഥങ്ങളെയും അറബി വിജ്ഞാനസമ്പത്തിനെയും അദ്ദേഹം നിർലോഭം നമുക്ക് വിളമ്പിത്തരുന്നു. പ്ലേറോയെയും അരിസ്റ്റോട്ടിലിനെയും, സാഫോയെയും സഫോക്ലീസിനെയുമെല്ലാം പല സ്ഥലത്തും അൽബൈറൂനി ഉപയോഗപ്പെടുത്തുന്നുണ്ട്. മതങ്ങളുടെ താരതമ്യപഠനം നടത്തുമ്പോൾ ജൂഡായിസവും സൊറാസ്ട്രയാനിസവും ക്രിസ്തുമതവും ഇസ്ലാംമതവും ബ്രാഹ്മണമതവുമൊക്കെ അദ്ദേഹത്തിന്റെ കൈക്കുള്ളിലൊതുങ്ങുന്ന വിഷയങ്ങളാണ്.

അൽബൈറൂനിയുടെ ഇന്ത്യ വിദേശികൾക്ക് അത്ര സ്വീകാര്യമല്ലാത്ത സ്ഥിതിയിലായിരുന്നു. അന്ന് ബനാറസ്സും കാശ്മീരുമായിരുന്നു ഇന്ത്യയിലെ വിജ്ഞാനകേന്ദ്രങ്ങൾ. അവ രണ്ടുമാകട്ടെ അൽബൈറൂനിയേപ്പോലെയുള്ള 'അപരിഷ്കൃതനു', കടക്കാനൊക്കാത്ത കേന്ദ്രങ്ങളുമായിരുന്നു [6] എങ്കിലും സിന്ധു മുസ്ലീം ഭരണത്തിൻ കീഴിലായിരുന്നതുകൊണ്ട് അവിടെയുള്ള ബ്രാഹ്മണ പണ്ഡിതൻമാരിൽ നിന്നും അഫ്ഗാനിസ്ഥാനിലേക്ക് മുഹമ്മദ് ഗസ്നാ തടവുകാരക്കി പിടിച്ചുകൊണ്ടുപോയി പാർപ്പിച്ചിരുന്ന ഇന്ത്യൻ പണ്ഡിതൻമാരിൽ നിന്നും തനി

6. വാള്യം ഒന്ന് പുറം. 22

ക്കാവശ്യമായ ഗ്രന്ഥങ്ങളും വിവരങ്ങളും ശേഖരിക്കാൻ അദ്ദേഹത്തിന് അധികം പ്രയാസം നേരിട്ടിരുന്നില്ല.

അൽബൈറൂനി കണ്ട ഇന്ത്യയിൽ ബുദ്ധമതമായിരുന്നില്ല ബ്രാഹ്മണമതമായിരുന്നു കൊടി കുത്തി വാണിരുന്നത്. അൽബൈറൂനിയുടെ കാലമായപ്പോഴേക്കും ഇന്ത്യയിൽ നിന്നുമാത്രമല്ല, മധ്യേഷ്യ, അഫ്ഗാനിസ്ഥാൻ, കുറസാൻ തുടങ്ങിയ പ്രദേശങ്ങളിൽ നിന്നുപോലും ബുദ്ധമതവും സാഹിത്യവും നിശ്ശേഷം തിരോഭവിച്ചിരുന്നുവെന്ന് അദ്ദേഹത്തിന്റെ വിവരണങ്ങളിൽ നിന്നും മനസ്സിലാക്കാം. തന്റെ ഇന്ത്യൻ വാസത്തിനിടയ്ക്ക് ഒറ ബുദ്ധമത ഗ്രന്ഥത്തേയോ ഒരു ബുദ്ധമത പണ്ഡിതനെയോ തനിക്കുകാണാൻ കഴിഞ്ഞിട്ടില്ലെന്നും, തൻമൂലം അവരുടെ തത്ത്വവും മതശാസ്ത്രത്തെയും പഠിച്ച് പഠിക്കുവാൻ തനിക്കു കഴിഞ്ഞിട്ടില്ലെന്നും അദ്ദേഹം വിലപിക്കുന്നു.[7] അന്നുണ്ടായിരുന്നമതം വൈഷ്ണവമായിരുന്നു. ശൈവമായിരുന്നില്ല. ഉജ്ജയിനി നഗരമാണ് അൽബൈറൂനിയെ അധികം ആകർഷിച്ചത്.

ഇന്ത്യയിൽ 21 വർഷം ചിലവഴിച്ച ഈ പണ്ഡിതൻ 180ൽ പരം ഗ്രന്ഥങ്ങൾ പല വിഷയങ്ങളിലായി എഴുതിയിട്ടുണ്ട്. അവയിലെ ഉള്ളടക്കത്തെപ്പറ്റി വിവരിക്കുന്ന ഒരു സൂചികാ ഗ്രന്ഥം 1955ൽ ഫ്രഞ്ചുഭാഷയിൽ പ്രസിദ്ധീകരിച്ചു. ഇന്ത്യാക്കാരേയും ചരിത്രവിദ്യാർത്ഥികളെയും സംബന്ധിച്ചിടത്തോളം പ്രധാനമായിട്ടുള്ളത് അദ്ദേഹത്തിന്റെ കിതാബുൽ ഹിന്ദ്. (ഇന്ത്യയെപ്പറ്റിയുള്ള ഗ്രന്ഥം) എന്ന പുസ്തകമാണ്. ഇതിന്റെ വിവർത്തനം പല ഭാഷകളിലും വന്നുകഴിഞ്ഞു. എഡ്വേർഡുസാച്ചുവാണ് ഈ ഗ്രന്ഥത്തിന്റെ ഇംഗ്ലീഷ് വിവർത്തകൻ. കേന്ദ്രസാഹിത്യ അക്കാദമി ഈ പുസ്തകത്തിന്റെ മലയാള തർജ്ജിമ അടുത്തകാലത്ത് പ്രസിദ്ധീകരിച്ചു. കെയ്റോ

7. വാള്യം ഒന്ന്–പുറം. 249.

യൂണിവേഴ്സിറ്റിയിൽ അറബി അദ്ധ്യാപകനായി ജോലി ചെയ്യുന്ന എം. എ. മുഹിയദ്ദീനാണ് ഈ തർജ്ജിമ നിർവഹിച്ചിട്ടുള്ളത്. മൂലത്തിൽ നിന്നുള്ള തർജ്ജമയാണോ അതോ മറ്റുവല്ല ഭാഷയിൽ നിന്നുള്ള തർജ്ജിമയാണോ താൻ നടത്തിയിരിക്കുന്നതെന്ന് മുഹയിദ്ദീൻ വ്യക്തമാക്കുന്നില്ല. എങ്കിലും വളരെ ആയാസകരവും ബൃഹത്തുമായ ഒരു യത്നമാണ് ഗ്രന്ഥകാരൻ ചെയ്തിട്ടുള്ളത്. വെറും ചരിത്ര ഗ്രന്ഥമല്ല അൽബൈറൂനിയുടെ 'ഇന്ത്യ' എന്ന് തുടക്കത്തിൽ പ്രസ്താവിച്ചുവല്ലോ—സങ്കീർണങ്ങളും സാങ്കേതികങ്ങളുമായ പല വിഷയവും ഗഹനവും ശക്തവുമായ ഭാഷയിൽ വിവരിക്കുന്നത് മലയാളത്തിലേക്ക് പകർത്തുക എളുപ്പമുള്ള പണിയല്ല. എങ്കിലും ഒരു തർജ്ജിമക്കാരന് അഭിമാനിക്കാവുന്ന വിധം തന്റെ കൃത്യം അദ്ദേഹം നിർവഹിച്ചിട്ടുണ്ട്.

എന്നാൽ പല സാങ്കേതികപദങ്ങളുടെയും ഗ്രന്ഥകാരൻമാരുടെയും ഗ്രന്ഥങ്ങളുടെയും അതുപോലെയുള്ള സംജ്ഞാനാമങ്ങളുടെയും കാര്യത്തിൽ പല അബദ്ധങ്ങളും ഈ തർജ്ജിമയിൽ വന്നു പോയിട്ടുണ്ട്. നോക്കു .

തർജ്ജമയിൽ	—	**ശരിയായത്**
മഹാപദം	—	മഹാപത്മം
അജൂത്	—	അയുതം
മാവദകന്തി	—	മോദകം ദേഹി
ശർബ്രബ്രം	—	സർവവർമൻ
ഇൻഗർ	—	അംഗിരസ്സ
ഗോതം	—	ഗൗതമ
ഉഷ്ണു	—	ഉശാനസ്സ്
തൃഗ്ലോക്	—	തിര്യക് ലോകം
റോറേറ	—	രൗശവം

മഹാജാൻ	—	മഹാജ്വാല
റോദർ	—	രുധിര
ബൈതരനി	—	വൈതരണി
പ്രാശർ	—	പരാശരൻ
സങ്ക്	—	സാംഖ്യൻ
വദേശ്വരൻ	—	വിത്തേശ്വരൻ
ഉപ്പൽ	—	ഉത്പാലൻ
കർണപർത്തിലക്	—	കരണപരതിലക
ആര്യഷഷ്ഠം	—	ആര്യഷ്ടഗീതം
കർണ്ണസാരം	—	കരണസാരം
ഗർഗ്	—	ഗർഗൻ
പുരോദ്ധമൻ	—	പ്രദ്യുമ്നൻ
ചർക്ക		ചരകൻ
വിവാഹാപ്തൻ	—	വിവാഹപടലം

ഇങ്ങനെ ചില പിഴകളും കടന്നുകൂടിയിട്ടുണ്ടെങ്കിൽ പോലും മഹത്തായ ഒരു ഗ്രന്ഥത്തിന്റെ ഗൗരവം മനസ്സിലാക്കിയുള്ള തർജ്ജിമയാണിതെന്നു പറയാം. അൽ ബൈറൂനിയേയും അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽ പ്രധാനമായ 'കിത്താബുൽ ഹിന്ദ്', എന്ന പുസ്തകത്തേയും മലയാളികൾക്ക് പരിചയപ്പെടുത്തി കൊടുക്കുവാനുള്ള കേന്ദ്രസാഹിത്യ അക്കാദമിയുടെ ഉദ്യമം അഭിനന്ദനം അർഹിക്കുന്നു.

'ജിസിയ' മതനികുതിയായിരുന്നില്ല.

മദ്ധ്യകാല ഇൻഡ്യാചരിത്രത്തെ ഇംഗ്ലീഷ് ചരിത്രകാരൻമാർ എല്ലാ നിലക്കും കരിപുരട്ടി കാട്ടുവാൻ ശ്രമിച്ചതു് ഉദ്ദേശ്യ ലക്ഷ്യത്തോടുകൂടിയായിരുന്നു. അതിനു് പ്രയോജനകരമായ പല കണ്ടുപിടുത്തങ്ങളും ഇവർ നടത്തി. ചരിത്ര സത്യങ്ങളെ വികലപ്പെടുത്തിയ അവർ ഈ നാട്ടിൽ നിന്നും തിരോഭവിച്ചെങ്കിലും അവർ പ്രചരിപ്പിച്ച അപലപനീയങ്ങളായ അബദ്ധധാരണകളും തിരുത്തപ്പെടാതെ ഇൻഡ്യൻ ഹൃദയത്തിൽ ഇന്നും പച്ച പിടിച്ചു നില്ക്കുന്നു. അതിന്റെ വിഷലിപ്തമായ വായു ശ്വസിച്ചു് ഇൻഡ്യൻ സമുദായങ്ങളും വീർപ്പുമുട്ടുകയും. ദുരുദ്ദേശപൂർണ്ണമായ ഈ ചെയ്തികളും ദുഃഖസത്യങ്ങളായി ചരിത്ര വിദ്യാർത്ഥികളെ പീഡിപ്പിച്ചു കൊണ്ടിരിക്കുകയുമാണു്. സമുദായങ്ങളെ തമ്മിലകറ്റുവാൻ ഉന്നം വെച്ചുകൊണ്ടു് ചെയ്ത മനഃപൂർവ്വമായ പ്രയത്നം അതിന്റെ പാരമ്യം പൂകിയതാണു് ഇൻഡ്യയുടെ വിഭജനത്തിന്നിടയാക്കിയതു്. എന്തെല്ലാമായിട്ടും സാമുദായിക സംഘർഷങ്ങളും അവിശ്വാസങ്ങളും മാത്രം നമ്മുടെ ഹൃദയങ്ങളെ മഥിച്ചു കൊണ്ടിരിക്കുന്നു. അതിന്റെ ദോഷഫലങ്ങളും നാം അനുഭവിച്ചു കൊണ്ടിരിക്കുകയും. കാരണം, അധികം ആലോചിക്കാതെ തന്നെ അറിയാം. നാം ഇന്നും ബ്രിട്ടീഷ് ചരിത്രകാരനെ പിന്തുടർന്നു് അതേ രീതിയിലും മാതിരിയിലുമാണു് ചരിത്ര വിജ്ഞാനം പകരുന്നതു്. പകയുടെ പാപപങ്കിലമായ പ്ര

തികാരമാണ് ഇതുമൂലമനുഭവപ്പെടുക. അപരാധത്തിന്റെ കരിനിഴൽപ്പാടുകളിലൂടെയാണ് ചരിത്രവിദ്യാർത്ഥി ആനയിക്കപ്പെടുന്നത്. ചരിത്രം മാറി എഴുതണമെന്നു പറയുമ്പോഴും എന്തൊക്കെയാണ് മാറേണ്ടതെന്ന് എന്ന കാര്യവും കൂടി കണക്കിലെടുക്കണം. ഇവിടെയാണ് ചില സാങ്കേതിക സംജ്ഞകളുടേയും നയതന്ത്രജ്ഞതകളുടേയും ഉള്ളുകള്ളി തുറന്നുകാട്ടേണ്ടതായി വരിക.

ഈ ഉപന്യാസത്തിൽ ഞാൻ ഉദ്യമിക്കുന്നത് മതനികൃതിയെന്നു പരക്കെ അറിയപ്പെടുന്ന 'ജിസിയ' എന്ന നികൃതി എന്തായിരുന്നു എന്നു പരിശോധിക്കാനാണ്. ജിസിയ മതനികൃതിയാണെന്ന് അവർക്കിതമായി സ്ഥാപിച്ച മട്ടിലാണ് നമ്മുടെ പ്രയോഗം തന്നെ. എല്ലാ ചരിത്ര പുസ്തകങ്ങളിലും 'ജിസിയ' മതനികൃതിയായി ചിത്രീകരിക്കപ്പെട്ടിട്ടുള്ളതു കാണാം. 'ഒരു മുസ്ലീം രാജാവിന്റെ കീഴിൽ ജീവിക്കുന്ന അമുസ്ലിം പ്രജകൾ നൽകിയിരുന്ന നികുതി'' എന്നാണ് എല്ലാ ഇംഗ്ലീഷ് ചരിത്രകാരന്മാരും ഇൻഡ്യൻ എഴുത്തുകാരും ഇതിനെ നിർവ്വചിക്കുന്നത്. അനിഷേധ്യമായി സ്ഥാപിക്കപ്പെട്ട പ്രമാണമായിത്തന്നെ 'ജിസിയ' മതനികൃതിയായി കണക്കാക്കപ്പെടുന്നു. അംഗീകൃതരായ പണ്ഡിതൻമാർ കൂടി ഉൾക്കൊള്ളുന്ന വലിയ സംഘം 'ജിസിയ' മതനികൃതിയാണെന്ന് വ്യവഹരിക്കുമ്പോൾ ഒറപ്പെട്ട മറെറാരു വിശദീകരണം തെറ്റിദ്ധരിക്കപ്പെടുകയേയുള്ളു. എത്ര സദുദ്ദേശത്തോടു കൂടിയായാലും പുച്ഛരിക്കപ്പെട്ട് വനരോദനമായിത്തീരുകയും ചെയ്യും.

ബ്രിട്ടീഷുകാർ അറിഞ്ഞുകൊണ്ടുചെയ്ത ഈ കാര്യം ഭൂരിപക്ഷ സമുദായങ്ങളെ തമ്മിലടിപ്പിച്ച്, മുതലെടുത്ത് സ്വന്തം സാമ്രാജ്യത്തെ നിലനിർത്തുവാനായിരുന്നു. 'ജിസിയ' മതനികൃതിയാണെന്ന് സ്ഥാപിച്ച കഴിഞ്ഞാൽ പിന്നെ, ആ നികൃതി ചുമത്തിയ ചക്രവർത്തി ആരായാലും മതഭ്രാന്തിന്റെ കഥകൾ എത്ര വേണമെങ്കിലും കൂട്ടി

ച്ചേർക്കാം. കാരണം, തന്റെ പ്രജകളിൽ ഒരു വിഭാഗത്തെ മതവ്യത്യാസത്തിന്റെ പേരിൽ മാത്രം നികുതി ചുമത്തി രണ്ടാം തരക്കാരാക്കിയ സുൽത്താന്മാർ ഒരിക്കലും മതസഹിഷ്ണുതയുടെ വിശാലമണ്ഡലത്തിൽ കയറുവാൻ പറ്റാത്തവരാണല്ലോ? പ്രഖ്യാപിതമായ മത ഭ്രാന്തിന്റെയഭാവം നടത്തിയവർ പിന്നെ അമ്പലം പൊളിച്ചുവെന്നോ നിർബന്ധമതപരിവർത്തനം നടത്തിയെന്നോ പറഞ്ഞാൽ തെളിവുകളുടെ ആധികാരികതപോലും ആരും ആവശ്യപ്പെടുകയില്ല. കാരണം അവർ 'ജിസിയ ചുമത്തിയവരാണ്. ചുരുക്കത്തിൽ അസഹിഷ്ണുതയുടെ ഇമ്പാച്ചി സൃഷ്ടിച്ച് അതിന്റെ മറവിൽ എന്തും പറഞ്ഞുപിടിപ്പിക്കുവാനുള്ളതല്ല പരിചയായി മാറുകയാണ് 'ജിസിയ.' 'ജിസിയ' ചുമത്തിയതുകൊണ്ടുള്ള ഗുണമെന്തായിരുന്നു എന്നു കൊള്ളരുതായ്മയും ചെയ്തെന്നു ചരിത്രകാരൻ വിളിച്ചുപറഞ്ഞാൽ അതിൽ അതിശയോക്തി ആരും ദർശിക്കുകയില്ല. അവ അവിശ്വസിക്കേണ്ടതായ കാരണവും കണ്ടെന്നുവരില്ല. അങ്ങിനെ നിഷ്പ്രയാസം തൽപരകക്ഷികൾ ഉപയോഗപ്പെടുത്തി സാർവ്വത്രികാംഗീകാരം നേടിയ നിർദ്ദയവും ദോഷത്തെ ദൂരവ്യാപകമാക്കുന്നതുമായ ഒരു നിർവ്വചനമാണ് 'ജിസിയ' മതനികുതിയാണെന്നത്.

കിട്ടാവുന്ന രേഖകളും വളരെക്കാലമായി ബുദ്ധിമുട്ടി നോക്കിയതിന്റെ ഫലമായി ഞാനെത്തിച്ചേർന്ന നിഗമനവും അതിനു സഹായകമായ പ്രമാണങ്ങളുമാണ് ചുവടേ ചേർക്കുവാൻ പോകുന്നത്. സൂക്ഷ്മമായ നിരീക്ഷണത്തോടും വിഷപങ്കിലമല്ലാത്ത തുറന്ന ഹൃദയത്തോടുംകൂടി അനുകമ്പാപരമായ ഒരു സമീപനമുണ്ടായാലേ ഇതിന്റെ പിന്നിലുള്ള പ്രയത്നത്തെ പ്രശംസിക്കുവാനൊക്കൂ. 'ജിസിയ'യെന്ന വാക്കിന്റെ ഉത്ഭവത്തെക്കുറിച്ച് പണ്ഡിതൻമാരുടെ ഇടയിൽ പല അഭിപ്രായങ്ങളാണ് നിലവിലുള്ളത്. 'ഇന്ത്യയിലെ രാഷ്ട്രവും മതവും' എന്ന പുസ്തകത്തിൽ റോയ്ചൗദ്രി പറയുന്നത് 'ജാസാ' എന്ന വാക്കിൽ നി

ന്നാണ്‌ 'ജിസിയ' ഉണ്ടായതെന്നതാണ്‌.[1] ശ്രീ. മുഹമ്മദലി തന്റെ ഖുർആൻ പരിഭാഷയിൽ 195–ാം പേജിൽ ഫുട്ട്‌ നോട്ടായി കൊടുത്തിരിക്കുന്ന വിവരണത്തിൽ 'ജറസ' യിൽ നിന്നാണ്‌ 'ജിസിയ' ഉത്ഭവിച്ചതെന്നും, അതിന്റെ അർത്ഥം 'രക്ഷ നല്കപ്പെടുക' ഏന്നാണെന്നും എഴുതിയിട്ടുണ്ട്‌.

നിക്കോളസ്‌ അഗ്നൈഡ്സും ഈ പദത്തിന്റെ ഉത്ഭവം ജാസായിൽ നിന്നാണെന്നുതന്നെ പറയുന്നു[2]. ഖുറൈഷിയാകട്ടെ ഈ വാക്കിനെ ടാക്സ്‌ എന്നർത്ഥത്തിലാണ്‌ ഉപയോഗിച്ചിരിക്കുന്നതെന്ന്‌ സമർത്ഥിക്കുന്നുണ്ട്‌.[3] പ്രസിദ്ധ ചരിത്രപണ്ഡിതനും ദാർശനികനുമായ പ്രൊഫസർ കെ. എ. നിസ്സാമി വിഭിന്നമായ ഒരഭിപ്രായമാണ്‌ സമർത്ഥമായി വിവരിക്കുന്നത്‌. ഗാസിത്ത്‌, എന്ന പേർഷ്യൻപദത്തിന്റെ അർത്ഥംനികുതി എന്നാണെന്നും ഇത്‌ അറബിയിലേക്ക്‌ കടന്നപ്പോഴേ ടാക്സ്‌ എന്ന അർത്ഥത്തിൽ 'ജിസിയ' എന്നായെന്നും അദ്ദേഹം ഉദാഹരണസഹിതം തെളിയിക്കുന്നു.[4] ജിസിയയായാലും 'ജിസിയ'ആയാലും അവയ്ക്ക്‌ എത്രമാത്രം അർത്ഥവ്യത്യാസം ഉണ്ടെങ്കിലും ശരി നമ്മെ സംബന്ധിച്ചിടത്തോളം ഇതൊരു ശപിക്കപ്പെട്ട വാക്കായിത്തീർന്നിരിക്കുകയാണല്ലൊ. ഞാൻ ഈ ലേഖനത്തിൽ എന്റെ വന്ദ്യഗുരുവായ പൊഫസർ നിസ്സാമിയുടെ അഭിപ്രായത്തോടുനുകൂലിച്ച്‌ ഉടനീളം 'ജിസിയ' എന്നാണ്‌ പ്രയോഗിച്ചിരിക്കുന്നത്‌.

ഇസ്ലാം മതപ്രബോധനത്തോടുകൂടിത്തന്നെ ഇസ്ലാമികരാഷ്ട്രവും സ്ഥാപിക്കപ്പെട്ടു കഴിഞ്ഞിരുന്നു.

---

1. Roy Choudry–Religion and Politics in India P. 293.
2. Agnides- Mohammedan Theories of Finance and Taxation P. 398
3. Qureshi-Administration of the Sultanate of Delhi.
4. Roy Choudry-op. cit

മുസ്‌ലീം രാഷ്ട്രത്തിന്റെ വികാസത്തോടുകൂടി ഭരണപരമായ സൗകര്യത്തിനും സമാധാനത്തിനും വേണ്ടി മതവും രാഷ്ട്രീയവും തമ്മിൽ ചില നീക്കുപോക്കുകളും ആവശ്യമായിത്തീർന്നു. ആക്രമിച്ചു കീഴടക്കുന്ന രാജ്യത്തിലെ ജനതയാകമാനം ഒരിക്കലും മതപരിവർത്തനം ചെയ്തിരുന്നില്ല. അത്തരം ജനത മുസ്‌ലീം പട്ടാളത്തിന്റെ രക്ഷയിൻകീഴിൽ സസുഖം കഴിഞ്ഞിരുന്നു. അമുസ്ലിം കരം മുസ്ലീം രക്ഷയിൻകീഴിൽ വരുന്ന സന്ദർഭത്തെ നേരിടുവാനുള്ള ഉപാധിയെക്കുറിച്ചായി പ്രവാചകന്റെ ആലോചന. അദ്ദേഹം കണ്ട പ്രതിവിധി അവരെ അഹലുദ്ദിമ്മ (രക്ഷിക്കപ്പെടുന്ന സമുദായം) ആയി കണക്കാക്കണമെന്നായിരുന്നു. തന്റെ അനുയായികളോട് അദ്ദേഹം പ്രഖ്യാപിച്ചു: ''ആര് ഒരുദിമ്മിയെ (രക്ഷ ഉറപ്പുകൊടുക്കപ്പെട്ട അമുസ്‌ലീം) അപായപ്പെടുത്തുന്നുവോ അവൻ ഒരിക്കലും സ്വർഗത്തിന്റെ മണംനുകരുന്നവനായിരിക്കുകയില്ല''.[5] കിത്താബുൽകിരാജ് എന്ന വിലപ്പെട്ട പുസ്തകത്തിൽ അബൂയൂസുഫ്, പ്രവാചകൻ മറ്റൊരവസരത്തിൽ പറഞ്ഞിട്ടുള്ളതായി ചേർത്തിരിക്കുന്നതിങ്ങനെയാണ്. 'ആര് മുമ്പടിക്ക് വിധേയനായ ഒരുത്തനെ ഉപദ്രവിക്കുകയോ അമിതമായ നികുതി ചുമത്തുകയോ ചെയ്യുന്നു, അവനെതിരായി അവസാനം വിധിദിനംവരെ ഞാൻ വാദിക്കുന്നവനാണ്''.[6]

ആദ്യത്തെ കലീഫയായ അബൂബക്കർ പ്രസ്താവിച്ചതായി ഇബിനുസ ഊദിന്റെ 'കിത്താബുൽതബുകാത്തുൽ കബീർ' എന്ന പുസ്തകത്തിൽനിന്നും ഡോ. റോയ്ചൗദ്രി എടുത്തുകൊട്ടിരിക്കുന്ന ഒരു ഭാഗം ചുവടെ ചേർക്കുന്നു. ''രഹസ്യപ്രഖ്യാപിക്കപ്പെട്ട ജനതയിൽ ഒരാളെയും കൊല്ലരുത്''. അത് നിങ്ങളം ചെയ്തുപോയാൽ ദൈവകോപം ഉണ്ടാകുന്നതും നിങ്ങളെ നരകത്തിൽ പ്രവേശിപ്പിക്കുന്ന

5. Quoted-Kindi- Book of governors and judges. PP. 351-390
6. Abu yousef–Kitob-ul-Kiraj P. 71

തുമാണ്.'' ഉമറാകട്ടെ തന്റെ സേനാധിപതിക്കയച്ച നിർദ്ദേശത്തിൽ ഇങ്ങനെ വ്യക്തമാക്കിയിട്ടുണ്ട്; ''അമുസ്ലീംപ്രജകളെ ഉപദ്രവിക്കുന്നതിൽനിന്നും അവരുടെ സ്വത്തുക്കൾ നശിപ്പിക്കുന്നതിൽ നിന്നും മുസ്ലീംകളെ നിരോധിക്കുക മാത്രമല്ല അവരുമായി ഏതൊക്കെ നിബന്ധനകളോടുകൂടിയാണ് കരാറിലെത്തുന്നത്, അവ തൃപ്തികരമായി നിറവേറുകയും ചെയ്യുക.''[7] പ്രവാചകന്റെ കാലത്തുതന്നെ ഇത്തരം കരാറുകൾ അമുസലീംകളുമായി ഉണ്ടായിരുന്നു. അവ കൃത്യമായും വിശ്വസ്തമായും പാലിക്കപ്പെട്ടുപോന്നിരുന്നുവെന്നും എല്ലാവരും സമ്മതിക്കുന്ന കാര്യമാണ്. ''ജൂതൻമാരുമായി പ്രവാചകൻ നടത്തിയ കരാറുപ്രകാരം യുദ്ധച്ചെലവിലേക്ക് സംഭാവന എന്ന നിലയിൽ ജിസ്യിയ നല്കിയാൽ മതിയെന്നും മനസ്സാക്ഷിക്കുത്തുള്ളതുകൊണ്ട് മുസ്ലീം പട്ടാളത്തിൽ ചേരുന്നതിൽനിന്നും ഒഴിവാക്കിയിരുന്നെന്നും പ്രസ്താവിക്കുന്നു.'' നജ്റാനിലെ ക്രൈസ്തവരുമായി മറ്റൊരു സന്ധി ചെയ്തിരുന്നതനുസരിച്ച് പട്ടാളസേവയിൽ നിന്നും അവരെ ഒഴിവാക്കിയിരുന്നു. ജിസിയ നൽകുന്നതിനുപകരമായി അവരുടെ ജീവനും സമ്പത്തും വിശ്വാസവും ആരാധനാലയങ്ങളും മറ്റെന്തെല്ലാം അവർക്കുണ്ടായിരുന്നുവോ അവയും രക്ഷിക്കപ്പെട്ടുപോന്നിരുന്നു. ഒരു ബിഷപ്പിനെയും അദ്ദേഹത്തിന്റെ പൗരോഹിത്യ കർമ്മങ്ങളിൽനിന്നും പിൻതിരിയുവാനാജ്ഞാപിച്ചിരുന്നില്ല. ആരേയും ഉപദ്രവിക്കുകയോ പ്രയാസപ്പെടുത്തുകയോ ചെയ്തിരുന്നില്ല.[8]

കലീഫമാരായ അബൂബക്കറും ഉമറും ഇത്തരം അനവധി കരാറുകൾ ചെയ്തിട്ടുള്ളതായി രേഖകൾ ഉണ്ട്. സി

7. W. Tabari Annals–quoted by U. N. Day. Administrative system of Delhi sultanate. P. 65.
8. Kitab-ul-Kiraj. op. cit p. 72-73
9. Fatuh-ul-Buldan-quoted by Dr. Tripati-Some Aspects of Muslim Administration P. 334

റിയായിലേയും ഇറാക്കിലേയും ക്രൈസ്തവരുമായി ഇത്തരം സന്ധികൾ അവർ ധാരാളം നടത്തിയിരുന്നു.[9] അതുപോലെതന്നെ കീഴടക്കിയ പ്രദേശങ്ങളിലെ ജനങ്ങൾ എപ്പോൾ രക്ഷനല്കുവാൻ സാധിച്ചിട്ടില്ലാത്ത അവസരങ്ങളിൽ പിരിച്ച നികുതി തിരികെക്കൊടുത്തിട്ടുള്ള പല അവസരങ്ങളും ഉണ്ടായിട്ടുണ്ട്. ഡോ. താരാചന്ദ് മേലുദ്ധരിച്ച പ്രമാണത്തെത്തന്നെ അവലംബിച്ച് എടുത്തെഴുതിയിട്ടുള്ളതിങ്ങിനെയാണ്: 'പലപ്പോഴും കലീഫമാർ പിരിച്ച ഈ നികുതി തിരിച്ചുകൊടുത്തിട്ടുണ്ട്, ഉറപ്പുകൊടുക്കുവാനൊക്കാത്ത സന്ദർഭങ്ങളിൽ'.[10]

ആർനോൾഡ് തർജ്ജമ ചെയ്തിട്ടുള്ള സാഹ്യുവിന്റെ 'അനലിഡെൽ ഇസ്ലാം' എന്ന പുസ്തകത്തിലിങ്ങിനെ കാണുന്നു. 'ജിസിയ പട്ടാളത്തിനുവേണ്ടി ഏർപ്പെടുത്തപ്പെട്ട നികുതിയാണ്. കലീഫ ഉമറിന്റെ സേനാധിപതി അബൂ ഉബൈദുള്ളയയ്ക്കയച്ച ഒരു എഴുത്ത് മുഖേന സിറിയായിലെ ഗവർണ്ണരോട് അവിടെനിന്നും പിരിച്ച നികുതി മടക്കിക്കൊടുക്കാൻ കല്പിച്ചുകൊണ്ട് അദ്ദേഹം അവിടത്തെ ജനങ്ങളെ ഇങ്ങനെ അറിയിച്ചു. 'നിങ്ങളം നൽകിയപണം നിങ്ങൾക്ക് തിരിച്ചുതരികയാണ്. കാരണം റോമാചക്രവർത്തി ഹിരാക്ലീയസ്സിന്റെ ഒരു സേന ആക്രമണോദ്ദേശ്യത്തോടുകൂടിവരുന്ന വിവരം ലഭിച്ചിരിക്കുന്നു, നാം തമ്മിലുള്ള ധാരണ നിങ്ങളെ സംരക്ഷിച്ചുകൊള്ളാമെന്നും നിങ്ങൾ ജിസിയ നല്കാമെന്നുമായിരുന്നവല്ലോ. അതിപ്പോൾ തീർത്തുപറയാറായിട്ടില്ല. നാം എന്ത് നിങ്ങളിൽ നിന്നും വാങ്ങിയിട്ടുണ്ടോ അത് തിരികെ തരികയാണ്. എന്നാൽ നമ്മുടെ സേന വിജയിക്കുകയാണെങ്കിൽ പഴയ കരാറനുസരിച്ച് നാം ബാദ്ധ്യത പുലർത്തുകയും നികുതിവാങ്ങുകയും ചെയ്യാം'.[11] അതുപോലെതന്നെ സൈപ്രസ്സിലെ ജനങ്ങൾ 'ജിസിയ' നൽകാൻ തയ്യാറായപ്പോൾ

10. Dr. Tripati-Some Aspects of Muslim Administration C 33
11. quoted by Dr. Roy Choudry

ഉമർ അവരെ അറിയിച്ചു ''യുദ്ധം അവസാനിച്ചിട്ടില്ലെന്നും അതുകൊണ്ട് അവരുടെ സംരക്ഷണം ഉറപ്പുകൊടുക്കാനൊക്കുകയില്ലെന്നും തന്മൂലം ജിസിയ വാങ്ങുവാൻ സാദ്ധ്യമല്ലെന്നും.'' മുഹമ്മദ് ഇബ്നു അൽകാസിം സിന്ധു ആക്രമിച്ച അവസരത്തിൽ അമ്പലങ്ങൾ ചിലതു നശിക്കാനിട വന്നു. എന്നാൽ കലീഫയുടെ കല്പന പ്രകാരം നാശനഷ്ടങ്ങൾ പറഞ്ഞ അമ്പലങ്ങൾ പണിചെയ്തു കൊടുക്കുവാൻ അദ്ദേഹം നിർബന്ധിതനായി. ''സിന്ധ്യാക്രമണം രാഷ്ട്രീയമായി വേഗം മറയ്ക്കപ്പെട്ടെങ്കിലും ആക്രമണാധീന പ്രദേശത്ത് ഒരു ദിമ്മിയെ ഭരണാധികാരി (Governor) യായംഗീകരിക്കുവാനും ആ നാട്ടിലെ ഭാഷയിൽ ഭരണകാര്യങ്ങളും കണക്കുകളും എഴുതുവാനും ഇടയായത് മുസ്ലീം ഇൻഡ്യയിൽ അമുസ്ലീംകളുടെ സ്ഥിതിക്ക് ആദ്യകാലങ്ങളിൽത്തന്നെയുള്ള അംഗീകാരം കുറിക്കുന്ന നിലക്ക് പ്രാധാന്യമർഹിക്കുന്നുണ്ട്.''[12]

ദിമ്മികളായി അമുസ്ലീംകളെ പ്രഖ്യാപിച്ചുകഴിഞ്ഞാൽ അവരെ സംരക്ഷിക്കുന്ന ബാദ്ധ്യത മുസ്ലീം ചക്രവർത്തിമാർ ഏറെറടുത്തിരുന്നു. 'ജിസിയ' അങ്ങനെ സംരക്ഷണ നികുതിയായിരുന്നുവെന്ന് അസന്ദിഗ്ധമായി മേലുദ്ധരിച്ച കാര്യങ്ങൾകൊണ്ട് മനസ്സിലാക്കാനൊക്കുമല്ലൊ. ഒരു ജനതയെ ദിമ്മികളായി പ്രഖ്യാപിച്ചു കഴിഞ്ഞാൽ അവർക്കു രണ്ട് പ്രധാനാവകാശങ്ങൾ ലഭിച്ചിരുന്നു. ഒന്ന്, അവരുടെ വിശ്വാസത്തിനേയോ സ്വത്തിനേയോ സംബന്ധിച്ച ഉറപ്പ്. രണ്ട്, ആക്രമണങ്ങളിൽ നിന്നും രക്ഷ.[13] ഇതിനെല്ലാം പുറമേ ഒരു ദിമ്മിക്ക് ഒരു രാജ്യത്തെ മറെറാ പ്രജകളോട് തുല്യം എല്ലാ അധികാരവകാശങ്ങളും നല്കപ്പെട്ടിരുന്നു. ''ഒരു മുസ്ലിമിന്റെ മര

12. S. M. Jaffar-article on Islamic culture P. 122.
13. Dr. Tripathi-Some Aspects of Muslim Administration, p. 340

ണപത്രം നടപ്പിലാക്കുവാൻ ദിമ്മിയെ അധികാരപ്പെടുത്താം.[14] ഒരു ദിമ്മിയെ മതപരമായ ആചാരാനുഷ്ഠാനങ്ങളും നടത്തുവാൻ നല്കിയിരുന്ന സ്ഥലങ്ങളുടെ ഒഴികെയുള്ള രക്ഷാധികാരി (മുത്തവല്ലി) ആക്കുവാൻ സാധിക്കും.[15] മുസ്ലീംകളും തമ്മിലുള്ള തർക്കകാര്യങ്ങളിൽക്കൂടി വിധികർത്താവായി ദിമ്മികളെ നിയമിക്കാം.[16] മുസ്ലീം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരമാധികാരിയാകുന്നതിലും തടസ്സമില്ല.[17] ദിമ്മികളും ഐസ്ലാമിക നിയമത്തിനു വിധേയരാക്കേണ്ടവരല്ല.[18]

ഔറംഗസീബു് അമുസ്ലീംകളും ഇസ്ലാമികശാസനകളുക്കു് അപ്പുറത്തുള്ളവരാണെന്നു് കണക്കാക്കിയിരുന്നെന്നും അവരുടെ നിയമങ്ങളും മാത്രമേ അവരുടെ കാര്യങ്ങളെ നിയന്ത്രിക്കുവാനുപയോഗിച്ചിരുന്നുള്ളുവെന്നും എം. ബി. അഹമ്മദു്. 'ഫത്ത്വായി ആലംഗീരി'യിൽ നിന്നെടുത്തുദ്ധരിക്കുന്നു.[19] ഒരു കരാറിലേർപ്പെട്ട അമുസ്ലീംകളെ സംബന്ധിച്ചു് പ്രവാചകൻ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു. ''ഒരു മുസ്ലീമിന്റെ രക്തം എത്രമാത്രം പരിശുദ്ധമാണോ അത്രയും തന്നെ പരിശുദ്ധമാണു് ഒരു ദിമ്മിയുടെ രക്തവും''. ചുരുക്കത്തിൽ ഖുറാൻ തർജ്ജമയിൽ മുഹമ്മദാലി വിവരിക്കുന്നതുപോലെ 'ജിസ്യ' എന്നാൽ അമുസ്ലീംകളായ സ്വതന്ത്ര പ്രജകൾക്കു് സുരക്ഷിതത്വം നൽകിയിരുന്നതിനുപകരമായി ചുമത്തിയിരുന്ന നികുതിയായിരുന്നു, അമുസ്ലീം പ്രജകളെ നിർ

14. Baille-A Digest of Muhammedan Law, p.p 175-76
15. Ameer Ali-Mohammedan Law, Vol. I, p. 35
16. Ameer Ali-Spirit of Islam p. 249
17. Ibid, p. 249
18. Fatwa-i-Alamgiri-Quoted by K. A. Nizami-Religion and Politics of Medieval India, P.P 141-206
19. Quoted in Administration and Justice in Medeival India, 1940 Ed. p. 101

ബന്ധപട്ടാളസേവനത്തിൽ നിന്നും ഒഴിവാക്കിയിരുന്നതു കൊണ്ടായിരുന്നു അതെന്നും അദ്ദേഹം കൂട്ടിച്ചേർത്തിട്ടുണ്ട്.

ജിസിയകൊണ്ടുദ്ദേശിച്ചിരുന്നതെന്താണെന്ന് ഇതുവരെയുള്ള വിവരണം കൊണ്ടനുമാനിക്കുന്ന സിദ്ധമാണല്ലൊ. ആദ്യകാലങ്ങളിൽ മുസ്ലീം പട്ടാളം വെറും രാജ്യരക്ഷയ്ക്കുള്ള സന്നാഹങ്ങം മാത്രമായിരുന്നില്ല. വിശ്വാസത്തിന്റെ കാവൽ ഭടന്മാരും കൂടിയായിരുന്നു അവർ. ക്രൈസ്തവരാജ്യങ്ങളിലെ സ്ഥിതിയും വ്യത്യസ്തമായിരുന്നില്ല. തന്മൂലം പട്ടാളസേവനത്തിൽനിന്നും ആദ്യമാദ്യം ദിമ്മികളെ ഒഴിവാക്കിയിരുന്നു. എന്നാൽ പട്ടാളത്തിന്റെ നിലനില്പുകൊണ്ട് രാജ്യത്തിലെ എല്ലാ വിഭാഗക്കാരും രക്ഷയും സുഖജീവിതവും അനുഭവിച്ചിരുന്നു. പട്ടാളത്തിൽ ആരോഗ്യമുള്ള എല്ലാ ആളുകളും ചേരണമെന്ന് അക്കാലങ്ങളിൽ എല്ലാ സ്ഥലങ്ങളിലും നിലനിന്നിരുന്ന നിർബന്ധനിയമവും ഉണ്ടായിരുന്നു. ഒഴിവാക്കപ്പെട്ടവർക്ക് അവരനുഭവിക്കുന്ന രക്ഷയും പട്ടാളജീവിതത്തിൽ വരാവുന്ന അപായവും കണക്കിലെടുക്കുമ്പോം ഈ നികുതി എത്ര നിസ്സാരമായിരുന്നിരിക്കണം. പ്രതിഫലമായി ഏർപ്പെടുത്തിയിരുന്നതും ഉഭയകക്ഷികംക്കും സമാധാനവും സൌകര്യവും കിട്ടിയിരുന്നതുമായ ഒരു പട്ടാള നികുതിയായിരു 'ജിസിയ': അല്ലാതെ മതനികുതിയായിരുന്നില്ലെന്നു വ്യക്തമല്ലേ; ''നികുതിയെന്നർത്ഥത്തിലും കാഴ്ചവെയ്ക്കുന്ന സാധനങ്ങളെ കുറിയ്ക്കുവാനും ജിസിയ എന്ന പദം പിന്നീടുപയോഗിച്ചിരുന്നു [20]'' റോമാക്കാരും പേർഷ്യാക്കാരും അവരുടെ പൌരത്വം നൽകാതിരുന്ന പ്രദേശങ്ങളിലെ ജനങ്ങളിൽനിന്നും ഇത്തരം നികുതി പിരിച്ചിരുന്നു. പൌരന്മാരല്ലാത്തവർക്കു പട്ടാളത്തിൽ ചേരുക സാദ്ധ്യമായിരുന്നില്ല. നിക്കോളസ്സ് അഗ്നൈഡ്സ് വിവരിക്കുന്നതിങ്ങനെയാണ്. ''തുടക്കത്തിൽ അമുസ്ലീങ്ങളുടെ ജീവനും സ്വ

20 Qurian-us Sadanin quoted by
D. H. Qureshi-Administration of the Sultanate of Delhi

ന്നതിനും രക്ഷ നൽകുന്നതിന് പ്രതിഫലമായി ചുമത്തിയിരുന്ന നികുതിയാണ് ജിസിയ. അവർ അവിശ്വാസികളായിരുന്നതാണിതിനുകാരണം.'' [21]

എന്നാൽ വിവിധ രാജ്യങ്ങളിൽ മുസ്ലീം അധിനിവേശമുണ്ടായതോടുകൂടിയും കാര്യങ്ങളിൽ പലമാറ്റങ്ങളും വന്നു. പട്ടാളത്തിൽ ചേരുവാൻ ജനങ്ങളെ സന്നദ്ധരായി. പടയാളികളെ രാജ്യരക്ഷകന്മാരും പ്രതിരോധശക്തിയും എന്നതിൽക്കവിഞ്ഞ് മതപ്രചാരകന്മാരോ രക്ഷകന്മാരോ അല്ലാതായി. അതോടെ അമുസ്ലീംകളെ ധാരാളം പട്ടാളത്തിൽ ചേരുകയും ജിസിയയിൽ നിന്നും ഒഴിവാക്കപ്പെടുകയും ചെയ്തു. മുഹമ്മദ് ഗസ്നായെ വെറും ആക്രമണകാരിയും കൊള്ളക്കാരനുമായിട്ടാണല്ലൊനാം അറിയുക. അദ്ദേഹത്തിന്റെ സേനാധിപന്മാരിൽ ഒരാൾ ഹിന്ദുവായിരുന്നു. അതുപോലെ ഉപനായകരിൽ വളരെപ്പേരും; 'ലാഹോറിലെ അദ്ദേഹത്തിന്റെ ഗവർണ്ണറും ഹിന്ദുവായിരുന്നു.'' [22] മുസ്ലീം ഭരണസ്ഥാപനത്തോടുകൂടി പട്ടാളസേവനത്തിന് തയ്യാറായ അമുസ്ലീംകളുടെ ഉദ്യോഗമോയിരുന്നില്ല പട്ടാളസേവനത്തിന് വന്നവരെ ജിസിയയിൽനിന്നും ഒഴിവാക്കിയിരുന്നു. ''ദിമ്മികളുടെ സേവനം പട്ടാളത്തിനാവശ്യമായി വന്നപ്പോഴൊക്കെ ജിസിയായിൽനിന്നവരെ ഒഴിവാക്കിയിരുന്നു.'' [23] ''അമുസ്ലിങ്ങളെ യുദ്ധസേവനം ചെയ്തിരുന്നപ്പോഴും നികുതിയിൽനിന്നും ഒഴിവാക്കപ്പെട്ടിരുന്നു.'' എന്ന് അൻതബാറിയെ ഉദ്ധരിച്ചുകൊണ്ട് ഡോ, റോയ് ചൗദ്രി എടുത്തു കാട്ടുന്നു. ചുരുക്കത്തിൽ, പട്ടാളസേവനത്തിന് തയ്യാറാവാത്തവരും ഭടന്മാരുള്ളതുകൊണ്ട് ജീവനും സ്വത്തിനും രക്ഷകിട്ടിയിരുന്നവരുമായവരിൽനിന്നു പിരിച്ചെടുത്തിരുന്ന നികുതിയാണ് ജിസിയ. അതു മതനികുതിയായിരുന്നില്ലെന്നു സിദ്ധം.

21. Muhammedan Theory of Finance and Taxation PP 398–399 and 528.
22. Dr. Roy Choudry–op. cit.
23. Fath-ul-Buldan-quoted by Dr-Tripati op. cit

ഒന്നുകൂടി വ്യക്തമാക്കുവാൻവേണ്ടി, ആരെയൊക്കെയാണ് ഇതിൽനിന്നും ഒഴിവാക്കിയിരുന്നതെന്നുകൂടി ചേർത്തുകൊള്ളട്ടെ. ''സ്ത്രീകളും, കുട്ടികളും, സ്ഥിരതയില്ലാത്തവർ, വൃദ്ധന്മാർ, പണ്ഡിതന്മാർ, സന്യാസികളും, അംഗവൈകല്യമുള്ളവർ'' തുടങ്ങിയവരെ ജിസിയയിൽ നിന്നും ഒഴിവാക്കിയിരുന്നുവെന്ന് അഗ്നൈഡ്സും, ത്രിപാഠിയും, ചൌദ്രിയും, നിസാമിയും മറെറല്ലാ എഴുത്തുകാരും സമ്മതിക്കുന്ന പരമാർത്ഥമാണ്. ഒഴിവാക്കപ്പെട്ട ഇവർ പട്ടാളസേവനത്തിന് പറാത്തവരായതുകൊണ്ടാണെന്നും ഇവരത്രയും സമ്മതിക്കുകയും ചെയ്യുന്നുണ്ട്. അബൂയൂസുഫിനെ ഉദ്ധരിച്ചുകൊണ്ട് അഗനൈഡ്യസ് പറയുന്നത് അന്ധന്മാരും മുടന്തന്മാരും പണക്കാരായിരുന്നുവെങ്കിൽ അവരിൽനിന്നും ജിസിയ ഈടാക്കിയിരുന്നുവെന്നാണ്. ശാരീരികമായി പട്ടാളസേവനം ചെയ്യാനൊക്കാത്തവർക്ക് പണംകൊണ്ട് സഹായിക്കാമല്ലോ എന്നതുതന്നെ ന്യായം. സ്ത്രീകളും കുട്ടികളും വൃദ്ധന്മാരും പണ്ഡിതന്മാരും തുടങ്ങിയുള്ളവരെ ഒഴിവാക്കിയിരുന്നപ്പോഴും അവശേഷിച്ച ജനവിഭാഗം ഏതായിരുന്നുവെന്ന് അത്ര ചുഴിഞ്ഞാലോചിക്കാതെതന്നെ മനസ്സിലാകും. ശേഷിയും സൗകര്യവുമുള്ള അരാഗദ്ധഗാത്രന്മാരായ യുവാക്കളെ മാത്രമാണ് യുദ്ധസേവനത്തിന് പറഞ്ഞിയവർ. നിർബന്ധ പട്ടാള സേവനം ഒരു നിയമമായിരിക്കുമ്പോഴും കായികബലവും കഴിവുമുണ്ടായിട്ടും ചേരാത്തവരെ ഒഴിവാക്കാനുള്ള ഉപാധിയായിരുന്നു ജിസിയ എന്ന നികുതി. പട്ടാളത്തിൽ ചേരുക അക്കാലങ്ങളിൽ എന്നത്തേതിലും അപകടകരമായിരുന്നു. പ്രത്യേകിച്ചും നിത്യേനയെന്നോണം യുദ്ധമുണ്ടായിരുന്ന സന്ദർഭങ്ങളിൽ. ഈ അപായത്തെയും ജീവനേയും തൃണവൽഗണിച്ച് മറെറള്ളവർ പട്ടാളസേവനം ചെയ്യുമ്പോഴും, സാദ്ധ്യതയുണ്ടായിട്ടും അതിനൊരുങ്ങാത്തവരെ വെറുതെ വിടുന്നത് നീതീകരണമാകുകയില്ല. അവർ പട്ടാളത്തെക്കൊണ്ടുള്ളസുരക്ഷിതത്വം ശാരീരികമായ നഷ്ടമൊന്നുംകൂടാതെ തന്നെ അനുഭവിക്കുന്നവരുമാണല്ലോ.

അവരിൽ നിന്നും അവരുടെ കഴിവനുസരിച്ച് പട്ടാള ത്തെ നിലനിർത്തുവാൻവേണ്ടി വസൂലാക്കിയിരുന്ന യുദ്ധ നികുതിയായിരുന്നു ജിസിയ. മതനികുതിയായിരുന്നു വെങ്കിൽ അമുസ്ലീംസ്ത്രീകളേയും കുട്ടികളേയും ഒഴിവാക്കുക അസാദ്ധ്യമല്ലേ. ഇതരമതസ്ഥരുടെ തലയെണ്ണി ഈടാക്കുന്നതല്ലെ ഉണ്ടായിരുന്നുള്ളു. സ്ത്രീകളേയും, കുട്ടികളേയും പണ്ഡിതൻമാരേയും വികലാംഗരേയും ഒഴിവാക്കിയിരുന്നതുതന്നെ ഇത് മതനികുതിയല്ലെന്ന് സ്പഷ്ടമാകുന്നില്ലേ. മതനികുതിയായിരുന്നുവെങ്കിൽ പുരോഹിതൻമാരെ ഒരിക്കലും ഒഴിവാക്കുമായിരുന്നില്ലല്ലോ.

എന്നാൽ ബ്രിട്ടീഷുകാർക്ക് ഈ പട്ടാളനികുതി മതനികുതിയാക്കുവാൻ തീരെ പ്രയാസം നേരിട്ടില്ല. ഇവിടെ ജാതിസമ്പ്രദായം രൂക്ഷമായിരുന്ന സന്ദർഭത്തിലാണ് മുസ്ലിം ഭരണത്തിന്റെ ഉൽഘാടനം നടക്കുന്നത്. ബ്രാഹ്മണരൊഴികെയുള്ളവരെയാണ് ആദ്യം ജിസിയക്ക് വിധേയമാക്കുന്നത്. അവർ പണ്ഡിതന്മാരുടേയും പുരോഹിതൻമാരുടേയും വർഗ്ഗത്തിൽപ്പെട്ടവരാകകൊണ്ടായിരുന്നു അത്. എന്നാൽ ജനനാൽതന്നെ പണ്ഡിതനും പുരോഹിതനുമാകുന്ന ജാതി സമ്പ്രദായത്തിൽ വിശ്വസിച്ചിരുന്നവരോ അതിനെ മാനിക്കുവാൻ ബാധ്യസ്ഥരോ ആയിരുന്നില്ല മുസ്ലീം ഭരണകർത്താക്കൾ. പണ്ഡിതന്മാരും പുരോഹിതൻമാരും അല്ലാത്ത ബ്രാഹ്മണരോട് പട്ടാളസേവനം ആവശ്യപ്പെട്ടിട്ടുള്ള ചില സന്ദർഭങ്ങളുണ്ടായിട്ടുണ്ട്, ഹിറോസ്ഷായുടെ കാലത്തും ഔറംഗസീബിന്റെ കാലത്തും. ഈ രണ്ടു സന്ദർഭങ്ങളിലും വളരെ ഒച്ചപ്പാടും ഉണ്ടാക്കിയിട്ടുണ്ട്, ഫിറോസിന്റെ കാലത്താണ് ആദ്യമായി ബ്രാഹ്മണൻമാരും നികുതിയുടെ പരിധിയിൽ വരുന്നത്. അതുവരെ ഒരിക്കലും ഒരിനത്തിലും നികുതി കൊടുത്തിട്ടില്ലാത്ത അവർക്ക് ഏറ്റവും കനത്ത പ്രഹരമായിരുന്നു അത്. അവർ തൊകെട്ടെ പട്ടാളത്തിൽച്ചേർന്ന് ക്ഷത്രിയരാകുവാൻ ഒക്കുകയുമിപ്പോയിരുന്നു. ഫിറോസിന്റെ ശാഠ്യംകാരണം ബ്രാഹ്മണരു

ടെ നികുതി പണക്കാരായ മറ്റു ഹിന്ദുക്കളെ പിരിച്ചെടുത്തിരുന്ന എന്നു് അഗ്നൈഡ്സും ത്രിപാഠിയും മറ്റും എഴുതിയിട്ടുണ്ടു്. ക്ഷത്രിയന്മാരും വൈശ്യരും ശൂദ്രരും അത്രയധികം പ്രയാസപ്പെടേണ്ടതായിവന്നില്ല. കാരണം അവർക്കു് യുദ്ധത്തിൽചേരുന്നതുകൊണ്ടു് ജാതിപരമായ മേന്മയാണുണ്ടായിരുന്നത്. പ്രത്യേകിച്ചു് വൈശ്യനും ശൂദ്രനും ഇതൊരവസരമായിരുന്നു ക്ഷത്രിയമണ്ഡലത്തിലേക്കുയരാൻ. അവർ പട്ടാളത്തിൽ സസന്തോഷം ചേരുകയും ചെയ്തു. രണ്ടു പ്രാവശ്യമാണു് ഒരു നികുതിയെന്ന നിലക്കു് ഇതു് ഒച്ചപ്പാടിനു് വിധേയമാകുന്നതു്. അതു് രണ്ടും ബ്രാഹ്മണരിൽ ചിലരെക്കൂടി ഉൾപ്പെടുത്തിയതുമൂലവുമായിരുന്നു. ഈ രണ്ടു സന്ദർഭത്തേയും മുതലെടുത്ത ബ്രിട്ടീഷ്കാരനു് ചൂണ്ടിക്കാട്ടുവാൻ സൗകര്യം ലഭിച്ച ഈ നികുതി കൊടുത്തവർ മുഴുക്കെത്തന്നെ ഹിന്ദുക്കളായിരുന്നുവെന്നു്. തനുമൂലം മുസ്ലിം രാജ്യത്തു് ഹിന്ദുക്കളെ താമസിക്കുന്നതിനുള്ള മതനികുതിയായിരുന്ന 'ജിസിയ' എന്ന പ്രചാരണത്തിനു് ഊക്കം കിട്ടി വേഗം സ്ഥാപിക്കപ്പെടുകയുംചെയ്തു. മേലുദ്ധരിച്ച രണ്ടു സന്ദർഭങ്ങളൊഴികെ ബ്രാഹ്മണരിൽ പലരും ജിസിയ പിരിക്കുന്ന ഉദ്യോഗസ്ഥന്മാരായിരുന്നുവെന്നു് എസ്. എം. ജാഫർ 'ഇസ്ലാമികസംസ്കാരം' എന്ന പഠനാർഹമായ ലേഖനത്തിന്റെ 144-ാം പേജിൽ പ്രസ്താവിക്കുന്നുണ്ടു്. ചുരുക്കത്തിൽ മുസ്ലിം ഭരണാധിപന്മാരുടെ മതഭ്രാന്തിന്റെ പ്രതീകമായിരുന്നില്ല ജിസിയ; ബ്രാഹ്മണമേധാവിത്വത്തിന്റെ ജാതീയമായ അസഹിഷ്ണുതയുടെ സിംബലായിരുന്നു. അതുമാത്രമല്ല, രാഷ്ട്രീയം മാത്രമായിരുന്നു അതു ചുമത്തിയതിന്റെ പിന്നിലുണ്ടായ ചേതോവികാരം.

ഈ യുദ്ധനികുതിയാകട്ടെ പിരിച്ചിരുന്നതു് ധനശേഷിയുടെ അടിസ്ഥാനത്തിലുമായിരുന്നു. ജനങ്ങളെ പണക്കാരൻ, മധ്യവർത്തി, സാധാരണക്കാരൻ ഇങ്ങനെ മൂന്നു തരക്കാരാ

പിരിച്ചിരുന്നു.[24] കൊല്ലത്തിൽ 52 ക. യിൽ കുറവായവരിൽനിന്നും 3ക. 2ണ യും, 52–നും 2200–നും ഇടക്കു സ്ഥിതിയുള്ളവരിൽനിന്നും 6ക. 4ണയും, 2500ക. സ്സ് മേൽ വർഷാദായമുള്ളവരിൽനിന്നും 12ക, 8ണയുമായിരുന്നു പിരിച്ചിരുന്നത്. [25]കലീഫാ ഉമറിന്റെ കാലത്ത് 48 24-12 ദിനാർ വീതമാണ് ഉള്ളവർ, ഇടത്തരക്കാർ, സാധാരണക്കാർ എന്നീ വിഭാഗത്തിൽ നിന്നും പിരിച്ചെടുത്തിരുന്നത്. ''ഏറ്റവും താഴ്ന്നതരക്കാർ ഒരു ദിനാറും, ഇടത്തരക്കാർ രണ്ടും, ധനികന്മാർ നാലും (ഒരാൾക്ക് ഒരു കൊല്ലത്തെയ്ക്ക്) എന്ന തോതിലാണ് നിജപ്പെടുത്തിയിരുന്നത്.[26]'' ഡൽഹി സുൽത്താന്മാരാകട്ടെ 10, 20, 40 ടാങ്കു വീതവുമാണ് പിരിച്ചിരുന്നത്,[27] 1680–81–ൽ ബാദ്ഷാപൂർ പർഗാനയിൽനിന്നുള്ള ജിസിയ പിരിവിന്റെ കണക്കു ലഭിച്ചിട്ടുണ്ട്. ഒട്ടാകെ അവിടെയുള്ള ജനസംഖ്യ 1855 ആയിരുന്നു. അതിൽ 1320 പേർ ഒഴിവാക്കപ്പെട്ടിരുന്നു. അവശേഷിച്ച 535 പേരിൽ ഒന്നാം ഗ്രേഡുകാരായ 88 പേർ 1100ക.യും ($12\frac{1}{2}$ക.) രണ്ടാം തരക്കാരായ 145 ആളുകൾ 904ക. 4ണ.യും ($6\frac{1}{4}$ ക.) ബാക്കിയുള്ള 302 പേർ 943ക. 12ണ. യും (3ക. 2ണ. വീതം) കൂടി ഒട്ടാകെ 1950ക. ഈ നികുതിയിനത്തിൽ നൽകി.[28]

ധനികരിൽനിന്നും 12ക. 8ണയും മദ്ധ്യവർത്തികളിൽനിന്ന് അതിന്റെ പകുതിയും മറ്റുള്ളവരിൽനിന്ന് അതിന്റെ പകുതിയും എന്ന തോതിലാണ് പിരിച്ചിരുന്നതെന്ന് മേലുദ്ധരിച്ച കണക്കുകൾകൊണ്ടു കാണാം.

ഈ പട്ടാളനികുതി പല പേരിൽ പല സ്ഥലങ്ങളിലും നിലനിന്നിരുന്നു. 'ക്യാനൂജിലെ ഗർവാൽ രാജവം

24. Aghnides-p. 528, Dr. Tripati, p. 341, Day, p.89
25. Aghnides
26. Encyclopaedia of Islam, Vol. I, p. 105
27. Afif, p. 889
28. Manu script in the Lytton Library M-U. Aligarh–Folios 38-39

ശം തുരുഷ്കാടന്ധാ എന്ന ഒരു നികുതി പിരിച്ചിരുന്നു. ഇത് ഒന്നുകിൽ മുസ്ലിങ്ങളുടെ ആക്രമണത്തെ ചെറുത്ത് ഹിന്ദുക്കളെ രക്ഷിക്കുവാൻവേണ്ടി അവരിൽ നിന്നോ, അഥവാ ആ രാജ്യവാസികളായ മുസ്ലിംകളുടെ പക്കൽ നിന്നോ, ഈടാക്കിയിരുന്ന നികുതിയാണ്.[29] ചില രാജസ്ഥാൻ സ്റ്റേറ്റുകളിൽ ആളൊന്നുക്ക് ഒരു രൂപാ എന്ന തോതിൽ ഒരു മതനികുതി ചുമത്തിപ്പോന്നിരുന്നു,[30] കേരളത്തിൽ മുസ്ലീംകളിൽ എന്നു മാത്രം പിരിച്ചെടുത്തിരുന്ന 'പുരുഷാന്തരം' എന്ന നികുതി നിലന്നിരുന്നു. ഇങ്ങനെ മിക്കവാറും എല്ലാ സ്ഥലങ്ങളിലും ഏതെങ്കിലും പേരിൽ പട്ടാളനികുതി ഏർപ്പെടുത്തിയിരുന്നു. പട്ടാളശക്തിയാണു ഇന്നെന്നപോലെ അന്നും ഒരു ചക്രവർത്തിയുടെ പ്രബലതയ്ക്കു നിദാനമായി വർത്തിച്ചിരുന്നത്. തൻമൂലം നിർബന്ധ സൈനികസേവനം സാർവ്വത്രികമായിരുന്നു. കായികശേഷിയുള്ള എല്ലാ ആളുകളും പട്ടാളത്തിൽ ചേരണമെന്ന് ശാഠ്യം വന്നപ്പോൾ പലരും ഒഴിഞ്ഞുമാറി. പണംകൊണ്ടു സഹായിക്കുവാൻ കഴിവുള്ളവരിൽ നിന്നും അവർക്ക് പട്ടാളംമൂലം ലഭിക്കുന്ന രക്ഷയുടെ പേരിൽ ഒരു നികുതി ചുമത്തി. അത്രമാത്രമേയുണ്ടായുള്ളു.

പക്ഷേ നമ്മുടെനാട്ടിലെ ജാതിസമ്പ്രദായംകൊണ്ട് ബ്രാഹ്മണർ ഒരു സമുദായമെന്ന നിലയിൽ ചില സന്ദർഭങ്ങളിൽ നികുതിക്കു വിധേയരായിട്ടുണ്ട്. മുസ്ലിംകളിൽ ആരുംതന്നെ ഈ നികുതിക്ക് ഇരയായിട്ടില്ല. കാരണം അവരത്രയും മുസ്ലിം ഭരണകൂടത്തോടുകൂടി പട്ടാളസേവനം ഒരു ജീവിതവ്രതമാക്കിയിരുന്നു. ബ്രാഹ്മണർ യുദ്ധമുറകളഭ്യസിച്ചാൽ ക്ഷത്രിയരായി തരംതാഴുകയും ജാതിഭ്രഷ്ടു വരികയും ചെയ്യുമെന്ന് ഭയന്നതുകൊണ്ട് ചിലപ്പോൾ ഈ നികുതിഭാരം ചുമത്തേണ്ടതായി വന്നിട്ടുണ്ട്. അതെടുത്തു പെരുപ്പിച്ചു കാട്ടുകയാണ് ബ്രിട്ടീഷ് ചരിത്രകാരൻ ചെയ്തത്. അനായാസേന അവർക്കതു

സ്ഥാപിക്കുവാനും പററി. കാരണം ഈ നികുതിക്കിര യായവർ അമുസ്ലീംകളായിരുന്നു നൂറു ശതമാനവും.

ജിസിയ മതനികുതിയായി ഉറപ്പിക്കാൻ കഴിഞ്ഞ ചരി ത്രകാരന് ഇതിനേക്കാൾ മാരകമായ ഒരായുധം കിട്ടാനു ണ്ടായിരുന്നില്ല; ഹിന്ദുമുസ്ലിം വൈരത്തിന് തീ കൊളു ത്താൻ. ജിസിയ ചുമത്തിയ സുൽത്താനെപ്പററി പിന്നെന്തു പറഞ്ഞാലും ജനങ്ങൾ വിശ്വസിക്കുമെന്ന് വന്നുകൂടി, ഈ ടെക്നിക്കാണ് അവർ ഇത്തരം സാങ്കേതിക സംജ്ഞ കൾക്ക് കൊടുത്ത വിശദീകരണവും നിർവചനവും കൊ ണ്ടു സാധിച്ചത്. ഇന്നു നമുക്ക് സാമുദായികവൈരമല്ല ഐക്യമാണല്ലോ ആവശ്യം. അതുണ്ടാകാതിരിക്കുന്നത് ഇംഗ്ലീഷ് ചരിത്രകാരന്റെ നിർവചനങ്ങളിലും സ മ്പ്രദായങ്ങളിലും കുടുങ്ങി കിടക്കുന്നതു നിമിത്ത മാണ്. ഇന്നും അവയിൽ നിന്നും പുറത്തു ചാടാൻ നമുക്ക് പററിയിട്ടില്ല. അതുകൊണ്ടാണ് ശിഥിലീകരണ വാസനകളും സാമുദായിക സംഘർഷങ്ങളും വർദ്ധിച്ചു വരുന്നത്. കൂടുതൽ പേർ സാക്ഷരരാവും ലഭിച്ചു പഠി ച്ചറിയുന്നത് വിദ്വേഷത്തിന്റെ വിന വിതയ്ക്കുന്ന പാഠ ങ്ങളാണല്ലോ. എന്തുമാത്രം വ്യാപകമായി ഈ ദുരന്തം പട രുവാൻ പോകുന്നുവെന്നു കൂടി ആലോചിക്കണം. ജനത മുഴുക്കെ വിദ്യാസമ്പന്നരാകുന്ന സന്ദർഭം കുറെ കഴിഞ്ഞെ ങ്കിലും സംഭവിക്കും. അതോടെ അനൈക്യം കൂടുതലാ കുകയേയുള്ളു; നാം നമ്മുടെ സാംസ്ക്കാരിക ചരിത്ര പാഠങ്ങളെ ദേശീയ ദാർഢ്യതയ്ക്കും സാമുദായിക രഞ്ജി പ്പിനും ഉതകുന്ന രൂപത്തിൽ തിരുത്തി എഴുതിയില്ലെങ്കിൽ.

26

മതപരിവർത്തനത്തിന്റെ കഥ

1915–ലെ മുസ്ലീംലീഗ് വാർഷിക സമ്മേളനത്തിൽ ആ ദ്ധ്യക്ഷം വഹിച്ചു കൊണ്ട് മുഹമ്മദാലുൽഹക്ക് ഒരു സ്ഥിതി വിവരക്കണക്ക് വെളിപ്പെടുത്തി. ''ഏഴു കോടി മുസ്ലീംകൾ (അഖണ്ഡ) ഹിന്ദുസ്ഥാനത്തുള്ളതിൽ 80 ലക്ഷം മാത്രമേ അന്യരാജ്യങ്ങളിൽ നിന്നും വന്നവരുടെ സന്താനപരമ്പരയിൽ പെടുന്നുള്ളു. അവശേഷിച്ചവരത്രയും മതപരിവർത്തനം നടത്തിയ ഇൻഡ്യൻ വംശജരുടെ പിൻതലമുറക്കാരാണ്''. [1] ഇന്ന് പാകിസ്ഥാനിൽ തന്നെ പത്ത് കോടിയായും ഇൻഡ്യയിൽ 15 കോടിയായും ഇതു വർദ്ധിച്ചിട്ടുണ്ട്. ഇൻഡ്യൻ മണ്ണിൽ തഴച്ചു വളർന്ന ഈ സമുദായം പ്രബലമായത് നിർബന്ധമായ മതപരിവർത്തനം കൊണ്ടാണെന്ന് 'പലഭാഗത്തു' നിന്നും ആരോപണങ്ങളുണ്ടായിട്ടുണ്ട്. 600 കൊല്ലം ഈ നാടിന്റെ ഭൂരിഭാഗവും മുസ്ലീം രാജാക്കൻമാരുടെ അധീനതയിലുമായിരുന്നുവല്ലോ. ആ സ്ഥിതിക്ക് 'വാളു കൊണ്ടു സ്ഥാപിച്ചു' എന്ന് പരക്കെ വിശ്വസിച്ചു പോരുന്ന ഒരു മതം 'വാളു കൊണ്ടു തന്നെ പ്രചരിപ്പിച്ചിരിക്കും' എന്നു വ്യവഹരിക്കുന്നതിൽ തെറ്റില്ല. സത്യസ്ഥിതി മനസ്സിലാക്കുവാൻ വേണ്ടി ഭഗീരഥപ്രയത്നം നടത്തിയാൽ മാത്രമേ ഇതിന്റെ ഉള്ളു കള്ളി വെളിച്ചത്തുകൊണ്ടു വരാനൊക്കയുള്ളു.

---

1. Procedings of All India Muslim league

ഇസ്ലാമിനെപ്പറ്റി നമക്കിന്ന് ലഭിച്ചു കൊണ്ടിരിക്കുന്ന ഉപാദാനങ്ങളധികവും മതപരമായ പകപോക്കലിനു വേണ്ടി വിമതസ്ഥർ മന:പൂർവ്വം എഴുതിവിട്ട സാഹിത്യമാണ്. പ്രവാചകന്റെ സഹകാര്യജീവിതത്തേയും, ഇസ്ലാമിന്റെ പ്രചാരണത്തേയും ഒക്കെപ്പറ്റി ധാരാളം പ്രകോപനപരമായ കാര്യങ്ങൾ പുറത്തു വന്നിട്ടുണ്ട്. അതിനു മറുപടി പറയാൻ ഐസ്ലാമിക ജ്ഞാനികൾക്ക് സാധിച്ചതുമില്ല. കാരണം അവർക്കു കൈകാര്യം ചെയ്യാനറിയാവുന്ന ഒരേ ഭാഷ അറബിയായിരുന്നു. അതിൽ വാചാലമായും ധാരണാ വൈഭവത്തോടു കൂടിയും അവർ എഴുതുകയും ചെയ്തിരുന്നു. പക്ഷേ അറബി അറിവ്'ഇല്ലാത്തവർക്ക് ഇസ്ലാമിനെക്കുറിച്ച് ലഭിച്ചിരുന്ന വിവരം മുഴുക്കെ മറ്റു ഭാഷയിൽ കൂടിയായിരുന്നു. പ്രത്യേകിച്ചും ഇംഗ്ലീഷിൽക്കൂടി. അവയാകട്ടെ സംഗതികളെ വളച്ചൊടിച്ച് വികൃതപ്പെടുത്തിയ രൂപത്തിലുമായിരുന്നു. അതിനുപുറമേ ഏതൊരു മതത്തിനും പറ്റുന്ന തിരിച്ചടിയും നിശ്ചലതവും ഇസ്ലാമിനും സംഭവിച്ചു. അതിന്റെ ജീവനും ആത്മാവും നഷ്ടപ്പെട്ട് വെറും ഒരു കോലം മാത്രമായി തീരുകയും ചെയ്തിരുന്നു. അതിന്റെ അനുയായികളാകട്ടെ അവരുടെ പ്രവൃത്തികൾ കൊണ്ടു തന്നെ ഇസ്ലാമിനെ കളങ്കം ചാർത്തുകയും ചെയ്തു. സുദീർഘമായ ഒരു കാലഘട്ടത്തിന്റെ ചരിത്രപരമായ ആവശ്യം നിർവ്വഹിച്ച ജിജ്ഞാസുക്കളുടെ ഒരു സമുദായം അപകർഷതാബോധം മാത്രം കൈമുതലായി പുറകോട്ടടിക്കുകയും ചെയ്തു. പ്രാകൃതമായ വസ്ത്രധാരണവുമായി കഴിഞ്ഞിരുന്ന കേരളീയരെ തന്നെ മുണ്ടും ഷർട്ടുമിടിവിപ്പിക്കുവാൻ പഠിപ്പിച്ച മുസ്ലീംകൾ ഇന്നും അതേ ഓറ മുണ്ടിൽത്തന്നെ നില്ക്കുന്നു. 'മലബാറിലെ ഹിന്ദുക്കൾ സ്ത്രീ പുരുഷഭേദമോ, ധനികദരിദ്ര വ്യത്യാസമോ കൂടാതെ എല്ലാവരും അർദ്ധനഗ്നരാണ്. ഒരു കച്ച അരയിൽ ചുറ്റിയുടുക്കുന്നു.' [2] 'അവിടത്തെ (മലബാറിലെ) സ്ത്രീ

2. Tuhafut-ul-Mujahideen–Malayalam Translation pp. 75-76

കളിലാരും മാറിടവും തലയും മറയ്ക്കാറില്ല. ഒറ്റ വസ്ത്രമേ ഇവർ ധരിക്കൂ, ഈ വേഷത്തിൽ അവർ അങ്ങാടിയിലും നടക്കാറുണ്ട്. [3] 1442 ൽ കേരളത്തിലെത്തിയ അബ്ദുൾ റസ്സാക്ക് തന്റെ യാത്രാ വിവരണ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതിങ്ങിനെയാണ്. 'ഇവിടത്തെ ജനങ്ങളും മിക്കവാറും നഗ്നരായിട്ടാണ് നടക്കുന്നത്. പൊക്കിളിനു താഴേയും, മുട്ടുകൾക്ക് മുകളിലുമായി ഒരു തുണി ക്ഷണം ഉപയോഗിക്കുന്നു. അതിനു ലങ്കോട്ടിയെന്നാണ് പറയുന്നത്. പക്ഷെ ഇവിടെയുള്ള മുസ്ലീംകൾ അറബികളെപ്പോലെ വളരെ വിലയുള്ള ഉടയാടകളും തലപ്പാവുകളും ധരിക്കുന്നു.' [4] അബ്ദുൾറസ്സാക്ക് തുടർന്നു രേഖപ്പെടുത്തുന്നത് ഇവിടെയുള്ള ജനസംഖ്യയിൽ അഞ്ചിലൊന്നോളം മുസ്ലീംകളാണെന്നാണ്. [5] 1583 ഏ. ഡി. യിൽ എഴുതപ്പെട്ട 'തുഹ്ഫത്തുൽമുജാഹിദീൻ' എന്ന ഗ്രന്ഥത്തിൽ 'ജനസംഖ്യയിൽ പത്തിലൊന്ന് മാത്രമേ മുസ്ലീംകൾ ഉള്ളൂ' എന്നു കാണുന്നു. [6] 16-ാം നൂറ്റാണ്ടിലെ പോർത്തുഗ്രീസ് ഓഫീസറും, ചരിത്രകാരനുമായ, ബർബൂസ രേഖപ്പെടുത്തുന്നത് 'മലബാറിലെ അഞ്ചിലൊരു ഭാഗം ജനങ്ങളും മുസ്ലീംകൾ ആണെന്നാണ്. എന്നാൽ ഇവരിലധികവും മറ്റു മതസ്തരെപ്പോലെ തന്നെ അർദ്ധനഗ്നരായാണ് കാണപ്പെടുന്നത്. വേർതിരിച്ചറിയുന്നതിനു വേണ്ടി തലയിൽ തൊപ്പിയോ തലപ്പാവോ അണിയുന്നു. ഇവിടെയുള്ള എല്ലാ കച്ചവടകുത്തകയും നാവിക മേധാവിത്വവും അവർക്കാണ്. വളരെ സമ്പന്നമായ ഒരു സമുദായമാണിത്', [7] 'ജനങ്ങളിൽ അഞ്ചു വിഭാഗമുണ്ട്. ആദ്യഗണത്തിൽപ്പെട്ടവരാണ് പൂണുനൂൽധാരികളും, രാജക്കൻമാരും, നായൻമാരും. അതു കഴി

3. Ibn-Battuta, Travels, Translation, Prof. Gibb
4. Elliot anc Dawson, Vol. II, p 100
5. Ibid, p. 101
6. Tuhafut-ul Mujahideen, Malayalam Translation, p. 82
7. Duarte Barbosa The description of the coasts of East Africa and Malabar

ഞ്ഞാൽപ്പിന്നെ മുസ്ലിംകളും ആണ് പ്രധാനികളും. മൂന്നാമത് ചെട്ടിയാരന്മാരും, പിന്നെ കൊങ്ങിണികളും അവസാനമായി മുക്കുവരുമാണ്.''[8] ഇങ്ങനെ ഐശ്വര്യ സമ്പൂർണ്ണമായിരുന്ന ഒരു സമുദായം അന്നത്തെ സ്ഥിതിയിൽ നിന്നും ഒറ്റ അടിയും മുന്നോട്ടുവെച്ചില്ല. ചരിത്രപരമായ പല കാരണങ്ങളാലും വിദ്യയിലും, വ്യവസായത്തിലും, സാമ്പത്തിക വികാസത്തിലും പുറകോട്ടടിക്കുവിധേയരായി രാഷ്ട്രത്തിനു തന്നെ അധികപ്പറ്റായിമാറി. നിത്യേനയെന്നോണം പുറകോട്ടടിച്ചുകൊണ്ടിരുന്ന ഇവർ ആചാരാനുഷ്ഠാനങ്ങളിൽ പോലും വൈകൃതം സൃഷ്ടിച്ചു. ചുരുക്കത്തിൽ മാതൃകാ സമുദായമായിരുന്നവർ പരിഹാസ്യപാത്രങ്ങളായി. മനഃപൂർവ്വം എഴുതിവിട്ട കാര്യങ്ങളെ മുസ്ലിംകളുടെ പ്രവൃത്തികൊണ്ടുതന്നെ തൻമൂലം ഉദാഹരിക്കാമെന്നും വന്നു. അപ്പോഴും ഐസ്ലാമിക സിദ്ധാന്തങ്ങളും തന്നെ തെറ്റിദ്ധരിക്കപ്പെടുകമാത്രമല്ല, അവർക്ക് കടക വിരുദ്ധമായി ഫലവത്തായി എന്തും പ്രചരിപ്പിക്കുവാനും സാധിച്ചു.

അന്ധവിശ്വാസികളുടേയും, മദ്യപാനികളുടേയും ഒരു സമൂഹത്തെ വിപ്ലവാത്മകമായ മാറ്റംകൊണ്ട് തീവ്രമായ ചലനം സൃഷ്ടിച്ച പ്രവാചകൻ മഹാനായ ഒരു വിപ്ലവ ജേതാവാണ്. തന്റെ സിദ്ധാന്തങ്ങളും പ്രചരിക്കുവാൻ രുടങ്ങിയപ്പോഴും അദ്ദേഹത്തിന് ക്രൂരമായ എതിർപ്പുകളും നേരിടേണ്ടതായി വന്നിട്ടുണ്ട്. താൻ ജനിച്ചു വളർന്ന നാട്ടിൽ തന്നെ കല്ലെറിഞ്ഞു നെറ്റിയിൽ നിന്നും ഒഴുകി നിലത്തു തളം കെട്ടുന്നതുവരെ രക്തം പ്രവഹിച്ചിട്ടും, മലിനസാധനങ്ങളും കൊണ്ടഭിഷേകം നടത്തിയിട്ടും, തന്റെ ദൗത്യത്തിൽനിന്നും അദ്ദേഹം പിൻവാങ്ങിയില്ല. മെക്കയിൽ നിന്നും പ്രാണരക്ഷാർത്ഥം ഓടിപ്പോകേണ്ടതായും വന്നു. പക്ഷേ മദീനായിലെ ജനങ്ങളും അദ്ദേഹത്തെ വിശ്വസിക്കുകയും നേതൃത്വം അംഗീകരിക്കുക

8. അച്ചുതമേനോൻ-കൊച്ചിൻ സെറ്റിൽമെന്റ് മാനുവൽ-പുറം-45

യും ചെയ്തു. നബിക്ക് അനേകം യുദ്ധങ്ങളും ചെയ്യേണ്ടതായിവന്നിട്ടുണ്ട്. അവയെല്ലാം തന്നെ പ്രതിരോധത്തിനും സ്വരക്ഷാർത്ഥവും മാത്രമായിരുന്നുവെന്നതാണ് ചരിത്രസത്യം. യുദ്ധങ്ങളിലെ വിജയംനിർണ്ണായക ഘടകമായിരുന്നുവെന്നത്. പരമാർത്ഥം തന്നെ. പക്ഷേ സമാധാനത്തിന്റെ മാർഗ്ഗങ്ങളൊക്കെ അടഞ്ഞതിനുശേഷം മാത്രമാണ് യുദ്ധം ചെയ്തിട്ടുള്ളത് കടന്നാക്രമിക്കാൻ വരുന്നവർക്ക് കീഴടങ്ങിയില്ലെന്നുമാത്രമല്ല അവരെ ജയിക്കുവാൻക്കൂടി സാധിച്ചു. ''വാളുകൊണ്ടാണ് ഇസ്ലാം പ്രചരിപ്പിച്ചത്,, എന്ന വിശ്വാസം വെച്ചുകൊണ്ടാണ് മുസ്ലീം രാജാക്കന്മാരുടേയോ ഇസ്ലാമിക പ്രചാരണത്തിന്റേയോ ചരിത്രം കുറിക്കുവാനൊരുമ്പെടുന്നതെങ്കിൽ നിശ്ചയമായും മുൻവിധിയുള്ളതുകൊണ്ട് നിഗമനം പിശകിപ്പോകും. അതാണിത്രയും വിശദീകരിക്കാൻ ശ്രമിച്ചത്, കാലഘട്ടത്തിന്റെ അനിവാര്യമായ ഒരടിയന്തരാവസ്ഥയുടെ നിമിത്തമായിരുന്നു ഇസ്ലാം.

ഇസ്ലാമികലോകത്തുണ്ടായ വ്യതിയാനങ്ങളും കൂടി കണക്കിലെടുത്തില്ലെങ്കിൽ ചിത്രം പൂർത്തിയാകുകയില്ല. പ്രവാചകന്റെ കാലം മുതൽ ചെങ്കിസ്ഖാന്റെ ആക്രമണം വരെയുള്ള കാലഘട്ടത്തെ നാലായി വിഭജിക്കാം. 622 മുതൽ 748 വരെയുള്ള ആദ്യകാലം. ഇക്കാലത്താണ് അറേബിയ, ഇറാക്ക്, സിറിയ, പേർഷ്യ, സിന്ധ്, വടക്കനാഫ്രിക്ക തുടങ്ങിയ രാജ്യങ്ങളും മുസ്ലിം ഭരണത്തിൻ കീഴിൽ വരുന്നത്. ഈ കാലഘട്ടത്തിന്റെ പ്രത്യേകത മതാവേശവും ഇസ്ലാമിക പ്രചാരണവുമാണ്. ആക്രമിച്ച കീഴടക്കിയ മിക്കരാജ്യങ്ങളിലേയും ജനങ്ങളും അവരുടെ ഭരണാധികാരികളോടൊപ്പം മതപരിവർത്തനം ചെയ്തിരുന്നു. ഇതിൽ എ.ഡി. 711-ൽ നടന്ന സിന്ധുക്രമണത്തിന്റെ കഥ വ്യത്യസ്തമാണ്. ഇൻഡ്യയിലെ ഈ പ്രദേശത്ത് മതപരിവർത്തനം ഉണ്ടായില്ലെന്നുമാത്രമല്ല ജനങ്ങളെ അവരുടെ വിശ്വാസത്തിനും ജീവിതസമ്പ്രദായത്തിനുമനുസരിച്ച് ജീവിക്കുവാന

നുവദിക്കുകയുമുണ്ടായി. സമകാലീന ചരിത്രകാരൻ പറയുന്നത് നോക്കുക. ''ബ്രാഹ്മണാബാദിലെ ജനങ്ങൾ മതസ്വാതന്ത്ര്യത്തിനുവേണ്ടി മുഹമ്മത് കാസിമിനോട് നിവേദനം നടത്തിയപ്പോൾ സിറിയായിലെ ഗവർണ്ണരും അമ്മാവനുംകൂടിയായ ഹാജ്ജാജിനോടദ്ദേഹം ഉപദേശമാരാഞ്ഞു. ഹാജ്ജാജ് നൽകിയ മറുപടി ഇങ്ങനെയായിരുന്നു. ''അവർ നമ്മുടെ രക്ഷയിൻ കീഴിൽ വരികയും നികുതിദായകരായി മാറുകയും ചെയ്തിരിക്കുമ്പോൾ മറെറന്തുകൂടിയാണ് നാമവരിൽ നിന്ന് പ്രതീക്ഷിക്കേണ്ടത്. അവരുടെ ദൈവങ്ങളെ ആരാധിക്കുവാനുള്ള സ്വാതന്ത്ര്യം നാം അനുവദിച്ചിരിക്കുന്നു. ഒരാളേയും അവനെറ മതത്തിൽ നിന്നും പിന്തിരിപ്പിക്കുവാനോ, ആരാധനാനുഷ്ഠാനത്തിൽ നിന്നും തടയുവാനോ പാടില്ല. അവർ അവരുടെ ഗൃഹങ്ങളിൽ ഇഷ്ടാനുസൃതം ജവിച്ചുകൊള്ളട്ടെ'' [9] ''മതത്തിന്റെ കാര്യത്തിൽ ആരോടും ഒരു നിർബന്ധവും പാടില്ല'' എന്നാണ് ഖുറാൻ പ്രഖ്യാപിച്ചീട്ടുള്ളത്. നബിയുടേയും കലീഫമാരുടേയും കാലങ്ങളിൽ കൃസ്ത്യാനികളും ജൂതന്മാരുമായി ധാരാളം പേർ അവരുടെ വിശ്വാസങ്ങൾക്ക് കോട്ടം തട്ടാതെ മുസ്ലിം രാജ്യങ്ങളിലധിവസിച്ചിരുന്നു. എന്നാൽ ചില രാജ്യങ്ങളിൽ അക്രമണത്തോടുകൂടിത്തന്നെ ഇസ്ലാമികാധിപത്യത്തിനുള്ള ശ്രമങ്ങളും നടത്തിയിട്ടുണ്ട്. ഇസ്ലാമിക രാഷ്ട്രവികാസത്തോടൊപ്പം ഇസ്ലാമിക സന്ദേശം പ്രചരിപ്പിക്കുകകൂടി ഈ കാലഘട്ടത്തിന്റെ ആവശ്യമായിരുന്നു.

അക്കാലങ്ങളിൽ രാജാക്കന്മാരുടെ മതമാണ് ജനങ്ങൾ സ്വീകരിച്ചിരുന്നത്. ലോകമാസകലം നടന്ന മത പ്രചാരങ്ങളുടെ ചരിത്രം എത്രവേണമെങ്കിലും ഉദാഹരണം തദ്വിഷയകമായി നൽകും. ഭരണാധികാരി മതം മാറിയാൽ ജനങ്ങളും അയാളെ പിന്തുടരുന്നു. ഒരു കോൺസ്റ്റന്റൈന്റെന്ന് റോമാസാമ്രാജ്യത്തെ ക്രിസ്തു മതവലയത്തിൽ കൊണ്ടുവരുവാൻ സാധിച്ച സംഗതിയും, ജൈന

9. Elliot And Dowson -Vol 1 Chachanama, PP 185-86

ബുദ്ധമതപ്രചാരണങ്ങളുടെ സുദീർഘമായകഥകളും ഇതിനു തെളിവാണ്. പ്രവാചകൻതന്നെ രാജാക്കന്മാരുടെ അടുക്കലേയ്ക്കാണ് തന്റെ പ്രതിപുരുഷന്മാരെ ഇസ്ലാമിക സന്ദേശവുമായി പറഞ്ഞയച്ചിട്ടുള്ളത്; ജനങ്ങളുടെ അടുക്കലേയ്ക്കായിരുന്നില്ല. അങ്ങിനെയാണ് സിറിയ, ഇറാൻ, ഇറാക്ക് തുടങ്ങിയ രാജ്യങ്ങൾ ഇസ്ലാമിലേയ്ക്കു വരുന്നത്. ജനങ്ങളാകട്ടെ ഭരണാധികാരിയെ അനുകരിച്ച മതപരിവർത്തനം ചെയ്യുന്നു. എന്നാൽ സിന്ധിലെ സ്ഥിതിക്ക് മറ്റു രാജ്യങ്ങളുമായി വളരെ വ്യത്യാസമുണ്ടായിരുന്നു. ഇവിടെയുടെ പ്രഭുക്കന്മാരും കുട്ടിരാജാക്കന്മാരും അനവധിയായിരുന്നു. ഈ ഭരണാധിപന്മാരുടെ മതം ജനങ്ങൾ ആദരിച്ചിരുന്നു വെങ്കിലും ജാതിസമ്പ്രദായമനുസരിച്ച് രാജാവിന്റെ ജാതീയപദവി ജനങ്ങൾക്കുണ്ടായിരുന്നില്ല. ജനങ്ങൾ പല ശ്രേഢുകളിലായി തരം തിരിക്കപ്പെട്ടുമിരുന്നിരുന്നു. രാജാവിന്റെ മതം അങ്ങിനെ ജനകീയമതമല്ലായിരുന്നു. അതുകൊണ്ടാണ് സിന്ധുക്രമണം മറ്റു രാജ്യങ്ങളുടെ ആക്രമണംപോലെ മതപരിവർത്തനവിധേയമാകാതിരുന്നതും.

രണ്ടാമത്തെ കാലഘട്ടം ഏ. ഡി. 738 മുതൽ 900 വരെയുള്ള അബ്ബാസൈഡ് കലീഫമാരുടെ കാലമാണ്. എടുത്തുപറയത്തക്ക യുദ്ധമോ, മുസ്ലിംസാമ്രാജ്യത്തിന്റെ വികാസമോ ഇക്കാലത്തുണ്ടായിരുന്നില്ല. സമാധാനവും ഐശ്വര്യവുമായിരുന്ന പ്രധാന സവിശേഷതകൾ. വിദ്യാസമ്പന്നരായ മുസ്ലീംകളുടെ ഭാഷ അറബിയാകുന്നു. സാംസ്കാരികനേട്ടങ്ങളുണ്ടാകുന്നതും അക്കാലത്താണ്. അതേ സമയത്ത് കലീഫയുടെ രാഷ്ട്രീയമേധാവിത്വം എല്ലാ രാജ്യങ്ങളും അംഗീകരിക്കുകയും ചെയ്തിരുന്നു. മൂന്നാമത്തെ ഘട്ടം 900-ത്തിനും 1000-ത്തിനുമിടയ്ക്കുള്ള കാലമാണ്. ഇതിനെ വേണമെങ്കിൽ ചെറിയ ചെറിയ രാജവംശങ്ങളുടെ കാലം എന്നു വിശേഷിപ്പിക്കാം. കലീഫയുടെ ആധിപത്യം നഷ്ടപ്പെടുന്നതും സ്വതന്ത്ര മുസ്ലീം രാജവംശങ്ങൾ സ്ഥാപിക്ക

പ്പെടുന്നതുമിക്കാലത്താണ്. അറബിക്കു പകരം പേർഷ്യൻ ഭാഷ, സാഹിത്യ—സാംസ്കാരിക രംഗങ്ങളിൽ പ്രാവീണ്യം നേടിയെന്നുമാത്രമല്ല, മുസ്ലീം രാജ്യങ്ങളിലെ ഏതാനും ചിലതിലെ ഔദ്യോഗിക ഭാഷയായിത്തീരുകയും ചെയ്തു. ഇക്കാലത്തുതന്നെയാണ് സാമ്രാജ്യമോഹവും രാഷ്ട്രീയതൃഷ്ണയും കടന്നുകൂടുന്നത്. ടർക്കി—പേർഷ്യൻ സാമ്രാജ്യങ്ങളുടെ സ്ഥാപനവും വികാസവുമാണ് നാലാമത്തെ കാലയളവിൽ പ്രധാനമായത്. 1000—ത്തിനും 1220 നുമിടയ്ക്കായി ഈ ഘട്ടത്തിന്റെ സമയം നിർണ്ണയിക്കാം. പേർഷ്യൻ നവോത്ഥാനത്തിന്റെ സാമ്രാജ്യവികാസദാഹം പ്രാവർത്തികമായ ഒരു ഘട്ടമായിരുന്നു ഇത്.

ഈ നാലു നിർണ്ണായകദശകളിൽ ആദ്യത്തേതൊഴിച്ചുള്ള കാലങ്ങളും രാഷ്ട്രീയപരിണാമത്തിന്റെ ഘട്ടങ്ങളാണ്. അവയിൽ മതം ഒരിക്കലും ജീവത്തായ ഘടകമായിരുന്നില്ല. ദൈർഘ്യമേയം കൊണ്ടാണ് ഇവിടെ കൂടുതൽ ഇതിനെ സംബന്ധിച്ചു പറയാത്തത്, ഒരു കാര്യം തീർച്ച. ജോൺ സ്റ്റുവർട്ടു പറയുന്നതുപോലെ ''ഏതൊരു സനാതനഗ്രന്ഥസംഹിതയും മതശാസനയും അതിന്റെ പ്രണേതാക്കൾക്കും അവരുടെ സന്തതസഹചാരികളായ ശിഷ്യനാർക്കും പ്രിയംകരംതന്നെയായിരിക്കും. ഒരു സംശയവുമില്ല. അവയുടെ അമൂല്യമായ വാസനകളും അർത്ഥത്തിലും അക്ഷരത്തിലും അലംഭാവനിപോലും പറ്റാതെ പുലർത്തിപ്പോരുകയും ചെയ്യും. അവയ്ക്ക് മറ്റുള്ള മതങ്ങളുടെമേൽ ആധിപത്യം ലഭിക്കുന്നതുവരെ. എന്നിട്ടവസാനമതു വളരുന്നു: അല്ലെങ്കിൽ സാർവ്വത്രികമാകുന്നു. പക്ഷെ അതോടുകൂടി അതിന്റെ പുരോഗതി നിശ്ചലമാകുകയും ചെയ്യും. ഇവിടം മുതൽ ഈ ശാസനകളുടെ മൂല്യം നഷ്ടപ്പെടുവാൻ തുടങ്ങുന്നു. എന്തെന്നാൽ പാരമ്പരാഗതമായ ഒരു വിശ്വാസപ്രമാണമായി അത് തീരുന്നതോടുകൂടി അതിനെ അനുസരിക്കുക വെറും ഒരാചാരമായി മാറുകയും ആദ്യകാലങ്ങളിലുണ്ടായ ജിജ്ഞാസ നശിച്ച് തൽ

സ്ഥാനത്ത് ജീവനില്ലാത്ത വെറും ഒരു സമ്പ്രദായം നിലവിൽ വരികയും ചെയ്യുക, എല്ലാ മതങ്ങളേയും വിശ്വാസപ്രമാണങ്ങളേയും സംബന്ധിച്ച് സ്വാഭാവികമാണ്,,[10] ഇതുതന്നെയാണ് ഇസ്ലാമിനെ സംബന്ധിച്ചും നടന്നത്. മറ്റു ഭാഗങ്ങളിൽ ഫലപ്രദമായി ഇസ്ലാമിക രാഷ്ട്രങ്ങൾ സ്ഥാപിച്ചപ്പോഴും ഇന്ത്യയിലതു നടക്കാതിരുന്നതിന്റെ കാരണങ്ങളും നാം കണ്ടു. പിന്നീടുള്ള ആക്രമണങ്ങളൊക്കെത്തന്നെ രാഷ്ട്രീയസമരങ്ങളോ സാമ്രാജ്യവികാസശ്രമങ്ങളോ മാത്രമായിരുന്നു. മതപരിവർത്തനം ഒരു നിയാമകശക്തിയായി പ്രവർത്തിച്ചിരുന്നുവെങ്കിൽ പ്രവാചകനുശേഷം വെറും 90 കൊല്ലം കഴിയുന്നതിനുമുമ്പ് നടന്ന സിന്ധ്യാക്രമണത്തിൽ അത് നടക്കുമായിരുന്നു. ഒരു ചരിത്രകാരനും സിന്ധ്യാക്രമണത്തിൽ മതപരിവർത്തനം നടന്നതായി പറഞ്ഞിട്ടുമില്ല.

മുഹമ്മത് ഗസ്നായുടെ ആക്രമണത്തോടു കൂടിയാണ് ദേവാലയങ്ങളുടെ നശീകരണം നടക്കുന്നത്. അമ്പലങ്ങളും മാത്രമായിരുന്നു മുഹമ്മദിന്റെ പ്രധാന ലക്ഷ്യം. 'കുറുക്കന്റെ കണ്ണ് എപ്പോഴും കോഴിക്കൂട്ടിൽത്തന്നെ' എന്നു പറയാറുള്ളതുപോലെ മുഹമ്മത് ഗസ്നായുടെ ആക്രമണത്തിന് വിധേയമായതധികവും അമ്പലങ്ങളാണ്. അതിന്റെ കാരണം ഉദാഹരണസഹിതം അടുത്ത അദ്ധ്യായത്തിൽ വിവരിക്കാം. ഒന്നു തീർച്ച; ഇസ്ലാമിക സിദ്ധാന്തത്തിന്റെ കടക വിരുദ്ധമായ പ്രവൃത്തിയാണ് ആരാധനാലയങ്ങൾ നശിപ്പിക്കുകയെന്നത്. ആ പ്രവൃത്തി ചെയ്ത മുഹമ്മദിന് ഒരിക്കലും ഒരു മിഷണറിയുടെ പദവി നൽകുക സാദ്ധ്യമല്ല. പുറമേ ഈ സുൽത്താന്റെ സ്വകാര്യ ജീവിതവും വിശ്വാസവും ഇസ്ലാമിന്റെ ആചാരാനുഷ്ഠാനങ്ങൾക്ക് എതിരുമായിരുന്നു. അതും മറ്റൊരുപ

10. Quoted by Prof. Mohammed Habeeb- Mohammed of gazanin P P 2–3.

ന്യാസത്തിൽ വിവരിച്ചിട്ടുണ്ട്. ഒരു കാര്യം നിശ്ചയം. മതമാകട്ടെ, വിശ്വാസസംഹിതയാകട്ടെ അതു കൊണ്ടു വരുന്നവരുടെ പ്രവൃത്തിക്കടിസ്ഥാനമായാണ് ജനങ്ങളും സ്വീകരിക്കുന്നതും നിരാകരിക്കുന്നതും. ആരാധനാലയങ്ങളും തകർക്കുകയും നാടുനശിപ്പിക്കുകയും ചെയ്യുക ഒരു പതിവാക്കിയിരുന്ന വെറും ഒരു കൊള്ളക്കാരന്റെ മതം അംഗീകരിക്കുവാൻ ആരും തയ്യാറാകുന്നില്ല. ഇതുപോലും പരാക്രമങ്ങളംകാണിച്ച മുഹമ്മദ് ഗസ്നായ്ക്ക് ഒരാളെ മാത്രമേ മതപരിവർത്തനം ചെയ്യാൻ സാധിച്ചുള്ളു. അതും ഗവർണ്ണർ സ്ഥാനം കൊടുക്കാമെന്ന വാഗ്ദാനത്തിനുമേലായിരുന്നു. ജയപാൽ രാജാവിന്റെ മകൻ സുകുപാൽ ആയിരുന്ന അയാൾ. മുമ്മഹദ് മടങ്ങിയതും സുകുപാൽ സുകുപാൽ തന്നെയായി, തന്റെ പൂർവ്വികൻമാരുടെ വിശ്വാസത്തിലേക്ക് മടങ്ങിപ്പോകുകയും ചെയ്തു. ചുരുക്കത്തിൽ ഒരാൾക്കുമിയുടേയും മതം ജനഹൃദയങ്ങളിൽ കടക്കുകയില്ല. മുഹമ്മതിനു സാധിച്ചത് ഇസ്ലാമിക സിദ്ധാന്തങ്ങളോട് ഹിന്ദുക്കൾക്ക് വിരോധമുണ്ടാക്കുക മാത്രമായിരുന്നു. എന്നാൽ രണ്ടു നൂറ്റാണ്ടിനുശേഷം മുസ്ലീം കേന്ദ്രങ്ങളും മംഗോളാക്രമണത്തിനു വിധേയമായപ്പോൾ, അവിടെ നിന്നും ഭീകരരും സന്മാർഗ്ഗികളും പണ്ഡിതൻമാരുമായ ഒരു പറ്റം നല്ല മനുഷ്യർ പ്രാണരക്ഷാർത്ഥം ഇവിടേയ്ക്കു വന്നു സ്വന്തം ജീവിതം കൊണ്ടും സൽപ്രവൃത്തികളാലും ഇൻഡ്യൻ മനസ്സിൽ നിന്നും വിദ്വേഷമകറ്റി ഇസ്ലാമിക സിദ്ധാന്തങ്ങളും പഠിപ്പിച്ചാണ് മതപരിവർത്തനം നടത്തിയിട്ടുള്ളതു്. വാളു കൊണ്ടു് മതപരിവർത്തനം നടത്താനാഗ്രഹിച്ചാൽ വാളിന്റെ ഭീതി നീങ്ങുമ്പോൾ അതും മാറുക സ്വാഭാവികമാണ്. മുസ്ലീം സൂഫികളും ഷൈക്കുകളും അനവരതം പ്രയത്നിച്ചതിന്റെ ഫലമായിട്ടാണ് ഇസ്ലാം ഇൻഡ്യയിൽ പടർന്നത്. കോൺസ്റ്റാൻറിനോപ്പിളിനെ 1453–ൽ ടർക്കികൾ കീഴടക്കിയപ്പോൾ അവിടെ നിന്നും ഓടി മറ്റു യൂറോപ്യൻ രാജ്യങ്ങളിലേക്ക് കടന്ന യവനരോമാപണ്ഡിതൻമാരാണ് യൂറോപ്യൻ നവോത്ഥാനത്തിന്റെ

സംവിധായകർ. അതേ പ്രക്രിയയാണ് മംഗോളും ആക്രമണത്തിൽ നിന്നും രക്ഷ പ്രാപിക്കുവാൻ ഇൻഡ്യയിൽ വന്ന മുസ്ലീം പണ്ഡിതൻമാരും ചെയ്തത്. അല്ലാതെ ഭരണം കൈയിലുള്ളതു മൂലമായിരുന്നില്ല.

കെ. എം. പണിക്കർപോലും അദ്ദേഹത്തിന്റെ 'ഇൻഡ്യാ ചരിത്രാവക ലോകനത്തിൽ' പറയുന്നത് നോക്കുക: 'അറുനൂറുകൊല്ലം തുടർച്ചയായി ഇസ്ലാമിക ഭരണത്തിലിരുന്ന ഉത്തരപ്രദേശിൽ മുസ്ലിം ജനസംഖ്യ ഇന്നും 14 ശതമാനമേയുള്ളു എന്നത് ശ്രദ്ധേയമായിരിക്കുന്നു. ബലപ്രയോഗം കൊണ്ടുള്ള മതപരിവർത്തനം വളരെ അപൂർവ്വമായിരുന്നുവെന്നാണ് നിസ്സന്ദേഹമായ തെളിവ്. ഹിന്ദുക്കൾ പൊതുവെ പൊറുത്തു കൂടാത്ത ക്ലേശങ്ങൾ അനുഭവിക്കേണ്ടിവന്നില്ലെന്നും. വിചാരിക്കണം'' [11] എന്നാൽ മുസ്ലിം ഭരണം ഇല്ലാതിരുന്ന മലബാറിലും തിരുകൊച്ചിയിലും മുസ്ലിംകൾ ഇന്നും ഉത്തരപ്രദേശത്തിലെ ശതമാനത്തേക്കാൾ എത്രയോ ഇരട്ടിയുണ്ട്. മൈസൂർ ഭരണത്തിൻകീഴിൽ വരുന്നതിനു മുമ്പുള്ള മലബാറിൽ അഞ്ചിലൊന്ന് മുസ്ലിങ്ങളായിരുന്നുവെന്ന് നാം കണ്ടു. അക്കാലത്തെ ചരിത്രകാരനായ ഷൈക്ക് സൈനുദ്ദീൻ പറയുന്നത് ശ്രദ്ധിക്കുക—''ഇസ്ലാം മത പ്രചാരണാർത്ഥം സഞ്ചരിച്ചിരുന്ന ഒരു സംഘം മുസ്ലിംകൾ മലബാർ തുറമുഖങ്ങളിൽ വരികയും സ്ഥിരതാമസമാക്കുകയും ചെയ്തു. അവരിൽ നിന്നും ഇസ്ലാംമതത്തേയും അതിന്റെ മഹാത്മ്യത്തേയും മനസ്സിലാക്കുവാൻ കഴിഞ്ഞ മലബാറുകാർ അന്ന് കൂട്ടം കൂട്ടമായി ഇസ്ലാമിൽ ചേരുവാൻ തുടങ്ങി. അങ്ങിനെ മലബാറിൽ ഏറ്റവും പ്രശസ്തമായ നിലയിൽ ഇസ്ലാം മതത്തിന് പ്രചാരം സിദ്ധിക്കുകയും മുസ്ലിംകളുടെ സംഖ്യ വർദ്ധിച്ചുവരികയും ചെയ്തു.'' [12] 16—ാം നൂറ്റാണ്ടിൽ

11. K. M. Panikkar- ഇൻഡ്യാചരിത്രാവലോകനം. പുറം-201
12. Thafut-ul- Mujahidden, Malayalam Translation

ഇവിടെയുണ്ടായിരുന്ന ബർബൂസ എഴുതുന്നത് ''പോർച്ചുഗീസുകാരുടെ ആഗമനമുണ്ടായിരുന്നില്ലെങ്കിൽ മലബാറാകമനം ഇസ്ലാമിലേക്ക് പരിവർത്തനം ചെയ്യപ്പെടുമായിരുന്നുവെന്നും ഒരു മുസ്ലിം രാജാവിന്റെ അധീനതയിൽ വരുമായിരുന്നു'' വെന്നുമാണ്.[13] ബ്രിട്ടീഷ് ആധിപത്യകാലത്തുകൂടി ഇസ്ലാമിലേക്കുള്ള പ്രവാഹം ത്വരിതവും ധാരാളവുമായിരുന്നു വെന്നാണ് 1881–ലെ സെൻസസ് സൂചിപ്പിക്കുന്നത്. ''19 കൊല്ലം മുമ്പ് കിഴക്കൻ ബംഗാളിൽ മുസ്ലിംകളേക്കാൾ 5 ലക്ഷം കൂടുതലായിരുന്നു ഹിന്ദുക്കൾ പക്ഷേ രണ്ടു ദശാബ്ദങ്ങൾ തികയുന്നതിനുമുമ്പ് അവർ ഹിന്ദുക്കളേക്കാൾ 15 ലക്ഷം കൂടുതലായി.''[14] സർ. ടി. ആർനോൾഡ് പറയുംപോലെ ''ഇസ്ലാമിക പ്രചരണഹേതുവിന് ഒരു കൈയിൽ വാളും മറു കൈയിൽ ഖുറാനുമായി വന്നെന്നു പറയുന്ന മുത്തശ്ശിക്കഥയിലെ പടയാളിയെ തേടിയല്ല പോകേണ്ടത്. നിരവധി വ്യവസായികളും പ്രചാരകന്മാരും ചെയ്ത പ്രയത്നത്തിലേക്കാണ് കണ്ണോടിക്കേണ്ടത്.''[15] ഭാരത ത്തിന്റെ ഈ മണ്ണ് വളരെ വളക്കൂറുള്ളതായിരുന്നു ഇസ്ലാമിനു തഴച്ചുവളരാൻ.

പ്രധാനമായ കാര്യം ജാതിസമ്പ്രദായമായിരുന്നു. മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെട്ടിരുന്ന കോടാനുകോടി ജനങ്ങൾക്ക് ഒരനുഗ്രഹമായിരുന്നു ഇസ്ലാം. അവർക്ക് (മുക്കുവന്മാർക്ക്) മൂന്നടിയിൽക്കൂടുതൽ ഉയമുള്ള കൂര കളിൽപോലും താമസിക്കുവാൻ ഗവൺമെൻറനുവാദമുണ്ടായിരുന്നില്ല. മേൽജാതിക്കാരായ ചെട്ടിയാന്മാരേയും നായന്മാരേയുംകാണുമ്പോൾ സാഷ്ടാംഗം പ്രണമിക്കണമായിരുന്നു.''[16] ഈഴവർ തുടങ്ങി കീഴ്പോട്ടുള്ള സമൂഹത്തിലെ മൃഗീയ

13. A Description of the Coasts of East Africa and Malabar
14. Census of India, Vol III, (b) PP. 144-57
15. T. Arnold-Preachings of Islam
16. അച്ചുതമേനോൻ–കൊച്ചിൻ സ്റ്റേറ്റ് മാനുവൽ–പുറം. 44

ഭൂരിപക്ഷത്തേയും സ്വറെയിറ്റ് മാനുവൽകർത്താവ് ഉൾപ്പെടുത്തിയിട്ടില്ലെന്നുള്ള കാര്യവും കൂടി സ്മരിക്കുക. അവർക്കാർക്കും മനുഷ്യവാസമുള്ളയിടങ്ങളിൽ വിഹരിക്കുവാനോ, സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ ഭാഗഭാക്കുകളാകുവാനോ സാധിച്ചിരുന്നില്ല. പഞ്ചമന്മാരുടെ ഗണത്തിൽപ്പെടുത്തി ഒഴിച്ചു നിർത്തിയിരുന്ന ഈ ജനലക്ഷങ്ങൾ പ്രകാശം കാണുവാൻ കൊതിച്ചു. ഇസ്ലാം അവർക്ക് വെളിച്ചം നൽകി. വെറും പേരുമാറ്റം കൊണ്ടുമാത്രം എല്ലാ മാനുഷികാവകാശങ്ങളും ലഭിക്കുമെന്ന് വന്നപ്പോൾ ജനങ്ങൾ കൂട്ടം കൂട്ടമായി ഇല്ലാമിലേക്ക് പ്രവഹിച്ചതാണ്. ആർനോൾഡ് ഇത് വളരെ വ്യക്തമായി 'Preachings of Islam'എന്ന ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. സാമൂഹികസമത്വവും സാഹോദര്യവും എന്ന ഉദാത്തങ്ങളായ ആദർശങ്ങളാണ് ഇസ്ലാമിനെ അനുയായികളെ നേടിക്കൊടുത്തത്. അല്ലാതെ ഭരണമായിരുന്നില്ല; ഭരണക്കാരുമായിരുന്നില്ല.

''ഏതെങ്കിലും ഹിന്ദു ഇസ്ലാംമതം സ്വീകരിക്കുകയാണെങ്കിൽ അക്കാരണത്താൽ ഒറ ഹിന്ദുവും അയാളെ ഉപദ്രവിക്കുകയില്ല. നേരേമറിച്ച് അയാൾ എത്ര താഴ്ന്ന ജാതിയിലെ അംഗമായിരുന്നുവെങ്കിലും ഇസ്ലാംമതം സ്വീകരിച്ചുകഴിഞ്ഞാൽ മറ്റു മുസ്ലിംങ്ങളോടെന്നപോലെ അയാളോട് മൈത്രിയിൽ പെരുമാറുന്നു.''[17] ''ബംഗാളിലെ അടിച്ചമർത്തപ്പെട്ടിരുന്ന അധഃകൃതവർഗ്ഗത്തിന് ഇസ്ലാം ഒരാശ്വാസവും സാന്ത്വനവുമായിരുന്നു. സവർണ്ണ പീഡയിൽ നിന്നും ഒരു വരം കിട്ടിയിട്ടെന്നപോലെ അവർ പിടഞ്ഞെഴുന്നേറ്റു'' എന്നതാണ് ഡോക്ടർ ഈശ്വരി പ്രസാദ് എഴുതുന്നത്,[18] ''ഉദ്യോഗമേന്മക്കും, ഫ്യൂഡൽ സ്ഥാനങ്ങൾക്കും കൊതിച്ചിരുന്ന കുറെയധികം സവർണ്ണർ മുസ്ലിം ഭരണത്തോടുകൂടി ഇസ്ലാമിലേക്ക് വന്നു. എന്നാൽ കൂടുതലും താഴ്ന്ന ജാതിയിൽപ്പെട്ട അധഃകൃത

17. തുഹ്ഫത്തുൽ മുജാഹിദീൻ—പുറം 84.
18. Dr. Roy Choudry. History of Muslim Rule P. 14

രായിരുന്നു. അതിനു കാരണം ക്രൂരമായ ജാതിവ്യവസ്ഥ ഹിന്ദുമതത്തിൽ അവർക്ക് മൃഗതുല്യമാത്രമാണ് നൽകിയിരുന്നതെന്നും, ഇസ്ലാംസമത്വസാഹോദര്യം സംഭാവന ചെയ്തുവെന്നതുമാണ്.[19] ''കിഴക്കൻ ബംഗാളിലെ മുസ്ലിംകളും മുഴുക്കെ അധഃകൃതരും അധഃസ്ഥിതരുമായ ഹിന്ദുക്കളുടെ സന്താനപരമ്പരകളാണ്. സാമൂഹ്യനീതിക്കുവേണ്ടി മതപരിവർത്തനം ചെയ്തവരാണ് അവരുടെ പിതാക്കന്മാർ.'' വളരെക്കാലം ബംഗാൾ സിവിൽ സർവ്വീസിലുണ്ടായിരുന്ന സർ ഹെൻട്രികോട്ടൻ '' 'India and Home Affairs' എന്ന ഗ്രന്ഥത്തിൽ പറയുന്നതാണിത്. ചുരുക്കത്തിൽ നീതിയും രക്ഷയും നിഷേധിക്കപ്പെട്ടിരുന്ന മനുഷ്യസമൂഹം ഒരു ബൌദ്ധസിദ്ധാന്തത്തേയും വിപ്ലവത്തേയും ഇസ്ലാമിൽ കാണുകയും മനുഷ്യാവകാശങ്ങൾക്കുവേണ്ടി മതംമാറ്റം നടത്തുകയും ചെയ്തു എന്നതാണ് സത്യം. അങ്ങനെ മതം മാറിയപ്പോഴും അവരുടെ കുടുംബാചാരങ്ങളും നിഷ്ഠകളും അതേപടി അനുവർത്തിച്ചുപോന്നു. ഇന്നും മരുമക്കത്തായം പാലിക്കുന്ന മുസ്ലിം കുടുംബങ്ങളും, ജാതി സമ്പ്രദായമാചരിക്കുന്ന മുസ്ലിംകളും അനവധിയുണ്ട്.

പക്ഷെ മുസ്ലിംകളുടെ യാഥാസ്ഥിതിക വിശ്വാസങ്ങളിലൊന്ന് ഹിന്ദുവിനെ മുസ്ലിമാക്കുവാൻ പറ്റിയാൽ സ്വർഗ്ഗം കിട്ടുമെന്നാണ്. തന്മൂലം ഒറ്റയൊറ്റ സംരംഭങ്ങൾ നടത്തിയിട്ടുണ്ട്. വലിയ പുണ്യമായി കരുതിയിരുന്ന ഇത് ചെയ്യുവാൻ നിഷ്പ്രയാസം സാദ്ധ്യവുമായിരുന്നു. കാരണം അക്കാലങ്ങളിൽ കമ്പോളങ്ങളിൽ നിന്നും എത്രവേണമെങ്കിലും അടിമകളെ വിലയ്ക്കെടുക്കാമായിരുന്നു. അലാവുദ്ദീൻകിൽജി കമ്പോള നിയന്ത്രണം വരുത്തിയപ്പോൾ അടിമകളുടെ വിലകൂടി നിശ്ചയിച്ചിരുന്നു. ഒരൻപതുകൊല്ലം മുമ്പ്വരെ മരണപത്രങ്ങളിൽ സ്ഥലങ്ങളെ ഭാഗിക്കുന്നതോടൊപ്പം അടിമകളേയും വീതി

19. Ram gopal Indian Muslims–A Politlcal History P. 2.

ച്ചുകൊടുത്തിരുന്നതിന് തെളിവ് എത്രവേണമെങ്കിലും കിട്ടും. എന്റെ കൈവശമുള്ള ഒരു രേഖ ഇവിടെ ഉദ്ധരിക്കുന്നത് അസ്ഥാനത്താവുകയില്ലെന്ന് കരുതുന്നു. 1029–ാം മാണ്ട് കുംഭമാസം 9ാംതീയതി തൃപ്പണിത്തുറയിൽനിന്നും കൊച്ചി മഹാരാജാവ് വിളംബരപ്പെടുത്തുന്നതാണിത്. 'ചെറുമക്കളുടെ ഉടമക്കാർക്ക് ദോഷം വരാതെ കണ്ട് നമ്മുടെ രാജ്യത്തിലെ ചെറുമക്കൾക്ക് ഗുണം വരുത്തണമെന്ന് വളരെക്കാലമായി വിചാരിച്ചു വന്നിരിക്കയാകകൊണ്ട് ആ കാര്യത്തിൽ പൂർണ്ണമായ ആലോചന ചെയ്തു പ്രസിദ്ധപ്പെടുത്തുവാൻ നിശ്ചയിച്ചതെന്തെന്നാൽ—. ഈ വിളംബരത്തിന്റെ തീയതി മുതൽക്ക് പണ്ടാരവക ചെറുമക്കൾക്ക് ജനിക്കുന്ന കുട്ടികളുടെമേൽ ചെറുമക്കം എന്നുള്ള അവകാശം ഒഴിഞ്ഞിരിക്കുന്നു. 2 .മേലാൽ കോർട്ടുകളിലെ വിധികളൊ കല്പനകളൊ നടത്തുന്നതിനാകട്ടെ–പാട്ടമോ കരമോ പിരിക്കുന്നതിന് പകരമാകട്ടെ, സർക്കാരുവകയും, കുടിയാന്മാരുവകയും യാതൊരു ചെറുമക്കളേയും വിൽക്കുകയില്ല'. [20] ഇങ്ങനെ പോകുന്നു ആ വിളംബരം. ചുരുക്കത്തിൽ സ്വർഗ്ഗം കിട്ടാനുള്ള എളുപ്പവഴിയായി അല്പം പൈസമുടക്കി അടിമകളെ വാങ്ങി മതം മാറുന്ന പണി അഭംഗുരം നടന്നിരുന്നു. പക്ഷെ മതം മാറുന്നതോടുകൂടി അവൻ അടിമയല്ലാതായി തീർന്നിരുന്നുവെന്നുകൂടി ഓർക്കണം. ഇത് ഒരു ഭരണകൂടത്തിന്റെ നയമായിട്ട് വ്യവഹരിക്കുന്നത് തെറ്റാണ്. മതപരിവർത്തനം കൊണ്ടതന്നെയാണ് ഇത്രയും പറം മുസ്ലീംകം ഇവിടെയുണ്ടായത്. പക്ഷെ നിർബന്ധംകൊണ്ടായിരുന്നില്ലെന്ന് സിദ്ധം. ചിലപ്പോം ഈ വ്യക്തിഗതമായ പ്രവൃത്തി സമൂഹവും സംഘടനകളും ഏറ്റെടുത്തിട്ടുള്ള സന്ദർഭങ്ങളുമുണ്ട്. 'ആദ്യകാലത്ത് മുസ്ലീം വ്യാപാരികം പുതു വിശ്വാസികൾക്ക് ഉപകരിക്കത്തക്ക നിലയിൽ ഒരു ഫണ്ട് രൂപീകരിച്ചിരുന്നു.' [21] കേരളത്തിൽ പൊന്നാനി ഒരു കേ

20. Ernakulam Archives O. L. Vol 7, List 9 (1) Regulations.
21. തുഹ്ഫത്തുൽ മുജാഹിദീൻ പുറം 84

നു്ദ്രമായിരുന്നു. പുതുവിശ്വാസിയാണെന്നും പറഞ്ഞു വരുന്നവനു് യാചകരുടെയിടയിൽ പ്രാധാന്യം നൽകുന്ന സമ്പ്രദായം ഇന്നും മുസ്ലീംകളുടെയിടയിലുണ്ടു്. പക്ഷെ കാലം മാറിയതോടുകൂടി ജാതിയും തറവാടുമേനു്മയും ഇസു്ലാമിന്റെ സമത്വസ്വഭാവത്തെ ഉൻമൂലനം ചെയ്തു. ഉക്കാലങ്ങളിൽ മാർഗ്ഗംകൂടിയാൽത്തന്നെ അവരെ തരം താഴ്ത്തിക്കാണുന്ന സമ്പ്രദായം പരന്നു. സാമൂഹികനീതി നിഷേധിക്കപ്പെട്ട. എടവനക്കാടു് എന്നു പറയുന്ന എന്റെ ഗ്രാമത്തിൽ ഒരു കൊല്ലത്തിയും കണക്കത്തിയും 25–30 കൊല്ലം മുമ്പു് മതപരിവർത്തനം നടത്തി മുസ്ലീംകളായി, പക്ഷെ അവരെ അറിഞ്ഞിരുന്നതു് കൊല്ലത്തി പാത്തുവെന്നും കണക്കത്തി ആമിനയെന്നുമാണു്. ഈ അടുത്തകാലം വരെ അവരെ ഞാൻ കണ്ടിരുന്നു. ഇപ്പോഴും ജീവിച്ചിരിപ്പുണ്ടോ എന്നറിയില്ല. അങ്ങിനെ ജാതിസമ്പ്രദായം ഇസ്ലാമിലും കടന്നുകൂടി.

മതപരിവർത്തനത്തിനു് മറെറാരു കാരണം ഉദ്യോഗലബ്ധിയും സ്ഥാനമാനാഗ്രഹങ്ങളുമാണു്. ഗസ്നായുടെ ആക്രമണകാലത്തു് സുകപാൽ മുസ്ലീമായ കഥ നാം കണ്ടു. മാലിക്കാഫറെക്കുറിച്ചു നാം കേട്ടിട്ടുമുണ്ടു്. കുറെയധികം സവർണ്ണർ (ബ്രാഹ്മണരായിരുന്നു അധികവും) അധികാരത്തിനുവേണ്ടി മതം മാറിയിട്ടുമുണ്ടു്. മുസ്ലീംചക്രവർത്തിമാരെ പ്രീണിപ്പിക്കുവാനും വിശ്വസ്തതെളിയിച്ചു് വർദ്ധിച്ച സ്ഥാനമാനങ്ങൾ നേടുവാനും ഈ നടപടി കൂടുതൽ നടന്നുകാണും. 'ഇസ്ലാംമതം സ്വീകരിക്കുന്ന ഒരു ഹിന്ദുവിനും അപ്രാപ്യമായ ഏതെങ്കിലും പദവിയോ ഉദ്യോഗങ്ങളോ ഉണ്ടായിരുന്നില്ല. കത്തിയവാടുകാരനായ മതംമാറിയ ഒരു പറയൻ ഖുസ്രോ, അല്പകാലത്തേക്കു് നാസിറുദ്ദീൻ എന്ന പേരിൽ ഡൽഹി സിംഹാസനത്തിൽ അവരോഹണം ചെയ്കപോലുമുണ്ടായി'.[22] ഇതിനൊക്കെ പുറമേ 12–ാം നൂററാണ്ടുമുതൽ അഭം

22. കെ. എം. പണിക്കർ–ഇന്ത്യാചരിത്രാവലോകനം–പുറം 200

ഗുരം പ്രവഹിച്ച നിരവധി സൂഫി സന്യാസികളും ഷൈക്കുമാരും അവരുടെ ജീവിതവ്രതം കൊണ്ടും പാണ്ഡിത്യം കൊണ്ടും വളരെപ്പേരെ ആകർഷിച്ചിട്ടുണ്ട്. ഇൻഡ്യൻ സംസ്കാരത്തിന് ഇസ്ലാമിന്റെ സംഭാവന എന്ന പുസ്തകത്തിൽ ഡോക്ടർ താരാചന്ദ് വിശദമായി ഈ കാര്യം പ്രതിപാദിക്കുന്നു. ഇന്നും ഇൻഡ്യയിലെല്ലായിടത്തും സകലമതസ്ഥരും ഒരുപോലെ വഴിപാടും ആരാധനയും നടത്തുന്ന പള്ളികളും ശവകുടീരങ്ങളും ധാരാളമാണ്.

ഇവയൊക്കെ വികാരാവേശം കയറാതെ സ്വസ്ഥമായി വിചിന്തനം ചെയ്താൽ ഇസ്ലാം പ്രചരിച്ചത് 600 കൊല്ലത്തെ ഭരണംകൊണ്ടോ, വാളിന്റെ ഭീഷണിമൂലമോ ആയിരുന്നില്ലെന്നും, പ്രത്യുത നമ്മുടെ സമ്പ്രദായത്തിന്റെ കുറവും ഇസ്ലാമികസിദ്ധാന്തത്തിന്റെ വിപ്ലവമനോഭാവവും കൊണ്ടായിരുന്നുവെന്നും വ്യക്തമായി കാണാം.

27

അമ്പലധ്വംസനത്തിന്റെ പിന്നിൽ

ഇസ്ലാമികാധിനിവേശത്തോടു കൂടി ഇൻഡ്യയിൽ ധാരാളം ക്ഷേത്രങ്ങൾ അശുദ്ധമാക്കപ്പെട്ടിട്ടുണ്ട്. അതിന്റെ പിന്നിലുണ്ടായിരുന്ന ചോതോവികാരം ധനാപഹരണമായിരുന്നു: ഇസ്ലാമിക പ്രചാരണത്തിനുവേണ്ടിയോ മതഭ്രാന്തുമൂലമോ ആയിരുന്നില്ലെന്ന് ഞാൻ മുൻ അദ്ധ്യായത്തിൽ പ്രതിപാദിച്ചിരുന്നു. മതാവേശംമൂലമാണ് അമ്പലം പൊളിക്കുവാൻ മുസ്ലീം ആക്രമണകാരികൾക്ക് പ്രേരണയുണ്ടായതെന്നു പ്രചരിപ്പിച്ചത് ബ്രിട്ടീഷ്ചരിത്രകാരനായിരുന്നു എന്നും പ്രസ്താവിച്ചതാണ്. അതിനുകാരണം ഒരുമയിൽ കഴിഞ്ഞിരുന്ന സമുദായങ്ങളെ തമ്മിലടിപ്പിക്കുന്നതിന് അതിവേഗം വിറ്റഴിക്കാൻ പറ്റിയ സാധനമാണിതെന്നു് മനസ്സിലാക്കിയതിനാലുമായിരുന്നു, അമ്പലം പൊളിച്ചത് മതഭ്രാന്തുകൊണ്ടാണെന്ന് സ്ഥാപിച്ചുറപ്പിക്കുവാനൊത്താൽ, അത്തരം ചക്രവർത്തിമാർ മറ്റു പല ക്രൂരതകളും ചെയ്തെന്നു പറഞ്ഞുപരത്താനൊക്കും. ബുദ്ധിപരമായ ഒരു തന്ത്രമാണിത്. എന്തൊക്കെ കരണങ്ങളാലാകാം ആരാധനാലയങ്ങൾ നശീകരണവിധേയമാക്കപ്പെട്ടതെന്ന് ഒരവലോകനം നടത്തുകയാണിവിടെ.

വിഷയത്തിലേക്ക് കടക്കുന്നതിനുമുൻപ് ആദ്യമായി ഒരു പ്രധാനകാര്യം ധരിക്കേണ്ടതുണ്ട്. ഇസ്ലാം എല്ലാ ആരാധനാലയങ്ങളേയും ബഹുമാനിക്കണമെന്നും, എല്ലാ മത പ്രവാചകൻമാരും, ദാർശനികരും, ദൈവദത്തമായയയ്

ക്കപ്പെട്ട മഹാത്മാക്കളായിരുന്നുവെന്ന് വിശ്വസിച്ചാദരിക്കണമെന്നും പ്രത്യയശാസ്ത്രപരമായി നോക്കുമ്പോൾ അനുശാസിക്കുന്നുണ്ട്. ഒരു മുസ്ലീമിന്റെ വിശ്വാസത്തിന്റെ ഭാഗമാണിത്. അധികമാളുകളുമറിയാത്ത ഈ സത്യം പറയുന്നത് പ്രത്യയ ശാസ്ത്രപരമായ ചർച്ചകൾ നടത്തുമ്പോൾ ഇസ്ലാമിക ശാസനകൾ ഏറെറവും സഹിഷ്ണതയും, വിശാലമനസ്കതയും കാണിക്കുന്ന ഒരു പ്രസ്ഥാനമാണെന്ന് പറയുവാനാണ്. പ്രവാചകന്മുമ്പുള്ള എല്ലാ മതനേതാക്കളേയും, തത്വജ്ഞാനികളേയും ബഹുമാനിക്കുക, അവരുടെ പേരുച്ചരിക്കുമ്പോൾ അവർക്ക് നന്മനേരുക, മുസ്ലീമിനെ സംബന്ധിച്ച് നിർബന്ധമത്രേ. പ്രവാചകനെ വ്യക്തിപരമായി പോലുമാക്ഷേപിക്കുന്ന ധാരാളം മതസാഹിത്യം ക്രൈസ്തവ പുരോഹിതന്മാരും ചരിത്രകാരന്മാരും എഴുതിവിട്ടിട്ടുണ്ട്. അതേമാതിരി ക്രിസ്തുദേവനെക്കുറിച്ചെഴുതുവാൻ ഒരു മുസ്ലിമിനും സാദ്ധ്യമല്ല, അവനതുചെയ്തുപോയാൽ മുസ്ലിം അല്ലാതായിതീരുന്നു. കാരണം യേശുക്രിസ്തു ഈസാനബിയാണ് മുസ്ലിംകൾക്ക്. ആ പേരുകേൾക്കുമ്പോൾ മുസ്ലിംകൾ ''അലൈഹിസ്സലാം'' (നിങ്ങളിൽ സമാധാനമുണ്ടാകട്ടെ) എന്നുപറയണം, അതുപോലെ എല്ലാ വേദഗ്രന്ഥങ്ങളും ദൈവത്താൽ ഇറക്കപ്പെട്ടവയാണെന്നും വിശ്വസിക്കാതെ നിർവ്വാഹമില്ല. പുറമേ, മതപരിവർത്തനം നടത്താതെതന്നെ, സ്വന്തം മതവിശ്വാസങ്ങൾ നിലനിർത്തിപ്പോരുന്ന ഏത് സ്ത്രീയേയും, മതമേതുമായിക്കൊള്ളട്ടെ ഒരു മുസ്ലിമിന് വിവാഹം ചെയ്യാം. ഏകനിർബന്ധമുള്ളത് അവളുടെ ആരാധനയ്ക്ക് സ്വന്തം ഗൃഹത്തിൽ സൗകര്യങ്ങൾ ഉണ്ടാക്കി കൊടുക്കണമെന്നതുമാണ്. ഇൻഡ്യയിലെ മുസ്ലീം ചക്രവർത്തിമാരുടെ സഹധർമ്മിണികളിൽ ധാരാളം പേർ ഹിന്ദുക്കളായിരുന്നു. അവരെ ആരേയും മതം മാറിയതായി ചരിത്രമില്ല. പക്ഷേ ഈ വക ഉദാത്താദർശനങ്ങൾ ഇന്ന് മുസ്ലീംകൾ എന്നു പറഞ്ഞു നടക്കുന്നവർക്കു പോലും അറിയാത്തതാണ് കുഴപ്പം.

പ്രവാചകൻ സന്ധിയില്ലാത്ത സമരമാണ് വിഗ്രഹാരാധനയോടനുവർത്തിച്ചിരുന്നത്. മെക്കയിൽ പ്രവേശിച്ച മുസ്ലിംകൾ ജേതാക്കളായ 368 വിഗ്രഹങ്ങളും 'കഅബ' എന്ന വിശ്വപ്രസിദ്ധമായ ആരാധനാലയത്തിൽ കണ്ടിരുന്നു. അവ മുഴുക്കെ നശിപ്പിച്ചു. പ്രവാചകൻ തന്നെ അവയിലൊന്ന് നശിപ്പിച്ചതായി രേഖയുണ്ട്. [1] എന്തു കാര്യവും ഈ വിഗ്രഹങ്ങളെ പ്രീണിപ്പിച്ചാൽ നടക്കുമെന്നും അവയെ തൊട്ടുപോകുന്നവർക്കും പുച്ഛിക്കുന്നവർക്കും ഉടൻ ശാപവും നാശവും സംഭവിക്കുമെന്നും അറബികളും കരുതിയിരുന്നു. അവരുടെ ആ വിശ്വാസത്തെ തകർക്കുകയുമായിരുന്നു വിഗ്രഹങ്ങളും തച്ചുടക്കുന്നതു കൊണ്ടുദ്ദേശിച്ചതും. തന്റെ ഏക ദൈവ വിശ്വാസ മുറപ്പിക്കുവാൻ വേണ്ടി പ്രവാചകൻ നടത്തിയ പ്രവൃത്തികളിൽ വിഗ്രഹങ്ങളെ തകർക്കുക അനിവാര്യമാണല്ലൊ. ബാഹ്മണ മേധാവിത്വത്തിനെതിരായി ഉടലെടുത്ത ബൌദ്ധവിപ്ലവം പ്രാർത്ഥനകളും അർച്ചനകളും അനാവശ്യമാണെന്ന് പ്രചരിപ്പിച്ചു. ബൌദ്ധമുനിതന്റെ അനുയായികളോടുപറഞ്ഞു: ''പാവം ചെയ്യുന്നവനാണ് പ്രാർത്ഥിക്കുന്നത്. നല്ല പ്രവൃത്തികളും ചെയ്യുക, പ്രാർത്ഥന ഉപയോഗശൂന്യമാണ്.'' ഇതിന്റെ ഉദ്ദേശ്യം പൌരോഹിത്യ ത്തെ കടപുഴക്കിയെറിയുകയായിരുന്നു. ദൈവത്തിനും മനുഷ്യനു മിടയ്ക്ക് അർദ്ധദൈവങ്ങളായ ഇവരുടെ വരുമാനം യാഗ പൂജാദികളിൽ നിന്നായിരുന്നു. ഒരു പ്രസ്ഥാനത്തെ എതിർക്കുന്നതിനേക്കാൾ അതിന്റെ വരുമാന മാർഗ്ഗത്തിൽ കടന്നുപിടിച്ച് സാമ്പത്തിക പ്രതിരോധം നടത്തുക ആവശ്യമാണ് അതാണ് ബൌദ്ധമുനി ചെയ്തത് പ്രവാചകനും. അതേ പണി തന്നെ ചെയ്തതിൽ അപാകതയുണ്ടെന്ന് പറയുകവയ്യ. അദ്ദേഹത്തിന്റെ ദൌത്യംഅതായിരുന്നു. എന്നാൽ പിന്നീടുള്ള കരാറുകളും മറ്റും മതസഹിഷ്ണുതയുടെ മകുടോദാഹരണങ്ങളാണ്. അറേബിയായിൽ ഇസ്ലാം മതത്തിനു

1. A. Galwash–Religion of Islam. P–55

സുസ്ഥിരപ്രതിഷ്ഠനേടാൻ കഴിഞ്ഞതിനുശേഷമുള്ള നബിയുടെ പ്രഖ്യാപനങ്ങളും പ്രവൃത്തികളും മതസഹിഷ്ണുതയുടെ പ്രകടനപത്രികകളാണ്. ആക്രമിച്ചു കീഴടക്കുന്ന രാജ്യങ്ങളിലെ ജനങ്ങളെ മുസ്ലീം പട്ടാളത്തിന്റെ സംരക്ഷണയിൽവന്നുകഴിഞ്ഞാൽ അവരോട് ഒരു രക്ഷാനികുതിമാത്രമാണാവശ്യപ്പെട്ടിരുന്നത്. 'അക്കൂട്ടരെ അഹലുദിമ്മ (രക്ഷഉറപ്പുനൽകപ്പെട്ടവർ) യായി കണക്കാക്കിയിരുന്നു. 'ഒരു മുസ്ലീമിന്റെ രക്തം എത്ര പരിശുദ്ധമാണോ അത്രയും പരിശുദ്ധമാണ് ഒരു ദിമ്മിയുടെരക്തവും..' 'ആരെങ്കിലും രക്ഷ പ്രഖ്യാപിക്കപ്പെട്ട ഉപദ്രവിക്കുന്നുവോ'' അവർക്കെതിരായി അവസാനവിധി ദിനംവരെ ഞാൻ വാദിക്കുന്നവനാണ്', എന്നൊക്കെയാണ് പ്രവാചകൻ പ്രഘോഷണം ചെയ്തിട്ടുള്ളത്. ഒരു മുസ്ലീം സ്റ്റേറ്റിൽ ദിമ്മികൾക്കുള്ള സ്ഥാനം മറ്റു പ്രജകളോടൊപ്പമായിരുന്നു. ഈ വിഷയത്തെപ്പറ്റി കൂടുതലായി 'ജിസിയ മതനികുതിയായിരുന്നില്ല എന്ന അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്.

കലീഫമാരും ഈ നയംതന്നെ തുടർന്നിരുന്നു. എ. ഡി. 622 മുതൽ 748 വരെയുള്ള മുസ്ലീം ചരിത്രമാണ് മതപ്രചാരണത്തിന്റെ കാലഘട്ടമെന്നുപറഞ്ഞുവല്ലോ. അക്കാലങ്ങളിലായിരുന്നു സൗഹാർദ്ദവും മാതൃകാജീവിതവും ഇസ്ലാമിന്റെ അനുയായികൾ അനുവർത്തിച്ചു പോന്നത് അക്കാലങ്ങളിലൊന്നും ആരാധനാലയങ്ങളെ ആരും സ്പർശിച്ചിട്ടില്ലെന്നു മാത്രമല്ല അവയെ ബഹുമാനിച്ചുമിരുന്നു. സൽജൂക്ക് ടർക്കുകളുടെ ആധിപത്യകാലം വരെ തീർച്ചയായും മതസഹിഷ്ണുതയുടെ പ്രശംസയാണ് വിരോധികളായ ചരിത്രകാരന്മാർ കൂടി എഴുതിയിട്ടുള്ളത്. ക്രിസ്തീയ തീർത്ഥാടനകേന്ദ്രങ്ങൾ കലീഫമാരുടെ കീഴിലായിരുന്നു. പാലസ്റ്റൈനും മറ്റും ഉൾക്കൊള്ളുന്ന ആ പ്രദേശങ്ങളിലെ ഒറ്റ ക്രൈസ്തവപള്ളിയും അഗ്നിക്കിരയായിരുന്നില്ല. മുഹമ്മദ് ഖാസിമിന്റെ സിന്ധ്യാക്രമണകാലത്തും ഒരാളെപ്പോലും നിർബന്ധപരിവർത്തനം നടത്തിയി

നുന്നില്ലെന്നും അവർക്ക് ആരാധനാസ്വാതന്ത്ര്യവും മതസ്വാതന്ത്ര്യവും അനുവദിച്ചിരുന്നുവെന്നും ചാച്ചനാമതുടങ്ങിയ ഗ്രന്ഥങ്ങളിൽ പറയുന്നു. മതപ്രചാരണമാണ് അമ്പലം പൊളിക്കുവാനുള്ള പ്രേരണയുടെ പിന്നിലെങ്കിൽ തീർച്ചയായും ഇസ്ലാമിന്റെ കാലത്താണ് (711 A.D.) കൂടുതൽ നടത്തണ്ടിയിരുന്നത്. അപ്പോഴും അവയുടെ പിന്നിലുള്ള ഉദ്ദേശ്യം മറ്റൊന്നോആയിരുന്നിരിക്കണം. അത് കണ്ടുപിടിക്കേണ്ടതായുമുണ്ട്.

'ഇന്ത്യയിലെ എല്ലാ രാജ്യങ്ങളിലേയും വിഭവങ്ങളും ധനവും അതാതമ്പലങ്ങളിൽ സ്വരൂപിക്കുവാൻ കഴിഞ്ഞ ഒറക്കാര്യംമാത്രം കണക്കിലെടുത്താൽ മതി, ബ്രാഹ്മണ പൗരോഹിത്യത്തിന്റെ പദവി നിർണ്ണയിക്കുവാൻ. രാജാക്കന്മാരുടെ ഖജനാവുകളും ഈ അമ്പലധനത്തോട് താരതമ്യപ്പെടുത്തുമ്പോൾ ഒന്നുമല്ലായിരുന്നു. മുഹമ്മദുഗസ്നായുടെ ആക്രമണങ്ങളുടെ പ്രാധാന ഉന്നം അരമനകളേക്കാൾ അമ്പലങ്ങളായിരുന്നത് മറ്റൊന്നുകൊണ്ടുമായിരുന്നില്ലെന്നതാണ് സത്യം [2]. മുഹമ്മദു ഗസ്നായുടെ ആക്രമണങ്ങളോടുകൂടിയാണ് വിഗ്രഹധ്വംസനം ഈ നാട്ടിൽ നടക്കുന്നത്. പിന്നീടുള്ള എല്ലാ മുസ്ലീം രാജാക്കന്മാരും അവിതർക്കിതമാംവണ്ണം ദേവാലയനശീകരണക്കാരായാണ് ചിത്രീകരിക്കപ്പെട്ടിട്ടുള്ളത്. ഇൻഡ്യൻ മനസ്സിൽനിന്നും ഒരിക്കലും മറഞ്ഞുപോകാത്ത പകയും അവിശ്വാസവുമാണ് ഗസ്നാ അതുമൂലമുളവാക്കിയത്. ഇസ്ലാമിക പ്രചാരണത്തിന് ഏറ്റവും വലിയ വിഘാതം ഗസ്നായുടെ ആക്രമണ സ്മരണയും അത് ഉണ്ടാക്കിയ ഭീകരതയുമാണ്, അതുതന്നെയാണ് ഗസ്നാ മരിച്ചതോടെ ലാഹോർ മുതൽ വടക്കെ ഇൻഡ്യയുടെ മറ്റെല്ലാ ഭാഗത്തും ഇസ്ലാമിന്റെ തരിപോലും അവശേഷിക്കാതിരുന്നത്. [3] ഇസ്ലാമിക സേവനമെന്നതിനേക്കാൾ ഏറ്റവും കൂടുതൽ ദ്രോഹമാണ്, മുഹമ്മത്

2. P. Thomas-Hindu Religion
3. Prof. Habeeb-Mohamed of ghaznIn p. 87

ഗസ്നാ മുസ്ളീം ലോകത്തോടു ചെയ്തത്. ഇത് ഒറ്റയായി പ്രതിപാദിക്കുന്നതു കൊണ്ട് വിശദീകരണത്തിനൊരുങ്ങുന്നില്ല, മഹമ്മത് ഗസ്നാ വിശ്വാസത്തിലും പ്രവൃത്തിയിലും ഇസ്ലാമിക നിയമത്തിന് കടകവിരുദ്ധമായാണ് പ്രവൃത്തിച്ചിട്ടുള്ളതെന്നു മാത്രം തൽക്കാലം ധരിക്കുക; 'പ്രശസ്തിയും ധനത്തിനുള്ള അത്യാർത്തിയും മാത്രമായിരുന്നു ഗസ്നായുടെ ആക്രമണത്തുളുടെ പിന്നിൽ, മതപ്രചാരണത്തിന്റെ അംശം പോലുമുണ്ടായിരുന്നില്ല. ഗസ്നായുടെ പട്ടാളക്കാർ കുരിശുയോദ്ധാക്കളെപ്പോലെയിരുന്നു. ഒപ്പം ഹിന്ദുവിനോടും മുസ്ളിമിനോടും യുദ്ധം ചെയ്യുവാൻ പരിശീലനം കൊടുത്തിരുന്ന പട്ടാളക്കാരായിരുന്നു അവർ, എന്നാണ് ഗസ്നായുടെ ആധുനിക ചരിത്രകാരൻ പ്രഫസർ ഹബീബ് അസന്ദിഗ്ദ്ധമായി പ്രസ്താവിക്കുന്നത്.

എന്തുകൊണ്ട് പ്രസിദ്ധങ്ങളായ അമ്പലങ്ങളും കൊള്ളയടിച്ചുവെന്നതിന് സമകാലീനചരിത്രകാരന്മാർ തന്നെ നേരിട്ട് സംസാരിക്കട്ടെ. 'തരീക്കീയാമിനി' എന്ന ചരിത്രഗ്രന്ഥത്തിന്റെ പ്രസിദ്ധനായ കർത്താവ് അൽഉത്ബി പറയുന്നതു നോക്കുക. ''സുൽത്താൻതന്നെ ബിംനഗർ എന്ന ശക്തമായ കോട്ടവരെ ശത്രുക്കളെ പിൻതുടർന്നു. ഹിന്ദിയിലെ രാജാക്കന്മാരും പ്രഭുക്കന്മാരും അവരുടെ ധനവും ആഭരണങ്ങളും അവിടെയുള്ള ഒരു വലിയ പ്രതിമയുടെ മുമ്പിൽ കാഴ്ചവയ്ക്കുകയും അവർക്ക് ഗുണം കിട്ടുവാൻ പ്രാർത്ഥിക്കുകയും ചെയ്തു. വളരെക്കാലം കൊണ്ട് സംഭരിച്ച ധനം അവിടെ സൂക്ഷിച്ചിരുന്നു. അതുകാരണം സുൽത്താൻ ഈ സ്ഥലത്തേക്ക് ശ്രദ്ധിച്ചു നൂറ്റാണ്ടുകാലം കൊണ്ട് കുന്നു കൂടിയ ധനം എത്രയാണെന്നു പറയുക സാദ്ധ്യമല്ല. ഒട്ടകങ്ങൾക്ക് ചുമക്കാനൊക്കാത്തത്രയും, വാഹനങ്ങളിൽ ഒതുക്കാൻ പറ്റാത്ത മാതിരിയും, അല്ലെങ്കിൽ ഏതെങ്കിലും എഴുത്തുകാരനോ ഗണിത വിദഗ്ദ്ധനോ എഴുതുവാനോ കണക്കു കൂട്ടുവാനോ, സാധിക്കാത്തവിധവും ധനമവിടെയുണ്ടായിരുന്നു.

'ചുമക്കാവുന്നതത്രയും സുൽത്താന്റെ സൈനികർ എടുത്തു. അവശേഷിച്ചത് പലരുമായി വീതിച്ചു. സുൽത്താനു കിട്ടിയതിൽ മുദ്രണം ചെയ്തിരുന്ന സ്വർണ്ണനാണ്യങ്ങൾക്കുമാത്രം 8 കോടി ദർഹാം വിലവരും. സ്വർണ്ണവും വെള്ളിയും 7400 ആംഫുമടുണ്ടായിരുന്നു. ഇതിനു പുറമേ നല്ലതരം വസ്ത്രവും മറ്റും കണക്കുകൂട്ടുക അസാദ്ധ്യമാണ്.'[4] മുഹമ്മദ് ഗസ്നായുടെ ബിംനഗർ ആക്രമണത്തിന്റെ കഥയാണ് ഈ പറഞ്ഞത്. ഈ കണക്ക് ഇന്നത്തെ അളവിലേക്ക് പരത്തിയിട്ടുണ്ട് പ്രഫസ്സർ ഹബീബ്, 'മുഹമ്മദു ഗസനിൻ' എന്ന തന്റെ പുസ്തകത്തിന്റെ 32–ാം പേജിൽ. 7 കോടി സ്വർണ്ണദീനാറും 700 മന്ന് സ്വർണ്ണവും വെള്ളിയും കൊണ്ടുള്ള പാത്രങ്ങളും 200 മന്ന് സ്വർണ്ണവും 2000 മന്ന് ആഭരണങ്ങളും ബിം എന്ന അമ്പലക്കോട്ടയ്ക്കകത്തു നിന്നും ലഭിച്ചു. ഉത്തരമധുരാപുരിയിലെ പുകഴ്പെറ്റ ശ്രീകൃഷ്ണക്ഷേത്രവും മുഹമ്മതിന്റെ ആക്രമത്തിനു വിധേയമായി. ചരിത്രകാരൻ ഉദുബ്വിയുടെ തന്നെ വിവരണം ശ്രദ്ധിക്കുക: 'സുൽത്താൻ നഗരപ്രാന്തത്തിത്തിലുള്ള അമ്പലസന്നിധാനത്തിലേക്കു നീങ്ങി. അവിടെ ഹിന്ദുക്കളുടെ ഒരു ക്ഷേത്രമുണ്ടായിരുന്നു. ജനങ്ങൾ പറയുന്നത് അതു മനുഷ്യർ നിർമ്മിച്ചതല്ലെന്നാണ്. അത്ര മനോഹരവും ഭയങ്കരവുമാണത്. കണ്ടാൽ മാത്രമേ അതിന്റെ ഭംഗിയും പ്രൌഢിയും മനസ്സിലാക്കാനൊക്കൂ. ഈ അമ്പല സംവിധാനത്തെക്കുറിച്ച് ഗസ്നിയിലേക്ക് ഇപ്രകാരമാണ് സുൽത്താൻ എഴുതിയിരുന്നത്: 'ഇതുപോലെ ഒരു ഹർമ്മ്യം ആരെങ്കിലും നിർമ്മിക്കാമെന്ന് മോഹിക്കുന്നുവെങ്കിൽ 10 കോടി സ്വർണ്ണദീനാർ ചിലവഴിക്കാതെയും 200 കൊല്ലത്തെ പ്രയത്നമില്ലാതെയും സാദ്ധ്യമല്ല, എത്ര തന്നെ വിദഗ്ദരും നിപുണരുമായജോലിക്കാരെ ഏർപ്പെടുത്തിയാൽ കൂടിയും.'

4. Elliot and Dowson, Vol I, P, 35

'സ്വർണ്ണനിർമ്മിതവും അഞ്ചുവാര നീളമുള്ളതുമായ അഞ്ചു വിഗ്രഹങ്ങൾ അവിടെ നിന്നു കിട്ടി. അതിൽ ഒരെണ്ണത്തിന്റെ കണ്ണ് രണ്ടു മാണിക്യക്കല്ലു കൊണ്ടുണ്ടാക്കിയതായിരുന്നു. അവയ്ക്ക് ഓരോന്നിനും അമ്പതിനായിരം ദീനാർ[5] എങ്കിലും വിലമതിക്കാം. മറെറാന്നിന്റെ കണ്ണ് 450 മിസ്കാൽ തൂക്കത്തിലുള്ള വൈഡൂര്യം കൊണ്ട് നിർമ്മിതമായിരുന്നു. മറെറാരു വിഗ്രഹത്തിന്റെ കാലുകൾക്കു 4400 മിസ്കാൽ തൂക്കമുണ്ടായിരുന്നു. ഈ അഞ്ച് വിഗ്രഹങ്ങൾ ഒട്ടാകെ 98800 മിസ്ക്കാൽ സ്വർണ്ണമാണ്.'[6]

ഏറെവും കുപ്രസിദ്ധമായ ഗസ്നയുടെ ആക്രമണം സോമനാഥക്ഷേത്രത്തിനേറതാണ്. അൽബൈറൂണിയും ഉദ്ബയിംകാൺതമീറും വളരെ വിശദമായി ഇതേപ്പററി എഴുതിയിട്ടുണ്ട്. സോമനാഥക്ഷേത്രത്തെപ്പററിയുള്ള ഇതിഹാസം അൽബൈറൂണി വിവരിക്കുന്നതങ്ങിനെയാണ്. 'പ്രജാപതിയുടെ രണ്ടു പെൺമക്കളെ ചന്ദ്രൻ വിവാഹം കഴിച്ചു. പക്ഷേ അവരിൽ രോഹിണിയോടായിരുന്നു കൂടുതൽ പ്രതിപത്തി. എല്ലാ ഭാര്യമാരോടും തുല്യത കാണിക്കണമെന്ന് പ്രജാപതി ചന്ദ്രനോടാവശ്യപ്പെട്ടിട്ടും അനുസരിക്കാഞ്ഞതുകൊണ്ട് ചന്ദ്രനെ ശപിച്ചു. അതിന്റെ ഫലമായി ചന്ദ്രന് കുഷ്ഠരോഗം പിടിപെട്ടു. ചന്ദ്രൻ പശ്ചാത്തപിച്ചെങ്കിലും മടക്കിയെടുക്കാൻ പററാത്തതായിരുന്നു ആ ശാപം. എങ്കിലും മാസത്തിലെ പകുതി സമയം ഈ നാണക്കേടിൽ നിന്നും ചന്ദ്രന്റെ മുഖത്തെ മറയ്ക്കാമെന്ന് പ്രജാപതി പ്രതിജ്ഞ ചെയ്തു. പാപമോചനത്തിനു വേണ്ടി മഹാദേവന്റെ ഒരു ലിംഗം പ്രതിഷ്ഠിക്കുവാൻ ഉപദേശിക്കുകയും ചെയ്തു. ചന്ദ്രൻ അങ്ങനെ ഉയർത്തിയ പ്രതിമയാണത്രേ സോമനാഥ്. എന്തെന്നാൽ 'സോമ' എന്നതിന്റെ അർത്ഥം ചന്ദ്രനെന്നും, 'നാഥ്' എന്നാൽ നാഥൻ എന്നുമാണല്ലോ.'[7]

---

5. ഒരു ദീനാർ—രണ്ട് ഉറുപ്പിക അൻപത് പൈസ ഇപ്പോൾ (30 ക)

6. Tarikh-i- yamini-Elliot and Dowson vol II P. 44

7 Albiruni-Tarikh - Hind - Eng - Trans-sachu-P. 221

'ഹബീബുസ്സിയാർ' എന്ന ഗ്രന്ഥത്തിൽ കാൺതമീർ എന്ന ചരിത്രകാരൻ വിവരിക്കുന്നതിങ്ങനെയാണ്. 'കടൽത്തീരത്ത് സ്ഥിതി ചെയ്യുന്ന അമ്പലമാണ് സോമനാഥ്. അജ്ഞരായ നിവാസികളും പരിഭ്രാന്തരാകുന്ന സന്ദർശകരുമെല്ലാം ഈ ക്ഷേത്രത്തിൽ തടിച്ചു കൂടുന്നു ഈ രാത്രികളിൽ (ഗ്രസ്നായുടെ ആക്രമണദിവസങ്ങളിൽ) ഒരു ലക്ഷത്തിലേറെ ജനങ്ങളും അമ്പലക്കോട്ടയ്ക്കകത്തുണ്ടായിരുന്നു. രാജ്യത്തിന്റെ എല്ലാ ഭാഗത്തുനിന്നും ജനങ്ങളും ഈ അമ്പലത്തിലേക്ക് നേർച്ചകളും നേരാറുണ്ട്. പതിനായിരം ഗ്രാമങ്ങളും ഇതിന്റെ നടത്തിപ്പിനായി വിട്ടുകൊടുത്തിരുന്നു. അദ്ഭുതകരങ്ങളായ രത്നങ്ങളും ഇവിടെ നിരവധിയാണ്. ബുദ്ധന്റെ പത്തിലൊന്നുപോലും ഒറ്റ രാജാവിന്റെയും ഖജനാവിൽ കാണാൻ സാദ്ധ്യമല്ല. 2000 ബ്രാഹ്മണന്മാർ ഇവിടെ പുരോഹിതന്മാരായുണ്ട്. 200 ആളുകൾ മുടങ്ങാതെ തൂക്കമുള്ള ഒരു സ്വർണ്ണച്ചങ്ങലയിൻമേലാണ് അമ്പലമണി ഘടിപ്പിച്ചിട്ടുള്ളത്. 300 പാട്ടുകാരും 500 നർത്തകികളും ധാരാളം പരിചാരകരും ഇതിനു പുറമേയുണ്ട്. സോമനാഥക്ഷേത്രത്തിൽ നിന്നും മുഹമ്മദിനു ലഭിച്ച ധനം 2 കോടി ദിനാറും വിലമതിക്കാനൊക്കാത്ത രത്നാകാരവുമാണ്'''.[8]

'ചാച്ചാനാമ'യിൽ കാണുന്ന മറെറാരു വിവരണവും കൂടി നമുക്കീ സന്ദർഭത്തിൽ ഉപയോഗപ്പെടുത്താവുന്നതാണ്. ''ഒരമ്പലത്തിൽനിന്നുമാത്രം മുഹമ്മദിന് 230 തുലാം തൂക്കമുള്ള സ്വർണ്ണക്കട്ടയും 13200 തുലാം തൂക്കമുള്ള സ്വർണ്ണം പതിച്ചിട്ടുള്ള 40 ജാറുകളും ലഭിച്ചു.'''[9] ഇത്രമാത്രം ധനസംഭരണം ചെയ്തിരുന്ന സ്ഥലങ്ങളല്ലാതെ പിന്നെ എന്താണ് ഒരാക്രമിയുടെ കൊള്ളയ്ക്ക് വിധേയമാകുക. ''ധനമോഹം ഒന്നുമാത്രമായിരുന്നു മുഹമ്മദിന്റെ മതം.'' എന്നാണ് പ്രൊഫസ്സർ ഹബീബ് പ്രഖ്യാപിക്കുന്നത്

8. Elliot and Dowson, Vol IV, PP 182-83
9. Ibid- Vol I, P. 206

തികച്ചും ശരി തന്നെയാണ്. പക്ഷേ അത് അമുസ്‌ലിം കളുടെ ഹൃദയത്തിൽ മായാത്ത വിരോധമുളവാക്കി. ഒരു മതത്തിന്റെയൊ വിശ്വാസപ്രമാണത്തിന്റെയോ സ്വാധീനം മറ്റുള്ളവരിൽ ഉണ്ടാകുന്നത് അതുകൊണ്ടുവരുന്നവരുടെ പ്രവൃത്തിക്കനുസൃതമായിട്ടായിരിക്കും. ഗസ്നായുടെ മതം ഇവിടെ അക്കാലങ്ങളിൽ വിലപ്പോകാതിരുന്നതും അതുകൊണ്ടാണ്, ഇതു കൊള്ളയുടെ പേരിൽ വിശദീകരിച്ചു തള്ളിക്കളയാവുന്ന നിസ്സാര കാര്യമല്ല. എന്തു ന്യായീകരണം പറഞ്ഞാലും ഗസ്നായുടെ ആക്രമണങ്ങൾ നിന്ദ്യവും ക്രൂരവുമായിരുന്നു. ഒരു മതത്തിനും തത്വശാസ്ത്രത്തിനും നിരക്കാത്തവയുമാണ്, ഇസ്‌ലാമിനെ സംബന്ധിച്ച് പ്രത്യേകമായും. ഏതു മതക്കാരിലും പാർട്ടിക്കാരിലും സ്വാർത്ഥ പ്രവർത്തികൾക്ക് തനതായ തത്വശാസ്ത്രം കണ്ടുപിടിച്ച് തെറ്റുകളെമൂടി വെയ്ക്കുന്ന ചിലരുണ്ട്. അവർക്ക് ശിങ്കിടി പാടാൻ ആളുകളേയും കിട്ടും. മുഹമ്മതിന്റെ പ്രവൃത്തികൾക്ക് ഇസ്‌ലാമിക ന്യായീകരണം നൽകാൻ ഖുറാനേയും നബിവചനങ്ങളേയും ദുർവ്യാഖ്യാനം ചെയ്ത് സുൽത്താനെ പ്രീണിപ്പിക്കുകയാണ് അക്കാലത്തെ മുസ്‌ലിം പൗരോഹിത്യം ചെയ്തത്. മുഹമ്മത് ഗസ്നായെ അങ്ങനെ ഇസ്‌ലാമിക ലോകത്തിലെ മഹാന്മാരിലൊരാളായും മതനേതാവായും മുസ്‌ലിം ചരിത്രകാരന്മാർ വരച്ചുകാട്ടി. ഈ അമ്പല നശീകരണത്തെ, വിഗ്രഹാരാധനയെ ഉന്മൂലനം ചെയ്യുവാനുള്ള ഇസ്‌ലാമിക പ്രവൃത്തിയായും ദുർവ്യാഖ്യാനം ചെയ്തു പ്രചരിപ്പിച്ചു. അങ്ങനെ സമകാലീനരേഖകളും മുഹമ്മതിന്റെ പ്രവൃത്തികൾക്ക് ന്യായീകരണം കണ്ടതേ ചേതോഹരമായ ഇസ്‌ലാമിക ശാസനകളെ വളച്ചൊടിച്ചു വികലപ്പെടുത്തിയിട്ടായിരുന്നു. സ്വന്തം ചരിത്രകാരന്മാരുടെ ഈ രേഖകളും മുഹമ്മതിന്റെ ഇൻഡ്യയിലെ നികൃഷ്ടമായ പ്രവൃത്തികളും ഒന്നിപ്പിച്ചു നോക്കുന്നവർക്ക് ഇസ്ലാമിന്റെ പ്രചാരണഭാഗമായി മാത്രമേ ഇവ കാണുവാൻ സാദ്ധ്യമാവുകയുള്ളൂ. ഇത് ഫലവത്തായി ഉപയോഗപ്പെടുത്തിയ

ബ്രിട്ടീഷ് ചരിത്രകാരൻ തുടർന്നുള്ള എല്ലാ രാജാക്കന്മാരേയും കുറിച്ച് മതഭ്രാന്തിന്റെ കഥകളുംകൂടി കൂട്ടിച്ചേർത്തു. ആർക്കും അത്ര പെട്ടെന്ന് ഇതിന്റെ പൊള്ളത്തരം പൊളിച്ചുകാട്ടാൻ ഒക്കാത്തത്ര കെൽപ്പുള്ള ഉദാഹരണങ്ങളാണ് മുഹമ്മത് ഗസ്നായുടെ ആക്രമണകാലത്ത് ഉണ്ടായിട്ടുള്ളതും. ഗസ്നായുടെ പ്രവൃത്തികളും ഇതായിരിക്കുമ്പോൾ അദ്ദേഹത്തിന്റെ പിൻഗാമികളും അത് ചെയ്തിരിക്കുമെന്ന് വിശ്വസിക്കുകയാണ് ന്യായം. മുഹമ്മത് ഗസ്നാ ധനമോഹിയായ അക്രമി മാത്രമായിരുന്നുവെന്ന് കണക്കാക്കിയാൽ പ്രശ്നം പരിഹൃതമാകും. ഇസ്ലാമിക പ്രചാരണമായിരുന്നു ഉദ്ദേശ്യമെങ്കിൽ കുറെപ്പേരെയെങ്കിലും മതപരിവർത്തനം നടത്തുമായിരുന്നു. ''അദ്ദേഹത്തിന്റെ സൈന്യത്തിൽ ഒരു വിഭാഗം ഹിന്ദുക്കളായിരുന്നു. സേനാനായകന്മാരിൽ പലരും. ലാഹോറിലെ അദ്ദേഹത്തിന്റെ ഗവർണ്ണറും ഹിന്ദുവായിരുന്നു.''[10]

അദ്ദേഹം ഗസ്നിയിലേക്ക് കുറെയധികം ബ്രാഹ്മണ പുരോഹിതന്മാരേ കൊണ്ടുപോയിരുന്നു. അവരെ ആരെയും മതപരിവർത്തനം നടത്തിയില്ല. ഇന്ന് ആഫ്ഗാനിസ്ഥാനിൽ ഒരു ചെറിയ വിഭാഗം ജനങ്ങളും ഹിന്ദുക്കളാണ്. ഇസ്ലാമിക പ്രചാരണത്തിനുവേണ്ടി ക്രിയാത്മകമായ ഒന്നും ചെയ്തിട്ടില്ലാത്ത ഗസ്നായുടെ ആക്രമണങ്ങളും രാഷ്ട്രീയം പോലുമായിരുന്നില്ല. വെറും സാമ്പത്തിക ദുരമാത്രമായിരുന്നുവെന്ന് സ്പഷ്ടമല്ലേ? ഇതിനെ മുസ്ലീം ചക്രവർത്തിമാരുടെ പൊതുസ്വഭാവമായി ചിത്രീകരിക്കുന്നതിലേ പിശകുള്ളു.

എന്നാൽ മുസ്ലീം രാജാക്കന്മാർ പലപ്പോഴും ഒരു യുദ്ധതന്ത്രമെന്ന നിലയ്ക്ക് വിഗ്രഹങ്ങളും ഉടച്ചിട്ടുണ്ട്.

10. Dr. Iswari Prasad-Muslim Rule in India: Pro Mohumed Habeeb Mohamed of ghazamin.

സോമനാഥക്ഷേത്രധ്വംസനത്തിന്റെ ദൃക്സാക്ഷിയായിരുന്ന അൽബൈറൂണി എഴുതുകയാണ്. ''മുഹമ്മതിന്റെ പട്ടാളം ക്ഷേത്രക്കോട്ടയ്ക്ക് സമീപമെത്തിയപ്പോഴേക്കും ഒരു ലക്ഷത്തിലേറെ ജനങ്ങൾ അമ്പലവളപ്പിലുണ്ടായിരുന്നു. അവർ മതിലിനു മുകളിൽ കയറിനിന്ന് വീരവാദം മുഴക്കി. മുഹമ്മത് ഇതുവരെ ചെയ്ത പ്രവൃത്തികൾക്ക് ശിക്ഷനൽകുവാൻവേണ്ടി സോമനാഥൻ അയാളെ ഇവിടേക്കാകർഷിച്ചതാണ്. എല്ലാം തുലഞ്ഞുകൊള്ളും.''. ഹിന്ദുവിശ്വാസികൾ ഈക്ഷേത്രങ്ങൾക്ക് എത്രമാത്രം ദൈവികശക്തി കല്പിച്ചിരുന്നുവെന്ന് കാണുവാൻ പ്രയാസമില്ലല്ലോ. ആ വിഗ്രഹങ്ങൾക്ക് രക്ഷയും ശിക്ഷയും നല്കുവാനൊക്കുമെന്നവർ കരുതിയിരുന്നു. തന്മൂലം ജനലക്ഷങ്ങളുടെ ഹൃദയത്തിൽ ഭീതിയും ആശയക്കുഴപ്പവും സൃഷ്ടിക്കുവാൻ വേണ്ടി വിഗ്രഹങ്ങൾ ധാരാളം തച്ചുടച്ചുകാണും. ഒരു യുദ്ധതന്ത്രമെന്നതിൽ കവിഞ്ഞ് മറെറന്തെങ്കിലുമർത്ഥം ഇതിന് കല്പിക്കാമോ എന്ന് സംശയമാണ്. അവരാരാധിച്ചു വിശ്വാസിച്ചുപോരുന്ന ദൈവങ്ങളേക്കാൾ ശക്തരാണ് തങ്ങളെന്ന് തെളിയിക്കുവാനുള്ള അവസരങ്ങൾ മുസ്ലീം ചക്രവർത്തിമാർ പാഴാക്കിയിരിക്കുവാനുമിടയില്ല. പണ്ട് കോഴിവെട്ടും കുരുതിയും നടത്തിയിരുന്ന അമ്പലങ്ങളുടെ പരിസരത്തുപോലും പോകുവാൻ ജനങ്ങൾ ഭയന്നിരുന്നു. കോഴിവെട്ടുകഴിയുന്ന ദിവസം രാത്രി ചില അമ്പല മുറ്റത്തുകൂടി തനിച്ചു നടന്ന് ധീരതയുടെ പെരുമ്പറയടിച്ചിട്ടുള്ളവരേയും പന്തയംവെച്ച് ജയം നേടിയിട്ടുള്ളവരേയും എനിക്കറിയാം.

അങ്ങനെ ജനങ്ങളെ ഭയപ്പെടുത്താനും സ്വശക്തി പെരുപ്പിച്ചുകാട്ടുവാനുമുള്ള ഉപായമായിരുന്ന വിഗ്രഹങ്ങൾതകർത്തിരുന്നതും അവമനുഷ്യരുടെ കാലുകഴുകുന്നിടങ്ങളിൽ ഇട്ടിരുന്നതും. മറെറാരുദ്ദേശ്യം സാധാരണ മുസ്ലീംകളുടെ കണ്ണിൽ ഇസ്ലാമിന്റെ പ്രണേതാക്കളാണ് തങ്ങളെന്ന് വരുത്തി

കൊടുക്കുക മുസ്ലീം ചക്രവർത്തിമാർക്ക് സന്തം നിലനിലപ്പിനാവശ്യവുമായിരുന്നു. ഇതിനും പുറമേ ഒരാക്രമണമുണ്ടാകുമ്പോൾ സ്വാഭാവികമായും കുറെ പ്രതിമകളുണ്ടാകുകയും പെറിയ ചില അമ്പലങ്ങൾ പൊളിയുകയും ചെയ്യുക ഒരു ദുരുദ്ദേശ്യവുമില്ലാതെ തന്നെ സംഭവിക്കാവുന്നതുള്ളു. 600 കൊല്ലത്തെ തുടർച്ചയായ മുസ്ലീം ഭരണത്തിനുശേഷവും ഇന്ത്യയിലെ പ്രസിദ്ധങ്ങളും അറിയപ്പെടുന്നവയുമായ അമ്പലങ്ങളത്രയും ഇന്നും നിലനിൽക്കുന്നുണ്ടെന്നുള്ള പരമാർത്ഥവുംകൂടി കണക്കിലെടുക്കുക. അതിനുശേഷം അമ്പലങ്ങൾ തകർത്തിരുന്നുവെങ്കിൽ ഇവ എന്നേ നിശ്ശേഷമൃതമാകുമായിരുന്നു. കേരളത്തിലെ ബുദ്ധമത നിദർശനങ്ങളും പ്രതിഷ്ഠകളുമെല്ലാം വൈദികപ്രതിനിധ്വത്തിന്റെ ക്രൂരമായ ധ്വംസത്തിന് വിധേയമായതായും ഇവ ഇന്ന് അന്വേ മറക്കപ്പെട്ട സ്ഥിതിയും എന്തിനെയാണ് സൂചിപ്പിക്കുന്നത്? 600 സംവത്സരം ഒട്ടും കുറുങ്ങിയ കാലമല്ല. സംഘടിതമായ വിഗ്രഹധ്വംസനം നടത്തിയിരുന്നുവെങ്കിൽ നിശ്ചയമായും ഇന്ത്യയുടെ നിർമ്മാണനിപുണതയുടെ വിശ്വോത്തരപ്രതീകങ്ങളായ ഈ ക്ഷേത്രസമുച്ചയങ്ങൾ നാമാവശേഷമാകുമായിരുന്നു.

ജറമിയുൽ ഹിക്കായത്ത് എന്ന ഗ്രന്ഥത്തിൽ മുഹമ്മദ് ഉഫി എന്ന ചരിത്രകാരൻ ബാംബേതുറമുഖപട്ടണത്തിലെ ഒരു കഥയെഴുതുന്നുണ്ട്. അവിടെയുണ്ടായിരുന്ന ഒരു മുസ്ലിംപള്ളി ഒരിക്കൽ നശിപ്പിക്കപ്പെട്ടു. പട്ടണത്തിലെ പ്രധാന വ്യാപാരികളും മുസ്ലീംകളായിരുന്നു. അവരോടുള്ള വ്യവസായിക സ്പർദ്ധമൂലമാണിതു ചെയ്തു. ധനികരായ ഹിന്ദുക്കൾ മുസ്ലീംകളെ ഉപദ്രവിച്ച് അവരുടെ വ്യവസായം തകർക്കുവാൻ ശ്രമിച്ചു. ഉദ്യോഗസ്ഥന്മാർ ഇതിന്നൊരു നിലയ്ക്കുകയും ചെയ്തു. പള്ളിയിലെ പുരോഹിതൻ കത്തീബലി പരാതിപ്പെട്ട് പരാജിതനായി. അവസാനം രാജാവായ ജയ്സിംഗിനെ എല്ലാ വിവരങ്ങളുമടങ്ങിയ ഒരു ഹിന്ദികവിത എഴുതി സമർപ്പിച്ചു. രാജാവ് വേഷപ്രച്ഛന്നനായി കാംബേയിൽവന്ന്

സത്യസ്ഥിതി മനസ്സിലാക്കി കുറവാളികളെ മാതൃകാപരമായി ശിക്ഷിക്കുകയും പള്ളി പുതുതായി പണി കഴിപ്പിച്ചുകൊടുക്കുകയും, കത്തീബലിക്ക് രാജകീയ ഉടയാടകളും സമ്മാനിക്കുകയും ചെയ്തു.[11] ഇതുപോലെ മുസ്ലീം പക്ഷത്തു നിന്നും പല സംഭവങ്ങളും നടന്നുകാണും. എല്ലാ കാര്യങ്ങളും ചക്രവർത്തിമാരുടെ നേരിട്ടുള്ള ശ്രദ്ധയിൽ വന്നെന്നും വരില്ല. സ്വാർത്ഥമോഹികളുടെ താളത്തിനു തുള്ളാൻ ഉദ്യോഗസ്ഥന്മാരും കൂടുനിന്നിരിക്കും. അങ്ങനെയും ചില അമ്പലങ്ങളും പൊളിക്കപ്പെട്ടിട്ടുണ്ടാവാം.

എന്നാൽ പ്രധാനമായത് ധനദുർമ്മോഹം തന്നെ എന്നതിനു ഒരു സംശയവുമില്ല. മറാത്തിക്കാരും രജപുത്രന്മാരും അന്യനാടുകളിലെ അമ്പലങ്ങളും കൊള്ളയടിച്ചിട്ടുണ്ട്. 1783–ൽ രഘുനാഥറാവുപട്ട് വർദ്ധനന്റെ നേതൃത്വത്തിൽ വന്ന മറാത്തസേന, ശ്രീരംഗത്തിലെ കൊള്ളയടിക്കുകയും അനവധി ബ്രാഹ്മണരെ കൊല്ലുകയും ചെയ്തതിനു രേഖകളുണ്ട്.[12]

കൊച്ചിൻ സ്റ്റേയിറ്റ് മാനുവലിൽ സി. അച്യുതമേനോൻ കൊച്ചിരാജാവിനെക്കുറിച്ചെഴുതിയിട്ടുള്ളത് നമുക്കീയവസരത്തിൽ പ്രയോജനപ്പെടും. ഇക്കാലത്ത് കൊങ്ങിണികളും വലിയ ധനികന്മാരായിരുന്നു. പണക്കാരായ അവരിൽനിന്നും അമിതമായ പണം ഈടാക്കിയിരുന്നതിനു പുറമെ അവരുടെ അമ്പലത്തിലുള്ള വില പിടിച്ച രത്നങ്ങളും സ്വർണ്ണവിഗ്രഹങ്ങളും ബലമായി കൈവശപ്പെടുത്താനുള്ള ഒരു ശ്രമവും നടത്തി. അമ്പലനടത്തിപ്പുകാരി തെങ്ങിനേയോ അറിഞ്ഞിരുന്നതുകൊണ്ട് വിലപ്പെട്ട വസ്തുക്കളൊക്കെ അവിടെനിന്നും ആലപ്പുഴയിലേക്ക് മാറ്റി. കോപിഷ്ടനായ രാജാവ് അമ്പലമേധാവിയെ ഇതുമൂലം വധിക്കുക

11. Elliot and Dowson, Vol II PP 126-139,
12. M. H. Khan, Tipu Sultan-PP 315-56

യും ചെയ്തു.[13] ചുരുക്കത്തിൽ ധനദുർമ്മോഹമൊന്നു മാത്രമാണ് അമ്പലങ്ങളം കൊള്ളയടിക്കുവാൻ കാരണം. സ്വന്തം ഹീനപ്രവർത്തിക്ക് ന്യായീകരണം കണ്ടുപിടിച്ച് മതത്തിന്റെ മറപറ്റി നിന്നവരും കണ്ടെന്ന് വരാം. പക്ഷേ ആന്തരികോദ്ദേശ്യം കൊള്ളമുതലിനോടുള്ള കൊതി മാത്ര മായിരുന്നുവെന്ന് നിർച്ചയാണ്.

---

13. Cochin State Manual P-137

28

തുഗ്ളക്കിന്റെ ചരിത്രകാരൻമാർ

ഇന്ത്യാ ചരിത്രത്തിൽ ധാരാളം തെറ്റുകൾ പറ്റിയിട്ടുണ്ട്. മനഃപൂർവ്വമായ അസത്യപ്രചാരണം നിരന്തരം നടത്തപ്പെട്ടതുകൊണ്ട് ഈ നുണകളത്രയും സാധാരണീകരിക്കപ്പെട്ടിരിക്കുന്നു. ഇത്തരം അനവധി നുണകളിൽ പ്രധാനമായതത്രെ മുഹമ്മദ് തുഗ്ലക്കിന്റെ കഥ, 'തുഗ്ലക്കിന്റെ പരിഷ്ക്കാരം പോലെ' എന്ന പ്രയോഗം സാർവ്വത്രികമാണ്; അബദ്ധങ്ങൾക്കും രാഷ്ട്രീയ പാപ്പരത്തങ്ങൾക്കും, ഭരണവൈകല്യങ്ങൾക്കുമുള്ള പര്യായമായി ഇത് ഉപയോഗിക്കുന്നു. ലക്കില്ലാത്ത ഏതു പ്രവർത്തിയേയും തുഗ്ളക്കിന്റെ ഭ്രാന്തൻനയം പോലെയെന്നും നാം വിശേഷിപ്പിക്കാറുണ്ട്. ചുരുക്കത്തിൽ മുഹമ്മദ് തുഗളക്ക് എന്ന കേൾക്കുമ്പോൾ ഊറി ഉതരുന്ന പരിഹാസമാണ് അറിയുന്നവർക്കൊക്കെത്തന്നെ. മുഹമ്മത് തുഗ്ളക്കിനെക്കുറിച്ച് ഗൗരവമായി പഠിക്കുവാൻ മിനക്കെട്ടവർ ദുർല്ലഭമെങ്കിലും ചരിത്രവിദ്യാർത്ഥികളിൽ ചിലരുണ്ട്. തുഗ്ളക്കിന്റെ സ്വഭാവത്തേയും, ഭരണപരിഷ്കാരങ്ങളെയും കുറിച്ച് സൂക്ഷ്മമായ പഠനം കേരളത്തിലിതുവരെയില്ല. തൻമൂലം എടുത്തുപന്യസിക്കാവുന്ന നല്ല വിഷയമാണിത്. ഒറ്റയൊറ്റയായി അവ പ്രത്യേകം വിശദീകരിച്ച് പ്രതിപാദിക്കണമെന്ന് ഞാനാഗ്രഹിക്കുന്നു. വിഷയത്തിലേക്ക് പ്രവേശിക്കുന്നതിന്നു മുമ്പ് അദ്ദേഹത്തെ പറ്റി നമുക്ക് ലഭിക്കുന്ന ഉപാദാനങ്ങൾ എന്തൊക്കെയാണെന്നും, അറിവിന്റെ ഈ ധാരകൾ എത്രമാ

ത്രം പ്രയോജനകരമാണെന്നും പരാമർശിയ"ക്കേണ്ടതായു ണ്ട". അതിന്റെ പ്രാരംഭമായി മുഹമ്മത"ുഗ്ലുക്കിന്റെസമകാ ലീന ചരിത്രകാരന"ാർ ആരൊക്കെ ആയിരുന്നുവെന്നും അവരുടെ മത—രാഷ്ട"ീയ വിശ്വാസങ്ങളും എത്രമാത്രം അവരുടെ ചരിത്രസംവിധാനത്തിൽ സ്വാധീനം നടത്തിയി ട്ടുണ്ടെന്നും ചികഞ്ഞുനോക്കാം.

1. അലാവുദ"ീൻ ഖിൽജിയുടെ കാലത്ത" ബാരൻ സിയ"ാദ്രികു"ടിലെ ഗവർണ്ണറായിരുന്നമൊയ"ിനുൽ മുൽസി യുദ്ദീൻബരാണിക്കിന്റെ മകനാണ". പിതാവിന്റെ ഔദ്യോഗികവസതി നിലനിന്നിരുന്ന ബാരൻ എന്ന സ്ഥലപ്പേരോടുകൂടിയാണ" പിന്നീട" സിയാവുദ്ദീൻപ്രസിദ്ധ നായത". ബരാണിയെന്നാണ" ഇദ്ദേഹം പിന്നീടറിയപ്പെട്ടിരു ന്നത". ബരാണിയുടെ അമ്മാവനും അമ്മയുടെ അച്ഛനും ഒക്കെ സുൽത്താന്മാരുടെ കീഴിൽ ഉയർന്ന പദവികളലങ്ക രിച്ചിരുന്നു. അങ്ങിനെ പാരമ്പര്യവും പ്രഭുത്വവുമുള്ള കുടുംബത്തിൽ വളർന്ന ബരാണിയെ മുഹമ്മദ" തുഗ്ലക്ക" 1333-ൽ തന്റെ അരമനയിൽ നിയമിച്ചു. അദ"േഹം മരി ക്കുന്നതുവരെ (1351) സിയാവുദ്ദീൻ ബരാണി മുഹമ്മദ" തുഗ്ലക്കിന്റെ സർവീസിൽ തുടരുകയും ചെയ"്തു. ചക്ര വർത്തിയുടെ മരണശേഷം ഡൽഹിയിൽ നിന്നും കുറേക്കാലം മാറി താമസിച്ച സിയാവുദ്ദീൻ ബരാണിയെ ഫിറോസ" തുഗ്ലക്ക" വീണ്ടും അദ്ദേഹത്തിന്റെ സർവീസിൽ നിയ മിച്ചു. ഈക്കാലത്താണ" ബരാണി തന്റെ പുസ"്തകങ്ങളും പുറത്തിറക്കുന്നത". പല ഗ്രന"ഥങ്ങളുടെയുംകർത്താവെന്ന നിലയ്ക്കു" വിഖ്യാതനാണദ്ദേഹമെങ്കിലും ചരിത്രവിദ്യാർത്ഥിക ളെ സംബന"ിച്ചിടത്തോളം വളരെ പ്രയോജനപ്പെടുന്ന ഗ്രന"ഥമത്" ഗ്രന"ഥങ്ങളാണ", 'തരീക്കീഫിറോഷായ", 'ഫ തുവായിജഹാൻതാരീ' എന്നിവ.

മദ്ധ്യകാലഘട്ടത്തിലെ മുസ്ലീം ചരിത്രകാരന്മാരിൽ പ്രമാ ണിയനത്രെ സിയാവുദ്ദീൻ ബരാണി. ''പാശ്ചാത്യ വീക്ഷണ

ത്തിൽ ചരിത്രമെന്നു വിശേഷിപ്പിക്കാവുന്ന ദീർഘഭാഗം ഗ്രന്ഥങ്ങളിൽ മികച്ച മിഴിവോടുകൂടി നില്ക്കുന്നതാണു് ബരാണിയുടെ ''തരീക്കീഫിറോഷായ്'' എന്നാണു്, എച്ചു്. എം. ഈലിയട്ടു് പ്രസ്താവിക്കുന്നതു്. ബരാണിക്കുമുമ്പു് ദീർഘമായ ഒരു നൂറ്റാണ്ടുകാലത്തെ ചരിത്രം സമകാലീകരേഖകളും ഇല്ലാതെ കിടന്നിരുന്നു. 'തബക്കാത്തി നാസിരി' എന്ന ചരിത്രഗ്രന്ഥമാണു് മുസ്ലീം ചക്രവർത്തിമാരെക്കുറിച്ചുള്ള പ്രധാന ആധികാരിക രേഖ. 'മീൻ ഹാജൂദ്ദീൻ' എന്ന പണ്ഡിതൻ രചിച്ച ഈ പുസ്തകം ബാൽബൻ ചക്രവർത്തിയാകുന്നതുവരെ മാത്രമെ പ്രതിപാദിച്ചിട്ടുള്ളൂ. മീൻഹാജുദ്ദീൻ നിർത്തിയിടത്തുനിന്നും തുടങ്ങുകയാണു് ബരാണി. ബാൽബൻമുതൽ ഫിറോഷായുടെ ആറു കൊല്ലം വരെയുള്ള ചരിത്രം ബരാണി വിശദമായി വിവരിക്കുന്നു. ദൈവാനുഗ്രമുണ്ടെങ്കിൽ ഫിറോസിന്റെ ബാക്കി കൊല്ലങ്ങളിലെ വിവരണം മറ്റൊരു ഭാഗമായെഴുതുവാനാഗ്രഹമുണ്ടു്, എന്ന മുഖവുരയോടുകൂടിയാണു് അദ്ദേഹം തുടങ്ങുന്നതു്. അലാവുദ്ദീൻ തുടങ്ങി ഫിറോസ്വരെയുള്ളവരുടെ ഭരണം അടുത്തറിഞ്ഞ ബരാണിയുടെ വിവരണങ്ങൾ ആ നിലക്കുതന്നെ വളരെ ആദരണീയമാണു്. 1359 ലാണു് ഈ പുസ്തകം പൂർത്തിയാക്കുന്നതു്. ഫിറോസ്ഷാ തുഗ്ലക്കിന്നാണിതു് സമർപ്പിച്ചിരിക്കുന്നതും. ബംഗാളിലെ ഏഷ്യാറ്റിക്ക് സൊസൈറ്റി ഇതു് പ്രസിദ്ധീകരിച്ചു.

'ഫത്തുവായി ജഹാന്താരി' എന്ന പുസ്തകം തരീക്കീഫിറോഷായ് എന്ന പുസ്തകത്തിന്റെ അനുബന്ധമാണെന്നു് വേണമെങ്കിൽവിശേഷിപ്പിക്കാം.

കൂലങ്കഷമായി അവലോകനം ചെയ്തു് ബുദ്ധികൂർമ്മതയോടുകൂടി സ്വന്തം നിഗമനങ്ങളും നടത്തുകയാണിതിൽ ബരാണി. ഒരു മുസ്ലീംചക്രവർത്തി അനുസരിക്കേണ്ട ആചാരമര്യാദകളും, നിർവ്വഹിക്കേണ്ട ചുമതലകളും, വിസ്

നിരീക്ഷിച്ചു പ്രതിപാദിച്ചിട്ടുണ്ട്. നികുതിപിരിവുകളെ സംബന്ധിച്ചും, നീതിന്യായത്തെക്കുറിച്ചുമൊക്കെ ഐസ്ലാമിക നിയമവിധികൾക്കു വിധേയമായിക്കുറിച്ചിട്ടുണ്ട്. മദ്ധ്യകാലഘട്ടത്തിലെഅത്ഥശാസ്ത്രമായി ഈ പുസ്തകത്തെ കണക്കാക്കാം. സ്വതന്ത്രചിന്തകനായ ഈ ചരിത്രകാരനു തനതായ നിലപാടുകളും അഭിപ്രായങ്ങളും രീതികളുമുണ്ട്. തന്റെ വിശ്വാസപ്രമാണങ്ങൾക്കെതിരായ പ്രവൃത്തികളെ അദ്ദേഹം ആക്ഷേപിക്കുന്നു. സ്വന്തം വീക്ഷണത്തിനു നിരക്കാത്തതൊന്നും അനുവദിക്കു പഥ്യമല്ല. യാഥാസ്ഥിതിക സുന്നി മുസൽമാനായിരുന്ന ബരാണി എല്ലാ മുസ്ലീം ചക്രവർത്തിമാരും മതശാസനകളുടെ വളയത്തിൽ വരണമെന്നാഗ്രഹിച്ചു. ഐസ്ലാമിക നിയമങ്ങൾക്കെതിരായ എല്ലാ പ്രവൃത്തികളെയും അദ്ദേഹം വിമർശിക്കുന്നതും ദൃശ്യമാണ്. മുസ്ലീം പൌരോഹിത്യത്തിന്റെ വക്താവായിട്ടാണ അദ്ദേഹം പ്രത്യക്ഷപ്പെടുന്നത്. തൻമൂലം ചരിത്രവിവരണത്തിൽ സ്വാഭിപ്രായം ധാരാളം ചെലുത്തിയിട്ടുണ്ട്. അതിരുവിടെയാണ് ചരിത്രകാരനെന്ന നിലയിൽ ബരാണിയുടെ ഏറ്റവും വലിയ പരാജയം.

ബരാണിയുടെ അനന്യസാധാരണമായ പ്രതിഭ ഏതൊരാളുടേയും യുക്തിവിചാരശേഷി ആലസ്യപ്പെടുത്തി സ്വന്തം അഭിപ്രായത്തിന്റെ അനുകൂലവർത്തികളാക്കും. അതിൻ വളരെ പ്രയാസം സഹിച്ചാണ് ഈ ചരിത്രഗന്ഥം തയ്യാറാക്കുന്നത്, ഇതംഗീകരിക്കപ്പെടുമെന്നു വിശ്വാസത്തോടെ കൂട്ടി. ഇത് വെറും ഒരു ചരിത്രവിവരണമെന്ന നിലക്ക് വായിക്കുന്ന വായനക്കാർക്ക്, ധീരരായ രാജാക്കൻമാരുടേയും ആക്രമണകാരികളുടേയും, പ്രവർത്തികളും, പ്രയാണങ്ങളും, വിവരിച്ചിരിക്കുന്നതു കാണാം. ഭരണനിയമങ്ങളോ, ഭരണം നടപ്പിലാക്കുന്ന രീതിയോ തിരക്കി എത്തുന്നവർക്ക് അവയും ഇതിലുണ്ട്. ഭരണകർത്താക്കളുടെ വീഴ്ചകളെ വിമർശിച്ചിരിക്കുന്നതും പരതിവരുന്നവർക്ക് മറേറതൊരിടത്തും ലഭ്യമാകുന്നതിനേക്കാം അതിന്റെ പൂർണ്ണതയിൽ

ഈ ഗ്രന്ഥത്തിൽ കിട്ടും''. ഇത്ര ആത്മവിശ്വാസം കാണിക്കുന്ന ഒരാളെ കാരണമില്ലാതെ തള്ളിപ്പറയേണ്ട കാര്യമില്ലല്ലോ.

എന്നാൽ രാഷ്ട്രവും മതവും വ്യത്യസ്ത ഘടകങ്ങളാണെന്നും, അവയെ കൂട്ടിക്കലർത്തുന്നത് രാജ്യക്ഷേമത്തിന് ആപൽക്കരമാണെന്നും വിശ്വസിച്ചിരുന്ന മുസ്ലീം ചക്രവർത്തിമാർ മുഴുക്കെ ബരാണിയുടെ പഴിക്ക് വിധേയമായിട്ടുണ്ട്. രാഷ്ട്രീയ ഇടപെടലുകളിൽനിന്ന് പൗരോഹിത്യത്തെ ഒഴിച്ചുനിർത്തിയ സന്ദർഭങ്ങളൊക്കെത്തന്നെ ബരാണിക്ക് സഹിക്കാനൊത്തിട്ടില്ല. അലാവുദ്ദീനെക്കുറിച്ചെഴുതുമ്പോഴും, ''വിവരമില്ലാത്തവനും പണ്ഡിതൻമാരുമായി ഇടപഴകാത്തവനും'' എന്നൊക്കെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതിന്റെ കാരണമെന്താണെന്ന് ബരാണിയുടെ ഭാഷയിൽനിന്നുമൂഹിക്കാം. ''അദ്ദേഹം ഭരണാധിപനായപ്പോഴും രാഷ്ട്രവും ഭരണവും ഏകമാണെന്നും, മതവും മതശാസനകളും വ്യത്യസ്തമാണെന്നും കണക്കാക്കി. രാഷ്ട്രീയകാര്യങ്ങളിൽ മുസ്ലീംപണ്ഡിതൻമാരുടെ ഉപദേശം ആരാഞ്ഞിരുന്നില്ലെന്ന് മാത്രമല്ല, മതനിയമത്തിന്നനുസൃതമാണോ അല്ലയോ എന്ന് നോക്കാതെയുമാണ് രാജ്യത്തിന് ഗുണകരമെന്ന് കരുതിയിരുന്ന കാര്യങ്ങൾ അദ്ദേഹം ചെയ്തിരുന്നത്. തൻമൂലം മതപണ്ഡിതൻമാർ അദ്ദേഹത്തെ സന്ദർശിച്ചിരുന്നില്ല.'' [1] അതുപോലെതന്നെ മുഹമ്മദ് തുഗ്ലക്കിനെക്കുറിച്ചാകട്ടെ, ''അരമനയുടെ പടിക്കൽ നിത്യേനയെന്നോണം വിശ്വാസികളായ അനവധി മുസ്ലീംകളുടെ രക്തം ഒഴുക്കിയാലേ ഈ ചക്രവർത്തിക്ക് തൃപ്തി വരൂ'' എന്നും, ''ശരിയായ വിശ്വാസികളെ (മുസ്ലീംകൾ) ശിക്ഷിക്കുകയും വധിക്കുകയും ചെയ്യുകയെന്നത് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം നിത്യാചാരവും ആസക്തിയുമായി തീർന്നിരുന്നു'' [2] വെന്നും വിശ്വാസത്തിനൊത്തവിധം എഴുതിപ്പിടിപ്പിച്ചിട്ടുമുണ്ട്.

1-Elliot and Dowson-Vol III, P. 183
2-Ibid-P. 236

എങ്കിലും ധാരാളം കാര്യങ്ങൾ ഉൾക്കൊള്ളുന്ന ഈ ഗ്രന്ഥമാണ് ഡൽഹി സുൽത്താൻമാരെക്കുറിച്ചുള്ള ആധികാരിക രേഖയായി കണക്കാക്കുന്നത്. ഗൗരവപൂർവ്വം ശ്രദ്ധിക്കേണ്ട ഒരു കാര്യം ബരാണിയുടെ യാഥാസ്ഥിതികമത വീക്ഷണമാണ്. നിഷ്പക്ഷമായ ചരിത്രസംവിധാനത്തിന് കുറെയൊക്കെ ഇത്തരം ഗ്രന്ഥങ്ങൾ ഉപയോഗപ്പെടുത്താം. ഗ്രന്ഥകാരന്റെ ഇഷ്ടാനിഷ്ടങ്ങളെ നീക്കിനിർത്തിയാൽ കാര്യങ്ങൾ ഗ്രഹിക്കുവാൻ അത്ര ബദ്ധപ്പെടേണ്ടതായി വരികയില്ല. എന്നാൽ ഇന്ത്യാ ചരിത്രമെഴുതിയ ഇംഗ്ലീഷുകാർ അതിനെത്തുകൊണ്ടുതന്നെ ബരാണിയുടെ പക്ഷപാതപരമായ പ്രസ്താവങ്ങളെ വിവേചനം നടത്താതെ അപ്പടി സ്വീകരിക്കുന്നു. മുസ്ലീം രാജാക്കൻമാരേയും, അവരുടെ ഭരണത്തേയും ഇടിച്ചു കാണിക്കുവാനുതകുന്ന ഏതൊരു പ്രസ്താവവും ഇംഗ്ലീഷ് ചരിത്രകാരൻ ഉപയോഗപ്പെടുത്തി. ബരാണിയുടെ വിശ്വാസത്തിന് മുറിവേറെന്നതോന്നിയ ചക്രവർത്തിമാരുടെ നയങ്ങളെ സോദ്ദേശ്യം എതിർത്തതാണ്. എന്നിരുന്നാലും ഇന്ത്യാചരിത്രത്തെ അതു സാരമായി ബാധിച്ചു. അതിനു കാരണം ഗുണദോഷവിവേചനം നടത്താതെ നാമവ ഉപയോഗിക്കാൻ മുതിർന്നതാണ്. സമകാലീനചരിത്രകാരൻ നമ്മെ ഉദ്ധരിക്കുമ്പോൾ ഏതുവാദഗതിയുടെ ന്യായീകരണത്തിനാണെങ്കിലും ശരി അവിശ്വസിക്കേണ്ട കാര്യമില്ല. അതിനെ തലമുറതലമുറയായി ഈ പ്രചാരണ തന്ത്രത്തിൽ കൂടുതൽ ചരിത്ര വിദ്യാർത്ഥി അന്ധാളിച്ചു നിൽക്കേണ്ട അവസ്ഥയിൽ വരുന്നു. ബരാണിയുടെ പക്ഷപാതപരമായ സ്വഭാവം മനസ്സിലായില്ലെങ്കിൽ മുഹമ്മദ് തുഗ്ലക്കിനെക്കുറിച്ചുള്ള യാഥാർത്ഥ്യങ്ങൾ അവിശ്വനീയങ്ങളായി തന്നെ നിലനിൽക്കും.

2. സമകാലീനചരിത്രകാരന്മാരുടെ കൂട്ടത്തിൽ പ്രഥമമായി അനസ്മരിക്കേണ്ട ദേഹമാണ് യാമിനുദ്ദീൻ അമീർഹസൻ. അദ്ദേഹം അമീർഖുസ്രോ എന്ന നാമധേയത്തിൽ പിന്നീടറിയപ്പെട്ടിരുന്നതും. കവിയും പണ്ഡിത

നമായിരുന്ന ഖുസ്രോ മദ്ധ്യകാല ഇൻഡ്യയിലെ കവികോകിലം എന്ന പേരിൽ വിഖ്യാതനായിരുന്നു. സംസ്കൃത പണ്ഡിതനും കൂടിയായിരുന്ന അദ്ദേഹം 1253 ൽ ഉത്തരപ്രദേശത്തിലുള്ള പട്ടിയാലി എന്ന സ്ഥലത്താണ് ജനിച്ചത്. മുഹമ്മത് ബാൽബൻ, മൊയിസുദ്ദീൻ കെയിക്കുബാദ്, ജലാലുദ്ദീൻ ഖിൽജി, അലാവുദ്ദീൻ ഖിൽജി, കുത്തബ്ദ്ദീൻ മുബാറഷാക്കു് കിൽജി, ഗിയാസുദ്ദീൻ തുഗ്ലക്ക് എന്നീ ആറുസുൽത്താൻമാരുടെ ഉയർച്ചയ്ക്കും തകർച്ചയ്ക്കും ദൃക്സാക്ഷിയാകുവാൻ കഴിഞ്ഞിരുന്ന അമീർഖുസ്രോ ഇവരുടെയെല്ലാവരുടേയും ഭരണത്തെപ്പറ്റി പൊതുവേയും, അലാവുദ്ദീൻഖിൽജി, ഗിയാസുദ്ദീൻ തുഗ്ലക്ക് എന്നീ ചക്രവർത്തിമാരെപ്പറ്റി പ്രത്യേകമായും ചരിത്രരചന നടത്തിയിട്ടുണ്ട്. അലാവുദ്ദീൻ ഖിൽജിയുടെ ചരിത്രകാരൻനായിട്ടാണ് ഖുസ്രോവിനെ വിശേഷിപ്പിക്കാറെങ്കിലും അദ്ദേഹത്തിന്റെ 'തുഗ്ലക്ക് നാമ' എന്ന കവിതാസമഹാരം ഗിയാസുദ്ദീൻ തുഗ്ലക്കിന്റെ ഭരണത്തെ അധികരിച്ച് 1325 ലെഴുതിയതാണ്. ആ വർഷംതന്നെ ഖുസ്രോ മരണമടയുകയും ചെയ്തു. ഗിയാസുദ്ദീന്റെ ഭരണകാലത്ത് അദ്ദേഹത്തോടൊപ്പം ജീവിക്കുകയും മുഹമ്മദ് തുഗ്ലക്ക് എന്ന അപരനാമത്താൽ അറിയപ്പെടുന്ന ജൗന ഖാൻ എന്ന രാജകുമാരനെ വളരെ അടുത്തറിയുകയും ചെയ്തിരുന്ന ഒരാളെന്നനിലയിൽ അദ്ദേഹത്തിന്റെ തുഗ്ലക്ക് നാമ മുഹമ്മദ് തുഗ്ലക്കിനെക്കുറിച്ചറിയുവാൻ വളരെ ഉപകരിക്കുന്ന ഗ്രന്ഥമാണ്. അക്കാലത്തെ യഥാസ്ഥിക മുസ്ലീം വീക്ഷണത്തിനതീതനായുയരുവാൻ അമീർ കുസോവിനും കഴിഞ്ഞിരുന്നില്ല. ഷെയ്ക്ക് നിസാമുദ്ദീൻ ഔലിയായുടെ ശിഷ്യഗണങ്ങളിൽപ്പെട്ട അമീർ ഖുസ്രോ, സിയാവുദ്ദീൻ ബരാണിയും, ഇസാമിയുമായി മമതാബന്ധത്തിൽ കഴിഞ്ഞുകൂടിയിരുന്ന ദേഹമാണ്. മതസാമൂഹ്യ വീക്ഷണങ്ങളിൽ ഇവരുടെയും ഏകതാനത പുലർത്തിയുമിരുന്നു.

3—'കിത്താബു റഹില' എന്ന യാത്രാവിവരണമാണ് അബൂഅബ്ദുല്ലാ മുഹമ്മദ് ഇബ്നുബാത്തൂത്തയുടെ വിലപ്പെട്ട

സംഭാവന. അറബിയിലുള്ള ഈ ഗ്രന്ഥത്തിന് ''കിത്താബു ഇബിനു ബത്തൂത്ത'' എന്നാണ് നാമധേയം 1935–ൽ സി. എം. ഹുസ്സൈൻ ഇത് ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തു. പ്രഫ: എച്ച്. ആർ. എ. ഗിബ്ബ് ആണ് ബത്തൂത്തയുടെ പുസ്തകം ഇംഗ്ലീഷിലേക്ക് ആക്കാൻ ശ്രമിച്ച മറൊരു പണ്ഡിതൻ, ഏലിയട്ടം, ഡൗസനും കൂടി പ്രധാനഭാഗങ്ങൾ വിവർത്തനം ചെയ്തു അവരുടെ പുസ്തകത്തിൽ ഉൾപ്പെടുത്തിട്ടുണ്ട്. 1829 ൽ ഫ്രഞ്ച് ഭാഷയിലേക്ക് ഇത് തർജ്ജിമചെയ്യപ്പെട്ടു. മലയാളത്തിലേക്ക് ഈ ഗ്രന്ഥത്തിന്റെ അത്യാവശ്യഭാഗങ്ങൾ വേലായുധൻ പണിക്കശ്ശേരി വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. യാത്രാവിവരണം എഴുതുന്നതിൽ കവിഞ്ഞ് ഇതൊരു ചരിത്രഗ്രന്ഥമായാണ് പലരുക്കേ ഉപയോഗപെടുത്തുന്നത്.

1304, ഫെബ്രുവരി21–ാം തീയതി ടാൻജിയറിൽ ജനിച്ച ബത്തൂത്ത 21–ാം വയസ്സിൽ തന്റെ സാഹസിക ദിക്സഞ്ചാരം ആരംഭിച്ചു. ആഫ്രിക്കൻ രാജ്യങ്ങളും മദ്ധ്യപൗരസ്ത്യദേശങ്ങളുംകടന്ന് 1333 ഡിസംബർ 13–ാംതീയതിഅദ്ദേഹം സിന്ധു നദീതടപ്രദേശത്ത് കാലുകുത്തി. അവിടെനിന്നും ഡൽഹിയിലെത്തിയ സമയത്ത് മുഹമ്മദ് തുഗ്ളക്ക് സുൽത്താനായിരുന്നില്ല. സുൽത്താന്റെ മാതാവ് അദ്ദേഹത്തെ സ്വീകരിച്ച് രാജകീയ ഉടുപ്പുകളും താമസത്തിനൊരിടവും, 2000 ദീനാറും [3] സമ്മാനിച്ചു. സുൽത്താൻ തിരിച്ചു നാട്ടിലാകും കൂടുതൽദയാകാരുണ്യംകാണിക്കുകയും ചെയ്തു. 12500 രൂ. സമ്മാനമായും അത്രയും തുക വർഷാന്തവരുമാനമുള്ള ഗ്രാമവും കൊടുത്തതിനു പുറമേ രാജകീയാലയത്തിൽ നിന്നൊരുകുതിരയേയും, അരമനയിൽനിന്നും പത്തു പരിചാരകരേയും സമ്മാനിച്ചു. ഇതിനു പുറമേ ഡൽഹിയിലെ ഖാസി (ജഡ്ജി) മാരിൽ ഒരാളായി നിയമനം നൽകി ബഹുമാനിക്കുകയും ചെയ്തു.

---

3. വിദേശനിൽസൻ-ഒരു ദീനാർ രണ്ടര ഉറുപ്പിക. (ഇപ്പോൾ 30 രൂ)

2500ക. പ്രതിമാസശമ്പളമായി നിശ്ചയിക്കുകയും ഒരു വർഷത്തെ ശമ്പളം 30000ക. മുൻകൂറായി വാങ്ങുവാനനുവദിക്കുകയും ചെയ്തു. പിന്നീടൊരിക്കൽ കൂടി 30000ക. വെറുതെ കൊടുത്തതായി ബത്തൂത്ത എഴുതുന്നുണ്ട്. ധൂർത്തനായ ബാത്തൂത്തക്ക് ഈ പണമൊന്നും മതിയായിരുന്നില്ല. 115500ക. യുടെ കടബാദ്ധ്യത അദ്ദേഹത്തിനുണ്ടായി. ഈ സത്യം കാണിച്ച് ഒരു കവിതയെഴുതി സുൽത്താന് സമർപ്പിച്ചെന്നും കാര്യംമനസ്സിലാക്കിയ അദ്ദേഹം ബത്തൂത്തയെ ഋണബാദ്ധ്യതയിൽനിന്നും ഒഴിവാക്കുവാനത്രയും തുക കൊടുത്തെന്നും രേഖകളുണ്ട്. ഇതൊക്കെ കൊണ്ടാകാം സുൽത്താന്റെ അനിഷ്ടത്തിന് ബാത്തൂത്ത വിധേയനാകുകയും കുറെക്കാലം സ്വന്തം വസതിയിൽ തടവുകാരനാക്കപ്പെടുകയും ചെയ്തിട്ടുള്ളത്. പക്ഷേ വേഗം തന്നെ മോചിപ്പിക്കപ്പെട്ടു. പിന്നീട് ചൈനയിലെ അംബാസിഡറായി സുൽത്താൻ നാമനിർദ്ദേശം ചെയ്തു. ഇത് 1342–ലാണ്. അപ്പോഴേക്ക് എട്ടുകൊല്ലം കഴിഞ്ഞിരുന്നു സുൽത്താന്റെ സർവ്വീസിൽ പ്രവേശിച്ചിട്ട്.

ചൈനയിലേക്കുള്ള വഴി അക്കാലത്ത് മലബാറിൽകൂടിയായിരുന്നു. ചൈനയിലേക്ക് കോഴിക്കോട്ടുനിന്നും കപ്പൽ കയറിയ ബാത്തൂത്തയും കൂട്ടരും ഓടം കൊടുങ്കാറ്റിൽപ്പെട്ട് തകർന്നതുകൊണ്ട് എല്ലാം നഷ്ടപ്പെട്ട് കോഴിക്കോട്ട് തിരിച്ചെത്തേണ്ടതായിവന്നു. ഇവിടെനിന്നും മാലദ്വീപിലേക്കാണദ്ദേഹം പോയത്. ഒരു കൊല്ലം അവിടെ കഴിച്ചുകൂട്ടിയ ബാത്തൂത്ത ജഡ്ജിയുടെ പദവി അലങ്കരിച്ചിരുന്നു. 1345–ൽ അദ്ദേഹം സിലോൺ സന്ദർശിക്കുകയും മടങ്ങിവന്ന് മധുരയിൽ കുറെക്കാലം കളിച്ചുകൂട്ടുകയും ചെയ്തു. പിന്നീട് കോഴിക്കോട്ടുനിന്നും അദ്ദേഹം മക്കയിലേക്ക് യാത്ര ചെയ്തു. അവിടെ നിന്നും മെറോക്കോവിലേക്ക് പോയി തലസ്ഥാനമായ ഫെക്സീൽ എത്തി

പ്പെട്ടു. ഇത് 1349 നവംബർ 8-ാം തീയതിയാണ്. അതിനു കാലത്തിനുശേഷം വീണ്ടും മദ്ധ്യാഫ്രിക്കൻ രാജ്യങ്ങളും സന്ദർശിച്ച് അവസാനം സ്വദേശമായ മൊറൊക്കോയിൽ 1353 ൽ സ്ഥിരമായി പാർപ്പാക്കി. 1377-78-ൽ 73-ാമത്തെ വയസ്സിൽ അദ്ദേഹം അന്തരിക്കുകയുംചെയ്തു.

അരനൂറ്റാണ്ടുകാലത്തെ സഞ്ചാരാനുഭവങ്ങൾ ഏതൊരന്വേഷകനും അപ്രമേയമായ അനുഭവാനുഭൂതികളുണ്ടാക്കുകയാവശ്യമാണ്. നിരവധി രാജ്യങ്ങളുടേയും, അനവധി സഹസ്രകാരങ്ങളുടെയും പരിചയസമ്പത്ത് അനർഘമാണെന്നതിൽ തർക്കമില്ല. ഇത്രയും കാലം വിദേശങ്ങളിൽ കഴിച്ച ബത്തൂത്തയുടെ പുനരാഗമനം തന്റെ പരിചിതരിൽ അതിശയം സൃഷ്ടിച്ചു. ഒട്ടധികം ആരാധകൻമാരും നാട്ടുകാരും അദ്ദേഹസൂക്യത്തോടുകൂടി, പല രാജ്യങ്ങളിലേയും കഥകളറിയാൻ തടിച്ചുകൂടി. ബത്തൂത്ത ഒരു പ്രധാന സംഭാഷണവിഷയമായി. കേൾവിക്കാർക്ക് രസിക്കത്തക്ക നീതിയിൽ ഭംഗിയായി അൽഭുതത്തിന്റെ ആവരണമിട്ടു വലുതര കഥകളദ്ദേഹം പറയുന്നുണ്ട്. അവിശ്വസനീയങ്ങളായ ധാരാളം സംഗതികളുംകൂടി അദ്ദേഹത്തിന് പറയേണ്ടതായി വന്നു. അവസാനം മൊറോക്കോ സുൽത്താൻ കല്പിച്ചതിന്റെ ഫലമായി അദ്ദേഹം അവ പുസ്തകമായി ക്രോഡീകരിക്കാമെന്ന് സമ്മതിച്ചു. അങ്ങിനെയാണ് 'റഹ്‌ല-ബത്തൂത്ത' എന്ന പുസ്തകത്തിന്റെ ജനനം.

താൻ സഞ്ചരിച്ചനാടുകളിലെ ജനങ്ങളെപ്പറ്റിയും, രാജാക്കൻമാരെപ്പറ്റിയും, വൈകൃതങ്ങളായ ആചാരമര്യാദകളെക്കുറിച്ചും, ഭരണകൂടം, ഭരണക്രമം, എന്തിന്? മിക്കവാറും സ്ത്രീകളുടെ രഹസ്യങ്ങളെയും സ്പർശിച്ച കൊണ്ടാണ് അദ്ദേഹത്തിന്റെ വിവരണം. മറ്റു ഗ്രന്ഥങ്ങൾക്കനുബന്ധമായിട്ടെങ്കിലും ഇത് ഉപയോഗപ്പെടുത്താം. ധാരാളം കാര്യങ്ങൾ അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്, പക്ഷേ ബത്തൂത്തയുടെ വിവര

ണത്തിൽ അനവധി കുഴപ്പങ്ങളും കാണാം. (1) അദ്ദേഹം ഈ യാത്രക്കിടയിൽ കുറിച്ചുവെച്ചിരുന്ന കുറിപ്പുകളും കോഴിക്കോട്ടവെച്ചുണ്ടായ കപ്പലപകടത്തിൽ നഷ്ടപ്പെട്ടുപോയിരുന്നു. ഓർമ്മയിൽനിന്നാണ് എല്ലാക്കാര്യങ്ങളുമദ്ദേഹമെഴുതിയിരിക്കുന്നത്. തന്മൂലം സ്ഥലകാലങ്ങളിൽ വളരെ പിശകുണ്ട്. മാലദ്വീപിൽ നടന്ന സംഭവം ഡൽഹിയിലാണെന്നും, സിലോണിൽ നടന്നത് മധുരയിലാണെന്നും മറ്റും എഴുതിപ്പോയിട്ടുണ്ട്. തീയതികളും ശരിയല്ല. (2) സാധാരണ എല്ലാ സാഹസികയാത്രക്കാരും കണ്ടതും കേട്ടതും ഒന്നിച്ചിണക്കി അതിശയോക്തിയോടുകൂടി അടിച്ചുവിടുക പതിവാണ്. ധാരാളം ഉദാഹരണം നമുക്കു കാണാം. ബത്തൂത്തയും ഇതിന്നൊരപവാദമായിരുന്നില്ല. കേട്ടകേൾവിയുടെ അടിസ്ഥാനത്തിൽ കേൾവിക്കാർക്ക് പറയുന്ന കഥകളും പൊടിപ്പും തുന്നലും ചേർത്ത് അദ്ദേഹം പറഞ്ഞു. പുസ്തകരൂപത്തിലാക്കിയപ്പോഴും പറഞ്ഞുപോയ കാര്യങ്ങളും അപ്പടി എഴുതുവാൻ നിർബന്ധനുമായി. അങ്ങിനെയാണ് മുഹമ്മദ് തുഗ്ലക്കിന്റെ രസ്ഥാനമാറക്കഥ അദ്ദേഹമെഴുതിയത്. (3)കേൾവിക്കാരെ രസിപ്പിക്കുകയെന്നതിൽക്കവിഞ്ഞ് ഒരുദ്ദേശ്യവും ബത്തൂത്തക്കുണ്ടായിരുന്നില്ല. ഒരിക്കലും അദ്ദേഹത്തിന്റെ ഈ പുസ്തകവും പ്രതിപാദനവുമായിരിക്കും ഇൻഡ്യാ ചരിത്രസംവിധാനത്തിന്റെ പ്രധാന ഉപാധിയാകുക എന്ന് അദ്ദേഹം വിചാരിച്ചിരിക്കുവാനുമിടയില്ല. എങ്കിൽ നിശ്ചയമായും കുറെയധികം ശ്രദ്ധാപൂർവ്വം അദ്ദേഹമതു നിർവ്വഹിക്കുമായിരുന്നു. മുഹമ്മദ് തുഗ്ലക്കിനെക്കുറിച്ച് അദ്ദേഹം നേരിട്ടനുഭവിച്ചറിഞ്ഞ കാര്യങ്ങളും പറഞ്ഞു കേട്ട സംഗതികളും ഈ വ്യത്യാസം വ്യക്തമാക്കുന്നുണ്ട്. ബത്തൂത്തയുടെ സഞ്ചാരത്തെക്കുറിച്ച് ചരിത്രനിർമ്മാണത്തിന്റെ അസംസ്കൃതപദാർത്ഥമായി മാത്രമേ ഉപയോഗിക്കാവൂ. നമ്മുടെ ചരിത്രകാരന്മാരധികം അത് സംസ്കരിച്ചെടുക്കാതെതന്നെ വിഴുങ്ങിയതുമൂലമാണ് അബദ്ധങ്ങൾ പിണഞ്ഞിട്ടുള്ളത്. ബത്തൂത്തയുടെ പുസ്തകം വിലപ്പെട്ടതാണ്. വസ്തുനിഷ്ഠമായ ചരിത്രരേഖ

കൂടുതൽ അഭാവത്തിൽ. കേട്ടുകേൾവി മാറ്റിനിർത്തിയും, സാധാരണമായ ഒരു സഞ്ചാരിക്ക് അനുവദിച്ചു കൊടുക്കാവുന്ന അതിശയോക്തി നീക്കിയും വേണം അത് ഉപയോഗപ്പെടുത്തുവാനെന്ന് മാത്രം.

എൽഫിൻസ്റ്റോൺ തുടങ്ങിയവർ ബത്തൂത്തയുടെ വിവരണത്തെ ന്യായീകരിക്കുവാനും സത്യസന്ധമാണെന്നു വിശ്വസിപ്പിക്കുവാനും നടത്തുന്ന ശ്രമങ്ങൾ മറൈന്തിന്റെയോ താല്പര്യസംരക്ഷണത്തിനു വേണ്ടി മാത്രമാണ്. അദ്ദേഹം ഉന്നയിക്കുന്ന സംഗതികൾ (1) ബത്തൂത്ത സ്വന്തം നാട്ടിൽ തിരിച്ചെത്തിയശേഷമാണിതെഴുതിയത്. പ്രശംസിച്ചതുകൊണ്ടു ഗുണമോ, അപഹസിച്ചതുമൂലം ശിക്ഷയോ അദ്ദേഹത്തിനു ലഭിക്കുമായിരുന്നില്ല. തന്മൂലം നിഷ്പക്ഷനിരീക്ഷണമാണ് ബത്തൂത്തയുടേത്. (2) മുഹമ്മദ് തുഗ്ലക്കിന്റെ ആഥിത്യം നിർല്ലോഭം സ്വീകരിച്ച ബത്തൂത്ത അദ്ദേഹത്തെ ആക്ഷേപിക്കുവാൻ മനഃപൂർവ്വം ശ്രമിക്കുമായിരുന്നില്ല, കേട്ട കാര്യങ്ങൾ അസത്യമായിരുന്നുവെങ്കിൽ. (3) ഇതിനും പുറമേ രാജാക്കന്മാരെ പ്രകീർത്തിക്കുകയും അവരുടെ കുറവുകളെ പച്ചയായി പരിഹസിക്കുകയും ചെയ്യുന്നുണ്ട്, അതുകൊണ്ട് ബത്തൂത്തക്ക് പ്രത്യേക നിക്ഷിപ്തതാല്പര്യങ്ങളൊന്നുമുണ്ടായിരുന്നില്ലെന്ന് അനുമാനിക്കാം. [4] യുക്തിക്കൊത്ത മാതിരി തന്റെ വാദഗതികളവതരിപ്പിക്കുവാൻ അദ്ദേഹത്തിനൊത്തിട്ടുണ്ട്. പക്ഷേ എന്തിനിത്ര പ്രയാസപ്പെട്ട്, ബത്തൂത്തയെമാത്രം ഉത്തമവിശ്വാസിയാക്കി ഉയർത്തണം. അവിടെയാണ് എൽഫീൻസ്റ്റോൺ തുടങ്ങിയ ഇംഗ്ലീഷ് ചരിത്രകാരന്മാരുടെ ആന്തരികോദ്ദേശ്യം ദർശിക്കുക. ഇവർ എഴുതിതള്ളിയ ചരിത്രപാഠങ്ങൾ അപ്പടി പകർത്താനായാസപ്പെട്ടതാണ് ഇൻഡ്യൻ ചരിത്രകാരനും അമളി പിണയാൻ കാരണം. വളരെ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യേണ്ട ഒരു പുസ്തക

4See Elphinstone–Medieval Indian History.

കമാണ് ബത്തൂത്തയുടേത്. പ്രത്യേകിച്ച്. മുഹമ്മദ് തുഗ്ലക്കിനെ സംബന്ധിച്ച രേഖകളും.

4. മുഹമ്മദ് തുഗ്ലക്കിന്റെ ഏറ്റവും വലിയ വിമർശകനാണ് ഇസാമി. അദ്ദേഹത്തിന്റെ 'ഫത്തുഹുസ്സലാത്തീൻ,, വളരെ പ്രയോജനമുള്ള ചരിത്രപുസ്തകമാണ്. മിൻഹാജൂസ്സിറാജ് നിർത്തിയിടത്തുനിന്നാണ് ബരാണി തന്റെ ചരിത്രം തുടങ്ങിയതെന്ന് നേരത്തെ പ്രസ്താവിച്ചു. പക്ഷേ ബാൽബൻ ചക്രവർത്തിയായ കാലം തുടങ്ങിയേ ബരാണി എഴുതാൻ മിനക്കെട്ടുള്ളു. അതിനിടക്കുള്ള ആറു കൊല്ലത്തെ കഥകളും ഈ രണ്ടു ചരിത്രകാരന്മാരും വിട്ടുകളഞ്ഞു. ആ കുറവ് പരിഹരിക്കുന്നത് ഇസാമിയുടെ 'ഫത്തുഹുസ്സലാത്തീ'നാണ്. കവിയും കലാകാരനുമരയിരുന്ന അദ്ദേഹം 300 കൊല്ലത്തെ ഇന്ത്യാചരിത്രം ആവിഷ്കരിക്കുന്നു. 1349ലാണ് ഈ കൃതി എഴുതിത്തീർക്കുന്നത്. മുഹമ്മത്തുഗ്ലക്കിന്റെ സമകാലീനനായ ഇസാമിപ്പുകഴ്പ്പെറ 'ഷാനാമ' എന്ന ഫിർദൌസിയുടെ മഹാകാവ്യത്തെ പിൻപററിയാണ് തന്റെ കൃതി രചിക്കുന്നത്. ഭാമിനിസാമ്രാജ്യ സ്ഥാപകനായ അലാവുദ്ദീൻ ഹുസൈൻ രാജാവിനാണ് ഈ പുസ്തകം സമർപ്പിച്ചിട്ടില്ലത്.

ഇൽത്തുമിഷിന്റെ കാലം മുതൽ ഇസാമിയുടെ പൂർവ്വികൻമാർ ഡൽഹി സുൽത്താൻമാരുടെ സേവകൻമാരായിരുന്നു. പരമ്പരാഗതമായുള്ള ഈ പദവി നിമിത്തം, ഇസാമിക്ക് അരമനരഹസ്യങ്ങളുംപോലും നല്ലവണ്ണമറിയാമായിരുന്നു. തന്മൂലം അദ്ദേഹത്തിന്റെ കൃതി ഏറെക്കുറെ വസ്തുനിഷ്ഠമായിട്ടുണ്ട് . പക്ഷേ പ്രൊഫസ്സർ കെ. എ. നിസാമി അദ്ദേഹത്തിന്റെ പുസ്തകത്തെ പ്രശംസിക്കുന്ന കൂട്ടത്തിൽ ഫുട്നോട്ടായി ഇങ്ങിനെ ഒരു കുറിപ്പെഴുതിയിട്ടുണ്ട്. മുഹമ്മദ് തുഗ്ലക്കിനെ അകാരണമായി നിശിതവിമർശനത്തിനു വിധേയമാക്കുന്നതൊഴിച്ചാൽ സ്വന്തം

ഇസ്ലാം മതാനുഷ്ഠാനങ്ങളും കാര്യമായി കലർത്താതിരുന്നതുകൊണ്ട് ജനങ്ങളേയും പ്രസ്ഥാനങ്ങളേയും കുറിച്ചുള്ള ഇസാമിയുടെ വിവരണങ്ങളും സ്വീകാര്യമാണ്. [5] എന്തുകൊണ്ടാണ് സത്യസന്ധനായ ഈ ചരിത്രകാരൻ മുഹമ്മദ് തുഗ്ലക്കിന്റെ കാര്യത്തിൽ മാത്രം നിഷ്ഠയേയും ആദർശത്തേയും വലിച്ചെറിഞ്ഞുകൊടുത്തത്? ഇതിനുത്തരം കണ്ടുപിടിച്ചാൽ ഈ സുൽത്താനെക്കുറിച്ചുള്ള ഇസാമിയുടെ പ്രസ്താവങ്ങളും മറ്റുള്ളവരും കുറ്റാരോപണം നടത്തി ആത്മസംതൃപ്തി പൂകുന്നത് ആഭിചാരസ്വഭാവമാണെന്നു കാണാം.

നൂറ്റാണ്ടുകളോളം ഡൽഹി സുൽത്താന്മാരെ സേവിച്ച പാരമ്പര്യമാണ് ഇസാമിയുടെ കുടുംബത്തിനേറത്. ഡൽഹി ഇസാമിയുടെ ജന്മസ്ഥലവും, പൂർവ്വികരുടെ മുഴുക്കെ അന്ത്യവിശ്രമകേന്ദ്രവുമാണ്. സാമൂഹ്യബന്ധങ്ങളും സാമ്പത്തിക താല്പര്യങ്ങളും എല്ലാംതന്നെ ഡൽഹിയുമായൊട്ടി ചേർന്നതായിരുന്നു. മുഹമ്മദ് തുഗ്ലക്ക് ദൌലത്താബാദിലക്ക് പോകാൻ പറഞ്ഞ പ്രഭുക്കന്മാരിൽ ഇസാമിയും ഉൾപ്പെട്ടിരുന്നു. അക്കാലത്ത് സ്ഥലം മാറിപ്പോകുകയെന്നത് അചിന്തനീയമായിരുന്നു. അതും 1120 കി. മി. അകലെ അപരിചിതമായ ഒരു നാട്ടിൽ. ഈ യാത്രാമദ്ധ്യേ ഇസാമിയുടെ മുത്തച്ഛൻ 'ഈസുദ്ദീൻ ഇസാമി' പ്രായാധിക്യം മൂലമാണെങ്കിലും മൃതിയടഞ്ഞു. ഈ മുത്തച്ഛന്റെ പരിപാലനയിൽ വളർന്ന ഇസാമിക്ക് ഏറ്റവും വലിയ ആഘാതമായിരുന്നു അത്. ജനിച്ച നാടും വീടും ഉപേക്ഷിച്ചിറങ്ങേണ്ടതായി വന്ന ഇസാമി തന്റെ മനഃപ്രയാസം പ്രതികാരത്തോടുകൂടി നടത്തിയതാണ് മുഹമ്മദ് തുഗ്ലക്കിനെക്കുറിച്ചുള്ള വിവരണത്തിലൂടെ. പ്രതിപാദനത്തിന്റെ ശൈലിതന്നെ ഈ ഭാഗമെത്തുമ്പോഴേക്കും തീർത്തും മാറുന്നു. മനംനൊന്തു പിരാകുന്ന ഒരു നിസ്സഹായന്റെ നിസ്സീമമായ ആവേ

5. Prof. K. A. Nizami -Studies in Medicval Indian Histoy- P,50Foot Note-4

ശം ഉടനീളം കാണാം. പുസ്തകം സമർപ്പിച്ചിരിക്കുന്നതു തന്നെ ഡൽഹി സാമ്രാജ്യത്തോട് വിപ്ലവം നടത്തി സ്വതന്ത്ര രാജവംശം സ്ഥാപിച്ച ആദ്യത്തെ ഭാമിനി രാജാവിനാണ്. ഇസാമിയുടെ ഈ മാനസിക സ്ഥിതിവിശേഷവും സുൽത്താനോടുള്ള സങ്കടങ്ങളും ശരിക്കും മനസ്സിലാക്കിയില്ലെങ്കിൽ ചരിത്രസത്യം ഇരുളിൽത്തന്നെ കിടക്കും,

5. 'കസൈദീ ബദർ ചാച്ച', എന്ന ഗ്രന്ഥം മുഹമ്മദ് തുഗ്ലക്കിനെക്കുറിച്ചും, അദ്ദേഹത്തിന്റെ സദാചാരസൻമാർഗ്ഗനിഷ്ഠകളെ സംബന്ധിച്ചും സവിസ്തരം പ്രതിപാദിക്കുന്ന കാവ്യ സമാഹാരമാണ്. അനവധി ഗീതകങ്ങളും അദ്ദേഹമെഴുതിയിട്ടുണ്ട്. ഈ സാഹാരത്തിന് നല്ല വ്യാഖ്യാനത്തോടുകൂടി റാംപൂരിലെ ഉസ്മാൻഖാൻ എന്നദ്ദേഹം അച്ചടിച്ച് പ്രസിദ്ധപ്പെടുത്തിയിരുന്നു. കവിയായ ബദറുദ്ദീൻ സുൽത്താനെ വളരെ പുകഴ്ത്തുന്നു. സൽത്താന്റെ ധർമ്മനിഷ്ഠയും നീതിബോധവും സീമാതീതമായ മതിപ്പ് കവിയിലുളവാക്കിയിട്ടുണ്ട്. ദൌലാത്താ ബാദിലേക്ക് ബദറുദ്ദീനേയും പറഞ്ഞയച്ചിരുന്നു. പക്ഷേ ഡൽഹിയിൽ നിന്നും ദൌലാത്താബാദിലേക്ക് പോകുന്നതിൽ പ്രത്യേകമായി സങ്കടം അദ്ദേഹത്തിന് തോന്നേണ്ടതുണ്ടായിരുന്നില്ല. താഷ്ക്കണ്ടിൽ ചാച്ചഎന്ന സ്ഥലത്ത് ജനിച്ച ബദറുദ്ദീൻ ഡൽഹിയിൽ വന്നിട്ട് അധികകാലം കഴിഞ്ഞിരുന്നില്ല. അതുകൊണ്ട് മാറുന്നത് അസഹനീയവുമായിരുന്നില്ല. പ്രത്യേകിച്ച് സുൽത്താന്റെ ഇഷ്ടത്തിനും സഹായത്തോടും കൂടിയുമായിരുന്നപ്പോഴും— ബദർചാച്ചയുടെ കവിതാ സമാഹാരം, ഇസാമി, ബരാണി, ബത്തൂത്ത തുടങ്ങിയ സമകാലീനരുടേതിനേക്കാളും വസ്തുനിഷ്ഠമാണ്. മുഹമ്മദ് തുഗ്ലക്കിന്റെ സ്വഭാവവും പ്രവൃത്തിയും പകർത്തുവാൻ ഇത് വളരെ സഹായകമാണ്.

6. അലാവുദ്ദീൻ കിൽജി, മുഹമ്മത് തുഗ്ലക്, ഫിറോസ് തുഗ്ലക് തുടങ്ങിയവരുടെ കീഴിൽ വളരെക്കാലം പ്രധാന സ്ഥാനമാനങ്ങൾ വഹിച്ച ദേഹമാണ് ഐനൽമുൽക്ക് മുൽത്താനി. ''സാഹിത്യനഭസ്സിലെ മിന്നിത്തിളങ്ങുന്ന നക്ഷത്രം'' മായിട്ടാണ് ഈലിയട്ട് അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത്. ഷാംഷിസിരാജ് അഫീഫ് എന്ന ചരിത്രകാരനാകട്ടെ മുൽത്താനിയെ പരിചയപ്പെടുത്തുന്നതിങ്ങനെയാണ്, ''ഏറ്റവും സമർത്ഥനും, പ്രതിഭാസമ്പന്നനുമാണ് ഐനൽമുൽക്ക്.'' അദ്ദേഹം അനവധി നല്ല പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. അവയിൽ പ്രധാനമായത് 'അയിനുൽ മുൽക്കി' എന്ന ഗ്രന്ഥമാണ്. മുഹമ്മത് തുഗ്ലക്കിന്റെ പഠനത്തിന് സഹായകമാകുന്ന പുസ്തകം 'മുൽഷാത്തിമഹദ്' എന്ന കത്തുകളാണ്.

ഇബിനു ബത്തൂത്ത അലക്സാണ്ട്രിയായിൽ വെച്ച് പല പണ്ഡിതന്മാരുമായി സംസാരിച്ചപ്പോൾ മുൽത്താനിയെപ്പറ്റി അവരൊക്കെ വളരെ പുകഴ്ത്തിയതായി രേഖപ്പെടുത്തിയിരിക്കുന്നു. അങ്ങിനെ ഇന്ത്യയ്ക്കകത്തും പുറത്തും പ്രസിദ്ധനായിരുന്നു അദ്ദേഹം. യാഥാസ്ഥിതികസുന്നി മുസൽമാന്റെ സങ്കുചിത വീക്ഷണം ചിലപ്പോഴൊക്കെ ദൃശ്യമാണെങ്കിലും മുഹമ്മത് തുഗ്ലക്കിനെക്കുറിച്ച് മറ്റുള്ളവർ എഴുതിയിട്ടുള്ള കടംകഥകളൊന്നും മുൽത്താനി എഴുതിയിട്ടില്ല. തൻമൂലം മുൽത്താനിയെ കുറെയെങ്കിലും വിശ്വസിക്കാം.

7. ഉമറിയെന്നും, ദിമാഷ്ക്കിയെന്നും അപരനാമധേയങ്ങൾകൊണ്ടും അറിയപ്പെടുന്ന ദേഹമാണ് ഷിഹാബുദ്ദീൻ അബ്ദുൽ അബ്ബാസ് അഹമ്മത്. ഡമാസ്ക്കസ്സിൽ എ. ഡി. 1297–ലാണ് അദ്ദേഹം ജനിച്ചത്. 1348–ൽ മരി

ക്കുകയും ചെയ്തു. പിതാവായ ഖാസി മൊഹിയുദ്ദീൻ ഡമാസ്കസ്സിലെ ഗവർമ്മേണ്ടു് സിക്രട്ടറിയായിരുന്നു. അതിനുശേഷം കുറെക്കാലം ഈജിപ്തിലെ രഹസ്യസർ വ്വീസിന്റെ ചുമതല വഹിച്ചിരുന്നു. ഈ രണ്ടു സ്ഥലങ്ങളിലും ഉമറിക്കു് പിതാവിനെ സഹായിക്കുവാൻ അവസരം ലഭിച്ചു. രാജ്യകാര്യങ്ങളെക്കുറിച്ചു് അങ്ങനെ നല്ല പരിചയസമ്പത്തു് അദ്ദേഹത്തിന്നുണ്ടായിരുന്നു.

ഷഹാബുദ്ദീൽ വളരെയേറെ കഴിവും അറിവും ഉണ്ടായിരുന്ന വാസനാസമ്പന്നനാണു്. അറിയപ്പെട്ടിരുന്ന എല്ലാ ശാസ്ത്രങ്ങളും വശപ്പെടുത്തുവാൻ വളരെ പണ്ഡിതൻമാരുടെ ശിഷ്യത്വം അദ്ദേഹം സ്വീകരിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ അറിവിന്റെയും സാഹിത്യവാസനയുടേയും ഗവേഷണ ഔൽസുക്യത്തിന്റെയും മികച്ച തെളിവാണു് അദ്ദേഹത്തിന്റെ കൃതികൾ. അദ്ദേഹം ഏഴു് വലിയ പുസ്തകത്തിന്റെ കർത്താവാണു്. എങ്കിലും ഒരെണ്ണമേ ശേഷിച്ചിട്ടുള്ളു. അതും അപൂർണ്ണാവസ്ഥയിൽ ''മസാലിക്കുൽ അബ്സാർ ഫീ മമാലിക്കുൽ അംസാർ'' എന്ന അറബു ഗ്രന്ഥമാണതു്. വിവിധ രാജ്യങ്ങളിലെ രാജവംശങ്ങളെക്കുറിച്ചുള്ള ഒരു സഞ്ചാരവീക്ഷണം എന്നാണിതിന്റെ അർത്ഥം. ഇരുപതു് ഭാഗങ്ങളായെഴുതിയ ഈ പുസ്തകത്തിന്റെ 5 ഭാഗങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളു. മുഹമ്മദ് തുഗ്ളക്കിനെക്കുറിച്ചുള്ള ഭാഗം ഭാഗ്യവശാൽ നമ്മുടെ കൈവശമുണ്ടു്. ഷൈക്കു് അബ്ദുറഷീദു്, മൊയി നുൽഹക്കു്, ഓട്ടോസ്പയിസു്, ഇവർ മൂവരും കൂടി ഇതു് ഇംഗ്ളീഷിലേക്കു് വിവർത്തനം ചെയ്തിരിക്കുന്നു. ഈലിയട്ടും ഡൗസനും അവരുടെ മൂന്നാം വാല്യത്തിൽ അനുബന്ധമായി കുറെയധികം ഭാഗങ്ങൾ എടുത്തു ചേർത്തിട്ടുണ്ടു്.

തുഗ്ളക്കിനെ സംബന്ധിച്ച ചരിത്രപഠനത്തിനു് ഇത്രയും സഹായകമായ മറെറാരു ഗ്രന്ഥമില്ല. നിഷ്പക്ഷനിരീക്ഷകനായ ഷഹാബുദ്ദീൻ ഉമറി പല സ്വാർത്ഥ

താൽപര്യത്തിന്റേയും നിരർത്ഥ ജൽപ്പനങ്ങളും തകർക്കുന്നുണ്ട്. ഈ പുസ്തകം വായിക്കാതെ മുഹമ്മത് തുഗ്ലക്കിന്റെ പ്രവർത്തികൾക്ക് വിലയിടുക സാദ്ധ്യമല്ല. അതു ചെയ്യാത്തതുതന്നെയാണ് ഈ സുൽത്താനെക്കുറിച്ചുള്ള അപവാദാരോപണങ്ങളും ഇന്നും നിലനിൽക്കുവാൻ കാരണം. ചരിത്ര വിദ്യാർത്ഥികളും അവശ്യം അറിഞ്ഞിരിക്കേണ്ട ഒത്തിരി കാര്യങ്ങളും ഇതിലുണ്ട്.

8. ഷാംഷീസിറാജ് അഫീഫിന്റെ പുസ്തകങ്ങളിൽ നാലെണ്ണം ഇന്ന് ലഭ്യമല്ല. 'തരീക്കീ ഫിറോഷായ', എന്നതന്നെയാണ് അഫീഫിന്റെ നിലവിലുള്ള പുസ്തകത്തിനു പേരിട്ടിരിക്കുന്നത്. വായനക്കാരനെ രസിപ്പിക്കുവാൻ വേണ്ടിയല്ല അദ്ദേഹമിതെഴുതിയത്. താൻ കൈകാര്യം ചെയ്യുന്ന വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കി ഉൽസുകനായ ചരിത്ര ഗവേഷകന്റെ സൂക്ഷ്മത അദ്ദേഹം കാട്ടുന്നുണ്ട്. അതുതന്നെയാണ് ഈ പുസ്തകത്തിന്റെ ഗുണവും. ആഢംബരമോ, അലങ്കാരപ്രയോഗമോ ഒന്നും കാര്യമായി കണ്ടില്ലെങ്കിലും നടന്ന കാര്യങ്ങൾ ഏറെക്കുറെ സത്യസന്ധമായി പ്രതിപാദിക്കുന്നുണ്ടിതിൽ. ആ സ്ഥിതിക്ക് ഈ പുസ്തകം വായിച്ചിരിക്കേണ്ടതത്യാവശ്യമാണ്. ടിമൂറിന്റെ ആക്രമണത്തിനു ശേഷം ഒരു പക്ഷേ 15–ാം നൂറ്റാണ്ടാദ്യമായിരിക്കണം ഈ കൃതി രചിച്ചിട്ടുള്ളത്.

9. സുൽത്താൻ മുഹമ്മദിന്റെ മരണശേഷം ചക്രവർത്തിയായദേഹമാണ് ഫിറോഷ്ഷാ. അദ്ദേഹം ആത്മകഥാരൂപത്തിലെഴുതിയിട്ടുള്ള ഒരു വിലപ്പെട്ട ഗ്രന്ഥമാണ് 'ഫത്തുവായി ഫിറോഷായ', മുഹമ്മദ് തുഗ്ലക്കിന്റെ 'ദ്രോന്തൻ പരിഷ്ക്കാരങ്ങൾ' പറഞ്ഞ് ആ ചക്രവർത്തിയെ കുറിച്ചേക്കാനൊരുങ്ങുന്ന ഗ്രന്ഥകാരൻമാർ വായിച്ചറിയേ

ണ്ട പുസ്തകമാണിത്. പലരുടേയും ഇംഗ്ലീഷ് തർജ്ജമകളുമുണ്ട്.

10. മുഹമ്മത് ഇബിന മുബാറക്ക്, തുഗ്ലക്ക് മുഹമ്മതിന്റെ സമകാലീനനും അദ്ദേഹത്തിന്റെ ഭരണ പരിഷ്ക്കാരങ്ങളും മറ്റു പ്രവൃത്തികളും കണ്ടറിഞ്ഞ ദേഹവുമാണ്. അദ്ദേഹമെഴുതിയ സിയാറുൽ ഔലിയ എന്ന ഗ്രന്ഥം ബരാണിയുടേയും, ബത്തൂത്തയുടേയും, ഇസാമിയുടേയും ചരിത്രഗ്രന്ഥങ്ങളെക്കാൾ വസ്തുനിഷ്ഠമാണ്. ഗ്രന്ഥകാരന് സുൽത്താനോട് പ്രത്യേകമായി ഇഷ്ടമോ, അനിഷ്ടമോ ഉണ്ടായിരുന്നില്ലാ എന്നതിനാൽ അദ്ദേഹത്തിന്റെ വിവരണം കൂടുതൽ സത്യസന്ധമായിരിക്കുന്നു. തുഗ്ലക്കിന്റെ തലസ്ഥാനമാറ്റത്തെപ്പറ്റി അദ്ദേഹം വ്യക്തമായെഴുതുന്നുണ്ട്. ദൌലത്താബാദിൽ ഒരു പുതിയ തലസ്ഥാനം കൂടി നിർമ്മിച്ച സുൽത്താൻ രാഷ്ട്രീയ പ്രേരിതമായാണിത് ചെയ്തതെന്നും (പുറങ്ങൾ 273–75) അവിടേയ്ക്ക് പറഞ്ഞയച്ചത് മുസ്ലീം പ്രഭുക്കൻമാരെയായിരുന്നുവെന്നും (പുറം–271) ഹൈന്ദവ ഉദ്യോഗസ്ഥൻമാരോട് പോകാനാവശ്യപ്പെട്ടിരുന്നില്ലെന്നും (പുറം–271) അസന്നിഗ്ദ്ധമായദ്ദേഹം പ്രസ്താവിക്കുന്നു. മുഹമ്മത് തുഗ്ലക്കിന്റെ പഠനത്തിന് ഈ ഗ്രന്ഥം അതീവ പ്രയോജനകരമാണ്.

മുഹമ്മത് തുഗ്ലക്കിന്റെ ആത്മകഥയാണ് മറെറാരു ഉപാദാനം. ബ്രിട്ടീഷ് മ്യൂസിയത്തിലുള്ള 'തബ്ക്കാത്തീനാസരി' എന്ന ഗ്രന്ഥത്തിൽ അനുബന്ധമായി ഇതു ചേർത്തിരിക്കുന്നു. പ്രൊഫസർ മുഹമ്മദ് ഹബീബാണ് ഈ ഗ്രന്ഥം തിരഞ്ഞുപിടിച്ച് പ്രകാശിപ്പിച്ചത്. കുറച്ചുതാളുകളം മാത്രമേ കണ്ടുകിട്ടിയിട്ടുള്ളുവെങ്കിലും ആത്മകഥയായതുകൊണ്ട് സുൽത്താന്റെ

മാനസിക വ്യാപാരത്തെ മനസ്സിലാക്കുവാൻ വളരെ ഉപയോഗപ്പെടും, സുൽത്താനെക്കുറിച്ചുള്ള പഠനത്തിന് ഏറെ വും ഉപകാരപ്രദമായ ഒന്നാണിത്. ഇതിനെ സംബന്ധിച്ച് കൂലകഷ്മായ ചർച്ച മറെറാരിടത്ത് നടത്തുന്നതി നാൽ ഇവിടെ തത്സംബന്ധമായി കൂടുതൽ വിവരി ക്കുന്നില്ല.

12. ഇവർക്കൊക്കെ പുറമേ ഈ കാലഘട്ടത്തിലേക്ക് വെളിച്ചം വീശുന്ന നിരവധി സാഹിത്യകാരൻമാരും ചരിത്ര കാരൻമാരുമുണ്ട്. അബ്ദുൽഹക്ക് ദൽഹവി, യാഹിയ—ഇബി ൻ അഹമ്മദ് സർഹിന്ദി എന്നിവർ ഇവരിൽ പ്രമാണികര ത്രു. ദൽഹവിയുടെ 'അക്ബാറുൽ അക്കിയാർ' എന്ന ഗ്രന്ഥവും സർഹിന്ദിയുടെ തരീക്കീ മുബാറക്ക് ഷായ്' എന്നതും, വളരെ ഉപയോഗയോഗ്യവും പഠനാർഹവുമാണ്.

സമകാലീനരല്ലെങ്കിലും മഹമ്മത് തുഗ്ലക്കിന്റെ മരണ ത്തിനുശേഷം വളരെക്കാലം കഴിയുന്നതിന് മുമ്പ് ജീവി ച്ചിരുന്ന ചരിത്രകാരന്മാരായ അബ്ദുൽ കാദർ ബദൌനി നിസാമുദ്ദീൻ അഹമ്മത്, മുഹമ്മതുകാസിം ഹിന്ദുഷാ, ഫറഷ്ത ദാബീർ, അലിഇബിന് അസീസുള്ള തബാതാ ബായി, സൂജൻ റായ്, മുഹമ്മത് ബുലാക്ക്, മുഹമ്മത് മെഹദർ ദുഗ്ലത്ത്, ഫരിഷ്ടാ തുടങ്ങിയവർ മുഹമ്മത് തുഗ്ലക്കിനെക്കുറിച്ച് അവരുടെ ചരിത്രത്തിൽ വിവരണം നടത്തിയിട്ടുള്ളവരാണ്. ഇവരുടെ പ്രധാനഗ്രന്ഥങ്ങ ളുടെ ക്രമം മുൻതക്കാബത്തുതവാരീഖ്, തബക്കാത്തി അക്ബാരി, ഗുജാത്തിന്റെ ചരിത്രം, ബുർഹാനീമാസീർ, ബുസ്താത്തൂസ് തവാരീഖ്, മത്തുലബുത്തുത്താലിബീൻ, തരീക്കീ റഷീദി, തരീക്കീ ഫരിഷ്ട എന്നിവയാണ്. ഇതി നെക്കൂടാതെ പുറമെ അറബിസാഹിത്യത്തിൽ ധാരാളം അമൂ ല്യഗ്രന്ഥകം ഒളിഞ്ഞും തെളിഞ്ഞും കിടക്കുന്നുണ്ട്. അവ യെക്കൂടി തേടിപ്പിടിച്ച് ക്രമീകൃതമായി ക്രോഡീകരി ച്ചാൽ മാത്രമേ സത്യസന്ധമായ ചരിത്രാവിഷ്കാരം സാധ്യമാകൂ.

ആധുനികരായ അനവധിയാളുകളുടെ പുസ്തകങ്ങം നമുക്കീയവസരത്തിൽ ഉപയോഗപ്പെടുത്തേണ്ടതായിട്ടുണ്ട്. ഗ്രന്ഥകാരൻമാരേയും, പുസ്തകങ്ങളേയും, എണ്ണിയെണ്ണിപ്പറയുക മുഷിപ്പൻപണിയാണ്. എന്നാൽ ഒരു പുസ്തകത്തിന്റെ കാര്യം പ്രത്യേകം എടുത്തുപറയേണ്ടതുണ്ട്. ഡോക്ടർ മെഹിദി ഹുസ്സൈൽ എഴുതിയ മുഹമ്മദ് തുഗ്ലക്കിന്റെ 'ഉയർച്ചയും തകർച്ചയും' എന്ന ഗ്രന്ഥമാണത്.[6] ആധുനികരായ എഴുത്തുകാരിൽ പരിശ്രമിയായ ഇദ്ദേഹം സുൽത്താനോട് നീതി കാണിക്കുവാൻ ശ്രമിച്ചവരിൽ പ്രമുഖനാണ്. ഏറെ സാഹസവും ബദ്ധപ്പാടും കഴിച്ചാണ് അദ്ദേഹമിതെഴുതിയത്. വിലപ്പെട്ട ധാരാളം രേഖകം പ്രയാസപ്പെട്ട് കുത്തിയിരുന്ന് പരിശോധിച്ച് യുക്തിനിഷ്ഠമായ നിഗമനങ്ങളും നടത്തിയിട്ടുണ്ട്. ആഗ്രാ യൂണിവേഴ്സിറ്റിയിൽ പ്രൊഫസറായിരുന്ന ഹുസ്സൈൻ, അമൂല്യമായ ഒരു സംഭാവനയാണ് ചരിത്രവിദ്യാർത്ഥികം‌ക്ക് നൽകുന്നത്. മുഹമ്മദ് തുഗ്ലക്കിനെ ഏറെക്കുറെ മായാവലയത്തിൽനിന്നും പുറത്തുകൊണ്ടുവരുവാനദ്ദേഹം ശ്രമം നടത്തിയിട്ടുണ്ട്. ആസ്ഥിതിക്കുതന്നെ ചരിത്രവിദ്യാർത്ഥികം അവശ്യം അറിഞ്ഞിരിക്കേണ്ട ഒരു പുസ്തകമാണിത്.

മുഹമ്മത് തുഗ്ലക്കിനെക്കുറിച്ച് എഴുതുന്നതിനുമുമ്പ് അദ്ദേഹത്തെപ്പറ്റി അറിയാവുന്ന ആധികാരികരേഖകളെ കുറെയെങ്കിലും നിരത്തുവാൻ ശ്രമിച്ചത് ഓരോ എഴുത്തുകാരന്റെയും മനോധർമ്മവും മാനസികപ്രക്രിയയും വിശദീകരിക്കുവാനാണ്. അത് ശരിക്കും സാധിച്ചില്ലെങ്കിൽ നിഷ്കഷ്ടനിഗമനമസാദ്ധ്യമായിത്തീരും. ഇവരോരോരുത്തരും എന്തൊക്കെയാണ് ചരിത്രത്തിലെ ഒരൽഭുതപ്രതിഭാസമായ ഈ ഇൻഡ്യൻ ചക്രവർത്തിയെപ്പറ്റി പറഞ്ഞിട്ടുള്ളത് എന്ന് അടുത്ത അദ്ധ്യായത്തിലുപന്യസിക്കാം.

---

6. Agha mehdi Hussain– The TUGHLAQ Dynasty. 1976, S. Chand & Co. NewDelhi

29

ചരിത്രകാരൻമാരുടെ തുഗ്ലക്ക്

തുഗ്ലക്കിന്റെ സമകാലീന ചരിത്രകാരൻമാരിൽ പ്രധാനികളെക്കുറിച്ച് കഴിഞ്ഞ ഉപന്യാസത്തിൽ പ്രതിപാദിച്ചു. രാഷ്ട്രീയ സാമുദായിക വിശ്വാസസങ്കൽപങ്ങൾ, എങ്ങനെ പൊലിമയുടെ അഭാവവും, അപകർഷതയുടെ അന്തർഭാവവും ഉണ്ടാക്കിയെന്നും പറഞ്ഞതാണ്. ഇവരുടെ വിവരണങ്ങളെ ആധാരമാക്കിയാണ് ബ്രിട്ടീഷ്–ഇന്ത്യൻ ചരിത്രകാരൻമാർ മുഹമ്മതു തുഗ്ലക്കിനെ ചിത്രീകരിച്ചിട്ടുള്ളത്. തുഗ്ലക്കിന്റെ വിവാദപരങ്ങളായ പരിഷ്ക്കാരങ്ങളെപ്പറ്റിയും, ഭരണാധിപനെന്ന നിലയിൽ അദ്ദേഹത്തിന് ബാധിച്ചതെന്നു പറയുന്ന പാളിച്ചകളെക്കുറിച്ചും, എഴുതുന്നതിനുമുമ്പ്, ഈ സുൽത്താനെ നേരിട്ടറിഞ്ഞിരുന്നവർ അദ്ദേഹത്തിന്റെ സ്വഭാവത്തെ സംബന്ധിച്ച് നമുക്കു നൽകുന്ന ചിത്രം ഏതുതരത്തിലുള്ളതാണെന്ന് നോക്കേണ്ടതുണ്ട്.

ഈ രാജകുമാരൻ മുഹമ്മദ് തുഗ്ലക്കെന്ന അപരനാമധേയത്തോടു കൂടി 1325 മാർച്ച് മാസത്തിലാണ് ഇൻഡ്യാ ചക്രവർത്തിയായി കിരീടധാരണം നടത്തുന്നത്. തന്റെ പിതാവിന്റെ ആകസ്മികമായ മരണത്തിനുശേഷം മൂന്നു ദിവസം കഴിഞ്ഞാണിത്. 40 ദിവസം പിന്നേയും ദുഃഖാചരണം നടത്തിയിട്ടേ, ഡൽഹിയിൽ അദ്ദേഹം പ്രവേശിച്ചുള്ളൂ. യതൊരു എതിർപ്പോ അവകാശത്തർക്കമോ കൂടാതെ മുൻഗാമിയുടെ മരണശേഷം സമാധാനമായി

പിൻതുടരുവാൻ കഴിഞ്ഞ ചുരുക്കം ഭരണാധിപൻമാരി ലൊരാളാണദ്ദേഹം. എന്നിട്ടുകൂടി ചരിത്രകാരൻ മാർക്കിടയിൽ, ശക്തമായ ഒരു സംശയം നിലനിൽക്കുന്നുണ്ട്. ഗിയാസുദ്ദീൻ തുഗ്ലക്കിന്റെ മരണം ദുരൂഹമായ ഒരു രാഷ്ട്രീയ ഗൂഢാലോചനയുടെ ഫലമായിരുന്നുവെന്നാണ് പലരുടേയും പക്ഷം. അവരുടെ അതോറിട്ടിയാകട്ടെ വളരെ കാലത്തിന്നുശേഷം ഈ നാട്ടിൽ വന്ന ഇബിനു ബത്തൂത്ത കാൽനൂറ്റാണ്ട് കഴിഞ്ഞ് കേട്ടുകേൾവിയുടെ അടിസ്ഥാനത്തിൽ എഴുതിയതും. ''മുഹമ്മദ് തുഗ്ലക്ക് സൂത്രത്തിൽ തന്റെ പിതാവിനെ വധിക്കുൻവേണ്ടി വിദഗ്ദ്ധമായി ഒരു പന്തൽ നിർമ്മിച്ചുവെന്നും ഗജവീരൻമാർ ഏതെങ്കിലും ഭാഗത്ത് തൊട്ടാലുടൻ വീഴണമെന്നായിരുന്നു പ്ലാനെന്നും അത് ഫലവത്തായപ്പോൾ ചക്രവർത്തി കാലഗതിയടഞ്ഞുവെന്നുമാണ്,'' [1] ബത്തൂത്ത എഴുതുന്നത്. തുഗ്ലക്കിനെ മനഃപൂർവ്വം പ്രശംസിക്കുവാൻ തയ്യാറല്ലാത്ത സമകാലീനരുടെ പ്രസ്താവം ഇക്കാര്യത്തിൽ നാമവഗണിക്കുകയാണ്, ഉദാഹരണമായി ബരാണിയുടെ പ്രസ്തവം എടുക്കാം. ''ഇടിവെട്ടേറ്റതുമൂലമാണ് പന്തൽ തകരുവാനിടയായത്.'' [2] യാഹിയ ഇബിനുസർഹിന്ദി എഴുതുന്നതാകട്ടെ. ''ദൈവയോഗമാണിതിനു കാരണം'' [3] എന്നാണ്. റായി ബിൻദ്രാബൈൻ തന്റെ ലുബ്ബൂത്തവാരീഖീ ഹിന്ദ് എന്ന ഗ്രന്ഥത്തിൽ പ്രകൃതിക്ഷോഭമാണ് പന്തൽതകരാൻ കാരണമെന്ന് തറപ്പിച്ചു പറയുന്നുണ്ട്. [4] അബുൽഫസൽ, നാസി മുദ്ദീൻ അഹമ്മദ്, ബദൌണി തുടങ്ങിയ പിന്നീടുള്ള മുസ്ലീം ചരിത്രകാരൻമാർ വെറും സംശയംമാത്രം പ്രകടിപ്പിക്കുമ്പോൾ ആംഗ്ലേയ ഏഴുത്തുകാർ മുഴുക്കേയും, അവരെ അതേപടി പിൻതുടരുന്ന മിക്കവാറും ഇന്ത്യൻ എഴുത്തുകാരും ഇബിനു ബത്തൂത്തയുടെ പ്രഖ്യാപനത്തെ അ

1. Ibn Battut-Rehla. P. 55
2. Barani-Tarik-i-Firozshai-P. 452
3. Sirhindi-Akbar-ul-Akhiyar- P 72
4. Lubbut-tawarik- F. 38.

ച്ചു സ്വീകരിച്ചിരിക്കയാണ്. അങ്ങിനെ അച്ഛനെക്കൊണ്ട് രാജാധിപത്യം കൊതിച്ച മകനായിട്ടാണ് മുഹമ്മദ് തുഗ്ലക്കിനെ അവതരിപ്പിക്കുന്നതുതന്നെ. ഇതു വിശ്വസിപ്പിക്കുവാനൊത്താൽ പിന്നെ ക്രൂരതയുടെ കഥകളും എത്ര വേണമെങ്കിലും ഫലവത്തായി പ്രചരിപ്പിക്കുവാനൊക്കും. അനന്തരം ടെക്സ്നിക്കുകൾ ചരിത്രപ്രതിപാദനത്തിൽ പ്രയോഗവൈദഗ്ധ്യപൂർവ്വം പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്ന് സ്ഥലങ്ങളിലായി ഞാനെടുത്തുകാട്ടിയിട്ടുണ്ട്. അങ്ങിനെ ചക്രവർത്തിയാകുന്ന മുഹമ്മദ് സുൽത്താൻ ഇരുപത്തിയാറുകൊല്ലത്തെ ഭരണത്തിനുശേഷം 'ജനങ്ങളിൽനിന്നുമട്ടേയും, അദ്ദേഹത്തിൽനിന്നും ജനങ്ങളും വിമുക്തരായി' [5] എന്നാണ് ബദൗണി വിവരിക്കുന്നതുപോലെ 1351 മാർച്ചുമാസം 20-ാം തീയതി ഇഹലോകവാസം വെടിയുകയും ചെയ്തു.

''മദ്ധ്യദശകങ്ങളിൽ കിരീടധാരണം ചെയ്തിട്ടുള്ളവരിൽ വെച്ച് അവിതർക്കിതമാംവണ്ണം സാമർത്ഥ്യമുള്ള ദേഹമായിരുന്നു മുഹമ്മദ് തുഗ്ലക്ക്'', എന്നാണ് ഡോക്ടർ ഈശ്വരിപ്രസാദ് പറയുന്നത്, [6] ഇന്ത്യാക്കാരും വിദേശിയരും ഒരുപോലെ താൽപര്യം കാണിച്ചിരുന്ന മുഹമ്മദ് സുൽത്താൻ മദ്ധ്യകാലത്തിലെ പ്രഗത്ഭമതികളിൽവെച്ച് ഏറ്റവും പ്രധാനിയായിരുന്നുവെന്ന് അർത്ഥശങ്കകൂടാതെ പറയാം.' [7] പ്രൊഫസ്സർ കെ. എ. നിസാമി സുൽത്താനെ വിലയിരുത്തുന്നതാണിത്. 'നിശ്ചയമായും മുഹമ്മദു തുഗ്ലക്ക് അസാധാരണമായ വ്യക്തിപ്രഭാവമുള്ള ദേഹമാണ്. ചരിത്രത്തിൽ അദ്ദേഹത്തിനു കൊടുക്കേണ്ട സ്ഥാനം എവിടെയാണെന്ന് തീർത്തുപറയുക ആരാലും സാദ്ധ്യമല്ല' [8] എന്നാണ് എച്ച്. സി. റായ് ചൌദ്രി പ്രഖ്യാപിക്കുന്നത്. തുടർന്നു അദ്ദേഹം ചില ചോദ്യങ്ങൾ ചോദിക്കുന്നുണ്ട്. 'സുൽത്താൻ ധീഷണശാലിയോ, ഭ്രാന്തനോ ആദർശശാലിയോ, സ്വപ്നജീവി

5. Abdulkader Badaoni - Munta ka batu Tawarikh., Vol. II, P. 204
6. Dr. Iswariprasad-History of Muslim rule-p. 139
7. K. A. Nizami-op cit. p. 77
8. H. C. Roy choudry - An Advanced History of India p. 317

യോ രക്തദാഹിയായ ക്രൂരനോ, മനുഷ്യസ്നേഹിയായ ദാർശനികനോ? നാസ്തികനോ, മതവിശ്വാസിയോ? എതായിരുന്നു? എന്തായിരുന്നുവെന്ന പറയുവാൻ പ്രയാസമാണ്[9]. ഡോക്ടർ വിൻസന്റ് സ്മിത്തിന് ഇക്കാര്യത്തിൽ ഒരു സംശയവുമില്ല. 'മാനുഷിക പൈശാചികതയുടെ ദയനീയകഥകം ആലേഖ്യം ചെയ്തിട്ടുള്ളവയിൽ ക്രൂരമായിട്ടുള്ളതേതുണ്ടോ, അദ്ദേഹം സിംഹാസനത്തിലിരുന്ന ഇരുപത്താറുകൊല്ലം അത്തരത്തിലുള്ളതായിരുന്നു.'' [10] 'ലോകചരിത്രത്തിൽ ഏറ്റവും വിസ്മയം ജനിപ്പിക്കുന്ന രാജാക്കന്മാരിൽ ഒരാളാണദ്ദേഹം'' എന്നും, 'വൈരുദ്ധ്യങ്ങളുടെ സങ്കലനമായിരുന്നു ഈ സുൽത്താനെന്നും'' അദ്ദേഹം പ്രസ്താവിക്കുന്നു. [11] ഡോക്ടർ ശ്രീ വാസ്തവ 'സുൽത്താൻ നന്മതിന്മകളുടെ വിചിത്രമായ സങ്കലനമായിരുന്നു' വെന്ന് വ്യവഹരിക്കുമ്പോഴം [12] സുൽത്താൻ ''ഭ്രാന്തനായിരുന്നുവെന്ന കാര്യത്തിൽ ഒരു സംശയവുമില്ല'' [13] എന്നാണ് എൽഫിൻസ്റോൺ പറയുന്നത്.

പരസ്പരവിരുദ്ധങ്ങളായ ഇത്തരം പ്രസ്താവങ്ങം ചെയ്യുവാൻ ആധാരമായുപയോഗപ്പെടുത്തുന്ന ധാരകളേതൊക്കെയെന്ന് നമുക്ക് നോക്കാം. സമകാലീനരായിരിക്കണമല്ലോ ഇത്തരം സംശയങ്ങംക്കിടം കൊടുത്ത രേഖകം സൃഷ്ടിച്ചവർ. നമുക്ക് അവരിൽ ചിലർ സുൽത്താന്റെ സഭാവത്തെപ്പററി പറയുന്നതെന്താണെന്ന് ശ്രദ്ധിക്കാം. എട്ടുകൊല്ലം സുൽത്താന്റെ അരമനയിൽ കഴിച്ചുകൂട്ടിയ ഇബിനു ബത്തൂത്തയുടെ പ്രതികരണം ഇങ്ങിനെയാണ്: 'ഇദ്ദേഹത്തിന് സുൽത്താൻ മരിച്ചപ്പോം, യാതൊരു കലഹമോ, തർ

9. Ibid p. 317
10. V. Smith-Oxford History of India. P.237
11. Ibid P. 238
12. Dr. Sreevasthava. History of the Sultanate P 284
13. Elphin Stone–Medieval Indian History P.388

ക്കമോ കൂടാതെ തന്നെ അദ്ദേഹത്തിന്റെ മകൻ മുഹമ്മദ് രാജാവായി. അദ്ദേഹത്തിന്റെ പേര് ജൗന എന്നായിരുന്നു. ചക്രവർത്തിയായപ്പോഴാണ് മുഹമ്മതെന്നപേര് സ്വീകരിച്ചത്. പുറമേ അബ്ദുൽ മുഹമ്മത് എന്ന സ്ഥാനപ്പേരുമെടുത്തു. ഇന്ത്യൻ സുൽത്താൻമാരെക്കുറിച്ചുള്ള എന്റെ ചരിത്രഭാഗങ്ങളധികവും, ഞാൻ അറിഞ്ഞതും കേട്ടതുമായ കാര്യങ്ങളാണ്. ഗസ്നിയിലെ ജഡ്ജിയായ ബർഹാനുദ്ദീന്റെ മകൻ, ഷെയിക്ക് കുമലുദ്ദീനിൽ നിന്നും നേരിട്ടറിഞ്ഞ കാര്യങ്ങളാണധികവും. ഈ സുൽത്താന്റെ സാഹസികചരിത്രമാകട്ടെ എന്റെ നേരിട്ടുള്ള വീക്ഷണത്തിന് വിധേയമായവയുമാണ്. ഞാൻ അദ്ദേഹത്തിന്റെ അരമനയിൽ കഴിഞ്ഞിരുന്നപ്പോഴും കണ്ട കാര്യങ്ങളുമാണവ. ബാക്കി കാര്യങ്ങളും മറ്റുള്ളവർ പറഞ്ഞറിഞ്ഞതും.

''മറ്റേതൊരാളേക്കാളും, സമ്മാനങ്ങളും നല്കുന്നതിലും രക്തമൊഴുക്കുന്നതിലും മുഹമ്മദ് അതീവ തല്പരനാണ്. അദ്ദേഹത്തിന്റെ അരമനവാതായനത്തിൽ എപ്പോഴും കാണാവുന്നത് ദരിദ്രന്മാർ ധനികന്മാരായി മാറുന്നതും ജീവനുള്ളവർ മരണശിക്ഷയ്ക്ക് വിധേയരാകുന്നതുമാണ്. ഇതൊക്കെയാണെങ്കിലും അദ്ദേഹം മനുഷ്യരിൽവെച്ച് ഏറ്റവും ദയയുള്ളവനും, നീതിചെയ്യുന്നതിൽ കണിശക്കാരനുമാണ്. മതാചാരങ്ങളും കൃത്യമായനുഷ്ഠിക്കുക മാത്രമല്ല അവയുടെ അവഗണനമൂലമുണ്ടാകാവുന്ന ശിക്ഷയേയും അദ്ദേഹം ഭയപ്പെടുന്നു. ശുഭോതർക്കമായ ഭാഗ്യം ഏതിനേയുമതിലംഘിക്കുകയും സന്തുഷ്ടമായ വിജയം അപരിമേയമാകുകയും ചെയ്തിട്ടുള്ള രാജാക്കന്മാരിൽ ഒരുപ്രധാനദ്ദേഹം. അദ്ദേഹത്തെ വേർതിരിച്ചുനിർത്തുന്ന ഗുണമാകട്ടെ വിശാലമായ മഹാമനസ്കതയും മുമ്പൊരിക്കലും കേട്ടിട്ടില്ലാത്ത വിശാലദാക്ഷിണ്യവും ദയാവായ്പും കാണിക്കുന്ന കുറേക്കാര്യങ്ങളും ഞാനദ്ദേഹത്തെപ്പറ്റി പറയാം. ദൈവത്തേയും മലക്കുകളേയും (മാലാഹകൾ) പ്രവാചകന്മാരേയും സാക്ഷിനിർത്തി ഞാനാണയിട്ടു

പറഞ്ഞുകൊള്ളട്ടെ അദ്ദേഹത്തിന്റെ മഹത്വത്തെ പരാമർശിച്ചു് ഞാൻ പറയുന്നതത്രയും സത്യമാണു്.

''ഒരിക്കൽ ഇന്ത്യയിലാകമാനം വരൾച്ച ബാധിക്കുകയും ഒരാഢ്യ ചുമടു് ഗോതമ്പിനു് 15 ക. വിലവരികയും ചെയ്ത സന്ദർഭത്തിൽ, ഡൽഹിയിലെ സകലമാനജനങ്ങൾക്കും ആറു മാസത്തെ ഭക്ഷ്യധാന്യങ്ങൾ സൗജന്യമായി നൽകുവാനേർപ്പാടു ചെയ്തു. ഉദ്യോഗസ്ഥന്മാർ ധൃതഗതിയിൽ ഓരോ വില്ലേജിലേയും ജനങ്ങളുടെ രജിസ്റ്ററർ തയ്യാറാക്കി സമർപ്പിച്ചു. എല്ലാ ആളുകൾക്കും സുരക്ഷിതമായി ആറുമാസം കഴിഞ്ഞുകൂടാനുള്ള ധാന്യങ്ങൾ അതുവഴി ലഭിച്ചു.''[14]

സുൽത്താന്റെ കാരുണ്യവും ദയാവായ്പും ഉൽഘോഷണം ചെയ്യുന്ന ധാരാളമുദാഹരണങ്ങൾ ബത്തൂത്ത വിവരിച്ചതിന്നുശേഷം സുൽത്താന്റെ സ്വഭാവത്തിന്റെ മറുവശം വരച്ചുകാട്ടുന്നു. ''നീതിനിഷ്ഠയും, സാധുജനസ്നേഹവും സീമാതീതമായ മഹാമനസ്കതയും നിലനിലക്കത്തന്നെ, രക്തച്ചൊരിച്ചിലിനുള്ള ആസക്തിയും ധാരാളമാണു്. അദ്ദേഹത്തിന്റെ കൊട്ടാരവാതുക്കൽ ഏതെങ്കിലും വധിക്കപ്പെട്ടവന്റെ ജഡം കാണാതെ കടന്നുപോകുക സാദ്ധ്യമല്ല. ഇത്തരം ധാരാളം സംഭവങ്ങൾ ഞാൻ തന്നെ കണ്ടിട്ടുണ്ടു്! കൊല്ലുന്നവരുടെ ശവം കുറെസമയം അവിടെതന്നെ ഇടുകയാണു പതിവു്. ഒരു ദിവസം ഞാനദ്ദേഹത്തിന്റെ അരമനയിലേക്കുപോകുമ്പോൾ, എന്റെ കുതിര അറച്ചുമടിച്ചുനിന്നു. ഞാൻ മുൻവശത്തേക്കുനോക്കി, അവിടെ വെളുത്ത എന്തോ കൂട്ടിയിരുന്നു. പരിചാരകരോടന്വേഷിച്ചതിൽ വധിക്കപ്പെട്ടവരുടെ ജഡങ്ങൾ മൂന്നായിമുറിച്ചു് കൂട്ടിയിട്ടിരിക്കുന്നതാണെന്നു് അറിയാൻ കഴിഞ്ഞു. ഈ ചക്രവർത്തി ചെറിയ തെറ്റുകൾപോലും ഗൗരവമായി വീക്ഷിക്കുകയും, കടുത്ത

14. H. R. A. Gibb-Selections from the Travels of Ibn-Battuta—P.196

ശിക്ഷ നൽകുകയും ചെയ്യുന്നു, ഇക്കാര്യത്തിൽ പണ്ഡിതനെന്നോ, മതാചാര്യനെന്നോ പ്രഭുവെന്നോ തരംതിരിക്കാറില്ല. നിത്യേന നൂറുകണക്കിന് മനുഷ്യരെ ചങ്ങലക്കിട്ട് കൈകളാമം വച്ച് അദ്ദേഹത്തിന്റെ അടുക്കൽകൊണ്ടുവരുന്നു. കുറെപ്പേരെ കൊല്ലുകയും മറ്റുള്ളവരെ മദ്ദനമുറകൾക്ക് വിധേയമാക്കി വിട്ടയയ്ക്കുകയും ചെയ്യുന്നു, വെള്ളിയാഴ്ചയൊഴികെ എല്ലാ ദിവസവും തടവുകാരെ അദ്ദേഹത്തിന്റെ മുമ്പിൽ കൊണ്ടുവരിക പതിവായിരുന്നു. ഇതൊക്കെയാണെങ്കിലും നീതിന്യായം നടത്തുന്നതിൽ, ഈ ചക്രവർത്തിയുടെ അമിതമായ മോഹവും താല്പര്യവും അവിസ്മരണീയമാണ്.'' [15]

അലാവുദ്ദീൻ കിൽജി, മുഹമ്മദ് തുഗ്ലക്ക്, ഫിറോസ് തുഗ്ലക്ക് എന്നീ മൂന്നു ചക്രവർത്തിമാരുമായി അടുത്തു പരിചയിക്കുവാൻ കഴിഞ്ഞ സിയാവുദ്ദീൻ ബരാണിയാണ് ചരിത്രകാരന്മാരിൽ പ്രധാനി. ഏകപക്ഷീയമെങ്കിലും ബരാണിയുടെ നിരീക്ഷണം ശ്രദ്ധേയമാണ്. 'കൈയക്ഷരത്തിൽ പ്രഗത്ഭരായ ലിഖിതശാസ്ത്രജ്ഞൻമാരെയെല്ലാം മുഹമ്മദ് പിൻതള്ളുന്നു. കമനീയമായ കൈയക്ഷരവും, അനായാസമായ ആലേഖ്യരീതിയും, മനോഹരമായ ശൈലിയും, വിദഗ്ദ്ധമായ അലങ്കാരപ്രയോഗവും ഒക്കെ പ്രഗത്ഭമതികളും പ്രതിഭാസമ്പന്നരുമായ പണ്ഡിതൻമാർക്കുകൂടി അടുത്തൊന്നുമെത്താൻ ഒക്കാത്തതരത്തിൽ വളരെ പ്രശംസാർഹമായിരുന്നു. അദ്ദേഹത്തെ വെല്ലുവിളിക്കുവാൻ ഒരു ജ്ഞാനിയുമുണ്ടായിരുന്നില്ല. ഉണ്ടായിരുന്നുവെങ്കിൽ അമ്പേ തോറ്റു പാളീസായേനെ. പേർഷ്യൻ കവനസമ്പത്തിന്റെ ഭൂരിഭാഗവും അദ്ദേഹത്തിന് മനഃപാഠമായിരുന്നുവെന്ന് മാത്രമല്ല നല്ല ഗ്രാഹ്യവും കൂടിയായിരുന്നു. അദ്ദേഹമയക്കുന്ന എഴുത്തുകളിൽ പേർഷ്യൻ കവിതകളുദ്ധരിക്കുകയും, അലങ്കാരങ്ങൾ പ്രയോഗിക്കുകയും ചെയ്യുക സാധാരണമായിരു

15. Ibid-197 Also see Elliot and Dowson Vol III P. 610

ന്നു. സിക്കന്തർനാമ, ബുമിസലിം നാമ, മശിക്കി മുഹമ്മുദി തുടങ്ങിയ ഗ്രന്ഥങ്ങൾ സുൽത്താൻ വളരെ പരിചയിച്ചിരുന്നു. ഒറ പണ്ഡിതനോ, ശാസ്ത്രജ്ഞനോ, കവിയോ, ഫലിതക്കാരനോ, ഡോക്ടറോ ആരും തന്നെ അദ്ദേഹവുമായി തർക്കിക്കുവാൻ ധൈര്യപ്പെട്ടിരുന്നില്ല. യുക്തിയുക്തമായ ന്യായവാദം വളരെ വിവരമുള്ളവനുമാത്രമേ സാദ്ധ്യമാകൂ. അദ്ദേഹമതിൽ അനന്യസാധാരണനായിരുന്നു.

''ഹൃദയത്തെ കഠിനമാക്കുന്ന താത്വിക ദർശനങ്ങളായിരുന്നു അദ്ദേഹത്തിന്നിഷ്ടം. എന്നാൽ ഹൃദയദ്രവീകരണവും സമഷ്ടി സ്നേഹവും ഉണ്ടാക്കുന്ന പരിശുദ്ധബുക്കോ (ഖുറാൻ) പ്രവാചകന്റെ വചനങ്ങളോ, അവസാനദിവത്തെ ശിക്ഷയെക്കുറിച്ച ഭയമോ ഉണ്ടാക്കുന്നവയൊന്നും അത്ര ശ്രദ്ധിക്കേണ്ടതായി കണക്കാക്കിയിരുന്നില്ല. രാജകീയ ധർമ്മങ്ങളോ, സദാചാരവിരുദ്ധപ്രവൃത്തികളോ സുൽത്താൻ ശീലിച്ചിരുന്നില്ലന്നു മാത്രമല്ല പാപബോധത്തോടു കൂടി അവയോട് വിമുഖത കാട്ടുകയും ചെയ്തിരുന്നു,'' [16] എന്നദ്ദേഹം പറയുന്നു. ബദർചാച്ചായുടെ അനവധി ഗീതകങ്ങൾ സുൽത്താനെ പ്രകീർത്തിച്ചുകൊണ്ടുള്ളവയാണ്. അവയിലൊന്നിലും ദൂഷ്യാരോപണങ്ങളോ, ഭത്സനങ്ങളോ ഇല്ല. ബരാണിയെപ്പോലെ മുസ്ലീംപൗരോഹിത്യത്തിന്റെ വക്താക്കൾ മാത്രമാണ് ഇത്തരം കുറ്റാരോപണങ്ങൾ നടത്തുന്നത്.

അൽഉമറി ഇതുസംബന്ധമായി തരുന്ന അറിവ് ആദരണീയമാണ്. ''സുൽത്താൻ ഉച്ചഭക്ഷണവും അത്താഴവും കഴിക്കുന്നത് ചുരുങ്ങിയത് 200 പണ്ഡിതൻമാരോടൊപ്പമാണ്. അവരുമായി വിജ്ഞാനപ്രദമായ വിഷയങ്ങൾ കൈകാര്യം ചെയ്യുകയും ചെയ്യും. നിത്യേന 2500 കാളക്കുട്ടികളേയും, 2000 ആടുകളേയും കൊട്ടാരാവശ്യത്തിനുവേണ്ടി കൊന്ന് പാകം ചെയ്തിരുന്നു. ഇതിനു പുറമേ അംഗവൈകല്യം

16. Ziauddeen Barani-Tarikh-i-Firozshai P. 453-54

സംഭവിക്കുന്ന നിരവധി കുതിരകളും, പലതരം പക്ഷിക ളും പെടും.[17] അലാവുദ്ദീനെപ്പോലെ തന്നെ മുസ്ലീം പൗരോഹിത്യത്തെ രാഷ്ട്രീയം കളിക്കുവാൻ അദ്ദേഹം സമ്മതിച്ചില്ലെന്നു മാത്രമേ വ്യത്യാസമുള്ളൂ. അൽ ഉമറി സുൽത്താന്റെ സ്വഭാവ നിരൂപണംചെയ്യുന്നത് കേൾക്കുക. ''സുൽത്താൻ വിശാലമനസ്കനും, ഔദാര്യശീലനുമാണ്. അദ്ദേഹത്തിന്റെ നിറഞ്ഞു തുളുമ്പിയിരുന്ന നന്മ വിനയവും, സൌമ്യശീലവുമാണ്. സുൽത്താനെ സാധുവായ ഒരു ഫീക്കറിന്റെ ശവസംസ്കാരചടങ്ങിൽ താൻ കണ്ടെന്നും, ശവമഞ്ചം സ്വന്തം തോളിലേറ്റിയിരുന്നുവെന്നും, ഇപ്പാക്ക് ഷബാലി എന്നോട് പറഞ്ഞു. ഇദ്ദേഹത്തിന് ഖുറാൻ ഹൃദിസ്തമായിരുന്നതിനു പുറമേ, അബു ഹനീഫ സംവിധാനം ചെയ്ത ഷിരിയ എന്ന നിയമ ഗ്രന്ഥവും കാണാപ്പാഠമായിരുന്നു. കലോപാസകനായ അദ്ദേഹം വൈജ്ഞാനികമണ്ഡലത്തിലെ ഉജ്ജ്വലതാരമാണ്; ലിഖിതശാസ്ത്രത്തിലുള്ള രചനാത്മകസിദ്ധി അതിന്റെ പാരമ്യത്തിൽ ഈ സുൽത്താനിൽ വിഹരിക്കുന്നു. മതപരമായ ആചാരനുഷ്ഠാനങ്ങളും നിർവ്വിഘ്നം നിർവ്വഹിച്ചിരുന്ന അദ്ദേഹം വികാരങ്ങളെ കടിഞ്ഞാണിടുവാനും മടിച്ചിരുന്നില്ല. ഈ ഗുണഗണങ്ങളെ സാഹിത്യവാസന മകുടം ചാർത്തിയിരുന്നു. കവിതകളും പാടുന്നതിലും, അവ പാടികേൾക്കുന്നതിലും അദ്ദേഹത്തിന് അതീവ താല്പര്യവും ഉണ്ടായിരുന്നു. പണ്ഡിതന്മാരുമായി ആശയവിനിമയം ചെയ്യുവാനും, സംഭാഷണത്തിലേർപ്പെടുവാനും അദ്ദേഹത്തിന് അമിതമായ കൌതുകവും സന്തുഷ്ടിയുമുണ്ട്. പേർഷ്യൻ കവികളുടേയും കവിതകളുടേയും ആരാധകനായ ഈ ചക്രവർത്തി അവരെ അമിതമായിഷ്ടപ്പെട്ടിരുന്നു.''[18]

'ഫത്തുഹ് സലാത്തി'നാണ് സുൽത്താനെ കഠിനമായാക്ഷേപിക്കുന്ന ഗ്രന്ഥമെന്നും ഇസാമിക്ക് അതിന്റെ

17. Alumeri-Masalik-Elliot-Vol. III, P. 579
18. Ibid pp. 580-81

കാരണങ്ങളും ഉണ്ടായിരുന്നുവെന്നും നാം പ്രസ്താവിച്ചതാണ്. 'ഡൽഹിയിലെ ജനങ്ങളും അഴിമതിയും അധർമ്മവും ചെയ്യുന്നതിൽ വ്യാപൃതരായിരുന്നതിനാൽ അവരെ ശിക്ഷിക്കുവാൻ ദൈവമയച്ച രക്തരക്ഷസ്സാണ് ഈ സുൽത്താൻ.....ക്രൂരനായ ഈ സുൽത്താൻ രക്തദാഹിയാണ്. ഘോരചിന്തുന്ന കാര്യത്തിൽ വിശ്വാസിയെന്നും അവിശ്വാസിയെന്നും അദ്ദേഹം തരംതിരിക്കാറില്ല. സ്വന്തം ഇച്ഛാനുസരണം സംഗതികളും ചെയ്തിരുന്ന അദ്ദേഹം ജനദ്രോഹിയായിരുന്നുവെന്നതിൽ സംശയമില്ല.[19] ഇങ്ങിനെ പോകുന്നു ആ വിവരണം.

പരസ്പരവിരുദ്ധങ്ങളായ ഇത്തരം രേഖകളാണ് സുൽത്താനെക്കുറിച്ച് സമകാലീനർ വിളബംരം ചെയ്തത്. അതിന്റെ ഫലമായിട്ടാണ് 'ഭിന്നങ്ങളുടെ സമ്മിശ്രസംയോജന[20] മെന്നും, ''ഭിന്നങ്ങളുടെ വിസ്മയാവഹമായ അത്ഭുതമെന്നും,''[21] മറ്റും പിന്നീടുള്ള ചരിത്രകാരന്മാർ വിശേഷിപ്പിച്ചത്. ''ഭ്രാന്തും രക്തദാഹവും'' സുൽത്താന്റെ ചിത്രീകരണത്തിൽ സ്ഥലം പിടിച്ചതും ഇവകൊണ്ടൊക്കെത്തന്നെ. പക്ഷെ, ആ കാലഘട്ടത്തിലെ ചരിത്രരേഖകളും പരിശോധിച്ചപ്പോൾ, വിവേകവും വിവേചനാശക്തിയുമുണ്ടായിരുന്നുവെങ്കിൽ ഇന്ന് നിലവിലുള്ള കടങ്കഥകളും ഒഴിവാക്കാൻ സാധിച്ചേനെ. അത് മനഃപൂർവ്വം ചെയ്യാതിരിക്കുവാൻ കാരണമുണ്ട്. ഇംഗ്ലീഷ്കാർക്ക് മത ഭ്രാന്തു പറഞ്ഞ് കരിതേക്കാനൊക്കാത്തിടത്തൊക്കെ ക്രൂരതയും സ്വഭാവദൂഷ്യവും അതുമല്ലെങ്കിൽ സ്ഥിരതക്കുറവുമൊക്കെ ആരോപിച്ചാലേ മദ്ധ്യകാലഭരണത്തെ ചീത്തയായി കാണിക്കുവാനൊക്കുമായിരുന്നുള്ളൂ.

ബത്തൂത്തയും, ഇസാമിയും, ബരാണിയുമാണ് രക്തച്ചൊരിച്ചിലിന്റെ ഭീകരകഥ പറഞ്ഞിട്ടുള്ളത്. ബാൽബനും

19. Isami-Futuhu Salatin, Agra editon, verses 6821-30
20. V.A. smith-op. cit P. 238
21. Ibid-P.238

അലാവുദ്ദീൻ കിൽജിയും ഇതിനേക്കാൾ നികൃഷ്ടമായ നടപടിയെടുത്തിട്ടുണ്ട്. ലോകത്തെവിടേയും ഇക്കാലത്തിനുമുമ്പിൽ നടന്നിരുന്ന ശിക്ഷാസമ്പ്രദായങ്ങളിൽ ഇന്ന് നമുക്കു കേട്ടാൽ ഭീകരത തോന്നുന്നവയായിരുന്നു. അക്കാലത്തിലെ ക്രൂരമായ ശിക്ഷകനും ഏതുഭരണാധികാരിയും വിധിച്ചിരുന്നതാണ്. മുഹമ്മദ് തുഗ്ളക്കും അവ അനുഷ്ടിച്ചിരുന്നെന്നു മാത്രമേ ഉള്ളൂ. കലഹകാരികളെ വലിയ തുണക്കഷ്ണം നാട്ടി അവയിൽ ബന്ധിച്ച് തലയും ഉടലും വേർപ്പെടുത്തി നിരവധി ദിവസങ്ങളങ്ങനെ പൊതു സ്ഥലങ്ങളിൽ ഇട്ടേക്കുകയെന്നതായിരുന്നു ഭയം ജനിപ്പിക്കുവാൻ ഇത് സാർവ്വത്രികമായി സ്വീകരിച്ചിരുന്ന നടപടിയാണ്. ബരാണിക്കും കൂട്ടർക്കും ഇതറിയാഞ്ഞിട്ടുമല്ല. പക്ഷേ, ''മുസൽമാൻ രക്തവും നീർ പ്രവാഹം ചിന്തി'' എന്ന ബരാണിയുടെ ആക്ഷേപം മനസ്സിരുത്തിയാൽ കാണാം; ഈ രക്തദാഹത്തിന്റെ കഥ ഉൽഭവിച്ചത് അവരുടെ മതഭ്രാന്തിന്റെ അസഹിഷ്ണുതകൊണ്ടായിരുന്നുവെന്ന്, നീതി നിഷ്ഠനായ സുൽത്താൻ കുറക്കാരന്റെ മതമോ പദവിയോ നോക്കാതെ ശിക്ഷിച്ചിരുന്നതാണ് മുസ്ലീം പഴഞ്ചരുപത്തെ ചൊടിപ്പിച്ചതും, ഇക്കഥകൾ പ്രചരിപ്പിക്കുവാനിടയാക്കിയതും.

അലാവുദ്ദീനെക്കുറിച്ചും ഈ ആക്ഷേപം വലിയതോതിൽ ഇവർ നടത്തി. നിരക്ഷരകുക്ഷിയായ അലാവുദ്ദീൻ അപഹാസ്യപരമായ ഒരു വീക്ഷണമാണ് പൗരോഹിത്യത്തോടനുവർത്തിച്ചത്, തനിക്ക് ഇസ്ലാമികനിയമങ്ങളൊന്നും അറിഞ്ഞുകൂടെന്ന് തുറന്നു പറഞ്ഞിരുന്ന അദ്ദേഹം അക്കാരണത്താൽത്തന്നെ, പൗരോഹിത്യത്തിന്റെ സാന്നിദ്ധ്യം ഇഷ്ടപ്പെട്ടിട്ടില്ല. ഇസ്ലാമിക ശാസനകളിൽ സംശയം ജനിക്കുന്നവേളകളിലല്ലേ ഉപദേശം ആരായേണ്ടു. അവ അദ്ദേഹത്തിനജ്ഞാതവുമായിരുന്നു. നേരെമറിച്ചായിരുന്നു തുഗ്ലക്കിനെ സംബന്ധിച്ച്—അൽ ഉമറിതുടങ്ങി എല്ലാവരും സമ്മതിക്കുന്ന പരമാർത്ഥമാണ് സുൽത്താൻ ഇസ്ലാമിക ശാസനകളും ശരിക്കും മനസ്സിലാക്കിയിരുന്ന ദുർല്ലഭം പേരിൽ ഒരാളായിരുന്നു

വെന്നകാര്യം' അദ്ദേഹം അറിവിന്റെ ഉപാസകനായിരുന്നു. ജീവിച്ചിരുന്ന മറേറതൊരു പണ്ഡിതനേക്കാളും പണ്ഡിതനായിരുന്ന തുഗ്ലക്കിന്ന് പൗരോഹിത്യത്തിന്റെ സഹായം കൂടാതെ തന്നെ നിയമങ്ങളറിയാമായിരുന്നു. തൻമൂലം, തന്നെ ഉപദേശിക്കുവാൻവേണ്ടി ആരേയും സ്വീകരിച്ചിരുന്നില്ല. വളരെക്കാലമനുഭവിച്ചിരുന്ന അവകാശാധികാരങ്ങളും ചോദ്യം ചെയ്യപ്പെട്ടപ്പോൾ, സുൽത്താനെ പിരാകി പിറുപിറുക്കുകയാണ് മുസ്ലീം പൗരോഹിത്യം ചെയ്തത്. എന്നിട്ടും അവർക്കാർക്കും സുൽത്താന്റെ സ്വഭാവത്തിലും വാസനയിലും വൈകല്യം വരച്ചുകാട്ടുവാൻ സാധിച്ചില്ല. ഇംഗ്ലീഷ് ചരിത്രകാരൻമാർക്കുകൂടി സുൽത്താന്റെ സ്വഭാവശുദ്ധിയേയും പാണ്ഡിത്യത്തേയും പുകഴ്ത്തേണ്ടതായിവന്നു. ഇക്കാര്യത്തിൽ ആധുനികരും യോജിക്കുന്നുണ്ട്. എൽഫിൻസ്റേറാൺ സുൽത്താനെ വിലയിരുത്തുന്നതിങ്ങനെയാണ്. ''എല്ലാ വിഭാഗക്കാരും സമ്മതിക്കുന്നകാര്യമാണ് അക്കാലത്തിലെ ഏറാവും അനുഗ്രഹീതനും സമ്പന്നനുമായിരുന്ന അദ്ദേഹമെന്നത്. അദ്ദേഹത്തിന്റെ ഭരണം കഴിഞ്ഞ് വളരെക്കാലത്തിനുശേഷവും, അറബിയിലും പേർഷ്യനിലുമുള്ള സുൽത്താന്റെ എഴുത്തുകൂത്തുകളുടെ ശാലീനതകൊണ്ടു തന്നെ, ആസ്വദിക്കപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ ഓമ്മശക്തി അനന്യസാധാരണമായിരുന്നു. യവന തത്വശാസ്ത്രത്തിലും തർക്കശാസ്ത്രത്തിലും നൈപുണ്യം നേടിയിരുന്നതിനു പുറമേ, ഗണിതശാസ്ത്രവും മററു ശാസ്ത്രശാഖകളും എല്ലാംതന്നെയും അദ്ദേഹം വശമാക്കിയിരുന്നു. വൈദ്യശാസ്ത്രത്തിലും ചികത്സയിലും അദ്ദേഹം ഉൽസുകനായിരുന്നു. ചില രോഗങ്ങളുടെ പ്രത്യേക സ്വഭാവങ്ങളെ നിരീക്ഷിക്കുവാനദ്ദേഹം രോഗികളെ സന്ദർശിക്കുകയും ചികിൽസ നിർദ്ദേശിക്കുകയും പതിവാണ്. ആരാധനാകാര്യത്തിൽ ചിട്ടയും, സ്വകാര്യജീവിതത്തിൽ സന്മാർഗ്ഗവിചാരവും അദ്ദേഹത്തിന്റെ പ്രത്യകതകളത്രെ. മദ്യപാനം സാർവ്വത്രികമായിരുന്ന ആ കാലഘട്ടത്തിൽ അദ്ദേഹം ലഹരിപദാർത്ഥങ്ങളൊരിക്കലും രുചിച്ചിട്ടില്ല; യുദ്ധങ്ങളിലാക

ട്ട അദ്ദേഹത്തിന്റെ അപാരമായ ധൈര്യവും സാമർത്ഥ്യവുമൊക്കെകാരണം സമകാലീനർ, അദ്ദേഹത്തെ ''കാലത്തിന്റെ അത്ഭുത പ്രതിഭാസങ്ങളിലൊന്നു'' എന്നു വിശേഷിപ്പിച്ചതിൽ അസാംഗത്യം ലേശവുമില്ല.

''ഈവക പ്രതിഭാസമ്പത്തും അനുഗ്രഹങ്ങളുമൊക്കെ വെറുതെ പാഴായി പോകുകയാണുണ്ടായത്. അവരുടെ അതിരില്ലാത്ത തീരുമാനങ്ങളും മൂലം വികലമായിപ്പോയി. അധികാരലഹരിയുടെ സമൂർത്ത സ്വഭാവത്തിനുള്ള വകവീട്ടാൻ തന്നെ, ഏതൊരാൾക്കും നിസ്സംശയം അദ്ദേഹം ഭ്രാന്തനായിരുന്നുവെന്നു പറയാതെ നിവർത്തിയില്ല. അദ്ദേഹത്തിന്റെ ജീവിതം മുഴുക്കെ അയുക്തികങ്ങളും, അപ്രായോഗികങ്ങളുമായ പദ്ധതികളുടെ ആസൂത്രണത്തിനുപയോഗപ്പെടുത്തി. ജനങ്ങൾക്കതുമൂലമുണ്ടാവുന്ന കഷ്ടപ്പാടു നോക്കാതെ തന്നെ നടത്തുകയും ചെയ്തു. തന്മൂലം മറെറാരിന്ത്യൻ ചക്രവർത്തിക്കും നേരിട്ടിട്ടില്ലാത്തത്ര ലഹളകളും, കുഴപ്പങ്ങളുമുണ്ടായി'. 22

ഇതേ രീതിയാണ് എല്ലാ ആധുനിക ചരിത്രകാരൻമാരും സ്വീകരിച്ചിട്ടുള്ളത്. ലെയിൻപൂളും, സ്മിത്തും തുടങ്ങി മറെറല്ലാ ആഗ്ലേയരും സുൽത്താന്റെ സ്വഭാവത്തെ വാഴ്ത്തുവാൻ മറക്കാത്തപ്പോഴും അദ്ദേഹത്തിന്റെ പ്രവൃത്തികളുടെ നേരെയാണ് പടവാളുയർത്തിയിട്ടുള്ളത്. ഡോക്ടർമാരായ ഈശ്വരി പ്രസാദ്, റായ്ചൌദ്രി, ശ്രീവാസ്തവ, മുക്കർജി, ഖന്ന തുടങ്ങിയ ഇൻഡ്യൻ ചരിത്രകാരൻമാരും സുൽത്താൽ മുഹമ്മദിന്റെ സ്വഭാവം അകളങ്കിതമായിരുന്നുവെന്നും അറിവ് അപാരമായിരുന്നുവെന്നും സമ്മതിക്കുന്നവരാണ്. ഡോക്ടർ മെഹിദി ഹുസൈൻ സമാധാനിക്കുന്നത്, സുൽത്താൻ ക്രാന്തദർശിയായിരുന്നതു കൊണ്ട് കാലത്തിനു വളരെ മുമ്പേ ജനിച്ചുപോയ തകരാറാണെന്നാണ്. 23

22. Elphinestone-Medieval History of India. P. 394
23. Agha Mehdi Hussaion-the Tugluk Dynasty-P. 171

ചുരുക്കത്തിൽ സുൽത്താൻ സൽസ്വഭാവിയും സംസ്കൃതചിത്തനുമായിരുന്നുവെന്ന കാര്യത്തിൽ സംശയമില്ല. ഡോക്ടർ ഈശ്വരി പ്രസാദിന്റെ ഭാഷയിൽ 'അദ്ദേഹത്തിന്റെ സംസ്കാരം അദ്ദേഹത്തിന്റെ നിരീക്ഷണചക്രവാളത്തെ വികസിപ്പിച്ചു. ദാർശനികരും ശാസ്ത്രകാരന്മാരും മറ്റുമായുള്ള സമ്പർക്കം അദ്ദേഹത്തിന്റെ സഹിഷ്ണുതയുടെ ജീവസ്സായ സന്ദേശമങ്കുരിപ്പിക്കുകയും ചെയ്തു. ഇതേ ഗുണവിശേഷത്തിനു തന്നെയാണ് അക്ബർ ചക്രവർത്തി പിന്നീട് പ്രകീർത്തിക്കപ്പെടുന്നത്. [24] ഡോക്ടർ ചൂണ്ടിക്കാട്ടുന്ന ഈ വിശേഷഗുണമാണ് മുസ്ലീം യഥാസ്ഥിതികത്വത്തിന്റെ കണ്ണിൽ സുൽത്താനെ മോശമാക്കിയത്. മുഹമ്മദ് തുഗ്ലക്ക് ഇസ്ലാമിന്റെ ശരിയായ സ്പിരിട്ട് ഉൾക്കൊണ്ട മഹാനായിരുന്നു. അവസരവാദികളായ മുസ്ലീം ഉലമാക്കളെ അദ്ദേഹം പുച്ഛിക്കുവാൻ കാരണം അവർ പൊങ്ങച്ചക്കാരായിരുന്നുവെന്നതാണ്. ജീവിച്ചിരുന്നപ്പോഴും രാജാവായതു കൊണ്ട് പ്രതികാരം നടത്തുവാൻ ഒക്കാതിരുന്നവരാണ് സുൽത്താന്റെ മരണശേഷം നീചവും നിന്ദ്യവുമായ ഈർഷ്യാകാലുഷ്യങ്ങളുടെ കഥകളും പ്രചരിപ്പിച്ചതും. ഈ ചരിത്രകാരന്മാരുടെ ആന്തരിക ദുരുദ്ദേശ്യം അറിഞ്ഞോ അറിയാതേയോ കണ്ണുംപൂട്ടി പിൻതുടർന്നതു കൊണ്ടാണ് ആധുനികരായ എഴുത്തുകാരും അമ്പരപ്പിക്കുന്ന കഥകളും അയവിറക്കുന്നത്. അഭികാമ്യങ്ങളായ ഗുണങ്ങളാൽ പരിപുഷ്ടമായിരുന്നു സുൽത്താന്റെ സ്വഭാവം' ദുഷ്യമായെടുത്ത് പെരുപ്പിച്ചു പറയുന്നതാട്ടെ, അദ്ദേഹം കഠിനശിക്ഷകളും കൊടുത്തിരുന്നുവെന്നും രക്തപ്രവാഹങ്ങളുണ്ടാക്കിയിരുന്നുവെന്നുമാണ്. അതാകട്ടെ ഭരണാധിപനെന്ന നിലക്ക് ലഹളകളെ അമർത്തുവാനും, ന്യായാധിപനെന്ന സ്ഥിതിയിൽ നീതി പുലർത്തുവാനുമായിരുന്നു. രക്തദാഹത്തിന്റെ കഥ,

24. History of Muslim Rule-P. 139

അതിനാൽ സ്വഭാവത്തിൽ കൂട്ടിക്കലർത്തേണ്ട കാര്യമില്ല, മുഹമ്മദു തുഗ്ലക്കെന്ന സുൽത്താനും മുഹമ്മദു തുഗ്ലക്കെന്ന മനുഷ്യനും തമ്മിലുള്ള അന്തരമാണിത് സൂചിപ്പിക്കുന്നത്. അനിഷ്ടകരവും അരുചികരവും ആയ പലതും അരണാധിപനു ചെയ്യേണ്ടതായിവരും. ഇവിടെ തുഗ്ലക്കിന്റെ സ്വഭാവപഠനമാണു നാം നടത്തുന്നത്. ഔൽകൃഷ്ടസ്വഭാവ സിദ്ധിയുടെ മൂർത്തിമൽഭാവമായിരുന്നു സുൽത്താനെന്നാണു ചരിത്ര വിവരണങ്ങളിൽ നിന്നു മനസ്സിലാക്കുവാൻ സാധിക്കുന്നത്.

30

കുറവും ശിക്ഷയും

തുഗ്ലക്കിന്റെ ശുദ്ധമായ സ്വഭാവവും, സമ്പന്നമായ അറിവും വിവരണവിധേയമാക്കിയതാണ്. സാത്വികപുഞ്ജമായ ആ ദാർശനികചക്രവർത്തി ചരിത്രകാരൻമാരുടെ മുഴുക്കെ പഴിക്ക് വിധേയനാകുന്നത് ഭരണാധിപനെന്ന നിലക്കാണെന്നും നാം പറഞ്ഞു. ക്രാന്തദർശിയായ സുൽത്താന്റെ പ്രവർത്തനമണ്ഡലങ്ങളെ പരാമർശിക്കുന്ന ചരിത്രകാരൻ, വിചിത്രമായ എന്തൊക്കെ സംഗതികളാണ് മനഃപൂർവ്വമായും, അല്ലാതെയും രേഖപ്പെടുത്തിയിട്ടുള്ളത് എന്ന് പരിശോധിക്കേണ്ടതുണ്ട്. തുടർന്നുള്ള വിശദീകരണം വേഗം മനസ്സിലാകുവാനതുപകരിക്കുകയും ചെയ്യും.

പ്രധാനമായും ആവർത്തന വിഷയമാക്കുന്ന കാര്യമാണ് സുൽത്താന്റെ രക്തരൂഷാഞ്ചര. കുറേ ഉദാഹരണങ്ങളും നിരത്തിയശേഷം, അസന്നിഗ്ദ്ധമായുപസംഹരിക്കുന്നത് ഈ സുൽത്താൻ നികൃഷ്ടസ്വഭാവക്കാരനായ ക്രൂരനായിരുന്നുവെന്നാണ്. ഈ അഭിപ്രായത്തെ സാധൂകരിക്കുവാനുദ്ധരിക്കുന്ന അതോട്ടിക്കും ബത്തൂത്തയും, ബരാണിയും, ഇസാമിയും തന്നെ. സമകാലീനരായ അൽ ഉമറിയോ, ബദർചാച്ചയോ, സർഹിന്ദിയോ, അതുമല്ലെങ്കിൽ മുഹമ്മതിന്റെ പിൻഗാമിയായ ഫിറോസ് തുഗ്ലക്കോ ഇത്തരം കഥകളും കുറിക്കുന്നില്ല. ബത്തൂത്ത എഴുതി ''സുൽത്താന്റെ അരമന ഗോപുരത്തിൽ ധാരാളം മനുഷ്യരുടെ ശവം കുന്നുകൂടിയിരിക്കുന്നത് കാണാം. അനവധി ആളുകളെ ഒന്നി

ക്കു ചങ്ങലകളിൽ കെട്ടി അദ്ദേഹത്തിന്റെ മുമ്പിൽ ഹാജരാക്കുന്നു. കുറേ പേരെ വധശിക്ഷക്കു വിധിക്കുകയും, മറ്റുള്ളവരെ ദണ്ഡനങ്ങളും ഏൽപിച്ച് വിട്ടയക്കുകയുമായിരുന്നു പതിവ്.... സുൽത്താന്റെ ദയ, കാരുണ്യം, വിശാലമനസ്കത; ഇവയോടൊപ്പം തന്നെ രക്തം ചിന്തുവാനുള്ള ആസക്തിയും വളരെയാണ്.

''ഒറ്റ ദിവസമെങ്കിലും നൂറുകണക്കിന് മുസ്ലീംകളുടെ രക്തം ചിന്താതെ ഈ സുൽത്താന് ആശ്വാസമുണ്ടാകുകയില്ല. ഉത്തമവിശ്വാസികളെ വധിക്കുക ഏറ്റവും പ്രിയംകരമായദ്ദേഹം കരുതി. മതപണ്ഡിതൻമാരേയും, സയ്യിദുമാരെയുംകൂടി, ഇതിൽ നിന്നും ഒഴിവാക്കിയിരുന്നില്ല. നബി ഇഷ്ടപ്പെടുന്നതുപോലെ തന്റെ കൽപനകളും ജനങ്ങളും അനുസരിക്കുന്നില്ലെന്നു, സുൽത്താന് ബോധ്യമായപ്പോൾ അദ്ദേഹത്തിന്റെ കാലുഷ്യം കഠിനതരമായി. അവരെ കള്ളരിഞ്ഞുവീഴ്ത്തുന്നതുപോലെ കൊന്ന് അദ്ദേഹം ശിക്ഷാനടപടികളും സ്വീകരിച്ചു. യഥാർത്ഥ വിശ്വാസികളും യാഥാസ്ഥിതികരുമായ മുസ്ലീംകളെ വധിക്കാൻ ധാരാളം നീചൻമാരെ തയ്യാറെടുപ്പിച്ചു നിർത്തിയിരുന്നു. ആദാമിന്റെ കാലം മുതൽ ഇതുവരെ ഇങ്ങിനെ ഒരു സംഭവം നടന്നുകാണുകയില്ല.''[1] ഇതാണ് സിയാവുദ്ദീൻ ബറാനിക്ക് പറയാനുള്ളത്.

ഈ ചരിത്രകാരൻമാർ പക്ഷപാതപരമായാണ് അവരുടെ രേഖകളും സൃഷ്ടിച്ചതെന്നും, അതിനുണ്ടായിരുന്ന കാരണങ്ങളും എന്തൊക്കെയായിരുന്നുവെന്നും, വിശദീകരിച്ചുവാൻ ശ്രമിച്ചതാണ്. ബത്തൂത്ത പറയുന്നമാതിരി രക്തദാഹം കൊണ്ടുമാത്രം ചോരചിന്തിയതല്ല തുഗ്ലക്ക് മുഹമ്മദ്. രക്തച്ചൊരിച്ചിലുണ്ടായിട്ടുണ്ട്. പക്ഷേ അതിൽ ആസ്വാദമോ, ആമോദമോ തോന്നിയതുകൊണ്ടല്ല ചെയ്തതെന്നാദമായി കാണുന്ന വ്യത്യാസം വളരെ കഠോരമായ അബദ്ധമാണ്. ഡോക്ടർ ഈശ്വരിപ്രസാദ് ഗൗരവമായി ഈ

1. Ziauddeen Barani–Elliot and Dowson Vol III PP 236,238

വിഷയം പഠിച്ചതിനുശേഷം പ്രഖ്യാപിക്കുന്നത് ''ഈ രക്ഷാ സക്തിയുടെ കടങ്കഥകം അത്യുക്തിയോടുകൂടി പ്രചരിപ്പിച്ചതു് മുസ്ലീം പുരോഹിത്യമാണ്. സുൽത്താൻ അവരെ അവജ്ഞാപൂർവ്വം വിഗണിച്ചതാണിതിനുകാരണം.''[2]

മുകളിൽ ഉദ്ധരിച്ച ബരാണിയുടെ പ്രസ്താവം മനസ്സിരുത്തി ശ്രദ്ധിച്ചാൽ ഡോക്ടറുടെ നിഗമനം നൂറുശതമാനവും സത്യമാണെന്നു് ബോദ്ധ്യമാകും. എന്നാൽ ബത്തൂത്ത പറയുന്ന കാര്യം സുൽത്താൻ വധശിക്ഷ വിധിച്ചിരുന്ന രീതിയും, അതു് നടപ്പിലാക്കിയിരുന്ന വിധവുമാണു്. ഇന്ത്യയിൽ ബ്രിട്ടീഷ് ആധിപത്യവും, നവീന നീതിന്യായ നിർവ്വഹണങ്ങളും ഉണ്ടാകുന്നതിനുമുമ്പുള്ള ശിക്ഷാനടപടികളായിരുന്നു തുഗ്ളക്കിന്റെകാലത്തും നിലനിന്നിരുന്നത്. മറ്റുള്ളവർക്കു് ഗുണപാഠമായിത്തീരുവാനുദ്ദേശിച്ചായിരുന്നു പൊതുസ്ഥലങ്ങളിൽവെച്ചു് വധം നടത്തിയിരുന്നതും, ജഡം കുറെ സമയത്തേക്കു് പൊതുപ്രദർശനം നടത്തിയിരുന്നതും. പച്ചനെ തൊലിയുരിഞ്ഞെടുക്കുന്ന ശിക്ഷകം സാർവ്വത്രികമായംഗീകരിച്ചു് നടപ്പാക്കിയിരുന്നതായി, ബാൽബന്റേയും അലാവുദ്ദീന്റേയും സമകാലീനർ രേഖപ്പെടുത്തിയിട്ടുണ്ടു്. മദ്ധ്യകാലഘട്ടത്തിൽ ഇന്നു നമുക്കു് അറപ്പും അമർഷവും തോന്നുന്ന ശിക്ഷാസമ്പ്രദായങ്ങളം വിവിധ രാജ്യങ്ങളിൽ നിലനിന്നുപോന്നിരുന്നു. അക്കാലഘട്ടത്തിൽ ജീവിച്ചിരുന്ന രാജാക്കന്മാർ അംഗീകൃത നിയമാനുസരണം ശിക്ഷകം കൊടുത്തിരുന്നു. മദ്ധ്യകാലലോകചരിത്രത്തിലെ നീതിന്യായം അത്തരത്തിലുള്ളതായിരുന്നുവെന്നതു് പ്രത്യേകം ശ്രദ്ധിക്കണം. ഭരണാധിപനും, ന്യായാധിപനുമെന്നനിലക്കു്, ബത്തൂത്ത വിവരിക്കുന്നതുപോലെ, നിത്യേന ''ചങ്ങലക്കിട്ടുകൊണ്ടുവരുന്നവരുടെ കുറ്റവ്യത്യാസങ്ങളനുസരിച്ചു്, സുൽത്താൻ, വധശിക്ഷക്കു് വിധേയമാകുന്ന കുറ്റം ആവർക്കാതിരിക്കാൻ പബ്ലിക് സ്ഥലങ്ങളിൽ വച്ചാണു് വധ

2. History of Muslim Rule P. 141

ണം നടത്തിയിരുന്നത്. ലോകത്തെല്ലായിടത്തു മിതനു വർത്തിച്ചിരുന്നു. മൗര്യ കാലഘട്ടത്തിലെ ക്രിമിനൽ ശിക്ഷ വിവരിക്കുമ്പോഴും മെഗസ്തനീസ് പറയുന്നത്, ''പെറിയ കുറ്റങ്ങൾക്ക് പോലും കനത്ത ശിക്ഷ (കൈകാലുകളരിയുക, അന്ധനാക്കുക, വധിക്കുക) കൊടുത്തിരുന്നതുകൊണ്ട് കുറ്റങ്ങൾ ചെയ്യുന്നവർ കുറവായിരുന്നു'', എന്നാണ്. ''ഒരു നാളികേരം മോഷ്ടിച്ചാൽ കൊലക്കുറ്റത്തിനുള്ള ശിക്ഷ നൽകിയിരുന്നു'' [4] വെന്ന് കേരളത്തിൽ നിലനിന്നിരുന്ന നീതിന്യായത്തെ ചൂണ്ടി ബത്തൂത്ത രേഖപ്പെടുത്തിയിട്ടുണ്ട്, മാർക്കോപോളോ, ബർബോസ, തുടങ്ങിയവരും കഠിനമായ ശിക്ഷാ സമ്പ്രദായങ്ങൾ കേരളത്തിലും ഇന്ത്യയിലെ ഇതരദേശങ്ങളിലും, നിലവിലുണ്ടായിരുന്നതായി പ്രസ്താവിക്കുന്നു. കുപ്രസിദ്ധമായ പിൻതുടർച്ചയുദ്ധത്തിനുശേഷം ഔറഗസീബ് തന്റെ മൂത്തസഹോദരനെ തടവിൽ പിടിച്ച് ''തല മുണ്ഡനം ചെയ്തു''. കഴുതപുറത്തിരുത്തി, ഡൽഹിയിലെയും ആഗ്രയിലേയും പ്രധാന തെരുവുകളിൽ കൂടി ഘോഷയാത്ര നടത്തിയെന്ന് ദാരയുടെ സ്വകാര്യ ഡോക്ടറായിരുന്ന ഫ്രഞ്ച് ഭിഷഗ്വരൻ ബർനീറും, ഇറാലിയൻ സഞ്ചാരിയും ദൃക്സാക്ഷിയുമായിരുന്ന നിക്കോളസ് മൊനാച്ചിയും ഹൃദയസ്പൃക്കായിവിവരിച്ചിട്ടുണ്ട്. [5] ഇതൊക്കെ കഴിഞ്ഞശേഷം ദാരയെ നിർദ്ദയം വധിക്കുകയും ചെയ്തു ബത്തൂത്ത വിവരിക്കുന്ന ശിക്ഷാനടപടികളും നടത്തിയിരുന്ന തുഗ്ലക്ക് കാലത്തിന്റെ നീതിസ്വഭാവമാണ് നടത്തിയിരുന്നത്. ധാരാളം കള്ളൻമാരും കൊള്ളക്കാരുമുണ്ടായിരുന്ന അക്കാലത്ത് കഠിനശിക്ഷകൾ കൊണ്ടേ, കുറെയെങ്കിലും രക്ഷാബോധം ജനങ്ങളിലുണ്ടാക്കുവാൻ പറ്റുമായിരുന്നുള്ളൂ. ന്യായാധിപനെന്ന നിലയിൽ അദ്ദേഹം വിധിച്ച വധശിക്ഷകളും, ചോരച്ചിന്തലും. സുൽത്താന്റെ രക്തത്തിന്റെ ലക്ഷണമല്ല; കാലഘട്ടത്തിന്റെ സ്വഭാവമാണ്. ഇതിന് അദ്ദേഹത്തെമാത്രം പ്രതിക്കൂട്ടിൽ കയറ്റേണ്ടതില്ല. ഈ ശിക്ഷാസമ്പ്രദായങ്ങൾക്ക് ചോരയുടെ നാ

2. History of Muslim Rule. P. 141
3 Magesthanese Arrian and M'crindle– Ancient India P. 70
4 Ibn Battuta- PP. Cit.
5. Vide Travels of Bernier and Nicolas Monocci

റമുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്വം അക്കാലത്തെ അനേകായിരം ഭരണാധിപന്മാരിൽ ഒരാൾക്കു മാത്രം ആക്കുക അസാദ്ധ്യമാണല്ലോ.

അതേ സന്ദർഭത്തിൽ സുൽത്താൻ നിഷ്പക്ഷമതിയായ നല്ല ഒരു നീതിമാനായിരുന്നുവെന്ന്, എല്ലാവരും സമ്മതിക്കുകയും ചെയ്യുന്നുണ്ട്. 'ഈ രാജാവ്, പുരുഷാന്തരങ്ങളിൽ വെച്ച് ഏറ്റവും വിനയമുള്ളവനും, നീതിന്യായത്തെ അങ്ങേയറ്റം ഇഷ്ടപ്പെട്ടിരുന്ന ദേഹവുമാണ്, ഇബ്നു ബത്തൂത്തയ്ക്കുപോലും ഇക്കാര്യം വെളിപ്പെടുത്തേണ്ടതായി വന്നു. ബരാണിയും, ഇസാമിയും, ബദർച്ചാച്ചയുമെല്ലാം, സുൽത്താന്റെ നീതിനിർവ്വഹണത്തെ പരമാവധി പുകഴ്ത്തുന്നുണ്ട്. ഒരിക്കൽ സുൽത്താനെതിരായി ഒരു ഹിന്ദുപ്രജ സമർപ്പിച്ച കുറ്റാരോപണത്തിനു വിധേയനായി, കോടതിയിൽ ഹാജരാകുകയും, ശിക്ഷ അനുഭവിക്കുകയും ചെയ്ത കഥ ബത്തൂത്തയും, ബരാണിയും ചേർത്തിട്ടുണ്ട്. ഈ പ്രസ്താവങ്ങളം മനസ്സിൽ കണ്ടുകൊണ്ടായിരിക്കണം ഡോക്ടർ ഈശ്വരി പ്രസാദ് ഉപസംഹരിക്കുന്നത്. ''തനിക്കെതിരായുള്ള കോടതി വിധിക്കു വിനയപൂർവ്വം വിധേയമാകുന്നതിൽ നിന്ന് അദ്ദേഹത്തിന്റെ നീതിന്യായനിർവ്വഹണത്തിലുള്ള കൂറും, വിശ്വാസവും എത്രയാണെന്ന് വ്യക്തമാകും.' [7] സാമൂഹ്യദ്രോഹികാം ശിക്ഷിക്കപ്പെടാതെ രക്ഷപ്പെടുന്നത് രാജ്യത്തിന്നാപത്താണ് ആ പൽശങ്കകൂടാതെ ജനങ്ങൾക്കു ജീവിക്കുവാനൊക്കണമെങ്കിൽ നീതി ലഭിക്കുമെന്നു രക്ഷാബോധം വേണം.

ബരാണിയുടേയും, ഇസാമിയുടേയുമാക്ഷേപം, 'വിശ്വാസി'കളായ മുസ്ലീംകളുടെ രക്തവും നിർല്ലോഭം ചിന്തിയിരുന്നുവെന്നതിലാണ്. മുസ്ലീംഭരണത്തിൻകീഴിൽ മുസ്ലീം പൗരോഹിത്യവും, പ്രഭുത്വവും പ്രത്യേക പദവികളും, അവകാശങ്ങളും ചില സന്ദർഭങ്ങളിൽ അനുഭവിച്ചിരുന്നു. അത് നടക്കാതിരുന്ന അവസരങ്ങളിൽ ചിലതായിരുന്നു അലാവുദ്ദീന്റേയും, തുഗ്ലക്കിന്റേയും കാലങ്ങൾ. തൻമൂലം ഈ രണ്ടു വിഭാഗവും മുസ്ലീം സാധാരണക്കാരെ ഇളക്കിവിടുകയും, ലഹളകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ശകന്തൻമാരായിരുന്ന ഈ ചക്രവർത്തിമാർ അപ്പോഴൊക്കെ അവ നിർദ്ദാ

6. Ibn-Battuta-Kitab-u-Rehla-P. 201
7. History of Muslim Rule-P. 149

ക്ഷിണ്യം അടിച്ചമർത്തുകയും ചെയ്തിരുന്നു. ലഹളക്കാരൻ— നിയമം ലംഘിക്കുന്നവൻ — മുസ്ലീമോ മുസ്ലീം പണ്ഡിതനോ, പ്രഭുവോ എന്നൊന്നുംനോക്കാതെ നിർവിഘ്നം നിയമം പരിപാലിക്കപ്പെട്ടു. അപ്പോഴും ധാരാളം മുസ്ലീംകളും ശിക്ഷയ്ക്ക് വിധേയരായി. കാരണം അവരായിരുന്നു തുഗ്ലക്കിന്റെ മതസഹിഷ്ണുതയേയും, വിശാലമനസ്ഥിതിയേയും ചൂഷണം ചെയ്യാൻ മുതിർന്നത്. ഈ ഒറക്കാരണംതന്നെയാണ് മുസ്ലീം ചരിത്രകാരൻമാരിലധികവും കല്ലുവെച്ച ഇത്തരം കള്ളക്കഥകളും പ്രചരിപ്പിച്ചതും. ബത്തൂത്ത എഴുതുന്നു: 'മുസ്ലീം പണ്ഡിതൻമാരും, പ്രഭുക്കൻമാരും, സുൽത്താൻ മുഹമ്മദിനെതിരായി സംഘടിതമായ ജിഹാദ് നടത്തി,[8] യെന്ന്. ബത്തൂത്തയും ഇല്ലട്ടത്തിൽപ്പെട്ടിരുന്നതേഹമായിരുന്നുവെന്ന കാര്യം ഓർമ്മിച്ചാൽ മതി, എന്തുകൊണ്ടാണ് സുൽത്താനെ കരിതേക്കുവാൻ അദ്ദേഹം ശ്രമിച്ചത് എന്ന സംഗതി മനസ്സിലാക്കുവാൻ. നീതിമാനായ സുൽത്താൻ നീതിപീഠത്തെ മാതൃകാപരമായി മഹോന്നതയിലേക്കുയർത്തിയ മഹാനാണ്. ഫ്യൂഡൽ—അടിമസമ്പ്രദായങ്ങൾ നിലനിന്നിരുന്ന അക്കാലത്ത്, നീതിനിർവ്വഹണത്തിൽ സമതുലിതാവസ്ഥ സാർവത്രികമാക്കിയ സുൽത്താനെ അന്ന് ഇവർ ആക്ഷേപിക്കുകയും കരിപുരട്ടുവാൻ ശ്രമിക്കയും ചെയ്തതു നമുക്ക് മനസ്സിലാക്കുവാനൊക്കുന്നതേയുള്ളു. നിലവിലുള്ള വ്യവസ്ഥിതിയ്ക്കെതിരായി വെയ്ക്കുന്ന ധീരമായ ഏതു കാൽവെയ്പും നിർദ്ദയമായ നിരൂപണാപഹാസ്യങ്ങൾക്ക് പാത്രീഭൂതമാകുക പതിവാണ്. അന്നുള്ളവർ അതുകൊണ്ട് അവയെ എതിർക്കുകയും ആ എതിർപ്പിന്റെ ശകാരവർഷം എഴുതിവെക്കുകയും ചെയ്തു. എന്നാൽ ഈകഥകളും ഗുണദോഷവിവേചനം നടത്താതെ, ഇന്നും പ്രചരിപ്പിക്കുന്നത് എന്തു പ്രേരണകൊണ്ടാണ്?

ഒരു കാര്യം തീർച്ച. നാട്ടിൽ കലാപമുണ്ടായിരുന്നു. അവ വകവരുത്തുകയുംചെയ്തിരുന്നു. ചരിത്രകാരനായ ബരാണിയോട്, സുൽത്താൻ സംഭാഷണമധ്യേ പറഞ്ഞതായി, അദ്ദേഹം രേഖപ്പെടുത്തുന്നതിങ്ങനെയാണ്. ''ലഹ

8. Ibn Battuta—op Cit 203

ളയും രാജ്യദ്രോഹവും ഉംകൊള്ളുന്ന നിസ്സാരകുറ്റംപോലും, ഞാൻ വധശിക്ഷക്ക് വിധിക്കുന്നു. ഇതെന്റെ മരണംവരെ ഞാൻ ചെയ്യും. അല്ലെങ്കിൽ ജനങ്ങളെ ലഹളയും കുഴപ്പവും മതിയാക്കി മര്യാദക്കാരാകണം. ഞാൻ ജനങ്ങളെ ശിക്ഷിക്കുന്നതു് അവർ പെട്ടെന്നു് എന്റെ ശത്രുക്കളും എതിരാളികളുമാകുന്നതുകൊണ്ടാണു്. ഞാനവർക്കു വേണ്ടി ധാരാളം ധനം വ്യയം ചെയ്യുന്നു. എന്നിട്ടും അവരാരും കൂറും സൗഹൃദവും കാട്ടുന്നില്ല''. [9] അലാവുദ്ദീൻ കിൽജിയും അത്തരത്തിലുള്ള ഒരേറ്റു പറച്ചിൽ നടത്തുന്നതു് ബരാണി തന്നെ രേഖപ്പെടുത്തിയിട്ടുണ്ടു്. ''ആയിരമായിരം ജനങ്ങളം നശിക്കുവാനിടവരുന്ന കലഹങ്ങളില്ലാതാക്കാൻ, രാജ്യത്തിനും ജനങ്ങൾക്കും നല്ലതായി തോന്നുന്ന കൽപ്പനകൾ ഞാൻ പുറപ്പെടുവിക്കുന്നു. ജനങ്ങൾ അനുസരണയോ, ബഹുമാനമോ ഇല്ലാതെ എന്റെ ആജ്ഞകളെ ധിക്കരിക്കുമ്പോൾ, തീക്ഷ്ണമായും തീവ്രതയോടുകൂടിയും അവരെ അനുസരിപ്പിക്കുവാൻ ഞാൻ നിർബ്ബന്ധനാകുന്നു.'' [10] ഇതു് എക്കാലവും ചെയ്തിട്ടുള്ളതാണു്. വിപ്ലവകരമായ മാറ്റങ്ങൾ അക്കാലത്തു് ഏതൊരാളും ചെയ്തിട്ടുണ്ടോ അന്നൊക്കെ രക്തച്ചൊരിച്ചിലും കലാപങ്ങളും ഉണ്ടായിട്ടുണ്ടു്. തുഗ്ലക്കിന്റെ കാലത്തു് മാത്രമല്ല. ഇവയെ വിൻസെന്റ് സ്മിത്തു് പെരുപ്പിച്ചു പറയുന്നതിങ്ങനെയാണു്. ''ലഹളയെയ്ക്കുന്നതിൽ ജനങ്ങളും അവരെ ശിക്ഷിക്കുന്നതിൽ സുൽത്താനും ഒട്ടും തളർച്ച കാണിച്ചിരുന്നില്ല''. [11] ഇവ അഭംഗുരം നടന്നിരുന്നു.

ലൈൻപൂൽ ഇതിനു കാണുന്ന കാരണം, 'നല്ല ഉദ്ദേശ്യത്തോടുകൂടിയാണെങ്കിലും സുൽത്താൻ ഭരണപരിഷ്ക്കാരങ്ങൾ നടപ്പിലാക്കുവാൻ കാട്ടിയ ധൃതിയും, അക്ഷമയും, ജനങ്ങളിൽ അതൃപ്തിയും കലഹത്തിന്റെ വാസനയും

9. Barani–Tarikhi–i–Firozshai P, 236
10. Ibid, P. 229
11. Oxford History of India P. 224

വിതച്ചു എന്നാണ്, [12] 'ജനഹിതമെതിരാണെന്ന തോന്നലായിരുന്ന സുൽത്താന്റെ അക്ഷമയ്ക്കു കാരണം. അതുപോലെ നൂതനമായ പരിഷ്കാരങ്ങളാണ് ജനങ്ങളിൽ ഈ തോന്നലുണ്ടാക്കിയതും.'' [13] ചുരുക്കത്തിൽ ആർ. സി, റോയി ചൗദ്രി വ്യവഹരിക്കുന്നതുപോലെ ''ജനങ്ങളുടെ വിചാരവികാരങ്ങളും മനസ്സിലാക്കുവാനൊക്കാത്ത സുൽത്താനും, സുൽത്താന്റെ സദുദ്ദേശ്യത്തെ വിലയിരുത്താനശക്തരായ ജനങ്ങളും'' ഒന്നിച്ചപ്പോൾ കാര്യം വഷളായതാണ് സത്യം. [14] അല്ലാതെ കുറ്റാരോപണം മുഴുക്കെ സുൽത്താനിൽ ആരോപിച്ച് ഉള്ളതുമില്ലാത്തതുമായ കഥകളും കെട്ടിച്ചമച്ച് ചരിത്രവിദ്യാർത്ഥികളെ കബളിപ്പിക്കുന്നത് ശരിയല്ല. സുൽത്താന്റെ ഭരണ പരിഷ്കാരങ്ങളെ നമുക്ക് വേറെതന്നെ പഠനവിധേയമാക്കാം. രക്തച്ചൊരിച്ചിലിന്റെ കാരണം ഏറെക്കുറെ നാം മനസ്സിലാക്കുവാൻ ശ്രമിക്കുകയും ചെയ്തു. എന്നാൽ ഭരണപരിഷ്ക്കാരങ്ങളും മറുനാടുകളിലും നടത്തിയിട്ടില്ലേ? അവരാരെങ്കിലും ഇത്രമാത്രം രക്തസിനത്തിന് വിധേയരായിട്ടുണ്ടോ? എന്തൊക്കെ കാരണങ്ങളാലാണ് സുൽത്താന്റെ പ്രവൃത്തികളും പ്രകോപനപരമായും പരാജയമായും പറയുന്നത്. നമ്മുടെ ചരിത്രകാരന്മാർ കണ്ടുപിടിച്ചിട്ടുള്ള കാരണങ്ങളിൽ ചിലതാണ് ചുവടെ ചേർക്കുന്നത്.

1. സുദീർഘങ്ങളായ സംവൽസരങ്ങളും ഇടതടവില്ലാതെ അധിവൃഷ്ടിമൂലം ഒരു സംസ്ഥാനത്തല്ലെങ്കിൽ മറെറാരിടത്ത് ക്ഷാമവും ദാരിദ്ര്യവും നിലനിന്നിരുന്നു. ''ഇതിനുമുമ്പൊരിക്കലും സോദ്ദശ്യപരമായ പരിഷ്ക്കാരങ്ങളും കാലത്തിന്റെ നിഷ്ഠൂരവിധിക്കു വിധേയമായിതകർന്നിട്ടില്ല. മുഹമ്മദു തുഗ്ലക്കിനേറതുപോലെ'' [15] എന്നാ

12. Lane pole–Medieval History of India
13. Dr. Iswariprasad–History of Muslim Rule–P. 142
14. R. C. Roychoudry–An Advance History of India P. 319
15. History of Muslim Rule P. 142

ണ്ട് ഈശ്വരിപ്രസാദ് പ്രകൃതികോപത്തിന്റെ കാഠിന്യം വിവരിച്ചുകൊണ്ട് സഹതപിക്കുന്നത്. 2. ക്ഷാമത്തിന്റെ കൂടപ്പിറപ്പായ പ്ലേഗ്, കോളറ തുടങ്ങിയ പകർച്ചവ്യാധികളും നാട്ടിലുടനീളവും, പട്ടാളക്കാരിൽകൂടിയും പടർന്നു പിടിച്ച് അരിഷ്ടത സൃഷ്ടിച്ചു. 3. യാതൊരുവക മാറ്റങ്ങളുമിഷ്ടപ്പെടാത്ത പഴഞ്ചൻ മനസ്ഥിതിക്കാരായ ജനങ്ങളും സുൽത്താന്റെ വൈജ്ഞാനികപ്രതിഭയുടെ പ്രതിഫലനങ്ങളായ ആശയങ്ങളോ, പരിഷ്ക്കാരങ്ങളോ ചിന്തിക്കുവാൻ പോലും സാധിച്ചിരുന്നില്ല. തൻമൂലം അവരുടെ സഹകരണത്തേക്കാളധികമായി നിസ്സഹകരണമാണ് ലഭിച്ചത്. 4. ഉദ്യോഗസ്ഥൻമാർക്കുപോലും സുൽത്താന്റെ ഉന്നതാദർശം ഉൾക്കൊള്ളുവാനോ, ശരിയായി ധരിക്കുവാനോ കഴിഞ്ഞിരുന്നില്ല. 5. ഹിന്ദു--മുസ്ലീം ദുഷ്പ്രഭുത്വത്തിന് സുൽത്താന്റെ സമതാവീക്ഷണവും സാമ്പത്തികനയവും രുചിച്ചിരുന്നില്ല—അവർ ലഹളക്കൊരുങ്ങി. 6. മുസ്ലീം പൗരോഹിത്യം വളരെ വഴക്കടിച്ചു കലഹിച്ചുകഴിഞ്ഞു. 7. സുൽത്താനാകട്ടെ ഇവയൊന്നും വകവെയ്ക്കാതെ ഉദ്ദേശിച്ചകാര്യങ്ങൾ നടത്തുവാൻ ശാഠ്യവും ധൃതിയും കാണിച്ചു. 8, സുൽത്താന്റെ ദൂരവീക്ഷണവും, ബുദ്ധിവൈഭവവും ആസൂത്രണവൈദഗ്ദ്ധ്യവും, പ്രതിഭാസിദ്ധിയുമൊക്കെതന്നെ, കാലത്തിനോ, ജനങ്ങൾക്കോ ദഹിക്കാത്തവയായിരുന്നു.

നിരക്ഷരകുക്ഷിയായ അലാവുദ്ദീനും ഇത്തരം കാര്യങ്ങൾ ഏറെക്കുറെ വിജയപൂർവ്വംചെയ്തു ഖ്യാതിനേടിയപ്പോൾ വിശ്വോത്തരജ്ഞാനിയും, ആദർശശാലിയുമായ മുഹമ്മദ് പരാജയമടഞ്ഞെങ്കിൽ അതിനുകാരണം മറൊന്നുകൊണ്ടുമായിരുന്നില്ല 'വെട്ടാൻവരുന്ന പോത്തിന്റെ ചെവിയിൽ വേദോപദേശം ചെയ്യുന്നതുപോലെ, പാഴ്പ്പണിയും അപകടകരവുമാണ്, അജ്ഞരും പഴഞ്ചൻമാരുമായവരെ ഒറ്റയടിക്ക് വിജ്ഞരും, പുത്തൻപ്രസരങ്ങളുടെ പ്രണേതാക്കളുമാക്കുവാൻ പ്രയത്നിക്കുകയെന്നത്. ആദർശശാലികൾ പ്രായോഗിക

രാഷ്ട്രീയത്തിൽ പരാജയമടഞ്ഞിട്ടുള്ള കഥകളും ചരിത്രത്തിൽനിന്നും, വേണ്ട നമ്മുടെ തന്നെ അനുഭവങ്ങളിൽ നിന്നും എടുത്തുപറയുവാൻ പാടും. തുഗ്ലക്ക് പരാജയമടഞ്ഞെങ്കിൽ അത് രക്തദാഹംകൊണ്ടോ, ഭ്രാന്തൻനയം മൂലമോ ആയിരുന്നില്ല; പ്രത്യുത വിവരമുള്ള ആദർശശാലിയും വിവേകിയായ ദാർശനികനുമായിരുന്നതുകൊണ്ടാണ്. ചരിത്രത്തിൽ പലപ്പോഴും പുകഴ്പ്പോടുകൂടി നിലനില്ക്കുന്നത് മഹത്തരമായ പരാജയങ്ങളുടെ ഏടുകളാണ്. പരാജിതനായ തുഗ്ലക്ക് വല്പപ്പത്തിൽ മറ്റൊരു മഹാനോടൊപ്പവും വിരാജിക്കും. അദ്ദേഹത്തിന്റെ പരാജയം മഹത്വത്തിന്റെ പരാജയമായതുകൊണ്ടുതന്നെ. ഇത് മനസ്സിലാക്കാൻ ഒക്കാത്തവരാണ് ക്രാന്തദർശിയായ മുഹമ്മദിന്റെ നേരെ പടവാളെടുക്കുന്നത്. ''26 കൊല്ലം ഇത്തരം ഒരു പിശാച് തന്റെ ആസ്ഥാനമിളകാതെ സൂക്ഷിക്കുകയും, സുഖമായി മെത്തയിൽ കിടന്ന് മരിക്കുകയും ചെയ്തത് വിസ്മയജനകമാണ്. അദ്ദേഹത്തിന്റെ കിരാതമായ ദുർഭരണം ജനങ്ങൾക്കുണ്ടാക്കിയ ദുരിതം അളവറ്റതായിരുന്നു''[16] ഇതേ ചോദ്യം തന്നെ ചോദിച്ചുകൊണ്ട് ഞാനീ അദ്ധ്യായം അവസാനിപ്പിക്കുന്നു. സ്മിത്തും അതുപോലെയുള്ളവരും പറയുന്ന കാട്ടാളഭരണമായിരുന്നുവെങ്കിൽ എങ്ങനെ സ്ഥാനാരോഹണം മുതൽ മരണംവരെ അദ്ദേഹത്തിന് ഭരിക്കുവാനൊത്തു? അദ്ദേഹം ഭ്രാന്തനായിരുന്നുവെങ്കിൽ ഒരു ഭ്രാന്തനെ 'സസുഖം മെത്തയിൽകിടന്ന്' സ്വാഭാവികമായി മരിക്കുന്നതുവരെ സഹിച്ച ജനങ്ങളും എത്തരക്കാരായിരുന്നിരിക്കണം. സുൽത്താൻ അവകാശത്തർക്കമോ സ്ഥാനാരോഹണത്തിനുവേണ്ടി യുദ്ധമോ ഒന്നും കൂടാതെ സമാധാനമായാണ് ഗിയാസുദ്ദീന്റെ മരണത്തിനുശേഷം ചക്രവർത്തിയായത്. 26 കൊല്ലത്തെ ഭരണം കഴിഞ്ഞ് വാർദ്ധക്യസഹജമായ രോഗംമൂലം മൃതിയടയുകയും ചെയ്തു. സ്മിത്തും മറ്റും പറയുന്ന ഭ്രാന്തോ പൈശാചികതയോ ഉണ്ടായിരു

16. V. A. smith–Oxford- History of India P. 244.

ന്നുവെങ്കിൽ അത്തരം ഭരണാധിപനെ പൊറുപ്പിച്ച ജനങ്ങളെയാണ് കുറ്റപ്പെടുത്തേണ്ടത്.

ഇവരുടെ ചരിത്രവിവരണത്തെ പിൻപറ്റുന്ന നാം, നമ്മെതന്നെ അധിക്ഷേപിക്കുന്നതിന്നും, നമ്മുടെ പൂർവ്വികൻമാരെ കരിതേക്കുന്നതിനും സമ്മാണ്, നല്ല ഒരു ചക്രവർത്തിയെ ഇത്രക്കിടിച്ചുപറയുന്നതും, അതിൽ രസംകൊള്ളുന്നതും. വസ്തുനിഷ്ഠമായി ചരിത്രരചനക്ക് നിരക്കാത്തതാണിതൊക്കെ. പരദൂഷണം മാനസികാഹാരമാക്കിയിട്ടുള്ള പലരേയും നമുക്ക് നിശ്ചയമുണ്ട്. അതിൽ തൃപ്തിയും ആനന്ദവും കാണുന്നവരേയും നമുക്കറിയാം. പക്ഷേ നാമാരും കാണുകയോ അറിയുകയോ ചെയ്യാത്ത—നമുക്കൊരുതരത്തിലും അസൂയയോ, വിദ്വേഷമോ ഉണ്ടാക്കിയിട്ടില്ലാത്ത ചരിത്രപുരുഷൻമാരെക്കുറിച്ച് ദൂഷണവും നുണയും പ്രചരിപ്പിക്കുന്നത്, നാം എത്രയും വേഗം മതിയാക്കുമോ അത്രയും നന്ന്. അങ്ങിനെ നമ്മുടെ സർഗ്ഗാത്മകസീമ വികാസംകൊള്ളുമ്പോഴേ കാലുഷ്യവും കാപട്യാരോപണവും കൊണ്ട് കരിപുരണ്ടു കിടക്കുന്ന അനേകം മഹാത്മാക്കളെ ജാജ്വല്യമാനരായി തെളിഞ്ഞുവരും. അന്നേ നാം ചരിത്ര പുരുഷൻമാരോട് നീതിചെയ്തുവെന്നഭിമാനിയ്ക്കുവാൻ സാദ്ധ്യമാകു. അന്നേ മുഹമ്മദ് തുഗ്ലക്ക് ആരായിരുന്നു, എന്തായിരുന്നു, എന്ന് നമുക്ക് മനസ്സിലാക്കുവാൻ സാദ്ധ്യമാകുകയുള്ളു.

31

ഭരണപരിഷ്ക്കാരങ്ങൾ പരാജയമായിരുന്നില്ല

ഭരണാധിപനെന്നനിലക്ക് തുഗ്ലക്ക് മുഹമ്മദ് അവിസ്മർക്കിതമാംവണ്ണം പരാജിതനായിരുന്നുവെന്നാണ് പരക്കെയുള്ള വിശ്വാസം. ''ഉത്തമമായ ആദർശങ്ങളും ഉദാത്തമായ പ്രതിഭാസമ്പത്തും പ്രായോഗിക രാഷ്ട്രീയത്തിൽ പ്രാവർത്തികമാക്കുവാൻ ശ്രമിച്ചതാണ് സുൽത്താനു പറ്റിയ പിഴവ്. രാഷ്ട്രീയനയ കോവിദേതോന്നിക്കുന്ന മഹത്തായ പരിഷ്ക്കാരാശയങ്ങളും പ്രയോഗത്തിൽ നശീകരണ ഫലമാണ് ചെയ്തത്.''[1] ആർ. സി. മറോയി ചൗദ്രിയുടെ അഭിപ്രായമാണിത്. അങ്ങിനെ ആദരണീയമെന്ന് എല്ലാവരും ഏകകണ്ഠമായി പറയുന്ന സുൽത്താന്റെ പരിഷ്ക്കാരങ്ങളും ഏതൊക്കെയായിരുന്നുവെന്നും, അവ അനുകരണീയങ്ങളായിരുന്നിട്ടു കൂടി തോൽവിയടഞ്ഞുവെന്നു പായുന്നതിന്റെ ഹേതുക്കളെന്തൊക്കെയാണെന്നുമാണ് വിവരിക്കുവാൻ ശ്രമിക്കുന്നത്.

ഗംഗയുടേയും സിന്ധുവിന്റേയും ഇടക്കുള്ള സമതലപ്രദേശം വടക്കേ ഇൻഡ്യയിലെ ഏറ്റവും ഫലപുഷ്ടിയുള്ള സ്ഥലമാണ്. ഇതിനെ ഡോബു എന്നാണ് പേരിട്ടിരുന്നത്. പ്രഭുക്കന്മാരത്രയും ആ പ്രദേശത്തിന്റെ ഭോഗഭോക്കുകളാകുവാൻവേണ്ടി സേവ പിടിച്ചിരുന്നു. എല്ലാ ചക്രവർത്തിമാരും തങ്ങളുടെ സമൃദ്ധിയുടെ പ്രസ്പ

1. An Advance History of India- P. 320

ഷ്ട്രോദാഹരണമായിട്ടാണ് ഈ സ്ഥലത്തിന്റെ അധീശത്വം എടുത്തു കാട്ടിയിരുന്നത്. അങ്ങിനെ എക്കാലവും ഇൻഡ്യൻ സമ്പദ് വ്യവസ്ഥയിൽ പ്രധാന പങ്ക് ഈ സ്ഥലത്തിനവകാശപ്പെട്ടതായിരുന്നു. അലാവുദ്ദീൻ കിൽജിയുടെ കാലത്ത് ഇവിടെ നിന്നുമുള്ള നികുതി വർദ്ധിപ്പിച്ചു. ഫ്യൂഡൽ പ്രഭുത്വത്തെ കഴിവതും ധനം സംഭരിക്കുവാൻ അനുവദിക്കരുതെന്നായിരുന്നു അലാവുദ്ദീന്റെ പ്രഖ്യാപിത നയം. 'എല്ലാ കലഹങ്ങളുടെയും ആണിക്കല്ല് കുന്നുകൂടിയ ധനമാണെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. തന്മൂലം ഈ പ്രദേശത്തുനിന്നും 50 ശതമാനമാണ് വിളനികുതിയായി അലാവുദ്ദീൻ ഈടാക്കിയിരുന്നത്. ഇതുകാരണം അദ്ദേഹത്തിന്റെ സാമ്പത്തിക പരീക്ഷണങ്ങൾക്ക് വർദ്ധമാനമായ പ്രാബല്യം ലഭിക്കുകയും പ്രഭുവർഗ്ഗം ശോഷിക്കുകയും ചെയ്തു. കലാപങ്ങൾക്ക് കുറവുണ്ടായി. അലാവുദ്ദീന്റെ രണ്ടും കല്പിച്ചുള്ളതും അടിസ്ഥാനപരമായി ഒരു തത്വത്തിലും അധിഷ്ഠിതമല്ലാതിരുന്നതുമായ പ്രായോഗിക പദ്ധതികളും ഫലത്തിൽ വിജയിച്ചു. എന്നാൽ നിശ്ചിതവും തിട്ടപ്പെടുത്തിയതുമായ മുഹമ്മദിന്റെ ആസൂത്രിതനയങ്ങൾ പ്രായോഗികമാക്കിയപ്പോൾ പരാജയമടയുകയും ചെയ്തുവെന്നത്രേ നാം പഠിക്കുന്നത്!

അലാവുദ്ദീൻ ചെയ്തതിൽ കവിഞ്ഞൊന്നും മുഹമ്മദുതുഗ്ലക്കും ചെയ്തിരുന്നില്ല. ഡോബ് പ്രദേശത്തുനിന്നുള്ള നികുതി 50 ശതമാനമായി വർദ്ധിപ്പിക്കുകയാണുണ്ടായത്. പക്ഷേ ഈ പരീക്ഷണം പരാജയമായിരുന്നുവെന്നാണ് ചരിത്രകാരന്മാരുടെ പക്ഷം 'അവർ അതിനുള്ള കാരണങ്ങൾ കണ്ടുപിടിക്കുകയാണ്. അലാവുദ്ദീൻ നികുതിവർദ്ധന നടപ്പാക്കിയ സന്ദർഭവും തുഗ്ലക്കിന്റേതുമായി വളരെ വ്യത്യാസമുണ്ടായിരുന്നു. നിരന്തരം വരൾച്ചയുടെ വൽസരങ്ങളാണ് ഇക്കാലത്തുണ്ടായിരുന്നത്. വളരെക്കാലം തുടർച്ചയായ അനാവൃഷ്ടികൊണ്ട് ജനങ്ങൾ

തളർന്നിരുന്ന സമയവുമായിരുന്നു. പ്രഭുക്കന്മാർക്ക് പാട്ടം ലഭിക്കാതിരിക്കുകയും അവരുടെവരുമാനംഏറെകുറയുകയും ചെയ്തിരുന്നു. ജലക്ഷാമവും, ദാരിദ്രവും, പട്ടിണിയും പകർച്ചവ്യാധിയും പരക്കെ നിലനിൽക്കുകയും ചെയ്തിരുന്നവത്രെ! പ്രകൃതിദത്തമായ ദുരിതങ്ങളും അസഹനീയമായിരുന്ന സന്ദർഭത്തിലാണ് സുൽത്താൻ ഈ നികുതിവർദ്ധനവിനുത്തരവിട്ടതു പോലും! അതിന്റെ ഫലമായി 'ജനങ്ങളുടെ നാശത്തിനും, രാജ്യത്തിന്റെ അധഃപതനത്തിനും ഇടയാക്കി, [2] എന്നാണ് ബരാണി പറയുന്നതു, ഈ നാശത്തിന്റെ വലുപ്പം വലുതാക്കി കാണിക്കുവാൻ സ്വതസ്സിദ്ധമായ ശൈലിയിൽ ബരാണി തുടർന്നു പ്രസ്താവിക്കുന്നത്, 'സുൽത്താൻ ഈ പ്രദേശത്തിലെ കലഹക്കാരനായ ജനങ്ങളെ ശിക്ഷിക്കുവാൻ വേണ്ടി പത്തിരുപതിരട്ടി നികുതി വർദ്ധിപ്പിച്ചുവെന്നാണ്'. [3] എലിയട്ട് ഇത് തെറ്റായാണ് തർജ്ജമ ചെയ്തിട്ടുള്ളത്. 'അഞ്ചോ പത്തോ ശതമാനം' എന്നാണ് അദ്ദേഹം വിവർത്തനം ചെയ്തിട്ടുള്ളത്. 'തരീക്കിമുബാറക്ക് ഷായ്' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിക്കുന്നതാകട്ടെ '20 ഇരട്ടിയായി വർദ്ധിച്ചുവെന്നാണ്. ഇതിനുപുറമേ, വീട്ടുനികുതിയും മേയൽ നികുതിയും, ചുമത്തുകയും ചെയ്തിരുന്നു. [4] എന്നാൽ ബദൗണി എഴുതുന്നതാകട്ടെ ''നികുതി ഇരട്ടിയാക്കിയെന്നുമാത്രമാണ്''. [5]

നികുതി വർദ്ധിപ്പിച്ചുവെന്നതിന് യാതൊരു സംശയവുമില്ല. അതിന്റെ പിന്നിലുണ്ടായ ഉദ്ദേശ്യമെന്തായിരുന്നുവെന്നതിലാണ് തർക്കം. പലർക്കും സുൽത്താൻ സർഹിണ്ടി പറയും പോലെ ഇരുപതിരട്ടിയെങ്കിലും വർദ്ധിപ്പിച്ചിരിക്കണമെന്നാണൂഹം. അല്ലെങ്കിൽ ബരാണി വിവരിക്കുന്ന

2. Z. Barani-op. cit. P. 238
3. I bid P. 239
4. Sir Hindi Tarikhi-Mubarakshai-
5. Abdulkader Badaoni-Muntakatu Tawarikh

പത്തിരുപതിരട്ടിയെങ്കിലുമാക്കിയിരിക്കണം. എന്നാലല്ലെ അതിൽ ദുരുദ്ദേശ്യവും ജനദ്രോഹവും തുടർന്നാരോപിക്കുവാൻ പറ്റുകയുള്ള. നികുതി ഇരുപതിരട്ടി വർദ്ധിച്ചുവെങ്കിൽ തുഗ്ലക്കിന്റെ കാലത്ത് അടിസ്ഥാനനികുതി എന്തായിരുന്നിരിക്കണം. കാർഷിക നികുതിയിനമായിരുന്നു ഏറ്റവും വലിയ വരവ്. ഖജനാവിന്റെ ഏക പോഷകവസ്തു എന്നുതന്നെ പറയാം. അറിയപ്പെട്ട കാലം തുടങ്ങി ഈ നികുതി ഒരിക്കലും നാലിലൊന്നിൽ കുറഞ്ഞിട്ടില്ല. മിക്കവാറും മൂന്നിലൊന്നായിരുന്നു നികുതി. 'മൗര്യവംശകാലത്തു മൂന്നിലൊന്നിൽനിന്നും വിളവിന്റെ പകുതിയായി വർദ്ധിപ്പിച്ചിരുന്നു,' ഗുപ്തകാലഘട്ടത്തിലും മിക്കപ്പോഴും മൂന്നിലൊന്നായിരുന്നു. 'സാധാരണ രീതിയിൽ സർക്കാർനികുതിയായി കൊടുക്കുന്ന നികുതി നാലിലൊരംശമാണ്. എന്നാൽ അക്ബർ മൂന്നിലൊന്നും, കാശ്മീർ രാജാക്കൻമാരെല്ലാം രണ്ടിലൊരുഭാഗവും ഈടാക്കിയിരുന്നു.''[6] അപ്പോൾ പത്തിരട്ടിയോ ഇരുപതിരട്ടിയോ വർദ്ധിപ്പിച്ചെന്നെഴുതിയ സമകാലീനരായ ബരാണിയും, സർഹിണ്ടിയും പച്ചക്കള്ളമാണു പറയുന്നതെന്ന കാര്യം നിശ്ചയമാണ്. തുഗ്ലക്കിന്റെ വർദ്ധനവിനുമുമ്പ് 25 ശതമാനം മാത്രമേ (നാലിലൊന്ന്) വിള നികുതി ഉണ്ടായിരുന്നുള്ളുവെന്ന് സമ്മതിച്ചാൽതന്നെ ഇതിന്റെ പത്തോ, ഇരുപതോ ഇരട്ടി ഈടാക്കുവാൻ എങ്ങനെ സാദ്ധ്യമാകും; ഒരിക്കൽ സ്ഥലത്തുനിന്ന് 100 പറ വിളയുണ്ടെങ്കിൽ ഇതിന്റെ 25 ശതമാനമായിരുന്നു സ്വൈയിറോഹരി. തുഗ്ലക്ക് മുഹമ്മദ് ഈ ഇരുപത്തഞ്ചിനു പകരം 100 പറയോ 500 പറയോ ആവശ്യപ്പെട്ടുവെങ്കിൽ തീർച്ചയായും തലയ്ക്ക് ഓളംകയറിയിട്ടുതന്നെയായിരിക്കണം. ഗണിത ശാസ്ത്രവിജ്ഞനെന്ന് എല്ലാവരും സമ്മതിക്കുന്ന സുൽത്താൻ ഒരു പക്ഷേ കണക്കിന്റെ ബാലപാഠംപോലും അറിയാത്തവരും കഴുതയായിരിക്കുമോ ആവോ! നമ്മുടെ ചരിത്രകാരൻമാരുടെ അതിശയോക്തി എത്രമാത്രം പരിഹാ

6 Oxford History of India- P. 228

സ്വമായിരിക്കുന്നുവെന്നതിനു മറൊരുദാഹരണമാവശ്യമുണ്ടോ?

കൂടെക്കൂടി തന്മയത്വമായെഴുതുന്ന ബദൗണിയെ ഇക്കാര്യത്തിൽ വിശ്വസിക്കാമെന്നു തോന്നുന്നു. 'നികുതി ഇരട്ടിയാക്കിയെന്നും, അതു വിളവിന്റെ പകുതിയായി നിജപ്പെടുത്തിയിരുന്നുവെന്നും'' [7], അദ്ദേഹമെഴുതുന്നു. അപ്പോഴും വർദ്ധിപ്പിച്ച ഈ നികുതി അക്കാലങ്ങളിലും അതിനുമുമ്പും പല രാജാക്കന്മാരും ചുമത്തിയിരുന്നതു മാത്രമാണു്. ബരാണി ഇത്രമാത്രം രോഷാകുലനായി അതൃക്തിക്കു വിധേയനായതു്. ''അദ്ദേഹത്തിന്റെ സ്ഥലമായ ബാരൻ ഡിസ്ട്രിക്ടും ഇതിൽ പെട്ടിരുന്നതിനാലാണ്'' എന്നു ഡോക്ടർ ഈശ്വരിപ്രസാദ് ചൂണ്ടിക്കാട്ടുന്നു. പുറമെ മുസ്ലീം പ്രഭുത്വത്തിന്റെ വക്താവായ ബരാണിക്കു് അവരുടെമേൽ പതിയുന്ന ഏതു പ്രയാസവും ദുഃഖകരമാണു്. 'ജനങ്ങളെ' നശിപ്പിക്കുവാൻ കരുതിക്കൂട്ടി ചെയ്ത പ്രവർത്തിയാണിതെന്നു് അദ്ദേഹം വിലപിക്കുന്നതിന്റെ കാരണവും മറൊന്നുകൊണ്ടുമല്ല. ബരാണിയുടെ 'ജനങ്ങൾ' മുസ്ലീം പ്രഭുത്വമായിരുന്നുവെന്നുകൂടി ഓർക്കണം.

സുൽത്താൻ ഈ നികുതി ചുമത്തിയതു് ഡോബിലെ ജനങ്ങളെ ശിക്ഷിക്കുന്നുവെന്ന വ്യാജേന ഖജനാവു് നിറയ്ക്കുവാനായിരുന്നുവെന്നാണു് മറൊരു മതം. ബദൗണിയും പിന്നീടു് സർവ്വസംമ്മതി ഹേഗുമാണു്. ഇതു കണ്ടുപിടിച്ചവർ. ഡോക്ടർ ഈശ്വരി പ്രസാദ് പറയുന്നതാകട്ടെ ''സൈനിക സന്നാഹങ്ങൾ സമ്പന്നമാക്കുവാനും യുദ്ധ സംവിധാനം കുറ്റമറ്റതാക്കുവാനും'' ആയിരുന്നുവത്രെന്നാണു്. [8] ഏതു പ്രവർത്തിയിലും മുഖ്യമുദ്ദേശ്യം ആരോപിച്ചാൽ മാത്രം തൃപ്തി വരുന്ന മാനസികാവസ്ഥക്കുടമസിദ്ധമായിട്ടുള്ളവരുണ്ടു്. അവർക്കു മാത്രമേ ഈ

7 Badaoni-op.Cit.
8 History of Muslim Rule-P.143

നികൃതി വർദ്ധനവ് ജനദ്രോഹവും ചതിപ്രയോഗവും മറ്റുമായികാണുവാനൊക്കുകയുള്ളു. എന്നാൽ മറ്റുള്ളവർ വിജയിച്ചിടത്ത് എന്തുകൊണ്ട് തുഗ്ലക്ക് മുഹമ്മദ് പരാജിതനായി എന്ന ചോദ്യം അവശേഷിക്കുന്നു. ഇതിനു ഉത്തരം കണ്ടുപിടിക്കുക ദുഷ്ക്കരമാണ്. പലരുംപലകാരണങ്ങളും എടുത്തു കാട്ടുന്നു. ഡോക്ടർ ഈശ്വരി പ്രസാദ് സഹതപിക്കുന്നതിപ്രകാരമാണ്. ''മുഹമ്മദ് തുഗ്ലക്കിനേറ്റതു പോലെ സോദ്ദേശ്യ പൂർണ്ണമായ പദ്ധതികളും പ്രകൃതിയുടെ നിർദ്ദാക്ഷിണ്യമായ ക്രൂരതക്ക് വിധേയമായി തകർന്നടിഞ്ഞിട്ടില്ല.'' [9] ''നികൃതി ചുമത്തിയതിലല്ല. അവ നിഷ്ക്കർഷം കാലദേശം കൂടാതെ പിരിച്ചെടുക്കുവാൻ ഉദ്യോഗസ്ഥൻമാർ കാണിച്ച വ്യഗ്രതയിലാണാക്ഷേപം.'' [10] എന്നു ഫരിഷ്ത രേഖപ്പെടുത്തി. ആധുനികരായ എഴുത്തുകാരിൽ പലരും സുൽത്താന്റെ നികൃതി അമിതമോ, അകാലികമോ ആയിരുന്നില്ലെന്ന് വ്യവഹരിക്കുന്നുണ്ട്. ഇതു പരാജയമടഞ്ഞത് പ്രകൃതിയുടെ ക്രൂരമായ ക്ഷോഭത്തിനു രാജ്യം വിധേയമായതുകൊണ്ടാണെന്നും പറയുന്നു. ഒരുകാര്യം തീർച്ച. തുഗ്ലക്ക് മുഹമ്മദിന്റെ 26 കൊല്ലത്തെ ഭരണവേളയിൽ പകുതിയിലേറെക്കാലം വടക്കേ ഇന്ത്യയിൽ അനാവൃഷ്ടിയും, ക്ഷാമവും, പകർച്ചവ്യാധിയും കൊണ്ട് ഏറെ കഷ്ടപ്പാടുണ്ടായിട്ടുണ്ട്. അത്തരം സന്ദർഭങ്ങളിൽ ജനങ്ങൾക്ക് ഭക്ഷണസാധനങ്ങൾക്കും മറ്റുസഹായനടപടികൾക്കും സുൽത്താൻ നിർല്ലോഭം വ്യയം ചെയ്തിരുന്നുവെന്നും എല്ലാ സമകാലീനരുടേയും രേഖകളുണ്ട്. പിന്നെയെങ്ങിനെയാണ് 'അമിതമല്ലാത്ത ഒരു നികൃതി' ചുമത്തിയതുകൊണ്ടു മാത്രം ഒരു നാട് മുടിയുന്നത്, സത്യത്തിൽ, സുൽത്താന്റെ പരിഷ്ക്കാരങ്ങളത്രയും പരാജയമായിരുന്നുവെന്ന് മുൻകൂട്ടി കരുതിയവർക്കാണിതിന്റെ കാരണങ്ങൾ കണ്ടുപിടിക്കുവാൻ പ്രയാസപ്പെടേണ്ടതായി വരിക. സുൽത്താ

9. Ibid–P. 143
10. Ferishta (Trans Briggs)

ന് തോൽവി പിണഞ്ഞുവെന്ന് പറഞ്ഞാശ്വസിക്കുവാൻ മാത്രമേ ഇത് പ്രയോജനപ്പെടുകയുള്ളു.

മറേറതൊരു സുൽത്താനെക്കാളും ഭരണകാര്യങ്ങളുടെ വിശദാംശങ്ങൾകൂടി സൂക്ഷ്മമായി സ്വയം നിർവ്വഹിക്കുവാൻ പ്രയത്നിച്ച ഭരണാധിപനായിരുന്നു തുഗ്ലക്ക് മുഹമ്മദ്. രാജ്യത്തിലെ സകല പ്രവിശ്യകളിലും തന്റെ നിർദ്ദേശാനുസരണം കാര്യം നടത്തിയിരുന്ന അദ്ദേഹം നാട്ടിൽ ക്ഷാമവും കുഴപ്പവും ഉണ്ടായിരുന്നതറിഞ്ഞില്ലെന്ന് ധരിക്കുക അസാദ്ധ്യമാണ്. ഇവ തികച്ചും ബോധപൂർവ്വം മനസ്സിലാക്കിയിരുന്ന അദ്ദേഹം ക്ഷാമവും ദുരിതവും മാത്രം അവശേഷിച്ചിരുന്ന സന്ദർഭത്തിൽ നികുതിഭാരവുംകൂടി കൂട്ടി എന്ന് വിചാരിക്കുന്നത് അസാംഗത്യവുമാണ്. തന്റെ ശാസനകൂം ജനക്ഷേമകരമാണെന്ന് ധരിച്ചിരുന്ന അദ്ദേഹം അവ നടപ്പാക്കുന്നതിൽ വലിയ ശാഠ്യം ഉള്ളവനുമായിരുന്നു. നീക്കപോക്കില്ലാതെ നടത്തുവാനുദ്ദേശിച്ചുകൊണ്ടുള്ള ഏതൊരു നിയമവും അതിനുപററിയ അവസരത്തിൽ മാത്രമേ ആരും പ്രയോഗിക്കുകയുള്ളു. അതിനു വിപരീതമായി അദ്ദേഹമിതു ചെയ്തുവെന്നാരോപിക്കുവനാണ് ഈ പ്രദേശങ്ങളിൽ ക്ഷാമവും. വരൾച്ചയുമുണ്ടായിരുന്നതാണ് പദ്ധതി പരാജയമടയുവാനുള്ള കാരണമെന്ന് സഹതാപപ്രകടനം നടത്തുന്നത്. അവർക്കൊക്കെ സുൽത്താനെ ഭ്രാന്തനായി ചിത്രീകരിക്കണമെങ്കിൽ ഇതൊക്കെ ആവശ്യവുമാണ്. അല്ലാതെ സുൽത്താന്റെ ഈ പരീക്ഷണം തോൽവിയടഞ്ഞിരുന്നില്ല. നാട്ടിൽ അനാവൃഷ്ടിയെ നേരിടുവാൻ കിണറുകൂം കുഴിപ്പിക്കുകയും, ജലസേചനപദ്ധതികൂം ആസൂത്രണം ചെയ്യുകയും ഉണ്ടായിട്ടുണ്ടെന്ന് സകല എഴുത്തുകാരും സമ്മതിക്കുകയും ചെയ്യുന്നുണ്ട്. ക്ഷാമകാലത്ത് ഡൽഹിയിലെ ജനങ്ങൾക്കു മുഴുക്കെ ആറുമാസത്തെ കേഷ്യധാന്യങ്ങൂം സൗജന്യമായി കൊടുത്തകാര്യം ബത്തൂത്ത എഴുതുന്നു. ഇത് സൂചിപ്പിക്കുന്നത് ക്ഷാമമുണ്ടായാൽ കൂടി

യും അതിനെ വിജയപൂർവ്വം വെന്നുവാനുള്ള മുൻകരുതലുകളെടുത്തിരുന്നുവെന്നുതന്നെയാണ്. മാത്രമല്ല കൃഷി ചെയ്യാതെ കിടന്നിരുന്ന സ്ഥലങ്ങളും കൃഷിയോഗ്യമാക്കി മാറ്റിയിരുന്നു എന്നും എല്ലാചരിത്രകാരന്മാരും പറയുകയും ചെയ്യുന്നുണ്ട്. സമ്പൽസമൃദ്ധിയുണ്ടാക്കാവുന്ന സലക പ്രവർത്തികളും ചെയ്തിരുന്ന സുൽത്താൻ ഇത്തരമാവശ്യങ്ങൾക്ക് കൂടുതൽ വ്യയം ചെയ്യേണ്ടതായിവന്നപ്പോൾ നികുതി വർദ്ധിപ്പിച്ചുമിരിക്കും. അത് പിരിച്ചെടുത്തും കാണും. മറ്റു കാര്യങ്ങളിലെന്നപോലെ ഇതു തുഗ്ളക്ക് മുഹമ്മദിന്റെ 'ഭ്രാന്തൻ പരിഷ്കാരങ്ങ'ളുടെ കൂട്ടത്തിൽ പെടുത്തി നാം നമ്മെത്തന്നെ വഞ്ചിക്കുകയാണ്.

വളരെ പെരുപ്പിച്ചുപറയുന്ന തുഗ്ലക്കിന്റെ മറ്റൊരു പരിഷ്കാരത്തിന്റെ കഥ ചെമ്പുനാണ്യങ്ങളും നടപ്പിലാക്കിയതാണ്. 1329–നും 1330–നുമിടക്കാണ് സുൽത്താൻ ഈ പരീക്ഷണത്തിനൊരുമ്പെട്ടത്. ചൈനയിലെ മംഗോളചക്രവർത്തിയായിരുന്ന കബ്ളായിഖാൻ 13–ാം നൂറ്റാണ്ടിന്റെ ഒടുവിൽ കടലാസ്സുനോട്ടുകളും നടപ്പിലാക്കിയിരുന്നു. പേർഷ്യയിലെ സുൽത്താനായിരുന്ന ഗായിഗാട്ട് 1294 എ. ഡി. യിൽ ഈ പരിഷ്കാരംഫലപ്രദമായിനടപ്പിലാക്കി. അയൽ രാജ്യങ്ങളിലെ നൂതനമായ മാറ്റങ്ങളത്രയും അറിഞ്ഞിരുന്ന സുൽത്താൻ അവയെക്കുറിച്ചായിരിക്കാം ഈ പരീക്ഷണത്തിന്നൊരുമ്പെട്ടത്. തന്റെ നാണ്യങ്ങൾക്ക് ഐക്യരൂപ്യം വരുത്താനുള്ള ശ്രമങ്ങളാണ് ആദ്യം ആരംഭിച്ചത്. 1325–ലും 1328–ലുംപുറപ്പെടുവിച്ച നാണ്യങ്ങളും പുതുമയും 'ഇന്ത്യൻ നാണ്യലോകങ്ങളുടെകൂട്ടത്തിൽ വിലപ്പെട്ടതുമായിരുന്നു,' വെന്നാണ് തന്റെ പുസ്തകത്തിൽതോമസ്സ്റിറർ അവകാശപ്പെടുന്നത്.[11] എഡ്വേർഡ് തോമസ്സ് പറയുന്നതാകട്ടെ അദ്ദേഹം ഭരണാധിപനായ ശേഷം ആദ്യം ചെയ്ത പ്രവർത്തി പ്രചാരത്തിലിരുന്ന നാണയങ്ങ

11 Thomas wright–The boins and Metallurgy of the sultans of Delhi.

ളുടെ മോഡൽ വ്യത്യാസപ്പെടുത്തുകയെന്നതായിരുന്നു.... വ്യക്തിത്വം, പുതുമ ഇവ ആർജ്ജിതമാക്കുന്നതിന്നു പുറമേ അവയുടെ വില നിശ്ചയിക്കുന്നതിലും അതീവ നിർഷ്കർഷ അദ്ദേഹം പുലർത്തി.....ഈ സുൽത്താനെ നാണ്യനിർമ്മാതാക്കളുടെ രാജകുമാരൻ' എന്നു വിശേഷിപ്പിച്ചാലും അധികമാവുകയില്ല. 200 ഗ്രാം തൂക്കമുള്ള ദീനാർ (2½ക.) എന്ന സ്വർണ്ണനാണ്യവും, 140ഗ്രേൻതൂക്കമുള്ള വെള്ളിത്തുട്ടും അദ്ദേഹത്തിന്റെ ആദ്യസംരംഭങ്ങളാണ്. അതു കഴിഞ്ഞ് ഒരു പരീക്ഷണമെന്നനിലക്കാണ് 1329–30 കാലത്ത് സുൽത്താൻ ചെമ്പുനാണ്യങ്ങളും പ്രചരിപ്പിച്ചത്.

ചെമ്പുനാണ്യങ്ങൾക്ക് സ്വർണ്ണത്തിന്റേയും വെള്ളിയുടേയും നാണ്യ വിലനിശ്ചയിച്ചു പ്രചരിപ്പിക്കുകയാണുണ്ടായത്. 'സുൽത്താനെ ആര് അനുസരിക്കുന്നുവോ അവർ ദൈവത്തെ അനുസരിക്കുന്നവരാണ്.' [12] എന്ന് അവയിൽ ആലേഖ്യവും ചെയ്തിരുന്നു. ചെമ്പുനാണയങ്ങൾക്ക് സ്വർണ്ണത്തിന്റേയും വെള്ളിയുടേയും വില കൊടുക്കുക, ജനങ്ങൾക്ക് ചിന്തിക്കുവാൻപോലും സാദ്ധ്യമല്ലാത്ത കാലത്തായിരുന്നു ഈ പരീക്ഷണമെന്നോർക്കണം. തൻമൂലം വളരെ പ്രയാസങ്ങൾ നേരിട്ടു. ഇത് പരാജയമടഞ്ഞത് രണ്ടു കാരണങ്ങളാലാണെന്ന് ഡോക്ടർ. ഈശ്വരിപ്രസാദും റോയി ചൗദ്രിയും വിവരിക്കുന്നു. ഒന്നാമത്തേത് കാലത്തിന് ദഹിക്കാത്ത കാര്യങ്ങളായിരുന്നു ഇതെന്നും, ജനങ്ങൾക്ക് ഇതിന്റെ പിന്നിലുള്ള മഹത്തരമായ ആശയം മനസ്സിലാക്കുവാൻ ഒത്തിരുന്നില്ലെന്നുമാണ്, രണ്ടാമത്തെ ഹേതു. കള്ളനാണ്യങ്ങൾ കണ്ടുപിടിക്കുവാനുള്ള ഉപാധി വിരളവും സ്റ്റെയിറിന്റെ കുത്തകാവകാശം ഭേദിക്കുന്ന ചിഹ്നങ്ങൾ പ്രയാസമെന്യേ അനുകരിക്കുവാൻ ഒക്കുന്നതുമായിരുന്നു. എഡ്വേഡ് തോമസ് ഇതിന്റെ പരാജയകാരണങ്ങൾ വിവരിക്കുന്നതിങ്ങനെയാണ്. 'സർക്കാർ കമ്മട്ടത്തിൽ നിന്നും പുറത്തിറക്കുന്ന നാണയങ്ങളും വിദഗ്ദ്ധ

12. C. T. Brown. The coins of India

സ്ഥാവിക്കുന്നത് ഈ നാണ്യങ്ങൾക്ക് ജനങ്ങൾ ഒരു വിലയും കല്പിച്ചില്ലെന്നാണ്. വിലയില്ലാത്ത നാണയം ഉണ്ടാക്കുവാൻ ആരും ശിക്ഷാർഹമായ ഒരു പണിക്കൊരുമ്പെടുകയില്ല. അല്ലെങ്കിൽ ഈ നാണ്യം സാർവ്വത്രികമായംഗീകരിച്ചിരുന്നുവെന്ന് വന്നുകൂടുന്നു. ഈ നാണ്യപരിഷ്കാരം കൊണ്ട് ബരാണി പറയുന്ന വൈഷമ്യങ്ങളുണ്ടായിരുന്നുവെങ്കിലും, അത് ജനങ്ങളിൽ ബുദ്ധിമുട്ട് സൃഷ്ടിച്ചിരുന്നുവെങ്കിലും, ഇതുകഴിഞ്ഞ് മൂന്നുകൊല്ലത്തിനുമുമ്പുതന്നെ ഇവിടെ വന്ന ഇബിനു ബത്തൂത്ത അത് പരാമർശിക്കുമായിരുന്ന. തലസ്ഥാനമാറ്റത്തെപ്പറ്റി യക്ഷിക്കഥകളെഴുന്നിയ അദ്ദേഹം നാണയപ്രശ്നവും വിട്ടുകളയുമായിരുന്നില്ല. ജനങ്ങൾ പെട്ടെന്നിത് വിസ്മരിച്ചെന്നതിന്നും, ഇതൊരിക്കലും ജനങ്ങൾക്ക് അധികമസൗകര്യം ഉണ്ടാക്കിയിരുന്നില്ലെന്നതിനും, ബത്തൂത്തയുടെ മൗനം തികഞ്ഞ തെളിവാണ്.

സുൽത്താനെ ഈ പരിഷ്ക്കാരത്തിന് പ്രേരിപ്പിച്ച തെന്തായിരിക്കാമെന്ന ഊഹവും ചരിത്രവിദ്യാർത്ഥികൾക്ക് കൗതുകകരമാണ്. വർദ്ധമാനമായ സൈനികച്ചിലവിനെ നേരിടുവാനും, ഉദാരമായി സുൽത്താൻ നൽകിയിരുന്ന സമ്മാനങ്ങൾകൊണ്ടും, സംഭാവനകൾ മൂലവും ഒഴിഞ്ഞ ഖജനാവിനെ നിറക്കാനുമാണ് ഈ പദ്ധതി അനുസൂത്രണം ചെയ്തതെന്നു,,മാണ് ഡോ: ഈശ്വരിപ്രസാദ് പ്രസ്താവിക്കുന്നത്.[16] തന്റെ തകർന്നുകൊണ്ടിരുന്ന ഖജനാവിനെ നിറക്കുവാനും, നടത്തുവാനുദ്ദേശിച്ചിരുന്ന യുദ്ധ സന്നാഹങ്ങൾക്കുപകരിക്കുവാനും,, വേണ്ടിയാണിത് ചെയ്തതെന്ന് റോയ് ചൗദ്രിയുമെഴുതിയിട്ടുണ്ട്.[17] പ്രൊഫസ്സർ. നീലകണ്ഠശാസ്ത്രി കൂടെക്കൂടി കാരണങ്ങൾ നിരത്തുന്നു: ,,ദ്രഷറിയിൽ നിന്നുള്ള അമിതമായ ചിലവും മർദ്ദനമുറകളോടുകൂടിയു

16 History of Muslim Rule-P. 146
17 An Advance History of India P. 322

ള്ള വർദ്ധിച്ച നികുതി ചുമത്തിയതുമൂലം റവന്യൂ ഇനത്തിൽ വന്ന വിടവും, ആക്രമണപദ്ധതികളും, ചൈനയിലും മറ്റുമുള്ളതുപോലെ നവീനമായ പരിഷ്ക്കാരങ്ങളും ആവിഷ്ക്കരിക്കുവാനുള്ള തീവ്രമായ ആവേശവും ഒക്കെയാണ് ഈ ''ഭാവനാനാണ്യങ്ങളും'' പ്രചരിപ്പിക്കുവാനദ്ദേഹത്തെ പ്രേരിപ്പിച്ചത്.[18] ചുരുക്കത്തിൽ സുൽത്താന്റെ നവീനാശയം വീണ്ടുവിചാരമില്ലാത്ത പ്രവർത്തിയായും, ജനങ്ങളെ വഞ്ചിച്ച് സ്വന്തം ഖജനാവ് വീർപ്പിക്കുവാനുള്ള ഉപായമായുമാണ് ചിത്രീകരിക്കപ്പെട്ടിട്ടുള്ളത്.

എന്നാൽ തന്റെ പദ്ധതി മനസ്സിലാക്കുവാൻ ജനങ്ങളും തീരെ ഉയർന്നിട്ടില്ലെന്നു കണ്ട സുൽത്താൻ പരീക്ഷണം ഉപേക്ഷിക്കുവാനൊട്ടും മടികാട്ടിയില്ല. ബരാണി തന്നെ പറയുന്നു ''എല്ലാ ചെമ്പുനാണ്യങ്ങളും തിരിച്ചെടുത്ത് അവയ്ക്ക് നിശ്ചയിച്ചിരുന്ന വില സുൽത്താൻ നൽകി'' എന്ന്. ഒഴിഞ്ഞ ഒരു ഖജനാവിൽ നിന്നും ബരാണി വിവരിക്കുന്ന കോടാനുകോടി കള്ളനാണയങ്ങളുംപ്പെടെയുള്ള എല്ലാ ചെമ്പുത്തുട്ടുകൾക്കും പകരം ഒട്ടും അമാന്തിക്കാതെ സ്വർണ്ണവും വെള്ളിയും നൽകിയ സുൽത്താൻ മാസ്മരവിദ്യയായിരിക്കണം നടത്തിയത്. അല്ലെങ്കിൽ ഖജനാവ് കാലിയായിരുന്നുവെന്നു പറയുന്നത് അസത്യവുമായിരുന്നിരിക്കണം പ്രായോഗികമല്ലാതിരുന്ന ഈ പദ്ധതി പരാജയമടയുമെന്ന് കണ്ടപ്പോൾ അതു മതിയാക്കിയ സുൽത്താൻ ദുഃശ്ശാഠ്യക്കാരനോ, വിചാരിച്ചതു മുഴുക്കെ ജനങ്ങളുടെ മേൽ അടിച്ചേൽപിച്ചിരുന്ന ജനദ്രോഹിയോ ആയിരുന്നില്ലെന്നുകൂടി ഇതു വ്യക്തമാക്കുന്നുണ്ട്. പുറമേ അദ്ദേഹം നടപ്പാക്കിയ ദീനാർ, അദാലി തുടങ്ങിയ നാണയങ്ങളും തുഗ്ലക്കിന്റെ കാലത്ത് സ്വർണ്ണം ധാരാളമായുണ്ടായിരുന്നതിന്റെ പ്രത്യക്ഷോദാഹരണങ്ങളുമാണ്. യുക്തിയുക്തമായ ഒരു വാദഗതിയുമംഗീകരിക്കുവാൻ

18 History of India, Part II, P. 52

തയ്യാറില്ലാത്തവർക്ക് സുൽത്താൻ മുഹമ്മദ് ചെയ്തതൊ ക്കെ ഭ്രാന്തും പരാജയവുമൊക്കെയെല്ലാതെ കരുതുക അസാദ്ധ്യമാണ്.

ഇതിനേക്കാളും ആഭാസമായ മറെറാരാരോപണമാണ് സുൽത്താൻ ചൈനയെ ആക്രമിക്കുവാനൊരുങ്ങിയെന്ന് പറയുന്നത്. ഫരിഷ്ടയാണിതാദ്യമെഴുതിയത്. അദ്ദേഹം തുഗ്ലക്കിന്റെ മരണവും കഴിഞ്ഞ് നൂറാണ്ടുകൾക്കുശേഷം ജീവിച്ചിരുന്ന ചരിത്രകാരനാണ്. അദ്ദേഹമെഴുതി. ''ചൈനയിലെ അപാരമായ ധനത്തെപ്പററി കേട്ടറിഞ്ഞ സുൽത്താൻ ആ രാജ്യത്തെ കീഴടക്കണമെന്നാഗ്രഹിച്ചു. അദ്ദേഹത്തിന്റെ പ്രഭുക്കളും ഉപദേശകരും ഈ പദ്ധതിയുടെ ബുദ്ധിശൂന്യതയെപ്പററി മനസ്സിലാക്കിക്കൊടുക്കുവാൻ ശ്രമങ്ങൾ നടത്തിയെങ്കിലും അവ വ്യർഥാവിലാകുകയാണ് ചെയ്തത്.'' [19] ഇംഗ്ളീഷ് ചരിത്രകാരൻമാർക്ക് ഈ കാര്യത്തിൽ ആശ്രിതനായി തോന്നിയ ചരിത്രകാരൻ ഫരിഷ്ടയായി മാറി. അദ്ദേഹത്തെ അനുകരിച്ച് എൽഫിൻസ്ററൻ സുൽത്താന്റെ ധനദുർമ്മോഹം ഒന്നുകൊണ്ടുമാത്രമാണ് ഈ സംരംഭത്തിനും തദ്ഫലമായുണ്ടായ വിനാശത്തിനും ഇടയാക്കിയതെന്ന് വ്യവഹരിക്കുന്നു. സ്മിത്താകട്ടെ കുറേക്കൂടി വിവരണങ്ങളും സ്വതസിദ്ധമായ ശൈലിയിൽ നമുക്ക് തരുന്നുണ്ട്. 'മറെറാരപായകരമായ പദ്ധതി നീപ്പാൾവഴി ഹിമാലയശിഖരങ്ങൾ കടന്ന് ചൈനയെ ആക്രമിക്കുകയെന്നതായിരുന്നു. സുൽത്താന്റെ സഹോദരീപുത്രനായ കുസ്രുമാലിക്കിന്റെ കീഴിൽ ഒരു ലക്ഷം സൈന്യത്തെ ഇതിന്നുവേണ്ടി 1337 എ. ഡി. യിൽ പറഞ്ഞയച്ചു. കുതിരപ്പടയാളികളും മലയോരങ്ങളിൽ കിടന്ന് കഷ്ടപ്പെട്ടു. ചൈനാക്കാരുമായി ഏറെറുമുട്ടിയപ്പോൾ ഈ യോദ്ധാക്കളത്രയും പരാജിതരുമായി. അവശേഷിച്ച പത്തു പേർ ഡെൽഹിയിലേക്കു മടങ്ങിവന്നെങ്കിലും രക്തരക്ഷസ്സായ ഈ ചക്രവർത്തി അവരെ വധിക്കുകയും ചെ

19. Ferishta, op. cit.

യ്തു. [20] സ്മിത്തും കൂട്ടരും സുൽത്താന്റെ മറ്റു പദ്ധതികളും ഭ്രാന്തൻ പണികളായിരുന്നുവെന്ന് സ്ഥാപിക്കുവാൻ ആശ്രയിക്കുന്ന സമകാലീനരായ ബരാണിയേയും, ബത്തൂത്തയേയും ഇക്കാര്യത്തിൽ തിരസ്ക്കരിച്ചു. '1340 എ. ഡി. യിൽ വീണ്ടും തലസ്ഥാനം ഡൽഹിയിൽ നിന്നും മാറ്റി' എന്നെഴുതിയ ഫരിഷ്ടയെയാണ് ഇപ്പോഴും അവർക്കൊക്കെ പ്രിയങ്കരനായ അതോറട്ടിയാക്കുവാൻ തോന്നിയത്. അതിന്റെ കാരണം സമകാലീനരുടെ രേഖകളും ഈ വിഷയത്തിൽ അംഗീകരിച്ചാൽ സുൽത്താനെ കരിതേക്കുവാനൊക്കുകയില്ലെന്നവർക്കറിയാം. ബരാണി ഇതേപറ്റി എഴുതിയിരുക്കുന്നത്, 'ചൈനയുടേയും ഇന്ത്യയുടെയും ഇടക്കുകിടക്കുന്ന ഖരജാൽ കീഴടക്കുവാൻ സുൽത്താൻ നിശ്ചയിച്ചു[21] എന്നാണ്. 'ഡൽഹിയിൽനിന്നും 10 സ്റ്റെയിജുകളം അകലെ കിടക്കുന്ന ഖരജാൽ മലയോരപ്രദേശത്തെ ലക്ഷ്യമാക്കിയായിരുന്ന സുൽത്താൻ സൈന്യത്തെ അയച്ചത്', [22] എന്നാണ് ഇബിനു ബത്തൂത്തക്ക് പറയാനുള്ളത്.

ഈ രണ്ടു എഴുത്തുകാരും സുൽത്താനെ കിട്ടിയ അവസരം മുഴുക്കെ ഉപയോഗിച്ച് അതിശയോക്തി മാത്രമടങ്ങിയ കടം കഥകളം പ്രചരിപ്പിച്ചവരായിരുന്നു. ഹിമാലയൻ ശിഖരങ്ങളം കയറിമറിഞ്ഞ് ചൈനയെ ആക്രമിക്കുവാൻവേണ്ടം കെൽപ്പുള്ള ടെൻസിങ്ങുമാരായിരുന്നു തന്റെ യോദ്ധാക്കളെന്ന് ആർക്കും ചിരിതോന്നിക്കുന്ന അഹന്ത ഒരു പക്ഷേ സുൽത്താനുണ്ടായിരുന്നിരിക്കാം! എങ്കിൽ ബരാണിയും ബത്തൂത്തയും രസകരമായ ഈ കഥ വിട്ടുകളയുമായിരുന്നില്ല. സുൽത്താനെപ്പറ്റി ഈർഷ്യയും ദ്വേഷ്യവുമുണ്ടായിരുന്ന ഇവരിരുവർക്കുപോലും സുൽത്താന്റെ ആക്രമണോദ്ദേശ്യം തന്റെ വടക്കനതിർത്തിയെ സുരക്ഷിതമാക്കാനായിരുന്നുവെന്നെഴുതേണ്ടതായിവന്നു. ഈ പ്രസ്താവം അംഗീകരിച്ചാൽ ഇംഗ്ലീഷ് ചരിത്രകാരന്മാർക്ക് സുൽത്താനെ ഭ്രാന്ത

20. Oxford History of India P. 241.
21. Tarikh-i-Firozshai-op cit.

നാക്കുവാനെങ്ങിനെയൊക്കും. തൻമൂലം ഫരിഷ്ടയെ ഇക്കാര്യത്തിൽ അനുകരിക്കുകയാണ്.

ചൈനയെ ആക്രമിക്കുവാനാണ് സൈന്യത്തെ അയച്ചതെന്ന് സമർത്ഥിക്കുവാൻ ഫരിഷ്ടയെ അവലംബമാക്കുന്ന ഇവർ സേനയുടെ ദയനീയമായ നാശം പെരുപ്പിച്ചു പറയുവാൻ ബരാണിയേയും ബത്തൂത്തയേയും ശരണം പ്രാപിക്കുന്നവിരോധാഭാസമാണ് നാം ദർശിക്കുക. ഒരു ലക്ഷം സൈനികരിൽ മൂന്നുപേരെ അവശേഷിച്ചുള്ളുവെന്ന് ബത്തൂത്തയും, പത്തുപേർ ബാക്കിയായിയെന്ന് ബരാണിയും മെഴുതുന്നു. അവർ മരിക്കാതെ മടങ്ങിവന്നതുകൊണ്ടോ, ദയനീയമായ ഈ ദുഃഖകഥ ഇവർ മുഖേന കേൾക്കേണ്ടതായിവന്നതുകൊണ്ടോ, എന്തോ, സ്മിത്തെഴുതിയതു പോലെ, സുൽത്താൻ അവരേയും കഥാശേഷരാക്കിയത്രേ! ഇത്തരം സാമർത്ഥ്യത്തോടുകൂടിയ കഥാരചന, ഇവയെ വ്യവഛേദിച്ച് ആന്തരിക ദുരുദ്ദേശങ്ങളം നീക്കി, സത്യമായവയെ തരംതിരിച്ചെടുക്കുന്ന പ്രവർത്തി ദുഷ്കരമായ സാഹസമാക്കി മാറുന്നു. പക്ഷേ ഈ ഉദാഹരണങ്ങൾകൊണ്ട് ബ്രിട്ടീഷ് ചരിത്രകാരൻമാരുടേയും അവരുടെ ചിന്താഗതിക്കൊത്ത് തുള്ളുന്ന ഇന്ത്യനെഴുത്തുകാരുടേയും മനോഗതിയും ചരിത്രവീക്ഷണവും ഏതു വിധമാണെന്ന് ധരിക്കുവാനെളുപ്പമാണ്.

ഹിമാലയം കയറിമറിഞ്ഞ് ചൈനയെ ആക്രമിക്കുവാൻ പട്ടാളത്തെ അയച്ചുവെന്നു പറഞ്ഞാൽ മാത്രമേ സുൽത്താന്റെ പദ്ധതി തലതിരിഞ്ഞപോഴത്തപ്പണിയാക്കവാനൊക്കു. ചൈനയുമായി നയതന്ത്രബന്ധമുണ്ടായിരുന്ന ചക്രവർത്തിയാണ് തുഗ്ലക്ക്. ''ചൈനീസ് ചക്രവർത്തി ടോഗൻ ടീമൂർ അയച്ച പ്രതിപുരുഷൻ സുൻട്രിയായിരുന്നു.'' [23] 1333–1368–വരെ ഈ തന്ത്രബന്ധം നിലനിന്നിരുന്നു. ''ഈ പ്രതിനിധിയോടുകൂടെ 15 ഉയർന്ന ഉദ്യോഗസ്ഥന്മാ

23. History of Quraunah Turks-P. 13

രും 100 പരിചാരകരും ഉൾപ്പെട്ടിരുന്നു.'' [24]ഇബിനുബത്തൂത്തയെ തന്നെ സുൽത്താൻ ചൈനയിലേക്കയയ്ക്കുന്നതിനിടയ്ക്കാണ് കോഴിക്കോടുവച്ച് ഓടം തകർന്നതെന്നും തന്റെ യാത്ര തടസ്സപ്പെടുന്നതെന്നും അദ്ദേഹം എഴുതുന്നുണ്ട്, ''തുഗ്ലക്ക് മുഹമ്മദ് 1000 നാവികരുടെ അകമ്പടിയോടുകൂടിയാണ് തന്റെ തന്ത്രപ്രതിനിധിയെ ചൈനയിലേക്കയച്ചത്,'' എന്നദ്ദേഹം തുടർന്നെഴുതുന്നു. [25] ചൈനയിലക്കുള്ള വഴി അന്ന് കോഴിക്കോട്ടുനിന്നും കടൽമാർഗ്ഗമായിരുന്നുവെന്നത് സ്പഷ്ടമാണ്, അതറിയാതിരുന്ന ആളുമല്ല സുൽത്താൻ. നിരന്തര സമ്പർക്കം ചൈനയുമായദ്ദേഹം പുലർത്തിപ്പോരുകയും ചെയ്തിരുന്നു. പിന്നെ ഹിമാലയം കടന്നാക്രമിക്കുവാൻ സൈന്യത്തെ അയച്ചെന്ന് പറയുന്നത് സുൽത്താനെ മനപൂർവ്വം കുറ്റാരോപണം നടത്തുവാനാണെന്ന് വ്യക്തമല്ലേ. ഡോക്ടർ ഈശ്വരി പ്രസാദും, റോയിചൗദ്രിയും സുൽത്താൻ ഖരജാൽ പ്രദേശത്തേക്ക് തന്നെയാണ് സൈന്യത്തെ അയച്ചതെന്ന് വിശ്വസിക്കുമ്പോഴും ഒരു ലക്ഷം പോന്ന ഈ സേന മുഴുക്കെ നശിച്ചെന്ന ബരാണിയുടേയും ബത്തൂത്തയുടേയും പ്രസ്താവം സ്വീകരിക്കുകയും ചെയ്യുന്നു.

സുൽത്താന്റെ ഉദ്ദേശ്യം, തന്റെ വടക്കനതിർത്തിയിൽ കിടന്നിരുന്ന മലയോര പ്രദേശങ്ങളുടെ അധീശത്വം സമ്പാദിക്കുകയായിരുന്നു. സൗകര്യം കിട്ടുമ്പോഴൊക്കെ സമതലപ്രദേശത്തേക്കിറങ്ങി കൊള്ളയടിച്ചിരുന്ന ഇവരെ നിയന്ത്രണവിധേയരാക്കേണ്ടതേ രാജ്യരക്ഷക്കും സമാധാനത്തിന്നും ആവശ്യമായിരുന്നു '' ഈ സംരംഭത്തിന്റെ ലക്ഷ്യം വിജയിച്ചു. ഈ കാട്ടുരാജൻ സുൽത്താന്റെ പരമാധികാരം അംഗീകരിക്കുകയും കപ്പം കൊടുക്കാമെന്ന് സമ്മതിക്കുകയും ചെയ്തു.'' [26] അങ്ങിനെ സമ്പൂർണ്ണ വിജയംവരിച്ച കാര്യ

24. Ibn Buttuta P. 151
25. libid
26. History of Muslim Rule P. 151

മാണ്. വിനാശത്തിന്റെ കഥയായി പറയുന്നത്. മൂന്നു പേരോ, പത്തുപേരോ മാത്രമേ അവശേഷിച്ചിരുന്നുള്ളുവെങ്കിൽ മുഹമ്മദിന് ഈ മലയോരപ്രദേശങ്ങളുടെ അധീശത്വം ലഭിക്കുമായിരുന്നില്ലെന്ന് തീർച്ചയല്ലേ. ഒരു ലക്ഷം സൈനികരിൽ, മൂന്നോ, പത്തോ ആളുകളെ ഒഴിച്ചുള്ള എല്ലാവരേയും കൊല്ലുവാനോ, കെടുതിയ്ക്കിരയാക്കുവാനോ, കഴിഞ്ഞ ഒരു ശത്രുവും, കപ്പവും കൊടുത്ത് സാമന്തനാകുവാൻ ശ്രമിക്കുകയില്ല. അപ്പോഴും ബരാണിയും ബത്തൂത്തയുമെഴുതുന്ന ആയം നാശത്തിന്റെ കഥയും പച്ചക്കള്ളമാണെന്ന് ബോദ്ധ്യമല്ലേ.

ചുരുക്കത്തിൽ തുഗ്ലക്കിന്റെ പരിഷ്കാരങ്ങളും പരിപാടികളും പരാജയമടഞ്ഞെന്ന് പറയുക ഒരിക്കലും വസ്തു നിഷ്ഠമായിരിക്കുകയില്ല, അവ സുൽത്താനുദ്ദേശിച്ച പ്രയോജനസാഫല്യം കണ്ടവയാണ്. ഒരു പ്രസ്ഥാനത്തിന്റെ ജയാപജയം ലക്ഷ്യപ്രാപ്തിയോ അപ്രാപ്തിയോ എന്ന മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് തീരുമാനിക്കപ്പെടേണ്ടതെങ്കിൽ തുഗ്ളക്ക് മുഹമ്മദിന്റെ ശ്രമങ്ങളും വിജയകരമായിരുന്നു. മറിച്ചുപറയുന്നതും വ്യവഹരിക്കുന്നതും തൽകർത്താക്കളുടെ ദൂഷണാവിലാസത്തിനും അവയിലുല്ലീഢമായ കല്പനാശക്തി തീവ്രം പ്രവർത്തിക്കുന്നതിന്നും പ്രകടമായ ഉദാഹരണങ്ങളും മാത്രമാണ്. പക്ഷേ അവ ചരിത്രാവിഷ്കാരമാകുകയില്ലെന്നു മാത്രം. അതുകൊണ്ട് തന്നെ മുഹമ്മദ് തുഗ്ലക്കിന്റെ കഥകളും പുനഃപരിശോധനയ്ക്ക് വിധേയമാക്കുകയും സത്യദീക്ഷയോടുകൂടി പുതുതായവതിരിപ്പിക്കുകയും ചേയ്യേണ്ടതു അത്യാവശ്യമായി തീർന്നിരിക്കുന്നു.

തലസ്ഥാനമാറ്റം ചരിത്രവങ്കത്തം

'ഉന്മത്തനായ തുഗ്ലക്ക് മുഹമ്മദിന്റെ' (എൽഫിൻസ്റ്റോൺ) 'പാതകവ്യഗ്രഥയോടുകൂടിയ ഭ്രാന്തൻ നയങ്ങളാണ്', (സ്മിത്ത്) സമൂലമായ വിമർശനവിധേയമായിട്ടുള്ളത്. ചിന്താദീപകങ്ങളായ വിശകലനം വിജ്ഞാനതൃഷ്ണയെ ഉദ്ദീപിപ്പിക്കുവാൻ സഹായകരമാണ്, പക്ഷേ മുൻവിധിയോടുകൂടി ഏതൊരു വിഷയത്തെ സമീപിച്ചാലും അത് നിഷ്പക്ഷമായ നിഗമനങ്ങൾക്കു സഹായകരമാകുകയില്ല. 'ഭ്രാന്തൻ നയം,' എന്ന് ആവർത്തിച്ചു പ്രഖ്യാപിച്ചിട്ടുള്ള തുഗ്ലക്കിന്റെ പരിഷ്കാരങ്ങളുടെ സ്ഥിതിയും ഇതുതന്നെയാണ്. ആദ്യമേയും എളുപ്പത്തിൽ പറഞ്ഞു ബോധ്യപ്പെടുത്തുവാൻ സാധിയ്ക്കാത്ത മാതിരി സങ്കീർണ്ണമാണീ പ്രശ്നം. ഇതിൽ ബ്രിട്ടീഷ് ചരിത്രകാരൻമാരെയെന്നതിനേക്കാൾ സുൽത്താന്റെ സമകാലീനരായിരുന്നു ഉത്തരവാദികൾ. അവർക്കു അവരുടേതായ മാനസികവൈകല്യങ്ങളും, വ്യക്തിഗതമായ പക്ഷപാതവും തീവ്രതരമായിരുന്നുവെന്ന് വിസ്തരിച്ചു പ്രതിപാദിച്ചതാണ്. മനഃപൂർവ്വം മതഭ്രാന്തിന്റേയും ഭരണവൈകല്യങ്ങളുടേയും കാര്യകാരണം കണ്ടുപിടിയ്ക്കുവാൻ കിണഞ്ഞു ശ്രമിക്കുന്ന ഇംഗ്ലീഷ് ചരിത്രകാരന് ഒട്ടും മനഃശല്യം കൂടാതെ ഉപയോഗിയ്ക്കാവുന്ന കരുത്തേറിയ കരുക്കളായിത്തീർന്നു ഈ ചരിത്ര വിവരണങ്ങളൊക്കെ തന്നെ. ഒരു കൂട്ടർ വ്യക്തിപരമായ പകയും വിദ്വേഷവും ഉണ്ടായിരുന്നതുകൊണ്ട് സുൽത്താനെ ആക്ഷേപിക്കുവാൻ മുതിർ

ന്നപ്പോഴും, ആധുനികരാകട്ടെ കിട്ടിയ അവസരം പാഴാക്കാതെ അവ ചൂഷണം ചെയ്തു, മാനസികമായ എന്തോ ന്നിന്റെയോ സംതൃപ്തി നേടുകയാണു്. അക്കൂട്ടരെഴുതിയ അവിശ്വസനീയങ്ങളായ കഥകളും അപ്പടി പകർത്തുന്നതു മൂലം പുതുമയുടെ ത്രസിക്കുന്ന ഹൃദയത്തുടിപ്പു മനസ്സിലാക്കിയിട്ടുണ്ടെന്നു് നാം ധരിക്കുന്നവർകൂടി ഗൗരവമായി ഈ വിഷയത്തെ സമീപിച്ചിട്ടില്ല. ആനുഷംഗികമായ താല്പര്യങ്ങൾപോലും ഇക്കാര്യത്തിൽ ആരും കാണിക്കാറുമില്ല. തൻമൂലം വളരെ പ്രയാസം സഹിച്ചുവേണം തുഗ്ളക്കിന്റെ പരിഷ്കാരങ്ങളെക്കുറിച്ചെഴുതുവാൻ. ഈ അദ്ധ്യായത്തിൽ ഞാൻ നടത്തുന്ന ശ്രമം കുപ്രസിദ്ധമായ തലസ്ഥാനമാറ്റത്തെക്കുറിച്ചു് പ്രതിപാദിക്കുവാനാണു്.

വിദേശീയരും തദ്ദേശീയരുമായ എഴുത്തുകാരത്രയും നമ്മെ അറിയിക്കുന്നതു് സുൽത്താൻ മുഹമ്മദു് തലസ്ഥാനം ഡൽഹിയിൽനിന്നും ദേവഗിരിയിലേക്കു് മാറ്റിയെന്നതന്നെയാണു്. 'ഡിയോഗിറിനെ ദൗലത്താബാദു് എന്ന നാമകരണവും ചെയ്തു, അവിടേക്കു തലസ്ഥാനം മാറ്റുകകൊണ്ടു് ഡൽഹി നശിക്കുകയും അവിടെയുണ്ടായിരുന്ന പ്രധാനികൾക്കു പ്രയാസങ്ങൾ നേരിടുകയും ചെയ്തു' സുൽത്താന്റെ ചരിത്രകാരൻമാരിൽ പ്രധാനിയായ സിയാവുദ്ദീൻ ബരാണിയുടെ പ്രസ്താവ്യമാണിത്. അതിനു കാരണമായി ബരാണി പറയുന്നതു് ഡിയോഗീറിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പും സാമ്രാജ്യത്തിന്റെ മദ്ധ്യഭാഗത്തേക്കു തലസ്ഥാനം മാറ്റുന്നതിലുള്ള ഭരണപരമായ സൗകര്യവുംകൊണ്ടായിരുന്നുവെന്നാണു്.[1] ഇതു് അപ്പടി പകർത്തിയ ആധുനികരായ എഴുത്തുകാർ സുൽത്താൻ തലസ്ഥാനം മാറ്റുവാനുള്ള മറ്റു പല കാരണങ്ങൾകൂടി കണ്ടുപിടിക്കുവാനുള്ള ശ്രമങ്ങളാണു നടത്തിയിട്ടുള്ളതു്. ഈ സുൽത്താന്റെ ചെയ്തികളെ അനുകമ്പയോടുകൂടി വീക്ഷി

1. Ziauddeen Barani-Tarikh-i-Firozshai· P. 221.

ക്കുന്ന ഡോക്ടർ ഈശ്വരിപ്രസാദ്, റോയ് ചൗദ്രി തുടങ്ങിയവരും തലസ്ഥാനം മാറ്റിയെന്നുതന്നെ കരുതുന്നു. മാറ്റാനുണ്ടായ കാരണങ്ങളും സോദ്ദേശ്യപരമായിരുന്നുവെന്നും സമർത്ഥിക്കുന്നുണ്ട്. 'വെറും പ്രാകൃതപരീക്ഷണമായിരുന്നില്ല അത്. അതിന്റെ പിന്നിലുള്ള ആശയം സ്വാഭാവികമായും ശക്തമായിരുന്നു. ദേവഗിരി തുഗ്ലക്ക് സാമ്രാജ്യത്തിന്റെ ഒത്തനടുവിലുള്ള പ്രാധാന്യമർഹിക്കുന്ന സ്ഥലമാണ്. അവിടേക്ക് തലസ്ഥാനം മാറ്റുകവഴി രാജ്യത്തെ മംഗോളാക്രമണത്തിൽ നിന്നും രക്ഷിക്കുകകൂടി ചെയ്യാം'. [2] 'ക്രൂരനായ ഒരേകാധിപതിയുടെ അഹങ്കാരപൂർണ്ണമായ അഹന്തയുടെ പിറവിയായിരുന്നില്ല തലസ്ഥാനം മാറ്റൽ. വ്യക്തമായും സുരക്ഷിതത്വവും സൽഭരണവുമായിരുന്നു ഇത്തരം ധീരമായ ഒരു നില സ്വീകരിക്കുവാൻ സുൽത്താനെ പ്രേരിപ്പിച്ചത്', ഡോക്ടർ ഈശ്വരിപ്രസാദ് സമാധാനിക്കുന്നതിങ്ങനെയാണ് [3] പ്രൊഫസ്സർ നീലകണ്ഠശാസ്ത്രി കുറച്ചുകൂടി കടന്നു ചിന്തിക്കുന്നുണ്ട്. അദ്ദേഹം കാണുന്ന കാരണങ്ങൾ 1) ഗുരുഷാസ്പസിന്റെ ലഹളയായിരിക്കാം പ്രധാനമായും തെക്കൻ പ്രവിശ്യകളുടെ നിയന്ത്രണോദ്ദേശ്യത്തോടുകൂടി അവിടേക്കു തലസ്ഥാനം മാറ്റുവാൻ പ്രേരകമായി നിന്ന വസ്തുത. 2) ഐസ്ലാമിക ശക്തി കൂടുതൽ തെക്കൻ ദിക്കുകളിൽ ദൃഢതരമാക്കുകയും ആകാം. 3) പുറമേ മംഗോളും ഭീതിയിൽ നിന്നും തലസ്ഥാനത്തെ രക്ഷിക്കുകയുമായി. [4] ഡോക്ടർമാരായ സിൻഹായും ബാനർജിയും 'മംഗോളും ആക്രമണത്തിൽനിന്നും രാജ്യത്തെ രക്ഷിക്കുവാനുള്ള ഉപായമായിരുന്നു തലസ്ഥാനമാറ്റം' [5] എന്നാണ് വ്യവഹരിക്കുന്നത്. നമ്മുടെ ചരിത്രകാരന്മാരിലധികവും അവരുടെ ആധികാരികവാക്താവായി ഉപയോഗപ്പെടുത്തുന്ന ഇബിനുബത്തൂത്തയുടെ സഞ്ചാരക്കുറിപ്പിൽ തലസ്ഥാ

2. An Advauce History of India P. 320
3. History of Muslim Rule in India P. 143
4. History of India, Vol II, P. 51
5. Hisrory of India-PP. 281-82

ന്നമാറ്റത്തെക്കുറിച്ച് മറ്റൊരു കഥയാണ് കാണുക. അദ്ദേഹമെഴുതി: 'ഡെൽഹിയിലെ ജനങ്ങളെ സുൽത്താനെ കുറ്റം പറയിപ്പിക്കുകയും ആക്ഷേപിച്ചും കത്തുകളെഴുതി. അതിൽ കോപിഷ്ഠനായ സുൽത്താൻ ഇവരെ ഒരു പാഠം പഠിപ്പിക്കണമെന്ന് നിശ്ചയിച്ചു.' [6] തലസ്ഥാനം മാറ്റിയത് ഇക്കാരണത്താലാണത്രെ. ഇംഗ്ലീഷ് ചരിത്രകാരന്മാർക്കൊക്കെ പ്രിയംകരമായി തോന്നിയത് ഈ ഹേതുവാണ്. ഇതു നിമിത്തം തന്നെയായിരിക്കണം സുൽത്താൻ തലസ്ഥാനം മാറ്റിയതെന്നാണ് സ്മിത്തും, ലൈൻപൂളും, എൽഫിൻസ്റ്റോണും മറ്റും വിശ്വസിക്കുന്നത്.

ആധുനികരായ എഴുത്തുകാരും സമകാലീനരിൽ പലരും പറയുന്നതുപോലെ തലസ്ഥാനം മാറ്റിയെങ്കിൽത്തന്നെ അതിലെന്ത് ഇത്രമാത്രം ബുദ്ധിശൂന്യതയും ഭ്രാന്തും കാണുവാൻ. ഇന്നും പല രാജ്യങ്ങളിലും തലസ്ഥാനങ്ങളും കൂടുതൽ സൗകര്യപ്രദമായ സ്ഥലങ്ങളിലേക്ക് മാറാറുണ്ടല്ലോ. പക്ഷേ ഇതിലൊന്നും ആർക്കും അധികം പരാതിയില്ല, ആക്ഷേപം പറയുന്നതു പന്തിയുമല്ല. എന്നാൽ നമ്മെ ധരിപ്പിക്കുന്ന കാര്യങ്ങളും വിസ്മയജന്യമായ സംഗതികളാണ്. ഇതിനു ബത്തുത്ത തന്നെ പറയട്ടെ 'തന്നെ ആക്ഷേപിച്ചുകൊണ്ടുള്ള എഴുത്തുകളും ലഭിച്ചപ്പോൾ രോഷാകുലനായ സുൽത്താൻ ഡൽഹിയെ നശിപ്പിക്കണമെന്നുറച്ചു. തൻമൂലം എല്ലാ വീടുകളും മന്ദിരങ്ങളും അദ്ദേഹം വിലയ്ക്കു വാങ്ങിയശേഷം ജനങ്ങളോടത്രയും ദൗലത്താബാദിലേക്കു പോകുവാനാജ്ഞാപിച്ചു. ആദ്യം ജനങ്ങളത്ര കാര്യമായി ഗൗനിച്ചില്ല. എങ്കിലും മൂന്നുദിവസത്തിനകം ഒറ്റയെണ്ണത്തിനെയും ഡൽഹിയിൽ കണ്ടുകിട്ടെന്ന് അന്ത്യശാസനകരം രാജകീയ ദൂതൻമാർ വിളംബരം ചെയ്തതോടെ മിക്കവാറും ആളുകളും ഡൽഹി വിട്ടു. പക്ഷേ ചിലർ വീടുകളിൽ ഒളിച്ചിരുന്നു. സുൽത്താൻ അതികർക്കശമായ അന്വേഷണം നടത്തിച്ചുവെങ്കിലും അവശേഷിച്ചിട്ടുണ്ടോ എന്നറിയാൻ. രണ്ടു പേ

6 Kitab-u-Rehla P. 612

രെ കണ്ടുകിട്ടി. അവരിൽ ഒരാൾ വാതരോഗംമൂലം തളർന്നു കിടന്നവനും അപരൻ അന്ധനുമായിരുന്നു. രണ്ടുപേരേയും രാജസന്നിധിയിൽകൊണ്ടു വന്നു. തളർവാതക്കാരനെ കൊല്ലുവാനും അന്ധനെ കുതിരക്കാലിൽ കെട്ടി ദൌലത്താബാദിലേക്ക് വലിച്ചിഴച്ചു കൊണ്ടു പോകുവാനും സുൽത്താൻ കല്പിച്ചു. ഡൽഹിയിൽനിന്നും 40 ദിവസത്തെ യാത്രകൊണ്ടേ ദൌലത്താബാദിലെത്തുകയുള്ള. ഹതഭാഗ്യനായ ഈ കുരുടന്റെ അവയങ്ങൾ തുണ്ടുതുണ്ടായി കുറേ അവിടെയും കുറെ ഇവിടേയുമായി പറിഞ്ഞുതെറിച്ചു. അവസാനം കെട്ടിയിരുന്ന കാലിന്റെ ഒരു ഭാഗം ദൌലത്താബാദിലെത്തി. അങ്ങനെ എല്ലാജനങ്ങളും അവരുടെ കച്ചവടസാധനങ്ങളും വീട്ടുസാമഗ്രികളും വിട്ടുംവെച്ച് ജീവനും കൊണ്ട് ഡൽഹിയിൽനിന്നും ഓടി. ഡൽഹിയാകട്ടെ വെറും ഒരു മരുഭൂമിയായമാറി.

'എനിക്ക് വിശ്വാവസുള്ളൊള ഒരു സുഹൃത്ത് എന്നോടു പറഞ്ഞു, 'ഒരു ദിവസം തന്റെ കൊട്ടാരത്തിന്റെ മുകളിൽ കയറിനിന്ന്, തീയോ പുകയോജനവാസമോഅനക്കം പോലുമോ ഇല്ലാതിരുന്ന ഡൽഹിയെ നോക്കിക്കൊണ്ട് സുൽത്താൻ ഇങ്ങിനെ സ്വഗതം ചെയ്തുവത്രെ. 'ഇപ്പോഎന്റെ ഹൃദയം സന്തുഷ്ടമായി;ികാമരങ്ങളം വിലോപം പ്രാപിക്കുകയും ചെയ്തു.'[7] ഇത്രകൊണ്ടുംഅവസാനിപ്പിക്കാതെനാടകത്തിന്റെ ക്ലൈമാക്സിലേക്ക് ബത്തൂത്ത തന്റെ വായനക്കാരെ കൂട്ടിക്കൊണ്ടു പോകുന്നതുങ്ങനെയാണ്. 'കുറെകഴിഞ്ഞപ്പോൾ വീവിധ തലസ്ഥാനങ്ങളിലെ ജനങ്ങളോട്ഡൽഹിയിൽ വന്നു പാർപ്പുറപ്പിക്കുവാനദ്ദേഹമെഴുതി. പക്ഷേ സ്വന്തം സംസ്ഥാനങ്ങം നശിപ്പിക്കാനവർക്കുമൂലംസാധിച്ചതല്ലാതെ ഡൽഹിയിൽ ജനസാന്ദ്രത ഉണ്ടാക്കുവാനവർക്കു തരപ്പെട്ടില്ല.കട്ടായമായും ഇത് ലോകത്തിൽവെച്ച് ഏറ്റവും വലിയ നഗരമാണ്[8],

7. Ibid–P. 613
8. Ibid-

ബറാണിയ്ക്കോ ഇസാമിയ്ക്കോ ഇതിന് വിപരീതമായി ഒന്നും പറയാനില്ല. എല്ലാം നശിപ്പിച്ചു; ഒരു പട്ടിയേയോ, പൂച്ചയോ, ഡെൽഹിയിലെ വീടുകളിലോ അരമനകളിലോ അവശേഷിച്ചിരുന്നില്ല. ജനങ്ങളും— അവരുടെ കുടുംബാംഗങ്ങളും, ബന്ധുക്കളും, ഭൃത്യകളും, ഭൃത്യന്മാരും—എല്ലാം തന്നെ സ്ഥലം മാറിപ്പോകുവാൻ നിർബന്ധിതരായി''[9] അദ്ദേഹം ഖേദപൂർവ്വം കുറിക്കുന്നു. ''ദുഃഖഭാരത്താൽ വിവശരായ മുസ്ലീംകളും അവിശ്വാസികളുടെ നാട്ടിൽ അന്ത്യവിശ്രമം കൊള്ളേണ്ടതായിവന്നു. വളരെ ദുർലഭം പേരേ അവരുടെ ഗൃഹങ്ങളിലേക്കു മടങ്ങിവന്നുള്ളു. ദുരിതപൂർണ്ണമായ ഈ കഥ പറയാൻ ബാക്കിയായുള്ളു''[10]

ഡോക്ടർ സ്മിത്തും മറ്റും ബത്തൂത്തയുടേയും ബരാണിയുടേയും മാത്രം അഭ്യുക്തി പ്രസ്താവങ്ങളെ വിവേചനാ വിധേയമാക്കാതെ അതേപടി പകർത്തുകയാണ് ചെയ്തിരുന്നത്.[11] അവർക്കൊക്കെ സുൽത്താൻ ഭ്രാന്തനും ക്രൂരനുമായിരുന്നുവെന്ന് തെളിയിക്കുവാൻ ഇതിൽകവിഞ്ഞെന്തു ലഭിക്കണം. ആധുനികരായ ഇൻഡ്യനെഴുത്തുകാർ ബരാണിയുടേയും ബത്തൂത്തയുടേയും വിവരണങ്ങൾ മനഃപൂർവ്വം കെട്ടിച്ചമച്ചതാണെന്നു പറയാൻ മടിക്കുന്നില്ല. ഈശ്വരിപ്രസാദ് ഇതു സ്ഥാപിക്കുവാൻ ഇവരെക്കുറിച്ച് പറയുന്നതിപ്രകാരമാണ്. ''യുക്തിവാദിയും മുസ്ലീം പൌരോഹിത്യനിന്ദയുള്ളവനുമായ സുൽത്താൻ മുഹമ്മതിനെ മനഃപൂർവ്വം ദൂഷണാരോപണം നടത്തുന്ന ബരാണിയും, ബത്തൂത്തയും യഥാസ്ഥിതിക മുസൽമാന്മാരായിരുന്നു''.[12] പക്ഷേ ഇതൊക്കെ പക്ഷപാതപരമായി സുൽത്താനെ രക്ഷിക്കുവാൻ പറയുന്നതാണെന്ന് വിശ്വസിക്കുന്നവരും ദുർല്ലഭമല്ല. ഡോക്ടർ കെ. എം.

9. Barani-Tark-i-Firozshai P 239
10. Ibid
11. Oxford History of India P 239
12. A History of Quaraunah Turks Chapter VIII

പണിക്കർ, ആർ. സത്യനാഥയ്യർ, പ്രൊഫസ്സർ നീലകണ്ഠ ശാസ്ത്രി, ശ്രീവാസ്തവ തുടങ്ങിയവർ ഇക്കൂട്ടത്തിൽപ്പെട്ട വരാണ്. ഇവരെല്ലാം സുൽത്താന്റെ ദുഷ്ടമനസ്ഥിതി യുടെ പ്രതിഫലനമായിട്ടാണ് ഈ പരിഷ്ക്കാരത്തെപ്പറ്റി പ്രതിപാദിച്ചിട്ടുള്ളത്.

എന്നാൽ ഡോക്ടർ ഈശ്വരിപ്രസാദും ആർ. സി. റോയിചൗദ്രിയും തലസ്ഥാനമാറ്റത്തെ സുനിശ്ചിതമായ നല്ല പ്രവർത്തിയായി വ്യവഹരിക്കുമ്പോഴും തന്നെ ജനങ്ങ ളോട് ഒഴിഞ്ഞൊടിപ്പോകുവാൻ കല്പിച്ചതിനെ രൂക്ഷ മായി വിമർശിക്കുന്നു. റോയിചൗദ്രി എഴുതുന്നത് നോ ക്കുക: 'അപരിചിതമായ ഒരു രാജ്യത്തേക്ക് നാടു കടത്ത പ്പെട്ടവരെപ്പോലെ തളർച്ചയും ക്ഷീണവും കൊണ്ട് ധാരാ ളം പേർ വഴിക്കുവച്ചു തന്നെ മരിച്ചു.... തന്റെ തെറ്റ് കുറെ കഴിഞ്ഞ് മനസ്സിലാക്കിയ സുൽത്താൻ തലസ്ഥാ നം വീണ്ടും ഡൽഹിയിലേക്കു മാറ്റുകയും ജനങ്ങളോട് തിരിച്ചുവരുവാൻ പറയുകയും ചെയ്തു. പക്ഷേ വളരെ ചുരുക്കം പേരെ മടങ്ങി വരുവാൻ ജീവിച്ചുള്ളൂ. ഡൽഹിയുടെ പഴയ പ്രാധാന്യവും, സമൃദ്ധിയും നഷ്ടപ്പെടുകയും ചെയ്തു.'[13] 'ഈ തലസ്ഥാനമാറ്റം അത്ര ദുർഘടം സൃഷ്ടിക്കുകയില്ലാ യിരുന്നു, സുൽത്താൻ ഔദ്യോഗികവൃന്ദത്തോട് മാത്രമേ പോകുവാൻ പറഞ്ഞിരുന്നുള്ളുവെങ്കിൽ. എന്നാൽ ഭയങ്കര മായ ഒരു മണ്ടത്തരം അദ്ദേഹം ചെയ്തത് ഡെൽഹിയി ലെ സ്ത്രീപുരുഷ ഭേദമെന്യേ സകലമാന ജനങ്ങളോടും ഒന്ന ടങ്കം ദൌലത്താബാദിലേക്ക് സകല സാധനസാമഗ്രികളോ ടുംകൂടി പോകുവാൻ കല്പിച്ചതിലാണ്.'[14] ഡോക്ടർ ഈശ്വരിപ്രസാദാണ് ഇത് കുറിക്കുന്നത്.

അങ്ങിനെ അനുകൂലികളും പ്രതികൂലികളുമായ മിക്ക വാറും എല്ലാ എഴുത്തുകാരും തന്നെ ജനങ്ങളെ ഒന്നടങ്കം മാറ്റി

13. Ae advance History of India-P. 321.
14. The History of Muslim Rule in India. P. 143.

യതിൽ അധികംപേരെപിടിക്കുന്നവരാണ്. ബത്തൂത്ത പറയുന്നു: 40 ദിവസത്തെ ദുർഘടമായ യാത്രക്കുശേഷമേ ഡൽഹിയിൽ നിന്നും 700 മൈൽ അകലെയുള്ള ദൌലത്താബാദിലേക്കു പോകുവാനൊക്കുമായിരുന്നുള്ളു. അത്രയുംദൂരേക്ക് ആളുകളെ പ്രായഭേദമോ ലിംഗഭേദമോ കൂടാതെ ദുഃശ്ശാഠ്യംമൂലം പറഞ്ഞയച്ച സുൽത്താൻ എത്രതന്നെ മറ്റു കാര്യങ്ങളിൽ യോഗ്യനാണെങ്കിലും തലക്ക് നേരിയ തകരാറെങ്കിലും ബാധിച്ചിട്ടുള്ള ആളായിരുന്നിരിക്കണം! അതുമാത്രമല്ല തന്റെ പദ്ധതി പരാജയമാണെന്ന് കണ്ടപ്പോഴും ബാക്കിയായവരോട് മടങ്ങി വരുവാൻ പറയുകയും ചെയ്യുക. അങ്ങിനെപ്രയാസം ഉണ്ടാക്കിയ സുൽത്താന്റെ പരിഷ്കാരയജ്ഞം അപഹാസ്യവിധേയമാക്കേണ്ടതുതന്നെ! ഏകദേശം രണ്ടു നൂറ്റാണ്ടുകൾക്കുശേഷം മറ്റൊരു പ്രസിദ്ധ ചരിത്രകാരനായ ഫരിഷ്ത രേഖപ്പെടുത്തിയിരിക്കുന്നത്, ഏ. ഡി. 1349–ൽ രണ്ടാം പ്രാവശ്യവും ഡൽഹിയിൽ നിന്നും ദൌലാത്താബാദിലേക്ക് തലസ്ഥാനം മാറ്റിയെന്നാണ്. (ആദ്യത്തേത് 1327 ലാണ്) ചുരുക്കത്തിൽ ഭ്രാന്തനായ ഒരു ചക്രവർത്തിയുടെ തലതിരിഞ്ഞ പ്രവർത്തിയായി മാത്രമേ ഈ ജനങ്ങളെ മാറ്റാൽ ആർക്കും കാണുവാൻ പറ്റുകയുള്ള!

എന്നാൽ സത്യാവസ്ഥയെന്തായിരുന്നു? സുൽത്താൻ ഒരിക്കലും തലസ്ഥാനം മാറ്റുവാൻ ചിന്തിക്കുകപോലും ചെയ്തിരുന്നില്ല. ജനങ്ങളെ അക്കാരണത്താൽതന്നെ മാറിപോകുവാൻ പറഞ്ഞിട്ടുമില്ല. പിന്നെ ഈ കഥക്കിത്രയും പ്രചാരം കിട്ടിയതെന്താണ്? അത് സത്യസന്ധമായി കാണാൻ ശ്രമിക്കുമ്പോഴാണ് നമ്മുടെ ചരിത്ര യാഥാർത്ഥ്യങ്ങളെ ഏതു വിധം വികലപ്പെടുത്തി വളച്ചൊടിച്ചാണ് പ്രതിപാദിച്ചിട്ടുള്ളതെന്ന സത്യം ബോദ്ധ്യമാകുക. സമകാലീന രേഖകളെ അവിശ്വസിക്കേണ്ടൊത്തിടങ്ങളിൽ പോലും അവയെ സ്വന്തം ആശയത്തിനൊപ്പിച്ച് കൃത്രിമരൂപം സൃഷ്ടിക്കുന്ന ആംഗ്ലേയ ചരിത്രകാരന് തുഗ്ലക്ക് മുഹമ്മ

തിന്റെ കാര്യത്തിൽ അദ്ദേഹത്തിന്റെ ചരിത്രകാരന്മാർ തന്നെ ധാരാളം സൗകര്യമായ രേഖകളും നല്ലകളക്ടി ചെയ്യപ്പോഴും സംഗതികളും അറുവഷളായതാണിവിടെ. ഉദ്ദേശ്യപൂർണ്ണമായ ഈ വിവരണങ്ങളുടെ വൈകല്യങ്ങളും മാറ്റി പതിരും കതിരും തിരിച്ചെടുക്കുവാൻ ആരും അത്ര സാഹസപ്പെട്ടതുമില്ല. കാലാകാലമായി അങ്ങനെ ഈ ഭ്രാന്തൻ കഥകളും തുടർന്നു പോരികയും ചെയ്തു. ഇബിനുബത്തൂത്ത ഇന്ത്യയിലേക്ക് കടക്കുന്നതുതന്നെ ഈ തലസ്ഥാനമാറ്റത്തിന്റെ കഥകളൊക്കെ കഴിഞ്ഞു ഏഴുകൊല്ലം കഴിഞ്ഞിട്ടാണ്. കേട്ടുകേൾവിയുടെ അടിസ്ഥാനത്തിലും നാട്ടിൽ തിരിച്ചെത്തിതന്റെ ശ്രോതാക്കളുടെ വാസനക്കനുസൃതമായും സാഹസികനായ ഒരു സഞ്ചാരി അടിച്ചുവിട്ട കഥകളിൽ കവിഞ്ഞുള്ള പ്രാധാന്യം അതിനു നൽകേണ്ടതില്ല. (വിശദമായി ഇക്കാര്യം മറ്റൊരു അദ്ധ്യായത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.) ബരാണിയും ഇസാമിയും എന്തുകൊണ്ടാണിങ്ങനെ എഴുതിയതെന്ന കാര്യവും ഞാൻ വിശദമാക്കിയിട്ടുള്ളതാണ്. ഇവർക്കൊക്കെ സുൽത്താൻ ഒരു പേടിസ്വപ്നമായിരുന്നു.

സുൽത്താൻ തലസ്ഥാനം മാറ്റുകയോ ജനങ്ങളോടു പുതിയ സ്ഥലത്തേക്ക് പോകുവാനാജ്ഞാപിക്കുകയോ ചെയ്തിട്ടില്ലെന്ന് ഞാൻ പറഞ്ഞു. അതിന്നുപോൽബലകമായി നമുക്ക് കിട്ടിയിട്ടുള്ള ആധികാരിക രേഖകളും പരിശോധിക്കാം. ബരാണിയും, ഇബിനു ബത്തൂത്തയും തന്നെ മറ്റു കാര്യങ്ങളും പറയുന്ന കൂട്ടത്തിൽ തലസ്ഥാനം ഡൽഹി തന്നെയായിരുന്നുവെന്ന് പലയിടങ്ങളിലായി പ്രസ്താവിക്കുന്നുണ്ട്. 'ആദ്യം ലഹള നടത്തിയത് മുൽട്ടാനിൽ ബഹിറാം അബീയയായിരുന്നു. ഇത് സുൽത്താൻ ഡിയോഗറിൽ ആയിരിക്കുമ്പോഴാണ്. ഇത് കേട്ടമാത്രയിൽ അദ്ദേഹം തലസ്ഥാനത്തേക്ക് മടങ്ങുകയും അവിടെനിന്നും ഒരു സൈന്യത്തെ ശേഖരിച്ചതിനുശേഷം മുൽട്ടാനിലേക്ക് മാർച്ച് ചെയ്യുകയും ചെയ്തു .....വിജയിയായി ഡൽഹിയിൽ തിരിച്ചുവന്നസുൽത്താൻ പിന്നെ രണ്ടുകൊല്ലം ഡൽഹിയിൽ തന്നെ

കഴിഞ്ഞു'' [15] മുൽട്ടാനിൽ വിപ്ലവം നടക്കുന്നത് 1327–ലാണ്. അക്കൊല്ലമാണ് തലസ്ഥാനം മാറ്റിയ കഥയും പറയുന്നത്. ഞാൻ അടിവരയിട്ടിട്ടുള്ള വാചകം ഒരിക്കൽ കൂടി വായിക്കുക ബരാണിതന്നെ സമ്മതിക്കുന്നു ദേവഗിരിയിൽനിന്നും സുൽത്താൻ തലസ്ഥാനത്തേക്ക് കുതിച്ചുവെന്നും. അവിടെനിന്നും ഒരു സൈന്യത്തെ ശേഖരിച്ചുവെന്നും. തലസ്ഥാനം ഡൽഹിയിൽനിന്നും മാറ്റിയിരുന്നുവെങ്കിൽ തലസ്ഥാനത്തേക്ക് മടങ്ങിയെന്ന് പറയുകയില്ല. അതും തലസ്ഥാനം മാറ്റിയെന്ന് പറയുന്ന അക്കൊല്ലം അധികദിവസം കഴിയുന്നതിന് മുമ്പ്തന്നെ. ''ഒരു പട്ടിയും പൂച്ചയും കൂടി അവശേഷിക്കാത്ത മാതിരി എല്ലാം മരുഭൂമിയാക്കി ജനങ്ങളെ ഒഴിപ്പിച്ചു'' വെന്ന് ബരാണിതന്നെ പറയുന്ന ഡൽഹിയിൽനിന്ന് സൈന്യം ശേഖരിക്കുവാനും ജയിച്ചശേഷം മടങ്ങി രണ്ടുകൊല്ലം അവിടെ കഴിച്ചുകൂട്ടുവാനും എങ്ങിനെ സാധിക്കും?

''സുൽത്താൻ കാനൂജിലായിരുന്നപ്പോഴാണ് മേബാറിൽ ലഹള നടക്കുന്നത്. അവിടെ അയച്ചിരുന്ന പ്രഭുക്കന്മാരെ കൊന്ന് അധികാരം പിടിച്ചപററിയത് സെയ്യിത് ഹസ്സനായിരുന്നു. സുൽത്താൻ ഉടനെ ഡൽഹിയിലേക്ക് വന്നു. തന്റെ സൈന്യബലം വർദ്ധിപ്പിച്ച് ഡിയോഗറിലേക്ക് പുറപ്പെട്ട. അവിടെനിന്നും മേബാറിലേക്ക് പോകുവാൻ വേണ്ടി.'' [16] ''സുൽത്താൻ സന്നയിലേയും സമാനയിലേയും ലഹള അമർത്തിയശേഷം തടവുകാരായി പിടിച്ചവരെ ഡൽഹിയിലേക്ക് കൊണ്ടുവരികയും ചെയ്തു'' [17] ''സർഗ്ഗോരിയിൽനിന്നും മടങ്ങിവന്ന സുൽത്താൻ രണ്ടു മൂന്നു കൊല്ലം ഡൽഹിയിൽ തന്നെയായിരുന്നു. ഭരണകാര്യങ്ങളിൽ വ്യാപൃതനായിക്കൊണ്ട്.'' [18] ഈ പ്രസ്താവങ്ങളൊക്കെ ചെയ്യുന്നത് ''ഡൽഹിയെ നശിപ്പിച്ചെന്നും,

15. Barani–Tarikh–i Firozshai–P. 242
16. Ibid–P. 243
17. Ibid–P. 245
18. Ibid–P. 250

ആ നാശത്തിന്റെ വ്യാപ്തി ഒരു പട്ടിയേയും പൂച്ചയേയും പോലും ഡൽഹിയിൽ കാണാത്തമാതിരിയും കാക്കകൊംപോലും പറക്കാത്ത രീതിയിലുമായിരുന്നുവെന്നും വിവരിച്ച ബരാണിയുടെ തന്നെയാണ്. അപ്പോഴും മേലുദ്ധരിച്ചവയിൽ നിന്നു തന്നെ തലസ്ഥാനവും ജനങ്ങളും മാറ്റപ്പെട്ടുവെന്ന ബരാണിയുടെ വിവരണത്തിനു വിപരീതമായിട്ടദ്ദേഹം തന്നെ എഴുതിയിരിക്കുന്നത് വ്യക്തമാണല്ലോ.

ബത്തൂത്തയുടെ പ്രസ്താവങ്ങളും അത്ര ഗൗരവമായി ഗൗനിക്കേണ്ടതില്ലെന്നു ഞാൻ പറഞ്ഞു. ഒറ്റക്കാര്യം കൊണ്ടേ ബോദ്ധ്യമാകും. ബത്തൂത്ത എഴുതി, എല്ലാവരോടും മാറിപ്പോകാൻ പറഞ്ഞെന്നും മൂന്നുദിവസം തിരച്ചിൽ നടത്തിയതിൽ കണ്ടുകിട്ടിയവർ ഒരു വാതരോഗിയും ഒരന്ധനും മാത്രമായിരുന്നുവെന്നും അവരിൽ ആദ്യത്തെയാളെ കൊല്ലുകയും രണ്ടാമനെ കുതിരക്കാലിൽ കെട്ടി പുതിയ തലസ്ഥാനത്തേയ്ക്ക് വലിച്ചിഴക്കുകയും ചെയ്തുവെന്നും മറ്റും. അങ്ങിനെ ജനങ്ങളൊഴിഞ്ഞ് മരുഭൂവാക്കപ്പെട്ട ഡൽഹിയെ നോക്കി ''എന്റെ ഹൃദയം സന്തുഷ്ടമായി'' എന്ന് സുൽത്താൻ ആശ്ലാഘം കൊണ്ടുവത്രേ. സുൽത്താൻ ഡൽഹിയിൽ ഉണ്ടായിയെന്നു പറയുമ്പോഴും അദ്ദേഹത്തിന്റെ വലിയ സേനയും രാജകുടുംബാംഗങ്ങളും അവരുടെ ഒരു വലിയ സന്നാഹവും ഡൽഹിയിൽ ഉണ്ടായിരുന്നിരിക്കണം. അപ്പോഴും ഡൽഹി വിജനമാകുന്നതെങ്ങിനെ? ''ഡൽഹിയിലെ എല്ലാ കൊട്ടാരങ്ങളും സുൽത്താന്റെ ആവശ്യത്തിനുവേണ്ടിയാണുപയോഗിക്കുന്നത്. അദ്ദേഹത്തിന്റെ ഭൃത്യൻമാരും ഹാരത്തിലെ സ്ത്രീകളും മറ്റെല്ലാവരും അവയിൽ താമസിക്കുന്നു.... സുൽത്താന് 3000 ആനകളും 20000 കവചിത സൈനികരും എപ്പോഴും തയ്യാറായി കൂടെ ഉണ്ടായിരിക്കും.... സുൽത്താൻ ദിവസം രണ്ടുനേരം ജനങ്ങളെ അഭിമുഖീകരിക്കുന്നു. കാലത്തും വൈകിട്ടും. പ്രഭുക്കൻമാരുംപ്പെടെ

20000 പേരെങ്കിലും ഇതിൽ സംബന്ധിക്കാറുണ്ട്. ''....[19] സമകാലികനായ ഉമറിയുടെ പ്രസ്താവവും മനസ്സിൽ കാണുക. പിന്നെ ജനങ്ങളെ തന്നെ ആക്ഷേപിച്ചു കൊണ്ടുള്ള പ്രതികാരം നടത്തിയതാണ് സുൽത്താനെന്നും അത് നടത്തുവാനൊത്തതിൽ ആത്മസംതൃപ്തി കൊണ്ടെന്നും പറയുന്ന ബത്തൂത്ത തന്നെ എഴുതുന്നു: ''മേബാറിൽ ലഹളയൊതുക്കുന്നതിൽ വ്യാപൃതനായിരുന്ന സുൽത്താൻ തന്റെ തലസ്ഥാനമായ ഡൽഹിയിൽ ഇല്ലാതിരുന്നപ്പോഴും രൂക്ഷവും നാശകരവുമായ ക്ഷാമം ഡൽഹിയെ ഗ്രസിച്ചു. അസഹനീയമായി ഇത് വളർന്നതു കണ്ട സുൽത്താൻ 6 മാസത്തെ ഭക്ഷണസാധനങ്ങളും ഡൽഹിയിലെ എല്ലാ ആളുകൾക്കും കൊടുക്കുവാനേർപ്പാടു ചെയ്തു.''[20] ഇതിൽ നിന്നും രണ്ടു സംഗതികളും ചൂണ്ടിക്കാട്ടാം. 1) ''തലസ്ഥാനമായ ഡൽഹിയിൽ സുൽത്താനില്ലാതിരുന്നപ്പോഴും'' എന്ന കാര്യം അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നത് ഡൽഹി തലസ്ഥാനമായിരുന്നുവെന്നുതന്നെയാണ്. 2) ഡൽഹിയിലെ ജനങ്ങളെ നശിപ്പിക്കണമെന്ന് കരുതിയ സുൽത്താനു പ്രകൃതി തന്നെ നൽകിയ അനുഗ്രഹായുധമായിരിക്കണം കടുത്ത ഈ ക്ഷാമം. പക്ഷേ അദ്ദേഹത്തിന്റെ ഈ പ്രവൃത്തി ജനങ്ങളോടുള്ള രോഷത്തെയായിരുന്നില്ല പ്രജാതൽപ്പരതയെയാണ് കാണിക്കുന്നത്. ബത്തൂത്തയുടെ പ്രസ്താവത്തെ അദ്ദേഹത്തിനു തന്നെ എതിർപ്രഖ്യാപനം മൂലം തള്ളേണ്ടതായി വന്നുകൂടുന്നു.

പ്രത്യേക സ്വാർത്ഥമോഹവും നിക്ഷിപ്തതാല്പര്യങ്ങളുമില്ലാതിരുന്ന സമകാലീനരെയാണ് ഇക്കാര്യത്തിൽ വിശ്വസിക്കേണ്ടത്. അവരിൽ പ്രധാനികളത്രേ അൽഉമറിയും ബർണിയും. അൽഉമറിയുടെ 'മസ്സാ

19 Alumeri–Masalik, (trans) M.U. Historical Journal, Aligarh P. 37
20 Kitab-u-Rehla P. 619

ലിക്കും, വായിക്കാത്തവർ ഒരിക്കലും സുൽത്താനെക്കുറിച്ച് അറിഞ്ഞുവെന്ന് ഭാവിക്കുവാൻകൂടി അർഹരല്ലെന്ന് ഞാൻ പറയും. കാരണം അൽഉമറി സുൽത്താന്റെ സേവനവും പ്രതീക്ഷിച്ചുവന്നയാളല്ല. സുൽത്താനോട് ഒരു തരത്തിലും കൂറ് തന്മൂലം ഉണ്ടാകേണ്ടതുമില്ല. ദോഷൈകദൃക്കാകേണ്ട കാര്യവും അദ്ദേഹത്തിനുണ്ടായിരുന്നില്ല. കണ്ട കാര്യങ്ങളും സത്യസന്ധമായി എഴുതിയ അൽഉമറി വെറും പൊങ്ങച്ചക്കാരനുമല്ല. അൽബൈരൂണിയെപ്പോലെ വിജ്ഞനും കലോപാസകനുമായിരുന്നു. അദ്ദേഹം പറയുന്നത് കേൾക്കുക. ''ഇൻഡ്യയുടെ തലസ്ഥാനം ഡൽഹി നഗരമാണ്. ഇതു കഴിഞ്ഞാൽ പിന്നെ ദേവഗിർ എന്നതും, ഈ നഗരം ഇപ്പോഴത്തെ സുൽത്താൻ സ്ഥാപിച്ചതാണ്. അദ്ദേഹമതിന് 'കുത്തുബത്തുംഇസ്ലാം' അഥവാ 'ഇസ്ലാമിന്റെ മുഖ്യകേന്ദ്രം' എന്നാണ് പേരിട്ടത്. ഞാൻ ആറു കൊല്ലങ്ങൾക്കുമുമ്പ് ആ സ്ഥലത്തുനിന്നു പോരുമ്പോഴും കെട്ടിടങ്ങളെല്ലാം പൂർത്തിയായിട്ടുണ്ടായിരുന്നില്ല. സുൽത്താൻ ഈ സ്ഥലത്ത് ഓരോ വിഭാഗം ജോലിക്കാർക്കും വേറെ വേറെ സ്ഥലങ്ങളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. ഓരോ വിഭാഗത്തിലും ആവശ്യമായ എല്ലാ സൗകര്യങ്ങളും ഏർപ്പാടാക്കിയിട്ടുമുണ്ട്. പള്ളികൾ, ചന്തസ്ഥലങ്ങൾ, കിണറുകൾ, അടുപ്പുകൾ മുതലായവയും കൊല്ലൻമാർ തുടങ്ങി ഏതുതരം ജോലിക്കാരേയും അവിടെ താമസിപ്പിച്ചിരുന്നു. തൻമൂലം അവിടെയുള്ളവർക്ക് ക്രയവിക്രയങ്ങൾക്കോ മറ്റെന്തങ്കിലുമാവശ്യത്തിനോ പുറമെ പോകേണ്ടതായി വന്നിരുന്നില്ല. ഓരോ വിജിതവിഭാഗവും ഓരോ പട്ടണമായി രൂപം കൊള്ളുകയാണ്, എല്ലാ സൌകര്യങ്ങളോടും കൂടി.[21]

''അനവധി പട്ടണങ്ങൾ ഒന്നിച്ചുചേർന്ന ഒരു വലിയ നഗരമാണ് ഡൽഹി. ഓരോ പട്ടണത്തിന്റേയും പേര് ഡൽഹിയെന്നുതന്നെ. അത് വിസ്തൃതവും ദീർഘവുമാണ്. ചുരുങ്ങിയത് 40 ചതുരശ്ര നാഴിക വിസ്തീർണ്ണം ഇതിനുണ്ട്''....ഡൽഹിയിൽ ഏകദേശം ആയിരത്തോളം കോളേ

ജുകളുണ്ട്. ഷാഹികളുടെ വക ഒരെണ്ണവും മറെല്ലാം ഹനഫികളുടേതുമാണ്, ഡൽഹിയിൽ ഒട്ടാകെ 70 ആസ്പത്രികളുണ്ട്. അവയുടെ നാമധേയം 'ദാറുൽ ഷിഫാ' (സുഖപ്പെടുത്തുന്ന സ്ഥലം) എന്നാണ്,, [22]

മറൊരു പ്രധാന കാര്യവും കൂടി അൽഉമറി പ്രഖ്യാപിക്കുന്നത് ശദ്ധേയമാണ്. 'രാജ്യത്തിലെ രണ്ടു പ്രധാന നഗരങ്ങളായ ഡൽഹിയും ഡിയോഗീറിനുമിടക്ക് അടുത്തടുത്ത് സ്ഥലങ്ങളിലായി തമ്പോറടിക്കുവാൻ ഏർപ്പാടു ചെയ്തിട്ടുണ്ട്. എന്തെങ്കിലും ഒരു സംഭവം നടന്നാൽ ഉടനെ തമ്പോറടിക്കുന്നു. ഒരു സ്ഥലത്തുനിന്നും അതിന്റെ ശബ്ദം കേട്ടാൽ ഓരോ പോസ്റ്റിൽനിന്നും തുടർന്ന് ശബ്ദമുണ്ടാക്കുന്നു. തൻമൂലം ഈ രണ്ടു തലസ്ഥാനത്തിനുമിടക്ക് എന്തു സംഭവിച്ചാലും സുൽത്താന് നിഷ്പ്രയാസം താമസം കൂടാതെ അറിവ് ലഭിക്കുകയും ചെയ്തിരുന്നു. ഈ നഗരങ്ങളിലെ ഗെയിറ്റുകളം എപ്പോഴും തുറക്കുന്ന എപ്പോഴും അടക്കുന്നുവെന്നതുകൂടി ഇതുകാരണമറിയാൻ സുൽത്താനൊക്കുമായിരുന്നു.' [23]

തലസ്ഥാനം ഡൽഹിയിൽനിന്നും മാറിയിരുന്നുവെങ്കിൽ അൽഉമറി അതു രേഖപ്പെടുത്തുമായിരുന്നു. ജനങ്ങളോട് മാറാനാവശ്യപ്പെട്ടിരുന്നുവെങ്കിലും തീർച്ചയായും ഡൽഹിയെ ബാധിച്ച ഏറ്റവും ഭീകരമായ അക്കാര്യം ഒരാളും മറച്ചുവെക്കുവാനൊക്കുമായിരുന്നില്ല. അൽഉമറി രണ്ടു തലസ്ഥാനങ്ങളുടെ കാര്യം കുറിക്കുന്നത് പ്രത്യേകം ഓർമ്മയിൽവെച്ചിട്ടുവേണം തുടർന്നുള്ള കാര്യങ്ങളിലേക്ക് കടക്കുവാൻ. യാഹിയാ സർഹിണ്ടി തുഗ്ലക്കിന്റെ കാലത്ത് ഡൽഹിയിലുണ്ടായിരുന്ന ഖാസാനിലെ കച്ചവടക്കാരുടെ അഭി

21. Masalik–translated by Ottospice, AbdulRasheed and Moinul Haq–M. U. Historical Journal, P. 37
22. Ibid. 36
23. Ibid

വൃദ്ധിയെപ്പറ്റി പറയുന്നിടവും നമുക്ക് പ്രയോജനകര മാണ്. ''ഈ പ്രബുദ്ധമായ നഗരി (ഡൽഹി) യിലുള്ള മിക്കവാറും വലിയ കെട്ടിടങ്ങളൊക്കെയും അവരുടെ വക യാണ്. അടിമകൾ, സ്വർണ്ണം, വെള്ളി, കടലാസ്സ്, പു സ്തകങ്ങൾ തുടങ്ങി സർവ്വത്ര സാധനങ്ങളും അവർ വാങ്ങി ഖരസാനിലേക്കു അയച്ച് വ്യാപാരം നടത്തുന്നു'' [24]തല സ്ഥാനമാറ്റം നടന്നെന്നു പറയുന്ന കാലത്തെക്കുറിച്ചതന്നെ യാണ് മറ്റൊരു സമകാലീന ചരിത്രകാരൻ ഈ വിവരണം രേഖപ്പെടുത്തിയിട്ടുള്ളത്.

അൽഉമറിയുടെ സഞ്ചാരക്കുറിപ്പടങ്ങുന്ന മസാലിക്കുൽ അബ്സാർവ മമാലിക്കുൽ അംസാർ എന്ന ഗ്രന്ഥത്തിന്റെ അഞ്ചുവാള്യങ്ങളിൽ അക്കാലത്തെ മറ്റു പത്തു സഞ്ചാ രികളുടെ യാത്രവിവരണങ്ങൾക്കൂടി ഉൾക്കൊള്ളുന്നുണ്ട്. താഴെ പേരെഴുതുന്ന ഈ അറബിസഞ്ചാരികളാരും തന്നെ ഡൽഹിവിജനമാക്കിയെന്നോ, തലസ്ഥാനം മാറ്റിയെന്നോ പറയുന്നില്ലെന്നതിനു, പുറമേ ദൌലത്താബാദിനെ പുകഴ് പെറ്റ ഒരു നഗരമാക്കി സുൽത്താൻ ഉയർത്തിയെന്നും രണ്ടാം തലസ്ഥാനത്തിന്റെ പദവി അതിന് നൽകിയെന്നും പ്രസ്താവിക്കുകയും ചെയ്യുന്നു. മുഹമ്മദ് ഇബിനു അബ്ദുറഹിമാൻ, ഷെയിക്ക് മുഹമ്മദ് ഇബിനു മുഹമ്മദ്, ഷെയിക്ക് ബാർഹനുദ്ദീൻ അബൂബക്കർ ഇബിനു ഖല്ലാൽ ബസ്സി, അല്ലാമ സിറാജുദ്ദീൻ അബൂസഫാഉമർ ഇബി നു ഇസ്ഹാക്ക്, ഖാസി നിസാമുദ്ദീൻ, യാഹിയ ഇബിനു അൽ--ഹാക്കിം, അലി ഇബിനു മൻസൂർ അകപലി, ഖാസി ഉൽഖസാത്ത് അബൂമുഹമ്മദ് അൽഹസ്സൻ, ഇബിനുമുഹമ്മദ് ഗോറി, ഷെയിക്ക്മുഹമ്മദ് ഖജാൻഞ്ചി എന്ന വരിൽ അവസാ നം പറഞ്ഞദ്ദേഹം ഡൽഹിൽ വളരെക്കാലം താമസിക്കുകയും സുൽത്താൻ മുഹമ്മദിന്റെ സൈന്യത്തിൽ സേവനമനുഷ്ഠി ക്കുകയും ചെയ്തിരുന്നു. അൽ ഉമറി ഉൾപ്പെടെ ഈ 11

24. Tarikh-i-Mubarakshai-P.110

പേരും ഡൽഹിയിൽ നിന്നും തലസ്ഥാനം മാറ്റി എന്ന് പറയുന്ന 1327 ന് ശേഷം 10 വർഷത്തിനിടയ്ക്ക് വി വരങ്ങളും ശേഖരിച്ച് പുസ്തക നിർമ്മാണം നടത്തിയവ രാണ്. ബത്തൂത്തയും, ബരാണിയും, ഇസാമിയും പറയു ന്നതുപോലെ ഡൽഹിയിൽ നിന്നും തലസ്ഥാനം മാറ്റി യിരുന്നെങ്കിലോ, ജനങ്ങളെ മുഴുക്കെ ദിയോഗീറിലേക്ക് പറ ഞ്ഞയച്ചിരുന്നുവെങ്കിലോ ഇവരിലാരെങ്കിലും ചിലരെ ങ്കിലും ഈ വലിയ സംഭവങ്ങളറിയാതേ പോകുകയോ, രേഖ പ്പെടുത്താതിരിക്കുകയോ ചെയ്യുമായിരുന്നില്ല.

ചുരുക്കത്തിൽ ഉണ്ടായ സംഭവം സുൽത്താൻ ഒരു രണ്ടാം തലസ്ഥാനം, ദേവഗിരിയിൽ സ്ഥാപിച്ചുവെന്നത് മാത്ര മാണ്. ഫാറാവും ബുദ്ധീകൂർമ്മതയിൽനിന്നുമുണ്ടായ സദ്ഫലമായിരുന്നു ഈ പദ്ധതി. രാജ്യത്തിന്റെ സുര ക്ഷിതത്വവും ഭരണനിർവ്വഹണത്തിന്റെ അനായസത യുമായിരുന്നു പ്രധാനലക്ഷ്യം. പുറമെ തെക്കൻ ദിക്കു കളിൽ ഇസ്ലാമിക സംസ്കാരത്തിന്റെ അഭിനിവേശവും സുൽത്താൻ കണക്കാക്കിയിരിക്കും. മറ്റൊരാശ്രയും അതി നു മുമ്പും പിമ്പും തോന്നിയിട്ടില്ലാതിരുന്ന മഹനീയമായ ഈ പ്രവർത്തിയെയാണ് ഭ്രാന്തൻനയമായാരോപിച്ച് ക്രാന്ത ദർശിയായ സുൽത്താനെ കിറുക്കനായി ചിത്രീകരിച്ചിട്ടു ള്ളത്. ആസൂത്രിതവും സുചിന്തിതവും ആയ ഒരു പദ്ധ തിയായിരുന്നു ഇതെന്നകാര്യം അവിതർക്കിതമാണ്. അതു കൊണ്ടുള്ള ഫലം സുൽത്താനുദ്ദേശിച്ചതുപോലെ തന്നെ വിജയവുമായിരുന്നുവെന്ന് നമുക്കു കാണാം.

അതിനു മുമ്പ്രണ്ടാമത്തെ ആരോപണമായ ജനങ്ങളെ മാറ്റിയ കഥ പ്രചരിപ്പിച്ചത് എങ്ങിനെയാണെന്നുകൂടി പരതി നോക്കേണ്ടതുണ്ട്. ബത്തൂത്ത പറയുന്നതുപോലെ പെട്ടെന്നൊരു ദിവസം സുൽത്താൻ ജനങ്ങളോട് കോപിച്ച് തലസ്ഥാനം മാറ്റിയതല്ല. ബത്തൂത്ത തന്നെ ദേവഗിരി യിൽ സുൽത്താൻ പണികഴിപ്പിച്ച കെട്ടിടങ്ങളുടേയും,

പള്ളികളുടെയും, വ്യാപാരകേന്ദ്രങ്ങളുടേയും അവിടേയ്ക്കുള്ള വഴികളുടേയും കാര്യം തുടർന്നു വിവരിക്കുന്നതിൽ നിന്നും ആലോചനാപൂർവ്വം മുൻകരുതലോടുകൂടി ചെയ്ത പ്രവർത്തിയായിരുന്നു ഇതെന്ന് വ്യക്തമാകും. ഷാജഹാന്റെ ചരിത്രകാരനായ അബ്ദുൽഹമീദ് ലാഹോറിയും 17ാം നൂറ്റാണ്ടിലെ സകല സഞ്ചാരികളും ഡിയോഗീറിന്റെ പ്രത്യേകതകളും സമൃദ്ധിയും ചൂണ്ടികാട്ടുന്നുണ്ട്. അൽ ഉമറിയുടെ വിവരണം നാം നേരത്തെ പ്രസ്താവിച്ചതാണ്. ബരാണിയും ഇസാമിയും സുൽത്താൻ ചെയ്തിരുന്ന സജ്ജീകരണങ്ങളും സൗകര്യങ്ങളും വിവരിക്കാൻ വിട്ടുപോയിട്ടില്ല, സുചിന്തിതമായ ഒരു നൂതനാശയം രൂപം കൊണ്ടതായിരുന്നു ദൗലത്താബാദ്. ഒരു രണ്ടാം തല സ്ഥാനം സൃഷ്ടിച്ചപ്പോഴേ സുൽത്താൻ തന്റെ വിശ്വസ്തരായ സേനാധിപന്മാരിൽ ചിലരോടും, ഉദ്യോഗസ്ഥന്മാരിൽ പറഞ്ഞിയവരോടും പണ്ഡിതന്മാർ തുടങ്ങിയ ചുരുക്കം ചിലരോടും ഡൽഹിയിൽനിന്നും ദൌലത്താബാദിലേയ്ക്ക് പോകുവാൻ കല്പിച്ചു. ദേവഗിരിയിൽ മുസ്ലീം പ്രഭുക്കന്മാരും പണ്ഡിതന്മാരും തുലോം ദുർല്ലഭമായതിനാലാണ് ഇസ്ലാമിക സംസ്കാര പ്രചാരണത്തിനായി മുഹമ്മദ് തുഗ്ലക്ക് തന്റെ മുസ്ലീം പ്രഭുക്കന്മാരോടും, പണ്ഡിതന്മാരോടും, കവികളോടും മറ്റും പോകാനാവശ്യപ്പെട്ടത്. ഒട്ടാകെ 1200 മുസ്ലീം പ്രഭുകുടുംബങ്ങൾക്ക് അങ്ങിനെ ദൗലത്താബാദിലേക്ക് പോകേണ്ടതായിവന്നു. ഒറ ഹിന്ദുവിനേയും ഡൽഹിയിൽ നിന്നും പറഞ്ഞയച്ചിരുന്നില്ല. മുഹമ്മദ് ഇബിന് മുബാറക്ക് എന്ന ദൃക്സാക്ഷി തന്റെ 'സിയാറുൽ ഔലിയ' എന്ന ഗ്രന്ഥത്തിന്റെ 27 മുതൽ 75 വരെയുള്ള പുറങ്ങളിലായി ഇത് വിവരിച്ചിട്ടുണ്ട്. മുസ്ലീംകളോട് മാത്രമേ പോകാനാവശ്യപ്പെട്ടുള്ളു എന്ന് അദ്ദേഹം തറപ്പിച്ചു പറയുകയും ചെയ്യുന്നുണ്ട്. അതുകൊണ്ട് തന്നെ ഡൽഹി വിജനമായിരുന്നില്ലെന്ന് അനുകൂലസിദ്ധമാണല്ലോ.

അക്കാലത്ത് ജനങ്ങൾക്ക് ഇത് പുത്തരിയായിരുന്നു. ഒരിയ്ക്കലും ഒരു സ്ഥലത്തുനിന്ന് മറെറാരിടത്തേയ്ക്ക് പോകുക അചിന്തിതമായിരുന്നുഅന്നുള്ളവർക്കൊക്കെതന്നെ. പോകാൻ കല്പന കൊടുത്തവരിൽ ചരിത്രകാരനായ ഇസാമിയും കവിയും കലാകാരനുമായ ബദർ ചാച്ചയും ഉൾപ്പെട്ടിരുന്നു. ഇസാമിയുടെ മുത്തച്ഛൻ പ്രായാധിക്യം കൊണ്ടാണെങ്കിലും വഴിക്കുവച്ചു മരിച്ചു. നൂറാണ്ടുകളും തന്നെ ഡൽഹിയും പരിസരവുമായി കഴിഞ്ഞിരുന്ന അവർക്കൊക്കെ സുൽത്താന്റെ പ്രവൃർത്തി അധികഠിനവും കൊടും ക്രൂരതയുമായി അനുഭവപ്പെട്ടു. എന്നാൽ പോകാൻ പറഞ്ഞവർക്കൊക്കെ സമൃദ്ധിയായി പണവും വാഹനസൗകര്യങ്ങളും എല്ലാം നിർലോഭം കൊടുത്തിരുന്നുവെന്ന് ബരാണിയും ഇസാമിയും ഒക്കെ എഴുതിയിട്ടുണ്ട്. അതിലൊന്നിലുമല്ല സങ്കടം. പരമ്പരാഗതമായി കഴിഞ്ഞിരുന്ന ഡൽഹിയിൽനിന്നും സ്വർഗ്ഗത്തിലേക്കാണെങ്കിലും പോകുവാനൊരുക്കമില്ലാതിരുന്നവരെ പറഞ്ഞയച്ചതിലാണ് പരാതി. ശിപായിലഹളയ്ക്കുള്ള ഒരു കാരണം പട്ടാളക്കാരെ മറ്റു പ്രവശ്യകളിലെ സേവനങ്ങൾക്കു വിളിച്ചതായിരുന്നുവെന്നുകൂടി ഓർക്കുക. അതിനു 500 കൊല്ലം മുമ്പാണ് സുൽത്താൻ തന്റെ ഉദ്യോഗസ്ഥന്മാരോട് 1120 കി. മീ. അകലെ മാറിപ്പോകുവാൻ പറഞ്ഞത്. ഇന്നും ഒരു സംസ്ഥാനത്തിലുള്ള ഉദ്യോഗസ്ഥന്മാരെ സ്ഥലം മാറുന്നതിൽ അവർക്കുള്ള പ്രയാസവും എതിർപ്പും നമുക്കറിയാവുന്നതാണല്ലോ. അപ്പോൾ അപരിചിതവും ബരാണി വിശേഷിപ്പിക്കുന്നതുപോലെ 'അവിശ്വാസികളുടെ നാടു' മായ ദൌലത്തബാദിലേക്ക് അക്കാലത്ത് പോകേണ്ടതായി വന്ന ജനങ്ങളുടെ അങ്കലാപ്പും എതിർപ്പും അനുകൂതസിദ്ധമാണല്ലോ. അത്തരക്കാർ പറഞ്ഞു പരത്താവുന്ന കഥകളും ഊഹിക്കാവുന്നതേയുള്ളു.

എന്നിട്ടും ജനങ്ങളെ മുഴക്കെ മാറി എന്ന കഥ വിസ്തരിക്കപ്പെട്ടിട്ടില്ല. സുൽത്താന്റെ വിശ്വസ്തരായ ആശ്രിതരോട് ദൌലത്താബാദിലെ രേണമേറെടുക്കുവാനാവശ്യ

പ്പെടുക മാത്രമാണ് ചെയ്തതെന്ന് നാം പറഞ്ഞു. പക്ഷേ മറെറാരു പ്രധാനകാര്യം ഓർക്കേണ്ടതുണ്ട്. മദ്ധ്യകാലഘട്ടത്തിൽ ഒരു പ്രഭുവിൻെറ കുടുംബം എന്നു പറഞ്ഞാൽ ഒട്ടനവധി ആളുകളെ ഉൾക്കൊള്ളുന്ന ഒന്നായിരുന്നു അത്. ''ഒരു ഖാൻ 10000 കുതിരകളുടെ സൃഷ്ടിപ്പുകാരനാണ്. മാലിക്കാകട്ടെ 1000 കുതിരപ്പടയുടെ നേതാവും. അമീറിൻെറ കീഴിൽ 100 അശ്വാരൂഢരായ ഭടന്മാരുമുണ്ട്.'' [25] പട്ടാളത്തിനു പുറമേ വേലക്കാരും ഷണ്ഡന്മാരും ആശ്രിതന്മാരുമുണ്ടായിരുന്നു. അക്കാലത്ത് ഒരു പ്രഭുവിൻെറ പദവി നിശ്ചയിച്ചിരുന്നത് തൻെറ ഹാരത്തിൽ (സ്ത്രീകൾക്കുവേണ്ടിയുള്ള അരമന) എത്രയധികം സ്ത്രീകളുണ്ടോ അതനുസരിച്ചായിരുന്നു. രണ്ടു പ്രഭുക്കന്മാർ തമ്മിൽ കണ്ടുമുട്ടുമ്പോൾ അവർ ചോദിച്ചിരുന്നത് നിങ്ങളുടെ ഹാരത്തിൽ എത്ര സ്ത്രീകളുണ്ട് എന്നാണ്. വർദ്ധിച്ച എണ്ണം അദ്ദേഹത്തിൻെറ ധനശേഷിയുടേയും പ്രൗഢിയുടേയും പ്രഖ്യാപിതലക്ഷണമായി കരുതിയിരുന്നു. താങ്കൾക്ക് എത്ര ഏക്കർ സ്ഥലമുണ്ട് എന്നു ചോദിച്ച് ഒരാളുടെ ധനശേഷി വിലയിരുത്തുന്ന ഇന്നത്തെ രീതിപോലെതന്നെ. അപ്പോൾ ഒരു ഖാനോ, മാലിക്കോ, അമീറോ ഒരു സ്ഥലത്തുനിന്നും മറെറാരിടത്തേക്കു പോകുന്നുവെന്നു പറഞ്ഞാൽ ഒരു പറ്റം ജനങ്ങൾ പോകുകയെന്നാണർത്ഥം. ഇവിടെ ദിയോഗീറിലേക്ക് അവശ്യമായ ഉദ്യോഗസ്ഥൻമാരേയും പണ്ഡിതൻമാരേയും പറഞ്ഞയച്ച സുൽത്താൻ പ്രത്യേകമായൊന്നും ചെയ്തില്ല. അക്കാലഘട്ടത്തിൻെറ സ്വഭാവമനുസരിച്ച് പോയ ആളുകൾ അവരുടെ ആശ്രിതരേയും മറ്റു സന്നാഹങ്ങളേയും കൊണ്ടുപോയി എന്നുമാത്രം. അപ്പോൾ ഒരു ജനപ്രവാഹം അതുമൂലമുണ്ടായിക്കാണും. അനസ്യൂതം ഇടതൂർന്നുവന്ന ഈ ജനപ്രളയം കണ്ട് ഡൽഹിയുടെ പ്രാന്തപ്രദേശങ്ങളിലെ ജനങ്ങൾ അത്ഭുതസ്തബ്ധരായിരുന്നിരിക്കണം. അവരുടെ

25 Masalik op. cit. P. 38

അന്വേഷണത്തിൽ സുൽത്താന്റെ ആജ്ഞാനുസരണമാണ് ഈ വിലാപയാത്രയെന്ന് അവരൊക്കെ പറഞ്ഞുകാണും. ഇതൊരു ശിക്ഷയായി കണക്കാക്കിയിരുന്ന അവരത്രയും ശിക്ഷക്ക് വിധേയമായത് തങ്ങൾ മാത്രമല്ലെന്ന് സ്ഥാപിക്കുവാൻ വേണ്ടിസകല ജനങ്ങളോടും പോകുവാൻ കല്പിച്ചിട്ടുണ്ടെന്നും മറ്റും പറഞ്ഞുകാണും. പ്രതികാരത്തോടും സങ്കടത്തോടുംകൂടി പലകളുംകഥകളും ഓരോരുത്തരുടെ ഭാവനക്കൊപ്പിച്ച് പ്രചരിപ്പിച്ചുമിരിയ്ക്കും, താൽക്കാലികമായ സങ്കടവും വികാരവൈവശ്യവും കൊണ്ട്. വളരെ കഴിഞ്ഞ് ഇവിടെവന്ന ബത്തൂത്തക്ക് അങ്ങിയെയാണ് ഈ കഥകൾ ലഭിക്കുന്നത്. അല്ലാതെ തലസ്ഥാനം മാറ്റുകയോ ജനങ്ങളോട് മുഴുക്കെ പോകുവാൻ പറയുകയോ ചെയ്തില്ല. ഒരു കിറുക്കൻനയവും ആയിരുന്നില്ല ഇത്. പുതിയ ഒരു തലസ്ഥാനം തെക്കനതിർത്തിയിൽ സ്ഥാപിച്ച സുൽത്താൻ രാജ്യരക്ഷാപരമായ ഭരണനൈപുണ്യമാണ് പ്രദർശിപ്പിച്ചത്. തന്റെ ഉദ്യോഗസ്ഥൻമാരോടുതന്നെ വേണമല്ലോ അവടത്തെ ഭരണനിർവ്വഹണം ചെയ്യുവാനാവശ്യപ്പെടുക. ഇതുരണ്ടുമേ തുഗ്ളക്ക് മുഹമ്മദും ചെയ്തുള്ളു. സ്ഥലം മാറി പോകുന്ന ഒരു ഉദ്യോഗസ്ഥനു ഇക്കാലത്തുപോലും ഉണ്ടാകുന്ന അസൗകര്യം കണക്കിലെടുക്കുമ്പോൾ അക്കാലത്ത് വളരെ പ്രയാസം കുറേപ്പേർ സഹിച്ചിരിക്കും എന്നു തീർച്ചയാണ്. അത്തരക്കാർ ഇതിനേക്കാൾ ഭയങ്കരമായ കഥകളും പ്രചരിപ്പിക്കും. പക്ഷേ ഇന്നു നമുക്കിത്തരം പരിഷ്ക്കാരങ്ങളെ മണ്ടത്തരമാണെന്നോ, തന്റെ ഉദ്യോഗസ്ഥൻമാരെ സ്ഥലം മാറ്റിയത് ക്രൂരത കൊണ്ടാണേന്നോ പറയാനൊക്കാത്തപ്പോൾ വസ്തുനിഷ്ഠമായി കാര്യങ്ങൾ കാണാവുന്നതേയുള്ളു.

ആദർശശാലിയായ മുഹമ്മതിന്റെ ഈ പദ്ധതി പ്രാവർത്തികമായപ്പോൾ ഡിയോഗീർ ഇൻഡ്യയിലെ പ്രധാന നഗര

ങ്ങളിൽ രണ്ടാമത്തേതായി വളർന്നു. സുൽത്താൻതന്നെ എത്ര അഭിമാനത്തോടുകൂടിയാണ് തന്റെ സൃഷ്ടിയായ ഈ നഗരത്തെക്കുറിച്ച് പറയുന്നതെന്നു കേൾക്കുക. ബദർചാച്ചയാണിത് രേഖപ്പെടുത്തിയിട്ടുള്ളത്. 'ഹിജറാ 745 ഷഹബാൻ ഒന്നാം തീയതി സുൽത്താനിൽനിന്നും എനിക്കിങ്ങനെ ഒരു കല്പന കിട്ടി 'അല്ലയോ ബദർ, കവിയായ ജമീൽമാലിക്കും അടിമയായ നെക്രോണും ഒന്നിച്ച് റസ്റത്തിന്റെ പ്രൗഢിയോ കൂടി പോകാനൊരുങ്ങുക. രണ്ടു ലോകത്തിന്റെയും സംരക്ഷകൻ നിങ്ങളെ തുണയ്ക്കട്ടെ. സർവ്വചരാചരങ്ങളുടെയും അധിപൻ നിങ്ങളിൽ കനിയുകയും ചെയ്യട്ടെ. ദിയോഗീറിലേയ്ക്കല്ല, ഞാനതിനെ ദൗലത്താബാദ് എന്നുവിളിക്കുന്നു. അംബരചുംബികളാണ് അതിന്റെ കോട്ടയും കെട്ടിടങ്ങളും. അത് എന്റെ രാജ്യത്തിലെ ഒരുബിന്ദുമാത്രമാണെങ്കിലും ആയിരം ജാംഷഡിനേക്കാൾ കമനീയമാണ്. അവിടത്തെ ഗവർണ്ണരായ കുത്ലുഖാന്റെ അടുക്കൽ ചെല്ലുകയും ഈ വിജ്ഞാപനം നൽകി അതിഥ്യവും സമൃദ്ധിയും സ്വീകരിക്കുകയും ചെയ്യുകയും....'' [26] സുൽത്താന്റെ ഈ കത്തിൽ കാണിക്കുന്ന സൗഹൃദവും വിനയവും സ്നേഹവുമെല്ലാം ബത്തൂത്തയുടേയും ബരാണിയുടേയും പക്ഷപാതപരമായ പ്രസ്താവങ്ങളെ കടപുഴക്കി എറിയുവാൻ പര്യാപ്തമാണ്. നൈമിഷികമായ വികാരാവേശം കയറി കലികൊണ്ട സുൽത്താനെയല്ല നാമിതിൽ കാണുന്നത്. ഉന്നതനായ ഒരു ഭരണപാടുവിനെയത്രേ. ബരാണിയുടേയും നിസാമിയുടേയും ആക്ഷേപം ''അവിശ്വസികളാൽ ആവൃതമായ അമുസ്ലീംകളുടെ നാട്ടിൽ പലർക്കും അന്ത്യവിശ്രമം ചെയ്യേണ്ടതായിവന്നതിലാണ്.'' ഇതുകൊണ്ടുതന്നെ വ്യക്തമാക്കാനൊക്കും കുറെ മുസ്ലീം പ്രഭുക്കന്മാരോടു മാത്രമേ ഡൽഹിയിൽ നിന്നും പോകാൻ പറഞ്ഞിരുന്നുള്ളുവെന്ന്. ഡൽഹിയിലെ ജനങ്ങളോടു മുഴുക്കെ പോകുവാനാജ്ഞാപിച്ചിരുന്നെങ്കിൽ ഒറ്റയൊറ്റയായി ഇത്തരം കത്തുകൾ സുൽത്താനയക്കുമായിരുന്നോ?

26. Kasaid of Badr Chach– Elliot and Dowson Vol III, P. 570

നമ്മുടെ ഈ ചരിത്രകാരന്മാർ 'ജനങ്ങൾ' എന്നു ദ്ദേശിച്ചിരുന്നത് സമൂഹത്തിലെ മേലേത്തലപ്പത്തിരുന്നിരുന്ന ചുരുക്കം പ്രമാണിമാരെ മാത്രമായിരുന്നു. അവരുടെ ദൃഷ്ടിയിൽ 95 ശതമാനം സാധാരണക്കാരും മനുഷ്യാവകാശങ്ങളോ ഭരണകാര്യങ്ങളിൽ പങ്കാളിത്തമോ ഇല്ലാത്ത വെറും അടിമകളോ ആശ്രിതരോ ഒക്കെയാണ്. ജനങ്ങൾ എന്നതുകൊണ്ടവർ കണക്കാക്കിയിരുന്നത് സമൂഹത്തിലെ പ്രധാനികളും ഭരണകാര്യങ്ങളിൽ കുറെയൊക്കെ കൂട്ടാളികളുമായ പ്രഭുക്കന്മാരെ മാത്രമായിരുന്നു. അവരിൽ ചിലരോടു പോകാൻ പറഞ്ഞതുകൊണ്ടാണ് ജനങ്ങളോട് മുഴുക്കെ പോകാൻപറഞ്ഞെന്നു വന്നുകൂടിയതും. ബരാണി തലസ്ഥാനമാറ്റക്കാരും പറയുന്നിടത്ത് ഇത് അറിയാതെ എഴുതി പോയിട്ടുണ്ട്. ''ദൌലത്താബാദെന്ന് നാമകരണവും ചെയ്തു ഡൽഹിയിൽനിന്നും അവിടേക്ക് തലസ്ഥാനം മാറ്റുകവഴി ഡൽഹി നശിക്കുകയും അവിടത്തെ പ്രധാനികൾക്ക് പ്രയാസം നേരിടുകയും ചെയ്തു'' എന്നാണ്. ഊന്നൽകൊടുത്ത ഭാഗം ശ്രദ്ധിച്ചാൽ ബരാണി അറിയാതെതന്നെ നാം എത്തിച്ചേരുന്ന നിഗമനത്തിന്നുപോൽബലകമായാണ് പ്രസ്താവിച്ചിരിക്കുന്നത് എന്ന് ബോദ്ധ്യമാകും.

സുൽത്താന്റെ ഈ തലസ്ഥാനനിർമ്മാണം വെറും പരീക്ഷണമോ, റോയ്ചൗദ്രിയും ഫരിഷ്ടയുമൊക്കെ പറയുന്നതുപോലെ വെറും പരാജയമോ ആയിരുന്നില്ല. അത് ഫലവത്തായപ്പോൾ സുൽത്താനുദ്ദേശിച്ചിരുന്ന കാര്യങ്ങൾ സമ്പൂർണ്ണവിജയംകണ്ടു. ''മാബാറിൽ ലഹളയുണ്ടായ സന്ദർഭത്തിൽ'' ഡിയോഗീറിൽചെന്ന് വിശ്രമമെടുത്തശേഷമാണ് അവിടേക്ക് പുറപ്പെട്ടത്.''[27] ഡൽഹിയിൽനിന്നും ഒറ്റയടിക്ക് സൈന്യത്തെ നയിച്ച് കഷ്ടീണിക്കേണ്ട അവസ്ഥ ഡിയോഗീർ രണ്ടാം തലസ്ഥാനമാക്കിയതുകൊണ്ടുണ്ടായില്ല. ഭരണനിർവ്വഹണം സുഗമമാക്കുവാനും കാര്യശേഷിയോടുകൂടി സംഗതികൾ നടത്തുവാനും ഒത്തു. ''സുൽത്താൽ മുഹമ്മതിന്റെ ഡെക്കാൻ പരീ

27 Barani –op cit P.24

ക്ഷണം തെക്കൻ ദിക്കുകളിൽ സാംസ്കാരികമായ മാറ്റം വേഗത്തിലുണ്ടാക്കി. ഡൽഹി സുൽത്താൻമാരുടെ ചരിത്രത്തിൽ ഈ കാലത്തേതുപോലെ വടക്കേയിൻഡ്യയുടെ സാംസ്കാരികാഭിനിവേശം ഇത്ര ശക്തവും യാഥാർത്ഥ്യവുമായി തെക്കൻ രാജ്യങ്ങളിൽ മുമ്പൊരിക്കലും ഫലിച്ചിട്ടില്ല. ഡൽഹി മുതൽ ദൌലത്താബാദ് വരെ ഇപ്പോഴും ഒറ്റ ഒരു ലോകമായിത്തീർന്നു. സന്യാസിമാർ, പണ്ഡിതൻമാർ, കവികൾ, ഉദ്യോഗസ്ഥൻമാർ ഇവരൊക്കെ ഡൽഹിയും ഡിയോഗീറും തമ്മിലുള്ള ദൂരം നിരന്തരസമ്പർക്കം കൊണ്ട് ദൂരീകരിച്ചതുമൂലം നൂറ്റാണ്ടുകളായി ജനങ്ങൾ കൊതിച്ചിരുന്ന സ്വപ്നം സഫലീകരിക്കുകയാണ് ചെയ്തത്.'' 28

ഇങ്ങനെ ഇസ്ലാമിക സംസ്കാരപ്രചാരണം ഫലവത്താക്കുകയെന്ന സുൽത്താന്റെ ലക്ഷ്യങ്ങളിലൊന്ന് വിജയിക്കുകയും ചെയ്തു. പിന്നീട് ദൌലത്താബാദ് ആസ്ഥാനമാക്കിക്കൊണ്ട് ഭാമിനിസാമ്രാജ്യത്തിന്റെ ഉദയവും തെക്കൻരാജ്യങ്ങളിൽ മുസ്ളീം ആധിപത്യത്തിന്റെ തുടക്കവും സുൽത്താന്റെ ദീർഘദൃഷ്ടിയുടെ ഫലമായി സംജാതമായതാണ്. ഇസ്ലാമിക സംസ്കാരമെന്നും ഇസ്ലാമിക സംസ്ഥാനമെന്നും മറ്റും കേൾക്കുമ്പോഴേക്കും ഹാലിളകുന്നവർക്ക് സുൽത്താന്റെ പ്രവൃത്തി ഏറ്റവും നിഷിദ്ധമായും അഗോചരമായും തോന്നാം. ഒരു പ്രവർത്തിയെ വിലയിടേണ്ടത് അത് നടപ്പിലാക്കിയവരുടെ ഉന്നം എത്രമാത്രം വിജയിച്ചുവെന്ന് നോക്കിയാണ്; അല്ലാതെ ആ പ്രവർത്തി നമുക്ക് പറഞ്ഞതാണോ എന്ന് കണക്കാക്കിയല്ല. നമുക്ക് പറ്റാത്തതാണെങ്കിൽ കൂടിയും അതിനു തുനിഞ്ഞവരുടെ ഉദ്ദേശ്യശുദ്ധിയെ മാനിക്കുകയും അതിൽ അവർ വിജയിച്ചെങ്കിൽ അവർക്കതിന്നുള്ള ബഹുമതി നല്കുകയുമാണ് വേണ്ടത്. അല്ലാതെ ലൈൻപൂളിനെ

28 Prof. K. A. Nizami –Studies in Medieval Indian History–pp. 64–65.

പോലെ ദുരുപദിഷ്ടിതമായി ദുർവ്വിനിയോഗം ചെയ്ത ചേതനയുടെസ്മാരകമാണ് ഒൌലത്താബാദ്,, 39 എന്ന പറഞ്ഞാഴിയുക എളുപ്പമാണ്. അതിന്റെ പിന്നിലുള്ള പ്രയത്നവും ചേതോഹരമായ വികാരവായ്പും കണ്ടിട്ടും കണ്ടില്ലെന്ന്നടിക്കുന്നത് ഒരുതരം ദുഷ്ടമനസ്ഥിതിയാണ്.

ചുരുക്കത്തിൽ സുൽത്താന്റെ ഈ തലസ്ഥാന നിർമ്മാണം വലിയ വിജയമായിരുന്നു. അങ്ങനെ വിജയകരമായി പര്യവസാനിച്ച ഒരു പരിഷ്കാരത്തിന്റെ ചരിത്രമാണ് നാം ഭ്രാന്തൻനയമായി പഠിച്ചുകൊണ്ടിരിക്കുന്നത്. എങ്ങനെ ചരിത്ര സത്യങ്ങളെ അപായകരമാംവണ്ണം വികൃതമക്കാമെന്ന് ഇതിൽ കവിഞ്ഞ് ഒരു ഉദാഹരണവും വേണ്ട. എങ്ങനെ ദീർഘദൃഷ്ടിയോടും വീണ്ടുവിചാരത്തോടും കൂടി ചെയ്ത വിദഗ്ധമായ ഒരു പരിഷ്കാരത്തെ മനുഷ്യശാപത്തിന്റെയും യാതനയുടെയും പങ്കിലമായ പരാജയമായി വരച്ചൊടിക്കുവാൻ പറ്റുമെന്നതിനും വേറൊരു തെളിവും കൂടുതലായി വേണ്ട. എങ്ങനെ വിശ്വപ്രശസ്തി നേടാൻ ഒക്കുന്ന നായകോവിദതയേയും സജ്ജീകരണപടുതയേയും നയരാഹിത്യത്തിന്റെയും ജുഗുപ്സാവഹമായ കുഷ്ഠിപ്രകോപത്തിന്റെയും നിസ്സാരകാര്യമായി മാറ്റുവാനൊക്കുമെന്നതിനും പുറമേ തിരക്കേണ്ടതില്ല. ഈ അളവുകോൽവെച്ചുകൊണ്ടുവേണം ഇൻഡ്യാ ചരിത്രത്തിലെ ഒട്ടനവധി ഇത്തരം പ്രശ്നങ്ങളെ അളക്കുവാൻ. നമുക്കൊരിക്കലും മറിച്ചു വിശ്വസിക്കാനരുതാത്ത മാതിരിയാണ് തക്കത്തിനൊത്ത് ഓരോ കാര്യങ്ങളും കോർത്തിണക്കി വച്ചിട്ടുള്ളത്. അവ, തരം തിരിച്ച് മനസ്സിലാക്കുവാനൊത്താൽ മാത്രമേ ഇൻഡ്യാ ചരിത്രത്തിന്റെ സത്യസന്ധമായ സംവിധാനം സാദ്ധ്യമാകുകയുള്ളു. അവയിൽ പ്രധാനമായതാണ് നാം പ്രതിപാദിച്ച ഈ അദ്ധ്യായം.

33

തുഗ്ളക്കും വൈദേശിക സമ്പർക്കവും

വിദേശരാജ്യങ്ങളുമായി ഉണ്ടായിരുന്ന ഇൻഡ്യൻ സമ്പർക്കത്തിന്റെ പാരമ്യം ബുദ്ധമതപ്രചാരണത്തിന്റെ കാലഘട്ടത്തിലാണ് നടന്നത്. മറുനാടുകളിലേക്ക് നമ്മുടെ പ്രതിനിധികളും പ്രവഹിച്ചതും ഇതരദേശങ്ങളിൽനിന്നും സ്ഥാനപതികളും സഞ്ചാരികളും എത്തിച്ചേരുന്നതും ഇക്കാലത്തുതന്നെ. എന്നാൽ വൈദിക പ്രതിവിപ്ലവം ബൌദ്ധപ്രചാരത്തെ വെന്ന് വിജയക്കൊടി നാട്ടിയതോടുകൂടി വിദേശങ്ങളുമായുള്ള നമ്മുടെ ബന്ധങ്ങളും നിയന്ത്രണവിധേയമായി. മറുനാടുകളിൽ സഞ്ചരിക്കുന്നതും കടൽ യാത്രചെയ്യുന്നതുമൊക്കെ നിഷിദ്ധമാക്കുകയും വിദേശികളുമായുള്ള സമ്പർക്കം ംലേഛന്മാരോടുള്ള കൂട്ടുകെട്ടായി വ്യവഹരിക്കുകയും ചെയ്തതോടുകൂടിഭാരതം മിക്കവാറും ഒറപ്പെട്ട രീതിയിലായിത്തീർന്നു.[1]

തുർക്കികളുടെ ആക്രമണത്തോടുകൂടിയാണ് വീണ്ടും നാം വിദേശരാജ്യങ്ങളുമായി അടുക്കുന്നത്. 'അബ്ബാസൈഡ്' കാലിഫയുടെ കീഴിലാണ് എല്ലാ മുസ്ലീം രാജ്യങ്ങളുമെന്നായിരുന്നു അംഗീകൃതവിശ്വാസം. പ്രായോഗിക രാഷ്ട്രീയത്തിൽ ഇതിനത്ര പ്രാബല്യമുണ്ടായിരു

1 S. C. Das-Indian Pandits in the land of snow—P.17

ന്നില്ലെങ്കിലും എല്ലാ മുസ്ലീം ചക്രവർത്തിമാരും കലീഫയുടെ അനുമതിയും ആശീർവാദവും വാങ്ങുക വഴി തന്റെ പദവി മുസ്ലീംലോകമംഗീകരിക്കുന്നതിനു സമമായാണ് എണ്ണിയിരുന്നത്. ആർനോൾഡ് വിവരിക്കുന്നതുപോലെ ''ഒരു സഞ്ചാരിക്ക് ചൈനമുതൽ ഗ്രീസുവരേയും സിറിയുമുതൽ സിസിലിവരേയും, ഓക്സസുമുതൽ അറ്റ്ലാന്റിയുവരെയും ബാഗ്ദാദിലെ കലീഫയുടെ സാമ്രാജ്യത്തിൽക്കൂടിയാണെന്ന വിശ്വാസത്തിൽ ഒരു വ്യത്യാസവും കൂടാതെ കടന്നുപോവാനൊക്കുമായിരുന്നു.'' [2] പക്ഷേ മദ്ധ്യപൌരസ്ത്യദേശങ്ങളിൽ തുടർച്ചയായുണ്ടായ മംഗോളാക്രമണം ആ രാജ്യങ്ങളുമായുള്ള ഇൻഡ്യയുടെ ബന്ധത്തെ സാരമായി ഉലച്ചു. പണ്ഡിതന്മാരുടെയോ, കച്ചവടക്കാരുടെയോ മതപ്രചാരകൻമാരുടെയോ എന്തിന്? നയതന്ത്രപ്രതിനിധികളുടെ കൂടിയോ പോക്കുവരവ് ഒട്ടും സുരക്ഷിതമായിരുന്നില്ല. എന്തും സംഭവിക്കാവുന്ന ഭീതിജനകമായ സ്ഥിതിയാണ് ഇസ്ലാമിക സംസ്കാരങ്ങളുടെ ഈ കേദാരഭൂമികളിൽ നിലനിന്നിരുന്നത്. മംഗോളാക്രമണത്തിൽനിന്നും രക്ഷപ്പെട്ട ധാരാളം മുസ്ലീം രാജാക്കന്മാരും, ചരിത്രകാരന്മാരും കവികളും വ്യവസായികളും ഡൽഹിയിൽ അഭയം തേടി. [3] ബാൽബന്റെ കോർട്ടിൽത്തന്നെ പത്തിൽ കൂടുതൽ ഇത്തരം മുസ്ലീം സുൽത്താൻമാർ രക്ഷാസങ്കേതം കണ്ടിരുന്നു. [4] തൽഫലമായി മറ്റു മുസ്ലീം രാജ്യങ്ങളുടെ കണ്ണിൽ ഇൻഡ്യയുടെ പദവി സീമാതീതമായി ഉയർന്നു. മംഗോളനശീകരണത്തെ വിദഗ്ധമായി തടഞ്ഞുനിർത്താൻ കഴിഞ്ഞ ഏകരാജ്യമെന്ന നിലയ്ക്ക് ഡൽഹിയുടെ നില വളരെ പ്രാധാന്യമുള്ളതായി ഗണിക്കപ്പെട്ടു. എല്ലാ ചക്രവർത്തിമാരും തന്നെ മംഗോളനേതൃത്വവുമായി വളരെ നയത്തിലും സ്വന്തം രാജ്യത്തിന്റെ സംരക്ഷയെ സുദൃഢമാക്കുന്ന രീതിലു

2. Travels and Travellouges of the Middle Ages. P. 89
3. Fawid-ul-Fund- P. 73
4. Barani-op. cit

മായിരുന്നു അവരുമായി ഇടപ്പെട്ടിരുന്നത്. എതിർക്കേണ്ടപ്പോഴും അലാവുദ്ദീനെപ്പോലെ എതിർക്കുകയും, സൗഹൃദംകാട്ടി സമ്മാനവും കൊടുത്ത് വിടേണ്ട സന്ദർഭങ്ങളിൽ ഫിറോസിനെപ്പോലെ അതും ചെയ്തു് രാജ്യത്തെ വലിയ ഒരു നാശത്തിൽനിന്നും രക്ഷിക്കുകയാണവർ ചെയ്തത്.

ഡൽഹി സുൽത്താന്മാർ മറ്റു രാജ്യങ്ങളുമായി നിരന്തരം നയതന്ത്രബന്ധം പുലർത്തിപോന്നിരുന്നു. മുഹമ്മദ് തുഗ്ലക്കിന്റെ കാലത്താണ് (1325–1351) ഈ അടുപ്പം കൂടുതൽ പുഷ്ക്കലമാകുന്നത്. ''മറ്റു നാടുകളിലെ രാഷ്ട്രീയ സാമ്പത്തിക സ്ഥിതിവിശേഷങ്ങളും ഇത്രയും കൃത്യമായ നിരീക്ഷണത്തിന് വിധേയമാക്കിയിരുന്ന മറെറാരു സുൽത്താൻ ഇതിന് മുമ്പും പിമ്പും ഡൽഹിയെ ഭരിച്ചിട്ടില്ല'' [4] അദ്ദേഹത്തിന്റെ രാഷ്ട്രീയപ്രതിഛായനയിലേയും ഈജിപ്തിലേയും സംഭവവികാസങ്ങളെ തുലനം ചെയ്തുകൊണ്ടിരുന്നു. ഈ കാലത്താണ് ഏറെറവും കൂടുതൽ നയതന്ത്രപ്രതിനിധികളെ ഇന്ത്യയിലേക്കാകർഷിക്കപ്പെടുന്നത്. ഇറാക്കിൽ നിന്നും സുൽത്താൻ മൂസയുടെ കല്പന പ്രകാരം 'ഹാജികോൺ' ഇന്ത്യയിലേക്ക് പറഞ്ഞയക്കപ്പെട്ടു. [5] ചൈനീസ് ചക്രവർത്തി ടോഗൻതിമൂർ അയച്ച പ്രതിപുരുഷൻ 'സുൻട്രി' യായിരുന്നു. [6] (1333–1368) ഇബിനു ബത്തൂത്ത ചൈനീസ് ചക്രവർത്തിയുടെ പേര് തെറാറായാണ് ചേർത്തിരിക്കുന്നത്. 'പഷായി' എന്നാണ് അദ്ദേഹം പേരുപറയുന്നത്. [7] തുറാബക്ക് രാജ്ഞി ഖൊറാസാനിൽ നിന്നുമയച്ചതാണ് മറെറാരു പ്രധാന മിഷൻ, അവർ 'കുത്തലുദ്മൂർ' എന്ന അവിടുത്തെ സുൽത്താന്റെ പട്ടമഹിഷിയായിരുന്നു. സിറിയയിലെ സുൽത്താന്റെ മകൻ

4. Studies in Medieval Indian History–P.6
5. Ibn Battuta-Rehla- P. 111
6. History of the Quraunah Turks P. 138
7. Ibn-Battuta-op-cit-pp-235-36

അമീർ ഷെയിഫുദ്ദീൻ തുഗ്ലക്കിന്റെ അരമനയിലേക്ക് അവിടെനിന്നുമയക്കപ്പെട്ടവരുടെ നേതാവായിരുന്നു. [8] ഡൽഹിയുമായി ഇതരരാജ്യങ്ങൾ സൗഹൃദത്തിൽ കഴിയുവാൻ കൊതിച്ചിരുന്നതിന്റെ പ്രത്യക്ഷ തെളിവുകളാണിവ.

ചൈനയിൽ നിന്നുവന്ന പ്രതിപുരുഷകാര്യാലയത്തിൽ 15 ഉയർന്ന ഉദ്യോഗസ്ഥന്മാരും 100 പരിചാരകന്മാരും ഉൾപ്പെട്ടിരുന്നു. [9] തുഗ്ലക്ക് മുഹമ്മദ് ഇവരെ സ്വീകരിക്കുക മാത്രമല്ല തന്റെ പദവിക്കനുയോജ്യമാംവിധം സ്വന്തം പ്രതിനിധികളെ ചൈനയിലേക്കയക്കുകകൂടി ചെയ്തു. 1000 കുതിരപ്പടയാളികളോടുകൂടി യാത്രചെയ്ത ഈ സംഘത്തെ നയിച്ചിരുന്നത് അമീർ മുഹമ്മദ് ഹർവിയാണ്. [10] ട്രാൻസ്ഓക്സിയാനയിലെ സുൽത്താനായ ടർമഷിരിന്റെ രണ്ടു പ്രാവശ്യം മുഹമ്മദ് തുഗ്ലക്കിന്റെ കാലത്ത് ഇൻഡ്യയിൽവന്ന വിവരം ബത്തൂത്ത രേഖപ്പെടുത്തിയിട്ടുണ്ട്. രാജോചിതമായി അദ്ദേഹത്തിന് നല്കിയ സ്വീകരണങ്ങളും അദ്ദേഹം കൊണ്ടുവന്ന സമ്മാനങ്ങളും വിശദീകരിക്കയും ചെയ്യുന്നു. [11] അദ്ദേഹത്തിന്റെ ആദ്യ സന്ദർശനത്തോടുകൂടി തന്നെ ഡൽഹിയുമായി വ്യാപാരപരവും നയതന്ത്രപരവുമായ കാര്യങ്ങൾ നിർവ്വഹിക്കുവാൻ ഗസ്നിയിൽ ഒരു കാര്യാലയം തുറക്കുകയുണ്ടായി, [12]

ഇറാക്കിലെ സുൽത്താൻ അബൂസെയ്ത് ഡൽഹിയിലേക്കയച്ച അംബാസിഡർ ആസാദ് ഇബിന് യെസദായാ

---

8. Mehdi Hussain-Ibn Battuta (Trans) P. 77
9. Rehla-op-cit-p-151
10. Ibid-p-151
11. Ibid
12. Ibid

യിരുന്നു.[13] തുഗ്ലക്ക് മുഹമ്മദിന്റെ പ്രൈവറ്റ് സെക്രട്ടറിമാരിൽ ഒരാളായ 'ബിഗ്ദാ' നെ ഒരു കോടി ടോൽക്കായോടു കൂടിയാണ് ഇറാക്കിലേക്കയച്ചത്. ഈ പണമത്രയും ഇറാക്കിലെ പരിശുദ്ധ നഗരങ്ങളിൽ ധർമ്മമായി കൊടുക്കുവാനുദ്ദേശിച്ചുകൊണ്ടുമായിരുന്നു.

നമ്മുടെ ചരിത്രകാരന്മാരധികവും സുൽത്താന്റെ വിദേശരാജ്യങ്ങളുമായുള്ള സമ്പർക്കത്തിന്റെ ദീർഘമായ ഏടു ഗൌനിക്കാതെ വിട്ടുകളയുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ വിദേശികളായ ചരിത്രകാരന്മാർ ഈ വിഷയത്തിൽ ധാരാളം ഉപയോഗപ്പെടാവുന്ന അറിവു് നൽകുന്നുണ്ട്. വാസ്തവത്തിൽ അവ ശരിക്കും വിലയിരുത്തി ഗ്രഹിച്ചില്ലെങ്കിൽ തുഗ്ലക്ക് മുഹമ്മദിന്റെ ഖരാച്ചിൽ, ഖുറുസാൻ ആക്രമണോദ്ദേശ്യങ്ങൾ എന്തായിരുന്നുവെന്നു് വ്യക്തമായും ധരിക്കുവാൻ പ്രയാസമായിരിക്കും. ഇബിനുബത്തൂത്ത, അൽഖലാഷൻന്തി, അൽ ഉമറി, സലാഹുദ്ദീൻ സഫാദി, ഇബിന ഹജാർ അസ്കലാൻന്തി തുടങ്ങിയവരാണ് ഉദ്ദിഷ്യമായി വെളിച്ചം പരത്തുന്ന രേഖകൾ സമ്മാനിച്ചിട്ടുള്ളത്. സലാഹുദ്ദീൻ സഫാദിയുടെ, അൽ അയാനുൽ അസർ, എന്ന ഗ്രന്ഥം ഡൽഹിയും ഈജിപ്തും തമ്മിലുള്ള ബന്ധത്തെ കൂലങ്കഷമായി വിവരിക്കുന്ന പുസ്തകമാണ്. സുൽത്താൻ ഈജിപ്തിലെ ഭരണാധിപനുമായി മാത്രമല്ല സമ്പർക്കത്തിലേർപ്പെട്ടിരുന്നത്. അവിടെയുള്ള പണ്ഡിതന്മാരും, കവികളും ശാസ്ത്രജ്ഞന്മാരും അദ്ദേഹത്തിന്റെ സഹായവും സൌഹൃദവും സ്വീകരിച്ചിരുന്നു. ''വൈജ്ഞാനികമണ്ഡലത്തിലും ദാർശനികതലത്തിലും പുറം നാടുകളിൽ ഇത്രമാത്രം അറിയപ്പെട്ടിരുന്ന ഒരിന്ത്യൻ ചക്രവർത്തി സുൽത്താൻ മുഹമ്മദിനുമുമ്പ് ഉണ്ടായിരുന്നിട്ടില്ല.''[14]

13. Masalik-op-cit-p-40
14. Dr. Mehdi Hussain–The Tughluq dynasty. P. 125

ഒരു കാലഘട്ടത്തിൽ മുസ്ലീം രാജ്യങ്ങളത്രയും കലീഫയുടെ അധീശത്വം പേരിനെങ്കിലും സമ്മതിച്ചിരുന്നുവെന്ന് നാം പ്രസ്താവിച്ചു. ഡൽഹി സുൽത്താന്മാരും ഈ അംഗീകാരം വാങ്ങിയിട്ടുള്ളവരാണ്. ഇൽത്തമിഷ് കലീഫയുടെ അംഗീകാരം വളരെ പൂജ്യമായി ഗണിച്ചിരുന്നു. ബാഗ്ദാദ് തകർക്കപ്പെട്ടതിനുശേഷം ഇൻഡ്യൻ സുൽത്താന്മാരുടെ നാണ്യങ്ങളിൽ കലീഫയുടെ പേരും ഉൽപ്പെടുത്തുകയും വെള്ളിയാഴ്ച പള്ളികളിൽ നടത്തുന്ന പ്രസംഗങ്ങളിൽ (ഖുത്തുബ) കലീഫയെ സ്മരിക്കുകയും ചെയ്യുക പതിവായിരുന്നു. മുസ്ലീം പുരുഷാരത്തെ ആത്മീയമായ ഒരധീശത്വത്തിൻകീഴിൽ കൊണ്ടുവരുവാനുള്ള ബുദ്ധിപൂർവ്വമായ പ്രവർത്തിയായിട്ട് വേണമെങ്കിൽ ഇതിനെ വ്യവഹരിയ്ക്കാം. മംഗോളും ഭീകരതയുടെ ഭീമാകാരനായ നേതാവ് ഹല്ലക്കു ഖാന്റെ ആക്രമണം, കലീഫയുടെ ആസ്ഥാനവും ഐസ്ലാമിക സംസ്കാര കേന്ദ്രവുമായ ബാഗ്ദാദിന്റെ സമൂല നാശത്തിലുമാണവസാനിച്ചത്. എന്നിട്ടുപോലും കലീഫയുടെ നേതൃത്വത്തെ ബഹുമാനിക്കുകയും കലീഫത്ത് എന്ന ഇല്ലാത്ത മുസ്ലീം സാമ്രാജ്യാശയത്തെ നിലനിറുത്തുകയും ചെയ്തിരുന്നു. ഈ പ്രതിഭാസത്തെ ചൂണ്ടി ഡോക്ടർ ഈശ്വരി പ്രസാദ് ഉപസംഹരിക്കുന്നതിങ്ങനെയാണ്. "കലീഫ മൃതിയടഞ്ഞു. കലീഫ നീണാൾ വാഴട്ടെ" [15] ഈ സ്ഥിയിൽ ഒരു കലീഫയുടെ അംഗീകാരമെന്നതിൽ അത്രമാത്രം പ്രധാന്യം കാണേണ്ടതില്ല. പക്ഷേ അതുംക്കൊണ്ടിരുന്ന ആശയം വിപുലമായിരുന്നു. ആഗ്രഹം ആദരണീയവും. ആദർശശാലിയായ മുഹമ്മദ് തുഗ്ലക്ക് നിയമാനുസൃതനായ കലീഫ ആരാണെന്ന് അന്വേഷണം നടത്തിക്കുകയും ഈജിപ്തിൽ അഭയം തേടിയ അബ്ബാസൈഡ് കലീഫമാരുടെ വംശജനായ ഒരാളെ കലീഫയായുയർത്തിയിട്ടുണ്ടെന്ന് മനസ്സിലാക്കുകയും ചെയ്തു. അദ്ദേഹത്തിൽനിന്നും തന്റെ രാജ്യത്വത്തിന്ന് നിയമാവ

15. Some aspects of Muslim Administration P.37.

കാശം ലഭിക്കുവാൻ ശ്രമം നടത്തി. സമകാലീന ചരിത്രകാരനായ സിയാവുദ്ദീൻ ബരാണി പറയുന്നത് സുൽത്താൻ വെള്ളിയാഴ്ച നമസ്കാരവും ഈദ് നമസ്കാരവും ഡൽഹിയിലെ പ്രധാന പള്ളികളിൽ താൽക്കാലികമായി നിർത്തിവെച്ചുവെന്നും ഈജിപ്തിലെ കലീഫയായ ഹക്കീം രണ്ടാമന്റെ ദൂതൻ ഹാജി സെയ്ഫ് സഫി അംഗീകാരവും കൊണ്ടെത്തിയതിനുശേഷമേ തുടർന്ന് കാര്യങ്ങളും നടത്തിയുള്ളുവെന്നുമാണ്. കലീഫയുടെ ഈ പ്രതിനിധിയെ ഡൽഹി ഗോപുരത്തിൽവച്ച് സുൽത്താൻ നേരിട്ടു സ്വീകരിച്ചുവെന്നും അദ്ദേഹത്തിന്റെ മുമ്പിൽ പാദുകമിടാതെ നടന്നുവെന്നുമാണ് ബരാണി തുടർന്നു പറയുന്നത്. [16] ബദർ ചാച്ചയും ഈ രംഗത്തെ അധികരിച്ച് മനോഹരമായ കാവ്യങ്ങളും രചിച്ചിട്ടുണ്ട്. ''കള്ളന്മാരുടേയും കടൽക്കൊള്ളക്കാരുടേയും ശല്യം ഭയന്നിട്ടായിരുന്നില്ലെങ്കിൽ ഡൽഹിയിലെ ധനം മുഴുക്കെ ഈജിപ്തിലേക്ക് സുൽത്താൻ കൊടുത്തയക്കുമായിരുന്നു'' [17] എന്നാണ് ബരാണി എഴുതിയിട്ടുള്ളത്.

രാഷ്ട്രീയാധികാരമോ കഴിഞ്ഞ കാലങ്ങളിലുണ്ടായിരുന്ന ആത്മീയ നേതൃത്വമോ ഇല്ലാതിരുന്ന കലീഫയുടെ അംഗീകാരം തുഗ്ലക്ക് മുഹമ്മദ് ഇത്ര പ്രയാസപ്പെട്ട് നേടിയത് എന്തിനാണെന്ന കാര്യം പലർക്കും ഒരു വിവാദവിഷയമാണ്. സത്യനാഥയ്യരും മറ്റും സുൽത്താൻ തന്റെ മുസ്ലീം പ്രജകളെ വഞ്ചിക്കുവാൻ വേണ്ടി ചെയ്ത വിദ്യയായി വ്യവഹരിക്കുമ്പോൾ, ഡോക്ടർ സുമിത്തു തുടങ്ങിയവർ സുൽത്താന്റെ രക്തച്ചൊരിച്ചിലിനു പ്രായശ്ചിത്തമായാണ് ഈ സാഹസത്തിനൊരുങ്ങിയത് എന്നു സ്ഥാപിക്കുന്നു. ഒരു കാര്യം തീർച്ച. ഇറാക്കിലെ പരിശുദ്ധ നഗരികളിൽ പണ്ഡിതൻമാർക്കും സന്യാസിമാർക്കും പാരിതോഷികമായി ഒരു കോടി ടോൺക്കാ

16. Tarikh-i Firozshai P. P. 492
17. Ibid PP. 494–495

ന്റെ പ്രതിപുരുഷന്റെ പക്കൽ കൊടുത്തയച്ച മുഹമ്മദ് സുൽത്താൻ ഒരു ശുപാർശക്കുമായിരുന്നില്ല അത് ചെയ്തത്. ഈജിപ്തിലെ ശാസ്ത്രകാരൻമാരും താത്വികരും സുൽത്താന്റെ സഹായം നിർല്ലോഭമനുഭവിച്ചിരുന്നവരുമാണ്. ഇവരെകൊണ്ടൊന്നും ഇൻഡ്യയിലെ ലഹളയൊതുക്കുവാനൊക്കുമായിരുന്നുമില്ല. സ്വാർത്ഥപരമായ ദുരുദ്ദേശ്യം ലേശവുമില്ലാത്ത പരോപകാരപരവും ആദർശനിഷ്ഠയിലടിയുറച്ചതുമായ പ്രവർത്തികളെ അതേ വിധം കാണുവാൻ നമുക്കിന്ന് ഒട്ടും സാദ്ധ്യമാകുകയില്ല. ജീവിതത്തിന്റെ മോഹനങ്ങളായ ശാശ്വതമൂല്യങ്ങളൊക്കെ ആര് അത്ര കാര്യമായി ഗൗനിക്കുവാൻ. എന്തെങ്കിലും സ്വാർത്ഥമായഗുണം കാംക്ഷിക്കാതെ ഒരു സംഗതിയും ചിന്തിക്കുവാൻകൂടി കഴിയാത്ത നമുക്ക് സുൽത്താന്റെ ഉദാത്തമായ സ്ഥായീഭാവങ്ങൾകൂടി നമ്മുടെ മാനസികപ്രക്രിയയ്ക്കനുസരിച്ചേ ഭാവിക്കുവാനൊക്കൂ. സുൽത്താനെയെന്നതിനേക്കാൾ നാമാണ് അതിന് കുറെ ഭേസേണ്ടവർ. കലീഫത്ത് എന്ന ആശയം അഖിലലോക മുസ്ളീം കോമൺവെൽത്തിന്റെ പ്രതീകമായിരുന്നു. ക്രൈസ്തവർ 'കൃസ്റ്റൻഡം' എന്ന് പറഞ്ഞിരുന്നതുപോലെ. ലോകത്തുണ്ടായിരുന്ന മുസ്ളീം രാജ്യങ്ങളിൽ പദവികൊണ്ടും പണം കൊണ്ടും വലിയത് തുഗ്ലക്ക് മുഹമ്മദിന്റെ സാമ്രാജ്യം തന്നെയായിരുന്നു. വേണമെങ്കിൽ മുസ്ളീം കലീഫത്തിന്റെ ആസ്ഥാനം ഡൽഹിയാക്കാൻ ശ്രമിക്കുക ദുഷ്കരമായിരുന്നില്ല. തദ്ദ്വാരാ തനിക്ക് ലോകനേതൃത്വത്തെ ഇച്ഛിക്കുകയും ചെയ്യാമായിരുന്നു. ആദർശശാലിയായ സുൽത്താൻ മഹനീയമായ ഒരു സംസ്ക്കാരത്തിന്റേയും വിശാലമായ പൗഷ്ക്കല്യത്തിന്റേയും വിലപ്പെട്ട ഒരംഗീകാരമാണ് കലീഫയിൽ കണ്ടത്. അത് നിലനിൽക്കേണ്ടത് ഐസ്ലാമിക സംസ്ക്കാരത്തിന്നും സാമ്രാജ്യത്തിന്നും അനിവാര്യമായിതോന്നിയതുകൊണ്ടാണ് ഈ പരിശ്രമങ്ങളത്രയും നടത്തിയത്. അല്ലാതെ പ്രായശ്ചിത്തമായിട്ടോ, മുസ്ളീം ജനതയെ ആത്മീയവഞ്ചന നടത്തുവാനോ ആയിരുന്നില്ലെന്ന് തീർച്ചതന്നെ.

ഒരു പക്ഷേ ഏറ്റവും പ്രധാനമായി ഗണിക്കേണ്ടതു് ഇക്കാലത്തു് ഇൻഡ്യക്കു് വിദേശരാജ്യങ്ങളുമായുള്ള ആശയവിനിമയത്തിന്റെ കാര്യമാണു്. ഡൽഹി സുൽത്താന്മാരുടെ ആധിപത്യത്തിന്റെ ആരംഭകാലത്തു് ബാഗ്ദാദും, സമർക്കന്ദും, ബുക്കാറയുമാണു് ഇസ്ലാമിക വിജ്ഞാനത്തിന്റെ മുഖ്യകേന്ദ്രങ്ങളായി കണക്കാക്കിയിരുന്നതു്. 'എപ്പോഴെങ്കിലും ഒരു മുസ്ലീം പണ്ഡിതനു് ഐസ്ലാമികനിയമങ്ങളിൽ എന്തെങ്കിലും സംശയം നേരിട്ടിരുന്നുവെങ്കിൽ അയാൾ ഈ സ്ഥലങ്ങളിലേക്കാണു് സംശയദൂരീകരണത്തിന്നുവേണ്ടി ആശ്രയിച്ചിരുന്നതു്'' [18] എന്നാൽ മംഗോളാക്രമണത്തോടുകൂടി ഈ ദേശങ്ങളിൽനിന്നൊക്കെ പണ്ഡിതൻമാരും ബുദ്ധിജീവികളും രക്ഷാസങ്കേതമന്വേഷിച്ചു് അഭയം പ്രാപിച്ചതു് ഡൽഹിയായിരുന്നു. അങ്ങനെ ബാഗ്ദാദും ബുക്കാറയും വിട്ടേടത്തു് ആരംഭിക്കുവാൻ ഡൽഹിക്കു കഴിഞ്ഞു ''അങ്ങനെ അലാവുദ്ദീന്റെ കാലമായപ്പോഴേക്കും ഗസാലിയുടേയും റാസിയുടേയും പ്രതിഭയും ബുദ്ധിയുമുള്ള അനേകം പണ്ഡിതൻമാരുടെ ആവാസകേന്ദ്രമായിത്തീർന്നു ഡൽഹി''. [19] അമീർകുസ്രോവിന്റെ അഭിപ്രായത്തിൽ ''ഡൽഹിയിലെ ഓരോ മൺതരിപോലും സാഹിത്യവാസനയാൽ കോരിത്തരിച്ചിരുന്നു.'' ''മറുനാടുകളിലെ പണ്ഡിതൻമാർ അവരുടെ പുസ്തകങ്ങൾക്കും അവർക്കും അംഗീകാരം ലഭിക്കുവാൻ ഡൽഹിയിലേക്കു് പ്രവേശിച്ചുകൊണ്ടിരുന്നു.'' [20] ''ബുക്കാറയിലേയും സമർക്കന്ദിലേയും മുഫ്തികൻ എപ്പോഴെങ്കിലും പ്രയാസപ്പെട്ട പ്രശ്നങ്ങളുമായി കുഴഞ്ഞിരുന്നപ്പോൾ അവസാനതീരുമാനത്തിന്നായി ഡൽഹിയെയാണു് ശരണം പ്രാപിച്ചിരുന്നതു്'' [21]

---

18. Siyarul Auliya –P.– 170
19. Tarikh–i–Firozshai P. 145
20. Ibid P. 355
21. Fatuh–us–Salatin–P. 452

വൈജ്ഞാനികമണ്ഡലത്തിലെ ഈ സമ്പർക്കം തുഗ്ലക്ക് മുഹമ്മദിന്റെ കാലത്താണ് ഏറ്റവും വികസിതമായത്. അദ്ദേഹം വിദേശരാജ്യങ്ങളിൽനിന്നും അനവധി വിലപ്പെട്ട പുസ്തകങ്ങൾ വാങ്ങി സൂക്ഷിച്ചിരുന്നു[22] ധാരാളംവിദേശപണ്ഡിതന്മാർ അദ്ദേഹത്തിന്റെ സഹായം ലഭിച്ചിരുന്നവരുമാണ്. മാത്രമല്ല ഒരു പിടി പണ്ഡിതന്മാരെ അറിവിനെ ഏന്തു വിലകൊടുക്കുവാനും തയ്യാറുണ്ടായിരുന്ന ഈ സുൽത്താൻ ഡൽഹിയിലേയ്ക്കാകർഷിച്ചിട്ടുമുണ്ട്.[23] അവരുടെ പുസ്തകങ്ങൾ തനിക്ക് സമർപ്പിക്കുവാനാവശ്യപ്പെട്ടിട്ടുള്ള സന്ദർഭങ്ങളുമുണ്ടായിട്ടുമുണ്ട്. അവർക്ക് തൃപ്തിയാംവണ്ണം പാരിതോഷികം നൽകുവാനുള്ള വ്യഗ്രതയായിരുന്നു ഇതിന്റെ പിന്നിൽ,[24] മുഹമ്മദു തുഗ്ലക്കിന്റെ കാലത്ത് ഇൻഡ്യൻ പണ്ഡിതന്മാരുടെ പേരും പെരുമയും അലക്സാണ്ഡ്രിയയിൽവെച്ച് താനറിഞ്ഞിരുന്നുവെന്ന് ഇബിനു ബത്തൂത്ത എഴുതുന്നു.[25] ഈ വിദേശരാജ്യങ്ങളിലൊക്കെ ഇൻഡ്യൻ രാഷ്ട്രീയ സാമൂഹിക സംവിധാനങ്ങളെക്കുറിച്ചറിയുവാനും പഠിക്കുവാനുമുള്ള ഔൽസുക്യം ബലവത്തായിരുന്നുവെന്ന് അൽ ഉമറി രേഖപ്പെടുത്തുന്നു. അലക്സാണ്ഡ്രിയയിൽവെച്ച് ഷെക്ക് ബർഹാനുദ്ദീനുമായി കണ്ട ഇബിനു ബത്തൂത്തക്ക് ഇർഡ്യയുടെ രുക്നുദ്ദീൻ മുൽട്ടാനിയെക്കുറിച്ചും, ഷെക്ക് അലാവുദ്ദീൻ അജ്ദാനിയെപറ്റിയും വിവരങ്ങൾ ലഭിച്ചിരുന്നു[26] മറ്റു സ്ഥലങ്ങളിലുണ്ടായിരുന്ന വിചാരവിപ്ലവത്തിന്റെ അലയൊലി അറിയുവാനും അവ ഉൾകൊള്ളുവാനും ഇൻഡ്യക്കു സാധിച്ചിരുന്നു. പ്രസിദ്ധ ദാർശനികനും വിജ്ഞനുമായിരുന്ന ഇമാം ഇബിനുതെയ്മിയ്യാ, ഈജിപ്ത്, സിറിയ, ഇറാക്ക് തുടങ്ങിയ സ്ഥലങ്ങളിൽ മുസ്ലീം നവോത്ഥാനത്തിന്റെ വെളി

22. Masalik–op cit. P.41
23. Ibid–P. 42
24. Rehla–op cit, P. 620
25. Rehla–Eng–Tr; P. 629
26. Ibid–P. 620

ച്ചും പരത്തിയ മഹാനായിരുന്നു. അദ്ദേഹത്തിന് ആ നാടുകളിലൊക്കെ ധാരാളം അനുയായികളുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യഗണത്തിൽ മുഖ്യനായിരുന്ന മൌലാനാ അബ്ദുൽഅസീസ് അർദ്ധൈലി സുൽത്താൻ മുഹമ്മദിന്റെ കാലത്ത് ഡൽഹിയിൽ വന്നിരുന്നു. ''സുൽത്താന്മാരായ മുഹമ്മദിനോടും ഫിറോസിനോടും രാഷ്ട്രീയമതനയങ്ങളെ കൂടുതൽ വികസ്വരമാക്കുവാൻ ഇത് സഹായിച്ചിട്ടുണ്ട്.'' [27] അതേ സന്ദർഭത്തിൽ മറെറാരു പ്രധാന സംഭവം ഓർമ്മിക്കത്തക്കതുണ്ടായതും ഒരിൻഡ്യൻ പണ്ഡിതന്റെ സംഭാവനയായിരുന്നു. തെയ്മിയ്യായുടെ താത്വികദർശനങ്ങളെ ഖണ്ഡിക്കുവാൻ ശക്തനായത് മൌലാനാ ഷെയിഫുദ്ദീൻ അൽഹിന്ദിയായിരുന്നു. അദ്ദേഹം ഡൽഹിയിലെ പണ്ഡിതാഗ്രേസരന്മാരിൽ പ്രമുഖനുമായിരുന്നു. അങ്ങനെ ഈ കാലഘട്ടത്തിലായിരുന്നു ഐസ്ലാമിക വിജ്ഞേയമണ്ഡലത്തിന്റെ നേതൃത്വം അവിതർക്കിതമാംവണ്ണം ഇൻഡ്യയിലായിത്തീർന്നത്. ഇതിന് സഹായകമായിനിന്ന ശക്തിദുർഗ്ഗം മുഹമ്മദുതുഗ്ളക്കെന്ന ദാർശനിക ചക്രവർത്തിയുമായിരുന്നു.

ഇൽട്ടാമിഷിന്റെ കാലത്ത് ചൈനീസ് വ്യാപാരികളുടെ ആധിക്യം ഇസാമി വിസ്തരിച്ചു പ്രഖ്യാപിക്കുന്നു. [28] ടർക്കി, റഷ്യ, ബഹ്റൈൻ, ഇറാക്ക് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നാണ് പ്രധാനമായും കുതിരകളെ വാങ്ങിയിരുന്നത്. മംഗോളം രാജ്യങ്ങളിൽ ഇൻഡ്യയിൽനിന്നും വില്പന നടത്തിയിരുന്ന ആനകളുണ്ടായിരുന്നുവെന്ന് ബരാണി എഴുതിയിരിക്കുന്നു. [29] മുഹമ്മദ് തുഗ്ലക്കിന്റെ കാലത്ത് ഖൊറസാനിൽ നിന്നും വന്ന വ്യവസായികളുടെ സമ്പൽസമൃദ്ധിയെപ്പററിയാഹിയാ സർഹിന്ദി വിവരിക്കുന്നുണ്ട്. ഡൽഹിയിലെ പ്രധാന കെട്ടിടങ്ങളും വ്യവസായശാലകളും ഇവരുടേതാണ്.

27. Prof. K. A Nizami-Studies in Medieval Indian History P.11
28. Fatuh-us-Salatin-Madras Edition P. 122.
29. Tarikh-i-Firozshai P.53.

അടിമകളും, സ്വർണ്ണം, വെള്ളി, കടലാസ്, പുസ്തകങ്ങളും തുടങ്ങിയവ അവർ ഇവിടെനിന്നും വാങ്ങി ഖൊറസാനിലേക്കയയ്ക്കുന്നു.[30] ഖൊറസാനിൽനിന്നും ഇറാക്കിൽനിന്നും നവീന യുദ്ധോപകരണങ്ങളും വാങ്ങി അയക്കുന്നതിന് സുൽത്താൻ തന്റെ ഒരേ ജനറിനെ ഈ രാജ്യങ്ങളിൽ നിയമിച്ചിരുന്നു. സയ്യിദ് അബ്ദുൾ ഹസ്സൻ ഇബാദിയായിരുന്നു അങ്ങിനെ അയക്കപ്പെട്ട വ്യവസായപ്രമുഖൻ.[31] ഇക്കാലത്തുതന്നെ ഇൻഡ്യൻ വ്യവസായികളും ധാരാളമായി മംഗോളരാജ്യങ്ങളുമായി കച്ചവടം നടത്തിയിരുന്നതായി ധാരാളം രേഖകളുണ്ട്. വിദേശ രാജ്യങ്ങളിൽ ഇൻഡ്യൻവ്യവസായികളോട് വളരെ വിനയവും സൗഹാർദ്ദവും കാണിച്ചിരുന്നു. അതുപോലെ തന്നെ ഇൻഡ്യയിൽ കച്ചവടത്തിന് വന്നിരുന്ന ഇവരെ നാമും വളരെ ഉപചാരത്തോടു കൂടിയാണ് സ്വീകരിച്ചിരുന്നത്.

അൽ ഉമറി തന്റെ മസാലിക്കിൽ വിവരിക്കുന്നത് മറുനാടൻ വ്യവസായികളും ഇവിടേക്ക് സ്വർണ്ണംകൊണ്ടുവരികയും അതിനു പകരമായി വാണിജ്യ വിഭവങ്ങളും വാങ്ങിക്കൊണ്ടുപോകുകയും ചെയ്യുന്നത് സാധാരണ കണ്ടുകൊണ്ടിരുന്നുവെന്നാണ്.[32] ഖൊറസാനിൽനിന്നും ധാരാളം പഴവർഗ്ഗങ്ങളും സുൽത്താൻ മുഹമ്മദിന്റെ ആവശ്യത്തിന്നു വേണ്ടി ഇറക്കുമതി ചെയ്തിരുന്നു. ഒരിക്കൽ ഈ ഫലങ്ങളിൽ കുറെ എണ്ണം ആസ്സാമിലെ രാജാവായ ഷംസുദ്ദീൻ കാഴ്ചയായി സുൽത്താൻ കൊടുത്തയച്ചതായും രേഖയുണ്ട്.[33] വസന്തകാലത്ത് ഉപയോഗിക്കുന്നതിനുള്ള വസ്ത്രങ്ങളും സുൽത്താൻ ആശ്രിതർക്കു കൊടുത്തിരുന്നതായും അലക്സാൻഡ്രിയായിൽ നിർമ്മിച്ചവയായിരുന്നു. വേനൽക്കാലത്തുപയോഗിച്ചിരുന്നവയാകട്ടെ ഡൽഹിയിൽ നെയ്തവയുമാണ്. പക്ഷേ അവയുടെ അസംസ്കൃത പദാർത്ഥങ്ങളും ചൈനയിൽ നിന്നും ഇറാക്കിൽ നി

0. Tarikh-i-Mubarkshai P 110.
31. Studies in Medieval Indian History P 12.
32. Masalik-ul-Absar P. 61.
33. Tarikh-i-Mubarakshai-PP-132-33

ന്നും കൊണ്ടുവന്നവയുമത്രെ. [34] സുൽത്താന്റെ ഹാരത്തി ലുണ്ടായിരുന്ന സ്ത്രീകളിൽ 2000 പേരെങ്കിലും റഷ്യയിൽനിന്നും ചൈനയിൽ നിന്നും കൊണ്ടുവന്നവ രായിരുന്നിരിക്കണമെന്നാണ് ഷാംസി സിറാജ് അ ഫീഫ് ഓർമ്മപ്പെടുത്തുന്നത്. [35] ഇൻഡ്യയുടെ വ്യവസാ യവികസനത്തെക്കുറിച്ച് സുദീർഘമായ അനവധിരേഖകൾ ഉദ്ധരിക്കുവാൻ ഒക്കും. ഇവിടെ ഇത്രയും സാഹസത്തിന് ഒരുമ്പെട്ട ഇൻഡ്യ വിദേശരാജ്യങ്ങളുമായി സമ്പർക്കത്തി ലേർപ്പെട്ടിരുന്നത് വെറും രാഷ്ട്രീയ തന്ത്രജ്ഞതമാത്രം ലക്ഷ്യമാക്കിയായിരുന്നില്ലെന്ന് വ്യക്തമാക്കുവാനാണ്.

മറെറാരു പ്രധാനസൂചനയും കൂടി ഈ വ്യവസായവർ ദ്ധനവ് സ്പഷ്ടമാക്കുന്നുണ്ട്. സുൽത്താൻ മുഹമ്മദിന്റെ കാലത്താണ് ഈ നാട്ടിൻ കലാപവും അരക്ഷിതാവസ്ഥ യും നിലനിന്നിരുന്നതെന്നാണല്ലോ ചരിത്രകാരൻമാർ നമ്മെ പഠിപ്പിക്കുന്നത്. ഏത് രാജ്യത്തും അസമാധാനവും കലഹ വും നിത്യേനയെന്നോണം സംഭവിച്ചുകൊണ്ടിരിക്കുകയാ ണെങ്കിൽ അതിന്റെ പ്രധാന പ്രതിഫലനം വ്യവസായരംഗ ത്താണ് ദൃശ്യമാകുക. കച്ചവടമാന്ദ്യവും വിലക്കയറ്റവും തീർച്ചയാണ്. ക്രയവിക്രയങ്ങൾ നടത്തുവാൻ ആരും ഒരു യുദ്ധക്കളത്തിലേക്ക് ഒരുങ്ങിവരികയില്ല. സമൃദ്ധമായും നിരന്തരമായും നടന്നിരുന്ന ഈ വ്യവസായബന്ധം തുഗ്ല ക്കിന്റെ കാലത്തുണ്ടായിരുന്നുവെന്നു പെരുപ്പിച്ചു പറയുന്ന ലഹളകളും, സുൽത്താനെപ്പറ്റിയുള്ള മറെറാരു വലിയ നുണ കഥപോലെ മാത്രമേ കരുതേണ്ടതുള്ളുവെന്നുകൂടി നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്. ഇൻഡ്യയുടെ യശസ്സ് സർവ്വ രംഗങ്ങളിലും ഫലവത്തായി പ്രസിദ്ധിയാർജ്ജിച്ചിരുന്ന ഒരു കാലഘട്ടത്തെയാണ് നാം അരാജകത്വത്തിന്റേയും കു പ്രസിദ്ധിയുടേയും കാലമായെണ്ണി അഗണ്യകോടിയിൽ തള്ളുന്നത്. കഴിഞ്ഞകാലമഹിമയെ ഊതിവീർപ്പിച്ച് വലു

34. Masalik-op-cit-P-30
35. Tarikh-i-firozshai-P-400

താക്കീയില്ലെങ്കിലും ഉള്ളതു് അംഗീകരിക്കുവാൻകൂടി നാം തയ്യാറാകാത്തതിന്റെ പ്രത്യക്ഷലക്ഷണമാണിതു്. മറ്റു ഘട്ടങ്ങളിൽ ഇല്ലാതിരുന്നതുകൂടി ഉണ്ടായിരുന്നുവെന്നു് വാദിച്ചു സ്ഥാപിക്കുവാൻ ആയാസപ്പെടുന്ന നാം മദ്ധ്യകാല ഘട്ടത്തിലെ നേട്ടങ്ങളെപോലും ഗൗനിക്കാത്തതു് വളരെ കഷ്ടമാണു്. മജ്ജും ഓരും മറ്റുമെഴുതുകയും വിശ്വസിക്കുകയും ചെയ്യുന്നതുപോലെ ഒരുപക്ഷേ മുസ്ലീംഭരണവും വിദേശികളുടെ ഭരണമായിട്ടേ നമുക്കു് കാണാൻ പറ്റുന്നുള്ളുവെന്നതാവാം ഇതിനു കാരണം. [36] ഈ ചിന്താഗതി മാറുന്നതു് വൈകാരികവും ദേശീയവുമായ ഉദ്ഗ്രഥനത്തിനാവശ്യമാണു്. മാറിയില്ലെങ്കിൽതന്നെ അവർ ഇവിടെ ഭരിച്ചു എന്നതു് ഒരു ചരിത്രസത്യമായിരിക്കുമ്പോഴും അതിന്റെ നേട്ടങ്ങളും കോട്ടങ്ങളും വസ്തുനിഷ്ഠമായിക്കാണുന്നതിലെന്തു തരക്കേടാണുള്ളതു്. പക്ഷേ ഇതൊക്കെ ആരോടു് ചോദിക്കാനാണു്!

തുഗ്ലക്കു് മുഹമ്മദിന്റെ കാലത്തു തന്നെയാണു് ഇൻഡ്യൻ മതങ്ങളുടേയും സംസ്ക്കാരങ്ങളുടേയും സങ്കലനം കൂടുതൽ വ്യക്തമാകുവാൻ തുടങ്ങിയതു്. അലാവുദ്ദീനും മുഹമ്മദു് തുഗ്ലക്കും ഒരിക്കലും മതപണ്ഡിതൻമാർ രാഷ്ട്രീയോപദേഷ്ടാക്കളാകുവാനനുവദിച്ചിരുന്നില്ല. പൌരോഹിത്യത്തെ മാറിനിർത്തിയിരുന്ന ഇവരിരുവരും മതസഹിഷ്ണുത കൊണ്ടു് ഇൻഡ്യൻ ദേശീയതക്കു് ആമുഖമെഴുതിയവരാണു്. അമുസ്ലീംകളെ കൂടുതൽ സർക്കാർ കാര്യങ്ങളിൽ നിയമിതരാവുകയും പണ്ഡിതവിഭാഗം ഏതു മതക്കാരാണെങ്കിലും ബഹുമാനിക്കപ്പെടുകയും ചെയ്തിരുന്നു. ഹിന്ദുവാകട്ടെ മുസ്ലീമാകട്ടെ വിവരമുള്ളവരത്രയും മൂന്നു ഭാഷകളെ സായത്തമാക്കിയവരായിരുന്നു. പേർഷ്യനും, അറബിയും, ഹിന്ദവിയും, സംസാരഭാഷ ഹിന്ദവിയായിരുന്നുവെന്നു് അൽഉമറി പ്രസ്താവിക്കുന്നു. 'ബറാണി ഹിന്ദുവായിൽ ചിന്തിക്കുകയും പേർഷ്യനിലെഴുതുകയും ചെയ്തതാ

ണെന്ന് അദ്ദേഹത്തിന്റെ പ്രതിപാദനരീതി കൊണ്ട് മനസ്സിലാക്കാം. എന്നാണ് പ്രൊഫസ്സർ കെ. എ. നിസ്സാമി രേഖപ്പെടുത്തിയിട്ടുള്ളത്. [37] വിദേശിയായ ഇബിനു ബത്തൂത്തപോലും ഹിന്ദിയിലുള്ള വാക്കുകളും ഉപയോഗിച്ചിട്ടുണ്ട്. അത്രമാത്രം ജനങ്ങളുടെ ഭാഷയുമായി സമ്പർക്കവും പരിനിമയവുമുണ്ടായിരുന്നു ഈ കാലങ്ങളിൽ.

ഏകദൈവ വിശ്വാസവും സാഹോദര്യവുമാണ് ഐസ്ലാമിക ദർശനങ്ങളുടെ ജീവത്തായ സത്ത്. അതിന്റെ സ്വാധീനശക്തി ഇന്ത്യൻ ചിന്തകരേയും തത്വസംഹിതകളേയും കൂടുതൽ അടുപ്പിച്ചു. ഭക്തിപ്രസ്ഥാനത്തിന് വർദ്ധമാനമായ പ്രചാരം കിട്ടുന്നതും തുഗ്ലക്കിന്റെ ഭരണകാലത്താണ്. അങ്ങനെ ചിന്തയുടേയും അറിവിന്റേയും ചക്രവാളങ്ങൾ വികാസംകൊണ്ട് ഈ കാലഘട്ടം അവിസ്മരണീയമാണ്. പക്ഷേ നമ്മുടെ ചരിത്രപ്രതിപാദനത്തിൽ ഇവയ്ക്കൊക്കെ ഇനിയും സ്ഥലം കണ്ടെത്തിക്കേണ്ടതായിരിക്കുന്നു.

മുഹമ്മദ് തുഗ്ലക്കിനെ സ്മര്യപുരുഷനാക്കുന്ന മറ്റൊരു മഹൽകൃത്യമായിരുന്നു ദേവഗിരിയിൽ നിർമ്മിച്ച രണ്ടാം തലസ്ഥാനം. ദൌലത്താബാദ് എന്നുപേരിട്ട് സുൽത്താൻ ആസൂത്രണം ചെയ്ത ഈ നഗരം ഡൽഹികഴിഞ്ഞാൽ പ്രഥമസ്ഥാനം അലങ്കരിച്ചിരുന്നുവെന്ന് എല്ലാ സഞ്ചാരികളും പറയുന്നുണ്ട്. സുൽത്താൻ മുഹമ്മദ് ഈ നഗരിയുടെ നിർമ്മാണംമൂലം ശില്പസംവിധാനത്തെ ദേശീയ ഭാവരൂപങ്ങൾക്ക് വിധേയമാക്കി കലാസാംസ്കാരിക ഐക്യത്തിന്റെ വിത്തുപാകി.

ഈ രണ്ടാം തലസ്ഥാനത്തിന്റെ നിർമ്മാണംകൊണ്ട് വടക്കേ ഇൻഡ്യയിൽ വീശിക്കൊണ്ടിരുന്ന സാംസ്കാരിക നവോത്ഥാനത്തിന്റെ കാറ്റ് തെക്കൻ ദേശങ്ങളിലും അല

37 Studies in Medieval Indian Histroy-P. 75

യടിക്കുവാൻ തുടങ്ങി. ഇതിന്നുമുമ്പൊരിക്കലും വടക്കൻ രാജ്യങ്ങളുടെ സ്വാധീനം ഇത്ര പ്രകടമായി തെക്കൻ സ്ഥലങ്ങളിൽ ദൃശ്യമായിട്ടില്ല; സുൽത്താൻ മുഹമ്മതിന്റെ ഡക്കാൺ പരീക്ഷണത്തിനുശേഷം എന്നതുപോലെയെന്നണ് പ്രഫസ്സർ നിസ്സാമി പ്രസ്താവിക്കുന്നത്. [38] ചുരുക്കത്തിൽ സുൽത്താന്റെ ജ്ഞാനതൃഷ്ണയും ഔൽസുക്യവും ഇൻഡ്യയുടെ ചിന്താമണ്ഡലത്തിൽ ഒരു വിചാരവിപ്ലവത്തിന്റെ കാഹളധ്വനി മുഴക്കിയിരുന്നു. അദ്ദേഹം വിതച്ച മതസഹിഷ്ണുതയുടെ വിത്ത് ഫലവത്തായതാണ് അക്ബറുടെകാലം. പെട്ടെന്ന് ഒരു ദിവസം അക്ബറിന്ന നുകൂലമായ കാറ്റ് ഈ നാട്ടിൽ വീശിയതല്ല. തുഗ്ളക്ക് മുഹമ്മതിന്റെ കാലത്ത് വളക്കൂറുള്ള ഈ മണ്ണിൽ വിതച്ച വിത്തുകളം മുളച്ച് തഴച്ചുവളർന്നതായിരുന്ന അക്ബറിന്റെ കാലം. നാം അക്ബർ ചക്രവർത്തിയെവാനോളം വാഴ്ത്തുമ്പോഴം അദ്ദേഹത്തിന് അത്തരം ആശയങ്ങളം പ്രായോഗികമാക്കുവാൻ സഹായകമായിനിന്ന മുഹമ്മത് തുഗ്ളക്കിനെ വിഗണിക്കുക മാത്രമല്ല, അപഹസിക്കുകകൂടിയാണ്. എന്തൊരുവിധി വൈചിത്രമാണെന്ന് നോക്കൂ! എന്തായാലും ഇതൊരു ചരിത്രാഭാസമായി മുഴച്ചുനിൽക്കുന്നു.

38. Ibid P. 11

34

തുഗ്ളക്കിന്റെ ആത്മകഥ

മുഹമ്മദ് തുഗ്ലക്കിന്റെ പിൻഗാമിയായ ഫിറോസ് തുഗ്ലക്ക് അദ്ദേഹത്തിന്റെ ആത്മകഥ എഴുതിയിട്ടുള്ളത്. ചരിത്രവിദ്യാർത്ഥികൾക്കൊക്കെ അറിയാം. ഫത്തുവായ് ഫിറോഷാ എന്നാണ് ഈ ഗ്രന്ഥത്തിന്റെ നാമധേയം. ആത്മകഥാകഥനം നടത്തുന്നവർ രണ്ടു പ്രധാന സംഗതികൾ ശ്രദ്ധിക്കേണ്ടതുണ്ടെന്നേ സ്റ്റീഫൻസ്പെൻഡർ അദ്ദേഹത്തിന്റെ ആത്മകഥയുടെ മുഖവുരയിൽ പ്രസ്താവിക്കുന്നു. സ്വന്തം പ്രവൃത്തികളെ താനെങ്ങനെ വിലയിരുത്തുന്നുവെന്നുദ്ദേഹം പ്രകാശിപ്പിക്കേണ്ടതുണ്ട്. രണ്ടാമത്തേത് മറ്റുള്ളവരുടെ പ്രതികരണം എങ്ങിനെയിരിക്കുന്നുവെന്നതും സ്പഷ്ടമാക്കണം. പ്രയാസപ്പെട്ട പണിയാണിത്. ആത്മകഥാകാരൻ അങ്ങനെ രണ്ടുതരത്തിൽ വായനക്കാരന്റെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നു. ആന്തരിക പ്രകാശിതനായിട്ടും (Introvert) ബാഹ്യപ്രതികരണവക്താവായിട്ടും (Extrovert), ഇവ രണ്ടും സർഗ്ഗാത്മക പ്രതിഭകൊണ്ട് രചനാത്മകമായി നിർവ്വഹിക്കുന്നവർ മാത്രമേ ഈ രംഗത്ത് ശോഭിക്കുകയുള്ളു. ഫിറോസിന്റെ പുസ്തകം ഇക്കാര്യത്തിൽ ഏറെക്കുറെ വിജയിച്ചിട്ടുണ്ടെന്നേ പറയാം. എന്നാൽ അദ്ദേഹത്തിന്റെ മുൻഗാമിയായ മുഹമ്മദ് തുഗ്ലക്കിനേറെതായി ഒരാത്മകഥ പുറത്തുവന്നിട്ടുണ്ട്. അദ്ദേഹത്തെ സംബന്ധിക്കുന്ന സർവ്വ സംഗതികളിലും കലർന്നിരിക്കുന്ന മായാവലയം ഇക്കാര്യത്തിലും കാണാം.

1930 ജൂലായിവരെ ഇങ്ങനെ ഒരു ഗ്രന്ഥമുള്ളതായി പോലും ആർക്കും നിശ്ചയമുണ്ടായിരുന്നില്ല. അക്കൊല്ലം പ്രൊഫസ്സർ മുഹമ്മദ് ഹബീബ് ഇംഗ്ലണ്ടിലുള്ള ബ്രിട്ടീഷ് മ്യൂസിയത്തിൽ പരതിക്കൊണ്ടിരുന്നതിനിടയ്ക്കാണ് അമൂല്യമായ ഈ പുസ്തകം കണ്ടുപിടിച്ചത്. 'തബാക്കാത്തി നാസിരി' എന്ന ഗ്രന്ഥത്തിനു് അനുബന്ധമായി ഇത് ചേർത്തിരിക്കുന്നു. എന്നാൽ പുസ്തകത്തിന്റെ താളുകളും മുഴുക്കെ കിട്ടിയതുമില്ല. ഹബീബ് ചരിത്രപണ്ഡിതന്മാരുടെ ശ്രദ്ധ ക്ഷണിച്ചു കൊണ്ട് ഇങ്ങനെ എഴുതി. 'തന്നെക്കുറിച്ചുള്ള സംശയങ്ങളും തെറ്റിദ്ധാരണകളും സമകാലീനരിൽ കൂടിയും എത്രമാത്രമാണെന്ന് സുൽത്താൻ തികച്ചും ബോധവാനായിരുന്നു. മറ്റു സംസ്കൃതചിത്തരായ രാജാക്കന്മാരെപ്പോലെ അദ്ദേഹവും തന്റെ രേണത്തെയും തന്നെയും പറ്റി സ്വന്തം കൈകൊണ്ട് അവ രേഖപ്പെടുത്തിയിരുന്നു. സുൽത്താനെ ആവരണം ചെയ്തിരിക്കുന്ന കടങ്കഥകൾക്കൊക്കെ ഇതുമൂലം ഒരുതിവരുമായിരുന്നു, ഈ പുസ്തകം മുഴുക്കെ നമുക്ക് ലഭിച്ചിരുന്നെങ്കിൽ. കാലാവസ്ഥയുടെ കരണ്ടുതീറ്റയെന്നതിനേക്കാളും മനഃപൂർവ്വമായി ഇത് നശിപ്പിച്ചതായിരിക്കണമെന്നാണെന്റെ വിശ്വാസം. എന്നാൽ നാലഞ്ചുപേജുകളും ആ നശീകരണത്തിൽ നിന്നും രക്ഷപ്പെട്ട് 'തബഖാത്തിനാസിരി' എന്ന ഗ്രന്ഥത്തിന്റെ അനുബന്ധമായി ഇന്നിച്ചേർക്കപ്പെട്ടിരിക്കുന്നു.' [1] ഇത് കഴിഞ്ഞ് പിന്നെയും ഒരെട്ടു കൊല്ലത്തിനുശേഷമാണ് ഈ താളുകളും പുനഃപരിശോധനക്ക് വിധേയമാകുന്നത്. ഡോക്ടർ മെഹദി ഹുസൈൻ ഇത് പരിവർത്തനം ചെയ്തു അദ്ദേഹത്തിന്റെ 'മുഹമ്മദു തുഗ്ലക്കിന്റെ ഉയർച്ചയും തകർച്ചയും' എന്ന പുസ്തകത്തിൽ പ്രസിദ്ധീകരിച്ചു. സുൽത്താനെക്കുറിച്ച് നല്ല ഒരു പഠനമാണ് മെഹദി ഹുസൈന്റെ ഈ പ്രസിദ്ധീകരണം. അദ്ദേഹം ഇതേക്കുറിച്ച് പറയുന്നതിപ്രകാരമാണ് 'ഈ

1. M. U. Aligarh, Intermediate College Magazine, 1930-P.I

ആത്മകഥ സുൽത്താന്റെ സ്വഭാവത്തേയും മാനസികാവ സ്ഥയേയും പ്രഫുല്ലമാക്കുന്നുവെന്നു മാത്രമല്ല ബരാണി യുടെ അവ്യക്തമായ വിവരണത്തിന്റെ കുറവ് പരിഹരി ക്കുകയും ചെയ്യുന്നുണ്ട്. സുൽത്താന്റെ മുൻഗാമികളോട് പൊതുവേയും പിതാവായ ഗിയാസുദ്ദീനോട് പ്രത്യേ കമായും അദ്ദേഹത്തിന്റെ വീക്ഷണമേതുതരത്തിലായി രുന്നുവെന്നും സ്പഷ്ടമായി ചരിത്രവിദ്യാർത്ഥികൾക്ക് മനസ്സിലാക്കിതരുന്നു. അബ്ബസൈഡ് കലീഫയു ടെ അധീശത്വം അംഗീകരിക്കുവാനുള്ള കാരണങ്ങളും തെളി ച്ചു പ്രതിപാദിക്കുന്നുണ്ട്. ഇതിനൊക്കെ പുറമെ സുൽ ത്താൻ ഒരു ഭരണാധിപനെന്നനിലയിൽ നേരിടേണ്ടതായി വന്ന ബുദ്ധിമുട്ടുകളും എന്തൊക്കെയായിരുന്നുവെന്നും അ വസാനം തന്റെ സാമ്രാജ്യം വിഛിന്നമാകുവാനുള്ള കാര ണങ്ങളും, ചക്രവർത്തിക്കനുഭവിക്കേണ്ടതായിവന്ന പ്രയാ സങ്ങളും വിസ്തരിച്ചിട്ടുണ്ട്.[2] ചുരുക്കത്തിൽ ഒരു വി ലപ്പെട്ട ആധികാരിക രേഖയായിട്ടാണ് മെഹിദിഹുസൈ നും, പ്രൊഫസർ ഹബീബും ഇതു ഉപയോഗപ്പെടുത്തി ട്ടിയുള്ളത്.

എന്നാൽ ഈ കാണപ്പെട്ട താളുകളും യഥാർത്ഥത്തിൽ സുൽത്താൻ തന്നെ എഴുതിയതാണോ എന്നകാര്യത്തിൽ സംശയം പ്രകടിപ്പിക്കുന്നവരും ധാരാളമാണ്. അവരിൽ പ്രധാനിയത്രേ പ്രൊഫസ്സർ കെ. എ. നിസ്സാമി. അദ്ദേഹം അസന്നിഗ്ദ്ധമായി പറയുന്നത് ഇത് കള്ളച്ചര ക്കാണെന്നാണ്. തുഗ്ളക്ക് മുഹമ്മദിന്റെ ബുദ്ധിക്കും വൈഭവത്തിനും നിരക്കുന്നതല്ല ഇതെന്നുകൂടി അദ്ദേ ഹമെഴുതുന്നു. അദ്ദേഹത്തിന്റെ വാദഗതിയെ ഇങ്ങനെ സംഗ്രഹിക്കാം. (1) സുൽത്താന്റെ കൃതിയായിരുന്ന ഇതെ ങ്കിൽ സമകാലീനർ ഇതേപറ്റി എന്തെങ്കിലും പറയുമായി രുന്നു. പ്രത്യേകിച്ചു സുൽത്താന്റെ സന്തതസഹചാരിയാ യിരുന്ന സിയാവുദ്ദീൻ ബരാണി എന്ന ചരിത്രകാരൻ.

2. Rise and fall of Mohamed Bin Tughlak P. XI

ഈ ഒറക്കാര്യം തന്നെ ധാരാളമാണ് ഇതിന്റെ ഉത്ഭവത്തെക്കുറിച്ച് സംശയിക്കുവാൻ. (2) ചരിത്ര രേഖകളിൽ നിന്നും സമാഹരിക്കുവാൻ കഴിയുന്നത്, സുൽത്താൻ ഭാവനാസമ്പന്നനായ ഒരു തിഭാശാലിയായിരുന്നുവെന്നാണ്, അദ്ദേഹത്തിന്റെ എഴുത്തുകൂം എല്ലാവിഭാഗം പണ്ഡിതന്മാരുടേയും പ്രശംസക്കു വിധേയമായിട്ടുണ്ട്. തനതായ ഒരുശൈലിയും കുറിക്കുകൊള്ളുന്ന അലങ്കാരപ്രയോഗങ്ങളും കാര്യങ്ങളുടെ കാതലോളമിറങ്ങിചെല്ലുന്ന വീക്ഷണവൈദഗ്ധ്യവും എല്ലാം ആരും സമ്മതിച്ചിട്ടുള്ള സംഗതികളാണ്. എന്നാൽ കണ്ടുകിട്ടിയ ഈ പേജുകളിലെ പ്രതിപാദനശൈലിയും ഭാഷയും ഒക്കെ ബരാണിയും കൂട്ടരും പ്രശംസിക്കുന്ന സുൽത്താന്റെ ചേതോഹരമായ ചേതനക്ക് യോജിച്ചതല്ല. ഇത് ഏതെങ്കിലും ഒരു മദ്ധ്യവർത്തിയുടെ കൃതിയായിരിക്കാനാണ് സാദ്ധ്യത. (3) സുൽത്താൻ തന്റെ മുൻഗാമികളെക്കുറിച്ച് അത്ര നല്ല അഭിപ്രായമല്ല രേഖപ്പെടുത്തിയിട്ടുള്ളത്. ഒരു കാലഘട്ടത്തെ സമൂലം ഒട്ടും നല്ല ഭരണമല്ലാതെ ചിത്രീകരിക്കുകയും തന്റെ മുൻഗാമികളുടെ സ്വഭാവരീതികളിൽ കളങ്കംചേർക്കാൻ ഉതകുകയും ചെയ്യുന്ന പ്രതിപാദനം ഒരിക്കലും ഈ സുൽത്താൻ ചെയ്യുമായിരുന്നില്ല. കരുതിക്കൂട്ടി മറ്റാരോ കൃത്യമമായി സൃഷ്ടിച്ചതാവണം ഇത്. (4) അന്ന് ജീവിച്ചിരുന്ന രാതവികൻമാരെയും പറ്റി നല്ല അഭിപ്രായമല്ല സുൽത്താൻ രേഖപ്പെടുത്തിയിട്ടുള്ളത്. അവരുമായി നിത്യസമ്പർക്കം ചെയ്തിരുന്ന സുൽത്താൻ ഇത് ചെയ്യുമെന്ന് വിശ്വസിക്കുക പ്രയാസമാണ്. (5) അതല്ലെങ്കിൽ അദ്ദേഹം യഥാസ്ഥിതിക പൗരോഹിത്യത്തിന്റെ വലയത്തിലേക്ക് ജീവിതത്തിന്റെ സായാഹ്നത്തിലെങ്കിലും മടങ്ങിപ്പോയിരിക്കണം. അതുണ്ടായിരുന്നുവെങ്കിൽ പഴഞ്ചരത്തിന്റെ ജീവനുള്ള പിറവിയായിരുന്ന ബരാണി വളരെ സന്തോഷത്തോടു കൂടി ഇക്കാര്യം പ്രസ്താവിക്കുമായിരുന്നു. ഇത് രണ്ടുമല്ലാത്തപ്പോൾ ദാർശനികരേയും വിജ്ഞാനികളേയും ആക്ഷേപിച്ചെ

ഴുതിയിരിക്കുന്നത് സുൽത്താനായിരിക്കുകയില്ല.[3] ഇങ്ങനെ പോകുന്നു ഈ വാദഗതി. മറ്റൊരു പണ്ഡിതൻ പറയുന്നത് 'ഈ രേഖ സുൽത്താൻ ഈജിപ്തിലെ കലീഫയ്ക്ക് തന്റെ അംഗീകാരത്തിനുവേണ്ടി സമർപ്പിച്ച പത്രികയുടെ ഭാഗമായിരിക്കു'മെന്നാണ്.[4] അങ്ങനെ സുൽത്താന്റെ ആത്മകഥയുടെ കാര്യത്തിലും കനത്ത വിവാദമാണ് നില നിൽക്കുന്നത്.

സുൽത്താനെക്കുറിച്ചുള്ള പഠനം പൂർണ്ണമായെന്ന പറയുവാനൊക്കുമെങ്കിൽ താർക്കികവിഷയമായ ഈ ആത്മകഥയുടെ കാര്യവും കൂടി വിശകലനം ചെയ്യേണ്ടതായിവരും. പണ്ഡിതൻമാരായ പലരുടേയും വിവിധാഭിപ്രായങ്ങളും പരിശോധനാവിധേയമാക്കുകയും വേണം. പ്രഫസ്സർ നിസാമിയാണല്ലോ പ്രധാനമായും ഇത് സുൽത്താനെഴുതിയതല്ലെന്ന് പ്രഖ്യാപിക്കുന്നത്. അദ്ദേഹത്തിന്റെ വാദം നാം കേൾക്കുകയും ചെയ്തു. നിസ്സാമിയുടെ ആക്ഷേപം, (1) സമകാലീനരായ എഴുത്തുകാരെല്ലാം ഇതേപ്പറ്റി അജ്ഞരായിരുന്നുവെന്നതിലാണ്. ചരിത്രകാരനായ[5] ബരാണിപോലും ഇങ്ങനെ ഒരു സംഗതി അറിഞ്ഞിരുന്നില്ല. ശരിയാണ്. സുൽത്താന്റെ ഈ ആത്മകഥയുടെ താളുകൾ ശ്രദ്ധിച്ചു വായിച്ചാൽ എന്തുകൊണ്ടാണിത് ഇത്രയും ഗോപ്യമായി സൂക്ഷിച്ചിരുന്നത് എന്ന് വ്യക്തമാകും. സന്തതസഹചാരിയായി പ്രഫസ്സർ വിശേഷിപ്പിക്കുന്ന ബരാണിപോലും സുൽത്താനോട് പകയും വിദ്വേഷവും പുലർത്തിയിരുന്ന വ്യക്തിയായിരുന്നു. സുൽത്താനെക്കുറിച്ച് ബരാണി എന്തെല്ലാം ദൂഷണങ്ങളാണ് എഴുതി തള്ളിയിരുന്നതെന്ന് നാം പല സ്ഥലങ്ങളിലായി പ്രസ്താവിച്ചിട്ടുണ്ട്. സുൽത്താന്റെ മതസഹി

3. Vide studies in Medieval Indian History. PP-76-85
4. Ishtiaq Hussain of Administration of the Sultanate of Delhi P.16
5. Studies in Medieval Indian History-P-77

ഷ്ണുതയും വിജ്ഞാനതൃഷ്ണയുമായിരുന്നു പ്രധാനമായും ബരാണിക്കും കൂട്ടർക്കും ദഹിക്കാതിരുന്നത്. ആ ദഹനക്കേടിന്റെ ദുർഗ്നന്ധം വമിക്കുന്ന ഛർദ്ദിയാണ് സുൽത്താനെക്കുറിച്ചുള്ള വിവരണത്തിലുടനീളം കാണുക. സുൽത്താൻ ബരാണിയോട് പൊതുകാര്യങ്ങളെപ്പോലും ചർച്ചചെയ്തിരുന്നില്ലെന്നതിനു തെളിവുണ്ട്. 'സുൽത്താൻമുഹമ്മദ് മൂന്നുനാലു പദ്ധതികളും സ്വന്തമായാസൂത്രണം ചെയ്തു.....എന്നാൽ ഇവയെക്കുറിച്ച് തന്റെ ഉപദേശകരോടോ സുഹൃത്തുക്കളോടു പോലുമോ അദ്ദേഹം സംസാരിച്ചിരുന്നില്ല.' [6] ബരാണി തന്നെ ഈ പരമാർത്ഥം വ്യക്തമാക്കുമ്പോഴും പിന്നെ സ്വകാര്യസംഗതികളും ബരാണിയെ അറിയിച്ചിരുന്നില്ലാത്തതുകൊണ്ട് ഇത് സുൽത്താന്റേതല്ലെന്ന് പറയുന്നത് യുക്തിയല്ല. ബരാണിയുടെ പ്രസിദ്ധമായ രാഷ്ട്രീയ സിദ്ധാന്തങ്ങളൊന്നും രഹസ്യമായിരുന്നില്ല. അദ്ദേഹത്തിന്റെ 'ഫത്തുവായ് ജഹാന്താരി' ഒരു രാഷ്ട്രീയ മീമാംസാഗ്രന്ഥമാണ്. ബരാണി ഒരു മുസ്ലീംസുൽത്താനിൽനിന്നും പ്രതീക്ഷിച്ചിരുന്നതെന്തൊക്കെയെന്ന് വളരെ സ്പഷ്ടമായതിൽ വിവരിച്ചിട്ടുണ്ട്. പുറമേ അന്നുണ്ടായിരുന്ന പണ്ഡിതൻമാരിലധികവും തുഗ്ലക്ക് മുഹമ്മദിന്റെ രാഷ്ട്രീയ മതനയങ്ങൾക്കെതിരായിരുന്നുവെന്ന കാര്യവും ആർക്കുമറിയാത്തതല്ല. ഈ യാഥാസ്ഥിതിക സംഘത്തിന്റെ നേതാവായ ബരാണിയെ സുൽത്താൻ ശരിക്കും മനസ്സിലാക്കിയിരുന്നിരിക്കണം. വിശ്വാത്തരമായ അദ്ദേഹത്തിന്റെ വിശാലമനസ്കതയും പാണ്ഡിത്യപ്രേമവുമായിരിക്കണം. ബരാണിയെ തിരസ്കരിക്കാതിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. ബരാണിപോലും ഇത് കണ്ടില്ലെന്നതു തന്നെ സുൽത്താൽ വളരെ രഹസ്യമായിട്ടാണിത് കുറിച്ചതെന്നും സമകാലീനരുടെ കണ്ണിൽ പെടരുതെന്ന് അദ്ദേഹത്തിന് ശാഠ്യമുണ്ടായിരുന്നുവെന്നും തെളിയിക്കുന്നുണ്ട്. അവരുടെയൊക്കെ ചിന്താ

---

6. z. Barani-Elliot etc Vol III, P. 237

ഗതി ശരിക്കും ധരിച്ചിരുന്ന സുൽത്താൻ തന്റെഈ ഗ്രന്ഥം അത്തരക്കാർ കാണരുതെന്നാശിച്ചതും ന്യായമാണ്. അവർക്കൊക്കെ മനഃശല്യവും വിമ്മിഷ്ടവുമുണ്ടാക്കുന്ന ഒരു കൃതി എന്തിന് പരസ്യപ്പെടുത്തുന്നുവെന്ന് യുക്തിപൂർവ്വം അദ്ദേഹം ധരിച്ചുമിരിക്കും. പുറമേ ഒരു പുസ്തകമെഴുതി പാണ്ഡിത്യത്തിന്റെ പന്തിയിലേക്ക് അദ്ദേഹത്തിനു കയറുകയും വേണ്ടായിരുന്നു. തന്നെപ്പറ്റി കടംകഥകളും രക്തദാഹവും ഒട്ടും മടിയില്ലാതെ എഴുതിതള്ളിയവരാണ് അന്നുണ്ടായിരുന്ന പണ്ഡിതസമൂഹമെന്ന് നാം പറഞ്ഞതാണ്. അത്തരക്കാരുടെ മദ്ധ്യത്തിൽ കഴിഞ്ഞ സുൽത്താൻ തന്റെ ഹൃദയഭാരം ഇറക്കിവെയ്ക്കുവാൻ വേണ്ടി ഗോപ്യമായെഴുതിയതായിരിക്കണം ഈ ആത്മകഥ. അത് മറ്റാരേയും കാണിക്കാതിരുന്നതും ഇതുകൊണ്ടുതന്നെയാണ്.

രണ്ടാമത്തെ വാദഗതി തീരെ നിലനില്ക്കത്തക്കതല്ല. തുഗ്ലക്ക് മുഹമ്മതിന്റെ ശാലീനനായ ശൈലിക്കും വൈജ്ഞാനിക വൈഭവത്തിനും പറ്റാത്ത രീതിയിലാണ് ഈ ഏടുകളുടെ സംവിധാനമെന്നാണ് നിസാമി എഴുതുന്നത്.[7] തുഗ്ലക്ക് അന്നുണ്ടായിരുന്ന മഹാപണ്ഡിതന്മാരിൽ അഗ്രേസരനായിരുന്നുവെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. അദ്ദേഹം ധാരാളം കവിതകളെഴുതിയിട്ടുണ്ട്. ഭംഗിയായി കത്തുകളെഴുതുന്നതിൽ കലാവല്ലഭനുമായിരുന്നു. അദ്ദേഹത്തിന്റെ കൈവിരുത് കാണാത്ത അറിയപ്പെട്ടിരുന്ന ഒരൊറ്റ ശാസ്ത്രവും അന്നുണ്ടായിരുന്നില്ല. ഒരാൾ കവിതക്കും സാഹിത്യത്തിനും ഉപയോഗിക്കുന്ന അലങ്കാരവും ശൈലിയും ചരിത്രരചനക്കും ആത്മകഥക്കുമുപയോഗിക്കണമെന്ന് നിർബന്ധിക്കുന്നത് ശരിയല്ല. അതും തന്റെ ദുഃഖഭാരം ഇറക്കിവെയ്ക്കുവാൻവേണ്ടി മാത്രം രഹസ്യമായി വല്ലപ്പോഴുമായി എഴുതിതള്ളിയ ഒരു പുസ്തകത്തിൽ. നാം അലങ്കാരത്തിനും തോരണത്തി

7. Prof. K. A. Nizami, op. cit. P. 79.

നും മേനിപറച്ചിലിനുമൊക്കെ പോകുന്ന സന്ദർഭം സത്യസന്ധമായി ആത്മപ്രകശനം നടത്തുമ്പോഴല്ല പല പ്പോഴും. സ്വന്തം കാര്യമെഴുതുന്നിടത്ത് അത്ര കസവു പിടപ്പിക്കേണ്ടെന്ന് സുൽത്താൻ കരുതിയിരിക്കും. പ്രഫ സ്സർ പരാതി പറയുന്നതുപോലെ അത്ര മോശപ്പെട്ട ഭാഷയോ ശുഷ്കമായ ഭാവനാ പ്രകടനമോ ഒന്നും എനി ക്ക് കാണുവാൻ സാധിക്കുന്നില്ല. ഒരു പക്ഷേ പേർ ഷ്യൻ ഭാഷയിലാണല്ലോ ഇതിന്റെ മൂലഗ്രന്ഥം. ഇംഗ്ലീ ഷിലുള്ള തർജ്ജിമ വിശ്വസിക്കാമെങ്കിൽ മുഹമ്മത് തുഗ്ലക്കിന്റെ ബുദ്ധിവൈഭവത്തെ ഇടിച്ചുതാഴ്ത്തുക്ക ഒന്നുമതിലില്ല. [8] മാത്രമല്ല, ഹൃദയം മുറിനിലക്കുന്ന സത്യപ്രകാശത്തിന്റെ ആത്മാഭിലാഷം ഓരോ വരിയിലും ത്രസിക്കുന്നുമുണ്ട്.

3. സുൽത്താൻ തന്റെ മുൻഗാമികളെക്കുറിച്ച് നല്ല അഭിപ്രായമല്ല രേഖപ്പെടുത്തിയിരിക്കുന്നത്. മൺമഞ്ഞ തന്റെ പിതാമഹന്മാരെ ഒരിക്കലും സുൽത്താൻ അക്ഷേ പിക്കുമായിരുന്നില്ല എന്നതാണ് മറെറാരു പോയിൻറ്, [9] മുഹമ്മതു തുഗ്ലക്കിനെക്കുറിച്ച് അമിതമായി പ്രശംസി ക്കുന്ന ഗ്രന്ഥകാരൻ വളരെ ബാലിശമായ ഒരു ചിന്താഗ തിയാണവതരിപ്പിക്കുന്നത് എന്നു ഖേദപൂർവ്വം എടുത്തു പറയേണ്ടതായിരിക്കുന്നു. സുൽത്താൻ തന്റെ മുൻഗാമിക ളുടെ പ്രവർത്തികളെക്കുറിച്ചെഴുതിയത് അപലപനീയമാ ക്കേണ്ടതുണ്ടായിരുന്നില്ല. അവരത്രയും നല്ലവരായിരുന്നു വെന്നോ ഭരണപടുക്കളായിരുന്നുവെന്നോ സുൽത്താനെഴു തിയിരുന്നെങ്കിൽ അവ ചരിത്രസത്യങ്ങൾക്ക് എതിരാകുമാ യിരുന്നില്ലേ? കഴിഞ്ഞകാല ചരിത്രത്തെ അയവിറക്കു മ്പോഴും സ്വന്തം വിചാരവികാരങ്ങൾക്കിടക്കൊടുക്കുന്നത് സ്വീകാര്യമായ പ്രവണതയല്ല. ഇതറിഞ്ഞിരിന്നിട്ടുകൂടി

8. Vide, Rise and fall of Mohamed Bin Tughlak. Also see Intermediate Magazine, M U. Aligarh 1930
9. Prof K. A Nizami-op, cit. P. 80

യും പ്രഫ്സ്സർ തന്റെ നിഗമനം ശരിയാണെന്നു സ്ഥാപിക്കുവാനുള്ള സാഹസത്തിൽ ചരിത്രത്തിന്റെ അനിവാര്യഘടകമായ വസ്തുനിഷ്ഠമായ പ്രതിപാദനമെന്ന തത്വത്തെ ഇക്കാര്യത്തിൽ വിഗണിക്കുന്നു. പണ്ഡിതനായ സുൽത്താൻ തനിക്കു ലഭിച്ചിരുന്ന ആധികാരികരേഖകളുടെ വെളിച്ചത്തിൽ ആത്മാർത്ഥമായി രേഖപ്പെടുത്തിയിരിക്കുന്ന വരികളാണിതിലുള്ളതെന്ന കാര്യത്തിൽ വളരെയൊന്നും സംശയിക്കേണ്ടതില്ല.

പ്രഫസ്സർ നിസാമിതന്നെ ഉദാഹരണമായി എടുത്തു ചേർത്തിരിക്കുന്ന ഭാഗം തന്നെ മതി അദ്ദേഹത്തിന്റെ അഭിപ്രായത്തെ തളർത്തുവാൻ. ബാൽബനെക്കുറിച്ച് തൃപ്തിക്കിന്റെ അഭിപ്രായം ഇതായിരുന്നു. ''ഈ സുൽത്താൻ ഭരണാധിപനായതോടുകൂടി അദ്ദേഹം കൊടും ക്രൂരതകളും പെരുത്ത് ദ്രോഹവുംചെയ്തു. അതിന്റെ ഫലമായി മതം തളരുവാനും ഇസ്ലാമികാശയങ്ങളെ വിഗണിച്ച് ജനങ്ങളും അത്തരം പ്രവൃർത്തികളം ചെയ്യുവാനും തുടങ്ങി. ഇത്തരം ചീത്തപ്രവൃർത്തികളം ലാഭകരമായി ജനങ്ങളം വിശ്വസിച്ചു. ക്രൂരമായ ഭാവം രാജതന്ത്രത്തിന്റെ നിയാമകശക്തിയായി കണക്കാക്കിയിരുന്നു. തോന്ന്യാസകരമായ അക്രമപ്രവൃർത്തികളം ആ പദവിയിലേക്കുയരാനുള്ള കോവണികളായും. അങ്ങനെ സിംഹാസനം ഒരു അക്രമിയിൽനിന്നും മറെറാരക്രമിയിലേക്കും, ഒരു കലഹക്കാരനിൽനിന്നും വേറെറാരു കലഹക്കാരനിലേക്കും മാറിമാറി വീണു.' ഈ ഭാഗത്തെയുദ്ധരിച്ച് നിസ്സാമി എഴുതുന്നത് ബാൽബന്റെ കാലത്ത് ഇസ്ലാമികശക്തിക്കു ക്ഷതംതട്ടിയിരുന്നില്ലെന്നും ബാൽബനെക്കുറിച്ച് ഈ എഴുതിയിരിക്കുന്നത് സത്യസന്ധമല്ലെന്നുമാണ്. [11] ബാൽബൻ ചക്രവർത്തിയാകുന്നതുതന്നെ തന്റെ മകളുടെ ഭർത്താവും സുൽത്താനുമായിരുന്ന നാസറുദ്ദീനെ ഉപായത്തിൽ ഹിംസിച്ചതിനു ശേഷമായിരുന്നുവെന്നു പ്രൊഫസ്സർ മറെറാരു അദ്ധ്യാ

11. Ibid P. 80

യത്തിൽ പറയുന്നുണ്ട്.' [12]ചക്രവർത്തിയായതിനുശേഷം അനേകായിരം പേരെഒന്നിച്ച് വധശിക്ഷ നടത്തി പൊതു നിരത്തിൽ ശവം കെട്ടിനിറുത്തിയ ബാൽബൻ ക്രൂരനായിരുന്നുവെന്ന് മുഹമ്മത് കുറിക്കുന്നതുകൊണ്ട് അതദ്ദേഹം എഴുതിയതല്ലാതാകുന്നതെങ്ങിനെ? അങ്ങനെയായിരുന്നുവെങ്കിൽ ബരാണിയുടേയും, അഫീഫിന്റേയും, ബത്തൂത്തയുടേയും ചരിത്രം അവരുടേതല്ലെന്ന് പറയേണ്ടതായിവരികയില്ലെ? പേരുകൊണ്ടുമുസ്ലീംകളായിരിക്കുന്നവരാണല്ലോ ഒട്ടുമിക്കആളുകളും. കള്ളത്തരങ്ങളും, ഗൂഢാലോചനകളും, മനുഷ്യഹത്യകളും ഏതു മുസ്ലീമിനു ചേർന്നതാണ്! ഒരിക്കലും ഇസ്ലാമികമല്ല അവയൊന്നും. ബാൽബൻ ചക്രവർത്തിയാകുന്നതിനുമുമ്പുള്ള ഇറ്റയ്ൻ രാഷ്ട്രീയത്തിലെ അസ്ഥിരാവസ്ഥയും അടിക്കടിമാറിക്കൊണ്ടിരുന്ന ഡൽഹി സിംഹാസനാധിപതികളും എന്തൊന്നിനെയാണ് സൂചിപ്പിക്കുന്നത്? സുൽത്താൻ പറയുന്നതുപോലെ ഏതു കലഹക്കാരനും തന്ത്രവും ക്രൂരതയും കൊണ്ട് കടന്നുപിച്ചെടുക്കാവുന്ന ആ സ്ഥാനമായിത്തീർന്നിരുന്നു ഡൽഹി സിംഹാസനം എന്നതുകൊണ്ടുതന്നെയാണല്ലോ ബാൽബനു ചക്രവർത്തിയാകുവാൻ പറ്റുന്നതുതന്നെ. അധികാരത്തിനുവേണ്ടി മനുഷ്യനെ കഴുത്തറുക്കുകയും വഞ്ചിച്ച് വധിക്കുകയും ചെയ്യുന്ന രീതി പ്രഭുക്കന്മാരാകമാനം പരിശീലിച്ചിരുന്നുവെന്ന് ബരാണിയും മറ്റും രേഖപ്പെടുത്തിയിട്ടുണ്ട്. ആ അനുഭവപാഠം മനസ്സിൽ വെച്ചുകൊണ്ടാണ് ബാൽബൻ ചക്രവർത്തിയായപ്പോഴാദ്യം ഈ മുസ്ലീം പ്രഭുക്കൻമാരെ മുഴുക്കെ കഥാശേഷരാക്കിയതും. മനുഷ്യനെ വക വരുത്തുന്ന നീചപ്രവൃത്തി ക്രൂരമായിരുന്നുവെന്ന് സുൽത്താൻ മുഹമ്മത് കുറിച്ചുവെങ്കിൽ അതിൽ അപാകതയുണ്ടെന്നോ രാജകീയതക്ക് യോജിക്കാത്തതാണെന്നോ ഒക്കെ വ്യവഹരിക്കുവാൻ സാദ്ധ്യമല്ല: തീർച്ച.

12- Ibid PP 56-58

സുൽത്താൻ തന്റെ വിവരണത്തിൽ അലാവുദ്ദീന്റെ ഗുണഗണങ്ങളെ പറയുന്നതോടുകൂടി അദ്ദേഹത്തിന്റെ സ്വഭാവത്തെ ഇങ്ങനെയാണ് വരച്ചുകാട്ടുന്നത്. ''ഇസ്ലാമിന്റെ അടിസ്ഥാനതത്വങ്ങൾപോലും അദ്ദേഹത്തിന് വശമായിരുന്നില്ല. അതുമല്ലെങ്കിൽ ഗവൺമെന്റിനെപറ്റിയോ രാജത്വത്തെക്കുറിച്ചോ അദ്ദേഹത്തിന് തെല്ലുപോലും ധാരണയുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ ഭരണകാലത്ത് ഇസ്ലാമിന്റെ അംശംപോലും അവശേഷിച്ചിരുന്നില്ല. നിയമാനുസൃതമായവയെന്തുണ്ടോ അവ നിയമരഹിതമാക്കുകയും ചെയ്യരുതാത്തവയ്ക്ക് നിയമാംഗീകാരം കൊടുക്കുകയും ചെയ്തിരുന്നു.'' അലാവുദ്ദീനെപറ്റിയുള്ള ഈ പരാമർശവും നീതിക്കു നിരക്കാത്തതാണെന്ന് സ്ഥാപിക്കുവാൻ ബരാണിയുടെ ഒരുദ്ധരണിയാണ് പ്രഫസ്സർ ആശ്രയിക്കുന്നത്. ''9—ാമത്തെ അതുഭൂതമെന്നു പറയത്തക്കവണ്ണം അലാവുദ്ദീന്റെ അവസാനത്തെ പത്തു കൊല്ലമായപ്പോഴേക്കും, മുസ്ലീം ജനത സത്യസന്ധതയും, ബാദ്ധ്യതകളിലും ഇടപാടുകളിലും സത്യദീക്ഷയും, മര്യാദയുമെല്ലാം അനുഷ്ഠിക്കുവാൻ തുടങ്ങി. മനുഷ്യഹൃദയങ്ങളെ നല്ല പ്രവൃർത്തികളെക്കുറിച്ചു ചിന്തിക്കുവാനും അവ ചെയ്യുവാനും ആഗ്രഹം പ്രകടിപ്പിച്ചു. വീഞ്ഞിനേറയും ചൂതുകളിയുടേയും അതുപോലുള്ള പാപകരമായ മറ്റു പ്രവർത്തികളുടേയും പേരുപോലും ആരും ഉച്ചരിക്കാതെയുമായി...[13] ബരാണിയുടെ ഈ പ്രസ്താവം ഏറെക്കുറെ ശരിയായിരുന്നിരിക്കണം. പക്ഷേ ഇവ നടപ്പിലായത് ഇസ്ലാമികശാസനകളനുസരിക്കുവാനുള്ള മുസ്ലീം പ്രഭുക്കളുടെ ചേതോഹാരിത കൊണ്ടായിരുന്നില്ല. അലാവുദ്ദീന്റെ കർക്കശമായ ക്രൂരനയംമൂലമായിരുന്നു. മുസ്ലീം പ്രഭുക്കളെ ബാൽബനെപ്പോലെതന്നെ കഠിനമായി ശിക്ഷിക്കുകയും അവരുടെ സ്വാതന്ത്ര്യത്തെ കടിഞ്ഞാണിടുകയും ചെയ്ത അലാവുദ്ദീൻ പ്രായോഗിക രാഷ്ട്രീയപടുവാണ്. വീഞ്ഞ്കുടി, ചൂതാട്ടം, സംഘം

13. Tarikh – Firozshahi - P. 431

ചേരൽ, തുടങ്ങിയവ നിയമം മൂലം നിരോധിച്ച അലാവുദ്ദീൻ രാജ്യരക്ഷയെ കരുതിയാണവ നടപ്പിലാക്കിയത്. തന്റെ മാർക്കറ്റ് പരീക്ഷണം നടത്തിയപ്പോഴും തൂക്കത്തിലും അളവിലും ചതി നടത്തിയവരുടെ മാംസം വെട്ടി തൂക്കമൊപ്പിച്ച കഥകളും ബരാണിതന്നെ വിസ്തരിക്കുന്നുണ്ട്. അങ്ങനെ ഭയം ഒന്നുകൊണ്ടുമാത്രമായിരുന്നു ബരാണി പറയുന്ന മര്യാദയും സൽസ്വഭാവവും ഇൻഡ്യൻ മുസൽമാന്മാർ ശീലിച്ചത്. അല്ലാതെ പരിശുദ്ധമായ ഇസ്ലാമികനിയമങ്ങളെ ഉപേക്ഷിട്ടായിരുന്നില്ല. അല്ലെങ്കിൽ വീഞ്ഞുകുടികയും ചൂതുകളിയും വ്യഭിചാരവും നിർത്തുവാൻ നിയമം പുതുതായി വേണ്ടിവരികയില്ലായിരുന്നു. ഇതൊക്കെകൊണ്ടാണ് തുഗ്ലക്ക് ആ ലേഖ്യം ചെയ്തത് ''ഇസ്ലാമിന്റെ നിഴൽപോലും ശേഷിച്ചിരുന്നില്ലന്ന്''.

അതുപോലെതന്നെ അലാവുദ്ദീന് ഇസ്ലാമികശാസനകളൊന്നുംതന്നെ അറിയില്ലെന്ന അദ്ദേഹം തന്നെ പ്രസ്താവിച്ചിരുന്നതായി ബരാണിയും മാറും രേഖപ്പെടുത്തിയിട്ടുണ്ട്. [14] ''രാജ്യത്തിനു ഗുണമെന്നു തോന്നുന്നത്.'' ചെയ്യുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. പ്രഖ്യാപിതമായ ഒരു നയം സുനിശ്ചിതമാക്കുവാനദ്ദേഹത്തിന്നതു മൂലമൊത്തിരിക്കുവാനും തരമില്ല. അലാവുദ്ദീന്റെ ഈ നയം കൂടുതൽ പ്രായോഗികമായിരുന്നിരിക്കാം. പക്ഷേ രാഷ്ട്രീയമീമാംസയും ശാസ്ത്രവുമൊക്കെ ഹൃദിസ്ഥമാക്കിയിരുന്ന വിവേകിയായ ഒരു പണ്ഡിതൻ അവയെ വിലയിരുത്തുമ്പോൾ താൽകാലിക ജയപരാജയങ്ങളെ ആയിരിക്കുകയില്ല. കണക്കിലെടുക്കുക. പ്രത്യുത ദൃഢതരമായ സ്ഥായീഭാവങ്ങളെയായിരിക്കും. ഫലം കണ്ടതിനുശേഷം ഓരോ സംഗതികൊണ്ടും വിലയിടുന്ന രീതി ഉയർന്നതരമല്ല അതിൽ ശാശ്വതമായ മൂല്യത്തിനേക്കാൾ മുൻതൂക്കം നൽകുന്ന സുൽത്താൻ തീർച്ചയായും

14 Elliot & Dowson, Vol, P. 188

ഉത്തമനായ ഒരു ചരിത്രവിമർശകനാകുകയാണിവിടെ. തീർച്ചയായും ഇത് മുഹമ്മതു തുഗ്ലക്കിന്റെ ബുദ്ധിക്കുമാത്രം ഉയർത്തികാട്ടുവാൻ കഴിയുന്ന വീഴ്ചപ്പെട്ട നിഗമനമാണ്.

ഇത്രയുമെടുത്തുദ്ധരിച്ചു കൊണ്ടാണ് സുൽത്താൻ തന്റെ പൂർവ്വികന്മാരെ മുഴുക്കെ അപഹസിക്കുന്ന തരത്തിലാണ് എഴുതി ഒപ്പിച്ചിരിക്കുന്നതെന്നും മഹാനായ അദ്ദേഹം അതു ഒരിക്കലും ചെയ്തിരിക്കില്ലെന്നും തന്മൂലം ഇത് സുൽത്താനെഴുതിയതല്ലെന്നും ഉപസംഹരിക്കുന്നത്. ഇതൊട്ടും നിലനില്ക്കാത്ത ചിന്താഗതിയാണെന്ന് നാം കണ്ടു. മറിച്ചുള്ള പ്രതികരണമാണ് നമുക്കുണ്ടാകുന്നതും. ചരിത്രവിവരണത്തിൽ അവശ്യം അനുഷ്ഠിക്കേണ്ട സത്യസന്ധത സുൽത്താൻ ദീക്ഷിക്കുക മാത്രമേ ചെയ്തിട്ടുള്ളു. അദ്ദേഹത്തിന്റെ കൂർമ്മബുദ്ധി ഓരോ കാലത്തിനേറെയും നാഡിമിടിപ്പ് ശരിക്കും മനസ്സിലാക്കിയിട്ടുമുണ്ട് ഒരിക്കലും സുൽത്താന്റെ വല്ലപ്പത്തിനോ ബുദ്ധിയ്ക്കോ ഇടിച്ചിൽ വരുത്തുക ഒന്നുമില്ലെന്നു മാത്രമല്ല അവ അദ്ദേഹത്തിന്റെ ജിജ്ഞാസയുടേയും വിവേചനാശക്തിയുടേയും പ്രതിഫലനവും കൂടിയാണെന്നതിൽ സംശയം വേണ്ട.

ഇതുതന്നെയാണ് തന്റെ സമകാലീനരായ താത്വികരേയും പണ്ഡിതന്മാരേയും കുറിച്ച് അദ്ദേഹം പുകഴ്ത്തിയില്ല എന്നു പറയുന്നതിന്റെയും പിന്നിലുമുള്ളത്. ബരാണി വളരെ വേദപൂർവ്വം രേഖപ്പെടുത്തുന്നതിങ്ങനെയാണ്. ''ഒരു പണ്ഡിതനും സത്യസന്ധനോ നിസ്വാർത്ഥനോ അല്ല. അവസരസേവയും മുഖസ്തുതിയുമായി കഴിയുന്നവരാണധികവും.''[15] തന്റെ സഹപ്രവർത്തകന്മാരെക്കുറിച്ച് ബരാണി എഴുതുന്ന ഈ അഭിപ്രായത്തിൽ കൂടുതലൊന്നും സുൽത്താനും പറയാനുണ്ടായില്ല എന്നത് ഒരു കുറവാകുന്നതെങ്ങനെയെന്ന് പിടികിട്ടുന്നില്ല.

പണ്ഡിതനായിരുന്ന ഈ സുൽത്താന് അറിവിന്റെ പുറം പൂച്ചു കാണിക്കുന്ന പൊങ്ങച്ചക്കാരോട് അത്ര മതിപ്പുണ്ടാകേണ്ട കാര്യമില്ല. അവരുടെ അറിവ് ഏതേത് മണ്ഡലത്തിൽ എത്രയെത്രയാണെന്ന് ശരിക്കും മനസ്സിലാക്കിയിരുന്ന അദ്ദേഹത്തിന് അവരോടൊക്കെ അമിതമായ പ്രീതി തോന്നേണ്ട കാര്യമൊന്നുമില്ല. വെറും ഹിപ്പോക്രാറുകളായിരുന്ന ഇവർക്ക് അറിവിന്റെ അഹംഭാവം കാട്ടുവാൻ പറ്റാതിരുന്നത് ഈ സുൽത്താനോട് മാത്രമായിരുന്നു. തങ്ങളുടെ ചരക്ക് വിറ്റഴിക്കുവാനവർക്കതു മൂലം മറ്റുപോംവഴികളാരേയേണ്ടതായും വന്നു. തന്മൂലം സുൽത്താനോടവർക്ക് അരിശവും പുച്ഛഭാവും തോന്നുക സ്വാഭാവികമാണ്. പുറമേ അദ്ദേഹത്തിന്റെ മതസഹിഷ്ണുതയും കൂടിയായപ്പോൾ ഇവരൊക്കെ സുൽത്താനെ ശപിക്കുകയും ചെയ്തിരുന്നു. ബരാണി പറയുന്ന ഈ പണ്ഡിതവ്യൂഹത്തെ സുൽത്താൻ മുഹമ്മദ് അത്ര പുകഴ്ത്തിയില്ലെന്നതു തന്നെ അദ്ദേഹത്തിന്റെ വലുപ്പത്തെയാണ് പ്രതിനിധാനം ചെയ്യുക. മറിച്ചാകാൻ തരമില്ല. അല്ലാതെ നിസാമി വാദിക്കുന്നതുപോലെ സുൽത്താൻ വാർദ്ധക്യമായപ്പോഴേക്കും മുസ്ലീം പൗരോഹിത്യത്തിന്റെ പിടിയിലമർന്നതുകൊണ്ട് ദാർശനികരേയും ശാസ്ത്രകാരന്മാരേയും കുറിച്ച് മോശമായി രേഖപ്പെടുത്തിയതല്ല. സത്യമതായിരുന്നതുകൊണ്ടുമാത്രം. നാം ഒരാളുടെ പാണ്ഡിത്യത്തേയൊ, കഴിവിനെയോ തുലനം ചെയ്യുന്നത് സ്വായത്തമായ ഗ്രാഹ്യശക്തിയും സിദ്ധിയും കൊണ്ടാണല്ലോ. പ്രഗത്ഭമെന്ന് എല്ലാവരാലും അംഗീകരിക്കപ്പെടുന്ന സുൽത്താൻ അദ്ദേഹത്തിന്റെ വലുപ്പം വെച്ചുതന്നെ മാറുള്ളവരെ അളന്ന് തിട്ടപ്പെടുത്തിയപ്പോൾ ആരും അത്ര അധികം പ്രമാണികളായില്ലെന്നു മാത്രമേയുള്ളു. ഇതൊറ്റകാര്യം തന്നെമതി ഈ ലഭിച്ചിരിക്കുന്ന ഭാഗം സുൽത്താന്റെ ആത്മകഥയുടെ ശേഷിച്ച താളുകളാണെന്ന് സമർത്ഥിക്കുവാൻ.

തന്റെ സമകാലീനരെക്കുറിച്ചും പൂർവ്വികരായ സുൽത്താന്മാരെക്കുറിച്ചും നിഷ്പക്ഷമായി രേഖപ്പെടുത്തിയപ്പോഴും പലർക്കും അത് രുചിക്കുകയില്ലെന്ന് സുൽത്താൻ കണക്കാക്കിയതുതന്നെയാണ് ഇത് ആരുടേയും കണ്ണിൽപെടാതെ സൂക്ഷിക്കുവാൻ കാരണം. ആദ്യം കാണാനിടയായ ഏതോ ദ്രോഹി തനിക്കഹിതമായ കാര്യങ്ങളും ഉൾക്കൊള്ളുന്ന ഏടുകളും നശിപ്പിക്കുകയായിരിക്കാം ചെയ്തത്. എങ്കിലും അവശേഷിച്ച ഭാഗങ്ങളിൽ പലതും സുൽത്താനെക്കുറിച്ചറിയുവാനും അദ്ദേഹത്തിന്റെ നിശ്ചിതമായ ആദർശനിഷ്ഠയെ സ്ഥിരീകരിക്കുവാനും ഉതകുന്നവയാണ്,

മുഹമ്മത് തുഗ്ലക്ക് കലീഫയുടെ അംഗീകാരം തന്റെ രാജസ്ഥാനത്തിന് ലഭിക്കുവാൻ വളരെ സാഹസപ്പെട്ടുവെന്ന് നാം പറഞ്ഞതാണ്. കലീഫയുടെ പ്രതിപുരുഷൻ ഡൽഹിയിൽ വരുന്നതുവരെ ഈദ് നമസ്കാരംപോലും നീട്ടിവെച്ചെന്ന് ബരാണി എഴുതുന്നു.[16] ബദർ ചാച്ചയുമിത് പ്രതിപാദിക്കുന്നുണ്ട്. പേരിന്നുമാത്രമായവശേഷിച്ചിരുന്നതും ഈജിപ്തിൽ, മംഗോളാക്രമണത്തിൽനിന്നും രക്ഷ തേടി അഭയംപ്രാപിച്ചിരുന്നതുമായ അക്കാലത്തെ കലീഫയുടെ അംഗീകാരം സുൽത്താനെപ്പോലെ ഒരു വലിയ സാമ്രാജ്യത്തിന്റെ അധിപതിക്കാവശ്യമായിരുന്നില്ല. എന്നിട്ടും വിശ്വാസത്തിനെതിരായി ഒന്നും ചെയ്യാതിരുന്ന അദ്ദേഹം ഇസ്ലാമികശക്തികാവശ്യം വേണ്ട ഒരു മഹൽ പ്രസ്ഥാനമായി ഇതിനെ കണക്കാക്കിയിരുന്നതാണ് അതിനു കാരണം. ഇത് ഒന്നുകൂടി വ്യക്തമാകും, ബാൽബനുമുമ്പുള്ള സുൽത്താന്മാരെക്കുറിച്ച് അദ്ദേഹത്തിന്റെ പരാതി വായിക്കുമ്പോഴും. ''പ്രവാചകൻ കാണിച്ചുതന്നതും, മുസ്ലീം സമുദായത്തിന്റെ വർദ്ധനവിന് നിദാനമായതുമായ ശരിയായ ഇമാമിനെ (കലീഫ) പിൻതുടരുകയെന്നത് ജനഹൃദയങ്ങളിൽ നിന്നും മാഞ്ഞിരിക്കുന്നു. ആര്

16. Tarikh-i-Firozshai-P. 492

തപോവനന്യനായ ഈ ഗുരുവിനോടു (ഇമാം) അനാദരവു കാണിക്കുന്നുവോ അവൻ തീർച്ചയായും ഇസ്ലാമിന്റെ പട്ടികയിൽനിന്നും നീക്കപ്പെടുകയും ചെയ്യും.'' [17] കലീഫയുടെ അംഗീകാരം വരുന്നതുവരെ വെള്ളിയാഴ്ച നമസ്കാരം നിർത്തിവെച്ച സുൽത്താനിൽ നിന്നല്ലാതെ ഇത്തരം ഒരു പരാമർശം ഒരിക്കലുമുണ്ടാകുകയില്ല. എന്തുകൊണ്ടാണു താൻ ഈ നാമമാത്രമായവശേഷിച്ചിരുന്ന കലീഫയുടെ ആശീർവാദത്തിന്നാശിച്ചതെന്നു സ്പഷ്ടമാക്കുന്നതോടുകൂടി ഇതു ചെയ്യാതിരുന്ന കാലഘട്ടത്തിന്റെ നേരെ രോഷാകുലനാകുകകൂടി ചെയ്യുന്നുണ്ടു്. ഇതെഴുതിയതു ഈ സുൽത്താൻതന്നെയായിരുന്നുവെന്നുള്ളതിനു ഇതിനുമേലെ എന്തു തെളിവുകളാണു ഇനി വേണ്ടത്?

ഇതിനൊക്കെ ഉപോൽബലകമാണു പിൻഗാമിയായ ഫിറോസു തുഗ്ലക്കിന്റെ ആത്മകഥാകഥനം. ബേബർ ചക്രവർത്തി 'ബേബർനാമ' എന്ന ഓർമ്മക്കുറിപ്പുകളെഴുതിയതു അദ്ദേഹത്തിന്റെ മുത്തച്ഛനായ തീമൂറിനെ അനുകരിച്ചാണെന്നു ലൈൻപൂൾ രേഖപ്പെടുത്തുന്നു. [18] തുസുക്കീജഹാംഗീരി, എഴുതിയ ചക്രവർത്തി ജഹാംഗീർ തന്റെമുത്തച്ഛനെയായിരിക്കണം മുന്നിൽ കണ്ടിരുന്നതു. ഡൽഹി സുൽത്താന്മാരിൽ ആരും അത്മകഥകളിതിന്നു മുമ്പെഴുതിയിട്ടില്ലാത്തപ്പോഴാണു ഫിറോസു തുഗ്ലക്കതെഴുതിയതു അദ്ദേഹം തന്റെ വിവരമുള്ള മുൻഗാമിയെ അനുകരിച്ചാണെന്നു വ്യവഹരിക്കുന്നതിൽ തെറ്റില്ലെന്നു തോന്നുന്നു. പ്രത്യേകിച്ചു മേലുദ്ധരിച്ച കാര്യങ്ങളും കൂടി ഒന്നിപ്പിച്ചു ചിന്തിക്കുമ്പോഴും മറിച്ചു സംഭവിക്കുക അസാദ്ധ്യമാണെന്നുകൂടി പറയേണ്ടതായിവരും.

ഏതായാലും മഹാനായ ഈ ചക്രവർത്തിയെ പൊതിഞ്ഞിരിക്കുന്ന മാറാലകളും കുറേയധികം മാറുവാൻ ഉപകരി

18. Lanepoole-Babur
17. Vide Mohamed Bin Tughlak Nama

ക്കുമായിരുന്നു ഇത് അതിന്റെ പൂർണ്ണാവസ്ഥയിൽ ലഭ്യമായിരുന്നുവെങ്കിൽ. നിർഭാഗ്യവാനായ ചരിത്രവിദ്യാർഥി ഇനിയും കാലങ്ങൾ ഒരുപക്ഷേ കാത്തിരിക്കേണ്ടതായിവന്നാലും ഇന്നല്ലെങ്കിൽ നാളെ സത്യം സത്യമായി പുലരുക പ്രകൃതിയുടെ ധർമ്മനീതി ശാസ്ത്രങ്ങളാണ്. കണ്ടെടുത്തിട്ടുള്ള ഈ ഏടുകൾ നിശ്ചയമായും സുൽത്താന്റെ ആദർശനിഷ്ഠയേയും സഹജാവബോധത്തേയും പ്രകാശനം ചെയ്യുന്ന അനർഘമായ സമ്പത്താണെന്നതിൽ തർക്കമില്ല. പക്ഷേ അവ ഉപയോഗപ്പെടുത്തേണ്ട രൂപത്തിൽ ഉപയോഗിച്ചാൽ തീർച്ചയായും ഈ ചെറിയ താളുകൾ നമുക്ക് അദ്ദേഹത്തെക്കുറിച്ചുള്ള പഠനത്തിന് വളരെ ഉപകരിക്കുമെന്ന് നിശ്ചയമാണ്.

35

മഹാനായ ധിക്കാരി

തുഗ്ലക്ക് മുഹമ്മത് ഇന്നും ചരിത്രത്തിലെ ഒരനാഥപ്രേതമാണ്. കഴിഞ്ഞകാല ഇൻഡ്യയുടെ സാമൂഹിക സംസ്കാരിക ചരിത്രത്തിൽ അനർഘമായ വ്യക്തിമുദ്ര പതിച്ച ഈ സുൽത്താൻ ചരിത്രകാരന്മാരുടെ പഴിക്കും വിദ്യാർത്ഥികളുടെ പുച്ഛത്തിനും, മാത്രം പാത്രീഭൂതനായി കഴിയുക ചരിത്രാഭാസമല്ലേ. ഇന്നലെയുടെ സാംസ്കാരികാ രാഷ്ട്രീയചരിത്രത്തിലെ മുഖ്യഘടകങ്ങളെ അർഹിക്കുന്ന സ്ഥാനം നൽകി ആദരിച്ചില്ലെങ്കിൽ തീർച്ചയായും നാം ആകാലഘട്ടത്തിലെ ഇൻഡ്യൻ സാമൂഹത്തോടും അവരുടെ സംസ്കാരത്തോടും ചെയ്യുന്ന കനത്ത ദ്രോഹമായിരിക്കും. കാരണം സമഷ്ടിയുടെ സൃഷ്ടാവിഷ്ക്കരണമാണല്ലോ ചരിത്രമഹാത്മാക്കൾ. അവരുടെ ഉയർച്ച സമൂഹത്തിന്റെ ഉയർച്ചയായും അവരുടെ തകർച്ചസമൂഹത്തിന്റെ തകർച്ചയായും തീരുക ചരിത്രയാഥാർത്ഥ്യങ്ങളാണെങ്കിൽ നിശ്ചയമായും,ഉൽക്കർഷത്തിന്റെ മഹത്തായ ഒരദ്ധ്യായം നാം അപകർഷമാക്കി അധഃപതിപ്പിക്കുകയാണ് തുഗ്ലക്ക് മുഹമ്മതിനെക്കുറിച്ച് നിലവിലുള്ള പ്രതിപാദനരീതികൊണ്ട്. ഇത്തരം ചരിത്രവക്രത്തങ്ങൾ നമ്മുടെ മഹൽസംസ്കാരത്തോടും നമ്മുടെ വാണ്യരായ പൂർവ്വികരോടും ചെയ്യുന്ന അപരാധവും കൂടിയാകും. ആ നിലയ്ക്കെങ്കിലും അർഹമായത് അർഹിക്കുന്നവർക്ക് നൽകേണ്ടതു വെറും നീതി മാത്രമാണ്.

മുഹമ്മതു തുഗ്ലക്ക് ജീവിച്ചിരുന്ന കാലഘട്ടത്തിന്റെ പ്രത്യേകസ്വഭാവങ്ങളും വിലയിരുത്തി പഠിക്കുവാൻ മിനക്കെട്ടാൽ, തീർച്ചതന്നെ, എന്തുകൊണ്ടാണ് അദ്ദേഹം അക്കാലത്തെമിക്ക എഴുത്തുക്കാരുടേയും പഴിക്ക് വിധേയനായതെന്നു മനസ്സിലാകും. ലോകത്തെമ്പാടും നിലവിലിരുന്ന ദുഷ്യങ്ങളിൽ പ്രധാനമായതായിരുന്നു മദ്യപാനം. ഇസ്ലാം സുരാപാനം നിഷിദ്ധമാക്കിയെന്നും അതു വിജയകരമായി നടപ്പിലാക്കിയിരുന്നെന്നും കൊട്ടിഘോഷിക്കപ്പെടാറുണ്ട്. ആദ്യഘട്ടങ്ങളിൽ മതാവേശം നൈമിഷികമായ സുഖാനുഭൂതികളെയൊക്കെവെന്ന് വിജയക്കൊടി നാട്ടിയിരുന്നെന്നതു പരമാർത്ഥംതന്നെ. പക്ഷേ മതം, സ്വാർത്ഥമോഹികളായ രാജാക്കൻമാരുടേയും പ്രഭുക്കൻമാരുടേയും പണ്ഡിതൻമാരുടേയും കയ്യിൽ അകപ്പെട്ട് വീർപ്പുട്ടാനധിക കാലം പിടിച്ചില്ല. ചോരതോഹരമായ ഐസ്ലാമികാശയങ്ങളും ദൂരീകൃതമായതിനു പുറമേ മറനവധി അനിസ്ലാമികപ്രവണതകളും മുസ്ലീംകളുടെ ജീവിതത്തിൽ സ്ഥാനം പിടിക്കുകയും ചെയ്തിരുന്നു. അങ്ങനെ തുഗ്ലക്ക് മുഹമ്മതിന്റെ കാലം ആയപ്പോഴേക്കും മദ്യപാനം സാർവ്വത്രികമായി. വീഞ്ഞുതുളമ്പുന്ന പാനപാത്രവും, ഒഴിയുന്ന ചഷകത്തിൽ വീണ്ടും നിറക്കുവാൻ സുന്ദരികളായ സ്ത്രീജനങ്ങളും, മദാലസമായ പശ്ചാത്തലവും ഒക്കെയാണ് അക്കാലത്തെ ചിത്രങ്ങളിലധികവും. ബാൽബനും, അലാവുദ്ദീനും, തുഗ്ലക്ക് മുഹമ്മതിനുമുമ്പ് വീഞ്ഞുകുടി നിയമംമൂലം നിരോധിച്ചവരാണ്. പക്ഷേ ഇൻഡ്യൻ പ്രഭുവർഗ്ഗത്തിന്റെ സുഖഭോഗേഛ ഏതു നിയമത്തേയും മറികടക്കത്തക്ക ധിക്കാര സ്വഭാവത്തോട്കൂടിയതായിരുന്നു.

മറെറാരു ദുഷ്ടമായ സ്ഥിതിവിശേഷം, അടിമകളേയും വെപ്പാട്ടികളേയും സൂക്ഷിക്കുകയെന്നതായിരുന്നു. ഓരോ ചക്രവർത്തിയും പ്രഭുവും അവരുടെ പദവിക്ക് യോജ്യമാംവിധം അന്തഃപുര സ്ത്രീകളുടെ എണ്ണം വർദ്ധിപ്പിച്ചിരുന്നു. ലൈംഗികാരാജകത്വത്തിനും മാംസരക്തങ്ങളുടെ അഴിഞ്ഞാട്ടത്തിനും രംഗം എവിടേയും ഒഴിഞ്ഞുകിടന്നു. ഇവയ്ക്കൊ

ക്കെ മകുടം ചാർത്തുന്ന മറെറാരു വൈകൃതമായിരുന്ന സമൂഹത്തിൽ ഒരുതരം നപുംസങ്ങകളെ വളർത്തിയെടുത്തിരുന്ന സ്ഥിതി. അവരെ ഷണ്ഡനമാർ എന്നു വിളിച്ചിരുന്നു. അടിമകമ്പോളത്തിൽ ഇക്കൂട്ടർക്ക് കൂടുതൽ വിലകിട്ടുമെന്നതുകൊണ്ട് ധാരാളം നപുംസകങ്ങം ഈ നാട്ടിലുണ്ടായി. ലൈംഗികവിചാരമോ ആസക്തിയോ ഇവർക്കുണ്ടായിരുന്നില്ല. അതിനാൽ, ഇവർ 'യജമാനൻമാരെ' കൂടുതൽ വിസ്വസ്തതയോടുകൂടി സേവിക്കുന്നു. അന്തഃപുരത്തിലെ നൂറുകണക്കിന് സ്ത്രീകളുടെ കാവൽക്കാരാക്കുവാൻ ഇത്തരക്കാരെയാണ് ഉപയോഗിച്ചിരുന്നത്. ഇതിനുപുറമേ ഏതുതരത്തിലും ഉള്ള അടിമകളെ കമ്പോളസാധനങ്ങംക്കു സമം വാങ്ങുകയും സാദ്ധ്യമാകുമായിരുന്നു. ഫ്യൂഡൽ ദുഷ്പ്രഭുത്വത്തിന്റെ അധഃപതനത്തോടുകൂടി ഈ വൈകൃതങ്ങളം സമൂഹത്തിന്റെ അംശവും ആയിത്തീർന്നു. അങ്ങനെ വീഞ്ഞും വീണയും വിലാസിനികളും അവരുടെ സംരക്ഷണത്തിനുള്ള ദാസിമാരും ഷണ്ഡനമാരും ഇതിന്റെറയൊക്കെയജമാനൻമാരായ ജനമിവർഗ്ഗവും സൃഷ്ടിച്ചിരിക്കാവുന്ന ആചാരാഭാസങ്ങളം ചിന്തിക്കുകയാണ് ഭേദം. ഇതോടനുബന്ധമായി ഓർക്കേണ്ട മറെറാരു സംഗതികൂടിയുണ്ട്. മുസ്ലീം പ്രഭുക്കളെന്നു പറയുമ്പോം മുസ്ലീം വൈദികരേയും പണ്ഡിതനമാരേയും വേറെ കാണുവാൻ സാദ്ധ്യമല്ലെന്നതാണത്. മിക്കവാറും മുസ്ലീം പണ്ഡിതനമാർ അക്കാലത്തെ പ്രഭുക്കളുമായിരുന്നു. അപ്പോം ജനമികളെ എതിക്കുവാനൊരുമ്പെടുന്ന ഒരുമുസ്ലീം ചക്രവർത്തി ഒപ്പം ഫ്യൂഡൽ സമ്പ്രദായത്തേയും എതിർക്കേണ്ടതായിവന്നു കൂടിയിരുന്നു. കാരണം ഇവ രണ്ടും രണ്ടായിരുന്നില്ല. അലാവുദ്ദീന്റെ തൊട്ടുമുമ്പുള്ള കാലഘട്ടത്തിന്റെ സ്വഭാവത്തെ ചൂണ്ടി സമകാലിക ചരിത്രകാരൻ സിയാവുദ്ദീൻ ബരാണി പറയുന്നത് 'പ്രഭുക്കനമാർ ഒരുകാലത്തുമില്ലാത്തത്ര പൊങ്ങച്ചക്കാരും സുഖസൗകര്യങ്ങളിൽ ആകൃഷ്ടരുമായിരുന്നു. ഒരു പ്രാവശ്യം ധരിച്ച

വിലകൂടിയ വസ്ത്രങ്ങളും പിന്നീടൊരിക്കലും അവർ അണിയുമായിരുന്നില്ല. അങ്ങനെ രാഷ്ട്രീയാധികാരവും കുന്നുകൂടിയ ധനവും ഇവയെയെല്ലാം താലോലിച്ച് മദാലസരായ പ്രഭുവർഗ്ഗവും തലതിരിഞ്ഞ ഒരു വൈകൃത ലോകത്തിനു പിറവി കൊടുത്തു.

ഇത്തരം സമൂഹത്തെയാണ് മുഹമ്മദ് തുഗ്ലക്കിനു നേരിടേണ്ടതായിവന്നത്. അദ്ദേഹമാകട്ടെ നിലവിലിരുന്ന ഈ ചീത്തസ്വഭാവങ്ങളെ അവജ്ഞയോടുകൂടി വീക്ഷിച്ചിരുന്ന സൽസ്വഭാവിയുമായിരുന്നു. വ്യക്തിജീവിതത്തിൽ ഏറെവും നിഷ്കൃഷ്ടമായി സനാതനമാർഗ്ഗസദാചാര നിഷ്ഠകളനുഷ്ഠിച്ചിരുന്ന സുൽത്താൻ സാമൂഹ്യപരിഷ്കർത്താവിന്റെ നിലയിലേയ്ക്കുയർന്നപ്പോഴും പ്രഭുവർഗ്ഗമിടഞ്ഞു. മതശാസനകളുടേയോ മറേറതെങ്കിലും പ്രത്യയശാസ്ത്രങ്ങളുടെയോ മറ പററിനന്നു അവരുടെ ഹീനകൃത്യങ്ങൾക്ക് ന്യായീകരണം കൊടുക്കുവാനും അവർക്കസാദ്ധ്യമായിരുന്നു. കാരണം, ഈ സുൽത്താൻ പണ്ഡിതനും, വിവേകിയും, വിജ്ഞനുമായിരുന്നു. അങ്ങനെ രുങ്ങളുടെ ഒന്നും സുൽത്താന്റെ അടുക്കൽ പററുന്നില്ലെന്നു വന്നപ്പോഴും അവരത്രയും അദ്ദേഹത്തെ ശപിക്കുകയും ശകാരം വർഷിക്കുകയും ചെയ്തു. അതാണ് അവർക്കെല്ലാവർക്കും ഈ സുൽത്താൻ രക്തശത്രുവായിയും ഭ്രാന്തനുമൊക്കെയായത്.

ഒഴുക്കിനെതിരെ നീന്തി കരപററിയവർ ദുർല്ലഭമോണ് ചരിത്രത്തിൽ. അത്തരം ദുർല്ലഭം പേരിൽ ഒരാളാണ് മുഹമ്മദ് തുഗ്ലക്ക്. ഈ വക സ്വഭാവവൈകൃതങ്ങളുണ്ടായിരുന്ന മുസ്ലീം, സമൂഹം അവരുടെ പ്രഭുത്വവും അധികാരദുരയും നിലനിർത്താൻ, രാഷ്ട്രീയവകാശവും മേന്മയും സ്വായത്തമാക്കിയിരുന്നു. ഹിന്ദുപ്രഭുത്വത്തിനെ രാഷ്ട്രീയവും സാമ്പത്തികവുമായ ഉയർച്ചയിൽ നിന്നും തടഞ്ഞുനിർത്തുവാനും സ്വാർത്ഥതാല്പര്യത്തിനു വേ

ണ്ടി അധികാരത്തിന്റെ കുത്തക ഭേസുവാനും ഇവർ ഉപാ
ധിയാക്കിയിരുന്ന ഉപകരണം മതത്തേയും വർഗ്ഗീയവാ
ദത്തെയുമാണ്. അങ്ങനെ മുസ്ലീം പ്രഭുത്വത്തിന്റെ മറെറാരു
പ്രത്യേകത അവരുടെ മതഭ്രാന്തും, വർഗ്ഗീയതയുമായിരുന്നു. എ
ന്നാൽ മുഹമ്മദ് തുഗ്ലക്കാകട്ടെ, ഇസ്ലാമിന്റെ സഹിഷ്ണുത
യും സാർവ്വലൌകികസ്വഭാവവും ഉൾക്കൊണ്ട മഹാനായിരു
ന്നു. അന്ധകാരനിബിഡമായ അന്തരീക്ഷത്തിൽ ഒരു
ജ്യോതിർഗോളം കണക്കെ, അധഃപതിച്ച ഈ സമൂഹത്തിൽ
ഒറെറയായി അദ്ദേഹം പ്രകാശിച്ചു. തന്റെ രാജധർമ്മം പ്ര
ജകളെയെല്ലാം ഒരുപോലെ പരിരക്ഷിക്കുന്നതിലാണെ
ന്നും, ഉദാത്തമായ മതസഹിഷ്ണുത ഉദ്ഘോഷണം ചെയ്യുന്നതി
ലാണെന്നും, ആ മഹാനറിയാമായിരുന്നു. അങ്ങനെ സാം
സ്കാരികഉദ്ഗ്രഥനവും മതസഹിഷ്ണുതയുടെ സാർവ്വ
ത്രികഭാവവും, സാഹോദര്യത്തിന്റെ സൌഹൃദവും ഇവിടെ വി
ളയണമെന്ന് കരുതി ബോധപൂർവ്വം പ്രവർത്തിച്ച മഹാനായി
രുന്ന ഈ ചരിത്രപുരുഷൻ. അദ്ദേഹം വിതച്ച സൌഹൃദത്തിന്റെ
വിത്ത് മുളച്ച് വളർന്ന് പന്തലിച്ചതായിരുന്ന അക്ബറുടെ
കാലം. പെട്ടെന്നൊരു ദിവസം അക്ബർ ഒരു മതാചാര്യനാ
യതല്ല. അനുസ്യൂതമായി ഇവിടെ പ്രവഹിച്ചുകൊണ്ടിരുന്ന
സാംസ്കാരികസംഘാതത്തിന്റെ സാക്ഷാൽക്കാരം കണ്ടതാ
യിരുന്നു 'ദീനി ഇലാഹി'. അതിന്റെ പ്രചോദകൻ ഭാർഗ
നിക ചക്രവർത്തിയായ മുഹമ്മത് തുഗ്ലക്കായിരുന്നു.

പക്ഷേ അദ്ദേഹത്തിന്റെ വിശാലമായ മതവീക്ഷ
ണവും തദ്ഫലമായുള്ള പരിഷ്കാരങ്ങളും മുസ്ലീം പൌരോഹി
ത്യ പ്രഭുത്വത്തെ ചൊടിപ്പിച്ചു. അവർ എതിരിടാൻ വാളെ
ടുത്തു. ലഹളയുടെ കൊടിക്കൂറയുയർത്തി. ധീരനായ സുൽ
ത്താൻ നിർദ്ദാക്ഷിണ്യം ഇവയെ അടിച്ചമർത്തി. തന്റെ
ആദരണീയമായ ഭരണസംവിധാനം നടപ്പാക്കി. ഇതൊക്കെ
കൊണ്ടാണ് സമകാലികരുടെ സംഘടിതമായ എതിർപ്പി
ന്നു അദ്ദേഹം ഇരയായത്. പക്ഷേ ഇന്ന് നമുക്ക് ഇത്ത
രം സൽപ്രവൃത്തികളെ വിലമതിക്കാവുന്നതുമുള്ളൂ. അതി

ന് നാം തുനിഞ്ഞില്ലെങ്കിൽ മാനുഷികമൂല്യങ്ങൾ പോലും തകരാറിലാകും.

സദാചാര സാൻമാർഗ്ഗികമൂല്യങ്ങളെ സാർവ്വത്രികമായി നിഷേധിച്ചിരുന്ന കുത്തഴിഞ്ഞ ഒരു സമൂഹത്തെ ധീരതയോടുകൂടി എതിരിട്ട്, സമകാലികരുടെ മുഴുക്കെ പഴിക്ക് പാത്രീഭൂതനായ സുൽത്താൻ തീർച്ചയായും മഹാനായ ഒരു ധിക്കാരിയാണെന്നതിൽ സംശയമില്ല. കാലത്തിന്റെ ഗതിക്കൊത്ത് കോലംകെട്ടി, മഹത്വത്തിന്റെ പന്തിയിലേക്ക് കയറിവന്നിട്ടുള്ളവർ ദുർല്ലഭമല്ല ചരിത്രത്തിൽ, ഗത്യാത്മകമായ മാറ്റങ്ങൾക്കുവേണ്ടി വിപ്ലവവീര്യമൂറുന്ന ധീരപ്രവൃത്തികൾ ചെയ്ത് ചലനം സൃഷ്ടിച്ച മഹാത്മാക്കൾ, അവർ ജീവിച്ചിരുന്ന സന്ദർഭങ്ങളിൽ സമകാലീനരുടെ ശകാരത്തിനും ശിക്ഷക്കും പാത്രീഭൂതരായിട്ടുള്ളവരാണ്. സോക്രട്ടീസും, കോപ്പർ നിക്കസ്സും, ബേക്കനും തുടങ്ങി നിരവധി മഹാത്മാക്കൾ സ്ഥിത്യാത്മക സമൂഹത്തിന്റെ ക്രൂരമായ മർദ്ദന വേദികളിൽ ക്രൂശിക്കപ്പെട്ടവരാണ്. എന്നാലും അവർ പഠിപ്പിച്ച പാഠങ്ങളും, അവർ ചിന്തിയ ചോരയും, അവർനടത്തിയ ജീവത്യാഗങ്ങളും, അവർ വിതച്ച വിപ്ലവിത്തുകളും വൃഥാവിലായിട്ടില്ലെന്ന് ചരിത്രവിദ്യാർത്ഥികൾക്കറിയാം. മുഹമ്മത് തുഗ്ലക്ക് പരമാധികാരിയായ ഒരു ചക്രവർത്തിയായിരുന്നതുകൊണ്ട് മറാർക്കും ശിക്ഷിക്കുവാൻ സാധിച്ചില്ലെന്നുമാത്രം. കൊലപാതക ശ്രമങ്ങളേയും, ഗൂഢാലോചനകളേയും തകർത്ത് തരിപ്പണമാക്കുവാൻ സാധിക്കുകയും ചെയ്തു. ജീവിച്ചിരുന്നപ്പോഴും ഭരണാധിപനായിരുന്നതുകൊണ്ട് കാര്യമായി അദ്ദേഹത്തെ ഉപദ്രവിക്കുവാൻ ഒക്കാത്തവരും ലഹളക്കൊരുങ്ങി പരാജിതരായവരും, അദ്ദേഹത്തിന്റെ മരണശേഷം ആഭിചാരവാക്കുകൾകൊണ്ട് ചീത്തവിളിക്കുകയും രോഷോദ്ധം നടത്തുകയുമാണ് ചെയ്തത്. മറ്റുള്ള മഹാത്മാക്കളുടെ കാര്യത്തിലെന്നതുപോലെ തുഗ്ലക്ക് മുഹമ്മതിന്റെ സൽപ്രവൃ

ത്തികവും കൂടുതൽ ധന്യമാകാതിരിക്കുകയില്ല. പ്രകൃതിയുടെ സുനിശ്ചിതവിശേഷമതാണെന്നതുകൊണ്ടുതന്നെ. കൂടുതൽ കൂടുതൽ മഹത്വത്തോടുകൂടി പ്രകാശമാനമായി അവ പ്രശോഭിക്കുമെന്നതിൻ സംശയത്തിന്നവകാശമില്ല. മഹത്വത്തിന്റെ അമൂല്യസംഭാവനകളെ മനസ്സിലാക്കുവാൻ കുറെയേറെ സമയം വേണ്ടിവരുമെന്നുമാത്രം. എന്നു കരുതി അവ വിസ്മരിക്കപ്പെടാറുമില്ല. അതത്രേ മുഹമ്മദ് തുഗ്ലക്കെന്ന മഹാപുരുഷന്റെ സ്ഥിതിയും.

36

രണ്ടു മതഭ്രാന്തൻമാർ

ഇന്ത്യാ ചരിത്ര പ്രതിപാദനത്തിൽകാണുന്ന പ്രത്യേകമായ ഒരു സവിശേഷത ഭാരതീയരായ ഹൈന്ദവ–മുസ്ലീം ചക്രവർത്തിമാരുടെ മതനയത്തെപ്പറ്റി സങ്കീർണ്ണമായ ചർച്ചകളും വിപുലമായി നടത്തുക എന്നതാണ്. ആധ്യേയ ചരിത്രകാരൻമാർ തുടങ്ങിവെച്ച ഈ സമ്പ്രദായം തദ്ദേശീയരായ എഴുത്തുകാരും അനുവർത്തിച്ചുപോരികയും ചെയ്യുന്നു. മൗര്യൻ സാമ്രാജ്യത്തിന്റെയോ, മുഗൾസാമ്രാജ്യത്തിന്റെയോ തകർച്ചയ്ക്കു അശോകന്റെയും, അക്ബറുടേയും, ഔറംഗസീബിന്റേയും മതനയങ്ങളും എത്രമാത്രം ഹേതുവായിട്ടുണ്ട് എന്നൊക്കെയാണ് ചരിത്ര വിദ്യാർത്ഥികളോട് ഉത്തരമെഴുതാൻ ആവശ്യപ്പെടുന്ന ചോദ്യങ്ങളും. എന്നാൽ ഒന്നരനൂറ്റാണ്ടു കാലം ഇന്ത്യയേയും, ഇന്ത്യാക്കാരേയും, അടക്കിഭരിച്ചിരുന്ന ആധ്യേയ കൊളോണിയൽ സോഷ്യോക്രാധിപതികളായിരുന്ന ഗവർണ്ണർജനറൽമാരുടേയോ വൈസ്രോയിമാരുടേയോ ആരുടെയെങ്കിലും മതനയം എന്തായിരുന്നുവെന്ന ചോദ്യമോ ഈ രംഗത്ത് അവരുടെ സമീപനം ഏതു വിധമായിരുന്നുവെന്നുള്ള വിശദീകരണമോ ബ്രിട്ടീഷ് കാലഘട്ടത്തിലേക്ക് കടക്കുമ്പോഴും ഇവിടെ ഇല്ല എന്നതാണ് വിചിത്രമായ വസ്തുത. ഇതെങ്ങനെ സംഭവിച്ചുവെന്നും എന്തുകൊണ്ട് ഈ ഇരട്ടത്താപ്പുനയം എന്നും അത്രകാര്യമായി ആരും ഇതുവരെ ചിന്തിച്ചിട്ടുമില്ല. ഈ ചരിത്രാംശത്തിലേക്ക് ജിജ്ഞാസുക്കളുടെ ശ്രദ്ധയെ ക്ഷണിയ്ക്കുക എന്നതാണ് ഇവിടെ നടത്തുന്ന ഉദ്യമം.

പൌരാണിക ഇന്ത്യയിലെ പ്രശസ്ത രാജവംശങ്ങളായ മഗധരുടേയും, ചോളൻമാരുടേയും, പല്ലവൻമാരുടേയും മതനയം കുലങ്കഷമായ വിശകലനത്തിനും, വിശദമായ പഠനത്തിനും വിധേയമാക്കിയിട്ടുള്ളതു് ഏവർക്കും അറിയാവുന്നതാണല്ലൊ. മദ്ധ്യകാലഘട്ടത്തിലെ ഡൽഹി സുൽത്താൻമാരെക്കുറിച്ചും പ്രഥമവും പ്രധാനവുമായി പ്രതിപാദിയ്ക്കപ്പെടുന്ന വിഷയവും വിദ്യാർത്ഥികളെ അഭിമുഖീകരിയ്ക്കുന്ന ഗൌരവമായ പ്രശ്നങ്ങളും അവരോരുത്തരുടേയും മതനയത്തെ സംബന്ധിച്ചു മാത്രമാണല്ലോ. മുൻ പ്രസ്താവിച്ചതുപോലെ ബ്രിട്ടീഷു ഭരണകാലത്തു മാത്രമാണു് ഇത്തരമൊരു സമീപനം ഒഴിവാക്കപ്പെട്ടിരിയ്ക്കുന്നതു്. എന്തുകൊണ്ടാണു് ചരിത്രസമീപനത്തിൽ വ്യത്യസ്തമായ ഇത്തരം വ്യതിയാനം പ്രകടമായി കാണുന്നതു് എന്നാലോചിക്കുമ്പോഴാണു് ഇന്ത്യാചരിത്ര സംവിധാനത്തിൽ ഇംഗ്ലീഷുകാർ മനഃപൂർവ്വമായി നടത്തിയ മറെറാരു ഉപജാപമാണു് ഇതെന്നു് മനസ്സിലാകുക. ഇംഗ്ലീഷുകാരുടെ ഏതൊരു പ്രവൃത്തിയും രാഷ്ട്രീയ അനിവാര്യതയുടേയും, സാമൂഹ്യ പരിഷ്കരണത്തിനേറെയും പ്രവൃത്തികളും മാത്രമായിട്ടാണു് വ്യവഹരിച്ചു പോരിക പതിവു്. സുദീർഘമായ ഒന്നരനൂറാണ്ടു കാലം അഭംഗുരം ഭരണം നടത്തിയിട്ടു കൂടി മതകാര്യങ്ങളിൽ അങ്ങേയറെറം സഹിഷ്ണുതയും നിസ്സംഗതയും പരിപൂർണ്ണമായി പരിപാലിച്ചു പോന്നിരുന്നുവെന്നാണു് നമ്മെ പഠിപ്പിച്ചിരിയ്ക്കുന്നതു്, മതത്തിനതീതമായി, സമുദായത്തിനുപരിയായി രാജ്യവിചാരം ചെയ്ത മാതൃകാ പുരുഷൻമാരുമായിട്ടാണു് ആംഗ്ലേയ ഭരണാധികാരികളെ മുഴുക്കെ ചിത്രീകരിച്ചിരിയ്ക്കുന്നതു്. എന്നാൽ ഇന്ത്യൻ രാജാക്കൻമാരുടെയും ചക്രവർത്തിമാരുടേയും ഏതു പ്രവൃത്തിയും മതത്തിനേറെയും സമുദായത്തിനേറെയും കണ്ണിൽകുടി മാത്രം കാണുകയും അത്തരത്തിൽ മാത്രം അവയെ വിലയിരുത്തുകയും ചെയ്തിട്ടുള്ളവരാണു് ഇംഗ്ലീഷു ചരിത്രകാരൻമാർ മുഴുക്കെയും എന്നു മനസ്സിലാക്കുമ്പോഴാണു് മാത്രമാണു് ഇന്ത്യാ ചരിത്ര രചനയിലും സമീപനത്തിലും

വ്യസ്തങ്ങളായ മാനദണ്ഡങ്ങളാണ് പ്രയോഗിച്ചിട്ടുള്ളതെന്നു വ്യക്തമാകുക.

ഭരണാധികാരി ഏതു ജാതിയിലോ മതത്തിലോപ്പെട്ട വനാകട്ടെ ഭരണാധികാരി എന്ന നിലക്കു് രാജ്യത്തിന്റെ പൊതുവെയുള്ള താല്പര്യവും ജനങ്ങളെ മുഴുക്കെ തന്റെ കീഴിൽ അണി നിരത്താനുള്ള ആവേശവും ഉണ്ടായിരിക്കുക സ്വാഭാ വികമാണ്. കടുസ്സായവഗ്രീയ വീക്ഷണവും, ജാതീയമായ അസഹിഷ്ണുതയും പുലത്തിപ്പോന്നിട്ടുള്ള ഒരു ഭരണാധികാരി യും ആ പേരിനു് അർഹനല്ലാതാകും എന്നതു കൊണ്ടുതന്നെ, തന്റെ അധികാരം ആരാലും ചോദ്യം ചെയ്യപ്പെടാതെ നില നിത്തണം എന്നാഗ്രഹിക്കുന്ന ഒരു ചക്രവത്തിയും ഒരിസ്സലും ജനങ്ങളെ മതത്തിന്റേയോ ജാതിയുടേയോ അടിസ്ഥാന ത്തിൽ പക്ഷാഭേദം കാണിസ്സുന്നവനായിരിസ്സുകയില്ല എന്ന താണ് പരമാത്ഥം. അതു് സ്വന്തം കിരീടത്തെ ഇല്ലാതാ ക്കുന്ന പ്രവൃത്തിയാകും എന്നതു കൊണ്ടുതന്നെ. പ്രജകളുടെ താ ല്പര്യത്തിനും, വിശ്വാസത്തിനും എതിരായി പ്രവൃത്തിക്കുവാൻ ആരും മിനക്കെടുകയില്ല എന്നതാണ് സത്യം. സാമ്പത്തി കവും, സാമൂഹ്യവും, രാഷ്ട്രീയവുമായ പ്രശ്നങ്ങളുടെ മുമ്പിൽ മതം നിഷ്പ്രഭമായിത്തീരുകയായിരിസ്സും ഏതൊരു ഭരണാ ധികാരിയുടെ പ്രവത്തന മണ്ഡലത്തിലും. ഈ പ്രാഥമിക തത്വം മറികടന്നു കൊണ്ടോണ് ഭാരതീയരായ ഭരണാധികാ രികളുടെ മത വീക്ഷണത്തിൻമേൽ സംശയാസ്പദങ്ങളായ അന്വേഷണങ്ങളുമായി ചരിത്രകാരന്മാർ അനുകൂല പ്രതികൂല പ്രതികരണങ്ങളും നടത്തുന്നതു്. ഇതിന്റെ ഫലമായി ഹൈ ന്ദവ മുസ്ലീം രാജാക്കന്മാരും ചക്രവത്തിമാരും രണ്ടു സമുദായ ങ്ങളുടെ മാത്രം താല്പര്യ സംരക്ഷകരായി ചിത്രീകരിസ്സപ്പെട്ട കയും ചെയ്യുന്നു. ഇരുസമുദായങ്ങളെയും കൂടുതൽ ഭിന്നിപ്പി സ്സുവാൻ മാത്രം ഉദ്ദേശിച്ചു കൊണ്ടുള്ള ഈ രീതി ഇന്നും അവസാനിപ്പിച്ചിട്ടില്ലാത്തതാണ് സാമുദായിക സൗഹാർദ്ദം എന്നതു് വെറും ആഗ്രഹമായി മാത്രം അവശേഷിസ്സുവാൻ കാര ണം. മതത്തിന്റെ മാനദണ്ഡം മാത്രം വെച്ചളക്കുമ്പോൾ ഹൈന്ദ

വരാജാക്കന്മാരുത്തും ജാതീയവും വർഗ്ഗീയവുമായ അസഹിഷ്ണുതയുടെ പ്രതീകങ്ങളായി മാറുന്നു. അതുപോലെത്തന്നെ മതഭ്രാന്തിന്റെയും അമ്പലധ്വംസനത്തിന്റെയും കഥകളായിരിയ്ക്കും ഏതൊരു മുസ്ലീം ചക്രവർത്തിയെപ്പറ്റിയും പറയാനുണ്ടായിരിയ്ക്കുക. ഹൈന്ദവഭരണത്തിൻ കീഴിൽ രാജ്യത്തെവിടെയെങ്കിലും ഏതെങ്കിലും പള്ളിയോ മുസ്ലീം ദേവാലയമോ തകർന്നിട്ടുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്വം ആ ഹൈന്ദവഭരണാധികാരിയുടെ അസഹിഷ്ണത കൊണ്ടാണെന്നായിരിയ്ക്കും വ്യവഹരിയ്ക്കുക. ഇതോ ഇതിനേക്കാൾ കൂട്ടതലോ ആയിരിയ്ക്കും ഒരു അമ്പലമോ വിഗ്രഹമോ തകന്നിട്ടുണ്ടെങ്കിൽ. മുസ്ലീം ചക്രവർത്തിമാരുടെ മതഭ്രാന്തിന്റെ അലംഘനീയങ്ങളായ ദൃഷ്ടാന്തങ്ങളായിട്ടാണ് തകന്ന ദേവാലയങ്ങളുടെയും ഒടിഞ്ഞ പ്രതിഷ്ഠകളുടേയും അവിശിഷ്ടങ്ങൾ ഉയത്തി കൊണ്ടു വരുന്നതു്. ബ്രിട്ടീഷ് കാലഘട്ടത്തിൽ നടന്നിട്ടുള്ള ഇത്തരം സംഭവങ്ങളെ രാജ്യതാല്പര്യത്തിന്റെ മഹത്തരമായ മാനദണ്ഡം വെച്ച് വിശകലനം ചെയ്യാൻ ഒരുമ്പെടുന്നവർ അതിനു മുമ്പുള്ള ചരിത്ര സമീപനത്തിൽ എന്തുകൊണ്ടാണ് ഇത്രയും വലിയ പന്തികേട് കാട്ടുന്നത് എന്ന് ചിന്തിക്കേണ്ടതായിട്ടിരിക്കുന്നു.

ഇംഗ്ലീഷ് ആധിപത്യത്തിന്റെ ആരംഭത്തോടുകൂടിത്തന്നെ ആംഗ്ലേയഭരണത്തിനെതിരായി ധാരാളം എതൃപ്പുകളും ഉണ്ടായിട്ടുണ്ട്. വടക്കേ ഇന്ത്യയിൽ തുടർച്ചയായി നടന്ന വഹാബി പ്രക്ഷോഭണങ്ങളും മലബാറിലെ മാപ്പിളമാർ നടത്തിയ ഐതിഹാസിക സമരങ്ങളും ആംഗ്ലേയ അടിമത്തത്തിനെതിരായിട്ടുള്ള മുസ്ലീംകളുടെ സംഘടിതങ്ങളായ പ്രക്ഷോഭണങ്ങളായിരുന്നു. ഇന്ത്യയിലാകമാനം ബ്രിട്ടീഷ് ആധിപത്യംകൊണ്ട് അധികാരം നഷ്ടപ്പെട്ട വിഭാഗം മുസ്ലീം രാജാക്കന്മാരും അവരെ ചുറ്റിപ്പറ്റി കഴിഞ്ഞുപോന്നിരുന്ന പ്രഭുക്കന്മാരുമായിരുന്നു. കേരളത്തിലും മൈസൂറിനെ പരാജയപ്പെടുത്തിയാണല്ലൊ ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി അധികാരം പങ്കുവെച്ചത്. അങ്ങനെ ഇന്ത്യ

യിൽ ആകമാനമുള്ള മുസ്ലീം പ്രഭുക്കളും അധികാരം നഷ്ടപ്പെട്ട നവാബുമാരും ഇംഗ്ലീഷ് ആധിപത്യത്തെ സർവ്വവിധകഴിവും ഉപയോഗിച്ച് എതിർത്തു എന്നത് ചരിത്രപരമായ അനിവാര്യതയായിരുന്നു. പക്ഷെ അതിന്റെ പ്രത്യാഘാതം ഏറെ വിപൽക്കരവും. മുസ്ലീം സമുദായത്തെ ആകമാനം തങ്ങളുടെ ബദ്ധശത്രുക്കളായി ഇംഗ്ലീഷുകാർ കണക്കാക്കുകയും അതേവിധം അവരോടു ക്രൂരമായി പെരുമാറുകയും ചെയ്തു. നൂറുകണക്കിന് ആളുകളെ പ്രതികാരത്തിന് ഇരയായി. ജീവൻ നഷ്ടപ്പെട്ടവർക്കു പുറമെ നിരവധി ആളുകൾ പ്രാണഭയത്താൽ നാടുവിട്ടോടിപ്പോകേണ്ടതായും വന്നു. മുസ്ലീം സമുദായത്തെ പീഡിപ്പിക്കുന്നതിനും, ഭയവിഹ്വലരാക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ട് മനഃപൂർവ്വമായി ബ്രിട്ടീഷ് പട്ടാളം എത്രയെത്ര മുസ്ലീം ആരാധനാലയങ്ങൾ തകർത്തിട്ടില്ല! സാധാരണവിശ്വാസികൾ പ്രാർത്ഥനകളും നേർച്ചകളും നേരുന്ന എത്രയെത്ര വൈദിക ശ്രേഷ്ഠന്മാരുടെ ശവകുടീരങ്ങൾ പൊളിച്ചുമാറ്റിയിട്ടില്ല! അന്ത്യേടക്കം ചെയ്തിരുന്ന ഭൗതിക അവശിഷ്ടങ്ങൾ നീക്കം ചെയ്യുകമാത്രമല്ല മുസ്ലീം മതവികാരത്തെ വ്രണപ്പെടുത്തും വിധം അവ കത്തിച്ചു ചാമ്പലാക്കുക കൂടി ചെയ്തിട്ടുള്ളതിന്റെ എത്രയോ ഉദാഹരണങ്ങൾ നമുക്ക് എടുത്തുകാണിക്കുവാൻ സാധിക്കും. മലബാർ മാപ്പിളമാരുടെ ആരാദ്ധ്യനായിരുന്ന സെയ്തഹ്മദ് ഷഹീദ് പൂക്കോയ തങ്ങളെയും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളും അനുയായികളും അടക്കം ഒരു വലിയ സംഘത്തെയും തിരൂരങ്ങാടിയിൽ നിന്നും അറേബ്യയിലേക്ക് നാടുകടത്തിയതുമൊക്കെ ആർക്കുമറിയാവുന്ന കാര്യങ്ങളാണല്ലൊ. അങ്ങനെ ഒരു സമുദായത്തെ മാത്രം ഒറ്റപ്പെടുത്തി നിന്ദ്യവും നികൃഷ്ടവുമായ വിവേചനങ്ങൾക്ക് ഇരയാക്കിയപ്പോഴും ഈ വക എല്ലാം ചെയ്തത് നിയമ സമാധാന സംരക്ഷണത്തിന്റെ പേരിലും രാഷ്ട്രീയ സുസ്ഥിരതയ്ക്കും വേണ്ടിയാണെന്നാണ് ന്യായീകരണങ്ങൾ നല്കിയിട്ടുള്ളത്. എന്നാൽ

ഇന്ത്യാ ക്രമസമാധാനത്തിന്റെയോ രാജ്യരക്ഷയുടേയോ വിശദീകരണം ഔറംഗസീബിന്റെ കാലത്ത് നടന്ന സംഭവങ്ങൾക്ക് ഉപയോഗിക്കുന്നതായി കാണുന്നുമില്ല. രജപുത്രന്മാരോടും മറാത്തക്കാരോടും, സിക്കുകാരോടും, ജാട്ടുകാരോടും, സത്നാമികളോടും മാറി മാറി രാഷ്ട്രീയഭദ്രതയ്ക്ക് വേണ്ടിയുദ്ധം ചെയ്യേണ്ടതായി വന്ന ഔറംഗസീബിനെ ചിത്രീകരിക്കുന്നതാകട്ടെ മത അസഹിഷ്ണുതയുടേയും, മതഭ്രാന്തിന്റെയും പ്രകോപന പരമായ നീച പ്രവൃത്തികളുടെ ഉടമയായിട്ടാണ്. ഇതേ രീതി തന്നെയാണ് ടിപ്പുസുൽത്താനുംപ്പെടെയുള്ള എല്ലാ മുസ്ലീം അധികാരികളുടേയും പ്രവർത്തനങ്ങളെ വിലയിരുത്തുവാൻ ആശ്രയിച്ച ചരിത്രകാരന്മാർ ഉപയോഗിച്ചിട്ടുള്ളത്. പരിഷ്കൃതമായ ഏതൊരു സർക്കാരിന്റെയും പ്രാഥമികമായ കടമ രാജ്യത്ത് നിയമ സമാധാനം നിലനിർത്തുക എന്നതാണല്ലൊ. കലാപങ്ങളും, ലഹളകളും ഏതു ഗവൺമെൻറിന്റെ കീഴിലായാലും രാജ്യത്ത് അരക്ഷിതാവസ്ഥ സൃഷ്ടിയ്ക്കുന്നവയായ തുകൊണ്ട് ഏതു ഭരണത്തിൽ കീഴിലും അവ നിഷ്കരുണം അടിച്ചമർത്തുക സ്വാഭാവികമാണ്. അതു കഴിയാതെ വന്നാൽ ഭരണം തകരുകയും അധികാരം കൈമാറം ചെയ്യപ്പെടുകയും ചെയ്യുന്ന വിപ്ലവ കരമായ പ്രക്രിയയാണല്ലൊ നടക്കുക. സ്വാതന്ത്ര്യത്തിനുശേഷം നാം നാഗന്മാരായ ക്രിസ്ത്യാനികളോടും, സിക്കുകാരായ പഞ്ചാബികളോടും അനുവർത്തിച്ചുവന്ന നയം ഈ രാഷ്ട്രീയ തത്ത്വശാസ്ത്രത്തിന്റെ പ്രകടമായ ഉദാഹരണങ്ങളാണ്. എന്നാൽ ഇന്ത്യാ ഗവൺമെൻറ് നാഗന്മാരോടും, സിക്കുകാരോടും അതുപോലെ കലാപമുയർത്തുന്ന വിഭാഗങ്ങളോടും നിക്കിപോക്കില്ലാത്ത നയം സ്വീകരിച്ചിട്ടുള്ളത്, അവരുടെ വിശ്വാസത്തോടും മതങ്ങളോടു മുള്ള എതിർപ്പായി ചിത്രീകരിക്കുന്നുവെങ്കിൽ അത് എത്രമാത്രം സത്യത്തിന് നിരക്കാത്തതാകുമോ, അതുവിധം തന്നെയാണ് മദ്ധ്യകാലഘട്ടത്തിലെ മുസ്ലീം ചക്രവർത്തിമാർ കലാപങ്ങളെ അമർച്ച

ചെയ്യുന്നതിൽക്കാണിച്ച നയവും. എന്നാൽ പരിപക്വവും നിഷ്പക്ഷവുമായ ഈ ചരിത്ര സമീപനം മുസ്ലീം ഭരണാധികാരികളുടെ പ്രവൃത്തികളിൽ കാണിക്കുന്നില്ലെന്ന വ്യത്യാസം വളരെ വലുതാണ്. പൊതുവെയുള്ള ഈ സമീപനത്തിന്റെ രൂക്ഷ സ്വഭാവം ഏറ്റവും അധികം പ്രകടമാകുന്നത് വിവാദ പുരുഷന്മാരായ ഔറംഗസീബിനേയും ടിപ്പു സുൽത്താനേയും ചെയ്തികളെ അവലോകനം ചെയ്യുമ്പോഴാണ്. ചരിത്രവങ്കത്തങ്ങൾ എത്രമാത്രം വൈഷമ്യങ്ങൾ സൃഷ്ടിയ്ക്കുമെന്നും ചരിത്ര യാഥാർത്ഥ്യത്തെ എത്രമാത്രം അലങ്കോലപ്പെടുത്തുമെന്നും മനസ്സിലാക്കുവാൻ ഈ രണ്ടു് ഇൻഡ്യൻ ഭരണാധികളെ സംബന്ധിച്ച് എഴുതി കൂട്ടിയിട്ടുള്ള ചരിത്രാഭാസങ്ങൾ മാത്രം മതി. അതു കൊണ്ടുതന്നെ ഇവർ ഇരുവരും ഗൗരവമായി ചരിത്രപഠനം നടത്തുന്ന ജിജ്ഞാസുക്കളുടെ ശ്രദ്ധ പിടിച്ചു പറ്റുന്നുണ്ട്. ഇൻഡ്യയിലെ അതികായൻമാരായ ഈ ഭരണാധിപൻമാരുടെമേൽ വാരിയെറിഞ്ഞിട്ടുള്ള അപവാദങ്ങളെയും ആരോപണങ്ങളെയും നിഷ്പക്ഷവും ക്രിയാത്മകവുമായ ചരിത്ര രചനവഴി ദൂരീകരിയ്ക്കേണ്ട ചുമതല സത്യാന്വേഷികളുടെ സമൂഹത്തിനുണ്ട്. അത്തരം ചെറിയ ഒരു ഉദ്യമമാണ് ഇവിടെ നടത്തുവാൻ പോകുന്നത്.

അക്ബർ തന്റെ മതനയം ആവിഷ്ക്കരിച്ചത് തന്റെ അധികാരവും മേൻമയും വളർത്തത്തക്ക രീതിയിലായിരുന്നുവെങ്കിൽ ഔറംഗസീബിനേറതാകട്ടെ, ഉള്ള അധികാരം പോകാതെ നോക്കുന്നതിന് ഉപകരിയ്ക്കത്തക്കവിധവുമായിരുന്നു. ഔറംഗസീബിനേറയും, അക്ബറുടെയും മതനയങ്ങളെ കുലങ്കഷമായി പഠിച്ച് അന്തിമമായ നിഗമനത്തിലെത്തിച്ചേർത്തിട്ടുള്ള ആധുനികരായ ആധികാരിക ചരിത്രകാരൻമാരുടെ ഏകകണ്ഠമായ അഭിപ്രായമാണിത്, അക്ബറുടെ മതനയം രൂപീകരിയ്ക്കുന്നതിന് അടിസ്ഥാനമായി നിന്ന ഘടകം മതം എന്നതിനേക്കാൾ രാഷ്ട്രീയ

മായിരുന്നു എന്നു കാണാം. താൻ ചക്രവർത്തിയാകുമ്പോഴേ ഉള്ള ഇന്ത്യയുടെ രാഷ്ട്രീയ ഭൂപടം ശരിയ്ക്കും സൂക്ഷ്മ നിരീക്ഷണത്തിനു വിധേയമാക്കിയാൽ ഈ പ്രസ്താവം തീർത്തും സത്യമാണെന്നു ബോദ്ധ്യമാവുകയും ചെയ്യും. ഹുമയൂണിൽ നിന്നു പൈതൃകമായി ലഭിച്ച മുഗൾ സാമ്രാജ്യം നാനാ വശത്തു നിന്നും സ്വതന്ത്രരും ശക്തരുമായ മുസ്ലീം രാജാക്കൻമാരുടെ എതിർപ്പുകൊണ്ടു ശരവ്യമായിരുന്നു. ഇന്ത്യയുടെ രാഷ്ട്രീയചക്രവാളത്തിൽ അടിഞ്ഞുകൂടിയിരുന്ന അപായകരമായ ഭീഷണി ശരിയ്ക്കും മനസ്സിലാക്കുവാൻ വേണ്ടും വൈഭവം ചെറുപ്പമെങ്കിലും അദ്ദേഹത്തിനുണ്ടായിരുന്നു. അതു കൊണ്ടു മാത്രമാണ് രജപുത്രൻമാരുടെ സൗഹൃദവും സഹകരണവും തന്റെ നിലനില്പിന്റെതന്നെ ആവശ്യമായി അദ്ദേഹം കരുതിയത്. രാഷ്ട്രീയമായ കുശാഗ്ര ബുദ്ധിയുടേ നിദർശനമായി ഇതിനെ ഉദാഹരിക്കാം. അക്ബർ ചക്രവർത്തിയാകുമ്പോഴുള്ള കാലത്തെ ഇന്ത്യയുടെ രാഷ്ട്രീയ ഭൂപടം മനസ്സിലാക്കുന്നവർക്ക് ഇതിന്റെ കൂടുതൽ വിശദീകരണം ആവശ്യമായിവേണ്ടിവരികയില്ല. ഇന്ത്യയുടെ വടക്കുപടിഞ്ഞാറതിർത്തിയിൽ കാബൂൾ ഉംപ്പെടെയുള്ള വിസ്തൃതമായ സ്ഥലങ്ങളുടെ ആധിപത്യംതന്റെ പിതൃവ്യപുത്രനായ മിർസ മുഹമ്മദ് ഹക്കീമിന്നായിരുന്നു. സ്വതന്ത്രരാജസ്ഥാനമായി തന്റെ കീഴിലുള്ള സ്ഥലം അദ്ദേഹം കരുതിയിരുന്നതിനുപരി ഡൽഹിയുടെ ആധിപത്യംപോലും ആഗ്രഹിച്ചുകഴിയുന്ന ആളുമായിരുന്നു അദ്ദേഹം. കാശ്മീരിലും ഹിമാലയസാനുപ്രദേശങ്ങളിലും സ്വതന്ത്രനാരായി ഭരണം നടത്തിയിരുന്നത് മുസ്ലീം രാജാക്കൻമാരായിരുന്നു. ഷെർഷയുടെ മരണത്തോടുകൂടിത്തന്നെ മുഘട്ടാനും, സിന്ധും, ഡൽഹി സാമ്രാജ്യത്തിൽനിന്നും വേർപെട്ടുപോരിക മാത്രമല്ല, സ്വതന്ത്രങ്ങളായ മുസ്ലീം രാജസ്ഥാനങ്ങളായിത്തീരുകയും ചെയ്തിരുന്നു. സൂർവംശത്തിൽപ്പെട്ടരാജാക്കനാർതന്നെയായിരുന്നു ബംഗാളിലേയും, ബീഹാറിലേയും, ആസാമിലേയും ഭരണാധിപനാർ. അതുപോലെതന്നെ

സ്വതന്ത്രമുസ്ലീം രാജാക്കന്മാരുടെ ഭരണത്തിലായിരുന്നു മാൾവയും, ഗുജറാത്തും. വിൻസ്യനു തെക്കുഭാഗത്താകട്ടെ കാൻഡേഷ്, ബീറാർ, ബീഡാർ, അഹമ്മദ്നഗർ, ബിജാപൂർ, ഗോൾക്കൊണ്ട എന്നീരാജ്യങ്ങളും സ്വതന്ത്രമുസ്ലീം നവാബുമാരുടെ ഭരണത്തിലുമായിരുന്നു. തനുമൂലം മുസ്ലീം മതവികാരത്തെ ചൂഷണം ചെയ്ത് അവരുടെ പിന്തുണയോടു കൂടി സ്വന്തം സാമ്രാജ്യം വികസിപ്പിക്കുവാൻ അക്ബർക്ക് കഴിയുമായിരുന്നില്ല. ഭീഷണമായ രാഷ്ട്രീയ പരിതസ്ഥിതികളും അവിച്ഛിന്നമായ സാമുദായിക സംവിധാനവും അക്ബറെക്കൊണ്ടെത്തിച്ചത് രജപുത്രന്മാരുടെ സ്നേഹവും സഹകരണവും തേടുക എന്നതിലായിരുന്നു. രജപുത്രന്മാർക്കാകട്ടെ തങ്ങളുടെ അപ്പോഴത്തെ പരിതാപകരമായ അവസ്ഥയിൽനിന്നും ഉയർത്തെഴുന്നേല്ക്കാൻ ഒക്കുമെങ്കിൽ സാമ്രാജ്യ അധിപതിയുടെ ഔത്സുക്യവും സഹായവും അനിവാര്യവുമായിരുന്നു. ബാബറുമായി ഏതിരിട്ട റാണാസംഗ്രാമസിങ്ങും രജപുത്ര ഐക്യനിരയും ദയനീയമായിപരാജയമടഞ്ഞിരുന്നു. തങ്ങൾക്കേറെ ഈ കഠിനമായ ആഘാതത്തിൽ നിന്നും വിമുക്തമാകാൻ രാജകീയപിന്തുണ അത്യാവശ്യമായിത്തീർന്നിരുന്ന. സന്ദർഭവുമായിരുന്നു അത്. ചുരുക്കത്തിൽ ഇരുകൂട്ടർക്കും അന്യോന്യ സഹായവും സഹകരണവും വേണമായിരുന്നു. അക്ബർകാണിച്ച രജപുത്രരോടുള്ള അമിതമായ പ്രീണനനയം തന്റെ മുസ്ലീംപ്രജകളിൽ ഏതുപ്പുകൂടിക്കു കാരണമാവുക കൂടി ചെയ്തു. അക്ബറുടെ ഈ നയത്തെ ഏതു വിധമാണ് മുസ്ലീംകളും വീക്ഷിച്ചിരുന്നതെന്ന് അബുൽ ഖദർബദയൂനിസുവ്യക്തമായി തന്റെ ഗ്രന്ഥത്തിൽ പ്രതിപാദിയ്ക്കുന്നുണ്ട്.

എന്നാൽ ഔറംഗസീബ് സ്ഥാനാരോഹണം ചെയ്ത കാലമായപ്പോഴേയ്ക്കും ഇൻഡ്യയുടെ രാഷ്ട്രീയഭൂപടത്തിൽ പ്രകടമായ വ്യത്യാസം ഉണ്ടായി. കാബൂളും അഫ്ഗാനിസ്ഥാനും, തെന്നിന്ത്യയുമുൾപ്പെടെ ഏറ്റവും വലിയ രാജ്യമായിത്തീർന്നിരുന്നു മുഗൾസാമ്രാജ്യം.

അക്ബറുടെ കാലത്തുണ്ടായിരുന്നതുപോലെ തന്റെ അധികാരത്തെ ചോദ്യം ചെയ്യുവാൻ ഒറ്റ മുസ്ലീം രാജാവും സ്വതന്ത്ര രാജ്യത്തിന്റെ അധിപതിയായിരുന്നില്ല. നേരെ മറിച്ച് സുദീർഘമായ ഒരു നൂറ്റാണ്ടു കാലത്തെ രാജകീയ പ്രോൽസാഹനവും പിന്തുണയും ലഭിച്ചതിന്റെ ഫലമായി രാഷ്ട്രീയമായും സാമ്പത്തികമായും പൂർവ്വസ്ഥിതിയിലേക്ക് ഉയരുവാൻ സാധിച്ചിരുന്ന രജപുത്രൻമാരും മറ്റുള്ള അമുസ്ലീം ശക്തികളും അധികാര മോഹത്താൽ സ്വതന്ത്ര ശക്തികളായിത്തീരുവാൻ ആഗ്രഹിച്ചുകൊണ്ടിരുന്ന സന്ദർഭമായിരുന്നു അത്. ഛിദ്രവാസന വിതച്ച വിഘടിത സമൂഹങ്ങൾക്കെതിരായി തൻമൂലം ഔറംഗസീബിന് നിരവധി യുദ്ധങ്ങൾ തന്നെ ചെയ്യേണ്ടതായിവന്നുകൂടി. തന്റെ വിസ്തൃതമായ സാമ്രാജ്യത്തിൽ പല സ്ഥലങ്ങളിലായി തല പൊക്കിയ കലാപങ്ങളെ അടിച്ചമർത്തി ക്രമസമാധാനം പരിപാലിയ്ക്കുക എന്നതായിരുന്നു ഔറംഗസീബിനെ അഭിമുഖീകരിച്ചിരുന്ന പ്രധാന സംഗതി. മത നയത്തിൽ അടിസ്ഥാനപരമായി അക്ബറുടേയും, ഔറംഗസീബിന്റേയും കാലഘട്ടങ്ങളിൽ അത്ര വ്യത്യാസമുണ്ടായിരുന്നില്ല. അക്ബറുടെ കാലത്ത് കലാപകാരികളെ മുസ്ലീങ്ങളായിരുന്നപ്പോൾ ഔറംഗസീബിന്റേത് അമുസ്ലീം ശക്തികളായിരുന്നു എന്ന വ്യത്യാസം മാത്രമാണുണ്ടായിരുന്നത്. യഥാർത്ഥത്തിൽ ഔറംഗസീബിന്റെ മതനയം മറ്റുള്ളവരിൽ നിന്നും ഒട്ടും വ്യത്യസ്തമായിരുന്നില്ലെന്നതാണ് പരമാർത്ഥം. രാഷ്ട്രീയ പരിതസ്ഥിതികളിൽ പ്രകടമായ വ്യത്യാസം ഉണ്ടായിരുന്നുവെന്നുമാത്രം. അദ്ദേഹത്തിന്റെ സമയമായപ്പോൾ നഷ്ടപ്പെട്ട സ്വാതന്ത്ര്യവും രാജ്യവും വീണ്ടെടുക്കുവാനുള്ള തീവ്രമായ അഭിനിവേശം ഹൈന്ദവ രാജാക്കൻമാരെ കലാപത്തിന്റെ കൊടിയുയർത്തുവാൻ പ്രേരിപ്പിച്ചു എന്നതുമാത്രമാണ് പരിതസ്ഥിതിയിൽ വന്നമാറ്റം. രാഷ്ട്രീയ പരിതോവസ്ഥയുടെ വ്യക്തമായ ഈ പശ്ചാത്തലം മനസ്സിലാക്കാതെയാണ് ഔറംഗസീബിന്റെ മതനയ

ത്തെ വിമർശിക്കുവാനും മുഗൾസാമ്രാജ്യത്തിന്റെ അധ: പതനത്തിനു തന്നെ അതു വഴിവെച്ചു എന്നു സമർത്ഥിയ്ക്കുവാനും നമ്മുടെ ചരിത്രകാരൻമാർ ആയാസപ്പെടുന്നത്. മുഗൾചക്രവർത്തിമാർ അനുവർത്തിച്ചുപോന്ന മാതൃകാപരമായ മതനയത്തിൽ നിന്നും, അല്പമായിപ്പോലും ഔറംഗസീബ് വ്യതിചലിച്ചിരുന്നില്ല എന്നും, മഹാനായ ആ ചക്രവർത്തിക്കെതിരായി ഉന്നയിച്ചിട്ടുള്ള ആരോപണങ്ങളും അത്രയും അടിസ്ഥാന രഹിതമാണെന്നും സ്പഷ്ടമാക്കാൻ ഉതകുന്ന തെളിവുകളും കണക്കുകളുമാണ് താഴെ ഉദ്ധരിയ്ക്കുവാൻ പോകുന്നത്.

അദ്ദേഹത്തിനെതിരായി ആരോപിയ്ക്കപ്പെട്ടിട്ടുള്ള പ്രധാന വിമർശനങ്ങളിലൊന്ന് അദ്ദേഹം ഹൈന്ദവ ഉദ്യോഗസ്ഥൻമാരെ സർവ്വീസിൽനിന്നും പിരിച്ചു വിട്ടു എന്നതാണ്. ഇതിനു ഉപോൽ ബലകമായി ചൂണ്ടിക്കാണിക്കുന്നത് ഔറംഗസീബ് പുറപ്പെടുവിച്ച ഒരു രാജകീയ വിളംബരമാണ്. അതിൽ പ്രസ്താവിക്കുന്നത് അഴിമതിക്കാരായ അന്യ ഉദ്യോഗസ്ഥൻമാരെ പിരിച്ചുവിട്ട് തൽസ്ഥാനത്ത് മുസ്ലീം ഉദ്യോഗസ്ഥൻമാരെ നിയമിക്കണം എന്നാണ്. എന്നാൽ ഈ വിളംബരം പുറപ്പെടുവിച്ച് ഉടനെത്തന്നെ അതുണ്ടാക്കാവുന്ന പ്രത്യാഘാതത്തെ മനസ്സിലാക്കിട്ടെന്നോണം പ്രധാനപ്പെട്ട ചിലമാറ്റങ്ങളും വരുത്തിക്കൊണ്ട് മറെറാരു വിളംബരം പുറപ്പെടുവിയ്ക്കുകയുണ്ടായി. അതിൽ പറയുന്നത് സിവിൽ—സൈനികവകുപ്പുകളിലെല്ലാംതന്നെ ഒരേപദവിയിലുള്ള ഉദ്യോഗസ്ഥൻമാരെ നിയമിയ്ക്കുമ്പോൾ ഒരാൾ ഹിന്ദുവും മറെറാരാൾ മുസൽമാനും ആയിരിക്കണം എന്നാണ്. അതാകട്ടെ അന്യോന്യം ശ്രദ്ധിക്കുമെന്നതിനാൽ അഴിമതിനിരുത്സാഹപ്പെടുത്തുവാൻ ഉദ്ദേശിച്ചുമായിരുന്നു. അതേസമയം കേവൽറോ, അബ്ദുൽ ഹമീദ് ലാഹോരി, ഖെലെ തുടങ്ങിയവർ രേഖപ്പെടുത്തിയിട്ടുള്ളതാകട്ടെ ഔറംഗസീബിന്റെ കാലത്ത് 529

തോമസ് ആർനോൾഡ്- Preachings of Islam P. 241.

ഹൈന്ദവ മാൻസബ്ദാർമാർ ഉണ്ടായിരുന്നു എന്നാണ്. അബുൽ ഫസ്സൽ നല്കുന്ന കണക്കനുസരിച്ച് അക്ബറുടെ കാലത്ത് ഇവർ 247 പേർമാത്രമായിരുന്നു. കേവൽ റോ കൊടുക്കുന്ന കണക്കനുസരിച്ച് അക്ബർ മുതൽ ഔറംഗസീബ് വരെയുള്ള മുഗൾ ചക്രവർത്തിമാരുടെ കീഴിൽ 7000 മുതൽ 5000 വരെ മാൻസാബു പദവി ഉണ്ടായിരുന്നഹൈന്ദവ പ്രഭുക്കൻമാരുടെ കണക്കാണ് താഴെ കൊടുക്കുന്നത്.

പദവി	അക്ബർ	ജഹാംഗീർ	ഷാജഹാൻ	ഔറംഗസീബ്
7,000	1	0	0	2
6,000	0	1	1	4
5,000	5	9	9	5
4,000	4	4	10	5
3,000	1	1	0	4
3,500	3	5	24	13
2,000	0	3	5	5
2,500	8	13	22	16
15,00	0	5	31	27
1,000	8	4	33	15
900	0	1	2	1
800	0	3	20	0
700	4	0	15	3
600	0	1	11	2
500	7	5	44	2
	41	55	227	104

അബുൽ ഫസ്സലിന്റെ കണക്കനുസരിച്ച് അക്ബറുടെ കാലത്ത് 215 മുസ്ലീം ഓഫീസറൻമാരും 32 ഹൈന്ദവരും കൂടി ഒട്ടാകെ247 മൻസബ്ദാർമാരാണുണ്ടായിരുന്നത്. കേ

വൽ റോയുടെ കണക്ക് പ്രകാരം ഇത് 214ഉം 37 മാണ്. ആകെ 251 പേർ. ഡെലേ ജഹാംഗീറിന്റെ ഭരണത്തിൻ കീഴിലുണ്ടായിരുന്നവരെപ്പറ്റി നല്കുന്ന സംഖ്യ 383 മുസ്ലീംകളും 55 ഹിന്ദുക്കളുംകൂടി 438 പേരെന്നാണ്. കേവൽ റോയുടെ കണക്കനുസരിച്ച് 437 മുസ്ലീംകളും 227 ഹിന്ദുക്കളുമാണ് ഷാജഹാന്റെ കാലത്തെങ്കിൽ 435 മുസ്ലീംകളും 104 ഹിന്ദുക്കളും ആണ് ഔറംഗസീബിന്റെ ഭരണത്തിൻ കീഴിലുണ്ടായിരുന്നത്. അബ്ദുൽഹമീദ് ലാഹോരി, നല്കുന്ന പട്ടികയിൽ ഷാജഹാന്റെ കാലത്ത് 453 ഉം 110 ഉം ആയിട്ടാണ് മുസ്ലീം ഹൈന്ദവ ഓഫീസറന്മാരുടെ എണ്ണം കാണിച്ചിരിക്കുന്നത്. അതേ സമയം ഔറംഗസീബിന്റെത് കേവൽ റോ തരുന്ന കണക്ക് തന്നെയാണ് ലാഹോരിയുടേതും.[2]

ഈ കണക്കുകൾ വെച്ചുനോക്കുമ്പോൾ അക്ബറുടെ കാലത്ത് ഒട്ടാകെയുണ്ടായിരുന്ന 247 മൻസബ്ദാർമാരിൽ 36 ഹിന്ദുക്കളെ ഉണ്ടായിരുന്നുള്ളുവെന്നും അതാകട്ടെ ഒട്ടാകെയുള്ളതിന്റെ 13% മാത്രമെ ആയിരുന്നുള്ളുവെന്നും നാം മനസ്സിലാക്കുന്നു. എന്നാൽ ഔറംഗസീബിന്റെ കാലത്തുണ്ടായിരുന്ന539 പേരിൽ 104 പേർ ഹിന്ദുക്കളായിരുന്നു. അതാകട്ടെ ഒട്ടാകെയുള്ളതിന്റെ 19 ശതമാനവും ആണ്. രാജാ ജസ്വന്ത്സിങ്ങ്, രാജാ ജയ്സിങ്ങ്, രാജാ മാൻസിങ്ങ് തുടങ്ങിയവർ ഔറംഗസീബിന്റെ സൈനികമേധാവികളുമായിരുന്നവല്ലൊ. മുകളിലുദ്ധരിച്ച കണക്കുകളും ഈ പരമാർത്ഥവും ഒന്നിച്ചുനോക്കുമ്പോൾ ഹൈന്ദവ ഓഫീസർമാരുടെ സേവനം ഔറംഗസീബ് വേണ്ടെന്നുവെച്ചു എന്നുപായുന്നത് തെറ്റായ ആരോപണമാണെന്ന് മനസ്സിലാക്കുവാൻ പ്രയാസമില്ലല്ലൊ.

ഇതേപോലെത്തന്നെതെറ്റായ മറ്റൊരു പ്രചാരണമാണ് ഔറംഗസീബ് തന്റെ രാജ്യത്തെ അമ്പലങ്ങളൊക്കെ

2. ലാഹോരി - ബാദുഷാനാമ- പുറങ്ങൾ 258—62-

നശിപ്പിച്ചു എന്നു പറയുന്നത്. ബനാറസിലെ ഗവർണ്ണ
റായിരുന്ന അബ്ദുൽഹസ്സനു ഔറംഗസീബ് അയയ്
ക്കുന്ന ഒരു രാജകീയ ശാസനം ബംഗാളിലെ ഏ
ഷ്യാറ്റിക് സൊസൈറ്റി പുറത്തു കൊണ്ടു വരി
കയുണ്ടായി. അത് ഇപ്രകാരമാണ്. ''ഉയർന്നവരോ താ
ഴ്ന്നവരോ എന്ന ഭേദമില്ലാതെ നമ്മുടെ പ്രജകളുടെ ക്ഷേ
മത്തെ ഒന്നാകെലാക്കാക്കി അക്ഷീണ പ്രയത്നം ചെ
യ്യുന്ന നാം സ്വാഭാവിക നീതിക്കും ദയാപരമായ സമീ
പനത്തിനും നിരക്കത്തക്കതും പരിശുദ്ധമായ നമ്മുടെ
നീതി സംഹിതയ്ക്ക് അനുയോജ്യമായും കല്പിക്കുന്ന
ത് എന്തെന്നാൽ നമ്മുടെ രാജ്യത്തുള്ള ക്ഷേത്രങ്ങളും
ഒന്നും തന്നെ യാതൊരു കാരണവശാലും നശിപ്പിക്കുവാൻ
പാടില്ലാ എന്നും, എന്നാൽ പുതുതായി അമ്പലങ്ങളും
പണിയുന്നതിനെ നിരുത്സാഹപ്പെടുത്തണമെന്നുമാണ്.
നീതിപൂർവ്വമായ നമ്മുടെ ഭരണം നടക്കുന്ന ഈ കാല
ത്തുപോലും ബനാറസിലും മറ്റു ചില ദേശങ്ങളിലും
വസിയ്ക്കുന്നതായ ഹിന്ദു പ്രജകളെ ചിലർ വൈരാഗ്യത്താ
ലും വിദ്വേഷത്താലും പ്രയാസപ്പെടുത്തി കൊണ്ടിരിയ്ക്കുന്നതായി
നമ്മുക്കു വിവരം ലഭിച്ചിരിക്കുന്നു. അവിടങ്ങളിലുള്ള
ക്ഷേത്രങ്ങളുടെ സംരക്ഷകരായ ബ്രാഹ്മണൻമാരെ
അവരുടെ കൃത്യ നിർവഹണത്തിൽ നിന്നും ഭയപ്പെടുത്തി
പിൻതിരിപ്പിക്കാൻ ശ്രമിക്കുന്നതായും നാം മനസ്സി
ലാക്കുന്നു. നമ്മോട് കൂറും വിശ്വസ്തതയുമുള്ള അബ്
ദുൽഹസ്സനോട് നാം ആജ്ഞാപിയ്ക്കുന്നതെന്തെന്നാൽ
ഈ രാജ കല്പന കൈവശം കിട്ടിയ ഉടനെത്തന്നെ
ഇത്തരം അനാശാസ്യ പ്രവർത്തനങ്ങളും ഇല്ലാതാക്കുകയും
ഭാവിയിൽ ബ്രാഹ്മണ പുരോഹിതൻമാരുടെ പ്രവർത്തന
ങ്ങളിൽ അവർക്ക് യാതൊരുവിധ തടസ്സവും ഉണ്ടാകു
കയില്ലെന്ന് ഉറപ്പു വരുത്തുകയും വേണം. അനാദികാലം
നിലനിൽക്കേണ്ടതും ദൈവദത്തമായി നൽകപ്പെട്ടതുമായ
നമ്മുടെ സാമ്രാജ്യത്തിന്റെ ഉയർച്ചക്കും മനുഷ്യ സമൂ

3. Zahid-ud-din-Farauqi Aurengazeab and His times PP 131,32

ഹത്തിന്റെ കൂട്ടായ നൻമക്കുമായി അവർ നടത്തുന്ന പ്രാർത്ഥനകളും അഭംഗുരം തുടരുവാൻ സൗകര്യം സൃഷ്ടിയ്ക്കുകയും വേണം. വളരെ അടിയന്തിരമായ കാര്യമായി കരുതി വേണ്ടനടപടികളും ഉടൻ ചെയ്യുകയും വേണം. ഹിജ്റ 1090 റബീ ഉൽ ആഖർ.[17]''

രണ്ടാമത്തെ വിളംബരം ഇപ്രകാരമാണ്.

''ഈ ശുഭ മുഹൂർത്തത്തിൽ നാം കൽപിക്കുന്നതെന്തെന്നാൽ, രഞ്ചീവനെന്നപുരോഹിതന്റെ വാസസ്ഥലത്തിനു മുൻ വശമായും ഗംഗയുടെ തീരത്തു ബനീ മാധവ കടവിനടുത്തായും അവിടെയുള്ള പ്രധാന പള്ളിയുടെ അരികിലായും കിടക്കുന്ന 588½ ദിറ വിസ്തീർണ്ണമുള്ളതുമായ സ്ഥലവും ഇതിന്റെയൊക്കെ കുറെ മുകളിലായി സ്ഥിതി ചെയ്യുന്ന മറെറാരിടവും ഇപ്പോൾ ആരുപാർപ്പോ, കെട്ടിടങ്ങളോ ഇല്ലാതെ ഒഴിഞ്ഞു കിടക്കുകയാണല്ലൊ. അവയിൽ പ്രവേശിയ്ക്കുന്ന ഹിന്ദുക്കളെ ചിലർ വിരട്ടിയോടിക്കുന്നതായും അന്യായമായി ഈ സ്ഥലങ്ങളിൽ അതിക്രമിച്ചു കടക്കുന്നതായും നമുക്കു അറിവു ലഭിച്ചിരിക്കുന്നു. ഈ സ്ഥലത്തുള്ള ബ്രാഹ്മണന്മാരെയോ മററു ഹിന്ദുക്കളെയോ മേലാൽ ആരും ഉപദ്രവിക്കുകയോ ഭയപ്പെടുത്തുകയോ ചെയ്യരുതെന്നും പഴയ പോലെ അവർ തങ്ങളുടെ ജോലികളും സമാധാനത്തോടുകൂടി ചെയ്യുന്നതിനും ദൈവദത്തമായി നലകപ്പെട്ടതും അനാദികാലം നിലനിലക്കേണ്ടതുമായ നമ്മുടെ രാജ്യത്തിന്റെ ക്ഷേമഐശ്വര്യങ്ങൾക്കായി പ്രാർത്ഥിക്കുന്നതിനും യാതൊരു വിധ തടസ്സവും ഉണ്ടാക്കാൻ പാടുള്ളതല്ല. ഹിജ്റ 1069 ജമാദുൽ ആഖർ 15 (A D 1659) ''[4]

ചക്രവർത്തിയുടെ മതനയം പ്രകടമാക്കുന്ന മററു രണ്ടു വിളംബരങ്ങളും കൂടി ഇപ്പോൾ നമുക്ക് ലഭ്യമാണ്. ആദ്യത്തേതിന്റെ തർജ്ജുമ താഴെക്കൊടുക്കും വിധമാകുന്നു. ''മഹാ

4. ബംഗാൾ ഏഷ്യാറ്റിക് സൊസൈറ്റി ജേണൽ. 1911, പുറം. 689

രാജാധിരാജ റാൻ സിങ്ങ് നമ്മുടെ സന്നിധിയിൽ സമർപ്പി
ച്ചിട്ടുള്ള നിവേദനത്തിൽ പറയുന്നത് അദ്ദേഹത്തിന്റെ ധർ
മ്മാചാര്യനായ ഭഗവത്ത് എന്ന ബ്രാഹ്മണപുരോഹിതന്
താമസിക്കുന്നതിനായി ബനാരസിൽ ഗംഗയുടെ തീരത്ത്
മാധവറോ മൊഹല്ലയിൽ ഒരുഭവനം നിർമ്മിച്ചെന്നും ചില
സാമൂഹ്യദ്രോഹികൾ ഭഗവന്തിനെ ഭയപ്പെടുത്തി ബുദ്ധിമു
ട്ടിച്ചുകൊണ്ടിരിക്കുന്നുവെന്നും അതിന് ഉടൻ പരിഹാരം
ഉണ്ടാക്കണമെന്നുമാണ്. നാം കല്പിയ്ക്കുന്നതെന്തെന്നാൽ
ഈ ആജ്ഞ അവിടെക്കിട്ടിയപാടെ ഇപ്പോഴുള്ളവരും ഭാവി
യിൽ നിയമിതരാവാൻ ഇടയുള്ളവരുമായ ഉദ്യോഗസ്ഥ
ന്മാരോട് ഈ സ്ഥലം നമുക്ക് ജന്മാവകാശമുള്ളതാ
ണെന്നും രഞ്ചീവനും അദ്ദേഹത്തിന്റെ സന്താനപരമ്പര
കൾക്കുമായി നാം കരമില്ലാതെ ഇനാമായി നല്കീയിരി
ക്കുന്നതാണെന്നും നിർദ്ദേശിക്കണം. അവിടെ ബ്രാഹ്മ
ണപുരോഹിതന്മാർക്കും ഭക്തജനങ്ങൾക്കുമായി പണി
യാൻ ഉദ്ദേശിക്കുന്ന കെട്ടിടങ്ങൾനിർമ്മിക്കുന്നതിന് യാ
തൊരുവിധ തടസ്സങ്ങളും ഉണ്ടാക്കുന്നതല്ലെന്ന് അറിയി
ക്കണം. അവിടെ അവർ സമാധാനപരമായി അവരുടെ ജോ
ലികളിൽ വ്യാപൃതരാവുകയും, ദൈവീകമായിലഭിച്ചതും
അനശ്വരമായി നിലനില്ക്കേണ്ടതുമായ നമ്മുടെ രാജ്യാഭി
വൃദ്ധിക്കുവേണ്ടി പ്രാർത്ഥന നടത്തുകയും ചെയ്യുന്ന
തിനെ ആരും യാതൊരുവിധ പ്രതിബന്ധവും സൃഷ്ടി
ക്കാതിരിക്കണം. തന്മൂലം നമ്മുടെ പ്രീയപ്പെട്ട മക്കളും
ബഹുമാന്യരായ മന്ത്രിമാരും, പ്രഭുക്കന്മാരും, ഉയർന്ന
ഉദ്യോഗസ്ഥന്മാരും ദ്രോഗമാരും ഇപ്പോഴത്തേയും,
ഭാവിയിലേയും കൊത്ത്വാംമാരും ഈ രാജകീയ കല്പന
എക്കാലവും മാറ്റം വരാതെ അനുസരിച്ച് പ്രവർത്തിക്കു
കയും വേണം. അങ്ങനെ ഈ സ്ഥലങ്ങൾ പ്രസ്തുത
ആളുകളുടെ കൈവശം ഇരിക്കുന്നതിനും അദ്ദേഹത്തി
ന്റെയും അദ്ദേഹത്തിന്റെ പിൻഗാമികളുടെയും തലമുറ
തലമുറയായി തുടരുന്നതിനും ഈ സ്ഥലത്തുനിന്ന് യാ
തൊരുവിധ കരമോ, നികുതിയോ ഈടാക്കാതിരിക്കുന്നു

തിനും ബദ്ധശ്രദ്ധരായി ഇരിക്കണമെന്ന് നാം കല്പിക്കുകയും ചെയ്യുന്നു. മാത്രമല്ല, വർഷം തോറും സന്നത് പുതുക്കുവാൻ അവരോട് ആവശ്യപ്പെടുകയും ചെയ്യരുത്. ഹിജ്റ 1098(1699 AD)[5]

മേലുദ്ധരിച്ച വിളംബരങ്ങൾ നടത്തിയ ചക്രവർത്തി അമുസ്ലീം പ്രജകളോട് അനുവർത്തിച്ചിരിക്കാവുന്ന നയം എന്താണെന്ന് വ്യക്തമാണല്ലൊ. മറെറാരു വിളംബരം അഹമ്മദ്ബാദിലുള്ള ജൂമാമസ് ജീദിൽ പ്രാർത്ഥന നടത്തുന്നതിനെ തടസ്സപ്പെടുത്തുന്നതിനെതിരായി നല്കുന്ന ഒന്നാണ്.

''അഹമ്മദ്ബാദ് നഗരകവാടത്തിനടുത്തുള്ള ജൂമാമസ് ജീദിൽ പ്രാർത്ഥന നടത്തുവാൻ മുസൽമാൻ മാരെ അവിടെയുള്ള ഹിന്ദുക്കൾ അനുവദിക്കുന്നില്ലെന്ന് നമുക്ക് പരാതികിട്ടിയിട്ടുണ്ട്. മുസൽമാൻമാരെ മേലാൽ ആരും തടസ്സപ്പെടുത്താതിരിക്കാൻ ശ്രദ്ധിക്കണം.''[6]

തന്റെ മുൻഗാമികൾ അനുവർത്തിച്ചിരുന്ന മതനയത്തെ ഔറംഗസീബ് വികലപ്പെടുത്തിയിരുന്നില്ലെന്ന് നാം നേരത്തെ പ്രസ്താവിച്ചിരുന്നതാണല്ലൊ. ഈ വസ്തുതക്ക് ഉപോൽബലകമായി അലക്സാണ്ടർ ഹാമിൽട്ടൻ പറയുന്നതാകട്ടെ, ഔറംഗസീബിന്റെ സാമ്രാജ്യത്തിൽ വസിച്ചിരുന്ന പാർസികൾക്ക് വിശ്വാസ പരമായ സ്വാതന്ത്ര്യവും മതചടങ്ങുകൾ നിർവ്വഹിക്കുവാനുള്ള അനുവാദവും ഉണ്ടായിരുന്നു എന്നാണ്. ക്രിസ്ത്യാനികൾക്ക് അവരുടെ ആരാധനാലയങ്ങൾ പണിയുവാനും മതപ്രചാരണം നടത്തുവാനുമുള്ള അധികാരം ഉണ്ടായിരുന്നുവെന്ന് അവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്, അദ്ദേഹം ഈ ഭാഗം ഉപസംഹരിയ്ക്കുന്നത് ഇപ്രകാരമാണ്.' ഹിന്ദുക്കൾക്ക് പരിപൂർ

5. അതുതന്നെ

6. Mirati Ahamadi. Ali Muhammed Khan P. 275

ണ്ണമായ മതസ്വാതന്ത്ര്യം ലഭിയ്ക്കുന്നുണ്ടെന്നതിനു പുറമെ ഹൈന്ദവ രാജാക്കൻമാരുടെ കീഴിലായിരിക്കുമ്പോഴൊക്കെ അവർ നടത്തിയിരുന്ന വൃതങ്ങളും ഉൽസവങ്ങളും ഇപ്പോഴും ആഘോഷിയ്ക്കുവാനുള്ള സൗകര്യങ്ങളും ഉണ്ട്. മീററ് നഗരത്തിൽ മാത്രം ഹൈന്ദവ വിഭാഗത്തിൽ നൂറിൽപ്പരം വ്യത്യസ്ത വിഭാഗങ്ങളാം ഉണ്ടെങ്കിലും അവർ തമ്മിൽ പ്രാർത്ഥനകളുടേയോ സിദ്ധാന്തങ്ങളുടേയോ പേരിൽ യാതൊരുവിധ തർക്കവും നടക്കുന്നില്ല. ഏതൊരാൾക്കും അയാളാഗ്രഹിയ്ക്കുന്ന വിധം ദൈവാർച്ചനകൾ നടത്തുവാനും, ആരാധിയ്ക്കുവാനുമുള്ള സ്വാതന്ത്ര്യമുണ്ട്. മതധ്രുവീകരണങ്ങളാം അവർക്കിടയിൽ അജ്ഞാതമാണ്.''[7]

ഏറെ അപവാദങ്ങൾക്ക് പാത്രീഭൂതനായിട്ടുള്ള മുഗളം ചക്രവർത്തി ഔറംഗസീബിനെ സംബന്ധിച്ചുള്ള സത്യാവസ്ഥ ഇതൊക്കെയാണെങ്കിൽ, ടിപ്പു സുൽത്താനെപ്പറ്റിയുള്ള ആരോപണങ്ങളുടെ യാഥാർത്ഥ്യം എന്തെന്ന് അന്വേഷിയ്ക്കുന്നത് പ്രസക്തമായിരിക്കുമല്ലൊ. ഇത് ചെയ്യുമ്പോഴാം ഇംഗ്ലീഷുകാരുമായി ടിപ്പുവിനുണ്ടായിരുന്ന ബന്ധമെന്തെന്നാണ് ആദ്യമെ പരിശോധിക്കേണ്ടതായുണ്ട്. ഇന്ത്യയിലെ രാജാക്കൻമാരിൽ ഹൈദരാലിയും, അദ്ദേഹത്തിന്റെ പിൻഗാമിയായ ടിപ്പു സുൽത്താനുമാണ് ഇംഗ്ലീഷുകാർക്കു പരാജയത്തിന്റെ രുചി അനുഭവിക്കാൻ ഇടയാക്കിയവർ. ടിപ്പുവിനെപ്പറ്റി എഴുതുന്ന കൂട്ടത്തിൽ ജീ. ബി. മെല്ലസൻ പറയുന്നത് ഇപ്രകാരമാണ്. ''യുദ്ധരംഗത്ത് ഇംഗ്ലീഷുകാരോട് എല്ലാ നിലക്കും സമാനമായി നിന്ന ഇന്ത്യയിലെ ഏകശക്തി മൈസൂർ ഭരണാധിപൻ മാത്രമായിരുന്നു.'' റോബർട്ട് ഓമിനു ജോസിയാസ് ഡ്യൂപ്രെ എഴുതുന്ന കത്തിൽ, ''നമ്മുടെ മേൽ ഒരു ഇന്ത്യൻ ശക്തി ആദ്യമായിട്ടാണ് നേട്ടങ്ങളം ഉണ്ടാക്കുന്നത്.''[8] എന്നാണ്

7. A New Account of the East Indies. Vol 1 P.p 159, 162, 163 Alexander Hamilton
8. ജി. ബി. മെല്ലസൻ-ശ്രീരംഗപട്ടണം-ടിപ്പുവിന്റെ യഥാസ്ഥാനം പുറം-146

മൈസൂറിനെ മാത്രമാണ് തങ്ങളുമായി സഖ്യത്തിലേർപ്പെടുത്തുവാൻ ഇംഗ്ലീഷുകാർക്കു ഒക്കാതിരുന്നത്. മാത്രമല്ല, ഇന്ത്യയിലെ ഒരു ഭരണാധിപനും ഇല്ലാതിരുന്നത്ര ഒടുങ്ങാത്ത ഇംഗ്ലീഷു വിരോധവും ടിപ്പുവിനുണ്ടായിരുന്നു. ഇംഗ്ലീഷ് കമ്പനി ടിപ്പുവെ എത്രമാത്രം പേടി സ്വപ്നമായി കരുതിയിരുന്നു എന്നത് കേണൽ അലക്സാണ്ടർ ബീറ്റ്സൺ എഴുതുന്നതിൽ നിന്നും ഊഹിക്കാവുന്നതേയുള്ളു: ''ടിപ്പു സുൽത്താന്റെ അഭിലാഷങ്ങളിലും പ്രവർത്തികളിലും മാറ്റം കൂടാതെ നിന്നിരുന്ന ഉന്നം ഇന്ത്യയിൽ നിന്നും ബ്രിട്ടീഷുകാരെ ഉന്മൂലനാശം ചെയ്യുക എന്നതായിരുന്നു. ശ്രീരംഗപട്ടം സന്ധിയ്ക്കു ശേഷം, പ്രത്യേകിച്ച് 1796 ആകുമ്പോഴേക്കും ഈ ആഗ്രഹം അതിന്റെ പാരമ്യത്തിൽ എത്തിയിരുന്നു. 1792 ലെ സന്ധി അനുസരിച്ച് താൻ അനുഭവിക്കേണ്ടിവന്ന ത്യാഗങ്ങളും കഷ്ടനഷ്ടങ്ങളും ഒരിക്കലും വിസ്മരിക്കാൻ അദ്ദേഹത്തിന് ഒക്കുമായിരുന്നില്ല. അതിന്റെ ഫലമായി തനിക്ക് നഷ്ടപ്പെട്ട വിസ്തൃതമായ ഭൂപ്രദേശം വിണ്ടെടുക്കുവാനുള്ള ഉൽക്കടമായ ആവേശമാണ് തദ്ദേശീയ ഭരണാധിപന്മാരുമായി കമ്പനിക്കെതിരായ ഗൂഢാലോചനകളും അനുക്രമമായി നടത്തുവാനും കമ്പനിയോടു് ഫലപ്രദമായി പ്രതികാരം നടത്തി തന്റെ ആഗ്രഹം സഫലീകരിക്കുന്നതിനുമായി പരമ്പരാഗതവും പൂർവ്വികവുമായി ഫ്രാൻസുമായി ഉണ്ടായിരുന്ന ബന്ധം പുനസ്ഥാപിക്കാൻ അദ്ദേഹം കിണഞ്ഞു ശ്രമിച്ചത്''.[10] ടിപ്പുവിന്റെ ശക്തിയെ എതുവിധമാണ് കമ്പനി അധികാരികൾ വീക്ഷിച്ചിരുന്നത് എന്നതിന്റെ ഒരു ഏകദേശരൂപം അദ്ദേഹത്തിന്റെ തന്നെ തുടർന്നുള്ള വിശദീകരണത്തിൽ നിന്നും മനസ്സിലാക്കുവാൻ ഒക്കും.

---

9. Letter from Josias to orme; Indian Record Series vol 11, P.599

10 A view of the origin and conduct of the war with Tippoo sultan 1800, P.215

പ്രബലമായ ശക്തിയായി ടിപ്പുസുൽത്താൻ തുടരുന്ന കാലത്തോളം കമ്പനിക്ക് നിരന്തരമായ ബുദ്ധിമുട്ടും താങ്ങാനൊക്കാത്ത ചിലവും അസഹനീയമായ തലവേദനയും ഉണ്ടാക്കും എന്നു തീർച്ചയാണ്. ഫ്രാൻസുമായി അദ്ദേഹം ഉണ്ടാക്കിയ കരാറുകളും അവിടെനിന്നും മൈസൂറിലെത്തിയ വലിയ സേനയെ സ്വീകരിക്കാൻ അദ്ദേഹം കാണിച്ച തയ്യാറും ഫ്രഞ്ചുകാർ അക്കാലത്ത് നടത്തിക്കൊണ്ടിരിക്കുന്ന പ്രതിരോധ സന്നാഹങ്ങളും ഈ ജിപ്തിലേക്കുള്ള അവരുടെ ശീഘ്രഗതിയിലുള്ള മുന്നേറ്റവും എല്ലാം തെളിയിക്കുന്നത് ഇന്ത്യയിൽ നിന്നും ബ്രിട്ടീഷു ശക്തിയെ നശിപ്പിക്കുക എന്നത് മാത്രമായിരുന്നുവെന്നു കാണാം''. [11] ടിപ്പു ഇന്ത്യൻ രാജാക്കൻമാരുമായും, ഫ്രാൻസുമായും അക്കാലത്ത് നടത്തിയിരുന്ന കത്തിടപാടുകൾ പരിശോധിച്ചശേഷം ബീറ്റ്സൺ എത്തിച്ചേരുന്ന നിഗമനം ഇപ്രകാരമാണ്. 'ഈ വകതെളിവുകളെല്ലാം നിസ്സംശയമായും വ്യക്തമാക്കുന്നത് ഭദ്രേഹത്തിന്റെ ഹൃദയത്തെ എക്കാലവും മഥിച്ചുകൊണ്ടിരുന്ന വികാരം ഇംഗ്ലീഷ് വിരോധമായിരുന്നു എന്നതും അതിന്റെ സാഫല്യത്തിനുതകും വിധമായിരുന്നു ഭദ്രേഹത്തിന്റെ ഗവൺമെന്റിന്റെ നയരൂപീകരണങ്ങളും പ്രവർത്തനങ്ങളും ഒക്കെത്തന്നെ എന്നമാണ് ''[12] ഇതിനോടനുബന്ധമായി മറ്റുചില സംഗതികൂടി കണക്കിലെടുക്കണം. ഇംഗ്ലീഷുകമ്പനി ഇന്ത്യയിൽ നടത്തിയിട്ടുള്ള അനാശാസ്യങ്ങളായ അക്രമങ്ങളും ബ്രിട്ടീഷു പാർലിമെന്റിലും പൊതുജനങ്ങൾക്കിടയിലും വിമർശനങ്ങളുടെ കൊടുങ്കാറ്റു തന്നെ ഇളക്കിവിട്ട സന്ദർഭവുമായിരുന്നു അത്. നാട്ടുരാജാക്കൻമാരുമായുള്ള ഇടപാടുകളിൽ കമ്പനി ചെയ്തിട്ടുള്ള അന്യായമായ അഴിമതികളും ബർക്കിനേയും ഷെറിഡനേയും പോലുള്ളവരുടെ നിശിതമായ വിമർശനത്തിന് ഇടയാക്കുകയും ചെയ്തിരുന്നു. ഇന്ത്യയിലും. ഇംഗ്ലണ്ടിലും അവർ

11. Ibid. P. 44
12. Ibid. 216

ക്കെതിരായി ഉയർന്നു പൊങ്ങിയ വിമർശനങ്ങളെ ഇല്ലായ്മ ചെയ്യുവാനും അവരുടെ ക്രൂരപ്രവർത്തികളെ മൂടിവെക്കാനുമായി ഇംഗ്ലീഷുകാർ ബോധപൂർവ്വം അനുവർത്തിച്ച നയം ചരിത്രവിസ്മൃതികളെ വികലപ്പെടുത്തുക എന്നതായിരുന്നു. അതിന്റെഫലമായി അവരോട് ഏറ്റവും ശത്രുത പുലർത്തിയിരുന്ന ടിപ്പുവിനെ ഏറ്റവും കൂടുതൽ കള്ളക്കഥകൾ കൊണ്ട് വികൃതമാക്കുകയും ചെയ്തു. ഇംഗ്ലീഷ് ചരിത്രകാരൻമാരിൽനിന്ന് ടിപ്പുവിന് നീതിലഭിച്ചിട്ടില്ലെന്ന മനസ്സിലാക്കുവാൻ നിഷ്പക്ഷ മതിയായ ഏതൊരു ജിജ്ഞാസുവിനും നിഷ്പ്രയാസം സാധിക്കുന്നതാണ്. മതഭ്രാന്തും, ക്രൂരതയും എന്ന ആയുധങ്ങളാണ് ടിപ്പുവിന്റെ നേരെ അവർ വിജയപൂർവ്വം തൊടുത്തു വിട്ടത്. ഇത് കമ്പനിക്ക് രണ്ടുവിധത്തിൽ പ്രയോജനപ്പെട്ടു. തങ്ങളുടെ ഏതിരാളിയെ കരിപുരട്ടുക എന്നതോടു കൂടിത്തന്നെ ഇന്ത്യയിലെ അമുസ്ലീം ഭരണാധിപൻമാരുടെ പിന്തുണ കമ്പനിക്ക് ലഭിക്കുവാൻ സഹായകവുമായിത്തീർന്നു. ഈ ആരോപണങ്ങളും അവയുടെ ഉറവിടങ്ങളും കൂലങ്കഷമായ പരിശോധനക്കു വിധേയമാക്കിയാൽ കാണാവുന്ന പരമാർത്ഥം അവയത്രയും അവിശ്വനീയവും, അടിസ്ഥാനരഹിതവും ആണെന്നുള്ളതാണ്. രഘോജി ബോൺസ്

ഇന്ധ്യയിൽ അന്നുണ്ടായിരുന്ന ഈസ്റ്റ് ഇന്ധ്യ കമ്പനിയുടെ ഭരണത്തെ ബ്രിട്ടീഷ് പാർലിമെൻറിൽ ബർക്ക് വിശേഷിപ്പിച്ചത്, ലോകത്ത് ഒരിടത്തും കാണാത്തതും ഏറ്റവും നശീകരണാത്മകമായ ക്രൂരത ഉൾക്കൊള്ളുന്നതും ഏറ്റവും അഴിമതി നിറഞ്ഞതുമായ ഭരണം എന്നാണ്. ഇന്ധ്യയിൽ ചെറുതോ വലുതോ ആയിട്ടുള്ള രാജാവോ, രാജ്യമോ ആയി അവർ ഏതെങ്കിലും തരത്തിൽ ഇടപെട്ടിട്ടുണ്ടെങ്കിൽ അവരെയെല്ലാം തന്നെ കമ്പനി വിറ്റ് കാശുമാറ്റിയിട്ടുണ്ട്..... ....
അവർ തകർക്കാത്ത ഒരു സന്ധിപോലും കാണുകയില്ല. അവരെ വിശ്വസിക്കുന്ന ഒറ്റ രാജ്യമോ രാജാവോ ഇന്ധ്യയിൽ ഇല്ലെന്നു മാത്രമല്ല അവർ തീർത്തും നശിപ്പിക്കാത്തവരും ദുർല്ലഭമാണ്,
Parliamentory History, Vol. 23, Burke's speeches, Nov. 18 1783, pp 136, 37

ലെ എന്ന മറാട്ട ഭരണാധിപനു കോൺ വാലിസു എഴുതു ന്ന കത്തിൽ ടിപ്പുവിന്റെ മതഭ്രാന്തിനെതിരായി തങ്ങളോ ടൊപ്പം അണിനിരന്നു പടവെട്ടുവാൻ ആഹ്വാനം ചെയ്തു ന്നുണ്ട്. ''മനുഷ്യസമൂഹത്തോടു തന്നെ ശത്രുതയുള്ള ഇയാളുടെ ഹൃദയം ഹിന്ദുക്കളെ മാത്രമല്ല മറെറല്ലാ മനുഷ്യ രേയും കൊന്നൊടുക്കുവാനുള്ള ക്രൂരത ഉൾക്കൊളളുന്ന താണ്.''[13] മതത്തിന്റെ പേരിൽ ഏതു ഹീന കൃത്യവും ചെയ്യുവാൻ ടിപ്പു മടിക്കുന്നവനല്ലെന്നു വരുത്തത്തക്കവി ധം ഈ മുഷ്ടമായ കുപ്രചാരണം അവർ ഫലവത്തായി പ്ര ചരിപ്പിച്ചിരുന്നു. ഇതോടൊപ്പം ഓർക്കേണ്ട മറെറാരു കാര്യം ടിപ്പുവിനെതിരായി പുറത്തു വന്നിട്ടുള്ള ആരോ പണങ്ങളും അധികവും ഉണ്ടായിട്ടുള്ളത് ടിപ്പു തന്റെ രാജ്യത്ത് പ്രത്യേകിച്ച് മലബാറിൽ വിദേശികളുടെ സ്വ തന്ത്രമായ കച്ചവടം നിരോധിക്കുകയും കയറുമതിസാധന ങ്ങളും എല്ലാം തന്നെ സ്വറേറററിന്റെ കുത്തകയായി പ്രഖ്യാ പിക്കുകയുംചെയ്തതിനു ശേഷവുമാണ്. കമ്പനിയുടെ തലശ് ശേരിഫാക്ടറിയിൽ നിന്നും മദ്രാസ്സ് ഗവർണർക്ക് രു ടർച്ചയായി എഴുതിയിരുന്ന കത്തുകളിൽ നിന്നും മനസ്സീ ലാവുന്നത് ടിപ്പുവിന്റെ കയറുമതി നിരോധനം മൂലം തലശ്ശേരിലെ ഇംഗ്ലീഷു കമ്പനി ഭീമമായ നഷ്ടം സ ഹിക്കേണ്ടതായി വന്നുവെന്നും കമ്പനി പൂട്ടുന്നതാണ്നല്ല തെന്ന് ആലോചിച്ചിരുന്നു എന്നുമാണ്.[14]

ഇതിനെല്ലാം മകുടം ചാർത്തുന്ന മറെറാരു ഘടകവും കൂടി ഉണ്ട്. അതാകട്ടെ കേരളത്തിൽ പരിഷ് കൃതമായ ഭൂ നയം നടപ്പിലാക്കിയതു മൂലം പ്രയാസപ്പെടേണ്ടതായി വന്ന നമ്പൂതിരി ജന്മികളും, അവരുടെ കൂട്ടാളികളും കൂടി സംഘടിതമായി നടത്തിയിരുന്ന കുപ്രചാരണമായി രുന്നു. ഭൂ സർവ്വേ നടത്തുകയും, ഭൂ നികുതി ആദ്യമായി

13. Foreign secret consultations no. 5 march 10, 1790
Foreign secret politcal proceedings Aug. 26, No. 96 sep. 25, 1789, P. 1849

നടപ്പിലാക്കുകയും ചെയ്തപ്പോൾ ജന്മികളായ നമ്പൂതിരിമാർ ധരിച്ചത് അവരെ ജാതീയമായിതരം താഴ്ത്തുവാനുള്ള ഉപജാപമാണെന്നത്രെ. അതോടൊപ്പം ടിപ്പുവിന്റെ സാമൂഹ്യ പരിഷ്ക്കാരങ്ങളും, രാഷ്ട്രീയ ഏകീകരണവും നേരിട്ടു ബാധിച്ചത് മലബാറിലെ യോദ്ധാക്കളുടെ സമുദായമായ നായൻമാരെയായിരുന്നു. പരമ്പരാഗതമായ ജോലി നഷ്ടപ്പെടുകയും മൈസൂർ സൈന്യങ്ങളുമായി പലവട്ടം പോരാടി പരാജയപ്പെടുകയും ചെയ്തവരായി വന്ന അവർക്ക് ഒരിക്കലും മൈസൂർ ഭരണവുമായി പൊരുത്തപ്പെടുവാൻ സാധിച്ചില്ലെന്നു മാത്രമല്ല ഏറ്റവും പകയോടും വിദ്വേഷത്തോടുംകൂടിയാണ് മൈസൂർ ഭരണത്തെ അവർ വീക്ഷിച്ചത്. അതിന്റെ ഫലമായി അവരുടെ പ്രതികാരത്തെ ഇക്കിളിപ്പെടുത്തി നാട്ടിൽ കലാപവും, കുഴപ്പവും സൃഷ്ടിക്കുക എന്നതായി ഇംഗ്ലീഷുകാരുടെ ജോലി. ക്രമസമാധാന പരിപാലനം നടത്താൻ ചുമതലപ്പെട്ട മൈസൂർ ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദാക്ഷണ്യം ഇവരെ അടിച്ചമർത്തേണ്ടതായും വന്നു കൂടി. തൽഫലമായി സമൂഹത്തിലെ ഉത്ക്കർഷ വിഭാഗത്തിൽപ്പെട്ട എല്ലാവരും തന്നെ മൈസൂർ ഭരണത്തേയും ടിപ്പുവിനേയും കുറിച്ച് നടത്താവുന്ന ആരോ പണങ്ങളൊക്കെ തൃപ്തിയാവോളം നടത്തിയതു കൊണ്ടാണ് മറെറാരു ഭരണാധിപനും എതിരായി ഉണ്ടായിട്ടില്ലാത്തത്ര ആരോപണങ്ങളാം ഇവിടെ കുമിഞ്ഞു കൂടിയത്.

യഥാർത്ഥത്തിൽ ടിപ്പുവിന്റെ പ്രധാന ഉദ്യോഗസ്ഥൻമാരും സൈനികമേധാവികളും ഗവർണർമാർ തന്നെയും ഹിന്ദുക്കളായിരുന്നു. എന്നുമാത്രമല്ല അമ്പലങ്ങളും മുഴുക്കെനശിപ്പിച്ചു എന്നുപറയുന്ന ടിപ്പുവിന്റെ കാലത്താണ് മലബാർ ഉൾപ്പെടെയുള്ള വിസ്തൃതമായ അദ്ദേഹത്തിന്റെ സാമ്രാജ്യത്തിൽ ഉണ്ടായിരുന്ന ഹൈന്ദവ–മുസ്ലീം ആരാധനാലയങ്ങൾക്കത്രെയും കയ്യഴിച്ചു സഹായം നല്കിയിട്ടുള്ളത്.

ടിപ്പുവിന്റെ മതനയമെന്ന അദ്ധ്യായം നോക്കുക

ഔറംഗസീബിനേയും ടിപ്പുവിനേയും കുറിച്ചു നി ഷ്പക്ഷവും ക്രിയാത്മകവുമായ അന്വേഷണങ്ങൾ നട ത്തുന്ന ഏതൊരു ഗവേഷകനും നിസ്സംശയം മനസ സിലാക്കാൻ സാധിയ്ക്കുന്ന ഒരു പരമാർത്ഥം ഇവരെ കൂറിച്ചു എഴുതിപിടിപ്പിച്ചതും പറഞ്ഞു പോരുന്നതു മായ മതഭ്രാന്തിന്റേറയും, ക്രൂരതയുടേയും കഥകൾ മനഃ പൂർവ്വമായി പ്രചരിപ്പിച്ചവയാണെന്നും വസ്തുതകൾ ഇ വയ്ക്കു കടകവിരുദ്ധമാണെന്നുമാണ്. മദ്ധ്യകാല ഭരണാധിപന്മാരെപ്പറ്റി പൊതുവെ ആംഗ്ലേയചരിത്രകാ രന്മാരുടെ സമീപനം മുൻവിധിയോടു കൂടിയുള്ള തായി രുന്നു വെന്നതിനു തികഞ്ഞ തെളിവാണല്ലൊ ഔറംഗസീ ബിനെയും, ടിപ്പുവിനെയും പറ്റിയുള്ള ദുരാരോപണ ങ്ങൾ. ഏറെക്കുറച്ചിലുകളോടു കൂടിയിട്ടാണെങ്കിലും ഇത്ത രം നിരവധികളള്ളകഥകൾ ഈ കാലഘട്ടത്തിലുള്ള എല്ലാ വരെയും കുറിച്ചു് നമ്മുടെ ചരിത്രത്തിൽ സ്ഥലം പി ടിച്ചിരിക്കുന്നു. മുസ്ലീം ഭരണാധിപന്മാരെപ്പറ്റിയുള്ള യാഥാർത്ഥ വസ്തുതകൾ ചികഞ്ഞു കൊണ്ടുവരേണ്ട ഉ ത്തരവാദിത്വം മുസ്ലീം ചരിത്രകാരന്മാരെല്ലാത്തതു പോ ലെത്തന്നെ അവരെ തരം താഴ്ത്തികാണിക്കുക എന്നതു മറ്റു മത വിഭാഗത്തിൽപ്പെട്ട ചരിത്രകാരന്മാരും ചെ യ്യരുതാത്തതാണ്. ജാതിമതങ്ങൾക്കതീതമായി ദേശീയ വീക്ഷണത്തോടുകൂടി സത്യാന്വേഷണം നടത്തുകയും യഥാർത്ഥവസ്തുതകൾ പുറത്തുകൊണ്ടുവരികയും ചെ യ്യുക എന്നതാണ് ഏതൊരു ഗവേഷകന്റേയും കർത്തവ്യം. അതായിരിക്കട്ടെ നമ്മുടെ ലക്ഷ്യം.

ടിപ്പുവിന്റെ മതനയം എന്ന അദ്ധ്യായം നോക്കുക.

37

ഇൻഡ്യാചരിത്രത്തിലെ ഒരു നിർണ്ണായക ഘട്ടം

18–ാം നൂറ്റാണ്ടിലെ ഇൻഡ്യൻ രാഷ്ട്രീയ സംവിധാനം ജിജ്ഞാസയോടുകൂടി വീക്ഷിക്കുന്ന വിദ്യാർത്ഥികൾക്ക് ചില പ്രത്യേകതകൾ കാണുവാൻ സാധിക്കും. 1707-ൽ മുഗൾ സാമ്രാജ്യത്തിലെ അവസാനത്തെ പ്രതാപിയായ ചക്രവർത്തി ഔറംഗസീബ് മരണമടയുന്നു. രണ്ടു നൂറ്റാണ്ടിനുമേൽ രാഷ്ട്രീയ ഐക്യം പുലർത്തിയ ഇൻഡ്യയിലെ ഏറ്റവും വലിയ സാമ്രാജ്യവും അതോടൊപ്പം മരണശയ്യയിൽ വീഴുകയായിരുന്നു. ഊർദ്ധശ്വാസവും വലിച്ചുകൊണ്ടുള്ള ആ കിടപ്പ് കുറച്ചുകാലത്തേക്ക് കൂടി നീണ്ടു നിന്നുവെന്നത് വാസ്തവം തന്നെ. എന്നാൽ ഏകീകരണത്തിനേതായ മറ്റൊരു ശക്തി ഇവിടെ പ്രബലപ്പെട്ടിരുന്നില്ല. മുഗൾ സാമ്രാജ്യത്തിന്റെ അധഃപതനം ഇൻഡ്യൻ രാഷ്ട്ര ശരീരത്തിനേറ്റ ഏറ്റവും വലിയ ആഘാതമായിരുന്നു. ആ തകർച്ചയിൽ നിന്നും ഉയർത്തെഴുന്നേറ്റ് സംഘടിത സന്നാഹങ്ങൾ നടത്തി ഇൻഡ്യയെ ഏകീകരിക്കുവാൻ പിന്നീട് ഒരു ശക്തിക്കും സാധിച്ചില്ല എന്നതാണ് സത്യം. എന്നാൽ ഇൻഡ്യൻ പക്ഷത്തുനിന്ന് അതിനുള്ള സംരംഭങ്ങൾ നടന്നില്ലെന്നു പറയുന്നതും വസ്തുതകൾക്ക് നിരക്കാത്തതായിരിക്കും മഹാരാഷ്ട്രന്മാരും. ആ കാലഘട്ടത്തിൽ തന്നെ മൈസൂർ നവാബുമാരും ഇൻഡ്യയെ രാഷ്ട്രീയമായി ഏകീകരിക്കുക എന്ന ഉന്നം വെച്ച് പ്രവർത്തിച്ച ഇന്ത്യൻ

രാഷ്ട്രീയശക്തികളും തന്നെയാണ്. ഈ പരിണാമഗുപ്തിയും സവിശേഷതകളും രാഷ്ട്രീയമായി അപഗ്രഥനം നടത്തുകയാണ് ഇവിടെ ചെയ്യുന്നത്.

18-ാം നൂറ്റാണ്ടിലെ ഇന്ത്യയെ രണ്ടുകാലഘട്ടമായി തിരിക്കാമെന്നു തോന്നുന്നു. ഒന്ന് ഔറംഗസീബിന്റെ മരണം മുതൽ ഹൈദരാലി മൈസൂർ നവാബാകുന്നതുവരെയുള്ള കാലം—അതായത് 1707 മുതൽ 1761 വരെയുള്ള കാലയളവ്. രണ്ടാമത്തേത് 1761 മുതൽ 1799 വരെ— എന്നുവച്ചാൽ ഹൈദരാലി മൈസൂറിന്റെ അധിപതിയാകുന്ന സന്ദർഭം തുടങ്ങി അദ്ദേഹത്തിന്റെ മകൻ ടിപ്പുസുൽത്താൻ ശ്രീരംഗപട്ടണം കോട്ടയ്ക്കകത്തു നാലാം ആഗ്ലോ—മൈസൂർ യുദ്ധത്തിൽ മരിച്ചു വീഴുന്നതുവരെയുള്ള സമയം. ഇതിൽ അദ്യത്തെ ഘട്ടത്തിൽ ഇന്ത്യൻ രാഷ്ട്രീയ സ്ഥിതിയിൽ സ്യശക്തമായ യാതൊരു നീക്കങ്ങളും നടക്കാത്ത സമയമായിരുന്നു. മുഗൾപ്രഭാവം എരിഞ്ഞടങ്ങിക്കൊണ്ടിരിക്കുന്നതേയുള്ളു. മറൊരു ശക്തി വളർന്നു വികാസം കൊണ്ടിരുന്നുമില്ല. നവാഗതരായിരുന്ന ഐറോപ്യൻ ശക്തികളാകട്ടെ ഇന്ത്യയുടെ തീരപ്രദേശങ്ങളിൽ വ്യാപകമായി വാണിജ്യ സമ്പർക്കങ്ങൾ നടത്തിക്കൊണ്ടിരുന്നു. ചെറിയ ചെറിയ രാജ്യസ്ഥാനങ്ങളുമായി സഖ്യങ്ങളും ഉടമ്പടികളും ഉണ്ടാക്കി അവരുടെ കച്ചവടസാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനും കുത്തകാവകാശങ്ങൾ നേടുന്നതിനും ബദ്ധശ്രദ്ധരായിരുന്നു. പോർച്ചുഗീസുകാർ പ്രധാനമായും ഇന്ത്യയുടെ തെക്കുപടിഞ്ഞാറൻ തീരങ്ങളിലാണ് അവരുടെ ആവാസം ഉറപ്പിച്ചത്. വാണിജ്യ ശത്രുതയും രാഷ്ട്രീയ വിരോധവും അവർക്കു നേരിടേണ്ടതായി വന്നത് പ്രധാനമായും സാമൂതിരിയുടേയും ബീജപ്പൂരിന്റേയും മുസ്ലീം നാവികരിൽ നിന്നായിരുന്നു. 1663 ആകുമ്പോഴേക്കും പറങ്കികൾ ഇന്ത്യയുടെ തീരപ്രദേശങ്ങളിൽ നിന്നും തൂത്തെറിയപ്പെട്ടു കഴിഞ്ഞിരുന്നു, അവരുടെ സ്ഥാനത്ത് സ്ഥലം പിടിച്ച ലന്തക്കാർക്ക് കേരളത്തിന്റെ തീരപ്രദേശങ്ങളിൽ ചില ഫാക്റ്റ

റികളും സങ്കേതങ്ങളും സ്ഥാപിച്ചു നാട്ടുരാജാക്കൻമാർക്ക് ഒരു ഭീഷണി എന്നോണം നിലയുറപ്പിക്കാൻ സാധിച്ചുവെന്നല്ലാതെ ഇന്ത്യൻ രാഷ്ട്രീയത്തിൽ നിർണ്ണായകമായ ഒരു ശക്തിയായുയരാൻ ഒരിക്കലും സാധിച്ചിരുന്നില്ല. എന്നാൽ മാഹിയും പുതുശ്ശേരിയും ആസ്ഥാനമാക്കിക്കൊണ്ട് പ്രവർത്തിച്ച ഫ്രഞ്ചുകാർ 18–ാം നൂറ്റാണ്ടിലെ ഇന്ത്യൻ ശക്തികളിൽ ഒട്ടും അവഗണിക്കാൻ നിവർത്തിയില്ലാത്ത ഒന്നായി വളർന്നിരുന്നു. അതെ കാലഘട്ടത്തിൽതന്നെ കച്ചവട രാഷ്ട്രീയവുമായി ഇന്ത്യയിൽ കാലുകുത്തിയ ഇംഗ്ലീഷുകാർക്ക് ബംഗാളിലും ഒറീസയിലും അധികാരം സ്ഥാപിക്കുവാനും മദ്രാസ്, ബോംബെ, തലശ്ശേരി, അഞ്ചുതെങ്ങ്, എന്നിവിടങ്ങളിൽ സായുധ കേന്ദ്രങ്ങളും നിലനിറുത്തുവാനും സാധിച്ചിരുന്നു. ഇതായിരുന്നു വിദേശ ശക്തികളുടെ സ്ഥിതി എങ്കിൽ ഇന്ത്യൻ രാജാക്കൻമാരിൽ പലരും ഐറോപ്യൻ ശക്തികളെക്കാളും വളർച്ചയും സംഘടിത യുദ്ധസന്നാഹങ്ങളും ഉള്ളവരായിത്തീർന്നിരുന്നു. 1761 വരെ ഇന്ത്യയിലെ പ്രധാന ശക്തികളായിക്കുകാരും മറാത്തക്കാരും നിസാമിന്റെ കീഴിലുള്ള ഹൈദരാബാദും ഇന്ത്യയുടെ തെക്കേ അറ്റത്ത് സ്ഥിതി ചെയ്തിരുന്ന കർണ്ണാടകവും തിരുവിതാംകൂറും അവിടങ്ങളിലെ രാജാക്കൻമാരുമായിരുന്നു. വിദേശപക്ഷത്താകട്ടെ ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും തുല്യശക്തികളായും വർത്തിച്ചിരുന്നു. എന്നാൽ ഇന്ത്യൻശക്തികളിൽ ഏതെങ്കിലുമൊന്നോ, ഐറോപ്യൻമാരിൽ ആരെങ്കിലുമോ തനിച്ചോ കൂട്ടായോ ഒരേകീകരണശക്തിയായി വളരുവാൻ സാദ്ധ്യതകളും ദുർല്ലഭമായിരുന്നു. ഇവരത്രയും ഏകദേശം ബലാബലപരീക്ഷണത്തിൽ ഒന്നിനൊന്നു പോന്നവരായി നിന്നിരുന്നു. അങ്ങനെ 1761 വരെയുള്ള ഇന്ത്യയുടെ രാഷ്ട്രീയഭൂപടം സാമാന്യം ശക്തിയും പ്രാബല്യവുമുള്ള നിരവധി രാജസ്ഥാനങ്ങളുടേയും വൈദേശിക ശക്തികളുടേയും സ്വാധീനം ഉൾകൊണ്ടു കൊണ്ട് ഭിന്നമായി നിന്നിരുന്ന ഒന്നായിരുന്നുവെന്ന് കാണുവാൻ സാധിക്കും.

ഈ കാലഘട്ടത്തിന്റെ പ്രത്യേകത ഒരു ശക്തിയും ഇന്ത്യയെ രാഷ്ട്രീയമായി ഒന്നിപ്പിക്കുവാനോ ഇന്ത്യൻജനതയുടെമേൽ ഒന്നായ ശാസന നിലനിർത്തുവാനോ കെൽപ്പുള്ളവയായിരുന്നില്ല എന്നതാണ്.

മുഗൾശക്തി തകർന്നടിഞ്ഞതിന്റെ ഫലമായുണ്ടായ ശൂന്യത വിജയകരമായി അവസാനിപ്പിക്കുവാൻ ഭാരതീയശക്തികൾക്കൊ വൈദേശിക ശക്തികൾക്കൊ സാദ്ധ്യമായില്ല. മഹാരാഷ്ട്രൻമാർ നവോത്ഥാനത്തിന്റെ ആവേശത്തോടു കൂടി ഇന്ത്യൻ രാഷ്ട്രീയത്തിൽ ചലനം സൃഷ്ടിച്ചവരാണ്. ഒരു പുതിയ ശക്തിയിൽ നിന്നും പുതു ജീവൻ നുകർന്നു കൊണ്ട് ഇന്ത്യ, മുഗൾ വംശത്തിന്റെ തകർച്ചയിൽ നിന്നും സടകുടഞ്ഞ് ഉത്തേജനം കൊള്ളും എന്ന് ആശിച്ച സന്ദർഭമായിരുന്നു അത്. എന്നാൽ 1761-ൽ മൂന്നാം പാനിപ്പട്ട് യുദ്ധത്തോടുകൂടി ഇന്ത്യൻ ദേശീയ ഉണർവ്വിന്റെ ജാജ്വല്യമാനമായ തീനാളം അണഞ്ഞുപോയി. പാനിപ്പട്ട് യുദ്ധത്തിലെ ദയനീയമായ പരാജയം ഇന്ത്യയുടെ ഏകീകരണം എന്ന മഹാരാഷ്ട്രരുടെ സ്വപ്നത്തെ തകർത്ത പ്രധാന സംഭവമായിരുന്നു. 1761 ൽ തന്നെയാണ് മൈസൂറിൽ ഹൈദരാലി ഭരണാധിപതിയായി മാറുന്നത്. അക്കൊല്ലം തന്നെയാണ് ഫ്രഞ്ചുകാരുടെ മേൽ കനത്ത പരാജയം ഏൽപ്പിച്ചുകൊണ്ട് പുതുശ്ശേരിയും മാഹിയും പിടിച്ചടക്കി ഐറോപ്യൻ ശക്തികളിൽ തങ്ങളാണ് വമ്പൻമാർ എന്ന് ഇംഗ്ലീഷുകാർ തെളിയിക്കുന്നത്. 1761 ൽ തന്നെയാണ് കേരളത്തിലെ വിവിധ രാജസ്ഥാനങ്ങളിൽ ഏറ്റവും സുശക്തമായ ശക്തി തിരുവിതാംകൂറാണെന്ന് തെളിയിക്കപ്പെടുന്നതും. കൊച്ചിയും സാമൂതിരിയും തമ്മിൽ ഉണ്ടായിക്കൊണ്ടിരുന്ന അനാദികാലത്തെ വൈരാഗ്യവും സംഘട്ടനങ്ങളും തിരുവിതാംകൂറിന്റെ മദ്സ്ഥ തീരുമാനത്തിന് വിട്ടുകൊടുക്കുന്നതും ഈ വർഷംതന്നെയായിരുന്നു. അങ്ങനെ കേരളത്തിൽതിരുവിതാംകൂറും, വിദേശശക്തികളിൽ ഇംഗ്ലീഷുകാരും, മൈസൂറിൽ രാഷ്ട്രീയ

മായി വിജയം നേടിയ ഹൈദരും, ഹൈദ്രബാദിൽ നിസാമും, മഹാരാഷ്ട്രയിൽ മറാത്തക്കാരും, പ്രാഭവം പുലർത്തുന്ന സന്ദർഭം ആയിരുന്നു അത്. എന്നാൽ മറാത്താശക്തി അതിന്റെ ആർജ്ജവം നഷ്ടപ്പെട്ടും ഹൈദ്രബാദ് വലിയ സൈനികസന്നാഹങ്ങളുണ്ടെങ്കിലും ശേഷിയൊ നേതൃത്വമോ ഇല്ലാതെ വലഞ്ഞും കഴിയുകയായിരുന്നു. പാരമ്പര്യമൊ കുലമഹിമയൊ ഒന്നും അവകാശപ്പെടാനില്ലാതിരുന്ന ഹൈദരാകട്ടെ പുതിയ അധികാരം വികസ്വരമാക്കുവാൻ ആവേശത്തോടുകൂടി പരിശ്രമിക്കുകയും പ്രയത്നിക്കുകയും ചെയ്തു. ആംഗ്ലോ ഫ്രഞ്ച് മൽസരങ്ങളിൽ നിർണ്ണായകമായ വിജയം നേടുവാൻ സാധിച്ചതുകൊണ്ട് ഇംഗ്ലീഷുകാരും വലിയശക്തിയായി പരിണമിച്ചിരുന്നു. അങ്ങനെ 1761 നു ശേഷം ഇന്ത്യൻരാഷ്ട്രീയത്തിൽ പ്രധാനമായും രണ്ടു ശക്തികളെയാണ് കാര്യമായി നാം കാണുന്നത്-മൈസൂറും ഇംഗ്ലീഷും.

ഒന്ന്, ഇന്ത്യൻ ശക്തിയും മറേറത് ഐറോപ്യൻ ശക്തിയും. ഒറേറയ്ക്കൊറേറയ്ക്ക് ഇന്ത്യനിലെ മറേറതൊരു നാട്ടുശക്തിയുമായിട്ടോ ഇവിടെയുണ്ടായിരുന്ന വിദേശശക്തികളുമായിട്ടൊ നേരിട്ടുള്ളസംഘട്ടനം നടക്കുകയാണെങ്കിൽ വിജയം സുനിശ്ചയം ഉറപ്പിക്കാവുന്നതും ഈ രണ്ട് അധികാര സ്ഥാനങ്ങൾക്കുമായിരുന്നു. ചുരുക്കത്തിൽ 1707 മുതൽ 1761 വരെയുള്ള രാഷ്ട്രീയ അനിശ്ചിതത്വം നീങ്ങി വ്യക്തമായ വിരുദ്ധരാഷ്ട്രീയ ചേരികൾ ഇന്ത്യയിൽ ദൃശ്യമാകുന്നത് 1761 ന് ശേഷമാണെന്നർത്ഥം.

1761 മുതൽ 1799 വരെയുള്ള കാലഘട്ടത്തിൽ ഈ രണ്ടു ശക്തികളും തമ്മിൽ ആരാണ് ഇന്ത്യയുടെ ഭാവിഭാഗധേയം നിർണ്ണയിക്കേണ്ടത് എന്നതിന്റെ മൽപിടുത്തങ്ങളായിരുന്നു. 1768--ൽ തുടങ്ങിയ ഒന്നാം ആംഗ്ലൊ മൈസൂർ യുദ്ധം മുതൽ 1799--ൽ അവസാനിച്ചനാലാം മൈസൂർ യുദ്ധം വരെ ഈ മാൽസര്യത്തിന്റെ പ്രക്രിയകളാണ് ഇന്ത്യ

യിലുടനീളം നടന്നത്. മറ്റു ഇന്ത്യൻ ശക്തികളും ഇതിലേതെങ്കിലും ചേരിപിടിച്ച് നിൽക്കുക എന്നല്ലാതെ സ്വന്തമായി വ്യക്തിത്വം പുലർത്തുവാൻ സാദ്ധ്യമല്ലാത്ത സ്ഥിതി വിശേഷം വളർന്നുവന്നിരുന്നു. എന്നാൽ ആംഗ്ലൊ—മൈസൂർ യുദ്ധങ്ങളുടെ രാഷ്ട്രീയപ്രാധാന്യം നമ്മുടെചരിത്രകാരന്മാരും അത്ര കാര്യമായി ഗൌനിച്ചിട്ടില്ല. യഥാർത്ഥത്തിൽ നാലു മൈസൂർ യുദ്ധങ്ങളും ഒരേലക്ഷ്യത്തോടുകൂടബോധപൂർവ്വം നടന്നിട്ടുള്ളവയാണ്. ഇന്ത്യയുടെ രാഷ്ട്രീടിയവും സാംസ്കാരികവുമായ ഏകീകരണത്തിനു വേണ്ടി ഇന്ത്യൻ പക്ഷത്തു നിന്ന് ഇത്രയും സംഘടിതമായും ബോധപൂർവ്വമായും ഒരു കാലഘട്ടത്തിലും പ്രവർത്തനങ്ങൾ നടന്നിട്ടില്ല. അതുപോലെത്തന്നെ ഇന്ത്യയേയും ഇന്ത്യൻ ജനതയേയും കീഴടക്കി ചൊല്പടിക്കു നിർത്തി നമ്മുടെ രാഷ്ട്രീയ ഭാഗധേയം കുറിയ്ക്കുക മാത്രമല്ല സാമ്പത്തിക ചൂഷണം നിർലോഭം നടത്തണമെന്ന ദുരുദ്ദേശത്തോടുകൂടി ബോധപൂർവ്വം പ്രവർത്തിക്കുകയും ചെയ്ത വിദേശശക്തിയും തമ്മിലുള്ള മൽസരമായിരുന്നു. അറിഞ്ഞുകൊണ്ടുതന്നെയുള്ള സംഘട്ടനങ്ങളായിരുന്നു ഈ നാലു മൈസൂർ യുദ്ധങ്ങളും. നിഷ്പക്ഷ ബുദ്ധിയോടുകൂടി ഇവയെ വിശകലനം ചെയ്യുകയാണെങ്കിൽ നമുക്കു തീർത്തും ബോദ്ധ്യമാകുന്ന സംഗതി ഈ നാലു മൈസൂർ യുദ്ധങ്ങളിലും മറ്റൊരു കാലത്തും ഉണ്ടായിട്ടില്ലാത്ത ചില ആശയങ്ങളും താൽപര്യങ്ങളും നിലീനമായിരുന്നു എന്നതാണ്. കുരുക്ഷേത്രയുദ്ധം മുതൽ ആയിരക്കണക്കിന് രക്തരൂക്ഷിതങ്ങളായ സംഘട്ടനങ്ങൾക്ക് സാക്ഷ്യം നിന്ന ഇന്ത്യയുടെ പടക്കളങ്ങളും ഈ നാലു യുദ്ധങ്ങളിലും കേട്ട മുദ്രാവാക്യങ്ങളും വിഭിന്നമായിരിക്കണം. അവർക്ക് മറ്റുലക്ഷ്യവും ഉന്നവും ഉണ്ടായിരുന്നു. വിദേശശക്തികളിൽ അജയ്യമായി വളർന്നഇംഗ്ലീഷ് കമ്പനിക്ക് അവരുടെ ഏക എതിരാളി മൈസൂറിലെ ഹൈദറും അദ്ദേഹത്തെ പിൻതുടർന്ന ടിപ്പുസുൽത്താനുമായിരുന്നു

വെന്ന് വ്യക്തമായി അറിയാമായിരുന്നു. തങ്ങളുടെ രാഷ്ട്രീയ വികാസത്തിൽ വിഘാതം സൃഷ്ടിക്കുന്നത് ഇംഗ്ലീഷ് കമ്പനിയുടെ ഉപജാപങ്ങളാണെന്നും അവരെ തുരത്തിയാലല്ലാതെ ഇന്ത്യയെ ഏകീകരിക്കുക എന്ന ലക്ഷ്യം അസാദ്ധ്യമെന്നും മനസ്സിൽത്തട്ടി വിശ്വസിച്ചവരായിരുന്നു ഹൈദരും ടിപ്പുവും. ഇംഗ്ലീഷുകമ്പനിയും മൈസൂർ ശക്തിയും സഹവർത്തിത്വത്തോടുകൂടി വളരുക ഇരുകൂട്ടരേയും താൽപര്യത്തിനും ലക്ഷ്യത്തിനും പാടെ എതിരുമായിരുന്നു. അതുകൊണ്ടുതന്നെയാണ് ഏതെങ്കിലും ഒരു ശക്തി തളർന്നല്ലാതെ സായൂജ്യമില്ലെന്നും രാഷ്ട്രീയ സാഫല്യം നേടാനൊക്കുകയില്ലെന്നും ഇരു കോയ്മകളും നിർബന്ധപൂർവ്വം കരുതിയത്. അതിന്റെ പരിണിത ഫലമായിട്ടാണ് നാല് ആംഗ്ലൊമൈസൂർ യുദ്ധങ്ങളുണ്ടാകുന്നത്. ഇന്ത്യൻ താല്പര്യങ്ങളും സ്വപ്നങ്ങളും ആഗ്രഹങ്ങളും ഒരുവശത്ത് വൈദേശിക താല്പര്യങ്ങളും ലക്ഷ്യങ്ങളും മറുവശത്ത്. ഈ ആശയതാല്പര്യസംഘട്ടനങ്ങളെ വേർതിരിച്ചറിയുവാൻ സാധിക്കാഞ്ഞതുകൊണ്ടും കുടുസ്സായ പ്രാദേശിക മനസ്ഥിതികത്വം മൂലവും വിദേശശക്തികളുമായി പങ്കുചേർന്നവർ അപകടത്തിന്റെ ആഴം മനസ്സിലാക്കാൻ കെൽപ്പുള്ളവനായിരുന്നില്ല. അങ്ങനെ മൂന്നും നാലും ആംഗ്ലൊമൈസൂർ യുദ്ധങ്ങളാകുമ്പോഴേക്കും ഇന്ത്യയിലെ എല്ലാ രാജസ്ഥാനങ്ങളേയും ഉടമ്പടികളുടെ നൂലാമാലകളിൽ കെട്ടി നിറുത്തി തങ്ങളുടെ ആജ്ഞാനുവർത്തികളാക്കി മാറ്റിയശേഷമാണ് ഇംഗ്ലീഷുകാർ മൈസൂരുമായി എതിരിടുന്നതുതന്നെ.

അഭിലാഷങ്ങളുമായി ദൃഢമായ വിശ്വാസത്തോടുകൂടി എന്നിട്ടും വിദേശികളോടു ഒറ്റയ്ക്കു നിന്നുപോലും മൽസരിച്ച് ഒന്നുകിൽ ജയം അല്ലെങ്കിൽ നാശം എന്ന ഉറപ്പോടുകൂടി അറിഞ്ഞുകൊണ്ടു തന്നെ എതിരിട്ട മൈസൂർ

ശക്തി നിശ്ചയമായും ഇന്ത്യൻ രാഷ്ട്രീയ ചരിത്രത്തിലെ അവിസ്മരണീയവും പ്രധാനവുമായ ഘടകമാണ്. ബോധപൂർവ്വം നടത്തിയിട്ടുള്ള ആദർശ സംഘട്ടനങ്ങളും തുലോം കുറവാണ് നമ്മുടെ ആയിരക്കണക്കിനു നടന്നിട്ടുള്ള യുദ്ധങ്ങളിൽ. എന്നാൽ നാലു ആംഗ്ലൊ മൈസൂർ യുദ്ധങ്ങളും വ്യത്യസ്തമായ ചിത്രമാണ് നൽകുന്നത്. ഇന്ത്യൻപക്ഷത്ത് പരാജയം സംഭവിച്ചെങ്കിലും പുറകോട്ടു തിരിഞ്ഞു നെടുവീർപ്പിടുന്നതോടൊപ്പം ആവേശം ഉൾക്കൊള്ളാനും ഉതകുന്ന മഹത്തായ പാരമ്പര്യത്തിന്റെ കോരിത്തരിപ്പിക്കുന്ന കഥകളും കൂടിയാണവ.

ഈ യുദ്ധങ്ങളും നമുക്കറിയുന്നതു പോലെത്തന്നെ ഒരു വലിയ കാലഘട്ടത്തിന്റെ അദ്ധ്യായം കുറിയ്ക്കുന്നു. ഇന്ത്യ ഇന്ത്യാക്കാരാൽ ഭരിക്കുക എന്ന സ്ഥിതി മാറി ഇന്ത്യ വിദേശീയരാൽ പുലർത്തപ്പെടുക എന്ന അവസ്ഥയിലേയ്ക്ക് നീങ്ങി. ഇതിന്റെ പ്രത്യാഘാതം ഒന്നര നൂറ്റാണ്ടുകാലം ഭാരതവും ഭാരതീയരും അസ്വതന്ത്രരായി ബ്രിട്ടീഷ് എജമാനൻമാരുടെ അടിമകളായിത്തീർന്നു എന്നതാണ്. അവരുടെ രാഷ്ട്രീയ വാണിജ്യനയങ്ങളുടെ തിക്തമായ അനുഭവങ്ങളും ഇന്നും നമ്മെ അരിശം കൊള്ളിയ്ക്കത്തക്കവണ്ണം കുടുകുടുകയറിയ മുള്ളാണികളായിരുന്നു. സ്വതന്ത്ര ഇന്ത്യയിൽ നാം ചരിത്ര സംവിധാനങ്ങളും നടത്തുമ്പോഴും ഇംഗ്ലീഷുകാർ ഇംഗ്ലീഷുകാർക്കുവേണ്ടി എഴുതിയ ഇന്ത്യാചരിത്രം അതേപടി തുടർന്നുപോരുന്നതു നമ്മുടെ പാരമ്പര്യത്തോടും സ്വാതന്ത്ര്യവാഞ്ഛയോടും സംസ്കാരത്തോടും ചെയ്യുന്ന അനീതിയായിരിക്കും. ഉൾക്കാഴ്ചയോടുകൂടി ക്രിയാത്മകമായ ചരിത്രനിർമ്മാണം എത്രയുംവേഗം നടത്തുവാനൊക്കുമോ, ദേശീയദാർഢ്യതയ്ക്കും സാമുദായിക ഐക്യത്തിനും ദേശീയബോധത്തിനും അത്രയ്ക്ക് അത് അത്യാവശ്യവുമാണ്. അതിനുള്ള ഏതു സംരംഭത്തിനും പ്രോൽസാഹനം നൽകേണ്ടതുമുണ്ട്.

ഭിന്നിപ്പിക്കൽ നയത്തിന്റെ പരിസമാപ്തി

ഇൻഡ്യാ വിജ്ഞനം മതപരമായ അതിർ വരമ്പിൽ കല്ലു കളിട്ട് തിട്ടപ്പെടുത്തിയതല്ല. മതവികാരം വിജയകരമായി ഒരു നാടിനെ വീതിച്ചെടുത്തതുമല്ല. എന്നാൽ അതിന്റെ അവസാന അദ്ധ്യായവും പരിസമാപ്തിയും കണ്ടതാണ്. എന്തിൽനിന്നു തുടങ്ങി എന്തിലവസാനിച്ചുവെന്ന് നോക്കിയാൽ ഈ വസ്തുത വ്യക്തമാകും. രാഷ്ട്രീയ നിലനില്പിനുവേണ്ടി വിവിധ മതസ്ഥരെ ഭിന്നിപ്പിച്ച് ചൂഷണം ചെയ്യുകയാണുണ്ടായത്. മതവും വിശ്വാസവും വ്രണപ്പെട്ടെന്ന് ന്യായമായും ഊഹിച്ച അതിന്റെ അനുയായികളും അവിശ്വാസ വിദ്വേഷങ്ങളുടെ ഫലമായി ഉതിർത്തുവിട്ട ആശയങ്ങളുടെ പരിസമാപ്തിയായിരുന്നു അത് രാഷ്ട്രീയത്തിൽ തുടുങ്ങുകയും രാഷ്ട്രീയത്തിലവസാനിക്കുകയും ചെയ്ത ഈ സംഭവത്തിന് അരു നിന്ന് ഉശിരും ഉഷാറും നല്കി പ്രചോദിപ്പിച്ച ചേതോവികാരം മതത്തിന്റെതായിരുന്നു. ഇതിന്റെ നാമ്പെടുക്കുന്നത് ബ്രിട്ടീഷുകാലഘട്ടത്തിന്റെ ആരംഭം മുതലും. സൈ്വരമായും സ്വസ്ഥമായും കഴിഞ്ഞിരുന്ന ഹിന്ദു-മുസ്ലീം മതവിശ്വാസികളെ ശത്രുപാളയത്തിൽപതിയിരുന്ന് മനഃപൂർവ്വം ആക്രമണം നടത്തുവാൻ പ്രേരിപ്പിച്ച ബ്രിട്ടീഷ് തന്ത്രങ്ങളും എന്തൊക്കെയായിരുന്നുവെന്നതാണ് പ്രതിപാദിക്കുവാൻപോകുന്നത്. അതിനുമുമ്പ് ബ്രിട്ടീഷ്ചരിത്രകാ

രൻ പറയുന്ന മർദ്ധനമുറകളോ മതധ്വംസനമോ ഒരു നയ
മെന്ന രീതിയിൽ മദ്ധ്യകാലഘട്ടത്തിൽ ഒരറ ചക്രവർത്തി
യും ചെയ്തിട്ടില്ലെന്ന് ഊപ്പിച്ചു പ്രസ്താവിച്ചുകൊള്ള
ട്ടെ. സുദൃഢമായി ഇതിത്രയും തറപ്പിച്ചുപ്പറയുന്നത് തുടർ
ന്ന് പ്രതിപാദിക്കുന്ന സംഗതികളുടെ വിശദീകരണത്തിന്
ആവശ്യവുമാണ്. മുസ്ലീംഭരണകാലത്ത് ഒററസാമുദായി
കലഹളയുമുണ്ടായിട്ടില്ലെന്ന് കഴിഞ്ഞ ഒരദ്ധ്യായത്തിൽ
പ്രസ്താവിച്ചിട്ടുണ്ട്. പക്ഷേ, സ്വാർത്ഥമോഹികളാ
യ താല്പരകക്ഷികൾ എക്കാലവുമെന്നപോലെ അന്നും
കുറവായിരുന്നില്ല. ഒരു രാജ്യം കീഴടക്കിയാൽഅവിടത്തെ
രാജാധികാരം അവസാനിപ്പിക്കുന്നതോടൊപ്പം കുട്ടിരാജാ
ക്കന്മാരായ ഇടപ്രഭുക്കന്മാർക്കും അധികാരഭ്രംശം സം
ഭവിക്കുകകൂടി പതിവായിരുന്നു. അപ്പോഴും ഒരു മുസ്ലിം
ചക്രവർത്തി ഹൈന്ദവരാജ്യം കീഴടക്കുകയെന്നതിന്റെ
അർത്ഥം ഹൈന്ദവരാജവാഴ്ചയോടൊപ്പം പ്രഭുത്വവും
അവസാനിക്കുകയെന്നതായിരുന്നു. ഹിന്ദുരാജാവിനുപക
രം മുസ്ലിംരാജാവും, ഹിന്ദുജന്മികൾക്കുപകരം. മു
സ്ലിം പ്രഭുത്വവും സ്ഥാനം പിടിക്കുക പതിവാണ്.
ഹൈന്ദവരാജാവാണ് ആക്രമിച്ചു കീഴടക്കുന്നതെങ്കിൽ ഇ
തേ പ്രക്രിയതന്നെ നടന്നിരുന്നു. ചുരുക്കത്തിൽ ഹൈന്ദ
വമുസ്ലിംപ്രഭുത്വങ്ങൾ തമ്മിൽ അധികാരത്തിനുവേണ്ടി
യുള്ള ശീതസമരങ്ങളും ഗൂഢാലോചനകളും തുറന്ന സം
ഘട്ടനങ്ങളും നടന്നിട്ടുണ്ട്. പക്ഷേ, ഈ ഹിന്ദുമുസ്
ലിംപ്രഭുക്കളുടെ എണ്ണം ഓരോ രാജ്യത്തും അംഗുലീപരി
മിതമായിരുന്നു. വിരലിലെണ്ണാവുന്ന ഈ ജന്മികളുടെ
സവിശേഷതകൾ, ഹിന്ദുവാകട്ടെ, മുസ്ലിംമാകട്ടെ ഐ
ക്യരൂപ്യമുള്ളതും. തങ്ങളുടെ കീഴിലുള്ള സാധാരണ കർഷ
കരെ ഞെക്കിപ്പിഴിഞ്ഞു കൂടുതൽ ധനം കൂമ്പാരംകൂട്ടുക
യെന്നതാണ് അവരുടെ വർഗ്ഗസ്വഭാവം. വ്യാപകമായ
സാമുദായികസംഘർഷത്തിന്റെ നിയാമകശക്തിയായി
ഒരിക്കലും ഈ ഹിന്ദു–മുസ്ലിം പ്രഭുത്വത്തിന്റെ താല്പ
ര്യസംഘട്ടനം നിലനിന്നിരുന്നില്ല. ചുരുക്കം ജന്മി

കളുടെ ദുർമ്മോഹവും അഹന്തയും മാത്രമായി അവ കണക്കാക്കപ്പെട്ടിരുന്നു. ഒരിക്കലും സാധാരണക്കാരായ ഹിന്ദുമുസ്ലീം തൊഴിലാളിവർഗ്ഗം ജാതീയമായി തരംതിരിഞ്ഞ് കഴുത്തറുത്ത് ഉൽഘടമായ ദശാസന്ധി സൃഷ്ടിച്ചിരുന്നില്ല. അരിഷ്ടതകളും കഷ്ടപ്പാടുകളും നിറഞ്ഞ കർഷകന്റെ കുടിലിന്ന് നിത്യദാരിദ്ര്യത്തിന്റേയും ദുഃഖത്തിന്റേയും കരളലയിക്കുന്ന കഥകളാണ് പറയുവാനുണ്ടായിരുന്നത്. അവിടെ ഹിന്ദുവെന്നോ മുസ്ലീമെന്നോ കൃസ്ത്യാനിയെന്നോ വ്യത്യാസം ഉണ്ടായിരുന്നില്ല.

രണ്ടാംവട്ടമേശസമ്മേളനത്തിൽ സംബന്ധിച്ചുകൊണ്ട് മഹാത്മജി 1931 നവംബർ 30—ാംതീയതി ഇങ്ങനെ അഭിസംബോധനചെയ്തു: ''വിദേശാധിപത്യമാകുന്ന മതിൽക്കെട്ട് സമുദായങ്ങളേയും വർഗ്ഗങ്ങളേയും ഭിന്നിപ്പിച്ചുകൊണ്ടിരിക്കുന്ന അവസ്ഥാവിശേഷം നിലനിൽക്കുവോളം, ഈ സമുദായങ്ങളും തമ്മിൽ വിശുദ്ധമായ കൂട്ടുകെട്ടോ, അഭിപ്രായവ്യത്യാസങ്ങളും സജീവമായി പരിഹരിക്കുവാനുള്ള സാദ്ധ്യതയോ ഉണ്ടാകുകയില്ല. ഒരേരാഷ്ട്രം എന്നുള്ള ചിന്താഗതിയും ഒരേ പൈതൃകത്വത്തിന്റെ ആവേശവും ഒരേ സംസ്കാരത്തിന്റെ അനുഭൂതിയുമൊക്കെ നിർണ്ണായകഘടകങ്ങളാണെന്നും, ഏതുനിമിഷം വിദേശീയഭരണം അവസാനിക്കുന്നുവോ, അന്ന് ഈ കുലീനശക്തികളുടെ ഫലവത്തായ ഐക്യത്തിന്റെ സാക്ഷാത്കാരം ഉണ്ടാകും''മെന്നും അദ്ദേഹം പ്രഖ്യപിച്ചു. ഗാന്ധിജി ബ്രിട്ടീഷുകാരോടു ചോദിച്ചു: ''ഹിന്ദുവും മുസൽമാനും ബ്രിട്ടീഷ്ഭരണത്തിനു മുമ്പ് അടികൂടിയിരുന്നവരാണെന്ന് നിങ്ങളും ധരിച്ചിട്ടുണ്ടോ? ഹിന്ദുമുസ്ലീം ചരിത്രകാരന്മാർ ഞങ്ങളെ പഠിപ്പിക്കുന്നത് ഈ മതസ്ഥരൊക്കെത്തന്നെ സൌഹാർദ്ദത്തിൽ കഴിഞ്ഞിരുന്നുവെന്നാണ്. ഇന്നും ഗ്രാമങ്ങളിലെ ഹിന്ദുവും മുസൽമാനും വഴക്കടിക്കുന്നില്ല. ഇന്നത്തെ ഈ സംഘട്ടനങ്ങളും ബ്രിട്ടീഷ് അധിനിവേശത്തോടുകൂടി ഉണ്ടായതാണ്. കൃത്രിമവും

നീതിരഹിതവും അസ്വാഭാവികവുമായ ഈ ഭരണമാണ് ഇതിന്റെയൊക്കെ മൂലകാരണം. എന്ന് വിദേശികളും നാടുവിടുന്നുവോ, അന്ന് ഹിന്ദുവും മുസൽമാനും സിക്കുകാരനും യൂറോപ്യനും ആംഗ്ലോഇൻഡ്യക്കാരനും കൃസ്ത്യാനിയും തൊട്ടുകൂടാത്തവനും എല്ലാംതന്നെ ഒന്നായി സസുഖം കഴിയും.'' പക്ഷേ, മഹാത്മജി സ്വപ്നം കണ്ട സുന്ദരമായ ഒരിന്ത്യൻസമുദായം ഈ നാട്ടിലുണ്ടായില്ല. അതിന്റെ കാരണം ബ്രിട്ടീഷ്കാരുടെ ഭിന്നിപ്പിക്കൽ നയം തന്നെയായിരുന്നു. മുസ്ലീംങ്ങളും ബ്രിട്ടീഷ് ഭരണത്തെ ആശങ്കയോടുകൂടിയാണ് വീക്ഷിച്ചത്. ചരിത്രപരമായ ആവശ്യമെന്ന നിലയ്ക്ക് പടക്കളത്തിൽ പരാജിതരായവർ കൈവിട്ടുപോയ അധികാരത്തെ ഉറ്റുനോക്കി അതിനുത്തരവാദികളായവരെ പഴിക്കുക മനുഷ്യ സ്വഭാവമാണ്. അതുതന്നെ മുസ്ലീംങ്ങളും ചെയ്തു. സ്വാർത്ഥ മോഹത്തോടുകൂടിയുള്ള ഈ പ്രതികാരനടപടിക്ക് മതപരമായ ആവരണം നല്കി സ്വന്തം പ്രവൃത്തികളെ സാധൂകരിക്കുവാനുള്ള തത്വശാസ്ത്രങ്ങളും അവർ കണ്ടുപിടിച്ചു. അന്നത്തെ പരിതഃസ്ഥിതിയിൽ ഒരു പക്ഷേ ഈ നിസ്സഹകരണ മനോഭാവം ചരിത്രപരമായ ആവശ്യംതന്നെ ആയിരുന്നിരിക്കാം. കാലങ്ങൾ അനവധി പിന്നിട്ടിട്ടും— ബ്രിട്ടീഷ്ശക്തി അജയ്യമായി വളർന്നിട്ടും— 'ഇന്നലെ ചെയ്ത അബദ്ധം ഇന്നത്തെ ആചാരമായിതീരുന്നതുപോലെ'' മുസ്ലീംജനത ബഹിഷ്കരണനയമാണ് ബ്രിട്ടീഷുകാരോട് തുടർന്നും കാട്ടിയത്. അതിന്റെ ഫലമായി പുരോഗതിയുടെ മുൻപന്തിയിൽ നിന്നിരുന്നവരും വിജ്ഞാനത്തിന്റെ ദീപശിഖയുമായി അറിവിന്റെ പുത്തൻസരണികൾ കണ്ടെത്തിയിരുന്നവരുമായ ഇന്ത്യൻ മുസ്ലീംങ്ങൾ പുറകോട്ടടിക്കുവാൻ തുടങ്ങി. പുത്തനായ പാശ്ചാത്യ സംസ്കാരങ്ങളേയും ശാസ്ത്രങ്ങളേയും ബ്രിട്ടീഷ്കാരുടെ പരിഷ്കാരമെന്ന നിലയ്ക്കുതന്നെ എതിർത്തിരുന്ന മുസ്ലീംങ്ങൾ, അവർ സ്ഥാപിച്ച വിദ്യാലയങ്ങളിലോ കലാശാലകളിലോ പ്രവേശിക്കുവാനും, അവരു

ടെ ഭാഷയായ ഇംഗ്ലീഷ് അഭ്യസിക്കുവാനും മടിച്ചു. വിദ്യയുടെ വാതായനം അങ്ങനെ അടയ്ക്കപ്പെട്ടു. ഭരണകാര്യങ്ങളിലോ ഔദ്യോഗിക രംഗങ്ങളിലോ ആധുനിക വിദ്യാഭ്യാസമില്ലാത്തവനു സ്ഥാനമില്ലെന്നു വന്നതോടുകൂടി ഈ പുറകോട്ടടി പരിപൂർണ്ണമായി. ''1852–68–ൽ ബംഗാളിൽ സിവിൽ സർവ്വീസിൽ 240 ഇൻഡ്യക്കാരിൽ 239 പേർ ഹിന്ദുക്കളും അവശേഷിച്ച ഒരാൾ മുസ്ലീമും ആയിരുന്നു.'' [1] അതെ അതോറിട്ടിതന്നെ 1869–ൽ 104 ഭിഷഗ്വരന്മാരിൽ 98 ഹിന്ദുക്കളും 5 ഇംഗ്ലീഷുകാരും ഒരു മുസ്ലീമുമാണ് ഉണ്ടായതെന്നു തുടർന്നു രേഖപ്പെടുത്തുന്നു. [2] ''സുദീർഘമായ അധികാര പൈതൃകത്തിന്റെ സ്മരണയാണ് ഈസ്റ്റ്ഇൻഡ്യാക്കമ്പനിയുടെ ഭരണം അംഗീകരിക്കുവാൻ മുസ്ലീംങ്ങളിൽ പ്രയാസമുണ്ടാക്കിയതെന്ന വസ്തുത മനസ്സിലാക്കുവാനധികം ക്ലേശിക്കേണ്ടതില്ല.'' [3] അങ്ങനെ അധികാരം കൈയ്യാളായിരുന്ന ഒരു സമുദായം അധഃസ്ഥിതരായി രാഷ്ട്രത്തിനുതന്നെ അധികപ്പറ്റായി മാറി.

ഈ പരിതസ്ഥിതി സൃഷ്ടിച്ചതിന്റെ ഉത്തരവാദിത്വം മുസ്ലീംകളുടെ മനോഭാവത്തിനും ബ്രിട്ടീഷ് നയത്തിനുമായിരുന്നു. ശത്രുതയോടുകൂടി പെരുമാറിയിരുന്ന മുസ്ലീംകളെ ഇംഗ്ലീഷുകാർ എല്ലാ തുറകളിലും അവഗണിക്കുകയും അവജ്ഞയോടുകൂടി മനഃപൂർവ്വം അകറ്റിനിർത്തുകയും ചെയ്തു. ''1857-ലെ ശിപായിലഹളയുടെ പരാജയം മുസ്ലീംകളെ സാരമായി ബാധിച്ചു. മുഗൾ ഭരണം പുനഃപ്രതിഷ്ഠിക്കപ്പെടുകയാണെങ്കിൽ തൊട്ടടുത്ത കാലങ്ങളിലെ ഭരണാധികാരികളെന്ന നിലയിൽ അവർക്കായിരുന്നു കൂടുതൽ നേട്ടങ്ങളുണ്ടാകുമായിരുന്നത്. തൽഫലമായി ബ്രിട്ടീഷുകാർ അവരെ സംശയിക്കുക മാത്ര

1. Calcutta Persian Papers-Durb dated Jul14, 1869

3. L. F. Rushbrook Wililams-The State of Pakistan P. 19

മല്ല കടുത്ത ശത്രുക്കളായി പരിഗണിക്കുകയും ചെയ്തു. സമുദായത്തിലെ മേലേക്കിടയിലുള്ളവർക്ക് അറിയാവുന്നപണി, യുദ്ധം ചെയ്യലും ഭരണനിർവ്വഹണവും മാത്രമായിരുന്നു. അനവധി പന്തീരാണ്ടുകളം ബ്രിട്ടീഷുകാർ അവരെ ഈ രണ്ടുമേഖലകളിൽ നിന്നും നിഷ്ക്കാസനം ചെയ്തു. ഇംഗ്ലീഷ് പഠിക്കുകയും പാശ്ചാത്യ സംസ്കാരവുമായി ഇടപഴകുകയും ചെയ്ത ഹിന്ദുക്കൾക്ക് കൂടുതൽ ആനുകൂല്യങ്ങളും ലഭിച്ചു. അവർ ഇംഗ്ലീഷ് ഭരണത്തിന് ഒഴിച്ചുകൂടാൻ പറ്റാത്ത ഘടകങ്ങളായും തീർന്നു. ഇതിനു മുമ്പുള്ള ഭരണത്തിൽ എപ്രകാരമായിരുന്നുവോ അതുപോലെതന്നെ.''[4] അങ്ങനെ അവരുടെ നിലനിൽപിനു വേണ്ടി ഭൂരിപക്ഷ സമുദായമായ ഹിന്ദുക്കളെ എല്ലാ പ്രോത്സാഹനങ്ങളും നല്കി ഇംഗ്ലീഷുകാർ പ്രീണിപ്പിക്കുകയും ചെയ്തു. ഈ സ്ഥിതിവിശേഷം ഇരുസമുദായങ്ങളേയും തമ്മിൽ ഭിന്നിപ്പിക്കുവാൻ മാത്രമേ പ്രയോജനപ്പെട്ടുള്ളു. ഇവിടം മുതൽ തുടങ്ങിയതാണ് സാം മുദായിക വിദ്വേഷത്തിന്റെ സുദീർഘമായ ചരിത്രം.

ഇതിനെല്ലാം മകുടം ചാർത്തുന്ന നടപടികളാണ് കൈവിരുതോടുകൂടി സംസ്കാരിക വിദ്യാഭ്യാസ മണ്ഡലങ്ങളിൽ ബ്രിട്ടീഷുകാർ നടപ്പാക്കിയത്. നമ്മുടെ ചരിത്രസംവിധാനത്തിൽ എന്തുമാത്രം കൃത്രിമത്വവും ക്ലിഷ്ടതയും സൃഷ്ടിച്ചുവെന്ന് ഇതിനു മുൻപ് പ്രസ്താവിച്ചിട്ടുണ്ട്. അധികാരികളിൽനിന്നും ഏറ്റവ നിർദ്ദയമായ ഈ തിരിച്ചടി ഇൻഡ്യൻ മുസ്ലീംകളെ രോഷാകുലരാക്കുക മാത്രമല്ല, അപകടകരമായ ഭീകരസംഘങ്ങളുണ്ടാക്കുവാനും ബ്രിട്ടീഷുകാരേയും ഇംഗ്ലീഷ് ഭരണത്തേയും തുരത്തുവാൻ വേണ്ടി ഗൂഢാലോചനകം നടത്തുവാനും പ്രേരിപ്പിച്ചു. അന്ധമായ ഈ എടുത്തുചാട്ടം വിവേകശൂന്യമായ കൊടും ക്രൂരതകം കൂടി ചെയ്യുവാൻ അവരെ നിർബന്ധരാക്കി. വഹാബി നേതൃത്വത്തിൻ കീഴിൽ ഇംഗ്ലീഷുകാർക്കെതിരായി കനത്ത പോരാട്ടം തന്നെ നടന്നു. വടക്കുപടിഞ്ഞാ

റൻ അതിർത്തിയിൽ മാത്രം നിയമപരിപാലനത്തിന് ഇംഗ്ലീഷുകാരന് ധാരാളം ധനവും മനുഷ്യാഹൂതിയും കാണേണ്ടതായി വന്നുകൂടി. ഇംഗ്ലീഷ്വിരോധം എത്രമാത്രം ശക്തിയിൽ പ്രവർത്തിച്ചിരുന്നുവെന്നതിന് ഒന്നു രണ്ടുദാഹരണങ്ങളും പറയാം. 1871 ൽ വഹാബികളെ കുറെ വിസ്താരം നടത്തി വിധി പ്രസ്താവിച്ചിറങ്ങിയ ബംഗാൾ ചീഫ്ജസ്റ്റീസ് പാസ്റ്റർനോർമാനെ ഒരു മുസ്ലീം കൊലപ്പെടുത്തി. അക്കൊല്ലംതന്നെ വൈസ്രോയി മെയോ പ്രഭുവിനെ ഷെർഅലി എന്ന കുറെവാളി ആൻഡമാൻ ദ്വീപിൽവച്ച് നിർദ്ദയമായി വധിച്ചു.[5]

ഇത്തരം സംവേഗങ്ങൾ സൃഷ്ടിച്ച മനഃപ്രയാസത്തോടുകൂടിയാണ് ആംഗ്ലോ മുസ്ലീം ബന്ധം ഇവിടെ നിലനിന്നത്. ഇത് ഉഭയകക്ഷികളും തമ്മിലുണ്ടാകേണ്ട വിശ്വാസത്തെ ഉലയ്ക്കുക, മാത്രമല്ല. ഒരിക്കലും ഒത്തുതീർപ്പ് ഒക്കാത്തവണ്ണം അകൽച്ച ഉണ്ടാക്കുകകൂടി ചെയ്തു. ഇതിനിടയ്ക്കാണ് 1857 ലെ ലഹള പൊട്ടിപ്പുറപ്പെടുന്നത്. സംഭരിക്കാവുന്ന ശക്തി മുഴുക്കെ സ്വരുക്കൂട്ടി മുസ്ലീം പ്രഭുത്വം ബ്രിട്ടീഷ് ഗജവീരനെ ആഞ്ഞെറിയുവാൻ ശ്രമിച്ചു. ശക്തനായ ആ മദയാന തിരിയുന്നതുകണ്ട് കൂടെയുണ്ടായിരുന്ന പലരും പാരക്കം പാഞ്ഞു. ബ്രിട്ടീഷ് വിരോധം കൊണ്ട് കണ്ണു മഞ്ഞളിച്ചുപോയ മുസ്ലീം പ്രഭുത്വം എറിയാൻ പൊക്കിയ കൈയുമായി നിശ്ചലമായി നിന്നതേയുള്ളു. കോപാഗ്നി ജ്വലിപ്പിച്ചുകൊണ്ട് ചവിട്ടിമെതിക്കാവുന്നവരേയും കുത്തി മറിക്കാവുന്നവരേയും തകർത്തതിനുശേഷം ബ്രിട്ടീഷുമദയാന വിജയഭേരിയുടെ ചിഹ്നം വിളിച്ചു. "സമകാലീന ബ്രിട്ടീഷ് ചരിത്രകാരന്മാരൊക്കെത്തന്നെ ലഹളയുടെ പ്രധാന ഉത്തരവാദിത്വം മുസ്ലീംകളിലാണ് ആരോപിച്ചത്. കാരണം സിക്കുകാരന്റെയോ മറാട്ടികളുടെയോ ആധിപത്യത്തിനുപകരം മുസ്ലീം പുനരധിവാസമായിരിക്കും ലഹളയുടെ വിജയം

5. Ram gopal- Indian Muslims, A political History, p 26

കുറിക്കുകയെന്ന് ഇംഗ്ലീഷുകാരും ഇൻഡ്യാക്കാരും ഒപ്പം കരുതി. ''6 പോരെങ്കിൽ ലഹളക്കാരുടെ മുദ്രാവാക്യങ്ങളിൽ പ്രധാനമായത് മുഗൾ സാമ്രാജ്യം പുനഃസ്ഥാപിക്കുകയെന്നതായിരുന്നു. അതിന്റെ ഫലമായിട്ടാണ് ബേബറിന്റെ അവസാന അവകാശിയായ ബഹദൂർഷാ രണ്ടാമനെ ലഹളയ്ക്കുശേഷം ഇംഗ്ലീഷുകാർ ആൻഡമാനിലേയ്ക്കു നാടുകടത്തിയത്. വലിയ ഒരു സാമ്രാജ്യത്തിന്റെ അവസാന കണ്ണിയായ ആ വയോവൃദ്ധൻ വിലാപഗീതങ്ങൾ കുത്തിക്കുറിച്ചുകൊണ്ട് തടവു മുറിയിൽ തന്റെ അന്ത്യം കണ്ടു.

ഈ പരിതഃസ്ഥിതിയിൽനിന്നും ഒരു മാറ്റം വരുന്നത് സർ സയ്യിദ് അഹമ്മദുഖാന്റെ തീവ്രമായ ശ്രമത്തിനു ശേഷമാണ്. 1886-ൽ സംഘടിക്കപ്പെട്ട ആദ്യത്തെ വിദ്യാഭ്യാസകോൺഫ്രറൻസിനെ അഭിസംബോധന ചെയ്തുകൊണ്ട് അദ്ദേഹം ഉൽബോധിപ്പിച്ചു: ''ദേശീയമായ നമ്മുടെ ഉത്ഥാനത്തിന് രാഷ്ട്രീയം കൈകാര്യം ചെയ്യണമെന്നില്ല. എന്റെ വിശ്വാസത്തിൽ വിദ്യാഭ്യാസമൊന്നു മാത്രമാണ് ദേശീയപുരോഗതിക്കാവശ്യം''. മുസ്ലീംജനത ഒറ്റപ്പെട്ട് രോഷാകുലരായി മാറിനിലയ്ക്കുന്നതിനേക്കാൾ ഉത്തമം ബ്രിട്ടീഷുകാരുമായി സഹകരിക്കുകയാണെന്ന് സർ സയ്യിദ് ബോധപൂർവ്വം ഉണർത്തിക്കൊണ്ടിരുന്നു.

ഇതേ സന്ദർഭത്തിൽത്തന്നെ വിദ്യാഭ്യാസവും ഔദ്യോഗിക പദവികളും ലഭിച്ചിരുന്ന ഹിന്ദു സമുദായം പാശ്ചാത്യ സാംസ്കാരിക സ്വാധീനവലയത്തിൽ നിന്നുകൊണ്ട് ദേശീയപ്രസ്ഥാനങ്ങൾക്ക് വിത്തുപാകുകയായിരുന്നു. അതുവരെ അനുസരണയുണ്ടായിരുന്ന പലരും ദേശപ്രേമത്തിന്റെ പുത്തനാവേശത്താൽ പ്രേരിതരായി ബ്രിട്ടീഷുകാരെ ആശങ്കാകുലരാക്കി. മുസ്ലീംപ്രഭൃതിവ ഈയവസരം ബുദ്ധിപൂർവ്വം ഉപയോഗിച്ച് ബ്രിട്ടീഷ് പക്ഷത്തുചേർന്നു. ചരിത്രകാരനും ബ്രിട്ടീഷ് ഗവർണ്ണറുമായിരുന്ന ഏൽ

ഫിൻസ്ബറോൻ ബ്രിട്ടീഷ് നയത്തെ ഇങ്ങനെ വിളംബരപ്പെടുത്തി. ''വിഭജിച്ച് ഭരിക്കുകയെന്നത് പഴയരോമൻതത്വമായിരുന്നു. ഇന്ന് നാം അത് സ്വന്തമാക്കണം''. അങ്ങനെ ബ്രിട്ടീഷ് നയവും സമയോചിതമായി മാറ്റപ്പെട്ടു. മുസ്ലീംപരാധീനതപൊക്കിപ്പിടിച്ച് അവർ മുതലക്കണ്ണീർ വീഴ്ത്തുവാൻ തുടങ്ങി. അങ്ങനെ മുസ്ലീം മതവികാരത്തെ തങ്ങൾക്കനുകൂലമായിതിരിച്ചു വിടുവാനും ഹൈന്ദവ ദേശീയാവേശത്തെ പ്രതിരോധിക്കുവാനും ഇംഗ്ലീഷുകാർ വിനിയോഗിച്ചു.

ഇതിനിടയിൽ കുറെ ബിരുദധാരികളെ സൃഷ്ടിക്കുവാൻ സാധിച്ച മുസ്ലീംകൾ ഉദ്യോഗത്തിനു വേണ്ടിയുള്ള വിലപേശലായി. ഏവിടേയുമെന്നപോലെ ഹൈന്ദവമുസ്ലീം മുഷ്പ്രഭുത്വമാണ് പിന്നീട് സാമുദായികരോഷത്തെ കത്തിയാളിക്കുന്നത്, ഈ പരിതഃസ്ഥിതി ഉപയോഗിച്ച് ഉദ്യോഗമണ്ഡലങ്ങളിൽ സമതുലിതാവസ്ഥ സൃഷ്ടിക്കുവാനെന്ന വ്യാജേന മുസ്ലീംകൾക്ക് പ്രത്യേകസ്ഥാനങ്ങൾ സംവരണംചെയ്തു അവരെകൂറുള്ള പ്രജകളായി ബ്രിട്ടീഷുകാർ പ്രഖ്യാപിച്ചു, റഷ്ബ്രൂക്ക് വില്യംസ് പാകിസ്ഥാന്റെ ഉത്ഭവത്തിന് കാരണകാരണങ്ങളിൽ പ്രധാനമായത് ഉദ്യോഗസംബന്ധമായ സംഗതിയാണ്. അദ്ദേഹമെഴുതുന്നു: ''ബാങ്കിംഗ്, പണമിടപാടുകൾ തുടങ്ങി ക്രയവിക്രയങ്ങളൊക്കെ ഹൈന്ദവരുടെ കുത്തകയായിരുന്നതുകൊണ്ട് മുസ്ലീംകളെ അവർ അകറ്റി നിർത്തിയിരുന്നു. വ്യാവസായികമേഖലകളിൽ പൊതുവേയും ടെക്സ്റ്റയിൽ വ്യാപാരത്തിൽ പ്രത്യേകമായും കടന്നുകൂടുവാൻ മുസ്ലീംകൾക്ക് അസാദ്ധ്യമാണെന്നും അവർ മനസ്സിലാക്കി. ഭരണതലത്തിലും ഇതേസ്ഥിതിയാണവർക്കനുഭവപ്പെട്ടതും. ''[7] അതുവരെ സ്വതന്ത്രമായി വിഹരിച്ചിരുന്ന കുത്തകവേദിയിൽ എതിരാളികളെ കണ്ട ഹൈന്ദവ ദുഷ്പ്രഭുത്വം ഹാലിളകി ആക്രമണത്തിന്നൊരുമ്പെട്ടു. ഇതിന്റെ പ്രത്യാഘാതമെന്നോണം മുസ്ലീം വർഗ്ഗീയവാദികൾ തിരിച്ചടികൾ

7. L. F. Rushbrook williams- The state of Pakistan. P. 21

നടത്തി. ഈ അവസരം വിനിയോഗിച്ച് ഇംഗ്ലീഷുകാർ ഭാഷാപ്രശ്നത്തെക്കൂടി വലിച്ചിഴച്ച് ഹിന്ദുമുസ്ലീം അകൽച്ചയ്ക്ക് ഉപയോഗിച്ചു. ഇരുസമുദായങ്ങളും ഹിന്ദി ഉറുദുഭാഷകളുടെ പ്രണേതാക്കളായി രംഗത്തുവന്നു. ഇവി ടംകൊണ്ടവസാനിപ്പിക്കാതെ ഹിന്ദുവും മുസൽമാനും വ്യത്യസ്ഥങ്ങളായ രണ്ടു രാഷ്ട്രീയ പ്രതിഭാസങ്ങളാണെ ന്ന് മറിച്ചും തിരിച്ചും വ്യാഖ്യാനിച്ച് പ്രചരിപ്പിച്ചു. ഈ തത്വത്തെ പ്രായോഗികമാക്കിയത് കഴ്സൺപ്രഭു 20–ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ബംഗാളിനെ ഹൈന്ദവമു സ്ലീം ഭൂരിപക്ഷ പ്രദേശങ്ങളായി വിഭജിച്ചാണ്.

ദേശീയസമ്മർദ്ദത്തിനേറെയും അലകളുടേയും പ്രത്യുൽ ഗാരമായി ഭരണത്തിൽ ഇൻഡ്യാക്കാരേയും ഉൾപ്പെടുത്തി ക്കൊണ്ട് ഇവിടെ ഒരു ഭരണഘടന രൂപംപൂണ്ടു, മതങ്ങ ങ്ങളേയും വർഗ്ഗങ്ങളേയും താല്പര്യങ്ങളേയും ആദ്യം മു തൽത്തന്നെ പ്രത്യേകം പ്രത്യേകം പ്രതിനിധീകരിക്കത്ത ക്ക രൂപത്തിൽസമ്മതിദാനപ്പട്ടികയാണ് പ്രസിദ്ധപ്പെടു ത്തിയത്. മുസ്ലീംകൾക്ക് ഹിന്ദുക്കളെക്കാൾ കൂടുതൽ പ്രാതി നിധ്യം 1909–ലെ സമ്മതിദാനപ്പട്ടികമൂലം കിട്ടുമെന്നുവന്ന പ്പോഴും വർഗ്ഗമതാടിസ്ഥാനത്തിൽ ഇൻഡ്യൻ ജനപ്രാതി നിധ്യത്തെ വേർതിരിക്കുന്നതിൽ അമർഷംപൂണ്ട ദേശീയനേ തൃത്വം കോൺഗ്രസ്സ് പ്രസംഗവേദിയിൽനിന്ന് ഇതി നെ എതിർത്തപ്പോഴും മുസ്ലീം സമുദായം സാമുദായിക ബലംകൊണ്ട് കൂടുതൽ നേട്ടങ്ങൾ സാദ്ധ്യമാകുമെന്ന് ന്യായമായും ഊഹിച്ചു.'' [8] ഇതിനെത്തുടർന്ന് 1919–ലും 1935–ലും നടപ്പാക്കിയ ഭരണഘടനകളിലും പ്രത്യേ കം പ്രത്യേകം മുസ്ലിംഹിന്ദു നിയോജകമണ്ഡലങ്ങ ളും ജനപ്രതിനിധികളുമാണ് വിഭാവനം ചെയ്യപ്പെട്ടിരുന്ന ത്. ഈ പ്രവൃത്തി സമുദായഭിന്നിപ്പിന്റെ അകൽച്ച കൂ ടുതൽ രൂക്ഷമാക്കി. ബ്രിട്ടീഷ്നയം ശരിക്കും വിജ യിച്ചു.

8. Ram gopal. Indian Muslims-A Political History, P 114

പരിപൂതമായ ഈ മണ്ണിൽ സമുദായിക ലഹളയുടെ നീചഹസ്തം മനുഷ്യശവങ്ങൾ കുന്നുകൂട്ടി ദുർഗന്ധം വമിപ്പിച്ചു. മതത്തിന്റെ പേരിൽ ആദ്യമായിനടക്കുന്ന സംഘട്ടനം 1893—ലായിരുന്നു. ഗോവധനിരോധനസംഘാംഗങ്ങളും മുസ്ലീം വർഗ്ഗീയവാദികളും തമ്മിലാണ് ഏറ്ററുമുട്ടലുണ്ടായത്. ഇതിനുശേഷം 1920–21—ൽ ആണ് എടുത്തുപറയത്തക്ക സാമുദായിക ലഹള നടക്കുന്നത്. ബംഗാളിലും പഞ്ചാബിലും മുഹററാഘോഷത്തോടുകൂടി തുടങ്ങിവെച്ച ഈ കൂട്ടക്കൊല 1923 ആയപ്പോഴേക്കും അമൃതസാറിലും മുംബൈനിലും ഏറ്റവും ഭീകരമായ രൂപം പൂണ്ടു. ഇതുവരെ ഹിന്ദുമുസ്ലീം സാധാരണക്കാരൻ അവന്റെ യാതനാപൂർണ്ണമായ പരാധീനതകളുമായി സൈരമായി കഴിഞ്ഞിരുന്നു. ഇപ്പോഴാകട്ടെ അവർകൂടി ഈ രംഗത്തേക്കിറങ്ങി. അവന്റെ മതവികാരത്തെ വിജൃംഭിപ്പിക്കുവാൻ അത്രയധികം പ്രയാസമുണ്ടായിരുന്നില്ല. ലഹളകളുടെ കടിഞ്ഞാൺധാരികൾ അധികവും പോലീസ് ഉദ്യോഗസ്ഥരുടെ അധികാരികളായിരുന്നുവെന്നും അവർക്ക് ഉപദേശവും ആശീർവാദവും ബ്രിട്ടീഷ് പക്ഷത്തുനിന്നും ഉണ്ടായിരുന്നുവെന്നും ധാരാളം തെളിവുകൾ ഉണ്ട്. അനിയന്ത്രിതമായ വികാരവേശത്തെ നശീകരണത്തിന്റെ വക്കലെത്തിക്കുവാൻ ആർക്കും പ്രയാസമില്ല. ''അജ്ഞരും അന്ധവിശ്വാസികളുമായ ഹിന്ദു—മുസ്ലീം സാധാരണക്കാരെ ഇളക്കിവിടുവാൻ ഈ പോലീസ് മേധാവികൾ പന്നിയെക്കൊന്ന് പള്ളികളിലിടുകയോ പശുവിനെക്കൊന്ന് അമ്പലങ്ങളിൽ എറിയുകയോ ആണ് ചെയ്തിരുന്നത്. ഉത്രമാത്രം മതിയായിരുന്നു സാമുദായിക ലഹളയ്ക്ക് തീ കൊളുത്തുവാൻ.''[9] നിരന്തരം നടന്നിരുന്ന ഈ കൂട്ടക്കൊല ഹൃദയമുള്ള മനുഷ്യരെ വ്യാകുലപ്പെടുത്തി. ബ്രിട്ടീഷ് ഭിന്നിപ്പിക്കൽനയം കുറേപ്പേരെങ്കിലും മനസ്സിലാക്കിത്തുടങ്ങി. അതിന്റെ ഫലമായി ബംഗാൾ വിഭജനകാലത്ത് ഹിന്ദുവും മുസൽമാനും കൈകോർത്തു

9. Ibid, P. 158

പിടിച്ച് ബ്രിട്ടീഷ് പ്രതീക്ഷയുടെ കനകവിമാനം തകർത്തു ഇൻഡ്യൻ ദേശീയതയുടേയും സ്വാതന്ത്ര്യവാഞ്ഛയുടേയും സ്വരങ്ങളും മത വ്യത്യാസം കൂടാതെ ജനങ്ങളും മന്ത്രിക്കുവാൻ തുടങ്ങി.

ഇതിനിടയിൽ ഒരു പ്രധാന സംഭവമുണ്ടാകുന്നത് 1919–ലെ 'കിലാഫത്ത്' പ്രസ്ഥാനത്തോടു കൂടിയാണ്. തങ്ങളുടെ ആത്മീയ നേതൃത്വമർപ്പിക്കപ്പെട്ടിരുന്ന ടർക്കിയുടെ ഒന്നാം മഹായുദ്ധത്തിലെ പതനം ഇന്ത്യൻ മുസൽമാന്റെ ബ്രിട്ടീഷ് വിരോധത്തെ ആളിക്കത്തിച്ചു. എല്ലാ സമുദായങ്ങളും വ്യത്യാസങ്ങളും മറന്ന് മഹാത്മജിയുടേയും അലിസഹോദരന്മാരുടേയും നേതൃത്വത്തിൽ ഈ പ്രസ്ഥാനത്തിന് ഉത്തേജനം നൽകി. ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ മറ്റൊരു കനത്ത പ്രഹരമാണ് 'മാപ്പിള ലഹള'യെന്നറിയപ്പെടുന്ന ഐതിഹാസിക സമരംകൊണ്ടുണ്ടായത്. ''ഗവൺമെന്റുകണക്കു പ്രകാരം തന്നെ 2266 പേർ കൊല്ലപ്പെടുകയും, 1615 പേർ മുറിവേൽക്കപ്പെടുകയും 5688 പേർ തടവുകാരാക്കപ്പെടുകയും 38256 പേർ കീഴടക്കപ്പെടുകയും ചെയ്തിട്ടുണ്ട്.'' [10] ''ലഹളയിൽ 10000 മാപ്പിളമാർ കൊല്ലപ്പെട്ടതിനുശേഷം 14000 പേർ അറസ്റ്റു ചെയ്യപ്പെട്ടുമിരുന്നു. ഇവരിൽ അവശേഷിച്ചവരെ തൂക്കിക്കൊല്ലുകയോ, നാടുകടത്തുകയോ ആണ് ചെയ്തിട്ടുള്ളത്''. [11] ചരിത്രം വിസ്മരിച്ചു പോയ ഭയാനകമായ ഒരു സംഭവം ഇതിനിടയ്ക്കുണ്ടായി. കോഴിക്കോട്ടുനിന്നും മദ്രാസ്സിലേയ്ക്കു കൊണ്ടുപോകുവാൻ വേണ്ടി നൂറുലഹളക്കാരെ ഒരു സാമാനവണ്ടി (Goods train) യുടെ ഒറ്റ മുറിയിലടച്ച് പോത്തന്നൂർ എത്തിയപ്പോഴേക്കും ഭൂരിപക്ഷവും ശ്വാസംമുട്ടി മരിക്കുകയും അവശേഷിച്ച രണ്ടോ മൂന്നോ പേർ ബോധംകെട്ട കിടക്കുകയും ചെയ്തിരുന്നത്കണ്ട്. കൽക്കട്ടയിലെ ഇരുട്ടറയെന്ന കല്ലുവെച്ചനുണ

10. Hameed Ali – The Mophlas. P. 114

11. കെ. സി. കോയട്ടിമൌലവി – 1921 ലെ മലബാർ ലഹള – പുറം - 114

പ്രചരിപ്പിച്ച ആഗ്ലേയചരിത്രകാരന് കിരാതമായ ഈ കാടത്തത്തെപ്പറ്റി ഒന്നും പറയാനില്ല. നമ്മുടെ നാടിന്റെ വീരസാഹസികതകളും, മോഹനത്യാഗങ്ങളും കുറിക്കുന്ന തൂലികത്തുമ്പിലും മഷി വറ്റിയതായാണ് ഇക്കാര്യത്തിൽ കാണുന്നത്. അതെന്തുമാകട്ടെ, ബ്രട്ടീഷ് വിരോധം പൂർവ്വാധികം ശക്തിയായി ഇന്ത്യൻമുസൽമാന്മാർക്കിടയിൽ പ്രവൃത്തിച്ചു. വൈദേശിക വിരോധത്തിന്റെ അഗ്നി പർവ്വതം പൊട്ടി തിളയ്ക്കുന്ന ലാവ ആറിത്തണുക്കുന്നതിനു മുമ്പുതന്നെ അതിനെ വർഗ്ഗീയതയുടെ ബഹിർഗ്ഗമനമായി ചിത്രീകരിച്ച് സമുദായിക ലഹളയാക്കി മാറ്റാൻ സാധിച്ചതാണ് ബ്രിട്ടീഷ് വിജയം. ഇന്നും 'മാപ്പിളലഹള' യെന്നു പറയുമ്പോഴും വിരോധത്തിന്റെ വിറയൽ വരുന്നവരാണ് ഹിന്ദു സഹോദരങ്ങളിലധികവും. കൃത്രിമമായി സൃഷ്ടിച്ച ദുസ്സഹമായ പച്ചക്കള്ളമായിരുന്നു അത്.

അങ്ങനെ എപ്പോഴൊക്കെ ഹിന്ദു–മുസ്ലീം സാഹോദര്യം കൈകോർത്തുപിടിച്ച് വിദേശാധിപത്യത്തെ ചെറുക്കാനൊരുമ്പെട്ടിട്ടുണ്ടോ അപ്പോഴൊക്കെ പള്ളിയുടെ പടിവാതിലടക്കൽ ചരിത്ര പന്നിയേയും, അമ്പലപ്രതിഷ്ഠയ്ക്കു മുമ്പിൽ കൊന്ന പശുവിനേയും കണ്ടിരുന്നു. അതുമാത്രം മതിയായിരുന്നു ശുദ്ധരായ സാധു ഹിന്ദുക്കൾക്കും മുസ്ലീങ്ങൾക്കും തമ്മിലടിക്കുവാൻ.

ഈ മതാവേശം രാഷ്ട്രീയ മുതലെടുപ്പിനു വേണ്ടി ചൂഷണം ചെയ്യുവാൻ സംഘടനകളും വളർന്നുവന്നു. ഹിന്ദുമഹാസഭയും മുസ്ലീംലീഗും ഒരു നാണയത്തിന്റെ രണ്ടു പുറങ്ങൾ മാത്രമാണ്. ഒറ്റക്കമ്മട്ടത്തിൽ നിന്നും പുറത്തുവന്നവയും. അവയ്ക്കു കിട്ടിയിരുന്ന വിലയും ഒന്നുതന്നെ. പക്ഷേ, അന്ധരായ സാധാരണക്കാരെ വഴിപിഴപ്പിക്കുവാൻ ഇതു മാത്രം മതിയായിരുന്നു. രാഷ്ട്രീയ സാംസ്കാരിക രംഗങ്ങളിൽ വർഗ്ഗീയവാദത്തിനു തലപൊ

ക്കാൻ ബ്രിട്ടീഷ് ആധിപത്യത്തിനു മുൻപ് ഒരിക്കലു മൊത്തിരുന്നില്ല. അതേ രീതിയിൽ ജനങ്ങളെ ചിന്തിച്ചി രുന്നുമില്ല. പക്ഷേ, മറക്കാൻ കഴിയാത്ത പകയാണ്, പൊറുക്കാനരുതാത്ത പാപമാണ്, സഹിക്കാനൊക്കാത്ത കൊടും ക്രൂരതയാണ്, മതത്തിന്റെ പേരിൽ ഇരു സമുദാ യങ്ങളും ഈ കാലഘട്ടത്തിൽ നടത്തിയത്. ഒരായാസ വും കൂടാതെ ഇംഗ്ലീഷുകാർക്ക് വിപുലമായി വിരഴി ക്കുവാൻ കഴിഞ്ഞ പ്രിയംകരമായ ചരക്കായിരുന്നു വർഗ് ഗീയ വിദ്വേഷം. എല്ലാ രംഗങ്ങളിലും വൈദഗ്ദ്ധ്യത്തോ ടുകൂടി ഇതു പ്രയോഗിച്ചപ്പോൾ 'മുസ്ലീംപാനിയും' ഹിന്ദുപാനി'യും വേറെ വേറെയായ്ത്തീർന്നു. ഒരേ ബ ഞ്ചിലിരുന്ന് ചരിത്രം പഠിക്കുന്ന വിദ്യാർത്ഥികളെ ഒ രംഗത്തീബ് അമ്പലം പൊളിച്ചെന്നും ടിപ്പുസുൽത്താൻ നിർബന്ധമായി മതപരിവർത്തനം നടത്തിയെന്നും വാ യിക്കുമ്പോൾ അടുത്തിരിക്കുന്ന കൃഷ്ണനെ കരീമിനോ ടും ലീലയ്ക്ക് ലൈലയോടും വിരോധം തോന്നുകയാ യി. നിഷ്കളങ്കമായ ആ പിഞ്ചുഹൃദയങ്ങളിൽ പതിഞ്ഞ കറ വളരുന്തോറും എല്ലാ ഇടങ്ങളിൽകൂടിയും വർദ്ധിച്ചു വർദ്ധിച്ചു അയൽക്കാരെ ഉറങ്ങിക്കിടക്കുമ്പോൾ പുര യ്ക്കുതീവച്ച് ജീവനാശം വരുത്തുന്ന പ്രവണതവരെ എത്തി ച്ചു. ഇൻഡ്യൻ സ്വാതന്ത്ര്യത്തിന്റെ സീൽക്കാരം കേട്ടുതു ടങ്ങിയതോടുകൂടി വിഷലിപ്തങ്ങളായ മാളങ്ങളിൽ ഒ ളിച്ചിരുന്ന വർഗ്ഗീയത വിഷപ്പല്ലും പുറത്തിട്ട് ചീറി പ്പായുക തന്നെ ചെയ്തു. 1946 ആഗസ്റ്റ് 16–ാം തീയതി മുസ്ലീം ലീഗിന്റെ 'ഡയറക്ട്', ആക് ഷനെ തുടർന്ന് നവഖാലിയിലും ബീഹാറിലും പഞ്ചാബിലും നടന്ന നരനായാട്ട് മനുഷ്യ സംസ് ക്കാരത്തിന്റെ ചരിത്രത്തിൽ ഭീകരമായ–ഞെട്ടിപ്പിക്കു ന്ന–ഒരദ്ധ്യായമാണ് തുന്നിച്ചേർത്തത്. അന്നൊഴുകിയ ചോരയുടെ പാട് ഇതുവരെയും മാഞ്ഞിട്ടില്ല. അന്നു നാടുവിട്ടോടിയ ലക്ഷോപലക്ഷം അഭയാർത്ഥികളുടെ കണ്ണുനീർ ഇന്നും വറ്റിയിട്ടില്ല. പ്രശ്നപരിഹാരമായി

ഈ പവിത്രമായ നാടിനെ സമുദായത്തിന്റെ അടിസ്ഥാനത്തിൽ വെട്ടിക്കീറി രണ്ടാക്കിയശേഷമാണ് ബ്രിട്ടീഷ് ആധിപത്യം വിട്ടൊഴിയുന്നത്.'' എല്ലാ ഇംഗ്ലീഷ് ഉദ്യോഗസ്ഥൻമാരും പാകിസ്ഥാനു അനുകൂലികളായിരുന്നു. സത്യത്തിൽ അവരാണ് പാകിസ്ഥാനെ വളർത്തിയത്. ജിന്നയോ ഇൻഡ്യൻ മുസൽമാൻമാരോ ആയിരുന്നില്ല. ബ്രിട്ടീഷ്കാരുടെ കഠിനമായ ആനുകൂല്യമുണ്ടായിരുന്നില്ലെങ്കിൽ ജിന്നയുടെ പ്രയത്നം വിഫലമായേനേ.''[12] ഇൻഡ്യയും പാകിസ്ഥാനുമുണ്ടായത് ബ്രിട്ടീഷ് ഭിന്നിപ്പിക്കൽ നയത്തിന്റെ വിജയകരമായ പര്യവസാനമായിരുന്നു. ഭാരതീയരെ സംബന്ധിച്ചിടത്തോളം വേദനാകരമായ ഒരേട്ടം, മതഭ്രാന്തിനെ എങ്ങനെ മനുഷ്യസംഹാരത്തിന്റെ ആയുധമാക്കാനൊക്കുമെന്നും രാഷ്ട്രസംവിധാനങ്ങളെ എങ്ങനെ ഛിന്നഭിന്നമാക്കുവാൻ സാധിക്കുമെന്നും സമുദായസൈ്വഥത്തെ എങ്ങനെ സംഘർഷമാക്കി മാറ്റുവാൻ പറ്റുമെന്നും കാണിക്കാൻ ഇതിൽക്കവിഞ്ഞ ഒരുദാഹരണവുമാവശ്യമില്ല.

എന്നാൽ ഈ പ്രവണത ഇന്നും ഇവിടെ നില നിൽക്കുന്നു. 'പാകിസ്ഥാൻ – ജനനവും ശൈശവവും' എന്ന പുസ്തകത്തിൽ ശ്രീ: പ്രകാശ് തുടർന്നു പറയുന്നത് ഇപ്രകാരമാണ്, ''എനിക്കെന്നെല്ല ആർക്കുതന്നെയും പഴയ പ്രശ്നങ്ങളെല്ലാം അപ്പടി നിലനിൽക്കുന്നതും പലതും കൂടുതൽ വഷളായിരിക്കുന്നതുമായാണ് കാണാൻ കഴിയുക. പുറമേ പരിഹരിക്കുവാനാകാത്ത പുതിയവയും സംജാതമായിട്ടുണ്ട്. വിദ്വേഷവും ക്രമാതീതമായി വർദ്ധിച്ചിരിക്കുകയാണ്. രാഷ്ട്രീയമായോ ധാർമ്മികമായിപ്പോലുമോ വിജ്ഞാനം കൊണ്ട് ആർക്കും തന്നെ ഗുണമുണ്ടായിട്ടില്ലെന്നതാണ് സത്യം.''[13] ഇന്നും സാമുദായിക ലഹളകളും നിത്യസംഭവങ്ങളായി രൂപീകരിക്കുന്നു. യാതൊരു വഴക്കും വക്കാണവുമില്ലാത്ത മനുഷ്യർ തമ്മിൽ നിസ്സാര കാര്യത്തിന്റെ പേരിൽ മതത്തിന്റെ പേക്കോലം തുള്ളി

12. Sri Prakasa -- Pakistan -- Birth and Early days.
13. Ibid

കഴുത്തറക്കുന്നു. പുറത്തു സംഘട്ടനങ്ങൾ നടക്കുന്നതറിഞ്ഞിട്ട് ഭയന്നു കതകടച്ച് അകത്തിരുന്ന സ്ത്രീകളും കുട്ടികളുമുൾപ്പെടെ ഇരുപത്തിയെട്ടു മനുഷ്യാത്മാക്കളെ അതുവരെ അവരെ കണ്ടിട്ടുപോലുമില്ലാത്ത ചിലർ പുറമേനിന്ന് മണ്ണെണ്ണയൊഴിച്ച് തീകൊളുത്തി നശിപ്പിച്ചതായി ഭോപ്പാലിൽ നിന്നും ഒരു റിപ്പോർട്ടിൽ പറയുന്നു. ഈ മാനസിക പ്രവണത എങ്ങനെയുണ്ടായി എന്ന് ഉറക്കെ ചിന്തിക്കേണ്ടതായുണ്ട്. ഈ വികാരാവേശം എവിടെ നിന്ന് ഉത്ഭവിച്ചു? എങ്ങനെ വളർന്നു വന്നു? എന്തൊക്കെയാണ് ഇതിനെ വകവരുത്താനുള്ള ഉപാധികൾ? കൂട്ടായിട്ട് ആലോചിക്കേണ്ട പ്രശ്നങ്ങളാണിവ. ബ്രിട്ടീഷുകാർ അവരുടെ സുരക്ഷിതത്വത്തിനുവേണ്ടി ഇരുസമുദായങ്ങളേയും തമ്മിലടിപ്പിച്ചു. രാഷ്ട്രീയമായ ഒരാവശ്യമായിരുന്നു അവർക്ക് അത്. പക്ഷേ ഇന്ന് സാമുദായിക സൌഹാർദ്ദമാണ് നമുക്കു വേണ്ടത്. ഭാരതീയൻ ഒന്നാമതും രണ്ടാമതും ഭാരതീയൻതന്നെയെന്ന ദേശീയബോധമാണ് നമുക്കനിവാര്യമായും വേണ്ടത്. അതിനു സാമുദായികൈക്യവും സൌമനസ്യവും അരക്കിട്ടുറപ്പിക്കുവാനുള്ള മാർഗ്ഗങ്ങൾ ആരായണം. അടുത്ത തലമുറയെങ്കിലും മതഭ്രാന്തിന്റെ തീക്ഷ്ണമായ വികാരാവേശത്തിൽ നിന്നും മുക്തമാകണമെങ്കിൽ നാമവരെ സൌഹൃദത്തിന്റെ പാഠം പഠിപ്പിക്കണം. ദേശീയാവേശവും വിശാലമനസ്ഥിതിയും അങ്കുരിപ്പിക്കുന്ന ഇന്ത്യാചരിത്രത്തിന്റെ പുനഃസംവിധാനമാണ് അതിനു പ്രഥമവും പ്രധാനവുമായി വേണ്ടത്.

39

സ്വാതന്ത്ര്യസമര ചരിത്രം എവിടെന്നെ ങ്ങനെ തുടങ്ങണം?

ഇന്ത്യയുടെ സ്വാതന്ത്ര്യസമരം എപ്പോഴാ തുടങ്ങി എന്ന കാര്യത്തിൽ ചരിത്രകാരന്മാർ ഭിന്നാഭിപ്രായമാണ് വെച്ചു പുലർത്തുന്നത്. മൌലാനാ അബുൽകലാം ആസാദ് വിദ്യാഭ്യാസ മന്ത്രിയായിരുന്ന കാലത്ത് 1956–ൽ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ബൃഹത്തും സമഗ്രവുമായ ചരിത്രം വിരചിക്കുന്നതിന്നായി ഡോക്ടർ താരാചന്ദിന്റെ നേതൃത്വത്തിൽ പ്രഗത്ഭരായ ചരിത്രപണ്ഡിതന്മാരുടെ ഒരു സമിതി രൂപീകരിക്കുകയുണ്ടായി. 1957–ലെ ശിപായി ലഹള എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഇംഗ്ലീഷ് വിരുദ്ധ പ്രസ്ഥാനം മുതൽ ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിന്റെ ആരംഭം കുറിച്ചു എന്ന് ഡോക്ടർ താരാചന്ദും ഒരു വിഭാഗം ചരിത്രകാരന്മാരും അഭിപ്രായപ്പെട്ടപ്പോഴാ ഡോക്ടർ മുക്കർജിയുടെ നേതൃത്വത്തിലുള്ള ഒരു കൂട്ടം പണ്ഡിതന്മാർ പറഞ്ഞത് മുഹമ്മതു ഗോറിയുടെ ഇന്ത്യൻ ആക്രമണത്തോടുകൂടിയും കുത്തബ്ദ്ദീൻ ഐബക്കിന്റെ അടിമവംശ സ്ഥാപനത്തോടുകൂടിയും ഇന്ത്യയുടെ സ്വാതന്ത്ര്യം നഷ്ടപ്പെട്ടിരുന്നുവെന്നും അപ്പോഴാ സ്വാതന്ത്ര്യസമര ചരിത്രം തുടങ്ങേണ്ടത് ഡൽഹി സുൽത്താന്മാരുടെ ഭരണാരംഭത്തോടുകൂടിത്തന്നെ വേണമെന്നുമായിരുന്നു.

ചരിത്രവിചാര രംഗത്ത് അതികായന്മാരെന്നു് ആരാലും അംഗീകരിക്കപ്പെടുന്ന ഈ പണ്ഡിതന്മാർക്കിടയിൽ തന്നെ പരസ്പരം യോജിക്കാനൊക്കാത്ത സ്ഥിതിയാണു് സംജാതമായത്. അതിന്റെ ഫലമായി ഈ രണ്ടഭിപ്രായങ്ങളേയും സാധൂകരിക്കത്തക്ക വിധത്തിൽ ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിന്റെ വ്യത്യസ്ത ചരിത്ര ഗ്രന്ഥങ്ങൾ എഴുതുകയാണുണ്ടായത്. അങ്ങനെ അടിസ്ഥാനപരമായ പ്രാഥമിക പ്രശ്നങ്ങളിൽ പോലും യോജിക്കുവാൻ നമ്മുടെ പണ്ഡിതന്മാർക്കു സാധിക്കാഞ്ഞപ്പോൾ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ചരിത്രം എവിടെ നിന്നു് തുടങ്ങണം. എങ്ങനെ സംവിധാനം ചെയ്യണം. ഏറ്റവും പ്രാഥമിക ചോദ്യങ്ങൾക്കു് ആദ്യം തന്നെ തൃപ്തികരമായ ഉത്തരം കാണേണ്ടതായിട്ടിരിക്കുന്നു. എങ്കിൽ മാത്രമേ ഇന്ത്യയിലെ വിവിധ ജനവിഭാഗങ്ങൾ ഒറ്റയായും കൂട്ടായും വിദേശീർക്കെതിരായി നടത്തിയ സ്വാതന്ത്ര്യസമരത്തിന്റെ ഐതിഹാസിക സ്വഭാവം ഗ്രഹിക്കുവാൻ സാദ്ധ്യമാകൂ.

എന്റെ അഭിപ്രായത്തിൽ ഇന്ത്യയുടെ സ്വാതന്ത്ര്യം അപകടകരമാകാൻ തുടങ്ങിയത് പാശ്ചാത്യ കൊളോണിയൽ ദുഷ്പ്രഭുത്വത്തിന്റെ അരങ്ങേറ്റത്തോടുകൂടിയാണെന്നാണ്. 1498–ൽ വാസ്ഗോഡിഗാമ എന്ന പറങ്കി നാവികൻ കോഴിക്കോടു് നിന്നും 12 കിലോമീറ്റർ വടക്കു ഭാഗത്തായി സ്ഥിതി ചെയ്യുന്ന കപ്പാടു് എന്ന സ്ഥലത്തു് കപ്പലിറങ്ങിയത് ലോകത്തിന്റെ വാണിജ്യ വ്യവസായ രംഗങ്ങളിൽ വലിയ വിപ്ലവമാണു് സംജാതമാക്കിയത്. കച്ചവടക്കുത്തകകൾക്കു് വേണ്ടി ആരംഭിച്ച വാണിജ്യ സമരം ഇന്ത്യയുടെ സ്വാതന്ത്ര്യത്തെ വിദേശാധിപത്യത്തിനു് അടിയറ വെയ്പിച്ചതിന്റെ സുദീർഘമായ കഥ നമ്മുടെ ഉത്തരേന്ത്യൻ ചരിത്രകാരൻമാർ അത്ര കാര്യമായി ഗൌനിച്ചിട്ടില്ലാത്തതാണു് സ്വാതന്ത്ര്യ സമരത്തിൽ തെന്നിന്ത്യ വഹിച്ച ദീർഘവും, രക്തപങ്കിലവുമായ പങ്കിനെക്കുറിച്ചു് അവർ മൌനം ദീക്ഷിക്കുവാൻ കാരണം. ഇന്ത്യയുടെ പശ്

ചിമ തീരത്ത് പുകഞ്ഞു പടർന്ന ഈ ധൂമകേതു നമ്മുടെ സ്വാതന്ത്ര്യ ജീവിതത്തെ ശ്വാസംമുട്ടിക്കുക മാത്രമല്ല, വിശ്വാസങ്ങളെ ധ്വംസിക്കുകയും ആചാരങ്ങളെ അമർച്ച ചെയ്യുകയും ചെയ്ത ആപല്കരമായ ഒരു ഭീഷണിയുമായിരുന്നു. അറബിക്കടലിന്റെ ആധിപത്യം കൈയ്യടക്കുവാൻ കഴിഞ്ഞ പറങ്കികൾക്ക് ഇന്ത്യയെ മുഴുവനും തങ്ങളുടെ ആധിപത്യത്തിൽ കീഴിൽ കൊണ്ടുവരിക എന്നത് അത്ര പ്രധാനകാര്യമായിരുന്നില്ല അക്കാലത്ത്. തമ്മിലടിച്ച് ക്ഷയിച്ചു കഴിഞ്ഞ ഇന്ത്യയിലെ ചെറുകിടരാജാക്കൻമാരും അസ്തപ്രായമായി, വീര്യം നശിച്ചു ഇഴഞ്ഞു നീങ്ങിക്കൊണ്ടിരുന്ന ഡെൽഹി സുൽത്താൻമാരും, പറങ്കിപ്പടയുടെ പുതിയ യുദ്ധമുറകളുടേയും യന്ത്രതോക്കുകളുടേയും മുമ്പിൽ നിഷ്പ്രഭരായിത്തീരുമായിരുന്നു. ബേബർ മുഗൾ സാമ്രാജ്യത്തിന്റെ അസ്തിവാരമിടുന്നതിന് കാൽനൂറ്റാണ്ടു മുമ്പുതന്നെ വാസ്ഗോഡിഗാമയ്ക്കും തുടർന്നു വന്ന പറങ്കി ജനറൽമാർക്കും കേരളത്തിലെ പല രാജാക്കൻമാരുടെ മേൽകോയ്മ സ്ഥാനം നേടുവാനും കടലിലെ മുടിചൂടാ മന്നൻമാരായി വാഴുവാനുമൊത്തിരുന്നു എന്ന വസ്തുതകൾ വ്യക്തമാക്കുന്നത് ഇവിടെ നിന്നും അവർക്ക് ഇന്ത്യയുടെ ആധിപത്യം അനായാസേന പിടിച്ചു പറ്റുവാൻ സാധിക്കുമായിരുന്നു എന്നാണ്. ഇന്ത്യയിൽ നിലവിലുണ്ടായിരുന്ന രാഷ്ട്രീയ സാമൂഹിക സ്ഥിതി വിശേഷങ്ങൾ ഏതൊരു ബലവത്തായ ശക്തിക്കും എളുപ്പം കീഴടക്കുവാനൊക്കുന്ന ജന സമൂഹമായിനെ തരം താഴ്ത്തിയിരുന്നു എന്നതാണ് സത്യം

ചുരുക്കത്തിൽ ഒന്നാം പാനിപ്പട്ട് യുദ്ധം നടക്കുന്നതിന് ദശവർഷങ്ങൾക്ക് മുമ്പുതന്നെ, പറങ്കികളുടെ കിരാത ഭരണത്തിൻ കീഴിൻ അമരുമായിരുന്നു നമ്മുടെ വിശാലമായ രാജ്യം. അന്നത്തെ രാഷ്ട്രീയ സ്ഥിതി ഗതികളും ആഭ്യന്തര നിലവാരവും മനസ്സിരുത്തി പഠിക്കാനൊരുങ്ങുന്ന ഏതൊരാൾക്കും നിസ്സംശയമെത്തിച്ചേരാനൊ

ക്കുന്ന നിഗമനം ഇതു തന്നെയാണ്. അങ്ങനെ യഥാർത്ഥത്തിൽ നമ്മുടെ സ്വാതന്ത്ര്യത്തിന്റെ അപഹരണത്തിൽ കലാശിച്ച നാടകത്തിന്റെ നാന്ദി കുറിച്ചതു പറങ്കികളുടെ വരവോടെയാണെന്നു പറയുന്നതിൽ തെറ്റില്ല. അപ്പോഴും സമഗ്രമായ ഒരു സ്വാതന്ത്ര്യ സമര ചരിത്രത്തിന്റെ ആരംഭം നിശ്ചയമായും കുറിക്കേണ്ടതു പറങ്കികളുടെ വരവോടുകൂടിത്തന്നെ വേണമെന്നാണു പറഞ്ഞു വരുന്നത്.

മാത്രമല്ലാ ഇന്ത്യയുടെ സ്വാതന്ത്ര്യം നിഷ്പ്രയാസം അടിയറ വെയ്ക്കേണ്ടി വരുമായിരുന്ന ആ അപകടാവസ്ഥയിൽ നിന്നും കഷ്ടിച്ചു കാലത്തേയ്ക്കെങ്കിലും നമുക്കു പിടിച്ചു നിൽക്കുവാനെങ്ങനെ സാധിച്ചു എന്ന ചോദ്യത്തിനു ഉത്തരം കണ്ടുപിടിക്കുവാനും 1500 മുതൽക്കു സ്വാതന്ത്ര്യ സമരചരിതം തുടങ്ങേണ്ടതു ആവശ്യമാണ്. പറങ്കി നാവികരെ തുടക്കം മുതൽ സമുദ്രത്തിൽ തന്നെ തടഞ്ഞു നിർത്തിയിരുന്ന കേരളത്തിലെ നാവിക വീരന്മാരാണു ഇൻഡ്യയുടെ സ്വാതന്ത്ര്യത്തെ കുറേക്കാലത്തേയ്ക്കെങ്കിലും നിലനിർത്തിയതു എന്ന വസ്തുത സുവിദിതമാണ്. എങ്കിൽ കൂടിയും ഉത്തരേന്ത്യയിലെ പണ്ഡിതന്മാർക്കു വിന്ധ്യാ പർവ്വതത്തിനു തെക്കോട്ടു സംഭവിച്ചിട്ടുള്ള കാര്യങ്ങളും മിക്കവാറും എല്ലാം തന്നെ അജ്ഞാതമാണ്. തന്മൂലം ഇന്നും ആര്യാവർത്തത്തിന്നിപ്പുറത്തേയ്ക്കു അവരുടെ ശ്രദ്ധ തിരിയാറില്ല. വിശാലമായ ഒരു രാജ്യത്തു ഇത്തരം സംഭവങ്ങളുണ്ടാകാമെങ്കിലും അമിതമായ ദേശീയപ്രാധാന്യമുള്ള ഇത്തരം സംഗതികളിൽ കൂടി അവർ പുലർത്തിവരുന്ന അവജ്ഞാപൂർണ്ണമായ അവഗണനാ സ്വഭാവം നമ്മുടെ ദേശീയൈക്യത്തെ തന്നെ തുരങ്കം വെയ്ക്കുന്നവയാണ്.

സാമൂതിരിയുടെ നാവികപ്പടയെ നയിച്ചിരുന്ന മരയ്ക്കാർമരും അവരുടെ സഹായത്തിനു പലപ്പോഴും എത്തിയിരുന്ന അറബി ഈജിപ്ഷ്യൻ നാവികപ്പടയുമാണു പറങ്കി

കളെ സുധീരം എതിരിട്ട് അവരുടെ ശക്തിയെ ക്ഷയിപ്പിച്ചുകൊണ്ടിരുന്നത്. സിലോണിന്റെയും മലബാർ, ഗുജറാത്ത് എന്നിവിടങ്ങളിലേയും സമുദ്രങ്ങളിൽ വച്ച് നടന്ന വീരസാഹസികങ്ങളായ നാവിക യുദ്ധങ്ങളും ഏതൊരു ദേശാഭിമാനിയേയും പുളകംകൊള്ളിക്കുന്ന വിധം ഐതിഹാസികങ്ങളായിരുന്നു. കുഞ്ഞാലിമരയ്ക്കാരന്മാരും അവരുടെ ധീരരായ സേനാനികളും നടത്തിയ ധീരോദാത്തമായ ആത്മത്യാഗങ്ങളും നമ്മുടെ സ്വാതന്ത്ര്യ സംരക്ഷണത്തിനു വേണ്ടി നൽകിയ ജീവാഹൂതികളായിരുന്നു. കുഞ്ഞാലിമാരുടെ ധീരമായ നേതൃത്വത്തിൽ അനവരതം നടത്തിക്കൊണ്ടിരുന്ന നാവിക യുദ്ധങ്ങളും പറങ്കികളെ ഒരു നൂറ്റാണ്ടു കാലത്തിൽ കൂടുതൽ കടലിൽ തന്നെ കഴിച്ചുകൂട്ടുവാൻ നിർബന്ധിതരാക്കി.

ഒരു നൂറ്റാണ്ടിലേറെക്കാലം അങ്ങനെ അവരുടെ വികാസത്തെ തടഞ്ഞു നിർത്തിയ കാലയളവിൽ ഇന്ത്യയുടെ രാഷ്ട്രീയ ഭാഗധേയം മുഗളരുടെ ബലിഷ്ഠമായ കൈകളിൽ വന്നു ചേർന്നിരുന്നു. ലോകത്തിലെ ഏറ്റവും ശക്തമായ സാമ്രാട്ടുകളായി മുഗളന്മാർ മാറിയിരുന്നു. കരയിലേയ്ക്ക് കടന്നുള്ള പറങ്കികളുടെ സാമ്രാജ്യ വികസനം തന്മൂലം അസാദ്ധ്യമായിത്തീർന്നു. മാത്രമല്ല കടലിൽ തന്നെ പറങ്കിപ്പടയ്ക്ക് കനത്ത പരാജയങ്ങളും ഏല്പിച്ചുകൊണ്ട് കൂടുതൽ ആഴം ബലത്തോടും സായുധസജ്ജീകരണങ്ങളോടും കൂടി മറ്റു വിദേശ ശക്തികളും പറങ്കികളുടെ സമുദ്രാധിപത്യത്തെ വെല്ലുവിളിച്ചുകൊണ്ട് അതേ വേദിയിൽ തന്നെ പ്രത്യക്ഷപ്പെടുകയും ചെയ്തു. അങ്ങനെ കരയിലും കടലിലും രക്ഷയില്ലാതെ അവർ ഉഴറി. 1663-ൽ പറങ്കികളുടെ സ്വപ്നങ്ങളെല്ലാം തകർന്ന് മണ്ണടിയുകയും ചെയ്തു. അക്കൊല്ലം ലന്തക്കാർ പറങ്കികളെ മലബാർ തീരത്ത് നിന്നും സിലോണിൽ നിന്നും തുരത്തി. ഗോവ, ഡാം, ഡ്യൂ എന്നീ ചെറിയ പ്രദേശങ്ങളുമായി ഒതുങ്ങി ചുരുങ്ങി കഴിയുവാനവർ

പ്രേരിതരുമായി. അപ്പോഴും വിദേശികളുടെ ആധിപത്യ ദോഷണിയും അതിനെതിരായ സാഹസിക സമരങ്ങളുമെല്ലാം ഉൾക്കൊള്ളുന്നതുതന്നെയാകണം ഇന്ത്യയുടെ സ്വാതന്ത്ര്യസമര ചരിത്രം. ദേശീയ ഐക്യത്തിനും ഒരൈകാരിക ഉദ്ഗ്രഥനത്തിനും വേണ്ടതു നിശ്ചയമായും ഇന്ത്യയെ തെക്കു് വടക്കു് എന്നുതിരിക്കാതെ ഒന്നായി കണ്ടു് വാസ്തുതകളെ മറികടക്കാതെ ചരിത്രത്തെ രചനാത്മകമായി ആവിഷ്കരിക്കുകയെന്നതു് മാത്രമാണു്.

40

ഇൻഡ്യയുടെ വിദേശനയം ചരിത്രദൃഷ്ടിയിൽ

ചരിത്രാതീതകാലം മുതൽ ഇന്ത്യയും ബാഹ്യലോകവും തമ്മിൽ വ്യാവസായിക–സാംസ്കാരിക സമ്പർക്കം നടന്നുകൊണ്ടിരുന്നതിന്റെ ധാരാളം തെളിവുകൾ ഇന്നു് നമുക്കു് ലഭ്യമാണു്. സിന്ധു നാഗരികകാലഘട്ടത്തിലെ പലതരം നാണയങ്ങളും കളിപ്പാട്ടങ്ങളും ഊർ, നിപ്പൂർ എന്നീ സ്ഥലങ്ങളിൽനിന്നും ഭൂഗർഭഖനനംമൂലം പുറത്തുകൊണ്ടുവന്നിട്ടുണ്ടു്. യവനറോമാ സംസ്കാരങ്ങളുമായി ഇൻഡ്യാക്കാർക്കു പൊതുവേയും കേരളീയർക്കു പ്രത്യേകമായും ഉണ്ടായിരുന്ന സാംസ്കാരിക വ്യാവസായിക സമ്പർക്കം ഇന്നു് ആരേയും പറഞ്ഞു മനസ്സിലാക്കേണ്ടതില്ല. അതുപോലെതന്നെ മദ്ധ്യപൗരസ്ത്യദേശങ്ങളും ചൈന, ഇൻഡോചൈന, സുമാത്ര, മലയാ, ഇൻഡോനേഷ്യ തുടങ്ങിയ രാജ്യങ്ങളും ഇൻഡ്യയുമായി തകൃതിയായി കച്ചവടവും സാംസ്കാരിക വിനിമയവും നടത്തിപ്പോന്നതിന്റെ പ്രകടമായ ലക്ഷണങ്ങളും ഇന്നും അവശേഷിക്കുന്നു. വിദൂര പൗരസ്ത്യദേശങ്ങളിലും മദ്ധ്യപൗരസ്ത്യദേശങ്ങളിലും ഇൻഡ്യൻ സംസ്കാരത്തിന്റെ മായാത്ത മുദ്രകളും ധാരാളമായുണ്ടു്. തിൽ നിന്നും പലരും അനുമാനിക്കുന്നതു് ഇൻഡ്യയുടെ കോളനികളും ഒരുകാലത്തു് പല രാജ്യങ്ങളിലും നിലനിന്നിരുന്നുവെന്നാണു്. ഒരു കാര്യം തീർച്ച. വിശ്വസംസ്കാരങ്ങളുടെ ചരിത്രം സൂക്ഷ്മമായി നിരീക്ഷിക്കുന്ന

വിദ്യാർത്ഥികം ശ്രദ്ധിച്ചാൽ കാണാവുന്ന ഒരു സംഗതിയുണ്ട്—മനുഷ്യസമൂഹത്തിന്റെ ആകമാനം വികാരവിചാരങ്ങൾക്ക് മൂർത്തീഭാവം നൽകിയിട്ടുള്ള പല നാഗരികതകളും പല കാലഘട്ടങ്ങളിലായി നിലനിന്നുപോന്നിട്ടുണ്ട് എന്നതാണത്. ഈജിപ്ഷ്യൻ സംസ്ക്കാരവും, ചൈനീസ് സംസ്ക്കാരവും, മെസപ്പെട്ടോമിയൻ സംസ്ക്കാരവും യവന റോമാസംസ്ക്കാരങ്ങളും അവയിൽപ്പെട്ടതാണ്. ഇവ ഉൾക്കൊണ്ടിരുന്ന നാഗരികത അക്കാലങ്ങളിലെ മനുഷ്യസമൂഹത്തിന്റെ പുരോഗതിയിൽ നിർണ്ണായകമായ സ്ഥാനം വഹിച്ചിട്ടുള്ളതുമാണ്. അതുകൊണ്ടു തന്നെ ചൈനീസ് സംസ്ക്കാരിക കാലഘട്ടമെന്നും യവനറോമാ കാലഘട്ടമെന്നും സംസ്ക്കാരിക ചരിത്രത്തെ വിശേഷിപ്പിക്കാറുണ്ട്. എന്നാൽ മഹത്തരമായ ഒരു സാംസ്ക്കാരിക പൈതൃകമുള്ള ഇൻഡ്യക്ക് അത്തരം ലോകാധിപത്യത്തിന്റെ സ്നിഗ്ദ്ധവും ധന്യവുമായ ഒരു കാലഘട്ടം ഉണ്ടാകാതിരിക്കുവാൻ കാരണമെന്ത്? ബലമായ സംശയത്തിന്നിടം നൽകുന്ന കാര്യം നമ്മുടെ ചരിത്രനിർമ്മിതിയിൽ വൈദേശിക ശക്തികളാണ് മുൻകയ്യെടുത്തത് എന്നതിനാൽ ഇൻഡ്യയുടെ ഈ പ്രഭാവകാലം അവിതർക്കിതമാംവണ്ണം സ്ഥാപിക്കുവാനവരാരും മിനക്കെട്ടിരിക്കുകയില്ലാ എന്നതാണ്. യവന കാലഘട്ടംപോലെതന്നെ ഇൻഡ്യൻ സംസ്ക്കാരവും ഒരു കാലത്ത് വിശ്വസംസ്ക്കാരത്തിന്റെ വെന്നിക്കൊടി പറപ്പിച്ച ഒരു ഘട്ടം നിശ്ചയമായുമുണ്ടായിരുന്നിരിക്കണം, യൂറോപ്പും അതുപോലെ ഇന്ന് പുരോഗമനത്തിന്റെ വാതായനങ്ങളൊക്കെ കടന്നിട്ടുള്ള പല രാഷ്ട്രങ്ങളും അപരിഷ്കൃതമായിരുന്ന സന്ദർഭങ്ങളിലാണ് മാനവ മനീഷയുടെ ഉത്തുംഗഭാവം പുലർത്തുന്ന ഇൻഡ്യൻ ദർശനങ്ങളും ശാസ്ത്രങ്ങളും വീരോചിതമായി പരിലസിച്ചിരുന്നത് എന്ന കാര്യം നാമോർക്കേണ്ടതുണ്ട്. സമഗ്രവും ഗഹനവുമായ പഠനമർഹിക്കുന്ന ഈ വശത്തേക്ക് ചരിത്ര പണ്ഡിതൻമാരുടെ ശ്രദ്ധ കൂർപ്പിക്കുക മാത്രമേ ഇവിടെ കരണീയമായിട്ടുള്ളൂ.

മദ്ധ്യകാല യൂറോപ്യൻ സംസ്ക്കാരം ഇരുളടഞ്ഞതും നിശ്ചലമായി നിന്നിരുന്ന സന്ദർഭത്തിലും ഇൻഡ്യയുമായുണ്ടായിരുന്ന അവിരാമമായ കച്ചവടബന്ധമാണ് അറബിരാജ്യങ്ങളെ സംസ്ക്കാരത്തിന്റെ കൈത്തിരി വാഹകൻമാരായി യൂറോപ്പിലിറിയാനിടയാക്കിയിരുന്നത്. ഇരുണ്ട ആ കാലഘട്ടത്തിൽ നിന്നും ചിറപൊട്ടി ഇരമ്പിയ പ്രവാഹത്തിന്റെ അതിപ്രസരത്തോടുകൂടി യൂറോപ്യൻരാജ്യങ്ങളും പ്രകമ്പനം കൊണ്ട ആധുനികദശയുടെ ആരംഭത്തിലും അവരെല്ലാം അഹമഹമികയാ സാംസ്ക്കാരിക വ്യാവസായിക സമ്പർക്കം പുലർത്തിയിരുന്നത് ഇൻഡ്യയുമായിട്ടാണെന്ന് നമുക്കൊക്കെ നിശ്ചയമുള്ള കാര്യമാണ്. വാസ്ക്കോഡിഗാമയും, ക്ലൈവും, ഡ്യൂപ്ലേയും, മോയൻസുമെല്ലാം അവരുടെ വ്യാവസായിക നിലനിൽപ്പ് ഇൻഡ്യയുടെയും ഇൻഡ്യൻ ജനതയുടെയും സുദൃഢമായ ബന്ധത്തിലധിഷ്ഠിതമായിട്ടാണ് കരുതിപ്പോന്നിരുന്നതെന്നും നമുക്കറിയാം. ഫ്രെഞ്ചുകാരുടെ ആഗമനത്തിനു മുമ്പും ഡൽഹി സുൽത്താൻമാരും മുഗളരും ഇൻഡ്യയുടെ വിദേശനയം കാലാനുസൃതം കരുപ്പിടിപ്പിക്കുവാൻ ശ്രമിച്ചിട്ടുള്ളവരാണ്. അറബിരാജ്യങ്ങളിലേക്കും ചൈനയിലേക്കും പ്രതിപുരുഷൻമാരെ അയച്ചിരുന്നു ഡൽഹി സുൽത്താൻമാർ. മുഹമ്മദ് ഇബിനു തുഗ്ലക്ക് എന്ന ചക്രവർത്തി തന്റെ പ്രതിപുരുഷനായി ചൈനയിലേക്കയച്ച വ്യക്തിയായിരുന്നു പ്രശസ്ത സഞ്ചാരിയായിരുന്ന ഇബിനുബത്തൂത്ത. ഡൽഹി, ലോകത്തിലെ ഏറ്റവും വലിയനഗരമായും സംസ്ക്കാരിക കേന്ദ്രമായും പരിലസിച്ചിരുന്നതുമായിരുന്നു അത്. അക്ബറുടേയും ജഹാൻഗീറിന്റെയും കാലങ്ങളിൽ ഇംഗ്ലണ്ടിൽ നിന്നും മറ്റു യൂറോപ്യൻ രാജ്യങ്ങളിൽ നിന്നും അംബാസിഡർമാരും മിഷ്യനറികളും നിരന്തരം വന്നുകൊണ്ടിരുന്നു. എന്തിനധികം, ഒരു കാലത്തും ഇൻഡ്യ ബാഹ്യലോകവുമായി ഒറ്റപ്പെട്ടുനിന്നിരുന്നില്ല. എന്തെന്ത് വിപ്ലവങ്ങളും മാറ്റങ്ങളും എവിടെയൊക്കെ ഉണ്ടായിരുന്നിട്ടുണ്ടോ അവയത്രയും ഇൻഡ്യയിൽ അവയുടെ

സന്ദേശങ്ങളും അലയടികളും ഉണ്ടാക്കിയിട്ടുണ്ട്. മതങ്ങളാകട്ടെ, തത്വ സംഹിതകളാകട്ടെ എല്ലാം തന്നെ നമ്മെ സ്വാധീനിക്കുവാൻ അധികകാലം എടുത്തിട്ടില്ല.

എക്കാലവും ലോകവുമായുള്ള സമ്പർക്കത്തിൽ ഇൻഡ്യ പുലർത്തിപ്പോന്നിട്ടുള്ള ഉദാത്തമായ നയം ജീവിക്കുക, മറ്റുള്ളവരെ ജീവിക്കുവാനനുവദിക്കുക എന്നതാണ്. ആരൊക്കെ നമ്മുടെ സഹായമഭ്യർത്ഥിച്ചിവിടേയ്ക്കു കടന്നു വന്നിട്ടുണ്ടോ അവരെയെല്ലാം നാം സ്വീകരിച്ചിട്ടുണ്ട്. ഏതാശയവും പ്രത്യയ ശാസ്ത്രവും, നമുക്ക് പരിത്യാജ്യമായി തോന്നിയിട്ടില്ലെന്നു മാത്രമല്ല അവയെയെല്ലാം ഉൾക്കൊള്ളാനുള്ള മഹാമനസ്ക്കത നാം കാണിക്കുകയും ചെയ്തിട്ടുണ്ട്. ഇൻഡ്യൻ സംസ്ക്കാരത്തിന്റെ അപ്രതിരോധ്യമായ ഈ വാസനാവിശേഷം തന്നെയാണ് ഇന്നു നമ്മുടെ വിദേശ നയത്തിന്റെ ആണിക്കല്ലും.

കഴിഞ്ഞ മൂന്നു ദശാബ്ദ കാലത്തെ ഇൻഡ്യൻ വിദേശനയത്തിന്റെ ഗുണദോഷഫലങ്ങളും വിലയിരുത്തുമ്പോൾ വ്യക്തമായി കാണാവുന്നതാണിത്. രണ്ടാം ലോകമഹായുദ്ധം കഴിഞ്ഞപ്പോൾ ജർമ്മനിയും, ഇറ്റലിയും, ജപ്പാനും തകർന്നു തരിപ്പണമായിരുന്നു. ഇംഗ്ലണ്ടും, ഫ്രാൻസും മറ്റു യൂറോപ്യൻ ശക്തികളും സാമ്പത്തികമായി പാപ്പരടിച്ചുകഴിഞ്ഞിരുന്നു. റഷ്യക്കാകട്ടെ രണ്ടുകോടി ജനങ്ങളുടെ നഷ്ടം മാത്രമല്ല മിക്കവാറും വികസിതമായിരുന്ന വ്യവസായങ്ങളുടെ നശീകരണവും മാരകമായ ഈ യുദ്ധത്തിന്റെ ഫലമായനുഭവപ്പെട്ടു. വ്യാവസായിക തകർച്ച സംഭവിക്കാതിരുന്ന രാജ്യം അമേരിക്ക മാത്രമായിരുന്നു. എന്നാൽ ആളും അർത്ഥവും ഇത്ര മാത്രമാണ് അമേരിക്കയ്ക്കു നഷ്ടമായിട്ടുള്ളതെന്ന് വിവരിക്കുവാനസാധ്യമാണ്, യുദ്ധമടിച്ചേൽപ്പിച്ച ഈ നശീകരണത്തിൽ നിന്നും ശീഘ്രതയിൽ തങ്ങളുടെ പൂർവ്വ സ്ഥിതിയിലേക്ക് അമേരിക്കയ്ക്കും റഷ്യയ്ക്കും ഉയർത്തെഴുന്നേൽക്കാ

നധികം സമയം വേണ്ടിവന്നില്ല. മിക്കവാറും നശിച്ച ജർമ്മനിയും ജപ്പാനും കുറഞ്ഞകാലയളവിൽതന്നെ പഴയതിനേക്കാൾ പതിൻ മടങ്ങ് ആർജ്ജവത്തോടുകൂടി പുരോഗമിച്ചെന്ന കാര്യവും വിസ്മരിക്കത്തക്കതല്ല. ഏഷ്യയുടെതന്നെ ആത്മവിശ്വാസം വീണ്ടെടുത്ത സംഗതിയായിരുന്നു യുദ്ധത്തിനുശേഷം ഇൻഡ്യയ്ക്ക് പ്രാപിക്കുവാൻ സാധിച്ച സ്വാതന്ത്ര്യലബ്ധി. ലീഗ് ഓഫ് നേഷൻസിന്റെ തകർച്ചയിൽനിന്നും ഉടലെടുത്ത ഐക്യരാഷ്ട്ര സംഘടനയിലും അന്തർദേശീയ മണ്ഡലങ്ങളിലും യുദ്ധാനന്തരം നടന്ന ധ്രുവീകരണത്തിൽ കിഴക്കും പടിഞ്ഞാറും ചേരികൾ സ്പഷ്ടമായി കാണാമായിരുന്നു. പാശ്ചാത്യ ചേരിയുടെ അമരക്കാർ അമേരിക്കയായിരുന്നുവെങ്കിൽ കിഴക്കൻചേരിയുടെ ചുക്കാൻ പിടിച്ചിരുന്നത് റഷ്യയുമായിരുന്നു. വ്യക്തമായ രണ്ടുചേരികളിലായി ലോകരാഷ്ട്രങ്ങൾ വിലപേശൽ നടത്തിക്കൊണ്ടിരുന്ന സന്ദർഭത്തിലാണ് 'ചേരി ചേരായ്മ'യാണ് ഇൻഡ്യയുടെ വിദേശനയമെന്ന് നമ്മുടെ പ്രഗൽഭനായ പണ്ഡിറ്റ് നെഹ്റു പ്രഖ്യാപിച്ചത്. അതിന്റെ അപാകതകളും നഷ്ടങ്ങളുംമാത്രം കണക്കുകൂട്ടുന്നവർ ഏതുസന്ദർഭത്തിലായിരുന്നു ഇൻഡ്യ ഈ നയം സ്വീകരിച്ചതെന്ന സംഗതി സൗകര്യപൂർവ്വം വിസ്മരിക്കുകയാണ് പതിവ്. ധീരമായ ആ പ്രഖ്യാപനം ഇൻഡ്യൻ സംസ്കാരത്തിന്റെ അനാദികാലമായി തുടർന്നുപോന്ന നയബന്ധങ്ങളുടെ സൂഷ്മാവിഷ്ക്കരണമായിരുന്നുവെന്നതാണ് പരമാർത്ഥം. ഇൻഡ്യൻ സ്വാതന്ത്ര്യം ഏഷ്യയുടെതന്നെ നവോത്ഥാനത്തിന്റെ കഥയാണ് വിളംബരം ചെയ്യുന്നത്. 1947 മാർച്ചുമാസത്തിൽതന്നെ ഡൽഹിയിലെ പൗരാവലിയെ അഭിസംബോധന ചെയ്തുകൊണ്ട് നെഹ്റു പ്രഖ്യാപിച്ചതിപ്രകാരമാണ്:— "ഇത്രയുംകാലം പാശ്ചാത്യരാജ്യങ്ങളിലെ കോടതികളിലും രാജസന്നിധികളിലും അപേക്ഷകളയച്ച് സങ്കടനിവർത്തിക്കാശിച്ചിരുന്നവരായിരുന്നു ഏഷ്യക്കാർ. പക്ഷേ ഇന്നവയൊക്കെ പഴയ കഥകളായവശേഷിച്ചിരിക്കുകയാണ്. നാം നമ്മുടെ കാലിൽത

ന്നെ ഉറച്ചുനിൽക്കുവാൻ നിശ്ചയിച്ചിരിക്കുന്നു. മറ്റുള്ളവരുടെ കളിക്കോപ്പായിത്തീരാൻ നമുക്ക് സാദ്ധ്യമല്ല.''

ഇതക്ഷരംപ്രതി പ്രാവർത്തികമാക്കുവാൻ നാം ശ്രമിച്ചിട്ടുണ്ട്. ഇൻഡ്യൻ സ്വാതന്ത്ര്യത്തിന്റെ സ്വീകാരംകേട്ടുതുടങ്ങിയതോടുകൂടി ഇവിടെ സാമുദായികസംഘടനങ്ങളുണ്ടായി. ആയിരക്കണക്കിന് മനുഷ്യപ്രേതങ്ങൾ പൊതുസ്ഥലങ്ങളിൽ പൈശാചികമായ ഭീകരത സൃഷ്ടിച്ചുകൊണ്ട് കുമിഞ്ഞുകൂടി. ശ്രീബുദ്ധന്റെയും മഹാത്മാഗാന്ധിയുടെയും :രിപക്വമായ സ്നേഹഗീതികളും കേട്ട ഈ നാട്ടിൽ രക്തരൂഷിതങ്ങളായ സംഘട്ടനങ്ങൾ പരിസരത്തെ മലീമസമാക്കി. സിന്ധു സംസ്കാരത്തിന്റെ കേളീരംഗമായിരുന്ന ഇൻഡ്യാമഹാരാജ്യം ഇൻഡ്യാ—പാകിസ്ഥാൻ എന്നീ രണ്ട് രാജ്യങ്ങളായി വെട്ടിമുറിക്കപ്പെട്ടു. കൃത്രിമമായ ഈ നടപടി മന:പൂർവ്വമായിരുന്നു. ലോകരാഷ്ട്രങ്ങൾ രണ്ട് ശത്രുപാളയങ്ങളിലായി ചേരിതിരിഞ്ഞുനിന്നിരുന്ന സന്ദർഭത്തിൽ ഏതെങ്കിലും പക്ഷത്ത് ചേരാത്ത രാഷ്ട്രത്തിന് നിലനിൽപ്പില്ലെന്ന്വരെ പലരും ആശങ്കിച്ചിരുന്ന സന്ദർഭത്തിലാണ് തന്റെ ചേരിചേരാനയവുമായി ലോകമനസ്സാക്ഷിയെ പണിഡിറ്റ് നെഹ്രു കീഴ്പ്പെടുത്തിയത്. പാകിസ്ഥാൻ സെൻറോ, സിയാറോ എന്നീ പട്ടാളസംഖ്യങ്ങളിലംഗത്വം സ്വീകരിച്ച് പാശ്ചാത്യചേരിയിൽ ശരണം പ്രാപിച്ചപ്പോഴും പ്രശ്നങ്ങളുടെ ഗുണദോഷങ്ങളും മാത്രം കണക്കിലെടുത്ത് നാം അവയെ സ്വീകരിക്കുകയോ, തിരസ്ക്കരിക്കുകയോ ചെയ്യുന്ന നിഷ്പക്ഷമായ നടപടിയാണ് കൈക്കൊണ്ടത്. ചുരുക്കത്തിൽ ഇൻഡ്യൻ നയം രൂപീകരിക്കുന്നത് ഇംഗ്ളണ്ടിലോ, വാഷിംഗ്ടണിലോ, മോസ്ക്കോവിലോ അല്ലാ ഡൽഹിയിൽ തന്നെയായിരിക്കുകയുള്ളു എന്ന് നാം പ്രഖ്യാപിച്ചു.

ഇതിന്റെ ഫലമായി വളരെ വിമർശനങ്ങൾ അകത്തുനിന്നും പുറത്തുനിന്നുമുണ്ടായിട്ടുണ്ട്. മിസ്സസ് വിജയലക്

ഷമി പണ്ഡിറ്റ് സോവിയറ്റ് സ്ഥാനപതിയായി അവിടെ കഴിഞ്ഞിട്ടുകൂടി സ്റ്റാലിനെ കാണുവാനുള്ള സൗകര്യം അന്ന് കൊടുത്തിരുന്നില്ല. അമേരിക്കയാണെങ്കിൽ ഇൻഡ്യയും പാക്കിസ്ഥാനും തമ്മിലുള്ള കാഷ്മീർ തർക്കത്തിന്റെ പശ്ചാത്തലത്തിലും പാക്കിസ്ഥാൻ പട്ടാള സഖ്യത്തിലെ അംഗമെന്ന നിലയ്ക്കും നമ്മെ എപ്പോഴും താഴ്ത്തിക്കെട്ടാൻ തന്നെയാണ് ശ്രമിച്ചുകൊണ്ടിരുന്നത്. ചൈനയുമായുണ്ടായിരുന്ന നമ്മുടെ സൗഹൃദം 1962 – ലെ ആക്രമണംവരെ ഏറ്റവും ഹൃദ്യമായിരുന്നു. എന്നാൽ ഈ സൗഹൃദത്തിന്റെ കാലഘട്ടത്തിൽ ഇതിനെ വളരെ സംശയാസ്പദമായും വിമർശനാത്മകമായും വീക്ഷിക്കുകയായിരുന്നു റഷ്യയും അമേരിക്കയും ചെയ്തത്. ചൈനയെ ആദ്യമംഗീകരിച്ച രാഷ്ട്രവും ഐക്യരാഷ്ട്രസംഘടനയിൽ ചൈനയെ പ്രവേശിപ്പിക്കുന്നതിനുവേണ്ടി അനവരതം പരിശ്രമിച്ച രാജ്യവും ഇൻഡ്യതന്നെ ആയിരുന്നു. എന്നാൽ ടിബറ്റിൽ നിന്നും ദലായിലാമയും മറ്റ ഭയാർത്ഥികളും രക്ഷാസങ്കേതവുംതേടി ഇവിടെയെത്തിയപ്പോഴും അവരെ അടിച്ചോടിച്ച ശക്തി ഏതെന്നകാര്യം വകവയ്ക്കാതെ നാം അവർക്കഭയം നൽകി സ്വീകരിച്ചു. എന്നാൽ ദലായിലാമയുടെ കീഴിൽ ഒരു താൽക്കാലിക ഗവർമ്മെൻറുണ്ടാക്കി നാം ചൈനയെ ധിക്കരിക്കുവാൻ ശ്രമിച്ചതുമില്ല. ഇൻഡ്യൻ പാരമ്പര്യത്തിന്റെ പ്രകടമായ സൂചനയാണിത്.

അതുപോലെതന്നെ ഇസ്രേൽ രൂപീകൃതമായി ഒരു യാഥാർത്ഥ്യമായി തീർന്നപ്പോഴും സത്യത്തിനുനേരെ മുഖം തിരിക്കാതെ ആ രാഷ്ട്രത്തെ നാം അംഗീകരിക്കുവാൻ തയ്യാറായി. പ്രതിപുരുഷൻമാരെ കൈമാറുക തുടങ്ങിയ സംഗതി ഇന്നും നാം ചെയ്തിട്ടില്ലെങ്കിലും ഇസ്രേലിനെ അംഗീകരിക്കുവാൻ നാം മടിച്ചില്ല. വ്യാവസായികവും സാംസ്കാരികവുമായ പല കാരണങ്ങളാൽ നമുക്ക് അറബിരാജ്യങ്ങളുടെ സൗഹൃദം അനിവാര്യമാണ്. അത് അര

ക്കിട്ടുറപ്പിക്കുവാനുള്ള പല ശ്രമങ്ങളും നാം നടത്തിയിട്ടുണ്ട്. ഈജിപ്തിൽ ആഗ്ലോ ഫ്രഞ്ചു് ശക്തികളും യുദ്ധമഴിച്ചുവിട്ടപ്പോഴും നാം അറബികളുടെ പക്ഷത്തു് പിൻതുണയുമായെത്തിയിരുന്നു. ഇന്ത്യയുടെ ഇസ്രേലി നയത്തെ ശരിക്കും മനസ്സിലാക്കാതെയാണു് സത്യത്തിൽ അധികമാളുകളും വിമർശനം നടത്തുന്നതെന്നതാണു് പരമാർത്ഥം. 1964—ൽ സൂയസ് മേഖലയിൽ താൽക്കാലികമായെങ്കിലും സമാധാനം നിലനിർത്തുവാൻ ഇന്ത്യ വഹിച്ച പങ്കു് വളരെ പ്രശംസാർഹമാണു്. നാസ്സറിന്റെ ഐക്യഅറബി റിപ്പബ്ലിക്കു് നെഹ്രുവിന്റെയും ഇന്ത്യയുടെയും നിസ്തുലമായ ഈ സേവനത്തെ ഒരിക്കലും മറന്നിരുന്നില്ല. ഗോവയിൽ നാം പട്ടാളനടപടി സ്വീകരിച്ചപ്പോഴും പോർട്ടുഗലിന്റെ പട്ടാളക്കപ്പലുകളും ഈജിപ്തിൽ രടഞ്ഞിട്ട നടപടി ഇതിന്റെ പ്രത്യക്ഷ ലക്ഷണമാണു്. സൂയസസ് യുദ്ധം കഴിഞ്ഞു് രണ്ടുദശാബ്ദം കടന്നുപോയിരിക്കുന്നു. നെഹ്രുവും നാസറും ഇന്നില്ല. പുതിയ അറബിനേതാക്കൻമാർക്കു് ഇന്ത്യയുടെ സേവനത്തിന്റെ ആഴം എത്രയായിരുന്നുവെന്നു് ശരിക്കുമറിയാഞ്ഞിട്ടാണെന്നു് വ്യക്തം, പാൻ ഇസ്ലാമിന്റെ പേരിൽ ഇന്നു് പാകിസ്ഥാന്റെ ഇന്ത്യൻ വിരോധവേദിയിൽ അവരും സ്ഥലംപിടിച്ചിരിക്കുകയാണു്. 1956—ൽ അറബിലോകം ദയനീയമായി ഒരു യുദ്ധത്തിന്റെ പരാജയത്തിൽ കിടന്നു് വെണ്ണീറായിക്കൊണ്ടിരുന്നപ്പോഴും പാകിസ്ഥാൻ അന്നു തോന്നാതിരുന്ന പാൻ ഇസ്ലാമിസം ഇന്ത്യയുമായി ആ രാജ്യം സംഘടനത്തിന്നൊരുങ്ങിയപ്പോഴും അറബിരാജ്യങ്ങൾക്കു തോന്നുന്നതിൽ വലിയ കാര്യമില്ല. എന്നിട്ടും നാം ഇസ്രേലിനോടുള്ള മനോഗതിക്കു മാറ്റം വരുത്തിയില്ല. മദ്ധ്യപൗരസ്ത്യ രാജ്യങ്ങളോടുള്ള നമ്മുടെ സമീപനത്തിൽ പ്രകടമായ യാതൊരു പാളിച്ചയും ഇതുവരെ ഉണ്ടായതുമില്ല. നൈമിഷികവികാരാവേശത്താൽ മാറിമറിച്ചുകൊണ്ടിരിക്കുന്ന നയമല്ല ഇന്ത്യയുടെ വിദേശനയമെന്നതിനു് തെളിഞ്ഞ തെളിവാണു് മദ്ധ്യപൌരസ്ത്യ ദേശങ്ങളുമായുള്ള നമ്മുടെ ബന്ധ

ന്റെ മറ്റു കമ്മറ്റികളിലും ഇന്ത്യ ഉയർത്തിയ ശബ്ദം ഈ മർദ്ദനേ വിഭാഗത്തിനെതിരായ വലിയ പോരാട്ടമായിരുന്നുവെന്നതിൽ സംശയമില്ല. പോർട്ടുഗീസിന്റെയും ഫ്രാൻസിന്റെയും ഇംഗ്ലണ്ടിന്റെയും അമേരിക്കയുടെയും കൊളോണിയിൽ സാഹസികതകളെ പല്ലും നഖവുമുപയോഗിച്ച് ഇന്ത്യ എന്നും എതിർത്തിട്ടുണ്ട്. കൊറിയായിലും, കോംഗോയിലും, ഇൻഡോചൈനയിലും, വിയറ്റ്നാമിലും, ഈജിപ്തിലുമെല്ലാ പാശ്ചാത്യ സാമ്രാജ്യത്വശക്തികളും നടത്തിയതും നടത്തിക്കൊണ്ടിരിക്കുന്നതുമായ നരഹത്യയെ എക്കാലവും ധീരമായി നാം എതിർത്തു തോൽപ്പിക്കുവാൻ ശ്രമിച്ചിട്ടുള്ളത് പ്രഖ്യാപിതമാണ്. അങ്ങനെ പാശ്ചാത്യശക്തികളുടെ മുഴുക്കെ പ്രത്യക്ഷമോ പരോക്ഷമോ ആയ എതിർപ്പ് നമുക്ക് നേരിടേണ്ടതായി വന്നിട്ടുകൂടി നമ്മുടെ വിദേശനയം ഇന്ത്യൻ പാരമ്പര്യത്തിലുറപ്പിച്ചുതന്നെ നിർത്തി മുന്നോട്ടു കൊണ്ടു പോകുകയാണ് ചെയ്തിട്ടുള്ളത്.

പാശ്ചാത്യചേരി എന്നത് അമേരിക്ക എന്ന അവസ്ഥ വരെയെത്തിയ സന്ദർഭങ്ങളുണ്ട്. അപ്പോഴും പാശ്ചാത്യ സാമ്രാജ്യവാദത്തിനെതിരായ സമരങ്ങളും അമേരിക്കക്കെതിരായാണ് ഫലത്തിൽ വന്നത്. തൻമൂലം അമേരിക്കയുടെ ഇൻഡ്യയോടുള്ള സമീപനം പലപ്പോഴും ശത്രുതാമനോഭാവത്തോടും ചിലപ്പോഴും പൂരത്തോടും കൂടിയായിരുന്നുവെന്നതാണ് വാസ്തവം. നമ്മുടെ വികസനപ്രവർത്തനങ്ങൾക്ക് അമേരിക്ക ധനസഹായം ചെയ്തിരുന്നുവെന്ന സംഗതി വിസ്മരിക്കുവാനൊക്കുന്നതല്ല. മറേറതൊരു രാഷ്ട്രത്തേക്കാളും കൂടുതൽ ഇക്കാര്യത്തിൽ അമേരിക്കയാണ് ഇന്ത്യയെ സഹായിച്ചിട്ടുള്ളത്. 7200 കോടിരൂപയ്ക്കുമേൽ, അവർ നമ്മെ സഹായിച്ചിട്ടുണ്ട്. 1962 ൽ ചൈനീസ് ആക്രമണകാലത്ത് അമേരിക്കയുടെ ആയുധ സഹായവും ധാർമ്മിക പിന്തുണയും നാം സ്വീകരിച്ചിട്ടുണ്ട്. പ്രസിഡണ്ട് കെന്നഡിയുടെ കാലത്തുമാത്രമാണ്

ഇന്ത്യയും അമേരിക്കയും തമ്മിലുള്ള ബന്ധം കൂടുതൽ സൗഹൃദപരമായിരുന്നിട്ടുള്ളത്. പാകിസ്ഥാനുമായുള്ള ഇന്ത്യൻ യുദ്ധങ്ങളിൽ അമേരിക്ക പാകിസ്ഥാൻ ചേരിയിൽ നിന്നുകൊണ്ട് നമ്മെ അലോസരപ്പടുത്തിയിട്ടുള്ളത് നമുക്കറിയാം. എങ്കിലും ആ രാഷ്ട്രവുമായി സ്ഥായിയായ പിണക്കം നമുക്കില്ലെന്നുമാത്രമല്ലാ നമ്മുടെ ഏറ്റവും നല്ല വിദഗ്ദ്ധരായ നയതന്ത്രപ്രതിനിധികളെയാണുതാനും നാമവിടേക്കയയ്ക്കുന്നത്.

എന്നാൽ സ്റ്റാലിനുശേഷമുള്ള റഷ്യ നമ്മോട് കൂടുതൽ അടുക്കുവാൻ തുടങ്ങി എന്നത് പരമാർത്ഥമാണ്. കാശ്മീർ പ്രശ്നത്തിൽ സെക്യൂരിറ്റി കൗൺസിലിൽ എത്രയോ പ്രാവശ്യമാണ് റഷ്യ അതിന്റെ വീറോടെ അധികാരമുപയോഗിച്ച് നമ്മെ രക്ഷപ്പെടുത്തിയിട്ടുള്ളത്. ഗോവാ വിമോചനപ്രസ്ഥാനത്തിനും അടുത്ത കാലത്തു ബംഗ്ളാദേശ് പ്രശ്നത്തിനും റഷ്യ നൽകിയ സഹായമാണ് നമ്മുക്ക് ആത്മവീര്യവും വിജയവും ഉണ്ടാക്കിത്തന്നതെന്ന സംഗതി നന്ദിയോടുകൂടി ഓർക്കേണ്ടതുണ്ട്. സ്വയം പര്യാപ്തത നേടുവാനുള്ള ഇന്ത്യയുടെ തീവ്രയത്ന പരിപാടികളിൽ നമ്മെ ഏറെ സഹായിക്കുന്ന ഒരു രാഷ്ട്രം കൂടിയാണ് റഷ്യ. 1962-ലും 1965-ലും ചൈനയുടെയും പാകിസ്ഥാന്റെയും ആക്രമണങ്ങളിൽ നിഷ്പക്ഷത പാലിച്ച റഷ്യ 1971-ൽ നമ്മെ പ്രത്യക്ഷത്തിൽ സഹായിക്കുവാൻ തയ്യാറായി. 1958-ലെ പഞ്ചശീലപ്രഖ്യാപനത്തിൽ നിന്നും വളർന്ന് 1971-ലെ ഇൻഡോറഷ്യൻ സഖ്യം വരെ നമ്മുടെ ബന്ധം ഉയർന്നു. അതിന്റെ വിജയകരമായ പരിസമാപ്തിയായിരുന്നു ബംഗ്ളാദേശിന്റെ ആവിർഭാവം.

നിർഭാഗ്യമെന്നു പറയട്ടെ ഒരേ പ്രാക്തന പാരമ്പര്യത്തിന്റെ അവകാശികളായ ഇന്ത്യയും പാകീസ്ഥാനും സുശക്തമായ ഒരു സഖ്യബന്ധത്തിൽ ഒന്നിച്ചുചേരുവാ

നിത്യവരെ പറഞ്ഞിട്ടില്ല. നെഹ്രുലിയാക്കത്ത് സഖ്യം പോലെയോ താഷ്ക്കണ്ടിലെ സന്ധി പോലെയോ സിംലാകരാറുപോലെയോ ഒക്കെയുള്ള ചില രജതരേഖകളും കാണാമെങ്കിലും അവയൊക്കെ കാർമേഘപടലമായ കലുഷിതാന്തരീക്ഷത്തിൽ അത്ര പ്രസക്തിയോടുകൂടി പ്രകാശിച്ചിട്ടില്ലെന്നതാണ് സത്യം. ഇത്രയും സംഘർഷത്തിനുശേഷമുള്ള യുദ്ധവിരാമക്കരാറുകളും മാത്രമാണ്. ഇരുരാജ്യങ്ങളും തമ്മിലുള്ള കാതലായ പ്രശ്നം കാശ്മീരിനേതുതന്നെ. ഇന്നത്തെ പ്രത്യേക സാഹചര്യം മുതലെടുത്ത് നാം ശാശ്വതമായ നിവൃത്തിമാർഗ്ഗം കാണേണ്ടതുണ്ട്. അല്ലെങ്കിൽ ഇരുരാജ്യങ്ങളെയും കടിപിടികൂട്ടി ചൂഷണത്തിനു തയ്യാറാകുന്ന മറ്റു രാഷ്ട്രങ്ങൾക്കായിരിക്കും നേട്ടം, ബംഗ്ലാദേശിന്റെ ആവിർഭാവം അന്തർദേശീയരംഗത്ത് ഇന്ത്യയുടെ പ്രശസ്തി ഒട്ടല്ല വർദ്ധിപ്പിച്ചിട്ടുള്ളത്.

കഴിഞ്ഞ മൂന്ന് ദശാബ്ദത്തെ നേട്ടങ്ങളും കോട്ടങ്ങളും പിൻതിരിഞ്ഞു നോക്കുമ്പോൾ ലോകരാഷ്ട്രങ്ങളിൽ അപ്രധാനമല്ലാത്ത ചില രാഷ്ട്രങ്ങളെ നാം മാതൃകയാക്കേണ്ടതുണ്ട്. ജർമ്മനിയും ജപ്പാനും മാത്രമല്ല ഇവിടെ ഉദ്ദേശിക്കുന്നത്. താരതമ്യേന ചെറിയവയായ തെയ്വാനും, കൊറിയയും, സിംഗപ്പൂരും ഈ കാലയളവിൽ നേടിയ പുരോഗതി കടിനസ്ഥാനം നാമും ആരായണം. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം തകർന്നു തരിപ്പണമായ ജർമ്മനിയും ജപ്പാനും വളർന്നു വികാസം കൊണ്ടെ കാര്യം നമുക്ക് ചൂണ്ടുപലകയാകണം. നമ്മുടെ പ്രതിപുരുഷൻമാർക്ക് ഈ രാജ്യത്തിന്റെ സമ്പത്ഘടനയിൽ സാരമായ മാറ്റം വരുത്തുവാൻ സാധിക്കുന്ന വ്യാവസായിക പ്രവർത്തനങ്ങളും മറ്റു രാജ്യങ്ങളിലിരുന്നു ചെയ്യുവാനൊക്കും; നമ്മുടെ പ്രതിപുരുഷൻമാർ കുറേക്കൂടെ ബോധവാൻമാരും ഭാവനാശാലികളുമാകുമെങ്കിൽ, ക്ലേശഭാരവും പട്ടിണിയും ഇന്നും നമ്മുടെ പരാധീനതകളാ

ണല്ലോ. അതു മാറാതെയും മാറാതെയും തരമില്ല. വ്യാവസായിക പ്രവർത്തനത്തിനു മാത്രമേ ഈ തീരാശാപമൊഴിവാക്കാനൊക്കൂ. നമ്മുടെ ദാരിദ്ര്യം പരിഹരിക്കുവാൻ പറ്റൂ. എങ്കിൽമാത്രമേ നമ്മുടെ വിദേശനയത്തിന്റെയും പ്രതിപുരുഷ കാര്യാലയങ്ങളുടെയും പ്രവർത്തനം വിജയമായിരുന്നുവെന്ന് ഭാവിചരിത്രകാരൻ രേഖപ്പെടുത്തുകയുള്ളു.

ചേരിചേരാ രാഷ്ട്രങ്ങളുടെ ആഗോള സമ്മേളനം വിജയകരമായി നടത്താൻ കഴിഞ്ഞ നമുക്ക് ഇന്ന് അന്തർരാഷ്ട്ര വേദികളിൽ അതുല്യമായ സ്ഥാനമലങ്കരിക്കുവാൻ സാധിക്കുന്നുവെന്നത് നിശ്ചയമായും നമ്മുടെ വിദേശനയത്തിന്റെ വിജയത്തെയാണ് പ്രസ്പഷ്ടമാക്കുന്നത്. ചേരിചേരാ രാഷ്ട്രങ്ങളുടെ ആദ്ധ്യക്ഷ പദവിയിലെത്താൻ ഇൻഡ്യയുടെ പ്രധാന മന്ത്രിക്ക് കഴിഞ്ഞിരിക്കുന്നുവെന്നതും മഹത്തായ നേട്ടമാണ്. ഇൻഡ്യയിലെ പ്രതിപക്ഷ പാർട്ടികളിലൊന്നു പോലും നമ്മുടെ വിദേശ നയത്തെ എതിർക്കുന്നില്ല എന്നതും അവിസ്മരണീയമായ സംഗതിയാണ്. പൂർവ്വാർജ്ജിതമായ സാംസ്ക്കാരിക പൈതൃകത്തിന്റെ ജീവത്തായ ആത്മസത്ത സ്വാംശീകരിക്കപ്പെട്ട് അതിൽ നിന്നും കരുപ്പിടിപ്പിക്കപ്പെട്ട് അതിൽ നിന്നും കരുപ്പിടിപ്പിക്കപ്പെട്ട തത്രേ നമ്മുടെ വിദേശനയം.

41

സങ്കൽപത്തിലെ മതേതരത്വം

സ്വതന്ത്രഇന്ത്യയ്ക്ക് ഒരിക്കലും ഒരു മതാധിഷ്ഠിത രാഷ്ട്രമാകാൻ സാധ്യമാകുമായിരുന്നില്ല. സ്വാതന്ത്ര്യത്തിന്റെ മന്ത്രധ്വനി കേട്ടുതുടങ്ങിയതോടുകൂടി ഇവിടെ നടന്ന സാമുദായിക സംഘട്ടനങ്ങളുടെയും ജീവാപായങ്ങളുടെയും പശ്ചാത്തലത്തിലാണ് വിഭജിതമായ ഇന്ത്യ സ്വാതന്ത്ര്യത്തിന്റെ പതാക ഉയർത്തുന്നത്. ദ്വിരാഷ്ട്രവാദം അധിഷ്ഠിതമായിരുന്നത് മതത്തിന്റെയും സമുദായത്തിന്റെയും പേരിലായിരുന്നു എന്നത് കേവലം ചരിത്രവസ്തുതയാണല്ലോ. അങ്ങനെ മുസ്ലീം ഭൂരിപക്ഷപ്രദേശമെന്നും ഹൈന്ദവഭൂരിപക്ഷപ്രദേശമെന്നുമുള്ള അടിസ്ഥാനത്തിലാണ് ഇന്ത്യ- പാകിസ്ഥാൻ എന്നീ രാഷ്ട്രങ്ങൾ ഭൂപടത്തിൽ സ്ഥലം പിടിക്കുന്നത്. എങ്കിൽകൂടിയും ഇന്ത്യയെ ഒരു ഹൈന്ദവ രാഷ്ട്രമായി പ്രഖ്യാപിക്കുവാൻ സാധിക്കുമായിരുന്നില്ല. അപ്പോൾ സംഗതമായ മറെറാരു ചോദ്യം മുസ്ലീംഭൂരിപക്ഷ പ്രദേശങ്ങളുടെ ആധിപത്യം ലഭിച്ച പാക്കിസ്ഥാൻ ഒരു ഇസ്ലാമിക രാഷ്ട്രമായിതീരുവാൻ സാധിക്കുമായിരുന്നവോ എന്നതാണ്. ചരിത്രത്തിൽ പലപ്പോഴും സമൂഹത്തിന്റെ വികാരാവേശം രാഷ്ട്രമീമാംസകരുടെ കണക്കുകൂട്ടലുകളെ അതിലംഘിച്ചുകൊണ്ട് പുത്തൻ പ്രഖ്യാപനങ്ങൾക്കും നയരൂപീകരണത്തിനും അവസരം നൽകുക പതിവാണ്.

പാക്കിസ്ഥാനെ ഐസ്ലാമിക രാഷ്ട്രമായി പ്രഖ്യാപനം നടത്തിയത് അത്തരത്തിൽപെട്ട അപവാദം മാത്രമായേ കണക്കാക്കുവാനുള്ളു, അതിനു പുറമെ ഇന്ത്യയിൽ നിലവിലുള്ള സാഹചര്യങ്ങളും പാക്കിസ്ഥാനിൽ നിലനിന്നിരുന്നവയും തമ്മിൽ അജഗജാന്തരവുമുണ്ട്. എന്നിട്ടു കൂടിമതത്തിന്റെയും സമുദായത്തിന്റെയും ഭാഷയുടെയും മാത്രം അടിസ്ഥാനത്തിൽ ഒരു കെട്ടുറപ്പുള്ള സമൂഹമോ രാഷ്ട്രമോ നിലനിർത്തുവാൻ അസാധ്യമാണെന്നതിന്റെ പ്രത്യക്ഷമായ തെളിവാണ് ബംഗ്ലദേശിന്റെ ആവിർഭാവം.

എന്നാൽ ഇന്ത്യയിൽ ഹൈന്ദവ ഭൂരിപക്ഷംതന്നെ ആയിരുന്നുവെങ്കിലും മതേതര രാഷ്ട്രമല്ലാതെ മറെറാരു രാഷ്ട്രീയ സംവിധാനവും സാധ്യമായിരുന്നില്ല എന്നു പറയുവാനുള്ള കാരണങ്ങളും ഇവയാണ്. പാകിസ്ഥാനിൽ മുസ്ലീംഭൂരിപക്ഷം എന്നത് സമുഹത്തിലെ ശക്തവും ഏകവുമായ ഘടകമായിരുന്നു. ഇന്ത്യയിലെ ഹൈന്ദവഭൂരിപക്ഷമാകട്ടെ ജാതികളും ഉപജാതികളുംകൊണ്ട് ഏറെ വിഘടിതവും അവിച്ഛിന്നവുമായ സമൂഹത്തെയാണ് കാഴ്ചവച്ചിരുന്നത്. ഇതിനും പുറമെ മറുമതാനുയായികളും സമുദായങ്ങളും ഒട്ടും അവഗണിക്കാനൊത്ത പ്രബലശക്തികളുമായിരുന്നു. ദേശീയവും പ്രാദേശികവുമായ ഭാഷകളുടെ കാര്യത്തിലും ഏറെ അഭിപ്രായഭിന്നത നിലനിൽക്കുകയും ചെയ്തിരുന്നു. ഇത്തരം പരിതസ്ഥിതികളും സൃഷ്ടിച്ച സമ്മർദ്ദമാണ് മാതേതര രാഷ്ട്രമായി ഇന്ത്യയെ നിലനിർത്തുവാൻ പ്രേരകമായിനിന്ന ശക്തികളും. പലപ്പോഴും ഈ സാമൂഹ്യപശ്ചാതലത്തെ വിലയിരുത്താതെയാണ് നമ്മുടെ മതേതര സിദ്ധാന്തത്തെ ഉദാത്തമായ ആദർശമായി മാത്രം നാം വ്യവഹരിച്ചു പോരാറുള്ളത്.

എന്നാൽ മതേതര സിദ്ധാന്തം പ്രായോഗിക ജീവിതത്തിൽ ഫലവത്താക്കുവാൻ നമുക്ക് അങ്ങേയററം പരിശ്രമിച്ചിട്ടു കൂടി സാധ്യമായിത്തീരുന്നില്ല എന്ന വാസ്തവം

വിശകലനം ചെയ്യുവാനാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ചരിത്രത്തിന് കണ്ണെത്താവുന്ന കാലഘട്ടം തുടങ്ങി ഇന്നു വരെയുള്ള ഇന്ത്യൻജനതയുടെ സാമൂഹ്യക്രമങ്ങളും ജീവിതരീതികളും സ്പഷ്ടമായി പ്രകടമാക്കുന്ന ഒന്നുരണ്ട് അവസ്ഥകളുണ്ട്. അവയാകട്ടെ ഗ്രാമജീവിതവും ജാതിവ്യവസ്ഥയുമാണ്. ഏതെല്ലാംതരം രാഷ്ട്രീയ സംവിധാനങ്ങളും ഭരണകൂടങ്ങളും മാറ്റങ്ങളും സംഭവിച്ചിട്ടുണ്ടെങ്കിലും ശരി അടിസ്ഥാനപരമായി യാതൊരുവക മാറ്റമോ ചലനമോ ഇല്ലാതെ സ്ഥിത്യാത്മകമായി നിലനിന്നുരണ്ടു സ്ഥാപനങ്ങളാണ് ഇന്ത്യയിലെ ഗ്രാമസമ്പ്രദായവും ജാതിവ്യവസ്ഥയും. ചരിത്രവിദ്യാർത്ഥികൾക്ക് സുപരിചിതമായ കാര്യമാണല്ലോ ഈ രാജ്യം വിദേശാക്രമണകാരികളുടെ വിളനിലമായിരുന്നു എന്നത്. പല വർഗ്ഗക്കാരും ഈ നാടിനെ ആക്രമിക്കുകയും പലപ്പോഴും കീഴടക്കി ഇവിടെ ഭരണകൂടങ്ങൾ സ്ഥാപിച്ച് സ്ഥിരവാസികളായിത്തീരുകയും ചെയ്തിട്ടുണ്ട്. പലപ്പോഴായി ഉണ്ടായിട്ടുള്ള വൈദേശിക അധിനിവേശങ്ങളുടെ ഫലമായി പല സംസ്കാരങ്ങളും ആശയങ്ങളും ഇന്ത്യൻ സമൂഹത്തിന്റെ ചിന്തയെയും ജീവിതരീതിയെയും പുഷ്കലമാക്കുവാൻ സഹായിച്ചിട്ടുമുണ്ട്. എന്നാൽ ഹൂണൻമാരാകട്ടെ, മുഗളരാകട്ടെ, ഇംഗ്ലീഷുകാരാകട്ടെ ആരുതന്നെ ഭരണകൂടങ്ങളിൽ മാറി മാറി വന്നിട്ടുണ്ടെങ്കിൽകൂടിയും ഇന്ത്യയിലെ മൃഗീയഭൂരിപക്ഷം ജനങ്ങളും ഭരണസംവിധാനങ്ങളിൽ വന്നമാറ്റങ്ങളെപ്പറ്റി ഒട്ടും വ്യാകുലപ്പെട്ടിരുന്നില്ലെന്നുമാത്രമല്ല അവരത്രയും തീർത്തും അലംഭാവം പ്രദർശിപ്പിക്കുക കൂടിയുമാണ് ചെയ്തിരുന്നത്. തങ്ങളെ ആരു ഭരിച്ചാലും തരക്കേടില്ല എന്ന മനഃസ്ഥിതി ആയിരുന്നു ഭൂരിപക്ഷം ജനങ്ങൾക്കും ഉണ്ടായിരുന്നത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ വയലുകളിലും പറമ്പുകളിലും തങ്ങളുടെ ജീവസന്ധാരണത്തിനുള്ള സംരംഭങ്ങൾ ചെയ്തിരുന്ന ഗ്രാമവാസികൾ രാഷ്ട്രസംവിധാനത്തിൽ വന്ന മാറ്റങ്ങളെപ്പറ്റി തീർത്തും അജ്ഞരായിരുന്നു. അതി

നുകാരണം അനക്കംകൂടാതെ സുസ്ഥിരമായി നിലനി ന്നിരുന്ന ഗ്രാമസംവിധാനം തന്നെ. പട്ടണങ്ങളിലും നഗ രങ്ങളിലും ഉള്ള ജനങ്ങളെ മാത്രമെ ഒരാക്രമണമോ ഭരണ മാറ്റമോ നേരിട്ടു ബാധിച്ചിരുന്നുള്ളൂ.

ഭരണാധിപന്മാർ ഏതു ജാതിക്കാരോ മതക്കാരോ ആയി രുന്നെങ്കിലും ശരി അവരാരും തന്നെ പഴകിയതും ആഴത്തിലാ ണ്ടുകിടന്നിരുന്നതുമായ ഗ്രാമ–ജാതി സമ്പ്രദായങ്ങളെ അലോ സരപ്പെടുത്തുവാൻ തരിമ്പും ശ്രമിക്കുകയുണ്ടായിട്ടില്ല എന്നുള്ള താണ് പരമാർത്ഥം. തന്മൂലം ഗ്രാമീണവാസികളായ ബ ഹുഭൂരിപക്ഷം ജനങ്ങളും തങ്ങളുടെ ആചാരാനുഷ്ഠാനങ്ങളും വിശ്വാസസങ്കല്പങ്ങളും അല്പംപോലും കോട്ടം തട്ടാതെ സൂ ക്ഷിച്ചുപോന്നു. സ്വതന്ത്ര ഇൻഡ്യയിൽ മാത്രമാണ് ഈ സ്ഥാപനങ്ങൾക്ക് അൽപമായെങ്കിലും ചലനം സൃഷ്ടി ക്കുന്ന നവോത്ഥാനം നടന്നതെന്ന കാര്യം വിസ്മരിക്കു വാൻ ഒക്കുന്നതല്ല. അവിടെയും സമൂലമായ പരിവർത്ത നത്തിനു നമ്മുടെ ഗ്രാമജീവിതത്തെ പാകപ്പെടുത്തുവാൻ സാധിച്ചു എന്നർത്ഥമാക്കരുത്. അനാദികാലമായി ആരും കടന്നുചെല്ലാൻ മടിക്കുകയോ ഭയപ്പെട്ടുകയോ ചെയ്തി രുന്ന ഇടങ്ങളിലേക്ക് പ്രകാശത്തിന്റെ കൈത്തിരിയുമായി സ്വതന്ത്ര ഇൻഡ്യയുടെ ഭരണഘടനയും സംവിധാനവും സമീ പിക്കുവാൻ ധൈര്യപ്പെട്ടു എന്നത് നിശ്ചലമായിരുന്ന ഇന്ത്യൻ ഗ്രാമജീവിതത്തെയും നിഷ്കൃഷ്ടമായി നില നിർത്തിപ്പോന്ന ജാതി വ്യവസ്ഥയെയും ആദ്യമായി പി ടിച്ചുകുലുക്കിയ വിപ്ലവാത്മകങ്ങളായ സംരംഭങ്ങളായി രുന്നു. ജാതിരഹിതവും മതേതരവും ആയ ഒരു ഇന്ത്യൻ സമൂഹത്തെ സങ്കൽപ്പത്തിന്റെ മനോജ്ഞവീഥിയിലെങ്കി ലും കൊണ്ടെത്തിക്കുവാൻ നമുക്കു സാധിച്ചു എന്നത് നേട്ടമായി കണക്കാക്കാമെങ്കിലും മതേതരത്വത്തിനോ ജാതി രഹിത സമൂഹത്തിനോ അവ അർഹിക്കുന്ന മഹത്തരമായ പദവിയിൽ പ്രതിഷ്ഠിക്കുവാൻ സാധിച്ചില്ലെന്നുള്ളത് നമ്മുടെ ചരിത്ര പശ്ചാതലത്തിന്റെ ഒഴിച്ചുകൂടാൻ പറാ

ത്ത സ്വാധീനത്തിന്റെ ഫലമായിട്ടാണെന്ന കാര്യത്തിൽ തർക്കമില്ല. ജാതിരഹിതവും മതേതരവുമായ സമൂഹത്തെ വാർത്തെടുക്കുവാൻ വേണ്ടി തീവ്രയത്നങ്ങൾ ചെയ്ത നമുക്ക് ഇന്ന് ഈ ഉദാത്തമായ ആദർശങ്ങൾ സങ്കല്പത്തിന്റെ സ്വപ്നഗർഭത്തിൽ മാത്രം തങ്ങിനിൽക്കുന്നതു കണ്ട് തൃപ്തിയടയേണ്ടതായി വന്നിരിക്കുന്നു. ജാതിചിന്തയോ വർഗ്ഗീയവികാരമോ ഇല്ലാത്ത സുന്ദരമായൊരു സമൂഹത്തിനുവേണ്ടി പ്രസംഗങ്ങളും സിദ്ധാന്തങ്ങളും പ്രചരിപ്പിച്ച നമുക്ക് ജാതി—മത—വർഗ്ഗം തുടങ്ങിയ യാഥാർത്ഥ്യങ്ങളുടെ പാറക്കെട്ടുകളെ അഭിമുഖീകരിക്കേണ്ടതായിട്ടാണ് വന്നത്. അജയ്യമായ ഈ ശക്തിദുർഗ്ഗങ്ങളുമായി ഏറ്റുമുട്ടുവാൻ വേണ്ടുമുള്ള ആത്മധൈര്യമോ ആദർശനിഷ്ഠയോ നമുക്ക് ഇല്ലാതിരുന്നതുകൊണ്ടുതന്നെ നാം താളം തെറ്റിച്ച് പാട്ടു തുടരേണ്ടതായി വന്ന ഗതികേടാണ് സംവേഗിച്ചിരിക്കുന്നത്. ജാതിമത ഭാഷാ പ്രശ്നങ്ങൾ ഇന്ന് യാഥാർത്ഥ്യമായി അംഗീകരിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ജാതികളുടെയും മതങ്ങളുടെയും ഭാഷാ സംസ്ഥാനങ്ങളുടെയും പിന്തുണയും കൂറും എത്രമാത്രമാണോ, ഏതു പാർട്ടിക്കാണോ, അതായിരിക്കും ഈ രാജ്യത്തിന്റെ ഭാഗധേയം നിർണ്ണയിക്കുന്ന പാർട്ടി. ഈ അവസ്ഥ ജാതിരാഹിത്യത്തിനു പകരം ജാതിയിൽ മാത്രം അധിഷ്ഠിതമായ മനോഭാവത്തെ ശക്തിയായി വളർത്തുകയും ചേയ്യുന്നു.

ഭാഷാസംസ്ഥാന രൂപീകരണങ്ങളോടുകൂടി ഇന്ത്യയുടെ സാംസ്ക്കാരിക ഐക്യത്തിന് ഒരു രൂപവും ഭാവവും ഒക്കെ ഉണ്ടാകുമെന്നായിരുന്നു പലരും ആശിച്ചിരുന്നത്. എന്നാൽ പുതിയ സംസ്ഥാനങ്ങളിൽ ഭൂരിപക്ഷമുള്ള സമുദായമോ ജാതിയോ പ്രാവീണ്യം നേടി ജാതി മേധാവിത്വമോ സാമുദായിക മേധാവിത്വമോ നടത്തുവാൻ ഉള്ള പൊതുവേദികൾ സൃഷ്ടിക്കുകയാണുണ്ടായത്. ഗ്രാമങ്ങളിൽ സുനിശ്ചിതമായ വ്യവസ്ഥിതികളിൽ

അധിഷ്ഠിതമായി കഴിഞ്ഞിരുന്ന ജാതി ജീവിതം രാഷ്ട്രീയാധികാരത്തോടുകൂടിയ വിശാലമായ പുതിയ വിളഭൂമികയെ കണ്ടെത്തുകയാണ് ഭാഷാസംസ്ഥാന രൂപീകരണത്തിന്റെ ഫലമായി സംഭവിച്ചത്. അങ്ങനെ പഴയ ജാതികളും പുതിയ രാഷ്ട്രീയ ജാതികളായി എല്ലാ രംഗത്തും വിലപേശാൻ തുടങ്ങി. ഒരു സംസ്ഥാനത്തിലെ പ്രബല ജാതിക്കാരുടെയോ സമുദായക്കാരുടെയോ പിൻബലം മാത്രമായിത്തീർന്നു അധികാരങ്ങളും പിടിച്ചു പറ്റുവാനുള്ള ഉപാധി. അങ്ങനെ ജാതികളും നശിക്കുന്നതിനുപകരം അവ കൂടുതൽ അംഗീകാരം നേടി പ്രബലങ്ങളും അലംഘനീയങ്ങളുമായ പ്രസ്ഥാനങ്ങളായി മാറുകയാണ് ചെയ്തിട്ടുള്ളത്.

തിരഞ്ഞെടുപ്പുകളിൽ സ്ഥാനാർത്ഥികളെ നിർണ്ണയിക്കുന്നതും ജയാപജയങ്ങളും സംഭവിക്കുന്നതും എല്ലാം അതാതു നിയോജകമണ്ഡലത്തിലെ ജാതീയമോ വർഗ്ഗീയമോ ആയ അടിസ്ഥാനത്തിൽ മാത്രമാണെന്നുള്ളതു കഴിഞ്ഞ കാൽ നൂറ്റാണ്ടുകാലത്തെ ജനാധിപത്യപരീക്ഷണങ്ങളിൽനിന്നും നാം പഠിച്ച പാഠങ്ങളാണ്. ജാതിവളരുകയാണോ? തളരുകയാണോ? യാഥാസ്ഥിതികർ തുടങ്ങി അങ്ങേയറ്റം അത്യന്താധുനിക വിപ്ലവങ്ങളും പ്രഘോഷണം ചെയ്യുന്നവർവരെ ജാതിയുടേയും സമുദായത്തിന്റേയും പിൻബലം തേടി നടക്കുന്നവരാണ്. വർഗ്ഗീയത എന്നത് എല്ലാ വരിലും സമൂലമായി ഇന്നു വ്യാപിച്ചുകൊണ്ടിരിക്കുന്നു. ഏതു കാര്യത്തിനാണെങ്കിലും ശരി, വർഗ്ഗീയ വികാരത്തെ കിക്കിളിപ്പെടുത്തിയാൽ എന്തും ഏതും നശിപ്പിക്കത്തക്ക പ്രതിലോമ ചേരികളിലേക്ക് മാറിനിൽക്കാൻ ഏതു വിപ്ലവകാരിയും തയ്യാറാകുന്ന സ്ഥിതിവിശേഷമാണ് നമ്മുടെ നാട്ടിലുള്ളത്. വർഗ്ഗീയമോ സാമുദായികമോ ആയ പ്രശ്നത്തിന്റെ മുമ്പിൽ സ്നേഹബന്ധമില്ല. സൗഹൃദഭാവമില്ല, വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളില്ല. വ്യക്തിവിദ്വേഷമോ കുടുംബകലഹമോ

ഇല്ല. എല്ലാവരും ഇക്കാര്യത്തിൽ ഒരുമിയ്ക്കുന്നു, സംഘടിതമായി മുന്നേറുന്നു. 'ആദ്ധ്യാത്മിക വിദ്യാലയ'ത്തെ പുരസ്കരിച്ച് കുമാരമഹാകവി പാടിയതുപോലെ നമ്മുടെ നാട്ടിലെ വർഗ്ഗീയതയെക്കുറിച്ച് ഏതെങ്കിലും മഹാകവി കുത്തിക്കുറിച്ചു കൂടായ്കയില്ല. അത്രമാത്രം ജാതീയമായ ചിന്തയും വർഗ്ഗീയമായ സമീപനങ്ങളും ഉത്തരോത്തരം വർദ്ധിച്ചുകൊണ്ടിരിക്കുന്നുണ്ട്.

അധികാരം പിടിച്ചുപറ്റുവാൻ അഹോരാത്രം പണിയെടുക്കുന്ന എന്നവകാശപ്പെടുന്ന പാർട്ടികൾ തുടങ്ങി കുടുംബം പുലർത്താൻ തുച്ഛമായ വേതനവും തേടി പോകുന്ന ഉദ്യോഗാർത്ഥിവരെ ജാതിയുടെ സംരക്ഷണത്തിലും ജാതിയുടെ പേരിലുമാണ് ഇവിടെ നിലനിൽക്കുന്നത് എന്ന പരമാർത്ഥം പകൽവെളിച്ചം പോലെ തെളിഞ്ഞു നിൽക്കുമ്പോഴും ജാതിരഹിതസമൂഹത്തെ പറ്റിയുള്ള പ്രസംഗങ്ങൾ എത്ര ഉച്ചത്തിലാണെങ്കിലും ശരിവെറും വനരോദനമായി മാത്രമേ തീരുകയുള്ളൂ.

ഒരോ ജാതിക്കും കിട്ടിയ ഉദ്യോഗങ്ങളുടെ കണക്കും കിട്ടേണ്ട അവകാശത്തർക്കവും ഇവയിലൊക്കെ ചെയ്യേണ്ട സംവരണവും അവയ്ക്കെതിരായുള്ള സമരവും ഇവയ്ക്കൊക്കെ താളം കൊട്ടുന്ന സംഘടനകളുമെല്ലാം ജാതിരഹിതമായ ആദർശത്തെയാണോ ഉദ്ഘോഷിക്കുന്നത്. അതോ ജാതിയെ ഉറപ്പിക്കുവാനുള്ള വ്യഗ്രതയാണോ കാട്ടുന്നത്. സത്യം പറഞ്ഞാൽ ഫാക്ടറികളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കോ പാടത്ത് വിയർപ്പുതിർക്കുന്ന കർഷകനൊ ജാതിയുടെ സംരക്ഷണത്തിൽ കിട്ടുന്ന ആനുകൂല്യങ്ങൾ ഒന്നും തന്നെയില്ല. തൻമൂലം അവർക്കിടയിൽ കൂടുതൽ വർഗ്ഗീയ ചിന്താഗതിയോ ജാതീയമനഃസ്ഥിതിയോ രൂക്ഷഭാവം കൊള്ളാറുമില്ല. പട്ടിണിപ്പരിഷകളായ നമ്മുടെ തൊഴിലാളി–കർഷകവിഭാഗം വർഗ്ഗീയമായ സംഘട്ടനത്തിന് അരു നിൽക്കുന്ന സ്ഥിതി

എപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ അതൊക്കെ വിദ്യാസമ്പന്നരെന്നും സാംസ്കാരിക ഉപാസകരെന്നും രാഷ്ട്രീയനേതാക്കന്മാരെന്നും ഒക്കെ പറയുന്ന സമൂഹത്തിലെ നേതൃമ്മന്യൻമാരുടെ ദുഷ്ടമായ മുതലെടുപ്പിന്റെ ഫലമായിട്ടു മാത്രമാണെന്നു കാണാവുന്നതാണ്. വർഗ്ഗീയമായ ചിന്തയും വർഗ്ഗീയമായ വികാരവും ചിരസ്ഥായിയായി നിലനിൽക്കുന്നതും വർദ്ധമാനമായിക്കൊണ്ടിരിക്കുന്നതും നമ്മുടെ വിദ്യാസമ്പന്നരുടേയും ഉദ്യോഗസ്ഥൻമാരുടെയും ഇടയിലാണെന്ന കാര്യത്തിൽ ഒരു തർക്കവുമില്ല. അപായകരമായ ഈ പന്തത്തിന് തീ കൊളുത്തുന്നത് എല്ലായ്പോഴും തന്നെ ഈ കൂട്ടരാണ്. ചുരുക്കത്തിൽ ഔദ്യോഗികമണ്ഡലത്തിൽ പ്രവേശിക്കുവാനും അവിടെ കൂട്ടുതൽ ഉത്കർഷം നേടുവാനും ജാതിയുടെയും മതത്തിന്റേയും വക്കാലത്തോട് കൂടി മാത്രമേ ഒക്കുകയുള്ളൂ. നമ്മുടെ ജാതിനശീകരണ പ്രക്രിയ അങ്ങിനെ അവിരാമം കളിയാടുന്നു!!

ജാതിയും മതവും ഉൻമൂലനം ചെയ്യണമെന്ന് വാതോരാതെ ആവർത്തിക്കുന്നവർ കൂടി അവസാനം ജാതിയുടേയും മതത്തിന്റേയും വക്താക്കളായി മാറുന്നതായിട്ടാണ് നാം കാണുന്നത്. നമ്മുടെ വിവാഹസമ്പ്രദായങ്ങളും കുടുംബ വ്യവസ്ഥയും ആചാരങ്ങളും ഒക്കെത്തന്നെ അൽപ്പം പോലും മാറ്റം വരാതെ നിലനിൽക്കുന്നു എന്നതുതന്നെ ഇവയ്ക്ക് ഉദാഹരണങ്ങളാണ്. ഏ സ്റ്റാബ്ളിഷ്മെന്റുകളെ എതിർക്കുവാനും തകർക്കുവാനും നടക്കുന്നവർകൂടി അവസാനം വന്നു വീഴുന്നത് ഇവിടെതന്നെയാണ്. ഒരു രക്ഷകർത്താവും തന്റെ മക്കൾക്ക് അന്യസമുദായത്തിൽ നിന്ന് വധൂവരൻമാരെ തേടി പുറപ്പെട്ടതായി നാം കേൾക്കാറില്ല. പ്രേമബദ്ധരായി നിശ്ചയവാഹത്തിനൊരുമ്പെടിട്ടുള്ള ദമ്പതികളെ ഓർത്ത് വേവലാതിപ്പൂണ്ട കഴിയുന്ന ധാരാളം മാതാപിതാക്കളെ നമു

ക്കറിയുകയും ചെയ്യാം. എല്ലാ ആചാരങ്ങളും അതേപടി നിലനിർത്തിക്കൊണ്ട് നാം ജാതിരഹിത സമൂഹത്തിന്റെ സാങ്കൽപ്പികമനക്കോട്ട കെട്ടി ഉയർത്തുന്നു!

സൈദ്ധാന്തികമായിതന്നെ മതത്തിലോ ദൈവത്തിലോ വിശ്വസിക്കാത്ത രാഷ്ട്രീയ പാർട്ടികൾപോലും മതത്തെയും ജാതിയേയും ഉത്തരോത്തരം പുഷ്ക്കലമാക്കുന്ന പ്രവൃത്തികളാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ശബരിമലയിലേയ്ക്കും ഗുരുവായൂരേയ്ക്കും രാമേശ്വരത്തേക്കും ബദരീനാഥിലേയ്ക്കും ഉള്ള ജനപ്രവാഹത്തെ നിയന്ത്രിക്കുവാൻ പട്ടാളത്തിന്റെ സഹായം മാത്രം പോരാ, യാത്രാസൗകര്യങ്ങൾ കൂടി ഉണ്ടാക്കേണ്ടതുണ്ട്. വിദേശനാണയം എത്രമാത്രം ചിലവഴിച്ചുകൊണ്ടാണ് മെക്കയിലേയ്ക്ക് തീർത്ഥാടനത്തിന് നാം ആളുകളെ പറഞ്ഞയച്ച് മതേതരത്വം നിലനിർത്തുന്നത്! ഒറ്റ രാഷ്ട്രീയപാർട്ടിയും ഈ തീർത്ഥാടനപ്രവാഹങ്ങളുടെ നേരേ വിരൽ ചൂണ്ടാനുള്ള ധൈര്യം നമ്മുടെ നാട്ടിൽ കാട്ടിയിട്ടില്ല. നേരെ മറിച്ച് പള്ളിക്കമ്മിറ്റികളുടെയും അമ്പല ഉദ്ധാരണ സമിതികളുടെയും ഔദ്യോഗിക പ്രവർത്തകരായി ചമഞ്ഞ് താൻ ഉൾക്കൊള്ളുന്ന പാർട്ടിക്ക് കൂടുതൽ ആളുകളെ കണ്ടു പിടിക്കാനുള്ള സംരംഭങ്ങളാണ് എവിടെയും നടത്തുന്നത്. ആദർശനിഷ്ഠയോ ആത്മധൈര്യമോ ഇല്ലാത്ത ഹിപ്പോക്രാറ്റുകളുടെ ഈ സമൂഹത്തിൽ എങ്ങിനെ ജാതി രഹിത സമൂഹം? എവിടെ മതേതരത്വം?

പുറമെയുള്ള വ്യത്യാസങ്ങളൊന്നും തന്നെ ഈ ലക്ഷ്യത്തിലേക്ക് എത്തിക്കുകയില്ല. മാറാം വരേണ്ടത് മനസ്സിലാണ്. ഹൃദയത്തിലാണ്. വർഗ്ഗീയം എന്നത് വികാരപരമായ സ്ഥിതി ആയതുകൊണ്ടുതന്നെ ആ വികാരത്തെ ഉൻമൂലനം ചെയ്യണമെങ്കിൽ അതിന്റെ ആസ്ഥാനമായ ഹൃദയത്തിൽ തന്നെ പരിവർത്തനം സംഭവിക്കണം. ആ മാറ്റമാകട്ടെ വെറും സർവ്വോദയ ചികിൽസകൊണ്ട്

ഉണ്ടാകുന്നതുമല്ല. സമൂഹത്തിൽ സമൂലമായി വരുന്ന പരി വർത്തനത്തിന്റെ പ്രതികരണമായിട്ടു മാത്രമേ മനസിക മായ മാറ്റവും സാദ്ധ്യമാവുകയുള്ളു. അത് ക്ഷിപ്ര സാദ്ധ്യമായ സംഗതിയല്ല. ഒരു പക്ഷേ, സമാധാനമാ യി ക്രമരാഹിത്യത്തോടുകൂടി നടാക്കാവുന്ന കാര്യവു മല്ലായിരിക്കാം. ഒരു കാര്യം തീർച്ച. സമൂഹത്തിന്റെ വൈകാരികമായ വ്യാപാരവിശേഷങ്ങൾ അധിഷ്ഠിതമാ യിരിക്കുന്നത് സാമൂഹ്യ വ്യവസ്ഥിതികളോടൊപ്പം സമ്പദ്ഘടനയുടെ സവിശേഷതയിലാണ്. എല്ലാവർക്കും കേഷണവും എല്ലാവർക്കും ജോലിയും എല്ലാവർക്കും സുരക്ഷിതത്വവുമുള്ള ഒരു സമൂഹത്തിൽ മാത്രമേ ഒരുത്തന്റെ പിടലിയിൽ ചവിട്ടി കയറി കൂടുതൽ ഉയരു വാനുള്ള ദുർമ്മോഹം ഇല്ലാതിരിക്കുകയുള്ളു. സമൂഹ ത്തിന്റെ സമ്പദ്ഘടനയിൽ ഉണ്ടാകുന്ന വിപ്ലവാത്മക മായ മാറ്റം ഒന്നുകൊണ്ടു മാത്രമേ ജാതിമതചിന്തകളും അവ സാനിക്കുകയുള്ളു. മതേതരത്വം സങ്കൽപ്പത്തിൽ നിന്ന് യാഥാർത്ഥ്യമായി തീരുകയുള്ളു.